ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ് ഭാഗവതം.

(അനപായക്രമഭാഷാവ്യാഖ്യാനസഹിതം).

# SRIMAD BHAGAVATHAM

(Malayalam)

**Dasama Skandam Part - I**

PART - I



*M.N. Ramaswamy Iyer Memorial Edition*


SRI RAM PUBLISHERS

North Village

MELARKODE - 678 703



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ് ഭാഗവതം

## ദശമസ്കന്ധം—പൂർവ്വാർദ്ധം

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം).

By

*Vidvan C. G. Narayanan Embrandiri,*
**Malayalam Pandit,**
M. N. K. M. Secondary School, Chittalamcheri.

***M.N. RAMASWAMY IYER MEMORIAL EDITION***

*Editor*
**M.R. Narasimhan,**
Sri Ram Publishers
North Village,
Melarkode - 678 703.

*Distributors*
**Guruvayoor Sankeerthana Trust**
Guruvayoor

# വിഷയവിവരം.


| അദ്ധ്യായം. | | പേജ്. |
|---|---|---|
| 1. | ശ്രീകൃഷ്ണാവതാരഹേതു ... ... | 1 |
| 2. | ഗൎഭഗതവിഷ്ണുവിനെ ബ്രഹ്മാദികൾ സ്തുതിക്കുന്നതു് ... | 17 |
| 3. | ശ്രീകൃഷ്ണാവതാരം ... ... | 29 |
| 4. | കംസോദ്യമനിരൂപണം ... ... | 44 |
| 5. | നന്ദവസുദേവന്മാരുടെ കൂടിക്കാഴ്ച ... ... | 55 |
| 6. | പൂതനാമോക്ഷം ... ... | 63 |
| 7. | തൃണാവൎത്തമോക്ഷം ... ... | 74 |
| 8. | വിശ്വരൂപദൎശനം ... ... | 85 |
| 9. | ഗോപീപ്രസാദനം ... ... | 99 |
| 10. | യമളാൎജ്ജുനമുക്തിവൎണ്ണനം ... ... | 105 |
| 11. | വത്സബകാദികളുടെ വധം ... ... | 116 |
| 12. | അഘാസുരമോക്ഷം ... ... | 130 |
| 13. | ബ്രഹ്മസമ്മോഹനം ... ... | 143 |
| 14. | ബ്രഹ്മസ്തുതി ... ... | 162 |
| 15. | ധേനുകവധം ... ... | 192 |
| 16. | കാളിയമൎദ്ദനം ... ... | 198 |
| 17. | ദാവാഗ്നിപാനനിരൂപണം ... ... | 218 |
| 18. | പ്രലംബവധം ... ... | 226 |
| 19. | ദാവാഗ്നിപാനം ... ... | 235 |
| 20. | പ്രാവൃട്ശരദ്വൎണ്ണനം ... ... | 239 |
| 21. | വേണുഗാനം ... ... | 252 |
| 22. | ഗോപീവസ്ത്രാപഹരണം ... ... | 260 |
| 23. | വിപ്രപത്ന്യനുഗ്രഹലീല ... ... | 269 |
| 24. | ഗോവൎദ്ധനപൂജ ... ... | 283 |
| 25. | ഗോവൎദ്ധനോദ്ധാരണം ... ... | 292 |
| 26. | നന്ദഗോപസംവാദം ... ... | 301 |
| 27. | ഗോവിന്ദപട്ടാഭിഷേകം ... ... | 307 |
| 28. | വൈകുണ്ഠപ്രദൎശനം ... ... | 315 |
| 29. | രാസക്രീഡാരംഭം ... ... | 320 |
| 30. | ശ്രീകൃഷ്ണമാൎഗ്ഗണം ... ... | 335 |

| | | ഭാ. ഗ |
|---|---|---|
| 31. | ഗോപികാഗീതം | 347 |
| 32. | ഗോപീസാന്ത്വനം | 353 |
| 33. | രാസലീലാവർണ്ണനം | 360 |
| 34. | ശംഖചൂഡവധം | 372 |
| 35. | ഗോപികായുഗളഗീതം | 380 |
| 36. | അക്രൂരസംപ്രേഷണം | 387 |
| 37. | വ്യോമാസുരവധം | 398 |
| 38. | അക്രൂരാഗമനം | 408 |
| 39. | അക്രൂരപ്രതിയാനം | 422 |
| 40. | അക്രൂരസ്തുതി | 437 |
| 41. | മധുരാപുരിപ്രവേശം | 447 |
| 42. | മല്ലരംഗോപവർണ്ണനം | 461 |
| 43. | കുവലയാപീഡവധം | 471 |
| 44. | കംസവധം | 482 |
| 45. | ഗുരുപുത്രാനയനം | 496 |
| 46. | നന്ദശോകാപനയനം | 503 |
| 47. | ഉദ്ധവപ്രതിയാനം | 522 |
| 48. | സൈരന്ധ്രീകാമപൂരണം | 544 |
| 49. | അക്രൂരപ്രത്യാഗമനം | 556 |

# പ്രസ്താവന.

ശ്രീ വേദവ്യാസപ്രണീതവും വേദസദൃശവുമായ ശ്രീമദ്ഭാഗവതമഹാപുരാണത്തിന്റെ അനന്യസാമാന്യമായ മഹിമാതിശയത്തെ ആസ്തികലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഭാരതീയക്ക്, വിശേഷിച്ചും കേരളീയക്ക് ഈ പുണ്യപുരാണഗ്രന്ഥത്തോടുള്ള ഭക്തിയും, ശ്രദ്ധയും, പ്രതിപത്തിയും ഒന്നു വേറെത്തന്നെയാകുന്നു. ശ്രീമദ്ഭാഗവതത്തെ അധികരിച്ചുള്ള സപ്താഹയജ്ഞങ്ങളും, പ്രഭാഷണങ്ങളും നമ്മുടെ നാട്ടിൽ ഇന്നും സുലഭമാണല്ലോ. പ്രസ്തുത മഹാഗ്രന്ഥത്തിന്റെ അഗാധമവും അനിർവ്വചനീയവുമായ വൈഭവത്തേയും ചേതസ്സമാകർഷകതയേയുമാണ് ഇതു തെളിയിക്കുന്നത്.

ഇങ്ങനെ എത്രയും ലോകപ്രിയതയും പ്രശസ്തിയുമുള്ള ശ്രീ ഭാഗവതത്തിലെ സുപ്രധാന ഭാഗമായ ദശമസ്കന്ധത്തെ അന്വയക്രമഭാഷാവ്യാഖ്യാനസഹിതം സജ്ജനസമക്ഷം അവതരിപ്പിക്കുവാൻ സാധിച്ചതു് മഹാഭാഗ്യമായി കരുതുന്നു. ഭഗവൽക്കാരുണ്യമുണ്ടെങ്കിൽ ഇതരസ്കന്ധങ്ങളും ഇതേ മാതൃകയിൽ പ്രകാശിപ്പിക്കേണമെന്നാണ് മനസ്സിലുള്ളതു്.

സംസ്കൃതഭാഷയിൽ പരിജ്ഞാനം കുറഞ്ഞവരും, ശ്രീ ഭാഗവതപാരായണത്തിൽ താൽപര്യം കൂടിയവരുമായ ചില സുജനങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഉദ്യമം. മൂലശ്ലോകങ്ങളുടെ ഭാവാർത്ഥം അന്വയക്രമത്തിൽ പദാനുപദം മനസ്സിലാക്കി പാരായണം ചെയ്യുന്നതിന്ന് ഈ പ്രസിദ്ധീകരണം സഹായകമാകുമെന്ന് വിശ്വസിക്കുന്നു.

ശ്രീ ഭാഗവതത്തിന്ന് ഏതാനും പാഠഭേദങ്ങളും വ്യാഖ്യാനങ്ങളും ഉള്ളതിൽ അഭിജ്ഞസമ്മതമായ "ശ്രീധരീയപാഠ"മാണ് ഇതിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. വ്യാഖ്യാനം എഴുതിയതിൽ ശ്രീധരീയത്തോടൊപ്പം 'അന്വിതാർത്ഥപ്രകാശിക'യേയും അവലംബിച്ചിരിക്കുന്നു.

പാണ്ഡിത്യത്തിന്റെ നികഷോപലമായ ഈ പ്രൌഢഗ്രന്ഥത്തിനു വ്യാഖ്യാനമെഴുതിച്ചേർക്കുമ്പോൾ വല്ലതും വൈകല്യങ്ങൾ സംഭവിച്ചെന്നുവരാം. അതുപോലെ പ്രൂഫ് പരിശോധനയിൽ എത്രതന്നെ നിഷ്കർഷിച്ചാലും അച്ചടിപ്പിഴകൾ ചുരുക്കം ചിലതു നിർഭാഗ്യവശാൽ അവശേഷിച്ചെന്നും വന്നേക്കും. അതെല്ലാം പൊറുത്തനുഗ്രഹിക്കുവാൻ മഹാജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

— സമർപ്പണം —

'ശ്രീകൃഷ്ണഭക്തന്മാരുടെ തൃക്കരങ്ങളിൽ'

എന്ന്, വിധേയൻ,

ചിററഞ്ചേരി, 28 — 2 — 1958.

സി. ജി. നാരായണൻ എമ്പ്രാന്തിരി,

(വ്യാഖ്യാതാവ്)

ഓം.

ശ്രീ ഗുരുഭ്യോ നമഃ.

ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതം.

## ദശമസ്കന്ധഃ—പൂർവ്വാർദ്ധഃ

### പ്രഥമോഽദ്ധ്യായഃ—ഒന്നാമദ്ധ്യായം.

### ശ്രീകൃഷ്ണാവതാരകാരണപ്രസ്താവഃ—ശ്രീകൃഷ്ണാവതാരഹേതു.

രാജോവാച—പരീക്ഷിത്തുരാജാവു് പറഞ്ഞു :—

കഥിതോ വംശവിസ്താരോ ഭവതാ സോമസൂര്യയോഃ
രാജ്ഞാം ചോഭയവംശ്യാനാം ചരിതം പരമാദ്ഭുതം. 1
യദോശ്ച ധർമ്മശീലസ്യ നിതരാം മുനിസത്തമ
തത്രാംശേനാവതീർണ്ണസ്യ വിഷ്ണോർവ്വീര്യാണി ശംസ നഃ. 2

| | | | |
|---|---|---|---|
| മുനിസത്തമ | മുനിശ്രേഷ്ഠ ! | യദോഃ | യദുമഹാരാജാവിന്റെ |
| ഭവതാ | അങ്ങയാൽ | ചരിതം ച | ചരിത്രവും |
| സോമസൂര്യയോഃ | ചന്ദ്രവംശത്തിന്റെയും | നിതരാം | വിസ്തരിച്ച് |
| | സൂര്യവംശത്തിന്റെയും | കഥിതഃ | പറയപ്പെട്ടിരിക്കുന്നു. |
| വംശവിസ്താരഃ | പരമ്പരാക്രമവും | തത്ര | ആ യദുവംശത്തിൽ |
| ഉഭയവംശ്യാനാം | ആ രണ്ടു രാജവംശ | അംശേന | അംശത്തോടുകൂടി |
| | ത്തിലും പിറന്ന | അവതീർണ്ണസ്യ | അവതരിച്ച |
| രാജ്ഞാം | രാജാക്കന്മാരുടെ | വിഷ്ണോഃ | ശ്രീ മഹാവിഷ്ണുവിന്റെ |
| പരമാദ്ഭുതം } | ഏറ്റവും ആശ്ചര്യകര | വീര്യാണി | പരാക്രമങ്ങളെ |
| ചരിതം ച } | മായ ചരിത്രവും | നഃ | ഞങ്ങൾക്ക് |
| ധർമ്മശീലസ്യ | ധർമ്മിഷ്ഠനായ | ശംസ | പറഞ്ഞുകേൾപ്പിച്ചാലും. |

അവതീര്യ യദോർവ്വംശേ ഭഗവാൻ ഭൂതഭാവനഃ
കൃതവാൻ യാനി വിശ്വാത്മാ താനി നോ വദ വിസ്തരാത് 3

| | | | |
|---|---|---|---|
| ഭൂതഭാവനഃ | പ്രാണിജാലങ്ങളെ | യദോഃ വംശേ | യദുവിന്റെ വംശത്തിൽ |
| | സൃഷ്ടിച്ചവനും | അവതീര്യ | അവതാരം ചെയ്ത് |
| വിശ്വാത്മാ | എല്ലാ പ്രാണിജാലങ്ങളു | യാനി കൃതവാൻ | എന്തു പ്രവർത്തിച്ചുവോ |
| | ടേയും ആത്മചൈതന്യമായി | താനി നഃ | അതെല്ലാം ഞങ്ങൾക്ക് |
| | സ്ഥിതിചെയ്യുന്നവനുമായ | വിസ്തരാത് | വിസ്തരിച്ച് |
| ഭഗവാൻ | ഭഗവാൻ | വദ | പറഞ്ഞുതന്നാലും. |

നിവൃത്തതർഷൈരുപഗീയമാനാത് ഭവൗഷധാച്ഛ്രോത്രമനോഭിരാമാത്
ക ഉത്തമശ്ലോകഗുണാനുവാദാത് പുമാൻവിരജ്യേത വിനാ പശുഘ്നാത്. 4

| | |
|---|---|
| നിവൃത്തതർഷൈഃ | ലൗകികങ്ങളായ ആശകളെ തീരെ പരിത്യജിച്ചിരിക്കുന്നവരാൽ |
| ഉപഗീയമാനാത് | പാടിപ്പുകഴ്ത്തപ്പെട്ടിരിക്കുന്നതും |
| ഭവൗഷധാത് | സംസാരമാവുന്ന രോഗത്തിന്ന് ഔഷധമായിരിക്കുന്നതും |
| ശ്രോത്രമനോഭിരാമാത് | കാതും കരളും കവരുന്നതുമായ |
| ഉത്തമശ്ലോകഗുണാനുവാദാത് | ഭഗവൽഗുണങ്ങളെ അനുകീർത്തനം ചെയ്യുന്നതിൽനിന്ന് |
| പശുഘ്നാത് വിനാ | പശുഹിംസചെയ്യുന്ന ചണ്ഡാളനൊഴിച്ച് |
| കഃ പുമാൻ | വേറെ ഏതൊരാൾ |
| വിരജ്യേത ? | വെറുപ്പുകാണിക്കും ? |

പിതാമഹാ മേ സമരേഽമരഞ്ജയൈർദ്ദേവവ്രതാദ്യാതിരഥൈസ്തിമിംഗിലൈഃ
ദുരത്യയം കൗരവസൈന്യസാഗരം കൃത്വാഽതരൻ വത്സപദം സ്മ യത്പ്ലവാഃ.
ദ്രൗണ്യസ്ത്രവിപ്ലുഷ്ടമിദം മദംഗം സന്താനബീജം കുരുപാണ്ഡവാനാം
ജുഗോപ കുക്ഷിം ഗത ആത്തചക്രോ മാതുശ്ച മേ യഃ ശരണം ഗതായാഃ. 6
വീര്യാണി തസ്യാഖിലദേഹഭാജാമന്തർബ്ബഹിഃ പൂരുഷകാലരൂപൈഃ
പ്രയച്ഛതോ മൃത്യുമുതാമൃതം ച മായാമനുഷ്യസ്യ വദസ്വ വിദ്വൻ. 7

| | |
|---|---|
| വിദ്വൻ | ആത്മജ്ഞാനിയായ മുനിശ്രേഷ്ഠ ! |
| മേ പിതാമഹാഃ | എന്റെ മുത്തച്ഛന്മാരായ പാണ്ഡവർ |
| യത് പ്ലവാഃ | യാതൊരു ശ്രീകൃഷ്ണഭഗവാനാകുന്ന കപ്പലോടുകൂടിയവരായിട്ട് |
| സമരേ | യുദ്ധത്തിൽ |
| അമരഞ്ജയൈഃ ദേവവ്രതാദ്യാതിരഥൈഃ | ദേവന്മാരെക്കൂടി ജയിക്കുന്ന ഭീഷ്മാദിമഹാരഥന്മാരായ |
| തിമിംഗിലൈഃ | തിമിംഗലങ്ങളാൽ |
| ദുരത്യയം | കടക്കുവാൻ കഴിയാത്ത |
| കൗരവസൈന്യസാഗരം | കൗരവസേനയാകുന്ന സമുദ്രത്തെ |
| വത്സപദം കൃത്വാ | കാലിക്കുളമ്പുചാൽകണക്കെ നിസ്സാരമാക്കി |
| അതരൻ സ്മ | കടന്നുവോ, |
| യഃ | യാതൊരുവൻ |
| ദ്രൗണ്യസ്ത്രവിപ്ലുഷ്ടം | അശ്വത്ഥാമാവിന്റെ ബ്രഹ്മാസ്ത്രത്താൽ വെന്തുപോയതും |
| കുരുപാണ്ഡവാനാം | കൗരവന്മാരുടേയും പാണ്ഡവന്മാരുടേയും |
| സന്താനബീജം | വംശപ്രതിഷ്ഠക്കു കാരണമായതും ആയ |
| ഇദം മദംഗം | ഈ എന്റെ ശരീരത്തെ |
| ശരണം ഗതായാഃ | ശരണംപ്രാപിച്ചവളായ |
| മേ മാതുഃ | എന്റെ അമ്മയുടെ |
| കുക്ഷിം ഗതഃ | ഗർഭത്തിന്നകം പ്രവേശിച്ച് |
| ആത്തചക്രഃ | തൃക്കരത്തിൽ ചക്രായുധം ഏന്തിക്കൊണ്ട് |
| ജുഗോപ ച | കാത്തുരക്ഷിക്കുകയും ചെയ്തുവോ, |
| അഖിലദേഹഭാജാം | എല്ലാ ശരീരികളുടേയും |
| അന്തഃ ബഹിഃ ച പൂരുഷകാലരൂപൈഃ | ഉള്ളിൽ പുരുഷസ്വരൂപനായും പുറത്തു കാലസ്വരൂപനായും നിന്നുംകൊണ്ട് |
| അമൃതം | സംസാരമോക്ഷത്തെയും |
| മൃത്യും ഉത | സംസാരബന്ധത്തെയും |
| പ്രയച്ഛതഃ | കൊടുത്തുകൊണ്ടിരിക്കുന്ന |
| തസ്യ | ആ |
| മായാമനുഷ്യസ്യ | മായാമനുഷ്യന്റെ |
| വീര്യാണി | വീര്യകർമ്മങ്ങളെ |
| വദസ്വ | പറഞ്ഞുതരിക. |

രോഹിണ്യാസ്തനയഃ പ്രോക്തോ രാമഃ സങ്കർഷണസ്ത്വയാ
ദേവക്യാ ഗർഭസംബന്ധഃ കുതോ ദേഹാന്തരം വിനാ. 8

| | | | |
|---|---|---|---|
| സങ്കർഷണഃ | സങ്കർഷണമൂർത്തിയായ | പ്രോക്തഃ | പറയപ്പെട്ടുവല്ലോ. |
| രാമഃ | ബലരാമൻ | ദേഹാന്തരം വിനാ | അന്യദേഹസ്വീകാരം കൂടാതെ |
| രോഹിണ്യാഃ | രോഹിണിയുടെ | ദേവക്യാഃ | ദേവകിയുടെ |
| തനയഃ | പുത്രനെന്നു് | ഗർഭസംബന്ധഃ | ഗർഭത്തോടുള്ളസംബന്ധം |
| ത്വയാ | അങ്ങയാൽ | കുതഃ ? | എങ്ങനെ സംഭവിച്ചു ? |

കസ്മാന്മുകുന്ദോ ഭഗവാൻ പിതുർഗ്ഗേഹാദ് വ്രജം ഗതഃ
ക്വ വാസം ജ്ഞാതിഭിഃ സാർദ്ധം കൃതവാൻ സാത്വതാം പതിഃ. 9

| | | | |
|---|---|---|---|
| മുകുന്ദഃ | മോക്ഷപ്രദനായ | സാത്വതാംപതിഃ | ആ ഭക്തജന സംരക്ഷകൻ |
| ഭഗവാൻ | ഭഗവാൻ ശ്രീകൃഷ്ണൻ | | |
| പിതുഃ | അച്ഛന്റെ | ജ്ഞാതിഭിഃ സാർദ്ധം | സ്വജനങ്ങളോടുകൂടി |
| ഗേഹാത് | ഗൃഹത്തിൽനിന്നു് | | |
| കസ്മാത് വ്രജം ഗതഃ ? | ഗോകുലത്തിലേക്ക പോയതെന്തിന്നു് ? | ക്വ വാസം കൃതവാൻ ? | എവിടെ വസിച്ചു ? |

വ്രജേ വസൻ കിമകരോന്മധുപുര്യാം ച കേശവഃ
ഭ്രാതരം ചാവധീത് കംസം മാതുരദ്ധാതദർഹണം. 10

| | | | |
|---|---|---|---|
| കേശവഃ | ശ്രീകൃഷ്ണഭഗവാൻ | ഭ്രാതരം | സോദരനും |
| വ്രജേ | ഗോകുലത്തിലും | അതദർഹണം ച | കൊല്ലരുതാത്തവനുമായ |
| മധുപുര്യാം ച | മഥുരാപുരിയിലും മററും | കംസം | കംസനെ |
| വസൻ | വസിച്ചുകൊണ്ടു് | അദ്ധാ | നേരിൽ താൻ തന്നെ |
| കിം അകരോത് | എന്തു ചെയ്തു ? | അവധീത് | വധിച്ചതെന്തുകൊണ്ടു ? |
| മാതുഃ | മാതാവിന്റെ | | |

ദേഹം മാനുഷമാശ്രിത്യ കതി വർഷാണി വൃഷ്ണിഭിഃ
യദുപുര്യാം സഹാവാത്സീത് പത്ന്യഃ കത്യഭവൻ പ്രഭോഃ. 11

| | | | |
|---|---|---|---|
| മാനുഷം ദേഹം | മർത്ത്യദേഹം | കതി വർഷാണി | എത്ര സംവത്സരം |
| ആശ്രിത്യ | ധരിച്ചുകൊണ്ടു് | അവാത്സീത് ? | താമസിച്ചു ? |
| വൃഷ്ണിഭിഃ സഹ | വൃഷ്ണികളോടുകൂടി | പ്രഭോഃ | ഭഗവാന്നു് |
| യദുപുര്യാം | യദുപുരിയിൽ | കതി പത്ന്യഃ | എത്ര പത്നിമാർ |
| | | അഭവൻ ? | ഉണ്ടായിരുന്നു ? |

ഏതദന്യച്ച സർവ്വം മേ മുനേ കൃഷ്ണവിചേഷ്ടിതം
വക്തുമർഹസി സർവ്വജ്ഞ ശ്രദ്ദധാനായ വിസ്തൃതം. 12

| | | | |
|---|---|---|---|
| ഏതത് | ഇതും | മുനേ | മുനീശ്വര ! |
| അന്യത് ച | വേറെയുള്ളതുമായ | ശ്രദ്ദധാനായ | ശ്രദ്ധാലുവായ |
| കൃഷ്ണവിചേഷ്ടിതം സർവ്വം | ശ്രീകൃഷ്ണന്റെ എല്ലാ പ്രവൃത്തികളും | മേ വിസ്തൃതം | എനിക്ക വിസ്തരിച്ചു |
| സർവ്വജ്ഞ | എല്ലാം അറിവുള്ള | വക്തും അർഹസി | പറഞ്ഞുതന്നാലും. |

നൈഷാതിദുസ്സഹാ ക്ഷുന്മാം ത്യക്തോദമപി ബാധതേ
പിബന്തം ത്വന്മുഖാംഭോജച്യുതം ഹരികഥാമൃതം. 13

| | | | |
|---|---|---|---|
| അതിദുസ്സഹാ | ഒട്ടും സഹിക്കാൻ വയ്യാത്ത | ഹരികഥാമൃതം | ശ്രീഹരിയുടെ ചരിതമാകുന്ന അമൃതത്തെ |
| ഏഷാ ക്ഷുത് | ഈ വിശപ്പ് | പിബന്തം മാം | പാനം ചെയ്തുകൊണ്ടിരിക്കുന്ന എന്നെ |
| ത്വന്മുഖാംഭോജച്യുതം | അങ്ങയുടെ മുഖമാവുന്ന ചന്ദ്രബിംബത്തിൽനിന്നു ഒഴികിവരുന്ന | ത്യക്തോദം അപി | ജലപാനംപോലും വജ്ജിച്ചിട്ടുകൂടി |
| | | ന ബാധതേ | ബാധിക്കുന്നില്ല. |

സൂത ഉവാച = സൂതൻ പറഞ്ഞു :—

ഏവം നിശമ്യ ഭൃഗുനന്ദന സാധുവാദം
വൈയാസകിഃ സ ഭഗവാനഥ വിഷ്ണുരാതം
പ്രത്യർച്ച്യ കൃഷ്ണചരിതം കലികല്മഷഘ്നം
വ്യാഹർത്തുമാരഭത ഭാഗവതപ്രധാനഃ. 14

| | | | |
|---|---|---|---|
| ഭൃഗുനന്ദന. | ഭൃഗുപുത്രനായ ശൌനക! | വിഷ്ണുരാതം | പരീക്ഷിത്ത് രാജാവിനെ |
| ഏവം | ഈ വിധത്തിലുള്ള | പ്രത്യർച്ച്യ | അഭിനന്ദിച്ച് |
| സാധുവാദം | ഉത്തമമായ ചോദ്യം | അഥ | അതിൽപിന്നെ |
| നിശമ്യ | കേട്ട്, | കലികല്മഷഘ്നം | കലിദോഷത്തെ നശിപ്പിക്കുന്ന |
| ഭാഗവത പ്രധാനഃ | ഭഗവത് ഭക്തന്മാരിൽ മുഖ്യനും | കൃഷ്ണചരിതം | ശ്രീകൃഷ്ണസൽക്കഥയെ |
| ഭഗവാൻ സഃ വൈയാസകിഃ | സർവ്വജ്ഞനും ആയ ആ വ്യാസപുത്രൻ | വ്യാഹർത്തും | പറയുവാൻ |
| | | ആരഭത | തുടങ്ങി. |

ശ്രീശുക ഉവാച = ശ്രീശുകൻപറഞ്ഞു :—

സമ്യഗ്വ്യവസിതാ ബുദ്ധിസ്തവ രാജർഷിസത്തമ
വാസുദേവകഥായാം തേ യജ്ജാതാ നൈഷ്ഠികീ രതിഃ. 15

| | | | |
|---|---|---|---|
| രാജർഷിസത്തമ | ഹേ രാജർഷിശ്രേഷ്ഠ! | വാസുദേവ- കഥായാം | ശ്രീകൃഷ്ണസൽക്കഥ കേൾക്കുന്നതിൽ |
| തവ ബുദ്ധിഃ | അങ്ങയുടെ ബുദ്ധി | നൈഷ്ഠികീ രതിഃ | ഏകാഗ്രമായ താല്പര്യം |
| സമ്യഗ്- വ്യവസിതാ | ശരിയായ നിർണ്ണയത്തോടുകൂടിയതാകുന്നു. | തേ | അങ്ങേക്ക് |
| യത് | എന്തെന്നാൽ | ജാതാ. | ഉണ്ടായിരിക്കുന്നു. |

വാസുദേവകഥാപ്രശ്നഃ പുരുഷാംസ്ത്രീൻ പുനാതി ഹി
വക്താരം പൃച്ഛകം ശ്രോതൄംസ്തത്പാദസലിലം യഥാ. 16

| | | | |
|---|---|---|---|
| വാസുദേവ- കഥാപ്രശ്നഃ | ശ്രീകൃഷ്ണകഥയെക്കുറിച്ചുള്ള പ്രശ്നം | പൃച്ഛകം | ചോദ്യകർത്താവ് |
| | | വക്താരം | കഥാപ്രാസംഗികൻ |
| തത്പാദ- സലിലം യഥാ | അവിടുത്തെ പാദോദകമായ ഗംഗയെന്നപോലെ | ശ്രോതൄൻ | ശ്രോതാക്കൾ എന്നീ |
| | | ത്രീൻ പുരുഷാൻ | മൂന്നുവിധം ജനങ്ങളെ |
| | | പുനാതി ഹി | ശുദ്ധീകരിക്കുമല്ലോ. |

ഭൂമിർദൃപ്തനൃപവ്യാജദൈത്യാനീകശതായുതൈഃ
ആക്രാന്താ ഭൂരിഭാരേണ ബ്രഹ്മാണം ശരണം യയൗ. 17

| | | | |
|---|---|---|---|
| ദൃപ്തനൃപവ്യാജ-ദൈത്യാനീക-ശതായുതൈഃ | അഹങ്കാരം മുഴുത്ത രാജാക്കന്മാരുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട അസംഖ്യം അസുരസേനകളാൽ ഉണ്ടായ | ഭൂരിഭാരേണ | വർദ്ധിച്ച ഭാരത്താൽ |
| | | ആക്രാന്താ ഭൂമിഃ | പീഡിതയായ ഭൂമിദേവി |
| | | ബ്രഹ്മാണം | ബ്രഹ്മാവിനെ |
| | | ശരണം യയൗ | ശരണം പ്രാപിച്ചു. |

ഗൗർഭൂത്വാശ്രുമുഖീ ഖിന്നാ ക്രന്ദന്തീ കരുണം വിഭോഃ
ഉപസ്ഥിതാന്തികേ തസ്മൈ വ്യസനം സ്വമവോചത. 18

| | | | |
|---|---|---|---|
| ഗൗഃ ഭൂത്വാ | പശുവിന്റെ രൂപംധരിച്ചു | വിഭോഃ | ബ്രഹ്മാവിന്റെ |
| ഖിന്നാ | വ്യസനംപൂണ്ടവളായി | അന്തികേ ഉപസ്ഥിതാ | സമീപത്തിൽ ചെന്നു നിന്നു |
| കരുണം | ദയനീയമാംവിധം | തസ്മൈ | അദ്ദേഹത്തോട് |
| ക്രന്ദന്തീ | കരയുന്നവളായി | സ്വം വ്യസനം | തന്റെ കഷ്ടപ്പാടുകളെ |
| അശ്രുമുഖീ | കണ്ണീരൊലിക്കുന്ന മുഖത്തോടുകൂടി | അവോചത | അറിയിച്ചു. |

ബ്രഹ്മാ തദുപധാര്യാഥ സഹ ദേവൈസ്തയാ സഹ
ജഗാമ സത്രിനയനസ്തീരം ക്ഷീരപയോനിധേഃ. 19

| | | | |
|---|---|---|---|
| ബ്രഹ്മാ | ബ്രഹ്മാവ് | സത്രിനയനഃ | പരമശിവനോടൊന്നിച്ച് |
| തത് | അതു | ക്ഷീരപയോ-നിധേഃ | പാൽക്കടലിന്റെ |
| ഉപധാര്യ അഥ | കേട്ടറിഞ്ഞശേഷം | തീരം | തീരത്തിലേക്കു |
| തയാ | അവളോടും | ജഗാമ | പോയി. |
| ദേവൈഃ സഹ | ദേവന്മാരോടുംകൂടി | | |

തത്ര ഗത്വാ ജഗന്നാഥം ദേവദേവം വൃഷാകപിം
പുരുഷം പുരുഷസൂക്തേന ഉപതസ്ഥേ സമാഹിതഃ 20

| | | | |
|---|---|---|---|
| തത്ര | അവിടെ | വൃഷാകപിം പുരുഷം | ഭക്തന്മാർക്കു അനുഗ്രഹം വർഷിച്ച് അവരുടെ ക്ലേശങ്ങളെ അകററുന്നവനും ആയ ആദിപുരുഷനെ |
| ഗത്വാ | എത്തിയശേഷം | സമാഹിതഃ | ഏകാഗ്രതയോടുകൂടി |
| ജഗന്നാഥം | സർവ്വലോകനായകനും | പുരുഷസൂക്തേന | പുരുഷസൂക്തം എന്ന വേദമന്ത്രംകൊണ്ടു |
| ദേവദേവം | ദേവകൾക്കുകൂടി ദേവനായിരിക്കുന്നവനും | ഉപതസ്ഥേ | വാഴ്ത്തിസ്തുതിച്ചു. |

ഗിരം സമാധൗ ഗഗനേ സമീരിതാം നിശമ്യ വേധാസ്ത്രിദശാനുവാച ഹ
ഗാം പൗരുഷീം മേ ശൃണുതാമരാഃ പുനർവിധീയതാമാശു തഥൈവ മാ ചിരം

| | | | |
|---|---|---|---|
| വേധാഃ | ബ്രഹ്മാവ് | സമീരിതാം | ഉച്ചരിക്കപ്പെട്ട |
| സമാധൗ | സമാധിയിൽ ഇരുന്നനേരത്ത് | ഗിരം നിശമ്യ | വാക്കിനെ കേട്ട് |
| ഗഗനേ | ആകാശത്തിൽ | ത്രിദശാൻ | ദേവന്മാരോടു |

| | |
|---|---|
| ഉവാച ഹ | പറഞ്ഞു. |
| അമരാഃ | ദേവന്മാരെ ! |
| പൌരുഷീം ഗാം | പരമപുരുഷൻെറവചനം |
| കഥയതഃ മേ | ഞാൻ പറയുന്നതു് |
| ശൃണുത | കേൾക്കുക. |
| പുനഃ | പിന്നീടു് |
| തഥാ ഏവ | അതേപ്രകാരത്തിൽതന്നെ |
| ആശു | ഉടനടി |
| വിധീയതാം | പ്രവൎത്തിക്കുകയുംചെയ്യുക ; |
| മാ ചിരം | കാലതാമസം അരുതു്. |

പുരൈവ പുംസാവധൃതോ ധരാജ്വരോ ഭവദ്ഭിരംശൈൎയ്യദുഷൂപജന്യതാം
സ യാവദുൎവ്യാ ഭരമീശ്വരേശ്വരഃ സ്വകാലശക്ത്യാ ക്ഷപയംശ്ചരേദ്ഭുവി.

| | |
|---|---|
| ധരാജ്വരഃ | ഭൂമിയുടെ സന്താപം |
| പുംസാ | സൎവ്വാന്തൎയ്യാമിയായ ഭഗവാനാൽ |
| പുരാ ഏവ | മുൻപുതന്നെ |
| അവധൃതഃ | അറിയപ്പെട്ടിരിക്കുന്നു. |
| ഈശ്വരേശ്വരഃ | ഈശ്വരന്മാൎക്കും ഈശ്വരനായ |
| സഃ ഭഗവാൻ | ആ ശ്രീ ഭഗവാൻ |
| സ്വകാല- ശക്ത്യാ | തൻെറ കാലസ്വരൂപ മായ ശക്തിയാൽ |
| ഉൎവ്യാഃ ഭരം | ഭൂമിയുടെ ഭാരം |
| ക്ഷപയൻ | ഒടുക്കിക്കൊണ്ടു് |
| ഭുവി യാവത് ചരേത് | ഭൂമിയിൽ സഞ്ചരിക്കുന്ന കാലത്തോളം |
| ഭവത്ഭിഃ | നിങ്ങളാൽ |
| അംശൈഃ | സ്വന്തം അംശങ്ങളെ കൊണ്ടു് |
| യദുഷു | യാദവന്മാരുടെ ഇടയിൽ |
| ഉപജന്യതാം | ജനിക്കപ്പെടേണ്ടിയിരിക്കുന്നു. |

വസുദേവഗൃഹേ സാക്ഷാത്ഭഗവാൻ പുരുഷഃ പരഃ
ജനിഷ്യതേ തത്പ്രിയാൎത്ഥം സംഭവന്തു സുരസ്ത്രിയഃ. 23

| | |
|---|---|
| പരഃ പുരുഷഃ | പരമപുരുഷനായ |
| ഭഗവാൻ | ശ്രീ ഭഗവാൻ |
| വസുദേവഗൃഹേ | വസുദേവരുടെ ഭവനത്തിൽ |
| സാക്ഷാത് | പ്രത്യക്ഷമായി |
| ജനിഷ്യതേ | അവതരിക്കും. |
| തത്പ്രിയാൎത്ഥം | അവിടുത്തെ പ്രീതിക്കായി |
| സുരസ്ത്രിയഃ | ദേവസ്ത്രീകൾ |
| സംഭവന്തു | ജനിച്ചുകൊള്ളട്ടെ. |

വാസുദേവകലാനന്തഃ സഹസ്രവദനഃ സ്വരാട്
അഗ്രതോ ഭവിതാ ദേവോ ഹരേഃ പ്രിയചികീൎഷയാ. 24

| | |
|---|---|
| സ്വരാട് ദേവഃ | സ്വയം പ്രകാശനായി ശോഭിക്കുന്നവനും |
| വാസുദേവകലാ | ഭഗവാൻെറ കലയായി തന്നെയുള്ളവനും |
| സഹസ്രവദനഃ | ആയിരം മുഖങ്ങളോടു കൂടിയവനുമായ |
| അനന്തഃ | ആദിശേഷൻ |
| ഹരേഃ | ശ്രീഹരിക്കു |
| പ്രിയചികീൎഷയാ | പ്രിയം ചെയ്യുവാനുള്ള ആഗ്രഹത്താൽ |
| അഗ്രതഃ ഭവിതാ | മുമ്പിൽ അവതരിക്കും. |

വിഷ്ണോൎമ്മായാ ഭഗവതീ യയാ സമ്മോഹിതം ജഗത്
ആദിഷ്ടാ പ്രഭുണാംശേന കാൎയ്യാൎത്ഥേ സംഭവിഷ്യതി. 25

| | |
|---|---|
| യയാ | യാതൊരുവളാൽ |
| ജഗത് | ലോകം |
| സമ്മോഹിതം | മോഹിപ്പിക്കപ്പെട്ടിരിക്കുന്നുവോ |
| സാ ഭഗവതീ | ആ ഭഗവതിയായ |
| വിഷ്ണോഃ മായാ | വിഷ്ണുമായ |
| പ്രഭുണാ | ഭഗവാനാൽ |
| ആദിഷ്ടാ | നിയോഗിക്കപ്പെട്ടവളായി |
| കാൎയ്യാൎത്ഥേ | കാൎയ്യാൎത്ഥമായി |
| അംശേന | അംശത്തോടെ |
| സംഭവിഷ്യതി | അവതരിക്കും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്യാദിശ്യാമരഗണാൻ പ്രജാപതിപതിർവ്വിഭുഃ
ആശ്വാസ്യ ച മഹീം ഗീർഭിഃ സ്വധാമ പരമം യയൗ. 26

| | | | |
|---|---|---|---|
| പ്രജാപതിപതിഃ | പ്രജാപതികളുടെ പതിയായ | ഗീർഭിഃ | നല്ല വാക്കുകളാൽ |
| വിഭുഃ | ബ്രഹ്മാവ് | മഹീം | ഭൂമിയെ |
| അമരഗണാൻ | ദേവഗണങ്ങളോട് | ആശ്വാസ്യ ച | സമാധാനിപ്പിക്കുകയും ചെയ്ത് |
| ഇതി | ഇപ്രകാരം | പരമം സ്വധാമ യയൗ | തന്റെ സ്വന്തമായ ലോകത്തേക്കു പോയി. |
| ആദിശ്യ | ആജ്ഞാപിച്ച് | | |

ശൂരസേനോ യദുപതിർമ്മഥുരാമാവസൻ പുരീം
മാഥുരാൻ ശൂരസേനാംശ്ച വിഷയാൻ ബുഭുജേ പുരാ. 27

| | | | |
|---|---|---|---|
| പുരാ | പണ്ട് | മാഥുരാൻ | മഥുരയോടും |
| യദുപതിഃ | യാദവരാജാവായ | ശൂരസേനാൻ ച | ശൂരസേനത്തോടും |
| ശൂരസേനഃ | ശൂരസേനൻ | വിഷയാൻ | ചേൎന്ന പ്രദേശങ്ങളെ |
| മഥുരാം പുരീം | മഥുരാപുരിയിൽ | ബുഭുജേ | ഭരിച്ചനുഭവിച്ചു കൊണ്ടിരുന്നു |
| ആവസൻ | വസിച്ചുകൊണ്ട് | | |

രാജധാനീ തതഃ സാഭൂത് സർവ്വയാദവഭൂഭുജാം
മഥുരാ ഭഗവാൻ യത്ര നിത്യം സംനിഹിതോ ഹരിഃ. 28

| | | | |
|---|---|---|---|
| തതഃ | അക്കാരണത്താൽ | യത്ര | യാതൊരിടത്ത് (മഥുരയിൽ) |
| സാ മഥുരാ | ആ മഥുരാപുരി | ഭഗവാൻ ഹരിഃ | ഭഗവാൻ ശ്രീഹരി |
| സർവ്വയാദവഭൂഭുജാം | എല്ലാ യദുവംശരാജാക്കന്മാരുടേയും | നിത്യം | എന്നും |
| രാജധാനീ അഭൂത് | രാജധാനിയായിത്തീൎന്നു. | സന്നിഹിതഃ | സന്നിധാനം ചെയ്തിരിക്കുന്നു. |

തസ്യാം തു കർഹിചിച്ഛൗരിർവ്വസുദേവഃ കൃതോദ്വഹഃ
ദേവക്യാ സൂര്യയാ സാർദ്ധം പ്രയാണേ രഥമാരുഹത്. 29

| | | | |
|---|---|---|---|
| കർഹിചിത് | ഒരിക്കൽ | സൂര്യയാ | നവോഢയായ |
| തസ്യാം തു | ആ മഥുരാപുരിയിൽ | ദേവക്യാ സാർദ്ധം | ദേവകിയോടുകൂടി |
| ശൗരിഃ വസുദേവഃ | ശൂരനെന്ന യാദവശ്രേഷ്ഠന്റെ പുത്രനായ വസുദേവൻ | പ്രയാണേ | സ്വഗൃഹത്തിലേക്കുള്ള യാത്രയിൽ |
| കൃതോദ്വാഹഃ | വിവാഹം ചെയ്ത് | രഥം ആരുഹത് | തേരിൽ കയറി. |

ഉഗ്രസേനസുതഃ കംസഃ സ്വസുഃ പ്രിയചികീർഷയാ
രശ്മീൻ ഹയാനാം ജഗ്രാഹ രൗക്മൈ രഥശതൈർവൃതഃ. 30

| | | | |
|---|---|---|---|
| ഉഗ്രസേനസുതഃ | ഉഗ്രസേനന്റെ മകനായ | പ്രിയചികീർഷയാ | പ്രിയം ചെയ്യുന്നതിലുള്ള ഉത്സാഹത്താൽ |
| കംസഃ | കംസൻ | | |
| സ്വസുഃ | സോദരിക്കു | രൗക്മൈഃ | പൊന്നണിഞ്ഞ |

രഥശതൈഃ അസംഖ്യം തേരുകളാൽ
വൃതഃ പരിവൃതനായി
ഹയാനാം ദമ്പതിമാർ കയറിയിരി

ക്കുന്ന തേരിൽ പൂട്ടിയ കുതിരകളുടെ
രശ്മീൻ കടിഞ്ഞാൺ
ജഗ്രാഹ പിടിച്ചുകൊണ്ടിരുന്നു.

ചതുഃശതം പാരിബർഹം ഗജാനാം ഹേമമാലിനാം
അശ്വാനാമയുതം സാർദ്ധം രഥാനാം ച ത്രിഷട്ശതം. 31
ദാസീനാം സുകുമാരീണാം ദ്വേ ശതേ സമലംകൃതേ
ദുഹിത്രേ ദേവകഃ പ്രാദാദ്യാനേ ദുഹിതൃവത്സലഃ. 32

യാനേ യാത്രസമയത്ത്
ദുഹിതൃവത്സലഃ പുത്രിയിൽ വാത്സല്യം [കലന്ന
ദേവകഃ ദേവകൻ
ദുഹിത്രേ തന്റെ പുത്രിക്കായി
ഹേമമാലിനാം പൊൻ ചങ്ങലയിട്ട
ഗജാനാം ചതുശ്ശതം } നാനൂറ് ആനകളേയും
അശ്വാനാം സാർദ്ധം അയുതം } പതിനയ്യായിരം കുതിരകളേയും

രഥാനാം ത്രിഷട്ശതം ച } ആയിരത്തെണ്ണൂറ് തേരുകളേയും
സമലംകൃതേ നന്നായലങ്കരിക്കപ്പെട്ട
സുകുമാരീണാം സുന്ദരിമാരായ
ദാസീനാം ദ്വേശതേ } ഇരുനൂറ് തോഴിമാരേയും
പാരിബർഹം സ്ത്രീധനമായി
പ്രാദാത് കൊടുത്തു.

ശംഖതൂര്യമൃദംഗാശ്ച നേദുർദ്ദുന്ദുഭയഃ സമം
പ്രയാണപ്രക്രമേ താവദ്വരവധ്വോഃ സുമംഗലം. 33

പ്രയാണപ്രക്രമേ താവത് } യാത്ര തുടങ്ങിയതും
വരവധ്വോഃ നവദമ്പതികൾക്ക
സുമംഗലം മംഗളകരമാംവിധം

ശംഖതൂര്യ മൃദംഗാഃ } ശംഖം, തൂര്യം, മൃദംഗം
ദുന്ദുഭയഃ ച സമം നേദുഃ } ചെണ്ട എന്നീ വാദ്യങ്ങൾ ഒപ്പം മുഴങ്ങി.

പഥി പ്രഗ്രഹിണം കംസമാഭാഷ്യാഹാശരീരവാക്
അസ്യാസ്ത്വാമഷ്ടമോ ഗർഭോ ഹന്താ യാം വഹസേഽബുധ. 34

പഥി വഴിയിൽവെച്ച്
അശരീരവാക് ഒരു അശരീരി വചനം
പ്രഗ്രഹിണം കംസം } തേർക്കുതിരകളുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടിരിക്കുന്ന കംസനെ
ആഭാഷ്യ ആഹ സംബോധനചെയ്തു പറഞ്ഞു

"അബുധ മൂഢ!
യാം നീ യാതൊരുവളെ
വഹസേ തേരിലേററികൊണ്ടു പോകുന്നുവോ
അസ്യാഃ അവളുടെ
അഷ്ടമഃ ഗർഭഃ എട്ടാമത്തെ സന്താനം
ത്വാം ഹന്താ നിന്നെ കൊല്ലുന്നതാണ്."

ഇത്യുക്തഃ സ ഖലഃ പാപോ ഭോജാനാം കുലപാംസനഃ
ഭഗിനീം ഹന്തുമാരബ്ധഃ ഖഡ്ഗപാണിഃ കചേഽഗ്രഹീത്. 35

ഖലഃ പാപഃ ദുഷ്ടനും പാപിയും
ഭോജാനാം ഭോജവംശത്തിനു
കുലപാംസനഃ കളങ്കവും ആയ
സഃ ഇതി അവൻ ഇപ്രകാരമുള്ള
ഉക്തഃ വാക്ക കേട്ടപ്പോൾ

ഭഗിനീം സോദരിയെ
ഹന്തും ആരബ്ധഃ വധിപ്പാനൊരുമ്പെട്ട്
ഖഡ്ഗപാണിഃ കയ്യിൽ വാളെടുത്ത്
കചേ അവളുടെ തലമുടിയിൽ
അഗ്രഹീത് ചുററിപ്പിടിച്ചു.

തം ജുഗുപ്സിതകർമ്മാണം നൃശംസം നിരപത്രപം
വസുദേവോ മഹാഭാഗ ഉവാച പരിസാന്ത്വയൻ. 36

| | | | |
|---|---|---|---|
| മഹാഭാഗഃ | മഹാഭാഗ്യശാലിയായ | നൃശംസം | ക്രൂരനും ആയ |
| വസുദേവഃ | വസുദേവൻ | തം | അവനെ |
| ജുഗുപ്സിത-കർമ്മാണം | നിന്ദാർഹമായ കർമ്മത്തിനൊരുങ്ങിയവനും | പരിസാന്ത്വയൻ | സമാധാനിപ്പിച്ചുകൊണ്ട് |
| നിരപത്രപം | നിർല്ലജ്ജനും | ഉവാച | പറഞ്ഞു. |

വസുദേവ ഉവാച = വസുദേവൻ പറഞ്ഞു :—

ശ്ലാഘനീയഗുണഃ ശൂരൈർഭവാൻ ഭോജയശസ്കരഃ
സ കഥം ഭഗിനീം ഹന്യാത് സ്ത്രിയമുദ്വാഹപർവ്വണി. 37

| | | | |
|---|---|---|---|
| ഭവാൻ | താങ്കൾ | സ്ത്രിയം | ഒരു സ്ത്രീയെ, |
| ശൂരൈഃ | ശൂരന്മാരാൽ | ഭഗിനീം | വിശേഷിച്ചു സഹോദരിയെ, |
| ശ്ലാഘനീയഗുണഃ | വാഴ്ത്തപ്പെടാവുന്ന ഗുണങ്ങളുള്ളവനും | ഉദ്വാഹപർവ്വണി | അതിലും വിശേഷിച്ച് അവളുടെ വിവാഹോത്സവവേളയിൽവെച്ച് |
| ഭോജയശസ്കരഃ | ഭോജവംശത്തിന്ന് സൽകീർത്തി ജനിപ്പിക്കുന്നവനും ആകുന്നു. | ഹന്യാത് കഥം? | വെട്ടിക്കൊല്ലുന്നതെങ്ങനെ ശരിയാകും? |
| സഃ | അങ്ങനെയുള്ള താങ്കൾ | | |

മൃത്യുർജ്ജന്മവതാം വീര ദേഹേന സഹ ജായതേ
അദ്യ വാബ്ദശതാന്തേ വാ മൃത്യുർവൈ പ്രാണിനാം ധ്രുവഃ. 38

| | | | |
|---|---|---|---|
| വീര | അല്ലയോ വീര! | അദ്യ വാ | ഇപ്പോഴോ അഥവാ |
| ജന്മവതാം | ജനിച്ചവൎക്ക | അബ്ദശതാന്തേ വാ | നൂറുവൎഷം കഴിഞ്ഞോ |
| മൃത്യുഃ | മരണം | പ്രാണിനാം | ജീവികൾക്ക |
| ദേഹേന സഹ | ശരീരത്തോടൊപ്പം തന്നെ | മൃത്യുഃ ധ്രുവഃ വൈ | മരണം തീൎച്ചപ്പെട്ട സംഗതിയാണ്. |
| ജായതേ | ഉണ്ടാവുന്നു. | | |

ദേഹേ പഞ്ചത്വമാപന്നേ ദേഹീ കർമ്മാനുഗോഽവശഃ
ദേഹാന്തരമനുപ്രാപ്യ പ്രാക്തനം ത്യജതേ വപുഃ 39

| | | | |
|---|---|---|---|
| ദേഹേ | ശരീരം | ദേഹീ | ജീവൻ |
| പഞ്ചത്വം | മരണാവസ്ഥയെ | ദേഹാന്തരം | മറെറാരു ശരീരത്തെ |
| ആപന്നേ | പ്രാപിക്കുമ്പോൾ | പ്രാപ്യ അനു | പിടികൂടിയശേഷം |
| കർമ്മാനുഗഃ | സ്വകർമ്മത്തിന്നധീനനും | പ്രാക്തനം വപുഃ | പഴയ ശരീരത്തെ |
| അവശഃ | അസ്വാതന്ത്ര്യനും ആയ | ത്യജതേ | പരിത്യജിക്കുന്നു. |

വ്രജംസ്തിഷ്ഠൻ പദൈകേന യഥൈവൈകേന ഗച്ഛതി
യഥാ തൃണജളൂകൈവം ദേഹീ കർമ്മഗതിം ഗതഃ. 40

| | |
|---|---|
| യഥാ | ഏതുപ്രകാരം, |
| വ്രജൻ | നടന്നുപൊയ്ക്കൊണ്ടിരിക്കുന്നവൻ |
| ഏകേന പദാ തിഷ്ഠൻ | ഒരു കാൽകൊണ്ടു നിലയൂന്നി, |
| ഏകേന ഏവ ഗച്ഛതി | മറേറ കാൽകൊണ്ടുതന്നെ പോകുന്നുവോ, |
| യഥാ | ഏതുപ്രകാരം,. |
| തൃണജലൂകാ | പുല്ലട്ട ഒരു പുൽത്തുമ്പിൽനിന്നു മറെറാന്നിലേക്കു കടന്നു ആദ്യത്തേതിനെ വിടുന്നുവോ |
| ഏവം ദേഹീ | അപ്രകാരം ജീവൻ |
| കർമ്മഗതിം | കർമ്മഗതിയെ |
| ഗതഃ | പ്രാപിക്കുന്നു. (നവദേഹം ലഭിച്ചശേഷം പൂർവ്വദേഹം കളയുന്നു) |

**സ്വപ്നേ യഥാ പശ്യതി ദേഹമീദൃശം മനോരഥേനാഭിനിവിഷ്ടചേതനഃ**
**ദൃഷ്ടശ്രുതാഭ്യാം മനസാനുചിന്തയൻ പ്രപദ്യതേ തത് കിമപി ഹ്യപസ്മൃതിഃ.**

| | |
|---|---|
| ദൃഷ്ടശ്രുതാഭ്യാം | കാണപ്പെട്ടതിന്നോ കേൾക്കപ്പെട്ടതിന്നോവേണ്ടി (ഒരു പ്രഭുവിനെയോ ദിവ്യപുരുഷനെയോ നേരിൽ കാണുകയൊ അഥവാ കേൾക്കുകയൊ ചെയ്തു താനും അങ്ങനെയാകണമെന്നുദ്ദേശിച്ച്) |
| മനസാ | അതേനിനവ് ഉൾക്കൊള്ളുന്ന മനസ്സിനാൽ |
| അനുചിന്തയൻ | അതുതന്നെ ഇടവിടാതെ ചിന്തിച്ചുകൊണ്ടിരിക്കുന്നവൻ |
| സ്വപ്നേ | സ്വപ്നത്തിലോ, അഥവാ |
| മനോരഥേന | അത്തരത്തിലുള്ള മനോരഥത്താൽ |
| അഭിനിവിഷ്ട-ചേതനഃ | അടിമപ്പെടുത്തപ്പെട്ട ബുദ്ധിയോടുകൂടിയവനായിട്ടോ |
| ഈദൃശം | അതിന്നനുസരിച്ച |
| ദേഹം | ദേഹത്തെ (താൻ പ്രഭുവായെന്നോ ദിവ്യനായെന്നോ ഉള്ള സ്വരൂപത്തെ) |
| കിമപി | ഏതോ വിധത്തിൽ |
| പശ്യതി | കാണുകയും, |
| തത് പ്രപദ്യതേ | താൻ അതായെന്ന് കരുതുകയും, |
| അപസ്മൃതിഃ | പൂർവ്വാവസ്ഥയെ മറക്കുകയും |
| ഹി | ചെയ്യുന്നുണ്ടല്ലോ. |
| യഥാ തഥാ | ഇങ്ങിനേയോ അതുപോലെ ജീവനും പൂർവ്വദേഹത്തെ മറന്നു കളയുന്നു. |

**യതോ യതോ ധാവതി ദൈവചോദിതം മനോ വികാരാത്മകമാപ പഞ്ചസു**
**ഗുണേഷു മായാരചിതേഷു ദേഹ്യസൌ പ്രപദ്യമാനഃ സഹ തേന ജായതേ.**

| | |
|---|---|
| വികാരാത്മകം | വികാരസ്വരൂപമായും (സങ്കല്പവികല്പാത്മകമായും) |
| ദൈവ-ചോദിതം മനഃ | കർമ്മത്താൽപ്രേരിക്കപ്പെട്ടതായും ഉള്ള മനസ്സ് |
| പഞ്ചസു ഗുണേഷു | പൃഥിവ്യാദി പഞ്ചഭൂതങ്ങളിൽ |
| മായാരചിതേഷു | ഈശ്വരശക്തിയാൽ നിർമ്മിക്കപ്പെട്ട നാനാ ദേഹങ്ങളിൽവെച്ച് |
| യതഃ യതഃ | ഏതേതിലേക്കു |
| ധാവതി | പാഞ്ഞുപോകുന്നുവോ |
| ആപ | അതിനെ പ്രാപിക്കുന്നു; |
| തേന സഹ | അതോടുകൂടി |
| പ്രപദ്യമാനഃ | ചേർന്നുകൊണ്ട് |
| അസൌ ദേഹീ | ആ ജീവൻ |
| ജായതേ | ജനിക്കുന്നു. |

ജ്യോതിര്യഥൈവോദകപാർത്ഥിവേഷ്വദഃ സമീരവേഗാനുഗതം വിഭാവ്യതേ
ഏവം സ്വമായാരചിതേഷ്വസൗ പുമാൻ ഗുണേഷു രാഗാനുഗതോ വിമുഹ്യതി

| | |
|---|---|
| അദഃ | ആകാശത്തിലുള്ള |
| ജ്യോതിഃ | ഒരു തേജോഗോളം |
| ഉദക— പാർത്ഥിവേഷു | ജലാശയങ്ങളിൽ (പ്രതിബിംബിച്ച്) |
| യഥാ ഏവ | ഏതുപ്രകാരം |
| സമീര— വേഗാനുഗതം | കാററടിക്കുന്നതിന്നനുസരിച്ച് ഇളകുന്നതായും മററും |
| വിഭാവ്യതേ | തോന്നുന്നുവോ, |
| ഏവം | അതേവിധം |
| അസൌ പുമാൻ | ഈ ജീവൻ |
| സ്വമായാ— രചിതേഷു | തന്റെ അജ്ഞാനത്താൽ നിർമ്മിതമായ |
| ഗുണേഷു | ഭൌതികശരീരങ്ങളിൽ |
| രാഗാനുഗതഃ | പ്രതിബിംബന്യായേന പററിനിന്നുകൊണ്ട് |
| വിമുഹ്യതി | മോഹിക്കുന്നു. |

തസ്മാന്ന കസ്യചിത് ദ്രോഹമാചരേത് സ തഥാവിധഃ
ആത്മനഃ ക്ഷേമമന്വിച്ഛൻ ദ്രോഗ്ധുർവൈ പരതോ ഭയം. 44

| | |
|---|---|
| തസ്മാത് | അതിനാൽ |
| തഥാവിധഃ സഃ | അപ്രകാരത്തിലുള്ള അവൻ |
| ആത്മനഃ ക്ഷേമം | തന്റെ നന്മയെ |
| അന്വിച്ഛൻ | ഓർത്തുകൊണ്ട് |
| കസ്യചിത് | ഒരാൾക്കും |
| ദ്രോഹം | ദ്രോഹം |
| ന ആചരേത് | പ്രവർത്തിക്കരുത്. |
| ദ്രോഗ്ധുഃ | ദ്രോഹം ചെയ്യുന്നവനു, |
| പരതഃ | അന്യരിൽനിന്ന് (പരലോകത്തിൽനിന്ന്) |
| ഭയം വൈ | ഭയം സംഭവിക്കുമെന്നതു് തീർച്ചയാണ്. |

ഏഷാ തവാനുജാ ബാലാ കൃപണാ പുത്രികോപമാ
ഹന്തും നാർഹസി കല്യാണീമിമാം ത്വം ദീനവത്സലഃ. 45

| | |
|---|---|
| ഏഷാ | ഇവരം |
| തവ അനുജാ ബാലാ | അങ്ങയുടെ അനുജത്തിയായ ഒരു ചെറു പെൺകിടാവും |
| കൃപണാ | പാവപ്പെട്ടവളും |
| പുത്രികോപമാ | വെറും പാവപോലെ കാട്ടിയതു് കാണുന്നവളുമാകുന്നു. |
| ദീനവത്സലഃ | ദീനാനുകമ്പയുള്ള |
| ത്വം | അങ്ങ് |
| കല്യാണീം | ദോഷഹീനയായ |
| ഇമാം | ഇവളെ |
| ഹന്തും | കൊല്ലുന്നതു് |
| ന അർഹസി | ഉചിതമാകയില്ല. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം സ സാമഭിർഭേദൈർബോധ്യമാനോഽപി ദാരുണഃ
ന ന്യവർത്തത കൌരവ്യ പുരുഷാദാനനുവ്രതഃ. 46

| | |
|---|---|
| കൌരവ്യ | കുരുവംശത്തിൽ ജനിച്ച രാജാവേ! |
| ഏവം | ഈവിധം |
| സാമഭിഃ | സാമവാക്കുകളാലും |
| ഭേദൈഃ | ഭേദവാക്കുകളാലും |
| ബോധ്യമാനഃ അപി | ഉപദേശിക്കപ്പെട്ടവനായിട്ടുകൂടി |
| ദാരുണഃ | ഭയങ്കരനും |
| പുരുഷാദാൻ | മനുഷ്യഭുക്കുകളായ രാക്ഷസന്മാരെ |
| അനുവ്രതഃ സഃ | അനുസരിക്കുന്നവനും ആയ അവൻ |
| ന ന്യവർത്തത | (സോദരീവധത്തിൽനിന്നു) വിരമിച്ചില്ല. |

നിർബ്ബന്ധം തസ്യ തം ജ്ഞാത്വാ വിചിന്ത്യാനകദുന്ദുഭിഃ
പ്രാപ്തം കാലം പ്രതിവ്യോഢുമിദം തത്രാന്വപദ്യത. 47

| | | | |
|---|---|---|---|
| ആനകദുന്ദുഭിഃ | വസുദേവൻ | കാലം | ആപൽഘട്ടത്തെ |
| തസ്യ | അവന്റെ | പ്രതിവ്യോഢും | തടഞ്ഞുനിറുത്തുവാൻ |
| തം നിർബ്ബന്ധം | ആ നിർബ്ബന്ധത്തെ | തത്ര | അക്കാര്യത്തിൽ |
| ജ്ഞാത്വാ | മനസ്സിലാക്കി, | ഇദം വിചിന്ത്യ } അന്വപദ്യത | ഇങ്ങനെ ചിന്തിച്ചുറച്ചു. |
| പ്രാപ്തം | എത്തിച്ചേർന്ന | | |

മൃത്യുർബ്ബുദ്ധിമതാപോഹ്യോ യാവദ്ബുദ്ധിബലോദയം
യദ്യസൌ ന നിവർത്തേത നാപരാധോഽസ്തി ദേഹിനഃ. 48

| | | | |
|---|---|---|---|
| ബുദ്ധിമതാ | ബുദ്ധിയുള്ളവനാൽ | അസൌ ന } നിവർത്തേത യദി | എന്നിട്ടും അതു വിട്ടുമാറിപ്പോകുന്നില്ലെങ്കിൽ |
| യാവദ്ബുദ്ധി- } ബലോദയം | ബുദ്ധിക്കും ശക്തിക്കും ഉദയമുള്ളേടത്തോളം | ദേഹിനഃ | മനുഷ്യനു |
| മൃത്യുഃ | മരണം | അപരാധഃ } ന അസ്തി | കുറ്റമില്ല. |
| അപോഹ്യഃ | തടയപ്പെടേണ്ടതാണ്. | | |

പ്രദായ മൃത്യവേ പുത്രാൻ മോചയേ കൃപണാമിമാം
സുതാ മേ യദി ജായേരൻ മൃത്യുർവ്വാ ന മ്രിയേത ചേത്. 49

| | | | |
|---|---|---|---|
| മേ | എനിക്കു | ന മ്രിയേത ചേത് | മരണപ്പെട്ടുപോകുന്നില്ലെങ്കിൽ |
| സുതാഃ } ജായേരൻ യദി | മക്കളുണ്ടാകാൻ പോകുന്നുവെങ്കിൽ, | മൃത്യവേ | അന്തകന്ന്—കംസനാവുന്ന കാലന്ന് |
| വാ | അഥവാ | പുത്രാൻ പ്രദായ | മക്കളെ കൊടുത്തിട്ട് |
| മൃത്യുഃ | അന്തകൻ—കംസനാവുന്ന കാലൻ | കൃപണാം ഇമാം | ദീനയായ ഇവളെ |
| | | മോചയേ | രക്ഷപ്പെടുത്തിയേക്കാം. |

വിപര്യയോ വാ കിം ന സ്യാദ്ഗതിർധാതുർദ്ദുരത്യയാ
ഉപസ്ഥിതോ നിവർത്തേത നിവൃത്തഃ പുനരാപതേത്. 50

| | | | |
|---|---|---|---|
| വാ | അല്ലെങ്കിൽ | ദുരത്യയാ | തടുക്കാവുന്നതല്ല. |
| വിപര്യയഃ | (എന്റെ പുത്രൻ കംസന്റെ അന്തകനാവുക എന്ന) വിപരീതനിലയും | ഉപസ്ഥിതഃ | അടുത്തുവന്നിരിക്കുന്നതു് (മൃത്യു) |
| കിം ന സ്യാത് ? | എന്തുകൊണ്ടു സംഭവിച്ചുകൂടാ ? | നിവർത്തേത ; | തല്ക്കാലം മാറിപ്പോകട്ടെ; |
| ധാതുഃ | ദൈവത്തിന്റെ | നിവൃത്തഃ | മാറിപ്പോയതു് |
| ഗതിഃ | ഗതി | പുനഃ | ഇനിയൊരിക്കൽ |
| | | ആപതേത് | വന്നുചേരുമെന്നുള്ളതിരിക്കട്ടെ. |

അഗ്നേര്യഥാ ദാരുവിയോഗയോഗയോരദൃഷ്ടതോഽന്യന്ന നിമിത്തമസ്തി 51
ഏവം ഹി ജന്തോരപി ദുർവ്വിഭാവ്യഃ ശരീരസംയോഗവിയോഗഹേതുഃ

യഥാ — ഏതുവിധം
അഗ്നേഃ — കാട്ടുതീയിന്നു്
ദാരുവിയോഗ- യോഗയോഃ — ചില മരങ്ങളെ വിടുന്നതിലും ചില മരങ്ങളെ പിടികൂടുന്നതിലും
അദൃഷ്ടതഃ അന്യത് — അദൃഷ്ടമല്ലാതെ വേറെ
നിമിത്തം ന അസ്തി — കാരണമില്ലയോ,
ഏവം ഹി — അതുവിധം തന്നെ
ജന്തോഃ അപി ശരീരസംയോഗവിയോഗ- ഹേതുഃ — ജീവന്റെ ശരീരത്തോടുള്ള ചേർച്ചയും പിരിവും ഉണ്ടാകാനുള്ള കാരണവും
ദുർവിഭാവ്യഃ — ഊഹിപ്പാനാകയില്ല.

ഏവം വിമൃശ്യ തം പാപം യാവദാത്മനിദർശനം
പൂജയാമാസ വൈ ശൗരിർബ്ബഹുമാനപുരസ്സരം. 52

ശൗരിഃ — വസുദേവൻ
യാവദാത്മ- നിദർശനം — തന്റെ ബുദ്ധിശക്തിയെത്തിയേടത്തോളം
ഏവം വിമൃശ്യ — ഇപ്രകാരം ആലോചിച്ച്
പാപം തം — പാപിയായ അവനെ
ബഹുമാനപുരഃസരം — ബഹുമാനപൂർവ്വം
പൂജയാമാസ വൈ — ആരാധിച്ചു.

പ്രസന്നവദനാംഭോജോ നൃശംസം നിരപത്രപം
മനസാ ദൂയമാനേന വിഹസന്നിദമബ്രവീത്. 53

പ്രസന്ന- വദനാംഭോജഃ — തെളിഞ്ഞ മുഖകമലത്തോടുകൂടിയവനായി
വിഹസൻ, — പുഞ്ചിരിതൂകികൊണ്ടു്,
ദൂയമാനേന — വേദനിക്കുന്ന
മനസാ — ഹൃദയത്തോടുകൂടി
നിരപത്രപം — നിർല്ലജ്ജനായ
നൃശംസം — ആ ക്രൂരനോടു
ഇദം അബ്രവീത് — ഈ വിധം പറഞ്ഞു.

വസുദേവ ഉവാച = വസുദേവൻ പറഞ്ഞു :—

ന ഹ്യസ്യാസ്തേ ഭയം സൌമ്യ യദ്വാഗാഹാശരീരിണീ
പുത്രാൻ സമർപ്പയിഷ്യേഽസ്യാ യതസ്തേ ഭയമുത്ഥിതം. 54

സൌമ്യ — ഹേ ശാന്തശീല !
അശരീരിണീ വാക് — അശരീരി വാക്ക്
യത് ആഹ തേ — എന്തുപറഞ്ഞുവോ (അതനുസരിച്ച്) അങ്ങക്ക്
അസ്യാഃ — ഇവളിൽനിന്നു്
ഭയം ന ഹി. — ഭയമുണ്ടാകയില്ല.
യതഃ — യാതൊരുവരിൽനിന്നു്
തേ — അങ്ങക്ക്
ഭയം ഉത്ഥിതം — ഭീതിയുളവായിരിക്കുന്നുവോ
അസ്യാഃ — ഇവളുടെ
പുത്രാൻ — ആ പുത്രന്മാരെയെല്ലാം
സമർപ്പയിഷ്യേ. — ഞാൻ ഏല്പിച്ചുതന്നുകൊള്ളാം.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

സ്വസുർവ്വധാന്നിവവൃതേ കംസസ്തദ്വാക്യസാരവിത്
വസുദേവോഽപി തം പ്രീതഃ പ്രശസ്യ പ്രാവിശദ്ഗൃഹം. 55

തദ്വാക്യസാര- വിത് കംസഃ — വസുദേവൻ പറഞ്ഞതിന്റെ താൽപര്യം മനസ്സിലാക്കിയ കംസൻ
സ്വസുഃ വധാത് — സോദരീവധത്തിൽനിന്നു
നിവവൃതേ — പിൻതിരിഞ്ഞു.
വസുദേവഃ അപി — വസുദേവനാകട്ടെ
പ്രീതഃ — സന്തുഷ്ടനായി
തം പ്രശസ്യ — അവനെ പ്രശംസിച്ചു
ഗൃഹം — സ്വഗൃഹത്തിലേക്കു
പ്രാവിശത് — എത്തിച്ചേർന്നു.

അഥ കാല ഉപാവൃത്തേ ദേവകീ സർവ്വദേവതാ
പുത്രാൻ പ്രസുഷുവേ ചാഷ്ടൗ കന്യാം ചൈവാനുവത്സരം. 56

| | | | |
|---|---|---|---|
| അഥ | അനന്തരം | അഷ്ടൗ പുത്രാൻ ച | എട്ടു പുത്രന്മാരേയും |
| കാലേ ഉപാവൃത്തേ | ഗർഭകാലമടുത്തപ്പോൾ | കന്യാം ഏവ ച | ഒരു കന്യകയെക്കൂടിയും |
| സർവ്വദേവതാ ദേവകീ | സർവ്വദേവതാസ്വരൂപിണിയായ ദേവകി | അനുവത്സരം | വർഷക്കണക്കിൽ |
| | | പ്രസുഷുവേ | പ്രസവിച്ചു. |

കീർത്തിമന്തം പ്രഥമജം കംസായാനകദുന്ദുഭിഃ
അർപ്പയാമാസ കൃച്ഛ്രേണ സോഽനൃതാദതിവിഹ്വലഃ. 57

| | | | |
|---|---|---|---|
| ആനകദുന്ദുഭിഃ | വസുദേവൻ | കൃച്ഛ്രേണ | അതിദുഃഖത്തോടുകൂടി |
| പ്രഥമജം | ഒന്നാമതുണ്ടായ | അർപ്പയാമാസ | കൊടുത്തു. |
| കീർത്തിമന്തം | കീർത്തിമാൻ എന്ന ബാലനെ | സഃ | അദ്ദേഹം |
| | | അനൃതാത് | അസത്യത്തെ |
| കംസായ | കംസനു് | അതിവിഹ്വലഃ | വളരെ ഭയപ്പെട്ടിരുന്നു. |

കിം ദുഃസഹം നു സാധൂനാം വിദുഷാം കിമപേക്ഷിതം
കിമകാര്യം കദര്യാണാം ദുസ്ത്യജം കിം ധൃതാത്മനാം. 58

| | | | |
|---|---|---|---|
| സാധൂനാം | സത്യസന്ധന്മാൎക്കു് | അകാര്യം കിം ? | ചെയ്യുവാൻ പാടില്ലാത്തതു് എന്തു് ? |
| കിം നു ദുസ്സഹം? | എന്തുതന്നെ സഹിപ്പാനാകയില്ല ? | ധൃതാത്മനാം | ധീരന്മാൎക്കു (ഭഗവൽസ്വരൂപത്തെ മനസ്സിൽവെച്ചു് ധ്യാനിക്കുന്നവൎക്കു്) |
| വിദുഷാം | ജ്ഞാനികൾക്കു് | | |
| അപേക്ഷിതം കിം ? | ആവശ്യമായതു് എന്തുണ്ടു് ? | ദുസ്ത്യജം കിം | ത്യജിപ്പാൻ കഴിയാത്തതെന്തു് ? |
| കദര്യാണാം | നീചന്മാൎക്കു് | | |

ദൃഷ്ട്വാ സമത്വം തച്ഛൗരേഃ സത്യേ ചൈവ വ്യവസ്ഥിതിം
കംസസ്തുഷ്ടമനാ രാജൻ പ്രഹസന്നിദമബ്രവീത്. 59

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | ദൃഷ്ട്വാ | കണ്ടു്, |
| ശൗരേഃ | വസുദേവന്റെ | തുഷ്ടമനാഃ | മനസ്സിൽ സന്തോഷമുണ്ടായ |
| തത് സമത്വം | ആ സമഭാവനയും | കംസഃ | കംസൻ |
| സത്യേ ഏവ വ്യവസ്ഥിതിം ച | സത്യത്തിൽതന്നെയുള്ള സ്ഥിരതയും, | പ്രഹസൻ | ചിരിച്ചുകൊണ്ടു് |
| | | ഇദം അബ്രവീത് | ഇപ്രകാരം പറഞ്ഞു. |

പ്രതിയാതു കുമാരോഽയം ന ഹ്യസ്മാദസ്തി മേ ഭയം
അഷ്ടമാദ്യുവയോൎഗ്ഗർഭാന്മൃത്യുൎമ്മേ വിഹിതഃ കില. 60

| | | | |
|---|---|---|---|
| അയം കുമാരഃ | ഈ കുട്ടി | യുവയോഃ | നിങ്ങൾ രണ്ടുപേരുടേയും |
| പ്രതിയാതു | തിരിച്ചുപൊയ്ക്കൊള്ളട്ടെ. | അഷ്ടമാത് ഗർഭാത് കില | എട്ടാമത്തെ ശിശുവിൽ നിന്നാണല്ലോ |
| അസ്മാത് | ഇവനിൽനിന്നു | | |
| മേ ഭയം ന അസ്തി | എനിക്കു് പേടിയില്ല. | മേ മൃത്യുഃ | എന്റെ മരണം |
| ഹി | എന്തെന്നാൽ | വിഹിതഃ. | വിധിക്കപ്പെട്ടിരിക്കുന്നതു്. |

തഥേതി സുതമാദായ യയാവാനകദുന്ദുഭിഃ
നാഭ്യനന്ദത തദ്വാക്യമസതോഽവിജിതാത്മനഃ. 61

| | |
|---|---|
| ആനകദുന്ദുഭിഃ | വസുദേവൻ |
| 'തഥാ' ഇതി | 'അങ്ങിനെയാകട്ടെ' എന്നു പറഞ്ഞു |
| സുതം ആദായ | മകനെ എടുത്ത് |
| യയൌ | യാത്രയായി. |
| അവിജിതാത്മനഃ | മനസ്സടക്കമില്ലാത്ത |
| അസതഃ | ആ അസത്തിന്റെ |
| തത് വാക്യം | അത്തരത്തിലുള്ള വാക്കിനെ |
| ന അഭ്യനന്ദത | അദ്ദേഹം അഭിനന്ദിക്കയുണ്ടായില്ല. |

നന്ദാദ്യാ യേ വ്രജേ ഗോപാ യാശ്ചാമീഷാം ച യോഷിതഃ
വൃഷ്ണയോ വസുദേവാദ്യാ ദേവക്യാദ്യാ യദുസ്ത്രിയഃ. 62
സർവ്വേ വൈ ദേവതാപ്രായാ ഉഭയോരപി ഭാരത
ജ്ഞാതയോ ബന്ധുസുഹൃദോ യേ ച കംസമനുവ്രതാഃ. 63
ഏതത് കംസായ ഭഗവാൻ ശശംസാഭ്യേത്യ നാരദഃ
ഭൂമേർഭാരായമാണാനാം ദൈത്യാനാം ച വധോദ്യമം. 64

| | |
|---|---|
| ഭാരത | ഹേ ഭരതകുലശ്രേഷ്ഠ ! |
| ഭഗവാൻ | ഭഗവാൻ |
| നാരദഃ അഭ്യേത്യ, | ശ്രീനാരദൻ വന്ന്, |
| വ്രജേ | ഗോകുലത്തിലുള്ള |
| നന്ദാദ്യാഃ യേ ഗോപാഃ | നന്ദാദി ഗോപന്മാരും |
| യാഃ അമീഷാം യോഷിതഃ ച | അവരുടെ സ്ത്രീകളും |
| വസുദേവാദ്യാഃ | വസുദേവൻ മുതലായ |
| വൃഷ്ണയഃ | വൃഷ്ണികളും |
| ദേവക്യാദ്യാഃ | ദേവകി മുതലായ |
| യദുസ്ത്രിയഃ ച | യാദവസ്ത്രീകളും, |
| ഉഭയോഃ | അവരിരുവരുടെ (നന്ദന്റെയും വസുദേവന്റെയും) |
| ജ്ഞാതയഃ | ജ്ഞാതികൾ, |
| ബന്ധുസുഹൃദഃ അപി | ബന്ധുക്കൾ, സ്നേഹിതന്മാർ എന്നിവരും |
| കംസം | കംസനെ |
| അനുവ്രതാഃ യേ ച | അനുസരിച്ചുകൊണ്ടു നില്ക്കുന്നവരും- |
| സർവ്വേ | എല്ലാം |
| ദേവതാപ്രായാഃ ഏതത് വൈ | സാമാന്യേന ദേവാംശസംഭവന്മാർ എന്നുള്ളതും |
| ഭൂമേഃ | ഭൂമിക്കു |
| ഭാരായമാണാനാം | ഭാരമായിത്തീർന്നിരിക്കുന്ന |
| ദൈത്യാനാം | അസുരന്മാരുടെ |
| വധോദ്യമം ച | വധത്തിന്നുള്ള പരിശ്രമത്തെക്കുറിച്ചും |
| കംസായ | കംസനോട് |
| ശശംസ. | പറഞ്ഞു. |

ഋഷേർവ്വിനിർഗ്ഗമേ കംസോ യദൂൻ മത്വാ സുരാനിതി
ദേവക്യാ ഗർഭസംഭൂതം വിഷ്ണും ച സ്വവധം പ്രതി. 65
ദേവകീം വസുദേവം ച നിഗൃഹ്യ നിഗഡൈർഗ്ഗൃഹേ
ജാതം ജാതമഹൻ പുത്രം തയോരജനശങ്കയാ. 66

| | |
|---|---|
| ഋഷേഃ വിനിർഗ്ഗമേ | നാരദൻ പോയതിൽ പിന്നെ |
| കംസഃ | കംസൻ |
| യദൂൻ | യാദവന്മാരെ |
| സുരാൻ ഇതി ച | ദേവകളെന്നും |
| ദേവക്യാഃ | ദേവകിയുടെ |
| ഗർഭസംഭൂതം | ഗർഭത്തിൽ ജനിക്കുന്നവൻ |
| സ്വവധം പ്രതി | തന്നെ കൊല്ലുവാൻ വേണ്ടിയുള്ള |
| വിഷ്ണും ഇതി ച | വിഷ്ണുവെന്നും |
| മത്വാ | കരുതി, |
| ദേവകീം | ദേവകിയേയും |

| | |
|---|---|
| വസുദേവം ച | വസുദേവനേയും |
| ഗൃഹേ | കാരാഗൃഹത്തിൽ |
| നിഗഡൈഃ നിഗൃഹ്യ | ചങ്ങലയാൽ കെട്ടിയിട്ടു്, |
| തയോഃ ജാതം ജാതം പുത്രം | അവർക്കുണ്ടാവുന്ന ഓരോ കുട്ടിയേയും |
| അജനശങ്കയാ | വിഷ്ണുവെന്ന ശങ്കയാൽ |
| അഹൻ | കൊന്നു. |

മാതരം പിതരം ഭ്രാതൄൻ സർവ്വാംശ്ച സുഹൃദസ്തഥാ
ഘ്നന്തി ഹ്യസുതൃപോ ലുബ്ധാ രാജാനഃ പ്രായശോ ഭുവി. 67

| | |
|---|---|
| ഭുവി അസുതൃപഃ | ഭൂമിയിൽ സ്വന്തം പ്രാണനെമാത്രം പോഷിപ്പിക്കുന്നവരും |
| ലുബ്ധാഃ | ലോഭികളും ആയ |
| രാജാനഃ | രാജാക്കന്മാർ |
| മാതരം പിതരം | അമ്മയേയും അച്ഛനേയും |
| ഭ്രാതൄൻ | സഹോദരന്മാരേയും |
| സുഹൃദഃ ച | സ്നേഹിതന്മാരേയും |
| തഥാ | അപ്രകാരം |
| സർവ്വാൻ | എല്ലാതരക്കാരേയും |
| പ്രായശഃ | മിക്കവാറും |
| ഘ്നന്തി ഹി | കൊല്ലുമാറുണ്ടല്ലോ. |

ആത്മാനമിഹ സഞ്ജാതം ജാനൻ പ്രാഗ്വിഷ്ണുനാ ഹതം
മഹാസുരം കാലനേമിം യദുഭിഃ സ വ്യരുധ്യത. 68

| | |
|---|---|
| സഃ | അവൻ (കംസൻ) |
| ഇഹസംജാതം | ഭൂമിയിൽപിറന്നിരിക്കുന്ന |
| ആത്മാനം | തന്നെ |
| പ്രാക് | മുൻപ് |
| വിഷ്ണുനാ ഹതം | വിഷ്ണുവാൽ കൊല്ലപ്പെട്ട |
| കാലനേമിം | കാലനേമിയെന്ന |
| മഹാസുരം | മഹാസുരനാണെന്നു് |
| ജാനൻ | അറിഞ്ഞു് |
| യദുഭിഃ | യാദവന്മാരോടു് |
| വ്യരുധ്യത | വിരോധിച്ചു തുടങ്ങി. |

ഉഗ്രസേനം ച പിതരം യദുഭോജാന്ധകാധിപം
സ്വയം നിഗൃഹ്യ ബുഭുജേ ശൂരസേനാൻ മഹാബലഃ. 69

| | |
|---|---|
| മഹാബലഃ | ബലശാലിയായ അവൻ |
| യദുഭോജാന്ധകാധിപം | യദുക്കൾ, ഭോജന്മാർ, അന്ധകന്മാർ എന്നിവരുടെയെല്ലാം രാജാവായ |
| പിതരം | തന്റെ അച്ഛൻ |
| ഉഗ്രസേനം ച | ഉഗ്രസേനനേയും |
| നിഗൃഹ്യ | പിടിച്ചു തടവിലിട്ടു, |
| ശൂരസേനാൻ | ശൂരസേനരാജ്യത്തെ |
| സ്വയം | തന്നെത്താൻ |
| ബുഭുജേ | വാണു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പൂർവ്വാർദ്ധേ
ശ്രീകൃഷ്ണാവതാരകാരണപ്രസ്താവഃ പ്രഥമോഽദ്ധ്യായഃ സമാപ്തഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 69.

# ദ്വിതീയോഽദ്ധ്യായഃ—രണ്ടാം അദ്ധ്യായം.

[ദ്വിതീയേ കംസഘാതായ ദേവക്യാ ഗർഭഗോ ഹരിഃ
ബ്രഹ്മാദിഭിഃ സ്തുതഃ സാ ച സാന്ത്വിതേതി നിരൂപ്യതേ.]

(ഗർഭഗതവിഷ്ണുവിനെ ബ്രഹ്മാദിദേവകൾ സ്തുതിക്കുന്നതും ദേവകിയെ സമാധാനിപ്പിക്കുന്നതും)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

പ്രലംബബകചാണൂരതൃണാവർത്തമഹാശനൈഃ
മുഷ്ടികാരിഷ്ടദ്വിവിദപൂതനാകേശിധേനുകൈഃ. 1
അന്യൈശ്ചാസുരഭൂപാലൈർബ്ബാണഭൌമാദിഭിർയ്യുതഃ
യദൂനാം കദനം ചക്രേ ബലീ മാഗധസംശ്രയഃ. 2

| | | | |
|---|---|---|---|
| പ്രലംബബക- ചാണൂരതൃണാ- വർത്തമഹാ- ശനൈഃ | പ്രലംബൻ, ബകൻ, ചാണൂരൻ, തൃണാവർത്തൻ, മഹാശനൻ എന്നിവരോടും, | അന്യൈഃ | മററു |
| മുഷ്ടികാരിഷ്ട- ദ്വിവിദപൂതനാ കേശി- ധേനുകൈഃ | മുഷ്ടികൻ, അരിഷ്ടൻ, ദ്വിവിദൻ, പൂതന, കേശി, ധേനുകൻ എന്നിവരോടും, | അസുര- ഭൂപാലൈഃ ച | അസുരരാജാക്കന്മാരോടും |
| ബാണ- ഭൌമാദിഭിഃ | ബാണൻ, നരകൻ എന്നു തുടങ്ങിയ | യുതഃ | ചേർന്നു് |
| | | മാഗധസംശ്രയഃ | ജരാസന്ധന്റെ സഹായത്തോടുകൂടി |
| | | ബലീ | ബലവാനായ കംസൻ |
| | | യദൂനാം | യാദവന്മാൎക്കു് |
| | | കദനം ചക്രേ | ഉപദ്രവം ചെയ്തുതുടങ്ങി. |

തേ പീഡിതാ നിവിവിശുഃ കുരുപാഞ്ചാലകേകയാൻ
ശാല്വാൻ വിദർഭാൻ നിഷധാൻ വിദേഹാൻ കോസലാനപി. 3

| | | | |
|---|---|---|---|
| തേ | അവർ (യാദവന്മാർ) | വിദേഹാൻ | വിദേഹം, |
| പീഡിതാഃ | കംസനാൽ പീഡിതരായിട്ടു് | നിഷധാൻ | നിഷധം, |
| കുരുപാഞ്ചാല- കേകയാൻ | കുരുദേശം, പാഞ്ചാലം, കേകയം, | കോസലാൻ അപി | കോസലം മുതലായ രാജ്യങ്ങളിലേക്കു് |
| ശാല്വാൻ, | ശാല്വം, | നിവിവിശുഃ | കടന്നു് രക്ഷനേടി. |
| വിദർഭാൻ | വിദർഭം, | | |

ഏകേ തമനുരുന്ധാനാ ജ്ഞാതയഃ പര്യുപാസതേ
ഹതേഷു ഷട്സു ബാലേഷു ദേവക്യാ ഔഗ്രസേനിനാ. 4
സപ്തമോ വൈഷ്ണവം ധാമ യമനന്തം പ്രചക്ഷതേ
ഗർഭോ ബഭൂവ ദേവക്യാ ഹർഷശോകവിവർദ്ധനഃ. 5

| | | | |
|---|---|---|---|
| ജ്ഞാതയഃ ഏകേ | (കംസന്റെ) ജ്ഞാതികളായ ഏതാനും ചിലർ | പര്യുപാസതേ | സേവിച്ചുകൊണ്ടിരുന്നു. |
| തം | അവനെ | ദേവക്യാഃ | ദേവകിയുടെ |
| അനുരുന്ധാനാഃ | അനുസരിച്ചു് | ഷട്സു ബാലേഷു | ആറു കിടാങ്ങളും |
| | | ഔഗ്രസേനിനാ | കംസനാൽ |

| | | | |
|---|---|---|---|
| ഹതേഷു | കൊല്ലപ്പെട്ടതിൽപിന്നെ | ഹർഷശോക-വിവർദ്ധനഃ | സന്തോഷത്തേയും സന്താപത്തേയും വർദ്ധിപ്പിക്കുന്ന |
| യം അനന്തം പ്രചക്ഷതേ | ആദിശേഷനെന്നു പറഞ്ഞുവരുന്ന | | |
| വൈഷ്ണവം ധാമ | വൈഷ്ണവതേജസ്സ് | സപ്തമഃ ഗർഭഃ | ഏഴാമത്തെ ഗർഭമായിട്ട് |
| ദേവക്യാഃ | ദേവകിക്ക് | ബഭൂവ | ഭവിച്ചു. |

ഭഗവാനപി വിശ്വാത്മാ വിദിത്വാ കംസജം ഭയം
യദൂനാം നിജനാഥാനാം യോഗമായാം സമാദിശത്. 6

| | | | |
|---|---|---|---|
| വിശ്വാത്മാ | സർവ്വാന്തര്യാമിയായ | കംസജം | കംസനിൽനിന്നുണ്ടാവുന്ന |
| ഭഗവാൻ അപി | ഭഗവാനും | ഭയം വിദിത്വാ | ഭയപ്പാടറിഞ്ഞ് |
| നിജനാഥാനാം | താൻ രക്ഷിതാവായുള്ള | യോഗമായാം | യോഗമായയോട്, |
| യദൂനാം | യാദവന്മാരുടെ | സമാദിശത് | ആജ്ഞാപിച്ചു. |

ഗച്ഛ ദേവി വ്രജം ഭദ്രേ ഗോപഗോഭിരലംകൃതം
രോഹിണീ വസുദേവസ്യ ഭാര്യാഽഽസ്തേ നന്ദഗോകുലേ
അന്യാശ്ച കംസസംവിഗ്നാ വിവരേഷു വസന്തി ഹി. 7

| | | | |
|---|---|---|---|
| ഭദ്രേ, ദേവി | ഹേ ശോഭനേ! ദേവി! | നന്ദഗോകുലേ | നന്ദഗോകുലത്തിൽ |
| ഗോപഗോഭിഃ | പശുപാലന്മാരാലും പശുവൃന്ദത്താലും | ആസ്തേ | വസിക്കുന്നുണ്ട്. |
| | | ഹി | മാത്രമല്ല, |
| അലംകൃതം | അലംകൃതമായ | കംസസംവിഗ്നാഃ | കംസനാൽ പൊറുതികെടുത്തപ്പെട്ടവരായ |
| വ്രജം | ഗോകുലത്തിലേക്കു | | |
| ഗച്ഛ | പോകുക. | അന്യാഃ ച | വേറെ സ്ത്രീകളും |
| വസുദേവസ്യ | വസുദേവന്റെ | വിവരേഷു | ഒളിവിൽ |
| ഭാര്യാ രോഹിണീ | പത്നിയായ രോഹിണി | വസന്തി | പാർത്തുവരുന്നു. |

ദേവക്യാ ജഠരേ ഗർഭം ശേഷാഖ്യം ധാമ മാമകം
തത് സംനികൃഷ്യ രോഹിണ്യാ ഉദരേ സന്നിവേശയ. 8

| | | | |
|---|---|---|---|
| ദേവക്യാഃ | ദേവകിയുടെ | തത് മാമകം ധാമ | ആ എന്റെ തേജസ്സിനെ |
| ജഠരേ | വയററിൽ | സന്നികൃഷ്യ | ആകർഷിച്ചെടുത്ത് |
| ഗർഭം | ഗർഭമായിരിക്കുന്ന | രോഹിണ്യാഃ | രോഹിണിയുടെ |
| ശേഷാഖ്യം | ആദിശേഷനെന്നു പേർ പറഞ്ഞുവരുന്ന | ഉദരേ | വയററിൽ |
| | | സന്നിവേശയ | പ്രവേശിപ്പിക്കുക |

അഥാഹമംശഭാഗേന ദേവക്യാഃ പുത്രതാം ശുഭേ
പ്രാപ്സ്യാമി ത്വം യശോദായാം നന്ദപത്ന്യാം ഭവിഷ്യസി. 9

| | | | |
|---|---|---|---|
| അഥ അഹം | അതിനുശേഷം ഞാൻ | പ്രാപ്സ്യാമി | ജനിക്കും. |
| അംശഭാഗേന | അംശങ്ങളുടെ എല്ലാ വിഭാഗങ്ങളോടുംകൂടി (പരിപൂർണ്ണത്വേന) | ശുഭേ | അല്ലയോ ശോഭനേ! |
| | | ത്വം | നീ |
| | | നന്ദപത്ന്യാം | നന്ദഗോപപത്നിയായ |
| ദേവക്യാഃ | ദേവകിയുടെ | യശോദായാം | യശോദയിൽ |
| പുത്രതാം | പുത്രനായി | ഭവിഷ്യസി | ഉത്ഭവിക്കണം. |

അർച്ചിഷ്യന്തി മനുഷ്യാസ്ത്വാം സർവ്വകാമവരേശ്വരീം
നാനോപഹാരബലിഭിഃ സർവ്വകാമവരപ്രദാം. 10

| | |
|---|---|
| മനുഷ്യാഃ | ജനങ്ങൾ |
| സർവ്വകാമവരേശ്വരീം | എല്ലാ ആഗ്രഹങ്ങളുടേയും അനുഗ്രഹങ്ങളുടേയും അധീശ്വരിയായും |
| സർവ്വകാമവരപ്രദാം ത്വാം | എല്ലാആഗ്രഹങ്ങളേയും അനുഗ്രഹങ്ങളേയും പ്രദാനംചെയ്യുന്നവളായും ഇരിക്കുന്ന നിന്നെ |
| നാനോപഹാരബലിഭിഃ | പലതരം പൂജാസാധനങ്ങളാലും ബലികളാലും |
| അർച്ചിഷ്യന്തി | ആരാധിക്കും. |

നാമധേയാനി കുർവ്വന്തി സ്ഥാനാനി ച നരാ ഭുവി
ദുർഗ്ഗേതി ഭദ്രകാളീതി വിജയാ വൈഷ്ണവീതി ച. 11
കുമുദാ ചണ്ഡികാ കൃഷ്ണാ മാധവീ കന്യകേതി ച
മായാ നാരായണീശാനീ ശാരദേത്യംബികേതി ച. 12

| | |
|---|---|
| ഭുവി | ലോകത്തിലുള്ള |
| നരാഃ | മനുഷ്യരെല്ലാം |
| ദുർഗ്ഗാ ഇതി | ദുർഗ്ഗയെന്നും, |
| ഭദ്രകാളീ ഇതി ച | ഭദ്രകാളിയെന്നും, |
| വിജയാ | വിജയയെന്നും, |
| വൈഷ്ണവീ ഇതി ച | വൈഷ്ണവിയെന്നും, |
| കുമുദാ | കുമുദ, |
| ചണ്ഡികാ | ചണ്ഡിക, |
| കൃഷ്ണാ | കൃഷ്ണ, |
| മാധവീ | മാധവി, |
| കന്യകാ ഇതി ച | കന്യക എന്നിങ്ങനെയും |
| മായാ | മായ, |
| നാരായണീ | നാരായണീ, |
| ഈശാനീ | ഈശാനി, |
| ശാരദാ ഇതി ച | ശാരദ എന്നിങ്ങിനേയും, |
| അംബികാ ഇതി ച | അംബികയെന്നും ഉള്ള |
| നാമധേയാനി | പേരുകളും |
| സ്ഥാനാനി ച | സ്ഥാനങ്ങളും |
| കുർവ്വന്തി | കല്പിക്കും. |

ഗർഭസംകർഷണാത്തം വൈ പ്രാഹുഃ സംകർഷണം ഭുവി
രാമേതി ലോകരമണാദ്ബലം ബലവദുച്ഛ്രയാത്. 13

| | |
|---|---|
| ഭുവി | ഭൂമിയിൽ |
| തം വൈ | അവനെയാകട്ടെ |
| ഗർഭസങ്കർഷണാത് | ഗർഭത്തിൽനിന്നുള്ള സങ്കർഷണംകൊണ്ട് |
| സങ്കർഷണം | സങ്കർഷണനെന്നും, |
| ലോകരമണാത് രാമഃ ഇതി | ലോകരെ രമിപ്പിക്കുന്നതുകൊണ്ട് രാമനെന്നും, |
| ബലവദുച്ഛ്രയാത് | ബലമുള്ളവരിൽവെച്ച് ഉൽകൃഷ്ടനാകയാൽ |
| ബലം | ബലനെന്നും |
| പ്രാഹുഃ | പറഞ്ഞുതുടങ്ങും. |

സന്ദിഷ്ടൈവം ഭഗവതാ തഥേത്യോമിതി തദ്വചഃ
പ്രതിഗൃഹ്യ പരിക്രമ്യ ഗാം ഗതാ തത്തഥാऽകരോത്. 14

| | |
|---|---|
| ഏവം | ഇപ്രകാരം |
| ഭഗവതാ | ഭഗവാനാൽ |
| സന്ദിഷ്ടാ | ആജ്ഞാപിക്കപ്പെട്ട മായാദേവി |
| ഓം ഇതി | 'ഓം! ശരി' എന്നും, |
| തഥാ ഇതി | 'അങ്ങനെയാകട്ടെ' എന്നുംപറഞ്ഞ് |
| തദ്വചഃ | ഭഗവദ്വചനത്തെ |
| പ്രതിഗൃഹ്യ | സ്വീകരിച്ച്, |
| പരിക്രമ്യ | വലംവെച്ച്, |
| ഗാം ഗതാ | ഭൂലോകത്തിൽ എത്തി |
| തത് | അതിനെ |
| തഥാ | അവ്വിധം |
| അകരോത് | നിറവേററി. |

ഗർഭേ പ്രണീതേ ദേവക്യാ രോഹിണീം യോഗനിദ്രയാ
അഹോ വിസ്രംസിതോ ഗർഭ ഇതി പൗരാ വിചുക്രുശുഃ. 15

| | | | |
|---|---|---|---|
| യോഗനിദ്രയാ | യോഗമായാദേവിയാൽ | ഗർഭഃ | ഗർഭം. |
| ദേവക്യാഃ ഗർഭേ | ദേവകിയുടെ ഗർഭം | വിസ്രംസിതഃ | അലസിപ്പോയി" |
| രോഹിണീം | രോഹിണിയിലേക്ക് | ഇതി | എന്ന് |
| പ്രണീതേ | ആക്കപ്പെട്ടപ്പോൾ | പൗരാഃ | പുരവാസികൾ |
| "അഹോ! | "അയ്യോ! | വിചുക്രുശുഃ | വിലപിച്ചു. |

ഭഗവാനപി വിശ്വാത്മാ ഭക്താനാമഭയങ്കരഃ
ആവിവേശാംശഭാഗേന മന ആനകദുന്ദുഭേഃ. 16

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീഭഗവാൻ | അംശഭാഗേന | എല്ലാ അംശങ്ങളുടെയും വിഭാഗത്തോടുകൂടി |
| വിശ്വാത്മാ അപി | ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നവനെങ്കിലും, | ആനകദുന്ദുഭേഃ | വസുദേവന്റെ |
| ഭക്താനാം | ഭക്തന്മാർക്കു | മനഃ | മനസ്സിലേക്ക് |
| അഭയങ്കരഃ | രക്ഷനല്കുന്നതിന്നായി | ആവിവേശ | പ്രവേശിച്ചു. |

സ ബിഭ്രത് പൗരുഷം ധാമ ഭ്രാജമാനോ യഥാ രവിഃ
ദുരാസദോഽതിദുർദ്ധർഷോ ഭൂതാനാം സംബഭൂവ ഹ. 17

| | | | |
|---|---|---|---|
| പൗരുഷം ധാമ | വൈഷ്ണവമായ തേജസ്സിനെ | ഭൂതാനാം | ജീവജാലങ്ങൾക്ക് |
| ബിഭ്രത് | ധരിച്ചുകൊണ്ടു് | ദുരാസദഃ | അടുക്കാൻ സാധിക്കാത്തവനും |
| രവിഃ യഥാ | സൂര്യനെപ്പോലെ | അതിദുർദ്ധർഷഃ | ആക്രമിക്കാൻ കഴിയാത്തവനും ആയി |
| ഭ്രാജമാനഃ | പ്രജ്വലിക്കുന്ന | | |
| സഃ | ആ വസുദേവൻ | സംബഭൂവ ഹ | സംഭവിച്ചുപോൽ! |

തതോ ജഗന്മംഗളമച്യുതാംശം സമാഹിതം ശൂരസുതേന ദേവീ
ദധാര സർവ്വാത്മകമാത്മഭൂതം കാഷ്ഠാ യഥാഽഽനന്ദകരം മനസ്തഃ. 18

| | | | |
|---|---|---|---|
| തതഃ | അനന്തരം | ആത്മഭൂതം | മുമ്പുതന്നെ തന്നിൽ അന്തർഭവിച്ചിരുന്നതും |
| ദേവീ | ദേവകീദേവി | | |
| ശൂരസുതേന | വസുദേവനാൽ | ജഗന്മംഗളം | ലോകത്തിന്റെ യോഗക്ഷേമത്തെ വഹിക്കുന്നതുമായ സമ്പൂർണ്ണവൈഷ്ണവതേജസ്സിനെ |
| സമാഹിതം | മനസ്സുകൊണ്ടുമാത്രം ആധാനംചെയ്യപ്പെട്ടതും | | |
| അച്യുതാംശം | നാശരഹിതങ്ങളായ അംശങ്ങളോടുകൂടിയതും | കാഷ്ഠാ | കിഴക്കുദിക്ക് |
| | | ആനന്ദകരം യഥാ | ആഹ്ലാദകരനായ പൂർണ്ണചന്ദ്രനെയെന്നപോലെ |
| സർവ്വാത്മകം | എല്ലാററിലും ജീവചൈതന്യമായി നിലകൊള്ളുന്നതും | മനസ്തഃ ദധാര | മനസ്സുകൊണ്ടു ധരിച്ചു. |

സാ ദേവകീ സർവ്വജഗന്നിവാസനിവാസഭൂതാ നിതരാം ന രേജേ
ഭോജേന്ദ്രഗേഹേഽഗ്നിശിഖേവ രുദ്ധാ സരസ്വതീ ജ്ഞാനഖലേ യഥാ സതീ.

| | |
|---|---|
| സർവ്വ- ജഗന്നിവാസ- നിവാസഭൂതാ | എല്ലാലോകത്തിനും ഇരിപ്പിടമായവന്ന് ഇരിപ്പിടമായി ഭവിച്ച |
| സാ ദേവകീ | ആ ദേവകി |
| ഭോജേന്ദ്രഗേഹേ | കംസന്റെ ഗൃഹത്തിൽ |
| രുദ്ധാ | നിരോധിക്കപ്പെട്ടവളായിട്ട് |
| (രുദ്ധാ)അഗ്നി- ശിഖാ ഇവ | മറയ്ക്കപ്പെട്ട അഗ്നിനാളം പോലെയും |
| ജ്ഞാനഖലേ സതീ സരസ്വതീ യഥാ | ജ്ഞാനവഞ്ചകനിൽ (ജ്ഞാനം അന്യർക്കുപദേശിക്കാതെ തന്നുള്ളിൽ മറച്ചുവെക്കുന്നവനിൽ) സ്ഥിതിചെയ്യുന്ന സദ്വിദ്യപോലെയും |
| നിതരാം ന രേജേ | അധികമായി ശോഭിച്ചില്ല. |

താം വീക്ഷ്യ കംസഃ പ്രഭയാഽജിതാന്തരാം
വിരോചയന്തീം ഭവനം ശുചിസ്മിതാം
ആഹൈഷ മേ പ്രാണഹരോ ഹരിർഗ്ഗുഹാം
ധ്രുവം ശ്രിതോ യന്ന പുരേയമീദൃശീ. 20

| | |
|---|---|
| കംസഃ | കംസൻ |
| അജിതാന്തരാം | വിഷ്ണുവിനെ ഗർഭത്തിൽ ധരിച്ചിരിക്കുന്നവളും, |
| ശുചിസ്മിതാം | നിഷ്കളങ്കമായ മന്ദസ്മിതത്തോടുകൂടിയവളും, |
| പ്രഭയാ ഭവനം വിരോചയന്തീം | പ്രഭയാൽ ഭവനത്തെ ശോഭിപ്പിക്കുന്നവളുമായ |
| താം വീക്ഷ്യ | അവളെ കണ്ടിട്ട്, |
| ആഹ | പറഞ്ഞു. (ഉള്ളിൽ വിചാരിച്ചു.) |
| "ഏഷഃ | ഇതാ, |
| മേ പ്രാണഹരഃ ഹരിഃ | എന്റെ ജീവനെ കൊണ്ടുപോകുന്ന വിഷ്ണു (സിംഹം) |
| ഗുഹാം ശ്രിതഃ! | ദേവകിയുടെ ഗർഭത്തിൽ (ഗുഹയ്ക്കുള്ളിൽ) പ്രവേശിച്ചിരിക്കുന്നു |
| യത് | എന്തെന്നാൽ |
| ഇയം പുരാ ഈദൃശീ ന ധ്രുവം | ഇവളും മുമ്പ് ഈവിധമായിരുന്നില്ല; നിശ്ചയം. |

കിമദ്യ തസ്മിൻ കരണീയമാശു മേ യദർത്ഥതന്ത്രോ ന വിഹന്തി വിക്രമം
സ്ത്രിയാഃ സ്വസുർഗ്ഗുരുമത്യാ വധോഽയം യശഃ ശ്രിയം ഹന്ത്യനുകാലമായുഃ 21

| | |
|---|---|
| തസ്മിൻ | ആ ഹരിയിൽ |
| അദ്യ ആശു | ഇപ്പോൾ, ഉടനടി |
| മേ കരണീയം കിം | എനിക്കു ചെയ്യാവുന്നതെന്ത്? |
| യത് | എന്തെന്നാൽ, |
| അർത്ഥതന്ത്രഃ | പ്രയോജനത്തിന്ന് വഴങ്ങിയവനായാലും (ഒരുവൻ) |
| വിക്രമം | തന്റെ വിക്രമത്തെ |
| ന വിഹന്തി | നശിപ്പിക്കാറില്ല. |
| സ്ത്രിയാഃ | ഒരു സ്ത്രീയും, |
| സ്വസുഃ | പ്രത്യേകിച്ച് സഹോദരിയും, |
| ഗുരുമത്യാഃ | അതിലും വിശേഷിച്ച് ഗർഭിണിയും ആയ ഇവളുടെ |
| അയം വധഃ | ഈ വധം |
| യശഃ | കീർത്തിയെ മാത്രമല്ല, |
| ശ്രിയം | ഐശ്വര്യത്തേയും |
| ആയുഃ | ആയുസ്സിനെയുംകൂടി |
| അനുകാലം ഹന്തി | തൽക്ഷണം നശിപ്പിച്ചുകളയും |

സ ഏഷ ജീവൻ ഖലു സമ്പരേതോ വർത്തേത യോഽത്യന്തനൃശംസിതേന
ദേഹേഽമൃതേ തം മനുജാഃ ശപന്തി ഗന്താ തമോഽന്ധം തനുമാനിനോ ധ്രുവം.

| | | | |
|---|---|---|---|
| യഃ | യാതൊരാളാം | ദേഹേ അമൃതേ | ദേഹം നശിക്കാതിരിക്കുന്ന കാലത്ത് |
| അത്യന്തനൃശംസിതേന | വലിയ ക്രൂരസ്വഭാവത്തോടുകൂടി | മനുജാഃ തം | ജനങ്ങളും അവനെ |
| വർത്തേത | ഇരിക്കുന്നുവോ | ശപന്തി | പഴിക്കുന്നു; |
| സഃ ഏഷഃ | അങ്ങനെയുള്ളവൻ | അന്ധം തമഃ | (നശിച്ചാൽ) അതിദുഃഖകരമായ നരകത്തിലേക്ക് |
| ജീവൻ ഖലു | ജീവിക്കുന്നുണ്ടെങ്കിലും | ധ്രുവം ഗന്താ | തീർച്ചയായും അവൻ എത്തുകയും ചെയ്യുന്നു. |
| സമ്പരേതഃ | മരിച്ചവനാണ് (മൃതതുല്യനാണ്) | | |
| തനുമാനിനഃ | ദേഹത്തെ ആത്മാവെന്നു കരുതുന്ന അവന്റെ | | |

ഇതി ഘോരതമാദ് ഭാവാത് സന്നിവൃത്തഃ സ്വയം പ്രഭുഃ
ആസ്തേ പ്രതീക്ഷംസ്തജ്ജന്മ ഹരേർവൈരാനുബന്ധകൃത്. 23

| | | | |
|---|---|---|---|
| പ്രഭുഃ | രാജാവായ കംസൻ | ഹരേഃ | (എങ്കിലും) ശ്രീഹരിയോടുള്ള |
| ഇതി | ഇപ്രകാരം വിചാരിച്ച് | വൈരാനുബന്ധകൃത് | വിരോധം തുടർന്നുകൊണ്ട് |
| ഘോരതമാത് ഭാവാത് | അതിക്രൂരമായ സ്വഭാവത്തിൽനിന്ന് | തജ്ജന്മ | അവിടുത്തെ അവതാരവും |
| സ്വയം | തന്നെത്താൻ | പ്രതീക്ഷൻ | പ്രതീക്ഷിച്ച് |
| സന്നിവൃത്തഃ | പിൻതിരിഞ്ഞു. | ആസ്തേ | ഇരിപ്പായി. |

ആസീനഃ സംവിശംസ്തിഷ്ഠൻ ഭുഞ്ജാനഃ പര്യടൻ മഹീം
ചിന്തയാനോ ഹൃഷീകേശമപശ്യത് തന്മയം ജഗത്. 24

| | | | |
|---|---|---|---|
| ആസീനഃ | ഇരിക്കുമ്പോഴും, | പര്യടൻ | ചുററിനടക്കുമ്പോഴും |
| സംവിശൻ | കിടക്കുമ്പോഴും, | ഹൃഷീകേശം | ശ്രീമഹാവിഷ്ണുവെത്തന്നെ |
| തിഷ്ഠൻ | നില്ക്കുമ്പോഴും, | ചിന്തയാനഃ | നിനച്ച് |
| ഭുഞ്ജാനഃ | ഭക്ഷണം കഴിക്കുമ്പോഴും, | ജഗത് തന്മയം അപശ്യത് | ലോകമാകെ വിഷ്ണുമയമായി കണ്ടു. |
| മഹീം | ഭൂമിയിൽ | | |

ബ്രഹ്മാ ഭവശ്ച തത്രൈത്യ മുനിഭിർന്നാരദാദിഭിഃ
ദേവൈഃ സാനുചരൈഃ സാകം ഗീർഭിർവൃഷണമൈഡയൻ. 25

| | | | |
|---|---|---|---|
| ബ്രഹ്മാ ഭവഃ ച | ബ്രഹ്മാവും ശിവനും | തത്ര ഏത്യ | അവിടെ വന്ന് |
| നാരദാദിഭിഃ | നാരദാദികളായ | വൃഷണം | ധർമ്മനായകനായ ഭഗവാനെ |
| മുനിഭിഃ | മഹർഷിമാരോടും | | |
| സാനുചരൈഃ | പരിവാരങ്ങളോടുകൂടിയ | ഗീർഭിഃ | സ്തുതിവാക്കുകളാൽ |
| ദേവൈഃ സാകം | ദേവന്മാരോടും ഒന്നിച്ചു | ഐഡയൻ | കീർത്തിച്ചു. |

സത്യവ്രതം സത്യപരം ത്രിസത്യം സത്യസ്യ യോനിം നിഹിതം ച സത്യേ
സത്യസ്യ സത്യമൃതസത്യനേത്രം സത്യാത്മകം ത്വാം ശരണം പ്രപന്നാഃ. 26

| | | | |
|---|---|---|---|
| സത്യവ്രതം | ഒരിക്കലും മാററം വരാത്ത മനഃസങ്കല്പത്തോടുകൂടിയവനും, | സത്യപരം | സത്യമാകുന്ന ഉൽകൃഷ്ട സാധനത്താൽ പ്രാപ്യനായിരിക്കുന്നവനും, |

ത്രിസത്യം — മൂന്നുകാലങ്ങളിലും (സൃഷ്ടിക്കുമുൻപും, പ്രളയത്തിന്നു ശേഷവും ഇവയ്ക്കിടയിലുള്ള സ്ഥിതികാലത്തും) ഇളക്കംതട്ടാതെ നിലകൊള്ളുന്നവനും,

സത്യസ്യ യോനിം — പൃഥിവ്യാദി ഭൂതപഞ്ചകത്തിന്നു മൂലകാരണമായിരിക്കുന്നവനും,

സത്യേ നിഹിതം — ആ ഭൂതപഞ്ചകത്തിൽ അന്തര്യാമിയായി വർത്തിച്ചുകൊണ്ടിരിക്കുന്നവനും,

സത്യസ്യ — അതേ ഭൂതപഞ്ചകത്തിന്റെ

സത്യം — പരമാർത്ഥതത്വമായി അവശേഷിക്കുന്നവനും,

ഋതസത്യനേത്രം — ഋതത്തെയും (പ്രിയവും സത്യവുമായ വാക്ക്) സത്യത്തെയും (സമദർശനം) പ്രവർത്തിപ്പിക്കുന്നവനും, അഥവാ ഋതസത്യങ്ങൾകൊണ്ട് പ്രാപിക്കാവുന്നവനും,

സത്യാത്മകം ച ത്വാം — സർവ്വഥാ സത്യസ്വരൂപനും ആയ അങ്ങയെ

ശരണം പ്രപന്നാഃ ഞങ്ങൾ ശരണം പ്രാപിച്ചിരിക്കുന്നു.

**ഏകായനോऽസൗ ദ്വിഫലസ്ത്രിമൂലശ്ചതുരസഃ പഞ്ചവിധഃ ഷഡാത്മാ**
**സപ്തത്വഗഷ്ടവിടപോ നവാക്ഷോ ദശച്ഛദീ ദ്വിഖഗോ ഹ്യാദിവൃക്ഷഃ. 27**

അസൗ ആദിവൃക്ഷഃ — ഈ പ്രപഞ്ചമാകുന്ന ആദിവൃക്ഷം

ഏകായനഃ — പ്രകൃതിയായ ഒരേ ആധാരത്തോടുകൂടിയുള്ളതും,

ദ്വിഫലഃ — സുഖദുഃഖങ്ങളായ രണ്ടു ഫലങ്ങളോടുകൂടിയതും,

ത്രിമൂലഃ — സത്വരജസ്തമസ്സുകളായ മൂന്നു വേരുകളുള്ളതും,

ചതുരസഃ — ധർമ്മാർത്ഥകാമമോക്ഷങ്ങളായ നാലു രസങ്ങളുള്ളതും

പഞ്ചവിധഃ — നേത്രം, ശ്രോത്രം, ഘ്രാണം, രസന, ത്വക്ക് എന്നീ ജ്ഞാനേന്ദ്രിയങ്ങളായ അഞ്ചു പ്രകാരങ്ങളുള്ളതും,

ഷഡാത്മാ — ശോകം, മോഹം, ജര, മൃത്യു, വിശപ്പ്, ദാഹം എന്നീ ആറു വികാരങ്ങളായ സ്വരൂപമുള്ളതും,

സപ്തത്വക് — ത്വക്ക്, മാംസം, രക്തം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം, എന്നീ ഏഴു ധാതുക്കളായ തോലുകളുള്ളതും,

അഷ്ടവിടപഃ — ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നീ എട്ടു പ്രകൃതികളായ ശാഖകളുള്ളതും,

നവാക്ഷഃ — രണ്ടു ചെവി, രണ്ടു കണ്ണ്, രണ്ടു നാസാദ്വാരം, വായ, മൂത്രദ്വാരം, മലദ്വാരം എന്നീ ഒമ്പതു ദ്വാരങ്ങളായ പൊത്തുകളുള്ളതും,

ദശച്ഛദീ — പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ, ഉദാനൻ, നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ എന്നീ പത്തു വായുക്കളാവുന്ന ഇലകളുള്ളതും,

ദ്വിഖഗഃ — ജീവാത്മാവ്, പരമാത്മാവ് എന്നീ രണ്ടു പക്ഷികൾ വസിക്കുന്നതും

ഹി — ആകുന്നുവല്ലോ.

**ത്വമേക ഏവാസ്യ സതഃ പ്രസൂതിസ്ത്വം സന്നിധാനം ത്വമനുഗ്രഹശ്ച.**
**ത്വന്മായയാ സംവൃതചേതസസ്ത്വാം പശ്യന്തി നാനാ ന വിപശ്ചിതോ യേ.**

| | |
|---|---|
| അസ്യ സതഃ | ഈ പ്രപഞ്ചവൃക്ഷത്തിന്നു |
| ത്വം | അങ്ങു് |
| ഏകഃ ഏവ | ഒരുവൻ മാത്രമാണ് |
| പ്രസൂതിഃ | ഉൽപത്തി കാരണം ; |
| ത്വം | അങ്ങുതന്നെ |
| സന്നിധാനം ച | ലയാധിഷ്ഠാനവും ആകുന്നു ; |
| ത്വം അനുഗ്രഹഃ ച | അങ്ങുതന്നെയാണ് അതിന്റെ പരിപാലകനും |

| | |
|---|---|
| ത്വന്മായയാ | അങ്ങയുടെ മായയാൽ |
| സംവൃതചേതസഃ | മറയ്ക്കപ്പെട്ട ജ്ഞാനത്തോടുകൂടിയവർ |
| ത്വാം | അങ്ങയെ |
| നാനാ പശ്യന്തി | വിവിധരൂപത്തിൽ കാണുന്നു ; |
| യേ വിപശ്ചിതഃ | മായാമോഹമില്ലാത്ത വിവേകികൾ |
| ന | അങ്ങനെയല്ല. |

ബിഭർഷി രൂപാണ്യവബോധ ആത്മാ ക്ഷേമായ ലോകസ്യ ചരാചരസ്യ
സത്വോപപന്നാനി സുഖാവഹാനി സതാമഭദ്രാണി മുഹുഃ ഖലാനാം.

| | |
|---|---|
| അവബോധഃ ആത്മാ (ത്വം) | ജ്ഞാനമയസ്വരൂപിയായ അങ്ങുന്നു് |
| ചരാചരസ്യ ലോകസ്യ | സ്ഥാവരജംഗമാത്മകമായ ലോകത്തിന്റെ |
| ക്ഷേമായ | ക്ഷേമത്തിന്നായി |
| സത്വോപപന്നാനി | സത്വഗുണം ചേർന്നിരിക്കുന്നവയും, |
| സതാം | സത്തുക്കൾക്കു് |

| | |
|---|---|
| സുഖാവഹാനി | ആശ്വാസം നല്കുന്നവയും, |
| ഖലാനാം | അസത്തുക്കൾക്കു് |
| അഭദ്രാണി | വിനാശമേകുന്നവയും ആയ |
| രൂപാണി | ആകൃതിവിശേഷങ്ങളെ |
| മുഹുഃ | വീണ്ടും വീണ്ടും |
| ബിഭർഷി | ധരിക്കുന്നു. |

ത്വയ്യംബുജാക്ഷാഖിലസത്വധാമ്നി സമാധിനാऽऽവേശിതചേതസൈകേ
ത്വത്പാദപോതേന മഹത്കൃതേന കുർവ്വന്തി ഗോവത്സപദം ഭവാബ്ധിം. 30

| | |
|---|---|
| അംബുജാക്ഷ ! | ഹേ കമലനേത്ര ! |
| അഖിലസത്വധാമ്നി ത്വയി | വിശുദ്ധസത്വസ്വരൂപനായ അങ്ങയിൽ |
| സമാധിനാ | സമാധിയാൽ |
| ആവേശിതചേതസാ | സ്ഥിരീകൃതമായ ഹൃദയം ഉള്ളതുകൊണ്ടു് |
| ഏകേ | പ്രമുഖന്മാരായ ചില ജ്ഞാനികൾ |

| | |
|---|---|
| മഹത്കൃതേന | സർവ്വോൽകൃഷ്ടമെന്നു കരുതപ്പെട്ട |
| ത്വത്പാദപോതേന | അങ്ങയുടെ പാദമാവുന്ന കപ്പൽകൊണ്ടു് |
| ഭവാബ്ധിം | സംസാരസാഗരത്തെ |
| ഗോവത്സപദം കുർവ്വന്തി | കാലിക്കുളമ്പുചാൽ കണക്കെ നിഷ്പ്രയാസം കടന്നുപോകുന്നു. |

സ്വയം സമുത്തീര്യ്യ സുദുസ്തരം ദ്യുമൻ ഭവാർണ്ണവം ഭീമമദഭ്രസൌഹൃദാഃ
ഭവത്പദാംഭോരുഹനാവമത്ര തേ നിധായ യാതാഃ സദനുഗ്രഹോ ഭവാൻ.

| | |
|---|---|
| ദ്യുമൻ ! | ഹേ ജ്യോതിർമ്മയ ! |
| സുദുസ്തരം | കടക്കുവാൻ വിഷമമേറിയതും |
| ഭീമം | ഭയങ്കരവും ആയ |
| ഭവാർണ്ണവം | സംസാരസമുദ്രത്തെ |

| | |
|---|---|
| സ്വയം | തങ്ങൾ സ്വയം |
| സമുത്തീര്യ്യ | കടന്നശേഷം |
| അദഭ്രസൌഹൃദാഃ | മഹാകാരുണികന്മാരായ |
| തേ | അവർ |

| | | | |
|---|---|---|---|
| ഭവത്പാദാം- ഭോരുഹനാവം | അങ്ങയുടെ പാദാരവിന്ദമാകുന്ന കപ്പലിനെ | നിധായ | വെച്ച് |
| അത്ര | ഇവിടെ (മററുള്ളവൎക്കും കടക്കുവാനായി) | യാതാഃ | പോയിരിക്കുന്നു. |
| | | ഭവാൻ സദനുഗ്രഹഃ | അങ്ങു ഭക്തന്മാരെ രക്ഷിക്കുന്നവനാണ്. |

യേഽന്യേഽരവിന്ദാക്ഷ വിമുക്തമാനിനസ്ത്വയ്യസ്തഭാവാദവിശുദ്ധബുദ്ധയഃ
ആരുഹ്യ കൃച്ഛ്രേണ പരം പദം തതഃ പതന്ത്യധോഽനാദൃതയുഷ്മദങ്ഘ്രയഃ

| | | | |
|---|---|---|---|
| അരവിന്ദാക്ഷ | അല്ലയോ അരവിന്ദാക്ഷ! | കൃച്ഛ്റേണ | വിഷയസുഖം ത്യജിച്ചും തപസ്സനുഷ്ഠിച്ചും മററും പലതരത്തിൽ കഷ്ടപ്പെട്ട് |
| വിമുക്തമാനിനഃ | വിമുക്തന്മാരായെന്നു സ്വയം അഭിമാനിക്കുന്നവരും | പരം പദം | ഉൽകൃഷ്ടസ്ഥാനത്തു |
| ത്വയി | അങ്ങയിൽ | ആരുഹ്യ | കയറിയതിൽപിന്നെയും |
| അസ്തഭാവാത് | ഭക്തിയില്ലാത്തതുകൊണ്ട് | അനാദൃത- യുഷ്മദങ്ഘ്രയഃ | അങ്ങയുടെ തൃപ്പാദങ്ങളെ ആദരിക്കാതെ |
| അവിശുദ്ധ- ബുദ്ധയഃ | ചിത്തശുദ്ധിവരാത്തവരും ആയ | തതഃ | അതിൽനിന്നു |
| അന്യേ യേ | മററു ചിലർ | അധഃ പതന്തി | താഴെ വീഴുന്നു. |

തഥാ ന തേ മാധവ താവകാഃ ക്വചിത്
ഭ്രശ്യന്തി മാൎഗ്ഗാത്ത്വയി ബദ്ധസൗഹൃദാഃ
ത്വയാഽഭിഗുപ്താ വിചരന്തി നിൎഭയാ
വിനായകാനീകപമൂൎദ്ധസു പ്രഭോ. 33

| | | | |
|---|---|---|---|
| മാധവ! | ഹേ ലക്ഷ്മീവല്ലഭ! | പ്രഭോ | ഹേ സൎവ്വശക്ത! |
| ത്വയി ബദ്ധ- സൗഹൃദാഃ | അങ്ങയിൽ പ്രേമാതിശയം ചേൎന്ന | തേ ത്വയാ | അവർ അങ്ങയാൽ |
| താവകാഃ | അങ്ങയുടെ | അഭിഗുപ്താഃ | പരിരക്ഷിതരായി, |
| തേ | ആ ഭക്തന്മാർ | നിൎഭയാഃ | പേടികൂടാതെ, |
| തഥാ | അപ്രകാരം | വിനായ- കാനീകപ- മൂൎദ്ധസു | വിഘ്നദേവതകളാകുന്ന പടനായകന്മാരുടെ മസ്തകങ്ങളിൽ |
| ക്വചിത് | ഒരിക്കലും, ഒരിടത്തുവെച്ചും | വിചരന്തി | ചവിട്ടിനടക്കുന്നു. (സൎവ്വവിഘ്നങ്ങളെയും കീഴടക്കുന്നു). |
| മാൎഗ്ഗാത് | വഴിയിൽനിന്നു | | |
| ന ഭ്രശ്യന്തി | വഴുതി വീഴുകയില്ല. | | |

സത്ത്വം വിശുദ്ധം ശ്രയതേ ഭവാൻ സ്ഥിതൌ
ശരീരിണാം ശ്രേയ ഉപായനം വപുഃ
വേദക്രിയായോഗതപഃസമാധിഭി-
സ്തവാൎഹണം യേന ജനഃ സമീഹതേ 34

| | | | |
|---|---|---|---|
| ഭവാൻ | അങ്ങുന്ന് | വിശുദ്ധം | [illegible]സ്സുകളുടെ സമ്പ[illegible]ല്ലാത്ത |
| സ്ഥിതൌ | വിശ്വസംരക്ഷണത്തെ നിമിത്തീകരിച്ച് | സത്വം | സത്വമയവും, |

ശരീരിണാം — ദേഹികൾക്ക്
ശ്രേയഉപായനം — കർമ്മാനുകൂലമായ ഫല ത്തെ എത്തിക്കുന്നതുമായ
വപുഃ ശ്രയതേ — രൂപം ധരിക്കുന്നു.
യേന — ഇതുകൊണ്ട് (ഭഗവാന്റെ സത്ത്വരൂപധാരണം ഹേതുവായി)
ജനഃ — ജനങ്ങൾ

വേദക്രിയാ- യോഗതപ- സ്സമാധിഭിഃ — വേദാധ്യയനം, സൽകർമ്മം, യോഗസാധന, തപസ്സ്, സമാധി എന്നിവയാൽ
തവ — അങ്ങയുടെ
അർഹണം — ആരാധനയെ
സമീഹതേ — ചെയ്യുന്നു.

സത്ത്വം ന ചേദ്ധാതരിദം നിജം ഭവേദ്വിജ്ഞാനമജ്ഞാനഭിദാപമാർജ്ജനം
ഗുണപ്രകാശൈരനുമീയതേ ഭവാൻ പ്രകാശതേ യസ്യ ച യേന വാ ഗുണഃ.

ധാതഃ — ധാതാവേ!
ഇദം നിജം സത്ത്വം — അങ്ങയുടെ ഇപ്രകാരമുള്ള സാത്ത്വികരൂപം
ന ചേത് — ഇല്ലെങ്കിൽ,
അജ്ഞാന- ഭിദാപ- മാർജ്ജനം — അജ്ഞാനത്തെയും തജ്ജന്യമായ ഭേദഭാവനയേയും തുടച്ചുനീക്കുന്ന
വിജ്ഞാനം — അപരോക്ഷജ്ഞാനം
ന ഭവേത് — ആർക്കും ഉണ്ടാകുന്നതല്ല.
യേന വാ — യാതൊരു കാരണത്താൽ

യസ്യ ച — യാതൊരു അങ്ങയെ സംബന്ധിച്ചുള്ള
ഗുണഃ — ബുദ്ധ്യാദിഗുണങ്ങൾ
പ്രകാശതേ — പ്രകാശിക്കുന്നുവോ (അക്കാരണംകൊണ്ട്)
ഗുണപ്രകാശൈഃ — ആ ഗുണങ്ങളുടെ പ്രകാശത്താൽ
ഭവാൻ അനുമീയതേ — അങ്ങ് അനുമിക്കപ്പെടുന്നു. (അനുമാനജ്ഞാനത്തിനുമാത്രം വിഷയീഭവിക്കുന്നു)

ന നാമരൂപേ ഗുണജന്മകർമ്മഭിർന്നിരൂപിതവ്യേ തവ തസ്യ സാക്ഷിണഃ
മനോവചോഭ്യാമനുമേയവർത്മനോ ദേവ ക്രിയായാം പ്രതിയന്ത്യഥാപി ഹി.

തസ്യ സാക്ഷിണഃ — മനസ്സ്, ഇന്ദ്രിയങ്ങൾ മുതലായതിന്ന് സാക്ഷിയായി നില്ക്കുന്നവനും
അനുമേയ- വർത്മനഃ — സൂക്ഷ്മബുദ്ധിയാൽ അറിയപ്പെടാവുന്ന പ്രാപ്തിമാർഗ്ഗത്തോടുകൂടിയവനും ആയ
തവ — അങ്ങയുടെ
ഗുണജന്മകർമ്മഭിഃ — ഗുണങ്ങളാലും, ജന്മങ്ങളാലും, കർമ്മങ്ങളാലും സ്വീകരിക്കപ്പെട്ട
നാമരൂപേ — നാമരൂപങ്ങൾ

മനോവചോഭ്യാം — മനസ്സുകൊണ്ടും വാക്കുകൊണ്ടും
ന നിരൂപിതവ്യേ — ചിന്തിക്കാവുന്നതോ കീർത്തിക്കാവുന്നതോ അല്ല.
ദേവ — ഹേ പ്രകാശരൂപ!
അഥാപി — എങ്കിലുംകൂടി
ക്രിയായാം — അങ്ങയുടെ ഉപാസനക്രിയയിൽ (ഏർപ്പെട്ടുകൊണ്ടിരിക്കുന്നവർ)
പ്രതിയന്തി ഹി — അറിയുന്നുണ്ടല്ലോ. (ഉപാസകന്മാർ ഭഗവന്നാമത്തെ കീർത്തിക്കുകയും ഭഗവദ്രൂപത്തെ ദർശിക്കുകയും ചെയ്യുന്നു)

ശൃണ്വൻ ഗൃണൻ സംസ്മരയംശ്ച ചിന്തയൻ
നാമാനി രൂപാണി ച മംഗളാനി തേ
ക്രിയാസു യസ്ത്വച്ചരണാരവിന്ദയോ-
രാവിഷ്ടചേതാ ന ഭവായ കല്പതേ. 37

| | |
|---|---|
| തേ | അങ്ങയുടെ |
| മംഗലാനി | പുണ്യകരങ്ങളായ |
| നാമാനി | നാമങ്ങളേയും |
| രൂപാണി ച | രൂപങ്ങളേയും |
| ശൃണ്വൻ | കേൾക്കയോ |
| ഗൃണൻ | ഓൎക്കയോ |
| സംസ്മരയൻ | അന്യരെ ഓൎമ്മിപ്പിക്കയോ |
| ചിന്തയൻ ച | ധ്യാനിക്കയോ ചെയ്തുകൊണ്ടു് |
| യഃ | യാതൊരാൾ |
| ക്രിയാസു | ലൌകികവും അലൌകികവും ആയ എല്ലാ കൎമ്മങ്ങളിലും |
| ത്വച്ചരണാരവിന്ദയോഃ | അങ്ങയുടെ പാദപത്മങ്ങളിൽ |
| ആവിഷ്ടചേതാഃ | മനസ്സു് ചെലുത്തികൊണ്ടിരിക്കുന്നുവോ, അവൻ |
| ഭവായ | സംസാരദുഃഖത്തിന്നു് (പുനൎജ്ജന്മത്തിന്നു) |
| ന കല്പതേ. | പാത്രീഭവിക്കുന്നില്ല. |

ദിഷ്ട്യാ ഹരേഽസ്യാ ഭവതഃ പദോ ഭുവോ
ഭാരോഽപനീതസ്തവ ജന്മനേശിതുഃ
ദിഷ്ട്യാഽങ്കിതാം ത്വത്പദകൈഃ സുശോഭനൈർ-
ദ്രക്ഷ്യാമ ഗാം ദ്യാം ച തവാനുകമ്പിതാം. 38

| | |
|---|---|
| ഹരേ | ഹേ സന്താപനാശക! |
| ഈശിതുഃ തവ ജന്മനാ | സൎവ്വേശ്വരനായ അങ്ങയുടെ അവതാരത്താൽ |
| ഭവതഃ പദഃ | അങ്ങയുടെ തൃപ്പാദത്തിൽനിന്നുത്ഭവിച്ച |
| അസ്യാഃ ഭുവഃ | ഈ ഭൂമിയുടെ |
| ഭാരഃ അപനീതഃ | ഭാരം അകററപ്പെട്ടതായിരിക്കുന്നു. |
| ദിഷ്ട്യാ | മഹാഭാഗ്യംതന്നെ! |
| ഗാം | ഭൂമിയേയും |
| ദ്യാം ച | സ്വൎഗ്ഗത്തെയും |
| സുശോഭനൈഃ | കോമളങ്ങളായ |
| ത്വത്പദകൈഃ | അങ്ങയുടെ കൊച്ചുകാലടികളാൽ |
| അങ്കിതാം | അടയാളപ്പെട്ടതായും |
| തവ അനുകമ്പിതാം | അങ്ങയുടെ കരുണയ്ക്കധീനമായിത്തീൎന്നതായും |
| ദ്രക്ഷ്യാമഃ | ഞങ്ങൾ കാണുവാൻ പോകുന്നു എന്നതും |
| ദിഷ്ട്യാ | മഹാഭാഗ്യംതന്നെ! |

ന തേഽഭവസ്യേശ ഭവസ്യ കാരണം വിനാ വിനോദം ബത തൎക്കയാമഹേ
ഭവോ നിരോധഃ സ്ഥിതിരപ്യവിദ്യയാ കൃതാ യതസ്ത്വയ്യഭയാശ്രയാത്മനി.

| | |
|---|---|
| ഈശ | ഈശ്വര! |
| അഭവസ്യ | ജന്മരഹിതനായ |
| തേ | അങ്ങക്കു് |
| ഭവസ്യ | ജന്മം എടുക്കുന്നതിന്നുള്ള |
| കാരണം | കാരണം |
| വിനോദം വിനാ | ലീലയല്ലാതെ മററൊന്നും |
| ന തൎക്കയാമഹേ | ഞങ്ങൾ ഊഹിച്ചറിയുന്നില്ല. |
| ബത | ആശ്ചര്യം! |
| യതഃ | എന്തെന്നാൽ, |
| അഭയാശ്രയ | അഭയത്തിന്നാശ്രയമായ ഹേ പ്രഭോ! |
| ആത്മനി | ജീവാത്മാവിൽ ഉണ്ടെന്നു [തോന്നുന്ന |
| ഭവഃ | ജനനം |
| നിരോധഃ | മരണം, |
| സ്ഥിതിഃ അപി | നിലനില്പു് എന്നീ മൂന്നും |
| ത്വയി | അങ്ങയിൽ |
| അവിദ്യയാ | മായയാൽ |
| കൃതാഃ | കല്പിതമായിട്ടുള്ളതാണ്. |

മത്സ്യാശ്വകച്ഛപനൃസിംഹവരാഹഹംസ-
രാജന്യവിപ്രവിബുധേഷു കൃതാവതാരഃ
ത്വം പാസി നസ്ത്രിഭുവനം ച യഥാഽധുനേശ
ഭാരം ഭുവോ ഹര യദൂത്തമ വന്ദനം തേ. 40

| | | | |
|---|---|---|---|
| ഈശ | ഈശ്വര! | നഃ | ഞങ്ങളേയും |
| മത്സ്യാശ്വ-കച്ഛപ-നൃസിംഹ-വരാഹഹംസ-രാജന്യവിപ്ര-വിബുധേഷു | മത്സ്യം, ഹയഗ്രീവൻ, കൂർമ്മം, നരസിംഹം, വരാഹം, ഹംസം, ശ്രീരാമൻ, പരശുരാമൻ, വാമനൻ എന്നീ രൂപങ്ങളിൽ | ത്രിഭുവനം ച | മൂന്നു ലോകത്തേയും |
| | | ത്വം | അങ്ങുന്ന് |
| | | യഥാ പാസി | പാലിച്ചപ്രകാരം |
| | | അധുനാ | ഇപ്പോഴും |
| | | ഭുവഃ ഭാരം | ഭൂമിയുടെ ഭാരത്തെ |
| | | ഹര | നശിപ്പിച്ചുകളഞ്ഞാലും! |
| | | യദൂത്തമ | ഹേ യദുശ്രേഷ്ഠ! |
| കൃതാവതാരഃ | അവതാരം ചെയ്ത | തേ വന്ദനം | ഭവാന്ന് നമസ്കാരം. |

ദിഷ്ട്യാംബ തേ കുക്ഷിഗതഃ പരഃ പുമാ-
നംശേന സാക്ഷാദ്ഭഗവാൻ ഭവായ നഃ
മാ ഭൂദ്ഭയം ഭോജപതേർമുമൂർഷോ-
ർഗ്ഗോപ്താ യദൂനാം ഭവിതാ തവാത്മജഃ. 41

| | | | |
|---|---|---|---|
| അംബ | മാതാവേ! | തേ | ഭവതിയുടെ |
| പരഃ പുമാൻ | പരമപുരുഷനായ | കുക്ഷിഗതഃ | ഗർഭത്തിൽ എത്തിയിരിക്കുന്നു. |
| ഭഗവാൻ | ശ്രീഭഗവാൻ | മുമൂർഷോഃ | മൃത്യുവിനെ ഉററുനോക്കിക്കൊണ്ടിരിക്കുന്ന |
| നഃ | ഞങ്ങളുടെ | ഭോജപതേഃ | കംസനിൽനിന്നുള്ള |
| ഭവായ | ക്ഷേമത്തിന്നായി | ഭയം മാ ഭൂത് | ഭയം ഇനി വേണ്ട. |
| സാക്ഷാത് | സാക്ഷാൽ | തവ ആത്മജഃ | ഭവതിയുടെ പുത്രൻ |
| അംശേന | അംശത്തോടുകൂടി | യദൂനാം | യാദവന്മാരുടെ |
| ദിഷ്ട്യാ | ഭാഗ്യവശാൽ | ഗോപ്താ ഭവിതാ | രക്ഷിതാവായിത്തീരും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു:—

ഇത്യഭിഷ്ടൂയ പുരുഷം യദ്രൂപമനിദം യഥാ
ബ്രഹ്മേശാനൌ പുരോധായ ദേവാഃ പ്രതിയയുർദ്ദിവം. 42

| | | | |
|---|---|---|---|
| യദ്രൂപം | യാതൊരുവന്റെ സ്വരൂപം | ബ്രഹ്മേശാനൌ | ബ്രഹ്മാവിനേയും പരമശിവനേയും |
| യഥാ | യാതൊരുപ്രകാരം | | |
| അനിദം | ഈ പ്രപഞ്ചത്തിൽ നിന്നു വ്യത്യസ്തമാണോ | പുരോധായ | മുൻനിർത്തിക്കൊണ്ട് |
| | | അഭിഷ്ടൂയ | സ്തോത്രം ചെയ്ത് |
| പുരുഷം | ആ പരമപുരുഷനെ | ദിവം | സ്വർഗ്ഗത്തിലേക്ക് |
| ഇതി ദേവാഃ | ഈവിധം ദേവന്മാർ | പ്രതിയയുഃ | തിരിച്ചുപോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പൂർവ്വാർദ്ധേ
ഗർഭഗതവിഷ്ണോർബ്രഹ്മാദികൃതസ്തുതിർന്നാമ ദ്വിതീയോഽധ്യായഃ സമാപ്തഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 111.

## തൃതീയോऽദ്ധ്യായഃ—മൂന്നാം അദ്ധ്യായം.

[തൃതീയേ നിജരൂപേണ സംഭൂതസ്തു ഹരിഃ സ്വയം
പിതൃഭ്യാം സംസ്തുതോ നീതഃ പിത്രാ ഭീതേന ഗോകുലം ]

(ശ്രീകൃഷ്ണാവതാരം, വസുദേവദേവകിമാരുടെ സ്തുതി, ഗോകുലാനയനം)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

അഥ സൎവ്വഗുണോപേതഃ കാലഃ പരമശോഭനഃ
യൎഹ്യേവാജനജന്മൎക്ഷം ശാന്തൎക്ഷഗ്രഹതാരകം. 1

| | | | |
|---|---|---|---|
| അഥ | അനന്തരം | അജനജന്മൎക്ഷം | ബ്രഹ്മദേവതാകമായ രോഹിണീനക്ഷത്രമായിരുന്നു |
| പരമശോഭനഃ | ഏററവും മംഗളകരമായി | ശാന്തൎക്ഷ-ഗ്രഹതാരകം | അശ്വതി മുതലായ നക്ഷത്രങ്ങളും, സൂൎയ്യാദിഗ്രഹങ്ങളും, മററു ജ്യോതിൎഗ്ഗോളങ്ങളും ശാന്തതയോടെ വൎത്തിച്ചു. |
| സൎവ്വഗുണോ-പേതഃ | എല്ലാ ഗുണങ്ങളോടും കൂടിയ | | |
| കാലഃ | സമയം വന്നണഞ്ഞു. | | |
| യൎഹി ഏവ | അന്നേരത്ത് | | |

ദിശഃ പ്രസേദുൎഗ്ഗഗനം നിൎമ്മലോഡുഗണോദയം
മഹീ മംഗളഭൂയിഷ്ഠപുരഗ്രാമവ്രജാകരാ. 2

| | | | |
|---|---|---|---|
| ദിശഃ | ദിക്കുകൾ | മഹീ | ഭൂമി |
| പ്രസേദുഃ | തെളിഞ്ഞു ; | മംഗളഭൂയിഷ്ഠ-പുരഗ്രാമ-വ്രജാകരാ | മംഗളവസ്തുക്കൾ നിറഞ്ഞ നഗരങ്ങൾ, ഗ്രാമങ്ങൾ, ഗോകുലങ്ങൾ, ഖനികൾ എന്നിവയോട് ഒത്തുചേൎന്നു. |
| ഗഗനം | ആകാശം | | |
| നിൎമ്മലോഡു-ഗണോദയം | തെളിവാൎന്ന നക്ഷത്രനിരകളുടെ ഉദയത്തോടു കൂടിയതായി ; | | |

നദ്യഃ പ്രസന്നസലിലാ ഹ്രദാ ജലരുഹശ്രിയഃ
ദ്വിജാളികുലസംനാദസ്തബകാ വനരാജയഃ. 3

| | | | |
|---|---|---|---|
| നദ്യഃ | നദികളെല്ലാം | വനരാജയഃ | വനസമൂഹങ്ങൾ |
| പ്രസന്ന-സലിലാഃ | നിൎമ്മലജലം ചേൎന്നൊഴുകി ; | ദ്വിജാളികുല-സന്നാദ-സ്തബകാഃ | പക്ഷികളുടേയും വണ്ടുകളുടേയും മധുരശബ്ദങ്ങളോടുകൂടിയ പൂങ്കുലകളുള്ളവയുമായി. |
| ഹ്രദാഃ | കയങ്ങൾ | | |
| ജലരുഹശ്രിയഃ | താമരപ്പൂക്കളുടെ വികാസശോഭയോടെ തിളങ്ങി; | | |

വവൌ വായുഃ സുഖസ്പൎശഃ പുണ്യഗന്ധവഹഃ ശുചിഃ
അഗ്നയശ്ച ദ്വിജാതീനാം ശാന്താസ്തത്ര സമിന്ധത. 4

| | | | |
|---|---|---|---|
| പുണ്യഗന്ധവഹഃ | സുഗന്ധം കലൎന്ന | ദ്വിജാതീനാം | ബ്രാഹ്മണരുടെ |
| ശുചിഃ വായുഃ | ശുദ്ധവായു | ശാന്താഃ | ആറിക്കിടന്നിരുന്ന |
| സുഖസ്പൎശഃ | ശീതളസ്പൎശത്തോടുകൂടി | അഗ്നയഃ ച | ത്രേതാഗ്നികളും |
| വവൌ | വീശിത്തുടങ്ങി ; | തത്ര | അപ്പോൾ |
| | | സമിന്ധത | വലംചുഴന്നെരിഞ്ഞു. |

മനാംസ്യാസൻ പ്രസന്നാനി സാധൂനാമസുരദ്രുഹാം
ജായമാനേഽജനേ തസ്മിൻ നേദുർദ്ദുന്ദുഭയോ ദിവി. 5

| | | | |
|---|---|---|---|
| അസുരദ്രുഹാം | അസുരവിരോധികളായ | അജനേ | ജന്മരഹിതനായ |
| സാധൂനാം | സജ്ജനങ്ങളുടെ | തസ്മിൻ | ഭഗവാൻ |
| മനാംസി | ഹൃദയങ്ങൾ | ജായമാനേ | ജനിക്കുമ്പോൾ |
| പ്രസന്നാനി ആസൻ | പ്രസന്നങ്ങളായി | ദിവി | ആകാശത്തിൽ |
| | | ദുന്ദുഭയഃ നേദുഃ | പെരുമ്പറവാദ്യം മുഴങ്ങി. |

ജഗുഃ കിന്നരഗന്ധർവ്വാസ്തുഷ്ടുവുഃ സിദ്ധചാരണാഃ
വിദ്യാധര്യശ്ച നനൃതുരപ്സരോഭിഃ സമം തദാ. 6

| | | | |
|---|---|---|---|
| തദാ | അപ്പോൾ | തുഷ്ടുവുഃ | സ്തുതിച്ചു ; |
| കിന്നരഗന്ധർവ്വാഃ | കിന്നരന്മാരും ഗന്ധർവ്വന്മാരും | വിദ്യാധര്യഃ | വിദ്യാധരസ്ത്രീകൾ |
| ജഗുഃ | പാട്ടുപാടി ; | അപ്സരോഭിഃ സമം | അപ്സരസ്ത്രീകളോടുകൂടി |
| സിദ്ധചാരണാഃ | സിദ്ധന്മാരും ചാരണന്മാരും | നനൃതുഃ ച | നൃത്തവും ചെയ്തു. |

മുമുചുർമ്മുനയോ ദേവാഃ സുമനാംസി മുദാഽന്വിതാഃ
മന്ദം മന്ദം ജലധരാ ജഗർജ്ജുരനുസാഗരം. 7

| | | | |
|---|---|---|---|
| മുനയഃ | മുനികൾ | ജലധരാഃ | മേഘങ്ങൾ |
| ദേവാഃ | ദേവന്മാർ എന്നിവർ | അനുസാഗരം | സമുദ്രത്തെ അനുകരിച്ചുകൊണ്ട് |
| മുദാ അന്വിതാഃ | സന്തോഷത്തോടുകൂടി | മന്ദം മന്ദം | മെല്ലെ മെല്ലെ |
| സുമനാംസി | പൂക്കൾ | ജഗർജ്ജുഃ | ഗർജ്ജിച്ചു |
| മുമുചുഃ | വർഷിച്ചു ; | | |

**നിശീഥേ തമഉദ്ഭൂതേ ജായമാനേ ജനാർദ്ദനേ**
**ദേവക്യാം ദേവരൂപിണ്യാം വിഷ്ണുഃ സർവ്വഗുഹാശയഃ**
**ആവിരാസീദ്യഥാ പ്രാച്യാം ദിശീന്ദുരിവ പുഷ്കലഃ.** 8

| | | | |
|---|---|---|---|
| തമഉദ്ഭൂതേ | എങ്ങും അന്ധകാരം പടർന്നുപിടിച്ചിരിക്കുന്ന | സർവ്വഗുഹാശയഃ | സകലരുടേയും അന്തഃകരണങ്ങളിൽ വ്യാപിച്ചിരിക്കുന്ന |
| നിശീഥേ | അർദ്ധരാത്രിനേരത്ത്, | വിഷ്ണുഃ | ശ്രീമഹാവിഷ്ണു |
| ജനാർദ്ദനേ | ഭക്തജനങ്ങളുടെ യാചന ("ഭഗവൻ! ആവിർഭവിക്കണേ!" എന്ന അഭ്യർത്ഥന) | യഥാ | എപ്രകാരം |
| ജായമാനേ | ഉണ്ടായിക്കൊണ്ടിരിക്കെ, | പ്രാച്യാം ദിശി | കിഴക്കുദിക്കിൽ |
| ദേവരൂപിണ്യാം | ദിവ്യസ്വരൂപിണിയായ | പുഷ്കലഃ | കലാപരിപൂർണ്ണനായ |
| ദേവക്യാം | ദേവകീദേവിയിൽ. | ഇന്ദുഃ ഇവ | ചന്ദ്രൻ ഉദിക്കുന്നതുപോലെ, അതുപോലെ |
| | | ആവിരാസീത് | ആവിർഭവിച്ചു. |

തമത്ഭുതം ബാലകമംബുജേക്ഷണം
ചതുർഭുജം ശംഖഗദാര്യുദായുധം
ശ്രീവത്സലക്ഷ്മം ഗളശോഭികൌസ്തുഭം
പീതാംബരം സാന്ദ്രപയോദസൌഭഗം. 9
മഹാർഹവൈഡൂര്യകിരീടകുണ്ഡല-
ത്വിഷാ പരിഷ്വക്തസഹസ്രകുന്തളം
ഉദ്ദാമകാഞ്ച്യംഗദകങ്കണാദിഭി-
ർവ്വിരോചമാനം വസുദേവ ഐക്ഷത. 10

| | |
|---|---|
| അംബുജേക്ഷണം | താമരക്കണ്ണനും, |
| ചതുർഭുജം | നാലു തൃക്കരങ്ങളോടു കൂടിയവനും, |
| ശംഖഗദാര്യുദായുധം | ശംഖം, ഗദ, ചക്രം എന്നീ വരായുധങ്ങൾ ഉള്ളവനും, |
| ശ്രീവത്സലക്ഷ്മം | ശ്രീവത്സമെന്ന ചിഹ്നത്തോടുകൂടിയവനും, |
| ഗളശോഭി-കൌസ്തുഭം | കഴുത്തിൽ മിന്നിത്തിളങ്ങുന്ന കൌസ്തുഭരത്നം ധരിച്ചവനും, |
| പീതാംബരം | മഞ്ഞപ്പട്ടുടുത്തവനും, |
| സാന്ദ്രപയോദസൌഭഗം | കൊഴുത്ത കാർമേഘത്തിന്റെ നിറഭംഗി കലർന്നവനും, |
| മഹാർഹ-വൈഡൂര്യ-കിരീടകുണ്ഡല-ത്വിഷാ | അമൂല്യങ്ങളായ വൈഡൂര്യരത്നങ്ങൾ പതിച്ച കിരീടത്തിന്റെയും കർണ്ണഭൂഷണങ്ങളുടേയും കാന്തിയാൽ |
| പരിഷ്വക്ത-സഹസ്ര-കുന്തളം | തഴുകപ്പെട്ട കേശഭാരത്തോടുകൂടിയവനും |
| ഉദ്ദാമ-കാഞ്ച്യംഗദ-കങ്കണാദിഭിഃ | അത്യുൽകൃഷ്ടമായ ഉദരബന്ധം, തോൾവള, കടകം മുതലായ അലങ്കാരങ്ങൾകൊണ്ടും |
| വിരോചമാനം | വിശേഷേണ ശോഭിച്ചുകൊണ്ടിരിക്കുന്നവനും ആയ |
| തം അത്ഭുതം ബാലകം | ആ അത്ഭുതബാലകനെ |
| വസുദേവഃ | വസുദേവൻ |
| ഐക്ഷത | കണ്ടു. |

സ വിസ്മയോത്ഫുല്ലവിലോചനോ ഹരിം
സുതം വിലോക്യാനകദുന്ദുഭിസ്തദാ
കൃഷ്ണാവതാരോത്സവസംഭ്രമോऽസ്പൃശ-
ന്മുദാ ദ്വിജേഭ്യോऽയുതമാപ്ലുതോ ഗവാം. 11

| | |
|---|---|
| സഃ | ആ |
| ആനകദുന്ദുഭിഃ | വസുദേവൻ |
| തദാ | അപ്പോൾ |
| ഹരിം | ശ്രീഹരിയെ |
| സുതം വിലോക്യ | തന്റെ പുത്രനായിട്ടു കണ്ടു, |
| വിസ്മയോത്ഫുല്ല-വിലോചനഃ | അത്ഭുതംകൊണ്ടു വിടർന്ന കണ്ണുകളോടുകൂടിയവനായും, |
| കൃഷ്ണാവതാരോത്സവസംഭ്രമഃ | കൃഷ്ണാവതാരോത്സവത്തിൽസംഭ്രമം പൂണ്ടവനായുംഭവിച്ചു, |

| | | | |
|---|---|---|---|
| മുദാ | സന്തോഷംകൊണ്ടു | ദ്വിജേഭ്യഃ | ബ്രാഹ്മണൎക്ക് |
| ആപ്ലുതഃ | മുഴുകി | അസ്പൃശത് | ദാനംചെയ്യുതായി സങ്കല്പിച്ചു. |
| ഗവാം അയുതം | പതിനായിരം പശുക്കളെ | | |

അഥൈനമസ്തൌദവധാൎയ്യ പൂരുഷം പരം നതാംഗഃ കൃതധീഃ കൃതാഞ്ജലിഃ
സ്വരോചിഷാ ഭാരത സൂതികാഗൃഹം വിരോചയന്തം ഗതഭീഃ പ്രഭാവവിത്.

| | | | |
|---|---|---|---|
| ഭാരത | അല്ലയോ പരീക്ഷിത്തേ! | പ്രഭാവവിത് | ഭഗവൽപ്രഭാവം അറിയുന്നവനും |
| സ്വരോചിഷാ | സ്വപ്രകാശത്താൽ | ഗതഭീഃ | പേടിയകന്നവനും |
| സൂതികാഗൃഹം | പ്രസവമുറിയെ | കൃതധീഃ | വിശുദ്ധമായ അന്തഃകരണത്തോടുകൂടിയവനും ആയ (വസുദേവൻ) |
| വിരോചയന്തം | പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന | | |
| ഏനം | ഈ ബാലനെ | നതാംഗഃ | വീണുനമസ്കരിച്ച് |
| പരം പൂരുഷം | പരമപുരുഷനെന്നു് | കൃതാഞ്ജലിഃ | കൂപ്പുകൈയോടുകൂടി |
| അവധാൎയ്യ അഥ | നിശ്ചയിച്ചശേഷം | അസ്തൌത് | സ്തുതിച്ചു. |

വസുദേവ ഉവാച = വസുദേവൻ പറഞ്ഞു :—

വിദിതോഽസി ഭവാൻ സാക്ഷാത് പുരുഷഃ പ്രകൃതേഃ പരഃ
കേവലാനുഭവാനന്ദസ്വരൂപഃ സൎവ്വബുദ്ധിദൃക് 13

| | | | |
|---|---|---|---|
| പ്രകൃതേഃ | പ്രകൃതിയിൽനിന്നു് | സൎവ്വബുദ്ധിദൃക് | സകലരുടേയും ബുദ്ധിവൃത്തികളെ നിരീക്ഷിക്കുന്നവനും ആയ |
| പരഃ പുരുഷഃ | അതീതനായി നിലകൊള്ളുന്ന പുരുഷനും, | | |
| കേവലാനുഭവാനന്ദസ്വരൂപഃ | നിരുപാധികനായ ചിദാനന്ദസ്വരൂപനും, | ഭവാൻ | നിന്തിരുവടി |
| | | സാക്ഷാത് | കണ്ണിന്നുനേരെ |
| | | വിദിതഃ അസി | ഇതാ കണ്ടറിയപ്പെട്ടു! |

സ ഏവ സ്വപ്രകൃത്യേദം സൃഷ്ട്വാഽഗ്രേ ത്രിഗുണാത്മകം.
തദനു ത്വം ഹ്യപ്രവിഷ്ടഃ പ്രവിഷ്ട ഇവ ഭാവ്യസേ 14

| | | | |
|---|---|---|---|
| സഃ ഏവ | അപ്രകാരമിരിക്കുന്ന | ഇദം | ഈ പ്രപഞ്ചത്തെ |
| ത്വം | അങ്ങു് | സൃഷ്ട്വാ തദനു | സൃഷ്ടിച്ച്, പിന്നീട് |
| അഗ്രേ | ആദികാലത്തിൽ | അപ്രവിഷ്ടഃ ഹി | അതിൽ പ്രവേശിക്കാത്തവനെങ്കിലും |
| സ്വപ്രകൃത്യാ | തന്റെ മായകൊണ്ടു് | | |
| ത്രിഗുണാത്മകം | സത്വാദി ഗുണസ്വരൂപമായ | പ്രവിഷ്ടഃ ഇവ ഭാവ്യസേ | പ്രവേശിച്ചവനെന്നപോലെ കാണപ്പെടുന്നു. |

യഥേമേഽവികൃതാ ഭാവാസ്തഥാ തേ വികൃതൈഃ സഹ
നാനാവീൎയ്യാഃ പൃഥഗ്ഭൂതാ വിരാജം ജനയന്തി ഹി. 15
സന്നിപത്യ സമുത്പാദ്യ ദൃശ്യന്തേഽനുഗതാ ഇവ
പ്രാഗേവ വിദ്യമാനത്വാന്ന തേഷാമിഹ സംഭവഃ. 16

| | |
|---|---|
| അവികൃതാഃ | വികാരമില്ലാത്ത |
| ഇമേ ഭാവാഃ | ഈ മഹദാദിതത്വങ്ങൾ* |
| യഥാ | ഏതുവിധം ബ്രഹ്മാണ്ഡാദികാര്യ്യവസ്തുക്കളിൽ പ്രവേശിക്കാതെ അവയിൽ പ്രവേശിച്ചിരിക്കുന്നതായി കാണപ്പെടുന്നുവോ, |
| തഥാ | അപ്രകാരം ഭവാനും കാണപ്പെടുന്നു. |
| തേ | അവ (മഹദാദിതത്വങ്ങൾ) |
| പൃഥഗ്ഭൂതാഃ | വേറെ വേറെയായി സ്ഥിതിചെയ്തും |
| നാനാവീര്യ്യാഃ ഹി | വ്യത്യസ്തശക്തികളോടുകൂടിയവയായും, കാര്യ്യപ്രപഞ്ചത്തെ ഉൽപാദിപ്പിക്കുന്നതിൽ അസമർത്ഥങ്ങളായിത്തീരുകയാൽ |
| വികൃതൈഃ സഹ | വികാരങ്ങളോടുകൂടി † |
| സന്നിപത്യ | സംയോജിച്ച് |
| വിരാജം | ബ്രഹ്മാണ്ഡത്തെ |
| ജനയന്തി | ഉൽപാദിപ്പിക്കുന്നു. |
| സമുത്പാദ്യ | ഇങ്ങനെ ഉൽപാദിപ്പിച്ച ശേഷം |
| അനുഗതാഃ ഇവ | അതിൽ പ്രവേശിച്ചിരിക്കുന്നപോലെ |
| ദൃശ്യന്തേ | കാണപ്പെടുകയും ചെയ്യുന്നു. |
| പ്രാക് ഏവ | ബ്രഹ്മാണ്ഡത്തിന്റെ ഉൽപത്തിക്കുമുമ്പുതന്നെ |
| വിദ്യമാനത്വാത് | ഉണ്ടായിരിക്കയാൽ |
| തേഷാം | അവയ്ക്കു (മഹദാദിതത്വങ്ങൾക്ക്) |
| ഇഹ | ഇതിൽ (ബ്രഹ്മാണ്ഡത്തിൽ) |
| സംഭവഃ ന | പുനഃപ്രവേശം സംഭവിക്കയല്ല. |

ഏവം ഭവാൻ ബുദ്ധ്യനുമേയലക്ഷണൈർ-
ഗ്ഗ്രാഹ്യൈർഗ്ഗുണൈഃ സന്നപി തദ്ഗുണാഗ്രഹഃ
അനാവൃതത്വാദ്ബഹിരന്തരം ന തേ
സർവ്വസ്യ സർവ്വാത്മന ആത്മവസ്തുനഃ. 17

| | |
|---|---|
| ഏവം | ഇപ്രകാരം (മഹദാദികൾപോലെ കാര്യ്യപ്രപഞ്ചത്തിൽ പ്രവിഷ്ടനാവാതെ പ്രവിഷ്ടനെന്നവിധം കാണപ്പെടുന്ന) |
| ഭവാൻ | അങ്ങ് |
| ബുദ്ധ്യനുമേയലക്ഷണൈഃ | ബുദ്ധിയാൽ അനുമാനിക്കപ്പെടാവുന്ന സ്വരൂപത്തോടുകൂടിയവയും |
| ഗ്രാഹ്യൈഃ | ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെടാവുന്നവയും ആയ |
| ഗുണൈഃ | പ്രപഞ്ചവിഷയങ്ങളോടൊന്നിച്ച് |
| സൻ അപി | സ്ഥിതിചെയ്യുന്നുണ്ടെങ്കിലും |
| തദ്ഗുണാഗ്രഹഃ | ആ വിഷയങ്ങളോടൊപ്പം ഗ്രഹിക്കുവാൻ സാദ്ധ്യമായവനല്ല |
| സർവ്വസ്യ | സർവ്വസ്വരൂപനായും, |
| സർവ്വാത്മനഃ | സർവ്വാന്തര്യ്യാമിയായും, |
| ആത്മവസ്തുനഃ | സർവ്വവ്യാപകനായും, പരമാർത്ഥവസ്തുവായുമിരിക്കുന്ന |
| തേ | അങ്ങേയ്ക്ക് |
| അനാവൃതത്വാത് | മറവില്ലാത്തതുകൊണ്ട് |
| ബഹിഃ | പുറവും |
| അന്തരം ന | അകവും ഇല്ല. |

* മഹത്തത്വം, അഹങ്കാരം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇങ്ങനെ മഹദാദി തത്വങ്ങൾ ഏഴ്.

† പൃഥിവ്യാദിപഞ്ചമഹാഭൂതങ്ങൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, മനസ്സ് ഇങ്ങനെ വികാരങ്ങൾ പതിനാറ്.

യ ആത്മനോ ദൃശ്യഗുണേഷു സന്നിതി
വ്യവസ്യതേ സ്വവ്യതിരേകതോഽബുധഃ
വിനാഽനുവാദം ന ച തന്മനീഷിതം
സമ്യഗ്യതസ്ത്യക്തമുപാദദത് പുമാൻ. 18

| | | | |
|---|---|---|---|
| യഃ പുമാൻ | യാതൊരു മനുഷ്യൻ | യതഃ | എന്തെന്നാൽ |
| ആത്മനഃ | തനിക്ക | ത്യക്തം | പരമാത്മമല്ലെന്നു് തള്ളിക്കളഞ്ഞതിനെ |
| ദൃശ്യഗുണേഷു | കാണപ്പെടാവുന്ന ദേഹാദിവസ്തുക്കളിൽ | ഉപാദദത് | (അവൻ) പരമാത്മത്വേന കൈക്കൊള്ളുന്നു. |
| സ്വവ്യതിരേകതഃ | അവ തന്നിൽനിന്നു് വ്യത്യസ്തമായ | തത് | അതി(ദേഹാദി)നെക്കുറിച്ചു് |
| സൻ ഇതി | ഒന്നാണെന്നു് | മനീഷിതം | വേണ്ടവിധം ചിന്തിച്ചാൽ |
| വ്യവസ്യതേ | കരുതുന്നുവോ | അനുവാദം വിനാ | വെറും വാക്വ്യവഹാരമല്ലാതെ |
| അബുധഃ | അവൻ അറിവില്ലാത്തവനാകുന്നു; | സമ്യക് ന ച | സത്തായിട്ടൊന്നുമില്ല. |

ത്വത്തോഽസ്യ ജന്മസ്ഥിതിസംയമാൻ വിഭോ
വദന്ത്യനീഹാദഗുണാദവിക്രിയാത്
ത്വയീശ്വരേ ബ്രഹ്മണി നോ വിരുധ്യതേ
ത്വദാശ്രയത്വാദുപചൎയ്യതേ ഗുണൈഃ. 19

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ! | ത്വയി | അങ്ങയിൽ |
| അനീഹാത് | വ്യാപാരരഹിതനും | നോ വിരുധ്യതേ | (ഈ ഉക്തിക്കു്) വിരോധം സംഭവിക്കുന്നില്ല. |
| അഗുണാത് | നിർഗ്ഗുണനും | | |
| അവിക്രിയാത് | നിൎവ്വികാരനും ആയ | ത്വദാശ്രയത്വാത് | അങ്ങയെ ആശ്രയിച്ചവയാണെന്ന ഹേതുവാൽ |
| ത്വത്തഃ | അങ്ങയിൽനിന്നാണു് | | |
| അസ്യ | ഈ ലോകത്തിന്റെ | ഗുണൈഃ | ഗുണങ്ങളാൽ |
| ജന്മസ്ഥിതിസംയമാൻ | സൃഷ്ടിസ്ഥിതിസംഹാരങ്ങളെ എന്നു് | ഉപചൎയ്യതേ | ഉപചരിക്കപ്പെടുകയാണു് (അങ്ങയെ ആശ്രയിച്ചിട്ടുള്ള ഗുണങ്ങളുടെ കൃത്യം അങ്ങയുടെ കൃത്യമായി പരിഗണിക്കയാണു്). |
| വദന്തി | പറയുന്നു. | | |
| ബ്രഹ്മണി | സൎവ്വവ്യാപിയും | | |
| ഈശ്വരേ | സൎവ്വേശ്വരനുമായ | | |

സ ത്വം ത്രിലോകസ്ഥിതയേ സ്വമായയാ ബിഭൎഷി ശുക്ലം ഖലു വൎണ്ണമാത്മനഃ
സൎഗ്ഗായ രക്തം രജസോപബൃംഹിതം കൃഷ്ണം ച വൎണ്ണം തമസാ ജനാത്യയേ.

| | | | |
|---|---|---|---|
| സഃ | അപ്രകാരമുള്ള | ആത്മനഃ | തന്റെ |
| ത്വം ഖലു | ഭവാൻതന്നെ | ശുക്ലം | വിശുദ്ധമായ |
| ത്രിലോകസ്ഥിതയേ | മൂന്നുലോകത്തിന്റേയും രക്ഷയ്ക്കായി | വൎണ്ണം | വൎണ്ണത്തെയും — വിഷ്ണുരൂപത്തെയും, |
| സ്വമായയാ | തന്റെ മായകൊണ്ടു് — സത്വഗുണത്താൽ | സൎഗ്ഗായ | സൃഷ്ടിക്കവേണ്ടി |
| | | രജസാ | രജോഗുണത്താൽ |

| | | | |
|---|---|---|---|
| ഉപബൃംഹിതം | പ്രകടിതമായ | ജനാത്യയേ | സംഹാരകാലത്തിൽ |
| രക്തം | രംഗാത്മകമായ വർണ്ണത്തെയും—ബ്രഹ്മരൂപത്തെയും, | തമസാ | തമോഗുണത്താൽ |
| | | കൃഷ്ണം വർണ്ണം ച ബിഭർഷി | കൃഷ്ണവർണ്ണത്തെയും—രുദ്രരൂപത്തെയും ധരിക്കുന്നു. |

ത്വമസ്യ ലോകസ്യ വിഭോ രിരക്ഷിഷുർ-
ഗൃഹേഽവതീർണ്ണോഽസി മമാഖിലേശ്വര
രാജന്യസംജ്ഞാസുരകോടിയൂഥപൈ-
ർന്നിർവ്യൂഹ്യമാനാ നിഹനിഷ്യസേ ചമൂഃ. 21

| | | | |
|---|---|---|---|
| അഖിലേശ്വര | സർവ്വേശ്വര ! | രാജന്യ-സംജ്ഞാ-സുരകോടി-യൂഥപൈഃ | ക്ഷത്രിയരെന്നപേരിൽ അറിയപ്പെടുന്ന അസംഖ്യം അസുരസേനാപതികളാൽ |
| വിഭോ | വിഭോ ! | നിർവ്യൂഹ്യമാനാഃ | എങ്ങും കൊണ്ടുനടത്തപ്പെട്ടുവരുന്ന |
| ത്വം | ഭവാൻ | ചമൂഃ നിഹനിഷ്യസേ | സേനകളെ സംഹരിപ്പാൻ പോകുന്നു. |
| അസ്യ ലോകസ്യ | ഈ ലോകത്തിന്റെ | | |
| രിരക്ഷിഷുഃ | സംരക്ഷയെ ആഗ്രഹിച്ചുകൊണ്ട് | | |
| മമ ഗൃഹേ | എന്റെ ഗൃഹത്തിൽ | | |
| അവതീർണ്ണഃ അസി | അവതരിച്ചിരിക്കുന്നു. | | |

അയം ത്വസഭ്യസ്തവ ജന്മ നൌ ഗൃഹേ
ശ്രുത്വാഽഗ്രജാംസ്തേ ന്യവധീത് സുരേശ്വര
സ തേഽവതാരം പുരുഷൈഃ സമർപ്പിതം
ശ്രുത്വാധുനൈവാഭിസരത്യുദായുധഃ. 22

| | | | |
|---|---|---|---|
| സുരേശ്വര | ഹേ ദേവദേവ ! | സഃ | അവൻ |
| അസഭ്യഃ | ദുർവൃത്തനായ | പുരുഷൈഃ | കാവൽഭടന്മാരാൽ |
| അയം തു | ഈ കംസനാകട്ടെ | സമർപ്പിതം | അറിയിക്കപ്പെട്ട |
| നൌ ഗൃഹേ | ഞങ്ങളുടെ ഗൃഹത്തിൽ | തേ | അങ്ങയുടെ |
| തവ | അങ്ങയുടെ | അവതാരം | അവതാരവാർത്തയെ |
| ജന്മ ശ്രുത്വാ | ജനനമുണ്ടാകുമെന്നുകേട്ട് | ശ്രുത്വാ | കേട്ട് |
| തേ | അങ്ങയുടെ | അധുനാ ഏവ | ഇപ്പോൾതന്നെ |
| അഗ്രജാൻ | ജ്യേഷ്ഠസഹോദരന്മാരെ | ഉദായുധഃ | ആയുധവും ഉയർത്തി |
| ന്യവധീത് | കൊന്നിരിക്കുന്നു. | അഭിസരതി | നേരിട്ടുവരും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

അഥൈനമാത്മജം വീക്ഷ്യ മഹാപുരുഷലക്ഷണം
ദേവകീ തമുപാധാവത് കംസാദ്ഭീതാ ശുചിസ്മിതാ. 23

| | | | |
|---|---|---|---|
| അഥ | അനന്തരം | മഹാപുരുഷ-ലക്ഷണം | ശ്രീമഹാവിഷ്ണുവിന്റെ ലക്ഷണങ്ങളോടുകൂടിയവനായി |
| കംസാത് | കംസനെ | വീക്ഷ്യ | കണ്ട്, |
| ഭീതാ | ഭയന്നിരിക്കുന്ന | ശുചിസ്മിതാ | നിർമ്മലമായ മന്ദഹാസം തൂകിക്കൊണ്ട് |
| ദേവകീ | ദേവകീദേവി | തം ഉപാധാവത് | ആ ഭഗവാനെ സ്തുതിച്ചു. |
| ഏനം ആത്മജം | ഈ പുത്രനെ | | |

ദേവക്യുവാച = ദേവകി പറഞ്ഞു : —

രൂപം യത് തത് പ്രാഹുരവ്യക്തമാദ്യം
ബ്രഹ്മ ജ്യോതിർന്നിർഗ്ഗുണം നിർവ്വികാരം
സത്താമാത്രം നിർവ്വിശേഷം നിരീഹം
സ ത്വം സാക്ഷാദ്വിഷ്ണുരധ്യാത്മദീപഃ. 24

| | |
|---|---|
| അവ്യക്തം, ആദ്യം | ഇന്ദ്രിയങ്ങൾക്ക് അതീതമായും, എല്ലാററിന്നും കാരണഭൂതമായും, |
| ബ്രഹ്മ | എല്ലാടവും വ്യാപിച്ചിരിക്കുന്നതായും, |
| ജ്യോതിഃ | സ്വയംപ്രകാശമായ ചിത്സ്വരൂപമായും, |
| നിർഗ്ഗുണം | ഗുണരഹിതമായും, |
| നിർവ്വികാരം | വികാരരഹിതമായും, |
| സത്താമാത്രം | നാശരഹിതമായും, |
| നിർവ്വിശേഷം | ജാതിഗുണാദിവിശേഷങ്ങളില്ലാത്തതായും, |
| നിരീഹം | ക്രിയാരഹിതമായും, |
| യത് തത് രൂപം | ഇന്നവിധമെന്നു നിർവ്വചിക്കാൻ കഴിയാത്തതും ആയ യാതൊരു പരമാത്മവസ്തുവിനെക്കുറിച്ച് |
| പ്രാഹുഃ | വേദങ്ങൾ ഉൽഘോഷിക്കുന്നുവോ |
| അധ്യാത്മദീപഃ | അന്തഃകരണാദികളെ പ്രകാശിപ്പിക്കുന്ന |
| സഃ സാക്ഷാത് | ആ സാക്ഷാൽ |
| വിഷ്ണുഃ | ശ്രീമഹാവിഷ്ണു |
| ത്വം | ഭവാൻതന്നെയാകുന്നു. |

നഷ്ടേ ലോകേ ദ്വിപരാർദ്ധാവസാനേ മഹാഭൂതേഷ്വാദിഭൂതം ഗതേഷു
വ്യക്തേഽവ്യക്തം കാലവേഗേന യാതേ ഭവാനേകഃ ശിഷ്യതേഽശേഷസംജ്ഞഃ

| | |
|---|---|
| കാലവേഗേന | കാലത്തിന്റെ ഗതിയാൽ |
| ദ്വിപരാർദ്ധാവസാനേ | രണ്ടു പരാർദ്ധകാലം അവസാനിക്കുമ്പോൾ ('ബ്രഹ്മാവിന്റെ ആയുഷ്കാലം ഒടുങ്ങുമ്പോൾ); |
| ലോകേ | ലോകമെല്ലാം |
| നഷ്ടേ | നശിക്കുകയും—മഹാഭൂതങ്ങളിൽ ലയിക്കുകയും, |
| മഹാഭൂതേഷു | ആ പഞ്ചമഹാഭൂതങ്ങൾ |
| ആദിഭൂതം | സൂക്ഷ്മഭൂതത്തെ |
| ഗതേഷു | പ്രാപിക്കുകയും—ആദിഭൂതമായ അഹങ്കാരത്തിൽ ലയിക്കുകയും, |
| വ്യക്തേ, അവ്യക്തം, യാതേ | അഹങ്കാരം വ്യക്തമായ മഹത്തത്വത്തിൽ ലയിച്ച്, മഹത്തത്വം അവ്യക്തത്തെ പ്രാപിക്കുകയും—മൂലപ്രകൃതിയിൽ ലയിക്കുകയും—ചെയ്യുമ്പോൾ, |
| അശേഷസംജ്ഞഃ | സർവ്വവും ഉൾക്കൊണ്ടിരിക്കുന്ന മൂലപ്രകൃതിയിൽ ഉൽബോധമുള്ളവനായിരിക്കുന്ന |
| ഭവാൻ | ഭവാൻ |
| ഏകഃ | ഒരുവൻമാത്രം |
| ശിഷ്യതേ | അവശേഷിക്കുന്നു. |

യോഽയം കാലസ്തസ്യ തേഽവ്യക്തബന്ധോ
ചേഷ്ടാമാഹുശ്ചേഷ്ടതേ യേന വിശ്വം
നിമേഷാദിർവ്വത്സരാന്തോ മഹീയാം-
സ്തം ത്വേശാനം ക്ഷേമധാമ പ്രപദ്യേ. 26

| | | | |
|---|---|---|---|
| അവ്യക്ത- ബന്ധോ | മൂലപ്രകൃതിയുടെ പ്രവർത്തകനായ പ്രഭോ! | തം | ആ കാലത്തെ |
| നിമേഷാദിഃ | നിമിഷംതുടങ്ങി | തസ്യ തേ | കല്പാന്തത്തിൽ അവശേഷിച്ചുനില്ക്കുന്ന അങ്ങയുടെ |
| വത്സരാന്തഃ | സംവത്സരംവരെയുള്ള | ചേഷ്ടാം | ശക്തിവിശേഷമാണെന്നു |
| മഹീയാൻ | ഏറ്റവും മഹത്തായ | ആഹുഃ | പറഞ്ഞുവരുന്നു. |
| യഃ | യാതൊരു | ഈശാനം | ഈവിധം പ്രകൃതിയേയും കാലത്തേയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനും |
| അയം | ഈ | | |
| കാലഃ | കാലമുണ്ടോ; | | |
| യേന | യാതൊന്നിനാൽ | ക്ഷേമധാമ | ക്ഷേമത്തിന്നിരിപ്പിടമായവനും ആയ |
| വിശ്വം | ലോകം | | |
| ചേഷ്ടതേ | പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവോ; | ത്വാം ന പ്രപദ്യേ | അങ്ങയെത്തന്നെ ഞാൻ ശരണം പ്രാപിക്കുന്നു. |

മർത്ത്യോ മൃത്യുവ്യാളഭീതഃ പലായൻ ലോകാൻ സർവ്വാന്നിർഭയം നാധ്യഗച്ഛത്
ത്വത് പാദാബ്ജം പ്രാപ്യ യദൃച്ഛയാദ്യ സ്വസ്ഥഃ ശേതേ മൃത്യുരസ്മാദപൈതി

| | | | |
|---|---|---|---|
| മർത്ത്യഃ | കൂടെത്തന്നെ മരണമുള്ളവനായ മനുഷ്യൻ | യദൃച്ഛയാ | ഏതോ സുകൃതത്താൽ |
| മൃത്യുവ്യാളഭീതഃ | മരണമാവുന്ന സർപ്പത്തെ പേടിച്ച് | ത്വത്- പാദാബ്ജം | അങ്ങയുടെ പാദപത്മത്തെ |
| | | പ്രാപ്യ | സേവിക്കുവാൻ ലഭിച്ച് |
| സർവ്വാൻ | എല്ലാ | സ്വസ്ഥഃ ശേതേ | നിർഭയനായി കിടക്കുന്നു. |
| ലോകാൻ | ലോകങ്ങളേയും | അസ്മാത് | ഇവനിൽനിന്ന് (അങ്ങയുടെ തൃപ്പാദം ലഭിച്ചവനിൽനിന്നു) |
| പലായൻ | ചുററിയലഞ്ഞുനടന്നിട്ട് | | |
| നിർഭയം | അഭയസ്ഥാനത്തെ | | |
| ന അധ്യഗച്ഛത് | കണ്ടെത്തിയില്ല. | മൃത്യുഃ | മരണം |
| ആദ്യ | അല്ലയോ ആദിതത്വമേ! | അപൈതി | വഴിമാറിപ്പോകുന്നു. |

സ ത്വം ഘോരാദുഗ്രസേനാത്മജാന്ന-
സ്ത്രാഹി ത്രസ്താൻ ഭൃത്യവിത്രാസഹാസി
രൂപം ചേദം പൗരുഷം ധ്യാനധിഷ്ണ്യം
മാ പ്രത്യക്ഷം മാംസദൃശാം കൃഷീഷ്ഠാഃ. 28

| | | | |
|---|---|---|---|
| സഃ | അപ്രകാരമെല്ലാമിരിക്കുന്ന | ഭൃത്യ- വിത്രാസഹാ അസി | നിന്തിരുവടി ഭൃത്യജനങ്ങളുടെ ഏതു ഭയത്തേയും നശിപ്പിക്കുന്നവനാണല്ലോ. |
| ത്വം | ഭവാൻ | | |
| ഘോരാത് | ഭയങ്കരനായ | | |
| ഉഗ്രസേനാത്മ- ജാത് | കംസനിൽനിന്ന് | ച | അതിനും പുറമെ, |
| ത്രസ്താൻ | പേടിച്ചുകൊണ്ടിരിക്കുന്ന | പൗരുഷം | പരമപുരുഷന്റെ ലക്ഷണങ്ങളുള്ളതും |
| നഃ | ഞങ്ങളെ | | |
| ത്രാഹി | രക്ഷിക്കേണമേ! | ധ്യാനധിഷ്ണ്യം | ധ്യാനിപ്പാൻ യോഗ്യമായതും ആയ |

| | | | |
|---|---|---|---|
| ഇദം രൂപം | ഈ രൂപത്തെ | പ്രത്യക്ഷം | വെളിപ്പെട്ടതി |
| മാംസദൃശാം | മാംസദൃഷ്ടിമാത്രമുള്ള അജ്ഞന്മാർക്ക് | മാ കൃഷീഷ്ഠാഃ | കാട്ടരുത്. |

ജന്മ തേ മയ്യസൌ പാപോ മാ വിദ്യാന്മധുസൂദന
സമുദ്വിജേ ഭവദ്ധേതോഃ കംസാദഹമധീരധീഃ. 29

| | | | |
|---|---|---|---|
| മധുസൂദന | അല്ലയോ മധുസൂദന! | അധീരധീഃ | ധീരതയില്ലാത്ത ബുദ്ധിയോടുകൂടിയ |
| പാപഃ | പാപിയായ | | |
| അസൌ | ഈ കംസൻ | അഹം | ഞാൻ |
| മയി | എന്നിൽ | ഭവദ്ധേതോഃ | ഭവാൻ നിമിത്തം |
| തേ ജന്മ | അങ്ങയുടെ ഉത്ഭവം | കംസാത് | കംസനെ |
| മാ വിദ്യാത് | അറിവാൻ ഇടയാകരുത് | സമുദ്വിജേ | ഭയപ്പെടുന്നു. |

ഉപസംഹര വിശ്വാത്മന്നദോ രൂപമലൗകികം
ശംഖചക്രഗദാപത്മശ്രിയാ ജുഷ്ടം ചതുർഭുജം. 30

| | | | |
|---|---|---|---|
| വിശ്വാത്മൻ | ഹേ വിശ്വസ്വരൂപ! | ജുഷ്ടം | ചേർന്നതും |
| അലൗകികം | ദിവ്യവും | ചതുർഭുജം | നാലുകൈകളോടുകൂടിയതും ആയ |
| ശംഖചക്രഗദാപത്മശ്രിയാ | ശംഖം, ചക്രം, ഗദ, പത്മം ഇവയുടെ കാന്തിയോടു് | അദഃ രൂപം | ഈ സ്വരൂപത്തെ |
| | | ഉപസംഹര | മറച്ചുവെച്ചാലും. |

വിശ്വം യദേതത് സ്വതനൗ നിശാന്തേ
യഥാവകാശം പുരുഷഃ പരോ ഭവാൻ
ബിഭർത്തി സോഽയം മമ ഗർഭഗോഽഭൂ-
ദഹോ നൃലോകസ്യ വിഡംബനം ഹി തത്. 31

| | | | |
|---|---|---|---|
| പരഃ പുരുഷഃ | പരമപുരുഷനായ | ബിഭർത്തി | ധരിക്കുന്നു. |
| ഭവാൻ | അങ്ങുന്നു് | സഃ അയം | അപ്രകാരമുള്ള അങ്ങുന്നു് |
| നിശാന്തേ | പ്രളയാവസാനത്തിങ്കൽ (സൃഷ്ടിസ്ഥിതികളുടെ കാലത്തു്) | മമ ഗർഭഗഃ | എന്റെ ഗർഭത്തെ പ്രാപിച്ചവനായി |
| ഏതത് | ഇക്കാണുന്ന | അഭൂത് യത് തത് | ഭവിച്ചു എന്നതു്, |
| വിശ്വം | ലോകത്തെയാകെ | അഹോ | കഷ്ടം! |
| സ്വതനൗ | സ്വന്തം ശരീരത്തിൽ | നൃലോകസ്യ | മനുഷ്യസമുദായത്തിന്നു് |
| യഥാവകാശം | വേണ്ടത്ര ഇടം കൊടുത്തുകൊണ്ടു് | വിഡംബനം ഹി | പരിഹാസാസ്പദമായിത്തീരുമല്ലോ. |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

ത്വമേവ പൂർവ്വസർഗ്ഗേഽഭൂഃ പൃശ്നിഃ സ്വായംഭുവേ സതി
തദായം സുതപാ നാമ പ്രജാപതിരകല്മഷഃ. 32

| | | | |
|---|---|---|---|
| സതി | പതിവ്രതയായ മാതാവേ! | തദാ | അന്നു്, |
| പൂർവ്വസർഗ്ഗേ | പൂർവ്വജന്മത്തിൽ, | അയം | ഇദ്ദേഹം |
| സ്വായംഭുവേ | സ്വായംഭുവമന്വന്തരത്തിൽ | അകല്മഷഃ | ദോഷരഹിതനും |
| ത്വം ഏവ | ഭവതിതന്നെ | സുതപാഃ | സുതപസ്സ് |
| പൃശ്നിഃ | പൃശ്നി എന്നു പേരുള്ളവളും | നാമ | എന്ന പേരുള്ളവനുമായ |
| അഭൂഃ | ആയിരുന്നു. | പ്രജാപതിഃ | പ്രജാപതിയും ആയിരുന്നു. |

യുവാം വൈ ബ്രഹ്മണാഽഽദിഷ്ടൗ പ്രജാസർഗ്ഗേ യദാ തതഃ
സന്നിയമ്യേന്ദ്രിയഗ്രാമം തേപാഥേ പരമം തപഃ. 33

| | | | |
|---|---|---|---|
| യദാ | എപ്പോൾ | തതഃ | അപ്പോൾ (നിങ്ങൾ) |
| യുവാം വൈ | നിങ്ങളിരുവരും | ഇന്ദ്രിയഗ്രാമം | ഇന്ദ്രിയസമൂഹത്തെ |
| ബ്രഹ്മണാ | ബ്രഹ്മാവിനാൽ | സന്നിയമ്യ | അടക്കി, |
| പ്രജാസർഗ്ഗേ | പ്രജകളെ സൃഷ്ടിക്കുന്നതിൽ | പരമം | ഉഗ്രമായ |
| ആദിഷ്ടൗ | ഏർപ്പെടുത്തപ്പെട്ടുവോ, | തപഃ തേപാഥേ | തപസ്സ് ചെയ്തു. |

വർഷവാതാതപഹിമഘർമ്മകാലഗുണാനനു
സഹമാനൗ ശ്വാസരോധവിനിർദ്ധൂതമനോമലൗ. 34
ശീർണ്ണപർണ്ണാനിലാഹാരാവുപശാന്തേന ചേതസാ
മത്തഃ കാമാനഭീപ്സന്തൗ മദാരാധനമീഹതുഃ 35

| | | | |
|---|---|---|---|
| വർഷവാതാതപ-ഹിമഘർമ്മ-കാലഗുണാൻ | മഴ, കാററ, വെയിൽ, മഞ്ഞ്, ചൂട്, എന്നീ കാലധർമ്മങ്ങളെ | മത്തഃ | എന്നിൽനിന്നു് |
| അനു സഹമാനൗ | അനുക്രമം സഹിച്ചുകൊണ്ടും, | കാമാൻ | അഭീഷ്ടങ്ങളെ |
| ശ്വാസരോധ-വിനിർദ്ധൂത-മനോമലൗ | പ്രാണായാമത്താൽ അകന്നുപോയ ഹൃദയമാലിന്യത്തോടുകൂടിയവരും, | അഭീപ്സന്തൗ | ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവരും ആയി |
| ശീർണ്ണപർണ്ണാ-നിലാഹാരൗ | കൊഴിഞ്ഞുവീണ ഇലകളേയും കാററിനേയും മാത്രം ആഹാരമാക്കിയവരും, | ഉപശാന്തേന | രാഗദ്വേഷാദിരഹിതമായ |
| | | ചേതസാ | മനസ്സോടെ |
| | | മദാരാധനം ഈഹതുഃ | എന്നെ ആരാധിച്ചു. |

ഏവം വാം തപ്യതോസ്തീവ്രം തപഃ പരമദുഷ്കരം
ദിവ്യവർഷസഹസ്രാണി ദ്വാദശേയുർമ്മദാത്മനോഃ. 36

| | | | |
|---|---|---|---|
| മദാത്മനോഃ | എന്നിൽമനസ്സുറപ്പിച്ചവരായി | തപഃ തപ്യതോഃ | തപസ്സനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന |
| ഏവം | ഈവിധത്തിൽ | വാം ദ്വാദശ ദിവ്യവർഷ-സഹസ്രാണി | നിങ്ങൾക്ക് പന്തിരായിരം ദേവവർഷങ്ങളും |
| പരമദുഷ്കരം | വളരെ ദുഷ്കരമായും | ഈയുഃ | കഴിഞ്ഞു. |
| തീവ്രം | ഘോരമായും ഉള്ള | | |

തദാ വാം പരിതുഷ്ടോഽഹമമുനാ വപുഷാഽനഘേ
തപസാ ശ്രദ്ധയാ നിത്യം ഭക്ത്യാ ച ഹൃദി ഭാവിതഃ. 37
പ്രാദുരാസം വരദരാഡ്യുവയോഃ കാമദിത്സയാ
വ്രിയതാം വര ഇത്യുക്തേ മാദൃശോ വാം വൃതഃ സുതഃ. 38

അനഘേ — ഹേ നിർദ്ദോഷവതി!
തദാ ഹൃദി — അപ്പോഴ്, മനസ്സിൽ
നിത്യം — സദാസമയവും
ഭാവിതഃ — ധ്യാനിക്കപ്പെട്ടിരുന്ന
വരദരാട് — വരദാതാക്കളിൽ ശ്രേഷ്ഠനായ
അഹം തപസാ — ഞാൻ തപസ്സുകൊണ്ടും
ശ്രദ്ധയാ — ശ്രദ്ധകൊണ്ടും
ഭക്ത്യാ ച — ഭക്തികൊണ്ടും
പരിതുഷ്ടഃ — സന്തുഷ്ടനായിട്ട്
വാം — നിങ്ങളിരുവക്കും
കാമദിത്സയാ — അഭീഷ്ടത്തെ നല്കുവാനുള്ള ആഗ്രഹത്താൽ

അമുനാ വപുഷാ — ഇതേ രൂപത്തോടെ
യുവയോഃ — നിങ്ങൾക്ക്
പ്രാദുരാസം — പ്രത്യക്ഷമായി.
വരഃ വ്രിയതാം — 'വരം ചോദിക്കാം'
ഇതി — എന്നു
വാം — നിങ്ങളോടു
ഉക്തേ — പറഞ്ഞപ്പോൾ
മാദൃശഃ — എന്നെപ്പോലെയുള്ള
സുതഃ — പുത്രൻ (ഉണ്ടാകണമെന്നു)
വൃതഃ — വരിക്കപ്പെട്ടു.

അജുഷ്ടഗ്രാമ്യവിഷയാവനപത്യൗ ച ദമ്പതീ
ന വവ്രാഥേഽപവർഗ്ഗം മേ മോഹിതൗ മമ മായയാ. 39

അജുഷ്ടഗ്രാമ്യവിഷയൗ — ലൗകികവിഷയങ്ങളെ അനുഭവിക്കാത്തവരും
അനപത്യൗ — സന്തതിയില്ലാത്തവരും ആയിരുന്ന
ദമ്പതീ — ഭാര്യാഭർത്താക്കളായ നിങ്ങൾ

മമ മായയാ — എന്റെ മായയാൽ
മോഹിതൗ ച — മോഹിതരായിട്ട്
അപവർഗ്ഗം — മോക്ഷത്തെ
മേ — എന്നോട്
ന വവ്രാഥേ — ആവശ്യപ്പെട്ടില്ല.

ഗതേ മയി യുവാം ലബ്ധ്വാ വരം മത്സദൃശം സുതം
ഗ്രാമ്യാൻ ഭോഗാനഭുഞ്ജാഥാം യുവാം പ്രാപ്തമനോരഥൗ. 40

മയി ഗതേ — (വരം തന്നു) ഞാൻ പോയപ്പോൾ
യുവാം — നിങ്ങൾ ഇരുവരും
മത്സദൃശം — എനിക്കു തുല്യനായ
സുതം — പുത്രനെ
വരം — വരമായി

ലബ്ധ്വാ — ലഭിച്ച്,
പ്രാപ്തമനോരഥൗ — സാധിച്ച മനോരഥത്തോടുകൂടിയവരായി
ഗ്രാമ്യാൻ — ഗാർഹിക
ഭോഗാൻ — സുഖങ്ങളെ
അഭുഞ്ജാഥാം — അനുഭവിച്ചു.

അദൃഷ്ട്വാഽന്യതമം ലോകേ ശീലൗദാര്യഗുണൈഃ സമം
അഹം സുതോ വാമഭവം പൃശ്നിഗർഭ ഇതി ശ്രുതഃ. 41

ലോകേ — ലോകത്തിൽ
ശീലൗദാര്യഗുണൈഃ — ശീലം ഔദാര്യം മുതലായ ഗുണങ്ങളാൽ
സമം — എനിക്കു തുല്യനായി
അന്യതമം — മറെറാരാളെ
അദൃഷ്ട്വാ — കാണായ്കയാൽ

അഹം — ഞാൻതന്നെ
വാം സുതഃ — നിങ്ങളുടെ പുത്രനായി
അഭവം — ജനിച്ചു.
പൃശ്നിഗർഭഃ ഇതി — (ആകയാൽ) പൃശ്നിഗർഭൻ എന്നിങ്ങനെ
ശ്രുതഃ — വിഖ്യാതനായി.

തയോർവ്വാം പുനരേവാഹമദിത്യാമാസ കശ്യപാത്
ഉപേന്ദ്ര ഇതി വിഖ്യാതോ വാമനത്വാച്ച വാമനഃ. 42

| | | | |
|---|---|---|---|
| പുനഃ | വീണ്ടും | വാമനഃ ഇതി ച വിഖ്യാതഃ | വാമനൻ എന്നുമുള്ള പേരുകളാൽ പ്രസിദ്ധനായി |
| അഹം ഏവ | ഞാൻതന്നെ | കശ്യപാത് | കശ്യപപ്രജാപതിയിൽ നിന്നു് |
| തയോഃ വാം | അതേ നിങ്ങാംക്കു് | അദിത്യാം | അദിതീദേവിയിൽ |
| ഉപേന്ദ്രഃ | ഇന്ദ്രസോദരനാകയാൽ ഉപേന്ദ്രനെന്നും, | ആസ | ജനിച്ചു. |
| വാമനത്വാത് | ഹ്രസ്വദേഹത്വംനിമിത്തം | | |

തൃതീയേഽസ്മിൻ ഭവേഽഹം വൈ തേനൈവ വപുഷാഽഥവാം
ജാതോ ഭൂയസ്തയോരേവ സത്യം മേ വ്യാഹൃതം സതി. 43

| | | | |
|---|---|---|---|
| അഥ തയോഃ വാം ഏവ | അതിൽപ്പിന്നെ അതേ നിങ്ങാംക്കു് | അഹം | ഞാൻ |
| അസ്മിൻ | ഈ | ഭൂയഃ ജാതഃ | വീണ്ടും പിറന്നിരിക്കുന്നു. |
| തൃതീയേ ഭവേ | മൂന്നാമത്തെ ജന്മത്തിൽ | സതി | ഉത്തമേ ! |
| തേന വപുഷാ ഏവ | അതേരൂപത്തോടുകൂടി | മേ വ്യാഹൃതം | എന്റെ വചനം |
| | | സത്യം വൈ | സത്യമത്രേ. |

ഏതദ്വാം ദർശിതം രൂപം പ്രാഗ്ജന്മസ്മരണായ മേ
നാന്യഥാ മദ്ഭവം ജ്ഞാനം മർത്ത്യലിംഗേന ജായതേ. 44

| | | | |
|---|---|---|---|
| മേ പ്രാഗ്ജന്മസ്മരണായ | എന്റെ പൂർവ്വജന്മ സ്മൃതിക്കുവേണ്ടി | അന്യഥാ | അല്ലെങ്കിൽ |
| ഏതത് രൂപം | ഈ സ്വരൂപം | മർത്ത്യലിംഗേന | മനുഷ്യലക്ഷണത്താൽ |
| വാം | നിങ്ങാംക്കു | മദ്ഭവം | എന്നെക്കുറിച്ചുള്ള |
| ദർശിതം | കാണിച്ചുതന്നതാണു്. | ജ്ഞാനം | അറിവു് |
| | | ന ജായതേ | ഉണ്ടാകയില്ല. |

യുവാം മാം പുത്രഭാവേന ബ്രഹ്മഭാവേന ചാസകൃത്
ചിന്തയന്തൌ കൃതസ്നേഹൌ യാസ്യേഥേ മദ്ഗതിം പരാം. 45

| | | | |
|---|---|---|---|
| യുവാം | നിങ്ങാം രണ്ടുപേരും | പുത്രഭാവേന | പുത്രനെന്നനിലയ്ക്കു് |
| മാം | എന്നെ | കൃതസ്നേഹൌ ച | സ്നേഹിക്കുന്നവരായും |
| ബ്രഹ്മഭാവേന | പരബ്രഹ്മമെന്നനിലയ്ക്കു് | പരാം | അത്യുൽകൃഷ്ടമായ |
| അസകൃത് | ഇടമെടവിടെ | മദ്ഗതിം | എന്റെ സായൂജ്യത്തെ |
| ചിന്തയന്തൌ | ചിന്തിക്കുന്നവരായും, | യാസ്യേഥേ | പ്രാപിക്കും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു : —

ഇത്യുക്ത്വാഽഽസീദ്ധരിസ്തൂഷ്ണീം ഭഗവാനാത്മമായയാ
പിത്രോഃ സമ്പശ്യതോഃ സദ്യോ ബഭൂവ പ്രാകൃതഃ ശിശുഃ. 46

| | | | |
|---|---|---|---|
| ഹരിഃ | ശ്രീഭഗവാൻ | സംപശ്യതോഃ | നോക്കിക്കൊണ്ടിരിക്കെ |
| ഇതി ഉക്ത്വാ | ഈവിധം പറഞ്ഞു് | ആത്മമായയാ | തന്റെ മായയാൽ |
| തൂഷ്ണീം ആസീത് | മൌനമവലംബിച്ചു. | പ്രാകൃതഃ | സാധാരണ രീതിയിലുള്ള |
| സദ്യഃ ഭഗവാൻ | ഉടൻതന്നെ, ഭഗവാൻ | | |
| പിത്രോഃ | മാതാപിതാക്കൾ | ശിശുഃ ബഭൂവ | ശിശുവായിത്തീർന്നു. |

തതശ്ച ശൌരിർഭഗവത്പ്രചോദിതഃ സുതം സമാദായ സ സൂതികാഗൃഹാത്
യദാ ബഹിർഗ്ഗന്തുമിയേഷ തർഹ്യജാ യാ യോഗമായാഽജനി നന്ദജായയാ.

| | | | |
|---|---|---|---|
| തതഃ ച | അതിനുശേഷം | യദാ | എപ്പോൾ |
| സഃ ശൌരിഃ | ആ വസുദേവൻ. | ഇയേഷ | മനസ്സിൽ കരുതിയോ, |
| ഭഗവത്- പ്രചോദിതഃ | ഭഗവാനാൽ പ്രേരിതനായിട്ടു് | തർഹി | അതേസമയത്തു് |
| സുതം | പുത്രനെ | യാ | യാതൊരുവൾ |
| സമാദായ | എടുത്തുകൊണ്ടു് | അജാ | ജന്മരഹിതയെന്നു് പറയപ്പെട്ടവളാണോ |
| സൂതികാഗൃഹാത് | പ്രസവഗൃഹത്തിൽ നിന്നു് | യോഗമായാ | ആ യോഗമായാ ദേവി |
| ബഹിഃ ഗന്തും | പുറത്തു കടക്കുവാൻ | നന്ദജായയാ അജനി | നന്ദപത്നിയായ യശോദയിൽ സംജാതയായി. |

തയാ ഹൃതപ്രത്യയസർവ്വവൃത്തിഷു
ദ്വാഃസ്ഥേഷു പൌരേഷ്വപി ശായിതേഷ്വഥ
ദ്വാരസ്തു സർവ്വാഃ പിഹിതാ ദുരത്യയാ
ബൃഹത്കപാടായസകീലശൃംഖലൈഃ. 48
താഃ കൃഷ്ണവാഹേ വസുദേവ ആഗതേ
സ്വയം വ്യവര്യന്ത യഥാ തമോ രവേഃ
വവർഷ പർജ്ജന്യ ഉപാംശുഗർജ്ജിതഃ
ശേഷോഽന്വഗാദ്വാരി നിവാരയൻ ഫണൈഃ. 49

| | | | |
|---|---|---|---|
| അഥ | അന്നേരത്തു് | വസുദേവേ | വസുദേവൻ |
| തയാ | ആ യോഗമായയാൽ | കൃഷ്ണവാഹേ ആഗതേ | ശ്രീകൃഷ്ണനെ എടുത്തു കൊണ്ടു വന്നപ്പോൾ |
| ദ്വാഃസ്ഥേഷു | ദ്വാരപാലകരും | രവേഃ | സൂര്യനെക്കൊണ്ടു് |
| പൌരേഷു അപി | പൌരജനങ്ങളും | തമഃ യഥാ | ഇരുട്ടകലുന്നവിധം |
| ഹൃതപ്രത്യയ- സർവ്വവൃത്തിഷു | പ്രജ്ഞയററ ഇന്ദ്രിയവൃത്തികളോടുകൂടിയവരായി | സ്വയം | തന്നത്താൻ |
| ശായിതേഷു | നിദ്രയിൽ ആഴ്ത്തപ്പെട്ടിരിക്കെ, | വ്യവര്യന്ത | തുറന്നുനിന്നു. |
| ബൃഹത്കപാടായസകീല- ശൃംഖലൈഃ | പെരുത്ത വാതിലുകളാലും, ഇരുമ്പുകൊണ്ടുള്ള സാക്ഷകൾ, ചങ്ങലകൾ എന്നിവയാലും | പർജ്ജന്യഃ | മേഘം |
| | | ഉപാംശുഗർജ്ജിതഃ | നേരിയ ഇടിമുഴക്കത്തോടെ |
| | | വവർഷ | വർഷിച്ചു. |
| | | ശേഷഃ | അനന്തൻ |
| പിഹിതാഃ | അടയ്ക്കപ്പെട്ടിരുന്ന | ഫണൈഃ | തന്റെ പത്തികളാൽ |
| ദുരത്യയാഃ | അലംഘ്യങ്ങളായ | വാരി | വർഷജലം |
| താഃ ദ്വാരഃ | ആ കോട്ടപ്പടികൾ | നിവാരയൻ | തടുത്തുകൊണ്ടു് |
| സർവ്വാഃ തു | എല്ലാംതന്നെ | അന്വഗാത് | അനുഗമിച്ചു. |

മഘോനി വർഷത്യസകൃദ്യമാനുജാ ഗംഭീരതോയൌഘജവോർമ്മിഫേനിലാ
ഭയാനകാവർത്തശതാകുലാ നദീ മാർഗ്ഗം ദദൌ സിന്ധുരിവ ശ്രിയഃ പതേഃ. 50

| | |
|---|---|
| മഘോനി | ഇന്ദ്രൻ |
| അസകൃത് വർഷതി | അടിക്കടി മഴ ചൊരിഞ്ഞുകൊണ്ടിരിക്കെ |
| ഗംഭീര-തോയൌഘ-ജവോർമ്മി-ഫേനിലാ | അഗാധമായ ജലപ്പരപ്പിന്റെ ഒഴുക്കുകാരണം ഓളംവെട്ടി നുരപതഞ്ഞു പൊങ്ങിക്കൊണ്ടിരിക്കുന്നതും |
| ഭയാനകാവർത്ത-ശതാകുലാ | ഭയങ്കരങ്ങളായ അസംഖ്യം ചുഴികളാൽ ഉലഞ്ഞുകൊണ്ടിരിക്കുന്നതും ആയ |
| യമാനുജാ നദീ | യമുനാനദി |
| ശ്രിയഃ പതേഃ | സീതാപതിയ്ക്കു |
| സിന്ധുഃ ഇവ | സമുദ്രം എന്നപോലെ |
| മാർഗ്ഗം ദദൌ | വഴി വിട്ടുകൊടുത്തു. |

നന്ദവ്രജം ശൌരിരുപേത്യ തത്ര താൻ ഗോപാൻ പ്രസുപ്താനുപലഭ്യ നിദ്രയാ
സുതം യശോദാശയനേ നിധായ തത്സുതാമുപാദായ പുനർഗൃഹാനഗാത്. 51

| | |
|---|---|
| ശൌരിഃ | വസുദേവൻ |
| നന്ദവ്രജം | നന്ദഗോകുലത്തിൽ |
| ഉപേത്യ | ചെന്നു, |
| നിദ്രയാ | യോഗമായയുടെ വൈഭവത്താൽ |
| താൻ ഗോപാൻ | ആ ഗോപന്മാരെയെല്ലാം |
| തത്ര | അവിടെ |
| പ്രസുപ്താൻ ഉപലഭ്യ | ഉറങ്ങിക്കിടക്കുന്നതായി കണ്ടു, |
| സുതം | പുത്രനെ |
| യശോദാശയനേ | യശോദയുടെ കിടപ്പിടത്തിൽ |
| നിധായ | കിടത്തിയശേഷം |
| തത്സുതാം | അവൾ പെററുണ്ടായ ബാലികയെ |
| ഉപാദായ | എടുത്തു, |
| ഗൃഹാൻ | ഗൃഹത്തിലേക്കു |
| പുനഃ അഗാത് | തിരികെപ്പോയി. |

ദേവക്യാഃ ശയനേ ന്യസ്യ വസുദേവോഽഥ ദാരികാം
പ്രതിമുച്യ പദോർല്ലോഹമാസ്തേ പൂർവ്വവദാവൃതഃ 52

| | |
|---|---|
| വസുദേവഃ | വസുദേവൻ |
| ദാരികാം | ആ പെൺകുഞ്ഞിനെ |
| ദേവക്യാഃ | ദേവകിയുടെ |
| ശയനേ | ശയ്യയിൽ |
| ന്യസ്യ അഥ | കിടത്തിയശേഷം |
| പദോഃ | തന്റെ കാൽകളിൽ |
| ലോഹം പ്രതിമുച്യ | ഇരിമ്പുചങ്ങല ബന്ധിച്ചു, |
| പൂർവ്വവത് | മുമ്പേത്തെപ്പോലെ |
| ആവൃതഃ ആസ്തേ | വാതിലടച്ചിരുന്നു. |

യശോദാ നന്ദപത്നീ ച ജാതം പരമബുധ്യത
ന തല്ലിംഗം പരിശ്രാന്താ നിദ്രയാപഗതസ്മൃതിഃ. 53

| | |
|---|---|
| നന്ദപത്നീ | നന്ദന്റെ പത്നിയായ |
| യശോദാ ച | യശോദയും |
| പരിശ്രാന്താ | പ്രസവപീഡയാൽ തളർന്നവളും |
| നിദ്രയാ | നിദ്രാരൂപിണിയായ യോഗമായയാൽ |
| അപഗതസ്മൃതിഃ | ഓർമ്മവിട്ടുപോയവളുമായിട്ടു |
| ജാതം പരം | എന്തോ ജനിച്ചു എന്നുമാത്രം |
| അബുധ്യത | മനസ്സിലാക്കിയിരുന്നു; |
| തല്ലിംഗം ന | അതിന്റെ ലിംഗത്തെ (ശിശു ആണോ പെണ്ണോ എന്ന സംഗതിയെ) അവൾ അറിഞ്ഞിരുന്നില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
ശ്രീകൃഷ്ണാവതാരോ നാമ തൃതീയോഽധ്യായഃ സമാപ്തഃ.

ആദിതഃ ശ്ലോകാഃ 164.

## ചതുർത്ഥോऽദ്ധ്യായഃ—നാലാം അദ്ധ്യായം.

[ചതുർത്ഥേ ചണ്ഡികാവാക്യമാകർണ്യാതി ഭയാകുലഃ
ദുർമ്മന്ത്രിഭിർഹിതം മേനേ കംസോ ബാലാദിഹിംസനം]

(മായാദേവിയുടെ വാക്കുകേട്ടു കംസൻ ഭയാകുലനാകുന്നതും, ദുർമ്മന്ത്രിമാരോട് ആലോചിച്ച് ബാലാദി ഹിംസയ്ക്കു് ഉദ്യമിക്കുന്നതും.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

ബഹിരന്തഃപുരദ്വാരഃ സർവ്വാഃ പൂർവ്വവദാവൃതാഃ
തതോ ബാലധ്വനിം ശ്രുത്വാ ഗൃഹപാലാഃ സമുത്ഥിതാഃ. 1

| | | | |
|---|---|---|---|
| ബഹിരന്തഃ— | ) പുറത്തും അകത്തുമുള്ള | തതഃ | അതിൽപ്പിന്നെ |
| പുരദ്വാരഃ | ) കോട്ടവാതിലുകൾ | ബാലധ്വനിം | കുട്ടിയുടെ ഒച്ച |
| സർവ്വാഃ | എല്ലാം | ശ്രുത്വാ | കേട്ടിട്ട് |
| പൂർവ്വവത് | മുമ്പേത്തെപ്പോലെ | ഗൃഹപാലാഃ | വീട്ടുകാവൽക്കാർ |
| ആവൃതാഃ | അടയ്ക്കപ്പെട്ടു. | സമുത്ഥിതാഃ | ഉണർന്നെണീററു. |

തേ തു തൂർണ്ണമുപവ്രജ്യ ദേവക്യാ ഗർഭജന്മ തത്
ആചഖ്യുർഭോജരാജായ യദുദ്വിഗ്നഃ പ്രതീക്ഷതേ 2

| | | | |
|---|---|---|---|
| തേ തു | അവരാകട്ടെ | ഉദ്വിഗ്നഃ | ) ഭീതിയോടുകൂടി അവൻ |
| തൂർണ്ണം | അതിവേഗത്തിൽ | പ്രതീക്ഷതേ | ) കാത്തിരിക്കുന്നുവോ |
| ഉപവ്രജ്യ | ഓടി അടുത്തുചെന്നു് | ദേവക്യാഃ | ദേവകിയുടെ |
| ഭോജരാജായ | കംസനോട്, | തത് ഗർഭജന്മ | ആ എട്ടാമത്തെ ഗർഭജനനം |
| യത് | യാതൊന്നിനെ | ആചഖ്യുഃ | അറിയിച്ചു. |

സ തല്പാത് തൂർണ്ണമുത്ഥായ കാലോऽയമിതി വിഹ്വലഃ
സൂതീഗൃഹമഗാത് തൂർണ്ണം പ്രസ്ഖലൻ മുക്തമൂർദ്ധജഃ. 3

| | | | |
|---|---|---|---|
| സഃ | അവൻ | ഇതി | എന്നു കരുതി |
| തല്പാത് | ശയനത്തിൽനിന്നു് | വിഹ്വലഃ | വ്യാകുലപ്പെട്ടവനായി, |
| തൂർണ്ണം ഉത്ഥായ | ഉടൻ എഴുന്നേററു് | പ്രസ്ഖലൻ | കാലിടറിക്കൊണ്ടും, |
| അയം കാലഃ | "ഇതാണ് ശരിയായ | മുക്തമൂർദ്ധജഃ | മുടിയഴിഞ്ഞുകൊണ്ടും |
| | സമയം (ഇവനെൻറ | സൂതീഗൃഹം | പ്രസവഗൃഹത്തിലേക്കു് |
| | കാലനാണ്)" | തൂർണ്ണം അഗാത് | പാഞ്ഞുചെന്നു. |

തമാഹ ഭ്രാതരം ദേവീ കൃപണാ കരുണം സതീ
സ്നുഷേയം തവ കല്യാണ സ്ത്രിയം മാ ഹന്തുമർഹസി. 4

| | | | |
|---|---|---|---|
| കൃപണാ | ദീനയും | കല്യാണ | "സൽഗുണസമ്പന്ന ! |
| സതീ | സൽബുദ്ധിയുള്ളവളും ആയ | ഇയം തവ | ഇവൾ അങ്ങയുടെ |
| ദേവീ | ദേവകി | സ്നുഷാ | പുത്രഭാര്യയാകേണ്ടവളാണ് |
| തം ഭ്രാതരം | ആ സോദരനോടു് | സ്ത്രിയം ഹന്തും | സ്ത്രീയെ വധിക്കുവാൻ |
| കരുണം | ദീനതയോടെ | മാ അർഹസി | അർഹിക്കുന്നില്ല. (സ്ത്രീവ |
| ആഹ | പറഞ്ഞു : | | ധം അങ്ങക്കു ചേർന്നതല്ല) |

ബഹവോ ഹിംസിതാ ഭ്രാതഃ ശിശവഃ പാവകോപമാഃ
ത്വയാ ദൈവനിസൃഷ്ടേന പുത്രികൈകാ പ്രദീയതാം. 5

| | |
|---|---|
| ഭ്രാതഃ | "സോദര ! |
| ത്വയാ | അങ്ങയാൽ |
| ദൈവ–നിസൃഷ്ടേന | ഞങ്ങളുടെ കർമ്മഫലത്താൽ പ്രേരിതനായിട്ട് |
| പാവകോപമാഃ | അഗ്നിതുല്യരായ |
| ബഹവഃ ശിശവഃ | വളരെ ശിശുക്കൾ |
| ഹിംസിതാഃ | ഹിംസിക്കപ്പെട്ടുകഴിഞ്ഞു. |
| ഏകാ പുത്രികാ | ഒരു കൊച്ചുമകളെങ്കിലും |
| പ്രദീയതാം | എനിക്ക നല്കപ്പെടേണ്ടതാണ്. |

നന്വഹം തേ ഹ്യവരജാ ദീനാ ഹതസുതാ പ്രഭോ
ദാതുമർഹസി മന്ദായാ അംഗേമാം ചരമാം പ്രജാം. 6

| | |
|---|---|
| നനു | "എന്തെന്നാൽ, |
| പ്രഭോ | ഹേ പ്രഭോ ! |
| ഹതസുതാ | മക്കളെല്ലാം കൊല്ലപ്പെട്ട് |
| ദീനാ | ദുഃഖിച്ചുകൊണ്ടിരിക്കുന്ന |
| അഹം | ഞാൻ |
| തേ | അങ്ങയുടെ |
| അവരജാ ഹി | അനുജത്തിയാണല്ലോ ! |
| അംഗ | പ്രിയപ്പെട്ട ജ്യേഷ്ഠ ! |
| മന്ദായൈ | ഭാഗ്യമില്ലാത്തവൾക്ക് |
| ഇമാം | ഈ |
| ചരമാം | ഒടുക്കത്തെ |
| പ്രജാം | കുട്ടിയേയെങ്കിലും |
| ദാതും | തരുവാൻ |
| അർഹസി | ദയതോന്നണേ !" |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഉപഗുഹ്യാത്മജാമേവം രുദത്യാ ദീനദീനവത്
യാചിതസ്താം വിനിർഭത്സ്യ ഹസ്താദാചിച്ഛിദേ ഖലഃ. 7

| | |
|---|---|
| ആത്മജാം | പുത്രിയെ |
| ഉപഗുഹ്യ | മറച്ചുപിടിച്ച് |
| ദീനദീനവത് | ഏററവും ദീനയായവളെപ്പോലെ |
| രുദത്യാ | കരഞ്ഞുകൊണ്ട് |
| ഏവം യാചിതഃ | ഈവിധം (ദേവകിയാൽ) യാചിക്കപ്പെട്ട |
| ഖലഃ | ആ ദുഷ്ടൻ |
| വിനിർഭത്സ്യ | അധിക്ഷേപ വാക്കുകൾ പറഞ്ഞ് |
| താം | ആ പെൺകുഞ്ഞിനെ |
| ഹസ്താത് | കൈയിൽനിന്ന് |
| ആചിച്ഛിദേ | തട്ടിയെടുത്തു. |

താം ഗൃഹീത്വാ ചരണയോർജ്ജാതമാത്രാം സ്വസുഃ സുതാം
അപോഥയച്ഛിലാപൃഷ്ഠേ സ്വാർത്ഥോന്മൂലിതസൌഹൃദഃ. 8

| | |
|---|---|
| സ്വാർത്ഥോന്മൂലിതസൌഹൃദഃ | സ്വാർത്ഥത്താൽ സ്നേഹം കെട്ടുപോയിരിക്കുന്ന കംസൻ |
| സ്വസുഃ | സഹോദരിയുടെ |
| ജാതമാത്രാം | അപ്പോൾ പിറന്ന |
| താം സുതാം | ആ മകളെ |
| ചരണയോഃ | ഇരു കാലുകളിലും |
| ഗൃഹീത്വാ | പിടിച്ച് |
| ശിലാപൃഷ്ഠേ | കരിങ്കല്ലിന്മേൽ |
| അപോഥയത് | ഊക്കോടെ അടിച്ചു. |

സാ തദ്ധസ്താത് സമുത്പത്യ സദ്യോ ദേവ്യംബരം ഗതാ
അദൃശ്യതാനുജാ വിഷ്ണോഃ സായുധാഷ്ടമഹാഭുജാ, 9

| | | | |
|---|---|---|---|
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ | സമുത്പത്യ | മേല്പോട്ടുയൎന്ന് |
| അനുജാ | ഇളയ സോദരിയായ | അംബരം ഗതാ | ആകാശത്തിലെത്തി, |
| സാ ദേവീ | ആ ദേവി | സായുധാഷ്ട- മഹാഭുജാ | ആയുധങ്ങൾ ധരിച്ച എട്ടു തൃക്കരങ്ങളോടുകൂടി നില്ക്കുന്നതായി |
| തദ്ധസ്താത് | അവന്റെ കൈയിൽ നിന്നു് | | |
| സദ്യഃ | ഉടൻ | അദൃശ്യത | കാണപ്പെട്ടു. |

ദിവ്യസ്രഗംബരാലേപരത്നാഭരണഭൂഷിതാ
ധനുഃശൂലേഷുചൎമ്മാസിശംഖചക്രഗദാധരാ. 10
സിദ്ധചാരണഗന്ധൎവ്വൈരപ്സരഃ കിന്നരോരഗൈഃ
ഉപാഹൃതോരുബലിഭിഃ സ്തൂയമാനേദമബ്രവീത്. 11

| | | | |
|---|---|---|---|
| ദിവ്യസ്രഗം- ബരാലേപ- രത്നാഭരണ- ഭൂഷിതാ | ദിവ്യങ്ങളായ മാലകളും, പട്ടുവസ്ത്രങ്ങളും, കുറിക്കൂട്ടുകളും, രത്നാഭരണങ്ങളും എന്നിവകൊണ്ടു് അലംകൃതയായി, | സിദ്ധചാരണ- ഗന്ധൎവ്വൈഃ | സിദ്ധചാരണന്മാരാലും, ഗന്ധൎവ്വന്മാരാലും |
| ധനുഃശൂലേഷു- ചൎമ്മാസി- ശംഖചക്ര- ഗദാധരാ | വില്ലു്, ശൂലം, ശരം, പരിച, വാൾ, ശംഖം, ചക്രം, ഗദ എന്നിവയോടുകൂടിയവളായി, | അപ്സരഃ- കിന്നരോ- രഗൈഃ | അപ്സരസ്സുകളും, കിന്നരന്മാർ, നാഗദേവതകൾ എന്നിവരാലും |
| ഉപാഹൃതോരു- ബലിഭിഃ | അനേകം പൂജാദ്രവ്യങ്ങൾ അൎപ്പിച്ചുകൊണ്ടു നില്ക്കുന്ന | സ്തൂയമാനാ | സ്തുതിക്കപ്പെടുന്നവളായി നില്ക്കുന്ന ആ മായാദേവി |
| | | ഇദം | ഇങ്ങനെ |
| | | അബ്രവീത് | പറഞ്ഞു. |

കിം മയാ ഹതയാ മന്ദ ജാതഃ ഖലു തവാന്തകൃത്
യത്ര ക്വ വാ പൂൎവ്വശത്രുൎമ്മാ ഹിംസീഃ കൃപണാൻ വൃഥാ. 12

| | | | |
|---|---|---|---|
| മന്ദ | "എടോ മൂഢ! | പൂൎവ്വശത്രുഃ | മുജ്ജന്മശത്രു |
| മയാ ഹതയാ കിം | എന്നെ കൊന്നതുകൊണ്ടു് എന്തു കാൎയ്യം? | യത്ര ക്വ വാ | എങ്ങോ ഒരിടത്തു് |
| | | ജാതഃ | ജനിച്ചുകഴിഞ്ഞു. |
| ഖലു | എന്തെന്നാൽ | കൃപണാൻ | പാവപ്പെട്ട ശിശുക്കളെ |
| തവ | നിന്റെ | വൃഥാ | അനാവശ്യമായി |
| അന്തകൃത് | അന്തകനായ | മാ ഹിംസീഃ | കൊല്ലരുതു്" |

ഇതി പ്രഭാഷ്യ തം ദേവീ മായാ ഭഗവതീ ഭുവി
ബഹുനാമനികേതേഷു ബഹുനാമാ ബഭൂവ ഹ. 13

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ബഹുനാമ- നികേതേഷു | പലപേരുകളും ഉള്ള വിവിധ ക്ഷേത്രങ്ങളിൽ |
| തം | അവനോടു | | |
| പ്രഭാഷ്യ | പറഞ്ഞശേഷം | ബഹുനാമാ | പല പേരുകളും ഉള്ള |
| ഭഗവതീ | ഭഗവതിയായ | ദേവീ | ദേവിയായി |
| മായാ ഭുവി | മായാദേവി ഭൂമിയിൽ | ബഭൂവ ഹ | വാഴുകയും ചെയ്തു. |

തയാऽഭിഹിതമാകർണ്ണ്യ കംസഃ പരമവിസ്മിതഃ
ദേവകീം വസുദേവം ച വിമുച്യ പ്രശ്രിതോऽബ്രവീത്. 14

| | | | |
|---|---|---|---|
| കംസഃ | കംസൻ | ദേവകീം | ദേവകിയേയും |
| തയാ | ആ മായാദേവിയാൽ | വസുദേവം ച | വസുദേവനേയും |
| അഭിഹിതം | പറയപ്പെട്ട വാക്ക് | വിമുച്യ | തടവിൽനിന്നു വിട്ടയച്ച് |
| ആകർണ്യ | കേട്ട് | പ്രശ്രിതഃ | വിനീതനായിട്ട് |
| പരമവിസ്മിതഃ | ഏററവും അത്ഭുതപ്പെട്ടുപോയി. | അബ്രവീത് | (അവരോട്) പറഞ്ഞു. |

അഹോ ഭഗിന്യഹോ ഭാമ മയാ വാം ബത പാപ്മനാ
പുരുഷാദ ഇവാപത്യം ബഹവോ ഹിംസിതാഃ സുതാഃ. 15

| | | | |
|---|---|---|---|
| അഹോ ഭഗിനി | "അല്ലയോ സോദരി! | അപത്യം ഇവ | സ്വസന്താനത്തെ ഹിംസിക്കുന്നപോലെ |
| അഹോ ഭാമ | അല്ലയോ സോദരീഭർത്താവായ വസുദേവരെ! | വാം | നിങ്ങളുടെ |
| പാപ്മനാ | പാപിയായ | ബഹവഃ സുതാഃ | അനേകം പുത്രന്മാർ |
| മയാ | എന്നാൽ, | ഹിംസിതാഃ | ഹിംസിക്കപ്പെട്ടുവല്ലോ! |
| പുരുഷാദഃ | രാക്ഷസൻ | ബത | കഷ്ടമായി! |

സ ത്വഹം ത്യക്തകാരുണ്യസ്ത്യക്തജ്ഞാതിസുഹൃത് ഖലഃ
കാംല്ലോകാൻ വൈ ഗമിഷ്യാമി ബ്രഹ്മഹേവ മൃതഃ ശ്വസൻ. 16

| | | | |
|---|---|---|---|
| ത്യക്തകാരുണ്യഃ | "കരുണയററവനും, | ശ്വസൻ തു | ശ്വസിക്കുന്നുണ്ടെങ്കിലും |
| ത്യക്തജ്ഞാതിസുഹൃത് | ബന്ധുക്കളേയും സ്നേഹിതന്മാരേയും തള്ളിക്കളഞ്ഞിരിക്കുന്നവനും, | മൃതഃ വൈ | മൃതപ്രായനാണ്. |
| ഖലഃ | അതിക്രൂരനും ആയിരിക്കുന്ന | ബ്രഹ്മഹാ ഇവ | ബ്രഹ്മഹത്യചെയ്തവനെപ്പോലെ ഇരിക്കുന്ന ഞാൻ |
| സഃ അഹം | ആ ഞാൻ | കാൻ ലോകാൻ | ഏതു ലോകങ്ങളിലേക്കു |
| | | ഗമിഷ്യാമി | എത്തിച്ചേരുമോ? |

ദൈവമപ്യനൃതം വക്തി ന മർത്ത്യാ ഏവ കേവലം
യദ്വിശ്രംഭാദഹം പാപഃ സ്വസുർന്നിഹതവാഞ്ഛിശൂൻ. 17

| | | | |
|---|---|---|---|
| ന മർത്ത്യാഃ ഏവ | "മനുഷ്യർ മാത്രമല്ല | പാപഃ | പാപിയായ |
| ദൈവം അപി | ദൈവംപോലും | അഹം | ഞാൻ |
| കേവലം അനൃതം | തനി നുണ | സ്വസുഃ | സഹോദരിയുടെ |
| വക്തി | പറയുന്നു. | ശിശൂൻ | കുട്ടികളെ |
| യദ്വിശ്രംഭാത് | ആ ദൈവവചനത്തിൽ വിശ്വസിച്ചതുകൊണ്ട് | നിഹതവാൻ | കൊന്നുകളഞ്ഞു. |

മാ ശോചതം മഹാഭാഗാവാത്മജാൻ സ്വകൃതംഭുജഃ
ജന്തവോ ന സദൈകത്ര ദൈവാധീനാസ്സമാസതേ. 18

മഹാഭാഗൌ — "അല്ലയോ ഭാഗ്യശാലികളെ !
സ്വകൃതംഭുജഃ — സ്വകർമ്മഫലം അനുഭവിക്കുന്ന
ആത്മജാൻ — മക്കളെക്കുറിച്ച്
മാ ശോചതം — നിങ്ങൾ സങ്കടപ്പെടരുത്.
ജന്തവഃ — പ്രാണികൾ
ദൈവാധീനാഃ — പ്രാരബ്ധകർമ്മത്തിന്ന് അധീനരാണ്;
സദാ — (അവർ) എപ്പോഴും
ഏകത്ര — ഒരിടത്തുതന്നെ
ന സമാസതേ — ചേർന്നിരിക്കയില്ല.

ഭുവി ഭൌമാനി ഭൂതാനി യഥാ യാന്ത്യപയാന്തി ച
നായമാത്മാ തഥൈതേഷു വിപര്യേതി യഥൈവ ഭൂഃ. 19

ഭുവി — "മണ്ണിൽ
ഭൌമാനി — കുടം മുതലായ മൺപാത്രങ്ങൾ
ആയാന്തി — ഉണ്ടാവുകയും
അപയാന്തി ച — നശിച്ചുപോവുകയും
യഥാ — ചെയ്യുന്നപോലെയാണ്
ഭൂതാനി — ഭൌതികശരീരങ്ങൾ (ആത്മാവിൽ ഉണ്ടാവുന്നതും അതിൽത്തന്നെ വിലയിക്കുന്നതും);
ഏതേഷു — മൺപാത്രങ്ങളിൽ (മൺപാത്രങ്ങൾ നശിച്ചുപോകുമ്പോൾ)
യഥാ — എപ്രകാരം
ഭൂഃ — മണ്ണ് നശിക്കാതെ (വികാരം പ്രാപിക്കാതെ) ഇരിക്കുന്നുവോ,
തഥാ ഏവ — അപ്രകാരംതന്നെ
അയം ആത്മാ — ഈ ആത്മാവും
ന വിപര്യേതി — വികാരം പ്രാപിക്കുന്നില്ല.

യഥാഽനേവംവിദോ ഭേദോ യത ആത്മവിപര്യയഃ
ദേഹയോഗവിയോഗൌ ച സംസൃതിർന്ന നിവർത്തതേ. 20

യഥാഽനേവംവിദഃ — "ശരിക്ക് ഈവിധം അറിയാത്തവന്ന്
ആത്മവിപര്യയഃ — ആത്മവിഷയകമായ വിപരീതബോധം (ദേഹാദികളിൽ ആത്മബുദ്ധി) ജനിക്കുന്നു.
യതഃ — അതുകാരണം
ഭേദഃ — 'ഞാൻ' എന്നും 'അന്യൻ' എന്നുമുള്ള ഭേദവിചാരവും ഉണ്ടാവുന്നു.
ദേഹയോഗവിയോഗൌ ച — പുത്രാദിദേഹങ്ങളോട് ഒത്തുചേരുന്നതും വിട്ടുപിരിയുന്നതും ഇതിനാലാണ്.
സംസൃതിഃ — ആകയാൽ, സംസാരം (സുഖദുഃഖങ്ങൾ)
ന നിവർത്തതേ — ഒഴിയുന്നതേ ഇല്ല.

തസ്മാദ് ഭദ്രേ സ്വതനയാൻ മയാ വ്യാപാദിതാനപി
മാഽനുശോച യതഃ സർവ്വഃ സ്വകൃതം വിന്ദതേഽവശഃ. 21

ഭദ്രേ — "ഹേ ശോഭനേ !
തസ്മാത് — അതുകൊണ്ട്
മയാ — എന്നാൽ
വ്യാപാദിതാൻ — വധിക്കപ്പെട്ട
സ്വതനയാൻ അപി — സ്വന്തം മക്കളെക്കുറിച്ചും
മാ അനുശോച — നീ വ്യസനിക്കരുത്
യതഃ — എന്തെന്നാൽ
സർവ്വഃ — എല്ലാവരും
അവശഃ — ഗത്യന്തരമില്ലാത്തവരായി
സ്വകൃതം — അവനവന്റെ കർമ്മഫലം
വിന്ദതേ — അനുഭവിക്കുന്നു.

യാവദ്ധതോഽസ്മി ഹന്താസ്മീത്യാത്മാനം മന്യതേഽസ്വദൃൿ
താവത്തദഭിമാന്യജ്ഞോ ബാദ്ധ്യബാധകതാമിയാത്. 22

| | | | |
|---|---|---|---|
| ഹതഃ അസ്മി | "'ഞാൻ വധിക്കപ്പെട്ടവനാണെ'ന്നും | തദഭിമാനീ | ദേഹത്തെ ആത്മാവെന്നു കരുതുന്ന |
| ഹന്താ അസ്മി ഇതി | 'ഞാൻ വധിക്കുന്നവനാണെ'ന്നും | അസ്വദൃൿ | ആത്മദൃഷ്ടിയില്ലാത്ത |
| ആത്മാനം | തന്നെക്കുറിച്ച് | അജ്ഞഃ | ആ അജ്ഞാനി |
| യാവത് മന്യതേ താവത് | വിചാരിക്കുന്നേടത്തോളംകാലം, | ബാദ്ധ്യ- ബാധകതാം | ബാധിക്കപ്പെടേണ്ടവനെന്നും ബാധിക്കുന്നവനെന്നും (ഹന്തവ്യനെന്നും ഹന്താവെന്നും) ഉള്ള മനോഭാവത്തെ |
| | | ഇയാത് | അവലംബിക്കും. |

ക്ഷമദ്ധ്വം മമ ദൌരാത്മ്യം സാധവോ ദീനവത്സലാഃ
ഇത്യുക്ത്വാശ്രുമുഖഃ പാദൌ ശ്യാലഃ സ്വസ്രോരഥാഗ്രഹീത്. 23

| | | | |
|---|---|---|---|
| മമ ദൌരാത്മ്യം | എന്റെ ദുഷ്ടതയെ | ഉക്ത്വാ അഥ | പറഞ്ഞശേഷം |
| ക്ഷമദ്ധ്വം | നിങ്ങൾ പൊറുക്കണം. | ശ്യാലഃ | (വസുദേവന്റെ) പത്നീസോദരനായ കംസൻ |
| സാധവഃ | സജ്ജനങ്ങൾ | സ്വസ്രോഃ | സോദരിയുടേയും അവളുടെ ഭർത്താവിന്റേയും |
| ദീനവത്സലാഃ | ദീനാനുകമ്പയുള്ളവരാണല്ലോ" | പാദൌ | പാദങ്ങളെ |
| ഇതി | എന്നിപ്രകാരം | അഗ്രഹീത് | പിടിച്ചു. |
| അശ്രുമുഖഃ | മുഖത്തിൽ കണ്ണീരൊഴുക്കിക്കൊണ്ടു് | | |

മോചയാമാസ നിഗഡാദ്വിശ്രബ്ധഃ കന്യകാഗിരാ
ദേവകീം വസുദേവം ച ദർശയന്നാത്മസൌഹൃദം. 24

| | | | |
|---|---|---|---|
| കന്യകാഗിരാ | മായാദേവിയുടെ വാക്കിനാൽ | ദർശയൻ | കാണിച്ചുകൊണ്ടു് |
| വിശ്രബ്ധഃ | ഇവർ നിരപരാധികളാണെന്ന വിശ്വാസം ജനിച്ച കംസൻ | ദേവകീം | ദേവകിയേയും |
| | | വസുദേവം ച | വസുദേവനേയും |
| | | നിഗഡാത് | വിലങ്ങുചങ്ങലയിൽനിന്നു് |
| ആത്മസൌഹൃദം | തന്റെ സ്നേഹഭാവത്തെ | മോചയാമാസ | വിമുക്തരാക്കി. |

ഭ്രാതുഃ സമനുതപ്തസ്യ ക്ഷാന്ത്വാ രോഷം ച ദേവകീ
വ്യസൃജദ്വസുദേവശ്ച പ്രഹസ്യ തമുവാച ഹ. 25

| | | | |
|---|---|---|---|
| ദേവകീ ച | ദേവകിയും | വ്യസൃജത് | ഉപേക്ഷിച്ചു. |
| സമനുതപ്തസ്യ | പശ്ചാത്തപിച്ച | വസുദേവഃ ച | വസുദേവനും |
| ഭ്രാതുഃ | സഹോദരന്റെ | പ്രഹസ്യ | ചിരിച്ച് |
| ക്ഷാന്ത്വാ | കുറ്റം പൊറുത്തു് | തം | അവനോടു |
| രോഷം | അവനോടുള്ള അമർഷം | ഉവാച ഹ | പറഞ്ഞു. |

ഏവമേതന്മഹാഭാഗ യഥാ വദസി ദേഹിനാം
അജ്ഞാനപ്രഭവോഽഹംധീഃ സ്വാപരേതി ഭിദാ യതഃ. 26

| | |
|---|---|
| മഹാഭാഗ | "അല്ലയോ സൌഭാഗ്യസമ്പന്ന! |
| യഥാ വദസി | എന്തുവിധം താങ്കൾ പറയുന്നുവോ, |
| ഏതത് ഏവം | ഇതു് അങ്ങനെതന്നെ. |
| ദേഹിനാം | മനുഷ്യർക്ക് |
| അഹംധീഃ | ദേഹാദികളിലുള്ള അഹംബുദ്ധി |
| അജ്ഞാനപ്രഭവാ | അജ്ഞാനത്തിൽനിന്നു് ഉത്ഭവിച്ചതാകുന്നു. |
| യതഃ | യാതൊന്നിൽനിന്നു് (ദേഹാദികളിൽ ഉള്ള അഹംബുദ്ധിയിൽനിന്നു്) |
| സ്വപരാ ഇതി | താനെന്നും അന്യനെന്നും ഉള്ള |
| ഭിദാ | ഭേദഭാവനയും ഉണ്ടാവുന്നു. |

ശോകഹർഷഭയദ്വേഷലോഭമോഹമദാന്വിതാഃ
മിഥോ ഘ്നന്തം ന പശ്യന്തി ഭാവൈർഭാവം പൃഥഗ്ദൃശഃ. 27

| | |
|---|---|
| പൃഥഗ്ദൃശഃ | "ഭേദദർശനമുള്ള അജ്ഞാനികൾ |
| ശോകഹർഷ-ഭയദ്വേഷ-ലോഭമോഹ-മദാന്വിതാഃ | വ്യസനം, സന്തോഷം, ഭയം, ദ്വേഷം, അത്യാശ, അറിവുകേട്, ഗർവ്വം എന്നിവയോടു ചേർന്നവരായി |
| ഭാവൈഃ | ജഡപദാർത്ഥങ്ങളാൽ |
| ഭാവം | ജഡപദാർത്ഥങ്ങളെ |
| മിഥഃ | അന്യോന്യം |
| ഘ്നന്തം | നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാലസ്വരൂപനായ ഈശ്വരനെ |
| ന പശ്യന്തി | കാണുന്നില്ല." |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

കംസ ഏവം പ്രസന്നാഭ്യാം വിശുദ്ധം പ്രതിഭാഷിതഃ
ദേവകീവസുദേവാഭ്യാമനുജ്ഞാതോഽവിശദ്ഗൃഹം. 28

| | |
|---|---|
| പ്രസന്നാഭ്യാം | സന്തുഷ്ടരായ |
| ദേവകീ-വസുദേവാഭ്യാം | ദേവകീവസുദേവന്മാരാൽ |
| ഏവം | ഇപ്രകാരം |
| വിശുദ്ധം | കപടമില്ലാതെ |
| പ്രതിഭാഷിതഃ | മറുപടി പറയപ്പെട്ട |
| കംസഃ | കംസൻ |
| അനുജ്ഞാതഃ | (അവരാൽ) അനുവദിക്കപ്പെട്ടു് |
| ഗൃഹം | സ്വഗൃഹത്തിലേക്കു |
| ആവിശത് | പോയി. |

തസ്യാം രാത്ര്യാം വ്യതീതായാം കംസ ആഹൂയ മന്ത്രിണഃ
തേഭ്യ ആചഷ്ട തത്സർവ്വം യദുക്തം യോഗനിദ്രയാ. 29

| | |
|---|---|
| തസ്യാം | ആ |
| രാത്ര്യാം | രാത്രി |
| വ്യതീതായാം | കഴിഞ്ഞശേഷം |
| കംസഃ | കംസൻ |
| മന്ത്രിണഃ | മന്ത്രിമാരെ |
| ആഹൂയ | വിളിച്ചു് |
| യോഗനിദ്രയാ | യോഗമായാദേവിയാൽ |
| യത് | എന്തു |
| ഉക്തം | പറയപ്പെട്ടിരുന്നുവോ, |
| തത് സർവ്വം | അതെല്ലാം |
| തേഭ്യഃ | അവരോടു് |
| ആചഷ്ട | പറഞ്ഞു. |

ആകർണ്യ ഭർത്തുർഗദിതം തമൂചുർദേവശത്രവഃ
ദേവാൻ പ്രതി കൃതാമർഷാ ദൈതേയാ നാതികോവിദാഃ. 30

നാതികോവിദാഃ — ദീർഘാലോചനയ്ക്കു സാമർത്ഥ്യം കുറഞ്ഞവരും,
ദേവശത്രവഃ — ദേവദ്വേഷികളും ആയ
ദൈതേയാഃ — അസുരന്മാർ
ഭർത്തുഃ — രാജാവായ കംസൻെറ
ഗദിതം ആകർണ്യ — വാക്കുകേട്ട്
ദേവാൻ പ്രതി — ദേവന്മാരെക്കുറിച്ച്
കൃതാമർഷാഃ — കോപംകൊണ്ടവരായി,
തം ഊചുഃ — അവനോട് പറഞ്ഞു.

ഏവം ചേത്തർഹി ഭോജേന്ദ്ര പുരഗ്രാമവ്രജാദിഷു
അനിർദ്ദശാന്നിർദ്ദശാംശ്ച ഹനിഷ്യാമോഽദ്യ വൈ ശിശൂൻ. 31

ഭോജേന്ദ്ര — "ഭോജരാജാവേ!
ഏവം ചേത് തർഹി — അങ്ങനെയാണെങ്കിൽ
അദ്യ വൈ — ഇപ്പോൾത്തന്നെ
പുരഗ്രാമ- വ്രജാദിഷു — നഗരങ്ങളിലും, ഗ്രാമങ്ങളിലും, ഇടയത്തെരുവുകളിലും മററും
അനിർദ്ദശാൻ — പ്രസവിച്ചു പത്തുനാൾ കഴിയാത്തവരും
നിർദ്ദശാൻ ച — പത്തുനാൾ കഴിഞ്ഞവരും ആയ
ശിശൂൻ — ശിശുക്കളെ മുഴുവൻ
ഹനിഷ്യാമഃ — ഞങ്ങൾ കൊല്ലുവാൻ പോകുന്നു.

കിമുദ്യമൈഃ കരിഷ്യന്തി ദേവാഃ സമരഭീരവഃ
നിത്യമുദ്വിഗ്നമനസോ ജ്യാഘോഷൈർധനുഷസ്തവ. 32

സമരഭീരവഃ — "യുദ്ധത്തിൽ പേടിയുള്ളവരും,
തവ — അങ്ങയുടെ
ധനുഷഃ — വില്ലിൽനിന്നു പുറപ്പെടുന്ന
ജ്യാഘോഷൈഃ — ഞാണൊലികളാൽ
നിത്യം — എപ്പോഴും
ഉദ്വിഗ്നമനസഃ — ഹൃദയം നടുങ്ങിക്കൊണ്ടിരിക്കുന്നവരും ആയ
ദേവാഃ — ദേവന്മാർ
ഉദ്യമൈഃ — ഉത്സാഹങ്ങൾകൊണ്ട്
കിം കരിഷ്യന്തി — എന്തു ചെയ്വാൻ പോകുന്നു?

അസ്യതസ്തേ ശരവ്രാതൈർഹന്യമാനാഃ സമന്തതഃ
ജിജീവിഷവ ഉത്സൃജ്യ പലായനപരാ യയുഃ. 33

അസ്യതഃ — "എയ്തുകൊണ്ടിരിക്കുന്ന
തേ — അങ്ങയുടെ
ശരവ്രാതൈഃ — അമ്പിൻനിരകളാൽ
സമന്തതഃ — നാലുപുറവും
ഹന്യമാനാഃ — മുറിവേല്പിക്കപ്പെട്ട ദേവന്മാർ
ജിജീവിഷവഃ — ജീവിപ്പാൻ കൊതിച്ചുകൊണ്ട്,
പലായനപരാഃ — 'ഓടുകയേ ഗതിയുള്ളൂ' എന്നു കരുതി,
ഉത്സൃജ്യ — (പോർക്കളം) വിട്ട്
യയുഃ — പോയ്ക്കളഞ്ഞു.

കേചിത് പ്രാഞ്ജലയോ ദീനാ ന്യസ്തശസ്ത്രാ ദിവൌകസഃ
മുക്തകച്ഛശിഖാഃ കേചിദ് ഭീതാഃ സ്മ ഇതി വാദിനഃ. 34

കേചിത് ദിവൌകസഃ — "ചില ദേവന്മാർ
ദീനാഃ — ദൈന്യം കലർന്നവരായി
ന്യസ്തശസ്ത്രാഃ — ആയുധം താഴെവെച്ചുകൊണ്ട്
പ്രാഞ്ജലയഃ — കൂപ്പുകൈയോടെ നിന്നു.
കേചിത് — മററു ചില ദേവന്മാർ
മുക്തകച്ഛശിഖാഃ — പോർക്കച്ചയും തലക്കെട്ടും അഴിച്ച്
ഭീതാഃ സ്മഃ — 'ഞങ്ങൾ ഭയന്നിരിക്കുന്നു'
ഇതി വാദിനഃ — എന്നു പറഞ്ഞുനിന്നു.

ന ത്വം വിസ്മൃതശസ്ത്രാസ്ത്രാൻ വിരഥാൻ ഭയസംവൃതാൻ
ഹംസ്യന്യാസക്തവിമുഖാൻ ഭഗ്നചാപാനയുധ്യതഃ. 35

| | | | |
|---|---|---|---|
| വിസ്മൃത- ശസ്ത്രാസ്ത്രാൻ | "ആയുധപ്രയോഗവിദ്യ കളം മറന്നവരേയും, | അന്യാസക്ത- വിമുഖാൻ | മറ്റൊരുത്തനോടു യുദ്ധം ചെയ്യുന്നവരോ, യുദ്ധത്തിൽ പിൻതിരിഞ്ഞവരോ ആയുള്ളവരേയും, |
| വിരഥാൻ | തേരില്ലാതെ വിഷമിക്കുന്നവരേയും, | ഭഗ്നചാപാൻ | വില്ലൊടിഞ്ഞവരേയും, |
| ഭയസംവൃതാൻ | പേടികൊണ്ടു ശരണം പ്രാപിച്ചവരേയും, | അയുദ്ധ്യതഃ | യുദ്ധംചെയ്യാത്തവരേയും, |
| | | ത്വം ന ഹംസി | താങ്കൾ കൊല്ലാറില്ല. |

കിം ക്ഷേമശൂരൈർവിബുധൈരസംയുഗവികത്ഥനൈഃ
രഹോജുഷാ കിം ഹരിണാ ശംഭുനാ വാ വനൌകസാ
കിമിന്ദ്രേണാല്പവീര്യേണ ബ്രഹ്മണാ വാ തപസ്യതാ. 36

| | | | |
|---|---|---|---|
| ക്ഷേമശൂരൈഃ | "പേടിയില്ലാത്തദിക്കിൽ ശൂരത കാട്ടുന്നവരും, | കിം | എന്തു സാധിക്കും? |
| അസംയുഗ- വികത്ഥനൈഃ | യുദ്ധമില്ലാത്തപ്പോഴം വീരവാദം നടത്തുന്നവരും ആയ | വനൌകസാ | കാട്ടിലിരിക്കുന്ന |
| | | ശംഭുനാ വാ | ശിവനെക്കൊണ്ടോ, |
| | | അല്പവീര്യേണ | വീര്യം കുറഞ്ഞ |
| വിബുധൈഃ | ദേവന്മാരെക്കൊണ്ടു് | ഇന്ദ്രേണ | ഇന്ദ്രനെക്കൊണ്ടോ, |
| കിം | എന്തു കഴിയും? | തപസ്യതാ | തപസ്സുചെയ്തുകൊണ്ടിരിക്കുന്ന |
| രഹോജുഷാ | എവിടെയോ ഒളിഞ്ഞിരിക്കുന്ന | ബ്രഹ്മണാ വാ | ബ്രഹ്മാവിനാലോ |
| ഹരിണാ | മഹാവിഷ്ണുവിനെക്കൊണ്ടു് | കിം | സാദ്ധ്യമായതെന്തു്? |

തഥാഽപി ദേവാഃ സാപത്ന്യാന്നോപേക്ഷ്യാ ഇതി മന്മഹേ
തതസ്തന്മൂലഖനനേ നിയുങ്ക്ഷ്വാസ്മാനനുവ്രതാൻ. 37

| | | | |
|---|---|---|---|
| തഥാപി | "എങ്കിലുംകൂടി | തതഃ | അതുകൊണ്ടു് |
| ദേവാഃ | ദേവന്മാർ | തന്മൂലഖനനേ | അവരുടെ കട പുഴക്കിയെടുക്കുന്ന കാര്യത്തിൽ |
| സാപത്ന്യാത് | ശത്രുക്കളാകകൊണ്ടു് | | |
| ഉപേക്ഷ്യാഃ ന | അവഗണിക്കപ്പെടേണ്ടവരല്ല | അനുവ്രതാൻ | സേവകന്മാരായ |
| | | അസ്മാൻ | ഞങ്ങളെ |
| ഇതി മന്മഹേ | എന്നു ഞങ്ങൾ കരുതുന്നു. | നിയുങ്ക്ഷ്വ | നിയോഗിച്ചാലും. |

യഥാഽഽമയോഽംഗേ സമുപേക്ഷിതോ നൃഭി-
ർന്ന ശക്യതേ രൂഢപദശ്ചികിത്സിതും
യഥേന്ദ്രിയഗ്രാമ ഉപേക്ഷിതസ്തഥാ
രിപുർമ്മഹാൻ ബദ്ധബലോ ന ചാല്യതേ. 38

| | |
|---|---|
| യഥാ | "ഏതുപ്രകാരം |
| അംഗേ | ശരീരത്തിലുണ്ടായ |
| ആമയഃ | രോഗം |
| നൃഭിഃ | മനുഷ്യരാൽ |
| സമുപേക്ഷിതഃ | തുടക്കത്തിൽ വകവെക്കപ്പെടാതെ |
| രൂഢപാദഃ | വേരുറച്ച്, |
| ചികിത്സിതും | പിന്നീടു ചികിത്സിച്ചു ഭേദമാക്കാൻ |
| ന ശക്യതേ | സാദ്ധ്യമാകാതെ വരുന്നുവോ; |
| യഥാ | ഏതുപ്രകാരം |
| ഇന്ദ്രിയഗ്രാമഃ | ഇന്ദ്രിയസമൂഹം (ആദ്യത്തിൽ നിയന്ത്രിക്കാതിരിക്കകൊണ്ടു് വിഷയാസക്തമായി, ക്രമത്തിൽ നിയന്ത്രണാതീതമാകുന്നുവോ) |
| തഥാ | അപ്രകാരംതന്നെ |
| ഉപേക്ഷിതഃ രിപുഃ | ആദ്യം നിസ്സാരനെന്നു കരുതി ഒതുക്കിവെക്കാതെ തള്ളപ്പെട്ട ശത്രുവും |
| ബദ്ധബലഃ | ക്രമത്തിൽ ശക്തിചേൎന്നു് |
| മഹാൻ | വലുതായി |
| ന ചാല്യതേ | സ്ഥാനത്തുനിന്നു് ഇളക്കുവാൻ സാധിക്കപ്പെടാതെയായിത്തീരുന്നു. |

മൂലം ഹി വിഷ്ണുർദ്ദേവാനാം യത്ര ധൎമ്മഃ സനാതനഃ
തസ്യ ച ബ്രഹ്മഗോവിപ്രാസ്തപോ യജ്ഞാഃ സദക്ഷിണാഃ. 39

| | |
|---|---|
| വിഷ്ണുഃ ഹി | "വിഷ്ണുതന്നെയാണ് |
| ദേവാനാം | ദേവന്മാരുടെ |
| മൂലം | ആണിവേര്. |
| യത്ര | യാതൊരിടത്ത് |
| സനാതനഃ | സനാതനമായ വേദത്താൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന |
| ധൎമ്മഃ | ധൎമ്മം സ്ഥിതിചെയ്യുന്നുവോ, (അവിടെ വിഷ്ണുവും സ്ഥിതിചെയ്യുന്നു.) |
| തസ്യ ച | ആ ധൎമ്മത്തിന്റെ (വേരുകൾ) |
| ബ്രഹ്മഗോവിപ്രാഃ | വേദവും, പശുക്കളും, ബ്രാഹ്മണരും, |
| തപഃ | തപസ്സും, |
| സദക്ഷിണാഃ | ദക്ഷിണയോടുകൂടിയ |
| യജ്ഞാഃ | യാഗാദികൎമ്മങ്ങളും ആകുന്നു. |

തസ്മാത് സൎവ്വാത്മനാ രാജൻ ബ്രാഹ്മണാൻ ബ്രഹ്മവാദിനഃ
തപസ്വിനോ യജ്ഞശീലാൻ ഗാശ്ച ഹന്മോ ഹവിർദ്ദുഘാഃ. 40

| | |
|---|---|
| തസ്മാത് | "അതിനാൽ, |
| രാജൻ | അല്ലയോ രാജാവേ! |
| ബ്രഹ്മവാദിനഃ | വേദോപദേശം ചെയ്യുന്ന |
| ബ്രാഹ്മണാൻ | ബ്രാഹ്മണരേയും, |
| തപസ്വിനഃ | താപസന്മാരേയും, |
| യജ്ഞശീലാൻ | യാഗാദികൾ അനുഷ്ഠിക്കുന്നവരേയും, |
| ഹവിർദ്ദുഘാഃ | ഹവിസ്സിനെ കറന്നെടുക്കുന്ന |
| ഗാഃ ച | പശുക്കളേയും |
| സൎവ്വാത്മനാ | എല്ലാവിധം പ്രയത്നങ്ങളെക്കൊണ്ടും |
| ഹന്മഃ | ഞങ്ങൾ കൊന്നുകളഞ്ഞേക്കാം. |

വിപ്രാ ഗാവശ്ച വേദാശ്ച തപഃ സത്യം ദമഃ ശമഃ
ശ്രദ്ധാ ദയാ തിതിക്ഷാ ച ക്രതവശ്ച ഹരേസ്തനുഃ 41

| | |
|---|---|
| വിപ്രാഃ | "ബ്രാഹ്മണരും, |
| ഗാവഃ ച | പശുക്കളും; |
| വേദാഃ തപഃ സത്യം ദമഃ ശമഃ ച | വേദങ്ങൾ, തപസ്സ്, സത്യം, ഇന്ദ്രിയ നിഗ്രഹം, മനോനിയന്ത്രണം എന്നിവയും; |
| ശ്രദ്ധാ ദയാ തിതിക്ഷാ ച | വിശ്വാസം, കാരുണ്യം, സഹനശക്തി എന്നിവയും; |
| ക്രതവഃ ച | യാഗങ്ങളും |
| ഹരേഃ തനുഃ | വിഷ്ണുവിന്റെ ശരീരമാകുന്നു, |

സ ഹി സർവ്വസുരാധ്യക്ഷോ ഹ്യസുരദ്വിഡ്ഗുഹാശയഃ
തന്മൂലാഃ ദേവതാഃ സർവ്വാഃ സേശ്വരാഃ സചതുർമ്മുഖാഃ
അയം വൈ തദ്വധോപായോ യദൃഷീണാം വിഹിംസനം. 42

| | | | |
|---|---|---|---|
| ഹി | "യാതൊന്നുകൊണ്ട് | സർവ്വാഃ ദേവതാഃ | എല്ലാ ദേവന്മാരും |
| സഃ ഹി | അവൻ (വിഷ്ണു) തന്നെ | തന്മൂലാഃ | അവനാകുന്ന ആദികാരണത്തോടുകൂടിയവരാകുന്നുവോ, (അതുകൊണ്ട്) |
| അസുരദ്വിട് | അസുരവിദ്വേഷിയായി, | ഋഷീണാം | മഹർഷിമാരുടെ |
| ഗുഹാശയഃ | (എല്ലാവരുടേയും അന്തഃകരണമാവുന്ന) ഗുഹയ്ക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്നവനായി, | വിഹിംസനം | വധം നടത്തുക എന്നത് |
| സർവ്വ-സുരാദ്ധ്യക്ഷഃ | എല്ലാ ദേവന്മാർക്കും അധീശനായി ഇരിക്കുന്നുവോ, | യത് | യാതൊന്നോ |
| സേശ്വരാഃ സചതുർമുഖാഃ | പരമേശ്വരനോടുകൂടിയവരും, ബ്രഹ്മാവിനോടുകൂടിയവരും ആയ | അയം വൈ | ഇതൊന്നുമാത്രമാണ് |
| | | തദ്വധോപായഃ | അവനെ കൊല്ലുവാനുള്ള ഉപായം." |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം ദുർമ്മന്ത്രിഭിഃ കംസഃ സഹ സമ്മന്ത്ര്യ ദുർമ്മതിഃ
ബ്രഹ്മഹിംസാം ഹിതം മേനേ കാലപാശാവൃതോഽസുരഃ. 43

| | | | |
|---|---|---|---|
| കാലപാശാവൃതഃ | കാലപാശത്താൽ ചുററപ്പെട്ടവനും, | ഏവം | ഇപ്രകാരം |
| അസുരഃ | ദേവവിരോധിയും | സമ്മന്ത്ര്യ | കാര്യ്യാലോചന ചെയ്തശേഷം |
| ദുർമ്മതിഃ | ദുർബ്ബുദ്ധിയും ആയ | ബ്രഹ്മഹിംസാം | ബ്രാഹ്മണരെ ഹിംസിക്കുന്നത് |
| കംസഃ | കംസൻ | | |
| ദുർമ്മന്ത്രിഭിഃ സഹ | ദുഷ്ടമന്ത്രികളോടുകൂടി | ഹിതം മേനേ | ഗുണകരമാകുമെന്നു കരുതി. |

സന്ദിശ്യ സാധുലോകസ്യ കദനേ കദനപ്രിയാൻ
കാമരൂപധരാൻ ദിക്ഷു ദാനവാൻ ഗൃഹമാവിശത്. 44

| | | | |
|---|---|---|---|
| കദനപ്രിയാൻ | പരപീഡനത്തിൽ താൽപര്യ്യമുള്ളവരും, | ദിക്ഷു | നാനാദിക്കുകളിലുള്ള |
| കാമരൂപധരാൻ | ഇഷ്ടംപോലെ വേഷം മാററാൻ കഴിവുള്ളവരും ആയ | സാധുലോകസ്യ | സജ്ജനങ്ങൾക്ക് |
| | | കദനേ | ഉപദ്രവം ജനിപ്പിക്കുന്ന കാര്യ്യത്തിൽ |
| | | സന്ദിശ്യ | ആജ്ഞാപിച്ച് |
| ദാനവാൻ. | അസുരന്മാരെ | ഗൃഹം ആവിശത് | ഗൃഹത്തിലേക്ക് പോയി. |

തേ വൈ രജഃപ്രകൃതയസ്തമസാ മൂഢചേതസഃ
സതാം വിദ്വേഷമാചേരുരാരാദാഗതമൃത്യവഃ. 45

| | | | |
|---|---|---|---|
| രജഃപ്രകൃതയഃ | രജോഗുണപ്രകൃതികളും | മൂഢചേതസഃ | മന്ദബുദ്ധികളും ആയ |
| തമസാ | തമോഗുണത്താൽ | തേ വൈ | ആ അസുരന്മാരാകട്ടെ, |

| | | | |
|---|---|---|---|
| ആരാത് | സമീപത്ത് | സതാം വിദ്വേഷം | സജ്ജനദ്രോഹം |
| ആഗതമൃത്യവഃ | എത്തിക്കഴിഞ്ഞ മരണത്തോടു കൂടിയവരായിട്ടു | ആചേരുഃ | ചെയ്തുതുടങ്ങി. |

ആയുഃ ശ്രിയം യശോ ധൎമ്മം ലോകാനാശിഷ ഏവ ച
ഹന്തി ശ്രേയാംസി സൎവ്വാണി പുംസോ മഹദതിക്രമഃ. 46

| | | | |
|---|---|---|---|
| മഹദതിക്രമഃ | മഹാജനങ്ങളിൽ ചെയ്യുന്ന ധിക്കാരം | ധൎമ്മം | പുണ്യത്തേയും |
| പുംസഃ | മനുഷ്യന്റെ | ലോകാൻ | ഇഹപരലോകങ്ങളേയും |
| ആയുഃ | ആയുസ്സിനേയും | ആശിഷഃ ഏവ | ആഗ്രഹങ്ങളേയും |
| ശ്രിയം | ഐശ്വൎയ്യത്തേയും | സൎവ്വാണി ശ്രേയാംസി ച | മറെറല്ലാ ശ്രേയസ്സുകളേയും |
| യശഃ | കീൎത്തിയേയും | ഹന്തി | നശിപ്പിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
കംസോദ്യമനിരൂപണം നാമ ചതുൎത്ഥോऽദ്ധ്യായഃ സമാപ്തഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 210.

## പഞ്ചമോऽദ്ധ്യായഃ—അഞ്ചാം അദ്ധ്യായം.

[പഞ്ചമേ ജാതകം നന്ദഃ സൂനോഃ കൃത്വാ മഹോത്സവം
ഗത്വാऽഥ മഥുരാം പ്രാപ വസുദേവാഗമോത്സവം.]

(ഭഗവാന്റെ ജാതകമ്മോത്സവം; നന്ദഗോപർ മഥുരയിലേക്ക് പോകുന്നതു്; നന്ദവസുദേവന്മാരുടെ സംഭാഷണം.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

നന്ദസ്ത്വാത്മജ ഉത്പന്നേ ജാതാഹ്ലാദോ മഹാമനാഃ
ആഹൂയ വിപ്രാൻ വൈദജ്ഞാൻ സ്നാതഃ ശുചിരലംകൃതഃ. 1

വാചയിത്വാ സ്വസ്ത്യയനം ജാതകൎമ്മാത്മജസ്യ വൈ
കാരയാമാസ വിധിവത് പിതൃദേവാൎച്ചനം തഥാ. 2

| | | | |
|---|---|---|---|
| നന്ദഃ തു | നന്ദഗോപരാകട്ടെ | ആത്മജസ്യ | പുത്രന്നു് |
| ആത്മജേ ഉത്പന്നേ | തനിക്ക് ഉണ്ണി ഉണ്ടായപ്പോൾ | സ്വസ്ത്യയനം വാചയിത്വാ | സ്വസ്തിവാചനം ചെയ്യിച്ചശേഷം |
| ജാതാഹ്ലാദഃ | സന്തുഷ്ടനും | ജാതകൎമ്മ | ജാതകൎമ്മമെന്ന സംസ്കാരത്തെ |
| മഹാമനാഃ | ഉദാരഹൃദയനും ആയിട്ടു് | | |
| സ്നാതഃ ശുചിഃ | കുളിച്ചു്, ശുദ്ധനായി, | വിധിവത് | ശാസ്ത്രവിധിപോലെ |
| അലംകൃതഃ | അലങ്കരിച്ചു. | കാരയാമാസ | നടത്തിച്ചു. |
| വൈദജ്ഞാൻ | ജ്യോതിഷം അറിവുള്ള | തഥാ | അപ്രകാരം |
| വിപ്രാൻ | മഹാബ്രാഹ്മണരെ | പിതൃദേവാൎച്ചനം വൈ | പിതൃദേവന്മാൎക്ക് നാന്ദീമുഖശ്രാദ്ധവും ചെയ്യിച്ചു. |
| ആഹൂയ | വരുത്തി, | | |

ധേനൂനാം നിയുതേ പ്രാദാദ്വിപ്രേഭ്യഃ സമലംകൃതേ
തിലാദ്രീൻ സപ്ത രത്നൌഘശാതകൌംഭാംബരാവൃതാൻ. 3

സമലംകൃതേ — ഭംഗിയോടെ അലങ്കരിക്കപ്പെട്ട
ധേനൂനാം നിയുതേ — രണ്ടുലക്ഷം പശുക്കളേയും,
രത്നൌഘശാതകൌംഭാംബരാവൃതാൻ — രത്നസമൂഹം, തങ്കപ്പട്ടുകൾ എന്നിവയാൽ ആച്ഛാദിതങ്ങളായ
സപ്ത തിലാദ്രീൻ — ഏഴു തിലപർവ്വതങ്ങളേയും *
വിപ്രേഭ്യഃ — മഹാബ്രാഹ്മണർക്ക്
പ്രാദാത് — ദാനം ചെയ്തു.

കാലേന സ്നാനശൌചാഭ്യാം സംസ്കാരൈസ്തപസേജ്യയാ
ശുദ്ധ്യന്തി ദാനൈഃ സന്തുഷ്ട്യാ ദ്രവ്യാണ്യാത്മാഽഽത്മവിദ്യയാ. 4

കാലേന — കാലംകൊണ്ടും,
സ്നാനശൌചാഭ്യാം — കുളി, പ്രക്ഷാളനം എന്നിവകൊണ്ടും
സംസ്കാരൈഃ — ജാതകർമ്മാദി സംസ്കാരങ്ങൾകൊണ്ടും,
തപസാ — തപസ്സുകൊണ്ടും,
ഇജ്യയാ — യാഗംകൊണ്ടും,
ദാനൈഃ — ദാനങ്ങൾകൊണ്ടും,
സന്തുഷ്ട്യാ — സന്തോഷംകൊണ്ടും,
ദ്രവ്യാണി — (മണ്ണ്, ദേഹം, വസ്ത്രം, ജനിച്ചശിശു, ഇന്ദ്രിയങ്ങൾ, ബ്രാഹ്മണൻ, ധനധാന്യാദി, മനസ്സ് എന്നീ) പദാർത്ഥങ്ങൾ
ശുദ്ധ്യന്തി — യഥാക്രമം ശുദ്ധമായിത്തീരുന്നു.
ആത്മാ ആത്മവിദ്യയാ — ജീവൻ പരമാത്മജ്ഞാനത്താലും ശുദ്ധമാകുന്നു.

സൌമംഗല്യഗിരോ വിപ്രാഃ സൂതമാഗധബന്ദിനഃ
ഗായകാശ്ച ജഗുർന്നേദുർഭേര്യോ ദുന്ദുഭയോ മുഹുഃ. 5

വിപ്രാഃ — ബ്രാഹ്മണർ
സൂതമാഗധബന്ദിനഃ — പൌരാണികന്മാർ, വംശപ്രശംസകന്മാർ, സ്തുതിപാഠകന്മാർ എന്നിവർ
സൌമംഗല്യഗിരഃ — മംഗളവചനങ്ങൾ ചൊല്ലി;
ഗായകാഃ ജഗുഃ — പാട്ടുകാർ പാടി;
ഭേര്യഃ — ഭേരികളും
ദുന്ദുഭയഃ ച — ദുന്ദുഭിവാദ്യങ്ങളും
മുഹുഃ നേദുഃ — ഇടയ്ക്കിടയ്ക്കു മുഴങ്ങി.

വ്രജഃ സമ്മൃഷ്ടസംസിക്തദ്വാരാജിരഗൃഹാന്തരഃ
ചിത്രധ്വജപതാകാസ്രക്ചൈലപല്ലവതോരണൈഃ. 6

സംമൃഷ്ട-സംസിക്ത-ദ്വാരാജിര-ഗൃഹാന്തരഃ — അടിച്ചു തളിച്ചു വൃത്തിയാക്കിയ ഉമ്മറം, മുററം, ഗൃഹാന്തർഭാഗം എന്നിവയോടു ചേർന്ന
വ്രജഃ — ഗോകുലം
ചിത്രധ്വജ-പതാകാസ്രക്-ചൈലപല്ലവതോരണൈഃ — പലനിറമുള്ള കൊടിക്കൂറകൾകൊണ്ടും, പൂമാലകൾകൊണ്ടും, തുണികൾ തളിരുകൾ എന്നിവയാലുള്ള തോരണങ്ങൾകൊണ്ടും (അലംകൃതമായി)

---

* പത്തു ദ്രോണം എള്ളു കുമ്പാരമായി കൂട്ടിയതിന്നാണ് 'തിലപർവ്വതം' എന്നു പറയുന്നത്. 1 ദ്രോണം = 16 ഇടങ്ങഴി.

ഗാവോ വൃഷാ വത്സതരാ ഹരിദ്രാതൈലരൂഷിതാഃ
വിചിത്രധാതുബർഹസ്രഗ്വസ്ത്രകാഞ്ചനമാലിനഃ 7

ഗാവഃ — പശുക്കളും,
വൃഷാഃ — കാളകളും,
വത്സതരാഃ — പശുക്കുട്ടികളും
ഹരിദ്രാ– തൈലരൂഷിതഃ — മഞ്ഞൾപ്പൊടിയിട്ട എണ്ണ തേപ്പിക്കപ്പെട്ട്,
വിചിത്രധാതു– ബർഹസ്ര– ഗ്വസ്ത്ര– കാഞ്ചന– മാലിനഃ — പലനിറമുള്ള മനയോല, മയിൽപ്പീലിമാലകൾ, വസ്ത്രം, പൊൻചങ്ങല എന്നിവയണിഞ്ഞുകൊണ്ട് നിന്നു.

മഹാർഹവസ്ത്രാഭരണകഞ്ചുകോഷ്ണീഷഭൂഷിതാഃ
ഗോപാഃ സമായയൂ രാജൻ നാനോപായനപാണയഃ. 8

രാജൻ — രാജാവേ!
ഗോപാഃ — ഗോപന്മാർ
മഹാർഹ– വസ്ത്രാഭരണ– കഞ്ചുകോഷ്ണീഷ– ഭൂഷിതാഃ — വിലപ്പിടിച്ച വസ്ത്രാഭരണങ്ങൾ, കുപ്പായം, തലപ്പാവ് എന്നിവയാൽ അലംകൃതരായി
നാനോപായന– പാണയഃ — അനേകം കാഴ്ചകൾ കൈയിലെടുത്തുകൊണ്ട്
സമായയുഃ — സന്തോഷപൂർവ്വം എത്തിച്ചേർന്നു.

ഗോപ്യശ്ചാകർണ്ണ്യ മുദിതാ യശോദായാഃ സുതോത്ഭവം
ആത്മാനം ഭൂഷയാഞ്ചക്രുർവ്വസ്ത്രാകല്പാഞ്ജനാദിഭിഃ. 9

യശോദായാഃ — യശോദക്ക്
സുതോദ്ഭവം — പുത്രനുണ്ടായത്
ആകർണ്യ — കേട്ട്,
മുദിതാഃ — സന്തോഷിച്ച
ഗോപ്യഃ ച — ഗോപസ്ത്രീകളും
വസ്ത്രാകല്പാഞ്ജ– നാദിഭിഃ — നല്ല വസ്ത്രങ്ങൾ, ആഭരണങ്ങൾ, കൺമഷി എന്നിവകളാലും മറ്റും
ആത്മാനം — സ്വദേഹത്തെ
ഭൂഷയാഞ്ചക്രുഃ — അലങ്കരിച്ചു.

നവകുങ്കുമകിഞ്ജൽക്കമുഖപങ്കജഭൂതയഃ
ബലിഭിസ്ത്വരിതം ജഗ്മുഃ പൃഥുശ്രോണ്യശ്ചലത്കുചാഃ. 10

നവകുങ്കുമ– കിഞ്ജൽക്കമുഖ– പങ്കജഭൂതയഃ — പുതുകുങ്കുമംകൊണ്ടു പൊട്ടുതൊട്ട് അതാവുന്ന കേസരത്താൽ മുഖകമലത്തിൽ ശോഭാതിശയം ചേർന്നവരും,
പൃഥുശ്രോണ്യഃ — പുഷ്ടിയുള്ള നിതംബത്തോടുകൂടിയവരും,
ചലത്കുചാഃ — തുളുമ്പുന്ന സ്തനങ്ങളോടുകൂടിയവരും (ആയ ഗോപികമാർ)
ബലിഭിഃ — മംഗളദ്രവ്യങ്ങളോടുകൂടി
ത്വരിതം — ദ്രുതിയിൽ
ജഗ്മുഃ — (നന്ദഗൃഹത്തിലേക്ക്) പോയി.

ഗോപ്യഃ സുമൃഷ്ടമണികുണ്ഡല[illegible] കണ്ഠ്യ-
ശ്ചിത്രാംബരാഃ പഥി ശിഖാച്യുതമാല്യവർഷാഃ
നന്ദാലയം സവലയാ വ്രജതീർവ്വിരേജു-
ർവ്വ്യാലോലകുണ്ഡലപയോധരഹാരശോഭാഃ. 11

| | |
|---|---|
| സുമൃഷ്ട- മണികുണ്ഡല- നിഷ്കകണ്ഠ്യഃ | തുടച്ചു തിളക്കം വരുത്തിയ രത്നകുണ്ഡലങ്ങൾ കാതിലിട്ട് കഴുത്തിൽ പൊൻപതക്കം കെട്ടിയിരിക്കുന്നവരും, |
| ചിത്രാംബരാഃ | നിറപ്പകിട്ടുള്ള വസ്ത്രം ധരിച്ചവരും, |
| സവലയാഃ | കാപ്പണിഞ്ഞിരിക്കുന്നവരും ആയ |
| ഗോപ്യഃ | ഗോപസ്ത്രീകൾ |
| നന്ദാലയം | നന്ദഗോപഗൃഹത്തിലേക്ക് |
| വ്രജതീഃ | പോയ്ക്കൊണ്ടിരിക്കെ, |
| പഥി | വഴിയിൽ |
| ശിഖാച്യുത- മാല്യവർഷാഃ | തലമുടിക്കെട്ടിൽനിന്നു ഉതിർന്ന പൂമാലകളുടെ വർഷത്തോടുകൂടിയവരായി, |
| വ്യാലോല- കുണ്ഡല- പയോധര- ഹാരശോഭാഃ | ഇളകുന്ന കർണ്ണഭൂഷണങ്ങളുടേയും, മാറിടത്തിലുള്ള മുത്തുമാലകളുടേയും ശോഭയോടുകൂടിയവരായി |
| വിരേജുഃ | വിശേഷിച്ചും ശോഭിച്ചു. |

താ ആശിഷഃ പ്രയുഞ്ജാനാശ്ചിരം പാഹീതി ബാലകേ
ഹരിദ്രാചൂർണ്ണതൈലാദ്ഭിഃ സിഞ്ചന്ത്യോ ജനമുജ്ജഗുഃ. 12

| | |
|---|---|
| താഃ | ആ ഗോപികമാർ |
| ചിരം പാഹി | " നീണാൾ വാഴട്ടെ " |
| ഇതി | എന്നുപറഞ്ഞ് |
| ബാലകേ | ബാലന്ന് |
| ആശിഷം പ്രയുഞ്ജാനാഃ | ആശീർവ്വാദം ചെയ്ത്, |
| ഹരിദ്രാചൂർണ്ണ- തൈലാദ്ഭിഃ | മഞ്ഞൾപ്പൊടിയിട്ട എണ്ണകലർത്തിയ വെള്ളം കൊണ്ട് |
| ജനം | ആളുകളെ |
| സിഞ്ചന്ത്യഃ | കോരിത്തളിച്ച് |
| ഉജ്ജഗുഃ | ഉച്ചരാഗത്തിൽ പാടി. |

അവാദ്യന്ത വിചിത്രാണി വാദിത്രാണി മഹോത്സവേ
കൃഷ്ണേ വിശ്വേശ്വരേഽനന്തേ നന്ദസ്യ വ്രജമാഗതേ. 13

| | |
|---|---|
| വിശ്വേശ്വരേ | ലോകനായകനും |
| അനന്തേ | കാലദേശങ്ങളുടെ അതിര് ഇല്ലാത്തവനും ആയ |
| കൃഷ്ണേ | ശ്രീകൃഷ്ണഭഗവാൻ |
| നന്ദസ്യ | നന്ദഗോപരുടെ |
| വ്രജം | ഗോകുലത്തിലേക്ക് |
| ആഗതേ | വന്നുചേർന്നതായ |
| മഹോത്സവേ | മഹോത്സവത്തിൽ |
| വിചിത്രാണി | പലതരത്തിലുള്ള |
| വാദിത്രാണി | വാദ്യങ്ങൾ |
| അവാദ്യന്ത | മുഴക്കപ്പെട്ടു. |

ഗോപാഃ പരസ്പരം ഹൃഷ്ടാ ദധിക്ഷീരഘൃതാംബുഭിഃ
ആസിഞ്ചന്തോ വിലിംപന്തോ നവനീതൈശ്ച ചിക്ഷിപുഃ 14

| | |
|---|---|
| ഹൃഷ്ടാഃ | സന്തുഷ്ടരായ |
| ഗോപാഃ | ഗോപന്മാർ |
| ദധിക്ഷീര- ഘൃതാംബുഭിഃ | തൈർ, പാൽ, നെയ്യ്, വെള്ളം എന്നിവയാൽ |
| ആസിഞ്ചന്തഃ | അന്യോന്യം തളിച്ചും, |
| നവനീതൈഃ | പുതുവെണ്ണയാൽ |
| വിലിമ്പന്തഃ ച | മുഖത്തു് ഇഴുകെത്തേച്ചും, |
| ചിക്ഷിപുഃ | ഉന്തിത്തള്ളിക്കളിച്ചു. |

നന്ദോ മഹാമനാസ്തേഭ്യോ വാസോഽലങ്കാരഗോധനം
സൂതമാഗധവന്ദിഭ്യോ യേഽന്യേ വിദ്യോപജീവിനഃ. 15

തൈസ്തൈഃ കാമൈരദീനാത്മാ യഥോചിതമപൂജയത്
വിഷ്ണോരാരാധനാർത്ഥായ സ്വപുത്രസ്യോദയായ ച. 16

| | |
|---|---|
| മഹാമനാഃ | ഉദാരചിത്തനും |
| അദീനാത്മാ | മനസ്സന്തോഷം കലൎന്നവനും ആയ |
| നന്ദഃ | നന്ദഗോപർ |
| വിഷ്ണോഃ | മഹാവിഷ്ണുവിന്റെ |
| ആരാധനാർത്ഥായ | പ്രസാദത്തിനുവേണ്ടിയും, |
| സ്വപുത്രസ്യ | സ്വന്തം പുത്രന്റെ |
| ഉദയായ ച | അഭ്യുദയത്തിന്നായും |
| സൂതമാഗധവന്ദിഭ്യഃ | സൂതന്മാർ, മാഗധന്മാർ, വന്ദികൾ എന്നിവൎക്ക് |
| വാസോഽലങ്കാരഗോധനം | വസ്ത്രാഭരണങ്ങളേയും പശുക്കളേയും കൊടുത്തു, |
| വിദ്യോപജീവിനഃ | കലാശാസ്ത്രാദിവിദ്യകൾ കൊണ്ടു് ഉപജീവിക്കുന്നവർ |
| യേ, തേഭ്യഃ | ആരെല്ലാമോ, അവൎക്കൊക്കെയും |
| തൈഃ തൈഃ കാമൈഃ | അതാതുപേരുടെ ആഗ്രഹത്തിന്നൊത്ത അതാതു വസ്തുക്കളാൽ |
| യഥോചിതം | യോഗ്യതാനുസാരം |
| അപൂജയത് | സൽക്കാരം ചെയ്തു. |

രോഹിണീ ച മഹാഭാഗാ നന്ദഗോപാഭിനന്ദിതാ
വ്യചരദ്ദിവ്യവാസഃസ്രക്കണ്ഠാഭരണഭൂഷിതാ. 17

| | |
|---|---|
| മഹാഭാഗാ | മഹാഭാഗ്യമുള്ളവളും, |
| നന്ദഗോപാഭിനന്ദിതാ | നന്ദഗോപരാൽ അഭിനന്ദിക്കപ്പെട്ടവളും, |
| ദിവ്യവാസഃസ്രക്കണ്ഠാഭരണഭൂഷിതാ | ദിവ്യവസ്ത്രങ്ങളാലും, മാലകളാലും, കണ്ഠാഭരണങ്ങളാലും അലങ്കരിക്കപ്പെട്ടവളും ആയ |
| രോഹിണീ ച | രോഹിണിയാകട്ടെ |
| വ്യചരത് | ദുഃഖം മറന്നു ഗൃഹകൃത്യങ്ങൾ നടത്തി. |

തത ആരഭ്യ നന്ദസ്യ വ്രജഃ സൎവ്വസമൃദ്ധിമാൻ
ഹരേർന്നിവാസാത്മഗുണൈ രമാക്രീഡമഭൂന്നൃപ. 18

| | |
|---|---|
| നൃപ | രാജാവേ! |
| തതഃ ആരഭ്യ | അന്നുമുതല്ക്കു് |
| നന്ദസ്യ വ്രജഃ | നന്ദഗോപരുടെ ഗോകുലം |
| സൎവ്വസമൃദ്ധിമാൻ | എല്ലാ സമൃദ്ധികളും തികഞ്ഞതായി; |
| ഹരേഃ | ശ്രീഹരിയുടെ |
| നിവാസാത്മഗുണൈഃ | നിവാസം നിമിത്തം ഉണ്ടായ നിജഗുണങ്ങളാൽ |
| രമാക്രീഡം | ശ്രീദേവിയുടെ കേളീരംഗമായി |
| അഭൂത് | ഭവിച്ചു. |

ഗോപാൻ ഗോകുലരക്ഷായാം നിരൂപ്യ മഥുരാം ഗതഃ
നന്ദഃ കംസസ്യ വാൎഷികം കരം ദാതും കുരൂദ്വഹ. 19

| | |
|---|---|
| കുരൂദ്വഹ | ഹേ കുരുവംശശ്രേഷ്ഠ! |
| നന്ദഃ | നന്ദഗോപർ |
| ഗോകുലരക്ഷായാം | ഗോകുലത്തെ രക്ഷിക്കേണ്ടും വിഷയത്തിൽ |
| ഗോപാൻ | ഗോപാലന്മാരെ |
| നിരൂപ്യ | ചുമതലപ്പെടുത്തിയശേഷം |
| കംസസ്യ | കംസന്നു |
| വാൎഷികം | വൎഷംതോറും കൊടുക്കേണ്ടതായ |
| കരം ദാതും | കപ്പം കൊടുപ്പാൻ |
| മഥുരാം ഗതഃ | മഥുരാപുരിക്കുപോയി. |

വസുദേവ ഉപശ്രുത്യ ഭ്രാതരം നന്ദമാഗതം
ജ്ഞാത്വാ ദത്തകരം രാജ്ഞേ യയൗ തദവമോചനം. 20

| | | | |
|---|---|---|---|
| വസുദേവഃ | വസുദേവൻ | ദത്തകരം | } കപ്പം കൊടുത്തതായും |
| ഭ്രാതരം നന്ദം | } * സഹോദരതുല്യനായ | ജ്ഞാത്വാ | } അറിഞ്ഞ് |
| ആഗതം | } നന്ദഗോപർ വന്നിരിക്കു | തദവമോചനം | ആ നന്ദഗോപരുടെ |
| ഉപശ്രുത്യ | } ന്നതായി കേട്ട്, | | താവളത്തിലേക്കു |
| രാജ്ഞേ | രാജാവിന്ന് | യയൗ | പോയി. |

[* വസുദേവൻെറ അമ്മാമന്ന് വൈശ്യജാതിയിലുണ്ടായ മകനാണ് നന്ദൻ. ആകയാൽ 'ഭ്രാതൃതുല്യൻ' ]

തം ദൃഷ്ട്വാ സഹസോത്ഥായ ദേഹഃ പ്രാണമിവാഗതം
പ്രീതഃ പ്രിയതമം ദോർഭ്യാം സസ്വജേ പ്രേമവിഹ്വലഃ. 21

| | | | |
|---|---|---|---|
| പ്രിയതമം | തനിക്ക് ഏററവും പ്രിയനായ | ദേഹഃ | (മൂർച്ഛിച്ചുവീണ) ദേഹം |
| തം വസുദേവം | } ആ വസുദേവൻ വന്നതു | പ്രാണം ഇവ | പ്രാണശക്തിയെ ലഭിച്ച പോലെ |
| ആഗതം ദൃഷ്ട്വാ | } കണ്ട് | സഹസാ | } പെട്ടെന്നെഴുന്നേററ് |
| പ്രീതഃ | സന്തുഷ്ടനായി | ഉത്ഥായ | } |
| പ്രേമവിഹ്വലഃ | പ്രേമപരവശനായി | ദോർഭ്യാം | ഇരുകൈകളാലും |
| | ത്തീർന്ന നന്ദൻ | സസ്വജേ | ആശ്ലേഷിച്ചു. |

പൂജിതഃ സുഖമാസീനഃ പൃഷ്ട്വാഽനാമയമാദൃതഃ
പ്രസക്തധീഃ സ്വാത്മജയോരിദമാഹ വിശാംപതേ. 22

| | | | |
|---|---|---|---|
| വിശാംപതേ | രാജാവേ ! | സുഖം ആസീനഃ | സുഖത്തോടെ ഇരുന്ന് |
| പൂജിതഃ | സൽക്കരിക്കപ്പെട്ടവനും, | സ്വാത്മജയോഃ | തൻെറ പുത്രന്മാരിൽ |
| അനാമയം | } കുശലം ചോദിച്ച് | | (രാമകൃഷ്ണന്മാർ വിഷയത്തിൽ) |
| പൃഷ്ട്വാ | } | പ്രസക്തധീഃ | അതിതാൽപര്യമുള്ളവനായിട്ട് |
| ആദൃതഃ | ആദരിക്കപ്പെട്ടവനും (ആയ വസുദേവൻ) | ഇദം ആഹ | ഈ വിധം പറഞ്ഞു. |

ദിഷ്ട്യാ ഭ്രാതഃ പ്രവയസ ഇദാനീമപ്രജസ്യ തേ
പ്രജാശായാ നിവൃത്തസ്യ പ്രജാ യത് സമപദ്യത. 23

| | | | |
|---|---|---|---|
| ഭ്രാതഃ | ഭ്രാതാവേ ! | നിവൃത്തസ്യ | ഒഴിഞ്ഞുനിന്നിരുന്ന |
| അപ്രജസ്യ | മക്കളില്ലാത്തവനായിരുന്ന്, | തേ | അങ്ങയ്ക്കു് |
| പ്രവയസഃ | വയസ്സനായി, | ഇദാനീം | ഇപ്പോൾ |
| പ്രജാശായാഃ | മക്കളുണ്ടാകുമെന്ന ആശയിൽ നിന്നുതന്നെ | പ്രജാ സമപദ്യത | ഒരു സന്താനമുണ്ടായി |
| | | യത് | എന്നുള്ളത് |
| | | ദിഷ്ട്യാ | മഹാഭാഗ്യമാണ്. |

ദിഷ്ട്യാ സംസാരചക്രേഽസ്മിൻ വർത്തമാനഃ പുനർഭവഃ
ഉപലബ്ധോ ഭവാനദ്യ ദുർല്ലഭം പ്രിയദർശനം 24

| | | | |
|---|---|---|---|
| അസ്മിൻ സംസാരചക്രേ | ഈ സംസാരചക്രത്തിൽ | ഉപലബ്ധഃ | എന്നാൽ കാണപ്പെട്ടു എന്നതും |
| വർത്തമാനഃ | വർത്തിച്ചുകൊണ്ടിരിക്കുന്ന | ദിഷ്ട്യാ | മഹാഭാഗ്യമാണ്; |
| ഭവാൻ അദ്യ | താങ്കൾ ഇപ്പോൾ | പ്രിയദർശനം | ഇഷ്ടജനങ്ങളെക്കണ്ടെത്തൽ |
| പുനർഭവഃ | പുനർജന്മം എടുത്തവനെന്നവിധം | ദുർല്ലഭം | വളരെ ചുരുക്കമാണല്ലോ. |

നൈകത്ര പ്രിയ സംവാസഃ സുഹൃദാം ചിത്രകർമ്മണാം
ഓഘേന വ്യൂഹ്യമാനാനാം പ്ലവാനാം സ്രോതസോ യഥാ. 25

| | | | |
|---|---|---|---|
| പ്രിയ | സ്നേഹിതാ | ചിത്രകർമ്മണാം | ഓരോ തരത്തിലുള്ള കർമ്മങ്ങൾക്ക് അധീനരായിത്തീർന്ന |
| സ്രോതസഃ | പുഴയുടെ | സുഹൃദാം | ചങ്ങാതിമാർക്ക് |
| ഓഘേന | ഒഴുക്കിനാൽ | ഏകത്ര | ഒരേ ദിക്കിൽ |
| വ്യൂഹ്യമാനാനാം | ഒഴുക്കിക്കൊണ്ടുപോകപ്പെടുന്ന | സംവാസഃ | കൂടിക്കഴിയുവാൻ ഇടവരുന്നതും |
| പ്ലവാനാം | മരത്തടികൾക്ക് | ന | സംഭാവ്യമല്ല. |
| യഥാ | എതുവിധം (ഒരിടത്തുചേർന്നു തങ്ങിനില്ലാൻ കഴിയുന്നില്ലയോ അതുപോലെ), | | |

കച്ചിത് പശവ്യം നിരുജം ഭൂര്യംബുതൃണവീരുധം
ബൃഹദ്വനം തദധുനാ യത്രാസ്സേ ത്വം സുഹൃദ്വൃതഃ. 26

| | | | |
|---|---|---|---|
| യത്ര | യാതൊരുസ്ഥലത്ത് | പശവ്യം | കാലികളെ വളർത്താൻ പററിയതും, |
| സുഹൃദ്വൃതഃ | ബന്ധുമിത്രാദികളാൽ സേവിതനായി | നിരുജം | രോഗാദ്യനർത്ഥങ്ങൾ ഇല്ലാത്തതും |
| ത്വം | അങ്ങ് | ഭൂര്യംബുതൃണവീരുധം | വേണ്ടുവോളം വെള്ളവും പുല്ലും വള്ളികളും ഉള്ളതും |
| അധുനാ ആസ്സേ | ഇപ്പോൾ വസിച്ചുവരുന്നുവോ, | കച്ചിത് | ആയിരിക്കുന്നില്ലേ ? |
| തത് | ആ സ്ഥലം | | |
| ബൃഹദ്വനം | ധാരാളം വൻകാടുള്ളതും, | | |

ഭ്രാതർമ്മമ സുതഃ കച്ചിന്മാത്രാ സഹ ഭവദ്വ്രജേ
താതം ഭവന്തം മന്വാനോ ഭവദ്ഭ്യാമുപലാളിതഃ. 27

| | | | |
|---|---|---|---|
| ഭ്രാതഃ | സോദര ! | ഭവദ്ഭ്യാം | നിങ്ങളിരുവരാൽ |
| മമ സുതഃ | എന്റെ മകൻ | ഉപലാളിതഃ | ലാളിച്ചുവളർത്തപ്പെട്ടും |
| ഭവന്തം | അങ്ങയെ | ഭവദ്വ്രജേ | അങ്ങയുടെ ഗോകുലത്തിൽ |
| താതം മന്വാനഃ | അച്ഛനെന്നു കരുതാൻ തുടങ്ങിക്കൊണ്ടും, | മാത്രാ സഹ | അമ്മയുടെകൂടെ |
| | | കച്ചിത് | സുഖമായിരിക്കുന്നുവോ ? |

പുംസസ്ത്രിവർഗ്ഗോ വിഹിതഃ സുഹൃദോ ഹ്യനുഭാവിതഃ

ന തേഷു ക്ലിശ്യമാനേഷു ത്രിവർഗ്ഗോഽർത്ഥായ കല്പതേ. 28

| | | | |
|---|---|---|---|
| പുംസഃ | മനുഷ്യന്റെ | വിഹിതഃ ഹി | പറയപ്പെടുന്നുവല്ലോ. |
| ത്രിവർഗ്ഗഃ | ധർമ്മാർത്ഥകാമങ്ങൾ | തേഷു ക്ലിശ്യമാനേഷു | അവർ ക്ലേശിച്ചുകഴിയുമ്പോൾ |
| സുഹൃദഃ | ഭ്രാതൃപുത്രാദികളെ ഉദ്ദേശിച്ചു | ത്രിവർഗ്ഗഃ | ആ ധർമ്മാർത്ഥകാമങ്ങൾ |
| അനുഭാവിതഃ | സമ്പാദിക്കപ്പെട്ടതാണെന്നു | അർത്ഥായ | സുഖത്തിന്നായി |
| | | ന കല്പതേ | പ്രയോജനപ്പെടുകയില്ല. |

നന്ദ ഉവാച = നന്ദഗോപർ പറഞ്ഞു :—

അഹോ തേ ദേവകീപുത്രാഃ കംസേന ബഹവോ ഹതാഃ
ഏകാഽവശിഷ്ടാഽവരജാ കന്യാ സാഽപി ദിവം ഗതാ. 29

| | | | |
|---|---|---|---|
| അഹോ | അയ്യോ! കഷ്ടം!! | ഹതാഃ | കൊല്ലപ്പെട്ടുപോയല്ലോ! |
| തേ | അങ്ങയ്ക്കു് | അവരജാ | ഒടുവിലുണ്ടായ |
| ദേവകീപുത്രാഃ | ദേവകിയിലുണ്ടായ പുത്രന്മാർ | ഏകാ കന്യാ | ഒരു പെൺകുട്ടിമാത്രം |
| | | അവശിഷ്ടാ | അവശേഷിച്ചിരുന്നു; |
| ബഹവഃ | അനേകം പേർ | സാ അപി | അവളും |
| കംസേന | കംസനാൽ | ദിവം ഗതാ | സ്വർഗ്ഗലോകം ഗമിച്ചു! |

നൂനം ഹ്യദൃഷ്ടനിഷ്ഠോഽയമദൃഷ്ടപരമോ ജനഃ
അദൃഷ്ടമാത്മനസ്തത്ത്വം യോ വേദ ന സ മുഹ്യതി. 30

| | | | |
|---|---|---|---|
| നൂനം | തീർച്ചയായും, | ഹി | ആകയാൽ, |
| അയം ജനഃ | ഈ മനുഷ്യവർഗ്ഗം | യഃ | യാതൊരുവൻ |
| അദൃഷ്ടനിഷ്ഠഃ | അദൃഷ്ടത്തിൽ (പ്രാക്തനമായ പുണ്യപാപകർമ്മത്തിൽ) നിലയുറച്ചതാണു്; | അദൃഷ്ടം | അദൃഷ്ടത്തെ |
| | | ആത്മനഃ | തന്നെ സംബന്ധിച്ച എല്ലാററിനും |
| അദൃഷ്ടപരമഃ | അദൃഷ്ടമാവുന്ന നിയന്ത്രണശക്തിയോടുകൂടിയതും ആകുന്നു. | തത്ത്വം | അടിസ്ഥാനമായി |
| | | വേദ | കരുതുന്നുവോ, |
| | | സഃ ന മുഹ്യതി | അവൻ വ്യസനിക്കയില്ല. |

വസുദേവ ഉവാച = വസുദേവൻ പറഞ്ഞു :—

കരോ വൈ വാർഷികോ ദത്തോ രാജ്ഞേ ദൃഷ്ടാ വയം ച വഃ
നേഹ സ്ഥേയം ബഹുതിഥം സന്ത്യുത്പാതാശ്ച ഗോകുലേ. 31

| | | | |
|---|---|---|---|
| രാജ്ഞേ | രാജാവിന്നു് | ഇഹ | ഇനി, ഇദ്ദിക്കിൽ |
| വാർഷികഃ | വർഷംതോറുമുള്ള | ബഹുതിഥം | അധികം നാൾ |
| കരഃ | കപ്പം | ന സ്ഥേയം | പാർത്തുകൂടാ. |
| വഃ ദത്തഃ വൈ | നിങ്ങളാൽ കൊടുക്കപ്പെട്ടുകഴിഞ്ഞു. | ഗോകുലേ ച | ഗോകുലത്തിൽകൂടിയും |
| | | ഉത്പാതാഃ | ആപത്തിന്റെ സൂചനകൾ |
| വയം ച | നാം അന്യോന്യം | | |
| ദൃഷ്ടാഃ | കാണപ്പെടുകയും ചെയ്തു. | സന്തി | ഉണ്ടു്. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇതി നന്ദാദയോ ഗോപാഃ പ്രോക്താസ്തേ ശൌരിണാ യയുഃ
അനോഭിരനഡുദ്യുക്തൈസ്തമനുജ്ഞാപ്യ ഗോകുലം. 32

| | | | |
|---|---|---|---|
| ശൌരിണാ ഇതി | വസുദേവനാൽ ഈവിധം | അനുജ്ഞാപ്യ | യാത്ര ചോദിച്ചു |
| പ്രോക്താഃ | അറിയിക്കപ്പെട്ട | അനഡുദ്യുക്തൈഃ | കാളകളെ പൂട്ടിക്കെട്ടിയ |
| നന്ദാദയഃ | നന്ദഗോപർ മുതലായ | അനോഭിഃ | വണ്ടികളിൽ കയറി |
| ഗോപാഃ | ഗോപന്മാർ | ഗോകുലം | ഗോകുലത്തിലേക്ക് |
| തം | അദ്ദേഹത്തോടു | യയുഃ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
നന്ദവസുദേവസംഗമോ നാമ പഞ്ചമോऽധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 242.

## ഷഷ്ഠോऽധ്യായഃ—ആറാം അധ്യായം.

[ഷഷ്ഠേ സഖ്യുർഗ്ഗിരാ നന്ദോ വ്രജം ഗച്ഛൻ മൃതാം പഥി
ദൃഷ്ട്വാ തു രാക്ഷസീം തസ്യാ മൃത്യും ശ്രുത്വാऽഥ വിസ്മിതഃ]

(പൂതനാമോക്ഷം)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

നന്ദഃ പഥി വചഃ ശൌരേർന്ന മൃഷേതി വിചിന്തയൻ
ഹരിം ജഗാമ ശരണമുത്പാതാഗമശങ്കിതഃ. 1

| | | | |
|---|---|---|---|
| ശൌരേഃ വചഃ | വസുദേവന്റെ വാക്ക് | നന്ദഃ | നന്ദഗോപർ |
| ന മൃഷാ ഇതി | അസത്യമാകയില്ലെന്ന് | | |
| വിചിന്തയൻ | വിചാരിച്ചുകൊണ്ടും, | പഥി | വഴിക്കുവെച്ചുതന്നെ |
| ഉത്പാതാഗമശങ്കിതഃ | കെടുതികൾ വന്നേക്കുമോ എന്ന ആശങ്കയോടുകൂടിയും | ഹരിം | ശ്രീഭഗവാനെ |
| | | ശരണം ജഗാമ | ശരണം പ്രാപിച്ചു. |

കംസേന പ്രഹിതാ ഘോരാ പൂതനാ ബാലഘാതിനീ
ശിശൂംശ്ചചാര നിഘ്നന്തീ പുരഗ്രാമവ്രജാദിഷു. 2

| | | | |
|---|---|---|---|
| കംസേന | കംസനാൽ | പുരഗ്രാമവ്രജാദിഷു | നഗരം, ഗ്രാമം, ഗോകുലം എന്നു തുടങ്ങിയ നാനാപ്രദേശങ്ങളിൽ |
| പ്രഹിതാ | അയക്കപ്പെട്ടവളും, | | |
| ഘോരാ | ഭയങ്കരിയും | | |
| ബാലഘാതിനീ | ചെറുപൈതങ്ങളെ കൊന്നൊടുക്കുന്നവളും ആയ | ശിശൂൻ | കൊച്ചുപൈതങ്ങളെ |
| | | നിഘ്നന്തീ | കൊന്നുകൊണ്ടു |
| പൂതനാ | പൂതനയെന്ന രാക്ഷസി | ചചാര | സഞ്ചരിച്ചു. |

ന യത്ര ശ്രവണാദീനി രക്ഷോഘ്നാനി സ്വകർമ്മസു
കുർവ്വന്തി സാത്വതാം ഭർത്തുര്യാതുധാന്യശ്ച തത്ര ഹി. 3

| | |
|---|---|
| യത്ര | യാതൊരിടങ്ങളിലാണോ |
| സ്വകർമ്മസു | സ്വകർമ്മങ്ങളിൽ ഏർപ്പെട്ടുകൊണ്ടുള്ള ജനങ്ങൾ |
| സാത്വതാം | ഭക്തന്മാരുടെ |
| ഭർത്തുഃ | രക്ഷിതാവായ ശ്രീഹരിയുടെ |
| രക്ഷോഘ്നാനി | രക്ഷോബാധാനാശകങ്ങളായ |
| ശ്രവണാദീനി | നാമശ്രവണാദികളെ |
| ന കുർവ്വന്തി | നടത്താതിരിക്കുന്നു്, |
| തത്ര ഹി | അവിടങ്ങളിൽ മാത്രമേ |
| യാതുധാന്യഃ ച | ഇത്തരം രാക്ഷസികളും പ്രവർത്തിക്കയുള്ളൂ. |

(ശ്രീഹരിയുടെ നാമശ്രവണാദി മാത്രമല്ല, നിത്യസന്നിധാനംതന്നെയുള്ള ഗോകുലത്തിൽ പൂതനയ്ക്കൊന്നും പ്രവർത്തിപ്പാനാകയില്ലെന്നു താല്പര്യം).

സാ ഖേചര്യേകദോപേത്യ പൂതനാ നന്ദഗോകുലം
യോഷിത്വാ മായയാഽഽത്മാനം പ്രാവിശത് കാമചാരിണീ. 4

| | |
|---|---|
| കാമചാരിണീ | തോന്നിയവിധം രൂപം മാറുവാൻ കഴിവുള്ളവളും |
| ഖേചരീ | ആകാശചാരിണിയും ആയ |
| സാ പൂതനാ | ആ പൂതന |
| ഏകദാ | ഒരിക്കൽ |
| മായയാ | മായ കൊണ്ടു് |
| ആത്മാനം | തന്റെ സ്വരൂപത്തെ |
| യോഷിത്വാ | സുന്ദരിയായ ഒരു സ്ത്രീയുടെ രൂപമാക്കിത്തീർത്തു് |
| നന്ദഗോകുലം | നന്ദഗോകുലത്തിലേക്ക് |
| ഉപേത്യ | (ആകാശമാർഗ്ഗേണ) വന്നു് |
| പ്രാവിശത് | അകത്തുകടന്നു. |

താം കേശബന്ധവ്യതിഷക്തമല്ലികാം ബൃഹന്നിതംബസ്തനകൃച്ഛ്റമധ്യമാം
സുവാസസം കമ്പിതകർണ്ണഭൂഷണത്വിഷോല്ലസത്കുന്തളമണ്ഡിതാനനാം.
വൽഗുസ്മിതാപാംഗവിസർഗ്ഗവീക്ഷിതൈ-
ർമ്മനോ ഹരന്തീം വനിതാം വ്രജൗകസാം
അമംസതാംഭോജകരേണ രൂപിണീം
ഗോപ്യഃ ശ്രിയം ദ്രഷ്ടുമിവാഗതാം പതിം. 6

| | |
|---|---|
| കേശബന്ധവ്യതിഷക്തമല്ലികാം | തലമുടിക്കെട്ടിൽ ചൂടിയ മല്ലികപ്പൂക്കളോടും, |
| ബൃഹന്നിതംബസ്തനകൃച്ഛ്റമധ്യമാം | പുഷ്ടിയുള്ള നിതംബത്താലും സ്തനങ്ങളാലും (ഇരുഭാഗങ്ങളിൽനിന്നും ഇടുക്കിയതുകൊണ്ടു ചടച്ചതോ എന്നു തോന്നുമാറ്) കുടുങ്ങിയ അരക്കെട്ടോടും, |
| സുവാസസം | വിശേഷപ്പെട്ട വസ്ത്രങ്ങളോടും, |
| കമ്പിതകർണ്ണഭൂഷണത്വിഷാ | (കുണുങ്ങിയ നടത്തത്താൽ) ചഞ്ചലങ്ങളായ കർണ്ണാഭരണങ്ങളുടെ കാന്തികൊണ്ടു് |
| ഉല്ലസത്കുന്തളമണ്ഡിതാനനാം | പരിലസിക്കുന്ന കുറുനിരകളാൽ അലംകൃതമായ വദനത്തോടും കൂടിയവളായി, |
| വൽഗുസ്മിതാപാംഗവിസർഗ്ഗവീക്ഷിതൈഃ | അഴകാർന്നപുഞ്ചിരിയോടും കടക്കണ്ണേറുകളോടും ചേർന്ന നോട്ടങ്ങളാൽ |
| വ്രജൗകസാം | ഗോകുലവാസികളുടെ |
| മനഃ ഹരന്തീം | ഹൃദയം കവർന്നുകൊണ്ടിരിക്കുന്ന |
| താം വനിതാം | ആ യുവതിയെ |
| ഗോപ്യഃ | ഗോപികമാർ |
| അംഭോജകരേണ | താമരപ്പൂവ് കൈയിൽ വെച്ചുകൊണ്ടു് |

| | | | |
|---|---|---|---|
| പതിം | ഭർത്താവിനെ | രൂപിണീം | മൂർത്തിമതിയായ |
| ദ്രഷ്ടും | കാണ്മാൻ | ശ്രിയം ഇവ | ശ്രീദേവിയെപ്പോലെ |
| ആഗതാം | വന്നിരിക്കുന്ന | അമംസത | വിചാരിച്ചു. |

ബാലഗ്രഹസ്തത്ര വിചിന്വതീ ശിശൂൻ യദൃച്ഛയാ നന്ദഗൃഹേഽസദന്തകം
ബാലം പ്രതിച്ഛന്നനിജോരുതേജസം ദദർശ തല്പേഽഗ്നിമിവാഹിതം ഭസി. 7

| | | | |
|---|---|---|---|
| ബാലഗ്രഹഃ | ശിശുഘാതിനിയായ പൂതന | പ്രതിച്ഛന്ന-നിജോരു-തേജസം | മറച്ചുപ്പെട്ടിരിക്കുന്ന തന്റെ മഹത്തായ തേജസ്സോടുകൂടിയവനും, |
| ശിശൂൻ | ശിശുക്കളെ | അസദന്തകം | അസത്തുക്കളുടെ അന്തകനുമായ |
| വിചിന്വതീ | തിരഞ്ഞുകൊണ്ടു് | ബാലം | ബാലമുകുന്ദനെ |
| തത്ര | അവിടെ, | തല്പേ | മെത്തയിൽ കിടക്കുന്നതായി |
| നന്ദഗൃഹേ | നന്ദഗോപഗൃഹത്തിൽ | യദൃച്ഛയാ | തന്റെ കർമ്മവശത്താൽ |
| ഭസി ആഹിതം | വെണ്ണീറിൽ മൂടിക്കിടക്കുന്ന | ദദർശ | കണ്ടു. |
| അഗ്നിം ഇവ | അഗ്നിയെപ്പോൽ | | |

വിബുധ്യ താം ബാലകമാരികാഗ്രഹം ചരാചരാത്മാഽഽസ നിമീലിതേക്ഷണഃ
അനന്തമാരോപയദങ്കമന്തകം യഥോരഗം സുപ്തമബുദ്ധിരജ്ജുധീഃ.

| | | | |
|---|---|---|---|
| ചരാചരാത്മാ | ചരാചരങ്ങൾക്കെല്ലാം സാക്ഷിയായി നിലകൊള്ളുന്ന ഭഗവാൻ | സുപ്തം | ഉറങ്ങിക്കിടക്കുന്ന |
| | | ഉരഗം | പാമ്പിനെ |
| താം ബാലക-മാരികാഗ്രഹം വിബുദ്ധ്യ | അവൾ കുട്ടികളെ കൊല്ലുന്ന പിശാചികയാണെന്നു് മനസ്സിലാക്കി, | യഥാ | എന്നപോലെ |
| | | അന്തകം | കാലസ്വരൂപനും |
| നിമീലിതേക്ഷണഃ ആസ | കണ്ണടച്ചു കിടന്നു. | അനന്തം | കാലദേശങ്ങളാൽ അപരിച്ഛിന്നനുമായ ആ ബാലനെ |
| അബുദ്ധിരജ്ജുധീഃ | ബുദ്ധിഹീനനായി കയറെന്നു തെറ്റിദ്ധരിച്ചു്, ഒരുവൻ | അങ്കം ആരോപയത് | അവൾ മടിയിലെടുത്തു വെച്ചു. |

താം തീക്ഷ്ണചിത്താമതിവാമചേഷ്ടിതാം
വീക്ഷ്യാന്തരാ കോശപരിച്ഛദാസിവത്
വരസ്ത്രിയം തത്പ്രഭയാ ച ധർഷിതേ
നിരീക്ഷമാണേ ജനനീ ഹ്യതിഷ്ഠതാം. 9

| | | | |
|---|---|---|---|
| കോശപരിച്ഛദാസിവത് | മാർദ്ദവമുള്ള ഉറയിൽ കിടക്കുന്ന മൂർച്ചയേറിയ വാൾ പോലെ | അന്തരാ | ഗൃഹത്തിനുള്ളിൽ |
| | | വീക്ഷ്യ ച | വന്നതു കണ്ടിട്ടും |
| അതിവാമ-ചേഷ്ടിതാം | വളരെ മനോഹരമായ പെരുമാറ്റത്തോടും | തത്പ്രഭയാ | അവളുടെ കാന്തിയാൽ |
| | | ധർഷിതേ | മോഹിക്കപ്പെട്ടു് |
| തീക്ഷ്ണചിത്താം | ക്രൂരമായ ചിത്തത്തോടും കൂടിയ | ജനനീ | അമ്മമാർ രണ്ടുപേരും |
| | | നിരീക്ഷമാണേ ഹി | മിഴിച്ചുനോക്കിക്കൊണ്ടു തന്നെ |
| താം വരസ്ത്രിയം | ആ ഉത്തമ വനിതയെ | അതിഷ്ഠതാം | ഇരുന്നു. |

തസ്മിൻ സ്തനം ദുർജ്ജരവീര്യമുൽബണം
ഘോരാങ്കമാദായ ശിശോർദ്ദദാവഥ
ഗാഢം കരാഭ്യാം ഭഗവാൻ പ്രപീഡ്യ തത്
പ്രാണൈഃ സമം രോഷസമന്വിതോഽപിബത് 10

| | | | |
|---|---|---|---|
| ഘോരാ | അതിക്രൂരയായ അവൾ | അഥ | അതുകഴിഞ്ഞ ഉടൻ |
| അങ്കം ആദായ | (കുട്ടിയെ) മടിയിലെടുത്തുവെച്ച് | രോഷസമന്വിതഃ | അമർഷത്തോടുകൂടിയിരിക്കുന്ന |
| ദുർജ്ജരവീര്യം | ജീർണ്ണിക്കാത്ത വിഷവീര്യമുള്ളതും | ഭഗവാൻ | ഭഗവാൻ |
| ഉൽബണം | ഭയങ്കരവുമായ | ഗാഢം | മുറുകെ |
| സ്തനം | സ്തനത്തെ | കരാഭ്യാം | രണ്ടുകൈകൊണ്ടും |
| തസ്മിൻ | അവിടെവെച്ച് | തത് പ്രപീഡ്യ | അതിനെ പിടിച്ചമർത്തി |
| ശിശോഃ ദദൌ | കുട്ടിക്ക് കൊടുത്തു. | പ്രാണൈഃ സമം | പ്രാണനോടുകൂടെ |
| | | അപിബത് | കുടിച്ചുതുടങ്ങി. |

സാ മുഞ്ച മുഞ്ചാലമിതി പ്രഭാഷിണീ
നിഷ്പീഡ്യമാനാഽഖിലജീവമർമ്മണി
വിവൃത്യ നേത്രേ ചരണൌ ഭുജൌ മുഹുഃ
പ്രസ്വിന്നഗാത്രാ ക്ഷിപതീ രുരോദ ഹ. 11

| | | | |
|---|---|---|---|
| സാ | അവൾ | നേത്രേ വിവൃത്യ | കണ്ണുരണ്ടും തുറിച്ച് |
| അഖിലജീവമർമ്മണി | എല്ലാ സന്ധിബന്ധങ്ങളിലും | ചരണൌ ഭുജൌ | കാലും കൈയും |
| നിഷ്പീഡ്യമാനാ | അധികം പീഡിപ്പിക്കപ്പെടുന്നവളായിട്ട്, | മുഹുഃ | അടിക്കടി |
| മുഞ്ച മുഞ്ച അലം | 'വിടു വിടു, മതി' | ക്ഷിപതീ | നിലത്തെറിഞ്ഞുകൊണ്ടും |
| ഇതി | എന്നിങ്ങിനെ | പ്രസ്വിന്നഗാത്രാ | ഉടൽ ആകെ വിയർത്തുകൊണ്ടും |
| പ്രഭാഷിണീ | പറഞ്ഞുകൊണ്ടും, | രുരോദ ഹ | നിലവിളിച്ചു. |

തസ്യാഃ സ്വനേനാതിഗഭീരരംഹസാ
സാദ്രിർമ്മഹീ ദ്യൌശ്ച ചചാല സഗ്രഹാ
രസാ ദിശശ്ച പ്രതിനേദിരേ ജനാഃ
പേതുഃ ക്ഷിതൌ വജ്രനിപാതശങ്കയാ. 12

| | | | |
|---|---|---|---|
| തസ്യാഃ | അവളുടെ | ദിശഃ ച | ദിക്കുകളും |
| അതിഗഭീരരംഹസാ | അതി ഗംഭീരശക്തിയോടുകൂടിയ | രസാഃ | അധോലോകങ്ങളും |
| സ്വനേന | ശബ്ദത്താൽ | പ്രതിനേദിരേ | മാറ്റൊലികൊണ്ടു. |
| സാദ്രിഃ മഹീ | മലകളോടുകൂടിയ ഭൂമിയും, | ജനാഃ | ജനങ്ങൾ |
| സഗ്രഹാ | ഗ്രഹങ്ങളോടുകൂടിയ | വജ്രനിപാതശങ്കയാ | ഇടിവീഴുകയോ എന്ന ശങ്കയാൽ |
| ദ്യൌഃ ച ചചാല | ആകാശവും കുലുങ്ങി. | ക്ഷിതൌ പേതുഃ | നിലത്തു വീണു. |

നിശാചരീത്ഥം വ്യഥിതസ്തനാ വ്യസു-
ർവ്യാദായ കേശാംശ്ചരണൗ ഭുജാവപി
പ്രസാൎയ്യ ഗോഷ്ഠേ നിജരൂപമാസ്ഥിതാ
വജ്രാഹതോ വൃത്ര ഇവാപതന്നൃപ. 13

| | |
|---|---|
| നൃപ | രാജാവേ! |
| ഇത്ഥം | ഈ വിധം |
| വ്യഥിതസ്തനാ | നൊമ്പേല്ക്കപ്പെട്ട സ്തനങ്ങളോടുകൂടിയ |
| നിശാചരീ | ആ രാക്ഷസി |
| വ്യാദായ | വായ് പിളൎന്നു്, |
| നിജരൂപം | തന്റെ യഥാൎത്ഥരൂപം |
| ആസ്ഥിതാ | കൈക്കൊണ്ടവളായി, |
| വ്യസുഃ | ഗതപ്രാണയായി, |

| | |
|---|---|
| കേശാൻ | തലമുടിയും |
| ചരണൗ | കാൽകളും |
| ഭുജൗ അപി | കൈകളും |
| പ്രസാൎയ്യ | വിടൎത്തിക്കൊണ്ടു് |
| വജ്രാഹതഃ | വജ്രായുധത്താൽ പ്രഹരമേറ്റ |
| വൃത്രഃ ഇവ | വൃത്രാസുരനെന്നപോലെ |
| ഗോഷ്ഠേ | ഗോകുലത്തിൽ |
| അപതത് | വീണു. |

പതമാനോഽപി തദ്ദേഹസ്ത്രിഗവ്യൂത്യന്തരദ്രുമാൻ
ചൂൎണ്ണയാമാസ രാജേന്ദ്ര മഹദാസിത്തദത്ഭുതം. 14

| | |
|---|---|
| രാജേന്ദ്ര | രാജശ്രേഷ്ഠ! |
| തദ്ദേഹഃ | അവളുടെ ദേഹം |
| പതമാനഃ അപി | വീഴുമ്പോൾക്കൂടിയും |
| ത്രിഗവ്യൂത്യന്തരദ്രുമാൻ | മൂന്നു കാതം അകലത്തിനുള്ളിൽ നില്ക്കുന്ന മരങ്ങളെ |

| | |
|---|---|
| ചൂൎണ്ണയാമാസ | തകൎത്തുകളഞ്ഞു. |
| തത് | അതു് |
| മഹത് | വലിയൊരു |
| അത്ഭുതം ആസീത് | അത്ഭുതമായിരുന്നു. |

ഈഷാമാത്രോഗ്രദംഷ്ട്രാസ്യം ഗിരികന്ദരനാസികം
ഗണ്ഡശൈലസ്തനം രൌദ്രം പ്രകീൎണ്ണാരുണമൂൎദ്ധജം. 15
അന്ധകൂപഗഭീരാക്ഷം പുളിനാരോഹഭീഷണം
ബദ്ധസേതുഭുജോൎവ്വംഘ്രി ശൂന്യതോയഹ്രദോദരം. 16
സന്തത്രസുഃ സ്മ തദ്വീക്ഷ്യ ഗോപാ ഗോപ്യഃ കളേബരം
പൂൎവ്വം തു തന്നിഃസ്വനിതഭിന്നഹൃത്കൎണ്ണമസ്തകാഃ. 17

| | |
|---|---|
| ഈഷാമാത്രോഗ്രദംഷ്ട്രാസ്യം | കലപ്പത്തണ്ടുപോലുള്ള കരാളദംഷ്ട്രകളോടുകൂടിയ മുഖത്തോടും, |
| ഗിരികന്ദരനാസികം | മലയിലെ ഗുഹകളൊത്ത മൂക്കിൻ തുളകളോടും, |
| ഗണ്ഡശൈലസ്തനം | മലയിൽനിന്നു് ഉരുണ്ടുവീണ പാറക്കല്ലുപോലെയിരിക്കുന്ന സ്തനങ്ങളോടും, |

| | |
|---|---|
| പ്രകീൎണ്ണാരുണമൂൎദ്ധജം | ചിതറിക്കിടക്കുന്ന ചെമ്പൻമുടിയോടും, |
| അന്ധകൂപഗഭീരാക്ഷം | ഇരുളടഞ്ഞ പാഴ്ക്കിണർപോലെ ആഴത്തിൽ പോയ കണ്ണുകളോടും, |
| പുളിനാരോഹഭീഷണം | മണൽത്തിട്ടിനോടൊത്ത ജഘനപ്രദേശത്തിന്റെ ഭയങ്കരതയോടും, |

ബദ്ധസേതു– ഭുജോർവ്വംഘ്രി — അണകെട്ടുംപോലെ കിടക്കുന്ന ഭുജങ്ങൾ, തുടകൾ, കാലുകൾ എന്നിവയോടും,
ശൂന്യതോയ– ഹ്രദോദരം — നീർവററിയ കയംപോലെയുള്ള വയറോടും കൂടിയ
തത് രൌദ്രം — ആ ഭയങ്കരമായ
കളേബരം — സ്വരൂപത്തെ
വീക്ഷ്യ — കണ്ടിട്ടു്,

ഗോപാഃ — ഗോപന്മാരും
ഗോപ്യഃ ച — ഗോപസ്ത്രീകളും,
സന്തത്രസുഃ — വല്ലാതെ പേടിച്ചു.
പൂർവ്വം തു — ഇതിന്നുമുമ്പാകട്ടെ.
തന്നിഃസ്വന– ഭിന്നഹൃത്– കർണ്ണമസ്തകാഃ — (അവർ) അതിന്റെ അലച്ചുകൊണ്ടു് കരളും, കാതും, തലയും, തകർന്നു പോയവരായിരുന്നു.

ബാലം ച തസ്യാ ഉരസി ക്രീഡന്തമകുതോഭയം
ഗോപ്യസ്തൂർണ്ണം സമഭ്യേത്യ ജഗൃഹുർജ്ജാതസംഭ്രമാഃ. 18

തസ്യാഃ ഉരസി — അവളുടെ മാറത്തിൽ
അകുതോഭയം — ഒരു പേടിയുംകൂടാതെ
ക്രീഡന്തം — കളിച്ചുകൊണ്ടിരിക്കുന്ന
ബാലം ച — കുട്ടിയേയും (കണ്ടു്)

ജാതസംഭ്രമാഃ — പരിഭ്രമം കലർന്ന
ഗോപ്യഃ — ഗോപികമാർ
തൂർണ്ണം — അതിവേഗം
സമഭ്യേത്യ ജഗൃഹുഃ — അടുത്തുചെന്നെടുത്തു.

യശോദാരോഹിണീഭ്യാം താഃ സമം ബാലസ്യ സർവ്വതഃ
രക്ഷാം വിദധിരേ സമ്യഗ്ഗോപുച്ഛഭ്രമണാദിഭിഃ. 19

താഃ — അവർ
യശോദാ– രോഹിണീഭ്യാം — യശോദയോടും രോഹിണിയോടും
സമം — കൂടി
സർവ്വതഃ — എല്ലാ അംഗങ്ങളിലും

ഗോപുച്ഛ– ഭ്രമണാദിഭിഃ — പശുവിൻവാൽകൊണ്ടു് ഉഴിയുക മുതലായ ക്രിയകളാൽ
സമ്യക് — വേണ്ടുംവിധം
രക്ഷാം വിദധിരേ — രക്ഷാവിധിയെ ചെയ്തു.

ഗോമൂത്രേണ സ്നാപയിത്വാ പുനർഗ്ഗോരജസാർഭകം
രക്ഷാം ചക്രുശ്ച ശകൃതാ ദ്വാദശാംഗേഷു നാമഭിഃ. 20

അർഭകം — കുട്ടിയെ
ഗോമൂത്രേണ — ഗോമൂത്രംകൊണ്ടു്
സ്നാപയിത്വാ — കുളിപ്പിച്ചു്
പുനഃ — പിന്നീടു്
ഗോരജസാ — ഗോധൂളിയാൽ (വിലേപനം ചെയ്യിച്ചു്)

ശകൃതാ — ഗോമയംകൊണ്ടു്
നാമഭിഃ — കേശവാദി ദ്വാദശ നാമങ്ങളാൽ
ദ്വാദശാംഗേഷു — നെററിത്തടം തുടങ്ങിയ പന്ത്രണ്ടംഗങ്ങളിൽ
രക്ഷാം ച — രക്ഷാവിധിയേയും
ചക്രുഃ — ചെയ്തു.

ഗോപ്യഃ സംസ്പൃഷ്ടസലിലാ അംഗേഷു കരയോഃ പൃഥക്
ന്യസ്യാത്മന്യഥ ബാലസ്യ ബീജന്യാസമകുർവ്വത. 21

ഗോപ്യഃ — ഗോപികൾ (രക്ഷകർത്രികൾ)
സംസ്പൃഷ്ട– സലിലാഃ — ആചമനം ചെയ്തു്
ആത്മനി — താന്താങ്ങളുടെ
കരയോഃ — കരങ്ങളിലും
അംഗേഷു — അംഗങ്ങളിലും

പൃഥക് — പ്രത്യേകമായി
ബീജന്യാസം ന്യസ്യ അഥ — ബീജന്യാസം ചെയ്തശേഷം
ബാലസ്യ — കുട്ടിയുടെ അംഗങ്ങളിലും
അകുർവ്വത — ബീജന്യാസം ചെയ്തു.

അവ്യാദജോഽങ്ഘ്രി മണിമാംസ്തവ ജാനുഥോരൂ
യജ്ഞോഽച്യുതഃ കടിതടം ജഠരം ഹയാസ്യഃ
ഹൃത് കേശവസ്ത്വദുര ഈശ ഇനസ്തു കണ്ഠം
വിഷ്ണുർഭുജം മുഖമുരുക്രമ ഈശ്വരഃ കം. 22

| | | | |
|---|---|---|---|
| അജഃ | അജൻ (ജന്മരഹിതൻ) | ഹൃത് | ഹൃദയത്തെ (ജീവാധാര പദ്മത്തെ) രക്ഷിക്കട്ടെ; |
| തവ അങ്ഘ്രി | നിന്റെ കാൽകളെ | ഈശഃ | ഈശൻ (സർവ്വനിയന്താവ്) |
| അവ്യാത് | രക്ഷിക്കട്ടെ; | ത്വദുരഃ | നിന്റെ മാറിടത്തെ രക്ഷിക്കട്ടെ; |
| മണിമാൻ | കൌസ്തുഭധരൻ | ഇനഃ | ഇനൻ (സൂര്യമണ്ഡലസ്ഥനായ വിഷ്ണു) |
| ജാനു | മൊട്ടുകളെ രക്ഷിയ്ക്കട്ടെ; | കണ്ഠം | കണ്ഠത്തെ രക്ഷിക്കട്ടെ; |
| അഥ | അപ്രകാരം | വിഷ്ണുഃ | വിഷ്ണുഃ (വിശ്വവ്യാപി) |
| യജ്ഞഃ | യജ്ഞൻ (യാഗസ്വരൂപി) | ഭുജം | ഭുജങ്ങളെ രക്ഷിക്കട്ടെ; |
| ഊരൂ | തുടകളെ രക്ഷിയ്ക്കട്ടെ; | ഉരുക്രമഃ | ഉരുക്രമൻ (വാമനൻ) |
| അച്യുതഃ | അച്യുതൻ (നാശഹീനൻ) | മുഖം | മുഖത്തെ രക്ഷിക്കട്ടെ; |
| കടിതടം | അരക്കെട്ടിനെ രക്ഷിക്കട്ടെ; | ഈശ്വരഃ | ഈശ്വരൻ |
| ഹയാസ്യഃ | ഹയാസ്യൻ (ഹയഗ്രീവൻ) | കം തു | ശിരസ്സിനേയും രക്ഷിക്കട്ടെ. |
| ജഠരം | ഉദരത്തെ രക്ഷിക്കട്ടെ; | | |
| കേശവഃ | കേശവൻ (ബ്രഹ്മരുദ്രന്മാരെ രക്ഷിക്കുന്നവൻ) | | |

[ 22 മുതൽ 29 വരെയുള്ള എട്ടു ശ്ലോകങ്ങൾ യശോദാബാലന്റെ അംഗരക്ഷയ്ക്കും ബാഹ്യാഭ്യന്തര രക്ഷകൾക്കമായി ഗോപികൾ ചൊല്ലുന്ന കവചസൂക്തങ്ങളാണ്.]

ചക്ര്യഗ്രതഃ സഹഗദോ ഹരിരസ്തു പശ്ചാത്
ത്വത്പാർശ്വയോർധനുരസീ മധുഹാഽജനശ്ച
കോണേഷു ശംഖ ഉരുഗായ ഉപര്യുപേന്ദ്ര-
സ്താർക്ഷ്യഃ ക്ഷിതൗ ഹലധരഃ പുരുഷഃ സമന്താത്. 23

| | | | |
|---|---|---|---|
| ചക്രീ ഹരിഃ | ചക്രായുധനായ ഭഗവാൻ | ശംഖഃ ഉരുഗായഃ | ശംഖധരനായ ഉരുഗായ (മഹാ കീർത്തിമാൻ) ഭഗവാൻ |
| അഗ്രതഃ അസ്തു | മുൻഭാഗത്ത് രക്ഷകനായിരിക്കട്ടേ; | കോണേഷു | നാലുകോണുകളിലും, |
| സഹഗദഃ | ഗദാധരൻ | താർക്ഷ്യഃ | ഗരുഡാരൂഢനായ |
| പശ്ചാത് | പിൻഭാഗത്ത് രക്ഷകനായിരിക്കട്ടേ; | ഉപേന്ദ്രഃ | ഉപേന്ദ്രൻ |
| | | ഉപരി | ആകാശത്തിലും |
| ധനുരസീ മധുഹാ അജനഃ ച | ധനുർധരനായ മധുസൂദനനും ഖഡ്ഗപാണിയായ അജനദേവനും | ഹലധരഃ | ഹലായുധനായ സങ്കർഷണൻ |
| | | ക്ഷിതൗ | ഭൂമിയിലും |
| ത്വത് പാർശ്വയോഃ | നിന്റെ ഇരുപുറങ്ങളിലും രക്ഷയ്ക്കുണ്ടാവട്ടെ; | പുരുഷഃ | സർവ്വാന്തര്യാമിയായ പുരുഷൻ |
| | | സമന്താത് | എല്ലാടവും രക്ഷയ്ക്കുണ്ടാവട്ടെ. |

ഇന്ദ്രിയാണി ഹൃഷീകേശഃ പ്രാണാൻ നാരായണോഽവതു
ശ്വേതദ്വീപപതിശ്ചിത്തം മനോ യോഗേശ്വരോഽവതു 24

| | |
|---|---|
| ഹൃഷീകേശഃ | ഇന്ദ്രിയങ്ങളുടെ അധിപതി—ഹൃഷീകേശൻ |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളേയും, |
| നാരായണഃ | മനുഷ്യരാശികളുടെ അന്തഃകരണത്തെ പ്രേരിപ്പിക്കുന്ന—നാരായണൻ |
| പ്രാണാൻ | പഞ്ചപ്രാണങ്ങളേയും |
| അവതു | രക്ഷിക്കട്ടെ |
| ശ്വേതദ്വീപപതിഃ | ശ്വേതദ്വീപത്തിന്റെ (വിശുദ്ധസാത്വികഭാവത്തിന്റെ) അധീശനായ—വാസുദേവൻ |
| ചിത്തം | ചിത്തത്തേയും |
| യോഗേശ്വരഃ | യോഗികളാൽ ആരാധ്യനായ—അനിരുദ്ധൻ |
| മനഃ അവതു | മനസ്സിനേയും രക്ഷിക്കട്ടെ. |

പൃശ്നിഗർഭസ്തു തേ ബുദ്ധിമാത്മാനം ഭഗവാൻ പരഃ
ക്രീഡന്തം പാതു ഗോവിന്ദഃ ശയാനം പാതു മാധവഃ 25

| | |
|---|---|
| പൃശ്നിഗർഭഃ തു | പൃശ്നിഗർഭത്തിൽ ജനിച്ച—പ്രദ്യുമ്നൻ |
| തേ ബുദ്ധിം | നിന്റെ ബുദ്ധിയെ രക്ഷിക്കട്ടെ; |
| പരഃ ഭഗവാൻ | സർവ്വസംഹർത്താവായ സങ്കർഷണദേവൻ |
| ആത്മാനം | നിന്റെ അഹങ്കാരത്തെ രക്ഷിക്കട്ടെ; |
| ഗോവിന്ദഃ | ഗോക്കളുടെ മദ്ധ്യത്തിൽ കളിക്കുന്ന—ഗോവിന്ദൻ |
| ക്രീഡന്തം പാതു | കളിച്ചുകൊണ്ടിരിക്കുന്ന നിന്നെ പാലിക്കട്ടെ; |
| മാധവഃ | ലക്ഷ്മീകാന്തനായ—മാധവൻ |
| ശയാനം | കിടന്നുറങ്ങുന്ന നിന്നെ |
| പാതു | പാലിക്കട്ടെ. |

വ്രജന്തമവ്യാദ്വൈകുണ്ഠ ആസീനം ത്വാം ശ്രിയഃ പതിഃ
ഭുഞ്ജാനം യജ്ഞഭുക് പാതു സർവ്വഗ്രഹഭയങ്കരഃ 26

| | |
|---|---|
| വൈകുണ്ഠഃ | വൈകുണ്ഠവാസി |
| വ്രജന്തം ത്വാം | നടന്നുപോകുന്ന നിന്നെ |
| അവ്യാത് | രക്ഷിക്കട്ടെ; |
| ശ്രിയഃ പതിഃ | ലക്ഷ്മിയുടെ നാഥനായി സിംഹാസനത്തിൽ സ്ഥിതിചെയ്യുന്ന—ശ്രീപതി |
| ആസീനം | ഇരിക്കുന്ന നിന്നെ രക്ഷിക്കട്ടെ; |
| സർവ്വഗ്രഹഭയങ്കരഃ | ദുഃഖപ്രദങ്ങളായ സർവ്വഗ്രഹങ്ങൾക്കും ഭയത്തെ ജനിപ്പിക്കുന്ന |
| യജ്ഞഭുക് | യജ്ഞഭുക്കെന്ന് നാമമുള്ള ഭഗവാൻ |
| ഭുഞ്ജാനം | ഭക്ഷണം കഴിക്കുന്ന നിന്നെ |
| പാതു | പാലിക്കട്ടെ. |

ഡാകിന്യോ യാതുധാന്യശ്ച കൂഷ്മാണ്ഡാ യേഽർഭകഗ്രഹാഃ
ഭൂതപ്രേതപിശാചാശ്ച യക്ഷരക്ഷോവിനായകാഃ. 27
കോടരാ രേവതീ ജ്യേഷ്ഠാ പൂതനാ മാതൃകാദയഃ
ഉന്മാദാ യേ ഹ്യപസ്മാരാ ദേഹപ്രാണേന്ദ്രിയദ്രുഹഃ 28
സ്വപ്നദൃഷ്ടാ മഹോത്പാതാ വൃദ്ധബാലഗ്രഹാശ്ച യേ
സർവ്വേ നശ്യന്തു തേ വിഷ്ണോർന്നാമഗ്രഹണഭീരവഃ. 29

| | |
|---|---|
| ഡാകിന്യഃ | ഡാകിനികൾ, |
| യാതുധാന്യഃ കൂഷ്മാണ്ഡാഃ ച | യാതുധാനികൾ, കൂഷ്മാണ്ഡന്മാർ എന്നിങ്ങനെ |
| അർഭകഗ്രഹാഃ | ബാലപീഡയെ ചെയ്യുന്ന ഗ്രഹങ്ങൾ |
| യേ | യാതൊന്നുകളാണോ;— |

| | |
|---|---|
| ഭൂതപ്രേത-പിശാചാഃ | ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ, |
| യക്ഷരക്ഷോ-വിനായകാഃ | യക്ഷന്മാർ, രക്ഷസ്സുകൾ, വിനായകന്മാർ, |
| കോടരാ | കോടര, |
| രേവതീ | രേവതീ, |
| ജ്യേഷ്ഠാ | ജ്യേഷ്ഠ, |
| പൂതനാ | പൂതന, |
| മാതൃകാദയഃ | മാതൃക്കൾ തുടങ്ങിയവ, |
| ഉന്മാദാഃ | ഉന്മാദങ്ങൾ |
| അപസ്മാരാഃ ച | അപസ്മാരങ്ങൾ എന്നിങ്ങനെ |
| ദേഹ-പ്രാണേന്ദ്രിയ-ദ്രുഹഃ | ദേഹം പ്രാണൻ ഇന്ദ്രിയങ്ങൾ എന്നിവയെ ദ്രോഹിക്കുന്നവയായി |
| യേ ഹി | ഏതെല്ലാമുണ്ടോ, |
| സ്വപ്നദൃഷ്ടാഃ | സ്വപ്നത്തിൽ കാണപ്പെട്ട |
| മഹോത്പാതാഃ | വലിയ ദുർന്നിമിത്തങ്ങൾ, |
| വൃദ്ധ-ബാലഗ്രഹാഃ | വൃദ്ധരൂപത്തിലും ബാലരൂപത്തിലും ഉള്ള ഗ്രഹങ്ങൾ, |
| യേ ച | യാതൊന്നുകളാണോ |
| തേ സർവ്വേ | അവയെല്ലാം |
| വിഷ്ണോഃ | മഹാവിഷ്ണുവിന്റെ |
| നാമഗ്രഹണ-ഭീരവഃ | നാമജപത്താൽ ഭയന്നവരായിട്ട് |
| നശ്യന്തു | നശിച്ചുപോകട്ടെ ". |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇതി പ്രണയബദ്ധാഭിർഗ്ഗോപീഭിഃ കൃതരക്ഷണം
പായയിത്വാ സ്തനം മാതാ സംന്യവേശയദാത്മജം. 30

| | |
|---|---|
| ഇതി | ഇപ്രകാരം |
| പ്രണയബദ്ധാഭിഃ | പ്രേമത്താൽ ബന്ധിക്കപ്പെട്ടവരായ |
| ഗോപീഭിഃ | ഗോപികളാൽ |
| കൃതരക്ഷണം | രക്ഷചെയ്യപ്പെട്ട |
| ആത്മജം | പുത്രനെ |
| മാതാ | അമ്മ |
| സ്തനം പായയിത്വാ | മുല കുടിപ്പിച്ച് |
| സംന്യവേശയത് | പതുക്കെ കിടത്തി. |

താവന്നന്ദാദയോ ഗോപാ മഥുരായാ വ്രജം ഗതാഃ
വിലോക്യ പൂതനാദേഹം ബഭൂവുരതിവിസ്മിതാഃ. 31

| | |
|---|---|
| താവത് | അപ്പോഴേക്കും |
| നന്ദാദയഃ | നന്ദഗോപർ മുതലായ |
| ഗോപാഃ | ഗോപന്മാർ |
| മഥുരായാഃ | മഥുരയിൽനിന്ന് |
| വ്രജം ഗതാഃ | അമ്പാടിയിലേക്ക് എത്തി. |
| പൂതനാദേഹം | പൂതനയുടെ മൃതദേഹത്തെ |
| വിലോക്യ | കണ്ടിട്ട് |
| അതിവിസ്മിതാഃ ബഭൂവുഃ | (അവർ) അത്യന്തം വിസ്മയിച്ചു. |

നൂനം ബതർഷിഃ സംജാതോ യോഗേശോ വാ സമാസ സഃ
സ ഏവ ദൃഷ്ടോ ഹ്യുത്പാതോ യദാഹാനകദുന്ദുഭിഃ 32

| | |
|---|---|
| ബത | " ആശ്ചര്യം ! |
| നൂനം | തീർച്ചയായും |
| ആനകദുന്ദുഭിഃ | വസുദേവൻ |
| ഋഷിഃ | (മുജ്ജന്മത്തിൽ) മഹാതപസ്വിയായിരുന്നു |
| സംജാതഃ | ജനിച്ചവനാകണം ! |
| വാ | അല്ലെങ്കിൽ |
| സഃ | അദ്ദേഹം |
| യോഗേശഃ | യോഗവിദ്യാവിദഗ്ദ്ധൻ |
| സമാസ | ആയിരുന്നു. |
| ഹി | എന്തെന്നാൽ |
| യത് ആഹ | പറഞ്ഞതെന്തോ, |
| സഃ ഏവ ഉത്പാതഃ | അതേ ദുർല്ലക്ഷണം |
| ദൃഷ്ടഃ | കാണപ്പെട്ടുവല്ലോ ! " |

കളേബരം പരശുഭിശ്ഛിത്ത്വാ തത്തേ വ്രജൌകസഃ
ദൂരേ ക്ഷിപ്ത്വാവയവശോ ന്യദഹൻ കാഷ്ഠധിഷ്ഠിതം. 33

| | | | |
|---|---|---|---|
| തേ വ്രജൌകസഃ | ആ ഗോകുലവാസികൾ | ഛിത്വാ | വെട്ടിമുറിച്ചു്, |
| തത് കളേബരം | പൂതനയുടെ ആ ശരീരത്തെ | ദൂരേ | അകലെ |
| പരശുഭിഃ | കോടാലികൾകൊണ്ടു് | ക്ഷിപ്ത്വാ | കൊണ്ടുപോയിട്ടു |
| അവയവശഃ | ഓരോ അവയവമായി | കാഷ്ഠധിഷ്ഠിതം | ചിതകൂട്ടി |
| | | ന്യദഹൻ | ദഹിപ്പിച്ചു. |

ദഹ്യമാനസ്യ ദേഹസ്യ ധൂമശ്ചാഗരുസൌരഭഃ
ഉത്ഥിതഃ കൃഷ്ണനിർഭുക്തസപദ്യാഹതപാപ്മനഃ. 34

| | | | |
|---|---|---|---|
| കൃഷ്ണനിർഭുക്ത സപദ്യാഹത പാപ്മനഃ | ഭഗവാനാൽ അനുഭവിക്കപ്പെട്ടതാകയാൽ തൽക്ഷണം വേരററുപോയ പാപത്തോടുകൂടിയിരിക്കുന്ന | ദഹ്യമാനസ്യ | ദഹിപ്പിക്കപ്പെടുമ്പോൾ |
| ദേഹസ്യ | പൂതനാദേഹം | ഉത്ഥിതഃ | പൊന്തിയ |
| | | ധൂമഃ ച | പുകയാകട്ടെ |
| | | അഗരുസൌരഭഃ | അകിലിൻമണമുള്ളതായിരുന്നു. |

പൂതനാ ലോകബാലഘ്നീ രാക്ഷസീ രുധിരാശനാ
ജിഘാംസയാപി ഹരയേ സ്തനം ദത്ത്വാപ സദ്ഗതിം. 35

| | | | |
|---|---|---|---|
| ലോകബാലഘ്നീ | ലോകത്തിലെ ശിശുക്കളെ കൊല്ലുന്നവളും | ജിഘാംസയാ അപി | കൊല്ലാനുള്ള ഉദ്ദേശത്തോടെയാണെങ്കിലും |
| രുധിരാശനാ | ചോര കുടിക്കുന്നവളും | ഹരയേ | ശ്രീകൃഷ്ണഭഗവാന്നു് |
| രാക്ഷസീ | രാക്ഷസസ്ത്രീയും ആയ | സ്തനം ദത്വാ | മുലകൊടുത്തു് |
| പൂതനാ | പൂതനയെന്നവൾ | സദ്ഗതിം ആപ | സൽഗതി പ്രാപിച്ചു. |

കിം പുനഃ ശ്രദ്ധയാ ഭക്ത്യാ കൃഷ്ണായ പരമാത്മനേ
യച്ഛൻ പ്രിയതമം കിം നു രക്താസ്തന്മാതരോ യഥാ. 36

| | | | |
|---|---|---|---|
| ശ്രദ്ധയാ | ആസ്തിക്യബുദ്ധിയോടും | യഥാ | എതുവിധമോ അതുപോലെ, |
| ഭക്ത്യാ | പ്രേമഭക്തിയോടുംകൂടി | പ്രിയതമം | ഏററവും ഇഷ്ടമായ വസ്തുവിനെ |
| പരമാത്മനേ | പരമാത്മാവായ | യച്ഛൻ | കൊടുക്കുന്ന ആൾ |
| കൃഷ്ണായ | കൃഷ്ണന്നു്, | കിം നു | എതുവിധം സൽഗതിയെ പ്രാപിക്കുമെന്നു് |
| രക്താഃ | വാത്സല്യവതികളായ | പുനഃ കിം | പിന്നെ പറയേണമോ? |
| തന്മാതരഃ | അവിടുത്തെ അമ്മമാർ | | |

പദ്ഭ്യാം ഭക്തഹൃദിസ്ഥാഭ്യാം വന്ദ്യാഭ്യാം ലോകവന്ദിതൈഃ
അംഗം യസ്യാഃ സമാക്രമ്യ ഭഗവാനപിബത് സ്തനം. 37

യാതുധാന്യപി സാ സ്വർഗ്ഗമവാപ ജനനീഗതിം
കൃഷ്ണഭുക്തസ്തനക്ഷീരാഃ കിമു ഗാവോ നു മാതരഃ. 38

| | |
|---|---|
| ലോകവന്ദിതൈഃ | ലോകപൂജിതന്മാരാൽ |
| വന്ദ്യാഭ്യാം | പൂജിക്കപ്പെടുവാൻ യോഗ്യങ്ങളും |
| ഭക്ത-ഹൃദിസ്ഥാഭ്യാം | ഭക്തന്മാരുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നവയുമായ |
| പദ്ഭ്യാം | തൃപ്പാദങ്ങളെക്കൊണ്ട് |
| യസ്യാഃ | യാതൊരുവളുടെ |
| അംഗം | ശരീരത്തെ |
| സമാക്രമ്യ | ചവിട്ടിക്കേറി |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| സ്തനം അപിബത് | സ്തനപാനം ചെയ്തുവോ, |
| സാ | അവൾ |
| യാതുധാനീ അപി | രാക്ഷസിയെങ്കിലും |
| ജനനീഗതിം | അമ്മയുടെ പ്രാപ്യസ്ഥാനമായ |
| സ്വർഗ്ഗം | സ്വർഗ്ഗലോകത്തെ |
| അവാപ | പ്രാപിച്ചു. |
| കൃഷ്ണഭുക്തസ്തനക്ഷീരാഃ | ശ്രീകൃഷ്ണനാൽ പാനം ചെയ്യപ്പെട്ട സ്തനങ്ങളോടും ക്ഷീരത്തോടുംകൂടിയ |
| മാതരഃ | മാതാക്കളും |
| ഗാവഃ | ഗോക്കളും |
| കിമു ന | സ്വർഗ്ഗസുഖം പ്രാപിക്കയെന്നു പിന്നെ പറയേണ്ടതുണ്ടോ ? |

പയാംസി യാസാമപിബത് പുത്രസ്നേഹസ്നുതാന്യലം
ഭഗവാൻ ദേവകീപുത്രഃ കൈവല്യാദ്യഖിലപ്രദഃ. 39

താസാമവിരതം കൃഷ്ണേ കുർവ്വതീനാം സുതേക്ഷണം
ന പുനഃ കല്പതേ രാജൻ സംസാരോऽജ്ഞാനസംഭവഃ. 40

| | |
|---|---|
| രാജൻ | രാജാവേ ! |
| കൈവല്യാദ്യ-ഖിലപ്രദഃ | മോക്ഷാദി സകല പുരുഷാൎത്ഥങ്ങളേയും പ്രദാനം ചെയ്യുന്ന |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| ദേവകീപുത്രഃ | ദേവകിയുടെ പുത്രനായിപ്പിറന്നു |
| യാസാം | യാതൊരുവരുടെ |
| പുത്രസ്നേഹസ്നുതാനി | പുത്രസ്നേഹംകൊണ്ടു ചുരന്ന |
| പയാംസി | പാലുകളെ |
| അലം | തൃപ്തിവരുമാറ് |
| അപിബത് | കുടിച്ചുവോ,— |
| കൃഷ്ണേ | ശ്രീകൃഷ്ണനിൽ |
| അവിരതം | ഇടതടവില്ലാതെ |
| സുതേക്ഷണം | പുത്രദൃഷ്ടിയെ |
| കുർവ്വതീനാം | വെച്ചുകൊണ്ടിരിക്കുന്ന |
| താസാം | അവൎക്ക് (അമ്മമാൎക്ക്) |
| അജ്ഞാനപ്രഭവഃ | അജ്ഞാനത്തിൽനിന്നുണ്ടാവുന്ന |
| സംസാരഃ | സംസാരദുഃഖം |
| പുനഃ ന കല്പതേ | വീണ്ടും ഉണ്ടാകുന്നതല്ല. |

കടധൂമസ്യ സൌരഭ്യമവഘ്രായ വ്രജൌകസഃ
കിമിദം കുത ഏവേതി വദന്തോ വ്രജമായയുഃ. 41

| | |
|---|---|
| വ്രജൌകസഃ | (പുറമെ പോയിരുന്ന) ഗോപന്മാർ |
| കടധൂമസ്യ | ശ്മശാനപ്പുകയുടെ |
| സൌരഭ്യം | സുഗന്ധത്തെ |
| അവഘ്രായ | ഘ്രാണിച്ച്, |
| ഇദം കിം | "ഇതെന്ത് ? |
| കുതഃ ഏവ | എവിടെനിന്ന് ?" |
| ഇതി വദന്തഃ | എന്നു പറഞ്ഞുകൊണ്ട് |
| വ്രജം | ഗോകുലത്തിലേക്ക് |
| ആയയുഃ | വന്നുചേൎന്നു. |

തേ തത്ര വൎണ്ണിതം ഗോപൈഃ പൂതനാഗമനാദികം
ശ്രുത്വാ തന്നിധനം സ്വസ്തി ശിശോശ്ചാസൻ സുവിസ്മിതാഃ. 42

| | |
|---|---|
| തേ | അവർ (വന്നുചേൎന്ന ഗോപന്മാർ) |
| തത്ര | അവിടെ (ഉണ്ടായിരുന്ന ഗോപന്മാരാൽ) |
| വൎണ്ണിതം | വിസ്തരിച്ചു പറയപ്പെട്ട |
| പൂതനാഗമനാദികം | പൂതനയുടെ വരവു് മുതലായതും, |
| തന്നിധനം | അവളുടെ മരണവും |
| ശിശോഃ | ബാലന്റെ |
| സ്വസ്തി ച | ക്ഷേമവാൎത്തയും |
| ശ്രുത്വാ | കേട്ടിട്ടു് |
| സുവിസ്മിതാഃ | ഏററവും വിസ്മയിച്ചവരായി |
| ആസൻ | ഭവിച്ചു. |

നന്ദഃ സ്വപുത്രമാദായ പ്രേത്യാഗതമുദാരധീഃ
മൂൎദ്ധ്ന്യുപാഘ്രായ പരമാം മുദം ലേഭേ കുരൂദ്വഹ 43

| | |
|---|---|
| കുരൂദ്വഹ | ഹേ കുരുശ്രേഷ്ഠ ! |
| ഉദാരധീഃ | ഉദാരഹൃദയനായ |
| നന്ദഃ | നന്ദഗോപർ |
| പ്രേത്യ ആഗതം | മരിച്ചു് വീണ്ടും പിഴച്ചു വന്നപോലെയുള്ള |
| സ്വപുത്രം | തന്റെ മകനെ |
| ആദായ | എടുത്തു്, |
| മൂൎദ്ധ്നി | നിറുകയിൽ |
| ഉപാഘ്രായ | മുകൎന്നു് |
| പരമാം മുദം | പരമാനന്ദത്തെ |
| ലേഭേ | പ്രാപിച്ചു. |

യ ഏതത് പൂതനാമോക്ഷം കൃഷ്ണസ്യാൎഭകമത്ഭുതം
ശൃണുയാച്ഛ്രദ്ധയാ മൎത്ത്യോ ഗോവിന്ദേ ലഭതേ രതിം. 44

| | |
|---|---|
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| ആൎഭകം | ബാലചരിതവും |
| അത്ഭുതം | ആശ്ചൎയ്യകരവും ആയ |
| ഏതത് | ഈ |
| പൂതനാമോക്ഷം | പൂതനാമോക്ഷത്തെ |
| യഃ മൎത്ത്യഃ | യാതൊരു മനുഷ്യൻ |
| ശ്രദ്ധയാ | ആദരപൂൎവ്വം |
| ശൃണുയാത് | കേൾക്കുമോ, അവൻ |
| ഗോവിന്ദേ | ശ്രീകൃഷ്ണനിൽ |
| രതിം ലഭതേ | ഭക്തിയെ പ്രാപിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
പൂതനാമോക്ഷോ നാമ ഷഷ്ഠോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 286.

## സപ്തമോഽദ്ധ്യായഃ—ഏഴാം അദ്ധ്യായം.

[ഉത്ക്ഷിപൻ ശകടം വ്യോമ്നി തൃണാവൎത്തമധഃ ക്ഷിപൻ
ദൎശയൻ വിശ്വമാസ്യേ ച കൃഷ്ണഃ ക്രീഡതി സപ്തമേ.]

(ശകടഭഞ്ജനം; തൃണാവൎത്തവധം; ബാലകൃഷ്ണന്റെ മുഖാന്തൎഭാഗത്തിൽ യശോദ വിശ്വരൂപം കാണുന്നതു്)

രാജോവാച = രാജാവു് പറഞ്ഞു :—

യേന യേനാവതാരേണ ഭഗവാൻ ഹരിരീശ്വരഃ
കരോതി കൎണ്ണരമ്യാണി മനോജ്ഞാനി ച നഃ പ്രഭോ. 1

പ്രഭോ — ഹേ പ്രഭോ!
ഭഗവാൻ — ഷഡ്ഗുണസമ്പൂർണ്ണനും
ഈശ്വരഃ — സർവ്വശക്തനും ആയ
ഹരിഃ — ശ്രീഹരി
യേന യേന — ഏതേതു്
അവതാരേണ — അവതാരത്താൽ
കരോതി — എന്തെല്ലാം പ്രവർത്തിക്കുന്നുവോ, അതൊക്കെയും
നഃ കർണ്ണരമ്യാണി — ഞങ്ങളുടെ കാതുകൾക്കു് സുഖാവഹങ്ങളാണു്;
മനോജ്ഞാനി ച — മനസ്സിനെ ആഹ്ലാദിപ്പിക്കുന്നവയുമാണു്.

യച്ഛൃണ്വതോഽപൈത്യരതിർവ്വിതൃഷ്ണാ
സത്വം ച ശുദ്ധ്യത്യചിരേണ പുംസഃ
ഭക്തിർഹരൌ തത്പുരുഷേ ച സഖ്യം
തദേവ ഹാരം വദ മന്യസേ ചേത്. 2

മന്യസേ ചേത് — ഭവാൻ എന്നിൽ കനിയുന്നുവെങ്കിൽ
യത് — യാതൊരു സൽക്കഥയെ
ശൃണ്വതഃ — കേട്ടുകൊണ്ടിരിക്കുന്ന
പുംസഃ — ഏതൊരു മനുഷ്യന്റേയും
അരതിഃ — മനസ്സിലെ വല്ലായ്മയും,
വിതൃഷ്ണാ — പലതരം ആശകളും
അപൈതി — അകന്നുപോകുന്നുവോ,
സത്വം — അന്തഃകരണം
ശുദ്ധ്യതി ച — ശുദ്ധമായിത്തീരുന്നുവോ,
ഹരൌ ഭക്തിഃ — ശ്രീഭഗവാങ്കൽ ഭക്തിയും
തത്പുരുഷേ — തൽഭക്തജനങ്ങളിൽ
സഖ്യം ച — മൈത്രിയും
അചിരേണ — കാലതാമസംകൂടാതെയുണ്ടാകുന്നുവോ
തത് ഹാരം ഏവ — ആ ഹരികഥയെത്തന്നെ
വദ — (ഇനിയും) പറഞ്ഞുതരിക.

അഥാന്യദപി കൃഷ്ണസ്യ തോകാചരിതമത്ഭുതം
മാനുഷം ലോകമാസാദ്യ തജ്ജാതിമനുരുന്ധതഃ. 3

അഥ — ആകയാൽ
മാനുഷം ലോകം — മനുഷ്യലോകത്തെ
ആസാദ്യ — പ്രാപിച്ച്
തജ്ജാതിം — ആ മനുഷ്യജാതിയെ
അനുരുന്ധതഃ — അനുസരിച്ചുകൊണ്ടിരുന്ന
കൃഷ്ണസ്യ — ശ്രീകൃഷ്ണപരമാത്മാവിന്റെ
അന്യത് അപി — ഇനി വേറെയും ഉള്ള
തോകാചരിതം — ബാലലീലകളെ
(വദ) — പറഞ്ഞുതരിക.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു:—

കദാചിദൌത്ഥാനികകൌതുകാപ്ലവേ
ജന്മർക്ഷയോഗേ സമവേതയോഷിതാം
വാദിത്രഗീതദ്വിജമന്ത്രവാചകൈ-
ശ്ചകാര സൂനോരഭിഷേചനം സതീ. 4

കദാചിത് — ഒരിക്കൽ
ഔത്ഥാനികകൌതുകാപ്ലവേ — * ഔത്ഥാനികം എന്ന മംഗളസ്നാനത്തിൽ
ജന്മർക്ഷയോഗേ — ജന്മനക്ഷത്രവും ചേർന്നിരിക്കേ
സമവേത യോഷിതാം — അവിടെ വന്നുചേർന്ന ഗോപസ്ത്രീകളുടെ മദ്ധ്യത്തിൽവെച്ച്
സതീ — ഉത്തമയായ യശോദ

* ഔത്ഥാനികം = കുട്ടി കഴുത്തുറച്ചു് കമിഴ്ന്നുകിടക്കാൻ തുടങ്ങിയാൽ ചെയ്യേണ്ടുന്ന മംഗളകർമ്മം.

| | |
|---|---|
| വാദിത്രഗീതദ്വിജമന്ത്രവാചകൈഃ | വാദ്യഗീതങ്ങളോടും ബ്രാഹ്മണരുടെ വേദമന്ത്രോച്ചാരണങ്ങളോടുംകൂടി |
| സൂനോഃ | പുത്രന്ന് |
| അഭിഷേചനം | മംഗളസ്നാനകർമ്മം |
| ചകാര | ചെയ്യിച്ചു. |

നന്ദസ്യ പത്നീ കൃതമജ്ജനാദികം
വിപ്രൈഃ കൃതസ്വസ്ത്യയനം സുപൂജിതൈഃ
അന്നാദ്യവാസഃസ്രഗഭീഷ്ടധേനുഭിഃ
സംജാതനിദ്രാക്ഷമശീശയച്ഛനൈഃ. 5

| | |
|---|---|
| കൃതമജ്ജനാദികം | ചെയ്യിക്കപ്പെട്ട സ്നാനാദികളോടുകൂടിയവനും, |
| അന്നാദ്യവാസഃസ്രഗഭീഷ്ടധേനുഭിഃ | ഭക്ഷണം, വസ്ത്രം, മാല, പശുക്കൾ എന്നിങ്ങനെ പല അഭീഷ്ടവസ്തുക്കൾകൊണ്ട് |
| സുപൂജിതൈഃ | സൽക്കരിക്കപ്പെട്ടവരായ |
| വിപ്രൈഃ | ബ്രാഹ്മണരാൽ |
| കൃതസ്വസ്ത്യയനം | ചെയ്യപ്പെട്ട രക്ഷാബന്ധനാദികളോടുകൂടിയവനും, |
| സംജാതനിദ്രാക്ഷം | ഉറക്കം വന്നിരിക്കുന്ന കൺകളോടുകൂടിയവനും ആയ ബാലനെ |
| നന്ദസ്യ പത്നീ | നന്ദഗോപരുടെ പത്നി |
| ശനൈഃ | സാവധാനത്തിൽ (ഉറക്കം പോകാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട്) |
| അശീശയത് | (ഒരു വണ്ടിയുടെ താഴെയായി) കിടത്തി. |

ഔത്ഥാനികൌത്സുക്യമനാ മനസ്വിനീ
സമാഗതാൻ പൂജയതീ വ്രജൌകസഃ
നൈവാശൃണോദ്വൈ രുദിതം സുതസ്യ സാ
രുദൻ സ്തനാർത്ഥീ ചരണാവുദക്ഷിപത്. 6

| | |
|---|---|
| ഔത്ഥാനികൌത്സുക്യമനാഃ | ഔത്ഥാനികമഹോത്സവത്തിൽ ഉത്സാഹംപൂണ്ട മനസ്സോടുകൂടിയവളും |
| മനസ്വിനീ | ഉദാരമായ ചിത്തത്തോടുകൂടിയവളുമായ |
| സാ | അവൾ (യശോദ) |
| സമാഗതാൻ | വന്നുചേർന്നിരിക്കുന്ന |
| വ്രജൌകസഃ | ഗോകുലവാസികളെ |
| പൂജയതീ | സൽക്കരിച്ചുകൊണ്ട് ഇരിക്കയാൽ |
| സുതസ്യ രുദിതം | പുത്രന്റെ കരച്ചിലിനെ |
| ന അശൃണോത് ഏവ വൈ | തീരെ കേട്ടതേയില്ല. |
| സ്തനാർത്ഥീ | കുട്ടി മുലയ്ക്കുവേണ്ടി |
| രുദൻ | കരഞ്ഞുകൊണ്ട് |
| ചരണൌ | കാൽരണ്ടും |
| ഉദക്ഷിപത് | മേല്പോട്ടു കുതറി. |

അധഃ ശയാനസ്യ ശിശോരനോഽല്പകപ്രവാളമൃദ്വംഘ്രിഹതം വ്യവർത്തത
വിധ്വസ്തനാനാരസകുപ്യഭാജനം വ്യത്യസ്തചക്രാക്ഷവിഭിന്നകൂബരം.

| | |
|---|---|
| അധഃ | താഴെ |
| ശയാനസ്യ | കിടത്തിയിരുന്ന |
| ശിശോഃ | ശിശുവിന്റെ |
| അല്പകപ്രവാളമൃദ്വംഘ്രിഹതം | നന്നേ ചെറുതും ഇളം തളിരുപോലെ മൃദുവും ആയ കാൽകൊണ്ട് ചവിട്ടേല്പപ്പെട്ട |

| | |
|---|---|
| അനഃ | വണ്ടി * |
| വിധ്വസ്ത— നാനാരസ കുപ്യഭാജനം | വിവിധ ഗോരസങ്ങളും ആക്കിവെച്ചിരുന്ന ഓട്ടു പാത്രങ്ങളും മററും തക ർന്നപോകുംപ്രകാരത്തിൽ, |
| വ്യത്യസ്ത— ചക്രാക്ഷവി— ഭിന്നകൂബരം | ചക്രങ്ങളും അച്ചുതണ്ടും തകിടംമറിഞ്ഞു്, നുകത്ത ണ്ടു് ഒടിഞ്ഞു് |
| വ്യവർത്തത | മറിഞ്ഞുവീണു. |

ദൃഷ്ട്വാ യശോദാപ്രമുഖാ വ്രജസ്ത്രിയ ഔത്ഥാനികേ കർമ്മണി യാഃ സമാഗതാഃ
നന്ദാദയശ്ചാത്ഭുതദർശനാകുലാഃ കഥം സ്വയം വൈ ശകടം വിപര്യഗാത്
ഇതി ബ്രുവന്തോऽതിവിഷാദമോഹിതാ ജനാഃ സമന്താത് പരിവവ്രുരാത്മവത്

| | |
|---|---|
| യശോദാപ്രമുഖാഃ | യശോദ മുതലായവരും, |
| ഔത്ഥാനികേ കർമ്മണി | ഔത്ഥാനിക മഹോത്സവത്തിൽ |
| സമാഗതാഃ | വന്നുചേർന്നിരുന്ന |
| വ്രജസ്ത്രിയഃ | ഗോപസ്ത്രീകളും |
| യാഃ | ആരെല്ലാമോ അവരും, |
| നന്ദാദയഃ | നന്ദഗോപർ തുടങ്ങിയ |
| ജനാഃ ച | മററുജനങ്ങളും |
| ദൃഷ്ട്വാ | (മറിഞ്ഞുവീണ ശകടത്തെ) കണ്ടു് |
| അത്ഭുതദർ— നാകുലാഃ | അത്ഭുതക്കാഴ്ചയാൽ സംഭ്രാന്തരാവുകയും, |
| അതിവിഷാദ- മോഹിതാഃ | അതിദുഃഖത്താൽ മോഹിതരാവുകയും ചെയ്തു; |
| ശകടം കഥം സ്വയം വൈ വിപര്യഗാത് | "വണ്ടി എങ്ങനെ തന്നെത്താൻ മറിഞ്ഞു?" |
| ഇതി ബ്രുവന്തഃ | എന്നു പറഞ്ഞുകൊണ്ടു് |
| സമന്താത് | കുട്ടിയുടെ ചുററും |
| ആത്മവത് | ആത്മന്മാരെന്നവിധം |
| പരിവവ്രുഃ | (അവർ) വളഞ്ഞുകൂടി. |

ഊചുരവ്യവസിതമതീൻ ഗോപാൻ ഗോപീശ്ച ബാലകാഃ
രുദതാനേന പാദേന ക്ഷിപ്തമേതന്ന സംശയഃ. 9

| | |
|---|---|
| അവ്യവസിത— മതീൻ | ഇതെങ്ങനെ സംഭവിച്ചു വെന്നു് നിർണ്ണയം വരാത്ത ബുദ്ധിയോടുകൂടിയ |
| ഗോപാൻ | ഗോപന്മാരോടും |
| ഗോപീഃ ച | ഗോപികമാരോടും |
| ബാലകാഃ | (അവിടെ കളിച്ചിരുന്ന) കുട്ടികൾ |
| ഊചുഃ | പറഞ്ഞു |
| രുദതാ | "കരഞ്ഞുകൊണ്ടിരിക്കുന്ന |
| അനേന | ഇവനാൽ |
| പാദേന | കാൽകൊണ്ടു് |
| ഏതത് ക്ഷിപ്തം | ഇതു് തട്ടിമറിക്കപ്പെട്ടതാണു്; |
| ന സംശയഃ | സംശയമില്ല" എന്നു്. |

ന തേ ശ്രദ്ദധിരേ ഗോപാ ബാലഭാഷിതമിത്യുത
അപ്രമേയം ബലം തസ്യ ബാലകസ്യ ന തേ വിദുഃ. 10

| | |
|---|---|
| തേ ഗോപാഃ | ആ ഗോപന്മാർ |
| ബാലഭാഷിതം ഇതി ഉത | കുട്ടികളുടെ വാക്കായതിനാൽ വിശ്വാസം വരാത്തതുകൊണ്ടു് |
| ന ശ്രദ്ദധിരേ | ശ്രദ്ധിക്കയുണ്ടായില്ല |
| തേ | എന്തെന്നാൽ, അവർ |
| തസ്യ ബാലകസ്യ | ആ ബാലനുള്ളതായ |
| അപ്രമേയം | അളവററ |
| ബലം | ശക്തിയെ |
| ന വിദുഃ | അറിഞ്ഞിരുന്നില്ല. |

* ഋഷിശാപത്താൽ നഷ്ടദേഹനായ ശകടാസുരൻ (ഉത്കചൻ) [illegible] ആവേശിച്ചിരുന്നു. കൃഷ്ണപാദസ്പർശത്താൽ അവൻ മുക്തനായി. അസുരൻ [illegible]നാകയാൽ വ്രജവാസികൾ കണ്ടിരുന്നില്ല.

രുദന്തം സുതമാദായ യശോദാ ഗ്രഹശങ്കിതാ
കൃതസ്വസ്ത്യയനം വിപ്രൈഃ സൂക്തൈഃ സ്തനമപായയത്. 11

ഗ്രഹശങ്കിതാ — വല്ല ഗ്രഹബാധയും ആകുമോ എന്നുള്ള ആശങ്ക ജനിച്ച
യശോദാ — യശോദാദേവി
രുദന്തം — കരഞ്ഞുകൊണ്ടിരിക്കുന്ന
സുതം ആദായ — കുട്ടിയെ എടുത്ത്
വിപ്രൈഃ — ബ്രാഹ്മണരെക്കൊണ്ട്
സൂക്തൈഃ — മന്ത്രങ്ങളാൽ
കൃതസ്വസ്ത്യയനം — രക്ഷാബന്ധനാദികൾ ചെയ്യിച്ച് അവനെ
സ്തനം അപായയത് — മുല കുടിപ്പിച്ചു.

പൂർവ്വവത് സ്ഥാപിതം ഗോപൈർബ്ബലിഭിഃ സപരിച്ഛദം
വിപ്രാ ഹുത്വാർച്ചയാഞ്ചക്രുർദ്ദധ്യക്ഷതകുശാംബുഭിഃ. 12

ബലിഭിഃ — ബലശാലികളായ
ഗോപൈഃ — ഗോപന്മാരാൽ
പൂർവ്വവത് — മുന്നെപ്പോലെ
സപരിച്ഛദം — എല്ലാ ഭാഗങ്ങളോടുംകൂടി
സ്ഥാപിതം — ഉറപ്പിച്ച് നിർത്തപ്പെട്ട വണ്ടിയെ
വിപ്രാഃ — ബ്രാഹ്മണന്മാർ
ഹുത്വാ — (ഗ്രഹശാന്തി) ഹോമം നടത്തി,
ദധ്യക്ഷത- കുശാംബുഭിഃ — തൈർ, അക്ഷതം, കുശോദകം എന്നിവയാൽ
അർച്ചയാഞ്ചക്രുഃ — ആരാധിച്ചു.

യേഽസൂയാനൃതദംഭേർഷ്യാഹിംസാമാനവിവർജ്ജിതാഃ
ന തേഷാം സത്യശീലാനാമാശിഷോ വിഫലാഃ കൃതാഃ. 13

യേ — "യാതൊരുവർ
അസൂയാ- നൃതദംഭേർഷ്യാ- ഹിംസാമാന- വിവർജ്ജിതാഃ — പരഗുണങ്ങളിൽ ദോഷാരോപണം, നുണപറയൽ, അന്യരെ ഒപ്പിക്കാനുള്ള ധർമ്മാനുഷ്ഠാനം, പരഗുണംകണ്ടുകൂടായ്മ, പരദ്രോഹം, അഹംഭാവം എന്നീ ദുർഗ്ഗുണങ്ങളില്ലാത്തവരാകുന്നുവോ,
തേഷാം — അങ്ങനെയുള്ള
സത്യശീലാനാം — സത്യഭാഷികളായ ബ്രാഹ്മണരാൽ
കൃതാഃ — ചെയ്യപ്പെട്ട
ആശിഷഃ — അനുഗ്രഹങ്ങൾ
ന വിഫലാഃ — വെറുതെയാകയില്ല".

ഇതി ബാലകമാദായ സാമർഗ്യജുരുപാകൃതൈഃ
ജലൈഃ പവിത്രൗഷധിഭിരഭിഷിച്യ ദ്വിജോത്തമൈഃ. 14

വാചയിത്വാ സ്വസ്ത്യയനം നന്ദഗോപഃ സമാഹിതഃ
ഹുത്വാ ചാഗ്നിം ദ്വിജാതിഭ്യഃ പ്രാദാദന്നം മഹാഗുണം. 15

ഇതി — ഇപ്രകാരം
സമാഹിതഃ — മനസ്സിലുറപ്പിച്ച്
നന്ദഃ — നന്ദഗോപർ
ബാലകം ആദായ — കുട്ടിയെ എടുത്ത്
സാമർഗ്യജുരു- പാകൃതൈഃ — സാമം, ഋക്ക്, യജുസ്സ് എന്നീ വേദമന്ത്രങ്ങളാൽ അഭിമന്ത്രിക്കപ്പെട്ടതും
പവിത്രൗഷധിഭിഃ — പരിശുദ്ധങ്ങളായ ഓഷധികൾ ഇട്ടിരിക്കുന്നതും ആയ
ജലൈഃ — ജലത്താൽ
ദ്വിജോത്തമൈഃ — മഹാബ്രാഹ്മണരെക്കൊണ്ട്
അഭിഷിച്യ — അഭിഷേകം ചെയ്യിപ്പിച്ച്,

| | |
|---|---|
| സ്വസ്ത്യയനം വാചയിത്വാ | സ്വസ്തിവാചനം ചൊല്ലിക്കുകയും |
| അഗ്നിം ഹുത്വാ ച | അഗ്നിയിൽ ഹോമം ചെയ്യിക്കുകയും ചെയ്തശേഷം |
| മഹാഗുണം | നാനാവിധ വിഭവങ്ങളോടുകൂടിയ |
| അന്നം | അന്നത്തെ |
| ദ്വിജാതിഭ്യഃ | ബ്രാഹ്മണർക്ക് |
| പ്രാദാത് | ദാനംചെയ്തു. |

ഗാവഃ സർവ്വഗുണോപേതാ വാസഃസ്രഗ്രുക്മമാലിനീഃ
ആത്മജാഭ്യുദയാർത്ഥായ പ്രാദാത്തേ ചാന്വയുഞ്ജത 16

| | |
|---|---|
| ആത്മജാഭ്യുദയാർത്ഥായ | പുത്രന്റെ അഭ്യുദയ കാര്യത്തിന്നായി |
| സർവ്വഗുണോപേതാഃ | എല്ലാ ഗുണങ്ങളോടു കൂടിയവയും |
| വാസഃസ്രഗ്രുക്മമാലിനീഃ | വസ്ത്രം, പൂമാല, പൊൻചങ്ങല എന്നിവയാൽ അലങ്കരിക്കപ്പെട്ടവയും ആയ |
| ഗാവഃ | പശുക്കളെ |
| പ്രാദാത് | (ബ്രാഹ്മണർക്കു) ദാനം ചെയ്തു. |
| തേ | അവർ |
| അന്വയുഞ്ജത ച | ആശീർവ്വദിക്കയും ചെയ്തു. |

വിപ്രാ മന്ത്രവിദോ യുക്താസ്തൈര്യാഃ പ്രോക്താസ്തഥാഽഽശിഷഃ
താ നിഷ്ഫലാ ഭവിഷ്യന്തി ന കദാചിദപി സ്ഫുടം 17

| | |
|---|---|
| വിപ്രാഃ | ആ ബ്രാഹ്മണർ |
| മന്ത്രവിദഃ | മന്ത്രജ്ഞന്മാരും |
| യുക്താഃ | ഈശ്വരഭക്തിയുള്ളവരും ആകുന്നു. |
| തൈഃ | അവരാൽ |
| പ്രോക്താഃ | പ്രയോഗിക്കപ്പെട്ട |
| യാഃ ആശിഷഃ | യാതൊരു ആശിസ്സുകൾ ഉണ്ടോ |
| താഃ തഥാ | അവ അതേവിധം ഫലിക്കുന്നു; |
| കദാചിത് അപി | ഒരിക്കലും |
| നിഷ്ഫലാഃ | വിഫലങ്ങളായി |
| ന ഭവിഷ്യന്തി | ഭവിക്കുകയില്ല ;— |
| സ്ഫുടം | നിശ്ചയംതന്നെ. |

ഏകദാഽഽരോഹമാരൂഢം ലാളയന്തീ സുതം സതീ
ഗരിമാണം ശിശോർവ്വോഢും ന സേഹേ ഗിരികൂടവത്. 18

| | |
|---|---|
| ഏകദാ | ഒരിക്കൽ (ബാലന്നു ഒരു വയസ്സ് തികഞ്ഞ കാലത്ത്) |
| ആരോഹം ആരൂഢം | മടിയിൽ കേറിയിരുന്ന |
| സുതം | മകനെ |
| ലാളയന്തീ | താലോലിച്ചുകൊണ്ടിരുന്ന |
| സതീ | യശോദാദേവി |
| ശിശോഃ | ബാലന്റെ |
| ഗിരികൂടവത് | പർവ്വതശിഖരംപോലുള്ള |
| ഗരിമാണം | കനത്തെ |
| വോഢും | താങ്ങുവാൻ |
| ന സേഹേ | ശക്തയായില്ല. |

ഭൂമൌ നിധായ തം ഗോപീ വിസ്മിതാ ഭാരപീഡിതാ
മഹാപുരുഷമാദധ്യൌ ജഗതാമാസ കർമ്മസു. 19

| | |
|---|---|
| ഭാരപീഡിതാ | ഭാരംകൊണ്ടു കഷ്ടപ്പെട്ട |
| ഗോപീ | യശോദ |
| വിസ്മിതാ | ആശ്ചര്യത്തോടുകൂടി |
| തം | ആ ബാലനെ |
| ഭൂമൌ നിധായ | നിലത്തുവെച്ച്, |
| ജഗതാം | ലോകങ്ങളുടെയെല്ലാം |
| മഹാപുരുഷം | മഹാപുരുഷനെ |
| ആദധ്യൌ | ധ്യാനിച്ചു ; |
| കർമ്മസു | ഗൃഹകൃത്യങ്ങളിൽ |
| ആസ | ഏർപ്പെടുകയും ചെയ്തു. |

ദൈത്യോ നാമ്നാ തൃണാവർത്തഃ കംസഭൃത്യഃ പ്രണോദിതഃ
ചക്രവാതസ്വരൂപേണ ജഹാരാസീനമർഭകം. 20

ഗോകുലം സർവ്വമാവൃണ്വൻ മുഷ്ണംശ്ചക്ഷൂംഷി രേണുഭിഃ
ഈരയൻ സുമഹാഘോരശബ്ദേന പ്രദിശോ ദിശഃ. 21

| | | | |
|---|---|---|---|
| കംസഭൃത്യഃ | കംസന്റെ ഭൃത്യനും | സുമഹാഘോരശബ്ദേന | അതിഭയങ്കരമായ ശബ്ദത്താൽ |
| പ്രണോദിതഃ | അവനാൽ അയയ്ക്കപ്പെട്ടവനും | ദിശഃ | ദിക്കുകളേയും |
| നാമ്നാ തൃണാവർത്തഃ | തൃണാവർത്തനെന്നു പേരുള്ളവനും ആയ | പ്രദിശഃ | വിദിക്കുകളേയും |
| ദൈത്യഃ | ഒരു അസുരൻ | ഈരയൻ | മുഴക്കിക്കൊണ്ടും |
| രേണുഭിഃ | പൊടിപടലങ്ങളാൽ | ചക്രവാതസ്വരൂപേണ | ചുഴലിക്കാറ്റിന്റെ രൂപത്തോടെ വന്നു് |
| ഗോകുലം സർവ്വം | ഗോകുലത്തെ മുഴുവൻ | ആസീനം | നിലത്തിരിക്കുന്ന |
| ആവൃണ്വൻ | മൂടിക്കൊണ്ടും, | അർഭകം | കുട്ടിയെ |
| ചക്ഷൂംഷി | കൺകളെ | ജഹാര | എടുത്തുകൊണ്ടുപോയി. |
| മുഷ്ണൻ | കവർന്നുകൊണ്ടും, | | |

മുഹൂർത്തമഭവദ്ഗോഷ്ഠം രജസാ തമസാഽഽവൃതം
സുതം യശോദാ നാപശ്യത്തസ്മിൻ ന്യസ്തവതീ യതഃ. 22

| | | | |
|---|---|---|---|
| ഗോഷ്ഠം | ഗോകുലം | യശോദാ | യശോദ |
| മുഹൂർത്തം | അല്പനേരത്തേക്കു് | സുതം | മകനെ |
| രജസാ | മൺപൊടിയാലും | യതഃ | യാതൊരിടത്തു് |
| തമസാ | കൂരിരുട്ടിനാലും | ന്യസ്തവതീ | വെച്ചിരുന്നുവോ, |
| ആവൃതം അഭവത് | മൂടപ്പെട്ടതായി. | തസ്മിൻ | ആ സ്ഥലത്തു് |
| | | ന അപശ്യത് | കണ്ടില്ല. |

നാപശ്യത് കശ്ചനാത്മാനം പരം ചാപി വിമോഹിതഃ
തൃണാവർത്തനിസൃഷ്ടാഭിഃ ശർക്കരാഭിരുപദ്രുതഃ. 23

| | | | |
|---|---|---|---|
| തൃണാവർത്തനിസൃഷ്ടാഭിഃ | തൃണാവർത്തനാൽ എറിയപ്പെട്ട | കശ്ചന | ഒരുത്തനെങ്കിലും |
| ശർക്കരാഭിഃ | ചരൽക്കല്ലുകളാൽ | ആത്മാനം അപി | തന്നേയും |
| ഉപദ്രുതഃ | ഉപദ്രവം ഏല്ക്കപ്പെട്ടു് | പരം ച | അന്യനേയും |
| വിമോഹിതഃ | മയങ്ങിപ്പോയ | ന അപശ്യത് | കണ്ടിരുന്നില്ല. |

ഇതി ഖരപവനചക്രപാംസുവർഷേ സുതപദവീമബലാഽവിലക്ഷ്യ മാതാ
അതികരുണമനുസ്മരന്ത്യശോചദ്ഭുവി പതിതാ മൃതവത്സകാ യഥാ ഗൌഃ.

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | സുതപദവീം | പുത്രന്റെ മാർഗ്ഗത്തെ |
| ഖരപവനചക്രപാംസുവർഷേ | കഠോരമായ ചുഴലിക്കാറ്റിൽനിന്നു് പൂഴിമഴയുണ്ടായിക്കൊണ്ടിരിക്കേ, | അവിലക്ഷ്യ | കാണാതെ |
| | | അബലാ | അസമർത്ഥയായ |
| | | മാതാ | മാതാവു് |

| | | | |
|---|---|---|---|
| അനുസ്മരന്തീ | ഓരോന്നോർത്തുകൊണ്ടു് | ഗൗഃ യഥാ | പശുവെപ്പോൽ |
| അതികരുണം അശോചത് | ദയനീയമാംവിധം കരഞ്ഞു; | ഭുവി | ഭൂമിയിൽ |
| മൃതവത്സകാ | കുട്ടി ചത്തുപോയ | പതിതാ | വീണു. |

രുദിതമനു നിശമ്യ തത്ര ഗോപ്യോ ഭൃശമനുതപ്തധിയോഽശ്രുപൂർണ്ണമുഖ്യഃ
രുരുദുരനുപലഭ്യ നന്ദസൂനും പവന ഉപാരതപാംസുവർഷവേഗേ. 25

| | | | |
|---|---|---|---|
| അനു | അതിൽപ്പിന്നെ | തത്ര | അവിടെ |
| ഉപാരതപാംസുവർഷവേഗേ പവനേ | പൂഴിമഴയുടെ ശക്തി ശമിച്ചതായ കാററു് വീശിത്തുടങ്ങിയപ്പോൾ | നന്ദസൂനും | നന്ദകുമാരനെ |
| | | അനുപലഭ്യ | കാണാതെ |
| | | അനുതപ്തധിയഃ | സന്തപ്തചിത്തകളായി |
| ഗോപ്യഃ | ഗോപസ്ത്രീകൾ | അശ്രുപൂർണ്ണമുഖ്യഃ | സന്താപാശ്രു നിറഞ്ഞ മുഖത്തോടുകൂടിയവരായി |
| രുദിതം | (യശോദയുടെ) കരച്ചൽ | | |
| നിശമ്യ | കേട്ടവന്നു് | ഭൃശം രുരുദുഃ | ഏററം വിലപിച്ചു. |

തൃണാവർത്തഃ ശാന്തരയോ വാത്യാരൂപധരോ ഹരൻ
കൃഷ്ണം നഭോഗതോ ഗന്തും നാശക്നോദ് ഭൂരിഭാരഭൃത്. 26

| | | | |
|---|---|---|---|
| വാത്യാരൂപധരഃ | ചുഴലിക്കാററിൻെറ രൂപംധരിച്ചു് | തൃണാവർത്തഃ | തൃണാവർത്തൻ |
| | | ഭൂരിഭാരഭൃത് | വലിയ ഭാരം വഹിച്ചവനായിത്തീരുകയാൽ |
| കൃഷ്ണം ഹരൻ | ശ്രീകൃഷ്ണനെ എടുത്തുകൊണ്ടു് | ശാന്തരയഃ | ഗതിവേഗം ശമിച്ചു് |
| നഭോഗതഃ | ആകാശത്തിലേക്കുയർന്നുപോയ | ഗന്തും | യാത്ര തുടരുവാൻ |
| | | ന അശക്നോത് | ശക്തനായില്ല. |

തമശ്മാനം മന്യമാന ആത്മനോ ഗുരുമത്തയാ
ഗലേ ഗൃഹീത ഉത്സ്രഷ്ടും നാശക്നോദദ്ഭുതാർഭകം. 27

| | | | |
|---|---|---|---|
| ഗുരുമത്തയാ | അതിഭാരത്താൽ | ആത്മനഃ ഗലേ | തൻെറ കഴുത്തിൽ |
| തം അദ്ഭുതാർഭകം | ആ അദ്ഭുത ബാലനെ | ഗൃഹീതഃ | പിടിക്കപ്പെട്ടിരുന്നതിനാൽ |
| അശ്മാനം മന്യമാനഃ | ഒരു പെരുങ്കല്ലെന്നു് വിചാരിച്ചു് | | |
| ഉത്സ്രഷ്ടും | തള്ളിയിടുവാൻ (ഉദ്യമിച്ചുവെങ്കിലും) | ന അശക്നോത് | (അതിന്നവൻ) ശക്തനായില്ല. |

ഗലഗ്രഹണനിശ്ചേഷ്ടോ ദൈത്യോ നിർഗ്ഗതലോചനഃ
അവ്യക്തരാവോ ന്യപതത് സഹബാലോ വ്യസുർവ്രജേ 28

| | | | |
|---|---|---|---|
| ഗലഗ്രഹണനിശ്ചേഷ്ടഃ | കഴുത്തിൽ ഞെക്കിപ്പിടിക്കകൊണ്ടു നിശ്ചേഷ്ടനായിത്തീർന്ന | അവ്യക്തരാവഃ | വ്യക്തമല്ലാത്ത ശബ്ദത്തോടുംകൂടി |
| | | വ്യസുഃ | ഗതപ്രാണനായി |
| | | സഹബാലഃ | കുട്ടിയോടുംകൂടെ |
| ദൈത്യഃ | അസുരൻ | വ്രജേ | ഗോകുലത്തിൽ |
| നിർഗ്ഗതലോചനഃ | തുറിച്ച കണ്ണുകളോടും, | ന്യപതത് | മലച്ചുവീണു. |

തമന്തരിക്ഷാത് പതിതം ശിലായാം വിശീർണ്ണസർവ്വാവയവം കരാളം
പുരം യഥാ രുദ്രശരേണ വിദ്ധം സ്ത്രിയോ രുദത്യോ ദദൃശുഃ സമേതാഃ. 29

| | | | |
|---|---|---|---|
| രുദ്രശരേണ | ശിവന്റെ ശരത്താൽ | വിശീർണ്ണ-സർവ്വാവയവം | തകർന്നു ചിതറിയ സർവ്വാംഗങ്ങളോടുകൂടിയവനും |
| വിദ്ധം | ഭേദിക്കപ്പെട്ടതായ | കരാളം | ഭയങ്കരനും ആയ |
| പുരം യഥാ | ത്രിപുരന്മാരുടെ പുരം പോലെ | തം | അവനെ |
| അന്തരിക്ഷാത് | ആകാശത്തിൽനിന്നു് | രുദത്യഃ | കരഞ്ഞുകൊണ്ടു് |
| ശിലായാം | (ഗോകുലത്തിലെ) ഒരു പാറയിൽ | സമേതാഃ | അവിടെ വന്നുചേർന്നിരുന്ന |
| | | സ്ത്രിയഃ | ഗോപസ്ത്രീകൾ |
| പതിതം | വീണുപോയവനും | ദദൃശുഃ | കണ്ടു. |

പ്രാദായ മാത്രേ പ്രതിഹൃത്യ വിസ്മിതാഃ കൃഷ്ണം ച തസ്യോരസി ലംബമാനം
തം സ്വസ്തിമന്തം പുരുഷാദനീതം വിഹായസാ മൃത്യുമുഖാത് പ്രമുക്തം
ഗോപ്യശ്ച ഗോപാഃ കില നന്ദമുഖ്യാ ലബ്ധ്വാ പുനഃ പ്രാപുരതീവ മോദം.

| | | | |
|---|---|---|---|
| തസ്യ ഉരസി | അവന്റെ മാറിൽ | പ്രമുക്തം | രക്ഷപ്പെട്ടവനും |
| ലംബമാനം | തൂങ്ങിക്കിടക്കുന്ന | സ്വസ്തിമന്തം | സുഖമായിരിക്കുന്നവനും ആയ |
| കൃഷ്ണം ച | ശ്രീകൃഷ്ണനേയും (കണ്ടു്) | | |
| പ്രാദായ | വാരിയെടുത്തു് | തം | ആ ബാലനെ |
| മാത്രേ | അമ്മയ്ക്കു് | പുനഃ ലബ്ധ്വാ | വീണ്ടും തിരിച്ചു കിട്ടിയതിനാൽ |
| പ്രതിഹൃത്യ | കൊണ്ടുക്കൊടുത്തു് | | |
| വിസ്മിതാഃ | ആശ്ചര്യത്തോടെ നിന്നു. | ഗോപ്യഃ | ഗോപികമാരും |
| വിഹായസാ | ആകാശമാർഗ്ഗത്തിലൂടെ | നന്ദമുഖ്യാഃ | നന്ദഗോപർ മുതലായ |
| പുരുഷാദനീതം | അസുരനാൽ കൊണ്ടുപോകപ്പെട്ടു് | ഗോപാഃ ച | ഗോപന്മാരും |
| | | അതീവ | ഏററവും |
| മൃത്യുമുഖാത് | മരണത്തിന്റെ വായിൽനിന്നു് | മോദം പ്രാപുഃ കില | സന്തോഷിച്ചു ! |

അഹോ ബതാത്യത്ഭുതമേഷ രക്ഷസാ
ബാലോ നിവൃത്തിം ഗമിതോഽഭ്യഗാത് പുനഃ
ഹിംസ്രഃ സ്വപാപേന വിഹിംസിതഃ ഖലഃ
സാധുഃ സമത്വേന ഭയാദ്വിമുച്യതേ 31

| | | | |
|---|---|---|---|
| അഹോ !! | ഹാഹാ ! | ഗമിതഃ | എത്തിക്കപ്പെട്ടുവെങ്കിലും |
| ബത ! | ആശ്ചര്യം !! | പുനഃ | വീണ്ടും |
| രക്ഷസാ | രാക്ഷസനാൽ | അഭ്യഗാത് | കേടുകൂടാതെ തിരിച്ചെത്തി. |
| ഏഷഃ ബാലഃ | ഈ ബാലൻ | അത്യത്ഭുതം | വല്ലാത്തൊരു ആശ്ചര്യം തന്നെ ! |
| നിവൃത്തിം | മരണാവസ്ഥയിലേക്കു് | | |

| | |
|---|---|
| ഖലഃ | ദുഷ്ടൻ |
| ഹിംസ്രഃ | പരഹിംസാതല്പരനായിരുന്നു |
| സ്വപാപേന | തന്റെ പാപകർമ്മത്താൽതന്നെ |
| വിഹിംസിതഃ | നിശ്ശേഷം ഹിംസിക്കപ്പെട്ടുപോകുന്നു. |
| സാധുഃ | ശിഷ്ടൻ |
| സമത്വേന | തന്നെപ്പോലെ അന്യനേയും കരുതുന്നതുകൊണ്ടു് |
| ഭയാത് | ആപത്തിൽനിന്നു് |
| വിമുച്യതേ | വിമുക്തനായും ഭവിക്കുന്നു. |

കിം നസ്തപശ്ചീർണ്ണമധോക്ഷജാർച്ചനം
പൂർത്തേഷ്ടദത്തമുത ഭൂതസൌഹൃദം
യത്സംപരേതഃ പുനരേവ ബാലകോ
ദിഷ്ട്യാ സ്വബന്ധൂൻ പ്രണയന്നുപസ്ഥിതഃ. 32

| | |
|---|---|
| സംപരേതഃ | വാസ്തവത്തിൽ മൃതനായ |
| ബാലകഃ | ഈ ബാലൻ |
| സ്വബന്ധൂൻ | സ്വന്തം ബന്ധുജനങ്ങളെ |
| പ്രണയൻ | പ്രീണിപ്പിച്ചുകൊണ്ടു് |
| പുനഃ ഏവ | പിന്നേയും |
| ഉപസ്ഥിതഃ യത് | വന്നുചേർന്നു എന്നതു് |
| ദിഷ്ട്യാ | ഭാഗ്യമേ ഭാഗ്യം! |
| നഃ | നമ്മളാൽ |
| കിം | ഏതുപ്രകാരത്തിലുള്ള |
| തപഃ | തപസ്സും, |
| അധോക്ഷജാർച്ചനം | വിഷ്ണുസമാരാധനയും |
| പൂർത്തേഷ്ടദത്തം | വാപീകൂപാദിനിർമ്മാണം, പഞ്ചയജ്ഞാദി, മഹാദാനങ്ങൾ എന്നിവയും |
| ഭൂതസൌഹൃദം | ജീവികളിൽ സമത്വബുദ്ധിയോടുകൂടിയ ബഹുമാനവും |
| ചീർണ്ണം ഉത | ആചരിക്കപ്പെട്ടിരുന്നുവോ, എന്തോ?" |

ദൃഷ്ട്വാഽത്ഭുതാനി ബഹുശോ നന്ദഗോപോ ബൃഹദ്വനേ
വസുദേവവചോ ഭൂയോ മാനയാമാസ വിസ്മിതഃ. 33

| | |
|---|---|
| ബഹുശഃ | ഈ വിധം വളരെ |
| അത്ഭുതാനി | അത്ഭുതസംഭവങ്ങൾ |
| ബൃഹദ്വനേ | മഹാവനം എന്നു പേരായ ഗോകുലത്തിൽ |
| നന്ദഗോപഃ | നന്ദഗോപർ |
| ദൃഷ്ട്വാ വിസ്മിതഃ | കണ്ടു് വിസ്മിതനായിട്ടു് |
| ഭൂയഃ | വീണ്ടും വീണ്ടും |
| വസുദേവവചഃ | വസുദേവരുടെ വാക്കിനെ |
| മാനയാമാസ | ബഹുമാനിച്ചു. |

ഏകദാഽർഭകമാദായ സ്വാങ്കമാരോപ്യ ഭാമിനീ
പ്രസ്നുതം പായയാമാസ സ്തനം സ്നേഹപരിപ്ലുതാ. 34

| | |
|---|---|
| ഏകദാ | ഒരിക്കൽ |
| അർഭകം ആദായ | കുട്ടിയെ എടുത്തു് |
| സ്വാങ്കം ആരോപ്യ | തന്റെ മടിയിൽ ഇരുത്തി, |
| ഭാമിനീ | സൌന്ദര്യവതിയായ യശോദ |
| സ്നേഹപരിപ്ലുതാ | സ്നേഹത്തിൽ മുഴുകിയവളായി |
| പ്രസ്നുതം | പാൽ ചുരന്നുകൊണ്ടിരിക്കുന്ന |
| സ്തനം പായയാമാസ | മുല കുടിപ്പിച്ചു. |

പീതപ്രായസ്യ ജനനീ സാ തസ്യ രുചിരസ്മിതം
മുഖം ലാളയതീ രാജഞ്ജൃംഭതോ ദദൃശേ ഇദം. 35

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | മുഖം | മുഖത്തെ |
| പീതപ്രായസ്യ | ഏതാണ്ട് മുലകുടിച്ചു കഴിഞ്ഞ | ലാളയതീ | ലാളിച്ചുകൊണ്ടിരിക്കുന്ന |
| തസ്യ | ആ ബാലന്റെ | സാ ജനനീ | ആ മാതാവ് |
| രുചിരസ്മിതം | മോഹന മന്ദസ്മിതം തൂകുന്ന | ജൃംഭതഃ | (ബാലൻ) കോട്ടുവായയിടുമ്പോൾ |
| | | ഇദം ദദൃശേ | ഈ വിധം കണ്ടു. |

ഖം രോദസീ ജ്യോതിരനീകമാശാഃ സൂര്യേന്ദുവഹ്നിശ്വസനാംബുധീംശ്ച
ദ്വീപാൻ നഗാംസ്തദ്ദുഹിതൄർവ്വനാനി ഭൂതാനി യാനി സ്ഥിരജംഗമാനി 36

| | | | |
|---|---|---|---|
| ഖം | ആകാശത്തേയും | നഗാൻ | പർവ്വതങ്ങളേയും |
| രോദസീ | ഭൂമിയേയും അന്തരിക്ഷത്തേയും | തദ്ദുഹിതൄഃ | അവയുടെ പുത്രിമാരായ നദികളേയും |
| ജ്യോതിരനീകം | നക്ഷത്രമണ്ഡലത്തേയും | വനാനി ച | വനങ്ങളേയും |
| ആശാഃ | ദിക്കുകളേയും | സ്ഥിരജംഗമാനി | സ്ഥാവരങ്ങളും ജംഗമങ്ങളും ആയ |
| സൂര്യേന്ദു-വഹ്നിശ്വസ-നാംബുധീൻ | സൂര്യൻ, ചന്ദ്രൻ, അഗ്നി, വായു, സമുദ്രങ്ങൾ എന്നിവയേയും | ഭൂതാനി | വസ്തുക്കൾ |
| ദ്വീപാൻ | ദ്വീപുകളേയും | യാനി | ഏതെല്ലാമുണ്ടോ (അവയേയും കണ്ടു) |

സാ വീക്ഷ്യ വിശ്വം സഹസാ രാജൻ സംജാതവേപഥുഃ
സമ്മീല്യ മൃഗശാബാക്ഷീ നേത്രേ ആസീത് സുവിസ്മിതാ. 37

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | സംജാതവേപഥുഃ | വിറയലോടുകൂടിയവളും ആയിട്ട് |
| സാ സഹസാ | അവൾ പെട്ടെന്ന് | നേത്രേ സമ്മീല്യ | കണ്ണടച്ച് |
| വിശ്വം വീക്ഷ്യ | ലോകം മുഴുവനും കണ്ട് | സുവിസ്മിതാ | ഏററവും അത്ഭുതപ്പെട്ടവളായി |
| മൃഗശാബാക്ഷീ | മാൻകുട്ടിയുടേതുപോലെ ഭയത്രസ്തമായ കൺകളോടു കൂടിയവളും | ആസീത് | സ്ഥിതിചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഊണാവതാരവധോ നാമ സപ്തമോഽദ്ധ്യായഃ സമാപ്തഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 323.

[അഷ്ടമേ നാമകർമ്മാസ്യ ബാലക്രീഡാകുതൂഹലേ
മൃദ്ഭക്ഷണാഭിയോഗേ ച വിശ്വരൂപം നിരൂപ്യതേ.]

(ഭഗവന്നാമകരണം; ബാലലീലാനിരൂപണം; മൃദ്ഭക്ഷണവും വിശ്വരൂപദർശനവും.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഗർഗ്ഗഃ പുരോഹിതോ രാജൻ യദൂനാം സുമഹാതപാഃ
വ്രജം ജഗാമ നന്ദസ്യ വസുദേവപ്രചോദിതഃ. 1

| | | | |
|---|---|---|---|
| രാജൻ | രാജാവേ | വസുദേവ-പ്രചോദിതഃ | വസുദേവനാൽ അയയ്ക്കപ്പെട്ട് |
| യദൂനാം | യാദവന്മാരുടെ | | |
| പുരോഹിതഃ | പുരോഹിതനും | നന്ദസ്യ | നന്ദഗോപരുടെ |
| സുമഹാതപാഃ | മഹാതപസ്വിയും ആയ | വ്രജം | ഗോകുലത്തിലേക്ക് |
| ഗർഗ്ഗഃ | ഗർഗ്ഗമഹർഷി | ജഗാമ | വന്നു. |

തം ദൃഷ്ട്വാ പരമപ്രീതഃ പ്രത്യുത്ഥായ കൃതാഞ്ജലിഃ
ആനർച്ചാധോക്ഷജധിയാ പ്രണിപാതപുരഃസരം. 2

| | | | |
|---|---|---|---|
| തം ദൃഷ്ട്വാ | അദ്ദേഹത്തെ കണ്ട് | പ്രണിപാത-പുരഃസരം | നമസ്കാരപൂർവ്വം |
| പരമപ്രീതഃ | അത്യന്തം സന്തുഷ്ടനായ (നന്ദഗോപർ) | അധോക്ഷജധിയാ | ഭഗവാനാണെന്ന സങ്കല്പത്തോടെ |
| കൃതാഞ്ജലിഃ | കൂപ്പുകൈയോടെ | ആനർച്ച | ആരാധിച്ചു. |
| പ്രത്യുത്ഥായ | എഴുന്നേററ് സ്വാഗതം ചെയ്ത് | | |

സൂപവിഷ്ടം കൃതാതിഥ്യം ഗിരാ സൂനൃതയാ മുനിം
നന്ദയിത്വാഽബ്രവീദ്ബ്രഹ്മൻ പൂർണ്ണസ്യ കരവാമ കിം. 3

| | | | |
|---|---|---|---|
| കൃതാതിഥ്യം | ചെയ്യപ്പെട്ട അതിഥിസല്ക്കാരത്തോടുകൂടിയവനും | ഗിരാ | വാക്കിനാൽ |
| സൂപവിഷ്ടം | സുഖത്തോടെ ആസനസ്ഥനും ആയ | നന്ദയിത്വാ | സന്തോഷിപ്പിച്ച് |
| | | അബ്രവീത് | പറഞ്ഞു. |
| | | ബ്രഹ്മൻ | "ഹേ ബ്രഹ്മർഷേ! |
| മുനിം | മുനിയെ | പൂർണ്ണസ്യ | എല്ലാം തികഞ്ഞിട്ടുള്ള അങ്ങേയ്ക്ക് |
| സൂനൃതയാ | പ്രിയവും നിഷ്കപടവും ആയ | കിം കരവാമ | ഞങ്ങൾ എന്തു ചെയ്യണം? |

മഹദ്വിചലനം നൃണാം ഗൃഹിണാം ദീനചേതസാം
നിഃശ്രേയസായ ഭഗവൻ കല്പതേ നാന്യഥാ ക്വചിത്. 4

| | | | |
|---|---|---|---|
| ഭഗവൻ | "ഹേ സർവ്വജ്ഞ! | നിഃശ്രേയസായ | നന്മക്ക് |
| മഹദ്വിചലനം | മഹാന്മാരുടെ സഞ്ചാരം | കല്പതേ | പ്രയോജനപ്പെടുന്നു; |
| ദീനചേതസാം | വ്യാകുലചിത്തന്മാരും | അന്യഥാ | മറെറാരു തരത്തിൽ |
| ഗൃഹിണാം | കുടുംബികളും ആയ | ക്വചിത് ന | ഒരിക്കലും ആകയില്ല. |
| നൃണാം | ജനങ്ങളുടെ | | |

ജ്യോതിഷാമയനം സാക്ഷാദ്യത്തത് ജ്ഞാനമതീന്ദ്രിയം
പ്രണീതം ഭവതാ യേന പുമാൻ വേദ പരാവരം. 5

| | | | |
|---|---|---|---|
| യത് | "യാതൊന്നിനാൽ | ഭവതാ സാക്ഷാത് | അങ്ങയാൽത്തന്നെ |
| അതീന്ദ്രിയം | പഞ്ചേന്ദ്രിയങ്ങൾക്ക് അതീതമായ | പ്രണീതം | രചിക്കപ്പെട്ടതാണ്. |
| ജ്ഞാനം | അറിവുണ്ടാകുന്നുവോ, | യേന | യാതൊന്നുകൊണ്ട് (ജ്യോതിശ്ശാസ്ത്രംകൊണ്ട്). |
| തത് ജ്യോതിഷാം അയനം | ആ ജ്യോതിശ്ശാസ്ത്രം | പുമാൻ | മനുഷ്യൻ |
| | | പരാവരം | ഭൂതവും ഭാവിയും |
| | | വേദ | അറിയുന്നു. |

ത്വം ഹി ബ്രഹ്മവിദാം ശ്രേഷ്ഠഃ സംസ്കാരാൻ കർത്തുമർഹസി
ബാലയോരനയോർനൃണാം ജന്മനാ ബ്രാഹ്മണോ ഗുരുഃ. 6

| | | | |
|---|---|---|---|
| ത്വം | "അങ്ങുന്ന് | കർത്തും | ചെയ്യുവാൻ |
| ബ്രഹ്മവിദാം | ബ്രഹ്മജ്ഞാനികളിൽ വെച്ചും | അർഹസി | അർഹിക്കുന്നു. |
| ശ്രേഷ്ഠഃ | ശ്രേഷ്ഠനാകയാൽ | ഹി | എന്തെന്നാൽ |
| അനയോഃ | ഈ രണ്ടു | ജന്മനാ | ജന്മംകൊണ്ടുതന്നെ |
| ബാലയോഃ | കുട്ടികളുടേയും | ബ്രാഹ്മണഃ | ബ്രാഹ്മണൻ |
| സംസ്കാരാൻ | നാമകരണാദി സംസ്കാരങ്ങളെ | നൃണാം | മനുഷ്യർക്കെല്ലാം |
| | | ഗുരുഃ | ആചാര്യനാണ്." |

ഗർഗ്ഗ ഉവാച = ഗർഗ്ഗൻ പറഞ്ഞു :—

യദൂനാമഹമാചാര്യഃ ഖ്യാതശ്ച ഭുവി സർവ്വദാ
സുതം മയാ സംസ്കൃതം തേ മന്യതേ ദേവകീസുതം. 7

| | | | |
|---|---|---|---|
| അഹം | ഞാൻ | മയാ | എന്നാൽ |
| യദൂനാം | യദുവംശക്കാരുടെ | സംസ്കൃതം | നാമകരണാദി സംസ്കാരങ്ങൾ ചെയ്യപ്പെട്ട |
| ആചാര്യഃ | കുലഗുരുവാകുന്നു. | | |
| ഭുവി | ലോകത്തിൽ | തേ സുതം | അങ്ങയുടെ മകനെ |
| സർവ്വദാ | എന്നും ആ നിലക്ക് | ദേവകീസുതം | ദേവകിയുടെ മകനെന്ന് |
| ഖ്യാതഃ ച | അറിയപ്പെട്ടവനുമാണ്. | മന്യതേ | ലോകം കരുതിയേക്കും. |

കംസഃ പാപമതിഃ സഖ്യം തവ ചാനകദുന്ദുഭേഃ
ദേവക്യാ അഷ്ടമോ ഗർഭോ ന സ്ത്രീ ഭവിതുമർഹതി. 8
ഇതി സഞ്ചിന്തയൻ ശ്രുത്വാ ദേവക്യാ ദാരികാവചഃ
അപി ഹന്താഽഽഗതാശങ്കസ്തർഹി തന്നോഽനയോ ഭവേത്. 9

| | | | |
|---|---|---|---|
| പാപമതിഃ | പാപബുദ്ധിയായ | ശ്രുത്വാ അപി | കേട്ടിട്ടുംകൂടി |
| കംസഃ | കംസൻ | ദേവക്യാഃ | ദേവകിയുടെ |
| ദേവക്യാഃ | ദേവകിക്കുണ്ടായ | അഷ്ടമഃ ഗർഭഃ | എട്ടാമത്തെ ഗർഭം |
| ദാരികാവചഃ | കന്യകയുടെ വാക്കിനെ | സ്ത്രീ ഭവിതും | സ്ത്രീപ്രജയാകുവാൻ |

ന അർഹതി ഇതി — അവകാശമില്ലെന്നു്
സഞ്ചിന്തയൻ — നന്നായോർത്തുകൊണ്ടും,
തവ — അങ്ങേയ്ക്കും
ആനകദുന്ദുഭേഃ — വസുദേവനും തമ്മിലുള്ള
സഖ്യം ച — സ്നേഹബന്ധത്തെ (ഓർത്തും)

ആഗതാശങ്കഃ — സംശയം ജനിച്ചു്
ഹന്താ യദി — കൊന്നുകളയുവാൻ ഇട വരികയാണെങ്കിൽ
തത് — അതു്
നഃ — നമ്മുടെ
അനയഃ ഭവേത് — നോട്ടക്കുറവായേക്കും.

നന്ദ ഉവാച = നന്ദൻ പറഞ്ഞു :—

അലക്ഷിതോഽസ്മിൻ രഹസി മാമകൈരപി ഗോവ്രജേ
കുരു ദ്വിജാതിസംസ്കാരം സ്വസ്തിവാചനപൂർവ്വകം. 10

മാമകൈഃ അപി — എന്റെ സ്വന്തക്കാരാൽപ്പോലും
അലക്ഷിതഃ — അറിയപ്പെടാത്തവനായിരുന്നു്
അസ്മിൻ ഗോവ്രജേ — ഈ ഗോശാലയിൽ
രഹസി — ആരും ഇല്ലാത്തിടത്തു വെച്ചു്

സ്വസ്തിവാചനപൂർവ്വകം — സ്വസ്തിവാചനത്തോടുകൂടി
ദ്വിജാതിസംസ്കാരം — ദ്വിജന്മാർക്കു ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്കു ഒഴിച്ചുകൂടാത്ത സംസ്കാരത്തെ മാത്രം
കുരു — ചെയ്തുതരിക.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു : --

ഏവം സംപ്രാർത്ഥിതോ വിപ്രഃ സ്വചികീർഷിതമേവ തത്
ചകാര നാമകരണം ഗൂഢോ രഹസി ബാലയോഃ 11

ഏവം — ഇപ്രകാരം
സംപ്രാർത്ഥിതഃ — അപേക്ഷിക്കപ്പെട്ട
വിപ്രഃ — ഗർഗ്ഗമഹർഷി
സ്വചികീർഷിതം ഏവ — താൻ ചെയ്വാനിഷ്ടപ്പെട്ടതു് തന്നെയായ

ബാലയോഃ — രണ്ടു ബാലന്മാരുടേയും
തത് നാമകരണം — ആ നാമകരണത്തെ
രഹസി — ആരും ഇല്ലാത്ത സ്ഥലത്തു്
ഗൂഢഃ — രഹസ്യമായിരുന്നുകൊണ്ടു്
ചകാര — നടത്തി.

ഗർഗ്ഗ ഉവാച = ഗർഗ്ഗൻ പറഞ്ഞു :—

അയം ഹി രോഹിണീപുത്രോ രമയൻ സുഹൃദോ ഗുണൈഃ
ആഖ്യാസ്യതേ രാമ ഇതി ബലാധിക്യാദ്ബലം വിദുഃ
യദൂനാമപൃഥഗ്ഭാവാത് സങ്കർഷണമുശന്ത്യുത 12

അയം രോഹിണീപുത്രഃ ഹി — ഈ രോഹിണീപുത്രനാകട്ടെ
ഗുണൈഃ — സൽഗുണങ്ങളാൽ
സുഹൃദഃ — ബന്ധുജനങ്ങളെ
രമയൻ — സന്തോഷിപ്പിച്ചുകൊണ്ടു്
രാമഃ ഇതി — രാമൻ എന്ന പേരാൽ
ആഖ്യാസ്യതേ — പ്രസിദ്ധിനേടും.

ബലാധിക്യാത് — ബലം അധികമുള്ളതിനാൽ
ബലം — ബലൻ എന്നും
വിദുഃ — പറയും.
യദൂനാം — യദുവംശക്കാരുടെ ഇടയിൽ
അപൃഥഗ്ഭാവാത് — ഐകമത്യം പുനഃസ്ഥാപിക്കയാൽ
സങ്കർഷണം ഉത — സങ്കർഷണൻ എന്നും
ഉശന്തി — പറയും.

ആസൻ വർണ്ണാസ്ത്രയോ ഹ്യസ്യ ഗൃഹ്ണതോऽനുയുഗം തനൂഃ
ശുക്ലോ രക്തസ്തഥാ പീത ഇദാനീം കൃഷ്ണതാം ഗതഃ. 13

| | | | |
|---|---|---|---|
| അനുയുഗം | ഓരോരോ യുഗങ്ങളിൽ | തഥാ പീതഃ | മഞ്ഞയും ആയ |
| തനൂഃ | ഓരോരോ ശരീരങ്ങളെ | ത്രയഃ വർണ്ണാഃ | മൂന്നു നിറങ്ങളും |
| ഗൃഹ്ണതഃ | മാറി മാറി ധരിക്കുന്ന | ആസൻ ഹി | ഉണ്ടായിരുന്നുപോൽ. |
| അസ്യ | ഇവന്നു് (അങ്ങയുടെ പുത്രന്നു്) | ഇദാനീം | ഇപ്പോഴാകട്ടെ |
| | | കൃഷ്ണതാം | കറുപ്പുവർണ്ണത്തെ |
| ശുക്ലഃ രക്തഃ | വെളുപ്പും, ചുവപ്പും, | ഗതഃ | പ്രാപിച്ചിരിക്കുന്നു. |

(കറുപ്പുനിറം ചേർന്നതിനാൽ കൃഷ്ണൻ എന്ന അന്വർത്ഥനാമം നന്ദപുത്രന്നുണ്ടാകുമെന്നു് ആശയം)

പ്രാഗയം വസുദേവസ്യ ക്വചിജ്ജാതസ്തവാത്മജഃ
വാസുദേവ ഇതി ശ്രീമാനഭിജ്ഞാഃ സംപ്രചക്ഷതേ. 14

| | | | |
|---|---|---|---|
| തവ | അങ്ങയുടെ | ജാതഃ | പുത്രനായി ജനിച്ചിരുന്നു. |
| ശ്രീമാൻ അയം ആത്മജഃ | ശ്രീമാനായ ഈ പുത്രൻ | അഭിജ്ഞാഃ | ഇതറിവുള്ളവർ |
| പ്രാക് ക്വചിത് | മുൻപു്, ഒരിടത്തു് | വാസുദേവഃ ഇതി | വാസുദേവനെന്നും |
| വസുദേവസ്യ | വസുദേവൻ എന്ന ആളുടെ | സംപ്രചക്ഷതേ | പറയുന്നു. |

ബഹൂനി സന്തി നാമാനി രൂപാണി ച സുതസ്യ തേ
ഗുണകർമ്മാനുരൂപാണി താന്യഹം വേദ നോ ജനാഃ. 15

| | | | |
|---|---|---|---|
| ഗുണകർമ്മാനുരൂപാണി | ഗുണങ്ങൾക്കും കർമ്മങ്ങൾക്കും അനുസരിച്ച | സന്തി | ഉണ്ടു്. |
| ബഹൂനി | വളരെ | താനി | അവയെല്ലാം |
| നാമാനി | നാമങ്ങളും | അഹം നോ വേദ | ഞാൻ തന്നെ അറിയുന്നില്ല; |
| രൂപാണി ച | രൂപങ്ങളും | ജനാഃ | പിന്നെയുണ്ടോ സാധാരണ ജനങ്ങൾ? |
| തേ സുതസ്യ | അങ്ങയുടെ പുത്രന്നു് | | |

ഏഷ വഃ ശ്രേയ ആധാസ്യദ് ഗോപഗോകുലനന്ദനഃ
അനേന സർവ്വദുർഗ്ഗാണി യൂയമഞ്ജസ്തരിഷ്യഥ. 16

| | | | |
|---|---|---|---|
| ഗോപഗോകുലനന്ദനഃ | ഗോപന്മാരേയും ഗോവൃന്ദത്തേയും ആനന്ദിപ്പിക്കുന്ന | ആധാസ്യത് | ഉണ്ടാക്കും. |
| | | അനേന | ഇവൻ മൂലമായി |
| | | യൂയം | നിങ്ങൾ |
| ഏഷഃ | ഇവൻ | സർവ്വദുർഗ്ഗാണി | എല്ലാ ദുർഘടങ്ങളേയും |
| വഃ | നിങ്ങൾക്കെല്ലാം | അഞ്ജഃ | അനായാസേന |
| ശ്രേയഃ | ശ്രേയസ്സിനെ | തരിഷ്യഥ | തരണം ചെയ്യും. |

പുരാ ഽനേന വ്രജപതേ സാധവോ ദസ്യുപീഡിതാഃ -
അരാജകേ രക്ഷ്യമാണാ ജിഗ്യുർദ്ദസ്യൂൻ സമേധിതാഃ. 17

| | | | |
|---|---|---|---|
| വ്രജപതേ | അല്ലയോ നന്ദ! | അനേന | ഇവനാൽ |
| പുരാ | പണ്ടൊരുകാലത്ത് | രക്ഷ്യമാണാഃ | രക്ഷിക്കപ്പെട്ടവരായും |
| അരാജകേ | രാജവാഴ്ചയില്ലാതായപ്പോൾ | സമേധിതാഃ | ശക്തിയാർജ്ജിച്ചവരായും ഭവിച്ച് |
| ദസ്യുപീഡിതാഃ | കൊള്ളക്കാരാൽ പീഡിതരായിത്തീർന്ന | ദസ്യൂൻ | കൊള്ളക്കാരെയെല്ലാം |
| സാധവഃ | സാധുക്കൾ | ജിഗ്യുഃ | കീഴടക്കുകയുണ്ടായി. |

(ഇന്ദ്രനില്ലാതിരുന്ന കാലത്ത് അസുരപീഡിതന്മാരായ ദേവന്മാരെ ഇവൻ സംരക്ഷിച്ചുവെന്ന് ഗൂഢാർത്ഥം.)

യ ഏതസ്മിൻ മഹാഭാഗാഃ പ്രീതിം കുർവ്വന്തി മാനവാഃ
നാരയോഽഭിഭവന്ത്യേതാൻ വിഷ്ണുപക്ഷാനിവാസുരാഃ. 18

| | | | |
|---|---|---|---|
| മഹാഭാഗാഃ | ഭാഗ്യശാലികളായ | ഏതാൻ | അങ്ങനെയുള്ളവരെ, |
| യേ മാനവാഃ | യാതൊരു മനുഷ്യർ | വിഷ്ണുപക്ഷാൻ | വിഷ്ണുവിന്റെ പക്ഷത്തിലുള്ള ദേവന്മാരെ |
| ഏതസ്മിൻ | ഈ ബാലനിൽ | അസുരാഃ ഇവ | അസുരന്മാരെന്നപോലെ |
| പ്രീതിം | പ്രീതിയെ | അരയഃ | ശത്രുക്കൾ |
| കുർവ്വന്തി | ചെയ്യുന്നുവോ | ന അഭിഭവന്തി | ഉപദ്രവിക്കയില്ല. |

തസ്മാന്നന്ദാത്മജോഽയം തേ നാരായണസമോ ഗുണൈഃ
ശ്രിയാ കീർത്ത്യാഽനുഭാവേന ഗോപായസ്വ സമാഹിതഃ. 19

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ, | കീർത്ത്യാ | യശസ്സിനാലും |
| നന്ദ | അല്ലയോ നന്ദ! | അനുഭാവേന | പ്രഭാവത്താലും |
| തേ ആത്മജഃ | അങ്ങയുടെ പുത്രൻ | നാരായണസമഃ | വിഷ്ണുതുല്യനാകുന്നു. |
| ഗുണൈഃ | ഗുണങ്ങളാലും | സമാഹിതഃ | ഏററവും ജാഗ്രതയോടുകൂടി |
| ശ്രിയാ | ഐശ്വര്യത്താലും | ഗോപായസ്വ | സംരക്ഷിക്കുക. |

**ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—**

ഇത്യാത്മാനം സമാദിശ്യ ഗർഗ്ഗേ ച സ്വഗൃഹം ഗതേ
നന്ദഃ പ്രമുദിതോ മേന ആത്മാനം പൂർണ്ണമാശിഷാം. 20

| | | | |
|---|---|---|---|
| ഇതി | ഈ വിധം | നന്ദഃ | നന്ദഗോപൻ |
| ആത്മാനം | തന്നോട് | പ്രമുദിതഃ | സന്തുഷ്ടനായിട്ട് |
| സമാദിശ്യ | വേണ്ടപോലെ | ആത്മാനം | തന്നെ |
| | ഉപദേശിച്ച് | ആശിഷാം | അഭീഷ്ടങ്ങളാൽ |
| ഗർഗ്ഗേ സ്വഗൃഹം ഗതേ ച | ഗർഗ്ഗൻ സ്വഗൃഹത്തിലേക്കു പോയശേഷം | പൂർണ്ണം | പരിപൂർണ്ണനാണെന്ന് |
| | | മേനേ | കരുതി. |

കാലേന വ്രജതാഽല്പേന ഗോകുലേ രാമകേശവൌ
ജാനുഭ്യാം സഹ പാണിഭ്യാം രിംഗമാണൌ വിജഹ്രതുഃ. 21

| | | | |
|---|---|---|---|
| വ്രജതാ അല്പേന കാലേന | കാലം കുറച്ചൊന്നു കഴിഞ്ഞപ്പോൾ | ജാനുഭ്യാം | കാൽമുട്ടുകൾ ഊന്നിക്കൊണ്ടു് |
| രാമകേശവൌ | ബലരാമനും കൃഷ്ണനും | ഗോകുലേ | ഗോകുലത്തിൽ |
| പാണിഭ്യാം സഹ | കൈത്തലങ്ങളുടെ സഹായത്തോടെ | രിങ്ഗമാണൌ | ഇഴഞ്ഞു നടന്നു് |
| | | വിജഹ്രതുഃ | കളിച്ചുതുടങ്ങി. |

താവങ്ഘ്രിയുഗ്മമനുകൃഷ്യ സരീസൃപന്തൌ
ഘോഷപ്രഘോഷരുചിരം വ്രജകർദ്ദമേഷു
തന്നാദഹൃഷ്ടമനസാവനുസൃത്യ ലോകം
മുഗ്ദ്ധപ്രഭീതവദുപേയതുരന്തി മാത്രോഃ. 22

| | | | |
|---|---|---|---|
| തൌ | ആ രണ്ടു ബാലന്മാരും | തന്നാദഹൃഷ്ട-മനസൌ | കിങ്കിണികളുടെ നാദം കേട്ടു മനസ്സിൽ സന്തോഷം വളൎന്നുകൊണ്ടും (കളിക്കുമ്പോൾ) |
| ഘോഷ-പ്രഘോഷ-രുചിരം | കിങ്കിണികൾ, ചിലമ്പുകൾ എന്നിവയുടെ കലകലനാദത്താൽ മനോഹരമാംവിധം | ലോകം അനുസൃത്യ | വല്ലവരുടേയും പിന്നാലെ ചെന്നു് (അവരെ അടുത്തു കാണുമ്പോൾ പരിചയക്കേടുനിമിത്തം) |
| അങ്ഘ്രിയുഗ്മം | ഇരു കാൽകളും | മുഗ്ദ്ധപ്രഭീതവത് | ഒന്നും അറിയാത്ത കുട്ടികളെപ്പോലെ പേടിനടിച്ചുകൊണ്ടു് |
| അനുകൃഷ്യ | വലിച്ചിഴച്ചു് | മാത്രോഃ അന്തി | അമ്മമാരുടെ അടുത്തേക്കു |
| വ്രജകർദ്ദമേഷു | ഗോകുലത്തിലെ ചളിമുററങ്ങളിൽ | ഉപേയതുഃ | ഓടിവന്നിരുന്നു. |
| സരീസൃപന്തൌ | വേഗത്തോടെ വട്ടം ചുററി നടന്നുകൊണ്ടും | | |

തന്മാതരൌ നിജസുതൌ ഘൃണയാ സ്നുവന്ത്യൌ
പങ്കാംഗരാഗരുചിരാവുപഗുഹ്യ ദോർഭ്യാം
ദത്വാ സ്തനം പ്രപിബതോഃ സ്മ മുഖം നിരീക്ഷ്യ
മുഗ്ദ്ധസ്മിതാല്പദശനം യയതുഃ പ്രമോദം. 23

| | | | |
|---|---|---|---|
| ഘൃണയാ | വാത്സല്യത്താൽ | ഉപഗുഹ്യ | വാരിയെടുത്താശ്ലേഷിച്ചു് |
| സ്നുവന്ത്യൌ | മുല ചുരന്നുകൊണ്ടിരിക്കുന്ന | സ്തനം ദത്വാ | മുലകൊടുത്തു്, |
| തന്മാതരൌ | അവരുടെ അമ്മമാർ | പ്രപിബതോഃ | പാൽ കുടിച്ചുകൊണ്ടിരിക്കുന്ന അവരുടെ |
| പങ്കാംഗരാഗ-രുചിരൌ | ചളിയാവുന്ന കുറിക്കൂട്ടണിഞ്ഞു് ചന്തം കൂടിയിരിക്കുന്ന | മുഗ്ദ്ധസ്മിതാല്പ-ദശനം | പുഞ്ചിരി കലൎന്നതും ഏതാനും കൊച്ചുപല്ലുകൾ ഉള്ളതുമായ |
| നിജസുതൌ | സ്വപുത്രന്മാരെ | മുഖം നിരീക്ഷ്യ | മുഖത്തെ ഉററുനോക്കി |
| ദോർഭ്യാം | ഇരു കൈകൊണ്ടും | മോദം യയതുഃ സ്മ | സന്തോഷംപൂണ്ടു. |

യര്‌ഹ്യംഗനാദര്‍ശനീയകുമാരലീലാ-
വന്തര്‍വ്രജേ തദബലാഃ പ്രഗൃഹീതപുച്ഛൈഃ
വത്സൈരിതസ്തത ഉഭാവനുകൃഷ്യമാണൌ
പ്രേക്ഷന്ത്യ ഉജ്ഝിതഗൃഹാ ജഹൃഷുര്‍ഹസന്ത്യഃ. 24

| | | | |
|---|---|---|---|
| യര്‌ഹി | എപ്പോൾ | അനുകൃഷ്യ-മാണൌ | വലിച്ചുകൊണ്ടുപോകപ്പെടുന്ന |
| അംഗനാ-ദര്‍ശനീയ-കുമാരലീലൌ | സ്ത്രീകൾക്കു കണ്ടുനില്ലാൻ പററിയ ബാലലീലകളോടുകൂടിയവരായോ, അപ്പോൾ | ഉഭൌ | ആ രണ്ടുപേരേയും |
| | | തദബലാഃ | ഗോകുലത്തിലെ സ്ത്രീകൾ |
| അന്തര്‍വ്രജേ | ഗോകുലത്തിനുള്ളിൽ | പ്രേക്ഷന്ത്യഃ ഹസന്ത്യഃ | കണ്ടു ചിരിച്ചുകൊണ്ടു് |
| പ്രഗൃഹീത-പുച്ഛൈഃ | മുറുകെ പിടിക്കപ്പെട്ട വാലുകളോടുകൂടിയ | ഉജ്ഝിത-ഗൃഹാഃ | ഉപേക്ഷിക്കപ്പെട്ട ഗൃഹകൃത്യങ്ങളോടുകൂടിയവരായി |
| വത്സൈഃ | കാളക്കുട്ടികളാൽ | | |
| ഇതഃ തതഃ | അങ്ങുമിങ്ങും | ജഹൃഷുഃ | സന്തോഷിച്ചു. |

ശൃംഗ്യഗ്നിദംഷ്ട്ര്യസിജലദ്വിജകണ്ടകേഭ്യഃ
ക്രീഡാപരാവതിചലൌ സ്വസുതൌ നിഷേദ്ധും
ഗൃഹ്യാണി കര്‍ത്തുമപി യത്ര ന തജ്ജനന്യൌ
ശേകാത ആപതുരലം മനസോഽനവസ്ഥാം. 25

| | | | |
|---|---|---|---|
| തജ്ജനന്യൌ | അവരുടെ അമ്മമാർ | നിഷേദ്ധും | തടയുന്നതിന്നും |
| ക്രീഡാപരൌ | ക്രീഡാതല്പരന്മാരും | ഗൃഹ്യാണി | ഗൃഹകൃത്യങ്ങളെ |
| അതിചലൌ സ്വസുതൌ | വെറുതെ ഇരിക്കാത്തവരുമായ സ്വപുത്രന്മാരെ | കര്‍ത്തും അപി | നടത്തുന്നതിന്നും |
| | | യത്ര | എപ്പോൾ |
| ശൃംഗ്യഗ്നി-ദംഷ്ട്ര്യസിജല-ദ്വിജകണ്ടകേഭ്യഃ | കൊമ്പുള്ള മൃഗങ്ങൾ, തീയു്, തേററപ്പല്ലുള്ള ജന്തുക്കൾ, ആയുധങ്ങൾ, വെള്ളം, പക്ഷികൾ, മുള്ളു് എന്നിവയിൽനിന്നു് | ന ശേകാതെ | സാധിക്കാത്തവരായെൊ, അപ്പോൾ |
| | | മനസഃ | മനസ്സിന്റെ |
| | | അനവസ്ഥാം | സ്വസ്ഥതയില്ലായ്മയെ |
| | | അലം ആപതുഃ | ഏററവും അനുഭവിച്ചു. |

കാലേനാല്പേന രാജര്‍ഷേ രാമഃ കൃഷ്ണശ്ച ഗോകുലേ
അഘൃഷ്ടജാനുഭിഃ പദ്ഭിര്‍വിചക്രമതുരഞ്ജസാ. 26

| | | | |
|---|---|---|---|
| രാജര്‍ഷേ | ഹേ രാജര്‍ഷേ! | അഘൃഷ്ടജാനുഭിഃ | മുട്ടുകുത്താതെ |
| അല്പേന കാലേന | കുറച്ചുകാലംകൊണ്ടു് | പദ്ഭിഃ | കാലടികൾവെച്ചുകൊണ്ടു് |
| രാമഃ കൃഷ്ണഃ ച | രാമനും കൃഷ്ണനും | അഞ്ജസാ | പരിശ്രമംകൂടാതെ |
| ഗോകുലേ | ഗോകുലത്തിൽ | വിചക്രമതുഃ | സഞ്ചരിച്ചുതുടങ്ങി. |

തതസ്തു ഭഗവാൻ കൃഷ്ണോ വയസ്യൈര്‍വ്രജബാലകൈഃ
സഹരാമോ വ്രജസ്ത്രീണാം ചിക്രീഡേ ജനയൻ മുദം. 27

| | |
|---|---|
| തതഃ തു | അതിൽപ്പിന്നെ |
| ഭഗവാൻ കൃഷ്ണഃ | ശ്രീകൃഷ്ണഭഗവാൻ |
| വയസ്യൈഃ | ഒത്തവയസ്സുള്ള |
| വ്രജബാലകൈഃ | ഗോപബാലകന്മാരോടുകൂടി |
| സഹരാമഃ | ബലരാമനൊന്നിച്ച് |
| വ്രജസ്ത്രീണാം | ഗോപികമാൎക്ക് |
| മുദം ജനയൻ | സന്തോഷം ഉളവാക്കിക്കൊണ്ടു് |
| ചിക്രീഡേ | കളിച്ചുതുടങ്ങി. |

കൃഷ്ണസ്യ ഗോപ്യോ രുചിരം വീക്ഷ്യ കൌമാരചാപലം
ശൃണ്വന്ത്യാഃ കില തന്മാതുരിതി ഹോചുഃ സമാഗതാഃ. 28

| | |
|---|---|
| ഗോപ്യഃ | ഗോപികമാർ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| രുചിരം | മോഹനമായ |
| കൌമാരചാപലം | ബാലചാപല്യത്തെ |
| വീക്ഷ്യ | കണ്ടു് |
| സമാഗതാഃ | ഒത്തുചേൎന്നു വന്നു് |
| തന്മാതുഃ | മാതാവായ യശോദ |
| ശൃണ്വന്ത്യാഃ | കേട്ടുകൊണ്ടിരിക്കെ |
| ഇതി ഹ | ഈവിധം സ്പഷ്ടമായി |
| ഊചുഃ കില | പറകയുണ്ടായത്രെ. |

വത്സാൻ മുഞ്ചൻ ക്വചിദസമയേ ക്രോശസംജാതഹാസഃ
സ്തേയം സ്വാദ്വത്ത്യഥ ദധി പയഃ കല്പിതൈഃ സ്തേയയോഗൈഃ
മൎക്കാൻ ഭോക്ഷ്യൻ വിഭജതി സ ചേന്നാത്തി ഭാണ്ഡം ഭിനത്തി
ദ്രവ്യാലാഭേ സ ഗൃഹകുപിതോ യാത്യുപക്രോശ്യ തോകാൻ. 29

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| അസമയേ | അസമയത്തു് |
| വത്സാൻ | പശുക്കുട്ടികളെ |
| മുഞ്ചൻ | അഴിച്ചുവിടുന്നു ; |
| ക്രോശ- സംജാത- ഹാസഃ | ജനങ്ങൾ നിലവിളി കൂട്ടുമ്പോൾ ചിരിച്ചുകൊണ്ടു് നില്ക്കയുംചെയ്യുന്നു. |
| അഥ | മറ്റു ചിലപ്പോൾ |
| കല്പിതൈഃ | ഉണ്ടാക്കപ്പെട്ട |
| സ്തേയയോഗൈഃ | കള്ളസൂത്രങ്ങളാൽ |
| സ്തേയം | കട്ടെടുത്ത |
| ദധിപയഃ | തൈരും പാലും |
| സ്വാദു | രുചിയോടു് |
| അത്തി | ഭക്ഷിക്കുന്നു. |
| ഭോക്ഷ്യൻ | ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ |
| മൎക്കാൻ | മൎക്കടങ്ങൾക്കു് |
| വിഭജതി | പങ്കുവെച്ചുകൊടുക്കുന്നു. |
| സഃ | അതു് (ഏതെങ്കിലും ഒരു കുരങ്ങു്) |
| ന അത്തി ചേത് | തിന്നുന്നില്ലെങ്കിൽ |
| ഭാണ്ഡം ഭിനത്തി | പാൽക്കലം ഉടയ്ക്കുന്നു. |
| ദ്രവ്യാലാഭേ | സാധനം കിട്ടാതായാൽ |
| സഃ | അവൻ |
| ഗൃഹകുപിതഃ | വീട്ടുകാരോടു കോപിച്ചു്, |
| തോകാൻ | കുട്ടികളെ |
| ഉപക്രോശ്യ | കരയിപ്പിച്ചു് |
| യാതി | പോകയുംചെയ്യുന്നു. |

ഹസ്താഗ്രാഹ്യേ രചയതി വിധിം പീഠകോലൂഖലാദ്യൈ-
ശ്ഛിദ്രം ഹ്യന്തൎന്നിഹിതവയുനഃ ശിക്യഭാണ്ഡേഷു തദ്വിത്
ധ്വാന്താഗാരേ ധൃതമണിഗണം സ്വാംഗമൎത്ഥപ്രദീപം
കാലേ ഗോപ്യോ യൎഹി ഗൃഹകൃത്യേഷു സുവ്യഗ്രചിത്താഃ. 30

| | |
|---|---|
| ഹസ്താഗ്രാഹ്യേ | കൈകൊണ്ടു് എത്തിപ്പിടിപ്പാൻ സാദ്ധ്യമാകാതെവരുമ്പോൾ |
| പീഠകോലൂഖലാദ്യൈഃ | പീഠത്തിന്മീതെ ഉരലെടുത്തു വെച്ചുകൊണ്ടും മറ്റും |

| | |
|---|---|
| വിധിം രചയതി | ഉപായം ഉണ്ടാക്കുന്നു. |
| അന്തർന്നിഹിത-വയുനഃ | പാത്രത്തിനകത്തുവെച്ചിരിക്കുന്നതിൻെറ പരിജ്ഞാനത്തോടുകൂടിയവനായി |
| ശിക്യഭാണ്ഡേഷു | ഉറിമേലുള്ള പാൽക്കലങ്ങളിൽ |
| തദചിത് ഛിദ്രം ഹി | അതിനുവേണ്ട അറിവോടെ ദ്വാരമുണ്ടാക്കുന്നു. |
| ധ്വാന്താഗാരേ | ഇരുട്ടറയിൽ |
| ധൃതമണിഗണം | രത്നഭൂഷണങ്ങളണിഞ്ഞ |
| സ്വാംഗം | തൻെറ ശരീരത്തെ |
| അർത്ഥപ്രദീപം | സാധനങ്ങളെ കാണുവാനുള്ള വിളക്കായിട്ടും പ്രയോജനപ്പെടുത്തുന്നു. |
| ഗോപ്യഃ | ഗോപസ്ത്രീകൾ |
| ഗൃഹകൃത്യേഷു | വീട്ടുജോലികളിൽ |
| യർഹി കാലേ | ഏതു സമയത്താണോ |
| സുവ്യഗ്രചിത്താഃ | വളരെ തിരക്കുപിടിച്ചു് മനസ്സുവെച്ചുകൊണ്ടിരിക്കുന്നതു്—അപ്പോഴാണു് ഇതെല്ലാം നടക്കുന്നതു്. |

ഏവം ധാർഷ്ട്യാന്യുശതി കൃതതേ മേഹനാദീനി വാസ്തൌ
സ്തേയോപായൈർവ്വിരചിതകൃതിഃ സുപ്രതീകോ യഥാऽऽസ്തേ
ഇത്ഥം സ്ത്രീഭിഃ സഭയനയനശ്രീമുഖാലോകിനീഭി-
ർവ്യാഖ്യാതാർത്ഥാ പ്രഹസിതമുഖീ ന ഹ്യുപാലബ്ധുമൈച്ഛത്. 31

| | |
|---|---|
| ഏവം | ഈവിധം (കാട്ടുന്നതുകണ്ടു് ആരെങ്കിലും അധിക്ഷേപിച്ചാൽ) |
| ധാർഷ്ട്യാനി | ധിക്കാരം കലർന്ന വാക്കുകൾ |
| ഉശതി | പറയുന്നു. |
| വാസ്തൌ | ശുദ്ധമായ ഗൃഹത്തിനുള്ളിൽ |
| മേഹനാദീനി കൃതതേ | മൂത്രംവീഴ്ത്തുക മുതലായതും ചെയ്യുന്നുണ്ടു്. |
| സ്തേയോപായൈഃ | കള്ളക്കൌശലങ്ങളാൽ |
| വിരചിതകൃതിഃ | പണി പലതും എടുത്തിട്ടുള്ള ഇവൻ |
| സുപ്രതീകഃ യഥാ | പരമസാധുവെപ്പോലെ |
| ആസ്തേ | ഇപ്പോൾ ഇരിക്കുകയാണു്; |
| സഭയനയന-ശ്രീമുഖാ-ലോകനീഭിഃ | പേടിഭാവിക്കുന്ന കണ്ണിണയോടുകൂടിയ (കൃഷ്ണൻെറ) ഓമനമുഖത്തെ നോക്കിക്കൊണ്ടു് |
| സ്ത്രീഭിഃ | ഗോപസ്ത്രീകളാൽ |
| ഇത്ഥം | ഇപ്രകാരം |
| വ്യാഖ്യാതാർത്ഥാ | കാര്യം പറഞ്ഞു ധരിപ്പിക്കപ്പെട്ട (യശോദ) |
| പ്രഹസിതമുഖീ | പുഞ്ചിരിതൂകിക്കൊണ്ടിരുന്നു്, |
| ഉപാലബ്ധും | (കുട്ടിയെ) ശകാരിക്കുവാൻ |
| ന ഐച്ഛത് ഹി | ഇഷ്ടപ്പെട്ടില്ല. |

ഏകദാ ക്രീഡമാനാസ്തേ രാമാദ്യാ ഗോപദാരകാഃ
കൃഷ്ണോ മൃദം ഭക്ഷിതവാനിതി മാത്രേ ന്യവേദയൻ. 32

| | |
|---|---|
| ക്രീഡമാനാഃ | കളിച്ചുനടന്നിരുന്ന |
| തേ രാമാദ്യാഃ | ആ ബലരാമാദികളായ |
| ഗോപദാരകാഃ | ഗോപകുമാരന്മാർ |
| ഏകദാ | ഒരിക്കൽ |
| മാത്രേ | അമ്മയോടു് |
| കൃഷ്ണഃ മൃദം ഭക്ഷിതവാൻ ഇതി | കൃഷ്ണൻ മണ്ണു് തിന്നുവെന്നു് |
| ന്യവേദയൻ | അറിയിച്ചു. |

സാ ഗൃഹീത്വാ കരേ കൃഷ്ണമുപാലഭ്യ ഹിതൈഷിണീ
യശോദാ ഭയസംഭ്രാന്തപ്രേക്ഷണാക്ഷമഭാഷത 33

| | |
|---|---|
| ഹിതൈഷിണീ | നന്മയെ ആഗ്രഹിക്കുന്ന |
| സാ യശോദാ | ആ യശോദ |
| കൃഷ്ണം | കൃഷ്ണനെ |
| കരേ ഗൃഹീത്വാ | കൈയിൽ പിടിച്ച് |
| ഉപാലഭ്യ | ശകാരിച്ചിട്ട്, |
| ഭയസംഭ്രാന്തപ്രേക്ഷണാക്ഷം | ഭയത്താൽ അമ്പരന്നു നോക്കുന്ന നേത്രങ്ങളോടുകൂടിയ അവനോട് |
| അഭാഷത | പറഞ്ഞു. |

കസ്മാന്മൃദമദാന്താത്മൻ ഭവാൻ ഭക്ഷിതവാൻ രഹഃ
വദന്തി താവകാ ഹ്യേതേ കുമാരാസ്തേഽഗ്രജോഽപ്യയം. 34

| | |
|---|---|
| അദാന്താത്മൻ | ഒതുക്കമില്ലാത്തവനേ ! |
| രഹഃ | ആരും കാണാതെ |
| ഭവാൻ കസ്മാത് | നീ എന്തിന്ന് |
| മൃദം ഭക്ഷിതവാൻ | മണ്ണുതിന്നു ? |
| താവകാഃ | നിന്റെ കൂട്ടുകാരായ |
| ഏതേ കുമാരാഃ | ഈ കുട്ടികളും |
| അയം തേ | ഈ നിന്റെ |
| അഗ്രജഃ അപി | ജ്യേഷ്ഠനുംകൂടി |
| വദന്തി ഹി | പറയുന്നുവല്ലോ. |

നാഹം ഭക്ഷിതവാനംബ സർവ്വേ മിഥ്യാഭിശംസിനഃ
യദി സത്യഗിരസ്തർഹി സമക്ഷം പശ്യ മേ മുഖം. 35

| | |
|---|---|
| അംബ | അമ്മേ ! |
| അഹം ന ഭക്ഷിതവാൻ | ഞാൻ തിന്നിട്ടില്ല. |
| സർവ്വേ | എല്ലാവരും |
| മിഥ്യാഭിശംസിനഃ | നുണ പറകയാണ്. |
| യദി സത്യഗിരഃ തർഹി | അവരുടെ വാക്കു നേരാണെന്നു തോന്നുന്നുവെങ്കിൽ |
| മേ മുഖം | എന്റെ വായ |
| സമക്ഷം പശ്യ | നേരിട്ടുനോക്കിക്കൊള്ളൂ." |

യദ്യേവം തർഹി വ്യാദേഹീത്യുക്തഃ സ ഭഗവാൻ ഹരിഃ
വ്യാദത്താവ്യാഹതൈശ്വര്യഃ ക്രീഡാമനുജബാലകഃ. 36

| | |
|---|---|
| യദി ഏവം തർഹി | 'അങ്ങിനെയാണെങ്കിൽ |
| വ്യാദേഹി | വായ് തുറക്കു' |
| ഇതി ഉക്തഃ | എന്നു ആജ്ഞാപിക്കപ്പെട്ടവനും, |
| അവ്യാഹതൈശ്വര്യഃ | കുറവററ ഐശ്വര്യത്തോടുകൂടിയവനും, |
| ഭഗവാൻ | ഷട്ഗുണസമ്പൂർണ്ണനും, |
| ക്രീഡാമനുജബാലകഃ | ക്രീഡാർത്ഥം മനുഷ്യബാലനായി അവതരിച്ചവനും ആയ |
| സഃ ഹരിഃ | ആ ശ്രീകൃഷ്ണൻ |
| വ്യാദത്ത | വായ തുറന്നു കാട്ടി. |

സാ തത്ര ദദൃശേ വിശ്വം ജഗത് സ്ഥാസ്നു ച ഖം ദിശഃ
സാദ്രിദ്വീപാബ്ധിഭൂഗോളം സവായ്വഗ്നീന്ദുതാരകം. 37

| | |
|---|---|
| സാ | അവൾ |
| തത്ര | വായ്ക്കുള്ളിൽ |
| ജഗത് | ജംഗമങ്ങളേയും, |
| സ്ഥാസ്നു | സ്ഥാവരങ്ങളേയും, |
| ഖം | അന്തരീക്ഷത്തേയും, |
| ദിശഃ | ദിക്കുകളേയും, |

| | |
|---|---|
| സാദ്രി- ദ്വീപാബ്ധി- ഭൂഗോളം | പർവ്വതങ്ങളും, ദ്വീപുകളും, സമുദ്രങ്ങളും എന്നിവയോടുകൂടിയ ഭൂഗോളത്തെയും, |
| സവായ്വഗ്നീന്ദു- താരകം | പ്രവഹമെന്ന വായുമണ്ഡലം, വൈദ്യുതമെന്ന അഗ്നിമണ്ഡലം, ചന്ദ്രൻ, നക്ഷത്രരാശികളും എന്നിവയുൾപ്പെടുന്ന |
| വിശ്വം ച ദദൃശേ | വിശ്വത്തെയും കണ്ടു. |

ജ്യോതിശ്ചക്രം ജലം തേജോ നഭസ്വാൻ വിയദേവ ച
വൈകാരികാണീന്ദ്രിയാണി മനോ മാത്രാ ഗുണാസ്ത്രയഃ. 38

| | |
|---|---|
| ജ്യോതിശ്ചക്രം | സ്വർല്ലോകം, |
| ജലം തേജഃ | ജലം, അഗ്നി, |
| നഭസ്വാൻ, | വായു, |
| വിയത് | ആകാശം, |
| വൈകാരികാണി | സാത്വിക വികാരത്തിന്റെ കാര്യങ്ങളായ ദേവന്മാർ, |
| ഇന്ദ്രിയാണി | രാജസവികാരത്തിന്റെ കാര്യങ്ങളായ ഇന്ദ്രിയങ്ങളും, |
| മനഃ മാത്രാഃ | മനസ്സ്, താമസവികാരത്തിന്റെ കാര്യങ്ങളായ ശബ്ദാദി വിഷയങ്ങളും, |
| ത്രയഃ ഗുണാഃ ച ഏവ | സത്വാദിഗുണത്രയങ്ങളും എന്നിവയും കാണപ്പെട്ടു. |

ഏതദ്വിചിത്രം സഹ ജീവകാലസ്വഭാവകർമ്മാശയലിംഗഭേദം
സൂനോസ്തനൗ വീക്ഷ്യ വിദാരിതാസ്യേ വ്രജം സഹാത്മാനമവാപ ശങ്കാം.

| | |
|---|---|
| സൂനോഃ തനൗ | മകന്റെ ദേഹത്തിൽ |
| വിദാരിതാസ്യേ | അതിലും വിശേഷിച്ച് അവന്റെ പിളർന്നവായുള്ളിൽ |
| ജീവകാല- സ്വഭാവ- കർമ്മാശയ- ലിംഗഭേദം | ജീവൻ, കാലം, സ്വഭാവം, കർമ്മം, വാസന ഇത്യാദികളാലുള്ള ശരീരഭേദങ്ങളോടുകൂടിയ, |
| വിചിത്രം | അത്ഭുതകരമായ |
| ഏതത് | ഈ വിശ്വത്തെ മുഴുവനും |
| സഹാത്മാനം | തങ്ങളോടുകൂടി (യശോദയോടും കൃഷ്ണനോടും കൂടി)യുള്ള |
| വ്രജം | ഗോകുലത്തെയും |
| സഹ വീക്ഷ്യ | ഒന്നിച്ച് കണ്ട് |
| ശങ്കാം അവാപ | (യശോദ) സംശയിച്ചു. |

കിം സ്വപ്ന ഏതദുത ദേവമായാ കിം വാ മദീയോ ബത ബുദ്ധിമോഹഃ
അഥോ അമുഷ്യൈവ മമാർഭകസ്യ യഃ കശ്ചനൗത്പത്തിക ആത്മയോഗഃ.

| | |
|---|---|
| ഏതത് | ഇത് |
| കിം സ്വപ്നഃ | സ്വപ്നമാണോ ? |
| ഉത ദേവമായാ | അഥവാ ഈശ്വരന്റെ മായയാകുമോ ? |
| വാ | അല്ലെങ്കിൽ |
| മദീയഃ | എന്റെ |
| ബുദ്ധിമോഹഃ കിം | ബുദ്ധിമോഹമായേക്കാമോ ? |
| അഥോ | അതുമല്ലെങ്കിൽ, |
| മമ | എന്റെ |
| അമുഷ്യ അർഭകസ്യ | ഈ മകനു് |
| ഔത്പത്തികഃ | ജനനാൽത്തന്നെയുള്ള |
| യഃ കശ്ചന | ഏതെങ്കിലും |
| ആത്മയോഗഃ ഏവ | സ്വകീയമായ ദിവ്യവൈഭവംതന്നെയാകുമോ ? |
| ബത | ആശ്ചര്യം ! |

അഥോ യഥാവന്ന വിതർക്കഗോചരം ചേതോമനഃകർമ്മവചോഭിരഞ്ജസാ
യദാശ്രയം യേന യതഃ പ്രതീയതേ സുദുർവ്വിഭാവ്യം പ്രണതാസ്മി തത്പദം. 41

| | |
|---|---|
| അഥോ | ആകയാൽ |
| ചേതോമനഃ-കർമ്മവചോഭിഃ | ചിത്തം, മനസ്സ്, കർമ്മം, വാക്ക് എന്നിവയാൽ |
| യഥാവത് | വേണ്ടുംവിധം |
| അഞ്ജസാ | അനായാസേന |
| ന വിതർക്ക-ഗോചരം | ചിന്തിച്ചറിവാനരുതാത്ത ഈ ലോകം |
| യദാശ്രയം | യാതൊന്നിനെ അധിഷ്ഠാനമാക്കിക്കൊണ്ട് |
| യേന | യാതൊന്നിനാൽ |
| യതഃ | യാതൊന്നിൽനിന്ന് |
| പ്രതീയതേ | അനുഭവപ്പെടുന്നുവോ, |
| സുദുർവ്വിഭാവ്യം | അത്യന്തം അചിന്ത്യമായ |
| തത് പദം | ആ തൃപ്പാദത്തെ |
| പ്രണതാ അസ്മി | ഞാൻ നമസ്കരിക്കുന്നു. |

അഹം മമാസൗ പതിരേഷ മേ സുതോ
വ്രജേശ്വരസ്യാഖിലവിത്തപാ സതീ
ഗോപ്യശ്ച ഗോപാഃ സഹഗോധനാശ്ച മേ
യന്മായയേത്ഥം കുമതിഃ സ മേ ഗതിഃ. 42

| | |
|---|---|
| അഹം | "ഞാൻ |
| വ്രജേശ്വരസ്യ | ഗോകുലനാഥന്റെ (നന്ദഗോപരുടെ) |
| അഖിലവിത്തപാ | എല്ലാസ്വത്തും നോക്കി രക്ഷിക്കുന്ന |
| സതീ | പത്നി ; |
| അസൗ | അദ്ദേഹം |
| മമ പതിഃ | എന്റെ ഭർത്താവ് ; |
| ഏഷഃ | ഇവൻ |
| മേ സുതഃ | എന്റെ മകൻ ; |
| സഹഗോധനാഃ | ഗോധനങ്ങളോടുകൂടിയ |
| ഗോപ്യഃ | ഗോപികളും, |
| ഗോപാഃ ച | ഗോപന്മാരും |
| മേ | എന്റെ" |
| ഇത്ഥം ച | ഇങ്ങനെയും മററുമുള്ള |
| കുമതിഃ | ദുർബുദ്ധി |
| യന്മായയാ | യാതൊരുവിന്റെ മായയാൽ ഉണ്ടാകുന്നുവോ, |
| സഃ | ആ സർവ്വേശ്വരൻ തന്നെയാണ് |
| മേ ഗതിഃ | എനിക്കുള്ളാശ്രയം. |

ഇത്ഥം വിദിതതത്ത്വായാം ഗോപികായാം സ ഈശ്വരഃ
വൈഷ്ണവീം വ്യതനോന്മായാം പുത്രസ്നേഹമയീം വിഭുഃ. 43

| | |
|---|---|
| ഇത്ഥം | ഇപ്രകാരം |
| ഗോപികായാം വിദിതതത്ത്വായാം | യശോദാദേവി പരമാർത്ഥതത്ത്വം ഗ്രഹിച്ചവളായപ്പോൾ |
| വിഭുഃ | സർവ്വവ്യാപിയും |
| ഈശ്വരഃ | സർവ്വശക്തനുമായ |
| സഃ | ഭഗവാൻ |
| പുത്രസ്നേഹമയീം | സന്താനവാത്സല്യസ്വരൂപമായ |
| വൈഷ്ണവീം മായാം | വിഷ്ണുമായയെ |
| വ്യതനോത് | വ്യാപിപ്പിച്ചു. |

സദ്യോ നഷ്ടസ്മൃതിർഗ്ഗോപീ സാഽഽരോപ്യാരോഹമാത്മജം
പ്രവൃദ്ധസ്നേഹകലിലഹൃദയാഽഽസീദ്യഥാ പുരാ. 44

| | |
|---|---|
| സദ്യഃ | ഉടൻതന്നെ |
| നഷ്ടസ്മൃതിഃ | പൂർവ്വസ്മരണ നശിച്ചുപോയ |
| സാ ഗോപീ | ആ യശോദ |
| ആത്മജം | പുത്രനെ |
| ആരോഹം ആരോപ്യ | മടിയിലെടുത്തുവെച്ച് |
| യഥാ പുരാ | മുമ്പത്തെപ്പോലെ |
| പ്രവൃദ്ധസ്നേഹ-കലിലഹൃദയാ | വളർന്ന പുത്രവാത്സല്യത്താൽ നിറഞ്ഞ ഹൃദയത്തോടുകൂടിയവളായി |
| ആസീത് | ഭവിച്ചു. |

ത്രയ്യാ ചോപനിഷദ്ഭിശ്ച സാംഖ്യയോഗൈശ്ച സാത്വതൈഃ
ഉപഗീയമാനമാഹാത്മ്യം ഹരിം സാഽമന്യതാത്മജം. 45

| | |
|---|---|
| ത്രയ്യാ ച | വേദപൂർവ്വഭാഗമായ കർമ്മകാണ്ഡത്താൽ (ഇന്ദ്രാദിദേവതാസ്വരൂപമായും), |
| ഉപനിഷദ്ഭിഃ ച | വേദോത്തരഭാഗങ്ങളായ ഉപനിഷത്തുക്കളാൽ (ബ്രഹ്മസ്വരൂപമായും), |
| സാംഖ്യ-യോഗൈഃ ച | സാംഖ്യശാസ്ത്രത്താൽ (പുരുഷരൂപമായും), യോഗശാസ്ത്രത്താൽ (പരമാത്മസ്വരൂപമായും), |
| സാത്വതൈഃ | വൈഷ്ണവതന്ത്രങ്ങളാൽ (ഭഗവത്സ്വരൂപമായും) മററും |
| ഉപഗീയമാന-മാഹാത്മ്യം | പുകഴ്ത്തപ്പെടുന്ന മഹിമയോടുകൂടിയ |
| ഹരിം | ശ്രീഹരിയെ |
| സാ | അവൾ |
| ആത്മജം | മകനെന്ന് |
| അമന്യത | കരുതി. |

രാജോവാച = പരീക്ഷിത്ത് രാജാവ് പറഞ്ഞു :—

നന്ദഃ കിമകരോദ് ബ്രഹ്മൻ ശ്രേയ ഏവം മഹോദയം
യശോദാ ച മഹാഭാഗാ പപൗ യസ്യാഃ സ്തനം ഹരിഃ. 46

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണശ്രേഷ്ഠ ! |
| നന്ദഃ | നന്ദനും, |
| യസ്യാഃ സ്തനം | യാതൊരുവളുടെ സ്തനത്തെ |
| ഹരിഃ | ഭഗവാൻ |
| പപൗ | പാനംചെയ്തുവോ |
| യശോദാ ച | ആ യശോദയും |
| ഏവം | അത്രത്തോളം |
| മഹോദയം | മഹാഫലമുള്ള |
| കിം ശ്രേയഃ | എന്തു പുണ്യം |
| അകരോത് | ചെയ്തു ? |

പിതരൌ നാന്വവിന്ദേതാം കൃഷ്ണോദാരാർഭകേഹിതം
ഗായന്ത്യദ്യാപി കവയോ യല്ലോകശമലാപഹം. 47

| | |
|---|---|
| പിതരൌ | മാതാപിതാക്കന്മാർപോലും (ദേവകിയും വസുദേവനും) |
| യത് | യാതൊന്നിനെ |
| ന അന്വവിന്ദേതാം | അനുഭവിച്ചില്ലയോ, |
| കവയഃ | കവികൾ |
| അദ്യാപി | ഇപ്പോഴുംകൂടിയും |
| ഗായന്തി | യാതൊന്നിനെ പാടി പുകഴ്ത്തുന്നുവോ, |
| ലോക-ശമലാപഹം | ലോകരുടെ പാപത്തെ നശിപ്പിക്കുന്നത് യാതൊന്നോ, |
| കൃഷ്ണോദാരാ-ർഭകേഹിതം | ശ്രീകൃഷ്ണഭഗവാന്റെ അതരത്തിലുള്ള ഉൽകൃഷ്ട ബാലലീലയെ—അനുഭവിച്ചവരായ നന്ദഗോപരും യശോദയും എന്തു പുണ്യം ചെയ്തിരുന്നു ? |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ദ്രോണോ വസൂനാം പ്രവരോ ധരയാ സഹ ഭാര്യയാ
കരിഷ്യമാണ ആദേശാൻ ബ്രഹ്മണസ്തമുവാച ഹ. 48

| | | | |
|---|---|---|---|
| വസൂനാം | അഷ്ടവസുക്കളിൽ | ബ്രഹ്മണഃ | ബ്രഹ്മാവിന്റെ |
| പ്രവരഃ | ശ്രേഷ്ഠനായ | ആദേശാൻ | ആജ്ഞകളെ |
| ദ്രോണഃ | ദ്രോണനെന്ന വസു | കരിഷ്യമാണഃ | നിറവേററുവാൻ ഉദ്ദേശിച്ചുകൊണ്ട് |
| ധരയാ | ധരയെന്ന | തം | ആ ബ്രഹ്മാവോട് |
| ഭാര്യയാ സഹ | ഭാര്യയോടുകൂടി | ഉവാച ഹ | പറഞ്ഞു. |

ജാതയോന്നൌ മഹാദേവേ ഭുവി വിശ്വേശ്വരേ ഹരൌ
ഭക്തിഃ സ്യാത് പരമാ ലോകേ യയാഞ്ജോ ദുർഗ്ഗതിം തരേത്. 49

| | | | |
|---|---|---|---|
| ലോകേ | ലോകത്തിലുള്ള ജനങ്ങൾ | വിശ്വേശ്വരേ | വിശ്വേശ്വരനും ആയ |
| യയാ | യാതൊന്നിനാൽ | ഹരൌ | ശ്രീഹരിയിൽ |
| അഞ്ജഃ | ശ്രമംകൂടാതെ | പരമാ ഭക്തിഃ | അങ്ങനെയുള്ള പരമഭക്തി |
| ദുർഗ്ഗതിം | ദുർഗ്ഗതിയെ | ഭുവി | ഭൂമിയിൽ |
| തരേത് | തരണം ചെയ്യുമോ, | ജാതയോഃ നൌ | ജനിച്ച ഞങ്ങൾക്ക് |
| മഹാദേവേ | മഹാദേവനും | സ്യാത് | ഉണ്ടാകണം. |

അസ്ത്വിത്യുക്തഃ സ ഭഗവാൻ വ്രജേ ദ്രോണോ മഹായശാഃ
ജജ്ഞേ നന്ദ ഇതി ഖ്യാതോ യശോദാ സാ ധരാഭവത്. 50

| | | | |
|---|---|---|---|
| അസ്തു | 'അങ്ങിനെയാകട്ടെ' | നന്ദഃ | നന്ദൻ |
| ഇതി ഉക്തഃ | എന്നനുഗ്രഹിക്കപ്പെട്ട | ഇതി ഖ്യാതഃ | എന്ന പ്രസിദ്ധിയോടെ |
| മഹായശാഃ | മഹാകീർത്തിമാനും, | ജജ്ഞേ | ജനിച്ചു. |
| ഭഗവാൻ | ഐശ്വര്യസമ്പന്നനുമായ | സാ ധരാ | ആ ധരയെന്ന ദ്രോണപത്നി |
| സഃ ദ്രോണഃ | ആ ദ്രോണനെന്ന വസു | യശോദാ | യശോദയായും |
| വ്രജേ | ഗോകുലത്തിൽ | അഭവത് | ജനിച്ചു. |

തതോ ഭക്തിർഭഗവതി പുത്രീഭൂതേ ജനാർദ്ദനേ
ദമ്പത്യോർന്നിതരാമാസീത് ഗോപഗോപീഷു ഭാരത. 51

| | | | |
|---|---|---|---|
| ഭാരത | ഹേ ഭരതവംശരാജാവേ! | ദമ്പത്യോഃ | ആ ദമ്പതിമാർക്ക് |
| അതഃ | ബ്രഹ്മാവിന്റെ വരത്താൽ | പുത്രീഭൂതേ | പുത്രനായി ഭവിച്ച |
| | | ജനാർദ്ദനേ ഭഗവതി | ശ്രീകൃഷ്ണഭഗവാനിൽ |
| ഗോപ— ഗോപീഷു | ഗോപന്മാരിലും ഗോപിമാരിലുംവെച്ച് | നിതരാം | അളവററ |
| | | ഭക്തിഃ ആസീത് | ഭക്തിയുണ്ടായി. |

കൃഷ്ണോ ബ്രഹ്മണ ആദേശം സത്യം കർത്തും വ്രജേ വിഭുഃ
സഹരാമോ വസംശ്ചക്രേ തേഷാം പ്രീതിം സ്വലീലയാ. 52

| | | | |
|---|---|---|---|
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെ | വ്രജേ | ഗോകുലത്തിൽ |
| ആദേശം | അനുഗ്രഹത്തെ | വസൻ | വസിച്ചുകൊണ്ടു് |
| സത്യം കത്തും | യഥാത്ഥമാക്കുവാൻ | സ്വലീലയാ | തന്റെ ലീലകളാൽ |
| വിഭുഃ കൃഷ്ണഃ | ഭഗവാൻ ശ്രീകൃഷ്ണൻ | തേഷാം | അവക്കു് |
| സഹരാമഃ | ബലരാമനോടുകൂടി | പ്രീതിം ചക്രേ | പ്രീതിയെ ഉളവാക്കി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പൂവ്വാദ്ധേ
വിശ്വരൂപദശ്നനിരൂപണം നാമ അഷ്ടമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 375

## നവമോഽദ്ധ്യായഃ—ഒമ്പതാമദ്ധ്യായം.

[നവമേ പയ ഉത്സിക്തേ ഗത്വാ ഗോപ്യഥ തത്കൃതം
വിലോക്യ ഭാണ്ഡഭങ്ഗാദി കൃഷ്ണം ദാമ്നാ ബബന്ധ തം.]

(സ്തന്യപാനം ചെയ്തുകൊണ്ടിരിക്കെ തൈർക്കലം ഉടച്ചുകളകയാൽ
കോപിച്ച യശോദ ബാലകൃഷ്ണനെ കെട്ടിയിടുന്നതു്.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏകദാ ഗൃഹദാസീഷു യശോദാ നന്ദഗേഹിനീ
കമ്മാന്തരനിയുക്താസു നിമ്മമന്ഥ സ്വയം ദധി. 1

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | നന്ദഗേഹിനീ | നന്ദപത്നിയായ |
| ഗൃഹദാസീഷു | ഗൃഹത്തിലുള്ള ദാസിമാർ | യശോദാ | യശോദ, |
| കമ്മാന്തര- നിയുക്താസു | മററു ചില കൃത്യങ്ങളിലേക്ക നിയോഗിക്കപ്പെട്ടിരിക്കെ, | സ്വയം | താൻതന്നെ |
| | | ദധി | തൈർ |
| | | നിമ്മമന്ഥ | കടഞ്ഞുകൊണ്ടിരുന്നു. |

യാനി യാനീഹ ഗീതാനി തദ്ബാലചരിതാനി ച
ദധിനിമ്മന്ഥനേ കാലേ സ്മരന്തീ താന്യഗായത. 2

| | | | |
|---|---|---|---|
| തദ്ബാല- ചരിതാനി | ഭഗവാന്റെ ബാലലീല കഥ | താനി | അവയെ |
| യാനി യാനി | ഏതേതെല്ലാം | ദധിനിമ്മന്ഥനേ | തൈർ കടയുന്ന |
| ഇഹ | ഇപ്പോഴും, (ഇവിടെ) | കാലേ ച | നേരത്തുംകൂടി |
| ഗീതാനി | പുകഴ്ത്തപ്പെട്ടുവോ | സ്മരന്തീ | ഓമ്മിച്ചുകൊണ്ടു് |
| | | അഗായത | അവരം പാടിയിരുന്നു. |

ക്ഷൌമം വാസഃ പൃഥുകടിതടേ ബിഭ്രതീ സൂത്രനദ്ധം
പുത്രസ്നേഹസ്നുതകുചയുഗം ജാതകമ്പം ച സുഭ്രൂഃ
രജ്ജ്വാകഷശ്രമഭുജചലത്കങ്കണൌ കുണ്ഡലേ ച
സ്വിന്നം വക്ത്രം കബരവിഗളന്മാലതീ നിമ്മമന്ഥ. 3

| | |
|---|---|
| സുഭ്രൂഃ | സുന്ദരിയായ യശോദ |
| പൃഥുകടിതടേ | തന്റെ സ്ഥൂലിച്ച അരക്കെട്ടിൽ |
| സൂത്രനദ്ധം | അരഞ്ഞാണിട്ടു മുറുക്കിയ |
| ക്ഷൌമം വാസഃ | വെൺപട്ടുവസ്ത്രത്തേയും, |
| ജാതകമ്പം | ഇളക്കത്തോടുകൂടിയതും |
| പുത്രസ്നേഹസ്നുതകുചയുഗം | പുത്രവാത്സല്യത്താൽ ചുരന്നതും ആയ സ്തനദ്വയത്തേയും, |
| രജ്ജ്വാകർഷശ്രമഭുജചലത്കങ്കണൌ | കയർ വലിക്കുന്നതിൽ ശ്രമപ്പെടുന്ന കൈകളിൽ ഇളകിക്കൊണ്ടിരിക്കുന്ന വളകളേയും, |
| കുണ്ഡലേ ച | കർണ്ണഭൂഷണങ്ങളേയും, |
| സ്വിന്നം വക്ത്രം ച | വിയർപ്പുപൊടിഞ്ഞ വദനത്തേയും |
| ബിഭ്രതീ | വഹിച്ചുകൊണ്ട് |
| കബരവിഗളന്മാലതീ | വാർമുടിക്കെട്ടിൽനിന്ന് ഉതിരുന്ന പിച്ചകപ്പൂക്കളോടുകൂടിയവളായി |
| നിർമ്മമന്ഥ | തൈർ കടഞ്ഞു. |

താം സ്തന്യകാമ ആസാദ്യ മഥ്നന്തീം ജനനീം ഹരിഃ
ഗൃഹീത്വാ ദധിമന്ഥാനം ന്യഷേധത് പ്രീതിമാവഹൻ. 4

| | |
|---|---|
| സ്തന്യകാമഃ | സ്തന്യപാനോത്സുകനായ |
| ഹരിഃ | ഭഗവാൻ |
| മഥ്നന്തീം താം ജനനീം | തൈർ കടഞ്ഞുകൊണ്ടിരിക്കുന്ന ആ മാതാവിനെ |
| ആസാദ്യ | സമീപിച്ച് |
| ദധിമന്ഥാനം | കടകോലിനെ |
| ഗൃഹീത്വാ | പിടിച്ചുനിർത്തി, |
| പ്രീതിം | പ്രീതിയെ |
| ആവഹൻ | വളർത്തിക്കൊണ്ട് |
| ന്യരോധ | തടഞ്ഞു. |

തമങ്കമാരൂഢമപായയത് സ്തനം സ്നേഹസ്നുതം സസ്മിതമീക്ഷതീ മുഖം
അതൃപ്തമുത്സൃജ്യ ജവേന സാ യയാവുത്സിച്യമാനേ പയസി ത്വധിശ്രിതേ.

| | |
|---|---|
| സാ | അവൾ |
| അങ്കം ആരൂഢം | മടിയിൽ കേറിയിരുന്ന |
| തം | ആ ബാലനെ |
| സസ്മിതം | മന്ദഹാസം കലർന്ന |
| മുഖം ഈക്ഷതീ | മുഖം നോക്കിക്കൊണ്ട് |
| സ്നേഹസ്നുതം | സ്നേഹത്താൽ ചുരന്നിരിക്കുന്ന |
| സ്തനം | മുല |
| അപായയത് | കുടിപ്പിച്ചു. |
| തു | എന്നാൽ |
| അധിശ്രിതേ | അടുപ്പിൽ വെച്ചിരുന്ന |
| പയസി | പാൽ |
| ഉത്സിച്യമാനേ | തിളച്ചുപൊങ്ങിയപ്പോൾ |
| അതൃപ്തം | മുലകുടിച്ചു തൃപ്തിവന്നിട്ടില്ലാത്ത കുട്ടിയെ |
| ഉത്സൃജ്യ | മടിയിൽനിന്നിറക്കിവെച്ച് |
| ജവേന യയൌ | ബദ്ധപ്പെട്ടുപോയി. |

സഞ്ജാതകോപഃ സ്ഫുരിതാരുണാധരം സന്ദശ്യ ദദ്ഭിർദ്ദധിമന്ഥഭാജനം.
ഭിത്ത്വാ മൃഷാശ്രുർദൃഷദശ്മനാ രഹോ ജഘാസ ഹൈയംഗവമന്തരം ഗതഃ. 6

| | |
|---|---|
| സഞ്ജാതകോപഃ | കോപം കയറിയ (ബാലൻ) |
| സ്ഫുരിതാരുണാധരം | വിറയ്ക്കുന്ന ചെഞ്ചുണ്ടിനെ |
| ദദ്ഭിഃ | പല്ലുകളാൽ |
| സന്ദശ്യ | ഇറുക്കിക്കടിച്ച് |
| ദധിമന്ഥഭാജനം | തൈർപാത്രത്തെ |
| ദൃഷദശ്മനാ | അമ്മിക്കുഴവികൊണ്ട് |
| ഭിത്ത്വാ | തകർത്തുകളഞ്ഞു, |
| മൃഷാശ്രുഃ | കള്ളക്കണ്ണീരൊലിപ്പിച്ചുകൊണ്ട് |
| അന്തരം ഗതഃ | അകായിലേക്കുപോയി |
| രഹഃ | ആരും കാണാതെ |
| ഹൈയംഗവം ജഘാസ | വെണ്ണയെടുത്തു തിന്നു. |

ഉത്താൎയ്യ ഗോപീ സുശ്രുതം പയഃ പുനഃ പ്രവിശ്യ സംദൃശ്യ ച ദധ്യമത്രകം
ഭഗ്നം വിലോക്യ സ്വസുതസ്യ കൎമ്മ തജ്ജഹാസ തം ചാപി ന തത്ര പശ്യതീ.

| | | | |
|---|---|---|---|
| ഗോപീ | യശോദ | തത് സ്വസുതസ്യ | അതു തന്റെ മകന്റെ |
| സുശ്രുതം പയഃ | കാച്ചിയ പാൽ | കൎമ്മ വിലോക്യ | പണിയാണെന്നറികയും |
| ഉത്താൎയ്യ | ഇറക്കിവെച്ച് | ച ജഹാസ | ചെയ്തു ചിരിച്ചു. |
| പുനഃ പ്രവിശ്യ | തിരിച്ചുവന്നപ്പോൾ | തം ച അപി | എന്നാൽ അവനെയാകട്ടെ |
| ദധ്യമത്രകം | തൈർപാത്രം | തത്ര | അവിടെയെങ്ങും |
| ഭഗ്നം | ഉടഞ്ഞതായി | ന പശ്യതീ | കാണാതെ (തിരച്ചൽ തുടങ്ങി). |
| സംദൃശ്യ | കാണുകയും | | |

ഉലൂഖലാങ്ഘ്രേരുപരി വ്യവസ്ഥിതം
മൎക്കായ കാമം ദദതം ശിചി സ്ഥിതം
ഹൈയംഗവം ചൌൎയ്യവിശങ്കിതേക്ഷണം
നിരീക്ഷ്യ പശ്ചാത് സുതമാഗമച്ഛനൈഃ. 8

| | | | |
|---|---|---|---|
| ഉലൂഖലാങ്ഘ്രേഃ | ഉരൽക്കാലിന്റെ (കമഴ്ത്തിവെച്ച ഉരലിന്റെ) | ചൌൎയ്യ-വിശങ്കിതേ-ക്ഷണം | കള്ളത്തരത്താൽ ശങ്ക പൂണ്ട നോട്ടത്തോടുകൂടിയവനും ആയ |
| ഉപരി | മീതെ | | |
| വ്യവസ്ഥിതം | കയറിയിരിക്കുന്നവനും, | സുതം | പുത്രനെ |
| ശിചി സ്ഥിതം | ഉറിയിൽ ഉണ്ടായിരുന്ന | നിരീക്ഷ്യ | കണ്ടിട്ടു് |
| ഹൈയങ്ഗവം | വെണ്ണയെ | ശനൈഃ | മെല്ലെ, കാലൊച്ച കേൾക്കാത്തവിധം |
| മൎക്കായ | കുരങ്ങന്നു് | | |
| കാമം ദദതം | ഇഷ്ടംപോലെ കൊടുത്തുകൊണ്ടിരിക്കുന്നവനും, | പശ്ചാത് ആഗമത് | പിന്നിലൂടെ വന്നു. |

താമാത്തയഷ്ടിം പ്രസമീക്ഷ്യ സത്വര-
സ്തതോഽവരുഹ്യാപസസാര ഭീതവത്
ഗോപ്യന്വധാവന്ന യമാപ യോഗിനാം
ക്ഷമം പ്രവേഷ്ടും തപസേരിതം മനഃ. 9

| | | | |
|---|---|---|---|
| ആത്തയഷ്ടിം | വടിയെടുത്തുകൊണ്ടു വരുന്ന | പ്രവേഷ്ടും | പ്രവേശിക്കുവാൻ |
| | | ക്ഷമം | യോഗ്യതയുള്ളതും ആയ |
| താം പ്രസമീക്ഷ്യ | ആ അമ്മയെകണ്ടിട്ടു് | യോഗിനാം | യോഗികളുടെ |
| സത്വരഃ | വേഗത്തോടെ | മനഃ | മനസ്സുപോലും |
| തതഃ അവരുഹ്യ | അതിൽനിന്നിറങ്ങി | യം | യാതൊരുവനെ |
| ഭീതവത് | പേടിച്ചവനെപ്പോലെ | ന ആപ | പ്രാപിക്കുന്നില്ലയോ, ആ പരമാത്മസ്വരൂപനെ |
| അപസസാര | ഓടിപ്പോയി. | | |
| തപസാ | തപസ്സിനാൽ | ഗോപീ | ഗോപികയായ യശോദ |
| ഈരിതം | തൽസാരൂപ്യം പ്രാപിപ്പിക്കപ്പെട്ടതും | അന്വധാവത് | (പിടിച്ചുകൊള്ളുവാൻ) പിൻതുടൎന്നോടി. |

അന്വഞ്ചമാനാ ജനനീ ബൃഹച്ചലച്ഛ്രോണീഭരാക്രാന്തഗതിഃ സുമധ്യമാ
ജവേന വിസ്രംസിതകേശബന്ധനച്യുതപ്രസൂനാനുഗതിഃ പരാമൃശത്. 10

| | | | |
|---|---|---|---|
| സുമധ്യമാ | കൃശമദ്ധ്യയായ | ജവേന | അതിവേഗത്താൽ |
| ജനനീ | ആ മാതാവ് | വിസ്രംസിത-കേശബന്ധന-ച്യുതപ്രസൂനാ-നുഗതിഃ | കെട്ടഴിഞ്ഞുവീണ തലമുടിയിൽനിന്നു കൊഴിയുന്ന പുഷ്പങ്ങളാൽ അനുഗമിക്കപ്പെടുന്നവളും ആയിട്ട്, |
| ബൃഹച്ചല-ച്ഛ്റോണീ-ഭരാക്രാന്തഗതിഃ | പുഷ്ടിയുള്ളതും ഓടുമ്പോഴും ഇളകുന്നതും ആയ നിതംബഭാരത്താൽ തടസ്സം നേരിട്ട ഗമനത്തോടുകൂടിയവളും | അന്വഞ്ചമാനാ | പിന്നാലെ ഓടി |
| | | പരാമൃശത് | കടന്നുപിടിച്ചു |

കൃതാഗസം തം പ്രരുദന്തമക്ഷിണീ
കഷന്തമഞ്ജന്മഷിണീ സ്വപാണിനാ
ഉദ്വീക്ഷമാണം ഭയവിഹ്വലേക്ഷണം
ഹസ്തേ ഗൃഹീത്വാ ഭിഷയന്ത്യവാഗുരത്. 11

| | | | |
|---|---|---|---|
| കൃതാഗസം | അപരാധം പ്രവർത്തിച്ചവനും, | ഭയവിഹ്വലേ-ക്ഷണം | ഭയത്താൽ വിവശമായ നേത്രങ്ങളോടുകൂടിയവനും, |
| അഞ്ജന്മഷിണീ | മഷി പരന്നിരിക്കുന്ന | ഉദ്വീക്ഷമാണം തം | (അമ്മയുടെ മുഖത്തേക്ക്) തലയുയർത്തി നോക്കുന്നവനുമായ ആ ബാലനെ |
| അക്ഷിണീ | കൺകളെ | | |
| സ്വപാണിനാ | തൻ കരത്താൽ | | |
| കഷന്തം | തിരുമ്മിക്കൊണ്ടു നില്ക്കുന്നവനും, | ഹസ്തേ ഗൃഹീത്വാ | കൈയിൽ പിടിച്ച് |
| | | ഭിഷയന്തീ | പേടിപ്പിച്ചുകൊണ്ട് |
| പ്രരുദന്തം | വാവിട്ടുകരയുന്നവനും, | അവാഗുരത് | ശകാരിച്ചു. |

ത്യക്ത്വാ യഷ്ടിം സുതം ഭീതം വിജ്ഞായാർഭകവത്സലാ
ഇയേഷ കില തം ബദ്ധും ദാമ്നാതദ്വീര്യകോവിദാ. 12

| | | | |
|---|---|---|---|
| അർഭകവത്സലാ | പുത്രസ്നേഹവതിയും | യഷ്ടിം ത്യക്ത്വാ | വടി വലിച്ചെറിഞ്ഞു, |
| അതദ്വീര്യ-കോവിദാ | അവന്റെ വീര്യം ഗ്രഹിക്കാത്തവളും ആയ യശോദ | ദാമ്നാ | കയറുകൊണ്ട് |
| | | തം | അവനെ |
| സുതം ഭീതം വിജ്ഞായ | പുത്രൻ ഭയപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കി, | ബദ്ധും | കെട്ടിയിടുവാൻ |
| | | ഇയേഷ കില | ആഗ്രഹിച്ചുപോലും ! |

ന ചാന്തർന്ന ബഹിര്യസ്യ ന പൂർവ്വം നാപി ചാപരം
പൂർവ്വാപരം ബഹിശ്ചാന്തർജ്ജഗതോ യോ ജഗച്ച യഃ. 13
തം മത്വാഽഽത്മജമവ്യക്തം മർത്ത്യലിംഗമധോക്ഷജം
ഗോപികോലൂഖലേ ദാമ്നാ ബബന്ധ പ്രാകൃതം യഥാ 14

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്ന് | പൂർവ്വം അപി ന | (യാതൊരുവന്ന്) മുൻപില്ലാതെയും |
| അന്തഃ ന | അന്തർഭാഗമില്ലാതെയും | | |
| ബഹിഃ ച ന | ബഹിർഭാഗമില്ലാതെയും ഇരിക്കുന്നുവോ, | അപരം ച ന | പിൻപില്ലാതെയും ഇരിക്കുന്നുവോ, |

| | |
|---|---|
| യഃ | യാതൊരുവൻ |
| ജഗതഃ | ലോകത്തിന്റെ |
| പൂർവ്വാപരം | മുമ്പായും പിമ്പായും |
| അന്തഃ ബഹിഃ ച | അകമായും പുറമായും വർത്തിക്കുന്നുവോ, |
| യഃ | യാതൊരുവൻ |
| ജഗത് ച | ലോകം തന്നെയാകുന്നുവോ, |
| അധോക്ഷജം | ഇന്ദ്രിയജ്ഞാനങ്ങൾക്ക് അവിഷയമായുവനും, |
| അവ്യക്തം | വ്യക്തമല്ലാത്തവനും, |
| മർത്ത്യലിംഗം | മാനുഷരൂപം ധരിച്ചു വന്നമായ |
| തം | ആ സച്ചിദാനന്ദമൂർത്തിയെ |
| ആത്മജം മത്വാ | മകനെന്നു കരുതിയിട്ട് |
| ഗോപികാ | യശോദ |
| പ്രാകൃതം | സാധാരണ ബാലനെ |
| യഥാ | പോലെ |
| ദാമ്നാ | കയറുകൊണ്ട് |
| ഉലൂഖലേ | ഉരലിൽ |
| ബബന്ധ | കെട്ടിയിടുവാൻ ഉദ്യമിച്ചു. |

തദ്ദാമ ബധ്യമാനസ്യ സ്വാർഭകസ്യ കൃതാഗസഃ
ദ്വ്യംഗുലോനമഭൂത്തേന സന്ദധേഽന്യച്ച ഗോപികാ. 15

| | |
|---|---|
| കൃതാഗസഃ | കുററക്കാരനായ |
| സ്വാർഭകസ്യ | സ്വപുത്രൻ |
| ബധ്യമാനസ്യ | ബന്ധിക്കപ്പെട്ടുകൊണ്ടിരിക്കെ, |
| തത് ദാമ | ആ കയർ |
| ദ്വ്യംഗുലോനം അഭൂത് | രണ്ടു വിരല്ക്കു പോരാതെയായി. |
| തേന ഗോപികാ | അതിനാൽ യശോദ |
| അന്യത് ച | വേറൊന്നിനെക്കൂടി |
| സന്ദധേ | ഏച്ചുകൂട്ടി. |

യദാഽഽസീത്തദപി ന്യൂനം തേനാന്യദപി സന്ദധേ
തദപി ദ്വ്യംഗുലം ന്യൂനം യദ്യദാദത്ത ബന്ധനം 16

| | |
|---|---|
| യദാ | എപ്പോൾ |
| തത് അപി | അതും |
| ന്യൂനം ആസീത് | പോരാതെയായോ, അപ്പോൾ |
| അന്യത് അപി | വേറൊന്നുംകൂടി |
| തേന | അതോടൊപ്പം |
| സന്ദധേ | ഏച്ചുകൂട്ടി. |
| തത് അപി | അതും |
| ദ്വ്യംഗുലം ന്യൂനം | രണ്ടു വിരല്ക്കു് തികയാതെ വന്നു. |
| യത് യത് | ഏതേതു് |
| ബന്ധനം ആദത്ത | കയറെടുത്തുവോ, അതൊക്കെയും രണ്ടു വിരല്ക്കു തികയാതെയായി. |

ഏവം സ്വഗേഹദാമാനി യശോദാ സന്ദധത്യപി
ഗോപീനാം സുസ്മയന്തീനാം സ്മയന്തീ വിസ്മിതാഽഭവത്. 17

| | |
|---|---|
| ഏവം | ഇപ്രകാരം |
| സ്വഗേഹദാമാനി | സ്വഗൃഹത്തിലുള്ള കയറെല്ലാം |
| സന്ദധതീ അപി | കൂട്ടിക്കെട്ടി നോക്കിയെങ്കിലും (പ്രയത്നം സഫലമാകാതെ) |
| യശോദാ | യശോദ |
| സുസ്മയന്തീനാം | അതുകണ്ടു ചിരിച്ചുനില്ക്കുന്ന |
| ഗോപീനാം | മററു ഗോപിമാരുടെ ഇടയിൽ |
| സ്മയന്തീ | താനും ചിരിച്ചുകൊണ്ട് |
| വിസ്മിതാ | അത്ഭുതത്തോടെ |
| അഭവത് | നിന്നു. |

സ്വമാതുഃ സ്വിന്നഗാത്രായാ വിസ്രസ്തകബരസ്രജഃ
ദൃഷ്ട്വാ പരിശ്രമം കൃഷ്ണഃ കൃപയാഽഽസീത് സ്വബന്ധനേ. 18

സ്വിന്നഗാത്രായാഃ വിയർത്ത ശരീരത്തോടും
വിസ്രസ്ത-കബരസ്രജഃ } വാർമുടിയിൽനിന്നു് അഴിഞ്ഞുവീണ പൂമാലയോടുംകൂടിയ
സ്വമാതുഃ സ്വന്തം അമ്മയുടെ
പരിശ്രമം ദൃഷ്ട്വാ കഷ്ടപ്പാടു കണ്ടു്
കൃഷ്ണഃ ഭഗവാൻ
കൃപയാ കാരുണ്യത്താൽ
സ്വബന്ധനേ ആസീത് } സ്വയം ബന്ധനത്തിനു വഴങ്ങിക്കൊടുത്തു.

ഏവം സന്ദർശിതാ ഹ്യംഗ ഹരിണാ ഭൃത്യവശ്യതാ
സ്വവശേനാപി കൃഷ്ണേന യസ്യേദം സേശ്വരം വശേ 19

അംഗ ഹേ പരീക്ഷിത്തേ!
സേശ്വരം ഇദം ബ്രഹ്മാദിദേവന്മാരോടു കൂടിയ ഈ ലോകം
യസ്യ യാതൊരുവന്റെ
വശേ അധീനത്തിലാണോ ഇരിക്കുന്നതു്,
സ്വവശേന അപി } അങ്ങിനെയുള്ള സ്വതന്ത്രനാണെങ്കിലുംകൂടി
ഹരിണാ ഭക്തരുടെ ദുഃഖത്തെ ഹരിക്കുന്ന
കൃഷ്ണേന ശ്രീകൃഷ്ണനാൽ
ഏവം ഹി ഈവിധംതന്നെയുള്ള
ഭൃത്യവശ്യതാ ഭക്താധീനത്വം
സന്ദർശിതാ പ്രദർശിപ്പിക്കപ്പെട്ടു.

നേമം വിരിഞ്ചോ ന ഭവോ ന ശ്രീരപ്യംഗസംശ്രയാ
പ്രസാദം ലേഭിരേ ഗോപീ യത്തത് പ്രാപ വിമുക്തിദാത്. 20

വിമുക്തിദാത് മോക്ഷദാതാവായ ശ്രീഹരിയിൽനിന്നു്
ഗോപി ഗോപസ്ത്രീയായ യശോദ
യത് യാതൊരു പ്രസാദത്തെ
പ്രാപ പ്രാപിച്ചുവോ
തത് അപ്രകാരമുള്ള
ഇമം പ്രസാദം ഈ പ്രസാദം
വിരിഞ്ചഃ ന ബ്രഹ്മാവിനു് ലഭിച്ചിട്ടില്ല;
ഭവഃ ന ശിവനുമില്ല;
അംഗസംശ്രയാ തിരുമാറിൽത്തന്നെ സ്ഥലം പിടിച്ചിരിക്കുന്ന
ശ്രീഃ അപി ലക്ഷ്മീഭഗവതിക്കുപോലും
ന ലേഭിരേ കിട്ടിയിട്ടില്ല.

നായം സുഖാപോ ഭഗവാൻ ദേഹിനാം ഗോപികാസുതഃ
ജ്ഞാനിനാം ചാത്മഭൂതാനാം യഥാ ഭക്തിമതാമിഹ. 21

ഗോപികാസുതഃ ഗോപികാപുത്രനായ
അയം ഭഗവാൻ ഈ ശ്രീകൃഷ്ണഭഗവാൻ
ഇഹ ഈ ലോകത്തിൽ
ഭക്തിമതാം ഭക്തന്മാൎക്കു്
യഥാ എത്രത്തോളം
സുഖാപഃ എളുപ്പത്തിൽ പ്രാപ്യനായിത്തീരുന്നുവോ, അത്രയും എളുപ്പത്തിൽ
ദേഹിനാം ദേഹാഭിമാനികളായ താപസൎക്കും
ആത്മഭൂതാനാം ആത്മഭാവം സിദ്ധിച്ച
യോഗിനാം ച യോഗികൾക്കും
ന പ്രാപ്യനാവുന്നില്ല.

കൃഷ്ണസ്തു ഗൃഹകൃത്യേഷു വ്യഗ്രായാം മാതരി പ്രഭുഃ
അദ്രാക്ഷീദൎജ്ജുനൌ പൂൎവ്വം ഗുഹ്യകൌ ധനദാത്മജൌ. 22

| | | | |
|---|---|---|---|
| പ്രഭുഃ | സർവ്വേശ്വരനായ | പൂർവ്വം | മുൻകാലത്ത് |
| കൃഷ്ണസ്തു | ശ്രീകൃഷ്ണനാകട്ടെ | ഗുഹ്യകൌ | യക്ഷന്മാരും |
| മാതരി | അമ്മ | ധനദാത്മജൌ | വൈശ്രവണന്റെ പുത്രന്മാരും ആയിരുന്ന |
| ഗൃഹകൃത്യേഷു | ഗൃഹകൃത്യങ്ങളിൽ | അർജ്ജുനൌ | രണ്ടു മരുത് വൃക്ഷങ്ങളെ |
| വ്യഗ്രായാം | ശ്രദ്ധിച്ചുകൊണ്ടിരിക്കെ, | അദ്രാക്ഷീത് | കണ്ടു. |

പുരാ നാരദശാപേന വൃക്ഷതാം പ്രാപിതൌ മദാത്
നളകൂബരമണിഗ്രീവാവിതി ഖ്യാതൌ ശ്രിയാന്വിതൌ. 23

| | | | |
|---|---|---|---|
| നളകൂബര-മണിഗ്രീവൌ ഇതി | നളകൂബരൻ, മണിഗ്രീവൻ എന്നീ പേരുകളാൽ | മദാത് | അഹങ്കാരം നിമിത്തം |
| ഖ്യാതൌ | പ്രസിദ്ധന്മാരും | നാരദശാപേന | ശ്രീനാരദന്റെ ശാപത്താൽ |
| ശ്രിയാ അന്വിതൌ | സമ്പത്സുഖത്തോടു ചേർന്നവരും ആയ ഇവർ | വൃക്ഷതാം | വൃക്ഷഭാവത്തെ |
| പുരാ | പണ്ട് | പ്രാപിതൌ | പ്രാപിപ്പിക്കപ്പെട്ടവർ ആയിരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗോപീപ്രസാദോ നാമ നവമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 398.

## ദശമോഽദ്ധ്യായഃ—പത്താമദ്ധ്യായം.

[ദശമേഽപാതയദ്രിങ്ഗന്നന്തരാ യമളാർജ്ജുനൌ
തത്രത്യാഭ്യാം ച ദേവാഭ്യാം കൃഷ്ണഃ സ്തുത ഇതീര്യതേ ]

(ഭഗവാൻ അർജ്ജുനവൃക്ഷങ്ങളെ വീഴ്ത്തുന്നത്; നളകൂബരമണിഗ്രീവന്മാരുടെ ശാപമോക്ഷം; അവരുടെ സ്തുതി.)

**രാജോവാച = രാജാവു് പറഞ്ഞു :—**

കഥ്യതാം ഭഗവന്നേതത്തയോഃ ശാപസ്യ കാരണം
യത്തദ്വിഗർഹിതം കർമ്മ യേന വാ ദേവർഷേസ്തമഃ. 1

| | | | |
|---|---|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞ! | യത് തത് | യാതൊന്നാണെന്നുള്ളതും, |
| തയോഃ | അവരുടെ | യേന വാ | ഏതുകാരണത്താൽ |
| ശാപസ്യ കാരണം | ശാപത്തിനു കാരണമായിത്തീർന്ന | ദേവർഷേഃ | ദേവർഷിക്കുപോലും |
| | | തമഃ | കോപാവേശമുണ്ടായി |
| വിഗർഹിതം | നിന്ദിതമായ | ഏതത് | എന്നുള്ളതും |
| കർമ്മ | പ്രവൃത്തി | കഥ്യതാം | പറഞ്ഞുതരിക. |

**ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—**

രുദ്രസ്യാനുചരൌ ഭൂത്വാ സുദൃപ്തൌ ധനദാത്മജൌ
കൈലാസോപവനേ രമ്യേ മന്ദാകിന്യാം മദോത്കടൌ. 2

വാരുണീം മദിരാം പീത്വാ മദാഘൂർണ്ണിതലോചനൌ
സ്ത്രീജനൈരനുഗായദ്ഭിശ്ചേരതുഃ പുഷ്പിതേ വനേ. 3

| | | | |
|---|---|---|---|
| രുദ്രസ്യ | ശിവന്റെ | മന്ദാകിന്യാം | ഗംഗാനദിയുടെ തീരത്തുള്ള |
| അനുചരൌ ഭൂത്വാ | സേവകരായിരുന്നിട്ടുംകൂടി | രമ്യേ | മനോഹരമായ |
| സുദൃപ്തൌ | അതിഗർവ്വികളും | കൈലാസോപവനേ | കൈലാസപർവ്വതത്തിലെ പൂങ്കാവിൽ |
| മദോത്കടൌ | മദം മുഴുത്തവരും ആയ | വനേ പുഷ്പിതേ | വനം പുഷ്പിച്ചിരിക്കുന്ന കാലത്തു് |
| ധനദാത്മജൌ | കുബേരപുത്രന്മാർ ഇരുവർ | അനുഗായദ്ഭിഃ | ഒപ്പം പാട്ടുപാടുന്ന |
| വാരുണീം | വാരുണിയെന്ന | സ്ത്രീജനൈഃ | സ്ത്രീകളോടുകൂടി |
| മദിരാം പീത്വാ | മദ്യം കുടിച്ചു, | ചേരതുഃ | സഞ്ചരിച്ചു. |
| മദാഘൂർണ്ണിതലോചനൌ | മദത്താൽ ചുഴലുന്ന കൺകളോടുകൂടിയവരായി | | |

അന്തഃ പ്രവിശ്യ ഗംഗായാമംഭോജവനരാജിനി
ചിക്രീഡതുര്യുവതിഭിർഗ്ഗജാവിവ കരേണുഭിഃ. 4

| | | | |
|---|---|---|---|
| അംഭോജവനരാജിനി | താമരപ്പൂക്കളാൽ പരിശോഭിക്കുന്ന | കരേണുഭിഃ | പിടിയാനകളോടൊന്നിച്ചു് |
| ഗംഗായാം | ഗംഗാനദിയിൽ | ഗജൌ | കൊമ്പനാനകൾ |
| അന്തഃ | ഉള്ളിലേക്കു് | ഇവ | എന്നപോലെ |
| പ്രവിശ്യ | ഇറങ്ങിയിട്ടു് | യുവതിഭിഃ | തരുണികളോടുകൂടി |
| | | ചിക്രീഡതുഃ | ക്രീഡിച്ചു. |

യദൃച്ഛയാ ച ദേവർഷിർഭഗവാംസ്തത്ര കൌരവ
അപശ്യന്നാരദോ ദേവൌ ക്ഷീബാണൌ സമബുധ്യത. 5

| | | | |
|---|---|---|---|
| കൌരവ | ഹേ പരീക്ഷിത്തേ! | നാരദഃ | ശ്രീനാരദൻ |
| യദൃച്ഛയാ | ആകസ്മികമായി | ദേവൌ | ആ രണ്ടു ഗുഹ്യകന്മാരെ |
| തത്ര | അവിടെ വന്ന | അപശ്യത് | കാണുകയും |
| ഭഗവാൻ | സർവ്വജ്ഞനും | ക്ഷീബാണൌ | അവർ മദോന്മത്തരാണെന്നു് |
| ദേവർഷിഃ | ദേവർഷിയുമായ | സമബുധ്യത ച | അറികയും ചെയ്തു |

തം ദൃഷ്ട്വാ വ്രീഡിതാ ദേവ്യോ വിവസ്ത്രാഃ ശാപശങ്കിതാഃ
വാസാംസി പര്യധുഃ ശീഘ്രം വിവസ്ത്രൌ നൈവ ഗുഹ്യകൌ. 6

| | | | |
|---|---|---|---|
| വിവസ്ത്രാഃ | വസ്ത്രം ധരിക്കാതിരുന്ന | ശീഘ്രം | വേഗത്തിൽ |
| ദേവ്യഃ | അപ്സരസ്ത്രീകൾ | വാസാംസി | വസ്ത്രങ്ങളെ |
| തം ദൃഷ്ട്വാ | ആ മഹർഷിയെ കണ്ടു് | പര്യധുഃ | എടുത്തുടുത്തു. |
| വ്രീഡിതാഃ | ലജ്ജിതകളായി | വിവസ്ത്രൌ | വസ്ത്രം ധരിക്കാതിരുന്ന |
| ശാപശങ്കിതാഃ | ശാപത്തെ ശങ്കിച്ചുകൊണ്ടു് | ഗുഹ്യകൌ | യക്ഷന്മാരിരുവരും |
| | | ന ഏവ | അങ്ങനെ ചെയ്തതേയില്ല. |

തൌ ദൃഷ്ട്വാ മദിരാമത്തൌ ശ്രീമദാന്ധൌ സുരാത്മജൌ
തയോരനുഗ്രഹാത്ഥായ ശാപം ദാസ്യന്നിദം ജഗൌ. 7

| | | | |
|---|---|---|---|
| ശ്രീമദാന്ധൌ | ഐശ്വര്യമദത്താൽ കണ്ണുകാണാത്തവരും | തൌ ദൃഷ്ട്വാ | അവരെ കണ്ടു്, |
| മദിരാമത്തൌ | മദ്യപാനത്താൽ മദിച്ചവരും | തയോഃ | അവരുടെ |
| സുരാത്മജൌ | ദേവകുമാരന്മാരും ആയിരിക്കുന്ന | അനുഗ്രഹാത്ഥായ | അനുഗ്രഹത്തിന്നായി |
| | | ശാപം ദാസ്യൻ | ശാപം കൊടുക്കുവാനൊരുങ്ങിക്കൊണ്ടു് |
| | | ഇദം ജഗൌ | ഇങ്ങനെ പറഞ്ഞു. |

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു :—

ന ഹ്യന്യോ ജുഷതോ ജോഷ്യാൻ ബുദ്ധിഭ്രംശോ രജോഗുണഃ
ശ്രീമദാദാഭിജാത്യാദിര്യത്ര സ്ത്രീ ദ്യൂതമാസവഃ. 8

| | | | |
|---|---|---|---|
| ജോഷ്യാൻ | സന്തുഷ്ടിയുളവാക്കുന്ന വിഷയങ്ങളെ | ബുദ്ധിഭ്രംശഃ | വിവേകത്തെ നശിപ്പിക്കുന്നതായിട്ടു് |
| ജുഷതഃ | അനുഭവിക്കുന്ന ഒരുവന്നു് | നഹി | സംഭവിക്കുന്നില്ല. |
| ശ്രീമദാത് | ഐശ്വര്യമദത്തിലും കവിഞ്ഞു് | യത്ര | യാതൊരു ഐശ്വര്യമദം ഉണ്ടാകുമ്പോൾ |
| ആഭിജാത്യാദിഃ | കുലീനതാഭിമാനം മുതലായ | സ്ത്രീ | സ്ത്രീസേവ, |
| അന്യഃ | മററുള്ള | ദ്യൂതം | ചൂതുകളി, |
| രജോഗുണഃ | രാജസഗുണം | ആസവഃ | മദ്യപാനം എന്നീ അധർമ്മങ്ങൾ സംഭവിക്കുന്നു. |

ഹന്യന്തേ പശവോ യത്ര നിർദ്ദയൈരജിതാത്മഭിഃ
മന്യമാനൈരിമം ദേഹമജരാമൃത്യു നശ്വരം. 9

| | | | |
|---|---|---|---|
| യത്ര | യാതൊരു ഐശ്വര്യമദം ഉണ്ടാകുമ്പോൾ | മന്യമാനൈഃ | കണക്കാക്കിക്കൊണ്ടിരിക്കുന്നവരും, |
| നശ്വരം | നശിച്ചുപോകുന്ന | നിർദ്ദയൈഃ | കരുണയററവരും, |
| ഇമം ദേഹം | ഈ ശരീരത്തെ | അജിതാത്മഭിഃ | മനസ്സൊതുക്കമില്ലാത്തവരും ആയ ജനങ്ങളാൽ |
| അജരാമൃത്യു | ജരാമരണങ്ങളില്ലാത്ത വസ്തുവാണെന്നു് | പശവഃ | പ്രാണികൾ |
| | | ഹന്യന്തേ | ഹിംസിക്കപ്പെടുന്നു. |

ദേവസംജ്ഞിതമപ്യന്തേ കൃമിവിഡ്ഭസ്മസംജ്ഞിതം
ഭൂതധ്രുക് തത്കൃതേ സ്വാത്ഥം കിം വേദ നിരയോ യതഃ. 10

| | | | |
|---|---|---|---|
| ദേവസംജ്ഞിതം അപി | നരദേവൻ എന്നോ ഭൂദേവൻ എന്നോ പേരുണ്ടായിരുന്നാലും | കൃമിവിഡ്ഭസ്മ സംജ്ഞിതം | കൃമിയെന്നോ, മലമെന്നോ, ചാമ്പലെന്നോ പേരുള്ളതായത്തീരുന്നു. |
| അന്തേ | അവസാനത്തിൽ (ശരീരം) | തത്കൃതേ | അതിന്റെ പരിപോഷണത്തിന്നുവേണ്ടി |

ഭൂതധ്രുക് — പ്രാണികളെ ദ്രോഹിക്കുന്നവൻ
സ്വാർത്ഥം — തനിക്കുവേണ്ട കാര്യം
കിം വേദ — എന്തറിഞ്ഞു ?
യതഃ — യാതൊരു പ്രാണിഹിംസനിമിത്തം
നിരയഃ — നരകദുഃഖമാണ് അനുഭവം.

ദേഹഃ കിമന്നദാതുഃ സ്വം നിഷേക്തുർമ്മാതുരേവ ച
മാതുഃ പിതുർവ്വാ ബലിനഃ ക്രേതുരഗ്നേഃ ശുനോഽപി വാ. 11

ദേഹഃ — ഈ ശരീരം
അന്നദാതുഃ — ചോറുതന്നു വളർത്തിയവന്റെ
സ്വം കിം — സ്വത്താണോ ?
നിഷേക്തുഃ — അതോ, അച്ഛന്റേതോ ?
മാതുഃ ഏവ ച — അല്ല, അമ്മയുടേതു തന്നെയാകുമോ ?
മാതുഃ പിതുഃ വാ — മുത്തച്ഛന്റേതാണെന്നു വരുമോ ?
ബലിനഃ — അല്ലെങ്കിൽ രാജാവിന്റേതാകുമോ ?
ക്രേതുഃ — അല്ലെങ്കിൽ, വിലകൊടുത്തു വാങ്ങിയ യജമാനന്റേതാകുമോ ?
അഗ്നേഃ അപി — ഒടുവിൽ ചുടലത്തീയിന്റെ മുതലാണെന്നും വരാമല്ലോ.
ശുനഃ വാ — പട്ടിയുടെതാകാനും മതി.

ഏവം സാധാരണം ദേഹമവ്യക്തപ്രഭവാപ്യയം
കോ വിദ്വാനാത്മസാത്കൃത്വാ ഹന്തി ജന്തൂനൃതേഽസതഃ. 12

ഏവം — മേൽപറഞ്ഞവിധം
സാധാരണം — പൊതുവുടമയിലുള്ളതും
അവ്യക്ത- പ്രഭവാപ്യയം — മൂലപ്രകൃതിയിൽനിന്നുണ്ടായി അതിൽത്തന്നെ വിലയിക്കുന്നതും ആയ
ദേഹം — ശരീരത്തെ
ആത്മസാത് കൃത്വാ — തന്റേതെന്നു കരുതിക്കൊണ്ട്
അസതഃ ഋതേ — വെറും മൂഢനല്ലാതെ
കഃ വിദ്വാൻ — വിവേകമുള്ളവരാരെങ്കിലും
ജന്തൂൻ — ജന്തുക്കളെ
ഹന്തി — കൊല്ലുമോ ?

അസതഃ ശ്രീമദാന്ധസ്യ ദാരിദ്ര്യം പരമഞ്ജനം
ആത്മൗപമ്യേന ഭൂതാനി ദരിദ്രഃ പരമീക്ഷതേ. 13

ശ്രീമദാന്ധസ്യ — ഐശ്വര്യഗർവ്വത്താൽ വിവേകദൃഷ്ടി പൊട്ടിപ്പോയ
അസതഃ — മൂഢന്ന്
ദാരിദ്ര്യം — നിർദ്ധനത്വം
പരം അഞ്ജനം — കൺതുറക്കുവാനുള്ള ഒരു സിദ്ധൌഷധമാകുന്നു.
ദരിദ്രഃ പരം — ദരിദ്രനായവൻ മാത്രമേ
ആത്മൗപമ്യേന — തന്നെപ്പോലെ
ഭൂതാനി — മററു പ്രാണികളേയും
ഈക്ഷതേ — കാണുകയുള്ളു.

യഥാ കണ്ടകവിദ്ധാംഗോ ജന്തോർന്നേച്ഛതി താം വ്യഥാം
ജീവസാമ്യം ഗതോ ലിംഗൈർന്ന തഥാഽവിദ്ധകണ്ടകഃ. 14

കണ്ടകവിദ്ധാംഗഃ — ദേഹത്തിൽ മുള്ളുതറച്ചിട്ടുള്ള വേദനയറിഞ്ഞവൻ
താം വ്യഥാം — ആ ദുഃഖത്തെ
ജന്തോഃ — മറെറാരു പ്രാണിക്ക്
ന ഇച്ഛതി — ഉണ്ടായി കാണുവാൻ ആഗ്രഹിക്കാതിരിക്കയും

| | |
|---|---|
| ലിംഗൈഃ | ദുഃഖചിഹ്നങ്ങളാൽ |
| ജീവസാമ്യം | ജീവികളിൽ സഹാനുഭൂതിയെ |
| ഗതഃ | പ്രാപിക്കുകയും ചെയ്യുന്നത് |
| യഥാ | എപ്രകാരമോ, |
| തഥാ | അപ്രകാരം |
| അവിദ്ധകണ്ടകഃ | മുള്ളു തറച്ചിട്ടില്ലാത്തവൻ |
| ന | ആകുന്നില്ല. |

ദരിദ്രോ നിരഹംസ്തംഭോ മുക്തഃ സർവ്വമദൈരിഹ
കൃച്ഛ്രം യദൃച്ഛയാഽഽപ്നോതി തദ്ധി തസ്യ പരം തപഃ. 15

| | |
|---|---|
| ഇഹ | ഈ ലോകത്തിൽ |
| ദരിദ്രഃ | ദരിദ്രൻ |
| സർവ്വമദൈഃ | എല്ലാവിധം മദങ്ങളാലും |
| മുക്തഃ | വിമുക്തനായി |
| നിരഹംസ്തംഭഃ | അഹങ്കാരരഹിതനായി |
| യദൃച്ഛയാ | കർമ്മവശത്താൽ |
| കൃച്ഛ്റം | പലകഷ്ടവും |
| ആപ്നോതി | അനുഭവിക്കുന്നു. |
| തത് ഹി | അതുതന്നെ |
| തസ്യ | അവന്റെ |
| പരം | ഉത്തമമായ |
| തപഃ | തപസ്സാണ്. |

നിത്യം ക്ഷുത്ക്ഷാമദേഹസ്യ ദരിദ്രസ്യാന്നകാംക്ഷിണഃ
ഇന്ദ്രിയാണ്യനുശുഷ്യന്തി ഹിംസാഽപി വിനിവർത്തതേ. 16

| | |
|---|---|
| നിത്യം | എപ്പോഴും |
| ക്ഷുത്ക്ഷാമ-ദേഹസ്യ | വിശപ്പുകൊണ്ടു ക്ഷീണം തട്ടിയ ദേഹത്തോടുകൂടിയവനും, |
| അന്നകാംക്ഷിണഃ | അന്നം ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവനും ആയ |
| ദരിദ്രസ്യ | ദരിദ്രന്റെ |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ |
| അനുശുഷ്യന്തി | അനുക്രമം വരണ്ടുപോകുന്നു. |
| ഹിംസാ അപി | അതിനാൽ പരദ്രോഹകാംക്ഷയും |
| വിനിവർത്തതേ | അകന്നുപോകുന്നു. |

ദരിദ്രസ്യൈവ യുജ്യന്തേ സാധവഃ സമദർശിനഃ
സദ്ഭിഃ ക്ഷിണോതി തം തർഷം തത ആരാദ്വിശുദ്ധ്യതി. 17

| | |
|---|---|
| സമദർശിനഃ | സമഭാവനയുള്ള |
| സാധവഃ | സജ്ജനങ്ങൾ |
| ദരിദ്രസ്യ ഏവ | ദരിദ്രനോടുകൂടിമാത്രമേ |
| യുജ്യന്തേ | ചേരുകയുള്ളൂ. |
| സദ്ഭിഃ | ഈ വിധം സജ്ജനങ്ങളോടുള്ള ചേർച്ചയാൽ |
| തം തർഷം | ആ അന്നാദിതൃഷ്ണയെക്കൂടി |
| ക്ഷിണോതി | അവൻ ഇല്ലാതാക്കുന്നു. |
| തതഃ | അതിനാൽ |
| ആരാത് | അതിവേഗം |
| വിശുദ്ധ്യതി | വിശുദ്ധനായിത്തീരുന്നു. |

സാധൂനാം സമചിത്താനാം മുകുന്ദചരണൈഷിണാം
ഉപേക്ഷ്യൈഃ കിം ധനസ്തംഭൈരസദ്ഭിരസദാശ്രയൈഃ. 18

| | |
|---|---|
| സമചിത്താനാം | സമഭാവനയുള്ളവരും, |
| മുകുന്ദ-ചരണൈ-ഷിണാം | മുക്തിദാതാവായ ഭഗവാന്റെ തൃപ്പാദങ്ങളെ മാത്രം ആഗ്രഹിക്കുന്നവരും ആയ |
| സാധൂനാം | സജ്ജനങ്ങൾക്ക് |
| ധനസ്തംഭൈഃ | ധനമദം മുഴുത്തവരും, |
| അസദാശ്രയൈഃ | ദുർവ്വിഷയങ്ങളെ ആശ്രയിക്കുന്നവരും, |
| ഉപേക്ഷ്യൈഃ | ദൂരെ തള്ളിക്കളയേണ്ടവരും ആയ |
| അസദ്ഭിഃ | അസജ്ജനങ്ങളാൽ |
| കിം | എന്തു സാധിപ്പാനുണ്ട്? |

തദഹം മത്തയോർമ്മാധ്വ്യാ വാരുണ്യാ ശ്രീമദാന്ധയോഃ
തമോമദം ഹരിഷ്യാമി സ്ത്രൈണയോരജിതാത്മനോഃ. 19

| | |
|---|---|
| തത് അഹം | അതിനാൽ, ഞാൻ |
| ശ്രീമദാന്ധയോഃ | ധനമദത്താൽ കണ്ണുകാണാത്തവരും, |
| വാരുണ്യാ മാധ്വ്യാ | വാരുണീമദ്യത്താൽ |
| മത്തയോഃ | മദിച്ചവരും, |
| സ്ത്രൈണയോഃ | സ്ത്രീജിതന്മാരും, |
| അജിതാത്മനോഃ | മനസ്സൊതുക്കം ഇല്ലാത്തവരും ആയ ഇവരുടെ |
| തമോമദം | അറിവില്ലായ്മയിൽനിന്നുണ്ടായ അഹങ്കാരത്തെ |
| ഹരിഷ്യാമി | നശിപ്പിക്കുന്നുണ്ട്. |

യദിമൌ ലോകപാലസ്യ പുത്രൌ ഭൂത്വാ തമഃപ്ലുതൌ
ന വിവാസസമാത്മാനം വിജാനീതഃ സുദുർമ്മദൌ. 20

അതോഽർഹതഃ സ്ഥാവരതാം സ്യാതാം നൈവം യഥാ പുനഃ
സ്മൃതിഃ സ്യാന്മത്പ്രസാദേന തത്രാപി മദനുഗ്രഹാത്. 21

വാസുദേവസ്യ സാന്നിദ്ധ്യം ലബ്ധ്വാ ദിവ്യശരച്ഛതേ
വൃത്തേ സ്വർല്ലോകതാം ഭൂയോ ലബ്ധഭക്തീ ഭവിഷ്യതഃ. 22

| | |
|---|---|
| യത് | യാതൊരു കാരണത്താൽ |
| ഇമൌ | ഈ രണ്ടുപേരും |
| ലോകപാലസ്യ | കുബേരന്റെ |
| പുത്രൌ | മക്കളായി |
| ഭൂത്വാ | ജനിച്ചിട്ടുംകൂടി |
| തമഃ | അജ്ഞാനത്തിൽ |
| പ്ലുതൌ | മുഴുകിയവരായും, |
| സുദുർമ്മദൌ | അത്യന്തം ദുഷിച്ചുപോയ ഗർവ്വത്തോടുകൂടിയവരായും ഭവിച്ച്, |
| ആത്മാനം വിവാസസം | തങ്ങൾ വസ്ത്രവിഹീനരാണെന്ന് |
| ന വിജാനീതഃ | അറിഞ്ഞില്ലയോ, |
| അതഃ | അതിനാൽ |
| സ്ഥാവരതാം | വൃക്ഷഭാവത്തെയാണ് |
| അർഹതഃ | അർഹിക്കുന്നത്. |
| യഥാ | എപ്രകാരമായാൽ |
| പുനഃ | വീണ്ടും |
| ഏവം | ഈ വിധം |
| ന സ്യാതാം | ആകാതിരിക്കുമോ (അപ്രകാരം വരുന്നതിനുവേണ്ടി) |
| തത്ര അപി | ആ വൃക്ഷഭാവത്തിലും |
| മത്പ്രസാദേന | എന്റെ അനുഗ്രഹംകൊണ്ട് |
| സ്മൃതിഃ | പൂർവ്വസ്മരണ |
| സ്യാത് | ഉണ്ടാകും. |
| ദിവ്യശരച്ഛതേ വൃത്തേ | പിന്നീട് നൂറു ദേവവർഷങ്ങൾ കഴിഞ്ഞശേഷം |
| മദനുഗ്രഹാത് | എന്റെ അനുഗ്രഹത്താൽ |
| വാസുദേവസ്യ | ശ്രീ വാസുദേവന്റെ |
| സാന്നിദ്ധ്യം | സാന്നിദ്ധ്യത്തെ |
| ലബ്ധ്വാ | ലഭിച്ച്, |
| ഭൂയഃ | വീണ്ടും |
| സ്വർല്ലോകതാം | സ്വർല്ലോകവാസികൾ എന്ന നിലയെ പ്രാപിച്ച് |
| ലബ്ധഭക്തീ | ഭഗവൽഭക്തി സിദ്ധിച്ചവരായി |
| ഭവിഷ്യതഃ | ഭവിക്കട്ടെ. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവമുക്ത്വാ സ ദേവർഷിർഗ്ഗതോ നാരായണാശ്രമം
നളകൂബരമണിഗ്രീവാവാസതുർയ്യമളാർജ്ജുനൌ. 23

| | |
|---|---|
| സഃ ദേവർഷിഃ | ആ ദേവർഷി |
| ഏവം ഉക്ത്വാ | ഇപ്രകാരം പറഞ്ഞു് |
| നാരായണാശ്രമം | നാരായണാശ്രമത്തിലേക്കു് |
| ഗതഃ | പോയി. |
| നളകൂബര- മണിഗ്രീവൌ | നളകൂബരനും മണിഗ്രീവനും |
| യമളാർജ്ജുനൌ | ഇരട്ടമരുതുമരങ്ങളായി |
| ആസതുഃ | ഭവിച്ചു. |

ഋഷേർഭാഗവതമുഖ്യസ്യ സത്യം കർത്തും വചോ ഹരിഃ
ജഗാമ ശനകൈസ്തത്ര യത്രാസ്താം യമളാർജ്ജുനൌ. 24

| | |
|---|---|
| ഭാഗവതമുഖ്യസ്യ | ഭഗവത്ഭക്തന്മാരിൽ പ്രധാനിയായ |
| ഋഷേഃ | നാരദമഹർഷിയുടെ |
| വചഃ | വചനത്തെ |
| സത്യം കർത്തും | യഥാർത്ഥമാക്കുവാൻ വേണ്ടി |
| ഹരിഃ | ശ്രീകൃഷ്ണൻ |
| യമളാർജ്ജുനൌ | ഇരട്ട മരുതുകൾ |
| യത്ര ആസ്താം | എവിടെ നിന്നിരുന്നുവോ |
| തത്ര | അവിടേക്കു് |
| ശനകൈഃ | പതുക്കെ |
| ജഗാമ | പോയി. |

ദേവർഷിർമ്മേ പ്രിയതമോ യദിമൌ ധനദാത്മജൌ
തത്തഥാ സാധയിഷ്യാമി യദ്ഗീതം തന്മഹാത്മനാ. 25

| | |
|---|---|
| ദേവർഷിഃ | "ദേവർഷിയായ നാരദൻ |
| മേ പ്രിയതമഃ | എനിക്കു് ഏററവും പ്രിയപ്പെട്ടവനാണു്. |
| ഇമൌ | ഇവരോ |
| ധനദാത്മജൌ | കുബേരപുത്രന്മാരും ആകുന്നു. |
| യത് | അതുകൊണ്ടു് |
| തന്മഹാത്മനാ | ആ മഹാത്മാവിനാൽ |
| യദ്ഗീതം തത് | യാതൊന്നു ഉച്ചരിക്കപ്പെട്ടുവോ അതിനെ |
| തഥാ | അതേപ്രകാരം |
| സാധയിഷ്യാമി | സാധിപ്പിച്ചേക്കാം." |

ഇത്യന്തരേണാർജ്ജുനയോഃ കൃഷ്ണസ്തു യമയോർയ്യയൌ
ആത്മനിർവ്വേശമാത്രേണ തിര്യഗ്ഗതമുലൂഖലം. 26

| | |
|---|---|
| ഇതി | ഈവിധം കരുതിക്കൊണ്ടു് |
| കൃഷ്ണഃ തു | ഭഗവാനാകട്ടെ |
| യമയോഃ | ഇരട്ടയായി നില്ക്കുന്ന |
| അർജ്ജുനയോഃ | അർജ്ജുനവൃക്ഷങ്ങളുടെ |
| അന്തരേണ | മദ്ധ്യത്തിലൂടെ |
| യയൌ | പോയി. |
| ആത്മനിർവ്വേശ- മാത്രേണ | താൻ കടന്നപ്പോഴേക്കും |
| ഉലൂഖലം | ഉരൽ |
| തിര്യക് ഗതം | വിലങ്ങടിച്ചുനിന്നു. |

ബാലേന നിഷ്കർഷയതാന്വഗുലൂഖലം ത-
ദ്ദാമോദരേണ തരസോത്കലിതാംഘ്രിബന്ധൌ
നിഷ്പേതതുഃ പരമവിക്രമിതാതിവേപ-
സ്കന്ധപ്രവാളവിടപൌ കൃതചണ്ഡശബ്ദൌ. 27

| | |
|---|---|
| അന്വക് | പിന്നിലുള്ളതായ |
| തത് ഉലൂഖലം | ആ ഉരലിനെ |
| തരസാ | വേഗത്തോടെ |
| നിഷ്കർഷയതാ | വലിക്കുന്ന |
| ദാമോദരേണ | വയററിൽ കയർകെട്ടിയ |
| ബാലേന | ബാലനാൽ |
| ഉത്കലിതാം- ഘ്രിബന്ധൌ | അറുക്കപ്പെട്ട വേരുകളോടുകൂടിയും |

| | | | |
|---|---|---|---|
| പരമവിക്രമിതാതിവേപസ്കന്ധപ്രവാളവിടപൗ | ഭഗവാന്റെ വിക്രമത്താൽ ഉലഞ്ഞുപോയ കവിളികൾ, ഇലകൾ, കൊമ്പുകൾ എന്നിവയോടുകൂടിയും | കൃതചണ്ഡശബ്ദൗ | ഭയങ്കരശബ്ദം ഉണ്ടാക്കിക്കൊണ്ടും |
| | | നിപേതതുഃ. | (മരങ്ങൾ) വീണു. |

തത്ര ശ്രിയാ പരമയാ കകുഭഃ സ്ഫുരന്തൗ
സിദ്ധാവുപേത്യ കുജയോരിവ ജാതവേദാഃ
കൃഷ്ണം പ്രണമ്യ ശിരസാഽഖിലലോകനാഥം
ബദ്ധാഞ്ജലി വിരജസാവിദമൂചതുഃ സ്മ. 28

| | | | |
|---|---|---|---|
| തത്ര കുജയോഃ | ആ രണ്ടു മരങ്ങളിൽ നിന്നുണ്ടായ | അഖിലലോകനാഥം | സർവ്വലോകേശനായ |
| ജാതവേദാഃ ഇവ | അഗ്നിയെപ്പോലെ | കൃഷ്ണം | ശ്രീകൃഷ്ണനെ |
| പരമയാ ശ്രിയാ | മികച്ച കാന്തിയാൽ | ഉപേത്യ | സമീപിച്ച് |
| കകുഭഃ | ദിക്കുകളെ | ശിരസാ പ്രണമ്യ | വീണു നമസ്കരിച്ച് |
| സ്ഫുരന്തൗ | പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നവരും | ബദ്ധാഞ്ജലീ | കൂപ്പുകൈയോടെനിന്ന് |
| വിരജസൗ | മദമടങ്ങിയവരും ആയ | ഇദം | ഇപ്രകാരം |
| സിദ്ധൗ | രണ്ടു സിദ്ധദേവന്മാർ | ഊചതുഃ സ്മ | പറഞ്ഞു. |

കൃഷ്ണ കൃഷ്ണ മഹായോഗിംസ്ത്വമാദ്യഃ പുരുഷഃ പരഃ
വ്യക്താവ്യക്തമിദം വിശ്വം രൂപം തേ ബ്രാഹ്മണാ വിദുഃ. 29

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | "ഹേ കൃഷ്ണ! കൃഷ്ണ!! | വ്യക്താവ്യക്തം | സ്ഥൂലമായും സൂക്ഷ്മമായും ഇരിക്കുന്ന |
| മഹായോഗിൻ | ഹേ യോഗേശ്വര! | ഇദം വിശ്വം | ഈ ലോകം |
| ത്വം | നിന്തിരുവടി | തേ | അങ്ങയുടെ |
| ആദ്യഃ | എല്ലാററിന്നും ആദിഭൂതനായ | രൂപം | സ്വരൂപമാണെന്ന് |
| | | ബ്രാഹ്മണാഃ | ബ്രഹ്മജ്ഞന്മാർ |
| പരഃ പുരുഷഃ | പരമപുരുഷനാകുന്നു. | വിദുഃ | അറിയുന്നു |

ത്വമേകഃ സർവ്വഭൂതാനാം ദേഹാസ്വാത്മേന്ദ്രിയേശ്വരഃ
ത്വമേവ കാലോ ഭഗവാൻ വിഷ്ണുരവ്യയ ഈശ്വരഃ. 30

| | | | |
|---|---|---|---|
| സർവ്വഭൂതാനാം | സമസ്തജീവജാലങ്ങളുടേയും | കാലഃ | കാലസ്വരൂപനായും, |
| | | ഭഗവാൻ | സർവ്വൈശ്വര്യമയനായും, |
| ദേഹാസ്വാത്മേന്ദ്രിയേശ്വരഃ | ദേഹം, പ്രാണൻ, അഹങ്കാരം, ഇന്ദ്രിയങ്ങൾ എന്നിവയുടെ നിയന്താവ് | വിഷ്ണുഃ | വിശ്വവ്യാപിയായും, |
| | | അവ്യയഃ | അക്ഷയനായും ഇരിക്കുന്ന |
| | | ഈശ്വരഃ | ലോകനിയന്താവ് |
| ഏകഃ ത്വം | ഏകനായ ഭവാനാകുന്നു. | ത്വം ഏവ | ഭവാൻ തന്നെയാണ്. |

ത്വം മഹാൻ പ്രകൃതിഃ സൂക്ഷ്മാ രജഃസത്ത്വതമോമയീ
ത്വമേവ പുരുഷോഽധ്യക്ഷഃ സർവ്വക്ഷേത്രവികാരവിത്. 31

| | |
|---|---|
| രജഃസത്വ–തമോമയീ | "രജസ്സ്, സത്വം, തമസ്സ് എന്നീ സ്വരൂപത്തോടുകൂടിയ |
| സൂക്ഷ്മാ പ്രകൃതിഃ | സൂക്ഷ്മപ്രകൃതിയും, |
| മഹാൻ | തൽകാർയ്യമായ മഹത്തത്വവും |
| ത്വം | നിന്തിരുവടിയാകുന്നു. |
| പുരുഷഃ | പ്രകൃതിയെ പ്രവർത്തിപ്പിക്കുന്ന പുരുഷനും, |
| സർവ്വക്ഷേത്ര–വികാരവിത് | സർവ്വപ്രാണികളുടേയും ദേഹേന്ദ്രിയാദികളിലുള്ള രോഗരാഗാദിവികാരങ്ങളെ അറിയുന്ന |
| അധ്യക്ഷഃ | സർവ്വസാക്ഷിയും |
| ത്വം ഏവ | നിന്തിരുവടിതന്നെ. |

ഗൃഹ്യമാണൈസ്ത്വമഗ്രാഹ്യോ വികാരൈഃ പ്രാകൃതൈർഗ്ഗുണൈഃ
കോ ന്വിഹാർഹതി വിജ്ഞാതും പ്രാക്സിദ്ധം ഗുണസംവൃതഃ. 32

| | |
|---|---|
| ഗൃഹ്യമാണൈഃ | "ഗ്രഹിക്കപ്പെടാവുന്നവയും, (ദൃശ്യങ്ങളും) |
| പ്രാകൃതൈഃ | പ്രകൃതിയെ സംബന്ധിച്ചുള്ള |
| ഗുണൈഃ | സത്വാദിഗുണങ്ങളുടെ കാർയ്യങ്ങളുമായ |
| വികാരൈഃ | ബുദ്ധീന്ദ്രിയാദിവികാരങ്ങളാൽ |
| ത്വം | നിന്തിരുവടി |
| അഗ്രാഹ്യഃ | ഗ്രഹിക്കപ്പെടാവുന്നവനല്ല. (ദൃശ്യനല്ല.) |
| ഇഹ | ഈ പ്രപഞ്ചത്തിൽ |
| ഗുണസംവൃതഃ | ഗുണങ്ങളാൽ (ദേഹേന്ദ്രിയാദികളാൽ) മറയ്ക്കപ്പെട്ട |
| കഃ നു | ഏതൊരുത്തനാണ് |
| പ്രാക്സിദ്ധം | ജീവോൽപത്തിക്കുമുമ്പേ തന്നെ ഇരിപ്പുള്ള നിന്തിരുവടിയെ |
| വിജ്ഞാതും | വേണ്ടവിധം അറിയുവാൻ |
| അർഹതി | അർഹിക്കുന്നത് ? |

തസ്മൈ തുഭ്യം ഭഗവതേ വാസുദേവായ വേധസേ
ആത്മദ്യോതഗുണൈശ്ഛന്നമഹിമ്നേ ബ്രഹ്മണേ നമഃ. 33

| | |
|---|---|
| ആത്മദ്യോത–ഗുണൈഃ | "തന്നിൽനിന്നുളവായ ഗുണങ്ങളാൽ |
| ഛന്നമഹിമ്നേ | മറയ്ക്കപ്പെട്ടിരിക്കുന്ന മഹിമയോടുകൂടിയവനും, |
| ബ്രഹ്മണേ | ബ്രഹ്മസ്വരൂപിയും |
| വേധസേ | സൃഷ്ടികർത്താവും |
| ഭഗവതേ | സർവ്വൈശ്വര്യസമ്പൂർണ്ണനും |
| വാസുദേവായ | വസുദേവപുത്രനും ആയ |
| തസ്മൈ തുഭ്യം | ആ നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

യസ്യാവതാരാ ജ്ഞായന്തേ ശരീരേഷ്വശരീരിണഃ
തൈസ്തൈരതുല്യാതിശയൈർവ്വീര്യൈർദ്ദേഹിഷ്വസംഗതൈഃ. 34

| | |
|---|---|
| അതുല്യാതി–ശയൈഃ | "അസദൃശങ്ങളും അനതിശയങ്ങളും |
| ദേഹിഷു | സാധാരണ ശരീരികളിൽ |
| അസംഗതൈഃ | പൊരുത്തപ്പെടാത്തവയും ആയ |
| തൈഃ തൈഃ | ഓരോരോ |
| വീര്യൈഃ | വീര്യങ്ങളാൽ |
| ശരീരേഷു | ശരീരങ്ങളിൽ |
| അശരീരിണഃ | ശരീരരഹിതനായ |
| യസ്യ | യാതൊരു ഭവാന്റെ |
| അവതാരാഃ | അവതാരങ്ങൾ |
| ജ്ഞായന്തേ | അറിയപ്പെടുന്നു. |

സ ഭവാൻ സർവ്വലോകസ്യ ഭവായ വിഭവായ ച
അവതീർണ്ണോഽംശഭാഗേന സാമ്പ്രതം പതിരാശിഷാം. 35

| | |
|---|---|
| ആശിഷാം | "പുരുഷാൎത്ഥങ്ങളുടെ |
| പതിഃ | അധിപതിയായ |
| സഃ ഭവാൻ | ആ നിന്തിരുവടി |
| സൎവ്വലോകസ്യ | എല്ലാലോകത്തിൻേറയും |
| ഭവായ | സൃഷ്ടിക്കും |
| വിഭവായ ച | മോക്ഷത്തിനുമായി |
| സാംപ്രതം | ഇപ്പോറം |
| അംശഭാഗേന | സൎവ്വാംശങ്ങളുടേയും പൂൎണ്ണവിഭാഗത്തോടുകൂടി |
| അവതീൎണ്ണഃ | അവതരിച്ചിരിക്കുന്നു. |

നമഃ പരമകല്യാണ നമഃ പരമമങ്ഗല
വാസുദേവായ ശാന്തായ യദൂനാം പതയേ നമഃ. 36

| | |
|---|---|
| പരമകല്യാണ | ഹേ പൂൎണ്ണാനന്ദസ്വരൂപ! |
| നമഃ | നമസ്കാരം; |
| പരമമങ്ഗല | ഹേ പൂൎണ്ണമംഗളമൂൎത്തേ! |
| നമഃ | നമസ്കാരം; |
| ശാന്തായ | ശാന്തനായും |
| യദൂനാം | യാദവന്മാരുടെ |
| പതയേ | നാഥനായും, |
| വാസുദേവായ | വസുദേവകുമാരനായും ഇരിക്കുന്ന നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം |

അനുജാനീഹി നൌ ഭൂമംസ്തവാനുചരകിങ്കരൌ
ദൎശനം നൌ ഭഗവത ഋഷേരാസീദനുഗ്രഹാത്. 37

| | |
|---|---|
| ഭൂമൻ | "ഹേ സൎവ്വവ്യാപിൻ |
| തവ | അങ്ങയുടെ |
| അനുചര— കിങ്കരൌ | സേവകനായ പരമശിവൻെറ ദാസന്മാരായിരിക്കുന്ന |
| നൌ അനുജാനീഹി | ഞങ്ങളെ പോകാൻ അനുവദിച്ചാലും. |
| നൌ | ഞങ്ങറക്ക് |
| ഭഗവതഃ | നിന്തിരുവടിയുടെ |
| ദൎശനം | ദൎശനം |
| ഋഷേഃ | നാരദമഹൎഷിയുടെ |
| അനുഗ്രഹാത് | അനുഗ്രഹത്താൽ |
| ആസീത് | ഉണ്ടായി. |

വാണീ ഗുണാനുകഥനേ ശ്രവണൌ കഥായാം
ഹസ്തൌ ച കൎമ്മസു മനസ്തവ പാദയോൎന്നഃ
സ്മൃത്യാം ശിരസ്തവ നിവാസജഗത്പ്രണാമേ
ദൃഷ്ടിഃ സതാം ദൎശനേഽസ്തു ഭവത്തനൂനാം. 38

| | |
|---|---|
| നഃ വാണീ | "ഞങ്ങളുടെ വാക്ക് |
| തവ | അങ്ങയുടെ |
| ഗുണാനുകഥനേ | ഗുണങ്ങളെ എപ്പോഴും സങ്കീൎത്തനം ചെയ്യുന്നതിലും, |
| ശ്രവണൌ | കാതുകറ |
| കഥായാം | അങ്ങയുടെ സൽകഥ കേറക്കുന്നതിലും, |
| ഹസ്തൌ | കൈകറ |
| കൎമ്മസു | അങ്ങക്കുവേണ്ട ദാസ്യവൃത്തികറ ചെയ്യുന്നതിലും, |
| മനഃ | മനസ്സ് |
| പാദയോഃ സ്മൃത്യാം | അങ്ങയുടെ തൃപ്പാദങ്ങളുടെ സ്മരണയിങ്കലും, |
| ശിരഃ | ശിരസ്സ് |
| തവ | അങ്ങയുടെ |
| നിവാസജഗത്- പ്രണാമേ | ആവാസസ്ഥലമായ ലോകത്തെ നമസ്കരിക്കുന്നതിലും, |
| ദൃഷ്ടിഃ | കണ്ണ് |
| ഭവത്തനൂനാം | അങ്ങയുടെ സ്വരൂപഭേദങ്ങളായ |
| സതാം | ഭക്തജനങ്ങളുടെ |
| ദൎശനേ ച | ദൎശനത്തിലും |
| അസ്തു | ഏൎപ്പെട്ടുകൊണ്ടിരിക്കട്ടെ." |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്ഥം സംകീൎത്തിതസ്താഭ്യാം ഭഗവാൻ ഗോകുലേശ്വരഃ
ദാമ്നാ ചോലൂഖലേ ബദ്ധഃ പ്രഹസന്നാഹ ഗുഹ്യകൌ. 39

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | ഉലൂഖലേ | ഉരലിൽ |
| താഭ്യാം | അവരാൽ | ബദ്ധഃ ച | ബന്ധിക്കപ്പെട്ടവനായി |
| സംകീൎത്തിതഃ | സ്തുതിക്കപ്പെട്ട | | നിലയിൽത്തന്നെ നിന്നു് |
| ഗോകുലേശ്വരഃ | ഗോകുലനായകനായ | പ്രഹസൻ | ചിരിച്ചുംകൊണ്ടു് |
| ഭഗവാൻ | ശ്രീകൃഷ്ണൻ | ഗുഹ്യകൌ | യക്ഷന്മാരോടു് |
| ദാമ്നാ | കയർകൊണ്ടു് | ആഹ | പറഞ്ഞു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാനരുളിച്ചെയ്തു :—

ജ്ഞാതം മമ പുരൈവൈതദൃഷിണാ കരുണാത്മനാ
യച്ഛ്രീമദാന്ധയോൎവ്വാഗ്ഭിൎവ്വിഭ്രംശോഽനുഗ്രഹഃ കൃതഃ. 40

| | | | |
|---|---|---|---|
| ശ്രീമദാന്ധയോഃ | ഐശ്വൎയ്യമദത്താൽ കണ്ണുകാണാതായ നിങ്ങൾക്കു് | അനുഗ്രഹഃ | അനുഗ്രഹം |
| | | കൃതഃ | ചെയ്യപ്പെട്ടു |
| കരുണാത്മനാ | കാരുണ്യമൂൎത്തിയായ | യത് ഏതത് | എന്നുള്ളതു് |
| ഋഷിണാ | നാരദമഹൎഷിയാൽ | പുരാ ഏവ | മുൻപുതന്നെ |
| വാഗ്ഭിഃ | വാക്കുകൾകൊണ്ടു് | മമ | എനിക്കു് |
| വിഭ്രംശഃ | ശാപരൂപമായ | ജ്ഞാതം | അറിവുള്ളതാണു്. |

സാധൂനാം സമചിത്താനാം സുതരാം മത്കൃതാത്മനാം
ദൎശനാന്നോ ഭവേദ്ബന്ധഃ പുംസോഽക്ഷ്ണോഃ സവിതുൎയ്യഥാ. 41

| | | | |
|---|---|---|---|
| സുതരാം | തികച്ചും | ബന്ധഃ | മായാബന്ധം |
| മത്കൃതാത്മനാം | എന്നിൽ ആത്മാൎപ്പണം ചെയ്തിരിക്കുന്നവരും, | സവിതുഃ | ആദിത്യന്റെ ദൎശനത്താൽ |
| സമചിത്താനാം | സമചിത്തന്മാരുമായ | അക്ഷ്ണോഃ | കണ്ണുകൾക്കു് |
| സാധൂനാം | സജ്ജനങ്ങളുടെ | യഥാ | (ഇരുട്ടിനോടുള്ള സംബന്ധം) എന്നപോലെ |
| ദൎശനാത് | ദൎശനത്താൽ | | |
| പുംസഃ | മനുഷ്യനു് | നോ ഭവേത് | സംഭവിക്കയില്ല. |

തദ്ഗച്ഛതം മത്പരമൌ നളകൂബര സാദനം
സഞ്ജാതോ മയി ഭാവോ വാമീപ്സിതഃ പരമോഽഭവഃ. 42

| | | | |
|---|---|---|---|
| തത് | ആകയാൽ | ഈപ്സിതഃ | ആഗ്രഹിക്കപ്പെട്ടതും, |
| നളകൂബര | അല്ലയോ നളകൂബര, | പരമഃ | ഉൽകൃഷ്ടവും, |
| മത്പരമൌ | എന്നിൽ ഭക്തിയുള്ളവരായിട്ടു്, നിങ്ങൾ | അഭവഃ | സംസാരദുഃഖം അകന്നതും ആയ |
| സാദനം | സ്വസ്ഥാനത്തേക്കു് | ഭാവഃ | ഭക്തി |
| ഗച്ഛതം | പോയ്ക്കൊൾവിൻ. | മയി | എന്നിൽ |
| വാം | നിങ്ങൾക്കു് | സഞ്ജാതഃ | വേണ്ടുവോളം ഉണ്ടായിരിക്കുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്യുക്തൗ തൌ പരിക്രമ്യ പ്രണമ്യ ച പുനഃ പുനഃ
ബദ്ധോലൂഖലമാമന്ത്ര്യ ജഗ്മതുർദിശമുത്തരാം. 43

| | | | |
|---|---|---|---|
| ഇതി ഉക്തൌ | ഈ വിധം പറഞ്ഞു് അനുഗ്രഹിക്കപ്പെട്ടവരായ | പരിക്രമ്യ | പ്രദക്ഷിണംവെച്ച് |
| തൌ | ആ രണ്ടുപേരും | പ്രണമ്യ | നമസ്കരിച്ച് |
| ബദ്ധോലൂഖലം | ഉരലിൽ കെട്ടിയിരിക്കുന്ന ശ്രീഭഗവാനെ | ആമന്ത്ര്യ ച | യാത്രചോദിക്കകയും ചെയ്തു് |
| പുനഃ പുനഃ | പലവട്ടം | ഉത്തരാം ദിശം | വടക്കുദിക്കിലേക്ക് |
| | | ജഗ്മതുഃ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
യമളാർജ്ജുനമുക്തിനിരൂപണം നാമ ദശമോഽദ്ധ്യായഃ

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 441.

## ഏകാദശോഽധ്യായഃ—പതിനൊന്നാമദ്ധ്യായം.

[ഏകാദശേ സമാഗത്യ വൃന്ദാവനമഥാർഭകൈഃ
വത്സാൻ പാലയതാഽനേന ഹതൌ വത്സബകാസുരൌ.]

(നന്ദാദികളുടെ വൃന്ദാവനഗമനം; ശ്രീകൃഷ്ണൻ പൈക്കിടാങ്ങളെ മേക്കുന്നതു്; വത്സാസുരവധവും, ബകാസുരവധവും.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഗോപാ നന്ദാദയഃ ശ്രുത്വാ ദ്രുമയോഃ പതതോ രവം
തത്രാഽജഗ്മുഃ കുരുശ്രേഷ്ഠ നിർഘാതഭയശങ്കിതാഃ. 1

| | | | |
|---|---|---|---|
| കുരുശ്രേഷ്ഠ | ഹേ കുരുവംശോത്തമ ! | ദ്രുമയോഃ | വൃക്ഷങ്ങളുടെ |
| നന്ദാദയഃ | നന്ദഗോപർ മുതലായ | രവം ശ്രുത്വാ | ശബ്ദംകേട്ടു് |
| ഗോപാഃ | ഗോപാലന്മാർ | നിർഘാതഭയശങ്കിതാഃ | ഇടിവീണതോ എന്ന സംശയത്തോടെ |
| പതതോഃ | പൊട്ടിവീഴുന്ന | തത്ര ആജഗ്മുഃ | ആ സ്ഥലത്തേക്കു വന്നു. |

ഭൂമ്യാം നിപതിതൌ തത്ര ദദൃശുർയ്യമളാർജ്ജുനൌ
ബഭ്രമുസ്തദവിജ്ഞായ ലക്ഷ്യം പതനകാരണം. 2

ഉലൂഖലം വികർഷന്തം ദാമ്നാ ബദ്ധം ച ബാലകം
കസ്യേദം കുത ആശ്ചര്യ്യമുത്പാത ഇതി കാതരാഃ. 3

| | | | |
|---|---|---|---|
| തത്ര ഭൂമ്യാം | അവിടെ, ഭൂമിയിൽ | ഉലൂഖലം | ഉരലിനെ |
| നിപതിതൌ | കട പുഴങ്ങിവീണു കിടക്കുന്ന | വികർഷന്തം | വലിച്ചുകൊണ്ടിരിക്കുന്നവനും, |
| യമളാർജ്ജുനൌ | രണ്ടു മരുതുമരങ്ങളേയും | ദാമ്നാ | കയറുകൊണ്ടു് |

| | | | |
|---|---|---|---|
| ബദ്ധം | ബന്ധിക്കപ്പെട്ടവനും ആയ | ആശ്ചര്യം | "അത്ഭുതമായിരിക്കുന്നു ! |
| ബാലകം ച | കുട്ടിയേയും | ഇദം കസ്യ | ഇതാരുടെ പണി ? |
| ദദൃശുഃ | അവർ കണ്ടു. | കുതഃ | എങ്ങിനെ സംഭവിച്ചു ? |
| പതനകാരണം | മരങ്ങൾ വീഴുന്നതിനുള്ള കാരണത്തെ | ഉത്പാതഃ | അശുഭലക്ഷണമാകുമോ ?" |
| തത് ലക്ഷ്യം | അതു നേരിൽ കാണാവുന്നതായിട്ടുകൂടി | ഇതി | എന്നും മററും കരുതി കൊണ്ട് |
| | | കാതരാഃ | ഭയചകിതരായി |
| അവിജ്ഞായ | അറിവാൻ കഴിയാതെ, | ബഭ്രമുഃ | സംഭ്രമിച്ചു. |

ബാലാ ഊചുരനേനേതി തിര്യഗ്ഗതമുലൂഖലം
വികർഷതാ മധ്യഗേന പുരുഷാവപ്യചക്ഷ്മഹി. 4

| | | | |
|---|---|---|---|
| ബാലാഃ | അവിടെയിരുന്ന കുട്ടികൾ | വികർഷതാ | ആഞ്ഞുവലിച്ചുകൊണ്ട് |
| ഇതി ഊചുഃ | ഇപ്രകാരം പറഞ്ഞു — | മധ്യഗേന | മരങ്ങളുടെ ഇടയിൽക്കൂടെ കടന്നുപോയ |
| തിര്യക് ഗതം | "വിലങ്ങത്തിൽ നിന്നുപോയ | അനേന | ഇവനാൽ വീഴ്ത്തപ്പെട്ടതാണ്. |
| | | പുരുഷൌ അപി | രണ്ടാളുകളേയും |
| ഉലൂഖലം | ഉരലിനെ | അചക്ഷ്മഹി | ഞങ്ങൾ കണ്ടു." |

ന തേ തദുക്തം ജഗൃഹുർന്ന ഘടേതേതി തസ്യ തത്
ബാലസ്യോത്പാടനം തർവ്വോഃ കേചിത് സന്ദിഗ്ദ്ധചേതസഃ. 5

| | | | |
|---|---|---|---|
| തേ | അവർ (ഗോപന്മാർ) | തദുക്തം | ആ ബാലകന്മാരുടെ വാക്കിനെ |
| ബാലസ്യ തസ്യ | ചെറുകുട്ടിയായ അവൻ | | |
| തർവ്വോഃ | രണ്ടു വന്മരങ്ങളെ | ന ജഗൃഹുഃ | കൈക്കൊണ്ടില്ല. |
| തത് ഉത്പാടനം | ആ വിധം കട പുഴക്കി വീഴ്ത്തിയത് | കേചിത് | എന്നാൽ, ചിലർ |
| ന ഘടേത ഇതി | സംഭവിക്കാൻ ഇടയില്ലാത്തതാണെന്ന് കരുതി | സന്ദിഗ്ദ്ധചേതസഃ | സംശയഗ്രസ്തമായ മനസ്സോടെ നിന്നു. |

ഉലൂഖലം വികർഷന്തം ദാമ്നാ ബദ്ധം സ്വമാത്മജം
വിലോക്യ നന്ദഃ പ്രഹസദ്വദനോ വിമുമോച ഹ. 6

| | | | |
|---|---|---|---|
| ഉലൂഖലം | ഉരലിനെ | വിലോക്യ | കണ്ട്, |
| വികർഷന്തം | വലച്ചിഴച്ചുകൊണ്ടും | നന്ദഃ | നന്ദഗോപർ |
| ദാമ്നാ | കയററിനാൽ | പ്രഹസദ്വദനഃ | ഏററവും പുഞ്ചിരിപൂണ്ട മുഖത്തോടുകൂടിയവനായിട്ട് |
| ബദ്ധം | ബന്ധിക്കപ്പെട്ടും ഇരിക്കുന്ന | വിമുമോച | അഴിച്ചുവിട്ടു. |
| സ്വം ആത്മജം | തൻെറ പുത്രനെ | ഹ | അത്ഭുതമെന്നേ പറയേണ്ടു ! |

ഗോപീഭിഃ സ്തോഭിതോഽനൃത്യദ് ഭഗവാൻ ബാലവത് ക്വചിത്
ഉദ്ഗായതി ക്വചിന്മുഗ്ദ്ധസ്തദ്വശോ ദാരുയന്ത്രവത്. 7

| | |
|---|---|
| ഭഗവാൻ | അഖിലൈശ്വര്യപൂർണ്ണനായ ശ്രീകൃഷ്ണൻ |
| ക്വചിത് | ചിലേടത്ത് |
| ഗോപീഭിഃ | ഗോപസ്ത്രീകളാൽ |
| സ്തോഭിതഃ | ഉത്സാഹപ്പെടുത്തപ്പെട്ടവനായിട്ട് |
| ബാലവത് | ഒരു പ്രാകൃതബാലനെപ്പോലെ |
| അനൃത്യത് | നർത്തനം ചെയ്തിരുന്നു. |
| ക്വചിത് | മററു ചിലേടത്ത് |
| മുഗ്ദ്ധഃ | ഒന്നുമറിയാത്തവനെപ്പോലെ |
| ഉദ്ഗായതി | ഉറക്കെ പാടിയിരുന്നു. |
| ദാരുയന്ത്രവത് | മരപ്പാവപോലെ |
| തദ്വശഃ | ഈവിധം അവൎക്ക് അധീനനായി. |

ബിഭർത്തി ക്വചിദാജ്ഞപ്തഃ പീഠകോന്മാനപാദുകം
ബാഹുക്ഷേപം ച കുരുതേ സ്വാനാം ച പ്രീതിമാവഹൻ. 8

| | |
|---|---|
| ക്വചിത് | വേറെ ചിലേടത്ത് |
| ആജ്ഞപ്തഃ | ഗോപികളാൽ ആജ്ഞാപിക്കപ്പെട്ടവനായിട്ട് |
| പീഠകോന്മാനപാദുകം | പീഠം, അളവുപാത്രം, മെതിയടി എന്നിവ |
| ബിഭർത്തി ച | താങ്ങിയെടുത്തുകൊണ്ടുവന്നിരുന്നു |
| സ്വാനാം | സ്വജനങ്ങൾക്ക് |
| പ്രീതിം ആവഹൻ | പ്രീതിയെ വളർത്തിക്കൊണ്ട് |
| ബാഹുക്ഷേപം ച | കൈ കുടയുകയും (പണിയെടുത്തു ക്ഷീണിച്ചവൻ പോലെ) |
| കുരുതേ | ചെയ്തിരുന്നു. |

ദർശയംസ്തദ്വിദാം ലോക ആത്മനോ ഭൃത്യവശ്യതാം
വ്രജസ്യോവാഹ വൈ ഹർഷം ഭഗവാൻ ബാലചേഷ്ടിതൈഃ. 9

| | |
|---|---|
| ലോകേ | ലോകത്തിൽ |
| തദ്വിദാം | ഭഗവത്തത്വത്തെ അറിവുള്ളവൎക്ക് |
| ആത്മനഃ | തന്റെ |
| ഭൃത്യവശ്യതാം | ഭൃത്യവശ്യതയെ (ഭക്തന്മാൎക്കു താൻ വശംവദനാണ് എന്ന തത്വത്തെ) |
| ദർശയൻ വൈ | കാട്ടിക്കൊടുത്തുകൊണ്ട് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ബാലചേഷ്ടിതൈഃ | ബാലലീലകളാൽ |
| വ്രജസ്യ | ഗോകുലവാസികൾക്കൊക്കെ |
| ഹർഷം ഉവാഹ | ആനന്ദം ജനിപ്പിച്ചു. |

* ക്രീണീഹി ഭോഃ ഫലാനീതി ശ്രുത്വാ സത്വരമച്യുതഃ
ഫലാർത്ഥീ ധാന്യമാദായ യയൗ സർവ്വഫലപ്രദഃ. 10

| | |
|---|---|
| ഭോഃ ഫലാനി ക്രീണീഹി | "ജനങ്ങളേ! പഴങ്ങൾ വാങ്ങിക്കൊൾവിൻ" |
| ഇതി ശ്രുത്വാ സത്വരം | എന്നു വിളിച്ചുപറയുന്നതുകേട്ട് ഉടൻ |
| സർവ്വഫലപ്രദഃ | സർവ്വഫലങ്ങളേയും (എല്ലാ പുരുഷാർത്ഥങ്ങളേയും) പ്രദാനം ചെയ്യുന്നവനാണെങ്കിലുംകൂടി |
| അച്യുതഃ | ശ്രീകൃഷ്ണൻ |
| ഫലാർത്ഥീ | ഫലങ്ങളെ (പഴങ്ങളെ) വാങ്ങാനാഗ്രഹിച്ചുകൊണ്ട് |
| ധാന്യം | ധാന്യം |
| ആദായ | എടുത്ത് |
| യയൗ | പോയി. |

* ഇതു മുതൽ 11 ശ്ലോകം പ്രക്ഷിപ്തമാണെന്നു കരുതി ശ്രീധരസ്വാമികൾ സ്വീകരിച്ചിട്ടില്ല.

ഫലവിക്രയിണീ തസ്യ ച്യുതധാന്യം കരദ്വയം
ഫലൈരപൂരയദ്രത്നൈഃ ഫലഭാണ്ഡമപൂരി ച. 11

| | | | |
|---|---|---|---|
| ഫലവിക്രയിണീ | പഴം വില്ക്കുന്നവൾ | ഫലൈഃ | പഴങ്ങൾകൊണ്ട് |
| ച്യുതധാന്യം | വീണുപോയ ധാന്യത്തോടുകൂടിയ | അപൂരയത് | നിറച്ചു. |
| | | ഫലഭാണ്ഡം ച | അപ്പോൾ അവളുടെ പഴക്കൊട്ടയും |
| തസ്യ | ഭഗവാൻെറ | രത്നൈഃ | രത്നങ്ങളാൽ |
| കരദ്വയം | ഇരു തൃക്കരങ്ങളും | അപൂരി | നിറയപ്പെട്ടു. |

സരിത്തീരഗതം കൃഷ്ണം ഭഗ്നാർജ്ജുനമഥാഽഽഹ്വയത്
രാമം ച രോഹിണീ ദേവീ ക്രീഡന്തം ബാലകൈർഭൃശം. 12

| | | | |
|---|---|---|---|
| അഥ | അനന്തരം ഒരു നാൾ | ഭഗ്നാർജ്ജുനം | അർജ്ജുനവൃക്ഷങ്ങളെ കട പുഴക്കി മറിച്ചിട്ടവനും ആയ |
| രോഹിണീ ദേവീ | രോഹിണീദേവി | | |
| സരിത്തീരഗതം | നദീതടത്തിൽ ചെന്നു് | | |
| ബാലകൈഃ | കുട്ടികളോടുകൂടി | കൃഷ്ണം | കൃഷ്ണനേയും |
| ഭൃശം ക്രീഡന്തം | നന്നായി കളിച്ചുകൊണ്ടിരിക്കുന്നവനും, | രാമം ച | രാമനേയും |
| | | ആഹ്വയത് | വിളിച്ചു. |

നോപേയാതാം യദാഽഽഹൂതൌ ക്രീഡാസംഗേന പുത്രകൌ
യശോദാം പ്രേഷയാമാസ രോഹിണീ പുത്രവത്സലാം. 13

| | | | |
|---|---|---|---|
| ആഹൂതൌ | വിളിക്കപ്പെട്ട | രോഹിണീ | രോഹിണീദേവി |
| പുത്രകൌ | കുമാരന്മാർ | | |
| ക്രീഡാസംഗേന | കളിയിലുള്ള ആസക്തിയാൽ | പുത്രവത്സലാം | പുത്രസ്നേഹവതിയായ |
| യദാ ന ഉപേയാതാം | അടുത്തു വരാതിരുന്നപ്പോൾ | യശോദാം | യശോദയെ |
| | | പ്രേഷയാമാസ | അയച്ചു. |

ക്രീഡന്തം സാ സുതം ബാലൈരതിവേലം സഹാഗ്രജം
യശോദാഽജോഹവീത് കൃഷ്ണം പുത്രസ്നേഹസ്നുതസ്തനീ. 14

| | | | |
|---|---|---|---|
| പുത്രസ്നേഹസ്നുതസ്തനീ | പുത്രസ്നേഹംകൊണ്ടു മുല ചുരന്നിരിക്കുന്ന | അതിവേലം | നേരം അതിക്രമിക്കുമാറ് |
| സാ യശോദാ | ആ യശോദ | ക്രീഡന്തം | കളിച്ചുകൊണ്ടിരിക്കുന്ന |
| സഹാഗ്രജം | ജ്യേഷ്ഠനോടൊന്നിച്ച് | സുതം കൃഷ്ണം | സ്വപുത്രനായ കൃഷ്ണനെ |
| ബാലൈഃ | കുട്ടികളോടുകൂടി | അജോഹവീത് | ഉടനെത്തുടരെ വിളിച്ചു. |

കൃഷ്ണ കൃഷ്ണാരവിന്ദാക്ഷ താത ഏഹി സ്തനം പിബ
അലം വിഹാരൈഃ ക്ഷുത്ക്ഷാമഃ ക്രീഡാശ്രാന്തോഽസി പുത്രക. 15

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | "കൃഷ്ണാ! കൃഷ്ണാ! | താത | ഉണ്ണീ! |
| അരവിന്ദാക്ഷ | താമരക്കണ്ണാ! | ഏഹി | വരൂ; |

| | | | |
|---|---|---|---|
| സ്തനം പിബ | അമ്മിഞ്ഞപ്പാൽ കുടിക്കൂ. | ക്രീഡാശ്രാന്തഃ അസി | നീ കളിച്ചു തളർന്നിരിക്കുന്നു; |
| വിഹാരൈഃ അലം | കളിച്ചതു മതി. | ക്ഷുത്ക്ഷാമഃ | വിശന്നു ക്ഷീണിച്ചിരിക്കുന്നു. |
| പുത്രക | മകനേ ! | | |

ഹേ രാമാഗച്ഛ താതാശു സാനുജഃ കുലനന്ദന
പ്രാതരേവ കൃതാഹാരസ്തദ് ഭവാൻ ഭോക്തുമർഹതി. 16

| | | | |
|---|---|---|---|
| താത ഹേ രാമ | "ഉണ്ണീ! രാമാ! | പ്രാതഃ ഏവ കൃതാഹാരഃ | നീ രാവിലെ ഊണുകഴിച്ചതല്ലേ ? |
| സാനുജഃ | അനുജനോടുംകൂട്ടി | തത് | അതുകൊണ്ട് |
| ആശു ആഗച്ഛ | വേഗം വരൂ. | ഭവാൻ ഭോക്തും അർഹസി | നീ ഊൺ കഴിക്കേണ്ടിയിരിക്കുന്നു. |
| കുലനന്ദന | കുടുംബത്തിന്നു ആനന്ദമേകുന്ന ഓമന മകനേ ! | | |

പ്രതീക്ഷതേ ത്വാം ദാശാർഹ ഭോക്ഷ്യമാണോ വ്രജാധിപഃ
ഏഹ്യാവയോഃ പ്രിയം ധേഹി സ്വഗൃഹാൻ യാത ബാലകാഃ 17

| | | | |
|---|---|---|---|
| ദാശാർഹ | "ഹേ ദാശാർഹ ! | ആവയോഃ | ഞങ്ങൾക്ക് — അച്ഛനമ്മമാർക്ക് |
| വ്രജാധിപഃ | വ്രജനാഥൻ (നന്ദഗോപർ) | പ്രിയം ധേഹി | സന്തോഷമുണ്ടാക്കിത്തരൂ. |
| ഭോക്ഷ്യമാണഃ | ഉണ്ണാനൊരുങ്ങിക്കൊണ്ട് | ബാലകാഃ | കുട്ടികളേ ! |
| ത്വാം | നിന്നെയും | സ്വഗൃഹാൻ | അവരവരുടെ വീട്ടിലേക്കു |
| പ്രതീക്ഷതേ | കാത്തുകൊണ്ടിരിക്കയാണ്; | യാത | പോകുവിൻ ! |
| ഏഹി | വരൂ. | | |

ധൂളിധൂസരിതാംഗസ്ത്വം പുത്ര മജ്ജനമാവഹ
ജന്മർക്ഷമദ്യ ഭവതോ വിപ്രേഭ്യോ ദേഹി ഗാഃ ശുചിഃ. 18

| | | | |
|---|---|---|---|
| പുത്ര ത്വം | "മകനേ ! നീ | അദ്യ ഭവതഃ | ഇന്ന് നിന്റെ |
| ധൂളിധൂസരിതാംഗഃ | ഉടൽ മുഴുവനും പൊടി പുരണ്ടവനായിരിക്കുന്നു. | ജന്മർക്ഷം | പിറന്നാളാണ്. |
| | | ശുചിഃ | ശുദ്ധത്തോടുകൂടി |
| മജ്ജനം ആവഹ | നന്നായൊന്നു കുളിക്കണം. | വിപ്രേഭ്യഃ | ബ്രാഹ്മണർക്ക് |
| | | ഗാഃ ദേഹി | പശുക്കളെ ദാനംചെയ്യണം. |

പശ്യ പശ്യ വയസ്യാംസ്തേ മാതൃമൃഷ്ടാൻ സ്വലംകൃതാൻ
ത്വം ച സ്നാതഃ കൃതാഹാരോ വിഹരസ്വ സ്വലംകൃതഃ. 19

| | | | |
|---|---|---|---|
| പശ്യ | "നോക്കൂ ! | പശ്യ | ഒന്നു നോക്കൂ. |
| മാതൃമൃഷ്ടാൻ | അമ്മമാരാൽ തേച്ചുകുളിപ്പിക്കപ്പെട്ട് | ത്വം ച | നീയും, അതുപോലെ |
| | | സ്നാതഃ | കുളിച്ച് |
| സ്വലംകൃതാൻ | നന്നായലങ്കരിക്കപ്പെട്ടവരായ | കൃതാഹാരഃ | ആഹാരം കഴിച്ച് |
| | | സ്വലങ്കൃതഃ | നന്നായലങ്കരിക്കപ്പെട്ടവനായിട്ട് |
| തേ വയസ്യാൻ | നിന്റെ ചങ്ങാതിമാരെ | വിഹരസ്വ | കളിച്ചുകൊള്ളുക." |

ഇത്ഥം യശോദാ തമശേഷശേഖരം മത്വാ സുതം സ്നേഹനിബദ്ധധീൎന്നൃപ
ഹസ്തേ ഗൃഹീത്വാ സഹരാമമച്യുതം നീത്വാ സ്വവാടം കൃതവത്യഥോദയം.

| | |
|---|---|
| നൃപ | രാജാവേ! |
| ഇത്ഥം | ഇപ്രകാരം |
| യശോദാ | യശോദാദേവി |
| അശേഷശേഖരം | എല്ലാവൎക്കും സംപൂജ്യനായ |
| തം | ആ ശ്രീഹരിയെ |
| സുതം മത്വാ | മകനെന്നു വിചാരിച്ച് |
| സ്നേഹ-നിബദ്ധധീഃ | സ്നേഹത്താൽ ബന്ധിക്കപ്പെട്ട മനസ്സോടുകൂടിയവളായിട്ട്, |
| സഹരാമം | രാമനോടുകൂടിയുള്ള |
| അച്യുതം | ശ്രീകൃഷ്ണനെ |
| ഹസ്തേ ഗൃഹീത്വാ | കൈയിൽ പിടിച്ച് |
| സ്വവാടം | തന്റെ ഗൃഹത്തിലേക്കു |
| നീത്വാ | കൊണ്ടുവന്നു, |
| അഥ | പിന്നെ, താമസംകൂടാതെ |
| ഉദയം | സ്നാനഭോജനാലങ്കാരാദികളെ |
| കൃതവതീ | ചെയ്യിച്ചു. |

ഗോപവൃദ്ധാ മഹോത്പാതാനനുഭൂയ ബൃഹദ്വനേ
നന്ദാദയഃ സമാഗമ്യ വ്രജകാൎയ്യമമന്ത്രയൻ. 21

| | |
|---|---|
| നന്ദാദയഃ | നന്ദഗോപർ തുടങ്ങിയ |
| ഗോപവൃദ്ധാഃ | ഗോപവൃദ്ധന്മാർ |
| ബൃഹദ്വനേ | ഗോകുലത്തിൽ |
| മഹോത്-പാതാൻ | വലിയ അശുഭലക്ഷണങ്ങളെ |
| അനുഭൂയ | അനുഭവിച്ചശേഷം |
| സമാഗമ്യ | (ഒരുനാൾ) ഒന്നിച്ചുചേൎന്ന് |
| വ്രജകാൎയ്യം | ഗോകുലത്തിന്റെ ഗുണദോഷങ്ങളെപ്പററി |
| അമന്ത്രയൻ | കൂടിയാലോചിച്ചു. |

തത്രോപനന്ദനാമാഽഽഹ ഗോപോ ജ്ഞാനവയോധികഃ
ദേശകാലാൎത്ഥതത്വജ്ഞഃ പ്രിയകൃദ്രാമകൃഷ്ണയോഃ. 22

| | |
|---|---|
| തത്ര | അക്കൂട്ടത്തിൽ |
| ജ്ഞാന-വയോധികഃ | അറിവും വയസ്സും അധികരിച്ചവനും, |
| ദേശകാലാൎത്ഥ-തത്വജ്ഞഃ | ദേശകാലങ്ങളെ അനുസരിച്ചു പ്രവൎത്തിക്കേണ്ട കാൎയ്യങ്ങളുടെ സൂക്ഷ്മസ്വഭാവം ഗ്രഹിച്ചവനും, |
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാൎക്ക് |
| പ്രിയകൃത് | പ്രീതി ജനിപ്പിക്കുന്നവനും, |
| ഉപനന്ദനാമാ | ഉപനന്ദനെന്നു പേരുള്ളവനും ആയ |
| ഗോപഃ | ഗോപൻ |
| ആഹ | പറഞ്ഞു. |

ഉത്ഥാതവ്യമിതോഽസ്മാഭിൎഗ്ഗോകുലസ്യ ഹിതൈഷിഭിഃ
ആയാന്ത്യത്ര മഹോത്പാതാ ബാലാനാം നാശഹേതവഃ. 23

| | |
|---|---|
| ഗോകുലസ്യ | "ഗോകുലത്തിന്റെ |
| ഹിതൈഷിഭിഃ | നന്മയെ ആഗ്രഹിക്കുന്നവരായ |
| അസ്മാഭിഃ | നമ്മളാൽ |
| ഇതഃ | ഇവിടെനിന്ന് |
| ഉത്ഥാതവ്യം | മാറിത്താമസിക്കേണം. |
| അത്ര | ഇവിടെ |
| ബാലാനാം | കുട്ടികളുടെ |
| നാശഹേതവഃ | നാശകാരണങ്ങളായ |
| ഉത്പാതാഃ | നിമിത്തക്കേടുകൾ |
| ആയാന്തി | വന്നുചേൎന്നുകൊണ്ടിരിക്കുന്നു. |

മുക്തഃ കഥഞ്ചിദ്രാക്ഷസ്യാ ബാലഘ്ന്യാ ബാലകോ ഹ്യസൌ
ഹരേരനുഗ്രഹാന്നൂനമനശ്ചോപരി നാപതത് 24

| | | | |
|---|---|---|---|
| അസൌ ബാലകഃ | " ഈ ബാലകൻ | ഹരേഃ | ശ്രീഹരിയുടെ |
| ബാലഘ്ന്യാഃ | ബാലഘാതിനിയായ | അനുഗ്രഹാത് | അനുഗ്രഹംകൊണ്ടു |
| രാക്ഷസ്യാഃ | രാക്ഷസിയിൽനിന്ന് | നൂനം | തന്നെ |
| കഥഞ്ചിത് ഹി | എങ്ങനേയോ ദൈവേച്ഛയാൽ | അനഃ ച | വണ്ടിയും |
| | | ഉപരി | മീതെ |
| മുക്തഃ | മോചിക്കപ്പെട്ടു | ന അപതത് | വീണില്ല. |

ചക്രവാതേന നീതോഽയം ദൈത്യേന വിപദം വിയത്
ശിലായാം പതിതസ്തത്ര പരിത്രാതഃ സുരേശ്വരൈഃ. 25

| | | | |
|---|---|---|---|
| ചക്രവാതേന | "ചുഴലിക്കാററായിവന്ന | നീതഃ | എടുത്തുകൊണ്ടുപോകപ്പെട്ട് |
| ദൈത്യേന | അസുരനാൽ | | |
| അയം | ഇവൻ | ശിലായാം | കല്ലിന്മേൽ |
| വിപദം | പക്ഷികളുടെ സഞ്ചാരസ്ഥാനമായ (യാതൊരു ആസ്പദവുമില്ലാത്ത) | പതിതഃ | വീണു. |
| | | തത്ര | ആ സന്ദർഭത്തിലും |
| | | സുരേശ്വരൈഃ | ദേവനാഥന്മാരാൽ |
| വിയത് | ആകാശത്തിലേക്ക് | പരിത്രാതഃ | സുരക്ഷിതനായി. |

യന്ന മ്രിയേത ദ്രുമയോരന്തരം പ്രാപ്യ ബാലകഃ
അസാവന്യതമോ വാപി തദപ്യച്യുതരക്ഷണം. 26

| | | | |
|---|---|---|---|
| ദ്രുമയോഃ | " രണ്ടു മരങ്ങളുടെ | ന മ്രിയേത യത് | മരിക്കാതിരിക്കണമെങ്കിൽ |
| അന്തരം പ്രാപ്യ | ഇടയിൽപെട്ട് | | |
| അസൌ ബാലകഃ | ഈ കുട്ടിയോ, | തത് അപി | അതും |
| അന്യതമഃ വാ അപി | വേറെ ഏതെങ്കിലും ഒരുവനോ | അച്യുതരക്ഷണം | ഭഗവാന്റെ രക്ഷയാണ്. |

യാവദൗത്പാതികോഽരിഷ്ടോ വ്രജം നാഭിഭവേദിതഃ
താവദ്ബാലാനുപാദായ യാസ്യാമോഽന്യത്ര സാനുഗാഃ. 27

| | | | |
|---|---|---|---|
| ഔത്പാതികഃ അരിഷ്ടഃ | " ദുർന്നിമിത്തങ്ങളാൽ ഉണ്ടാവുന്ന ആപത്ത് | ഇതഃ | ഇവിടെനിന്ന് |
| | | ബാലാൻ ആദായ | കുട്ടികളേയുംകൂട്ടി |
| വ്രജം | ഗോകുലത്തെ | സാനുഗാഃ | പരിവാരങ്ങളോടെ |
| യാവത് ന അഭിഭവേത് താവത് | ബാധിക്കാതിരിക്കുന്നതിനു മുമ്പായി | അന്യത്ര | മറെറാരിടത്തേക്ക |
| | | യാസ്യാമഃ | പോകാം. |

വനം വൃന്ദാവനം നാമ പശവ്യം നവകാനനം
ഗോപഗോപീഗവാം സേവ്യം പുണ്യാദ്രിതൃണവീരുധം. 28

| | |
|---|---|
| പശവ്യം | "പശുക്കൾക്ക മേയുവാൻ പററിയതും, |
| നവകാനനം | പുത്തൻ കാടുകളുള്ളതും, |
| ഗോപ- ഗോപീഗവാം സേവ്യം | ഗോപന്മാക്കും, ഗോപികൾക്കും ഗോക്കൾക്കുമനുഭവിക്കാൻ പററിയ |
| പുണ്യാദ്രി- തൃണവീരുധം | പുണ്യകരങ്ങളായ മലകൾ, പുൽത്തകിടികൾ, വള്ളിക്കുടിലുകൾ എന്നിവ ചേർന്നതും, |
| വൃന്ദാവനം വനം | വൃന്ദാവനമെന്ന ഒരു വനമുണ്ട്. |

തത്ത്രാദ്യൈവ യാസ്യാമഃ ശകടാൻ യുങ്ക്ത മാ ചിരം
ഗോധനാന്യഗ്രതോ യാന്തു ഭവതാം യദി രോചതേ. 29

| | |
|---|---|
| തത് | "അതുകൊണ്ട് |
| ഭവതാം | നിങ്ങൾക്കെല്ലാം |
| രോചതേ യദി | ഇഷ്ടമാണെങ്കിൽ |
| അദ്യ ഏവ | ഇന്നുതന്നെ |
| തത്ര യാസ്യാമഃ | അവിടെക്ക് പോകാം. |
| ശകടാൻ | വണ്ടികളെ |
| യുങ്ക്ത | പൂട്ടിക്കെട്ടുവിൻ. |
| മാ ചിരം | വൈകിക്കരുത്. |
| ഗോധനാനി | പശുക്കൂട്ടങ്ങൾ |
| അഗ്രതഃ യാന്തു | മുമ്പേ നടക്കട്ടെ." |

തച്ഛ്രുത്വൈകധിയോ ഗോപാഃ സാധു സാധ്വിതി വാദിനഃ
വ്രജാൻ സ്വാൻ സ്വാൻ സമായുജ്യ യയൂ രൂഢപരിച്ഛദാഃ. 30

| | |
|---|---|
| തത് ശ്രുത്വാ | അതു കേട്ട് |
| ഗോപാഃ | ഗോപന്മാർ |
| ഏകധിയഃ | ഏകമനസ്സോടുകൂടിയവരായി |
| സാധു സാധു | 'ശരി, കൊള്ളാം' |
| ഇതി വാദിനഃ | എന്നു പറഞ്ഞുകൊണ്ട് |
| സ്വാൻ സ്വാൻ | താന്താങ്ങൾക്കുള്ള |
| വ്രജാൻ | വണ്ടികളെ |
| സമായുജ്യ | പൂട്ടിക്കെട്ടി |
| രൂഢപരിച്ഛദാഃ യയുഃ | സാമാനങ്ങൾ കയററി വെച്ച് യാത്രയായി. |

വൃദ്ധാൻ ബാലാൻ സ്ത്രിയോ രാജൻ സർവ്വോപകരണാനി ച
അനഃസ്വാരോപ്യ ഗോപാലാ യത്താ ആത്തശരാസനാഃ. 31
ഗോധനാനി പുരസ്കൃത്യ ശൃംഗാണ്യാപൂര്യ സർവ്വതഃ
തൂര്യഘോഷേണ മഹതാ യയുഃ സഹപുരോഹിതാഃ. 32

| | |
|---|---|
| രാജൻ | രാജാവേ! |
| യത്താഃ | ഈവിധം യത്നം ചെയ്ത് |
| ആത്ത- ശരാസനാഃ | കൈയിൽ വില്ലെടുത്തവരായ |
| ഗോപാലാഃ | ഗോപന്മാർ |
| വൃദ്ധാൻ | വയസ്സന്മാരേയും |
| ബാലാൻ | കുട്ടികളേയും, |
| സ്ത്രിയഃ | സ്ത്രീകളേയും, |
| സർവ്വോപ- കരണാനി ച | എല്ലാ ഉപകരണങ്ങളേയും |
| അനഃസു | വണ്ടികളിൽ |
| ആരോപ്യ | കയററി, |
| ഗോധനാനി | പശുക്കൂട്ടങ്ങളെ |
| പുരസ്കൃത്യ | മുൻനടത്തിക്കൊണ്ട്, |
| സർവ്വതഃ | എല്ലാടവും |
| ശൃംഗാണി ആപൂര്യ | കൊമ്പുവിളിച്ച്, |
| മഹതാ തൂര്യ- ഘോഷേണ | ഉച്ചത്തിൽ പെരുമ്പറ മുഴക്കിക്കൊണ്ട് |
| സഹപുരോ- ഹിതാഃ യയുഃ | പുരോഹിതന്മാരോടുകൂടി യാത്രയായി. |

ഗോപ്യോ രൂഢരഥാ നൂതനകുചകുങ്കുമകാന്തയഃ
കൃഷ്ണലീലാ ജഗുഃ പ്രീതാ നിഷ്കകണ്ഠ്യഃ സുവാസസഃ. 33

| | |
|---|---|
| രൂഢരഥാഃ | തേരുകളിൽ കയറി |
| നൂത്നകുച- കുങ്കുമകാന്തയഃ | സ്തനങ്ങളിൽ അണിഞ്ഞ പുതുകുങ്കുമത്താൽ കാന്തി വളർന്നവരും, |
| നിഷ്കകണ്ഠ്യഃ | കഴുത്തിൽ പൊൻമാലകൾ ധരിച്ചവരും, |
| സുവാസസഃ | വിശേഷപ്പെട്ട വസ്ത്രങ്ങളോടുകൂടിയവരും ആയ |
| ഗോപ്യഃ | ഗോപസ്ത്രീകൾ |
| പ്രീതാഃ | സന്തുഷ്ടകളായി |
| കൃഷ്ണലീലാഃ ജഗുഃ | ശ്രീകൃഷ്ണന്റെ ലീലകളെ പാടിക്കൊണ്ടിരുന്നു. |

തഥാ യശോദാരോഹിണ്യാവേകം ശകടമാസ്ഥിതേ
രേജതുഃ കൃഷ്ണരാമാഭ്യാം തത്കഥാശ്രവണോത്സുകേ. 34

| | |
|---|---|
| തഥാ | അപ്രകാരം |
| യശോദാ- രോഹിണ്യൗ | യശോദയും രോഹിണിയും |
| കൃഷ്ണരാമാഭ്യാം | കൃഷ്ണനോടും രാമനോടുംകൂടി |
| ഏകം ശകടം ആസ്ഥിതേ | ഒരേ വണ്ടിയിൽ കയറിയിരുന്ന് |
| തത്കഥാശ്രവണോത്സുകേ | അവരുടെ കഥകൾ കേൾക്കുന്നതിൽ താൽപര്യം കൊണ്ടവരായി |
| രേജതുഃ | ശോഭിച്ചു. |

വൃന്ദാവനം സംപ്രവിശ്യ സർവ്വകാലസുഖാവഹം
തത്ര ചക്രുർവ്രജാവാസം ശകടൈരർദ്ധചന്ദ്രവത്. 35

| | |
|---|---|
| സർവ്വകാല സുഖാവഹം | എല്ലാ കാലങ്ങളിലും സുഖകരമായ |
| വൃന്ദാവനം | വൃന്ദാവനത്തിലേക്ക് |
| സംപ്രവിശ്യ | എത്തിച്ചേർന്നശേഷം |
| തത്ര | അവിടെ |
| ശകടൈഃ | വണ്ടികളെക്കൊണ്ട് |
| അർദ്ധചന്ദ്രവത് | അർദ്ധചന്ദ്രാകൃതിയിൽ |
| വ്രജാവാസം | ഗോകുലത്തിനുവേണ്ട പാർപ്പിടം |
| ചക്രുഃ | ഉണ്ടാക്കി. |

വൃന്ദാവനം ഗോവർദ്ധനം യമുനാപുളിനാനി ച
വീക്ഷ്യാസീദുത്തമാ പ്രീതീ രാമമാധവയോർനൃപ. 36

| | |
|---|---|
| നൃപ | മഹാരാജാവേ! |
| വൃന്ദാവനം | വൃന്ദാവനത്തേയും, |
| ഗോവർദ്ധനം | ഗോവർദ്ധനപർവ്വതത്തേയും |
| യമുനാ- പുളിനാനി ച | കാളിന്ദീനദിയുടെ മണൽത്തിട്ടുകളേയും |
| വീക്ഷ്യ | കണ്ട് |
| രാമമാധവയോഃ | ബലരാമനും ശ്രീകൃഷ്ണനും |
| ഉത്തമാ പ്രീതിഃ | മികച്ച സന്തോഷം |
| ആസീത് | ഉണ്ടായി. |

ഏവം വ്രജൌകസാം പ്രീതിം യച്ഛന്തൌ ബാലചേഷ്ടിതൈഃ
കലവാക്യൈഃ സ്വകാലേന വത്സപാലൌ ബഭൂവതുഃ. 37

| | |
|---|---|
| ഏവം | ഇപ്രകാരം |
| ബാലചേഷ്ടിതൈഃ | ബാലക്രീഡകളാലും |
| കലവാക്യൈഃ | കൊഞ്ചൽമൊഴികളാലും |
| വ്രജൌകസാം | വ്രജവാസികൾക്ക് |
| പ്രീതിം | സന്തോഷത്തെ |
| യച്ഛന്തൌ | പ്രദാനംചെയ്തുകൊണ്ട് |
| സ്വകാലേന | തക്കതായ കാലത്തിൽ |
| വത്സപാലൌ | കാലിക്കിടാങ്ങളെ മേക്കുന്നവരായി |
| ബഭൂവതുഃ | ഭവിച്ചു. |

അവിദൂരേ വ്രജഭുവഃ സഹ ഗോപാലദാരകൈഃ
ചാരയാമാസതുർവ്വത്സാൻ നാനാക്രീഡാപരിച്ഛദൌ. 38

| | | | |
|---|---|---|---|
| വ്രജഭുവഃ | വ്രജസ്ഥലത്തിൽനിന്നു് | നാനാക്രീഡാ-പരിച്ഛദൌ | പലതരം കളിക്കോപ്പുകളെടുത്തു കളിച്ചുകൊണ്ടു് |
| അവിദൂരേ | ഏറെ അകലമില്ലാത്ത ദിക്കിൽ | വത്സാൻ | പശുക്കുട്ടികളെ |
| ഗോപാലദാര-കൈഃ സഹ | ഗോപബാലന്മാരോടു കൂടി | ചാരയാമാസതുഃ | മേച്ചു |

ക്വചിദ്വാദയതോ വേണും ക്ഷേപണൈഃ ക്ഷിപതഃ ക്വചിത്
ക്വചിത് പാദൈഃ കിങ്കിണീഭിഃ ക്വചിത് കൃത്രിമഗോവൃഷൈഃ. 39

വൃഷായമാണൌ നർദ്ദന്തൌ യുയുധാതേ പരസ്പരം
അനുകൃത്യ രുതൈർജ്ജന്തൂംശ്ചേരതുഃ പ്രാകൃതൌ യഥാ. 40

| | | | |
|---|---|---|---|
| ക്വചിത് | ചില സമയങ്ങളിൽ | കൃത്രിമ-ഗോവൃഷൈഃ | കാളകളുടെ കോലംകെട്ടിയ ബാലന്മാരോടൊപ്പം |
| വേണും | പുല്ലാങ്കുഴൽ | വൃഷായമാണൌ | കാളകളായി നടിച്ചു് |
| വാദയതഃ | ഊതുന്നു ; | നർദ്ദന്തൌ | മുക്കറയിട്ടുകൊണ്ടു് |
| ക്വചിത് | മററു ചിലപ്പോൾ | പരസ്പരം | അന്യോന്യം |
| ക്ഷേപണൈഃ | കവണകൾകൊണ്ടു് | യുയുധാതേ | അങ്കം വെട്ടിയിരുന്നു. |
| ക്ഷിപതഃ | എറിയുന്നു ; | രുതൈഃ | കരച്ചൽകൊണ്ടു് |
| ക്വചിത് | വേറെചിലസമയങ്ങളിൽ | ജന്തൂൻ | വിവിധജന്തുക്കളെ |
| കിങ്കിണീഭിഃ | കിങ്കിണി കെട്ടിയ | അനുകൃത്യ | അനുകരിച്ചു് |
| പാദൈഃ | പാദങ്ങളെക്കൊണ്ടു് നൃത്തമാടുന്നു. | പ്രാകൃതൌ യഥാ | സാധാരണ കുട്ടികളെപ്പോലെ |
| ക്വചിത് | ചിലപ്പോൾ | ചേരതുഃ | (ആ മായാമാനുഷന്മാർ ഇരുവരും) സഞ്ചരിച്ചു. |

കദാചിദ്യമുനാതീരേ വത്സാംശ്ചാരയതോഃ സ്വകൈഃ
വയസ്യൈഃ കൃഷ്ണബലയോർജ്ജിഘാംസുർദ്ദൈത്യ ആഗമത്. 41

| | | | |
|---|---|---|---|
| കദാചിത് | ഒരിക്കൽ | വത്സാൻ | പശുക്കുട്ടികളെ |
| കൃഷ്ണബലയോഃ | കൃഷ്ണനും ബലരാമനും | ചാരയതോഃ | മേച്ചുകൊണ്ടിരിക്കെ |
| സ്വകൈഃ വയസ്യൈഃ | സ്വന്തം ചങ്ങാതികളോടുകൂടി | ജിഘാംസുഃ ദൈത്യഃ | അവരെ കൊല്ലാനാഗ്രഹിക്കുന്ന ഒരസുരൻ |
| യമുനാതീരേ | യമുനയുടെ കരയിൽ | ആഗമത് | വന്നുചേർന്നു. |

തം വത്സരൂപിണം വീക്ഷ്യ വത്സയൂഥഗതം ഹരിഃ
ദർശയൻ ബലദേവായ ശനൈർമ്മുഗ്ദ്ധ ഇവാസദത്. 42

| | | | |
|---|---|---|---|
| ഹരിഃ | ശ്രീകൃഷ്ണൻ. | വത്സയൂഥഗതം | പശുക്കുട്ടികളുടെ സംഘത്തിൽ വന്നുചേർന്നിരിക്കുന്ന |
| വത്സരൂപിണം | പശുക്കുട്ടിയുടെ രൂപമെടുത്തു് | തം വീക്ഷ്യ | അവനെ കണ്ടു്, |

| | | | |
|---|---|---|---|
| ബലദേവായ | ബലരാമന്ന് | മുഗ്ദ്ധഃ ഇവ | അറിയാത്തവനെപ്പോലെ |
| ദർശയൻ | കാട്ടിക്കൊടുക്കുകയും ചെയ്തു് | ശനൈഃ | പതുക്കെ |
| | | ആസദത് | അടുത്തുചെന്നു. |

ഗൃഹീത്വാഽപരപാദാഭ്യാം സഹ ലാംഗൂലമച്യുതഃ
ഭ്രാമയിത്വാ കപിത്ഥാഗ്രേ പ്രാഹിണോദ്ഗതജീവിതം
സ കപിത്ഥൈർമ്മഹാകായഃ പാത്യമാനൈഃ പപാത ഹ. 43

| | | | |
|---|---|---|---|
| അച്യുതഃ | ഭഗവാൻ | പ്രാഹിണോത് | എറിഞ്ഞു. |
| ലാംഗൂലം | അവന്റെ വാലിനെ | മഹാകായഃ | പെരുത്ത ദേഹത്തോടു കൂടിയ |
| അപരപാദാഭ്യാം സഹ | പിൻകാലുകളോടു കൂട്ടി | സഃ | ആ അസുരൻ |
| ഗൃഹീത്വാ | പിടിച്ചു് | പാത്യമാനൈഃ | വീഴ്ത്തപ്പെടുന്ന |
| ഭ്രാമയിത്വാ | വട്ടം ചുഴററിയിട്ടു് | കപിത്ഥൈഃ | അനേകം വിളാററങ്ങകളോടുകൂടി |
| ഗതജീവിതം | ഉയിരററുപോയ അവനെ | പപാത ഹ | വീണുപോയി! |
| കപിത്ഥാഗ്രേ | ഒരു വിളാർമരത്തിന്റെ മുകളിലേക്കു് | | |

തം വീക്ഷ്യ വിസ്മിതാ ബാലാഃ ശശംസുഃ സാധു സാധ്വിതി
ദേവാശ്ച പരിസന്തുഷ്ടാ ബഭൂവുഃ പുഷ്പവർഷിണഃ. 44

| | | | |
|---|---|---|---|
| തം വീക്ഷ്യ | അവനെ കണ്ടു് | ശശംസുഃ | കൃഷ്ണനെ പുകഴ്ത്തി. |
| വിസ്മിതാഃ | ആശ്ചര്യപ്പെട്ട | ദേവാഃ ച | ദേവന്മാരും |
| ബാലാഃ | കുട്ടികൾ | പരിതുഷ്ടാഃ | സന്തോഷിച്ചു് |
| സാധു സാധു ഇതി | "നന്നായി! നന്നായി" എന്നു പറഞ്ഞു | പുഷ്പവർഷിണഃ ബഭൂവുഃ | പൂമഴ ചൊരിഞ്ഞു. |

തൌ വത്സപാലകൌ ഭൂത്വാ സർവ്വലോകൈകപാലകൌ
സപ്രാതരാശൌ ഗോവത്സാംശ്ചാരയന്തൌ വിചേരതുഃ. 45

| | | | |
|---|---|---|---|
| സർവ്വലോകൈകപാലകൌ | സർവ്വലോകങ്ങളുടേയും പ്രധാന പരിപാലകന്മാരായ | ഭൂത്വാ | ഭവിച്ചു് |
| തൌ | ആ രണ്ടുപേരും | സപ്രാതരാശൌ | പ്രാതലിന്നുള്ള ഭക്ഷ്യവസ്തുക്കളുമായി |
| വത്സപാലകൌ | പശുക്കുട്ടികളെ പാലിക്കുന്നവരായി | ഗോവത്സാൻ | പശുക്കുട്ടികളെ |
| | | ചാരയന്തൌ | മേച്ചുകൊണ്ടു് |
| | | വിചേരതുഃ | കാടുതോറും നടന്നു. |

സ്വം സ്വം വത്സകുലം സർവ്വേ പായയിഷ്യന്ത ഏകദാ
ഗത്വാ ജലാശയാഭ്യാശം പായയിത്വാ പപുർജ്ജലം. 46

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | വത്സകുലം | പൈക്കിടാങ്ങളെ |
| സർവ്വേ | എല്ലാവരും കൂടി | പായയിഷ്യന്തഃ | വെള്ളംകുടിപ്പിപ്പാൻ ഉദ്യമിച്ചുകൊണ്ടു് |
| സ്വം സ്വം | അവനവന്റെ | | |

ജലാശയാഭ്യാശം ഒരു തടാകത്തിന്റെ സമീപത്തിലേക്ക്
ഗത്വാ ചെന്നു്
പായയിത്വാ വെള്ളം കടിപ്പിച്ച്
ജലം വെള്ളം
പപുഃ അവരും കുടിച്ചു

തേ തത്ര ദദൃശുർബാലാ മഹാസത്ത്വമവസ്ഥിതം
തത്രസുർവ്വജ്രനിർഭിന്നം ഗിരേഃ ശൃങ്ഗമിവ ച്യുതം. 47

തത്ര അവിടെ
തേ ബാലാഃ ആ ബാലന്മാർ
വജ്രനിർഭിന്നം വജ്രപ്രഹരത്താൽ അടർന്നു്
ച്യുതം വീണതായ
ഗിരേഃ പർവ്വതത്തിന്റെ
ശൃങ്ഗം ഇവ ശിഖരംപോലെ
അവസ്ഥിതം സ്ഥിതിചെയ്യുന്ന
മഹാസത്ത്വം ഒരു വലിയ ജന്തുവിനെ
ദദൃശുഃ കണ്ടു;
തത്രസുഃ അവർ ഭയന്നു.

സ വൈ ബകോ നാമ മഹാനസുരോ ബകരൂപധൃക്
ആഗത്യ സഹസാ കൃഷ്ണം തീക്ഷ്ണതുണ്ഡോഽഗ്രസദ്ബലീ. 48

സഃ അവൻ
ബകരൂപധൃക് കൊററിയുടെ രൂപം ധരിച്ച
ബകഃ നാമ ബകനെന്നുപേരായ
മഹാൻ അസുരഃ വൈ } മഹാസുരൻതന്നെയായിരുന്നു.
തീക്ഷ്ണതുണ്ഡഃ മൂർച്ചയുള്ള കൊക്കുകളോടുകൂടിയവനും
ബലീ ബലവാനും ആയ അവൻ
സഹസാ ഉടൻ
ആഗത്യ വന്നു്
കൃഷ്ണം ശ്രീകൃഷ്ണനെ
അഗ്രസത് വിഴുങ്ങി.

കൃഷ്ണം മഹാബകഗ്രസ്തം ദൃഷ്ട്വാ രാമാദയോഽർഭകാഃ
ബഭൂവുരിന്ദ്രിയാണീവ വിനാ പ്രാണം വിചേതസഃ. 49

രാമാദയഃ ബലരാമൻ മുതലായ
അർഭകാഃ ബാലകന്മാർ
കൃഷ്ണം കൃഷ്ണനെ
മഹാബകഗ്രസ്തം ആ പെരും കൊററി വിഴുങ്ങിയതായി
ദൃഷ്ട്വാ കണ്ടിട്ടു്
വിനാ പ്രാണം പ്രാണനെ വേറിട്ട
ഇന്ദ്രിയാണി ഇവ ഇന്ദ്രിയങ്ങളെന്നപോലെ
വിചേതസഃ പ്രജ്ഞയററവരായി
ബഭൂവുഃ ഭവിച്ചു.

തം താലുമൂലം പ്രദഹന്തമഗ്നിവദ്ഗോപാലസൂനും പിതരം ജഗദ്ഗുരോഃ
ചച്ഛർദ്ദ സദ്യോഽതിരുഷാഽക്ഷതം ബകസ്തുണ്ഡേന ഹന്തും പുനരഭ്യപദ്യത.

ജഗദ്ഗുരോഃ ബ്രഹ്മാവിന്റെ
പിതരം പിതാവും,
ഗോപാലസൂനും നന്ദഗോപന്റെ നന്ദനനും
അഗ്നിവത് തീക്കട്ടപോലെ
താലുമൂലം തന്റെ തൊണ്ടയുടെ അടിഭാഗത്തെ
പ്രദഹന്തം ദഹിപ്പിക്കുന്നവനുമായ
തം ഭഗവാനെ
ബകഃ ബകാസുരൻ (കൊററി)
സദ്യഃ ഉടനടി
ചച്ഛർദ്ദ ഛർദ്ദിച്ചു.
പുനഃ വീണ്ടും (അവൻ)
അക്ഷതം ഒരു കേടും തട്ടാത്ത ആ ബാലനെ
തുണ്ഡേന കൊക്കുകൊണ്ടു്
ഹന്തും കൊത്തിക്കൊല്ലുവാനായി
അതിരുഷാ കവിഞ്ഞ കോപത്തോടെ
അഭ്യപദ്യത നേർക്കടുത്തു.

തമാപതന്തം സ നിഗൃഹ്യ തുണ്ഡയോ-
ർദ്ദോർഭ്യാം ബകം കംസസഖം സതാം പതിഃ
പശ്യത്സു ബാലേഷു ദദാര ലീലയാ
മുദാവഹോ വീരണവദ്ദിവൗകസാം. 51

| | | | |
|---|---|---|---|
| സതാംപതിഃ | സത്തുക്കളുടെ സംരക്ഷനും | ദോർഭ്യാം | ഇരുകരങ്ങൾകൊണ്ടും |
| ദിവൗകസാം | സ്വർല്ലോകവാസികൾക്ക് | തുണ്ഡയോഃ | അതിന്റെ കൊക്കുകളിൽ |
| മുദാവഹഃ | } സന്തോഷമേകുന്നവനും | നിഗൃഹ്യ | പിടിച്ച്, |
| സഃ | } ആയ ഭഗവാൻ | ബാലേഷു | } കുട്ടികൾ കാണെ |
| ആപതന്തം | എതിർത്തുവരുന്ന | പശ്യത്സു | } |
| കംസസഖം | കംസന്റെ ചങ്ങാതിയായ | ലീലയാ | നിഷ്പ്രയാസം |
| തം ബകം | ആ ബകാസുരനെ (കൊററിയെ) | വീരണവത് | രാമച്ചംപോലെ |
| | | ദദാര | കീറിയിട്ടു. |

തദാ ബകാരിം സുരലോകവാസിനഃ
സമാകിരൻ നന്ദനമല്ലികാദിഭിഃ
സമീഡിരേ ചാനകശംഖസംസ്തവൈ-
സ്തദ്വീക്ഷ്യ ഗോപാലസുതാ വിസിസ്മിരേ. 52

| | | | |
|---|---|---|---|
| തദാ സുരലോക- | } അപ്പോൾ സ്വർഗ്ഗ | ആനകശംഖ- | } ഭേരി, ശംഖനാദം എന്നി |
| വാസിനഃ | } വാസികൾ | സംസ്തവൈഃ | } വയോടുകൂടിയ സ്തോത്ര ങ്ങളാൽ |
| നന്ദന- | } നന്ദനോദ്യാനത്തിലെ | സമീഡിരേ ച | സ്തുതിക്കുകയും ചെയ്തു. |
| മല്ലികാദിഭിഃ | } മല്ലികപ്പൂക്കളെക്കൊണ്ടും മററും | ഗോപാലസുതാഃ | ഗോപാലബാലന്മാർ |
| ബകാരിം | ബകാസുരാന്തകനെ | തത് വീക്ഷ്യ | അതുകണ്ട് |
| സമാകിരൻ | അഭിവർഷിച്ചുപൂജിച്ചു ; | വിസിസ്മിരേ | അത്ഭുതപ്പെട്ടു. |

മുക്തം ബകാസ്യാദുപലഭ്യ ബാലകാ
രാമാദയഃ പ്രാണമിവൈന്ദ്രിയോ ഗണഃ
സ്ഥാനാഗതം തം പരിരഭ്യ നിർവൃതാഃ
പ്രണീയ വത്സാൻ വ്രജമേത്യ തജ്ജഗുഃ. 53

| | | | |
|---|---|---|---|
| രാമാദയഃ | ബലരാമാദികളായ | ഐന്ദ്രിയഃ ഗണഃ | ഇന്ദ്രിയസമൂഹം |
| ബാലകാഃ | ബാലകന്മാർ | പ്രാണം ഇവ | പ്രാണനെ ലഭിച്ചതുപോൽ |
| ബകാസ്യാത് | കൊററിയുടെ വായിൽനിന്ന് | നിർവൃതാഃ | സ്വസ്ഥതപൂണ്ടു. |
| മുക്തം | മോചിക്കപ്പെട്ടവനും, | വത്സാൻ | (പിന്നീട് അവർ) പശുക്കുട്ടികളെ |
| സ്ഥാനാഗതം | സ്വസ്ഥാനത്തേക്കു തിരി ച്ചെത്തിയവനും ആയ | പ്രണീയ | ആട്ടിത്തെളിച്ച് |
| തം ഉപലഭ്യ | ഭഗവാനെകണ്ട് | വ്രജം ഏത്യ | ഗോകുലത്തിലേക്കുവന്ന് |
| പരിരഭ്യ | കെട്ടിപ്പുണർന്ന് | തത് | ആ വർത്തമാനം |
| | | ജഗുഃ | വിസ്തരിച്ചുപറഞ്ഞു. |

ശ്രുത്വാ തദ്വിസ്മിതാ ഗോപാ ഗോപ്യശ്ചാതിപ്രിയാദൃതാഃ
പ്രേത്യാഗതമിവൌത്സുക്യാദൈക്ഷന്ത തൃഷിതേക്ഷണാഃ. 54

| | | | |
|---|---|---|---|
| തത് ശ്രുത്വാ | അതു കേട്ട് | തൃഷിതേക്ഷണാഃ | കണ്ടിട്ടും കൊതിതീരാത്ത കണ്ണുകളോടുകൂടിയവരായും ഭവിച്ച് |
| വിസ്മിതാഃ | അത്ഭുതാധീനരായിച്ചമഞ്ഞ | പ്രേത്യ | പരലോകത്തേക്കുപോയി |
| ഗോപാഃ | ഗോപന്മാരും, | ആഗതം ഇവ | മടങ്ങിവന്നവനെ എന്നപോലെ |
| ഗോപ്യഃ ച | ഗോപികളും | ഔത്സുക്യാത് | അതിതാൽപര്യത്തോടെ |
| അതിപ്രിയാദൃതാഃ | അധികരിച്ചപ്രേമത്താൽ ആദരഭാവം കലന്നവരായും, | ഐക്ഷന്ത | നോക്കിനിന്നു. |

അഹോ ബതാസ്യ ബാലസ്യ ബഹവോ മൃത്യവോऽഭവൻ
അപ്യാസീദ്വിപ്രിയം തേഷാം കൃതം പൂർവ്വം യതോ ഭയം. 55

| | | | |
|---|---|---|---|
| അഹോ ബത | "ആശ്ചര്യം! കഷ്ടം തന്നെ! | തേഷാം | അവക്കുതന്നെയാണ് |
| അസ്യ ബാലസ്യ | ഈ കുട്ടിക്ക് | വിപ്രിയം | അനിഷ്ടം |
| ബഹവഃ | വളരെപ്പേർ | ആസീത് | ഉണ്ടായതു്. |
| മൃത്യവഃ | മരണകാരണങ്ങളായി | യതഃ | എന്തെന്നാൽ |
| അഭവൻ | ഉണ്ടായിക്കഴിഞ്ഞു. | പൂർവ്വം | ആദ്യം (അവരാൽ അന്യക്ക്) |
| അപി | എങ്കിലും | ഭയം കൃതം | ഭയം ജനിപ്പിക്കപ്പെട്ടു. |

അഥാപ്യഭിഭവന്ത്യേനം നൈവ തേ ഘോരദർശനാഃ
ജിഘാംസയൈനമാസാദ്യ നശ്യന്ത്യഗ്നൌ പതംഗവത്. 56

| | | | |
|---|---|---|---|
| തേ ഘോരദർശനാഃ | "അവർ ഭയാനകമായ കാഴ്ചയോടുകൂടിയവരാകുന്നു. | ജിഘാംസയാ | കൊല്ലുവാനുള്ള ഇച്ഛയോടെ |
| അഥ അപി | എന്നിട്ടുപോലും | ഏനം ആസാദ്യ | ഇവനെ സമീപിച്ച് |
| ഏനം | ഇവനെ | അഗ്നൌ | തീയിൽ |
| ന അഭിഭവന്തി ഏവ | ഉപദ്രവിപ്പാൻ തീരെ കഴിയുന്നില്ല. | പതംഗവത് | ഈയ്യാമ്പാററകൾപോലെ |
| | | നശ്യന്തി | നശിച്ചുപോകുന്നു. |

അഹോ ബ്രഹ്മവിദാം വാചോ നാസത്യാഃ സന്തി കർഹിചിത്
ഗർഗ്ഗോ യദാഹ ഭഗവാനന്വഭാവി തഥൈവ തത്. 57

| | | | |
|---|---|---|---|
| അഹോ | "അത്ഭുതം! | ന സന്തി | ഭവിക്കയില്ല. |
| ബ്രഹ്മവിദാം | ബ്രഹ്മജ്ഞന്മാരുടെ | ഭഗവാൻ ഗർഗ്ഗഃ | സർവ്വജ്ഞനായ ഗർഗ്ഗൻ |
| വാചഃ | വാക്കുകൾ | യത് ആഹ | പറഞ്ഞതെന്തോ |
| കർഹിചിത് | ഒരു കാലത്തും | തത് തഥാ ഏവ | അതു്, അതേവിധം തന്നെ |
| അസത്യാഃ | അയഥാർത്ഥങ്ങളായി | അനുഭാവി | അനുഭവപ്പെട്ടു" |

ഇതി നന്ദാദയോ ഗോപാഃ കൃഷ്ണരാമകഥാം മുദാ
കുർവ്വന്തോ രമമാണാശ്ച നാവിന്ദൻ ഭവവേദനാം. 58

| | |
|---|---|
| ഇതി | ഇപ്രകാരം |
| നന്ദാദയഃ | നന്ദഗോപാദികളായ |
| ഗോപാഃ | ഗോപന്മാർ |
| കൃഷ്ണരാമകഥാം | ശ്രീകൃഷ്ണന്റേയും ബലരാമന്റേയും കഥകളെ |
| മുദാ | സന്തോഷത്തോടെ |
| കഥയന്തഃ | പറഞ്ഞുകൊണ്ടും, |
| രമമാണാഃ ച | ആനന്ദിച്ചുകൊണ്ടും ഇരുന്നു് |
| ഭവവേദനാം | സംസാരക്ലേശത്തെ |
| ന അവിന്ദൻ | അനുഭവിച്ചില്ല. |

*ഏവം വിഹാരൈഃ കൌമാരൈഃ കൌമാരം ജഹതുർവ്രജേ
നിലായനൈഃ സേതുബന്ധൈർമ്മർക്കടോത്പ്ലവനാദിഭിഃ 59

| | |
|---|---|
| ഏവം | ഇപ്രകാരം (രാമകൃഷ്ണന്മാർ) |
| നിലായനൈഃ | ഒളിച്ചുകളിക്കുക, |
| സേതുബന്ധൈഃ | അണകെട്ടുക, |
| മർക്കടോത്പ്ലവനാദിഭിഃ | കുരങ്ങന്മാരെപ്പോലെ മരംകേറിച്ചാടുക മുതലായുള്ള |
| കൌമാരൈഃ | കുട്ടിക്കാലത്തിനുചേർന്ന |
| വിഹാരൈഃ | കളികളാൽ |
| കൌമാരം | ബാല്യകാലത്തെ |
| വ്രജേ | ഗോകുലത്തിൽ |
| ജഹതുഃ | കഴിച്ചുകൂട്ടി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ വത്സബകവധനിരൂപണം നാമ ഏകാദശോഽധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 500.

## ദ്വാദശോഽദ്ധ്യായഃ—പന്ത്രണ്ടാമദ്ധ്യായം.

[ദ്വാദശേ തു മഹാസർപ്പവപുർദ്ധരമഘാസുരം
വത്സപാലഗിലം ക്രുദ്ധോ ഗളേഽഹന്നിതി വർണ്ണ്യതേ.]

(അഘാസുരമോക്ഷം)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു:—

ക്വചിദ്വനാശായ മനോ ദധദ്വ്രജാത്
പ്രാതഃ സമുത്ഥായ വയസ്യവത്സപാൻ
പ്രബോധയൻ ശൃംഗരവേണ ചാരുണാ
വിനിർഗ്ഗതോ വത്സപുരഃസരോ ഹരിഃ. 1

| | |
|---|---|
| ക്വചിത് ഹരിഃ | ഒരിക്കൽ ശ്രീകൃഷ്ണൻ |
| വനാശായ | വനഭോജനത്തിന്നായി |
| മനഃ ദധത് | ആഗ്രഹിച്ചുകൊണ്ടു് |
| പ്രാതഃ | അതിരാവിലെ |
| സമുത്ഥായ | എഴുന്നേററു, |
| ചാരുണാ | മനോഹരമായ |
| ശൃംഗരവേണ | കൊമ്പുവിളിയാൽ |
| വയസ്യവത്സപാൻ | ചങ്ങാതികളായ ഗോപന്മാരെ |
| പ്രബോധയൻ | എഴുന്നേല്പിച്ചു്, |
| വത്സപുരഃസരഃ | പൈക്കിടാങ്ങളെ മുൻനടത്തിക്കൊണ്ടു് |
| വ്രജാത് | ഗോകുലത്തിൽനിന്നു് |
| വിനിർഗ്ഗതഃ | പുറപ്പെട്ടു. |

* ഈ ശ്ലോകം ഇവിടെ പ്രസക്തമല്ലെന്നു് ചില വ്യാഖ്യാതാക്കൾ കരുതുന്നു.

തേനൈവ സാകം പൃഥുകാഃ സഹസ്രശഃ
സ്നിഗ്ദ്ധാഃ സുശിഗ്വേത്രവിഷാണവേണവഃ
സ്വാൻ സ്വാൻ സഹസ്രോപരിസംഖ്യയാന്വിതാൻ
വത്സാൻ പുരസ്കൃത്യ വിനിര്യയുർമ്മുദാ. 2

| | | | |
|---|---|---|---|
| തേന സാകം ഏവ | ഭഗവാനോടൊന്നിച്ചു തന്നെ | സഹസ്രോ-പരിസംഖ്യയാ അന്വിതാൻ | ആയിരത്തിൽ കവിഞ്ഞ എണ്ണത്തോടുകൂടിയ |
| സഹസ്രശഃ | ആയിരക്കണക്കിലുള്ള | സ്വാൻ സ്വാൻ | അവരവരുടെ |
| സ്നിഗ്ദ്ധാഃ | സ്നേഹിതന്മാരായ | വത്സാൻ | പശുക്കുട്ടികളെ |
| പൃഥുകാഃ | ബാലന്മാർ | പുരസ്കൃത്യ | മുമ്പിൽ നടത്തി |
| സുശിഗ്വേത്ര-വിഷാണ-വേണവഃ | നല്ല ഉറിയും, വടിയും, കൊമ്പും, കുഴലും എടുത്തുകൊണ്ടു്, | മുദാ | സന്തോഷത്തോടെ |
| | | വിനിര്യയുഃ | യാത്രയായി. |

കൃഷ്ണവത്സൈരസംഖ്യാതൈര്യൂഥീകൃത്യ സ്വവത്സകാൻ
ചാരയന്തോഽർഭലീലാഭിർവ്വിജഹ്രുസ്തത്ര തത്ര ഹ. 3

| | | | |
|---|---|---|---|
| അസംഖ്യാതൈഃ | ഇത്രയെന്നു കണക്കില്ലാത്ത | ചാരയന്തഃ | മേച്ചുകൊണ്ടു് |
| കൃഷ്ണവത്സൈഃ | ഭഗവാന്റെ പശുക്കിടാങ്ങളുടെകൂടെ | അർഭലീലാഭിഃ | ബാലക്രീഡകളാൽ |
| | | തത്ര തത്ര | അവിടവിടെ |
| സ്വവത്സകാൻ | സ്വന്തം പശുക്കിടാങ്ങളെ | വിജഹ്രുഃ | കളിച്ചു. |
| യൂഥീകൃത്യ | ഒന്നിച്ചുകൂട്ടിച്ചേർത്തു് | ഹ | അത്ഭുതം! |

ഫലപ്രവാളസ്തബകസുമനഃപിച്ഛധാതുഭിഃ
കാചഗുഞ്ജാമണിസ്വർണ്ണഭൂഷിതാ അപ്യഭൂഷയൻ. 4

| | | | |
|---|---|---|---|
| കാചഗുഞ്ജാ-മണിസ്വർണ്ണ-ഭൂഷിതാഃ അപി | കാക്കപ്പൊന്നു്, കുന്നിക്കുരു, രത്നങ്ങൾ, സ്വർണ്ണം എന്നിവയാൽ അലങ്കരിക്കപ്പെട്ടവരാണെങ്കിലും | ഫലപ്രവാളസ്ത-ബകസുമനഃ-പിച്ഛധാതുഭിഃ | കായ്കൾ, തളിർത്തൊത്തുകൾ, പൂക്കൾ, മയിൽപ്പീലികൾ, മനയോലകൾ എന്നിവയാൽ |
| | | അഭൂഷയൻ | വീണ്ടും സ്വയം അലങ്കരിച്ചു. |

മുഷ്ണന്തോഽന്യോന്യശിക്യാദീൻ ജ്ഞാതാനാരാച്ച ചിക്ഷിപുഃ
തത്രത്യാശ്ച പുനർദ്ദൂരാദ്ധസന്തശ്ച പുനർദ്ദദുഃ. 5

| | | | |
|---|---|---|---|
| അന്യോന്യ-ശിക്യാദീൻ | തമ്മിൽത്തമ്മിൽ ഉറികളേയും (ഉറികെട്ടിയെടുത്ത പൊതിച്ചോറു്) മററു സാധനങ്ങളേയും | തത്രത്യാഃ | അവിടുള്ളവർ |
| | | പുനഃ | പിന്നേയും |
| | | ദൂരാത് ച | അകലേക്കു് എറിഞ്ഞുകൊടുക്കും. |
| മുഷ്ണന്തഃ | എടുത്തൊളിച്ചുവെക്കുകയും | പുനഃ | ഉടമസ്ഥന്റെ വല്ലായ്മ കണ്ടു് ഒടുവിൽ |
| ജ്ഞാതാൻ | തിരഞ്ഞുപിടിച്ചു് അറിയപ്പെട്ടാൽ അവയെ | | |
| ആരാത് | ദൂരത്തേക്കു് | ഹസന്തഃ | ചിരിച്ചുകൊണ്ടു് |
| ചിക്ഷിപുഃ ച | എറിഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു. | ദദുഃ ച | തിരികെ കൊടുക്കയും ചെയ്തിരുന്നു. |

യദി ദൂരം ഗതഃ കൃഷ്ണോ വനശോഭേക്ഷണായ തം
അഹം പൂർവ്വമഹം പൂർവ്വമിതി സംസ്പൃശ്യ രേമിരേ. 6

| | | | |
|---|---|---|---|
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | അഹം പൂർവ്വം | ഞാൻ മുമ്പേ " |
| വനശോഭേക്ഷണായ | വനശോഭയെ കാണ്മാനായി | ഇതി | എന്ന സ്പർദ്ധയോടെ ഓടിച്ചെന്ന് |
| ദൂരം ഗതഃ യദി | അകലേക്കുപോയെങ്കിൽ | തം സംസ്പൃശ്യ | ഭഗവാനെ തൊട്ട് |
| അഹം പൂർവ്വം | "ഞാൻ മുമ്പേ | രേമിരേ | കുട്ടികളാ കളിച്ചു. |

കേചിദ്വേണൂൻ വാദയന്തോ ധ്മാന്തഃ ശൃംഗാണി കേചന
കേചിദ് ഭൃംഗൈഃ പ്രഗായന്തഃ കൂജന്തഃ കോകിലൈഃ പരേ. 7

| | | | |
|---|---|---|---|
| കേചിത് | ചിലർ | കേചിത് | വേറെ ചിലർ |
| വേണൂൻ | പുല്ലാങ്കുഴൽ | ഭൃംഗൈഃ | വണ്ടുകളോടൊപ്പം |
| വാദയന്തഃ | ഊതിക്കൊണ്ടിരുന്നു ; | പ്രഗായന്തഃ | പാടിക്കൊണ്ടിരുന്നു ; |
| കേചന | ചിലർ | പരേ | മററു ചിലർ |
| ശൃംഗാണി ധ്മാന്തഃ | കൊമ്പു വിളിച്ചുകൊണ്ടിരുന്നു ; | കോകിലൈഃ | കുയിലുകളുടെകൂടെ |
| | | കൂജന്തഃ | കൂവിക്കൊണ്ടിരുന്നു. |

വിച്ഛായാഭിഃ പ്രധാവന്തോ ഗച്ഛന്തഃ സാധു ഹംസകൈഃ
ബകൈരുപവിശന്തശ്ച നൃത്യന്തശ്ച കലാപിഭിഃ. 8

| | | | |
|---|---|---|---|
| വിച്ഛായാഭിഃ | പക്ഷികളുടെ നിഴലുകളോടൊന്നിച്ച് | ഗച്ഛന്തഃ | നടന്നുകൊണ്ടും, |
| | | ബകൈഃ | കൊററികളോടൊപ്പം |
| പ്രധാവന്തഃ | ഓടിക്കൊണ്ടും, | ഉപവിശന്തഃ ച | ചടഞ്ഞിരുന്നുകൊണ്ടും, |
| | | കലാപിഭിഃ | മയിലുകളോടുകൂടി |
| ഹംസകൈഃ | അരയന്നങ്ങളോടുകൂടെ | നൃത്യന്തഃ ച | ചാഞ്ചാടിയും (അവർ കളിച്ചു.) |
| സാധു | ഭംഗിയിൽ | | |

വികർഷന്തഃ കീശവാലാനാരോഹന്തശ്ച തൈർദ്രുമാൻ
വികുർവ്വന്തശ്ച തൈഃ സാകം പ്ലവന്തശ്ച പലാശിഷു. 9

| | | | |
|---|---|---|---|
| കീശവാലാൻ | കുരങ്ങന്മാരുടെ വാലുകളെ | ആരോഹന്തഃ ച | കയറിയും, |
| | | തൈഃ സാകം | അവയോടൊന്നിച്ച് |
| വികർഷന്തഃ | പിടിച്ചുവലിച്ചും, | വികുർവ്വന്തഃ ച | ഗോഷ്ടികാട്ടിയും |
| തൈഃ | അവയുടെകൂടെ | പലാശിഷു | മരങ്ങളിന്മേൽ |
| ദ്രുമാൻ | മരങ്ങളിലേക്ക് | പ്ലവന്തഃ ച | ചാടിനടന്നും (കളിച്ചു.) |

സാകം ഭേകൈർവ്വിലംഘന്തഃ സരിത്പ്രസ്രവസംപ്ലുതാഃ
വിഹസന്തഃ പ്രതിച്ഛായാഃ ശപന്തശ്ച പ്രതിസ്വനാൻ. 10

| | | | |
|---|---|---|---|
| ഭേകൈഃ സാകം | തവളകളുടെകൂടെ | പ്രതിച്ഛായാഃ | നിഴലുകളെനോക്കി |
| വിലംഘന്തഃ | ചാടിച്ചാടിനടന്നും, | വിഹസന്തഃ | അപഹസിച്ചും, |
| സരിത്പ്രസ്രവസംപ്ലുതാഃ | പുഴകളിലും അരുവികളിലും മുങ്ങിക്കളിച്ചും, | പ്രതിസ്വനാൻ | മാറെറാലികളോടു |
| | | ശപന്തഃ ച | വഴക്കടിച്ചും (കളിച്ചു.) |

ഇത്ഥം സതാം ബ്രഹ്മസുഖാനുഭൂത്യാ ദാസ്യം ഗതാനാം പരദൈവതേന
മായാശ്രിതാനാം നരദാരകേണ സാകം വിജഹ്രുഃ കൃതപുണ്യപുഞ്ജാഃ. 11

| | |
|---|---|
| സതാം | ജ്ഞാനികൾക്ക് |
| ബ്രഹ്മസുഖാനുഭൂത്യാ | ബ്രഹ്മാനന്ദാനുഭൂതിയായും, |
| ദാസ്യം | ദാസഭാവത്തെ |
| ഗതാനാം | പ്രാപിച്ച ഭക്തന്മാർക്ക് |
| പരദൈവതേന | ഇഷ്ടദൈവതമായും, |
| മായാശ്രിതാനാം | മായയെ ആശ്രയിച്ചിരിക്കുന്ന ലൌകികന്മാർക്ക് |
| നരദാരകേണ സാകം | മർത്ത്യബാലനായും പ്രതിഭാസിക്കുന്ന നന്ദകുമാരനോടുകൂടെ |
| കൃതപുണ്യപുഞ്ജാഃ | മുജ്ജന്മത്തിൽ സമൃദ്ധിയായി മഹാപുണ്യം ചെയ്തിരിക്കുന്ന ഗോപാലബാലന്മാർ |
| ഇത്ഥം | മുൻപറഞ്ഞവിധം |
| വിജഹ്രുഃ | വിഹരിച്ചു. |

യത്പാദപാംസുർബ്ബഹുജന്മകൃച്ഛ്രതോ
ധൃതാത്മഭിര്യോഗിഭിരപ്യലഭ്യഃ
സ ഏവ യദ്ദൃഗ്വിഷയഃ സ്വയം സ്ഥിതഃ
കിം വർണ്ണ്യതേ ദിഷ്ടമഹോ വ്രജൌകസാം. 12

| | |
|---|---|
| ബഹുജന്മകൃച്ഛ്രതഃ | അനേകജന്മങ്ങളിൽ ചെയ്ത തപോനുഷ്ഠാനാദി കഷ്ടങ്ങൾകൊണ്ട് |
| ധൃതാത്മഭിഃ | മനോനിയന്ത്രണം സാധിച്ചിട്ടുള്ള |
| യോഗിഭിഃ അപി | യോഗികളാൽക്കൂടി |
| യത്പാദപാംസുഃ | യാതൊരുവൻെറ പാദരേണുപോലും |
| അലഭ്യഃ | ലഭ്യമാകാതിരിക്കുന്നുവോ, |
| സഃ ഏവ | ആ ശ്രീഭഗവാൻതന്നെ |
| സ്വയം | പ്രത്യക്ഷത്തിൽ |
| യദ്ദൃഗ്വിഷയഃ | യാവചിലരുടെ ദൃഷ്ടികൾക്ക് വിഷയീഭവിച്ചുകൊണ്ടാണോ |
| സ്ഥിതഃ | സ്ഥിതിചെയ്യുന്നത് |
| വ്രജൌകസാം | ആ ഗോകുലവാസികളുടെ |
| ദിഷ്ടം | പരമഭാഗ്യം |
| കിം വർണ്ണ്യതേ | എങ്ങിനെ വർണ്ണിക്കേണ്ടു? |
| അഹോ | അത്ഭുതകരം ! |

അഥാഘനാമാഽഭ്യപതന്മഹാസുര-
സ്തേഷാം സുഖക്രീഡനവീക്ഷണാക്ഷമഃ
നിത്യം യദന്തർന്നിജജീവിതേപ്സുഭിഃ
പീതാമൃതൈരപ്യമരൈഃ പ്രതീക്ഷ്യതേ. 13

| | |
|---|---|
| പീതാമൃതൈഃ അപി | അമൃതപാനം ചെയ്തവരെങ്കിലും കൂടി |
| അമരൈഃ | ദേവന്മാരാൽ |
| നിജജീവിതേപ്സുഭിഃ | സ്വജന്മസാഫല്യം നേടാനാഗ്രഹിച്ചുകൊണ്ട് |
| യത് | യാതൊരു ബാലലീലയാണോ |
| നിത്യം | എപ്പോഴും |
| അന്തഃ | ഉള്ളിൽ |
| പ്രതീക്ഷ്യതേ | പ്രതീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്, അങ്ങിനെയുള്ള, |
| തേഷാം | അവരുടെ |
| സുഖക്രീഡനവീക്ഷണാക്ഷമഃ | സുഖത്തോടുകൂടിയ ലീലകളെ കണ്ടിരിക്കുവാൻ ക്ഷമയില്ലാതിരുന്ന |
| അഘനാമാ | അഘനെന്നുപേരായ |
| മഹാസുരഃ | ഒരു മഹാസുരൻ |
| അഥ | തത്സമയത്ത് |
| അഭ്യപതത് | അവിടെ എത്തിച്ചേർന്നു. |

ദൃഷ്ട്വാർഭകാൻ കൃഷ്ണമുഖാനഘാസുരഃ കംസാനുശിഷ്ടഃ സ ബകീബകാനുജഃ
അയം തു മേ സോദരനാശകൃത്തയോർദ്വയോർമ്മമൈനം സബലം ഹനിഷ്യേ. 14

| | | | |
|---|---|---|---|
| കംസാനുശിഷ്ടഃ | കംസനാൽ നിയോഗിക്കപ്പെട്ടവനും, | അയം തു | "ഇവൻതന്നെയാണ് |
| ബകീബകാനുജഃ | പൂതന, ബകൻ എന്നിവരുടെ അനുജനും, | മേ | എന്റെ |
| ഖലഃ | ദുർവൃത്തനും ആയ | സോദരം നാശകൃത് | സോദരിയേയും സോദരനേയും കൊന്നവൻ. |
| സഃ അഘാസുരഃ | ആ അഘാസുരൻ | മമ | എന്നെ സംബന്ധിച്ചു |
| കൃഷ്ണമുഖാൻ | കൃഷ്ണാദികളായ | തയോഃ ദ്വയോഃ | ആ രണ്ടുപേർക്കുമായി |
| അർഭകാൻ | ബാലകന്മാരെ | ഏനം | ഇവനെ |
| ദൃഷ്ട്വാ | കണ്ടിട്ട് (ഉള്ളിൽവിചാരിച്ചു) | സബലം | സംഘത്തോടുകൂടെ |
| | | ഹനിഷ്യേ | കൊന്നുകളയുന്നുണ്ട്. |

ഏതേ യദാ മത്സുഹൃദോസ്തിലാപഃ
കൃതാസ്തദാ നഷ്ടസമാ വ്രജൌകസഃ
പ്രാണേ ഗതേ വർഷ്മസു കാ നു ചിന്താ
പ്രജാസവഃ പ്രാണഭൃതോ ഹി യേ തേ. 15

| | | | |
|---|---|---|---|
| ഏതേ | "ഇവർ | പ്രാണേ ഗതേ | ജീവൻപോയിക്കഴിഞ്ഞാൽ |
| യദാ | എപ്പോൾ | വർഷ്മസു | ശരീരങ്ങളിൽ |
| മത്സുഹൃദോഃ | എന്റെ മരിച്ചുപോയ പ്രിയ സഹോദരക്ക് | ചിന്താ കാ നു | ചിന്തയെന്തിരിക്കുന്നു ! |
| തിലാഃ കൃതാഃപഃ | തിലോദകമായിത്തീർക്കപ്പെടുന്നുവോ | ഹി | എന്തെന്നാൽ |
| തദാ | അപ്പോൾ | യേ പ്രാണഭൃതഃ തേ | പ്രാണനുള്ളവരെല്ലാം |
| വ്രജൌകസഃ | ഗോകുലത്തിലുള്ള ജനങ്ങളും | പ്രജാസവഃ | സ്വസന്താനങ്ങളെ പ്രാണനായി കരുതുന്നവരാണ്." |
| നഷ്ടസമാഃ | മൃതപ്രായരാകും. | | |

ഇതി വ്യവസ്യാജഗരം ബൃഹദ്വപുഃ സ യോജനായാമമഹാദ്രിപീവരം
ധൃത്വാദ്ഭുതം വ്യാത്തഗുഹാനനം തദാ പഥി വ്യശേത ഗ്രസനാശയാ ഖലഃ.

| | | | |
|---|---|---|---|
| സഃ ഖലഃ | ആ ദുഷ്ടൻ | അദ്ഭുതം | അദ്ഭുതകരവും ആയ |
| ഇതി വ്യവസ്യ | ഈവിധം കരുതി, | അജഗരം വപുഃ | പെരുമ്പാമ്പിന്റെരൂപം |
| യോജനായാമ മഹാദ്രിപീവരം | ഒരു യോജനയോളം നീണ്ടതും, മാമലപോലെ പെരുത്തതും | ധൃത്വാ | ധരിച്ച് |
| വ്യാത്ത-ഗുഹാനനം | ഗുഹയോടൊത്ത പിളന്ന മുഖത്തോടുകൂടിയതും, | ഗ്രസനാശയാ | വിഴുങ്ങുവാനുള്ള മോഹത്തോടെ |
| ബൃഹത് | അതിഘോരവും, | തദാ | അന്നേരം |
| | | പഥി | വഴിയിൽ |
| | | വ്യശേത | കിടന്നു. |

ധരാധരോഷ്ഠോ ജലദോത്തരോഷ്ഠോ
ദര്യ്യാനനാന്തോ ഗിരിശൃംഗദംഷ്ട്രഃ
ധ്വാന്താന്തരാസ്യോ വിതതാധ്വജിഹ്വഃ
പരുഷാനിലശ്വാസദവേക്ഷണോഷ്ണഃ. 17

| | |
|---|---|
| ധരാധരോഷ്ഠഃ | ഭൂമിയിൽ തൊട്ടിരിക്കുന്ന കീഴ്ച്ചുണ്ടോടും |
| ജലദോത്തരോഷ്ഠഃ | മേഘത്തിൽ മുട്ടിയിരിക്കുന്ന മേൽച്ചുണ്ടോടും, |
| ദര്യ്യാനനാന്തഃ | ഗുഹകൾക്കൊത്ത കടവായകളോടും, |
| ഗിരിശൃംഗദംഷ്ട്രഃ | പർവ്വതശിഖരങ്ങൾപോലെയുള്ള ദംഷ്ട്രകളോടും, |
| ധ്വാന്താന്തരാസ്യഃ | ഇരുളടഞ്ഞ മുഖാന്തർഭാഗത്തോടും, |
| വിതതാധ്വജിഹ്വഃ | നീണ്ട പെരുവഴിപോലെ കിടക്കുന്ന നാവോടും, |
| പരുഷാനിലശ്വാസദവേക്ഷണോഷ്ണഃ | കൊടുങ്കാററുപോലുള്ള ശ്വാസത്തോടും, കാട്ടുതീപോലുള്ള ദൃഷ്ടിജ്വാലയോടുംകൂടി അവൻ അവിടെ കിടന്നു. |

ദൃഷ്ട്വാ തം താദൃശം സർവ്വേ മത്വാ വൃന്ദാവനശ്രിയം
വ്യാത്താജഗരതുണ്ഡേന ഹ്യുത്പ്രേക്ഷന്തേ സ്മ ലീലയാ. 18

| | |
|---|---|
| താദൃശം | അപ്രകാരമുള്ള |
| തം | ആ അസുരനെ |
| ദൃഷ്ട്വാ | കണ്ടിട്ട്, |
| സർവ്വേ | എല്ലാ ഗോപാലബാലന്മാരും |
| വൃന്ദാവനശ്രിയം | വൃന്ദാവനത്തിന്റെ പ്രകൃതിസൌന്ദര്യ്യമാണെന്ന് |
| മത്വാ | വിചാരിച്ച് |
| വ്യാത്താജഗരതുണ്ഡേന | വായ്പിളൎന്നുകിടക്കുന്ന ഒരു പെരുമ്പാമ്പിന്റെ തലയോട് സാദൃശ്യപ്പെടുത്തിക്കൊണ്ട് |
| ലീലയാ ഹി | നേരംപോക്കായി |
| ഉത്പ്രേക്ഷന്തേ സ്മ | ഉൽപ്രേക്ഷിച്ചു. |

അഹോ മിത്രാണി ഗദത സത്വകൂടം പുരഃസ്ഥിതം
അസ്മത്സംഗ്രസനവ്യാത്തവ്യാളതുണ്ഡായതേ ന വാ. 19

| | |
|---|---|
| അഹോ | "ആശ്ചര്യ്യം! |
| മിത്രാണി | സ്നേഹിതന്മാരേ! |
| പുരഃസ്ഥിതം | നമ്മുടെ മുമ്പിൽ കിടക്കുന്നത് |
| സത്വകൂടം നവാ | ഒരു വലിയ ജന്തുവെപ്പോലെയിരിക്കുന്നു, ഇല്ലേ? |
| അസ്മത്സംഗ്രസനവ്യാത്തവ്യാളതുണ്ഡായതേ | നമ്മെയെല്ലാം വിഴുങ്ങുവാൻ വായ്പിളൎന്നുകിടക്കുന്ന ഒരു പെരുമ്പാമ്പിനെപ്പോലെ തോന്നുന്നില്ലേ? |
| ഗദത | പറയുവിൻ." |

സത്യമർക്കകരാരക്തമുത്തരാഹനുവദ് ഘനം
അധരാഹനുവദ്രോധസ്തത്പ്രതിച്ഛായയാऽരുണം. 20

| | |
|---|---|
| സത്യം | വാസ്തവംതന്നെ. |
| അർക്കകരാരക്തം | സൂര്യ്യകിരണങ്ങളാൽ ചുകന്നിരിക്കുന്ന |
| ഘനം | മേഘം |
| ഉത്തരാഹനുവത് | സർപ്പത്തിന്റെ മേൽച്ചുണ്ടുപോലെയും, |

തത്പ്രതിച്ഛായയാ } അവയുടെ പ്രതിഫലനത്താൽ
അരുണം ചുവന്നതായ

രോധഃ നദീതീരം
അധരാഹനവത് കീഴ്ചുണ്ടുപോലെയും ഇരിക്കുന്നു.

പ്രതിസ്പർദ്ധേതേ സൃക്കിഭ്യാം സവ്യാസവ്യേ നഗോദരേ
തുംഗശൃംഗാലയോഽപ്യേതാസ്തദ്ദംഷ്ട്രാഭിശ്ച പശ്യത. 21

സവ്യാസവ്യേ ഇടത്തും വലത്തുമുള്ള
നഗോദരേ രണ്ടുപർവ്വതഗുഹകൾ
സൃക്കിഭ്യാം അതിന്റെ കോർവായ്കളോട്
പ്രതിസ്പർദ്ധേതേ കിടനില്ക്കുന്നു. (തുല്യമാണ്.)

ഏതാഃ ഇക്കാണുന്ന
തുംഗശൃംഗാലയഃ അപി } ഉയരമുള്ള കൊടുമുടിനിരകളാകട്ടെ
തദ്ദംഷ്ട്രാഭിഃ ച അതിന്റെ തേററപ്പല്ലുകളോടും (തുല്യമാണ്).
പശ്യത നോക്കുവിൻ.

ആസ്തൃതായാമമാർഗ്ഗോഽയം രസനാം പ്രതിഗർജ്ജതി
ഏഷാമന്തർഗ്ഗതം ധ്വാന്തമേതദപ്യന്തരാനനം 22

അയം ആസ്തൃതായാമമാർഗ്ഗഃ } വീതിയും നീളവുമുള്ള ഈ പെരുവഴി
രസനാം നാവിനേയും,
ഏഷാം ഈ കൊടുമുടികളുടെ
അന്തഃ ഗതം ഇടയിൽ തങ്ങിനില്ക്കുന്ന

ഏതത് ധ്വാന്തം ഈ അന്ധകാരം
അന്തരാനനം അപി } മുഖാന്തർഭാഗത്തേയും
പ്രതിഗർജ്ജതി വെല്ലുവിളിച്ചുനില്ക്കുന്നു.

ദാവോഷ്ണഖരവാതോഽയം ശ്വാസവദ്ഭാതി പശ്യത
തദ്ദഗ്ദ്ധസത്ത്വദുർഗ്ഗന്ധോഽപ്യന്തരാമിഷഗന്ധവത്. 23

പശ്യത "നോക്കുക!
അയം ദാവോഷ്ണഖരവാതഃ } കാട്ടുതീകൊണ്ടു ചൂടുപിടിച്ച ഈ പരുക്കൻ കാററ്
ശ്വാസവത് ഭാതി ചീററൽപോലെ തോന്നിക്കുന്നു.

തദ്ദഗ്ദ്ധസത്ത്വദുർഗ്ഗന്ധഃ } അതിൽ വെന്തുപോയ ജന്തുക്കളുടെ നാററം
അന്തരാമിഷഗന്ധവത് അപി } ഇതിന്റെ വായിലുള്ള മാംസത്തിന്റെ നാററം പോലെയും ഇരിക്കുന്നു."

അസ്മാൻ കിമത്ര ഗ്രസിതാ നിവിഷ്ടാ-
നയം തഥാ ചേദ്ബകവദ്വിനങ്ക്ഷ്യതി
ക്ഷണാദനേനേതി ബകാര്യുശന്മുഖം
വീക്ഷ്യോദ്ധസന്തഃ കരതാഡനൈര്യയുഃ. 24

അത്ര നിവിഷ്ടാൻ "ഇതിനുള്ളിൽ അകപ്പെട്ട
അസ്മാൻ നമ്മെ
അയം ഈ ജന്തു
ഗ്രസിതാ കിം വിഴുങ്ങുമോ എന്തോ?

തഥാ ചേത് അങ്ങനെ വന്നാൽ
ബകവത് ആ കൊററിയെപ്പോലെ
ക്ഷണാത് ക്ഷണനേരംകൊണ്ട്
അനേന ഇവനാൽ (കൃഷ്ണനാൽ)
വിനങ്ക്ഷ്യതി നശിച്ചുപോകും"

| | | | |
|---|---|---|---|
| ഇതി | എന്നുപറഞ്ഞുകൊണ്ട് | ഉദ്ധസന്തഃ | ഉച്ചത്തിൽ ചിരിച്ചുകൊണ്ടും, |
| ബകാര്യുശന്മുഖം | ബകാരിയായ ഭഗവാന്റെ തിരുമുഖത്തെക്കു | കരതാഡനൈഃ | കൈകൊട്ടലുകളോടു കൂടിയും |
| വീക്ഷ്യ | നോക്കി | യയുഃ | നടന്നു. |

ഇത്ഥം മിഥോഽതഥ്യമതജ്ജ്ഞഭാഷിതം
ശ്രുത്വാ വിചിന്ത്യേത്യമൃഷാ മൃഷായതേ
രക്ഷോ വിദിത്വാഽഖിലഭൂതഹൃത്സ്ഥിതഃ
സ്വാനാം നിരോദ്ധും ഭഗവാൻ മനോ ദധേ. 25

| | | | |
|---|---|---|---|
| മിഥഃ | തമ്മിൽത്തമ്മിൽ | ഇതി വിചിന്ത്യ | എന്നാലോചിച്ച് |
| അതജ്ജ്ഞഭാഷിതം | അതിന്റെ യാഥാർത്ഥ്യം അറിയാത്ത കുട്ടികളുടെ വാക്കിനെ | അഖിലഭൂതഹൃത്സ്ഥിതഃ | സകല ഭൂതങ്ങളുടേയും ഹൃദയാന്തരത്തിൽ നിവസിക്കുന്ന |
| ഇത്ഥം | ഈ വിധം | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| അതഥ്യം | അയഥാർത്ഥരൂപമായി | രക്ഷഃ | അതു രാക്ഷസനാണെന്നു |
| ശ്രുത്വാ | കേട്ട് | വിദിത്വാ | അറിഞ്ഞിട്ട് |
| അമൃഷാ | 'വാസ്തവത്തെ | സ്വാനാം | സ്വന്തം സ്നേഹിതന്മാരെ |
| മൃഷായതേ | അവാസ്തവമായി കരുതുന്നുവല്ലോ!' | നിരോദ്ധും | തടയുവാൻ |
| | | മനഃ ദധേ | ആഗ്രഹിച്ചു. |

താവത് പ്രവിഷ്ടാസ്ത്വസുരോദരാന്തരം
പരം ന ഗീർണ്ണാഃ ശിശവഃ സവത്സാഃ
പ്രതീക്ഷമാണേന ബകാരിവേശനം
ഹതസ്വകാന്തസ്മരണേന രക്ഷസാ. 26

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കും | ബകാരിവേശനം | ബകവൈരിയായ ഭഗവാന്റെ പ്രവേശനത്തെ |
| ശിശവഃ | ഗോപബാലന്മാർ | പ്രതീക്ഷമാണേന | പ്രതീക്ഷിച്ചുകൊണ്ടും, |
| സവത്സാഃ | പശുക്കളോടുകൂടി | ഹതസ്വകാന്തസ്മരണേന | കൊല്ലപ്പെട്ട സ്വകീയരുടെ വിനാശത്തെ ഓർത്തുകൊണ്ടും ഇരിക്കുന്ന |
| അസുരോദരാന്തരം | അസുരന്റെ ജഠരത്തിനകത്തേക്ക് | രക്ഷസാ | അസുരനാൽ |
| പ്രവിഷ്ടാഃ | പ്രവേശിച്ചുകഴിഞ്ഞിരുന്നു. | ന ഗീർണ്ണാഃ | (അവർ) വിഴുങ്ങപ്പെട്ടില്ല. |
| പരം തു | എന്നാൽ | | |

താൻ വീക്ഷ്യ കൃഷ്ണഃ സകലാഭയപ്രദോ
ഹ്യനന്യനാഥാൻ സ്വകരാദവച്യുതാൻ
ദീനാംശ്ച മൃത്യോർജ്ജഠരാഗ്നിഘാസാൻ
ഘൃണാർദ്ദിതോ ദിഷ്ടകൃതേന വിസ്മിതഃ. 27

| | |
|---|---|
| സകലാഭയപ്രദഃ | എവർക്കും അഭയദാനം ചെയ്യുന്ന |
| കൃഷ്ണഃ | ശ്രീകൃഷ്ണഭഗവാൻ |
| അനന്യനാഥാൻ | താനല്ലാതെ വേറെ രക്ഷകനില്ലാത്തവരും |
| സ്വകരാത് | തന്റെ കൈയിൽനിന്ന് |
| അവച്യുതാൻ | വിട്ടുപോയവരും, |
| ദീനാൻ | ദൈന്യം കലർന്നവരും, |
| മൃത്യോഃ | അന്തകന്റെ |
| ജഠരാഗ്നി- ഘാസാൻ ച | ജഠരാഗ്നിക്ക് ഇരയായിത്തീർന്നവരും ആയ |
| താൻ വീക്ഷ്യ | അവരെ കണ്ട് |
| ഘൃണാർദ്ദിതഃ | കൃപാപരവശനായിട്ട് |
| ദിഷ്ടകൃതേന | ദൈവേച്ഛയുടെ പ്രവൃത്തനംകൊണ്ടുണ്ടായ ഈ സംഭവത്താൽ |
| വിസ്മിതഃ ഹി | ആശ്ചര്യപ്പെട്ടുകതന്നെ ചെയ്തു. |

കൃത്യം കിമത്രാസ്യ ഖലസ്യ ജീവനം
ന വാ അമീഷാം ച സതാം വിഹിംസനം
ദ്വയം കഥം സ്യാദിതി സംവിചിന്ത്യ ത-
ജ്ജ്ഞാത്വാവിശത്തുണ്ഡമശേഷദൃഗ്ഘരിഃ. 28

| | |
|---|---|
| അത്ര | "ഇവിടെ |
| കിം കൃത്യം | ചെയ്യാവുന്നതെന്ത്? |
| അസ്യ ഖലസ്യ | ഈ ദുഷ്ടന്റെ |
| ജീവനം വാ | ജീവിതവും, |
| സതാം | ഭക്തന്മാരായ |
| അമീഷാം | ഇവരുടെ |
| വിഹിംസനം ച | മരണവും |
| ന | ഉണ്ടാകരുത്; |
| ദ്വയം | ഈരണ്ടും |
| കഥം സ്യാത് | ഏതുപ്രകാരത്തിലാകണം" |
| ഇതി | എന്നിപ്രകാരം |
| അശേഷദൃക് | എല്ലാം കണ്ടറിയുന്ന |
| ഹരിഃ | കൃഷ്ണൻ |
| സംവിചിന്ത്യ | വേണ്ടുംവിധം ചിന്തിച്ചശേഷം |
| തത് ജ്ഞാത്വാ | അതിനുവേണ്ടതെന്തെന്നറിഞ്ഞ് |
| തുണ്ഡം | പാമ്പിന്റെ വായ്ക്കകത്തേക്ക് |
| അവിശത് | പ്രവേശിച്ചു. |

തദാ ഘനച്ഛദാ ദേവാ ഭയാദ്ധാഹേതി ചുക്രുശുഃ
ജഹൃഷുര്യേ ച കംസാദ്യാഃ കൌണപാസ്ത്വഘബാന്ധവാഃ. 29

| | |
|---|---|
| തദാ | അന്നേരത്ത് |
| ഭയാത് | ഭയത്താൽ |
| ഘനച്ഛദാഃ | മേഘങ്ങളിൽമറഞ്ഞിരുന്ന |
| ദേവാഃ | ദേവന്മാർ |
| ഹാ ഹാ ഇതി | അയ്യോ! അയ്യോ!! എന്ന് |
| ചുക്രുശുഃ | നിലവിളികൂട്ടി. |
| കംസാദ്യാഃ ച | കംസൻ തുടങ്ങിയവരും |
| അഘബാന്ധവാഃ | അഘാസുരന്റെ ബന്ധുക്കളായ |
| യേ കൌണപാഃ തു | രാക്ഷസന്മാർ ആരെല്ലാമോ അവരും |
| ജഹൃഷുഃ | സന്തോഷിച്ചു. |

തച്ഛ്രുത്വാ ഭഗവാൻ കൃഷ്ണസ്ത്വവ്യയഃ സാർദ്ധവത്സകം
ചൂർണ്ണീചികീർഷോരാത്മാനം തരസാ വവൃധേ ഗളേ. 30

| | |
|---|---|
| ഭഗവാൻ | സർവ്വൈശ്വര്യപൂർണ്ണനും |
| അവ്യയഃ | നാശരഹിതനും ആയ |
| കൃഷ്ണഃ തു | ശ്രീകൃഷ്ണനാകട്ടെ |
| തത് ശ്രുത്വാ | അത് (ദേവകളുടെ ആർത്തനാദം) കേട്ട് |

| | | | |
|---|---|---|---|
| സാൎഭവത്സകം ആത്മാനം | പശുപാലബാലന്മാരോടും പശുക്കിടാങ്ങളോടും കൂടിയ തന്നെ | ഗളേ | തൊണ്ടക്കുള്ളിൽ ഇരുന്നുകൊണ്ട് |
| ചൂൎണ്ണീചികീൎഷോഃ | പൊടി പെടുത്തുവാൻ കൊതിച്ചു കൊണ്ടിരിക്കുന്നവന്റെ | തരസാ | അതിവേഗം |
| | | വവൃധേ | വളൎന്നു. |

തതോഽതികായസ്യ നിരുദ്ധമാൎഗ്ഗിണോ
ഹ്യുദ്ഗീൎണ്ണദൃഷ്ടേർഭ്രമതസ്ത്വിതസ്തതഃ
പൂൎണ്ണോഽന്തരംഗേ പവനോ നിരുദ്ധോ
മൂൎദ്ധൻ വിനിഷ്പാട്യ വിനിൎഗ്ഗതോ ബഹിഃ. 31

| | | | |
|---|---|---|---|
| തതഃ | അതിനാൽ | അന്തരംഗേ ഹി | അകത്തുതന്നെ |
| നിരുദ്ധമാൎഗ്ഗിണഃ | ശ്വാസനാളം അടഞ്ഞ്, | പൂൎണ്ണഃ നിരുദ്ധഃ | നിറഞ്ഞു വീൎപ്പുമുട്ടിയ |
| ഉദ്ഗീൎണ്ണദൃഷ്ടേഃ | കൺതുറിച്ച്, | പവനഃ | പ്രാണവായു |
| ഇതഃ തതഃ തു | അങ്ങുമിങ്ങും കിടന്ന് | മൂൎദ്ധൻ | ശിരസ്സിനെ |
| ഭ്രമതഃ | വട്ടംചുററിപ്പിടയുന്ന | വിനിഷ്പാട്യ | പിളൎന്ന് |
| അതികായസ്യ | സുദീൎഘകായനായ അസുരന്റെ | ബഹിഃ | പുറത്തേക്ക് |
| | | വിനിൎഗ്ഗതഃ | പോയി. |

തേനൈവ സൎവ്വേഷു ബഹിൎഗ്ഗതേഷു
പ്രാണേഷു വത്സാൻ സുഹൃദഃ പരേതാൻ
ദൃഷ്ട്വാ സ്വയോത്ഥാപ്യ തദന്വിതഃ പുന-
ൎവ്വക്ത്രാന്മുകുന്ദോ ഭഗവാൻ വിനിൎയ്യയൌ. 32

| | | | |
|---|---|---|---|
| തേന ഏവ | അതിലൂടെതന്നെ | ഉത്ഥാപ്യ | എഴുന്നേല്പിച്ച് |
| സൎവ്വേഷു പ്രാണേഷു | പ്രാണൻ മുഴുവനും | തദന്വിതഃ | അവരോടുകൂടെ |
| | | വക്ത്രാത് | സൎപ്പമുഖത്തിൽനിന്ന് |
| ബഹിഃ ഗതേഷു | പുറത്തുപോയശേഷം | ഭഗവാൻ | സൎവ്വൈശ്വൎയ്യപൂൎണ്ണനും |
| പരേതാൻ | മൂൎച്ഛിതരായ | മുകുന്ദഃ | മുക്തിദാതാവുമായ ശ്രീകൃഷ്ണൻ |
| സുഹൃദഃ | സ്നേഹിതന്മാരേയും | | |
| വത്സാൻ | പശുക്കുട്ടികളേയും | പുനഃ | പിന്നീട |
| സ്വയാ ദൃഷ്ട്യാ | തൻ കൃപാകടാക്ഷത്താൽ | വിനിൎയ്യയൌ | പുറത്തേക്കുപോന്നു. |

പീനാഹിഭോഗോത്ഥിതമദ്ഭുതം മഹ-
ജ്ജ്യോതിഃ സ്വധാമ്നാ ജ്വലയദ്ദിശോ ദശ
പ്രതീക്ഷ്യ ഖേഽവസ്ഥിതമീശനിൎഗ്ഗമം
വിവേശ തസ്മിൻ മിഷതാം ദിവൌകസാം. 33

| | | | |
|---|---|---|---|
| പീനാഹിഭോഗോത്ഥിതം | വമ്പിച്ച പെരുമ്പാമ്പിന്റെ ഉടലിൽ നിന്ന് ഉയൎന്നതും, | അദ്ഭുതം | ആശ്ചൎയ്യകരവും ആയ |
| | | മഹത് ജ്യോതിഃ | ഒരു മഹാതേജസ്സ് |
| | | സ്വധാമ്നാ | സ്വകാന്തിയാൽ |

| | | | |
|---|---|---|---|
| ദശ ദിശഃ | പത്തുദിക്കിനേയും | അവസ്ഥിതം | സ്ഥിതിചെയ്തശേഷം |
| ജ്വലയന്ത് | ഉജ്ജ്വലിപ്പിച്ചുകൊണ്ട് | ദിവൌകസാം | ദേവന്മാർ |
| ഈശനിർഗ്ഗമം | ഭഗവാൻ പുറത്തേക്കുവരുന്നതിനെ | മിഷതാം | നോക്കിനില്ക്കേ |
| പ്രതീക്ഷ്യ | കാത്തു | തസ്മിൻ | അവിടുത്തെ തിരുമെയ്യിൽ |
| ഖേ | ആകാശത്തിൽ | വിവേശ | ചെന്നുചേർന്നു. |

തതോऽതിഹൃഷ്ടാഃ സ്വകൃതോऽകൃതാർഹണം
പുഷ്പൈഃ സുരാ അപ്സരസശ്ച നർത്തനൈഃ
ഗീതൈഃ സുഗാ വാദ്യധരാശ്ച വാദ്യകൈഃ
സ്തവൈശ്ച വിപ്രാ ജയനിഃസ്വനൈർഗ്ഗണാഃ. 34

| | | | |
|---|---|---|---|
| തതഃ | അനന്തരം | വാദ്യകൈഃ ച | വാദ്യങ്ങളാലും, |
| അതിഹൃഷ്ടാഃ | ഏററവും സന്തുഷ്ടരായ | വിപ്രാഃ | ഋഷികൾ |
| സുരാഃ | ദേവന്മാർ | സ്തവൈഃ | സ്തോത്രങ്ങളാലും, |
| പുഷ്പൈഃ | പുഷ്പങ്ങളാലും, | ഗണാഃ | പാർഷദന്മാർ |
| അപ്സരസഃ | അപ്സരസ്ത്രീകൾ | ജയനിഃ— സ്വനൈഃ ച | ജയധ്വനികളാലും |
| നർത്തനൈഃ ച | നൃത്തങ്ങളാലും, | | |
| സുഗാഃ | ഗന്ധർവ്വന്മാർ | സ്വകൃതഃ | തങ്ങൾക്ക് ഉപകാരം ചെയ്ത ഭഗവാന്ന് |
| ഗീതൈഃ | പാട്ടുകളാലും, | | |
| വാദ്യധരാഃ | വിദ്യാധരന്മാർ | അർഹണം അകൃത | സമാരാധന ചെയ്തു. |

തദത്ഭുതസ്തോത്രസുവാദ്യഗീതികാ-
ജയാദിനൈകോത്സവമംഗളസ്വനാൻ
ശ്രുത്വാ സ്വധാമ്നോऽന്ത്യജ ആഗതോऽചിരാത്
ദൃഷ്ട്വാ മഹീശസ്യ ജഗാമ വിസ്മയം. 35

| | | | |
|---|---|---|---|
| തദത്ഭുതസ്തോത്രസുവാദ്യ-ഗീതികാജയാദിനൈകോത്സവ-മംഗളസ്വനാൻ | അവരുടെ അത്ഭുതസ്തോത്രങ്ങൾ, സുഖകരവാദ്യങ്ങൾ, സുകുമാരഗീതങ്ങൾ, ജയധ്വനികൾ മുതലായ ബഹുവിധ കോലാഹലങ്ങളാൽ ഉള്ളവായ മംഗളശബ്ദങ്ങളെ | അന്തി | സമീപത്തിൽ |
| | | ശ്രുത്വാ | കേട്ടിട്ട് |
| | | അചിരാത് | വേഗത്തിൽ |
| | | അജഃ | ബ്രഹ്മാവ് |
| | | ആഗതഃ | അവിടെ എത്തി; |
| | | ഈശസ്യ | ഭഗവാന്റെ |
| സ്വധാമ്നഃ | സ്വസ്ഥാനമായ സത്യലോകത്തിന്ന് | മഹി ദൃഷ്ട്വാ | മഹിമ കണ്ട് |
| | | വിസ്മയം ജഗാമ | ആശ്ചര്യപ്പെട്ടു. |

രാജന്നാജഗരം ചർമ്മ ശുഷ്കം വൃന്ദാവനേऽത്ഭുതം
വ്രജൌകസാം ബഹുതിഥം ബഭൂവാऽക്രീഡഗഹ്വരം. 36

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ആജഗരം | ആ പെരുമ്പാമ്പിൻ |
| അത്ഭുതം | അത്ഭുതകരമായ | ചർമ്മ | തോൽ |

| | |
|---|---|
| ശുഷ്കം | ഉണങ്ങിക്കിടന്നുകൊണ്ട് |
| വ്രജൗകസാം | ഗോപന്മാർക്ക് |
| ബഹുതിഥം | വളരെക്കാലം |
| വൃന്ദാവനേ | വൃന്ദാവനത്തിൽ |
| ആക്രീഡഗഹ്വരം ബഭൂവ | കളിക്കാനുള്ള ഒരു ഗുഹയായിത്തീർന്നു. |

ഏതത് കൌമാരജം കർമ്മ ഹരേരാത്മാഹിമോക്ഷണം
മൃത്യോഃ പൌഗണ്ഡകേ ബാലാ ദൃഷ്ട്വോചുർവ്വിസ്മിതാ വ്രജേ. 37

| | |
|---|---|
| മൃത്യോഃ | മൃത്യുവിൽനിന്ന് |
| ആത്മാഹി-മോക്ഷണം | തന്റെ ആളുകളെ മോചിപ്പിച്ചതും, സർപ്പരൂപിയായ അഘാസുരന്ന് മോക്ഷം കൊടുത്തതും ആയ |
| ഹരേഃ | ശ്രീകൃഷ്ണന്റെ |
| കൌമാരജം | അഞ്ചുവയസ്സു പ്രായത്തിന്നുള്ളിൽ നടന്ന |
| ഏതത് കർമ്മ | ഈ കാര്യത്തെ |
| ദൃഷ്ട്വാ | കണ്ട് |
| ബാലാഃ | ഗോപബാലന്മാർ |
| പൌഗണ്ഡകേ | ആറുവയസ്സ് പ്രായത്തിൽ നടന്ന കാര്യമായിട്ടാണ് |
| വ്രജേ | ഗോകുലത്തിൽചെന്ന് |
| വിസ്മിതാഃ | ആശ്ചര്യസമന്വിതരായി |
| ഊചുഃ | അറിയിച്ചത്. |

നൈതദ്വിചിത്രം മനുജാർഭമായിനഃ
പരാവരാണാം പരമസ്യ വേധസഃ
അഘോഽപി യത്സ്പർശനധൌതപാതകഃ
പ്രാപാത്മസാമ്യം ത്വസതാം സുദുർല്ലഭം. 38

| | |
|---|---|
| മനുജാർഭമായിനഃ | മനുഷ്യബാലരൂപത്തെ മായയാൽ ധരിച്ചവനും, |
| പരാവരാണാം | ബ്രഹ്മാദിസ്ഥാവരാന്തമുള്ള വസ്തുക്കളുടെ |
| വേധസഃ | സൃഷ്ടികർത്താവും ആയ |
| പരമസ്യ | ശ്രീഭഗവാന്റെ |
| സ്പർശനധൌത-പാതകഃ | സ്പർശനത്താൽ പാപമകന്നുപോയ |
| അഘഃ അപി | അഘാസുരൻപോലും |
| അസതാം | അസത്തുക്കൾക്ക് |
| സുദുർല്ലഭം | അത്യന്തം ദുർല്ലഭമായ |
| ആത്മസാമ്യം തു | ഭഗവത് സാരൂപ്യത്തെത്തന്നെ |
| പ്രാപ യത് ഏതത് | പ്രാപിച്ചു എന്നുള്ളതു് |
| ന വിചിത്രം | അത്ഭുതകരമല്ല. |

സകൃദ്യദംഗപ്രതിമാഽന്തരാഹിതാ മനോമയീ ഭാഗവതീം ദദൌ ഗതിം
സ ഏവ നിത്യാത്മസുഖാനുഭൂത്യഭിവ്യുദസ്തമായോഽന്തർഗ്ഗതോ ഹി കിം പുനഃ.

| | |
|---|---|
| യദംഗപ്രതിമാ | യാതൊരു ഭഗവാന്റെ സ്വരൂപത്തിൻ പ്രതിരൂപമാണോ |
| മനോമയീ | മനസ്സിനാൽ ധ്യാനിക്കപ്പെട്ട് |
| സകൃത് | ഒരിക്കൽമാത്രം |
| അന്തഃ ആഹിതാ | ഹൃദയാന്തർഭാഗത്തിൽ സ്ഥാപിതമായപ്പോഴും |
| ഭാഗവതീം ഗതിം | ഭഗവൽ സായുജ്യത്തെ |
| ദദൌ | പ്രദാനം ചെയ്തതു്, |
| നിത്യാത്മ-സുഖാനു-ഭൂത്യഭിവ്യുദസ്ത-മായഃ | ശാശ്വതമായ ആത്മാനന്ദാനുഭവത്താൽ ദൂരീകരിക്കപ്പെട്ട മായയോടു കൂടിയ |
| സഃ ഏവ | ആ ഭഗവാൻതന്നെ പ്രത്യക്ഷത്തിൽ |

| | |
|---|---|
| അന്തർഗ്ഗതഃ ഹി | ഉള്ളിലേക്ക കടന്നു ചെന്നാൽ |
| പുനഃ കിം | പിന്നെ ചോദിക്കാനുണ്ടോ ? |

സൂത ഉവാച = സൂതൻ പറഞ്ഞു :—

ഇത്ഥം ദ്വിജാ യാദവദേവദത്തഃ ശ്രുത്വാ സ്വരാതുശ്ചരിതം വിചിത്രം
പപ്രച്ഛ ഭൂയോऽപി തദേവ പുണ്യം വൈയാസകിം യന്നിഗൃഹീതചേതാഃ.

| | |
|---|---|
| ദ്വിജാഃ | ബ്രാഹ്മണരേ ! |
| ഇത്ഥം | ഇപ്രകാരം |
| യാദവദേവദത്തഃ | പരീക്ഷിത്ത് രാജാവ് |
| സ്വരാതുഃ | തന്റെ സംരക്ഷകനായ ശ്രീകൃഷ്ണഭഗവാന്റെ |
| വിചിത്രം | ആശ്ചര്യജനകവും |
| പുണ്യം | പുണ്യകരവുമായ |
| ചരിതം ശ്രുത്വാ | കഥ കേട്ട്, |
| യന്നിഗൃഹീത- ചേതാഃ | അതിനാൽ സമാകൃഷ്ടമായ മനസ്സോടുകൂടിയവനായിട്ട് |
| ഭൂയഃ അപി | പിന്നേയും |
| തത് ഏവ | അതിനെക്കുറിച്ചുതന്നെ |
| വൈയാസകിം | ശ്രീശുകനോട് |
| പപ്രച്ഛ | ചോദിച്ചു. |

രാജോവാച = രാജാവു പറഞ്ഞു :—

ബ്രഹ്മൻ കാലാന്തരകൃതം തത്കാലീനം കഥം ഭവേത്
യത് കൌമാരേ ഹരികൃതം ജഗുഃ പൌഗണ്ഡകേऽർഭകാഃ. 41

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! |
| കൌമാരേ | കൌമാരദശയിൽ |
| ഹരികൃതം | കൃഷ്ണൻ പ്രവർത്തിച്ചതു് |
| പൌഗണ്ഡകേ | പൌഗണ്ഡക ദശയിൽ പ്രവർത്തിച്ചതായി |
| അർഭകാഃ | ഗോപകുമാരന്മാർ |
| ജഗുഃ | പറഞ്ഞുവല്ലോ. |
| കാലാന്തരകൃതം യത് | കാലാന്തരത്തിൽ ചെയ്തതു് |
| തത്കാലീനം | അപ്പോഴാം ചെയ്തതായിട്ടു |
| കഥം ഭവേത് | വരുന്നതെങ്ങനെ ? |

തദ്ബ്രൂഹി മേ മഹായോഗിൻ പരം കൌതൂഹലം ഗുരോ
നൂനമേതദ്ധരേരേവ മായാ ഭവതി നാന്യഥാ. 42

| | |
|---|---|
| മഹായോഗിൻ | മഹായോഗിയായ |
| ഗുരോ | ഹേ ഗുരോ ! |
| നൂനം ഏതത് | നിശ്ചയമായും ഇതു് |
| ഹരേഃ | ശ്രീഹരിയുടെ |
| മായാ ഏവ | മായതന്നെയാണു് ; |
| | അന്യഥാ ന ഭവതി മറിച്ചാകയില്ല. |
| തത് ബ്രൂഹി | എങ്കിലും അതിനുള്ള കാരണം പറഞ്ഞുതരിക. |
| മേ പരം കൌതൂഹലം | എനിക്ക വലിയ ഉത്സാഹം തോന്നുന്നു. |

വയം ധന്യതമാ ലോകേ ഗുരോऽപി ക്ഷത്രബന്ധവഃ
യത് പിബാമോ മുഹുസ്ത്വത്തഃ പുണ്യം കൃഷ്ണകഥാമൃതം. 43

| | |
|---|---|
| ഗുരോ | ഹേ ഗുരോ ! |
| വയം | ഞങ്ങൾ |
| ക്ഷത്രബന്ധവഃ അപി | ക്ഷത്രിയരെങ്കിലും |
| ലോകേ | ലോകത്തിൽ |
| ധന്യതമാഃ | ഏററവും ധന്യരാണ്. |
| യത് | എന്തെന്നാൽ |
| പുണ്യം | പുണ്യകരമായ |

| | | | |
|---|---|---|---|
| കൃഷ്ണകഥാമൃതം | കൃഷ്ണകഥാമൃതത്തെ | മുഹുഃ | വീണ്ടും വീണ്ടും |
| ത്വത്തഃ | അങ്ങയിൽനിന്നു് | പിബാമഃ | പാനം ചെയ്യുന്നുവല്ലോ. |

സൂത ഉവാച = സൂതൻ പറഞ്ഞു :—

ഇത്ഥം സ്മ പൃഷ്ടഃ സ തു ബാദരായണി-
സ്തത്സ്മാരിതാനന്തഹൃതാഖിലേന്ദ്രിയഃ
കൃച്ഛ്രാത് പുനർല്ലബ്ധബഹിർദൃശിഃ ശനൈഃ
പ്രത്യാഹ തം ഭാഗവതോത്തമോത്തമ. 44

| | | | |
|---|---|---|---|
| ഭഗവതോത്തമോത്തമ | ഭഗവത്ഭക്തന്മാരിൽ വെച്ച് അത്യുത്തമനായ ശൌനകമുനേ! | തത്സ്മാരിതാനന്തഹൃതാഖിലേന്ദ്രിയഃ | ആ ചോദ്യംകൊണ്ട് സ്മരിപ്പിക്കപ്പെട്ട ശ്രീകൃഷ്ണപരമാത്മാവിനാൽ ആകൃഷ്ടമായ സർവ്വേന്ദ്രിയവ്യാപാരങ്ങളോടുകൂടിയവനായി ഭവിച്ചശേഷം |
| ബാദരായണിഃ | വ്യാസപുത്രനായ | | |
| സഃ | ആ ശ്രീശുകൻ | കൃച്ഛ്രാത് | പരിശ്രമത്താൽ |
| | | പുനഃ ശനൈഃ | പിന്നീട് മെല്ലെ |
| ഇത്ഥം | ഈ വിധം പരീക്ഷിത്തിനാൽ | ലബ്ധബഹിർദൃശിഃ | ബാഹ്യജ്ഞാനം ലഭിച്ചവനായിട്ട് |
| | | തം പ്രതി | അദ്ദേഹത്തെ നോക്കി |
| പൃഷ്ടഃ തു | ചോദിക്കപ്പെട്ടപ്പോൾ | ആഹ സ്മ | പറഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അഘാസുരവധോ നാമ ദ്വാദശോऽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 544.

## ത്രയോദശോऽദ്ധ്യായഃ—പതിമൂന്നാമദ്ധ്യായം.

[ത്രയോദശേऽഹരദ്ബ്രഹ്മാ വത്സാൻ പാലാംശ്ച മായയാ
തദാ തത്സ്വരൂപോऽഭൂത് കൃഷ്ണഃ പൂർവ്വവദാചരത്.]
(ബ്രഹ്മസമ്മോഹനം.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

സാധു പൃഷ്ടം മഹാഭാഗ ത്വയാ ഭാഗവതോത്തമ
യന്നൂതനയസീശസ്യ ശൃണ്വന്നപി കഥാം മുഹുഃ. 1

| | | | |
|---|---|---|---|
| ഭാഗവതോത്തമ | ഭഗവത്ഭക്തിയുള്ളവരിൽ ഉത്തമനായും | മഹാഭാഗ | മഹാ ഭാഗ്യശാലിയായും ഇരിക്കുന്ന രാജാവേ! |

| | |
|---|---|
| ത്വയാ | അങ്ങയാൽ |
| സാധു | വേണ്ടുംപ്രകാരം |
| പൃഷ്ടം | ചോദിക്കപ്പെട്ടു. |
| യത് | എന്തെന്നാൽ |
| ഈശസ്യ കഥാം | ഭഗവാന്റെ സൽകഥയെ |
| മുഹുഃ | പലപ്രാവശ്യം |
| ശൃണ്വൻ അപി | കേട്ടിരുന്നിട്ടും |
| നൂതനായസി | വീണ്ടും പുതുക്കുവാൻ തുടങ്ങുന്നു. |

സതാമയം സാരഭൃതാം നിസർഗ്ഗോ യദർത്ഥവാണീശ്രുതിചേതസാമപി
പ്രതിക്ഷണം നവ്യവദച്യുതസ്യ യത് സ്ത്രിയാ വിടാനാമിവ സാധു വാർത്താ.

| | |
|---|---|
| യദർത്ഥവാണീ ശ്രുതിചേത- സാം അപി | വാക്കും, കാതും, മനസ്സും ശ്രീകൃഷ്ണ കഥയെ വിഷയീകരിച്ചുകൊണ്ട് ഇരിക്കുന്നവരെങ്കിലും കൂടി |
| സാരഭൃതാം | സാരഗ്രാഹികളായ |
| സതാം | സജ്ജനങ്ങൾക്ക് |
| അച്യുതസ്യ | ശ്രീകൃഷ്ണഭഗവാന്റെ |
| വാർത്താ | സൽകഥ |
| വിടാനാം | കാമുകന്മാർക്ക് |
| സ്ത്രിയാഃ ഇവ | സ്ത്രീജനത്തിന്റെ കഥയെന്നപോലെ |
| സാധു | ശരിക്ക് |
| പ്രതിക്ഷണം | ഓരോ നിമിഷത്തിലും |
| നവ്യവത് | പുതുമയുള്ളതുപോലെ തോന്നും |
| യത് അയം നിസർഗ്ഗഃ | എന്നുള്ളത് സ്വാഭാവികമാകുന്നു. |

ശൃണുഷ്വാവഹിതോ രാജന്നപി ഗുഹ്യം വദാമി തേ
ബ്രൂയുഃ സ്നിഗ്ദ്ധസ്യ ശിഷ്യസ്യ ഗുരവോ ഗുഹ്യമപ്യുത. 3

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| അവഹിതഃ | ശ്രദ്ധയോടെ ഇരുന്ന് |
| ശൃണുഷ്വ | കേട്ടുകൊൾക. |
| ഗുഹ്യം അപി | അതിരഹസ്യമെങ്കിലും |
| തേ | അങ്ങയ്ക്കുവേണ്ടി |
| വദാമി | ഞാൻ പറയുന്നുണ്ട്. |
| ഉത | എന്തെന്നാൽ |
| സ്നിഗ്ദ്ധസ്യ ശിഷ്യസ്യ | സ്നേഹമുള്ള ശിഷ്യന്ന് |
| ഗുരവഃ | ഗുരുനാഥന്മാർ |
| ഗുഹ്യം അപി | ഗോപ്യമായുള്ളതും |
| ബ്രൂയുഃ | ചൊല്ലിക്കൊടുക്കുമല്ലോ. |

തഥാഽഘവദനാന്മൃത്യോ രക്ഷിത്വാ വത്സപാലകാൻ
സരിത്പുളിനമാനീയ ഭഗവാനിദമബ്രവീത്. 4

| | |
|---|---|
| തഥാ | മുൻപറഞ്ഞപ്രകാരം |
| അഘവദനാത് | അഘാസുരന്റെ മുഖമാകുന്ന |
| മൃത്യോഃ | മരണക്കെടുക്കിൽനിന്ന് |
| വത്സപാലകാൻ | പൈക്കിടാങ്ങളേയും, ഗോപബാലന്മാരേയും |
| രക്ഷിത്വാ | രക്ഷിച്ചശേഷം |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| സരിത്പുളിനം | യമുനാനദിയുടെ മണൽത്തിട്ടിലേക്ക് |
| ആനീയ | അവരെ കൂട്ടിക്കൊണ്ടു പോയിട്ട് |
| ഇദം | ഇങ്ങനെ |
| അബ്രവീത് | പറഞ്ഞു. |

അഹോഽതിരമ്യം പുളിനം വയസ്യാഃ സ്വകേളിസമ്പന്മൃദുലാച്ഛവാലുകം
സ്ഫുടത്സരോഗന്ധഹൃതാലിപത്രികധ്വനിപ്രതിധ്വാനലസദ്ദ്രുമാകുലം. 5

| | |
|---|---|
| വയസ്യാഃ | " ചങ്ങാതിമാരേ ! |
| അഹോ | ആശ്ചര്യം ! |
| പുളിനം | ഈ മണൽത്തിട്ട് |
| അതിരമ്യം | അതിരമണീയമായിരിക്കുന്നു ; |
| സ്വകേളിസമ്പത് | നമ്മുടെ കളികൾക്കു വേണ്ടുന്ന സകല സൌകര്യങ്ങളുള്ളതും, |
| മൃദുലാച്ഛവാലുകം | മൃദുവും നിർമ്മലവുമായ മണൽത്തരികളുള്ളതും, |
| സ്ഫുടത്സരോഗന്ധഹൃതാളിപത്രികധ്വനിപ്രതിധ്വാനലസദ്ദ്രുമാകുലം | വിരിഞ്ഞ താമരപ്പൂക്കളുടെ നറുമണത്താൽ ആകർഷിക്കപ്പെട്ട വണ്ടുകളുടേയും പക്ഷികളുടേയും വെള്ളത്തിൽനിന്നുള്ള ശബ്ദത്തിന്റെ മാററൊലിയോടുകൂടിയതും, പരിലസിക്കുന്ന മരങ്ങൾ നിറഞ്ഞുനില്ക്കുന്നതും ആകുന്നു. |

അത്ര ഭോക്തവ്യമസ്മാഭിർദ്ദിവാഽഽരൂഢം ക്ഷുധാർദ്ദിതൈഃ
വത്സാഃ സമീപേഽപഃ പീത്വാ ചരന്തു ശനകൈസ്തൃണം. 6

| | |
|---|---|
| ക്ഷുധാർദ്ദിതൈഃ | വിശന്നു തളർന്നിരിക്കുന്ന |
| അസ്മാഭിഃ | നമുക്ക് |
| അത്ര | ഇവിടെ ഇരുന്ന് |
| ഭോക്തവ്യം | ഭക്ഷണം കഴിക്കാവുന്നതാണ്. |
| ദിവാ ആരൂഢം | പകൽ നട്ടുച്ചയായി. |
| വത്സാഃ | പശുക്കുട്ടികൾ |
| അപഃ പീത്വാ | വെള്ളം കുടിച്ച് |
| സമീപേ | അടുത്തുതന്നെ |
| ശനകൈഃ | പതുക്കെ |
| തൃണം ചരന്തു | പുല്ലുമേയട്ടെ. |

തഥേതി പായയിത്വാഽർഭാ വത്സാനാരുദ്ധ്യ ശാദ്വലേ
മുക്ത്വാ ശിക്യാനി ബുഭുജുഃ സമം ഭഗവതാ മുദാ. 7

| | |
|---|---|
| അർഭാഃ | ബാലന്മാർ |
| തഥാ ഇതി | 'അങ്ങനെയാവട്ടെ' എന്നുപറഞ്ഞ് |
| വത്സാൻ | പശുക്കുട്ടികളെ |
| പായയിത്വാ | വെള്ളംകുടിപ്പിച്ച് |
| ശാദ്വലേ | പുല്ലുള്ള സ്ഥലത്ത് |
| ആരുദ്ധ്യ | ആട്ടിത്തടുത്തുനിർത്തിയശേഷം, |
| ശിക്യാനി | ഉറികളെ |
| മുക്ത്വാ | കെട്ടഴിച്ച് |
| മുദാ | സന്തോഷത്തോടുകൂടി |
| ഭഗവതാ സമം | ഭഗവാനോടൊന്നിച്ചിരുന്ന് |
| ബുഭുജുഃ | ഭക്ഷണം കഴിച്ചു. |

കൃഷ്ണസ്യ വിഷ്വക് പുരുരാജിമണ്ഡലൈരഭ്യാനനാഃ ഫുല്ലദൃശോ വ്രജാർഭകാഃ
സഹോപവിഷ്ടാ വിപിനേ വിരേജുശ്ഛദാ യഥാംഭോരുഹകർണ്ണികായാഃ. 8

| | |
|---|---|
| വിപിനേ | വനത്തിൽ |
| കൃഷ്ണസ്യ വിഷ്വക് | ശ്രീകൃഷ്ണന്നു ചുററുമായി |
| പുരുരാജിമണ്ഡലൈഃ | വരിവരിയായി വട്ടത്തിൽ |
| അഭ്യാനനാഃ | മുഖത്തോടു മുഖം നോക്കിക്കൊണ്ടും, |
| ഫുല്ലദൃശഃ | വികാസംപൂണ്ട നേത്രങ്ങളോടുകൂടിയവരായും, |
| സഹ ഉപവിഷ്ടാഃ | ഒന്നിച്ചുചേർന്നിരുന്ന |
| വ്രജാർഭകാഃ | ഗോപകുമാരന്മാർ |
| അംഭോരുഹകർണ്ണികായാഃ | താമരപ്പൂവിൽ മദ്ധ്യത്തിലുള്ള കേസരത്തിന്നു ചുററും |
| ഛദാഃ യഥാ | ഇതളുകളെന്നവിധം |
| വിരേജുഃ | ശോഭിച്ചിരുന്നു. |

കേചിത് പുഷ്പൈർദ്ദളൈഃ കേചിത് പല്ലവൈരങ്കുരൈഃ ഫലൈഃ
ശിഗ്ഭിസ്ത്വഗ്ഭിർദ്ദൃഷദ്ഭിശ്ച ബുഭുജുഃ കൃതഭാജനാഃ. 9

| | |
|---|---|
| കേചിത് | ചിലർ |
| പുഷ്പൈഃ | പൂക്കളെകൊണ്ടും, |
| കേചിത് | മററു ചിലർ |
| ദളൈഃ | ഇലകളെകൊണ്ടും, |
| പല്ലവൈഃ | തളിരുകളെകൊണ്ടും, |
| അങ്കുരൈഃ | മുളകളെകൊണ്ടും, |
| ഫലൈഃ | കായ്കളെകൊണ്ടും, |
| ശിഗ്ഭിഃ | ഉറികളെകൊണ്ടും, |
| ത്വഗ്ഭിഃ | മരത്തൊലികളെകൊണ്ടും, |
| ദൃഷദ്ഭിഃ ച | കല്ലുകളെകൊണ്ടും |
| കൃതഭാജനാഃ | ഭോജനപാത്രങ്ങളെ ഉണ്ടാക്കി |
| ബുഭുജുഃ | ഭക്ഷണം കഴിച്ചു. |

സർവ്വേ മിഥോ ദർശയന്തഃ സ്വസ്വഭോജ്യരുചിം പൃഥക്
ഹസന്തോ ഹാസയന്തശ്ചാഭ്യവജഹ്രുഃ സഹേശ്വരാഃ. 10

| | |
|---|---|
| സഹേശ്വരാഃ | ഭഗവാനോടുകൂടി |
| സർവ്വേ | എല്ലാവരും |
| സ്വസ്വഭോജ്യരുചിം | താന്താങ്ങൾക്കുള്ള ഭക്ഷണപദാർത്ഥങ്ങളുടെ സ്വാദിനെ |
| പൃഥക് | വെവ്വേറെയായി |
| മിഥഃ | തമ്മിൽത്തമ്മിൽ |
| ദർശയന്തഃ | കാട്ടിക്കൊടുത്തുകൊണ്ടും, |
| ഹസന്തഃ | ചിരിച്ചുകൊണ്ടും, |
| ഹാസയന്തഃ ച | ചിരിപ്പിച്ചുകൊണ്ടും, |
| അഭ്യവജഹ്രുഃ | ഭക്ഷണം കഴിച്ചിരുന്നു. |

ബിഭ്രദ്വേണും ജഠരപടയോഃ ശൃംഗവേത്രേ ച കക്ഷേ
വാമേ പാണൗ മസൃണകബളം തത്ഫലാന്യംഗുലീഷു
തിഷ്ഠൻ മദ്ധ്യേ സ്വപരിസുഹൃദോ ഹാസയൻ നർമ്മഭിഃ സ്വൈഃ
സ്വർഗ്ഗേ ലോകേ മിഷതി ബുഭുജേ യജ്ഞഭുഗ്ബാലകേളിഃ. 11

| | |
|---|---|
| ജഠരപടയോഃ | ഉദരം ഉടുവസ്ത്രം എന്നിവയ്ക്കിടയിലായി |
| വേണും | ഓടക്കുഴലും, |
| കക്ഷേ | കക്ഷത്തിൽ |
| ശൃംഗവേത്രേ | കൊമ്പും, കാലിക്കോലും, |
| വാമേ പാണൗ | ഇടം കൈയിൽ |
| മസൃണകബളം | തൈർക്കൂട്ടിക്കുഴച്ചുരുട്ടിയ ചോററുരുളയും, |
| അംഗുലീഷു | വിരലുകൾക്കിടയിൽ |
| തത്ഫലാനി ച | അതിനുവേണ്ട (ഉപ്പേരി, ഉപ്പിലിട്ടതു മുതലായ) വ്യഞ്ജനങ്ങളും, |
| ബിഭ്രത് | ധരിച്ച് |
| മദ്ധ്യേ | നടുവിൽ |
| തിഷ്ഠൻ | നിന്നുകൊണ്ടും, |
| സ്വപരിസുഹൃദഃ | തന്നെ ചുഴന്നിരിക്കുന്ന സ്നേഹിതന്മാരെ |
| സ്വൈഃ നർമ്മഭിഃ | തന്റെ ഓരോരോ പരിഹാസവാക്കുകളാൽ |
| ഹാസയൻ | ചിരിപ്പിച്ചുകൊണ്ടും |
| സ്വർഗ്ഗേ | സ്വർഗ്ഗത്തിലെ |
| ലോകേ | നിവാസികൾ |
| മിഷതി | ഉററുനോക്കിനില്ക്കേ |
| ബാലകേളിഃ | കുട്ടിക്കളിയിൽ ഏർപ്പെട്ടുകൊണ്ടിരുന്ന |
| യജ്ഞഭുക് | ആ യജ്ഞാംശഭുക്ക് (കൃഷ്ണൻ) |
| ബുഭുജേ | ഊണുകഴിച്ചു. |

ഭാരതൈവം വത്സപേഷു ഭുഞ്ജാനേഷ്വച്യുതാത്മസു
വത്സാസ്ത്വന്തർവ്വനേ ദൂരം വിവിശുസ്തൃണലോഭിതാഃ. 12

| | |
|---|---|
| ഭാരത | ഹേ ഭരതവംശജ! |
| ഏവം | ഇപ്രകാരം |
| അച്യുതാത്മസു | കൃഷ്ണാപ്പിതമായ അന്തഃകരണത്തോടുകൂടിയ |
| വത്സപേഷു | ഗോപബാലന്മാർ |
| ഭുഞ്ജാനേഷു | ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ, |
| വത്സാഃ തു | പൈക്കുട്ടികളാകട്ടെ |
| തൃണലോഭിതാഃ | പുല്ലുതിന്നാൻ ആഗ്രഹിച്ചുകൊണ്ടു് |
| അന്തർവ്വനേ | നടുക്കാട്ടിൽ |
| ദൂരം വിവിശുഃ | അകലേക്കുപോയി. |

താൻ ദൃഷ്ട്വാ ഭയസംത്രസ്താനൂചേ കൃഷ്ണോഽസ്യ ഭീഭയം
മിത്രാണ്യാശാന്മാ വിരമതേഹാനേഷ്യേ വത്സകാനഹം. 13

| | |
|---|---|
| അസ്യ | ഇഹലോകത്തിന്റെ |
| ഭീഭയം | ഭയത്തിന്നു ഭയരൂപനായ |
| കൃഷ്ണഃ | ശ്രീകൃഷ്ണഭഗവാൻ |
| താൻ | ആ കുട്ടികളെ |
| ഭയസംത്രസ്താൻ | പേടിച്ചരണ്ടതായി |
| ദൃഷ്ട്വാ ഊചേ | കണ്ടു് പറഞ്ഞു. |
| മിത്രാണി | "ചങ്ങാതികളെ |
| ആശാത് | ഭക്ഷണത്തിൽനിന്നു് |
| മാ വിരമത | വിരമിക്കേണ്ടതില്ല. (നിങ്ങളും ഊൺ നിർത്തരുതു്) |
| വത്സകാൻ | പൈക്കുട്ടികളെ |
| അഹം | ഞാൻ |
| ഇഹ | ഇങ്ങോട്ടു് |
| ആനേഷ്യേ | കൊണ്ടുവരാം." |

ഇത്യുക്ത്വാഽദ്രിദരീകുഞ്ജഗഹ്വരേഷ്വാത്മവത്സകാൻ
വിചിന്വൻ ഭഗവാൻ കൃഷ്ണഃ സപാണികബളോ യയൌ. 14

| | |
|---|---|
| ഇതി ഉക്ത്വാ | എന്നു പറഞ്ഞു് |
| ഭഗവാൻ കൃഷ്ണഃ | ഭഗവാൻ ശ്രീകൃഷ്ണൻ |
| സപാണികബളഃ | കൈയിൽ ചോറുരുളയുമെടുത്തുകൊണ്ടു് |
| ആത്മവത്സകാൻ | തന്റെ പശുക്കുട്ടികളെ |
| അദ്രിദരീകുഞ്ജഗഹ്വരേഷു | മലയിലും, ഗുഹകളിലും, വള്ളിക്കുടിലുകളിലും, മലയിടുക്കുകളിലും |
| വിചിന്വൻ | തിരഞ്ഞു് |
| യയൌ | നടന്നു. |

അംഭോജന്മജനിസ്തദന്തരഗതോ മായാർഭകസ്യേശിതുർ-
ദ്രഷ്ടും മഞ്ജു മഹിത്വമന്യദപി തദ്വത്സാനിതോ വത്സപാൻ
നീത്വാഽന്യത്ര കുരൂദ്വഹാന്തരദധാത് ഖേഽവസ്ഥിതോ യഃ പുരാ
ദൃഷ്ട്വാഽഘാസുരമോക്ഷണം പ്രഭവതഃ പ്രാപ്തഃ പരം വിസ്മയം. 15

| | |
|---|---|
| കുരൂദ്വഹ | അല്ലയോ കൌരവമുഖ്യ! |
| യഃ | യാതൊരുവൻ |
| പുരാ | മുമ്പു് |
| ഖേ | ആകാശത്തിൽ |
| അവസ്ഥിതഃ | നിന്നുകൊണ്ടു് |
| പ്രഭവതഃ | സർവ്വശക്തനായ ശ്രീഭഗവാന്റെ |
| അഘാസുരമോക്ഷണം | അഘാസുരമോക്ഷത്തെ |
| ദൃഷ്ട്വാ | കണ്ടു് |
| പരം വിസ്മയം | അത്യാശ്ചര്യം |
| പ്രാപ്തഃ | പ്രാപിച്ചിരുന്നുവോ, |
| അംഭോജന്മജനിഃ | ആ കമലോത്ഭവൻ |
| മായാർഭകസ്യ | സ്വമായാവൈഭവത്താൽ ബാലരൂപം ധരിച്ച |
| ഈശിതുഃ | ജഗദീശന്റെ |
| മഞ്ജു | മനോഹരമായ |
| മഹിത്വം | മഹിമയെ |

| | |
|---|---|
| അന്യത് അപി | ഇനി വേറെയും ഉള്ളത് |
| ദ്രഷ്ടും | കാണുവാൻവേണ്ടി |
| തദന്തരഗതഃ | അതിന്നുള്ള അവസരം പാർത്തുകൊണ്ടു് |
| തദ്വത്സാൻ | അവിടുത്തെ പശുക്കുട്ടികളേയും, |
| വത്സപാൻ | അവയെ മേച്ചുനടക്കുന്ന ബാലന്മാരേയും |
| ഇതഃ | ഇട്ടിക്കിൽനിന്നു് |
| അന്യത്ര | അന്യദിക്കിലേക്ക് |
| നീത്വാ | കൊണ്ടുപോയാക്കിയ ശേഷം |
| അന്തരദധാത് | സ്വയം അപ്രത്യക്ഷനായി. |

തതോ വത്സാനദൃഷ്ട്വൈത്യ പുലിനേഽപി ച വത്സപാൻ
ഉഭാവപി വനേ കൃഷ്ണോ വിചികായ സമന്തതഃ. 16

| | |
|---|---|
| തതഃ | അനന്തരം |
| വത്സാൻ | പശുക്കുട്ടികളെ |
| അദൃഷ്ട്വാ | കാണാതെ |
| ഏത്യ | മടങ്ങിവന്നു് |
| പുലിനേ | മണൽത്തിട്ടിലുള്ള |
| വത്സപാൻ അപി ച | ഗോപകുമാരന്മാരേയും കാണാതായപ്പോൾ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| വനേ | കാട്ടിൽ |
| സമന്തതഃ | എല്ലാടവും |
| ഉഭൌ അപി | രണ്ടുകൂട്ടരേയും |
| വിചികായ | തിരച്ചൽ തുടങ്ങി. |

ക്വാപ്യദൃഷ്ട്വാന്തർവ്വിപിനേ വത്സാൻ പാലാംശ്ച വിശ്വവിത്
സർവ്വം വിധികൃതം കൃഷ്ണഃ സഹസാവജഗാമ ഹ. 17

| | |
|---|---|
| അന്തർവ്വിപിനേ | വനാന്തരത്തിൽ |
| ക്വാപി | ഒരിടത്തും |
| വത്സാൻ | പശുക്കുട്ടികളേയും |
| പാലാൻ ച | പശുപാലന്മാരേയും |
| അദൃഷ്ട്വാ | കണ്ടെത്താതായപ്പോൾ |
| വിശ്വവിത് | സർവ്വജ്ഞനായ |
| കൃഷ്ണഃ | ഭഗവാൻ |
| സർവ്വം | ഇതെല്ലാം |
| വിധികൃതം | ബ്രഹ്മാവിന്റെ പ്രവൃത്തിയാണെന്നു് |
| സഹസാ | ഉടനെ |
| അവജഗാമ | മനസ്സിലാക്കി. |
| ഹ | ആശ്ചര്യം ! |

തതഃ കൃഷ്ണോ മുദം കർത്തും തന്മാതൄണാം ച കസ്യ ച
ഉഭയായിതമാത്മാനം ചക്രേ വിശ്വകൃദീശ്വരഃ. 18

| | |
|---|---|
| വിശ്വകൃത് | ലോകങ്ങളുടെ സ്രഷ്ടാവും |
| ഈശ്വരഃ | രക്ഷകനും ആയ |
| കൃഷ്ണഃ | ഭഗവാൻ ശ്രീകൃഷ്ണൻ |
| തതഃ | അതിന്നുശേഷം |
| തന്മാതൄണാം ച | അവരുടെ അമ്മമാൎക്കും |
| കസ്യ ച | ബ്രഹ്മാവിന്നും |
| മുദം | സന്തോഷം |
| കർത്തും | ജനിപ്പിക്കുവാനായി |
| ആത്മാനം | തന്നെ |
| ഉഭയായിതം | രണ്ടുതരത്തിൽ (പശുക്കുട്ടികളുടേയും പശുപാലന്മാരുടേയും രൂപത്തിൽ) |
| ചക്രേ | ആക്കിത്തീർത്തു. |

യാവദ്വത്സപവത്സകാല്പകവപുര്യാവത് കരാങ്ഘ്ര്യാദികം
യാവദ്യഷ്ടിവിഷാണവേണുദളശിഗ്യാവദ്വിഭൂഷാംബരം
യാവച്ഛീലഗുണാഭിധാകൃതിവയോ യാവദ്വിഹാരാദികം
സർവ്വം വിഷ്ണുമയം ഗിരോഽംഗവദജഃ സർവ്വസ്വരൂപോ ബഭൌ. 19

യാവദ്വത്സപ-വത്സകാ-ല്പകവപുഃ } ഗോപബാലരുടേയും ഗോവത്സങ്ങളുടേയും കൊച്ചുശരീരങ്ങൾ എത്രയുണ്ടായിരുന്നുവോ,

യാവത് കരാങ്ഘ്ര്യാദികം } അവരുടെ കരചരണാദി അവയവങ്ങൾ ഏതുതോതിലായിരുന്നുവോ,

യാവദ്യഷ്ടി-വിഷാണ-വേണുദളശിക് } വടിയും, കൊമ്പും, കുഴലും, ഇലത്താളവും, ഉറിയും ഏതേതു രൂപത്തിലായിരുന്നുവോ,

യാവദ്വി-ഭൂഷാംബരം } ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിവ എങ്ങനെയെല്ലാമായിരുന്നുവോ,

യാവച്ഛീല-ഗുണാഭിധാ-കൃതിവയഃ } ശീലഗുണങ്ങളും, വാക്കും, ആകൃതിയും, പ്രായവും എന്തെല്ലാമായിരുന്നുവോ,

യാവദ്വി-ഹാരാദികം } കളികളും മറ്റും ഏതു വിധമായിരുന്നുവോ, ഇവയെല്ലാമനുസരിച്ച്

സർവ്വസ്വരൂപഃ എല്ലാററിന്റേയും രൂപം ധരിച്ചുകൊണ്ട്

അജഃ ജന്മരഹിതനായ ഭഗവാൻ

സർവ്വം വിഷ്ണു-മയം ഗിരഃ } 'സർവ്വം വിഷ്ണുമയം ജഗത്' എന്ന വേദവാക്യത്തിന്റെ

അംഗവത് മൂർത്തീകരണമോ എന്നു തോന്നും വിധം

ബഭൌ വിളങ്ങി.

സ്വയമാത്മാഽഽത്മഗോവത്സാൻ പ്രതിവാര്യാഽഽത്മവത്സപൈഃ
ക്രീഡന്നാത്മവിഹാരൈശ്ച സർവ്വാത്മാ പ്രാവിശദ്വ്രജം. 20

സർവ്വാത്മാ സർവ്വരൂപധരനായ ഭഗവാൻ

സ്വയം ആത്മാ തന്നെത്താന്

ആത്മഗോ-വത്സാൻ } താനാവുന്ന പശുക്കുട്ടികളെ

ആത്മവത്സപൈഃ താൻതന്നെയാവുന്ന ഗോപബാലന്മാരാൽ

പ്രതിവാര്യ തടുത്താട്ടിച്ചുകൊണ്ടും,

ആത്മ-വിഹാരൈഃ } താനാവുന്ന ക്രീഡകളാൽ

ക്രീഡൻ ച കളിച്ചുകൊണ്ടും

വ്രജം ഗോകുലത്തിലേക്ക്

പ്രാവിശത് ചെന്നു.

തത്തദ്വത്സാൻ പൃഥങ്നീത്വാ തത്തദ്ഗോഷ്ഠേ നിവേശ്യ സഃ
തത്തദാത്മാഽഭവദ്രാജംസ്തത്തത്സദ്മ പ്രവിഷ്ടവാൻ. 21

രാജൻ രാജാവേ!

സഃ ഭഗവാൻ

തത്തദ്വത്സാൻ അതാതുപശുക്കുട്ടികളെ

പൃഥക് വേറെ വേറെ

നീത്വാ ആട്ടിത്തെളിച്ച്,

തത്തദ്ഗോഷ്ഠേ അതാതുതൊഴുത്തിൽ

നിവേശ്യ കൊണ്ടുപോയ് ഇരുളച്ച്,

തത്തത്സദ്മ അതാതുപേരുടെ ഗൃഹത്തിലേക്ക്

പ്രവിഷ്ടവാൻ എത്തിച്ചേന്നു.

തത്തദാത്മാ അതാതുപേരുടെ രൂപം ധരിച്ചവനായി.

അഭവത് ഭവിക്കയും ചെയ്തു.

തന്മാതരോ വേണുരവത്വരോത്ഥിതാ ഉത്ഥാപ്യ ദോർഭിഃ പരിരഭ്യ നിർഭരം
സ്നേഹസ്നുതസ്തന്യപയഃസുധാസവം മത്വാ പരം ബ്രഹ്മ സുതാനപായയൻ.

| | | | |
|---|---|---|---|
| തന്മാതരഃ | അവരുടെ അമ്മമാർ | ഉത്ഥാപ്യ | എടുത്തുപൊക്കി, |
| വേണുരവ-ത്വരോത്ഥിതാഃ | വേണുനാദം കേട്ടതും ബദ്ധപ്പെട്ടെഴുന്നേററ് | നിർഭരം പരിരഭ്യ | ഗാഢമായാലിംഗനം ചെയ്ത്, |
| പരം ബ്രഹ്മ | സാക്ഷാൽ പരബ്രഹ്മത്തെ | സ്നേഹസ്നുത-സ്തന്യപയഃ-സുധാസവം | അമൃതുപോലെ രുചികരവും മദ്യംപോലെ മാദകവും സ്നേഹത്താൽ ചുരന്നതും ആയ മുലപ്പാൽ |
| സുതാൻ | സ്വന്തം മക്കളെന്ന് | | |
| മത്വാ | വിചാരിച്ച് | | |
| ദോർഭിഃ | ഇരുകൈകളാലും | അപായയത് | കുടിപ്പിച്ചു. |

തതോ നൃപോന്മർദ്ദനമജ്ജലേപനാ-
ലങ്കാരരക്ഷാതിലകാശനാദിഭിഃ
സംലാളിതഃ സ്വാചരിതൈഃ പ്രഹർഷയൻ
സായം ഗതോ യാമയമേന മാധവഃ. 23

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | പ്രഹർഷയൻ തതഃ | അമ്മമാരെ സന്തോഷിപ്പിച്ചശേഷം |
| മാധവഃ | മായാവല്ലഭനായ ശ്രീകൃഷ്ണൻ | ഉന്മർദ്ദനമജ്ജ-ലേപനാ-ലങ്കാരരക്ഷാ-തിലകാശനാ-ദിഭിഃ | എണ്ണതേച്ചുകുളി, കളഭം പൂശൽ, വസ്ത്രഭൂഷണങ്ങൾ ധരിക്കുക, രക്ഷാകരണം, പൊട്ടുതൊടൽ, ഭോജനം മുതലായവകൊണ്ട് |
| യാമയമേന | അന്ത്യയാമത്തിലെ നിയമപ്രകാരം | | |
| സ്വാചരിതൈഃ | തന്റെ ലീലാവിനോദങ്ങളോടുകൂടി | | |
| സായം | വൈകുന്നേരം | | |
| ഗതഃ | ഗൃഹത്തിലെത്തിച്ചേർന്ന് | സംലാളിതഃ | പരിചരിക്കപ്പെട്ടു. |

ഗാവസ്തതോ ഗോഷ്ഠമുപേത്യ സത്വരം
ഹുങ്കാരഘോഷൈഃ പരിഹൂതസംഗതാൻ
സ്വകാൻ സ്വകാൻ വത്സതരാനപായയൻ
മുഹുർല്ലിഹന്ത്യഃ സ്രവദൌധസം പയഃ. 24

| | | | |
|---|---|---|---|
| ഗാവഃ | പശുക്കൾ | പരിഹൂത-സംഗതാൻ | വിളിച്ചുവരുത്തപ്പെട്ടവയും അടുത്തുവന്നിരിക്കുന്നവയും ആയ |
| തതഃ | മേച്ചിൽസ്ഥലത്തുനിന്ന് | | |
| ഗോഷ്ഠം | തൊഴുത്തിലേക്ക് | | |
| സത്വരം | അതിവേഗം | സ്വകാൻ സ്വകാൻ | താന്താങ്ങളുടെ |
| ഉപേത്യ | എത്തിച്ചേർന്നശേഷം | | |
| ഹുങ്കാര-ഘോഷൈഃ | 'ഹും' എന്ന ശബ്ദഘോഷങ്ങളാൽ | വത്സതരാൻ | കുട്ടികളെ |
| | | മുഹുഃ | വീണ്ടും വീണ്ടും |

| | | | |
|---|---|---|---|
| ലിഹന്ത്യഃ | നക്കിത്തുടച്ചുകൊണ്ട് | ഔധസം പയഃ | അകിട്ടിലെ പാൽ |
| സ്രവത് | ചുരന്നിരിക്കുന്ന | അപായയൻ | കുടിപ്പിച്ചു. |

ഗോഗോപീനാം മാതൃതാസ്മിൻ സർവ്വാ സ്നേഹർദ്ധികാം വിനാ
പുരോവദാസ്വപി ഹരേസ്തോകതാ മായയാ വിനാ. 25

| | | | |
|---|---|---|---|
| ഗോഗോപീനാം | ഗോക്കൾക്കും ഗോപി മാർക്കും | പുരോവത് | മുൻപോലെയായിരുന്നു; |
| അസ്മിൻ | പുത്രനായി ഭവിച്ച ഈ കൃഷ്ണനിൽ | ആസു | ഇവരിൽ (ഗോക്കളിലും ഗോപികളിലും) |
| സ്നേഹർദ്ധികാം വിനാ | സ്നേഹാധിക്യം ഒഴിച്ച് | ഹരേഃ | ശ്രീകൃഷ്ണനുള്ള |
| മാതൃതാ സർവ്വാ | മാതൃത്വം മുഴുവനും | തോകതാ അപി | പുത്രഭാവനയും |
| | | മായയാ വിനാ | മായയൊഴിച്ച് മററുള്ളതെല്ലാം ഒരുപോലെയായിരുന്നു. |

(നോട്ട് :— പശുക്കൾക്കും ഗോപസ്ത്രീകൾക്കും അവരുടെ സന്താനങ്ങളായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഭഗവാനിൽ പൂർവ്വസന്താനങ്ങളിലെന്നപോലെ എല്ലാ മാതൃത്വബുദ്ധിയും തോന്നി. എന്നാൽ സ്നേഹാധിക്യം വിശേഷവിധിയായി അനുഭവപ്പെട്ടിരുന്നു. അതുപോലെ അവരിൽ ഭഗവാനും പുത്രഭാവനയുണ്ടായി. എന്നാൽ 'ഇവൾ എൻെറ അമ്മ', 'ഞാൻ ഇവളുടെ മകൻ' എന്നീ രൂപത്തിലുള്ള മായാബന്ധമുണ്ടായിരുന്നില്ല.)

വ്രജൌകസാം സ്വതോകേഷു സ്നേഹവല്ല്യാബ്ദമന്വഹം
ശനൈർന്നിസ്സീമ വവൃധേ യഥാ കൃഷ്ണേ ത്വപൂർവ്വവത്. 26

| | | | |
|---|---|---|---|
| വ്രജൌകസാം | ഗോകുലവാസികൾക്ക് | നിസ്സീമ | അളവററതായും |
| സ്വതോകേഷു | സ്വന്തം മക്കളിലുള്ള | അപൂർവ്വവത് | അപൂർവ്വമായും |
| സ്നേഹവല്ലീ | സ്നേഹലത | അന്വഹം | നാൾതോറും |
| ആബ്ദം | ഒരു സംവത്സരംവരേക്കും | ശനൈഃ | മെല്ലെ മെല്ലെ |
| കൃഷ്ണേ യഥാ ത | കൃഷ്ണനിലെന്നപോലെ ത്തന്നെ | വവൃധേ | തഴച്ചുവന്നു. |

ഇത്ഥമാത്മാഽഽത്മനാഽഽത്മാനം വത്സപാലമിഷേണ സഃ
പാലയൻ വത്സപോ വർഷം ചിക്രീഡേ വനഗോഷ്ഠയോഃ. 27

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | പാലയൻ | പാലിച്ചുകൊണ്ട് |
| ആത്മാ | ആത്മസ്വരൂപനായ | വർഷം | ഒരുവർഷംവരെ |
| സഃ | ആ കൃഷ്ണൻ | വനഗോഷ്ഠയോഃ | വനത്തിലും വ്രജത്തിലും |
| വത്സപഃ | പശുക്കുട്ടികളെ മേക്കുന്നവനായിട്ട് | വത്സപാലമിഷേണ | പശുക്കുട്ടികളെന്ന വ്യാജേനയും പശുപാല ബാലർ എന്ന വ്യാജേനയും |
| ആത്മനാ | തന്നാൽ, | | |
| ആത്മാനം | തന്നെ | ചിക്രീഡേ | വിഹരിച്ചു. |

ഏകദാ ചാരയൻ വത്സാൻ സരാമോ വനമാവിശത്
പഞ്ചഷാസു ത്രിയാമാസു ഹായനാപൂരണീഷ്വജഃ. 28

| | |
|---|---|
| പഞ്ചഷാസു | അഞ്ചോ ആറോ |
| ത്രിയാമാസു | രാത്രികൾ |
| ഹായനാപൂരണീഷു | ഒരുകൊല്ലം തികയുവാൻ ബാക്കിയായിരിക്കെ |
| ഏകദാ | ഒരുനാൾ |
| അജഃ | ശ്രീകൃഷ്ണൻ |
| സരാമഃ | ബലരാമനോടുകൂടി |
| വത്സാൻ | പൈക്കിടാങ്ങളെ |
| ചാരയൻ | മേച്ചുകൊണ്ട് |
| വനം ആവിശത് | കാട്ടിലേക്കുപോയി. |

തതോ വിദൂരാച്ചരതോ ഗാവോ വത്സാനുപവ്രജം
ഗോവർദ്ധനാദ്രിശിരസി ചരന്ത്യോ ദദൃശുസ്തൃണം. 29

| | |
|---|---|
| ഗോവർദ്ധനാദ്രിശിരസി | ഗോവർദ്ധനപർവ്വതത്തിന്റെ മുകൾപ്പരപ്പിൽ |
| ചരന്ത്യഃ | മേഞ്ഞുനടന്നിരുന്ന |
| ഗാവഃ | പശുക്കൾ |
| തതഃ | അവിടെനിന്ന് |
| വിദൂരാത് | അകലെയായി |
| ഉപവ്രജം | ഗോകുലത്തിന്നു സമീപം |
| തൃണം ചരതഃ | പുല്ലുമേഞ്ഞുകൊണ്ടിരിക്കുന്ന |
| വത്സാൻ | പശുക്കുട്ടികളെ |
| ദദൃശുഃ | കണ്ടു. |

ദൃഷ്ട്വാഥ തത്സ്നേഹവശോഽസ്മൃതാത്മാ
സ ഗോവ്രജോഽത്യാത്മപദുർഗ്ഗമാർഗ്ഗഃ
ദ്വിപാത് കകുദ്ഗ്രീവ ഉദാസ്യപുച്ഛോ-
ഽഗാദ്ധുംകൃതൈരാസ്നുപയാ ജവേന. 30

| | |
|---|---|
| ദൃഷ്ട്വാ അഥ | കണ്ടപ്പോൾ ഉടനെ |
| സഃ ഗോവ്രജഃ | ആ പശുക്കൂട്ടം |
| തത്സ്നേഹവശഃ | അവയോടുള്ള സ്നേഹത്തിന്ന് അധീനകളായി |
| അസ്മൃതാത്മാ | തന്നെത്താൻ മറന്ന് |
| അത്യാത്മപദുർഗ്ഗമാർഗ്ഗഃ | തങ്ങളെ മേയ്ക്കുന്നവരേയും ദുർഘടമാർഗ്ഗങ്ങളേയും വകവെക്കാതെ |
| കകുദ്ഗ്രീവഃ | പൂഞ്ഞക്കൂടത്തിന്ന് മീതെ കഴുത്തുയർത്തിപ്പിടിച്ചുകൊണ്ടും |
| ഉദാസ്യപുച്ഛഃ | മുഖവും വാലും ഉയർത്തിക്കൊണ്ടും |
| ആസ്നുപയാഃ | പാൽ ചുരന്നുകൊണ്ടും |
| ദ്വിപാത് | ഇരുക്കാലികളോ എന്നു തോന്നുംവിധം |
| ജവേന | വേഗതയോടുകൂടി |
| ഹുംകൃതൈഃ | ഹുങ്കാരഘോഷത്തോടെ |
| അഗാത് | പോയി. |

സമേത്യ ഗാവോഽധോ വത്സാൻ വത്സവത്യോഽപ്യപായയൻ
ഗിലന്ത്യ ഇവ ചാംഗാനി ലിഹന്ത്യഃ സ്വൗധസം പയഃ. 31

| | |
|---|---|
| ഗാവഃ | പശുക്കൾ |
| അധഃ | അടിവാരത്തിലേക്ക് |
| സമേത്യ | എത്തിച്ചേർന്ന് |
| വത്സാൻ | പശുക്കുട്ടികളെ |
| ഗിലന്ത്യഃ ഇവ | വിഴുങ്ങുന്നുവോ എന്നു തോന്നുംവിധം |
| അംഗാനി | അവയുടെ ദേഹങ്ങളെ |
| ലിഹന്ത്യഃ ച | നക്കിത്തുടച്ചുകൊണ്ട് |
| വത്സവത്യഃ അപി | വേറെ കുട്ടികളുള്ളവയെങ്കിലുംകൂടി |
| സ്വൗധസം | സ്വന്തം അകിടിൽനിന്നു ചുരന്നൊഴുകുന്ന |
| പയഃ അപായയത് | പാൽ കുടിപ്പിച്ചു. |

ഗോപാസ്തദ്രോധനായാസമൌഘ്യലജ്ജോരുമന്യുനാ
ദുർഗ്ഗാദ്ധ്വകൃച്ഛ്രതോഽഭ്യേത്യ ഗോവത്സൈർദ്ദദൃശുഃ സുതാൻ. 32

| | |
|---|---|
| ഗോപാഃ | ഗോപന്മാർ |
| തദ്രോധനാ- യാസമൌഘ്യ ലജ്ജോരു- മന്യുനാ | അവയെ തടയുവാൻവേണ്ടി ചെയ്ത പരിശ്രമം നിഷ്ഫലമാകയാൽ ഉണ്ടായ നാണത്തോടും വർദ്ധിച്ചകോപത്തോടുംകൂടി |
| ദുർഗ്ഗാദ്ധ്വ- കൃച്ഛ്രതഃ | ദുർഗ്ഗമമാർഗ്ഗങ്ങളിലൂടെ കഷ്ടപ്പെട്ട് |
| അഭ്യേത്യ | വന്ന് |
| ഗോവത്സൈഃ | പശുക്കുട്ടികളോടുകൂടി നില്ക്കുന്ന |
| സുതാൻ | സ്വപുത്രന്മാരെ |
| ദദൃശുഃ | കണ്ടു. |

തദീക്ഷണോത്പ്രേമരസാപ്ലുതാശയാ ജാതാനുരാഗാ ഗതമന്യവോഽർഭ്ഭകാൻ
ഉദൂഹ്യ ദോർഭിഃ പരിരഭ്യ മൂർദ്ധനി ഘ്രാണൈരവാപുഃ പരമാം മുദം തേ.

| | |
|---|---|
| തേ | അവർ (ഗോപന്മാർ) |
| തദീക്ഷണോത്- പ്രേമരസാപ്ലു- താശയാഃ | അവരെ കണ്ടിട്ടുണ്ടായ പ്രേമരസത്തിൽ മുഴുകിയ ഹൃദയത്തോടുകൂടിയവരായും, |
| ഗതമന്യവഃ | കോപമകന്നവരായും, |
| ജാതാനുരാഗാഃ | സ്നേഹം ജനിച്ചവരായും ഭവിച്ച് |
| അർഭ്ഭകാൻ | കുട്ടികളെ |
| ദോർഭിഃ | കൈകളാൽ |
| ഉദൂഹ്യ | പൊക്കിയെടുത്ത് |
| പരിരഭ്യ | മുറുകെ പുണർന്ന് |
| മൂർദ്ധനി | നിറുകയിൽ |
| ഘ്രാണൈഃ | പലവട്ടം മുകർന്നുകൊണ്ട് |
| പരമാം മുദം | പരമാനന്ദത്തെ |
| അവാപുഃ | പ്രാപിച്ചു. |

തതഃ പ്രവയസോ ഗോപാസ്തോകാശ്ലേഷസുനിർവൃതാഃ
കൃച്ഛ്രാച്ഛനൈരപഗതാസ്തദനുസ്മൃത്യുദശ്രവഃ. 34

| | |
|---|---|
| തതഃ | പിന്നീട്, |
| പ്രവയസഃ | വൃദ്ധന്മാരായ |
| ഗോപാഃ | ആ ഗോപന്മാർ |
| തോകാശ്ലേഷ- സുനിർവൃതാഃ | പുത്രാശ്ലേഷങ്ങളാൽ ആത്മാനന്ദം അനുഭവിച്ചവരായും, |
| തദനുസ്മൃത്യുദശ്രവഃ | അവരെത്തന്നെ ഓർത്തോർത്തു കണ്ണീർ തൂകുന്നവരായും ഭവിച്ച് |
| കൃച്ഛ്രാത് | വിഷമത്തോടെ |
| ശനൈഃ | പതുക്കെ |
| അപഗതാഃ | അവിടം വിട്ടുപോയി. |

വ്രജസ്യ രാമഃ പ്രേമർദ്ധേർവ്വീക്ഷ്യൌത്കണ്ഠ്യമനുക്ഷണം
മുക്തസ്തനേഷ്വപത്യേഷ്വപ്യഹേതുവിദചിന്തയത്. 35

| | |
|---|---|
| രാമഃ | ബലരാമൻ |
| വ്രജസ്യ | ഗോകുലത്തിലെ ഗോക്കൾക്കും ഗോപികൾക്കും |
| മുക്തസ്തനേഷു | മുലകുടിവിട്ട |
| അപത്യേഷു അപി | സന്താനങ്ങളിൽക്കൂടി |
| അനുക്ഷണം | പ്രതിനിമിഷം |
| പ്രേമർദ്ധേഃ | പെരുകിവരുന്ന പ്രേമത്തിന്റെ |
| ഔത്കണ്ഠ്യം | ആധിക്യം |
| വീക്ഷ്യ | കണ്ടു് |
| അഹേതുവിത് | അതിന്റെ കാരണം അറിയാതെ |
| അചിന്തയത് | ചിന്തിച്ചു. |

കിമേതദത്ഭുതമിവ വാസുദേവേഽഖിലാത്മനി
വ്രജസ്യ സാത്മനസ്തോകേഷ്വപൂർവ്വം പ്രേമ വർദ്ധതേ. 36

| | | | |
|---|---|---|---|
| അഖിലാത്മനി | "സർവ്വാത്മാവായ | അപൂർവ്വം | മുൻപുണ്ടാകാത്ത വിധത്തിലുള്ള |
| വാസുദേവേ | ശ്രീവാസുദേവനിൽ | | |
| ഇവ | എന്നപോലെ | പ്രേമ | സ്നേഹം |
| സാത്മനഃ | ഞാനുൾപ്പെടെയുള്ള | വർദ്ധതേ | വളർന്നുവരുന്നു. |
| വ്രജസ്യ | ഗോകുലവാസികൾക്ക് | ഏതത് കിം | ഇതെന്തൊരു |
| തോകേഷു | കുട്ടികളിൽ | അത്ഭുതം | അത്ഭുതമാണ് ! |

കേയം വാ കുത ആയാതാ ദൈവീ വാ നാര്യുതാസുരീ
പ്രായോ മായാഽസ്തു മേ ഭർത്തുർന്നാന്യാ മേഽപി വിമോഹിനീ. 37

| | | | |
|---|---|---|---|
| ഇയം മായാ കാ | "ഈ മായ ഏതാകാം ? | മേ ഭർത്തുഃ അസ്തു | എന്റെ പ്രഭുവായ ശ്രീഹരിയുടെ മായതന്നെയായിരിക്കണം ; |
| കുതഃ ആയാതാ | എങ്ങുനിന്നു വന്നു ? | | |
| ദൈവീ വാ | ദേവന്മാരുടേതോ ? | | |
| നാരീ വാ | മനുഷ്യരുടേതോ ? | അന്യാ ന | വേറൊന്നാകയില്ല. |
| ഉത ആസുരീ | അഥവാ, അസുരന്മാരുടേതാകുമോ ? | മേ അപി | എന്തെന്നാൽ, എനിക്കുംകൂടി |
| പ്രായഃ | മിക്കവാറും | വിമോഹിനീ | മോഹം ജനിപ്പിക്കുന്നു." |

ഇതി സഞ്ചിന്ത്യ ദാശാർഹോ വത്സാൻ സവയസാനപി
സർവ്വാനാചഷ്ട വൈകുണ്ഠം ചക്ഷുഷാ വയുനേന സഃ. 38

| | | | |
|---|---|---|---|
| സഃ ദാശാർഹഃ | ആ ബലരാമൻ | സർവ്വാൻ വത്സാൻ | എല്ലാ പശുക്കുട്ടികളേയും |
| ഇതി | ഇപ്രകാരം | | |
| സഞ്ചിന്ത്യ | ചിന്തിച്ച് | സവയസാൻ അപി | ചങ്ങാതിമാരേയും |
| വയുനേന | ജ്ഞാനമയമായ | വൈകുണ്ഠം | ശ്രീകൃഷ്ണനായിട്ട് |
| ചക്ഷുഷാ | ഉൾക്കണ്ണിനാൽ | ആചഷ്ട | ദർശിച്ചു. |

നൈതേ സുരേശാ ഋഷയോ ന ചൈതേ
ത്വമേവ ഭാസീശ ഭിദാശ്രയേഽപി
സർവ്വം പൃഥക്ത്വം നിഗമാത് കഥം വദേ-
ത്യുക്തേന വൃത്തം പ്രഭുണാ ബലോഽവൈത്. 39

| | | | |
|---|---|---|---|
| ഈശ | " പ്രഭോ ! | ത്വം ഏവ | അങ്ങുതന്നെ |
| ഏതേ | ഇവർ (ഗോപബാലർ) | സർവ്വം ഭാസി | എല്ലാമായി വിളങ്ങുന്നു. |
| സുരേശാഃ ന | ദേവന്മാരല്ല ; | കഥം വൃത്തം | എന്നാൽ എങ്ങനെ ഇതിപ്പോൾ ഉണ്ടായി ? |
| ഏതേ | ഇവർ (ഗോവത്സങ്ങൾ) | | |
| ഋഷയഃ ച ന | ഋഷികളും അല്ല ; | പൃഥക് | വേർതിരിച്ച് |
| ഭിദാശ്രയേ അപി | ഭേദവിഷയത്തിലുംകൂടി | നിഗമാത് | സംക്ഷേപമായി |

| | |
|---|---|
| ത്വം വദ | ഭവാൻ പറഞ്ഞുതന്നാലും" |
| ഇതി ഉക്തേന | ഈ വിധം വചിക്കപ്പെട്ട |
| പ്രഭുണാ | ഭഗവാനാൽ |
| ബലഃ | ബലരാമൻ |
| അവൈത് | വാസ്തവമറിഞ്ഞു (ബലരാമൻ കൃഷ്ണനോടു ചോദിച്ച് തന്മുഖേന വാസ്തവം ഗ്രഹിച്ചു). |

താവദേത്യാത്മഭൂരാത്മമാനേന ത്രുട്യനേഹസാ
പുരോവദബ്ദം ക്രീഡന്തം ദദൃശേ സകലം ഹരിം. 40

| | |
|---|---|
| താവത് | അപ്പോഴം |
| ആത്മഭൂഃ | ബ്രഹ്മാവ് |
| ആത്മമാനേന | തന്റെ സമയക്കണക്കനുസരിച്ചുള്ള |
| ത്രുട്യനേഹസാ | ഒരു 'ത്രുടി' നേരം കൊണ്ടു് |
| ഏത്യ | തിരിച്ചുവന്ന് |
| പുരോവത് | മുൻപോലെ |
| അബ്ദം | ഒരു വർഷത്തോളംകാലം |
| സകലം | എല്ലാ സ്വരൂപങ്ങളും ധരിച്ച് |
| ക്രീഡന്തം | കളിച്ചുകൊണ്ടിരിക്കുന്ന |
| ഹരിം | ശ്രീഹരിയെ |
| ദദൃശേ | കണ്ടു. |

യാവന്തോ ഗോകുലേ ബാലാഃ സവത്സാഃ സർവ്വ ഏവ ഹി
മായാശയേ ശയാനാ മേ നാദ്യാപി പുനരുത്ഥിതാഃ 41

| | |
|---|---|
| ഗോകുലേ | "ഗോകുലത്തിൽ |
| യാവന്തഃ | എത്രത്തോളം |
| സവത്സാഃ | പൈയ്ക്കിടാങ്ങളോടു കൂടിയ |
| ബാലാഃ | ഗോപബാലന്മാരുണ്ടോ |
| സർവ്വേ ഏവ | അവരെല്ലാരും |
| മേ | എന്റെ |
| മായാശയേ | മായയാവുന്ന ശയ്യയിൽ |
| ശയാനാഃ ഹി | കിടക്കുകയാണ്, തീർച്ച. |
| അദ്യ അപി | ഇപ്പോഴും |
| പുനഃ | തിരികെ |
| ന ഉത്ഥിതാഃ | ഉണർന്നുകഴിഞ്ഞിട്ടില്ല. |

ഇത ഏതേऽത്ര കുതത്യാ മന്മായാമോഹിതേതരേ
താവന്ത ഏവ തത്രാऽബ്ദം ക്രീഡന്തോ വിഷ്ണുനാ സമം. 42

| | |
|---|---|
| ഏതേ | "ഇവരെല്ലാം |
| ഇതഃ | ഇവിടെത്തന്നെയുണ്ട്. |
| മന്മായാ മോഹിതേതരേ | എന്റെ മായയാൽ മോഹിപ്പിക്കപ്പെട്ടവരല്ലാത്തവരായി |
| താവന്തഃ ഏവ | അത്രത്തോളംതന്നെയുള്ളവരും |
| തത്ര | അതിലും വിശേഷിച്ച് |
| അബ്ദം | ഒരു വർഷത്തോളം |
| വിഷ്ണുനാ സമം | കൃഷ്ണനോടുകൂടി |
| ക്രീഡന്തഃ | വിഹരിക്കുന്നവരും ആയി |
| അത്ര | ഇങ്ങ് കാണപ്പെടുന്നവർ |
| കുതത്യാഃ | എവിടെനിന്ന് വന്നവരാണ്?" |

ഏവമേതേഷു ഭേദേഷു ചിരം ധ്യാത്വാ സ ആത്മഭൂഃ
സത്യാഃ കേ കതരേ നേതി ജ്ഞാതും നേഷ്ടേ കഥഞ്ചന. 43

| | |
|---|---|
| സഃ ആത്മഭൂഃ | ആ ബ്രഹ്മാവ് |
| ഏവം | ഇപ്രകാരം |
| ചിരം | കുറെനേരം |
| ധ്യാത്വാ | ആലോചിച്ചിട്ടും |

| | |
|---|---|
| ഏതേഷു ഭേദേഷു | ഈവിധം വ്യത്യാസപ്പെട്ടുകാണുന്നവരിൽ |
| സത്യാഃ | പരമാർത്ഥമായുള്ളവർ |
| കേ | ആരാണെന്നും, |
| കതരേ ന ഇതി | ആരല്ലെന്നും |
| ജ്ഞാതും | അറിവാൻ |
| കഥഞ്ചന | ഒരുതരത്തിലും |
| ന ഈഷേ | ശക്തനായില്ല. |

ഏവം സമ്മോഹയൻ വിഷ്ണും വിമോഹം വിശ്വമോഹനം
സ്വയൈവ മായയാഽജോഽപി സ്വയമേവ വിമോഹിതഃ. 44

| | |
|---|---|
| ഏവം | ഇപ്രകാരം |
| വിമോഹം | മോഹരഹിതനും |
| വിശ്വമോഹനം | ലോകത്തെ മോഹിപ്പിക്കുന്നവനും ആയ |
| വിഷ്ണും | ശ്രീകൃഷ്ണനെ |
| സമ്മോഹയൻ | മോഹിപ്പിക്കുവാൻ മോഹിച്ചുപുറപ്പെട്ട |
| അജഃ അപി | ബ്രഹ്മാവുപോലും |
| സ്വയാ ഏവ | തന്റേതുതന്നെയായ |
| മായയാ | മായയാൽ |
| സ്വയം ഏവ | താൻതന്നെ |
| വിമോഹിതഃ | വിമോഹിതനായി. |

തമ്യാം തമോവന്നൈഹാരം ഖദ്യോതാർച്ചിരിവാഹനി
മഹതീതരമായൈശ്യം നിഹന്ത്യാത്മനി യുഞ്ജതഃ. 45

| | |
|---|---|
| തമ്യാം | ഇരുളടഞ്ഞ രാത്രിയിൽ |
| നൈഹാരം | മൂടൽമഞ്ഞുകൊണ്ടുണ്ടായ |
| തമോവത് | ഇരുട്ടെന്നപോലെയും, |
| അഹനി | പകലിൽ |
| ഖദ്യോതാർച്ചിഃ ഇവ | മിന്നാമിനുങ്ങിന്റെ വെളിച്ചംപോലെയും |
| മഹതി | മഹാപുരുഷനിൽ |
| യുഞ്ജതഃ | മായാപ്രയോഗം ചെയ്യുന്നവന്റെ |
| ഇതരമായാ | തുച്ഛമായ മായ |
| ആത്മനി | തന്നിലിരിക്കുന്ന |
| ഐശ്യം | ഈശ്വരശക്തിയെ |
| നിഹന്തി | ക്ഷയിപ്പിക്കുന്നു. |

താവത് സർവ്വേ വത്സപാലാഃ പശ്യതോഽജസ്യ തത്ക്ഷണാത്
വ്യദൃശ്യന്ത ഘനശ്യാമാഃ പീതകൗശേയവാസസഃ. 46

| | |
|---|---|
| താവത് | തത്സമയത്ത് |
| അജസ്യ പശ്യതഃ | ബ്രഹ്മാവ് നോക്കിയിരിക്കെത്തന്നെ |
| തത്ക്ഷണാത് | ഉടനടി |
| സർവ്വേ— വത്സപാലാഃ | എല്ലാ ഗോവത്സങ്ങളും, ഗോപാലബാലരും |
| ഘനശ്യാമാഃ | കോടക്കാർപോലെ ശ്യാമനിറം ചേർന്നവരായി |
| പീതകൗശേയ വാസസഃ | മഞ്ഞപ്പട്ടാട ചാർത്തിയവരായി |
| വ്യദൃശ്യന്ത | വെവ്വേറെ കാണപ്പെട്ടു. |

ചതുർഭുജാഃ ശംഖചക്രഗദാരാജീവപാണയഃ
കിരീടിനഃ കുണ്ഡലിനോ ഹാരിണോ വനമാലിനഃ. 47

| | |
|---|---|
| ചതുർഭുജാഃ | അവർ നാലു ഭുജങ്ങളോടുകൂടിയവരും, |
| ശംഖചക്രഗദാ- രാജീവ- പാണയഃ | ശംഖം, ചക്രം, ഗദ, പദ്മം എന്നിവയെ തൃക്കരങ്ങളിൽ ധരിച്ചവരും, |
| കിരീടിനഃ | കിരീടങ്ങളുള്ളവരും, |
| കുണ്ഡലിനഃ | മകരകുണ്ഡലമണിഞ്ഞവരും, |
| ഹാരിണഃ | മുത്തുമാലകൾ ധരിച്ചവരും, |
| വനമാലിനഃ | വനമാലകൾ ചാർത്തിയവരുമായിരുന്നു. |

ശ്രീവത്സാങ്ഗദദോരത്നകംബുകങ്കണപാണയഃ
നൂപുരൈഃ കടകൈർഭാതാഃ കടിസൂത്രാംഗുലീയകൈഃ 48

| | |
|---|---|
| ശ്രീവത്സാങ്ഗ- ഗദദോരത്ന- കംബുകങ്കണ- പാണയഃ | ശ്രീവത്സത്തിന്റെ ശോഭയേന്ന തോൾവളകളും ഇട്ടിരിക്കുന്ന ഭുജങ്ങളോടും, രത്നമയവും ശംഖിലുള്ളപോലെ മൂന്നുവരകളുള്ളതുമായ കങ്കണങ്ങളണിഞ്ഞ പാണികളോടും കൂടിയവരായും |
| നൂപുരൈഃ | കാൽച്ചിലമ്പുകളാലും |
| കടകൈഃ | കടകങ്ങളാലും |
| കടിസൂത്രാം- ഗുലീയകൈഃ | ഉദരബന്ധം മോതിരം എന്നിവകളാലും |
| ഭാതാഃ | ശോഭിക്കുന്നവരായി കാണപ്പെട്ടു. |

ആങ്ഘ്രിമസ്തകമാപൂർണ്ണാസ്തുളസീനവദാമഭിഃ
കോമളൈഃ സർവ്വഗാത്രേഷു ഭൂരിപുണ്യവദർപ്പിതൈഃ. 49

| | |
|---|---|
| സർവ്വഗാത്രേഷു | സകലാവയവങ്ങളിലും |
| ഭൂരിപുണ്യ- വദർപ്പിതൈഃ | മഹാപുണ്യശാലികളാൽ അർപ്പിക്കപ്പെട്ട |
| കോമളൈഃ | സുകുമാരങ്ങളായ |
| തുളസീ- നവദാമഭിഃ | പുത്തൻ തുളസിമാലകളാൽ |
| ആങ്ഘ്രിമസ്തകം | ആപാദചൂഡം |
| ആപൂർണ്ണാഃ | നിറഞ്ഞിരിക്കുന്നവരായിരുന്നു. |

ചന്ദ്രികാവിശദസ്മേരൈഃ സാരുണാപാംഗവീക്ഷിതൈഃ
സ്വകാർത്ഥാനാമിവ രജഃസത്വാഭ്യാം സ്രഷ്ടൃപാലകാഃ 50

| | |
|---|---|
| സാരുണാ- പാംഗ- വീക്ഷിതൈഃ | ചുവന്ന കടക്കണ്ണിനാലുള്ള നോട്ടങ്ങളോടും |
| ചന്ദ്രികാ- വിശദ- സ്മേരൈഃ | വെണ്ണിലാവുപോലെ തെളിവാന്ന മന്ദഹാസങ്ങളോടും കൂടിയ അവർ |
| രജഃസത്വാഭ്യാം | രജോഗുണത്താലും സത്വഗുണത്താലും |
| സ്വകാർത്ഥാനാം | സ്വകീയ ഭക്തന്മാർക്കുള്ള അഭീഷ്ടകാര്യങ്ങളുടെ |
| സ്രഷ്ടൃ- പാലകാഃ ഇവ | സൃഷ്ടികർത്താക്കളായും രക്ഷാകർത്താക്കളായും സ്ഥിതിചെയ്യുന്നുവോ എന്നു തോന്നും. |

ആത്മാദിസ്തംബപര്യന്തൈർമ്മൂർത്തിമദ്ഭിശ്ചരാചരൈഃ
നൃത്യഗീതാദ്യനേകാർഹൈഃ പൃഥക് പൃഥഗുപാസിതാഃ. 51

| | |
|---|---|
| ആത്മാദി- സ്തംബ- പര്യന്തൈഃ | ബ്രഹ്മാവുമുതൽ പുൽക്കൊടിവരെയുള്ള |
| മൂർത്തിമദ്ഭിഃ | ദേഹവത്തുക്കളായ |
| ചരാചരൈഃ | സ്ഥാവരജംഗമങ്ങളാൽ |
| നൃത്യഗീതാദ്യ- നേകാർഹൈഃ | നൃത്തം ഗീതം മുതലായ വിവിധോപചാരങ്ങളാം കൊണ്ടു് |
| പൃഥക് പൃഥക് | വേറെ വേറെ |
| ഉപാസിതാഃ | ഉപവാസന ചെയ്യപ്പെട്ടുന്നവർ ആയിരുന്നു. |

X 1-11 അണിമാദ്യൈർമ്മഹിമഭിരജാദ്യാഭിർവിഭൂതിഭിഃ
ചതുർവ്വിംശതിഭിസ്തത്വൈഃ പരീതാ മഹദാദിഭിഃ. 52

അണിമാദ്യൈഃ അണിമാദികളായ
മഹിമഭിഃ ഐശ്വര്യങ്ങളാലും,
അജാദ്യാഭിഃ മായാദികളായ
വിഭൂതിഭിഃ ശക്തികളാലും,

മഹദാദിഭിഃ മഹത്തത്വാദികളായ
ചതുർവ്വിംശതിഭിഃ ഇരുപത്തിനാല്
തത്വൈഃ തത്വങ്ങളാലും
പരീതാഃ ചുററപ്പെട്ടവർ ആയിരുന്നു.

കാലസ്വഭാവസംസ്കാരകാമകർമ്മഗുണാദിഭിഃ
സ്വമഹിധ്വസ്തമഹിഭിർമ്മൂർത്തിമദ്ഭിരുപാസിതാഃ. 53

സ്വമഹി-ധ്വസ്തമഹിഭിഃ — ഭഗവന്മഹിമയാൽ തിരസ്കൃതമായ സ്വമഹിമയോടുകൂടിയവയും,
മൂർത്തിമദ്ഭിഃ — സ്വരൂപം പൂണ്ടിരിക്കുന്നവയും ആയ

കാലസ്വഭാവ-സംസ്കാരകാമ-കർമ്മഗുണാദിഭിഃ — കാലം, സ്വഭാവം, സംസ്കാരം, കാമം, കർമ്മം, ഗുണങ്ങൾ മുതലായവയാൽ
ഉപാസിതാഃ — ഉപാസിക്കപ്പെട്ടവരും ആയിരുന്നു.

(നോട്ട് :— കാലം = ഗുണക്ഷോഭത്തിന്നുള്ള ആദികാരണം. സ്വഭാവം = പരിണാമത്തിന്നു ഹേതുഭൂതമായ ശക്തി. സംസ്കാരം = വാസനയെ ഉണർത്തുന്നതിന്നു കാരണമായ ശക്തി. കാമം = ഭോഗേച്ഛ. കർമ്മം = ലൌകികമായും വൈദികമായും ഉള്ള ക്രിയ. ഗുണങ്ങൾ = സത്വരജസ്തമസ്സുകൾ).

സത്യജ്ഞാനാനന്താനന്ദമാത്രൈകരസമൂർത്തയഃ
അസ്പൃഷ്ടഭൂരിമാഹാത്മ്യാ അപി ഹ്യുപനിഷദ്ദൃശാം. 54

സത്യജ്ഞാനാ-നന്താനന്ദ-മാത്രൈക-രസമൂർത്തയഃ — പരമാർത്ഥഭൂതമായി, ചൈതന്യമായി, അനന്താനന്ദസ്വരൂപമായി, പ്രാകൃതസംബന്ധം കലരാത്തതായി, സദൈകരൂപമായി സ്ഥിതിചെയ്യുന്ന സാക്ഷാൽ പരബ്രഹ്മത്തിന്റെ സ്വരൂപമുള്ളവരും,

ഉപനിഷ-ദ്ദൃശാം അപി — വേദാന്തജ്ഞാനദൃഷ്ടിയുള്ളവർക്കുംകൂടി
അസ്പൃഷ്ടഭൂരി-മാഹാത്മ്യാഃ — പിടികിട്ടാത്ത മഹിമാതിരേകത്തോടുകൂടിയവരും ആയിരുന്നു.
ഹി — ആശ്ചര്യം!

ഏവം സകൃദ്ദദർശാജഃ പരബ്രഹ്മാത്മനോഽഖിലാൻ
യസ്യ ഭാസാ സർവ്വമിദം വിഭാതി സചരാചരം. 55

ഏവം — ഇപ്രകാരം
യസ്യ — യാതൊരു
പരബ്രഹ്മാത്മനഃ — പരബ്രഹ്മസ്വരൂപത്തിന്റെ
ഭാസാ — പ്രകാശത്താൽ
സചരാചരം — സ്ഥാവരജംഗമാത്മകമായ
ഇദം സർവ്വം — ഈ ലോകം മുഴുവൻ

വിഭാതി — പ്രകാശിക്കുന്നുവോ, അതേ ബ്രഹ്മസ്വരൂപത്തോടെ
അഖിലാൻ — എല്ലാവരേയും
അജഃ — ബ്രഹ്മാവ്
സകൃത — ഒരേ സമയത്തിൽ
ദദർശ — കണ്ടു.

തതോഽതികുതുകോദ്വൃത്യ സ്തിമിതൈകാദശേന്ദ്രിയഃ
തദ്ധാമ്നാഽഭൂദജസ്തൂഷ്ണീം പൂർദ്ദേവ്യന്തീവ പുത്രികാ. 56

| | |
|---|---|
| തതഃ | പിന്നെ, |
| അജഃ | ബ്രഹ്മാവ് |
| അതി–കുതുകോദ്വൃത്യ | അത്യാശ്ചര്യത്താൽ കൺ തിരിച്ച് |
| തദ്ധാമ്നാ | അവരുടെ (ഗോവത്സങ്ങളുടേയും ഗോപബാലന്മാരുടേയും) കാന്തിയാൽ |
| സ്തിമിതൈകാ–ദശേന്ദ്രിയഃ | നിശ്ചലമായിത്തീർന്ന പതിനൊന്നിന്ദ്രിയങ്ങളോടും കൂടിയവനായിട്ട് |
| പൂർദ്ദേവ്യന്തി | ഗോകുലാധിഷ്ഠാനദേവതയുടെ സമീപത്തിൽ |
| പുത്രികാ ഇവ | ഒരു പാവപോലെ |
| തൂഷ്ണീം അഭൂത് | മിണ്ടാതെ നിന്നു. |

ഇതീരേശേऽതർക്ക്യേ നിജമഹിമനി സ്വപ്രമിതികേ
പരത്രാജാതോऽതന്നിരസനമുഖബ്രഹ്മകമിതൌ
അനീശേऽപി ദ്രഷ്ടും കിമിദമിതി വാ മുഹ്യതി സതി
ചച്ഛാദാജോ ജ്ഞാത്വാ സപദി പരമോऽജാജവനികാം. 57

| | |
|---|---|
| ഇതി | ഇപ്രകാരം കണ്ടശേഷം |
| അതർക്ക്യേ | ഊഹത്തിന്നുപോലും അവിഷയമായിരിക്കുന്നവനും, |
| നിജമഹിമനി | അസാമാന്യമഹിമയോടുകൂടിയവനും, |
| സ്വപ്രമിതികേ | സ്വയം പ്രകാശകമായി സ്ഥിതിചെയ്യുന്നവനും, |
| അജാതഃ | പ്രകൃതിയിൽനിന്ന് |
| പരത്ര | അതീതനായിരിക്കുന്നവനും |
| അതന്നിരസന–മുഖബ്രഹ്മ–കമിതൌ | 'അതിന്നിരസനം' മുഖേന വേദാന്തവാക്യങ്ങളാൽ (ബ്രഹ്മത്തെ ജഡപദാർത്ഥങ്ങളിൽനിന്ന് വേർതിരിച്ചുകാട്ടിത്തരുന്ന 'നേതി നേതീ'ത്യാദി ഉപനിഷദ്വചനങ്ങളാൽ) അറിയപ്പെടേണ്ടവനും ആയ ശ്രീകൃഷ്ണപരമാത്മാവിൻ വിഷയത്തിൽ |
| ഈരേശേ | വാഗ്ദേവതാപതിയായ ബ്രഹ്മദേവൻ |
| കിം ഇദം | 'ഇതെന്തൊരാശ്ചര്യം' |
| ഇതി | എന്നോർത്ത് |
| മുഹ്യതി | മോഹിക്കുകയും |
| ദ്രഷ്ടും വാ അപി | എല്ലാം കാണ്മാൻകൂടി |
| അനീശേ സതി | അശക്തനായിത്തീരുകയും ചെയ്ത സമയത്തിൽ |
| പരമഃ അജഃ | ഭഗവാൻ |
| ജ്ഞാത്വാ | ബ്രഹ്മാവിന്നു നേരിട്ട ക്ലേശത്തെ മനസ്സിലാക്കി |
| അജാജവനികാം | മായയാകുന്ന മറയെ |
| സപദി | ഉടനടി |
| ചച്ഛാദ | നീക്കംചെയ്തു. |

തതോऽർവ്വാക്പ്രതിലബ്ധാക്ഷഃ കഃ പരേതവദുത്ഥിതഃ
കൃച്ഛ്രാദുന്മീല്യ വൈ ദൃഷ്ടീരാചഷ്ടേദം സഹാത്മനാ. 58

| | |
|---|---|
| തതഃ | അനന്തരം |
| അർവ്വാക്പ്രതി–ലബ്ധാക്ഷഃ | പുറമേക്ക് ഇന്ദ്രിയങ്ങളെ വീണ്ടും ലഭിച്ച |
| കഃ | ബ്രഹ്മാവ് |
| പരേതവത് | മരിച്ചവൻ എഴുന്നേററാൽ ഏതുവിധമോ അപ്രകാരം |
| ഉത്ഥിതഃ | എഴുന്നേററ് |
| കൃച്ഛ്രാത് | പ്രയാസത്തോടെ |
| ദൃഷ്ടീഃ | കൺകളെല്ലാം |
| ഉന്മീല്യ | തുറന്ന് |
| ആത്മനാ സഹ | തന്നോടുകൂടി |
| ഇദം | ഈ ലോകത്തെ |
| ആചഷ്ട | കണ്ടു. |

സപദ്യേവാഭിതഃ പശ്യൻ ദിശോऽപശ്യത് പുരഃ സ്ഥിതം
വൃന്ദാവനം ജനാജീവ്യദ്രുമാകീർണ്ണം സമാപ്രിയം. 59

| | |
|---|---|
| സപദി ഏവ | ഉടനെത്തന്നെ |
| അഭിതഃ | ചുററുപാടും |
| ദിശഃ | എല്ലാദിക്കുകളിലേക്കും |
| പശ്യൻ | നോക്കിക്കൊണ്ടു് |
| ജനാജീവ്യദ്രുമാകീർണ്ണം | ജനങ്ങളുടെ ജീവനാധാരണത്തിനു പ്രയോജനപ്പെടുന്ന വൃക്ഷങ്ങൾ നിറഞ്ഞതും |
| സമാപ്രിയം | എന്നും പ്രിയപ്പെട്ട വസ്തുക്കളുള്ളതും ആയ |
| വൃന്ദാവനം | വൃന്ദാവനത്തെ |
| പുരഃ സ്ഥിതം | തൻമുന്നിൽ സ്ഥിതിചെയ്യുന്നതായി |
| അപശ്യത് | കണ്ടു. |

യത്ര നൈസർഗ്ഗദുർവൈരാഃ സഹാസൻ നൃമൃഗാദയഃ
മിത്രാണീവാജിതാവാസദ്രുതരുട്തർഷകാദികം. 60

| | |
|---|---|
| യത്ര | യാതൊരു ആ വൃന്ദാവനത്തിൽ |
| നൈസർഗ്ഗദുർവൈരാഃ | ജന്മവൈരികളായ |
| നൃമൃഗാദയഃ | മനുഷ്യരും മൃഗങ്ങളും മററും |
| മിത്രാണി ഇവ | ചങ്ങാതികൾപോലെ |
| സഹ | ഒന്നിച്ചുചേർന്നു് |
| ആസൻ | കഴിഞ്ഞുവന്നിരുന്നു. |
| അജിതാവാസദ്രുതരുട്തർഷകാദികം | ആ വനം ശ്രീകൃഷ്ണഭഗവാന്റെ ആവാസം നിമിത്തം അകന്നുപോയ ക്രോധലോഭാദികളോടു കൂടിയതായിരുന്നു. |

തത്രോദ്വഹത് പശുപവംശശിശുത്വനാട്യം
ബ്രഹ്മാദ്വയം പരമനന്തമഗാധബോധം
വത്സാൻ സഖീനിവ പുരാ പരിതോ വിചിന്വ-
ദേകം സപാണികബലം പരമേഷ്ഠ്യചഷ്ട. 61

| | |
|---|---|
| പശുപവംശശിശുത്വനാട്യം ഉദ്വഹത് | ഗോപകുലബാലനെന്ന ഭാവം നടിച്ചുകൊണ്ടിരിക്കുന്നതും, |
| അദ്വയം | രണ്ടെന്നുള്ള അവസ്ഥയില്ലാത്തതും, |
| പരം | സർവ്വലോകാതീതവും, |
| അനന്തം | പരിച്ഛേദരഹിതവും, |
| അഗാധബോധം | ആഴം കാണാത്ത അറിവാകുന്ന സ്വരൂപത്തോടുകൂടിയതും ആയ |
| ഏകം ബ്രഹ്മ | കേവലബ്രഹ്മത്തെ |
| പരമേഷ്ഠീ | ബ്രഹ്മാവു് |
| പുരാ ഇവ | മുമ്പേത്തെപ്പോലെ |
| സപാണികബലം | കരത്തിൽ ചോററുരുളയോടുകൂടി |
| വത്സാൻ | പശുക്കുട്ടികളേയും |
| സഖീൻ | ചങ്ങാതികളേയും |
| തത്ര പരിതഃ | അവിടെ നാലുപാടും |
| വിചിന്വത് | തിരഞ്ഞുനടക്കുന്നതായി |
| അചഷ്ട | കണ്ടു. |

ദൃഷ്ട്വാ ത്വരേണ നിജധോരണതോऽവതീര്യ
പൃഥ്വ്യാം വപുഃ കനകദണ്ഡമിവാഭിപാത്യ
സ്പൃഷ്ട്വാ ചതുർമ്മുകുടകോടിഭിരങ്ഘ്രിയുഗ്മം
നത്വാ മുദശ്രുസുജലൈരകൃതാഭിഷേകം. 62

| | |
|---|---|
| ദൃഷ്ട്വാ | ഈ വിധം ദർശിച്ചശേഷം |
| നിജധോരണതഃ | തന്റെ വാഹനത്തിൽ നിന്ന് |
| ത്വരേണ | വേഗത്തിൽ |
| അവതീര്യ | താഴെ ഇറങ്ങി, |
| പൃഥ്വ്യാം | ഭൂമിയിൽ |
| കനകദണ്ഡം ഇവ | പൊൻവടിപോലെ |
| വപുഃ | സ്വശരീരത്തെ |
| അഭിപാത്യ | വീഴ്ത്തി |
| നത്വാ | നമസ്കരിച്ച് |
| ചതുർമ്മുകുട കോടിഭിഃ | നാലുകിരീടങ്ങളുടെയും അഗ്രങ്ങളാൽ |
| അംഘ്രിയുഗ്മം | ഭഗവാന്റെ ഇരുപാദങ്ങളെയും |
| സ്പൃഷ്ട്വാ | തൊട്ട് |
| മുദശ്രുസുജലൈഃ | സന്തോഷാശ്രുക്കളാകുന്ന നിർമ്മലജലത്താൽ |
| അഭിഷേകം | അഭിഷേകം |
| അകൃത | ചെയ്തു. |

ഉത്ഥായോത്ഥായ കൃഷ്ണസ്യ ചിരസ്യ പാദയോഃ പതൻ
ആസ്തേ മഹിത്വം പ്രാഗ്ദൃഷ്ടം സ്മൃത്വാ സ്മൃത്വാ പുനഃ പുനഃ. 63

| | |
|---|---|
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| പ്രാഗ്ദൃഷ്ടം | മുമ്പു കണ്ടതായ |
| മഹിത്വം | മഹിമയെ |
| പുനഃ പുനഃ | വീണ്ടും വീണ്ടും |
| സ്മൃത്വാ സ്മൃത്വാ | ഓർത്തോർത്തുകൊണ്ട് |
| ഉത്ഥായ ഉത്ഥായ | എഴുന്നേറ്റെഴുന്നേറ്റ് |
| ശിരസാ | ശിരസ്സിനാൽ |
| പാദയോഃ | തൃപ്പാദങ്ങളിൽ |
| പതൻ | വീണുവണങ്ങിക്കൊണ്ട് |
| ചിരസ്യ | വളരെനേരം |
| ആസ്തേ | സ്ഥിതിചെയ്തു. |

ശനൈരഥോത്ഥായ വിമൃജ്യ ലോചനേ
മുകുന്ദമുദ്വീക്ഷ്യ വിനമ്രകന്ധരഃ
കൃതാഞ്ജലിഃ പ്രശ്രയവാൻ സമാഹിതഃ
സവേപഥുർഗ്ഗദ്ഗദയൈലതേളയാ. 64

| | |
|---|---|
| അഥ ശനൈഃ | പിന്നെ പതുക്കെ |
| ഉത്ഥായ | എണീറ്റ് |
| ലോചനേ | കൺരണ്ടും |
| വിമൃജ്യ | തുടച്ച് |
| മുകുന്ദം | ആ മുക്തിദാതാവിനെ |
| ഉദ്വീക്ഷ്യ | നല്ലവണ്ണം നോക്കി |
| വിനമ്രകന്ധരഃ | തലതാഴ്ത്തിയും, |
| കൃതാഞ്ജലിഃ | കൈക്കൂപ്പിയും, |
| പ്രശ്രയവാൻ | വിനയാന്വിതനായി, |
| സവേപഥുഃ | വിറയൽ പൂണ്ടുകൊണ്ട് |
| സമാഹിതഃ | മനസ്സടക്കത്തോടുകൂടിയവനായിട്ട് |
| ഗദ്ഗദയാ | ഇടറുന്ന |
| ഇളയാ | വാക്കിനാൽ |
| ഐലത | സ്തുതിച്ചു. |

• ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ബ്രഹ്മസമ്മോഹനനിരൂപണം നാമ ത്രയോദശോഽധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 608.

# ചതുർദ്ദശോഽദ്ധ്യായഃ—പതിനാലാമദ്ധ്യായം.

[ചതുർദ്ദശേഽത്ഭുതം ദൃഷ്ട്വാ പൂർവ്വാഗന്തുകനിശ്ചയം
അനിശഃ കൎത്തുമസ്തൗഷീത് കൃഷ്ണം ബ്രഹ്മാ വിമോഹിതഃ ]

(ബ്രഹ്മാവിന്റെ ശ്രീകൃഷ്ണസ്തുതി.)

ബ്രഹ്മോവാച = ബ്രഹ്മാവ് പറഞ്ഞു :—

നൗമീഡ്യ തേഽഭ്രവപുഷേ തഡിദംബരായ
ഗുഞ്ജാവതംസപരിപിച്ഛലസന്മുഖായ
വന്യസ്രജേ കവലവേത്രവിഷാണവേണു-
ലക്ഷ്മശ്രിയേ മൃദുപദേ പശുപാംഗജായ. 1

ഈഡ്യ — ഹേ സ്തുത്യ !
അഭ്രവപുഷേ — നീലമേഘംപോലുള്ള തിരുമെയ്ശോഭയോടും,
തഡിദംബരായ — മിന്നലിനോടൊത്ത പീതാംബരത്തോടും,
ഗുഞ്ജാവതംസ-പരിപിച്ഛലസ-ന്മുഖായ — കുന്നിക്കുരുകൊണ്ടുള്ള കർണ്ണാഭരണങ്ങളോടും, മയിൽപ്പീലിചാർത്തി പരിലസിക്കുന്ന തിരുമുഖത്തോടും,
വന്യസ്രജേ — വനപുഷ്പമാലകളോടും,
കവലവേത്ര-വിഷാണവേണു-ലക്ഷ്മശ്രിയേ — ചോറുരുള, ചൂരൽക്കോൽ, കൊമ്പ്, കുഴൽ എന്നീ ചിഹ്നങ്ങളുടെ കാന്തിയോടും,
മൃദുപദേ — മാർദ്ദവം ചേൎന്ന പാദങ്ങളോടും കൂടിയവനായി
പശുപാംഗജായ — ഗോപകുമാരനെന്ന നിലയിൽ കാണപ്പെടുന്ന
തേ — നിന്തിരുവടിയെ
നൗമി — ഞാൻ സ്തുതിക്കുന്നു.

അസ്യാപി ദേവ വപുഷോ മദനുഗ്രഹസ്യ
സ്വേച്ഛാമയസ്യ ന തു ഭൂതമയസ്യ കോഽപി
നേശേ മഹി ത്വവസിതും മനസാഽന്തരേണ
സാക്ഷാത്തവൈവ കിമുതാത്മസുഖാനുഭൂതേഃ. 2

ദേവ — ഹേ പ്രകാശാത്മൻ !
മദനുഗ്രഹസ്യ — എനിക്ക് അനുഗ്രഹമേകിയതും,
സ്വേച്ഛാമയസ്യ — സ്വഭക്തന്മാരുടെ ഇഷ്ടത്തിന്നനുസരിച്ച് ആവിർഭവിച്ചതും,
ന തു ഭൂതമയസ്യ — എന്നാൽ പാഞ്ചഭൗതികമല്ലാത്തതും ആയ
അസ്യ വപുഷഃ — ഈ പ്രത്യക്ഷ ശരീരത്തിന്റെ
മഹി — മഹിമയെ
അവസിതും — ഇത്രയെന്നു നിർണ്ണയിച്ചറിവാൻ
ആന്തരേണ — ഏകാഗ്രമാക്കിയ
മനസാ അപി — ചിത്തത്താൽക്കൂടി
കഃ അപി — ബ്രഹ്മാവായ ഞാൻ പോലും
ന ഈശേ — തീരെ ശക്തനാവുന്നില്ല.
തു — എന്നിരിക്കെ,
ആത്മ-സുഖാനുഭൂതേഃ — ആത്മാനന്ദാനുഭവമായ (സച്ചിദാനന്ദാത്മകമായ)

| | | | |
|---|---|---|---|
| സാക്ഷാത് തവ ഏവ | സാക്ഷാൽ നിന്തിരുവടിയുടെ മഹിമയെതന്നെ | കിമുത | ചോദിപ്പാനുണ്ടോ, ആരറിയുന്നു ? |

(നോട്ട് :— ഭഗവാന്റെ അലൌകികമായ പ്രത്യക്ഷരൂപത്തിൻ മഹിമയെ അറിവാൻ ബ്രഹ്മാവുപോലും അസമർത്ഥനാണ്. എന്നിരിക്കെ, അവിടുത്തെ സച്ചിദാനന്ദരൂപത്തിൻ മഹിമ ആരറിയുന്നു ?)

ജ്ഞാനേ പ്രയാസമുദപാസ്യ നമന്ത ഏവ
ജീവന്തി സന്മുഖരിതാം ഭവദീയവാർത്താം
സ്ഥാനേ സ്ഥിതാഃ ശ്രുതിഗതാം തനുവാങ്മനോഭി-
ര്യേ പ്രായശോഽജിത ജിതോഽപ്യസി തൈസ്ത്രിലോക്യാം. 3

| | | | |
|---|---|---|---|
| ജ്ഞാനേ | ജ്ഞാനവിഷയത്തിലുള്ള | തനുവാങ്- മനോഭിഃ | ശരീരം, വാക്ക്, മനസ്സ് എന്നിവയാൽ |
| പ്രയാസം | പരിശ്രമം | നമന്തഃ | വണങ്ങിക്കൊണ്ടു |
| ഉദപാസ്യ | തീരെത്തള്ളിക്കളഞ്ഞു് | ജീവന്തി | ജീവിച്ചുവരുന്നുവോ, |
| സ്ഥാനേ | അവനവന്റെ സ്ഥാനത്ത് | തൈഃ ഏവ | അവരാൽമാത്രം |
| സ്ഥിതാഃ | ഇരുന്നുകൊണ്ടു് | ത്രിലോക്യം | മൂന്നുലോകങ്ങളിലും, |
| സന്മുഖരിതാം | സജ്ജനങ്ങളാൽ പ്രകീർത്തിക്കപ്പെട്ടതും, | അജിത | ആരാലും ജയിക്കപ്പെട്ടിട്ടില്ലാത്ത ഹേ കൃഷ്ണ ! |
| ശ്രുതിഗതാം | തൻ കാതിൽ അകപ്പെട്ടതും ആയ | പ്രായശഃ | മിക്കവാറും |
| ഭവദീയവാർത്താം | ഭവൽപുണ്യകഥയെ | അപി ജിതഃ അസി | ഭവാൻകൂടി ജയിക്കപ്പെട്ടവനായി ഭവിക്കുന്നു. |
| യേ | യാതൊരുവർ | | |

(നോട്ട് :— ഭഗവൽകഥാശ്രവണത്തിൽ ഭക്ത്യാദരങ്ങളുള്ളവർക്ക് ഭഗവാൻ അധീനനാണ്. ജ്ഞാനത്തിന്നായുള്ള അദ്ധ്യാത്മംകൂടാതെതന്നെ അവൎക്ക മുക്തി സിദ്ധിക്കുന്നു.)

ശ്രേയഃസ്രുതിം ഭക്തിമുദസ്യ തേ വിഭോ
ക്ലിശ്യന്തി യേ കേവലബോധലബ്ധയേ
തേഷാമസൌ ക്ലേശല ഏവ ശിഷ്യതേ
നാന്യദ്യഥാ സ്ഥൂലതുഷാവഘാതിനാം. 4

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ ! | തേഷാം | അവൎക്ക് |
| ശ്രേയഃസ്രുതിം | സമസ്തപുരുഷാർത്ഥങ്ങളുടേയും ഉറവിടമായ | സ്ഥൂലതുഷാവ- ഘാതിനാം യഥാ | പുറംവലിപ്പം തോന്നിക്കുന്ന ധാന്യപ്പതിരുകളെ ഇട്ടിടിക്കുന്നവൎക്ക് ഉണ്ടാവുന്ന അനുഭവംപോലെ |
| തേ ഭക്തിം | ഭവൽഭക്തിയെ | | |
| ഉദസ്യ | പരിത്യജിച്ച് | | |
| യേ | യാതൊരുവർ | അസൌ | ഇതു് (കേവലബോധം) |
| കേവലബോധ- ലബ്ധയേ | കേവലമായ ജ്ഞാനം മാത്രം നേടുന്നതിനായി | ക്ലേശലഃ ഏവ | ക്ലേശകരമായിട്ടുമാത്രം |
| | | ശിഷ്യതേ | അവശേഷിക്കുന്നു ; |
| ക്ലിശ്യന്തി | കഷ്ടപ്പെടുന്നുവോ, | ന അന്യത് | വേറിട്ടൊന്നുമില്ല. |

(നോട്ട് :— ഭക്തിയെ വിട്ടു വെറും അധ്യാത്മജ്ഞാനം നേടുവാൻ ഉദ്യമിക്കുന്നതു് ധാന്യമണിയില്ലാത്ത പതിരിനെ കുത്തുന്നപോലെ പാഴ്‌വേലയായിത്തീരുന്നു.)

പുരേഹ ഭൂമൻ ബഹവോഽപി യോഗിന-
സ്ത്വദർപ്പിതേഹാ നിജകർമ്മലബ്ധയാ
വിബുധ്യ ഭക്ത്യൈവ കഥോപനീതയാ
പ്രപേദിരേഽഞ്ജോഽച്യുത തേ ഗതിം പരാം.

| | |
|---|---|
| ഭൂമൻ | ഹേ സർവ്വവ്യാപിൻ ! |
| അച്യുത | ഹേ വിനാശരഹിത ! |
| ഇഹ | ലോകത്തിൽ |
| ബഹവഃ | വളരെ പേർ |
| പുരാ | ആദ്യം |
| യോഗിനഃ അപി | അഷ്ടാംഗയോഗനിരതന്മാരായിരുന്നിട്ടും (ആത്മജ്ഞാനം സിദ്ധിക്കാതെ, പിന്നീട്). |
| ത്വദർപ്പിതേഹാഃ | നിന്തിരുവടിയിൽ അർപ്പിക്കപ്പെട്ട സർവ്വ കർമ്മങ്ങളോടുംകൂടിയവരായിഭവിച്ച്, |
| നിജകർമ്മലബ്ധയാ | സ്വപുണ്യ കർമ്മങ്ങളാൽ ലഭിക്കപ്പെട്ടതും, |
| കഥോപനീതയാ | ഭഗവൽകഥാശ്രവണത്താൽപോഷിപ്പിക്കപ്പെട്ടതുമായ |
| ഭക്ത്യാ ഏവ | ഭക്തിയാൽത്തന്നെ |
| അഞ്ജഃ | അനായാസേന |
| വിബുദ്ധ്യ | ആത്മബോധം ലഭിച്ച് |
| തേ | നിന്തിരുവടിയുടെ |
| പരാം | അത്യുൽകൃഷ്ടമായ |
| ഗതിം | പദത്തെ |
| പ്രപേദിരേ | പ്രാപിച്ചു. |

തഥാപി ഭൂമൻ മഹിമാഽഗുണസ്യ തേ
വിബോദ്ധുമർഹത്യമലാന്തരാത്മഭിഃ
അവിക്രിയാത് സ്വാനുഭവാദരൂപതോ
ഹ്യനന്യബോധ്യാത്മതയാ ന ചാന്യഥാ. 6

| | |
|---|---|
| തഥാപി | എങ്കിലും. |
| ഭൂമൻ | ഹേ സർവ്വവ്യാപിൻ ! |
| അഗുണസ്യ | ഗുണാതീതനായി വർത്തിക്കുന്ന |
| തേ | നിന്തിരുവടിയുടെ |
| മഹിമാ | മാഹാത്മ്യം (തത്വം) |
| അമലാന്തരാത്മഭിഃ | നിർമ്മലചിത്തരും അന്തർമ്മുഖമായ ഇന്ദ്രിയവൃത്തിയോടുകൂടിയവരും ആയ മഹാത്മാക്കളാൽ |
| സ്വാനുഭവാത് | ആത്മാകാരംപൂണ്ട അന്തഃകരണത്തിന്റെ സാക്ഷാൽക്കരണംകൊണ്ടും, |
| അവിക്രിയാത് | വിശേഷാകാരമില്ലാത്തതുകൊണ്ടും, |
| അരൂപതഃ | നിർവ്വിഷയമാകകൊണ്ടും, |
| അനന്യബോധ്യാത്മതയാ ച | ഇതരേന്ദ്രിയങ്ങളാൽ ബോധിപ്പാനരുതാത്ത സ്വരൂപത്തോടുകൂടിയതാകകൊണ്ടും, |
| വിബോദ്ധും | അറിയുവാൻ |
| അർഹതി ഹി | അർഹിക്കുന്നുണ്ട് (സാദ്ധ്യമാകുന്നുണ്ട്) |
| അന്യഥാ ന | മറ്റുപ്രകാരത്തിൽ ഇല്ല. |

(നോട്ട്:— ഭഗവാന്റെ നിർഗ്ഗുണതത്വത്തെക്കുറിച്ചുള്ള ബോധം പ്രയാസപ്പെട്ടുണ്ടാകാം. എന്നാൽ സഗുണരൂപത്തെ ബോധിക്കുക അതിലും ക്ലേശകരമാണെന്നു പറയുന്നു.)

ഗുണാത്മനസ്തേഽപി ഗുണാൻ വിമാതും
ഹിതാവതീർണ്ണസ്യ ക ഈശിരേഽസ്യ
കാലേന യൈർവ്വാ വിമിതാഃ സുകല്പൈർ-
ഭൂപാംസവഃ ഖേ മിഹികാ ദ്യുഭാസഃ. 7

| | |
|---|---|
| സുകല്പൈഃ | അതിനിപുണരായുള്ള |
| യൈഃ | യാവചിലരാൽ |
| കാലേന വാ | അനേകം ജന്മകാലം കൊണ്ടെങ്കിലും |
| ഭൂപാംസവഃ | ഭൂമിയിലുള്ള മൺതരികളും, |
| ഖേ | ആകാശത്തിലുള്ള |
| മിഹികാഃ | മഞ്ഞിൻ തുള്ളികളും, |
| ദ്യുഭാസഃ | അന്തരീക്ഷത്തിലെ ജ്യോതിർഗോളങ്ങളുടെ കിരണങ്ങളും |
| വിമിതാഃ അപി | പ്രത്യേകം എണ്ണിക്കണക്കാക്കപ്പെട്ടെന്നു വന്നാൽ കൂടിയും |

| | |
|---|---|
| ഗുണാത്മനഃ | ഗുണങ്ങളുടെ അധിഷ്ഠാതാവായി |
| അസ്യ | ഈ ലോകത്തിന്റെ |
| ഹിതാവതീർണ്ണസ്യ | യോഗക്ഷേമത്തിനു വേണ്ടി അവതാരം എടുത്തിരിക്കുന്ന |
| തേ | നിന്തിരുവടിയുടെ |
| ഗുണാൻ | അസംഖ്യഗുണങ്ങളെ |
| വിമാതും | ഇത്രയെന്നു കണക്കാക്കുവാൻ |
| കേ | അവരിൽ ആർതന്നെ |
| ഈശിരേ | സമർത്ഥരാകും? |

തത്തേഽനുകമ്പാം സുസമീക്ഷമാണോ ഭുഞ്ജാന ഏവാത്മകൃതം വിപാകം
ഹൃദ്വാഗ്വപുർഭിർവ്വിദധന്നമസ്തേ ജീവേത യോ മുക്തിപദേ സ ദായഭാക്. 8

| | |
|---|---|
| തത് | അതുകൊണ്ട് |
| തേ അനുകമ്പാം | ഭവാന്റെ കരുണയെ |
| സുസമീക്ഷമാണഃ | പ്രതീക്ഷിച്ചുകൊണ്ടും, |
| ആത്മകൃതം | സ്വാർജ്ജിതമായ |
| വിപാകം | കർമ്മഫലത്തെ (അനാസക്തനായി) |
| ഭുഞ്ജാനഃ ഏവ | അനുഭവിച്ചുകൊണ്ടു തന്നെയും, |
| ഹൃദ്വാഗ്വപുർഭിഃ | മനോവാക്കായങ്ങളാൽ |

| | |
|---|---|
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം |
| വിദധത് | അർപ്പിച്ചുകൊണ്ടും |
| യഃ | യാതൊരാൾ |
| ജീവേത | ജീവിക്കുന്നുവോ |
| സഃ | അവൻ |
| മുക്തിപദേ | മോക്ഷപദത്തിൽ |
| ദായഭാക് | അവകാശിയായിത്തീരുന്നു. |

പശ്യേശ മേഽനാര്യ്യമനന്ത ആദ്യേ
പരാത്മനി ത്വയ്യപി മായിമായിനി
മായാം വിതത്യേക്ഷിതുമാത്മവൈഭവം
ഹ്യഹം കിയാനൈച്ഛമിവാർച്ചിരഗ്നൗ. 9

| | |
|---|---|
| ഈശ | ഹേ സർവ്വശക്ത! |
| മേ അനാര്യ്യം | എന്റെ വിവരക്കേട് |
| പശ്യ | നോക്കുക. |
| അനന്തേ | വിനാശരഹിതനും |

| | |
|---|---|
| ആദ്യേ | സർവ്വകാരണഭൂതനും |
| പരാത്മനി | സർവ്വനിയന്താവും |
| മായിമായിനി | മായാവികാരങ്ങളെ മായാവിയുമായി സ്ഥിതിചെയ്യുന്ന |

| | | | |
|---|---|---|---|
| ത്വയി അപി | നിന്തിരുവടിയിൽപോലും | അഗ്നൌ | അഗ്നിയിൽ |
| മായാം വിതത്യ | മായയെ പ്രയോഗിച്ച് | അർച്ചിഃ ഇവ | ജ്വാലയെന്നപോലെ |
| ആത്മവൈഭവം | തൻ സാമർത്ഥ്യത്തെ | അഹം | ഞാൻ (ഭവൽസമീപത്തിൽ) |
| ഈക്ഷിതും | കാണുവാൻ | | |
| ഐച്ഛം ഹി | ഞാൻ ആഗ്രഹിച്ചുവല്ലോ! | കിയാൻ | എത്ര തുച്ഛൻ! |

അതഃ ക്ഷമസ്വാച്യുത മേ രജോഭുവോ
ഹ്യജാനതസ്ത്വത് പൃഥഗീശമാനിനഃ
അജാവലേപാന്ധതമോഽന്ധചക്ഷുഷ
ഏഷോഽനുകമ്പ്യോ മയി നാഥവാനിതി. 10

| | | | |
|---|---|---|---|
| അച്യുത | ഹേ ച്യുതിരഹിത! | അജാവലേപാന്ധതമോഽന്ധചക്ഷുഷഃ | സൃഷ്ടികർത്താവാണെന്ന അഹങ്കാരത്തിന്റെ ഗാഢാന്ധകാരത്താൽ കാഴ്ച നശിച്ചുപോയ വിവേകദൃഷ്ടിയോടുകൂടിയവനും ആയ |
| അതഃ | ആകയാൽ | മേ | എന്റെ അപരാധത്തെ |
| രജോഭുവഃ | രാജസഗുണത്തിൽനിന്ന് ഉത്ഭവിച്ചവനും | മയി ഏഷഃ നാഥവാൻ | 'ഞാൻ രക്ഷകനായിരുന്നാലേ ഇവൻ രക്ഷയുള്ളവനാകയുള്ളൂ'. |
| ത്വത്പൃഥഗീശമാനിനഃ | നിന്തിരുവടിയിൽനിന്നു വേർപെട്ടുനില്ക്കുന്ന ഈശ്വരനാണു താനെന്ന് അഭിമാനിക്കുന്നവനും, | ഇതി | എന്നു കരുതി |
| ഹി | തന്നിമിത്തം | ക്ഷമസ്വ | പൊറുത്തരുളണം. |
| അജാനതഃ | ഭഗവന്മഹിമയെ മനസ്സിലാക്കാത്തവനും, | | |

ക്വാഹം തമോമഹദഹംഖചരാഗ്നിവാർഭൂ-
സംവേഷ്ടിതാണ്ഡഘടസപ്തവിതസ്തികായഃ
ക്വേദൃഗ്വിധാവിഗണിതാണ്ഡപരാണുചര്യാ-
വാതാധ്വരോമവിവരസ്യ ച തേ മഹിത്വം. 11

| | | | |
|---|---|---|---|
| തമോമഹദഹംഖചരാഗ്നിവാർഭൂസംവേഷ്ടിതാണ്ഡഘടസപ്തവിതസ്തികായഃ | പ്രകൃതി, മഹത്തത്വം, അഹങ്കാരം, ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നിവയാൽ ആവൃതമായിരിക്കുന്ന ബ്രഹ്മാണ്ഡകടാഹത്തിനുള്ളിൽ ഏഴു ചാണോളം മാത്രം പൊക്കമുള്ള ഉടലോടുകൂടി ഒതുങ്ങിയിരിക്കുന്ന | അഹം ക്വ | ഞാൻ എവിടെ? |
| | | ഈദൃഗ്വിധാവിഗണിതാണ്ഡപരാണുചര്യാവാതാധ്വരോമവിവരസ്യ | ഇത്തരത്തിലുള്ള അസംഖ്യം ബ്രഹ്മാണ്ഡങ്ങളാവുന്ന പരമാണുക്കളുടെ സഞ്ചാരത്തിനുതകുന്ന ജനലുകളോ എന്നു തോന്നുംപ്രകാരമുള്ള രോമകൂപങ്ങളോടുകൂടിയ |
| | | തേ | നിന്തിരുവടിയുടെ |
| | | മഹിത്വം ച ക്വ | മഹിമയും എവിടെ? |

ഉത്ക്ഷേപണം ഗർഭഗതസ്യ പാദയോഃ കിം കല്പതേ മാതുരധോക്ഷജാഗസേ
കിമസ്തിനാസ്തിവ്യപദേശഭൂഷിതം തവാസ്തി കുക്ഷേഃ കിയദപ്യനന്തഃ.

| | |
|---|---|
| അധോക്ഷജ | ഹേ അതീന്ദ്രിയജ്ഞാന രൂപ ! |
| ഗർഭഗതസ്യ | ഗർഭത്തിലുള്ള ശിശുവിന്റെ |
| പാദയോഃ ഉത്ക്ഷേപണം | കാൽക്കുതിപ്പ് |
| മാതുഃ | അമ്മയുടെ നേർക്കുള്ള |
| ആഗസേ | അപരാധത്തിന്ന് |
| കിം കല്പതേ | കാരണമാകാറുണ്ടോ ! |
| അസ്തിനാസ്തി- വ്യപദേശ- ഭൂഷിതം | ഉണ്ട്, ഇല്ല എന്നീ വാക്കുകളാൽ (ഭാവാഭാവ ശബ്ദങ്ങളാൽ) ലോകത്തിൽ വ്യവഹരിക്കപ്പെടുന്ന |
| കിയത് അപി | എന്തെങ്കിലും ഒന്ന് |
| തവ | നിന്തിരുവടിയുടെ |
| കുക്ഷേഃ അനന്തഃ | കുക്ഷിക്കുള്ളിലല്ലാതെ പുറമെ |
| കിം അസ്തി | ഉണ്ടോ ? |

(നോട്ട് :— എല്ലാം ഭഗവാന്റെ ഉള്ളിലുള്ളതാകയാൽ ബ്രഹ്മാവും ഭഗവൽകുക്ഷിസ്ഥനാണല്ലോ. അതിനാൽ ഗർഭസ്ഥശിശുവിന്റെ ചവിട്ട് അമ്മ പൊറുക്കുന്നപോലെ ബ്രഹ്മാവിന്റെ തെററ് ഭഗവാൻ പൊറുക്കേണ്ടതാണ് എന്നു താൽപര്യം.)

ജഗത്ത്രയാന്തോദധിസംപ്ലവോദേ
നാരായണസ്യോദരനാഭിനാളാത്
വിനിർഗ്ഗതോഽജസ്ത്വിതി വാങ്ന വൈ മൃഷാ
കിം ത്വീശ്വര ത്വന്ന വിനിർഗ്ഗതോഽസ്മി. 13

| | |
|---|---|
| ജഗത്ത്ര- യാന്തോദധി- സംപ്ലവോദേ | മൂന്നുലോകത്തിന്റേയും പ്രളയകാലത്തിൽ സമുദ്രങ്ങളൊന്നിച്ചു ചേർന്ന ജലപ്പരപ്പിൽ ശയിക്കുന്ന |
| നാരായണസ്യ | ശ്രീനാരായണമൂർത്തിയുടെ |
| ഉദരനാഭി- നാളാത് | വയററിലുള്ള നാഭികമലത്തിൽനിന്ന് |
| അജഃ | ബ്രഹ്മാവ് |
| വിനിർഗ്ഗതഃ | ഉത്ഭവിച്ചു |
| ഇതി വാക് തു | എന്നുള്ള ചൊല്ലാകട്ടെ |
| ന മൃഷാ വൈ | പൊളിയായിരിക്കയില്ല; നിശ്ചയം. |
| തു | എന്നിരിക്കിലും |
| ഈശ്വര | ഹേ ഭഗവൻ |
| ത്വത് | ഞാൻ അങ്ങയിൽനിന്നു |
| വിനിർഗ്ഗതഃ അസ്മി കിം ന | ഉണ്ടായവനല്ലേ ? |

നാരായണസ്ത്വം ന ഹി സർവ്വദേഹിനാ-
മാത്മാസ്യധീശാഖിലലോകസാക്ഷീ
നാരായണോഽങ്ഗം നരഭൂജലായനാ-
ത്തച്ചാപി സത്യം ന തവൈവ മായാ. 14

| | |
|---|---|
| അധീശ | ഹേ സർവ്വലോകപ്രവർത്തക ! |
| ത്വം | നിന്തിരുവടി |
| നാരായണഃ ന ഹി | നാരായണനല്ലയോ ? |
| സർവ്വദേഹിനാം | സമസ്തജീവരാശികളുടെ |
| ആത്മാ | അന്തരാത്മാവായ |
| അഖിലലോക- സാക്ഷീ | സമസ്തലോകത്തിന്നു , സാക്ഷീഭൂതനായും |
| അസി | നിന്തിരുവടി വർത്തിക്കുന്നു. |
| നരഭൂജലായനാത് | പരമാത്മാവിൽനിന്നുണ്ടായ കാരണജലത്തിൽ ശയിക്കുകയാൽ പ്രസിദ്ധനായ |

| | |
|---|---|
| നാരായണഃ | നാരായണനും |
| തവ ഏവ | നിന്തിരുവടിയുടെ തന്നെ |
| അംഗം | അംശമാണ്. |
| തത് ച അപി | അതുംകൂടി (ജലശായി എന്ന നിലയിലുള്ള പരിച്ഛിന്നതയും) |
| സത്യം ന | പരമാർത്ഥമല്ല; |
| മായാ | മായയാകുന്നു. |

(നോട്ട്:— 'നാരായണൻ' എന്ന ശബ്ദത്തിനു 'സർവ്വ ദേഹികളുടേയും ആത്മാവ്' എന്നും, 'അഖിലലോകസാക്ഷി' എന്നും 'ജലത്തിൽ ശയിക്കുന്നവൻ' എന്നും അർത്ഥം. (1) നാരത്തിന്ന് (ജീവസമൂഹത്തിന്ന്) അയനം (ആശ്രയം) ആയുള്ളവൻ (2) നാരത്തെ (ജീവസമൂഹത്തെ) അയനം (സാക്ഷാൽക്കരണം) ചെയ്യുന്നവൻ (3) നാരത്തിൽ (കാരണജലത്തിൽ) അയനം (ശയനം) ചെയ്യുന്നവൻ—എന്നിങ്ങനെ ശബ്ദവ്യുൽപത്തി.)

**തച്ചേജ്ജലസ്ഥം തവ സജ്ജഗദ്വപുഃ കിം മേ ന ദൃഷ്ടം ഭഗവംസ്തദൈവ**
**കിം വാ സുദൃഷ്ടം ഹൃദി മേ തദൈവ കിം നോ സപദ്യേവ പുനർവ്യദർശി.**

| | |
|---|---|
| ഭഗവൻ | ഭഗവാനേ! |
| തത് തവ ജഗദ്വപുഃ | ജഗത്തിന്ന് ആധാരഭൂതമായ ഭവാന്റെ ആ നാരായണരൂപം |
| ജലസ്ഥം | ജലത്തിൽ സ്ഥിതിചെയ്യുന്നുവെന്നതു് |
| സത് ചേത് | വാസ്തവമാണെങ്കിൽ |
| തദാ ഏവ | അപ്പോഴുതന്നെ (ഞാൻ നാഭികമലത്തിന്റെ നാളംവഴി ഉള്ളിലേക്ക് കടന്ന് അന്വേഷണം ചെയ്ത സമയത്തുതന്നെ) |
| മേ | എന്നാൽ |
| കിം ന ദൃഷ്ടം | എന്തുകൊണ്ടു കാണപ്പെട്ടില്ല? |
| തദാ | അനന്തരം ഞാൻ തപസ്സു ചെയ്തപ്പോൾ |
| മേ ഹൃദി ഏവ | എന്റെ ഹൃദയത്തിൽ തന്നെ |
| കിം വാ സുദൃഷ്ടം | എങ്ങനെ തെളിഞ്ഞു കാണപ്പെട്ടു? |
| പുനഃ | വീണ്ടും |
| സപദി ഏവ | ഉടനെത്തന്നെ |
| കിം നോ വ്യദർശി | എന്തുകൊണ്ടു കാണപ്പെടാതെയായി? |

**അത്രൈവ മായാധമനാവതാരേ ഹ്യസ്യ പ്രപഞ്ചസ്യ ബഹിഃ സ്ഫുടസ്യ**
**കൃത്സ്നസ്യ ചാന്തർജ്ജഠരേ ജനന്യാ മായാത്വമേവ പ്രകടീകൃതം തേ. 16**

| | |
|---|---|
| മായാധമന | ഹേ മായോപശമന! |
| അത്ര അവതാരേ ഏവ ഹി | ഈ അവതാരത്തിൽത്തന്നെ |
| ബഹിഃ സ്ഫുടസ്യ | ബാഹ്യത്തിൽ പ്രത്യക്ഷമായി കാണപ്പെടുന്ന |
| അസ്യ കൃത്സ്നസ്യ പ്രപഞ്ചസ്യ | ഈ സകലപ്രപഞ്ചത്തിന്റേയും |
| മായാത്വം ഏവ | മായാമാത്രത്വം |
| ജനന്യാഃ | അമ്മയ്ക്കു് |
| അന്തർജ്ജഠരേ | ഉദരാന്തർഭാഗത്തിൽ (അതിനെ മുഴുവനും കാട്ടിക്കൊടുത്തുകൊണ്ടു്) |
| തേ | നിന്തിരുവടിയാൽ |
| പ്രകടീകൃതം ച | വെളിവാക്കപ്പെടുകയും ചെയ്തു. |

**യസ്യ കുക്ഷാവിദം സർവ്വം സാത്മം ഭാതി യഥാ തഥാ**
**തത്ത്വയ്യപീഹ തത് സർവ്വം കിമിദം മായയാ വിനാ. 17**

| | |
|---|---|
| യസ്യ | യാതൊരു നിന്തിരുവടിയുടെ |
| കക്ഷൌ | ഉദരാന്തർഭാഗത്തിൽ |
| ഇദം സർവ്വം | ഇക്കാണായ പ്രപഞ്ചമെല്ലാം |
| സാത്മം | തന്നോടുകൂടെ |
| യഥാ ഭാതി | ഏതുവിധം ശോഭിക്കുന്നുവോ, |
| തഥാ | അതേവിധത്തിൽ |
| തത് സർവ്വം | അതെല്ലാം |
| ഇഹ അപി | ഇവിടെയും (ബഹിർഭാഗത്തിലും) ശോഭിക്കുന്നു |
| തത് ഇദം | അങ്ങനെ കാണുന്നതു് |
| ത്വയി | നിന്തിരുവടിയിൽ |
| മായയാ വിനാ | മായയോടുകൂടാതെ |
| കിം | എങ്ങനെ യോജിക്കുന്നു? |

അദ്യൈവ ത്വദൃതേഽസ്യ കിം മമ ന തേ മായാത്വമാദർശിത-
മേകോഽസി പ്രഥമം തതോ വ്രജസുഹൃദ്വത്സാഃ സമസ്താ അപി
താവന്തോഽസി ചതുർഭുജാസ്തദഖിലൈഃ സാകം മയോപാസിതാ-
സ്താവന്ത്യേവ ജഗന്ത്യഭൂസ്തദമിതം ബ്രഹ്മാദ്വയം ശിഷ്യതേ. 18

| | |
|---|---|
| അദ്യ ഏവ | ഇപ്പോഴുംതന്നെ |
| ത്വദൃതേ | നിന്തിരുവടിയെക്കൂടാതെ |
| അസ്യ | ഈ പ്രപഞ്ചത്തിന്റെ |
| മായാത്വം | മായാമയത്വം |
| തേ | നിന്തിരുവടിയാൽ |
| മമ | എനിക്കു് |
| കിം ന ആദർശിതം | കാണിച്ചുതരപ്പെട്ടില്ലയോ? |
| പ്രഥമം | ആദ്യം |
| ഏകഃ അസി | ഭവാൻ ഒരുവൻ മാത്രമായിരുന്നു. |
| തതഃ | പിന്നീടു് (പശുക്കുട്ടികളേയും ഗോപബാലന്മാരേയും ഞാൻ മറച്ചുവെച്ചപ്പോഴം) |
| വ്രജസുഹൃദ്വത്സാഃ | ഗോകുലത്തിലെ ചങ്ങാതിബാലന്മാരായും, ഗോവത്സങ്ങളായും, |
| സമസ്താഃ അപി | മാത്രമല്ല, കാലിക്കോൽ, പുല്ലാങ്കുഴൽ മുതലായ സകലവസ്തുക്കളായും ഭവാൻ പ്രത്യക്ഷപ്പെട്ടു. |
| തത് | തദനന്തരം |
| താവന്തഃ | അത്രയും പേർ |
| ചതുർഭുജാഃ | നാലുതൃക്കരങ്ങളോടു കൂടിയവരായിട്ടു് (കാണുംവിധം) |
| അസി | നിന്തിരുവടി ഭവിച്ചു. |
| മയാ സാകം | എന്നോടുകൂടി |
| അഖിലൈഃ | സകലരാലും |
| ഉപാസിതാഃ | ഉപാസിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരായിട്ടു പിന്നീടു പ്രത്യക്ഷപ്പെട്ടു. |
| താവന്തി ഏവ | അത്രത്തോളംതന്നെയുള്ള |
| ജഗന്തി അഭൂഃ | ലോകങ്ങളായും ഭവിച്ചു. |
| തത് | ആകയാൽ |
| അമിതം | അപരിച്ഛിന്നവും |
| അദ്വയം | രണ്ടെന്ന അവസ്ഥയില്ലാത്തതും ആയ |
| ബ്രഹ്മ ശിഷ്യതേ | ബ്രഹ്മം ഒന്നുമാത്രമേ അവശേഷിക്കുന്നുള്ളൂ. |

അജാനതാം ത്വത്പദവീമനാത്മന്യാത്മാഽഽത്മനാ ഭാസി വിതത്യ മായാം
സൃഷ്ടാവിവാഹം ജഗതോ വിധാന ഇവ ത്വമേഷോഽന്ത ഇവ ത്രിനേത്രഃ

| | |
|---|---|
| ത്വത് പദവീം | നിന്തിരുവടിയുടെ പരമാത്മസ്വരൂപത്തെ |
| അജാനതാം | അറിയാത്തവർക്ക |
| അനാത്മനി | പ്രകൃതിയിൽ സ്ഥിതനായ |
| ആത്മാ | നിന്തിരുവടി |

ആത്മനാ — തന്നാൽത്തന്നെ
മായാം — മായയെ
വിതത്യ — വിസ്തരിച്ചിട്ട്
ജഗതഃ — ലോകത്തിന്റെ
സൃഷ്ട്യൗ — സൃഷ്ടികാര്യത്തിൽ
അഹം ഇവ — ബ്രഹ്മാവായ ഞാനെന്നപോലെയും,
വിധാനേ — രക്ഷാവിഷയത്തിൽ
ഏഷഃ — ഈ മുന്നിൽ കാണുന്ന
ത്വം ഇവ — നിന്തിരുവടിയെപ്പോലെയും
അന്തേ — സംഹാരത്തിൽ
ത്രിനേത്രഃ ഇവ — രുദ്രനെപ്പോലെയും
ഭാസി — പ്രകാശിക്കുന്നതായിതോന്നും.

സുരേഷ്വൃഷിഷ്വീശ തഥൈവ നൃഷ്വപി തിര്യക്ഷു യാദസ്സ്വപി തേഽജനസ്യ
ജന്മാസതാം ദുർമ്മദനിഗ്രഹായ പ്രഭോ വിധാതഃ സദനുഗ്രഹായ ച.

ഈശ — ഹേ ഈശ്വര!
പ്രഭോ — സർവ്വശക്ത!
വിധാതഃ — സ്രഷ്ടാവേ!
സുരേഷു — ദേവന്മാരിലും,
ഋഷിഷു അപി — ഋഷിമാരിലും,
തഥാ ഏവ — അതേവിധം
നൃഷു — മനുഷ്യരിലും,
തിര്യക്ഷു — പക്ഷിമൃഗാദികളിലും,
യാദസ്സു അപി — ജലജീവികളിലും
അജനസ്യ — ജന്മരഹിതനായ
തേ ജന്മ — ഭവാന്റെ ജനനം
അസതാം — ദുഷ്ടന്മാരുടെ
ദുർമ്മദനിഗ്രഹായ — ദുർമ്മദം നശിപ്പിക്കുന്നതിനും
സദനുഗ്രഹായ ച — ശിഷ്ടന്മാരുടെ അനുഗ്രഹത്തിനുവേണ്ടിയും ആകുന്നു.

കോ വേത്തി ഭൂമൻ ഭഗവൻ പരാത്മൻ
യോഗേശ്വരോതീർഭവതസ്ത്രിലോക്യാം
ക്വ വാ കഥം വാ കതി വാ കദേതി
വിസ്താരയൻ ക്രീഡസി യോഗമായാം. 21

ഭൂമൻ — എങ്ങും നിറഞ്ഞവനേ!
ഭഗവൻ — സർവ്വൈശ്വര്യസമ്പൂർണ്ണ!
പരാത്മൻ — ഹേ സർവ്വാന്തര്യാമിൻ!
യോഗേശ്വര — ഹേ യോഗേശ്വര!
യോഗമായാം — യോഗമായയെ
വിസ്താരയൻ — വികസിപ്പിച്ചുകൊണ്ട്
ക്രീഡസി — ഭവാൻ ക്രീഡിച്ചുകൊണ്ടിരിക്കുന്നു.
ഭവതഃ — ഭവാന്റെ
ഊതീഃ — ലീലാവിലാസങ്ങളെ
ക്വ വാ — എവിടെയാണെന്നും,
കഥം വാ — ഏതുപ്രകാരത്തിലുള്ളതെന്നും,
കദാ — എപ്പോളാണെന്നും,
കതി വാ ഇതി — എത്രയാണെന്നും
ത്രിലോക്യാം — മൂന്നുലോകത്തിലും
കഃ വേത്തി — ആരറിയുന്നു?

തസ്മാദിദം ജഗദശേഷമസത്സ്വരൂപം
സ്വപ്നാഭമസ്തധിഷണം പുരുദുഃഖദുഃഖം
ത്വയ്യേവ നിത്യസുഖബോധതനാവനന്തേ
മായാത ഉദ്യദപി യത് സദിവാവഭാതി. 22

അസത്സ്വരൂപം — അയഥാർത്ഥമായസ്വരൂപത്തോടുകൂടിയതും,
സ്വപ്നാഭം — സ്വപ്നതുല്യവും,
അസ്തധിഷണം — വിപരീതമായ പ്രതിഭാസത്തോടു (തോന്നലോടു) കൂടിയതും,

| | | | |
|---|---|---|---|
| പുരുദുഃഖദുഃഖം | ദുഃഖത്തിന്നു പിറകെ വീണ്ടും ദുഃഖം ഏറിക്കൊണ്ടു വരുന്നതും ആയ | | സ്വരൂപത്തോടുകൂടിയിരിക്കുന്ന |
| ഇദം ജഗത് | ഈ പ്രപഞ്ചം | അനന്തേ | നാശരഹിതനായ |
| അശേഷം | മുഴുവൻ | ത്വയി ഏവ | നിന്തിരുവടിയിൽത്തന്നെ നിലകൊള്ളുന്നു. |
| മായാതഃ | മായയിൽനിന്നു് | തസ്മാത് | അതുകാരണം |
| ഉദ്യത് അപി | ഉദിക്കുന്നതാണെങ്കിലും | യത് | യാതൊരു പ്രപഞ്ചം |
| നിത്യസുഖ-ബോധതനൌ | നിത്യാനന്ദമയവും ബോധാത്മകവും ആയ | സത് ഇവ | പരമാർത്ഥമെന്നപോലെ |
| | | അവഭാതി | തോന്നുകയാണ്. |

ഏകസ്ത്വമാത്മാ പുരുഷഃ പുരാണഃ
സത്യഃ സ്വയംജ്യോതിരനന്ത ആദ്യഃ
നിത്യോഽക്ഷരോഽജസ്രസുഖോ നിരഞ്ജനഃ
പൂർണ്ണോഽദ്വയോ മുക്ത ഉപാധിതോഽമൃതഃ. 23

| | | | |
|---|---|---|---|
| ആത്മാ | പരമാത്മസ്വരൂപിയും, | അക്ഷരഃ | അപക്ഷയഹീനനും, |
| പുരുഷഃ | ജീവാത്മസ്വരൂപിയും, | അജസ്രസുഖഃ | നിത്യാനന്ദരൂപനും, |
| പുരാണഃ | കാര്യപ്രപഞ്ചോൽപത്തിക്കു മുമ്പുണ്ടായിരുന്നവനും, | നിരഞ്ജനഃ | നിർമ്മലനും, |
| | | പൂർണ്ണഃ | സർവ്വത്രനിറഞ്ഞവനും, |
| | | അദ്വയഃ | പ്രതിപക്ഷമില്ലാത്തവനും, |
| സത്യഃ | സത്യസ്വരൂപനും, | ഉപാധിതഃ | ദേഹേന്ദ്രിയാദ്യുപാധികളിൽനിന്നു് |
| സ്വയം ജ്യോതിഃ | സ്വയം പ്രകാശനും, | | |
| അനന്തഃ | കാലദേശാദിപരിച്ഛേദരഹിതനും, | മുക്തഃ | വിട്ടുനില്ക്കുന്നവനും, |
| | | അമൃതഃ | നാശരഹിതനും |
| ആദ്യഃ | കാരണസ്വരൂപനും, | ത്വം ഏകഃ | ഭവാൻ ഒരുവൻ മാത്രമാണ്. |
| നിത്യഃ | എന്നും നിലകൊള്ളുന്നവനും, | | |

ഏവംവിധം ത്വാം സകലാത്മനാമപി
സ്വാത്മാനമാത്മാത്മതയാ വിചക്ഷതേ
ഗുർവ്വർക്കലബ്ധോപനിഷത്സുചക്ഷുഷാ
യേ തേ തരന്തീവ ഭവാനൃതാംബുധിം. 24

| | | | |
|---|---|---|---|
| ഏവം വിധം | ഇപ്രകാരമിരിക്കുന്നവനും, | ആത്മാത്മതയാ | ആത്മരൂപത്വേന |
| സകലാത്മനാം അപി | എല്ലാ ജീവരാശികൾക്കും | യേ | യാതൊരുവർ |
| സ്വാത്മാനം | സ്വകീയമായ ആത്മാവായി സ്ഥിതിചെയ്യുന്നവനും ആയ | വിചക്ഷതേ | കാണുന്നുവോ, |
| ത്വാം | നിന്തിരുവടിയെ | തേ | അവർ |
| ഗുർവ്വർക്കലബ്ധോപനിഷത് സുചക്ഷുഷാ | ആചാര്യനാകുന്ന ആദിത്യനിൽനിന്നു് ലഭിച്ച ജ്ഞാനമാകുന്ന കണ്ണുകൊണ്ട് | ഭവാനൃതാംബുധിം | സംസാരമാകുന്ന ഇല്ലാത്ത കടലിനെ |
| | | തരന്തി ഇവ | കടക്കുന്നപോലെ തോന്നും. |

ആത്മാനമേവാത്മതയാऽവിജാനതാം
തേനൈവ ജാതം നിഖിലം പ്രപഞ്ചിതം
ജ്ഞാനേന ഭൂയോऽപി ച തത് പ്രലീയതേ
രജ്ജ്വാമഹേൎഭോഗഭവാഭവൌ യഥാ. 25

| | |
|---|---|
| ആത്മാനം ഏവ | ആത്മാവിനെത്തന്നെ |
| ആത്മതയാ | ആത്മസ്വരൂപമായിട്ട് |
| അവിജാനതാം | അറിയാത്തവൎക്ക് |
| തേന ഏവ | അതുകൊണ്ടുതന്നെ (അജ്ഞാനത്താൽതന്നെ) |
| നിഖിലം | സമസ്തമായ |
| പ്രപഞ്ചിതം | പ്രപഞ്ചവും |
| ജാതം | ഉണ്ടായിരിക്കുന്നു. |
| രജ്ജ്വാം | കയറിൻ കഷ്ണത്തിൽ |
| അഹേഃ | സൎപ്പത്തിന്റെ |
| ഭോഗഭവാഭവൌ | ഉടൽ ഉണ്ടാകയും നശിക്കയും ചെയ്യുന്നത് |
| യഥാ | എപ്രകാരമോ അപ്രകാരം |
| തത് ച | അജ്ഞാനകാൎയ്യമായ ആ സമസ്തപ്രപഞ്ചവും |
| ജ്ഞാനേന | ആത്മജ്ഞാനത്താൽ |
| ഭൂയഃ അപി | വീണ്ടും |
| പ്രലീയതേ | മറഞ്ഞുപോകുന്നു. |

അജ്ഞാനസംജ്ഞൌ ഭവബന്ധമോക്ഷൌ
ദ്വൌ നാമ നാന്യൌ സ്ത ഋതജ്ഞഭാവാത്
അജസ്രചിത്യാത്മനി കേവലേ പരേ
വിചാൎയ്യമാണേ തരണാവിവാഹനീ. 26

| | |
|---|---|
| ഭവബന്ധമോക്ഷൌ | സംസാരബന്ധം, അതിൽനിന്നുള്ള മോക്ഷം |
| ദ്വൌ | എന്നീരണ്ടവസ്ഥകളും |
| അജ്ഞാനസംജ്ഞൌ നാമ | അജ്ഞാനം ഹേതുവാൽ വെറും പേരിന്നുമാത്രം ഉള്ളവയാകുന്നു. |
| അജസ്രചിതി | നിത്യജ്ഞാനസ്വരൂപവും |
| കേവലേ | അദ്വിതീയവും |
| പരേ | പ്രകൃതിവിലക്ഷണവും ആയ |
| ആത്മനി | ആത്മാവിനെക്കുറിച്ച് |
| വിചാൎയ്യമാണേ | വിചിന്തനം ചെയ്യപ്പെടുമ്പോൾ |
| തരണൌ | ആദിത്യനിൽ |
| അഹനീ ഇവ | രാപ്പകലുകൾ എന്നപോലെ |
| ഋതജ്ഞഭാവാത് | സത്യവും ചിന്മയവുമായ പരമാത്മാവിൽനിന്ന് |
| അന്യൌ | വ്യത്യസ്തങ്ങളായിട്ട് |
| ന സ്തഃ | ഭവിക്കുന്നില്ലെന്നു കാണാം. |

(നോട്ട്: — സൂൎയ്യനെ സംബന്ധിച്ചിടത്തോളം രാപ്പകലുകൾ ഇല്ലാത്തതുപോലെ ആത്മാവിനെ സംബന്ധിച്ചിടത്തോളം ബന്ധമോക്ഷങ്ങളില്ലെന്നു സാരം)

ത്വാമാത്മാനം പരം മത്വാ പരമാത്മാനമേവ ച
ആത്മാ പുനൎബ്ബഹിൎമ്മൃഗ്യ അഹോऽജ്ഞജനതാജ്ഞതാ. 27

| | |
|---|---|
| ആത്മാനം | ആത്മാവായിരിക്കുന്ന |
| ത്വാം | നിന്തിരുവടിയെ |
| പരം | അൽഭിന്നമായ ദേഹാദിയായും |
| പരം ഏവ | ദേഹാദിയെത്തന്നെ |
| ആത്മാനം ച | ആത്മാവായും |
| മത്വാ പുനഃ | ധരിച്ചുവെച്ചശേഷം |
| ആത്മാ | ആത്മസ്വരൂപം |

| | |
|---|---|
| ബഹിഃ | പുറമെ |
| മൃഗ്യഃ | അന്വേഷിക്കപ്പെടേണ്ട താണെന്നു കരുതുന്ന |

| | |
|---|---|
| അജ്ഞജനതാജ്ഞതാ | മൂഢജനങ്ങളുടെ അറിവുകേട് |
| അഹോ | ആശ്ചര്യകരം തന്നെ. |

അന്തർഭവേഽനന്ത ഭവന്തമേവ ഹ്യതത്ത്യജന്തോ മൃഗയന്തി സന്തഃ
അസന്തമപ്യന്ത്യഹിമന്തരേണ സന്തം ഗുണം തം കിമു യന്തി സന്തഃ. 28

| | |
|---|---|
| അനന്ത | ഹേ അപരിമിത സ്വരൂപ! |
| അന്തർഭവേ ഏവ | ചിജ്ജഡാത്മകമായ ശരീരത്തിന്റെ അന്തർഭാഗത്തിൽത്തന്നെ |
| അതത് | അതല്ലാത്തതിനെ (ആത്മവ്യതിരിക്തമായ ദേഹേന്ദ്രിയാദിയെ) |
| ത്യജന്തഃ | നിഷേധിച്ചുകൊണ്ട് |
| സന്തഃ ഹി | വിവേകികൾ മാത്രം |

| | |
|---|---|
| ഭവന്തം | അങ്ങയെ (ആത്മാവിനെ) |
| മൃഗയന്തി | അന്വേഷിച്ചറിയുന്നു. |
| അന്തി | സമീപത്തിൽ |
| അസന്തം അപി | ഇല്ലാത്തതെങ്കിലുംകൂടി |
| അഹിം | സർപ്പത്തെ |
| അന്തരേണ | നിഷേധിക്കാതെ |
| സന്തം | ഉള്ളതായ |
| തം ഗുണം | ആ കയറിൻ കഷ്ണത്തെ |
| സന്തഃ | വിവേകികൾ |
| കിമു യന്തി | അറിയുമാറുണ്ടോ? |

അഥാപി തേ ദേവ പദാംബുജദ്വയ-
പ്രസാദലേശാനുഗൃഹീത ഏവ ഹി
ജാനാതി തത്ത്വം ഭഗവന്മഹിമ്നോ
ന ചാന്യ ഏകോഽപി ചിരം വിചിന്വൻ.. 29

| | |
|---|---|
| അഥാപി | (തത്ത്വജ്ഞാനം ക്ഷിപ്രസാദ്ധ്യമാണെന്നു പറയപ്പെട്ടുവെല്ലോ,) എങ്കിലുംകൂടി |
| ദേവ | ഹേ സ്വയം പ്രകാശാത്മൻ! |
| തേ | അങ്ങയുടെ |
| പദാംബുജദ്വയപ്രസാദലേശാനുഗൃഹീതഃ ഏവ ഹി | തൃപ്പാദപത്മദ്വയത്തിൽ ഏതെങ്കിലും ഒന്നിന്റെ പ്രസാദലേശത്താൽ അനുഗ്രഹിക്കപ്പെട്ടവൻ മാത്രമെ |

| | |
|---|---|
| ഭഗവന്മഹിമ്നഃ | ഭഗവന്മഹിമയുടെ |
| തത്ത്വം | യാഥാർത്ഥ്യം |
| ജാനാതി | അറിയുന്നുള്ളൂ. |
| അന്യഃ ഏകഃ | അങ്ങനെയല്ലാത്ത ഒരുവൻ |
| ചിരം | ബഹുകാലം |
| വിചിന്വൻ അപി | അന്വേഷണം തുടർന്നുകൊണ്ടിരുന്നാൽക്കൂടി |
| ന ച | അതറികയുമില്ല. |

തദസ്തു മേ നാഥ സ ഭൂരിഭാഗോ ഭവേഽത്ര വാന്യത്ര തു വാ തിരശ്ചാം
യേനാഹമേകോഽപി ഭവജ്ജനാനാം ഭൂത്വാ നിഷേവേ തവ പാദപത്മം. 30

| | |
|---|---|
| തത് | അതുകൊണ്ട് |
| നാഥ | ഹേ നാഥ! |
| അത്ര ഭവേ വാ | ഈ ബ്രഹ്മജന്മത്തിലോ, |
| അന്യത്ര | മറ്റേതെങ്കിലും |

| | |
|---|---|
| തിരശ്ചാം തു വാ | പക്ഷിമൃഗാദികളുടെ ജന്മത്തിലോ |
| സഃ ഭൂരിഭാഗഃ | ആ മഹാഭാഗ്യം |
| മേ അസ്തു | എനിക്ക് ഉണ്ടാകണേ! |

| | | | |
|---|---|---|---|
| യേന | യാതൊരു മഹാഭാഗ്യം കൊണ്ട് | ഏകഃ അപി | ഏതെങ്കിലും ഒരാളായി |
| അഹം | ഞാൻ | ഭൂത്വാ | ഭവിച്ചിട്ട് |
| ഭവജ്ജനാനാം | അങ്ങയുടെ ഭക്തജനങ്ങളുടെ ഇടയിൽ | തവ | അങ്ങയുടെ |
| | | പാദപല്ലവം | പാദപല്ലവത്തെ |
| | | നിഷേവേ | നികച്ചും സേവിക്കട്ടെ. |

അഹോഽതിധന്യാ വ്രജഗോരമണ്യഃ സ്തന്യാമൃതം പീതമതീവ തേ മുദാ
യാസാം വിഭോ വത്സതരാത്മജാത്മനാ യത്തൃപ്തയേഽദ്യാപി ന ചാലമധ്വരാഃ.

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ! | യാസാം | യാതൊരു ഗോക്കളുടേയും ഗോപികമാരുടേയും |
| അധ്വരാഃ ച | മഹായാഗങ്ങളുംകൂടി | സ്തന്യാമൃതം | അമൃതിനൊത്ത മുലപ്പാൽ |
| യത്തൃപ്തയേ | യാതൊരു ഭവാന്റെ തൃപ്തിക്കായി | അതീവ മുദാ | അധികരിച്ച സന്തോഷത്തോടെ |
| അദ്യ അപി | ഇന്നും | പീതം | പാനം ചെയ്യപ്പെട്ടുവോ, |
| ന അലം | മതിയാകാതെ ഇരിക്കുന്നുവോ, | വ്രജഗോരമണ്യഃ | ഗോകുലത്തിലെ ആ ഗോക്കളും ഗോപികമാരും |
| തേ | ആ നിന്തിരുവടിയാൽ | അതിധന്യാഃ | മഹാഭാഗ്യശാലിനികളാണ്; |
| വത്സതരാത്മജാത്മനാ | പശുക്കുട്ടികളുടേയും ഗോപാലന്മാരുടേയും രൂപം ധരിച്ചുകൊണ്ട് | അഹോ | ആശ്ചര്യം! |

അഹോ ഭാഗ്യമഹോ ഭാഗ്യം നന്ദഗോപവ്രജൗകസാം
യന്മിത്രം പരമാനന്ദം പൂർണ്ണം ബ്രഹ്മ സനാതനം. 32

| | | | |
|---|---|---|---|
| പരമാനന്ദം | പരമാനന്ദാത്മകവും | യന്മിത്രം | യാതൊരുവരുടെ മിത്രമായി വർത്തിക്കുന്നുവോ |
| പൂർണ്ണം | എങ്ങും നിറഞ്ഞതും | നന്ദഗോപ | ആ നന്ദഗോപ |
| സനാതനം | എന്നും അഴിവില്ലാത്തതും | വ്രജൗകസാം | വ്രജത്തിലെ നിവാസികളുടെ |
| ബ്രഹ്മ | പരബ്രഹ്മമൂർത്തി | | ഭാഗ്യം അഹോ ഭാഗ്യം അത്ഭുതകരം! |
| | | | ഭാഗ്യം അഹോ ഭാഗ്യം അത്ഭുതകരം! |

ഏഷാം തു ഭാഗ്യമഹിമാഽച്യുത താവദാസ്താം
ഏകാദശൈവ ഹി വയം ബത ഭൂരിഭാഗാഃ
ഏതദ്ധൃഷീകചഷകൈരസകൃത് പിബാമഃ
ശർവ്വാദയോഽങ്ഘ്ര്യുദജമധ്വമൃതാസവം തേ. 33

| | | | |
|---|---|---|---|
| അച്യുത | ഹേ അച്യുത! | താവത് ആസ്താം | ഒരുവശം ഇരിക്കട്ടെ (എന്തെന്നാൽ ആ ഭാഗ്യമഹിമയെ വിസ്തരിപ്പാൻ പ്രയാസം) |
| ഏഷാം | ഇവരുടെ (ഗോകുലവാസികളുടെ) | | |
| ഭാഗ്യമഹിമാ തു | ഭാഗ്യത്തിൻ മഹിമയോ | | |

ശർവ്വാദയഃ — ശിവൻ തുടങ്ങിയുള്ള
വയം — ഞങ്ങൾ
ഏകാദശ ഏവ — പതിനൊന്നുപേർ തന്നെയും
ഭൂരിഭാഗാഃ — മഹാഭാഗ്യം ചെയ്തവരാണ്.
ഹി — എന്തെന്നാൽ
ഏതദ്ധൃഷീകചഷകൈഃ — ഈ ഗോകുലവാസികളുടെ ഇന്ദ്രിയങ്ങളാവുന്ന പാനപാത്രങ്ങൾകൊണ്ട്
തേ — നിന്തിരുവടിയുടെ
അങ്ഘ്ര്യുദജമധ്വമൃതാസവം — പാദാരവിന്ദങ്ങളിലെ പൂന്തേനാവുന്ന അമൃതതുല്യമായ മാദകരസത്തെ
അസകൃത് — പലപ്രാവശ്യവും
പിബാമഃ — പാനം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ.
ബത — ആശ്ചര്യം!

(നോട്ട് :— ശിവൻ, ബ്രഹ്മാവ്, ചന്ദ്രൻ, ദിക്കുകൾ, വായു, സൂര്യൻ, വരുണൻ, അശ്വിനീകുമാരന്മാർ, അഗ്നി, ഇന്ദ്രൻ, ഉപേന്ദ്രൻ, എന്നീ ദേവന്മാർ അഹങ്കാരം, ബുദ്ധി, മനസ്സ്, ശ്രോത്രങ്ങൾ, ത്വക്ക്, നേത്രങ്ങൾ, രസന, നാസിക, വാക്ക്, കൈകൾ, കാലുകൾ എന്നീ ഇന്ദ്രിയങ്ങൾക്ക യഥാക്രമം അധിഷ്ഠാതാക്കളാകുന്നു. ഓരോരോ ഇന്ദ്രിയങ്ങൾകൊണ്ട് ഗോകുലവാസികൾ കൃഷ്ണനെ ഉപചരിക്കുമ്പോൾ അതാത് ഇന്ദ്രിയങ്ങളെ അധിവസിക്കുന്ന ശിവാദിദേവന്മാർ കൃതാർത്ഥരായിത്തീരുന്നു.)

തത്ഭൂരിഭാഗ്യമിഹ ജന്മ കിമപ്യടവ്യാം
യത് ഗോകുലേഽപി കതമാങ്ഘ്രിരജോഽഭിഷേകം
യജ്ജീവിതം തു നിഖിലം ഭഗവാൻ മുകുന്ദ-
സ്ത്വദ്യാപി യത്പദരജഃ ശ്രുതിമൃഗ്യമേവ. 34

ഇഹ — ഈ മനുഷ്യലോകത്തിൽ,
ഗോകുലേ — വിശേഷിച്ചും ഗോകുലത്തിൽ,
അടവ്യാം — അതിലും വിശേഷിച്ച് വൃന്ദാവനത്തിൽ
കതമാങ്ഘ്രിരജോഭിഷേകം — ഗോകുലവാസികളിൽ ഏതെങ്കിലും ഒരാളുടെ പാദരേണുക്കളാലുള്ള അഭിഷേകം ലഭിക്കുവാൻ ഉതകുന്ന
കിമപി — ഏതെങ്കിലും തരത്തിലുള്ള
യത് ജന്മ അപി തത് — വല്ല ജന്മവും സിദ്ധിക്കുന്നത്
ഭൂരിഭാഗ്യം — മഹാഭാഗ്യമാണ്. (ആ മഹാഭാഗ്യം എനിക്കുണ്ടാവട്ടെ)
തു — എന്തുകൊണ്ടെന്നാൽ
യജ്ജീവിതം — ഈ ഗോകുലവാസികളുടെ ജീവിതം
നിഖിലം — മുഴുവനും
ഭഗവാൻ — സർവ്വൈശ്വര്യസമ്പൂർണ്ണനും
മുകുന്ദഃ തു — മുക്തിദാതാവുമായ നിന്തിരുവടിയാണല്ലോ.
യത്പദരജഃ — യാതൊരു നിന്തിരുവടിയുടെ പാദരേണുവാകട്ടെ
അദ്യാപി — ഇപ്പോഴും
ശ്രുതിമൃഗ്യം ഏവ — വേദങ്ങളാൽ അന്വേഷിക്കപ്പെട്ടുകൊണ്ടുതന്നെയിരിക്കുന്നത്.

ഏഷാം ഘോഷനിവാസിനാമുത ഭവാൻ കിം ദേവ രാതേതി ന-
ശ്ചേതോ വിശ്വഫലാത് ഫലം ത്വദപരം കുത്രാപ്യയന്മുഹ്യതി
സദ്വേഷാദിവ പൂതനാപി സകുലാ ത്വാമേവ ദേവാപിതാ
യദ്ധാമാർത്ഥസുഹൃത്പ്രിയാത്മതനയപ്രാണാശയാസ്ത്വത്കൃതേ. 35

| | |
|---|---|
| ദേവ | ഹേ ദേവ! |
| യദ്ധാമാർത്ഥ- സുഹൃത്- പ്രിയാത്മ- തനയ- പ്രാണാശയാഃ | യാതൊരുവർക്കുള്ള വീട്ടും, ധനവും, ബന്ധുക്കളും, ഇഷ്ടവസ്തുക്കളും, ശരീരം, മക്കളും, പ്രാണൻ, മനസ്സ് എന്നിവയും |
| ത്വത്കൃതേ | നിന്തിരുവടിക്കു വേണ്ടി തന്നെ ആയിരിക്കുന്നുവോ, |
| ഏഷാം | അങ്ങനെയുള്ള ഈ |
| ഘോഷ- നിവാസിനാം | ഗോകുലനിവാസികൾക്കു |
| വിശ്വഫലാത് | സർവ്വഫലസ്വരൂപിയായ |
| ത്വത് | നിന്തിരുവടിയെക്കാളും കവിഞ്ഞ |
| അപരം | വേറെ |
| കിം ഫലം | എന്തൊരു ഫലത്തെ |
| ഭവാൻ ഉത | നിന്തിരുവടിപോലും |
| ദാതാ ഇതി | നല്കുവാൻ പോകുന്നു എന്നതോർത്തു |
| നഃ ചേതഃ | ഞങ്ങളുടെ മനസ്സ് |
| കുത്ര അപി അയത് | ഒരിടത്തും യാതൊരു എത്തും പിടിയും കിട്ടാതെ |
| മുഹ്യതി | മോഹത്തിലാണ്ടിരിക്കുന്നു. |
| ദേവ | ഹേ ദേവ! |
| സദ്വേഷാത് ഇവ | മാതാവിന്റേതുപോലുള്ള വേഷം ധരിച്ചുവന്നതുകൊണ്ട് |
| പൂതനാ അപി | പൂതനകൂടിയും |
| സകുലാ | കുടുംബസഹിതം |
| ത്വാം ഏവ | നിന്തിരുവടിയെത്തന്നെ |
| ആപിതാ | പ്രാപിച്ചു. |

താവദ്രാഗാദയഃ സ്തേനാസ്താവത് കാരാഗൃഹം ഗൃഹം
താവന്മോഹോऽങ്ഘ്രിനിഗഡോ യാവത് കൃഷ്ണ ന തേ ജനാഃ. 36

| | |
|---|---|
| കൃഷ്ണ | ഹേ കൃഷ്ണ! |
| യാവത് | എത്രകാലം വരെ |
| ജനാഃ | ജനങ്ങൾ |
| തേ ന | നിന്തിരുവടിയെ സംബന്ധിച്ചവരാകുന്നില്ലയോ, |
| താവത് | അക്കാലം വരേക്കും |
| രാഗാദയഃ | രാഗദ്വേഷാദികൾ |
| സ്തേനാഃ | ചോരന്മാരായിരിക്കും; |
| താവത് | അക്കാലം വരേക്കും |
| ഗൃഹം | ഭവനം |
| കാരാഗൃഹം | തടവുമുറിയായിരിക്കും; |
| താവത് | അക്കാലംവരേക്കും |
| മോഹഃ | മോഹം |
| അങ്ഘ്രിനിഗഡഃ | കാൽവിലങ്ങായിരിക്കും. |

പ്രപഞ്ചം നിഷ്പ്രപഞ്ചോऽപി വിഡംബയസി ഭൂതലേ
പ്രപന്നജനതാനന്ദസന്ദോഹം പ്രഥിതും പ്രഭോ. 37

| | |
|---|---|
| പ്രഭോ | ഹേ സർവ്വശക്ത! |
| നിഷ്പ്രപഞ്ചഃ അപി | ഭവാൻ പ്രപഞ്ചാതീതനായിരിക്കിലും |
| പ്രപന്നജനതാ- നന്ദസന്ദോഹം | തന്നെ ശരണം പ്രാപിച്ച ജനസമൂഹത്തിനു ആനന്ദാധിക്യത്തെ |
| പ്രഥിതും | വളർത്തുവാൻവേണ്ടി |
| ഭൂതലേ | ഭൂലോകത്തിൽ |
| പ്രപഞ്ചം | പ്രാപഞ്ചികാവസ്ഥയെ |
| വിഡംബയസി | അനുകരിക്കുന്നു. |

ജാനന്ത ഏവ ജാനന്തു കിം ബഹൂക്ത്യാ ന മേ പ്രഭോ
മനസോ വപുഷോ വാചോ വൈഭവം തവ ഗോചരഃ. 38

| | |
|---|---|
| ജാനന്തഃ ഏവ | ഞങ്ങൾ ഭഗവത്തത്വം അറിയുന്നവരാണെന്നു പറയുന്നവർ തന്നെ |
| ജാനന്തു | അറിഞ്ഞുകൊള്ളട്ടെ. |
| ബഹൂക്ത്യാ കിം | അതേക്കുറിച്ചു അധികം അധിക്ഷേപിച്ചു പറഞ്ഞതുകൊണ്ട് എന്തു ഫലം! |

| | |
|---|---|
| പ്രഭോ | ഹേ പ്രഭോ ! |
| തവ | നിന്തിരുവടിയുടെ |
| വൈഭവം | മഹിമ |
| മേ | എന്റെ |
| മനസഃ | മനസ്സിന്നും, |
| വപുഷഃ | ശരീരത്തിന്നും |
| വാചഃ | വാക്കിന്നും |
| ന ഗോചരഃ | വിഷയീഭവിക്കുന്നില്ല. |

അനുജാനീഹി മാം കൃഷ്ണ സർവ്വം ത്വം വേത്സി സർവ്വദൃക്
ത്വമേവ ജഗതാം നാഥോ ജഗദേതത്തവാർപ്പിതം. 39

| | |
|---|---|
| കൃഷ്ണ ത്വം | ഹേ കൃഷ്ണ ! നിന്തിരുവടി |
| മാം | എന്നെ |
| അനുജാനീഹി | പോകാൻ അനുവദിച്ചാലും. |
| സർവ്വദൃക് | സർവ്വസാക്ഷിയായ നിന്തിരുവടി |
| സർവ്വം | എല്ലാം |
| വേത്സി | അറിയുന്നു. |
| ജഗതാം നാഥഃ | ലോകങ്ങൾക്കെല്ലാം നാഥൻ |
| ത്വം ഏവ | ഭവാൻ മാത്രമാണ് |
| ഏതത് ജഗത് | ഈ ലോകം |
| തവ | ഭവാന്ന് |
| അർപ്പിതം | സമർപ്പിക്കപ്പെട്ടിരിക്കുന്നു. |

ശ്രീകൃഷ്ണ വൃഷ്ണികുലപുഷ്കരജോഷദായിൻ
ക്ഷ്മാനിർജ്ജരദ്വിജപശൂദധിവൃദ്ധികാരിൻ
ഉദ്ധർമ്മശാർവ്വരഹര ക്ഷിതിരാക്ഷസധ്രു-
ഗാകല്പമാർക്കമർഹൻ ഭഗവൻ നമസ്തേ. 40

| | |
|---|---|
| ശ്രീകൃഷ്ണ | അല്ലയോ പൂർണ്ണാനന്ദരൂപ ! |
| വൃഷ്ണികുലപുഷ്കരജോഷദായിൻ | യാദവവംശമാവുന്ന ചെന്താമരപ്പൂവിന്ന് വികാസമേകുന്ന ആദിത്യമൂർത്തേ ! |
| ക്ഷ്മാനിർജ്ജരദ്വിജപശൂദധിവൃദ്ധികാരിൻ | ഭൂമിയും, ദേവന്മാരും, ബ്രാഹ്മണരും, പശുക്കളും ആവുന്ന മഹാസമുദ്രങ്ങളെ വളർത്തുന്ന പൂർണ്ണചന്ദ്ര ! |
| ഉദ്ധർമ്മശാർവ്വരഹര | അധർമ്മമാവുന്ന അന്ധകാരത്തെ അകററുന്ന ആദിത്യചന്ദ്രോപമ ! |
| ക്ഷിതിരാക്ഷസധ്രുക് | ഭൂമിയിലുള്ള രാക്ഷസന്മാരെ ഒടുക്കുന്നവനേ ! |
| ആക്കം | സൂര്യൻവരെയുള്ള ഏവർക്കും |
| അർഹൻ | സംപൂജ്യനായവനേ ! |
| ഭഗവൻ | ഷാഡ്ഗുണസമ്പൂർണ്ണ ! |
| ആകല്പം | പ്രളയാന്തംവരേക്കും |
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്ഥമഭിഷ്ടൂയ ഭൂമാനം ത്രിഃ പരിക്രമ്യ പാദയോഃ
നത്വാഭീഷ്ടം ജഗദ്ധാതാ സ്വധാമ പ്രത്യപദ്യത. 41

| | |
|---|---|
| ജഗദ്ധാതാ | ലോകങ്ങളുടെ സൃഷ്ടികർത്താവ് |
| ഇതി | ഇപ്രകാരം |
| ഭൂമാനം | എങ്ങും നിറഞ്ഞവനും |
| അഭീഷ്ടം | എങ്ങും സംപൂജിതനും ആയ ശ്രീഹരിയെ |

അഭിഷ്ടൂയ — അന്നായിവാഴ്ത്തി സ്തുതിച്ച്
ത്രിഃ — മൂന്നുവട്ടം
പരിക്രമ്യ — വലംവെച്ച്
പാദയോഃ — തൃപ്പാദങ്ങളിൽ
നത്വാ — വീണുവണങ്ങുകയും ചെയ്തശേഷം
സ്വധാമ — തന്റെ സ്ഥാനത്തിലേക്ക്
പ്രത്യപദ്യത — മടങ്ങിപ്പോയി.

തതോഽനുജ്ഞാപ്യ ഭഗവാൻ സ്വഭുവം പ്രാഗവസ്ഥിതാൻ
വത്സാൻ പുലിനമാനിന്യേ യഥാപൂർവ്വസഖം സ്വകം. 42

ഭഗവാൻ — ശ്രീകൃഷ്ണൻ
സ്വഭുവം — ബ്രഹ്മാവിനെ (സത്യലോകത്തിലേക്ക്)
അനുജ്ഞാപ്യ തതഃ — അനുജ്ഞനല്കി അയച്ച ശേഷം
പ്രാക് — മുൻപോലെത്തന്നെ
അവസ്ഥിതാൻ — പുല്ലുമേഞ്ഞും മറവും നിന്നിരുന്ന
വത്സാൻ — പശുക്കുട്ടികളെ
യഥാപൂർവ്വസഖം — മുമ്പത്തെപ്പോലെത്തന്നെ ഇരിക്കുന്ന ചങ്ങാതിമാരുള്ളതായ
സ്വകം — തന്റെ
പുലിനം — യമുനാമണൽത്തിട്ടിലേക്ക്
ആനിന്യേ — കൊണ്ടുവന്നു.

ഏകസ്മിന്നപി യാതേഽബ്ദേ പ്രാണേശം ചാന്തരാഽഽത്മനഃ
കൃഷ്ണമായാഹതാ രാജൻ ക്ഷണാർദ്ധം മേനിരേഽർഭകാഃ. 43

രാജൻ — അല്ലയോ പരീക്ഷിത്ത് രാജാവേ!
ആത്മനഃ — തങ്ങളുടെ
പ്രാണേശം അന്തരാ ച — ആത്മസ്നേഹിതനായ ശ്രീകൃഷ്ണനെക്കൂടാതെ തന്നെ
ഏകസ്മിൻ അബ്ദേ — ഒരുവർഷം
യാതേ അപി — കഴിഞ്ഞുപോയെങ്കിലും
അർഭകാഃ — ഗോപബാലന്മാർ
കൃഷ്ണമായാഹതാഃ — ഭഗവാന്റെ മായാവൈഭവത്താൽ മോഹിതരായിട്ട്
ക്ഷണാർദ്ധം — അരനിമിഷമായി
മേനിരേ — വിചാരിച്ചു.

കിം കിം ന വിസ്മരന്തീഹ മായാമോഹിതചേതസഃ
യന്മോഹിതം ജഗത്സർവ്വമഭീക്ഷ്ണം വിസ്മൃതാത്മകം. 44

മായാമോഹിതചേതസഃ — മായയാൽ മോഹിപ്പിക്കപ്പെട്ട ചിത്തത്തോടുകൂടിയവർ
ഇഹ — ഈ ലോകത്തിൽ
കിം കിം — എന്തെന്തിനെത്തന്നെ
ന വിസ്മരന്തി — മറക്കയില്ല ?
ജഗത് സർവ്വം — ലോകംമുഴുവൻ
യന്മോഹിതം — യാതൊരു ഭഗവന്മായയാൽ മോഹിതമായിട്ട്
അഭീക്ഷ്ണം — കൂടെക്കൂടെ
വിസ്മൃതാത്മകം — ആത്മാവിനെപ്പോലും മറന്നുകളയുന്നുണ്ട്.

ഊചുശ്ച സുഹൃദഃ കൃഷ്ണം സ്വാഗതം തേഽതിരംഹസാ
നൈകോഽപ്യഭോജി കബള ഏഹീതഃ സാധു ഭുജ്യതാം. 45

സുഹൃദഃ — സ്നേഹിതന്മാർ
കൃഷ്ണം — ശ്രീകൃഷ്ണനോട്
ഊചുഃ ച — പറകയും ചെയ്തു—
തേ — "നിന്നാൽ
അതിരംഹസാ — അതിവേഗത്തിൽ

സ്വാഗതം സുഖത്തോടെ ആഗമിക്കപ്പെട്ടു. (നീ വേഗം എത്തിയല്ലോ — സന്തോഷം) ഏകഃ കബളഃ അപി ഒരു ഉരുളക്കൂടി ന അഭോജി ഭുജിക്കപ്പെട്ടിട്ടില്ല. ഇതഃ ഏഹി ഇങ്ങോട്ടു വരൂ. സാധു ഭുജ്യതാം സുഖമായിരുന്നു ഊണു കഴിക്കൂ."

തതോ ഹസൻ ഹൃഷീകേശോऽഭ്യവഹൃത്യ സഹാർഭകൈഃ
ദർശയംശ്ചർമ്മാജഗരം ന്യവർത്തത വനാദ് വ്രജം. 46

തതഃ അനന്തരം ഹൃഷീകേശഃ ശ്രീകൃഷ്ണൻ ഹസൻ പുഞ്ചിരിതൂകിക്കൊണ്ടു അർഭകൈഃ സഹ കുട്ടികളോടൊന്നിച്ചിട്ടു അഭ്യവഹൃത്യ ഭക്ഷണം കഴിച്ചശേഷം ആജഗരം ചർമ്മ പെരുമ്പാമ്പിൻ തോൽ ദർശയൻ (അവർക്കു) കാട്ടിക്കൊടുത്തു രസിപ്പിച്ചു വനാത് വനത്തിൽനിന്നു വ്രജം ഗോകുലത്തിലേക്കു ന്യവർത്തത തിരിച്ചുപോന്നു.

ബർഹപ്രസൂനനവധാതുവിചിത്രിതാംഗഃ
പ്രോദ്ദാമവേണുദലശൃംഗരവോത്സവാഢ്യഃ
വത്സാൻ ഗൃണന്നനുഗഗീതപവിത്രകീർത്തിഃ
ഗോപീദൃഗുത്സവദൃശിഃ പ്രവിവേശ ഗോഷ്ഠം. 47

ബർഹപ്രസൂന-നവധാതു-വിചിത്രിതാംഗഃ മയിൽപ്പീലി, പൂക്കൾ, പുതിയ (മനയോല മുതലായ) ധാതുക്കൾ ഇവയാൽ വിചിത്രമായ രീതിയിൽ അലങ്കരിക്കപ്പെട്ട ശരീരത്തോടുകൂടിയവനും, പ്രോദ്ദാമ-വേണുദല-ശൃംഗരവോത്സവാഢ്യഃ അത്യുച്ചത്തിലുള്ള പുല്ലാങ്കുഴലിന്റേയും കൊമ്പിന്റേയും ശബ്ദത്താൽ അത്യുത്സാഹംകൊണ്ടവനും, വത്സാൻ പശുക്കിടാങ്ങളെ ഗൃണൻ പേർപറഞ്ഞു വിളിച്ചു ലാളിച്ചുകൊണ്ടിരിക്കുന്നവനും, അനുഗഗീത-പവിത്രകീർത്തിഃ അനുചരന്മാരാൽ പാടപ്പെട്ട പാവനകീർത്തിയോടുകൂടിയവനും, ഗോപീദൃഗുത്സവദൃശിഃ ഗോപികമാരുടെ നയനങ്ങൾക്കു ഉത്സവരൂപമമായ ദർശനത്തോടുകൂടിയവനും ആയിട്ടു ഗോഷ്ഠം ഗോകുലത്തിലേക്കു പ്രവിവേശ പ്രവേശിച്ചു.

അദ്യാനേന മഹാവ്യാളോ യശോദാനന്ദസൂനുനാ
ഹതോऽവിതാ വയം ചാസ്മാദിതി ബാലാ വ്രജേ ജഗുഃ. 48

യശോദാനന്ദസൂനുനാ യശോദയുടേയും നന്ദന്റേയും പുത്രനായ അനേന ഇവനാൽ അദ്യ ഇന്ന് മഹാവ്യാളഃ ഒരു വലിയ പെരുമ്പാമ്പ് ഹതഃ കൊല്ലപ്പെടുകയുണ്ടായി; വയം ച ഞങ്ങളും

| | |
|---|---|
| അസ്മാത് | ഇതിന്റെ പിടിയിൽനിന്ന് |
| അവിതാഃ | രക്ഷിക്കപ്പെട്ടു." |
| ഇതി | എന്നിങ്ങിനെ |
| ബാലാഃ | കുട്ടികൾ |
| വ്രജേ | ഗോകുലത്തിൽ |
| ജഗുഃ | പ്രസ്താവിച്ചു. |

രാജോവാച = രാജാവ് പറഞ്ഞു :—

ബ്രഹ്മൻ പരോദ്ഭവേ കൃഷ്ണേ ഇയാൻ പ്രേമാ കഥം ഭവേത്
യോഽഭൂതപൂർവ്വസ്തോകേഷു സ്വോദ്ഭവേഷ്വപി കഥ്യതാം. 49

| | |
|---|---|
| ബ്രഹ്മൻ | അല്ലയോ ബ്രഹ്മർഷേ! |
| പരോദ്ഭവേ | അന്യന്റെ കുട്ടിയായി പ്പിറന്ന |
| കൃഷ്ണേ | കൃഷ്ണനിൽ |
| ഇയാൻ പ്രേമാ | ഇത്രത്തോളം സ്നേഹം |
| കഥം ഭവേത് | ഗോകുലവാസികൾക്ക് ഉണ്ടാവുന്നതെങ്ങനെ? |
| സ്വോദ്ഭവേഷു | അവനവനുണ്ടായ |
| തോകേഷു അപി | മക്കളിൽപ്പോലും |
| യഃ | യാതൊരു ഈ സ്നേഹം |
| അഭൂതപൂർവ്വഃ | ഇതിനുമുമ്പ് ഉണ്ടാവാത്തതാണ്. |
| കഥ്യതാം | പറഞ്ഞുതന്നാലും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

സർവ്വേഷാമപി ഭൂതാനാം നൃപ സ്വാത്മൈവ വല്ലഭഃ
ഇതരേഽപത്യവിത്താദ്യാസ്തദ്വല്ലഭതയൈവ ഹി. 50

| | |
|---|---|
| നൃപ | രാജാവേ! |
| സർവ്വേഷാം ഭൂതാനാം അപി | എല്ലാ പ്രാണികൾക്കും |
| സ്വാത്മാ ഏവ | അവരവരുടെ ആത്മാവു തന്നെയാണ് |
| വല്ലഭഃ | ഏററവും ഇഷ്ടമായത്. |
| അപത്യ-വിത്താദ്യാഃ | സന്താനം, സമ്പത്ത് എന്നു തുടങ്ങിയ |
| ഇതരേ | മററുള്ളതെല്ലാം |
| തദ്വല്ലഭതയാ ഏവ | ആത്മപ്രീതിക്ക് പ്രയോജനപ്പെടുന്നു എന്നുള്ള കാരണത്താൽ മാത്രം ഇഷ്ടമുള്ളതായിത്തീരുകയാണ്; |
| ഹി | ഇതു ലോകപ്രസിദ്ധമാണല്ലോ. |

തദ്രാജേന്ദ്ര യഥാ സ്നേഹഃ സ്വസ്വകാത്മനി ദേഹിനാം
ന തഥാ മമതാലംബിപുത്രവിത്തഗൃഹാദിഷു. 51

| | |
|---|---|
| രാജേന്ദ്ര | രാജശ്രേഷ്ഠ! |
| തത് | അതുകൊണ്ട് |
| ദേഹിനാം | പ്രാണികൾക്ക് |
| സ്വസ്വകാത്മനി | അവനവന്റെ (അഹങ്കാരാസ്പദമായ) ശരീരത്തിൽ |
| സ്നേഹഃ യഥാ | സ്നേഹം എത്രത്തോളമാണോ, |
| തഥാ | അത്രത്തോളം |
| മമതാലംബി-പുത്രവിത്ത-ഗൃഹാദിഷു | മമതയെ ആസ്പദിച്ചുനില്ക്കുന്ന പുത്രൻ, ധനം, ഗൃഹം ഇത്യാദികളിൽ |
| ന | സംഭവിക്കുന്നില്ല. |

ദേഹാത്മവാദിനാം പുംസാമപി രാജന്യസത്തമ
യഥാ ദേഹഃ പ്രിയതമസ്തഥാ ന ഹ്യനു യേ ച തം. 52

| | |
|---|---|
| രാജന്യസത്തമ | ക്ഷത്രിയോത്തമ! |
| ദേഹാത്മവാദിനാം | ദേഹത്തെ ആത്മാവെന്നു വിശ്വസിക്കുന്ന |
| പുംസാം അപി | ജനങ്ങൾക്കും |
| ദേഹഃ യഥാ | ദേഹം എത്രത്തോളം |
| പ്രിയതമഃ | കൂടുതൽ പ്രിയപ്പെട്ടതോ, |
| തഥാ | അത്രതന്നെ |
| തം അനു | അതിനെ സംബന്ധിച്ചിരിക്കുന്ന |
| യേ ച | യാവചിലവസ്തുക്കളെല്ലാമുണ്ടോ, അവയെല്ലാം |
| ന ഹി | പ്രിയപ്പെട്ടതായിരിക്കുന്നില്ല. |

ദേഹോഽപി മമതാഭാക് ചേത്തൎഹ്യസൌ നാത്മവത് പ്രിയഃ
യജ്ജീൎയ്യത്യപി ദേഹേഽസ്മിൻ ജീവിതാശാ ബലീയസീ. 53

| | |
|---|---|
| ദേഹഃ അപി | ദേഹവും |
| മമതാഭാക് ചേത് തൎഹി | മമതയ്ക്കു (എന്റേതു് എന്ന ബോധത്തിന്നു്) വിഷയമായെന്നുവരികിൽ |
| അസൌ | ഇതു് (ദേഹം) |
| ആത്മവത് | ആത്മാവിനെപ്പോലെ |
| ന പ്രിയഃ | പ്രിയമായി ഭവിക്കയില്ല. |
| യത് | എന്തെന്നാൽ |
| അസ്മിൻ ദേഹേ | ഈ ദേഹം |
| ജീൎയ്യതി അപി | ജീൎണ്ണിക്കുന്ന സമയത്തിലും |
| ജീവിതാശാ | ജീവിതത്തിലുള്ള ആശ |
| ബലീയസീ | അധികം ശക്തിമത്തായി കാണപ്പെടുന്നു. |

തസ്മാത് പ്രിയതമഃ സ്വാത്മാ സൎവ്വേഷാമപി ദേഹിനാം
തദൎത്ഥമേവ സകലം ജഗദേതച്ചരാചരം. 54

| | |
|---|---|
| തസ്മാത് | ആകയാൽ |
| സൎവ്വേഷാം | ഒട്ടൊഴിയാതെയുള്ള |
| ദേഹിനാം അപി | ശരീരികൾക്കും |
| സ്വാത്മാ | സ്വന്തം ആത്മാവു് |
| പ്രിയതമഃ | അധികം പ്രിയപ്പെട്ടതാണ്. |
| ചരാചരം | ചരാചരാത്മകമായ |
| ഏതത് സകലം ജഗത് | ഈ ലോകം മുഴുവനും |
| തദൎത്ഥം ഏവ | ആ ആത്മാവിന്റെ പ്രീതിക്കുവേണ്ടി മാത്രമാകുന്നു. |

കൃഷ്ണമേനമവേഹി ത്വമാത്മാനമഖിലാത്മനാം
ജഗദ്ധിതായ സോഽപ്യത്ര ദേഹീവാഭാതി മായയാ. 55

| | |
|---|---|
| ഏനം കൃഷ്ണം | ഈ കൃഷ്ണനെ |
| അഖിലാത്മനാം | സകല ജീവജാലങ്ങളുടേയും |
| ആത്മാനം | ആത്മാവായിട്ടു |
| ത്വം അവേഹി | താങ്കൾ ധരിച്ചുകൊണ്ടാലും. |
| സഃ അപി | അവിടുന്നു് |
| ജഗദ്ധിതായ | ലോകത്തിന്റെ യോഗക്ഷേമത്തിന്നായി |
| അത്ര | ഈ ലോകത്തിൽ |
| മായയാ | മായയാൽ |
| ദേഹീ ഇവ | ദേഹമുള്ളവനെന്നപോലെ |
| ആഭാതി | ശോഭിക്കുന്നു. |

വസ്തുതോ ജാനതാമത്ര കൃഷ്ണം സ്ഥാസ്നു ചരിഷ്ണു ച
ഭഗവദ്രൂപമഖിലം നാന്യദ്വസ്ത്വിഹ കിഞ്ചന. 56

| | |
|---|---|
| അത്ര | ലോകത്തിൽ |
| കൃഷ്ണം | ശ്രീകൃഷ്ണപരമാത്മാവിനെ |
| വസ്തുതഃ | യഥാൎത്ഥരൂപത്തിൽ |
| ജാനതാം | അറിയുന്നവൎക്കു് |

| | | | |
|---|---|---|---|
| സ്ഥാസ്നു ചരിഷ്ണു ച | സ്ഥാവരവും ജംഗമവുമായി | അഖിലം | അതെല്ലാം |
| ഇഹ | ഈ പ്രപഞ്ചത്തിൽ | ഭഗവദ്രൂപം | കൃഷ്ണസ്വരൂപമാണ്; |
| കിഞ്ചന വസ്തു | ഏതേതു പദാർത്ഥമുണ്ടോ, | ന അന്യത് | മറ്റൊന്നാകയില്ല. |

സർവ്വേഷാമപി വസ്തൂനാം ഭാവാർത്ഥോ ഭവതി സ്ഥിതഃ
തസ്യാപി ഭഗവാൻ കൃഷ്ണഃ കിമതദ്വസ്തു രൂപ്യതാം. 57

| | | | |
|---|---|---|---|
| സർവ്വേഷാം വസ്തൂനാം അപി | എല്ലാ പദാർത്ഥങ്ങളുടേയും | തസ്യ അപി | ആ കാരണത്തിനും കാരണമായത് |
| ഭാവാർത്ഥഃ | സദ്രൂപം (പരമാത്മതത്വം) | ഭഗവാൻ കൃഷ്ണഃ | ഭഗവാൻ ശ്രീകൃഷ്ണനാണ്. |
| ഭവതി | പരിണതമായ കാരണത്തിൽ | അതത് വസ്തു | (അതിനാൽ), കൃഷ്ണനല്ലാതെ (തദ്വസ്തു) |
| | | കിം | എന്തുണ്ട്? |
| സ്ഥിതഃ | സ്ഥിതിചെയ്യുന്നു. | രൂപ്യതാം | ആലോചിച്ചുനോക്കു. |

സമാശ്രിതാ യേ പദപല്ലവപ്ലവം മഹത്പദം പുണ്യയശോമുരാരേഃ
ഭവാംബുധിർവ്വത്സപദം പരം പദം പദം പദം യദ്വിപദാം ന തേഷാം. 58

| | | | |
|---|---|---|---|
| പുണ്യയശോ- മുരാരേഃ | പുണ്യകീർത്തിമാനായ മുരവൈരിയുടെ | ഭവാംബുധിഃ | സംസാരസമുദ്രം |
| മഹത്പദം | മഹത്തുക്കൾക്ക് (ബ്രഹ്മശിവാദികൾക്ക്) ആശ്രയഭൂതമായതും | വത്സപദം | കാലിക്കുളമ്പുചാലായി തീരുന്നു; |
| പദപല്ലവപ്ലവം | ചെന്തളിരിനോടു സാദൃശ്യം വഹിക്കുന്നതും ആയ തൃപ്പാദമാവുന്ന കപ്പലിനെ | പരം പദം | ശ്രീവൈകുണ്ഠമെന്ന ഉൽകൃഷ്ടസ്ഥാനം |
| | | പദം | അവരുടെ ആവാസസ്ഥാനമാകും; |
| | | വിപദാം | ദുഃഖങ്ങൾക്ക് |
| യേ | യാതൊരുവർ | പദം | ഇരിപ്പിടമായ |
| സമാശ്രിതാഃ | വേണ്ടപോലെ ആശ്രയിച്ചിരിക്കുന്നുവോ, | യത് | യാതൊരു സംസാരമുണ്ടോ, അത് |
| തേഷാം | അവർക്ക് | ന | അവർക്കുണ്ടാകയില്ല. |

ഏതത്തേ സർവ്വമാഖ്യാതം യത് പൃഷ്ടോഽഹമിഹ ത്വയാ
യത് കൌമാരേ ഹരികൃതം പൌഗണ്ഡേ പരികീർത്തിതം. 59

| | | | |
|---|---|---|---|
| കൌമാരേ | കൌമാരദശയിൽ | പൌഗണ്ഡേ | പൌഗണ്ഡദശയെത്തിയപ്പോളാണ് * |
| ഹരികൃതം | കൃഷ്ണനാൽ ചെയ്യപ്പെട്ടത് | | |

---

* 'കൌമാരം പഞ്ചമാബ്ദാന്തം പൌഗണ്ഡം ദശമാവധി
കൈശോരമാപഞ്ചദശാദ്യൌവനം ച തതഃ പരം' എന്ന പ്രമാണപ്രകാരം അഞ്ചു വയസ്സുവരെ കൌമാരം, 6മുതൽ 10 വരെ പൌഗണ്ഡം, 11മുതൽ 15വരെ കൈശോരം, അതിനുശേഷം യൌവനം.

| | |
|---|---|
| പരികീർത്തിതം | (ഗോപബാലന്മാരാൽ ഗോകുലത്തിൽ) പ്രസ്താവിക്കപ്പെട്ടത് |
| യത് | എന്നത് യാതൊന്നോ, |
| ഇഹ | അതിനെക്കുറിച്ച് ഈ സന്ദർഭത്തിൽ |
| ത്വയാ അഹം | അങ്ങയാൽ, ഞാൻ |
| യത് പൃഷ്ടഃ | യാതൊന്നു ചോദിക്കപ്പെട്ടുവോ, |
| ഏതത് സർവ്വം | ഇതിനുള്ള സമാധാനം മുഴുവനും |
| തേ | അങ്ങേക്കായി |
| ആഖ്യാതം | പറയപ്പെട്ടിരിക്കുന്നു. |

ഏതത് സുഹൃദ്ഭിശ്ചരിതം മുരാരേ-
രഘാർദ്ദനം ശാദ്വലജേമനം ച
വ്യക്തേതരദ്രൂപമജോർവ്വഭിഷ്ടവം
ശൃണ്വൻ ഗൃണന്നേതി നരോഽഖിലാർത്ഥാൻ. 60

| | |
|---|---|
| സുഹൃദ്ഭിഃ | ചങ്ങാതികളോടൊരുമിച്ചുള്ള |
| മുരാരേഃ | ഭഗവാന്റെ |
| ഏതത് ചരിതം | ഈ ലീലാവിനോദവും, |
| അഘാർദ്ദനം | അഘാസുരമർദ്ദനവും, |
| ശാദ്വലജേമനം | പച്ചപ്പുൽത്തകിടിയിൽ ഇരുന്നുകൊണ്ടുള്ള വനഭോജനവും, |
| വ്യക്തേതരത് | പ്രാപഞ്ചികമല്ലാത്ത (ശുദ്ധാനന്ദാത്മകമായ) |
| രൂപം | സ്വരൂപധാരണവും, |
| അജോർവ്വഭിഷ്ടവം ച | ബ്രഹ്മാവിനാൽ ചെയ്യപ്പെട്ട മഹാസ്തുതിയും |
| ശൃണ്വൻ | കേൾക്കയും |
| ഗൃണൻ | ചൊല്ലുകയും ചെയ്യുന്ന |
| നരഃ | മനുഷ്യൻ |
| അഖിലാർത്ഥാൻ | സമസ്ത പുരുഷാർത്ഥങ്ങളേയും |
| ഏതി | പ്രാപിക്കുന്നു. |

ഏവം വിഹാരൈഃ കൗമാരൈഃ കൗമാരം ജഹതുർവ്രജേ
നിലായനൈഃ സേതുബന്ധൈർമ്മർക്കടോത്പ്ലവനാദിഭിഃ. 61

| | |
|---|---|
| ഏവം | ഈ വിധം (രാമകൃഷ്ണന്മാർ) |
| നിലായനൈഃ | ഒളിച്ചുകളിക്കുക, |
| സേതുബന്ധൈഃ | അണകെട്ടുക, |
| മർക്കടോത്- പ്ലവനാദിഭിഃ | വാനരന്മാരെപ്പോലെ ചാടിമറിയുക മുതലായ |
| കൗമാരൈഃ | കുട്ടിക്കാലത്തിനു യോജിച്ച |
| വിഹാരൈഃ | ഓരോരോ ക്രീഡകളോടുകൂടി |
| വ്രജേ | ഗോകുലത്തിൽ |
| കൗമാരം | കൗമാരദശയെ |
| ജഹതുഃ | പിന്നിട്ടു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ചതുർദ്ദശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 669.

# പഞ്ചദശോƒദ്ധ്യായഃ—പതിനഞ്ചാം അദ്ധ്യായം.

---

[തതഃ പഞ്ചദശേ ധേനുപാലനം ധേനുകാർദ്ദനം
കാളിയക്ഷ്വേളതോ ഗോപരക്ഷണം ച നിരൂപ്യതേ.]

(ഭഗവാൻ പശുപാലനം ചെയ്തു വിഹരിക്കുന്നതു്; ധേനുകാസുരവധം; കാളിയന്റെ വിഷബാധയിൽ നിന്നു് ഗോപബാലന്മാരെ രക്ഷിക്കുന്നതു് എന്നിവയുടെ നിരൂപണം.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

തതശ്ച പൌഗണ്ഡവയഃശ്രിതൌ വ്രജേ
ബഭൂവതുസ്തൌ പശുപാലസമ്മതൌ
ഗാശ്ചാരയന്തൌ സഖിഭിഃ സമം പദൈർ-
വൃന്ദാവനം പുണ്യമതീവ ചക്രതുഃ. 1

| | | | |
|---|---|---|---|
| തതഃ ച | അനന്തരം (കൌമാരം കഴിഞ്ഞതിൽപ്പിന്നെ) | ബഭൂവതുഃ | ഭവിച്ചു. |
| തൌ | അവരിരുവരും (രാമനും കൃഷ്ണനും) | സഖിഭിഃ സമം | ചങ്ങാതിമാരോടുകൂടി |
| പൌഗണ്ഡ-വയഃ ശ്രിതൌ | പൌഗണ്ഡവയസ്സിലേക്കു് എത്തിയപ്പോൾ | ഗാഃ | പശുക്കളെ |
| വ്രജേ | ഗോകുലത്തിൽ | ചാരയന്തൌ | മേച്ചുനടന്നുകൊണ്ടു് |
| പശുപാല-സമ്മതൌ | പശുക്കളെ മേക്കുവാൻ മതിയായവരായെന്ന നിലയിൽ സമ്മതന്മാരായിട്ടു് | പദൈഃ | തൃപ്പാദങ്ങളാൽ |
| | | വൃന്ദാവനം | വൃന്ദാവനത്തെ |
| | | അതീവ പുണ്യം ചക്രതുഃ | ഏറ്റവും വിശുദ്ധമാക്കിത്തീർത്തു. |

തന്മാധവോ വേണുമുദീരയൻ വൃതോ
ഗോപൈർഗ്ഗൃണദ്ഭിഃ സ്വയശോ ബലാന്വിതഃ
പശൂൻ പുരസ്കൃത്യ പശവ്യമാവിശ-
ദ്വിഹർത്തുകാമഃ കുസുമാകരം വനം. 2

| | | | |
|---|---|---|---|
| മാധവഃ | ലക്ഷ്മീകാന്തനായ ഭഗവാൻ | ബലാന്വിതഃ | ബലരാമനോടുകൂടി |
| വിഹർത്തുകാമഃ | കളിപ്പാൻ ആഗ്രഹിച്ചുകൊണ്ടു് | പശൂൻ | പശുക്കളെ |
| വേണും ഉദീരയൻ | ഓടക്കുഴൽ വിളിച്ചുകൊണ്ടും, | പുരസ്കൃത്യ | മുൻനടത്തിക്കൊണ്ടു് |
| സ്വയശഃ | തന്റെ കീർത്തിയെ | പശവ്യം | പശുക്കൾക്കു മേയുവാൻ കൊള്ളാവുന്നതും |
| ഗൃണദ്ഭിഃ | പാടിപ്പുകഴ്ത്തുന്ന | കുസുമാകരം | പുഷ്പസമൃദ്ധിയുള്ളതുമായ |
| ഗോപൈഃ വൃതഃ | ഗോപന്മാരാൽ പരിവൃതനായും, | തത് വനം | ആ വൃന്ദാവനത്തിലേക്കു് |
| | | ആവിശത് | പ്രവേശിച്ചു. |

തന്മഞ്ജുഘോഷാളിമൃഗദ്വിജാകുലം മഹന്മനഃപ്രഖ്യപയഃസരസ്വതാ
വാതേന ജുഷ്ടം ശതപത്രഗന്ധിനാ നിരീക്ഷ്യ രന്തും ഭഗവാൻ മനോ ദധേ.

| | |
|---|---|
| മഞ്ജു- ഘോഷാളി- മൃഗദ്വിജാകുലം | മനോഹരമായ ശബ്ദഘോഷമുണ്ടാക്കുന്ന വണ്ടുകൾ, മാൻകൾ, പറവകൾ എന്നിവകളാൽ നിറഞ്ഞിട്ടുള്ളതും, |
| മഹന്മനഃ- പ്രഖ്യപയഃ- സരസ്വതാ | മഹാത്മാക്കളുടെ മനസ്സുപോലെ സ്വച്ഛമായ ജലം നിറഞ്ഞുനില്ക്കുന്ന തടാകങ്ങളിൽത്തട്ടിവരുന്നതും |
| ശതപത്രഗന്ധിനാ | താമരപ്പൂമണം കലൎന്നതുമായ |
| വാതേന ജുഷ്ടം | വായുവാൽ സേവിതമായതും ആയിരിക്കുന്ന |
| തത് | ആ വൃന്ദാവനത്തെ |
| നിരീക്ഷ്യ | കണ്ടിട്ട് |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| രന്തും | കളിക്കുവാൻ |
| മനഃ ദധേ | ആഗ്രഹിച്ചു. |

സ തത്ര തത്രാരുണപല്ലവശ്രിയാ ഫലപ്രസൂനോരുഭരേണ പാദയോഃ
സ്പൃശച്ഛിഖാൻ വീക്ഷ്യ വനസ്പതീൻ മുദാ സ്മയന്നിവാഹാഗ്രജമാദിപൂരുഷഃ.

| | |
|---|---|
| സഃ ആദിപൂരുഷഃ | ആ പുരാണപുരുഷൻ |
| തത്ര തത്ര | അവിടെയവിടെ |
| അരുണ- പല്ലവശ്രിയാ | ചെന്തളിരിൻ കാന്തിയോടുകൂടിയും, |
| ഫല- പ്രസൂനോരു- ഭരേണ | ഫലപുഷ്പങ്ങളെക്കൊണ്ടുള്ള വൎദ്ധിച്ച ഭാരത്താൽ |
| പാദയോഃ | സ്വപാദങ്ങളിൽ |
| സ്പൃശച്ഛിഖാൻ | സ്പൎശിച്ചുനില്ക്കുന്ന കൊമ്പുകളോടുകൂടിയവയും ആയ |
| വനസ്പതീൻ | വൃക്ഷങ്ങളെ |
| വീക്ഷ്യ | കണ്ടിട്ട്, |
| മുദാ | സന്തോഷത്താൽ |
| സ്മയൻ ഇവ | മന്ദഹാസംപൂണ്ടുകൊണ്ട് |
| അഗ്രജം | ജ്യേഷ്ഠനോട് |
| ആഹ | പറഞ്ഞു. |

ശ്രീഭഗവാനുവാച = ഭഗവാൻ പറഞ്ഞു : —

അഹോ അമീ ദേവവരാമരാൎച്ചിതം പാദാംബുജം തേ സുമനഃഫലാൎഹണം
നമന്ത്യുപാദായ ശിഖാഭിരാത്മനസ്തമോഽപഹത്യൈ തരുജന്മ യത്കൃതം.

| | |
|---|---|
| ദേവവര | ദേവശ്രേഷ്ഠ ! |
| അഹോ | ആശ്ചര്യം ! |
| തരുജന്മ | വൃക്ഷജന്മം |
| ആത്മനഃ | തങ്ങൾക്ക് |
| യത് കൃതം | യാതൊരു പാപത്താൽ ഉണ്ടാക്കപ്പെട്ടുവോ, |
| തമോപഹത്യൈ | ആ പാപത്തിന്റെ പരിഹാരത്തിനായി |
| അമീ | ഇവ (വൃക്ഷങ്ങൾ) |
| സുമനഃ- ഫലാൎഹണം | പുഷ്പഫലാദികളായ പൂജോപകരണത്തെ |
| ഉപാദായ | സമൎപ്പിച്ച് |
| അമരാൎച്ചിതം | ദേവകളാൽപ്പോലും ആരാധിക്കപ്പെട്ടിരിക്കുന്ന |
| തേ | ഭവാന്റെ |
| പാദാംബുജം | പാദപദ്മത്തെ |
| ശിഖാഭിഃ | കൊമ്പിൻതലകളാൽ |
| നമന്തി | നമസ്കരിക്കുന്നു. |

ഏതേഽളിനസ്തവ യശോഽഖിലലോകതീർത്ഥം
ഗായന്ത ആദിപുരുഷാനുപദം ഭജന്തേ
പ്രായോ അമീ മുനിഗണാ ഭവദീയമുഖ്യാ
ഗൂഢം വനേഽപി ന ജഹത്യനഘാത്മദൈവം. 6

| | | | |
|---|---|---|---|
| ആദിപുരുഷ | ഹേ ആദിപുരുഷ ! | ഭവദീയമുഖ്യാഃ | ഭവൽസേവകന്മാരിൽ പ്രധാനികളായ |
| ഏതേ അളിനഃ | ഈ വണ്ടുകൾ | മുനിഗണാഃ | ഋഷിസംഘങ്ങൾതന്നെ യാകാം |
| അഖിലലോക-തീർത്ഥം | എല്ലാ ലോകത്തേയും പരിശുദ്ധമാക്കുന്ന | അനഘ | ഹേ പരിശുദ്ധാത്മൻ ! |
| തവ യശഃ | ഭവാന്റെ സൽകീർത്തിയെ | വനേ ഗൂഢം അപി | കാട്ടിൽ ഒളിഞ്ഞിരിക്കയാണെങ്കിലും |
| ഗായന്തഃ | കീർത്തിച്ചുകൊണ്ട് | ആത്മദൈവം | ആത്മദൈവമായ ഭവാനെ |
| അനുപദം | ഓരോ അടിവെപ്പിലും | ന ജഹതി | അവർ ഉപേക്ഷിക്കുന്നില്ല. |
| ഭജന്തേ | (ഭവാനെ) സേവിക്കുന്നു. | | |
| അമീ പ്രായഃ | ഇവ, ഒരുപക്ഷേ | | |

നൃത്യന്ത്യമീ ശിഖിന ഈഡ്യ മുദാ ഹരിണ്യഃ
കുർവ്വന്തി ഗോപ്യ ഇവ തേ പ്രിയമീക്ഷണേന
സൂക്തൈശ്ച കോകിലഗണാ ഗൃഹമാഗതായ
ധന്യാ വനൗകസ ഇയാൻ ഹി സതാം നിസർഗ്ഗഃ. 7

| | | | |
|---|---|---|---|
| ഈഡ്യ | ഹേ സ്തുത്യ ! | ആഗതായ | വന്നിരിക്കുന്ന |
| അമീ ശിഖിനഃ | ഈ മയിലുകൾ | തേ | അങ്ങയ്ക്കു് |
| മുദാ | സന്തോഷംകൊണ്ടു് | പ്രിയം കുർവ്വന്തി | പ്രിയം പ്രവർത്തിക്കുന്നു. |
| നൃത്യന്തി | നൃത്തം വെക്കുന്നു ; | വനൗകസഃ | കാട്ടിലുള്ള ജന്തുക്കളുംകൂടി |
| ഹരിണ്യഃ | മാൻപേടകൾ | ധന്യാഃ | ഭാഗ്യം ചെയ്തവയാണ് ; |
| ഗോപ്യഃ ഇവ | ഗോപികമാരെപ്പോലെ | ഹി | എന്തെന്നാൽ |
| ഈക്ഷണേന | നോട്ടംകൊണ്ടും, | ഇയാൻ | ഇതുതന്നെയാണ് (ഗൃഹാഗതന്മാരെ സൽക്കരിക്കുക എന്നതാണ്) |
| കോകിലഗണാഃ | കുയിൽക്കൂട്ടങ്ങൾ | സതാം | സജ്ജനങ്ങളുടെ |
| സൂക്തൈഃ ച | മധുരകൂജനങ്ങൾകൊണ്ടും | നിസർഗ്ഗഃ | സ്വഭാവം. |
| ഗൃഹം | അവയുടെ വാസസ്ഥലത്തേക്ക് | | |

ധന്യേയമദ്യ ധരണീ തൃണവീരുധസ്ത്വത്-
പാദസ്പൃശോ ദ്രുമലതാഃ കരജാഭിമൃഷ്ടാഃ
നദ്യോഽദ്രയഃ ഖഗമൃഗാഃ സദയാവലോകൈ-
ർഗ്ഗോപ്യോഽന്തരേണ ഭുജയോരപി യത്സ്പൃഹാ ശ്രീഃ 8

ഇയം ധരണി — ഈ ഭൂമി
അദ്യ ധന്യാ — ഇന്നു് കൃതാൎത്ഥയായിരിക്കുന്നു.
ത്വത്പാദസ്പൃശഃ — ഭവാന്റെ പാദങ്ങളെ സ്പൎശിക്കുന്ന
തൃണവീരുധഃ — പുല്ലുകളും വള്ളിക്കുടിലുകളും കൃതാൎത്ഥങ്ങളാണ്.
കരജാഭിമൃഷ്ടാഃ — നഖങ്ങളാൽ സ്പൎശിക്കപ്പെട്ട
ദ്രുമലതാഃ — മരങ്ങളും വള്ളികളും കൃതാൎത്ഥങ്ങളാണ്.
കരുണാവലോകൈഃ — കൃപാകടാക്ഷങ്ങളാൽ
നദ്യഃ അദ്രയഃ — നദികളും മലകളും,
ഖഗമൃഗാഃ — പക്ഷികളും മൃഗങ്ങളും കൃതാൎത്ഥങ്ങളായിരിക്കുന്നു.
ഭുജയോഃ — ഇരുഭുജങ്ങളുടേയും
അന്തരേണ — മദ്ധ്യഭാഗത്താൽ (മാറിടത്താൽ)
ഗോപ്യഃ — ഗോപികമാരും കൃതാൎത്ഥകളായി.
ശ്രീഃ അപി — ലക്ഷ്മീദേവിപോലും
യത്സ്പൃഹാ — യാതൊരു മാറിടത്തെ കൊതിച്ചുകൊണ്ടാണല്ലോ സ്ഥിതിചെയ്യുന്നതു്.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം വൃന്ദാവനം ശ്രീമത് കൃഷ്ണഃ പ്രീതമനാഃ പശൂൻ
രേമേ സഞ്ചാരയന്നദ്രേഃ സരിദ്രോധസ്സു സാനുഗഃ 9

ഏവം — ഇപ്രകാരം
ശ്രീമത് — ശ്രീസമൃദ്ധമായ
വൃന്ദാവനം — വൃന്ദാവനത്തെ (വൎണ്ണിച്ചു)
പ്രീതമനാഃ — മനസ്സിൽ സന്തോഷം കലൎന്നു
കൃഷ്ണഃ — ശ്രീകൃഷ്ണഭഗവാൻ
അദ്രേഃ — പൎവ്വതത്തിന്റെ പാൎശ്വഭാഗത്തിലുള്ള
സരിദ്രോധസ്സു — നദീതീരങ്ങളിൽ
സാനുഗഃ — കൂട്ടുകാരോടുകൂടി
പശൂൻ — പശുക്കളെ
സഞ്ചാരയൻ — മേച്ചുകൊണ്ടു്
രേമേ — വിനോദിച്ചു.

ക്വചിത് ഗായതി ഗായത്സു മദാന്ധാളിഷ്വനുവ്രതൈഃ
ഉപഗീയമാനചരിതഃ സ്രഗ്വീ സങ്കൎഷണാന്വിതഃ. 10

അനുവ്രതൈഃ — ഒന്നിച്ചുനടക്കുന്ന ഗോപന്മാരാൽ
ഉപഗീയമാന — പാടിപ്പുകഴ്ത്തപ്പെടുന്ന
ചരിതഃ — ചരിതത്തോടുകൂടിയവനും,
സങ്കൎഷണാന്വിതഃ — ബലരാമനോടു ചേൎന്നവനും,
സ്രഗ്വീ — വനമാല ധരിച്ചിരിക്കുന്നവനുമായ കൃഷ്ണൻ
ക്വചിത് — ചിലേടങ്ങളിൽ
മദാന്ധാളിഷു — പൂന്തേൻനുകൎന്നു മദം മുഴുത്ത വണ്ടുകൾ
ഗായത്സു — പാടിക്കൊണ്ടിരിക്കെ
ഗായതി — താനും പാടിക്കൊണ്ടിരുന്നു.

ക്വചിച്ച കളഹംസാനാമനുകൂജതി കൂജിതം
അഭിനൃത്യതി നൃത്യന്തം ബൎഹിണം ഹാസയൻ ക്വചിത്. 11

| | |
|---|---|
| കാചിത് ച | മററു ചിലേടത്ത് |
| കളഹംസാനാം | കളഹംസങ്ങളുടെ |
| കൂജിതം | കൂജനത്തെ |
| അനുകൂജതി | അനുകരിച്ചു കൂവിയിരുന്നു. |
| കാചിത് | വേറെ ചിലേടത്ത് |
| ഹാസയൻ | കൂട്ടുകാരെ ചിരിപ്പിച്ചുകൊണ്ട് |
| നൃത്യന്തം | ആടിക്കൊണ്ടിരിക്കുന്ന |
| ബർഹിണം അഭിനൃത്യതി | മയിലിനെ നോക്കി ആടിക്കൊണ്ടിരുന്നു. |

മേഘഗംഭീരയാ വാചാ നാമഭിർദൂരഗാൻ പശൂൻ
കാചിദാഹ്വയതി പ്രീത്യാ ഗോഗോപാലമനോജ്ഞയാ. 12

| | |
|---|---|
| കാചിത് | ചിലേടങ്ങളിൽ |
| മേഘഗംഭീരയാ | ഇടിയൊച്ചപോലെ മുഴങ്ങുന്നതും |
| ഗോഗോപാലമനോജ്ഞയാ | പശുക്കളുടേയും പശുപാലന്മാരുടേയും മനം കവരുന്നതുമായ |
| വാചാ | വാക്കിനാൽ |
| ദൂരഗാൻ | അകലേക്കു പോയ |
| പശൂൻ | കന്നുകാലികളെ |
| പ്രീത്യാ | സ്നേഹത്തോടെ |
| നാമഭിഃ | അതാതിന്റെ പേരുകൾ പറഞ്ഞുകൊണ്ട് |
| ആഹ്വയതി | വിളിച്ചുകൊണ്ടിരുന്നു. |

ചകോരക്രൗഞ്ചചക്രാഹ്വഭാരദ്വാജാംശ്ച ബർഹിണഃ
അനുരൗതി സ്മ സത്ത്വാനാം ഭീതവദ് വ്യാഘ്രസിംഹയോഃ 13

| | |
|---|---|
| ചകോരക്രൗഞ്ചചക്രാഹ്വഭാരദ്വാജാൻ | ചെമ്പോത്ത്, ക്രൗഞ്ചം, ചക്രവാകം, ഭാരദ്വാജം എന്നീ പക്ഷികളേയും |
| ബർഹിണഃ ച | മയിലുകളേയും |
| അനുരൗതി സ്മ | അനുകരിച്ചു ശബ്ദിച്ചിരുന്നു. |
| സത്ത്വാനാം | കാട്ടുമൃഗങ്ങൾക്കിടയിൽ |
| വ്യാഘ്രസിംഹയോഃ | പുലി, സിംഹം എന്നിവയെ |
| ഭീതവത് | ഭയപ്പെട്ടപോലെ നടിച്ചിരുന്നു. |

കാചിത് ക്രീഡാപരിശ്രാന്തം ഗോപോത്സംഗോപബർഹണം
സ്വയം വിശ്രമയത്യാര്യം പാദസംവാഹനാദിഭിഃ. 14

| | |
|---|---|
| കാചിത് | ചിലപ്പോൾ |
| ക്രീഡാപരിശ്രാന്തം | കളികൾകൊണ്ട് തളർന്ന്, |
| ഗോപോത്സംഗോപബർഹണം | ഗോപന്മാരുടെ മടിയെ തലയിണയാക്കി വെച്ചു കിടക്കുന്ന |
| ആര്യം | ജ്യേഷ്ഠനെ |
| സ്വയം | താൻതന്നെ |
| പാദസംവാഹനാദിഭിഃ | കാൽ തലോടിക്കൊടുക്കുക മുതലായ പ്രവൃത്തികൾ കൊണ്ട് |
| വിശ്രമയതി | വിശ്രമസുഖം അനുഭവിപ്പിച്ചിരുന്നു. |

നൃത്യതോ ഗായതഃ ക്വാപി വല്ഗതോ യുധ്യതോ മിഥഃ
ഗൃഹീതഹസ്തൗ ഗോപാലാൻ ഹസന്തൗ പ്രശശംസതുഃ. 15

| | | | |
|---|---|---|---|
| ക്വാപി | ചിലപ്പോൾ | ഗോപാലാൻ | ഗോപന്മാരെ |
| മിഥഃ | അന്യോന്യം ഇടകലർന്ന് | ഗൃഹീതഹസ്തൗ | കൈകോർത്തുപിടിച്ച് |
| ഗായതഃ | പാട്ടു പാടുന്നവരും, | ഹസന്തൗ | ചിരിച്ചുകൊണ്ടുനില്ക്കുന്ന (രാമകൃഷ്ണന്മാർ) |
| നൃത്യതഃ | നൃത്തം ചവിട്ടുന്നവരും, | പ്രശശംസതുഃ | അഭിനന്ദിച്ചിരുന്നു. |
| വല്ഗതഃ | ഓട്ടം പിടിക്കുന്നവരും, | | |
| യുദ്ധ്യതഃ | കയ്യാങ്കളിക്കൊരുങ്ങുന്ന വരും ആയ | | |

ക്വചിത് പല്ലവതല്പേഷു നിയുദ്ധശ്രമകർശിതഃ
വൃക്ഷമൂലാശ്രയഃ ശേതേ ഗോപോത്സംഗോപബർഹണഃ. 16

| | | | |
|---|---|---|---|
| ക്വചിത് | ചിലപ്പോൾ | ഗോപോ-ത്സംഗോപബർഹണഃ | ഏതെങ്കിലും ഒരു ഗോപന്റെ മടിയിൽ തല വെച്ചുകൊണ്ട് |
| നിയുദ്ധശ്രമ-കർശിതഃ | മുഷ്ടിയുദ്ധത്താൽ തളർന്ന് വിവശനായി | പല്ലവതല്പേഷു | തളിർമെത്തകളിൽ |
| വൃക്ഷമൂലാശ്രയഃ | വല്ല മരച്ചുവട്ടിലും ചെന്നുചേർന്ന് | ശേതേ | കിടന്നുറങ്ങിയിരുന്നു. |

പാദസംവാഹനം ചക്രുഃ കേചിത്തസ്യ മഹാത്മനഃ
അപരേ ഹതപാപ്മാനോ വ്യജനൈഃ സമവീജയൻ. 17

| | | | |
|---|---|---|---|
| ഹതപാപ്മാനഃ | പാപം നശിച്ചുപോയ | പാദസംവാ-ഹനം ചക്രുഃ | കാൽ ഉഴിഞ്ഞുകൊടുത്തു. |
| കേചിത് | ചില ഗോപന്മാർ | അപരേ | വേറെ ചിലർ |
| തസ്യ | ആ | വ്യജനൈഃ | വിശറികൾകൊണ്ട് |
| മഹാത്മനഃ | പരമാത്മാവിന്റെ | സമവീജയൻ | നന്നായി വീശികൊടുത്തു. |

അന്യേ തദനുരൂപാണി മനോജ്ഞാനി മഹാത്മനഃ
ഗായന്തി സ്മ മഹാരാജ സ്നേഹക്ലിന്നധിയഃ ശനൈഃ. 18

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ! | മഹാത്മനഃ | പരമാത്മാവായ അവിടുത്തെ |
| അന്യേ | മററുള്ളവർ | മനോജ്ഞാനി | മനസ്സിന്നിണങ്ങുന്നുമായ പാട്ടുകൾ |
| സ്നേഹക്ലിന്നധിയഃ | സ്നേഹത്താൽ ഉള്ളലിഞ്ഞുകൊണ്ട് | ശനൈഃ | മെല്ലെ മെല്ലെ |
| തദനുരൂപാണി | ആ നിദ്രാസമയത്തിന്നു യോജിച്ചതും | ഗായന്തി സ്മ | പാടി. |

ഏവം നിഗൂഢാത്മഗതിഃ സ്വമായയാ
ഗോപാത്മജത്വം ചരിതൈർവിഡംബയൻ
രേമേ രമാലാളിതപാദപല്ലവോ
ഗ്രാമ്യൈഃ സമം ഗ്രാമ്യവദീശചേഷ്ടിതഃ. 19

| | |
|---|---|
| രമാലാളിത– പാദപല്ലവഃ | ലക്ഷ്മീപരിലാളിതമായ ചെന്തളിരടിയോടുകൂടിയ ഭഗവാൻ ശ്രീകൃഷ്ണൻ |
| ചരിതൈഃ | സ്വപ്രവൃത്തികളാൽ |
| ഗോപാത്മജത്വം | ഗോപകുമാരൻ എന്ന നിലയെ |
| വിഡംബയൻ | അനുകരിച്ചുകൊണ്ടും, |
| സ്വമായയാ | തന്റെ മായയാൽ |
| നിഗൂഢാത്മഗതിഃ | മറച്ചുവെക്കപ്പെട്ട ആത്മതത്വത്തോടുകൂടിയവനെങ്കിലും |
| ഈശചേഷ്ടിതഃ | ഇടയ്ക്കിടെ ഈശ്വരോചിതങ്ങളായ പ്രവൃത്തികളോടുകൂടിയവനായും |
| ഗ്രാമ്യൈഃ സമം | ഗ്രാമീണരോടൊന്നിച്ചുചേർന്ന് |
| ഗ്രാമ്യവത് | ഗ്രാമീണനെന്നവിധം |
| ഏവം രേമേ | ഇങ്ങനെ കളിച്ചു. |

ശ്രീദാമാ നാമ ഗോപാലോ രാമകേശവയോഃ സഖാ
സുബലസ്തോകകൃഷ്ണാദ്യാ ഗോപാഃ പ്രേമ്ണേദമബ്രുവൻ. 20

| | |
|---|---|
| രാമകേശവയോഃ | ബലരാമന്റേയും ശ്രീകൃഷ്ണന്റേയും |
| സഖാ | ഇഷ്ടതോഴനായ |
| ശ്രീദാമാ നാമ | ശ്രീദാമാവെന്നു പേരുള്ള |
| ഗോപാലഃ | ഗോപനും, |
| സുബല– സ്തോകകൃഷ്ണാദ്യാഃ | സുബലൻ, സ്തോകകൃഷ്ണൻ മുതലായ |
| ഗോപാഃ | മററു ഗോപന്മാരും |
| പ്രേമ്ണാ | സ്നേഹത്താൽ |
| ഇദം | ഈ വിധം |
| അബ്രുവൻ | പറഞ്ഞു. |

രാമ രാമ മഹാബാഹോ കൃഷ്ണ ദുഷ്ടനിബർഹണ
ഇതോഽവിദൂരേ സുമഹദ്വനം താലാളിസങ്കുലം. 21

| | |
|---|---|
| മഹാബാഹോ | കൈയൂക്കുള്ള |
| രാമ രാമ | ബലരാമ! ബലരാമ! |
| ദുഷ്ടനിബർഹണ | ദുഷ്ടനാശകനായ |
| കൃഷ്ണ | കൃഷ്ണ! |
| ഇതഃ | ഈ സ്ഥലത്തിൽനിന്ന് |
| അവിദൂരെ | അധികം അകലത്തല്ലാതെ |
| താലാളിസങ്കുലം | കരിമ്പനക്കൂട്ടങ്ങൾ നിറഞ്ഞ |
| സുമഹത് വനം | ഒരു പെരുത്ത കാടുണ്ട്. |

ഫലാനി തത്ര ഭൂരീണി പതന്തി പതിതാനി ച
സന്തി കിന്ത്വവരുദ്ധാനി ധേനുകേന ദുരാത്മനാ 22

| | |
|---|---|
| തത്ര | അവിടെ |
| ഭൂരീണി ഫലാനി | വളരെ പഴങ്ങൾ |
| പതന്തി | വീഴുന്നവയും, |
| പതിതാനിച | വീണിട്ടുള്ളവയും |
| സന്തി | ആയിട്ടുണ്ട് |
| കിന്തു | എന്നാൽ |
| ദുരാത്മനാ | ദുർബുദ്ധിയായ |
| ധേനുകേന | ധേനുകനാൽ |
| അവരുദ്ധാനി | അവ തടയപ്പെട്ടിരിക്കയാണ്. |

സോഽതിവീര്യോഽസുരോ രാമ ഹേ കൃഷ്ണ ഖരരൂപധൃക്
ആത്മതുല്യബലൈരന്യൈർജ്ഞാതിഭിർബഹുഭിർവൃതഃ. 23

| | |
|---|---|
| ഹേ രാമ കൃഷ്ണ | അല്ലയോ രാമ, കൃഷ്ണ! |
| സഃ അസുരഃ | ആ അസുരൻ |
| അതിവീൎയ്യഃ | ഏററവും വീൎയ്യമുള്ളവനാകുന്നു. |
| ഖരരൂപധൃക് | കഴുതയുടെ സ്വരൂപം ധരിച്ചവനാണു്. |
| ആത്മതുല്യ· ബലൈഃ | തനിക്കൊത്ത ബലത്തോടുകൂടിയ |
| അന്യൈഃ ബഹുഭിഃ | വേറെ അസംഖ്യം |
| ജ്ഞാതിഭിഃ | ബന്ധുക്കളാൽ |
| വൃതഃ | ചുററപ്പെട്ടവനുമാണു്. |

തസ്മാത് കൃതനരാഹാരാൽഭീതൈൎന്നൃഭിരമിത്രഹൻ
ന സേവ്യതേ പശുഗണൈഃ പക്ഷിസംഘൈൎവ്വിവൎജ്ജിതം. 24

| | |
|---|---|
| അമിത്രഹൻ | ഹേ ശത്രുസൂദന! |
| കൃതനരാഹാരാത് | മനുഷ്യരെപ്പിടിച്ചു ആഹാരം കഴിക്കുന്ന |
| തസ്മാത് | അവനിൽനിന്നു് |
| ഭീതൈഃ | ഭയപ്പെട്ടിരിക്കുന്ന |
| നൃഭിഃ | മനുഷ്യരാലും, |
| പശുഗണൈഃ | മൃഗസമൂഹങ്ങളാലും, |
| പക്ഷിസംഘൈഃ | പക്ഷിക്കൂട്ടങ്ങളാലും |
| ന സേവ്യതേ | (ആ വനം) സേവിക്കപ്പെടുന്നില്ല. |
| വിവൎജ്ജിതം | എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു കിടക്കുന്നു. |

വിദ്യന്തേഽഭുക്തപൂൎവ്വാണി ഫലാനി സുരഭീണി ച
ഏഷ വൈ സുരഭിൎഗ്ഗന്ധോ വിഷൂചീനോഽവഗൃഹ്യതേ. 25

| | |
|---|---|
| അഭുക്തപൂൎവ്വാണി | മുമ്പൊരിക്കലും ഭക്ഷിക്കപ്പെട്ടിട്ടില്ലാത്തവയും |
| സുരഭീണി ച | സൌരഭ്യമുള്ളവയും ആയ |
| ഫലാനി | പഴങ്ങൾ |
| വിദ്യന്തേ | ഉണ്ടു്. |
| വിഷൂചീനഃ | എല്ലാടവും പരന്നിട്ടുള്ള |
| ഏഷഃ സുരഭിഃ ഗന്ധഃ | ഈ സൌരഭ്യം ചേൎന്ന മണം |
| അവഗൃഹ്യതേ വൈ | വാസിക്കപ്പെടുകയും ചെയ്യുന്നു. |

പ്രയച്ഛ താനി നഃ കൃഷ്ണ ഗന്ധലോഭിതചേതസാം
വാഞ്ഛാഽസ്തി മഹതീ രാമ ഗമ്യതാം യദി രോചതേ. 26

| | |
|---|---|
| കൃഷ്ണ | ഹേ കൃഷ്ണ! |
| ഗന്ധലോഭിതചേതസാം | (ആ പഴങ്ങളുടെ) വാസനയേററു ഉള്ളിൽ ആശ മുഴുത്തിരിക്കുന്ന |
| നഃ | ഞങ്ങൾക്കു് |
| താനി | അവയെ |
| പ്രയച്ഛ | നല്കിയാലും |
| രാമ | ഹേ രാമ! |
| മഹതീ വാഞ്ഛാ | വലിയ ആഗ്രഹം |
| അസ്തി | ഞങ്ങൾക്കുണ്ടു്. |
| രോചതേ യദി | ഇഷ്ടമാണെങ്കിൽ |
| ഗമ്യതാം | പുറപ്പെട്ടാലും. |

ഏവം സുഹൃദ്വചഃ ശ്രുത്വാ സുഹൃത്പ്രിയചികീൎഷയാ
പ്രഹസ്യ ജഗ്മതുൎഗ്ഗോപൈൎവ്വൃതൌ താലവനം പ്രഭൂ. 27

| | |
|---|---|
| ഏവം | ഇപ്രകാരം |
| സുഹൃദ്വചഃ | ചങ്ങാതിമാരുടെ വാക്ക് |
| ശ്രുത്വാ പ്രഹസ്യ | കേട്ട്, ചിരിച്ച് |
| പ്രഭൂ | സർവ്വേശ്വരന്മാർ ഇരുവരും |
| സുഹൃത്പ്രിയചികീർഷയാ | ചങ്ങാതിമാർക്ക് സന്തോഷം ജനിപ്പിക്കുവാനുള്ള ആഗ്രഹത്തോടെ |
| ഗോപൈഃ വൃതൌ | ഗോപന്മാരാൽ പരിവൃതന്മാരായി |
| താലവനം ജഗ്മതുഃ | പനങ്കാട്ടിലേക്കുചെന്നു. |

ബലഃ പ്രവിശ്യ ബാഹുഭ്യാം താലാൻ സമ്പരികമ്പയൻ
ഫലാനി പാതയാമാസ മതങ്ഗജ ഇവൌജസാ. 28

| | |
|---|---|
| പ്രവിശ്യ | അവിടെ എത്തിയശേഷം |
| ബലഃ | ബലരാമൻ |
| ബാഹുഭ്യാം | രണ്ടു കൈകൊണ്ടും |
| ഓജസാ | ശക്തിയോടുകൂടി |
| താലാൻ | കരിമ്പനകളെ |
| സമ്പരികമ്പയൻ | പിടിച്ചുകുലുക്കിക്കൊണ്ടു |
| മതങ്ഗജഃ ഇവ | മത്തഗജംപോലെ |
| ഫലാനി | പനമ്പഴങ്ങളെ |
| പാതയാമാസ | താഴെ വീഴ്ത്തി. |

ഫലാനാം പതതാം ശബ്ദം നിശമ്യാസുരരാസഭഃ
അഭ്യധാവത് ക്ഷിതിതലം സനഗം പരികമ്പയൻ. 29

| | |
|---|---|
| പതതാം | വീഴുന്നതായ |
| ഫലാനാം | പനംപഴങ്ങളുടെ |
| ശബ്ദം നിശമ്യ | ശബ്ദം കേട്ട് |
| അസുരരാസഭഃ | കഴുതയുടെ രൂപം പൂണ്ട ധേനുകാസുരൻ |
| സനഗം | മരങ്ങളോടുകൂടിയ |
| ക്ഷിതിതലം | ഭൂതലത്തെ |
| പരികമ്പയൻ | കിടുകിടെ വിറപ്പിച്ചുംകൊണ്ടു |
| അഭ്യധാവത് | നേരിട്ടോടിവന്നു. |

സമേത്യ തരസാ പ്രത്യഗ്ദ്വാഭ്യാം പദ്ഭ്യാം ബലം ബലീ
നിഹത്യോരസി കാശബ്ദം മുഞ്ചൻ പര്യസരത് ഖലഃ. 30

| | |
|---|---|
| സമേത്യ | അടുത്തുവന്നു |
| ബലീ | ബലവാനായ |
| ഖലഃ | ആ ദുഷ്ടൻ |
| ദ്വാഭ്യാം പ്രത്യക് പദ്ഭ്യാം | രണ്ടു പിൻകാലുകൾകൊണ്ടും |
| ബലം ഉരസി തരസാ നിഹത്യ | ബലരാമന്റെ മാറിൽ ഊക്കോടെ ചവിട്ടിയശേഷം |
| കാശബ്ദം | കുത്സിതമായ ശബ്ദത്തെ |
| മുഞ്ചൻ | പുറപ്പെടുവിച്ചുകൊണ്ടു |
| പര്യസരത് | പരക്കം പാഞ്ഞു. |

പുനരാസാദ്യ സംരബ്ധ ഉപക്രോഷ്ടാ പരാക് സ്ഥിതഃ
ചരണാവപരൌ രാജൻ ബലായ പ്രാക്ഷിപദ്രുഷാ. 31

| | |
|---|---|
| രാജൻ | രാജാവേ! |
| സംരബ്ധഃ | കോപം മുഴുത്ത |
| ഉപക്രോഷ്ടാ | ആ കഴുത |
| പുനഃ ആസാദ്യ | വീണ്ടും അടുത്തെത്തി, |
| പരാക് സ്ഥിതഃ | പിൻതിരിഞ്ഞുനിന്നു |
| ബലായ | ബലരാമനു നേരെ |
| അപരൌ ചരണൌ | പിൻകാലുകളെ |
| രുഷാ | ദ്വേഷ്യത്തോടെ |
| പ്രാക്ഷിപത് | പ്രയോഗിച്ചു. |

സ തം ഗൃഹീത്വാ പ്രപദോർഭ്രാമയിത്വൈകപാണിനാ
ചിക്ഷേപ തൃണരാജാഗ്രേ ഭ്രാമണത്യക്തജീവിതം. 32

| | | | |
|---|---|---|---|
| സഃ | ബലരാമൻ | ഭ്രാമയിത്വാ | ചുഴററിയിട്ടു്, |
| തം | ആ ധേനുകാസുരനെ | ഭ്രാമണത്യക്ത- ജീവിതം | ആ വിധം ചുഴററിയതു കൊണ്ടുതന്നെ ജീവിതം കൈവെടിഞ്ഞ അവനെ |
| ഏകപാണിനാ | ഒരു കൈകൊണ്ടു് | തൃണരാജാഗ്രേ | പനയുടെ മുകളിലേക്കു് |
| പ്രപദോഃ | പാദാഗ്രങ്ങളിൽ | ചിക്ഷേപ | എറിഞ്ഞു. |
| ഗൃഹീത്വാ | പിടിച്ചു് | | |

തേനാഽഹതോ മഹാതാലോ വേപമാനോ ബൃഹച്ഛിരാഃ
പാർശ്വസ്ഥം കമ്പയൻ ഭഗ്നഃ സ ചാന്യം സോഽപി ചാപരം. 33

| | | | |
|---|---|---|---|
| തേന | ആ അസുരദേഹത്താൽ | കമ്പയൻ | ഇളക്കിവിട്ടു് |
| ആഹതഃ | അടിക്കപ്പെട്ട | ഭഗ്നഃ | കടപുഴങ്ങി വീണു. |
| ബൃഹച്ഛിരാഃ | വലിയ തലയുള്ള | സഃ അന്യം ച | അതു് മറെറാന്നിനേയും മറിച്ചിട്ടു. |
| മഹാതാലഃ | ആ കൂററൻ കരിമ്പന | സഃ അപി | അതാവട്ടെ |
| വേപമാനഃ | ഇളകി മറിഞ്ഞുകൊണ്ടു് | അപരം ച | വേറെ ഒന്നിനേയും. |
| പാർശ്വസ്ഥം | അടുത്തു നിന്നിരുന്ന മറെറാരു പനയെ | | |

ബലസ്യ ലീലയോത്സൃഷ്ടഖരദേഹഹതാഹതാഃ
താലാശ്ചകമ്പിരേ സർവ്വേ മഹാവാതേരിതാ ഇവ. 34

| | | | |
|---|---|---|---|
| ബലസ്യ | ബലരാമനാൽ | സർവ്വേ താലാഃ | എല്ലാം പനകളും |
| ലീലയാ | കളിയോടെ | മഹാ- വാതേരിതാഃ ഇവ | കൊടുങ്കാററിനാൽ ഇളക്കപ്പെട്ടപോലെ |
| ഉത്സൃഷ്ടഖര- ദേഹാഹതാ- ഹതാഃ | എറിയപ്പെട്ട കഴുതയുടെ ശരീരത്താൽ അടിയേല്ക്കപ്പെട്ട പനയാൽ അടിയേല്ക്കപ്പെട്ടവയായിട്ടു് | ചകമ്പിരെ | ഇളകി. |

നൈതച്ചിത്രം ഭഗവതി ഹ്യനന്തേ ജഗദീശ്വരേ
ഓതപ്രോതമിദം യസ്മിംസ്തന്തുഷ്വംഗ യഥാ പടഃ. 35

| | | | |
|---|---|---|---|
| അംഗ | മഹാരാജാവേ! | ഭഗവതി | ഷഡ്ഗുണപരിപൂർണ്ണനും |
| യസ്മിൻ | യാതൊരുവനിൽ | അനന്തേ | അപരിച്ഛിന്നസ്വരൂപനും ആയ |
| ഇദം | ഈ പ്രപഞ്ചം മുഴുവൻ | ജഗദീശ്വരേ | ആ സർവ്വലോകേശ്വരങ്കൽ |
| തന്തുഷു പടഃ | നൂലുകളിൽ വസ്ത്രം | | |
| യഥാ ഓതപ്രോതം | ഊടും പാവും ചേർന്നില്ലംവിധം സർവ്വാത്മനാ ഉറംച്ചേർന്നിരിക്കുന്നുവോ, | ഏതത് | ഇതൊന്നും |
| | | ന ചിത്രം ഹി | അത്ഭുതകരമല്ലല്ലോ! |

തതഃ കൃഷ്ണം ച രാമം ച ജ്ഞാതയോ ധേനകസ്യ യേ
ക്രോഷ്ടാരോഽഭ്യദ്രവൻ സർവ്വേ സംരബ്ധാ ഹതബാന്ധവാഃ. 36

| | | | |
|---|---|---|---|
| തതഃ | പിന്നീട്, | ഹതബാന്ധവാഃ | ബന്ധുനാശം സംഭവിച്ച |
| ധേനകസ്യ | ധേനകാസുരന്റെ | സർവ്വേ | അവരൊക്കെയും |
| ജ്ഞാതയഃ | ബന്ധുക്കളായിട്ട് | സംരബ്ധാഃ | കോപം മുഴുത്തവരായി |
| ക്രോഷ്ടാരഃ | കഴുതരൂപം പൂണ്ട അസുരന്മാർ | രാമം ച | രാമനേയും |
| | | കൃഷ്ണം ച | കൃഷ്ണനേയും |
| യേ | യാവചിലരുണ്ടോ, | അഭ്യദ്രവൻ | എതിരിട്ട് ഓടിവന്നു. |

താംസ്താനാപതതഃ കൃഷ്ണോ രാമശ്ച നൃപ ലീലയാ
ഗൃഹീതപശ്ചാച്ചരണാൻ പ്രാഹിണോത്തൃണരാജസു. 37

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | ഗൃഹീത- പശ്ചാച്ച- രണാൻ | പിൻകാലുകൾ കൂട്ടിപ്പിടിച്ച് |
| ആപതതഃ | നേരിട്ടു വരുന്ന | | |
| താൻ താൻ | അവരെയെല്ലാം | | |
| കൃഷ്ണഃ രാമഃ ച | കൃഷ്ണനും രാമനും | തൃണരാജസു | പനകളുടെ മീതെ |
| ലീലയാ | കളിയായിട്ട് | പ്രാഹിണോത് | എറിഞ്ഞു. |

ഫലപ്രകരസങ്കീർണ്ണം ദൈത്യദേഹൈർഗ്ഗതാസുഭിഃ
രരാജ ഭൂഃ സതാലാഗ്രൈർഘനൈരിവ നഭസ്തലം. 38

| | | | |
|---|---|---|---|
| ഫലപ്രകര- സങ്കീർണ്ണം | പനമ്പഴങ്ങളുടെ കൂട്ടം നിറഞ്ഞുകിടക്കുന്നതും | ദൈത്യദേഹൈഃ | അസുരശരീരങ്ങളാൽ, നിറഞ്ഞതുമായ |
| | | ഭൂഃ | ആ ഭൂപ്രദേശം |
| സതാലാഗ്രൈഃ | പനമ്പട്ടകളോടുകൂടെ വീണുകിടക്കുന്ന | ഘനൈഃ | കാർനിരകളാൽ |
| | | നഭസ്തലം ഇവ | ആകാശം എന്നപോലെ |
| ഗതാസുഭിഃ | പ്രാണൻ വെടിഞ്ഞ | രരാജ | ശോഭിച്ചു. |

തയോസ്തത് സുമഹത് കർമ്മ നിശാമ്യ വിബുധാദയഃ
മുമുചുഃ പുഷ്പവർഷാണി ചക്രുർവ്വാദ്യാനി തുഷ്ടുവുഃ. 39

| | | | |
|---|---|---|---|
| തയോഃ | അവരുടെ (രാമകൃഷ്ണന്മാരുടെ) | വിബുധാദയഃ | ദേവാദികൾ |
| | | പുഷ്പവർഷാണി മുമുചുഃ | പൂമഴ ചൊരിഞ്ഞു ; |
| സുമഹത് | ഏററവും മഹത്തായ | | |
| തത് കർമ്മ | ആ പ്രവൃത്തി | വാദ്യാനി ചക്രുഃ | വാദ്യങ്ങൾ മുഴക്കി ; |
| നിശാമ്യ | കണ്ട് | തുഷ്ടുവുഃ | സ്തോത്രം ചെയ്തു. |

അഥ താലഫലാന്യാദൻ മനുഷ്യാ ഗതസാധ്വസാഃ
തൃണം ച പശവശ്ചേരുർഹതധേനകകാനനേ. 40

| | |
|---|---|
| അഥ | അതിൽപ്പിന്നെ, |
| ഹതധേനുക- } കാനനേ | കൊല്ലപ്പെട്ട ധേനുക നോടുകൂടിയ ആ വന ത്തിൽ |
| മനുഷ്യാഃ | മനുഷ്യർ |
| ഗതസാദ്ധ്വസാഃ | നിർഭയരായി |
| താലഫലാനി | പനമ്പഴങ്ങളും |
| ആദൻ | ഭക്ഷിച്ചുതുടങ്ങി; |
| പശവഃ ച | പശുക്കളും |
| തൃണം ചേരുഃ | പുല്ലു മേഞ്ഞുതുടങ്ങി. |

കൃഷ്ണഃ കമലപത്രാക്ഷഃ പുണ്യശ്രവണകീർത്തനഃ
സ്തൂയമാനോഽനുഗൈർഗ്ഗോപൈഃ സാഗ്രജോ വ്രജമാവ്രജത്. 41

| | |
|---|---|
| പുണ്യശ്രവണ- } കീർത്തനഃ | പുണ്യജനകങ്ങളായ ശ്രവണകീർത്തനങ്ങളോടു കൂടിയവനും, |
| കമലപത്രാക്ഷഃ | ചെന്താമരക്കണ്ണനും ആയ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| സാഗ്രജഃ | ജ്യേഷ്ഠനോടുകൂടി |
| അനുഗൈഃ | അനുഗാമികളായ |
| ഗോപൈഃ | ഗോപന്മാരാൽ |
| സ്തൂയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ട് |
| വ്രജം | ഗോകുലത്തിലേക്കു |
| ആവ്രജത് | ചെന്നു. |

തം ഗോരജശ്ഛുരിതകുന്തളബദ്ധബർഹ-
വന്യപ്രസൂനരുചിരേക്ഷണചാരുഹാസം
വേണും ക്വണന്തമനുഗൈരനുഗീതകീർത്തിം
ഗോപ്യോ ദിദൃക്ഷിതദൃശോഽഭ്യഗമൻ സമേതാഃ. 42

| | |
|---|---|
| ഗോരജ- ശ്ഛുരിത- കുന്തളബദ്ധ- ബർഹവന്യ- പ്രസൂന- രുചിരേക്ഷണ- ചാരുഹാസം | പശുക്കളുടെ കുളമ്പുതട്ടി പ്പൊങ്ങിയ മൺപൊടി പുരണ്ട തിരുമുടിയിൽ മ യിൽപ്പീലി തിരുകി, കാ ട്ടുപൂക്കളും ചൂടി, മോഹ നമായ വീക്ഷണത്തോടും അഴകാന്ന പുഞ്ചിരിയോ ടുംകൂടി, |
| വേണും ക്വണന്തം | ഓടക്കുഴൽ വിളിച്ചു കൊണ്ടും, |
| അനുഗൈഃ | കൂടെസ്സഞ്ചരിക്കുന്ന ഗോപന്മാരാൽ |
| അനുഗീതകീർത്തിം | കീർത്തനം ചെയ്യപ്പെട്ട കീർത്തിയോടുകൂടിയും ഇരിക്കുന്ന |
| തം | ആ ഗോപാലകൃഷ്ണനെ |
| ദിദൃക്ഷിതദൃശഃ | കാണ്മാൻ കൊതിച്ച കണ്ണുകളോടുകൂടിയ |
| ഗോപ്യഃ | ഗോപകമാരിമാർ |
| സമേതാഃ | ഒന്നിച്ചുകൂടി |
| അഭ്യഗമൻ | എതിരേററു ചെന്നു. |

പീത്വാ മുകുന്ദമുഖസാരഘമക്ഷിഭൃംഗൈ-
സ്താപം ജഹുർവ്വിരഹജം വ്രജയോഷിതോഽഹ്നി
തത്സത്കൃതിം സമധിഗമ്യ വിവേശ ഗോഷ്ഠം
സവ്രീഡഹാസവിനയം യദപാംഗമോക്ഷം. 43

| | |
|---|---|
| വ്രജയോഷിതഃ | ഗോകുലകമാരിമാർ |
| മുകുന്ദമുഖ- } സാരഘം | ശ്രീകൃഷ്ണമുഖാരവിന്ദ ത്തിലെ പൂന്തേൻ |
| അക്ഷിഭൃംഗൈഃ | കണ്ണുകളാവുന്ന വണ്ടു കളാൽ |
| പീത്വാ | നുകൎന്ന് |
| അഹ്നി | പകൽ സമയത്ത് |
| വിരഹജം | വേർപിരിഞ്ഞതു കൊണ്ടുണ്ടായ |
| താപം | പരിതാപത്തെ |

ജഹുഃ — വിട്ടുകളഞ്ഞു.
സവ്രീഡ–ഹാസവിനയം — ലജ്ജ, മന്ദസ്മിതം, വിനയം എന്നിവയോടു കൂടിയ
യത് അപാംഗ-മോക്ഷം — യാതൊരു കടക്കൺ നോട്ടമുണ്ടോ,
തത് സത്കൃതിം — അതാവുന്ന സല്ക്കാരത്തെയും
സമധിഗമ്യ — ഏറ്റുകൊണ്ട്,
ഗോഷ്ഠം — (ഭഗവാൻ) ഗോകുലത്തിലേക്ക്
വിവേശ — പ്രവേശിച്ചു.

തയോര്യശോദാരോഹിണ്യൗ പുത്രയോഃ പുത്രവത്സലേ
യഥാകാമം യഥാകാലം വ്യധത്താം പരമാശിഷഃ. 44

പുത്രവത്സലേ — പുത്രവാത്സല്യവതികളായ
യശോദാ–രോഹിണ്യൗ — യശോദയും രോഹിണിയും
തയോഃ പുത്രയോഃ — ആ പുത്രന്മാർക്ക്
യഥാകാമം — ഇഷ്ടത്തിന്നനുസരിച്ചും,
യഥാകാലം — സമയത്തിന്നനുസരിച്ചും
പരമാശിഷഃ — പൂർണ്ണാശിസ്സുകൾ
വ്യധത്താം — നല്കി.

ഗതാധ്വാനശ്രമൗ തത്ര മജ്ജനോന്മർദ്ദനാദിഭിഃ
നീവീം വസിത്വാ രുചിരാം ദിവ്യസ്രഗ്ഗന്ധമണ്ഡിതൗ. 45
ജനന്യുപഹൃതം പ്രാശ്യ സ്വാദ്വന്നമുപലാളിതൗ
സംവിശ്യ വരശയ്യായാം സുഖം സുഷുപതുർവ്രജേ. 46

തത്ര വ്രജേ — ആ നന്ദഗൃഹത്തിൽ
മജ്ജനോ–ന്മർദ്ദനാദിഭിഃ — എണ്ണതേച്ചു കുളിക്കയാലും മററും
ഗതാധ്വാന–ശ്രമൗ — വഴി നടന്നിട്ടുള്ള ക്ഷീണം തീർന്നവരായി
രുചിരാം നീവീം — മനോഹരമായ വസ്ത്രം
വസിത്വാ — ധരിച്ച്
ദിവ്യസ്രഗ്ഗന്ധ-മണ്ഡിതൗ — വിശേഷപ്പെട്ട പൂമാലകൾ, കളഭം എന്നിവയാൽ അലങ്കൃതന്മാരായി,
ജനന്യുപഹൃതം — അമ്മമാരാൽ വിളമ്പിക്കൊടുക്കപ്പെട്ട
സ്വാദു — രുചികരമായ
അന്നം പ്രാശ്യ — ആഹാരം കഴിച്ച്
ഉപലാളിതൗ — അവരാൽ താലോലിക്കപ്പെട്ടവരായി,
വരശയ്യായാം — ഉൽകൃഷ്ടമായ പൂമെത്തയിൽ
സംവിശ്യ — കിടന്ന്
സുഖം സുഷുപതുഃ — ഇരുവരും സുഖമായുറങ്ങി.

ഏവം സ ഭഗവാൻ കൃഷ്ണോ വൃന്ദാവനചരഃ ക്വചിത്
യയൗ രാമമൃതേ രാജൻ കാളിന്ദീം സഖിഭിർവൃതഃ. 47

രാജൻ — രാജാവേ!
ഏവം — മേല്പറഞ്ഞ പ്രകാരം
ക്വചിത് — ഒരുനാൾ
വൃന്ദാവനചരഃ — വൃന്ദാവനത്തിൽ സഞ്ചരിച്ചുകൊണ്ട്
സഃ ഭഗവാൻ കൃഷ്ണഃ — ആ ഭഗവാൻ ശ്രീകൃഷ്ണൻ
രാമം ഋതേ — ബലരാമനെക്കൂടാതെ
സഖിഭിഃ വൃതഃ — മററുള്ള ചങ്ങാതിമാരോടൊന്നിച്ച്
കാളിന്ദീം — യമുനാനദിയിലേക്ക്
യയൗ — പോയി.

അഥ ഗാവശ്ച ഗോപാശ്ച നിദാഘാതപപീഡിതാഃ
ദുഷ്ടം ജലം പപുസ്തസ്യാസ്തൃഷാൎത്താ വിഷദൂഷിതം. 48

| | | | |
|---|---|---|---|
| അഥ | അപ്പോൾ | ഗാവഃ ച | ഗോക്കളും |
| നിദാഘാതപ-പീഡിതാഃ | വേനല്ക്കാലത്തിലെ വെയിലുകൊണ്ടു് പരവശപ്പെട്ടവരും | വിഷദൂഷിതം | വിഷത്താൽ ദൂഷിക്കപ്പെട്ടിരുന്ന |
| തൃഷാൎത്താഃ | ദാഹപീഡിതരും ആയ | തസ്യാഃ | ആ യമുനയിലെ |
| ഗോപാഃ ച | ഗോപന്മാരും | ദുഷ്ടം ജലം | ചീത്ത വെള്ളം |
| | | പപുഃ | കുടിച്ചു. |

വിഷാംഭസ്തദുപസ്പൃശ്യ ദൈവോപഹതചേതസഃ
നിപേതുൎവ്യസവഃ സൎവ്വേ സലിലാന്തേ കുരൂദ്വഹ. 49

| | | | |
|---|---|---|---|
| കുരൂദ്വഹ | ഹേ കുരുവംശശ്രേഷ്ഠ ! | ഉപസ്പൃശ്യ | ഉപയോഗിച്ചു് |
| ദൈവോപ-ഹതചേതസഃ | കൎമ്മഗതിയാൽ ബുദ്ധിമോശംവന്ന | വ്യസവഃ | ഗതപ്രാണരായി |
| സൎവ്വേ | അവരൊക്കെയുംതന്നെ | സലിലാന്തേ | ജലത്തിന്നടുത്തു് |
| തത് വിഷാംഭഃ | ആ വിഷജലത്തെ | നിപേതുഃ | വീണുപോയി. |

വീക്ഷ്യ താൻ വൈ തഥാഭൂതാൻ കൃഷ്ണോ യോഗേശ്വരേശ്വരഃ
ഈക്ഷയാഽമൃതവൎഷിണ്യാ സ്വനാഥാൻ സമജീവയത്. 50

| | | | |
|---|---|---|---|
| യോഗേ-ശ്വരേശ്വരഃ | യോഗേശ്വരന്മാൎക്കും ഈശ്വരനായ | തഥാഭൂതാൻ | ആ വിധത്തിൽ ഗതപ്രാണരായി വീണിരിക്കുന്നു് |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | വീക്ഷ്യ വൈ | കണ്ടിട്ടു്, ഉടൻ |
| സ്വനാഥാൻ | താൻമാത്രം രക്ഷിതാവായിട്ടുള്ള | അമൃതവൎഷിണ്യാ | അമൃതിനെ വൎഷിക്കുന്ന |
| | | ഈക്ഷയാ | വീക്ഷണത്താൽ |
| താൻ | അവരെ | സമജീവയത് | പുനൎജ്ജീവിപ്പിച്ചു. |

തേ സംപ്രതീതസ്മൃതയഃ സമുത്ഥായ ജലാന്തികാത്
ആസൻ സുവിസ്മിതാഃ സൎവ്വേ വീക്ഷമാണാഃ പരസ്പരം. 51

| | | | |
|---|---|---|---|
| സംപ്രതീത-സ്മൃതയഃ | ഉടൻ സ്വബോധം വന്നുചേൎന്ന | പരസ്പരം | തമ്മിൽത്തമ്മിൽ |
| | | വീക്ഷമാണാഃ | നോക്കിക്കൊണ്ടു് |
| തേ സൎവ്വേ | അവരെല്ലാം | സുവിസ്മിതാഃ | അത്യന്തം ആശ്ചൎയ്യം കലൎന്നവരായി |
| ജലാന്തികാത് | ജലസമീപത്തിൽനിന്നു് | | |
| സമുത്ഥായ | എഴുന്നേറ്റു് | ആസൻ | ഭവിച്ചു. |

അന്വമംസത തദ്രാജൻ ഗോവിന്ദാനുഗ്രഹേക്ഷിതം
പീത്വാ വിഷം പരേതസ്യ പുനരുത്ഥാനമാത്മനഃ 52

| | |
|---|---|
| രാജൻ | രാജാവേ! |
| വിഷം പീത്വാ | വിഷം കുടിച്ചിട്ട് |
| പരേതസ്യ | മരിച്ചുപോയ |
| ആത്മനഃ | തങ്ങൾക്കുണ്ടായ |
| തത്പുനരുത്ഥാനം | ആ ഉയിർത്തെഴുന്നേല്പ് |

| | |
|---|---|
| ഗോവിന്ദാ-നുഗ്രഹേക്ഷിതം | ഭഗവാന്റെ കൃപാകടാക്ഷംമൂലം ഉണ്ടായതാണെന്ന് |
| അന്വമംസത | അവർ വിചാരിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ

ധേനുകവധോ നാമ പഞ്ചദശോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 741.

## ഷോഡശോऽദ്ധ്യായഃ—പതിനാറാം അദ്ധ്യായം.

[ഷോഡശേ കാളിയസ്യോക്തോ നിഗ്രഹോ യമുനാഹ്രദേ
തത്പത്നീഭിഃ സ്തുതേനാഥ കൃഷ്ണേനാനുഗ്രഹഃ കൃതഃ.]

(കാളീയമർദ്ദനം; കാളിയപത്നിമാരുടെ ഭഗവൽസ്തുതി എന്നിവയുടെ നിരൂപണം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

വിലോക്യ ദൂഷിതാം കൃഷ്ണാം കൃഷ്ണഃ കൃഷ്ണാഹിനാ വിഭുഃ
തസ്യാ വിശുദ്ധിമന്വിച്ഛൻ സർപ്പം തമുദവാസയത്. 1

| | |
|---|---|
| കൃഷ്ണാഹിനാ | കാളിയസർപ്പത്താൽ |
| ദൂഷിതാം | ദുഷിപ്പിക്കപ്പെട്ട |
| കൃഷ്ണാം വിലോക്യ | കാളിന്ദിയെ കണ്ടു് |
| വിഭുഃ കൃഷ്ണഃ | സർവ്വശക്തനായ കൃഷ്ണൻ |

| | |
|---|---|
| തസ്യാഃ വിശുദ്ധിം അന്വിച്ഛൻ | ആ നദിയെ നിർമ്മലമാക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് |
| തം സർപ്പം | ആ സർപ്പത്തെ |
| ഉദവാസയത് | പുറത്തേക്കയച്ചു. |

രാജോവാച=പരീക്ഷിത്ത് രാജാവു് പറഞ്ഞു :—

കഥമന്തർജ്ജലേऽഗാധേ ന്യഗൃഹ്ണാദ്ഭഗവാനഹിം
സ വൈ ബഹുയുഗാവാസം യഥാऽऽസീദ്വിപ്ര കഥ്യതാം. 2

| | |
|---|---|
| വിപ്ര | ഹേ വേദജ്ഞ! |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| അഗാധേ | ആഴംകൂടിയ |
| അന്തർജലേ | ജലാന്തർഭാഗത്തിൽ വെച്ചു് |
| അഹിം | സർപ്പത്തെ |
| ന്യഗൃഹ്ണാത് | പിടിച്ചൊതുക്കിയതെങ്ങനെ? |

| | |
|---|---|
| സഃ വൈ | ആ സർപ്പവും |
| യഥാ | എങ്ങനെ |
| ബഹുയുഗാ-വാസം | അനേകം യുഗങ്ങൾ അതിൽ വസിക്കുംപ്രകാരം |
| ആസീത് | സംഭവിച്ചു? |
| കഥ്യതാം | പറഞ്ഞുതരിക. |

ബ്രഹ്മൻ ഭഗവതസ്തസ്യ ഭൂമ്നഃ സ്വച്ഛന്ദവർത്തിനഃ
ഗോപാലോദാരചരിതം കസ്തൃപ്യേതാമൃതം ജുഷൻ. 3

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മർഷേ ! | തസ്യ | ആ ശ്രീഹരിയുടെ |
| ഭഗവതഃ | സർവ്വജ്ഞനും, | ഗോപാലോദാരചരിതം | മഹത്തായ ഗോപാലാവതാരകഥയാവുന്ന |
| ഭൂമ്നഃ | സർവ്വവ്യാപിയും, | അമൃതം | അമൃതത്തെ |
| സ്വച്ഛന്ദവർത്തിനഃ | സർവ്വതന്ത്രസ്വതന്ത്രനായി വർത്തിക്കുന്നവനും ആയ | ജുഷൻ | ആസ്വദിച്ചുകൊണ്ട് |
| | | കഃ തൃപ്യേത | ആർ സന്തൃപ്തനാകും ? |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

കാളിന്ദ്യാം കാളിയസ്യാസീത് ഹ്രദഃ കശ്ചിദ്വിഷാഗ്നിനാ
ശ്രപ്യമാണപയാ യസ്മിൻ പതന്ത്യുപരിഗാഃ ഖഗാഃ. 4

| | | | |
|---|---|---|---|
| കാളിന്ദ്യാം | യമുനാനദിയിൽ | ആസീത് | ഉണ്ടായിരുന്നു. |
| കാളിയസ്യ | കാളിയന്റേതായി | യസ്മിൻ | യാതൊരു ഈ കയത്തിൽ |
| കശ്ചിത് ഹ്രദഃ | ഒരു കയം | ഉപരിഗാഃ | മീതെ പറന്നുപോകുന്ന |
| വിഷാഗ്നിനാ | വിഷാഗ്നിയാൽ | ഖഗാഃ | പക്ഷികൾപോലും |
| ശ്രപ്യമാണപയാഃ | വെന്തുകായുന്ന വെള്ളത്തോടുകൂടിയതായിട്ട് | പതന്തി | വീണുപോയിരുന്നു. |

വിപ്രുഷ്മതാ വിഷോദോർമ്മിമാരുതേനാഭിമർശിതാഃ
മ്രിയന്തേ തീരഗാ യസ്യ പ്രാണിനഃ സ്ഥിരജംഗമാഃ. 5

| | | | |
|---|---|---|---|
| യസ്യ | യാതൊരു കയത്തിന്റെ | അഭിമർശിതാഃ | സ്പർശിക്കപ്പെട്ടവയായി |
| വിപ്രുഷ്മതാ | നീർത്തുള്ളികൾചേർന്ന് | തീരഗാഃ | തീരപ്രദേശത്തിലുള്ള |
| വിഷോദോർമ്മിമാരുതേന | വിഷജലത്തിന്റെ അലകളിലൂടെ വീശിവരുന്ന കാററിനാൽ | സ്ഥിരജംഗമാഃ | സ്ഥാവരജംഗമങ്ങളായ |
| | | പ്രാണിനഃ | ജീവജാലങ്ങൾ |
| | | മ്രിയന്തേ | നശിച്ചിരുന്നു. |

തം ചണ്ഡവേഗവിഷവീര്യമവേക്ഷ്യ തേന
ദുഷ്ടാം നദീം ച ഖലസംയമനാവതാരഃ
കൃഷ്ണഃ കദംബമധിരുഹ്യ തതോഽതിതുംഗ-
മാസ്ഫോട്യ ഗാഢരശനോ ന്യപതദ്വിഷോദേ. 6

| | | | |
|---|---|---|---|
| തം | ആ സർപ്പത്തെ | ദുഷ്ടാം ച | ദുഷിച്ചതായും |
| ചണ്ഡവേഗവിഷവീര്യം | ഉഗ്രവേഗമുള്ള വിഷവീര്യത്തോടുകൂടിയതായും, | അവേക്ഷ്യ | കണ്ടിട്ട്, |
| നദീം | യമുനാനദിയെ | ഖലസംയമനാവതാരഃ | ദുഷ്ടന്മാരെ ഒതുക്കുവാൻ അവതരിച്ച |
| തേന | അവൻ നിമിത്തം | കൃഷ്ണഃ | ശ്രീകൃഷ്ണൻ |

| | |
|---|---|
| ഗാഢരശനഃ | അര മുറുക്കിക്കെട്ടി, |
| അതിതുംഗം | ഏററവും ഉയരമുള്ള |
| കദംബം | കടമ്പുമരത്തിന്മേൽ |
| അധിരുഹ്യ | കയറി, |
| ആസ്ഫോട്യ | കൈയ്യടിച്ച് |
| തതഃ | അതിന്മേൽനിന്ന് |
| വിഷോദേ | വിഷജലത്തിലേക്ക് |
| ന്യപതത് | കുതിച്ചുചാടി. |

സർപ്പഹ്രദഃ പുരുഷസാരനിപാതവേഗ-
സംക്ഷോഭിതോരഗവിഷോച്ഛ്വസിതാംബുരാശിഃ
പര്യക് പ്ലുതോ വിഷകഷായവിഭീഷണോർമ്മി-
ർധാവൻ ധനുഃശതമനന്തബലസ്യ കിം തത്. 7

| | |
|---|---|
| സർപ്പഹ്രദഃ | കാളിയസർപ്പം വസിക്കുന്ന കയം |
| പുരുഷസാര-നിപാതവേഗ-സംക്ഷോഭിതോ-രഗവിഷോ-ച്ഛ്വസിതാം-ബുരാശിഃ | പുരുഷോത്തമന്റെ പതനവേഗത്താൽ ക്ഷോഭം ജനിപ്പിക്കപ്പെട്ട സർപ്പങ്ങളുടെ വിഷത്തോടു ചേർന്ന് മേല്പോട്ടേന്തിയ ജലപ്പരപ്പോടുകൂടിയും, |
| വിഷകഷായ-വിഭീഷ-ണോർമ്മിഃ | വിഷത്താൽ കലക്കി മറിക്കപ്പെട്ട ഭയങ്കരമായ തിരകളോടുകൂടിയും |
| പര്യക് | നാലുഭാഗത്തേക്കും |
| ധാവൻ | തള്ളിക്കയറി, |
| ധനുഃശതം | നൂറു വിൽപ്പാടു ദൂരം |
| പ്ലുതഃ | വ്യാപിച്ചു. |
| അനന്തബലസ്യ | അളവററ ശക്തിയുള്ള ഭഗവാന്ന് |
| തത് കിം | അതു എന്തുതന്നെയാണ്? |

തസ്യ ഹ്രദേ വിഹരതോ ഭുജദണ്ഡഘൂർണ്ണ-
വാർഘോഷമംഗ വരവാരണവിക്രമസ്യ
ആശ്രുത്യ തത് സ്വസദനാഭിഭവം നിരീക്ഷ്യ
ചക്ഷുഃശ്രവാഃ സമസരത്തദമൃഷ്യമാണഃ. 8

| | |
|---|---|
| അംഗ | രാജാവേ! |
| വരവാരണ-വിക്രമസ്യ | മത്തഗജത്തിന്നൊത്ത പരാക്രമത്തോടുകൂടിയവനും |
| ഹ്രദേ വിഹരതഃ | കയത്തിൽ നീന്തിക്കളിക്കുന്നവനും ആയ |
| തസ്യ | ആ ശ്രീഭഗവാന്റെ |
| ഭുജദണ്ഡ-ഘൂർണ്ണ-വാർഘോഷം | ഭുജദണ്ഡങ്ങളെക്കൊണ്ടുള്ള അടിയാൽ ചുഴലുന്ന വെള്ളത്തിന്റെ ശബ്ദം |
| ആശ്രുത്യ | കേട്ടും, |
| തത്സ്വസദനാ-ഭിഭവം | തന്നിമിത്തം തന്റെ വാസസ്ഥലത്തിന്നുണ്ടായ ഉപദ്രവം |
| നിരീക്ഷ്യ | കണ്ടും |
| തത് അമൃഷ്യമാണഃ | അതു പൊറുത്തുകൊണ്ടിരിപ്പാൻ കഴിയാതെയായ |
| ചക്ഷുഃശ്രവാഃ | ആ സർപ്പം |
| സമസരത് | അരികത്തേക്കു വന്നു. |

തം പ്രേക്ഷണീയസുകുമാരഘനാവദാതം
ശ്രീവത്സപീതവസനം സ്മിതസുന്ദരാസ്യം
ക്രീഡന്തമപ്രതിഭയം കമലോദരാംഘ്രിം
സന്ദശ്യ മർമ്മസു രുഷാ ഭുജയാ ചചാദ. 9

പ്രേക്ഷണീയ- സുകുമാരം- ഘനാവദാതം — കാഴ്ചയ്ക്കു കൌതുകമുള്ളവനും, കോമളാംഗനും, മഴക്കാറുപോലെ സ്വച്ഛനീലനിറം ചേൎന്നവനും,

ശ്രീവത്സ- പീതവസനം — ശ്രീവത്സത്തേയും പീതാംബരത്തേയും ധരിച്ചിരിക്കുന്നവനും,

സ്മിതസുന്ദരാസ്യം — മന്ദസ്മിതംകൊണ്ടു മനോഹരമായ തിരുമുഖത്തോടുകൂടിയവനും,

കമലോ- ദരാങ്ഘ്രിം — താമരപ്പൂവിന്റെ ഉള്ളപോലെ ചുവന്ന തൃപ്പാദങ്ങളോടുകൂടിയവനും,

അപ്രതിഭയം — നിൎഭയമാകുംവണ്ണം

ക്രീഡന്തം — വിഹരിച്ചുകൊണ്ടിരിക്കുന്നവനും ആയ

തം — ആ ശ്രീകൃഷ്ണനെ

രുഷാ — കോപത്താൽ

മൎമ്മസു — മൎമ്മസ്ഥാനങ്ങളിൽ

സന്ദശ്യ — കടിച്ചു്

ഭുജയാ — ഉടൽകൊണ്ടു്

ചചാര — കെട്ടിവരിഞ്ഞു.

തം നാഗഭോഗപരിവീതമദൃഷ്ടചേഷ്ട-
മാലോക്യ തത്പ്രിയസഖാഃ പശുപാ ഭൃശാൎത്താഃ
കൃഷ്ണേഽൎപ്പിതാത്മസുഹൃദൎത്ഥകളത്രകാമാ
ദുഃഖാനുശോകഭയമൂഢധിയോ നിപേതുഃ. 10

തം — ആ ശ്രീകൃഷ്ണനെ

നാഗഭോഗ- പരിവീതം — സൎപ്പശരീരത്താൽ ചുററപ്പെട്ടതായും,

അദൃഷ്ടചേഷ്ടം — അനക്കം കാണപ്പെടാതെ ഇരിക്കുന്നതായും

ആലോക്യ — കണ്ടിട്ടു്

തത്പ്രിയസഖാഃ — അവിടുത്തെ പ്രിയ ചങ്ങാതികളും

കൃഷ്ണേ — ശ്രീകൃഷ്ണനിൽത്തന്നെ

അൎപ്പിതാത്മ- സുഹൃദൎത്ഥ- കളത്രകാമാഃ — സമൎപ്പിക്കപ്പെട്ട ആത്മാവ്, ബന്ധുജനം, ധനം, ഭാൎയ്യ, ഭോഗേച്ഛ എന്നു തുടങ്ങിയ സൎവ്വസ്വങ്ങളോടുകൂടിയവരും ആയ

പശുപാഃ — ഗോപന്മാർ

ഭൃശാൎത്താഃ — അത്യന്തം പരിപീഡിതരായി,

ദുഃഖാ- നുശോകഭയ- മൂഢധിയഃ — ദുഃഖം, അനുതാപം, ഭയം എന്നിവയാൽ നഷ്ടപ്രജ്ഞരായി

നിപേതുഃ — നിലത്തു വീണു.

ഗാവോ വൃഷാ വത്സതൎയ്യഃ ക്രന്ദമാനാഃ സുദുഃഖിതാഃ
കൃഷ്ണേ ന്യസ്തേക്ഷണാ ഭീതാ രുദത്യ ഇവ തസ്ഥിരേ. 11

ഗാവഃ വൃഷാഃ — പശുക്കൾ, കാളകൾ,

വത്സതൎയ്യഃ — പശുക്കുട്ടികൾ എന്നിവ

സുദുഃഖിതാഃ — വല്ലാതെ ദുഃഖിച്ചുകൊണ്ടും,

ക്രന്ദമാനാഃ — നിലവിളിച്ചുകൊണ്ടും,

ഭീതാഃ — പേടികലൎന്നുകൊണ്ടും

കൃഷ്ണേ — ശ്രീകൃഷ്ണനിൽ

ന്യസ്തേക്ഷണാഃ — കണ്ണുറപ്പിച്ചു്

രുദത്യഃ ഇവ — കരഞ്ഞുകൊണ്ടുതന്നെ

തസ്ഥിരേ — നിന്നു.

അഥ വ്രജേ മഹോത്പാതാസ്ത്രിവിധാ ഹ്യതിദാരുണാഃ
ഉത്പേതുൎഭുവി ദിവ്യാത്മന്യാസന്നഭയശംസിനഃ. 12

| | |
|---|---|
| അഥ ഹി | ഉടനെത്തന്നെ |
| വ്രജേ | ഗോകുലത്തിൽ |
| ആസന്നഭയശംസിനഃ | അടുത്തിരിക്കുന്ന ആപത്തിനെ സൂചിപ്പിക്കുന്ന |
| അതിദാരുണാഃ | അതിഭയങ്കരങ്ങളായ |
| മഹോത്പാതാഃ | ദുർല്ലക്ഷണങ്ങൾ |
| ദിവി | ആകാശത്തിലും, |
| ഭുവി | ഭൂമിയിലും, |
| ആത്മനി | ശരീരത്തിലും |
| ത്രിവിധാഃ | മൂന്നുപ്രകാരത്തിലായിട്ട് |
| ഉത്പേതുഃ | സംഭവിച്ചു. |

(നോട്ട് :— ആകാശത്തിൽനിന്നു കൊള്ളിമീൻ വീഴുക, ഭൂമി കുലുങ്ങുക, സ്വദേഹത്തിൽ ഇടതുഭാഗം വിറക്കുക എന്നിങ്ങനെ മൂന്നുതരത്തിലുള്ള ആപൽസൂചനകൾ ഗോകുലത്തിലുള്ളവർക്ക് അനുഭവപ്പെട്ടു.)

താനാലക്ഷ്യ ഭയോദ്വിഗ്നാ ഗോപാ നന്ദപുരോഗമാഃ
വിനാ രാമേണ ഗാഃ കൃഷ്ണം ജ്ഞാത്വാ ചാരയിതും ഗതം. 13

| | |
|---|---|
| താൻ ആലക്ഷ്യ | ആ ദുർന്നിമിത്തങ്ങൾ കണ്ട് |
| നന്ദപുരോഗമാഃ | നന്ദഗോപാദികളായ |
| ഗോപാഃ | ഗോപന്മാർ |
| രാമേണ വിനാ | രാമനോടു കൂടാതെയാണ് |
| ഗാഃ | പശുക്കളെ |
| ചാരയിതും | മേക്കുവാൻ |
| കൃഷ്ണം ഗതം ജ്ഞാത്വാ | കൃഷ്ണൻ പോയിരിക്കുന്നതെന്ന് അറിഞ്ഞ് |
| ഭയോദ്വിഗ്നാഃ | ഭയവിഹ്വലന്മാരായി. |

തൈർദുർന്നിമിത്തൈർന്നിധനം മത്വാ പ്രാപ്തമതദ്വിദഃ
തത്പ്രാണാസ്തന്മനസ്കാസ്തേ ദുഃഖശോകഭയാതുരാഃ. 14

| | |
|---|---|
| തത്പ്രാണാഃ | ഭഗവാൻതന്നെ പ്രാണനായുള്ളവരും, |
| തന്മനസ്കാഃ | ഭഗവാനിൽത്തന്നെ മനസ്സുചേർത്തിയിരിക്കുന്നവരും ആയ |
| തേ | അവർ |
| അതദ്വിദഃ | ഭഗവന്മഹിമയെ യഥാർത്ഥരൂപത്തിലറിയാതെ |
| തൈഃ ദുർന്നിമിത്തൈഃ | ആ ദുർന്നിമിത്തങ്ങളാൽ |
| നിധനം പ്രാപ്തം മത്വാ | ഭഗവാന്ന് അപായം വന്നിരിക്കുന്നുവെന്നു കരുതി |
| ദുഃഖശോകഭയാതുരാഃ | ദുഃഖം, ശോകം, ഭയം എന്നിവയാൽ വിവശന്മാരായിത്തീർന്നു. |

ആബാലവൃദ്ധവനിതാഃ സർവ്വേഽങ്ഗ പശുവൃത്തയഃ
നിർജ്ജഗ്മുർഗ്ഗോകുലാത് ദീനാഃ കൃഷ്ണദർശനലാലസാഃ. 15

| | |
|---|---|
| അങ്ഗ | വിശിഷ്ടനായ രാജാവേ! |
| ആബാലവൃദ്ധവനിതാഃ | കിടാങ്ങൾ തൊട്ട് കിഴവന്മാർ വരെയുള്ളവരും, സ്ത്രീകളും, |
| സർവ്വേ | എല്ലാതരക്കാരും |
| പശുവൃത്തയഃ | പശുക്കളെപ്പോലെ വിവേകശൂന്യമായ സ്നേഹം കലർന്ന ചിത്തവൃത്തിയോടുകൂടിയവരായി, |
| ദീനാഃ | ദുഃഖിതരായി, |
| കൃഷ്ണദർശനലാലസാഃ | കൃഷ്ണനെക്കാണുവാൻ അത്യാഗ്രഹം കൊണ്ടവരായി |
| ഗോകുലാത് | ഗോകുലത്തിൽനിന്ന് |
| നിർജ്ജഗ്മുഃ | പുറത്തിറങ്ങി. |

താംസ്തഥാ കാതരാൻ വീക്ഷ്യ ഭഗവാൻ മാധവോ ബലഃ
പ്രഹസ്യ കിഞ്ചിന്നോവാച പ്രഭാവജ്ഞോഽനുജസ്യ സഃ. 16

| | | | |
|---|---|---|---|
| മാധവഃ | മധുവംശത്തിൽ പിറന്ന വനും, | സഃ ബലഃ | ആ ബലരാമൻ |
| ഭഗവാൻ | [illegible]സമ്പന്നനും, | തഥാ | അപ്രകാരം |
| അനുജസ്യ | അനുജൻെറ | താൻ | അവരെയെല്ലാം |
| പ്രഭാവജ്ഞഃ | മഹാത്മ്യം നന്നായറിയുന്നവനും ആയ | കാതരാൻ | ഭയവിവശരായിട്ട് |
| | | വീക്ഷ്യ പ്രഹസ്യ | കണ്ട്, മന്ദസ്മിതം തൂകി, |
| | | കിഞ്ചിത് | ഒന്നും തന്നെ |
| | | ന ഉവാച | പറകയുണ്ടായില്ല. |

തേഽന്വേഷമാണാ ദയിതം കൃഷ്ണം സൂചിതയാ പദൈഃ
ഭഗവല്ലക്ഷണൈർജ്ജഗ്മുഃ പദവ്യാ യമുനാതടം. 17

| | | | |
|---|---|---|---|
| ഭഗവല്ലക്ഷണൈഃ | ഭഗവാൻെറ പ്രത്യേക ലക്ഷണങ്ങളുള്ളതായ | കൃഷ്ണം | കൃഷ്ണനെ |
| പദൈഃ | കാലടികളാൽ | അന്വേഷമാണാഃ | അന്വേഷിച്ചുകൊണ്ട് |
| സൂചിതയാ | സൂചിപ്പിക്കപ്പെട്ട | തേ | അവർ |
| പദവ്യാ | വഴിയിലൂടെ | യമുനാതടം | യമുനാതീരത്തിലേക്ക് |
| ദയിതം | പ്രിയപ്പെട്ട | ജഗ്മുഃ | നടന്നു. |

തേ തത്ര തത്രാബ്ജയവാങ്കുശാശനിധ്വജോപപന്നാനി പദാനി വിശ്പതേഃ
മാർഗ്ഗേ ഗവാമന്യപദാന്തരാന്തരേ നിരീക്ഷമാണാ യയുരങ്ഗ സത്വരാഃ.

| | | | |
|---|---|---|---|
| അങ്ഗ തേ | രാജാവേ!, അവർ | അബ്ജയവാ-ങ്കുശാശനി-ധ്വജോ-പപന്നാനി | താമര, യവം, തോട്ടി, വജ്രായുധം, കൊടിമരം എന്നീ അടയാളങ്ങളുള്ള |
| ഗവാം മാർഗ്ഗേ | പശുക്കാം നടന്നുപോയ വഴിയിൽ | വിശ്പതേഃ | ഗോപനായകൻെറ |
| തത്ര തത്ര | അവിടെയവിടെ | പദാനി | കാലടിപ്പാടുകളെ |
| | | നിരീക്ഷമാണാഃ | നോക്കിക്കൊണ്ട് |
| അന്യ-പദാന്തരാന്തരേ | മററു കാലടിപ്പാടുകളുടെ ഇടയ്ക്കിടയിലായി | സത്വരാഃ | ശീഘ്രതയോടുകൂടേ |
| | | യയുഃ | പോയിരുന്നു. |

അന്തർഹ്രദേ ഭുജഗഭോഗപരീതമാരാത്
കൃഷ്ണം നിരീഹമുപലഭ്യ ജലാശയാന്തേ
ഗോപാംശ്ച മൂഢധിഷണാൻ പരിതഃ പശൂംശ്ച
സംക്രന്ദതഃ പരമകശ്മലമാപുരാർത്താഃ. 19

| | | | |
|---|---|---|---|
| ആരാത് | അകലെനിന്നുതന്നെ | ഭുജഗഭോഗ-പരീതം | സർപ്പശരീരത്താൽ ചുററപ്പെട്ട് |
| അന്തർഹ്രദേ | കയത്തിൻെറ നടുവിൽ | | |

| | |
|---|---|
| നിരീഹം | അനക്കമില്ലാതെയിരിക്കുന്ന |
| കൃഷ്ണം | കൃഷ്ണനേയും, |
| ജലാശയാന്തേ | കയത്തിന്റെ തീരത്തിൽ |
| മൂഢധിഷണാൻ | മൂർച്ഛിച്ചു വീണുകിടക്കുന്ന |
| ഗോപാൻ ച | ഗോപന്മാരേയും, |
| പരിതഃ | ചുററുപാടും |
| സംക്രന്ദതഃ | വല്ലാതെ നിലവിളിച്ചുകൊണ്ടുനില്ക്കുന്ന |
| പശൂൻ ച | പശുക്കളേയും |
| ഉപലഭ്യ | കണ്ടു് |
| ആർത്താഃ | ദുഃഖിതന്മാരായി |
| പരമകശ്മലം ആപുഃ | ഏററവും മോഹാലസ്യപ്പെട്ടു. |

ഗോപ്യോഽനുരക്തമനസോ ഭഗവത്യനന്തേ
തത്സൗഹൃദസ്മിതവിലോകഗിരഃ സ്മരന്ത്യഃ
ഗ്രസ്തേഽഹിനാ പ്രിയതമേ ഭൃശദുഃഖതപ്താഃ
ശൂന്യം പ്രിയവ്യതിഹൃതം ദദൃശുസ്ത്രിലോകം. 20

| | |
|---|---|
| അനന്തേ | അനന്തഗുണസമ്പൂർണ്ണനും |
| ഭഗവതി | സർവ്വൈശ്വര്യയുക്തനും ആയ കൃഷ്ണനിൽ |
| അനുരക്തമനസഃ | പ്രേമം തഴച്ച ഹൃദയത്തോടുകൂടിയ |
| ഗോപ്യഃ | ഗോപനാരിമാർ |
| പ്രിയതമേ | അവരുടെ പ്രിയതമനായ കൃഷ്ണൻ |
| അഹിനാ | സർപ്പത്താൽ |
| ഗ്രസ്തേ | ഗ്രസിക്കപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ |
| തത്സൗഹൃദസ്മിതവിലോകഗിരഃ | അവിടുത്തെ സ്നേഹം, മന്ദസ്മിതം, കടാക്ഷം, പ്രിയവചനം എന്നിവയെ |
| സ്മരന്ത്യഃ | ഓർമ്മിച്ചുകൊണ്ടും, |
| ഭൃശദുഃഖതപ്താഃ | കനത്ത സങ്കടത്താൽ തപിച്ചുകൊണ്ടും |
| പ്രിയവ്യതിഹൃതം | പ്രിയനോടു വേർപെട്ടിരിക്കുന്ന |
| ത്രിലോകം | മൂന്നുലോകത്തേയും |
| ശൂന്യം ദദൃശുഃ | ശൂന്യമായിക്കണ്ടു. |

താഃ കൃഷ്ണമാതരമപത്യമനുപ്രവിഷ്ടാം
തുല്യവ്യഥാഃ സമനുഗൃഹ്യ ശുചഃ സ്രവന്ത്യഃ
താസ്താ വ്രജപ്രിയകഥാഃ കഥയന്ത്യ ആസൻ
കൃഷ്ണാനനേഽർപ്പിതദൃശോ മൃതകപ്രതീകാഃ. 21

| | |
|---|---|
| അപത്യം അനുപ്രവിഷ്ടാം | പുത്രനെയോർത്തു തന്നെത്താൻ മറന്നിരിക്കുന്ന— അഥവാ, പുത്രനെ ഉദ്ദേശിച്ചു് ജലമദ്ധ്യത്തിലേക്കു് ഇറങ്ങിയ |
| കൃഷ്ണമാതരം | യശോദാദേവിയെ |
| തുല്യവ്യഥാഃ | സമാനദുഃഖകളായ |
| താഃ | അവർ (ഗോപികൾ) |
| സമനുഗൃഹ്യ | പിടിച്ചുനിർത്തി |
| ശുചഃ | ദുഃഖാശ്രുക്കളെ |
| സ്രവന്ത്യഃ | ചൊരിഞ്ഞുകൊണ്ടും, |
| താഃ താഃ | ഓരോരോ തരത്തിൽ മുമ്പു കഴിഞ്ഞ |
| വ്രജപ്രിയകഥാഃ | കൃഷ്ണകഥകളെ |
| കഥയന്ത്യഃ | പറഞ്ഞുകൊണ്ടും, |
| കൃഷ്ണാനനേ | കൃഷ്ണമുഖത്തിൽത്തന്നെ |
| അർപ്പിതദൃശഃ | കൺപതിപ്പിച്ചുകൊണ്ടും |
| മൃതകപ്രതീകാഃ | നിർജ്ജീവദേഹങ്ങൾ പോലെ |
| ആസൻ | സ്ഥിതിചെയ്തു. |

കൃഷ്ണപ്രാണാന്നിർവ്വിശതോ നന്ദാദീൻ വീക്ഷ്യ തം ഹ്രദം
പ്രത്യഷേധത് സ ഭഗവാൻ രാമഃ കൃഷ്ണാനുഭാവവിത്. 22

| | | | |
|---|---|---|---|
| കൃഷ്ണപ്രാണാൻ | കൃഷ്ണൻ ജീവനായുള്ള | കൃഷ്ണാനുഭാവവിത് | കൃഷ്ണമാഹാത്മ്യമറിയുന്ന |
| നന്ദാദീൻ | നന്ദാദിഗോപന്മാരെ | സഃ ഭഗവാൻ | ആ സർവ്വജ്ഞനായ |
| തം ഹ്രദം | ആ കയത്തിലേക്ക് | രാമഃ | ശ്രീബലരാമൻ |
| നിർവ്വിശതഃ | ഇറങ്ങിച്ചെല്ലുന്നവരായി | പ്രത്യഷേധത് | തടഞ്ഞുനിർത്തി |
| വീക്ഷ്യ | കണ്ടിട്ട് | | |

ഇത്ഥം സ്വഗോകുലമനന്യഗതിം നിരീക്ഷ്യ
സസ്ത്രീകുമാരമതിദുഃഖിതമാത്മഹേതോഃ
ആജ്ഞായ മർത്ത്യപദവീമനുവർത്തമാനഃ
സ്ഥിത്വാ മുഹൂർത്തമുദതിഷ്ഠദുരംഗബന്ധാത്. 23

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം ഭഗവാൻ | നിരീക്ഷ്യ | കണ്ട്, |
| മർത്ത്യപദവീം | മർത്ത്യഭാവത്തെ | ആത്മഹേതോഃ | താൻ കാരണമായി |
| അനുവർത്തമാനഃ | അനുവർത്തിച്ചുകൊണ്ട് | അതിദുഃഖിതം | അത്യന്തം സങ്കടമനുഭവിക്കുന്നവരായി |
| മുഹൂർത്തം സ്ഥിത്വാ | അല്പനേരം ഇരുന്ന ശേഷം, | ആജ്ഞായ | അറിഞ്ഞിട്ട് |
| സസ്ത്രീകുമാരം | സ്ത്രീകളോടും കുട്ടികളോടും കൂടിയവരും, | ഉരംഗബന്ധാത് | പാമ്പിന്റെ വരിഞ്ഞുകെട്ടലിൽനിന്ന് |
| അനന്യഗതിം | അനന്യശരണന്മാരുമായ | ഉദതിഷ്ഠത് | കുതറിയെഴുന്നേററു. |
| സ്വഗോകുലം | തന്റെ ഗോകുലവാസികളെ | | |

തത്പ്രഥ്യമാനവപുഷാ വ്യഥിതാത്മഭോഗ-
സ്ത്യക്ത്വോന്നമയ്യ കുപിതഃ സ്വഫണാൻ ഭുജംഗഃ
തസ്ഥൗ ശ്വസൻ ശ്വസനരന്ധ്രവിഷാംബരീഷ-
സ്തബ്ധേക്ഷണോല്മുകമുഖോ ഹരിമീക്ഷമാണഃ. 24

| | | | |
|---|---|---|---|
| തത്പ്രഥ്യമാനവപുഷാ | ഭഗവാന്റെ വളർത്തപ്പെട്ടുകൊണ്ടിരിക്കുന്ന ശരീരത്താൽ | ശ്വസൻ | ഊതിയും, |
| വ്യഥിതാത്മഭോഗഃ | സ്വദേഹത്തിൽ വേദനയേല്പിക്കപ്പെട്ട | ശ്വസനരന്ധ്രവിഷാംബരീഷസ്തബ്ധേക്ഷണോല്മുകമുഖഃ | നാസാദ്വാരങ്ങളിൽ നിന്ന് പുറപ്പെടുന്ന വിഷജ്വാലയോടും, വറക്കുവാൻ അടുപ്പിൽക്കയററിവെച്ച ചട്ടിപോലെ ചുട്ടെരിയുന്ന നിശ്ചലദൃഷ്ടികളോടും, തീക്കൊള്ളിക്കൊത്ത മുഖത്തോടും കൂടി |
| ഭുജംഗഃ | സർപ്പം | | |
| ത്യക്ത്വാ | പിടുത്തം വിട്ട് | | |
| കുപിതഃ | കോപിഷ്ഠനായി | | |
| സ്വഫണാൻ | തന്റെ പടങ്ങളെ | | |
| ഉന്നമയ്യ | ഉയർത്തിപ്പിടിച്ചും, | | |

| | | | |
|---|---|---|---|
| ഹരിം | ശ്രീകൃഷ്ണനെ | തസ്ഥൌ | നിലയുറപ്പിച്ചു. |
| ഈക്ഷമാണഃ | നോക്കിക്കൊണ്ട് | | |

തം ജിഹ്വയാ ദ്വിശിഖയാ പരിലേലിഹാനം
ദ്വേ സൃക്കിണീ ഹ്യതികരാളവിഷാഗ്നിദൃഷ്ടിം
ക്രീഡന്നമും പരിസസാര യഥാ ഖഗേന്ദ്രോ
ബഭ്രാമ സോഽപ്യവസരം പ്രസമീക്ഷമാണഃ. 25

| | | | |
|---|---|---|---|
| അതികരാള–വിഷാഗ്നി–ദൃഷ്ടിം | അതിഘോരമായ വിഷജ്വാലയുള്ള ദൃഷ്ടിയോടു കൂടിയവനും, | ഖഗേന്ദ്രഃ യഥാ | പക്ഷിരാജാവായ ഗരുഡനെന്നപോലെ |
| | | ക്രീഡൻ | കളിച്ചുകൊണ്ട് |
| ദ്വിശിഖയാ | രണ്ടുതലപ്പുള്ള | പരിസസാര | വട്ടംചുററിക്കൊണ്ടിരുന്നു. |
| ജിഹ്വയാ | നാവുകൊണ്ട് | സഃ അപി | അവനും |
| ദ്വേ സൃക്കിണീ | ഇരു കോർവായകളേയും | അവസരം പ്രസമീക്ഷമാണഃ ഹി | കൃഷ്ണനെ (കൊത്തുവാൻ) തക്കം നോക്കിക്കൊണ്ട് തന്നെ |
| പരിലേലിഹാനം | നക്കിക്കൊണ്ടിരിക്കുന്നവനും ആയ | | |
| അമും തം | ഈ കാളിയനെ | ബഭ്രാമ | വട്ടം ചുററി. |

ഏവം പരിഭ്രമഹതൌജസമുന്നതാംസ-
മാനമ്യ തത്പൃഥുശിരഃസ്വധിരൂഢ ആദ്യഃ
തന്മൂർദ്ധരത്നനികരസ്പർശാതിതാമ്ര-
പാദാംബുജോഽഖിലകലാദിഗുരുർന്നനർത്ത. 26

| | | | |
|---|---|---|---|
| ഏവം | ഈ വിധമുള്ള | അഖില കലാദിഗുരുഃ | സകല കലാവിദ്യകളുടേയും ആദ്യത്തെ ആചാര്യനായ |
| പരിഭ്രമ-ഹതൌജസം | വട്ടം ചുററലാൽ ശക്തി കെട്ടുപോയവനും, | | |
| ഉന്നതാംസം | ഉയർത്തിയ പത്തികളോടുകൂടിയവനും ആയ കാളിയനെ | ആദ്യഃ | ആ ആദിപുരുഷൻ |
| | | തന്മൂർദ്ധരത്ന-നികരസ്പർശാ-തിതാമ്ര-പാദാംബുജഃ | അവന്റെ ശിരോരത്നസമൂഹത്തിൻ സ്പർശത്താൽ ചുവപ്പേറിയ ചെന്താരടികളോടുകൂടിയവനായിട്ട് |
| ആനമ്യ | പിടിച്ചു താഴ്ത്തി, | | |
| തത്പൃഥുശിരസ്സു | അവന്റെ പെരുത്ത തലകളിൽ | | |
| അധിരൂഢഃ | കയറിനിന്ന് | നനർത്ത | നൃത്തം വെച്ചു. |

തം നർത്തുമുദ്യതമവേക്ഷ്യ തദാ തദീയ
ഗന്ധർവ്വസിദ്ധസുരചാരണദേവവധ്വഃ
പ്രീത്യാ മൃദംഗപണവാനകവാദ്യഗീത-
പുഷ്പോപഹാരനുതിഭിഃ സഹസോപസേദുഃ. 27

| | |
|---|---|
| തദാ | അന്നേരത്തു് |
| നൎത്തും | നൎത്തനം ചെയ്വാൻ |
| ഉദ്യതം | ഭാവിച്ചിരിക്കുന്ന |
| തം അവേക്ഷ്യ | ഭഗവാനെ കണ്ടു് |
| തദീയഗന്ധൎവ്വ സിദ്ധസുര– ചാരണദേവ– വധ്വഃ | അവിടുത്തെ സേവകരായ ഗന്ധൎവ്വന്മാർ, സിദ്ധന്മാർ, സുരന്മാർ, ചാരണന്മാർ, അപ്സരസ്സുകൾ എന്നിവർ |
| പ്രീത്യാ | സന്തോഷത്തോടെ |
| മൃദംഗപണവാ- നകവാദ്യ- ഗീതപുഷ്പോ- പഹാരനതിഭിഃ | മൃദംഗം, പണവം, ആനകം മുതലായ വാദ്യങ്ങളോടും, പാട്ടുകൾ, പുഷ്പമാലകൾ, പലതരം കാഴ്ചദ്രവ്യങ്ങൾ, സ്തോത്രങ്ങൾ എന്നിവകളോടുംകൂടി |
| തരസാ | ശീഘ്രതയിൽ |
| ഉപസേദുഃ | അടുത്തെത്തിച്ചേൎന്നു. |

യദ്യച്ഛിരോ ന നമതേഽങ്ഗ ശതൈകശീൎഷ്ണ-
സ്തത്തന്മമൎദ്ദ ഖരദണ്ഡധരോഽങ്ഘ്രിപാതൈഃ
ക്ഷീണായുഷോ ഭ്രമത ഉൽബണമാസ്യതോഽസൃങ്-
നസ്തോ വമൻ പരമകശ്മലമാപ നാഗഃ. 28

| | |
|---|---|
| അംഗ | രാജാവേ ! |
| ശതൈകശീൎഷ്ണഃ | പ്രധാനപ്പെട്ട നൂറു തലകളുള്ളവനും, |
| ക്ഷീണായുഷഃ | ബലം ക്ഷയിച്ചവനും, |
| ഭ്രമതഃ | ചുററിപ്പിടയുന്നവനും ആയ കാളിയന്റെ |
| യത് യത് ശിരഃ | ഏതേതു ശിരസ്സു് |
| ന നമതേ | താഴുന്നില്ലയോ |
| തത് തത് | അതതിനെ |
| ഖരദണ്ഡധരഃ | ദുഷ്ടന്മാരെ ശിക്ഷിച്ചൊതുക്കുന്ന ഭഗവാൻ |
| അങ്ഘ്രിപാതൈഃ | കാൽചവിട്ടുകൾകൊണ്ടു് |
| മമൎദ്ദ | മൎദ്ദിച്ചു |
| നാഗഃ | കാളിയൻ |
| ആസ്യതഃ | വായിൽനിന്നും, |
| നസ്തഃ | മൂക്കിൽനിന്നും |
| ഉൽബണം | ഭയങ്കരമായ |
| അസൃക് വമൻ | രക്തം വമിച്ചുകൊണ്ടു് |
| പരമകശ്മലം | അത്യാലസ്യത്തെ |
| ആപ | പ്രാപിച്ചു. |

തസ്യാക്ഷിഭിൎഗ്ഗരളമുദ്വമതഃ ശിരസ്സു
യദ്യത് സമുന്നമതി നിഃശ്വസതോ രുഷോച്ചൈഃ
നൃത്യൻ പദാനുനമയൻ ദമയാംബഭൂവ
പുഷ്പൈഃ പ്രപൂജിത ഇവേഹ പുമാൻ പുരാണഃ. 29

| | |
|---|---|
| അക്ഷിഭിഃ | കണ്ണുകളിൽക്കൂടി |
| ഗരളം | വിഷത്തെ |
| ഉദ്വമതഃ | ഉദ്വമിക്കുകയും |
| രുഷാ | ദ്വേഷ്യത്താൽ |
| ഉച്ചൈഃ | ഉറക്കെ |
| നിഃശ്വസതഃ | നിശ്വസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന |
| തസ്യ ശിരസ്സു | അവന്റെ തലകളിൽ |
| യത് യത് | ഏതേതു് തല |
| സമുന്നമതി | ഉയരുന്നുവോ, അതിനെ |
| നൃത്യൻ | നൎത്തനം ചെയ്തുകൊണ്ടു് |
| പദാ | പാദത്താൽ |
| അനുനമയൻ | ക്രമേണ താഴ്ത്തിപ്പിച്ചു് |
| ദമയാംബഭൂവ | ഒതുക്കിവിട്ടു. |

| | | | |
|---|---|---|---|
| ഇഹ | ഈ സമയത്ത് | പുഷ്പൈഃ | പുഷ്പങ്ങളാൽ |
| പുരാണഃ പുമാൻ | പുരാണപുരുഷനായ ശ്രീകൃഷ്ണൻ | പ്രപൂജിതഃ ഇവ | പൂജിക്കപ്പെട്ടവനെന്നപോലെയായിരുന്നു. |

തച്ചിത്രതാണ്ഡവവിരുഗ്ണഫണാതപത്രോ
രക്തം മുഖൈരുരു വമൻ നൃപ ഭഗ്നഗാത്രഃ
സ്മൃത്വാ ചരാചരഗുരും പുരുഷം പുരാണം
നാരായണം തമരണം മനസാ ജഗാമ. 30

| | | | |
|---|---|---|---|
| നൃപ | രാജാവേ! | വമൻ | വമിച്ചുകൊണ്ട് |
| തച്ചിത്ര-താണ്ഡവ-വിരുഗ്ണ-ഫണാതപത്രഃ | ഭഗവാന്റെ വിചിത്രതാണ്ഡവത്താൽ മുറിവേററ കുടകൾപോലെയുള്ള പത്തികളോടു കൂടിയവനായും | പുരാണം | കാരണസ്വരൂപനും, |
| | | പുരുഷം | സർവ്വാന്തര്യാമിയും, |
| | | ചരാചരഗുരും | ചരാചരങ്ങൾക്കെല്ലാം സംപൂജ്യനും ആയ |
| ഭഗ്നഗാത്രഃ | ഒടിഞ്ഞ ശരീരത്തോടുകൂടിയവനായും ഇരിക്കുന്ന കാളിയൻ | നാരായണം | ശ്രീമന്നാരായണനെ |
| | | സ്മൃത്വാ | ധ്യാനിച്ച് |
| | | തം | ആ ഭഗവാനെ |
| മുഖൈഃ | വായ്കളിലൂടെ | മനസാ | മനസ്സുകൊണ്ടു |
| ഉരു രക്തം | അധികം രക്തം | അരണം ജഗാമ | ശരണം പ്രാപിച്ചു. |

കൃഷ്ണസ്യ ഗർഭജഗതോഽതിഭരാവസന്നം
പാർഷ്ണിപ്രഹാരപരിരുഗ്ണഫണാതപത്രം
ദൃഷ്ട്വാഹിമാദ്യമുപസേദുരമുഷ്യ പത്ന്യ
ആർത്താഃ ശ്ലഥദ്വസനഭൂഷണകേശബന്ധാഃ. 31

| | | | |
|---|---|---|---|
| ഗർഭജഗതഃ | അകത്ത് അനേകം ബ്രഹ്മാണ്ഡങ്ങളുള്ള | അഹിം ദൃഷ്ട്വാ | സർപ്പത്തെ കണ്ടു് |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ | ആർത്താഃ | ദുഃഖിതകളായ |
| അതിഭരാവസന്നം | അതിഭാരംകൊണ്ടു് തളർന്നിരിക്കുന്നവനായും | അമുഷ്യ പത്ന്യഃ | അവന്റെ പത്നിമാർ |
| പാർഷ്ണിപ്രഹാര-പരിരുഗ്ണ-ഫണാതപത്രം | കുതികൊണ്ടുള്ള ചവിട്ടേററു് ആസകലം പരുക്കപററിയ പത്തിക്കുടകളോടുകൂടിയവനായും ഇരിക്കുന്ന | ശ്ലഥദ്വസന-ഭൂഷണ-കേശബന്ധാഃ | വസ്ത്രാഭരണങ്ങളും തലമുടിക്കെട്ടും അഴിഞ്ഞുലഞ്ഞുകൊണ്ടു് |
| | | ആദ്യം ഉപസേദുഃ | ആദിപുരുഷന്റെ (കൃഷ്ണന്റെ) അരികത്തണഞ്ഞു. |

താസ്തം സുവിഗ്നമനസോഽഥ പുരസ്കൃതാർഭാഃ
കായം നിധായ ഭുവി ഭൂതപതിം പ്രണേമുഃ
സാധ്വ്യഃ കൃതാഞ്ജലിപുടാഃ ശമലസ്യ ഭർത്തു-
ർമ്മോക്ഷേപ്സവഃ ശരണദം ശരണം പ്രപന്നാഃ. 32

| | |
|---|---|
| അഥ | അനന്തരം |
| സാദ്ധ്വ്യഃ | പതിവ്രതകളും |
| സംവിഗ്നമനസഃ | വ്യാകുലഹൃദയത്തോടു കൂടിയവരും ആയ |
| താഃ | ആ നാഗവധുക്കാം |
| ശമലസ്യ | അപരാധിയായ |
| ഭർത്തുഃ | ഭർത്താവിന്റെ |
| മോക്ഷേപ്സവഃ | മോചനത്തെ ആഗ്രഹിച്ചുകൊണ്ടു് |
| പുരസ്കൃതാർഭാഃ | സ്വസന്താനങ്ങളെ മുൻനിർത്തിക്കൊണ്ടും, |
| കൃതാഞ്ജലിപുടാഃ | അഞ്ജലിബന്ധം ചെയ്തുകൊണ്ടും, |
| ശരണദം | രക്ഷനല്കുന്നവനും |
| ഭൂതപതിം | സർവ്വഭൂതനായകനുമായ |
| തം | കൃഷ്ണനെ |
| ശരണം പ്രപന്നാഃ | ശരണം പ്രാപിച്ചു്, |
| ഭുവി | ഭൂമിയിൽ |
| കായം നിധായ | ദേഹം പതിപ്പിച്ചു് |
| പ്രണേമുഃ | നമസ്കരിച്ചു. |

നാഗപത്ന്യ ഊചുഃ = നാഗവധുക്കാം പറഞ്ഞു : —

ന്യായ്യോ ഹി ദണ്ഡഃ കൃതകില്ബിഷേഽസ്മിംസ്തവാവതാരഃ ഖലനിഗ്രഹായ
രിപോഃ സുതാനാമപി തുല്യദൃഷ്ടേർദ്ധത്സേ ദമം ഫലമേവാനുശംസൻ.

| | |
|---|---|
| കൃതകില്ബിഷേ | അപരാധം പ്രവർത്തിച്ചിരിക്കുന്ന |
| അസ്മിൻ | ഇവനിൽ പ്രയോഗിക്കപ്പെട്ട |
| ദണ്ഡഃ | ദണ്ഡോപായം |
| ന്യായ്യഃ ഹി | ഉചിതം തന്നെയാണ്. |
| രിപോഃ | ശത്രുവിന്റേയും |
| സുതാനാം അപി | പുത്രന്മാരുടേയും വിഷയത്തിൽ |
| തുല്യദൃഷ്ടേഃ | സമാനദൃഷ്ടിയോടുകൂടിയ |
| തവ | നിന്തിരുവടിയുടെ |
| അവതാരഃ | അവതാരം |
| ഖലനിഗ്രഹായ | പരദ്രോഹികളെ നിഗ്രഹിക്കുന്നതിന്നാണല്ലോ. |
| ഫലം ഏവ | അവരുടെ ഗുണഫലത്തെത്തന്നെ |
| അനുശംസൻ | കരുതിക്കൊണ്ടു് |
| ദമം | ദണ്ഡോപായത്തെ |
| ധത്സേ | ഭവാൻ കൈക്കൊണ്ടിരിക്കുന്നു. |

അനുഗ്രഹോഽയം ഭവതഃ കൃതോ ഹി നോ ദണ്ഡോഽസതാം തേ ഖലു കല്മഷാപഹഃ
യദ്ദന്ദശൂകത്വമമുഷ്യ ദേഹിനഃ ക്രോധോഽപി തേഽനുഗ്രഹ ഏവ സമ്മതഃ.

| | |
|---|---|
| അയം | ഇതു് (കാളിയന്നു നല്കിയ ദണ്ഡനം) |
| നഃ | ഞങ്ങൾക്കു് |
| അനുഗ്രഹഃ | അനുഗ്രഹമായിട്ടു് |
| ഭവതഃ | നിന്തിരുവടിയാൽ |
| കൃതഃ | ചെയ്യപ്പെട്ടതാണ്. |
| ഹി | എന്തെന്നാൽ, |
| തേ | നിന്തിരുവടിയുടെ |
| ദണ്ഡഃ | ശിക്ഷാപ്രയോഗം |
| അസതാം | അസത്തുക്കൾക്കുള്ളതായ |
| കല്മഷാപഹഃ ഖലു | പാപങ്ങളെ നശിപ്പിക്കുന്നതാണല്ലോ. |
| യത് | യാതൊരു പാപം നിമിത്തമാണ് |
| അമുഷ്യ | ഈ |
| ദേഹിനഃ | ദേഹിക്കു് (കാളിയന്നു്) |
| ദന്ദശൂകത്വം | സർപ്പജന്മം സിദ്ധിച്ചിരിക്കുന്നതും. |
| തേ | നിന്തിരുവടിയുടെ |
| ക്രോധഃ അപി | കോപംപോലും |
| അനുഗ്രഹഃ ഏവ | അനുഗ്രഹമായിട്ടുതന്നെ വരുമെന്നുള്ളതു് |
| സമ്മതഃ | സുവിദിതമാണ്. |

തപഃ സുതപ്തം കിമനേന പൂർവ്വം നിരസ്തമാനേന ച മാനദേന
ധർമ്മോഽഥവാ സർവ്വജനാനുകമ്പയാ യതോ ഭവാംസ്തുഷ്യതി സർവ്വജീവഃ. 35

| | |
|---|---|
| പൂർവ്വം | മുജ്ജന്മത്തിൽ |
| അനേന | ഇവനാൽ |
| നിരസ്തമാനേന | സ്വാഭിമാനം വിട്ടു കൊണ്ടും, |
| മാനദേന ച | മററുള്ളവർക്കു ബഹുമാനം നല്കിക്കൊണ്ടും |
| കിം തപഃ | ഏതു രൂപത്തിലുള്ള തപസ്സ് |
| സുതപ്തം | ആചരിക്കപ്പെട്ടിരിക്കുമോ ? |
| അഥവാ | അല്ലെങ്കിൽ |
| സർവ്വജനാനുകമ്പയാ | സകല ജീവികളിലും ദയയോടുകൂടി |
| ധർമ്മഃ | ഏതുരൂപത്തിലുള്ള ധർമ്മം അനുഷ്ഠിതമായിരിക്കുമോ ? |
| യതഃ | യാതൊരു കാരണത്താൽ |
| സർവ്വജീവഃ | സമസ്തജീവസ്വരൂപനായ |
| ഭവാൻ | നിന്തിരുവടി |
| തുഷ്യതി | സന്തുഷ്ടനായിരിക്കുന്നു. |

കസ്യാനുഭാവോഽസ്യ ന ദേവ വിദ്മഹേ
തവാങ്ഘ്രിരേണുസ്പർശാധികാരഃ
യദ്വാഞ്ഛയാ ശ്രീർല്ലലനാഽഽചരത്തപോ
വിഹായ കാമാൻ സുചിരം ധൃതവ്രതാ. 36

| | |
|---|---|
| ദേവ | ഹേ ക്രീഡാസ്വരൂപിൻ! |
| ലലനാ ശ്രീഃ | ഉത്തമയായ മഹാലക്ഷ്മി |
| യദ്വാഞ്ഛയാ | യാതൊന്നിലുള്ള ആശയാൽ |
| കാമാൻ | സർവ്വകാമങ്ങളേയും |
| വിഹായ | പരിത്യജിച്ചു്, |
| ധൃതവ്രതാ | വ്രതം അനുഷ്ഠിച്ചുകൊണ്ടു് |
| സുചിരം | ബഹുകാലം |
| തപഃ ആചരത് | തപസ്സാചരിച്ചുവോ |
| തവ | നിന്തിരുവടിയുടെ |
| അങ്ഘ്രിരേണു സ്പർശാധികാരഃ | അത്തരത്തിലുള്ള പാദരേണുക്കളെ ഏല്ക്കുവാനുള്ള യോഗ്യത |
| അസ്യ | ഇവനുണ്ടായതു് |
| കസ്യ | ഏതു സൽകർമ്മത്തിന്റെ |
| അനുഭാവഃ | ഫലമാണെന്നു് |
| ന വിദ്മഹേ | അറിഞ്ഞുകൂടാ. |

ന നാകപൃഷ്ഠം ന ച സാർവ്വഭൌമം ന പാരമേഷ്ഠ്യം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ വാഞ്ഛന്തി യത്പാദരജഃ പ്രപന്നാഃ. 37

| | |
|---|---|
| യത്പാദരജഃ | യാതൊരു ഭവാന്റെ പാദരേണുക്കളെ |
| പ്രപന്നാഃ | പ്രാപിച്ചവർ |
| നാകപൃഷ്ഠം | സ്വർഗ്ഗലോകത്തെപ്പോലും |
| ന വാഞ്ഛന്തി | ആഗ്രഹിക്കയില്ല ; |
| സാർവ്വഭൌമം ച ന | ചക്രവർത്തിയുടെ പദവിയേയും ആഗ്രഹിക്കയില്ല; |
| പാരമേഷ്ഠ്യം ന | ബ്രഹ്മപട്ടത്തേയും ആശിക്കയില്ല ; |
| രസാധിപത്യം ന | പാതാളലോകത്തിന്റെ ആധിപത്യവും അവർക്കു വേണ്ട ; |
| യോഗസിദ്ധീഃ | അണിമാദ്യഷ്ടസിദ്ധികളേയോ, |
| അപുനർഭവം വാ | പുനർജ്ജന്മനാശത്തെ തന്നെയോ |
| ന | അവർ ഇച്ഛിക്കുന്നതല്ല. |

തദേഷ നാഥാപ ദുരാപമന്യൈസ്തമോജനിഃ ക്രോധവശോഽപ്യഹീശഃ
സംസാരചക്രേ ഭ്രമതഃ ശരീരിണോ യദിച്ഛതഃ സ്യാദ്വിഭവഃ സമക്ഷഃ. 38

| | | | |
|---|---|---|---|
| നാഥ | ഹേ നാഥ ! | ഭ്രമതഃ | വട്ടംചുററുന്ന |
| ഏഷഃ അഹീശഃ | ഈ നാഗരാജാവ് | ശരീരിണഃ | ദേഹിക്ക് |
| തമോജനിഃ | തമോഗുണത്തിൽനിന്നുണ്ടായവനും, | വിഭവഃ | എല്ലാ ഐശ്വര്യവും |
| ക്രോധവശഃ | കോപത്തിന്നു വശംവദനും | സമക്ഷഃ സ്യാത് | പ്രത്യക്ഷമായി അനുഭവപ്പെട്ടുമോ, |
| അപി | ആയിരിക്കുന്നുവെങ്കിലും | അന്യൈഃ | അന്യരാൽ |
| യത് | യാതൊന്നിനെ | ദുരാപം | ദുഷ്പ്രാപ്യമായ |
| ഇച്ഛതഃ | ഇച്ഛിച്ചുകൊണ്ടു് | തത് | ആ പാദരേണുവിനെ |
| സംസാരചക്രേ | സംസാരചക്രത്തിൽ | ആപ | പ്രാപിച്ചിരിക്കുന്നു. |

നമസ്തുഭ്യം ഭഗവതേ പുരുഷായ മഹാത്മനേ
ഭൂതാവാസായ ഭൂതായ പരായ പരമാത്മനേ. 39

| | | | |
|---|---|---|---|
| ഭഗവതേ | സർവൈശ്വര്യപൂർണ്ണനും | ഭൂതായ | ആദിയിൽത്തന്നെയുള്ളവനും, |
| പുരുഷായ | സർവ്വാന്തഃകരണങ്ങളിൽ കുടികൊള്ളുന്നവനും, | പരായ | പ്രകൃതിയിൽനിന്നു് അതീതനും, |
| മഹാത്മനേ | ബ്രഹ്മാദികൾക്കുംകൂടി നിയന്താവായവനും, | പരമാത്മനേ | പരമേശ്വരനും ആയ |
| ഭൂതാവാസായ | ആകാശാദിപഞ്ചഭൂതങ്ങൾക്ക് ആധാരഭൂതനും, | തുഭ്യം | നിന്തിരുവടിക്ക് |
| | | നമഃ | നമസ്കാരം. |

ജ്ഞാനവിജ്ഞാനനിധയേ ബ്രഹ്മണേഽനന്തശക്തയേ
അഗുണായാവികാരായ നമസ്തേ പ്രാകൃതായ ച. 40

| | | | |
|---|---|---|---|
| ജ്ഞാന-വിജ്ഞാന-നിധയേ | ശാസ്ത്രസംബന്ധമായും അനുഭവരൂപമായും ഇരിക്കുന്ന അറിവുകൾക്ക് കാരണഭൂതനും, | അഗുണായ | സത്വാദിഗുണങ്ങളെ അതിക്രമിച്ചവനും, |
| ബ്രഹ്മണേ | സർവ്വവ്യാപകനും, | അവികാരായ | ജന്മാദിവികാരങ്ങളില്ലാത്തവനും, |
| അനന്തശക്തയേ | അററമില്ലാത്ത ശക്തികളോടുകൂടിയവനും, | പ്രാകൃതായ ച | പ്രകൃതിയെ പ്രവർത്തിപ്പിക്കുന്നവനും ആയ |
| | | തേ നമഃ | നിന്തിരുവടിക്കു നമസ്കാരം. |

കാലായ കാലനാഭായ കാലാവയവസാക്ഷിണേ
വിശ്വായ തദുപദ്രഷ്ട്രേ തത്കർത്രേ വിശ്വഹേതവേ. 41

| | | | |
|---|---|---|---|
| കാലനാഭായ | കാലശക്തിക്ക് ആധാരമായവനും, | കാലാവയവ-സാക്ഷിണേ | നിമേഷംമുതൽ ദ്വിപരാർദ്ധംവരെയുള്ള കാലവിഭാഗങ്ങൾക്കു സാക്ഷിയായി വർത്തിക്കുന്നവനും |
| കാലായ | കാലസ്വരൂപനും, | | |

വിശ്വായ — വിശ്വരൂപിയും,
തദ്ദ്രഷ്ട്രേ — വിശ്വസാക്ഷിയും,
തത്കർത്ത്രേ — വിശ്വകർത്താവും,
വിശ്വഹേതവേ — വിശ്വത്തിന്നു ഹേതുഭൂതനും (ആയ നിന്തിരുവടിക്കു നമസ്കാരം.)

ഭൂതമാത്രേന്ദ്രിയപ്രാണമനോബുദ്ധ്യാശയാത്മനേ
ത്രിഗുണേനാഭിമാനേന ഗൂഢസ്വാത്മാനുഭൂതയേ. 42

ഭൂതമാത്രേന്ദ്രിയപ്രാണമനോബുദ്ധ്യാശയാത്മനേ — പഞ്ചഭൂതങ്ങൾ, ശബ്ദാദിവിഷയങ്ങളാവുന്ന പഞ്ചതന്മാത്രകൾ, ദശേന്ദ്രിയങ്ങൾ, ദശപ്രാണങ്ങൾ, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം ഇങ്ങനെ നാലു് അന്തഃകരണങ്ങൾ എന്നിവയായി ഭവിച്ചവനും,
ത്രിഗുണേന — ഗുണത്രയം നിമിത്തമുണ്ടായ
അഭിമാനേന — ദേഹാഭിമാനത്താൽ
ഗൂഢസ്വാത്മാനുഭൂതയേ — സ്വാംശങ്ങളായ ജീവാത്മാക്കളുടെ വിവേകജ്ഞാനത്തെ മറച്ചിരിക്കുന്നവനും (ആയ നിന്തിരുവടിക്കു് നമസ്കാരം).

നമോഽനന്തായ സൂക്ഷ്മായ കൂടസ്ഥായ വിപശ്ചിതേ
നാനാവാദാനുരോധായ വാച്യവാചകശക്തയേ. 43

നാനാവാദാനുരോധായ — 'ഉണ്ടു്, ഇല്ല; ബദ്ധൻ, മുക്തൻ, ഏകൻ, അനേകൻ' ഇത്യാദി വിവിധവാദവിവാദങ്ങളെ അനുസരിച്ചിരിക്കുന്നവനും,
അനന്തായ — ദേശകാലാദിപരിച്ഛേദമില്ലാത്തവനും,
വാച്യവാചകശക്തയേ — അഭിധേയം (അർത്ഥം) അഭിധാനം (ശബ്ദം) എന്നിവയുടെ ശക്തിസ്വരൂപമായി വർത്തിക്കുന്നവനും,
സൂക്ഷ്മായ — വേണ്ടുംവിധം മനസ്സിലാക്കാൻ കഴിയാത്തവനും,
കൂടസ്ഥായ — ഉപാധിബന്ധംകൊണ്ടുള്ള വികാരങ്ങൾ ചേരാത്തവനും,
വിപശ്ചിതേ — സർവ്വജ്ഞനും ആയ നിന്തിരുവടിക്കു്
നമഃ — നമസ്കാരം.

നമഃ പ്രമാണമൂലായ കവയേ ശാസ്ത്രയോനയേ
പ്രവൃത്തായ നിവൃത്തായ നിഗമായ നമോ നമഃ. 44

പ്രമാണമൂലായ — പ്രമാണങ്ങൾക്കു് (നേത്രാദി ഇന്ദ്രിയങ്ങൾക്കു്) മൂലഭൂത(പ്രകാശക)നായും,
കവയെ — ജ്ഞാനാത്മകനായും,
ശാസ്ത്രയോനയേ — വേദശാസ്ത്രങ്ങളുടെ ഉൽപത്തിസ്ഥാനമായും, വർത്തിക്കുന്ന നിന്തിരുവടിക്കു്
നമഃ — നമസ്കാരം.
പ്രവൃത്തായ — വിധിസ്വരൂപനും,
നിവൃത്തായ — നിഷേധസ്വരൂപനും,
നിഗമായ — വേദസ്വരൂപനും (വിധിനിഷേധാത്മകമായ വേദമായി സ്ഥിതിചെയ്യുന്നവനും) ആയ നിന്തിരുവടിക്കു്
നമഃ നമഃ — അനേകം നമസ്കാരം.

നമഃ കൃഷ്ണായ രാമായ വസുദേവസുതായ ച
പ്രദ്യുമ്നായാനിരുദ്ധായ സാത്വതാം പതയേ നമഃ. 45

| | |
|---|---|
| രാമായ | അഹംകാരതത്വത്തിൽ ഉപാസ്യനായ സങ്കൎഷണനും, |
| വസുദേവസുതായ | വിശുദ്ധസത്വഗുണപ്രധാനമായ ചിത്തത്തിൽ ഉപാസ്യനായ വാസുദേവനും, |
| പ്രദ്യുമ്നായ | ബുദ്ധിയിൽ ഉപാസ്യനായ പ്രദ്യുമ്നനും, |
| അനിരുദ്ധായ | മനസ്സിൽ ഉപാസ്യനായ അനിരുദ്ധനും, |
| സാത്വതാം | ഭക്തന്മാരുടെ |
| പതയേ ച | രക്ഷിതാവും ആയ |
| കൃഷ്ണായ | ശ്രീകൃഷ്ണമൂൎത്തിക്ക് |
| നമഃ നമഃ | അനേകം നമസ്കാരം. |

നമോ ഗുണപ്രദീപായ ഗുണാത്മച്ഛാദനായ ച
ഗുണവൃത്ത്യുപലക്ഷ്യായ ഗുണദ്രഷ്ട്രേ സ്വസംവിദേ 46

| | |
|---|---|
| ഗുണപ്രദീപായ | ഗുണകാൎയ്യങ്ങളെ (അഹംകാരം, ചിത്തം, ബുദ്ധി, മനസ്സ് എന്നീ നാലുവിധം അന്തഃകരണങ്ങളെ) പ്രകാശിപ്പിക്കുന്നവനും, |
| ഗുണാത്മച്ഛാദനായ | ആ ഗുണകാൎയ്യങ്ങളായ അഹംകാരാദിയാൽ സ്വസ്വരൂപത്തെ മറയ്ക്കുന്നവനും, |
| ഗുണവൃത്ത്യുപലക്ഷ്യായ | ആ അഹംകാരാദി ഗുണകാൎയ്യങ്ങളുടെ പ്രവൎത്തനങ്ങളാൽ അവയുടെ പ്രവൎത്തകനെന്ന നിലയിൽ ഊഹിക്കപ്പെടാവുന്നവനും, |
| ഗുണദ്രഷ്ട്രേ | അതേ ഗുണകാൎയ്യപ്രവൎത്തനങ്ങളുടെ സാക്ഷിയായി നിലകൊള്ളുന്നവനും |
| സ്വസംവിദേ ച | സ്വയംപ്രകാശരൂപനും ആയ നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

അവ്യാകൃതവിഹാരായ സൎവ്വവ്യാകൃതസിദ്ധയേ
ഹൃഷീകേശ നമസ്തേऽസ്തു മുനയേ മൌനശീലിനേ. 47

| | |
|---|---|
| ഹൃഷീകേശ | ഇന്ദ്രിയങ്ങളുടെ പ്രവൎത്തകനായ ഹേ സ്വാമിൻ ! |
| അവ്യാകൃതവിഹാരായ | മൂലപ്രകൃതിയിൽ വിഹരിച്ചുകൊണ്ടിരിക്കുന്നവനും, |
| സൎവ്വവ്യാകൃതസിദ്ധയേ | അഖിലബ്രഹ്മാണ്ഡങ്ങളുടെ ഉൽഭവത്തിന്നും പ്രകാശത്തിന്നും ഹേതുഭൂതനായവനും, |
| മുനയേ | മനനശീലനും, (ജീവികൾക്കു കൎമ്മാനുസാരേണയുള്ള ഫലം വിചിന്തനംചെയ്യുന്നവനും,) |
| മൌനശീലിനേ | മൌനസ്വഭാവമുള്ളവനും ആയ |
| തേ | നിന്തിരുവടിക്ക് |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. |

പരാവരഗതിജ്ഞായ സൎവ്വാദ്ധ്യക്ഷായ തേ നമഃ
അവിശ്വായ ച വിശ്വായ തദ്ദ്രഷ്ട്രേऽസ്യ ച ഹേതവേ. 48

| | |
|---|---|
| പരാവരഗതി- } ജ്ഞായ | ഉൽകൃഷ്ടന്മാരുടേയും അപകൃഷ്ടന്മാരുടേയും കർമ്മാനുരൂപമായ ഫലത്തെ അറിയുന്നവനും, |
| സർവ്വാദ്ധ്യക്ഷായ | സർവ്വസാക്ഷിയും, |
| വിശ്വായ ച | വിശ്വരൂപനും, എന്നാൽ |
| അവിശ്വായ | വിശ്വത്തിന്റെ സ്വഭാവമായ വികാരം ചേർന്നിട്ടില്ലാത്തവനും, |
| തദ്ദ്രഷ്ട്രേ | വിശ്വസാക്ഷിയും, |
| അസ്യ | ഈ വിശ്വത്തിന്ന് |
| ഹേതവേ ച | കാരണഭൂതനും ആയിരിക്കുന്ന |
| തേ നമഃ | നിന്തിരുവടിക്കു നമസ്കാരം |

ത്വം ഹ്യസ്യ ജന്മസ്ഥിതിസംയമാൻ പ്രഭോ
ഗുണൈരനീഹോഽകൃതകാലശക്തിധൃക്
തത്തത്സ്വഭാവാൻ പ്രതിബോധയൻ സതഃ
സമീക്ഷയാഽമോഘവിഹാര ഈഹസേ. 49

| | |
|---|---|
| പ്രഭോ | ഹേ പ്രഭോ! |
| ത്വം ഹി | നിന്തിരുവടി വാസ്തവത്തിൽ |
| അനീഹഃ | ചേഷ്ടാരഹിതനെന്നിരിക്കിലും |
| അകൃതകാല- } ശക്തിധൃക് | അനാദിയായ കാലശക്തിയെ പ്രവർത്തിപ്പിച്ചുകൊണ്ട്, |
| അമോഘ- } വിഹാരഃ | സഫലമായ സൃഷ്ട്യാദി ലീലകളോടുകൂടിയവനായി, |
| സമീക്ഷയാ | വീക്ഷണമാത്രത്താൽ |
| സതഃ | വാസനാരൂപത്തിൽ സ്ഥിതിചെയ്യുന്ന |
| തത്തത്സ്വഭാവാൻ | (പ്രാണികളുടെ) ഓരോരോ സ്വഭാവങ്ങളെ |
| പ്രതിബോധയൻ | ഉണർത്തിക്കൊണ്ട് |
| ഗുണൈഃ | സത്വാദിഗുണങ്ങളാൽ |
| അസ്യ | ഈ വിശ്വത്തിന്റെ |
| ജന്മസ്ഥിതി- } സംയമാൻ | സൃഷ്ടിസ്ഥിതിസംഹാരങ്ങളെ |
| ഈഹസേ | ചെയ്തുകൊണ്ടിരിക്കുന്നു. |

തസ്യൈവ തേഽമൂസ്തനവസ്ത്രിലോക്യാം
ശാന്താ അശാന്താ ഉത മൂഢയോനയഃ
ശാന്താഃ പ്രിയാസ്തേ ഹ്യധുനാഽവിതും സതാം
സ്ഥാതുശ്ച തേ ധർമ്മപരീപ്സയേഹതഃ. 50

| | |
|---|---|
| ത്രിലോക്യാം | മൂന്നുലോകത്തിലും |
| ശാന്താഃ | സത്വഗുണപ്രധാനങ്ങളും, |
| അശാന്താഃ | രജോഗുണപ്രധാനങ്ങളും, |
| മൂഢയോനയഃ } ഉത | തമോഗുണപ്രധാനങ്ങളുമായി |
| അമൂഃ തനവഃ | ഇക്കണ്ട ലീലാദേഹങ്ങളെല്ലാം |
| തസ്യ | അപ്രകാരമിരിക്കുന്ന |
| തേ ഏവ | നിന്തിരുവടിയുടേതു തന്നെയാകുന്നു. |
| അധുനാ | എങ്കിലും, ഇപ്പോൾ |
| സതാം | നല്ലവരുടെ |
| ധർമ്മപരീപ്സയാ | ധർമ്മത്തെ പരിപാലിക്കുവാനുള്ള ഇച്ഛയോടെ |
| ഈഹതഃ | പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനും, |

| | |
|---|---|
| അവിതും | അവരെ സംരക്ഷിക്കുവാൻ |
| സ്ഥാതുഃ ച | ഒരുങ്ങിയിരിക്കുന്നവനുമായ |
| തേ | നിന്തിരുവടിക്ക് |
| പ്രിയാഃ | ഇഷ്ടപ്പെട്ടവർ |
| ശാന്താഃ ഹി | സത്വഗുണം ചേർന്നവർ മാത്രമാണ്. |

അപരാധഃ സകൃത്ഭർത്രാ സോഢവ്യഃ സ്വപ്രജാകൃതഃ
ക്ഷന്തുമർഹസി ശാന്താത്മൻ മൂഢസ്യ ത്വാമജാനതഃ. 51

| | |
|---|---|
| സ്വപ്രജാകൃതഃ | തന്റെ പ്രജകളാൽ പ്രവൎത്തിക്കപ്പെട്ട |
| അപരാധഃ | കുറ്റം |
| ഭർത്രാ | ഭരണാധിപനാൽ |
| സകൃത് | ഒരിക്കൽ |
| സോഢവ്യഃ | പൊറുക്കപ്പെടേണ്ടതാണ്. |
| ശാന്താത്മൻ | ഹേ ശാന്തമൂൎത്തേ! |
| ത്വാം | നിന്തിരുവടിയെ |
| അജാനതഃ | അറിഞ്ഞുകൂടാത്ത |
| മൂഢസ്യ | ഈ മൂഢന്റെ (കാളിയന്റെ) |
| ക്ഷന്തും | തെറ്റ് പൊറുക്കുവാൻ |
| അർഹസി | അർഹിക്കുന്നു. |

അനുഗൃഹ്ണീഷ്വ ഭഗവൻ പ്രാണാംസ്ത്യജതി പന്നഗഃ
സ്ത്രീണാം നഃ സാധുശോച്യാനാം പതിഃ പ്രാണഃ പ്രദീയതാം. 52

| | |
|---|---|
| ഭഗവൻ | ഭഗവാനേ! |
| പന്നഗഃ | സർപ്പം |
| പ്രാണാൻ | ജീവനെ |
| ത്യജതി | കൈവെടിയുന്നു. |
| അനുഗൃഹ്ണീഷ്വ | അനുഗ്രഹിക്കണേ! |
| സാധു- ശോച്യാനാം | സജ്ജനങ്ങളുടെ അനുകമ്പയ്ക്കു പാത്രീഭവിച്ച |
| സ്ത്രീണാം നഃ | സ്ത്രീകളായ ഞങ്ങൾക്ക് |
| പതിഃ പ്രാണഃ | ഭർത്താവാകുന്ന ജീവൻ |
| പ്രദീയതാം | നല്കപ്പെട്ടാലും! |

വിധേഹി തേ കിങ്കരീണാമനുഷ്ഠേയം തവാജ്ഞയാ
യച്ഛ്രദ്ധയാനുതിഷ്ഠൻ വൈ മുച്യതേ സർവ്വതോഭയാത്. 53

| | |
|---|---|
| തേ | നിന്തിരുവടിയുടെ |
| കിങ്കരീണാം | കല്പന കേട്ടനടക്കുന്ന ദാസിമാരായ ഞങ്ങൾക്ക് |
| അനുഷ്ഠേയം | ഇനിമേൽ പ്രവൎത്തിക്കപ്പെടാവുന്ന കാൎയ്യം എന്തെന്ന് |
| വിധേഹി | ആജ്ഞാപിച്ചാലും! |
| യത് | എന്തെന്നാൽ |
| തവ | നിന്തിരുവടിയുടെ |
| ആജ്ഞയാ | ആജ്ഞയനുസരിച്ച് |
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടി |
| അനുതിഷ്ഠൻ | പ്രവൎത്തിക്കുന്ന ജനം മാത്രമേ |
| സർവ്വതോഭയാത് | എല്ലാ ഭാഗത്തുനിന്നും ഭയമുണ്ടാവുന്ന സംസാരത്തിൽനിന്ന് |
| മുച്യതേ | മോചിക്കപ്പെടുന്നുള്ളു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്ഥം സ നാഗപത്നീഭിർഭഗവാൻ സമഭിഷ്ടുതഃ
മൂർച്ഛിതം ഭഗ്നശിരസം വിസസർജ്ജാംഘ്രികുട്ടനൈഃ. 54

| | |
|---|---|
| ഇത്ഥം | ഈ വിധം |
| നാഗപത്നീഭിഃ | നാഗവധുക്കളാൽ |
| സമഭിഷ്ടുതഃ | വേണ്ടും പ്രകാരം സ്തുതിക്കപ്പെട്ട |
| സഃ ഭഗവാൻ | ആ ശ്രീകൃഷ്ണഭഗവാൻ |
| അംഘ്രികുട്ടനൈഃ | പാദപ്രഹരങ്ങളാൽ |
| ഭഗ്നശിരസം | തല തകൎന്ന് |
| മൂർച്ഛിതം | മൂർച്ഛിച്ചുപോയ കാളിയനെ |
| വിസസർജ്ജ | വിട്ടയച്ചു. |

പ്രതിലബ്ധേന്ദ്രിയപ്രാണഃ കാളിയഃ ശനകൈർഹരിം
കൃച്ഛ്റാത് സമുച്ഛ്വസൻ ദീനഃ കൃഷ്ണം പ്രാഹ കൃതാഞ്ജലിഃ. 55

| | |
|---|---|
| ശനകൈഃ | സാവധാനത്തിൽ |
| പ്രതിലബ്ധേ-ന്ദ്രിയപ്രാണഃ | ഇന്ദ്രിയങ്ങളേയും പ്രാണനേയും തിരിച്ചുകിട്ടിയ |
| കാളിയഃ | കാളിയൻ |
| കൃച്ഛ്റാത് | വിഷമത്തോടെ |
| സമുച്ഛ്വസൻ | ശ്വാസം വിട്ടുകൊണ്ടും, |
| ദീനഃ | ദുഃഖിച്ചുകൊണ്ടും, |
| കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ടും |
| ഹരിം | സർവ്വദുഃഖഹരനായ |
| കൃഷ്ണം പ്രാഹ | ശ്രീകൃഷ്ണനോട് പറഞ്ഞു. |

കാളിയ ഉവാച = കാളിയൻ പറഞ്ഞു :—

വയം ഖലാഃ സഹോത്പത്ത്യാ താമസാ ദീർഘമന്യവഃ
സ്വഭാവോ ദുസ്ത്യജോ നാഥ ലോകാനാം യദസദ്ഗ്രഹഃ. 56

| | |
|---|---|
| നാഥ | ഹേ സംരക്ഷക ! |
| വയം | ഞങ്ങൾ |
| ഉത്പത്ത്യാ സഹ | പിറവിയോടുകൂടിതന്നെ |
| താമസാഃ | തമോഗുണം അധികരിച്ചവരാകുന്നു; |
| ദീർഘമന്യവഃ | കോപം മുഴുത്തവരും |
| ഖലാഃ | അന്യർക്കുപദ്രവ മേല്പിക്കുന്നവരുമാണ്. |
| സ്വഭാവഃ | സഹജമായുള്ളതു് |
| ദുസ്ത്യജഃ | വിട്ടുകളയുവാൻ വിഷമം. |
| ലോകാനാം | ലോകത്തിലുള്ള ജീവികൾക്കെല്ലാം |
| യത് | യാതൊരു ഈ സഹജ സ്വഭാവം നിമിത്തം |
| അസദ്ഗ്രഹഃ | 'ഞാനെന്നും, എന്റേതെന്നും' മററുമുള്ള ദുരഭിമാനം സംഭവിക്കുന്നു. |

ത്വയാ സൃഷ്ടമിദം വിശ്വം ധാതർഗ്ഗുണവിസർജ്ജനം
നാനാസ്വഭാവവീര്യൌജോയോനിബീജാശയാകൃതി. 57

| | |
|---|---|
| ധാതഃ | സർവ്വലോകപിതാവേ ! |
| ത്വയാ | നിന്തിരുവടിയാൽ |
| സൃഷ്ടം | സൃഷ്ടിക്കപ്പെട്ടിരിക്കുന്ന |
| ഇദം വിശ്വം | ഈ ലോകം |
| ഗുണവിസർജ്ജനം | സത്വാദിഗുണഭേദങ്ങളാൽ വിഭിന്നരീതിയിൽ വെളിപ്പെടുത്തിയിരിക്കുന്നതും, |
| നാനാസ്വഭാവ-വീര്യൌജോ-യോനിബീജാ-ശയാകൃതി | പലേ തരത്തിലുള്ള സ്വഭാവം, ദേഹശക്തി, ഇന്ദ്രിയശക്തി, മാതൃകം, പൈതൃകം, വാസന, ആകൃതി എന്നിവയോടു ചേർന്നതും ആണല്ലോ. |

വയം ച തത്ര ഭഗവൻ സർപ്പാ ജാത്യുരുമന്യവഃ
കഥം ത്യജാമസ്ത്വന്മായാം ദുസ്ത്യജാം മോഹിതാഃ സ്വയം. 58

| | | | |
|---|---|---|---|
| തത്ര | അതിൽ | ദുസ്ത്യജാം | ആർക്കും എളുപ്പത്തിൽ വിട്ടുകളയുവാൻ കഴിയാത്ത |
| സർപ്പാഃ | സർപ്പജാതികളായ | ത്വന്മായാം | ഭവാന്റെ മായയെ |
| വയം | ഞങ്ങൾ | മോഹിതാഃ | അതിൻ മഹിമയാൽ മോഹിതരായ ഞങ്ങൾ |
| ജാത്യുരുമന്യവഃ ച | ജന്മനാ അധികം കോപമുള്ളവരുമാണ്. | സ്വയം | തന്നെത്താൻ |
| ഭഗവൻ | ഹേ സർവ്വേശ്വര! | ത്യജാമഃ കഥം | വിട്ടുകളയുന്നതെങ്ങനെ? |

ഭവാൻ ഹി കാരണം തത്ര സർവ്വജ്ഞോ ജഗദീശ്വരഃ
അനുഗ്രഹം നിഗ്രഹം വാ മന്യസേ തദ്വിധേഹി നഃ. 59

| | | | |
|---|---|---|---|
| തത്ര | അതിൽ (ജന്തുക്കൾക്ക് ക്രൂരത്വാദിസ്വഭാവം ഉണ്ടായിക്കാണുന്നതിൽ) | കാരണം | ഹേതുഭൂതൻ. |
| | | അനുഗ്രഹം | അനുഗ്രഹമോ, |
| | | നിഗ്രഹം വാ | നിഗ്രഹമോ |
| സർവ്വജ്ഞഃ | സർവ്വജ്ഞനും | മന്യസേ | യാതൊന്നു ഭവാൻ മനസ്സിൽ കരുതുന്നുവോ |
| ജഗദീശ്വരഃ | സർവ്വലോകേശ്വരനുമായ | | |
| ഭവാൻ ഹി | നിന്തിരുവടിതന്നെയാണ് | തത് നഃ | അതു്, ഞങ്ങൾക്ക് |
| | | വിധേഹി | കല്പിച്ചുതന്നാലും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്യാകർണ്ണ്യ വചഃ പ്രാഹ ഭഗവാൻ കാര്യമാനുഷഃ
നാത്ര സ്ഥേയം ത്വയാ സർപ്പ സമുദ്രം യാഹി മാ ചിരം
സ്വജ്ഞാത്യപത്യദാരാഢ്യോ ഗോനൃഭിർഭുജ്യതാം നദീ. 60

| | | | |
|---|---|---|---|
| കാര്യമാനുഷഃ | കാര്യാർത്ഥം മനുഷ്യനായി അവതരിച്ചിരിക്കുന്ന | സ്വജ്ഞാത്യപത്യദാരാഢ്യഃ | സ്വന്തം ബന്ധുക്കളോടും, മക്കളോടും, ഭാര്യമാരോടുംകൂടി |
| ഭഗവാൻ | ഭഗവാൻ ശ്രീകൃഷ്ണൻ | | |
| ഇതി | ഇപ്രകാരമുള്ള | സമുദ്രം | സമുദ്രത്തിലേക്ക് |
| വചഃ ആകർണ്ണ്യ | വാക്കുകേട്ടു് | യാഹി | പോകുക; |
| പ്രാഹ | പറഞ്ഞു — | മാ ചിരം | വൈകിക്കരുതു്. |
| സർപ്പ | "സർപ്പമേ! | നദീ | നദീജലം |
| അത്ര | ഇവിടെ | ഗോനൃഭിഃ | പശുക്കളാലും മനുഷ്യരാലും |
| ത്വയാ ന സ്ഥേയം | നീ താമസിച്ചുകൂടാ | ഭുജ്യതാം | അനുഭവിക്കപ്പെട്ടുകൊള്ളട്ടെ. |

യ ഏതത് സംസ്മരേന്മർത്ത്യസ്തുഭ്യം മദനുശാസനം
കീർത്തയന്നുഭയോഃ സന്ധ്യോർന്ന യുഷ്മദ്ഭയമാപ്നുയാത്. 61

| | | | |
|---|---|---|---|
| യഃ മർത്ത്യഃ | "യാതൊരു മനുഷ്യൻ | കീർത്തയൻ | കീർത്തിച്ചുകൊണ്ടു് |
| തുഭ്യം | നിനക്കായിക്കൊണ്ടുള്ള | സംസ്മരേത് | സ്മരിക്കുമോ, അവൻ |
| മദനുശാസനം | എന്റെ ശാസനമാവുന്ന | യുഷ്മത് | നിങ്ങളിൽനിന്നു |
| ഏതത് | ഈ കഥയെ | ഭയം | ഭയത്തെ |
| ഉഭയോഃ സന്ധ്യോഃ | രണ്ടു സന്ധ്യകളിലും | ന ആപ്നുയാത് | പ്രാപിക്കരുതു്. |

യോऽസ്മിൻ സ്നാത്വാ മദാക്രീഡേ ദേവാദീംസ്തർപ്പയേജ്ജലൈഃ
ഉപോഷ്യ മാം സ്മരന്നർച്ചേത് സർവ്വപാപൈഃ പ്രമുച്യതേ. 62

| | | | |
|---|---|---|---|
| യഃ | "യാതൊരുവൻ | ദേവാദീൻ | ദേവാദികൾക്കു് |
| ഉപോഷ്യ | ഉപവാസംചെയ്തു് | തർപ്പയേത് | തർപ്പണംചെയ്യുകയും, |
| മദാക്രീഡേ | എന്റെ ക്രീഡാസ്ഥാനമായ | മാം | എന്നെ |
| അസ്മിൻ | ഇതിൽ (യമുനയിലെ കാളിയഹ്രദത്തിൽ) | സ്മരൻ | ധ്യാനിച്ചുകൊണ്ടു് |
| | | അർച്ചേത് | അർച്ചിക്കുകയും ചെയ്യുമോ അവൻ |
| സ്നാത്വാ | കുളിച്ചു് | സർവ്വപാപൈഃ | എല്ലാ പാപങ്ങളാലും |
| ജലൈഃ | ഇതിലെ വെള്ളംകൊണ്ടു് | പ്രമുച്യതേ | മോചിക്കപ്പെടുന്നു. |

ദ്വീപം രമണകം ഹിത്വാ ഹ്രദമേതമുപാശ്രിതഃ
യദ്ഭയാത് സ സുപർണ്ണസ്ത്വാം നാദ്യാന്മത്പാദലാഞ്ഛിതം. 63

| | | | |
|---|---|---|---|
| യദ്ഭയാത് | "യാതൊരുവന്റെ ഭയത്താൽ | സഃ സുപർണ്ണഃ | ആ ഗരുഡൻ |
| രമണകം | രമണകം എന്ന | മത്പാദലാഞ്ഛിതം | എന്റെ കാലടയാളമുള്ള |
| ദ്വീപം ഹിത്വാ | ദ്വീപിനെ വിട്ടു് | | |
| ഏതം ഹ്രദം | ഈ കയത്തിലേക്കു് | ത്വാം | നിന്നെ |
| ഉപാശ്രിതഃ | നീ വന്നുചേർന്നുവോ, | ന അദ്യാത് | കൊന്നുതിന്നുകയില്ല." |

ഏവമുക്തോ ഭഗവതാ കൃഷ്ണേനാത്ഭുതകർമ്മണാ
തം പൂജയാമാസ മുദാ നാഗപത്ന്യശ്ച സാദരം. 64

| | | | |
|---|---|---|---|
| അത്ഭുതകർമ്മണാ | ആശ്ചര്യകർമ്മം ചെയ്യുന്ന | മുദാ | സന്തോഷത്തോടുകൂടി |
| ഭഗവതാ | ഭഗവാനായ | തം | ഭഗവാനെ |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ | പൂജയാമാസ | പൂജിച്ചു. |
| ഏവം | ഇപ്രകാരം | നാഗപത്ന്യഃ ച | നാഗപത്നികളും |
| ഉക്തഃ | പറയപ്പെട്ട കാളിയൻ | സാദരം | ആദരവോടെ പൂജിച്ചു. |

ദിവ്യാംബരസ്രങ്മണിഭിഃ പരാർദ്ധ്യൈരപി ഭൂഷണൈഃ
ദിവ്യഗന്ധാനുലേപൈശ്ച മഹത്യോത്പലമാലയാ. 65
പൂജയിത്വാ ജഗന്നാഥം പ്രസാദ്യ ഗരുഡധ്വജം
തതഃ പ്രീതോऽഭ്യനുജ്ഞാതഃ പരിക്രമ്യാഭിവന്ദ്യ തം
സകളത്രസുഹൃത്പുത്രോ ദ്വീപമബ്ധേർജ്ജഗാമ ഹ. 66

| | |
|---|---|
| ദിവ്യാംബര– സ്രങ്മണിഭിഃ | ദിവ്യതയുള്ള വസ്ത്രങ്ങളും, മാലകളും, രത്നങ്ങളും എന്നിവകൊണ്ടും, |
| പരാർദ്ധ്യൈഃ | അത്യുൽകൃഷ്ടങ്ങളായ |
| ഭൂഷണൈഃ അപി | ആഭരണങ്ങളുംകൊണ്ടും, |
| ദിവ്യഗന്ധാ– നുലേപനൈഃ | വിശേഷവാസനയുള്ള കുറിക്കൂട്ടുകളെക്കൊണ്ടും, |
| മഹത്യാ | ഉൽകൃഷ്ടമായ |
| ഉത്പല- മാലയാ ച | കരിങ്കുവളമാല കൊണ്ടും |
| ഗരുഡധ്വജം | ഗരുഡവാഹനനായ |
| തം ജഗന്നാഥം | ആ ലോകനായകനെ |
| പൂജയിത്വാ | പൂജിച്ച്, |
| പ്രസാദ്യ തതഃ | പ്രസാദിപ്പിച്ചശേഷം |
| പരിക്രമ്യ | പ്രദക്ഷിണംവെച്ച് |
| അഭിവന്ദ്യ | നമസ്കരിച്ച് |
| സകളത്ര– സുഹൃത്പുത്രഃ | പത്നിമാരോടും, ബന്ധുക്കളോടും, മക്കളോടും കൂടി |
| അഭ്യനുജ്ഞാതഃ | യാത്രാനുവാദം ലഭിച്ചവനായിട്ട് |
| പ്രീതഃ | സന്തോഷിച്ചുകൊണ്ട് |
| അബ്ധേഃ | സമുദ്രത്തിന്റെ മദ്ധ്യത്തിലുള്ള |
| ദ്വീപം | രമണകദ്വീപിലേക്ക് |
| ജഗാമ ഹ | മാറിപ്പോയി. |

തദൈവ സാഽമൃതജലാ യമുനാ നിർവ്വിഷാഽഭവത്
അനുഗ്രഹാൽഭഗവതഃ ക്രീഡാമാനുഷരൂപിണഃ. 67

| | |
|---|---|
| ക്രീഡാമാനുഷ- രൂപിണഃ | ലീലകൾക്കായി മാനുഷരൂപംപൂണ്ട് അവതരിച്ച |
| ഭഗവതഃ | ശ്രീകൃഷ്ണഭഗവാന്റെ |
| അനുഗ്രഹാത് | അനുഗ്രഹംമൂലം |
| തദാ ഏവ | അപ്പോൾതന്നെ |
| സാ യമുനാ | ആ യമുനാനദി |
| നിർവ്വിഷാ | വിഷദോഷമകന്ന് |
| അമൃതജലാ | അമൃതസമാനമായ ജലത്തോടുകൂടിയതായി |
| അഭവത് | ഭവിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ കാളിയമർദ്ദനം നാമ
ഷോഡശോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 788.

## സപ്തദശോഽദ്ധ്യായഃ—പതിനേഴാമദ്ധ്യായം.

[നാഗം സപ്തദശേ നാഗാലയം തം നിരയാപയത്
ബന്ധൂൻ സ്വദുഃഖതഃ ശ്രാന്താൻ സുപ്താംസ്തത്ര ദവാദപാത്.]

(കാളിയൻ യമുനയിൽ വന്നു വസിക്കുവാനുണ്ടായ കാരണം; ഭഗവാൻ അവനെ നാഗാലയത്തിലേക്ക് അയച്ചശേഷം, കാട്ടുതീയിൽനിന്ന് ഗോപന്മാരെ രക്ഷിച്ചതു്—എന്നിവയുടെ നിരൂപണം.)

രാജോവാച = രാജാവ് പറഞ്ഞു :—

നാഗാലയം രമണകം കസ്മാത്തത്യാജ കാളിയഃ
കൃതം കിം വാ സുപർണ്ണസ്യ തേനൈകേനാസമഞ്ജസം. 1

| | |
|---|---|
| കാളിയഃ | കാളിയൻ |
| നാഗാലയം | സർപ്പങ്ങളുടെ വാസസ്ഥലമായ |
| രമണകം | രമണകദ്വീപിനെ |
| കസ്മാത് | എന്തുകാരണത്താൽ |
| തത്യാജ | ഉപേക്ഷിച്ചതാണ്? |
| തേന ഏകേന | അവനൊരുവനാൽ മാത്രം |
| സുപർണ്ണസ്യ | ഗരുഡന്ന് |
| കൃതം | ചെയ്യപ്പെട്ടതായ |
| അസമഞ്ജസം | അപ്രിയവും |
| കിം വാ | എന്തൊന്നാണ്? |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഉപഹാര്യൈഃ സർപ്പജനൈർമ്മാസി മാസീഹ യോ ബലിഃ
വാനസ്പത്യോ മഹാബാഹോ നാഗാനാം പ്രാങ്നിരൂപിതഃ. 2

| | |
|---|---|
| മഹാബാഹോ | ദീർഘബാഹുവായ പരീക്ഷിത്തേ! |
| ഉപഹാര്യൈഃ | ഗരുഡന്റെ ഭോജ്യവസ്തുക്കളായിത്തീരേണ്ടവരായ |
| സർപ്പജനൈഃ | സർപ്പജനങ്ങളാൽ |
| ഇഹ | ഇവിടെ (രമണകത്തിൽ) |
| മാസി മാസി | മാസംതോറും |
| വാനസ്പത്യഃ | വൃക്ഷച്ചുവട്ടിൽവച്ചു കൊടുക്കപ്പെടേണ്ടുന്ന |
| നാഗാനാം | സർപ്പങ്ങളുടെ |
| യഃ ബലിഃ | യാതൊരു ബലിയുണ്ടോ, അത് |
| പ്രാക് | മുൻകാലത്തു് |
| നിരൂപിതഃ | നിശ്ചയിക്കപ്പെട്ടിരുന്നതാണ്. |

സ്വം സ്വം ഭാഗം പ്രയച്ഛന്തി നാഗാഃ പർവ്വണി പർവ്വണി
ഗോപീഥായാത്മനഃ സർവ്വേ സുപർണ്ണായ മഹാത്മനേ. 3

| | |
|---|---|
| നാഗാഃ സർവ്വേ | നാഗങ്ങളെല്ലാം |
| പർവ്വണി പർവ്വണി | ഓരോ അമാവാസി നാളിലും |
| ആത്മനഃ | തങ്ങളുടെ |
| ഗോപീഥായ | രക്ഷയ്ക്കുവേണ്ടി |
| മഹാത്മനേ | അതിബലവാനായ |
| സുപർണ്ണായ | ഗരുഡന്ന് |
| സ്വം സ്വം | താന്താങ്ങളുടെ |
| ബലിം | ബലിയെ |
| പ്രയച്ഛന്തി | കൊടുത്തുവന്നിരുന്നു. |

(നോട്ട് :— ഗരുഡൻ പൂർവ്വവൈരം നിമിത്തം സർപ്പജനങ്ങളെ കണ്ടമാനം കൊന്നൊടുക്കുവാൻ തുടങ്ങിയപ്പോൾ വാസുകി മുതലായ ഉത്തമനാഗങ്ങൾ ബ്രഹ്മാവിനെ ചെന്നുകണ്ടു സങ്കടം ബോധിപ്പിച്ചു. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം പിന്നീടു ഗരുഡൻ മാസംതോറും കറുത്ത വാവിന്നു നാഗങ്ങൾ ഊഴമിട്ടുകൊടുക്കുന്ന ഒരു സർപ്പബലിയെ മാത്രം സ്വീകരിച്ചു് അവരെ കൂട്ടക്കൊല ചെയ്യാതെ അടങ്ങിയിരുന്നു. സർപ്പങ്ങളും ബ്രഹ്മാവിന്റെ സന്ധിനിർദ്ദേശം പരിപാലിച്ചുവന്നിരുന്നു.)

വിഷവീര്യമദാവിഷ്ടഃ കാദ്രവേയസ്തു കാളിയഃ
കദർത്ഥീകൃത്യ ഗരുഡം സ്വയം തം ബുഭുജേ ബലിം. 4

| | |
|---|---|
| തു | എന്നാൽ, |
| കാദ്രവേയഃ | കദ്രുവിന്റെ പുത്രനായ |
| കാളിയഃ | കാളിയൻ മാത്രം |
| വിഷവീര്യമദാവിഷ്ടഃ | തനിക്കുള്ള വിഷവീര്യങ്ങളുടെ മദത്താൽ ആവേശംകൊണ്ടവനായിട്ട് |

| | | | |
|---|---|---|---|
| ഗരുഡം | ഗരുഡനെ | തം ബലിം | ആ ബലിയെ |
| കദർത്ഥീകൃത്യ | നിസ്സാരമാക്കിത്തള്ളി | സ്വയം ബുഭുജേ | താൻതന്നെ ഭക്ഷിച്ചു. |

(നോട്ട്:— കാളിയൻ ഊഴപ്രകാരം ഗരുഡന്നു താൻ കൊടുക്കേണ്ടുന്ന ബലി കൊടുത്തില്ലെന്നു മാത്രമല്ല; മററുള്ളവർ കൊടുത്തതിനെ അഹങ്കാരത്താൽ അപഹരിക്കുക കൂടി ചെയ്തു—എന്നു താൽപര്യം.)

തച്ഛ്രുത്വാ കുപിതോ രാജൻ ഭഗവാൻ ഭഗവത്പ്രിയഃ
വിജിഘാംസുർമ്മഹാവേഗഃ കാളിയം സമുപാദ്രവത്. 5

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | കുപിതഃ | കുപിതനായി |
| ഭഗവത്പ്രിയഃ | വിഷ്ണുവിന്റെ പ്രീതിക്കു പാത്രീഭവിച്ചവനും, | കാളിയം | കാളിയനെ |
| മഹാവേഗഃ | അതിവേഗവാനും ആയ | വിജിഘാംസുഃ | കൊല്ലുവാനൊരുങ്ങിക്കൊണ്ട് |
| ഭഗവാൻ | ഗരുഡഭഗവാൻ | സമുപാദ്രവത് | അടുക്കലേക്കു പാഞ്ഞുവന്നു. |
| തത് ശ്രുത്വാ | അതു കേട്ട് | | |

തമാപതന്തം തരസാ വിഷായുധഃ പ്രത്യഭ്യയാദുച്ഛ്രിതനൈകമസ്തകഃ
ദദ്ഭിഃ സുപർണ്ണം വ്യദശദ്ദദായുധഃ കരാളജിഹ്വോച്ഛ്വസിതോഗ്രലോചനഃ. 6

| | | | |
|---|---|---|---|
| വിഷായുധഃ | വിഷം ആയുധമായവനും, | ആപതന്തം | എതിരിട്ടുവരുന്ന |
| ഉച്ഛ്രിതനൈകമസ്തകഃ | ഉയർത്തിപ്പിടിച്ച അനേക ഫണങ്ങളോടുകൂടിയവനും, | തം സുപർണ്ണം | ആ ഗരുഡനോട് |
| ദദായുധഃ | പല്ലുകളാവുന്ന ആയുധങ്ങളേന്തിയവനും, | പ്രത്യഭ്യയാത് | കയർത്തുചെന്നു; |
| കരാളജിഹ്വോച്ഛ്വസിതോഗ്രലോചനഃ | ഭയാനകങ്ങളായ നാവുകളോടും തുറിച്ച ഉഗ്രനേത്രങ്ങളോടും കൂടിയവനുമായ കാളിയൻ | ദദ്ഭിഃ | പല്ലുകൾകൊണ്ട് |
| | | വ്യദശത് | നന്നായിക്കടിച്ചു. |

തം താർക്ഷ്യപുത്രഃ സ നിരസ്യ മന്യുമാൻ
പ്രചണ്ഡവേഗോ മധുസൂദനാസനഃ
പക്ഷേണ സവ്യേന ഹിരണ്യരോചിഷാ
ജഘാന കദ്രുസുതമുഗ്രവിക്രമഃ. 7

| | | | |
|---|---|---|---|
| പ്രചണ്ഡവേഗഃ | അതിതീവ്രമായ വേഗമുള്ളവനും, | മധുസൂദനാസനഃ | മഹാവിഷ്ണുവിന്റെ വാഹനമായിരിക്കുന്നവനും ആയ |
| ഉഗ്രവിക്രമഃ | ഭയങ്കരമായ പരാക്രമമുള്ളവനും, | സഃ താർക്ഷ്യപുത്രഃ | ആ ഗരുഡൻ |

| | | | |
|---|---|---|---|
| മന്യുമാൻ | കോപിച്ചുകൊണ്ട് | സവ്യേന പക്ഷേണ | ഇടത്തെ ചിറകിനാൽ |
| കദ്രുസുതം | കാളിയനെ | | |
| നിരസ്യ | തള്ളിയിട്ട്, | | |
| ഹിരണ്യരോചിഷാ | പൊൻനിറമുള്ള | തം ജഘാന | അവനെ പ്രഹരിച്ചു. |

സുപർണ്ണപക്ഷാഭിഹതഃ കാളിയോഽതീവ വിഹ്വലഃ
ഹ്രദം വിവേശ കാളിന്ദ്യാസ്തദഗമ്യം ദുരാസദം. 8

| | | | |
|---|---|---|---|
| സുപർണ്ണ-പക്ഷാഭിഹതഃ | ഗരുഡനാൽ ചിറകുകൊണ്ട് അടിക്കപ്പെട്ട | തദഗമ്യം | ഗരുഡന്ന് എത്തുവാൻ കഴിവില്ലാത്തതും, |
| കാളിയഃ | കാളിയൻ | ദുരാസദം | അഗാധവും ആയ |
| | | കാളിന്ദ്യാഃ | യമുനാനദിയുടെ |
| അതീവ-വിഹ്വലഃ | വല്ലാതെ തളർന്നു വശംകെട്ട് | ഹ്രദം | കയത്തിലേക്ക് |
| | | വിവേശ | പ്രവേശിച്ചു. |

തത്രൈകദാ ജലചരം ഗരുഡോ ഭക്ഷ്യമീപ്സിതം
നിവാരിതഃ സൌഭരിണാ പ്രസഹ്യ ക്ഷുധിതോഽഹരത്. 9

| | | | |
|---|---|---|---|
| ഏകദാ | പണ്ടൊരിക്കൽ | ഈപ്സിതം | താൻ പിടിക്കുന്നതിന്ന് ഇച്ഛിച്ച |
| തത്ര | ആ കയത്തിൽ | | |
| സൌഭരിണാ | സൌഭരി എന്ന ഋഷിയാൽ | ഭക്ഷ്യം | തന്റെ ഭക്ഷണവസ്തുവായ |
| നിവാരിതഃ | തടയപ്പെട്ടിട്ടുകൂടി | ജലചരം | ഒരു മഹാമത്സ്യത്തെ |
| ഗരുഡഃ | ഗരുഡൻ | പ്രസഹ്യ | ബലാൽക്കാരേണ |
| ക്ഷുധിതഃ | വിശന്നിട്ട് | അഹരത് | കൊണ്ടുപോകയുണ്ടായി. |

മീനാൻ സുദുഃഖിതാൻ ദൃഷ്ട്വാ ദീനാൻ മീനപതൌ ഹതേ
കൃപയാ സൌഭരിഃ പ്രാഹ തത്രത്യം ക്ഷേമമാചരൻ. 10

| | | | |
|---|---|---|---|
| മീനപതൌ | മത്സ്യങ്ങളുടെ നായകൻ | ദൃഷ്ട്വാ | ഇരിക്കുന്നതായിക്കണ്ട്, |
| ഹതേ | ഈ വിധം ഗരുഡനാൽ കൊല്ലപ്പെട്ടപ്പോഴം | സൌഭരിഃ | സൌഭരിമുനി |
| | | കൃപയാ | കാരുണ്യത്താൽ |
| മീനാൻ | മററു മത്സ്യങ്ങളെയെല്ലാം | തത്രത്യം | ആ പ്രദേശത്തേക്കുള്ള |
| ദീനാൻ | ദീനഭാവം ചേർന്നവയായും. | ക്ഷേമം | സംരക്ഷണത്തെ |
| സുദുഃഖിതാൻ | അത്യന്തം വിഷാദം പൂണ്ടവയായും | ആചരൻ | ചെയ്തുകൊണ്ട് |
| | | പ്രാഹ | ഇങ്ങനെ പറഞ്ഞു. |

അത്ര പ്രവിശ്യ ഗരുഡോ യദി മത്സ്യാൻ സ ഖാദതി
സദ്യഃ പ്രാണൈർവ്വിയുജ്യേത സത്യമേതദ്ബ്രവീമ്യഹം. 11

| | | | |
|---|---|---|---|
| അത്ര പ്രവിശ്യ | "ഇവിടെ പ്രവേശിച്ച് | മത്സ്യാൻ | മത്സ്യങ്ങളെ |
| ഗരുഡഃ | ഗരുഡൻ | ഖാദതി യദി | ഭക്ഷിക്കുകയാണെങ്കിൽ |

| | |
|---|---|
| സദ്യഃ സഃ | ഉടനടി, അവൻ |
| പ്രാണൈഃ | ആത്മാവിനാൽ |
| വിയുജ്യത | വേർപിരിയപ്പെടട്ടെ ; |

| | |
|---|---|
| അഹം | ഞാൻ |
| ഏതത് | ഇതു് |
| സത്യം ബ്രവീമി | സത്യമായി പറയുന്നു." |

തം കാളിയഃ പരം വേദ നാന്യഃ കശ്ചന ലേലിഹഃ
അവാത്സീദ്ഗരുഡാദ്ഭീതഃ കൃഷ്ണേന ച വിവാസിതഃ. 12

| | |
|---|---|
| തം | ആ ശാപത്തെ |
| കാളിയഃ പരം | കാളിയൻ മാത്രം |
| വേദ | അറിഞ്ഞിരുന്നു ; |
| അന്യഃ | മററുള്ള |
| കശ്ചന ലേലിഹഃ | ഒരു സർപ്പവും |
| ന | അറിഞ്ഞിരുന്നില്ല. |

| | |
|---|---|
| ഗരുഡാത് ഭീതഃ | ഗരുഡനെ പേടിച്ച് |
| അവാത്സീത് | അവൻ അവിടെ താമസിച്ചു ; |
| കൃഷ്ണേന | ഭഗവാനാൽ |
| വിവാസിതഃ ച | അകററപ്പെടുകയും ചെയ്തു. |

കൃഷ്ണം ഹ്രദാദ്വിനിഷ്ക്രാന്തം ദിവ്യസ്രഗ്ഗന്ധവാസസം
മഹാമണിഗണാകീർണ്ണം ജാംബൂനദപരിഷ്കൃതം. 13
ഉപലഭ്യോത്ഥിതാഃ സർവ്വേ ലബ്ധപ്രാണാ ഇവാസവഃ
പ്രമോദനിഭൃതാത്മാനോ ഗോപാഃ പ്രീത്യാഭിരേഭിരേ. 14

| | |
|---|---|
| ദിവ്യസ്രഗ്ഗന്ധവാസസം | ദിവ്യങ്ങളായ പൂമാലകൾ, സുഗന്ധങ്ങൾ, വസ്ത്രങ്ങൾ എന്നിവയോടു കൂടിയവനായി, |
| മഹാമണിഗണാകീർണ്ണം | ഉൽകൃഷ്ടമായ രത്നസമൂഹത്താൽ സർവ്വാംഗം അലങ്കൃതനായി |
| ജാംബൂനദപരിഷ്കൃതം | സ്വർണ്ണഭൂഷണങ്ങൾകൊണ്ട് വിഭൂഷിതനായി |
| ഹ്രദാത് | കാളിന്ദിയിലെ കയത്തിൽനിന്നു് |
| വിനിഷ്ക്രാന്തം | കരയേറിവന്ന |

| | |
|---|---|
| കൃഷ്ണം | കൃഷ്ണനെ |
| ഉപലഭ്യ | കണ്ടു് |
| സർവ്വേ ഗോപാഃ | സകല ഗോപന്മാരും |
| ലബ്ധപ്രാണാഃ | പ്രാണനെ ലഭിച്ച |
| അസവഃ ഇവഃ | ഇന്ദ്രിയങ്ങൾപോലെ |
| ഉത്ഥിതാഃ | എഴുന്നേററ് |
| പ്രമോദനിഭൃതാത്മാനഃ | ആനന്ദാതിരേകത്താൽ പരിപൂരിതമായ മാനസത്തോടുകൂടിയവരായി |
| പ്രീത്യാ | പ്രീതിയോടെ |
| അഭിരേഭിരേ | കെട്ടിപ്പുണർന്നു. |

യശോദാ രോഹിണീ നന്ദോ ഗോപ്യോ ഗോപാശ്ച കൌരവ
കൃഷ്ണം സമേത്യ ലബ്ധേഹാ ആസംല്ലബ്ധമനോരഥാഃ. 15

| | |
|---|---|
| കൌരവ | ഹേ കുരുവംശ്യ രാജാവേ ! |
| യശോദാ | യശോദയും, |
| രോഹിണീ | രോഹിണിയും |

| | |
|---|---|
| നന്ദഃ | നന്ദഗോപരും, |
| ഗോപ്യഃ | ഗോപികമാരും, |
| ഗോപാഃ ച | ഗോപന്മാരും |
| കൃഷ്ണം | കൃഷ്ണനോടു |

| | |
|---|---|
| സമേത്യ | കൂടിച്ചേൎന്നു് |
| ലബ്ധേഹാഃ | പ്രവൎത്തനോത്സാഹം ലഭിച്ചവരായും |
| ലബ്ധമനോരഥാഃ | സ്വമനോരഥം സാധിച്ചവരായും |
| ആസൻ | ഭവിച്ചു. |

രാമശ്ചാച്യുതമാലിംഗ്യ ജഹാസാസ്യാനുഭാവവിത്
നഗാ ഗാവോ വൃഷാ വത്സാ ലേഭിരേ പരമാം മുദം. 16

| | |
|---|---|
| അസ്യ | ഈ മായാമാനുഷന്റെ |
| അനുഭാവവിത് | മഹിമയറിയുന്ന |
| രാമഃ ച | ബലരാമനും |
| അച്യുതം | നാശരഹിതനായ കൃഷ്ണനെ |
| ആലിംഗ്യ | ആലിംഗനംചെയ്തു് |
| ജഹാസ | ചിരിച്ചു. |
| നഗാഃ | വൃക്ഷാദികളും, |
| ഗാവഃ | പശുക്കളും, |
| വൃഷാഃ | കാളകളും, |
| വത്സാഃ | കാളക്കിടാങ്ങളും |
| പരമാം മുദം | അതിയായ സന്തോഷത്തെ |
| ലേഭിരേ | പ്രാപിച്ചു. |

നന്ദം വിപ്രാഃ സമാഗത്യ ഗുരവഃ സകളത്രകാഃ
ഊചുസ്തേ കാളിയഗ്രസ്തോ ദിഷ്ട്യാ മുക്തസ്തവാത്മജഃ. 17

| | |
|---|---|
| ഗുരവഃ | പുരോഹിതന്മാരായ |
| വിപ്രാഃ | വൈദികബ്രാഹ്മണർ |
| സകളത്രകാഃ | പത്നീസമേതരായി |
| നന്ദം സമാഗത്യ | നന്ദഗോപരുടെ അടുത്തുവന്നു്, |
| തേ ഊചുഃ | അവർ പറഞ്ഞു— |
| കാളിയഗ്രസ്തഃ | "കാളിയനാൽ ഗ്രസിക്കപ്പെട്ട |
| തവ ആത്മജഃ | അങ്ങയുടെ പുത്രൻ |
| ദിഷ്ട്യാ | ഭാഗ്യവശാൽ |
| മുക്തഃ | രക്ഷപ്പെട്ടു. |

ദേഹി ദാനം ദ്വിജാതീനാം കൃഷ്ണനിൎമ്മുക്തിഹേതവേ
നന്ദഃ പ്രീതമനാ രാജൻ ഗാഃ സുവൎണ്ണം തദാദിശത്. 18

| | |
|---|---|
| കൃഷ്ണനിൎമ്മുക്തിഹേതവേ | കൃഷ്ണൻ രക്ഷപ്പെട്ട കാരണത്താൽ |
| ദ്വിജാതീനാം | ബ്രാഹ്മണൎക്കു് |
| ദാനം ദേഹി | ദാനം കൊടുക്കണം." |
| രാജൻ | രാജാവേ! |
| തദാ | അന്നേരം |
| പ്രീതമനാഃ | സന്തുഷ്ടമനസ്സനായ |
| നന്ദഃ | നന്ദഗോപർ |
| ഗാഃ | പശുക്കളേയും |
| സുവൎണ്ണം ച | സ്വൎണ്ണത്തെയും |
| അദിശത് | ദാനം ചെയ്തു. |

യശോദാപി മഹാഭാഗാ നഷ്ടലബ്ധപ്രജാ സതീ
പരിഷ്വജ്യാങ്കമാരോപ്യ മുമോചാശ്രുകലാം മുഹുഃ. 19

| | |
|---|---|
| മഹാഭാഗാ | മഹാഭാഗ്യശാലിനിയും, |
| നഷ്ടലബ്ധപ്രജാ | നഷ്ടപ്പെട്ടു വീണ്ടും ലഭിച്ച സന്താനത്തോടുകൂടിയവളും, |
| സതീ | പതിവ്രതയും ആയ |
| യശോദാ അപി | യശോദയാകട്ടെ |
| പരിഷ്വജ്യ | പുത്രനെ ആശ്ലേഷിച്ചു്, |
| അങ്കം ആരോപ്യ | മടിയിലെടുത്തുവെച്ചു് |
| അശ്രുകലാം | സന്തോഷാശ്രുക്കളെ |
| മുഹുഃ | തുടച്ചയായി |
| മുമോച | ചൊരിഞ്ഞു. |

താം രാത്രിം തത്ര രാജേന്ദ്ര ക്ഷുത്തൃഡ്ഭ്യാം ശ്രമകർശിതാഃ
ഊഷുർവ്രജൗകസോ ഗാവഃ കാളിന്ദ്യാ ഉപകൂലതഃ. 20

| | | | |
|---|---|---|---|
| രാജേന്ദ്ര | ഹേ രാജമുഖ്യ ! | ഗാവഃ | പശുക്കളും |
| ക്ഷുത്തൃഡ്ഭ്യാം | വിശപ്പിനാലും ദാഹത്താലും | തത്ര കാളിന്ദ്യാഃ | അവിടെ കാളിന്ദിയുടെ |
| ശ്രമകർശിതാഃ | ശ്രമംകൊണ്ടും തളർന്നുപോയ | ഉപകൂലതഃ | തീരപ്രദേശത്തിന്നടുത്തുതന്നെ |
| വ്രജൗകസഃ | ഗോകുലവാസികളും, | താം രാത്രിം | അന്നത്തെ രാത്രിയെ |
| | | ഊഷുഃ | കഴിച്ചുകൂട്ടി. |

തദാ ശുചിവനോദ്ഭൂതോ ദാവാഗ്നിഃ സർവ്വതോ വ്രജം
സുപ്തം നിശീഥ ആവൃത്യ പ്രദഗ്ദ്ധുമുപചക്രമേ. 21

| | | | |
|---|---|---|---|
| തദാ നിശീഥേ | അന്നു് അർദ്ധരാത്രിക്കു് | വ്രജം | ഗോകുലജനത്തെ |
| ശുചി- വനോദ്ഭൂതഃ | വേനലിൽ വരണ്ട വൻകാട്ടിൽനിന്നുണ്ടായ | സർവ്വതഃ | എല്ലാ ഭാഗത്തുനിന്നും |
| ദാവാഗ്നിഃ | കാട്ടുതീയ്യ് | ആവൃത്യ | വളഞ്ഞു് |
| സുപ്തം | ഉറങ്ങിക്കിടക്കുന്ന | പ്രദഗ്ദ്ധും | ചുട്ടുകളയുവാൻ |
| | | ഉപചക്രമേ | ആരംഭിച്ചു. * |

തത ഉത്ഥായ സംഭ്രാന്താ ദഹ്യമാനാ വ്രജൗകസഃ
കൃഷ്ണം യയുസ്തേ ശരണം മായാമനുജമീശ്വരം. 22

| | | | |
|---|---|---|---|
| തതഃ | അതിനാൽ | സംഭ്രാന്താഃ | അമ്പരന്നവരായി |
| ദഹ്യമാനാഃ | ദഹിപ്പിക്കപ്പെട്ടുതുടങ്ങിയ | മായാമനുജം | കപടമാനുഷനും |
| തേ വ്രജൗകസഃ | ആ ഗോകുലജനങ്ങൾ | ഈശ്വരം | സർവ്വശക്തനുമായ |
| ഉത്ഥായ | എഴുന്നേററു് | കൃഷ്ണം | ശ്രീകൃഷ്ണനെ |
| | | ശരണം യയുഃ | ശരണം പ്രാപിച്ചു. |

കൃഷ്ണ കൃഷ്ണ മഹാഭാഗ ഹേ രാമാമിതവിക്രമ
ഏഷ ഘോരതമോ വഹ്നിസ്താവകാൻ ഗ്രസതേ ഹി നഃ. 23

| | | | |
|---|---|---|---|
| മഹാഭാഗ | "മഹാഭാഗ്യനിധാനമേ! | ഏഷഃ വഹ്നിഃ | ഈ കാട്ടുതീയ്യ് |
| കൃഷ്ണ കൃഷ്ണ | കൃഷ്ണ ! കൃഷ്ണ ! | താവകാൻ | നിങ്ങൾക്കുവേണ്ടവരായ |
| അമിതവിക്രമ | അനന്തപരാക്രമനിധേ ! | നഃ | ഞങ്ങളെ |
| ഹേ രാമ | ഹേ രാമ ! | ഗ്രസതേ ഹി | പിടികൂടുന്നുവല്ലോ ! |
| ഘോരതമഃ | ഏററവും ഭയങ്കരമായ | | |

സുദുസ്തരാന്നഃ സ്വാൻ പാഹി കാലാഗ്നേഃ സുഹൃദഃ പ്രഭോ
ന ശക്നുമസ്ത്വച്ചരണം സന്ത്യക്തുമകുതോഭയം. 24

* ഈ കാട്ടുതീയ്യ് കംസന്റെ ഭൃത്യനും, കാളിയന്റെ ചങ്ങാതിയും ആയ ഒരസുരന്റെ മായാരൂപമാണെന്നു് ചിലർ കരുതുന്നു.

| | |
|---|---|
| പ്രഭോ | ഹേ സർവ്വശക്ത ! |
| സുദുസ്തരാത് | തരണം ചെയ്യാൻ തീരെ സാദ്ധ്യമല്ലാത്ത |
| കാലാഗ്നേഃ | കാലാഗ്നിയിൽനിന്ന് |
| സ്വാൻ സുഹൃദഃ | സ്വന്തം സുഹൃത്തുക്കളായ |
| നഃ | ഞങ്ങളെ |
| പാഹി | രക്ഷിക്കേണമേ ! |
| അകുതോഭയം | യാതൊരു ഭയത്തിന്നും അവകാശമില്ലാത്ത |
| ത്വച്ചരണം | അങ്ങയുടെ തൃപ്പാദത്തെ |
| സന്ത്യക്തും | വിട്ടുകളയുവാൻ |
| ന ശക്നുമഃ | ഞങ്ങൾ ശക്തരല്ല ". |

ഇത്ഥം സ്വജനവൈക്ലബ്യം നിരീക്ഷ്യ ജഗദീശ്വരഃ
തമഗ്നിമപിബത്തീവ്രമനന്തോഽനന്തശക്തിധൃക്. 25

| | |
|---|---|
| ഇത്ഥം | ഈ വിധം |
| സ്വജന- വൈക്ലബ്യം | സ്വജനങ്ങൾക്കുണ്ടായ പാരവശ്യത്തെ |
| നിരീക്ഷ്യ | കണ്ടിട്ട് |
| അനന്തഃ | വിനാശരഹിതനും, |
| അനന്തശക്തിധൃക് | അപരിമിതശക്തിയെ ധരിച്ചിരിക്കുന്നവനും ആയ |
| ജഗദീശ്വരഃ | ലോകനായകൻ |
| തീവ്രം | അത്യുഗ്രമായ |
| തം അഗ്നിം | ആ കാട്ടുതീയിനെ |
| അപിബത് | വിഴുങ്ങിക്കളഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ദാവാഗ്നിപാനനിരൂപണം നാമ സപ്തദശോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 813.

## അഷ്ടാദശോഽദ്ധ്യായഃ—പതിനെട്ടാമദ്ധ്യായം.

[ അഷ്ടാദശേ തതോ ഗ്രീഷ്മേ വസന്തഗുണലക്ഷിതേ
അഘാതയദ്ബലേനാലം പ്രലംബം ലീലയാ ഹരിഃ. ]
(ബലരാമൻ പ്രലംബാസുരനെ കൊല്ലുന്നത്.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

അഥ കൃഷ്ണഃ പരിവൃതോ ജ്ഞാതിഭിർമ്മുദിതാത്മഭിഃ
അനുഗീയമാനോ ന്യവിശദ്വ്രജം ഗോകുലമണ്ഡിതം. 1

| | |
|---|---|
| അഥ | പിന്നെ, പ്രഭാതത്തിൽ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| മുദിതാത്മഭിഃ | സന്തുഷ്ടമനസ്സുകളായ |
| ജ്ഞാതിഭിഃ | സ്വജനങ്ങളാൽ |
| പരിവൃതഃ | ചുഴന്നുകൊണ്ടും, |
| അനുഗീയമാനഃ | അവരാൽ തുടച്ചയായി വാഴ്ത്തപ്പെട്ടുകൊണ്ടും |
| ഗോകുലമണ്ഡിതം | ഗോവൃന്ദത്താൽ അലങ്കൃതമായുള്ള |
| വ്രജം | ഗോകുലത്തിലേക്ക് |
| ന്യവിശത് | പോയി. |

വ്രജേ വിക്രീഡതോരേവം ഗോപാലച്ഛദ്മമായയാ
ഗ്രീഷ്മോ നാമർത്തുരഭവന്നാതിപ്രേയാഞ്ഛരീരിണാം. 2

| | | | |
|---|---|---|---|
| ഗോപാലച്ഛദ്മമായയാ | പശുപാലനാമെന്ന കപടത്തോടുകൂടിയ ഇച്ഛാശക്തിയോടെ | വിക്രീഡതോഃ | അവർ ഇരുവരും വിഹരിച്ചുകൊണ്ടിരിക്കെ, |
| | | ശരീരിണാം | പ്രാണികൾക്ക് |
| | | ന അതിപ്രേയാൻ | വളരെ ഇഷ്ടകരമല്ലാത്ത |
| ഏവം | ഈ വിധം | ഗ്രീഷ്മഃ നാമ | ഗ്രീഷ്മമെന്ന |
| വ്രജേ | അമ്പാടിയിൽ | ഋതുഃ അഭവത് | കാലം വന്നുചേർന്നു. |

സ ച വൃന്ദാവനഗുണൈർവ്വസന്ത ഇവ ലക്ഷിതഃ
യത്രാസ്തേ ഭഗവാൻ സാക്ഷാദ്രാമേണ സഹ കേശവഃ. 3

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്താണോ | ആസ്തേ | സ്ഥിതിചെയ്യുന്നത് |
| രാമേണ സഹ | ബലരാമനോടൊന്നിച്ച് | വൃന്ദാവനഗുണൈഃ | ആ വൃന്ദാവനത്തിന്റെ ഗുണങ്ങളാൽ |
| ഭഗവാൻ | അഖിലൈശ്വര്യഗുണസമ്പൂർണ്ണനായ | സഃ ച | മേൽപ്പറഞ്ഞ ഗ്രീഷ്മകാലവും |
| കേശവഃ | ശ്രീകൃഷ്ണപരമാത്മാവ് | വസന്തഃ ഇവ | വസന്തകാലംപോലെ |
| സാക്ഷാത് | പ്രത്യക്ഷരൂപേണ | ലക്ഷിതഃ | കാണപ്പെട്ടു. |

യത്ര നിർഝരനിർഹ്രാദനിവൃത്തസ്വനഝില്ലികം
ശശ്വത്തച്ഛീകരർജ്ജീഷദ്രുമമണ്ഡലമണ്ഡിതം. 4

| | | | |
|---|---|---|---|
| യത്ര | യാതൊരു ഈ ഗ്രീഷ്മകാലത്തിൽ (വൃന്ദാവനം) | ശശ്വത് | എപ്പോഴും |
| നിർഝരനിർഹ്രാദനിവൃത്തസ്വനഝില്ലികം | മലയരുവികളുടെ പ്രവാഹഘോഷംകൊണ്ട് മണ്ണട്ടകളുടെ ഒച്ച കേൾക്കാത്തതായും, | തച്ഛീകരർജ്ജീഷദ്രുമമണ്ഡലമണ്ഡിതം | ആ അരുവികളുടെ നീർക്കണങ്ങളേറ്റു പച്ചപിടിച്ചുനില്ക്കുന്ന വൃക്ഷസമൂഹങ്ങളാൽ അലങ്കൃതമായിട്ടുള്ളതായും ഇരുന്നു. |

സരിത്സരഃപ്രസ്രവണോർമ്മിവായുനാ
കല്ഹാരകഞ്ജോത്പലരേണുഹാരിണാ
ന വിദ്യതേ യത്ര വനൗകസാം ദവോ
നിദാഘവഹ്ന്യർക്കഭവോഽതിശാദ്വലേ. 5

| | | | |
|---|---|---|---|
| അതിശാദ്വലേ | ധാരാളം പച്ചപ്പുൽ നിറഞ്ഞിരിക്കുന്ന | കല്ഹാരകഞ്ജോത്പലരേണുഹാരിണാ | സൌഗന്ധികം, താമര, ആമ്പൽ എന്നീ പുഷ്പങ്ങളിലെ പൂമ്പൊടിയെ കവർന്നുകൊണ്ട് |
| യത്ര | ഇക്കാലത്ത് (വൃന്ദാവനത്തിൽ) | | |

| | | | |
|---|---|---|---|
| സരിത്സരഃ-പ്രസ്രവണോർമ്മി-വായുനാ | നദികളുടേയും, തടാകങ്ങളുടേയും, അരുവികളുടേയും അലകളിന്മീതെ അടിച്ചുവരുന്ന കുളിർത്തെന്നലാൽ | | ണ്ടും ഉണ്ടാവുന്ന, അഥവാ വേനല്ക്കാലത്തു് തീപോലെ ജ്വലിക്കുന്ന സൂര്യാതപത്താലുണ്ടാവുന്ന |
| നിദാഘ-വഹ്ന്യർക്കഭവഃ | വേനൽകൊണ്ടും, തീകൊണ്ടും, സൂര്യനെക്കൊ | ദവഃ | എരിപൊരിച്ചൂടു് |
| | | വനൗകസാം | വനവാസികൾക്കു് |
| | | ന വിദ്യതേ | സംഭവിച്ചിരുന്നില്ല. |

അഗാധതോയഹ്രദിനീതടോർമ്മിഭിർ-
ദ്രവത്പുരീഷ്യാഃ പുളിനൈഃ സമന്തതഃ
ന യത്ര ചണ്ഡാംശുകരാ വിഷോത്ബണാ
ഭുവോ രസം ശാദ്വലിതം ച ഗൃഹ്ണതേ. 6

| | | | |
|---|---|---|---|
| യത്ര | ഇക്കാലം, വൃന്ദാവനത്തിൽ | ദ്രവത്പുരീഷ്യാഃ | പാഞ്ഞുചേർന്ന ചളിമണ്ണുള്ളതായ |
| അഗാധതോയ-ഹ്രദിനീതടോ-ർമ്മിഭിഃ | അഗാധജലമുള്ള നദികളുടെ ഇരുകരകളിലേക്കും ആഞ്ഞടിക്കുന്ന അലകളാൽ | ഭുവഃ രസം | ഭൂമിയുടെ നനവിനേയും |
| | | ശാദ്വലിതം ച | പച്ചപ്പുൽക്കുളിർമ്മയേയും |
| | | വിഷോല്ബണാഃ | വിഷമെന്നപോലെ അത്യുഗ്രങ്ങളായ |
| പുളിനൈഃ | മണൽത്തടങ്ങളോടുകൂടി | ചണ്ഡാംശു-കരാഃ | സൂര്യരശ്മികൾ |
| സമന്തതഃ | എല്ലാടവും | ന ഗൃഹ്ണതേ | വലിച്ചെടുത്തിരുന്നില്ല. |

വനം കുസുമിതം ശ്രീമന്നദച്ചിത്രമൃഗാകുലം
ഗായന്മയൂരഭ്രമരം കൂജത്കോകിലസാരസം. 7

| | | | |
|---|---|---|---|
| വനം | വൃന്ദാവനം | ഗായന്മയൂരഭ്രമരം | പാടുന്ന മയിലുകളോടും വണ്ടുകളോടും കൂടിയതായും, |
| കുസുമിതം | പുഷ്പിച്ച വൃക്ഷലതാദികളുള്ളതായും, | | |
| ശ്രീമത് | കാന്തിമത്തായും, | കൂജത്-കോകില-സാരസം | കൂവുന്ന കുയിലുകളോടും വണ്ടാരംകോഴികളോടും ചേർന്നതായും ഭവിച്ചു. |
| നദച്ചിത്ര-മൃഗാകുലം | ശബ്ദിച്ചുകൊണ്ടിരിക്കുന്ന നാനാതരം മൃഗങ്ങൾ നിറഞ്ഞുള്ളതായും, | | |

ക്രീഡിഷ്യമാണസ്തത് കൃഷ്ണോ ഭഗവാൻ ബലസംയുതഃ
വേണും വിരണയൻ ഗോപൈർഗ്ഗോധനൈഃ സംവൃതോഽവിശത്. 8

| | | | |
|---|---|---|---|
| തത് | അപ്രകാരമിരിക്കുന്ന വൃന്ദാവനത്തിലേക്കു് | ഗോധനൈഃ | ഗോവൃന്ദങ്ങളാലും |
| ഭഗവാൻ കൃഷ്ണഃ | ഭഗവാൻ ശ്രീകൃഷ്ണൻ | സംവൃതഃ | പരിവൃതനായി, |
| ക്രീഡിഷ്യമാണഃ | കളിപ്പാനായിട്ടു് | വേണും വിരണയൻ | പുല്ലാങ്കുഴൽ വിളിച്ചുകൊണ്ടു് |
| ബലസംയുതഃ | ബലരാമനോടുകൂടി, | | |
| ഗോപൈഃ | ഗോപന്മാരാലും | അവിശത് | പ്രവേശിച്ചു. |

പ്രവാളബര്‍ഹസ്തബകസ്രഗ്ധാതുകൃതഭൂഷണാഃ
രാമകൃഷ്ണാദയോ ഗോപാ നനൃതുര്യുയുധുര്‍ജ്ജഗുഃ. 9

| | | | |
|---|---|---|---|
| പ്രവാളബര്‍ഹ-സ്തബക-സ്രഗ്ധാതു-കൃതഭൂഷണാഃ | ഇളംതളിര്‍, മയില്‍പ്പീലി, പൂങ്കുല, പൂമാല, മനയോല എന്നിവയാല്‍ അലങ്കൃതന്മാരായിട്ട് | ഗോപാഃ | ഗോപാലകന്മാര്‍ |
| രാമകൃഷ്ണാദയഃ | ബലരാമന്‍, ശ്രീകൃഷ്ണന്‍ തുടങ്ങിയുള്ള | നനൃതുഃ | നൃത്തംചെയ്തു; |
| | | ജഗുഃ | പാട്ടുപാടി; |
| | | യുയുധുഃ | അങ്കം പൊരുതി. |

കൃഷ്ണസ്യ നൃത്യതഃ കേചിജ്ജഗുഃ കേചിദവാദയന്‍
വേണുപാണിതലൈഃ ശൃംഗൈഃ പ്രശശംസുരഥാപരേ. 10

| | | | |
|---|---|---|---|
| കൃഷ്ണസ്യ നൃത്യതഃ | കൃഷ്ണന്‍ നര്‍ത്തനം ചെയ്കെ, | ശൃംഗൈഃ | കൊമ്പുകളംകൊണ്ടും |
| കേചിത് ജഗുഃ | ചിലര്‍ പാട്ടുപാടി; | അവാദയന്‍ | വാദ്യംനടത്തി; |
| കേചിത് | ചിലര്‍ | അഥ അപരേ | മററുചിലര്‍ |
| വേണു-പാണിതലൈഃ | പുല്ലാങ്കുഴല്‍കൊണ്ടും, കരതലത്താലും, | പ്രശശംസുഃ | പുകഴ്ത്തിനിന്നു. |

ഗോപജാതിപ്രതിച്ഛന്നാ ദേവാ ഗോപാലരൂപിണഃ
ഈഡിരേ കൃഷ്ണരാമൌ ച നടാ ഇവ നടം നൃപ. 11

| | | | |
|---|---|---|---|
| നൃപ | രാജാവേ! | നടം | ഒരു നടനെ |
| ഗോപജാതി-പ്രതിച്ഛന്നാഃ | ഗോപജാതിയില്‍ മറഞ്ഞിരുന്നവരും, | നടാഃ ഇവ | മററുള്ള നടന്മാര്‍ എന്നപോലെ |
| ഗോപാല-രൂപിണഃ | ഗോപാലരൂപം ധരിച്ചിരുന്നവരും ആയ | രാമകൃഷ്ണൌ | രാമനേയും കൃഷ്ണനേയും |
| ദേവാഃ | ദേവന്മാര്‍ | ഈഡിരേ ച | പുകഴ്ത്തിക്കൊണ്ടിരുന്നു. |

ഭ്രാമണൈര്‍ല്ലംഘനൈഃ ക്ഷേപൈരാസ്ഫോടനവികര്‍ഷണൈഃ
ചിക്രീഡതുര്‍ന്നിയുദ്ധേന കാകപക്ഷധരൌ ക്വചിത്. 12

| | | | |
|---|---|---|---|
| കാകപക്ഷധരൌ | കാതുവരെ വീണുകിടക്കുന്ന ചുരുണ്ട കൊച്ചുമുടിയോടുകൂടിയവരായ ആ രാമകൃഷ്ണന്മാര്‍ | ലംഘനൈഃ | ചാട്ടം ചാടുക, |
| ക്വചിത് | ചിലപ്പോഴം | ക്ഷേപൈഃ | മറിച്ചിടുക, |
| ഭ്രാമണൈഃ | കൈകോര്‍ത്തുപിടിച്ചു വട്ടം ചുററിക്കുക, | ആസ്ഫോടന-വികര്‍ഷണൈഃ | കൈയ്യടിക്കുക, അന്യോന്യം പിടിച്ചുവലിക്കുക എന്നിവയാലുള്ള |
| | | നിയുദ്ധേന | ദ്വന്ദ്വയുദ്ധംകൊണ്ട് |
| | | ചിക്രീഡതുഃ | കളിച്ചു. |

ക്വചിന്നൃത്യത്സു ചാന്യേഷു ഗായകൌ വാദകൌ സ്വയം
ശശംസതുര്‍മ്മഹാരാജ സാധു സാധ്വിതി വാദിനൌ. 13

| | |
|---|---|
| മഹാരാജ | മഹാരാജാവേ ! |
| ക്വചിത് | ചിലപ്പോൾ, അവർ |
| അന്യേഷു | മററുള്ള ഗോപന്മാർ |
| നൃത്യത്സു | നൃത്തം ചെയ്തുകൊണ്ടിരിക്കെ, |
| സ്വയം | തന്നെത്താൻ |
| ഗായകൌ | പാട്ടുകാരായും, |
| വാദകൌ | വാദ്യക്കാരായും, |
| സാധു സാധു ഇതി വാദിനൌ ച | നന്നു നന്നെന്ന് പറയുന്നവരായും |
| ശശംസതുഃ | അഭിനന്ദിച്ചു. |

ക്വചിദ്ബില്വൈഃ ക്വചിത് കുംഭൈഃ ക്വ ചാമലകമുഷ്ടിഭിഃ
അസ്പൃശ്യനേത്രബന്ധാദ്യൈഃ ക്വചിന്മൃഗഖഗേഹയാ. 14

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| ബില്വൈഃ | കൂവളക്കായ്കളെക്കൊണ്ടും, |
| ക്വചിത് | ചിലപ്പോൾ |
| കുംഭൈഃ | കുംഭവൃക്ഷത്തിന്റെ കായ്കളാലും |
| ക്വ ച | വേറെ ചിലപ്പോൾ |
| ആമലകമുഷ്ടിഭിഃ | നെല്ലിക്കകൾ വാരിപ്പിടിച്ചുകൊണ്ടും. |
| ക്വചിത് | മററു ചിലപ്പോൾ |
| അസ്പൃശ്യ-നേത്ര-ബന്ധാദ്യൈഃ | തൊടാതെ കഴിക്കുക, കണ്ണുപൊത്തുക, മുതലായവകൊണ്ടും, |
| മൃഗഖഗേഹയാ | മൃഗങ്ങളുടേയും പക്ഷികളുടേയും പ്രവൃത്തികളെ അനുകരിച്ചുകൊണ്ടും അവർ കളിച്ചു. |

ക്വചിച്ച ദർദ്ദുരപ്ലാവൈർവ്വിവിധൈരുപഹാസകൈഃ
കദാചിത് സ്പന്ദോലികയാ കർഹിചിന്നൃപചേഷ്ടയാ. 15

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| ദർദ്ദുരപ്ലാവൈഃ | തവളച്ചാട്ടങ്ങൾകൊണ്ടും, |
| വിവിധൈഃ | പലതരത്തിലുള്ള |
| ഉപഹാസകൈഃ | തമാശകൾകൊണ്ടും, |
| കദാചിത് | മറെറാരിക്കൽ |
| സ്പന്ദോലികയാ | ഊഞ്ഞാലാട്ടംകൊണ്ടും, |
| കർഹിചിത് | ചിലസമയത്ത് |
| നൃപചേഷ്ടയാ ച | രാജഭാവം നടിച്ചുകൊണ്ടുള്ള പ്രവൃത്തികൾകൊണ്ടും കളിച്ചു. |

ഏവം തൌ ലോകസിദ്ധാഭിഃ ക്രീഡാഭിശ്ചേരതുർവ്വനേ
നദ്യദ്രിദ്രോണികുഞ്ജേഷു കാനനേഷു സരസ്സു ച. 16

| | |
|---|---|
| ഏവം | ഇപ്രകാരം |
| തൌ | അവർ രണ്ടുപേരും |
| നദ്യദ്രിദ്രോണി-കുഞ്ജേഷു | നദികൾ, പർവ്വതങ്ങൾ, പർവ്വതപ്രാന്തങ്ങൾ, വള്ളിക്കുടിലുകൾ എന്നിവയിലും, |
| കാനനേഷു | കാടുകളിലും |
| സരസ്സു ച | തടാകങ്ങളിലും |
| ലോകസിദ്ധാഭിഃ | ലോകത്തിൽ സാധാരണ നടപ്പുള്ള |
| ക്രീഡാഭിഃ | അനേകം കളികളോടുകൂടി |
| വനേ ചേരതുഃ | വനത്തിൽ സഞ്ചരിച്ചു. |

പശൂംശ്ചാരയതോർഗ്ഗോപൈസ്തദ്വനേ രാമകൃഷ്ണയോഃ
ഗോപരൂപീ പ്രലംബോഽഗാദസുരസ്തജ്ജിഹീർഷയാ. 17

| | |
|---|---|
| തദ്വനേ | ആ വനത്തിൽ |
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാർ |
| ഗോപൈഃ | ഗോപന്മാരോടുകൂടി |
| പശൂൻ | പശുക്കളെ |
| ചാരയതോഃ | മേച്ചുകൊണ്ടിരിക്കുമ്പോൾ |
| തജ്ജിഹീർഷയാ | അവരെ അപഹരിച്ചുകൊണ്ടുപോകുവാനുള്ള ഉദ്ദേശത്തോടെ |
| ഗോപരൂപീ | ഗോപവേഷം ധരിച്ചുകൊണ്ട് |
| പ്രലംബഃ | പ്രലംബനെന്ന |
| അസുരഃ | ഒരസുരൻ |
| അഗാത് | എത്തിച്ചേർന്നു. |

തം വിദ്വാനപി ദാശാർഹോ ഭഗവാൻ സർവ്വദർശനഃ
അന്വമോദത തത്സഖ്യം വധം തസ്യ വിചിന്തയൻ. 18

| | |
|---|---|
| സർവ്വദർശനഃ | എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനും |
| ഭഗവാൻ | എല്ലാം അറിഞ്ഞുകൊണ്ടിരിക്കുന്നവനും ആയ |
| ദാശാർഹഃ | ശ്രീകൃഷ്ണൻ |
| തം | അവനെ |
| വിദ്വാൻ അപി | തിരിച്ചറിഞ്ഞിട്ടും |
| തസ്യ | അവന്റെ |
| വധം | വധോപായത്തെപ്പററി |
| വിചിന്തയൻ | ചിന്തിച്ചുകൊണ്ട് |
| തത്സഖ്യം | അവനോടൊന്നിച്ചുള്ള ചങ്ങാതിത്തം |
| അന്വമോദത | ഇഷ്ടപ്പെട്ടു. |

തത്രോപാഹൂയ ഗോപാലാൻ കൃഷ്ണഃ പ്രാഹ വിഹാരവിത്
ഹേ ഗോപാ വിഹരിഷ്യാമോ ദ്വന്ദ്വീഭൂയ യഥായഥം. 19

| | |
|---|---|
| വിഹാരവിത് | ക്രീഡാഭിജ്ഞനായ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| ഗോപാലാൻ | ഗോപന്മാരെ |
| തത്ര ഉപാഹൂയ | അങ്ങ് അടുത്തുവിളിച്ചു |
| പ്രാഹ | പറഞ്ഞു. |
| ഹേ ഗോപാഃ | 'അല്ലയോ ഗോപന്മാരേ! |
| യഥായഥം | പ്രായത്തിനും ശക്തിക്കും അനുസരിച്ച് |
| ദ്വന്ദ്വീഭൂയ | ഈരണ്ടുപേരായിപ്പിരിഞ്ഞു |
| വിഹരിഷ്യാമഃ | നമുക്കു കളിക്കാം'. |

തത്ര ചക്രുഃ പരിവൃഢൗ ഗോപാ രാമജനാർദ്ദനൗ
കൃഷ്ണസംഘട്ടിനഃ കേചിദാസൻ രാമസ്യ ചാപരേ. 20

| | |
|---|---|
| തത്ര | അപ്പോൾ |
| ഗോപാഃ | ഗോപന്മാർ |
| രാമജനാർദ്ദനൗ | രാമനേയും കൃഷ്ണനേയും |
| പരിവൃഢൗ ചക്രുഃ | സംഘത്തലവന്മാരാക്കി വെച്ചു. |
| കേചിത് | ചിലർ |
| കൃഷ്ണസംഘട്ടിനഃ ആസൻ | കൃഷ്ണന്റെ കൂട്ടത്തിൽ ചേർന്നുനിന്നു; |
| അപരേ | മററുള്ളവർ |
| രാമസ്യ ച | രാമന്റേയും. |

ആചേരുർവ്വിവിധാഃ ക്രീഡാ വാഹ്യവാഹകലക്ഷണാഃ
യത്രാരോഹന്തി ജേതാരോ വഹന്തി ച പരാജിതാഃ. 21

| | |
|---|---|
| വാഹ്യവാഹക-ലക്ഷണാഃ | വഹിക്കപ്പെടുക, വഹിക്കുക എന്ന തരത്തിൽ നിശ്ചയമുള്ളതായ |
| വിവിധാഃ | പലവിധം |
| ക്രീഡാഃ | കളികൾ |
| ആചേരുഃ | അവർ നടത്തി. |
| യത്ര | ഈ കളികളിൽ |
| ജേതാരഃ | ജയിച്ചവർ |
| ആരോഹന്തി | തോററവരുടെ പുറത്ത് കയറുന്നു ; |
| പരാജിതാഃ | തോററവർ |
| വഹന്തി ച | ഏററിനടക്കുകയും ചെയ്യുന്നു. |

വഹന്തോ വാഹ്യമാനാശ്ച ചാരയന്തശ്ച ഗോധനം
ഭാണ്ഡീരകം നാമ വടം ജഗ്മുഃ കൃഷ്ണപുരോഗമാഃ. 22

| | |
|---|---|
| കൃഷ്ണപുരോഗമാഃ | കൃഷ്ണൻ മുതലായവർ |
| വഹന്തഃ | എടുത്തുകൊണ്ടും, |
| വാഹ്യമാനാഃ ച | എടുക്കപ്പെട്ടുകൊണ്ടും, |
| ഗോധനം | പശുക്കൂട്ടത്തെ |
| ചാരയന്തഃ ച | മേച്ചുകൊണ്ടും, |
| ഭാണ്ഡീരകം നാമ | ഭാണ്ഡീരകം എന്നു പേരായ |
| വടം | പേരാലിൻെറ അടുക്കലേക്ക് |
| ജഗ്മുഃ | പോയി. |

രാമസംഘട്ടിനോ യർഹി ശ്രീദാമവൃഷഭാദയഃ
ക്രീഡായാം ജയിനസ്താംസ്താനൂഹുഃ കൃഷ്ണാദയോ നൃപ. 23

| | |
|---|---|
| നൃപ | രാജാവേ! |
| രാമസംഘട്ടിനഃ | ബലരാമൻെറ സംഘത്തിൽ ചേർന്നവരായ |
| ശ്രീദാമ-വൃഷഭാദയഃ | ശ്രീദാമാവ്, വൃഷഭൻ മുതലായവർ |
| ക്രീഡായാം | കളിയിൽ |
| യർഹി ജയിനഃ | വിജയികളായപ്പോൾ |
| കൃഷ്ണാദയഃ | കൃഷ്ണാദികൾ |
| താൻ താൻ | പ്രത്യേകം ഓരോരുത്തരെ |
| ഊഹുഃ | എടുത്തു. |

ഉവാഹ കൃഷ്ണോ ഭഗവാൻ ശ്രീദാമാനം പരാജിതഃ
വൃഷഭം ഭദ്രസേനസ്തു പ്രലംബോ രോഹിണീസുതം. 24

| | |
|---|---|
| ഭഗവാൻ | ഷട്ഗുണസമ്പൂർണ്ണനായ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| പരാജിതഃ | കളിയിൽത്തോററ് |
| ശ്രീദാമാനം | ശ്രീദാമാവിനെ |
| ഉവാഹ | എടുത്തു. |
| ഭദ്രസേനഃ | ഭദ്രസേനൻ |
| വൃഷഭം | വൃഷഭനേയും |
| പ്രലംബഃ | പ്രലംബൻ |
| രോഹിണീ-സുതം തു | ബലരാമനേയും എടുത്തു. |

അവിഷഹ്യം മന്യമാനഃ കൃഷ്ണം ദാനവപുംഗവഃ
വഹൻ ദ്രുതതരം പ്രാഗാദവരോഹണതഃ പരം. 25

| | |
|---|---|
| കൃഷ്ണം | ശ്രീകൃഷ്ണനെ |
| അവിഷഹ്യം | ചെറുത്തുനില്ക്കാൻ സാദ്ധ്യമല്ലെന്ന് |
| മന്യമാനഃ | കരുതിയിരുന്ന |
| ദാനവപുംഗവഃ | അസുരവീരൻ |
| വഹൻ | ബലരാമനെ എടുത്തുകൊണ്ട് |

അവരോഹണതഃ ഇറങ്ങേണ്ടുന്ന ദിക്കിൽ നിന്നും
പരം അപ്പുറത്തേക്കു
ദ്രുതതരം അതിവേഗത്തിൽ
പ്രാഗാത് കടന്നുപോയി.

തമുദ്വഹൻ ധരണിധരേന്ദ്രഗൌരവം
മഹാസുരോ വിഗതരയോ നിജം വപുഃ
സ ആസ്ഥിതഃ പുരടപരിഷ്കൃതോ ബഭൌ
തഡിദ്ദ്യുമാനുഡുപതിവാഡിവാംബുദഃ. 26

ധരണിധരേന്ദ്ര-ഗൌരവം പർവ്വതരാജനെപ്പോലെ കനമുള്ള
തം ബലരാമനെ
ഉദ്വഹൻ ചുമന്നുകൊണ്ടിരിക്കുന്ന
സഃ മഹാസുരഃ ആ മഹാസുരൻ
വിഗതരയഃ ഗതിവേഗം നശിച്ചവനായിട്ട്,
നിജം വപുഃ സ്വന്തം രൂപത്തെ
ആസ്ഥിതഃ കൈക്കൊണ്ടു.
പുരടപരിഷ്കൃതഃ സ്വർണ്ണനിറം കലൎന്ന വസ്ത്രവും, സ്വർണ്ണാഭരണങ്ങളും ധരിച്ചിരുന്ന അവൻ
ഉഡുപതിവാട് ചന്ദ്രബിംബത്തെ വഹിച്ചിരിക്കുന്നതും
തഡിദ്ദ്യുമാൻ മിന്നൽപ്പിണരുകളാൽ പ്രകാശമുള്ളതും ആയ
അംബുദഃ ഇവ മഴക്കാറുപോലെ
ബഭൌ ശോഭിച്ചു.

നിരീക്ഷ്യ തമപുരലമംബരേ ചരത് പ്രദീപ്തദൃഗ്ഭ്രുകുടിതടോഗ്രദംഷ്ട്രകം
ജ്വലച്ഛിഖം കടകകിരീടകുണ്ഡലത്വിഷാദ്ഭുതം ഹലധര ഈഷദത്രസത്. 27

അലം വേണ്ടുവോളം വേഗത്തോടെ
അംബരേ ആകാശത്തിൽ
ചരത് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും,
പ്രദീപ്തദൃഗ്-ഭ്രുകുടിതടോ-ഗ്രദംഷ്ട്രകം തിളക്കമുള്ള ദൃഷ്ടികളോടു കൂടിയ പുരികത്തടത്തോടും ഭയങ്കരമായ ദംഷ്ട്രകളോടും ചേൎന്നിരിക്കുന്നതും,
ജ്വലച്ഛിഖം ജ്വലിക്കുന്ന തലമുടിയോടുകൂടിയതും,
കടകകിരീട-കുണ്ഡലത്വിഷാ കടകം, കിരീടം, കുണ്ഡലം എന്നിവയുടെ കാന്തിയാൽ
അദ്ഭുതം ആശ്ചര്യകരമായിരിക്കുന്നതും ആയ
തത്വപുഃ അവന്റെ സ്വരൂപത്തെ
നിരീക്ഷ്യ കണ്ടിട്ട്
ഹലധരഃ ബലരാമൻ
ഈഷത് അല്പമൊന്ന്
അത്രസത് അമ്പരന്നു.

അഥാഗതസ്മൃതിരഭയോ രിപും ബലോ വിഹായ സാൎത്ഥമിവ ഹരന്തമാത്മനഃ
രുഷാഹനച്ഛിരസി ദൃഢേന മുഷ്ടിനാ സുരാധിപോ ഗിരിമിവ വജ്രരംഹസാ.

അഥ അനന്തരം
ആഗതസ്മൃതിഃ യാഥാൎത്ഥ്യത്തിന്റെ ഓൎമ്മവന്ന
ബലഃ ശ്രീബലഭദ്രൻ
അഭയഃ നിൎഭയനായിട്ട്
ആത്മനഃ സാൎത്ഥം തന്റെ സംഘത്തെ
വിഹായ വേർപെടുത്തി
ഹരന്തം ഇവ തന്നെ അപഹരിച്ചുകൊണ്ടുപോകുന്നവിധം പ്രവൎത്തിക്കുന്ന

| | |
|---|---|
| രിപും | ശത്രുവിനെ, |
| സുരാധിപഃ | ദേവരാജാവ് |
| വജ്രരംഹസാ | വജ്രായുധത്തിന്റെ ഊക്കിനാൽ |
| ഗിരിം ഇവ | പർവ്വതത്തെയെന്നപോലെ |
| ദൃഢേന | അമർത്തിപ്പിടിച്ച |
| മുഷ്ടിനാ | മുഷ്ടികൊണ്ട് |
| രുഷാ | രോഷത്തോടുകൂടി |
| ശിരസി | തലയിൽ |
| അഹനത് | അടിച്ചു. |

സ ആഹതഃ സപദി വിശീർണ്ണമസ്തകോ മുഖാദ്വമൻ രുധിരമപസ്മൃതോഽസുരഃ
മഹാരവം വ്യസുരപതത്സമീരയൻ ഗിരിര്യഥാ മഘവത ആയുധാഹതഃ.

| | |
|---|---|
| ആഹതഃ | ഈ വിധം അടിക്കപ്പെട്ട |
| സഃ അസുരഃ | ആ അസുരൻ |
| സപദി | ഉടനെ |
| വിശീർണ്ണമസ്തകഃ | തകൎന്ന തലമണ്ടയോടു കൂടിയവനായിട്ട് |
| മുഖാത് | വായിൽനിന്ന് |
| രുധിരം | രക്തം |
| വമൻ | ഛർദ്ദിച്ചുകൊണ്ട്, |
| അപസ്മൃതഃ | ബോധംകെട്ടവനായി, |
| വ്യസുഃ | ഗതപ്രാണനായിട്ട്, |
| മഘവതഃ | ഇന്ദ്രന്റെ |
| ആയുധാഹതഃ | വജ്രായുധത്താൽ അടിയേല്ക്കപ്പെട്ട |
| ഗിരിഃ യഥാ | മലയെന്നപോലെ |
| മഹാരവം | പെരുത്ത ശബ്ദം |
| സമീരയൻ | ഉണ്ടാക്കിക്കൊണ്ട് |
| അപതത് | നിലത്തു വീണു. |

ദൃഷ്ട്വാ പ്രലംബം നിഹതം ബലേന ബലശാലിനാ
ഗോപാഃ സുവിസ്മിതാ ആസൻ സാധു സാധ്വിതി വാദിനഃ. 30

| | |
|---|---|
| ബലശാലിനാ | ബലശാലിയായ |
| ബലേന | ബലരാമനാൽ |
| നിഹതം | വധിക്കപ്പെട്ട |
| പ്രലംബം | പ്രലംബാസുരനെ |
| ദൃഷ്ട്വാ | കണ്ട് |
| ഗോപാഃ | ഗോപന്മാർ |
| സാധു സാധു ഇതി വാദിനഃ | 'നന്നുനന്നെ'ന്നിങ്ങനെ പുകഴ്ത്തിപ്പറഞ്ഞു |
| സുവിസ്മിതാഃ ആസൻ | അത്യന്തം അത്ഭുതാധീനരായി ഭവിച്ചു. |

ആശിഷോഽഭിഗൃണന്തസ്തം പ്രശശംസുസ്തദർഹണം
പ്രേത്യാഗതമിവാലിംഗ്യ പ്രേമവിഹ്വലചേതസഃ. 31

| | |
|---|---|
| പ്രേമവിഹ്വലചേതസഃ | പ്രേമപാരവശ്യം ചേൎന്ന ഹൃദയത്തോടുകൂടിയവരായ ഗോപന്മാർ |
| പ്രേത്യ ആഗതം ഇവ | പരലോകത്തേക്കു പോയിട്ടു തിരിച്ചെത്തിയ ഒരുവനെ എന്നവിധം |
| ആലിംഗ്യ | ആശ്ലേഷിച്ച്, |
| ആശിഷഃ | ആശീർവചനങ്ങളെ |
| അഭിഗൃണന്തഃ | പ്രയോഗിച്ചുകൊണ്ട് |
| തദർഹണം | അതിന്ന് ഉചിതനായ |
| തം | ആ ബലദേവനെ |
| പ്രശശംസുഃ | പ്രശംസിച്ചു. |

പാപേ പ്രലംബേ നിഹതേ ദേവാഃ പരമനിർവൃതാഃ
അഭ്യവർഷൻ ബലം മാല്യൈഃ ശശംസുഃ സാധു സാധ്വിതി. 32

| | | | |
|---|---|---|---|
| പാപേ | മഹാപാപിയായ | ബലം | ശ്രീബലരാമനെ |
| പ്രലംബേ | പ്രലംബാസുരൻ | മാല്യൈഃ | പുഷ്പമാല്യങ്ങളാൽ |
| നിഹതേ | കൊല്ലപ്പെട്ടപ്പോൾ | അഭ്യവർഷൻ | അഭിവർഷിച്ചു; |
| പരമനിർവൃതാഃ | ഏറ്റവും സന്തുഷ്ടരായ | സാധു സാധു ഇതി ശശംസുഃ | 'നന്നുനന്നെ'ന്നു പറഞ്ഞു് പുകഴ്ത്തി. |
| ദേവാഃ | ദേവന്മാർ | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
പ്രലംബവധോ നാമ അഷ്ടാദശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 845.

## ഏകോനവിംശോഽദ്ധ്യായഃ—പത്തൊമ്പതാമദ്ധ്യായം.

[ ഊനവിംശേ വിനഷ്ടം തു ഗോപഗോകുലമച്യുതഃ
മുഞ്ജാരണ്യമരണ്യാഗ്നേ രരക്ഷ തന്നിപാനതഃ. ]

(ഭഗവാൻ കാട്ടുതീയിനെ പാനംചെയ്തു ഗോപന്മാരേയും ഗോക്കളേയും രക്ഷിക്കുന്നതു്.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു:—

ക്രീഡാസക്തേഷു ഗോപേഷു തദ്ഗാവോ ദൂരചാരിണീഃ
സ്വൈരം ചരന്ത്യോ വിവിശുസ്തൃണലോഭേന ഗഹ്വരം. 1

| | | | |
|---|---|---|---|
| ഗോപേഷു | ഗോപന്മാർ | സ്വൈരം | ഇഷ്ടംപോലെ |
| ക്രീഡാസക്തേഷു | കളിയിൽ തൽപരന്മാരായിരിക്കുന്ന വേളയിൽ | ചരന്ത്യഃ | മേഞ്ഞുനടന്നുകൊണ്ടു് |
| ദൂരചാരിണീഃ | അകലെ സഞ്ചരിച്ചുകൊണ്ടിരുന്ന | തൃണലോഭേന | പുല്ലിൽ അത്യാശയോടെ |
| തദ്ഗാവഃ | അവരുടെ പശുക്കൾ | ഗഹ്വരം | വൻകാട്ടിനുള്ളിലേക്കു് |
| | | വിവിശുഃ | കടന്നു. |

അജാ ഗാവോ മഹിഷ്യശ്ച നിർവ്വിശന്ത്യോ വനാദ്വനം
ഇഷീകാടവീം നിർവ്വിവിശുഃ ക്രന്ദന്ത്യോ ദാവതർഷിതാഃ. 2

| | | | |
|---|---|---|---|
| അജാഃ ഗാവഃ | ആടുകളും, പശുക്കളും, | ദാവതർഷിതാഃ | അത്യുഷ്ണത്താൽ ദാഹം മുഴുത്തവയായിട്ടു് |
| മഹിഷ്യഃ ച | എരുമകളും | ക്രന്ദന്ത്യഃ | നിലവിളിച്ചുകൊണ്ടു് |
| വനാത് വനം | ഒരു കാട്ടിൽനിന്നു് വേറൊരുകാട്ടിലേക്കു | ഇഷീകാടവീം നിർവ്വിവിശുഃ | ഒരു മുഞ്ഞപ്പുൽക്കാട്ടിലേക്കു് പ്രവേശിച്ചു. |
| നിർവ്വിശന്ത്യഃ | കടന്നുചെന്നു് | | |

തേഽപശ്യന്തഃ പശൂൻ ഗോപാഃ കൃഷ്ണരാമാദയസ്തദാ
ജാതാനുതാപാ ന വിദുർവ്വിചിന്വന്തോ ഗവാം ഗതിം. 3

| | |
|---|---|
| തദാ | അപ്പോൾ |
| രാമകൃഷ്ണാദയഃ | ബലരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയുള്ള |
| തേ ഗോപാഃ | ആ പശുപാലന്മാർ |
| പശൂൻ | പശുക്കളെ |
| അപശ്യന്തഃ | കാണാതെ |
| ജാതാനുതാപാഃ | ഉണ്ടായ പശ്ചാത്താപത്തോടുകൂടിയവരായിട്ട് |
| ഗവാം | പശുക്കളുടേയും മററും |
| ഗതിം | സഞ്ചാരമാർഗ്ഗത്തെ |
| വിചിന്വന്തഃ | അന്വേഷിച്ചുവെങ്കിലും |
| ന വിദുഃ | അറിഞ്ഞില്ല. |

തൃണൈസ്തത്ഖുരദച്ഛിന്നൈർഗ്ഗോഷ്പദൈരങ്കിതൈർഗ്ഗവാം
മാർഗ്ഗമന്വഗമൻ സർവ്വേ നഷ്ടാജീവ്യാ വിചേതസഃ. 4

| | |
|---|---|
| നഷ്ടാജീവ്യാഃ | ഉപജീവനത്തിന്ന് ആധാരമായ പശുക്കൾ നഷ്ടപ്പെട്ടുപോയവരും, |
| വിചേതസഃ | തന്നിമിത്തം മനം കലങ്ങിയവരും ആയ |
| സർവ്വേ | അവരെല്ലാം |
| തത്ഖുരദച്ഛിന്നൈഃ | ആ പശുക്കളുടെ കുളമ്പുകൊണ്ടും പല്ലുകൊണ്ടും മുറിഞ്ഞിട്ടുള്ള |
| തൃണൈഃ | പുല്ലുകളാലും, |
| ഗോഷ്പദൈഃ | കുളമ്പടികളാലും |
| അങ്കിതൈഃ | അടയാളപ്പെട്ട ദിക്കുകളിലൂടെ |
| ഗവാം മാർഗ്ഗം | പശുക്കൾപോയ വഴിയെ |
| അന്വഗമൻ | പിൻതുടർന്നു. |

മുഞ്ജാടവ്യാം ഭ്രഷ്ടമാർഗ്ഗം ക്രന്ദമാനം സ്വഗോധനം
സംപ്രാപ്യ തൃഷിതാഃ ശ്രാന്താസ്തതസ്തേ സംന്യവർത്തയൻ. 5

| | |
|---|---|
| മുഞ്ജാടവ്യാം | മുഞ്ഞക്കാട്ടിൽവെച്ച് |
| ഭ്രഷ്ടമാർഗ്ഗം | വഴിമുടങ്ങി, അപ്പുറം പോകാൻ സാധിക്കാതെ |
| ക്രന്ദമാനം | നിലവിളിച്ചുകൊണ്ടു നില്ക്കുന്ന |
| സ്വഗോധനം | സ്വന്തം പശുക്കൂട്ടത്തെ |
| സംപ്രാപ്യ | കണ്ടെത്തിയശേഷം |
| തൃഷിതാഃ | ദാഹിച്ചവരും, |
| ശ്രാന്താഃ | തളർന്നവരും ആയ |
| തേ | ആ ഗോപന്മാർ |
| തതഃ | അവിടെനിന്ന് |
| സംന്യവർത്തയൻ | അവയെ തിരിച്ചാട്ടിക്കൊണ്ടുവന്നു. |

താ ആഹൂതാ ഭഗവതാ മേഘഗംഭീരയാ ഗിരാ
സ്വനാമ്നാം നിനദം ശ്രുത്വാ പ്രതിനേദുഃ പ്രഹർഷിതാഃ. 6

| | |
|---|---|
| മേഘഗംഭീരയാ ഗിരാ | ഇടിനാദംപോലെ ഗംഭീരമായ ശബ്ദംകൊണ്ട് |
| ഭഗവതാ | ശ്രീകൃഷ്ണനാൽ |
| ആഹൂതാഃ | വിളിക്കപ്പെട്ട |
| താഃ | ആ കന്നുകാലികൾ |
| സ്വനാമ്നാം | സ്വന്തം പേരുകളുടെ |
| നിനദം ശ്രുത്വാ | ശബ്ദം കേട്ട് |
| പ്രഹർഷിതാഃ | സന്തോഷത്തോടുകൂടിയവയായി |
| പ്രതിനേദുഃ | വിളികേട്ടു. |

തതഃ സമന്താദ്വനധൂമകേതു-
ര്യദൃച്ഛയാഽഭൂത് ക്ഷയകൃദ്വനൌകസാം
സമീരിതഃ സാരഥിനോല്ബണോല്മുകൈർ-
വ്വിലേലിഹാനഃ സ്ഥിരജംഗമാൻ മഹാൻ. 7

| | |
|---|---|
| തതഃ | അന്നേരത്തു് |
| വനൌകസാം | വനവാസികൾക്കു് |
| ക്ഷയകൃത് | വിനാശത്തെ ഉണ്ടാക്കുന്നതും, |
| മഹാൻ | വമ്പിച്ചതും ആയ |
| വനധൂമകേതുഃ | വനാഗ്നി |
| സാരഥിനാ | സാരഥിയായ വായുവിനാൽ |
| സമീരിതഃ | പ്രവർത്തിപ്പിക്കപ്പെട്ടു് |
| ഉൽബണോൽമുകൈഃ | ഭയങ്കര ജ്വാലകളാൽ |
| സ്ഥിരജംഗമാൻ | സ്ഥാവരങ്ങളേയും ജംഗമങ്ങളേയും |
| വിലേലിഹാനഃ | ഗ്രസിച്ചുംകൊണ്ടു് |
| സമന്താത് | നാലുഭാഗത്തുനിന്നും |
| യദൃച്ഛയാ | പെട്ടെന്നു് |
| അഭൂത് | ഉത്ഭവിച്ചു. * |

തമാപതന്തം പരിതോ ദവാഗ്നിം ഗോപാശ്ച ഗാവഃ പ്രസമീക്ഷ്യ ഭീതാഃ
ഊചുശ്ച കൃഷ്ണം സബലം പ്രപന്നാ യഥാ ഹരിം മൃത്യുഭയാർത്തിതാ ജനാഃ. 8

| | |
|---|---|
| പരിതഃ ആപതന്തം | ചുറ്റുപാടും പടർന്നു പിടിച്ചുകൊണ്ടുവരുന്ന |
| തം ദവാഗ്നിം | ആ കാട്ടുതീയ്യിനെ |
| പ്രസമീക്ഷ്യ | കണ്ടു് |
| ഗോപാഃ | ഗോപന്മാരും, |
| ഗാവഃ ച | പശുക്കളും |
| ഭീതാഃ | ഭയപ്പെട്ടു. |
| മൃത്യുഭയാർത്തിതാ ജനാഃ | മരണഭയത്താൽ പീഡിതരായ ജനങ്ങൾ |
| ഹരിം | ശ്രീഹരിയെ (മരണഭയത്തെ സംഹരിക്കുന്ന ശ്രീമന്നാരായണനെ) |
| യഥാ | എന്നവിധം |
| സബലം | ബലരാമനോടൊന്നിച്ചുള്ള |
| കൃഷ്ണം | ശ്രീകൃഷ്ണനെ |
| പ്രപന്നാഃ | ശരണം പ്രാപിച്ചുകൊണ്ടു് |
| ഊചുഃ ച | ഗോപന്മാർ പറകയും ചെയ്തു. |

കൃഷ്ണ കൃഷ്ണ മഹാവീര ഹേ രാമാമിതവിക്രമ
ദാവാഗ്നിനാ ദഹ്യമാനാൻ പ്രപന്നാംസ്ത്രാതുമർഹഥഃ. 9

| | |
|---|---|
| മഹാവീര | "വീര്യശാലിൻ, |
| കൃഷ്ണ കൃഷ്ണ | കൃഷ്ണ! കൃഷ്ണ! |
| അമിതവിക്രമ | അനന്തപരാക്രമനിധേ, |
| ഹേ രാമ | ഹേ രാമ! |
| ദാവാഗ്നിനാ | കാട്ടുതീയ്യാൽ |
| ദഹ്യമാനാൻ | ദഹിക്കപ്പെട്ടുകൊണ്ടു് |
| പ്രപന്നാൻ | ശരണം പ്രാപിച്ചിരിക്കുന്ന |
| ത്രാതും അർഹഥഃ | ഞങ്ങളെ രക്ഷിക്കണേ! |

നൂനം ത്വദ്ബാന്ധവാഃ കൃഷ്ണ ന ചാർഹന്ത്യവസീദിതും
വയം ഹി സർവ്വധർമ്മജ്ഞ ത്വന്നാഥാസ്ത്വത്പരായണാഃ. 10

| | |
|---|---|
| സർവ്വധർമ്മജ്ഞ | "എല്ലാ ധർമ്മങ്ങളേയും അറിഞ്ഞിരിക്കുന്ന |
| കൃഷ്ണ | അല്ലയോ കൃഷ്ണ! |
| ത്വദ്ബാന്ധവാഃ | നിന്റെബന്ധുജനങ്ങൾ |
| അവസീദിതും | കഷ്ടപ്പെടുവാൻ |
| നൂനം ച | നിശ്ചയമായും |
| ന അർഹന്തി | അർഹിക്കുന്നില്ല. |
| വയം | ഞങ്ങൾ |
| ത്വന്നാഥാഃ | നീതന്നെ രക്ഷിതാവായുള്ളവരും, |
| ത്വത്പരായണാഃ ഹി | നീതന്നെ ആശ്രയമായുള്ളവരും ആകുന്നുവല്ലോ." |

[* ഈ കാട്ടുതീയ്യ് പ്രലംബന്റെ ബന്ധുവായ ഒരസുരനാണെന്നു് ചിലർ വ്യാഖ്യാനിക്കാറുണ്ടു്.]

ശ്രീശുക ഉവാച । = ശ്രീശുകൻ പറഞ്ഞു :—

വചോ നിശമ്യ കൃപണം ബന്ധൂനാം ഭഗവാൻ ഹരിഃ
നിമീലയത മാ ഭൈഷ്ട ലോചനാനീത്യഭാഷത. 11

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനായ | വചഃ നിശമ്യ | വചനം കേട്ട് |
| ഹരിഃ | ശ്രീകൃഷ്ണൻ | മാ ഭൈഷ്ട | 'നിങ്ങൾ പേടിക്കേണ്ട, |
| ബന്ധൂനാം | ബന്ധുക്കളുടെ | ലോചനാനി നിമീലയത | കണ്ണടച്ചുകൊൾവിൻ.' |
| കൃപണം | ദയനീയമായ | ഇതി അഭാഷത | എന്നിങ്ങനെ പറഞ്ഞു. |

തഥേതി മീലിതാക്ഷേഷു ഭഗവാനഗ്നിമുല്ബണം
പീത്വാ മുഖേന താൻ കൃച്ഛ്രാദ്യോഗാധീശോ വ്യമോചയത്. 12

| | | | |
|---|---|---|---|
| തഥാ ഇതി | 'ശരി' എന്നു പറഞ്ഞ് | അഗ്നിം മുഖേന | അഗ്നിയെ വായകൊണ്ട് |
| മീലിതാക്ഷേഷു | അവർ കണ്ണടച്ചപ്പോൾ | പീത്വാ | പാനം ചെയ്ത് |
| യോഗാധീശഃ | യോഗേശ്വരനായ | താൻ | അവരെയെല്ലാം |
| ഭഗവാൻ | ശ്രീകൃഷ്ണൻ | കൃച്ഛ്രാത് | ആപത്തിൽനിന്ന് |
| ഉല്ബണം | അത്യുഗ്രമായ | വ്യമോചയത് | മോചിപ്പിച്ചു. |

തതശ്ച തേऽക്ഷീണ്യുന്മീല്യ പുനർഭാണ്ഡീരമാപിതാഃ
നിശാമ്യ വിസ്മിതാ ആസന്നാത്മാനം ഗാശ്ച മോചിതാഃ. 13

| | | | |
|---|---|---|---|
| തതഃ ച | അതിൽപ്പിന്നെ | ഉന്മീല്യ | തുറന്ന് |
| തേ പുനഃ | അവർ വീണ്ടും | ആത്മാനം | തങ്ങളേയും |
| ഭാണ്ഡീരം | ഭാണ്ഡീരമെന്ന ആൽവൃക്ഷത്തിന്റെ ചുവട്ടിലേക്ക | ഗാഃ ച | പശുക്കളേയും |
| | | മോചിതാഃ | മോചിതരായി |
| ആപിതാഃ | എത്തിക്കപ്പെട്ടവരായിട്ട്, | നിശാമ്യ | കണ്ട് |
| അക്ഷീണി | കൺകളെ | വിസ്മിതാഃ ആസൻ | അത്ഭുതപ്പെട്ടു. |

കൃഷ്ണസ്യ യോഗവീര്യം തദ്യോഗമായാനുഭാവിതം
ദാവാഗ്നേരാത്മനഃ ക്ഷേമം വീക്ഷ്യ തേ മേനിരേऽമരം. 14

| | | | |
|---|---|---|---|
| ദാവാഗ്നേഃ | കാട്ടുതീയിൽനിന്ന് | തത് യോഗവീര്യം | ആ യോഗമഹിമയാണെന്ന് |
| ആത്മനഃ ക്ഷേമം | തങ്ങൾക്കുണ്ടായ രക്ഷ | വീക്ഷ്യ തേ | കണ്ട്, അവർ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ | അമരം മേനിരേ | ശ്രീകൃഷ്ണനെ മരണധർമ്മമില്ലാത്ത ഈശ്വരനാണെന്ന് വിചാരിച്ചു. |
| യോഗമായാനുഭാവിതം | യോഗമായയാൽ സാധിക്കപ്പെട്ടതായ | | |

ഗാഃ സന്നിവർത്ത്യ സായാഹ്നേ സഹരാമോ ജനാർദ്ദനഃ
വേണും വിരണയൻ ഗോഷ്ഠമഗാദ്ഗോപൈരഭിഷ്ടുതഃ. 15

| | | | |
|---|---|---|---|
| ജനാർദ്ദനഃ | ശ്രീകൃഷ്ണൻ | അഭിഷ്ടുതഃ | പാടിപ്പുകഴ്ത്തപ്പെട്ടവനായി |
| സഹരാമഃ | ബലരാമനോടുകൂടെ | വേണും | ഓടക്കുഴലിനെ |
| സായാഹ്നേ | വൈകുന്നേരം | വിരണയൻ | ഉച്ചത്തിൽവിളിച്ചുകൊണ്ട് |
| ഗാഃ | പശുക്കളെ | ഗോഷ്ഠം | ഗോകുലത്തിലേക്ക |
| സന്നിവർത്ത്യ | തിരിച്ചാട്ടിത്തെളിച്ച്, | അഗാത് | പോയി. |
| ഗോപൈഃ | ഗോപന്മാരാൽ | | |

ഗോപീനാം പരമാനന്ദ ആസീദ്ഗോവിന്ദദർശനേ
ക്ഷണം യുഗശതമിവ യാസാം യേന വിനാഽഭവത്. 16

| | | | |
|---|---|---|---|
| യാസാം | യാതൊരുവൎക്ക് | ഗോപീനാം | ആ ഗോപികമാൎക്ക് |
| യേന വിനാ | യാതൊരുവനോടുകൂടാതെ | ഗോവിന്ദദർശനേ | ആ ഗോവിന്ദന്റെ ദർശനത്തിൽ |
| ക്ഷണം | ഒരു നിമിഷനേരം | | |
| യുഗശതം ഇവ | അനേകയുഗംപോലെ | പരമാനന്ദഃ | അത്യാനന്ദം |
| അഭവത് | ആയിരുന്നുവോ, | ആസീത് | സംഭവിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ദാവാഗ്നിപാനനിരൂപണംനാമ ഏകോനവിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 861.

## വിംശോഽദ്ധ്യായഃ—ഇരുപതാമദ്ധ്യായം.

[ വിംശേ പ്രാവട്ശരദ്ഭാവവർണ്ണനേന വനോചിതാഃ
പ്രാവൃട്ക്രീഡാ നിരൂപ്യന്തേ ഗോപരാമയുജോ ഹരേഃ. ]

(വർഷർത്തുവിന്റേയും ശരദൃതുവിന്റേയും വർണ്ണനകളും, ഭഗവാന്റെ വർഷകാലീന വനക്രീഡകളും എന്നിവയുടെ നിരൂപണം.)

**ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—**

തയോസ്തദദ്ഭുതം കർമ്മ ദാവാഗ്നേർമ്മോക്ഷമാത്മനഃ
ഗോപാഃ സ്ത്രീഭ്യഃ സമാചഖ്യുഃ പ്രലംബവധമേവ ച. 1

| | | | |
|---|---|---|---|
| ദാവാഗ്നേഃ | കാട്ടുതീയ്യിൽനിന്ന് | തത് | അപ്രകാരമുള്ള |
| ആത്മനഃ | തങ്ങൾക്ക | അദ്ഭുതം കർമ്മ | അത്ഭുതകർമ്മത്തെ |
| മോക്ഷം | മോചനമുണ്ടാക്കിയതും, | ഗോപാഃ | ഗോപന്മാർ |
| പ്രലംബവധം ഏവ ച | പ്രലംബാസുരനെ വധിച്ചുകളഞ്ഞതും ആയ | സ്ത്രീഭ്യഃ | ഗോപസ്ത്രീകളോട് |
| തയോഃ | അവരിരുവരുടേയും | സമാചഖ്യുഃ | വിസ്തരിച്ചുപറഞ്ഞു. |

ഗോപവൃദ്ധാശ്ച ഗോപ്യശ്ച തദുപാകർണ്ണ്യ വിസ്മിതാഃ
മേനിരേ ദേവപ്രവരൗ കൃഷ്ണരാമൗ വ്രജം ഗതൌ. 2

| | | | |
|---|---|---|---|
| തത് ഉപാകർണ്ണ്യ | അതുകേട്ടിട്ട് | വ്രജം | ഗോകുലത്തിലേക്ക് |
| വിസ്മിതാഃ | അത്ഭുതപ്പെട്ടവരായ | ഗതൌ | ഇറങ്ങിവന്ന |
| ഗോപവൃദ്ധാഃ ച | ഗോപവൃദ്ധന്മാരും | ദേവപ്രവരൗ | രണ്ടുദേവശ്രേഷ്ഠന്മാരെന്ന് |
| ഗോപ്യഃ ച | ഗോപികമാരും | മേനിരേ | വിചാരിച്ചു. |
| കൃഷ്ണരാമൗ | കൃഷ്ണനേയും രാമനേയും | | |

തതഃ പ്രാവർത്തത പ്രാവൃട് സർവ്വസത്ത്വസമുദ്ഭവാ
വിദ്യോതമാനപരിധിർവ്വിസ്ഫൂർജ്ജിതനഭസ്തലാ. 3

| | | | |
|---|---|---|---|
| തതഃ | അനന്തരം | വിസ്ഫൂർജ്ജിത-നഭസ്തലാ | ഇടിമുഴക്കത്താൽ ക്ഷോഭിച്ച ആകാശത്തോടുകൂടിയതുമായ |
| സർവ്വസത്ത്വ-സമുദ്ഭവാ | സമസ്തജീവരാശികളുടേയും വളർച്ചയ്ക്കുതകുന്നതും, | പ്രാവൃട് | മഴക്കാലം |
| വിദ്യോതമാന-പരിധിഃ | മിന്നലൊളിയാൽ തിളങ്ങുന്ന ദിങ്മണ്ഡലത്തോടുകൂടിയതും, | പ്രാവർത്തത | തുടങ്ങി. |

സാന്ദ്രനീലാംബുദൈർവ്വ്യോമ സവിദ്യുത്സ്തനയിത്നുഭിഃ
അസ്പഷ്ടജ്യോതിരാച്ഛന്നം ബ്രഹ്മേവ സഗുണം ബഭൗ. 4

| | | | |
|---|---|---|---|
| സവിദ്യുത്-സ്തനയിത്നുഭിഃ | മിന്നലും ഇടിമുഴക്കവും ചേർന്നിട്ടുള്ള | അസ്പഷ്ട-ജ്യോതിഃ വ്യോമ | കാന്തിമങ്ങിയ ജ്യോതിർഗ്ഗോളങ്ങളോടുചേർന്നും ഇരിക്കുന്ന ആകാശം |
| സാന്ദ്ര-നീലാംബുദൈഃ | തിങ്ങിയ കാർകൊണ്ടലാൽ | സഗുണം | സത്വാദിഗുണയുക്തമായ |
| ആച്ഛന്നം | മറയ്ക്കപ്പെട്ടുകൊണ്ടും | ബ്രഹ്മ ഇവ | ജീവാത്മാവുപോലെ |
| | | ബഭൗ | ശോഭിച്ചു. |

(നോട്ട്:— മിന്നലും, ഇടിയും, കാറും, ചേർന്ന ആകാശം സത്വം, രജസ്സ്, തമസ്സ്, എന്നീ ഗുണങ്ങളും ചേർന്ന ജീവാത്മാവുപോലെയാണെന്നു സാരം.)

അഷ്ടൌ മാസാൻ നിപീതം യദ് ഭൂമ്യാശ്ചോദമയം വസു
സ്വഗോഭിർമ്മോക്തുമാരേഭേ പർജ്ജന്യഃ കാല ആഗതേ. 5

| | | | |
|---|---|---|---|
| പർജ്ജന്യഃ | ആദിത്യൻ | വസു യത് ച | സമ്പത്ത് യാതൊന്നൊ, അതിനെത്തന്നെ |
| സ്വഗോഭിഃ | തന്റെ കിരണങ്ങളാൽ | കാലേ ആഗതേ | തക്കതായ കാലം എത്തിയപ്പോൾ |
| അഷ്ടൗ മാസാൻ | എട്ടുമാസം മുഴുവൻ | മോക്തും | വിതരണം ചെയ്യുവാൻ |
| നിപീതം | കുടിക്കപ്പെട്ട | ആരേഭേ | ആരംഭിച്ചു |
| ഭൂമ്യാഃ | ഭൂമിയുടെ | | |
| ഉദമയം | ജലമയമായ | | |

(നോട്ട്:— സമുദ്രാദിജലാശയങ്ങളിൽനിന്ന് ജലം സംഭരിച്ച് അതിനെ വേണ്ട കാലത്ത് സർവ്വവ്യാപകമായി വിതരണം ചെയ്യുന്ന ആദിത്യൻ പ്രജകളിൽനിന്ന് കരം പിരിച്ചെടുത്ത് ദുർഭിക്ഷാദികാലത്തു പ്രജാക്ഷേമത്തിന്നായിത്തന്നെ ആ ധനത്തെ ഉപയോഗപ്പെടുത്തുന്ന ഉത്തമരാജാവിനെപ്പോലെയാണെന്നുള്ള സാദൃശ്യം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.)

തഡിത്വന്തോ മഹാമേഘാശ്ചണ്ഡശ്വസനവേപിതാഃ
പ്രീണനം ജീവനം ഹ്യസ്യ മുമുചുഃ കരുണാ ഇവ. 6

| | |
|---|---|
| കരുണാഃ ഇവ | കാരുണികന്മാരായ ജനങ്ങളെന്നവിധം |
| മഹാമേഘാഃ | മഹാമേഘങ്ങൾ |
| തഡിത്വന്തഃ | മിന്നൽപ്പിണരോടു കൂടിയവരായും |
| ചണ്ഡശ്വസന-വേപിതാഃ | കൊടുങ്കാററാൽ ചലിക്കപ്പെട്ടവയായുംഭവിച്ചു |
| അസ്യ | ഈ ലോകത്തിന്നു് |
| പ്രീണനം | പ്രീതികരമായ |
| ജീവനം | ജലത്തെ |
| മുമുചുഃ ഹി | വർഷിച്ചു. |

(നോട്ട്:—കരുണയുള്ളവർ സന്തപ്തരായ ജനങ്ങളെക്കണ്ടു് അനുകമ്പയോടെ സ്വജീവസന്ധാരണത്തിന്നുള്ള ഭക്ഷണപാനീയങ്ങളെക്കൂടികൊടുത്തു് അവരെ സംതൃപ്തരാക്കുന്നു. മഹാമേഘങ്ങളും സന്തപ്തലോകത്തെ തുമിന്നൽക്കണ്ണുകളാൽ കണ്ടു്, കൊടുങ്കാററാൽ അനുകമ്പയാൻ പ്രീതികരമായ ജീവനത്തെ (വെള്ളത്തെ) വർഷിച്ചുകൊടുക്കുന്നു. അതിനാൽ മഹാമേഘങ്ങളെ കാരുണികന്മാരോടു സാദൃശ്യപ്പെടുത്താം.)

തപഃകൃശാ ദേവമീഢാ ആസീദ്വർഷീയസീ മഹീ
യഥൈവ കാമ്യതപസസ്തനുഃ സംപ്രാപ്യ തത്ഫലം. 7

| | |
|---|---|
| തപഃകൃശാ | വേനൽച്ചൂടിനാൽ വരണ്ടിരുന്നതും, |
| ദേവമീഢാ | ഇപ്പോൾ പർജ്ജന്യദേവനാൽ നനയ്ക്കപ്പെട്ടതുമായ |
| മഹീ | ഭൂമി |
| കാമ്യതപസഃ | ഒരു ഉദ്ദിഷ്ടകാര്യം സാധിപ്പാനായി തപസ്സനുഷ്ഠിച്ച ഒരുവൻെറ |
| തനുഃ | ശുഷ്കശരീരം |
| തത്ഫലം | അതിൻെറ ഫലത്തെ |
| സംപ്രാപ്യ | പ്രാപിച്ചശേഷം |
| യഥാ ഏവ | എപ്രകാരം പരിപുഷ്ടമായിത്തീരുന്നുവോ, അപ്രകാരത്തിൽത്തന്നെ |
| വർഷീയസീ | പരിപുഷ്ടമായിട്ടു് |
| ആസീത് | ഭവിച്ചു. |

നിശാമുഖേഷു ഖദ്യോതാസ്തമസാ ഭാന്തി ന ഗ്രഹാഃ
യഥാ പാപേന പാഖണ്ഡാ ന ഹി വേദാഃ കലൌ യുഗേ. 8

| | |
|---|---|
| കലൌ യുഗേ | കലികാലത്തിൽ |
| പാപേന | വിവേകത്തെ മറയ്ക്കുന്ന അജ്ഞാനം കൊണ്ടുണ്ടായ പാപത്താൽ |
| പാഖണ്ഡാഃ | വേദവിരുദ്ധങ്ങളായ പാഷണ്ഡശാസ്ത്രങ്ങൾ |
| ഭാന്തി | ശോഭിക്കുന്നു; |
| വേദാഃ ന | വേദങ്ങൾ ശോഭിക്കാതിരിക്കുന്നു; |
| യഥാ ഹി | ഇതേതുപോലെയോ, അതുപോലെ |
| നിശാമുഖേഷു തമസാ | മഴക്കാലത്തെ രാത്രികാലങ്ങളിൽ നിത്യസിദ്ധങ്ങളായ ഗ്രഹങ്ങളെ മറയ്ക്കുന്ന മഴക്കാറുകൊണ്ടുണ്ടായ ഇരുട്ടിനാൽ |
| ഖദ്യോതാഃ | മിന്നാമിനുങ്ങുകൾ പ്രകാശിക്കുന്നു |
| ഗ്രഹാഃ ന | ചന്ദ്രാദിഗ്രഹങ്ങൾ പ്രകാശിക്കാതെയും ഇരിക്കുന്നു. |

ശ്രുത്വാ പർജ്ജന്യനിനദം മണ്ഡൂകാ വ്യസൃജൻ ഗിരഃ
തൂഷ്ണീം ശയാനാഃ പ്രാഗ്യദ്വദ്ബ്രാഹ്മണാ നിയമാത്യയേ. 9

| | | | |
|---|---|---|---|
| പ്രാക് തൂഷ്ണീം | ആദ്യം മിണ്ടാതെ | ബ്രാഹ്മണാഃ | ബ്രഹ്മചാരികൾ |
| ശയാനാഃ | കിടന്നിരുന്ന | നിയമാത്യയേ | നിത്യകർമ്മം കഴിഞ്ഞതിൽപ്പിന്നെ ഗുരുവിന്റെ ആജ്ഞാശബ്ദംകേട്ട് വേദാദ്ധ്യയനഘോഷം ആരംഭിക്കുന്നുവോ, അതുപോലെ |
| മണ്ഡൂകാഃ | തവളകൾ | | |
| പർജ്ജന്യനിനദം | മേഘത്തിന്റെ ഗർജ്ജനം | | |
| ശ്രുത്വാ | കേട്ടപ്പോൾ, | | |
| യദ്വത് | ഏതുപ്രകാരം | ഗിരഃ വ്യസൃജൻ | ശബ്ദിച്ചുതുടങ്ങി. |

ആസന്നുത്പഥവാഹിന്യഃ ക്ഷുദ്രനദ്യോഽനുശുഷ്യതീഃ
പുംസോ യഥാഽസ്വതന്ത്രസ്യ ദേഹദ്രവിണസമ്പദഃ. 10

| | | | |
|---|---|---|---|
| അസ്വതന്ത്രസ്യ | ഇന്ദ്രിയാധീനനായി തോന്നിയവിധം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന | ഉത്പഥ-വാഹിന്യഃ | മഴപെയ്തുകൊണ്ടിരിക്കെ, കരകവിഞ്ഞ് ഒഴുകിപ്പോകാറുള്ള |
| പുംസഃ | പുരുഷന്റെ | ക്ഷുദ്രനദ്യഃ | നിസ്സാരനദികൾ |
| ദേഹദ്രവിണ-സമ്പദഃ | ദേഹപുഷ്ടിയും ധനപുഷ്ടിയും | അനുശുഷ്യതീഃ | മഴതോരുമ്പോൾ, ക്രമത്തിൽ വെള്ളം വറ്റിപ്പോകുന്നവയായിട്ട് |
| യഥാ | അനുക്രമം ക്ഷയിച്ചുപോകുന്നപോലെ | ആസൻ | ഭവിച്ചു. |

ഹരിതാ ഹരിഭിഃ ശഷ്പൈരിന്ദ്രഗോപൈശ്ച ലോഹിതാ
ഉച്ഛിലീന്ധ്രകൃതച്ഛായാ നൃണാം ശ്രീരിവ ഭൂരഭൂത്. 11

| | | | |
|---|---|---|---|
| ഹരിഭിഃ ശഷ്പൈഃ | പച്ച ഇളംപുല്ലുകളാൽ | ഉച്ഛിലീന്ധ്ര-കൃതച്ഛായാ ഭൂഃ | അങ്ങുമിങ്ങും മുളച്ചുനില്ക്കുന്ന കൂണുകളാൽ വെൺമയുണ്ടാക്കപ്പെട്ടതായും ഇരിക്കുന്ന ഭൂമി |
| ഹരിതാ | പച്ചനിറത്തോടുകൂടിയതായും, | | |
| ഇന്ദ്രഗോപൈഃ | ഒരുതരം ചുവന്ന പുഴുക്കളാൽ | നൃണാം | രാജാക്കന്മാരുടെ |
| ലോഹിതാ ച | ചുവപ്പുനിറത്തോടുകൂടിയതായും, | ശ്രീഃ ഇവ | സേനാസമ്പത്തുപോലെ |
| | | അഭൂത് | ഭവിച്ചു. |

(നോട്ട്: — പച്ച, ചുവപ്പ്, വെളുപ്പ് എന്നീ മൂന്നു വർണ്ണങ്ങളുള്ളതായ ഉടുപ്പു ധരിച്ചിരിക്കുന്ന രാജാക്കന്മാരുടെ കാലാൾപ്പടയോടു ഭൂമിയെ സാദൃശ്യപ്പെടുത്തിയിരിക്കയാണ്.)

ക്ഷേത്രാണി സസ്യസമ്പദ്ഭിഃ കർഷകാണാം മുദം ദദുഃ
ധനിനാമുപതാപം ച ദൈവാധീനമജാനതാം. 12

| | | | |
|---|---|---|---|
| ക്ഷേത്രാണി | കൃഷിനിലങ്ങൾ | മുദം | സന്തോഷത്തെ |
| സസ്യസമ്പദ്ഭിഃ | സസ്യസമൃദ്ധികളാൽ | | |
| കർഷകാണാം | കൃഷിക്കാർക്ക് | ദദുഃ | നല്കി. |

| | | | |
|---|---|---|---|
| ദൈവാധീനം | എല്ലാം ഈശ്വരാധീനമെന്നു് | ധനിനാം | സ്വധനാഭിമാനികളായ അവർക്കുതന്നെ |
| അജ്ഞാനതാം | മനസ്സിലാക്കാതെയുള്ള | ഉപതാപം ച | സങ്കടത്തേയും നല്കി. |

(നോട്ടു്:— വർഷഗുണംകൊണ്ടു് കൃഷിഭൂമികൾ സസ്യസമൃദ്ധങ്ങളാവുമ്പോൾ കർഷകന്മാർ സന്തോഷിക്കുന്നു. എന്നാൽ, ദൈവാധീനതയിൽ വിശ്വാസമില്ലാത്തതുകൊണ്ടായിരിക്കണം, ചിലപ്പോൾ വർഷദോഷംകൊണ്ടുള്ള സങ്കടവും അവർക്ക് നേരിടുന്നതു്.)

ജലസ്ഥലൌകസഃ സർവ്വേ നവവാരിനിഷേവയാ
അബിഭ്രദ്രുചിരം രൂപം യഥാ ഹരിനിഷേവയാ. 13

| | | | |
|---|---|---|---|
| ഹരി-നിഷേവയാ | ശ്രീഹരിയുടെ പാദസേവകൊണ്ടു് | ജല-സ്ഥലൌകസഃ | വെള്ളത്തിലും കരയിലും വസിക്കുന്ന |
| യഥാ | ഏതുവിധമോ, ആവിധം | സർവ്വേ | എല്ലാ പ്രാണിവർഗ്ഗങ്ങളും |
| | | രുചിരം | പ്രസന്നമായ |
| നവവാരി-നിഷേവയാ | പുതുജലത്തെ സേവിച്ചതുകൊണ്ടു് | രൂപം | സ്വരൂപത്തെ |
| | | അബിഭ്രത് | ധരിച്ചു. |

സരിദ്ഭിഃ സംഗതഃ സിന്ധുശ്ചുക്ഷുഭേ ശ്വസനോർമ്മിമാൻ
അപക്വയോഗിനശ്ചിത്തം കാമാക്തം ഗുണയുഗ്യഥാ. 14

| | | | |
|---|---|---|---|
| അപക്വ-യോഗിനഃ | പരിപാകം വന്നിട്ടില്ലാത്ത ഒരു യോഗിയുടെ | ശ്വസനോ-ർമ്മിമാൻ | കാററിനാൽ ഉണ്ടാക്കപ്പെട്ട തിരമാലകളോടു കൂടിയതും, |
| കാമാക്തം | കാമവാസനായുക്തവും, | | |
| ഗുണയുക് | വിഷയാസക്തവും ആയ | സരിദ്ഭിഃ | നദികളോടു് |
| ചിത്തം | മനസ്സ് | സംഗതഃ | കൂടിച്ചേർന്നതും ആയ |
| യഥാ | ഏതുപ്രകാരം ഇളകുന്നുവോ, അതുപോലെ | സിന്ധുഃ | സമുദ്രം |
| | | ചുക്ഷുഭേ | ഇളകിമറിഞ്ഞു. |

ഗിരയോ വർഷധാരാഭിർഹന്യമാനാ ന വിവ്യഥുഃ
അഭിഭൂയമാനാ വ്യസനൈര്യഥാഽധോക്ഷജചേതസഃ. 15

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | അഭിഭൂയമാനാഃ | ബാധിക്കപ്പെട്ടിരുന്നാൽ കൂടിയും കലുങ്ങുന്നില്ലയോ, അപ്രകാരം |
| അധോക്ഷജ-ചേതസഃ | ഭഗവാനിൽത്തന്നെ മനസ്സുവെച്ചുകൊണ്ടിരിക്കുന്നവർ | ഗിരയഃ | മലകൾ |
| | | വർഷധാരാഭിഃ | വർഷധാരകളാൽ |
| | | ഹന്യമാനാഃ | അടിക്കപ്പെട്ടിരുന്നിട്ടും |
| വ്യസനൈഃ | താപത്രയത്താൽ | ന വിവ്യഥുഃ | കലുങ്ങിയില്ല. |

മാർഗ്ഗാ ബഭൂവുഃ സന്ദിഗ്ദ്ധാസ്തൃണൈശ്ഛന്നാ ഹ്യസംസ്കൃതാഃ
നാഭ്യസ്യമാനാ [illegible] ദ്വിജൈഃ കാലഹതാ ഇവ. 16

ദ്വിജൈഃ ബ്രാഹ്മണരാൽ, പഠിക്കപ്പെട്ടിരുന്നാലുംകൂടി,
ശ്രുതയഃ വേദങ്ങൾ
നാഭ്യസ്യമാനാഃ നിത്യേന പരിശീലിക്കപ്പെടാത്തവയാകുമ്പോൾ
കാലഹതാഃ ഇവ കാലംകൊണ്ടു വിസ്മൃതങ്ങളായിട്ട് സംശയാസ്പദങ്ങളായിത്തീരുന്നപോലെ
തൃണൈഃ ഛന്നാഃ പുല്ലുകളാൽ മൂടപ്പെട്ട്
അസംസ്കൃതാഃ കാൽപ്പെരുമാററം ഇല്ലാതെ തൂർന്നുപോയിരിക്കുന്ന
മാർഗ്ഗാഃ വഴികൾ
സന്ദിഗ്ദ്ധാഃ ഹി സംശയാസ്പദങ്ങളായിട്ടുതന്നെ
ബഭൂവുഃ ഭവിച്ചു.

ലോകബന്ധുഷു മേഘേഷു വിദ്യുതശ്ചലസൌഹൃദാഃ
സ്ഥൈര്യം ന ചക്രുഃ കാമിന്യഃ പുരുഷേഷു ഗുണിഷ്വിവ. 17

ചലസൌഹൃദാഃ സ്ഥിരമായ ഭർത്തൃസ്നേഹമില്ലാത്ത
കാമിന്യഃ കാമുകിമാർ
ഗുണിഷു ഗുണവാന്മാരായ
പുരുഷേഷു പുരുഷന്മാരിലും
ഇവ ഉറച്ചുനില്ക്കാത്തതുപോലെ
വിദ്യുതഃ മിന്നൽപ്പിണരുകൾ
ലോകബന്ധുഷു പരോപകാരികളായ
മേഘേഷു മേഘങ്ങളിലും
സ്ഥൈര്യം ന ചക്രുഃ } ഉറച്ചുനിന്നില്ല.

ധനുർവ്വിയതി മാഹേന്ദ്രം നിർഗ്ഗുണം ച ഗുണിന്യഭാത്
വ്യക്തേ ഗുണവ്യതികരേഽഗുണവാൻ പുരുഷോ യഥാ. 18

ഗുണവ്യതികരേ സത്വാദിഗുണങ്ങളുടെ സമ്മേളനത്തോടുകൂടിയ
വ്യക്തേ പ്രപഞ്ചത്തിൽ
അഗുണവാൻ നിർഗ്ഗുണനായ
പുരുഷഃ ആത്മാവ്
യഥാ ഏതുവിധം പ്രതിഭാസിക്കുന്നുവോ, അതുപോലെ
ഗുണിനി ശബ്ദഗുണമുള്ളതായ
വിയതി ആകാശത്തിൽ
നിർഗ്ഗുണം ഗുണം (ഞാൺ) ഇല്ലാത്ത
മാഹേന്ദ്രം ധനുഃ ച } ഇന്ദ്രചാപവും (മഴവില്ല്)
അഭാത് ശോഭിച്ചു.

ന രരാജോഡുപശ്ഛന്നഃ സ്വജ്യോത്സ്നാരാജിതൈർഘനൈഃ
അഹംമത്യാ ഭാസിതയാ സ്വഭാസാ പുരുഷോ യഥാ. 19

യഥാ എപ്രകാരം
സ്വഭാസാ സ്വചൈതന്യംകൊണ്ടുതന്നെ
ഭാസിതയാ പ്രകാശിതമായിരിക്കുന്ന
അഹംമത്യാ അഹംബുദ്ധിയാൽ മറയ്ക്കപ്പെട്ട
പുരുഷഃ ജീവാത്മാവ് തെളിവില്ലാതിരിക്കുന്നുവോ അപ്രകാരം
സ്വജ്യോത്സ്നാരാജിതൈഃ } സ്വകിരണങ്ങളാൽ പ്രകാശിതമായിരിക്കുന്ന
ഘനൈഃ മേഘങ്ങളാൽ
ഛന്നഃ ആച്ഛാദിതനായപോലെ കാണപ്പെടുന്ന
ഉഡുപഃ ചന്ദ്രൻ
ന രരാജ തെളിഞ്ഞിരുന്നില്ല.

മേഘാഗമോത്സവാ ഹൃഷ്ടാഃ പ്രത്യനന്ദഞ്ശിഖണ്ഡിനഃ
ഗൃഹേഷു തപ്താ നിർവ്വിണ്ണാ യ[...]നാഗമേ. 20

ഗൃഹേഷു  കുടുംബത്തിലിരുന്നുകൊണ്ട്
തപ്താഃ  താപത്രയത്താൽ പരിതപ്തരായി
നിർവ്വിണ്ണാഃ  നിർവ്വേദം അനുഭവിക്കുന്ന ജനങ്ങൾ
അച്യുതജനാഗമേ  ഭഗവൽഭക്തന്മാരുടെ ആഗമനവേളയിൽ
യഥാ  സന്തോഷംകൊള്ളുന്നതെപ്രകാരമോ, അപ്രകാരം

ശിഖണ്ഡിനഃ  (വേനൽച്ചൂടുകൊണ്ടു വലഞ്ഞിരുന്ന) മയിലുകൾ
മേഘാഗമോത്സവാഃ  മേഘാഗമനത്താൽ അത്യുത്സാഹം കയറിക്കൊണ്ട്
ഹൃഷ്ടാഃ  സന്തോഷത്തോടു കൂടിയവയായി
പ്രത്യനന്ദൻ  ആനന്ദനൃത്തം ചെയ്തു.

പീത്വാപഃ പാദപാഃ പദ്ഭിരാസന്നാനാത്മമൂർത്തയഃ
പ്രാക് ക്ഷാമാസ്തപസാ ശ്രാന്താ യഥാ കാമാനുസേവയാ. 21

തപസാ  തപോനുഷ്ഠാനംകൊണ്ട്
പ്രാക്  ആദ്യത്തിൽ
ക്ഷാമാഃ  ദേഹം മെലിഞ്ഞ്
ശ്രാന്താഃ  തളർന്നിരുന്നവർ
കാമാനുസേവയാ  ഇഷ്ടസുഖാനുഭവത്താൽ
യഥാ  ഏതുപ്രകാരം
നാനാത്മമൂർത്തയഃ  സർവ്വാംഗപുഷ്ടിയോടുകൂടിയവരായിത്തീരുന്നുവോ, അപ്രകാരം

പാദപാഃ  (വേനൽച്ചൂടുകൊണ്ട് മുമ്പ് ഉണങ്ങിപ്പോയപോലെ നിന്നിരുന്ന) മരങ്ങൾ
പദ്ഭിഃ  വേരുകൾ വഴിയായി
അപഃ പീത്വാ  വെള്ളം കുടിച്ച്
(നാനാത്മമൂർത്തയഃ) ആസൻ  തളിർത്തും, പൂത്തും, കായകൾ നിറഞ്ഞും സർവ്വാംഗപുഷ്ടിയോടുകൂടിയവയായി ഭവിച്ചു.

സരസ്സ്വശാന്തരോധസ്സ ന്യൂഷുരംഗാപി സാരസാഃ
ഗൃഹേഷ്വശാന്തകൃത്യേഷു ഗ്രാമ്യാ ഇവ ദുരാശയാഃ. 22

അംഗ  പ്രിയപ്പെട്ട മഹാരാജാവേ!
അശാന്തകൃത്യേഷു  സമാധാനക്കേടുണ്ടാക്കുന്ന നാനാകർത്തവ്യങ്ങളോടുകൂടിയ
ഗൃഹേഷു  ഗൃഹങ്ങളിൽ
ദുരാശയാഃ  ദുഷിച്ച വിഷയാശയുള്ള
ഗ്രാമ്യാഃ ഇവ  മൂഢഗൃഹസ്ഥന്മാർ നിവസിക്കുന്നപോലെ

അശാന്തരോധസ്സു  ചേറും ചളിയും നിറഞ്ഞ തീരസ്ഥലങ്ങളോടുകൂടിയ
സരസ്സു അപി  തടാകങ്ങളിൽക്കൂടി
സാരസാഃ  വണ്ടാരംകോഴി മുതലായ പക്ഷികൾ
ന്യൂഷുഃ  വസിച്ചിരുന്നു.

ജലൌഘൈർന്നിരഭിദ്യന്ത സേതവോ വർഷതീശ്വരേ
പാഖണ്ഡിനാമസദ്വാദൈർവ്വേദമാർഗ്ഗാഃ കലൌ യഥാ. 23

പാഖണ്ഡിനാം  നിരീശ്വരവാദികളുടെ
അസദ്വാദൈഃ  കുതർക്കങ്ങളാൽ
കലൌ  കലികാലത്തിൽ
വേദമാർഗ്ഗാഃ  വേദനിയമങ്ങൾ
യഥാ  ഏതുവിധം തകർക്കപ്പെടുന്നുവോ, അതുപോലെ

ഈശ്വരേ  വർഷാധിപനായ ഇന്ദ്രൻ
വർഷതി  മഴ ചൊരിഞ്ഞുകൊണ്ടിരിക്കെ
ജലൌഘൈഃ  ജലപ്രവാഹങ്ങളാൽ
സേതവഃ  അണക്കെട്ടുകൾ
നിരഭിദ്യന്ത  തകർക്കപ്പെട്ടു.

വ്യമുഞ്ചൻ വായുഭിർന്നുന്നാ ഭൂതേഭ്യോഽഥാമൃതം ഘനാഃ
യഥാഽഽശിഷോ വിശ്പതയഃ കാലേ കാലേ ദ്വിജേരിതാഃ 24

| | |
|---|---|
| ദ്വിജേരിതാഃ | പുരോഹിതന്മാരാൽ പ്രേരിതരായിട്ട് |
| വിശ്പതയഃ | രാജാക്കന്മാർ |
| കാലേ കാലേ | വേണ്ട കാലങ്ങളിൽ |
| യഥാ ആശിഷഃ | ഏതുപ്രകാരം സങ്കടക്കാർക്ക് വേണ്ടതൊക്കെ കൊടുക്കുന്നുവോ, അതുപോലെ |
| വായുഭിഃ | കാറ്റുകളാൽ |
| നുന്നാഃ | തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന |
| ഘനാഃ | മേഘങ്ങൾ |
| ഭൂതേഭ്യഃ | പ്രാണിവർഗ്ഗങ്ങൾക്കെല്ലാം |
| അഥ | ഇക്കാലത്ത് |
| അമൃതം | അമൃതോപമമായ ജലം |
| വ്യമുഞ്ചൻ | കോരിച്ചൊരിഞ്ഞു. |

ഏവം വനം തദ്വർഷിഷ്ഠം പക്വഖർജ്ജൂരജംബുമത്
ഗോഗോപാലൈർവൃതോ രന്തും സബലഃ പ്രാവിശദ്ധരിഃ. 25

| | |
|---|---|
| ഏവം വർഷിഷ്ഠം | ഈ വിധം വർഷത്താൽ സമൃദ്ധമായതും, |
| പക്വഖർജ്ജൂരജംബുമത് | പഴുത്ത ഈത്തപ്പഴവും ഞാവൽപ്പഴവും നിറഞ്ഞിരിക്കുന്നതും ആയ |
| തത് വനം | ആ വൃന്ദാവനത്തിലേക്ക് |
| ഗോഗോപാലൈഃ | ഗോവൃന്ദത്താലും ഗോപസംഘത്താലും |
| വൃതഃ | പരിവൃതനായ |
| ഹരിഃ | ശ്രീകൃഷ്ണഭഗവാൻ |
| സബലഃ | ബലരാമനോടുകൂടി |
| രന്തും | കളിപ്പാനായിട്ട് |
| പ്രാവിശത് | പ്രവേശിച്ചു. |

ധേനവോ മന്ദഗാമിന്യ ഊധോഭാരേണ ഭൂയസാ
യയുർഭഗവതാഽഽഹൂതാ ദ്രുതം പ്രീത്യാ സ്നുതസ്തനീഃ. 26

| | |
|---|---|
| ഭൂയസാ | വർദ്ധിച്ച |
| ഊധോഭാരേണ | അകിട്ടിൻ കനത്താൽ |
| മന്ദഗാമിന്യഃ | മെല്ലെ നടന്നുപോകുന്ന |
| ധേനവഃ | പശുക്കൾ |
| ഭഗവതാ | ഭഗവാനാൽ |
| പ്രീത്യാ | സ്നേഹത്തോടെ |
| ആഹൂതാഃ | വിളിക്കപ്പെട്ടവയായിട്ട് |
| സ്നുതസ്തനീഃ | മുല ചുരന്നുകൊണ്ട് |
| ദ്രുതം യയുഃ | അതിവേഗത്തിൽ നടന്നു. |

വനൗകസഃ പ്രമുദിതാ വനരാജീർമ്മധുച്യുതഃ
ജലധാരാ ഗിരേർന്നാദാനാസന്നാ ദദൃശേ ഗുഹാഃ. 27

| | |
|---|---|
| വനൗകസഃ | വനവാസികൾ |
| പ്രമുദിതാഃ | സന്തുഷ്ടരായി കാണപ്പെട്ടു. |
| മധുച്യുതഃ | പൂന്തേൻ ചൊരിയുന്ന |
| വനരാജീഃ | വനസമൂഹങ്ങളേയും, |
| ഗിരേഃ | പർവ്വതത്തിൽനിന്നുള്ള |
| ജലധാരാഃ | ജലപ്രവാഹങ്ങളേയും |
| ആസന്നാഃ | സമീപത്തുള്ള |
| ഗുഹാഃ | ഗുഹകളേയും |
| ദദൃശേ | ഭഗവാൻ കണ്ടു; |
| നാദാൻ (ശുശ്രാവ) | മനോഹര ശബ്ദങ്ങളെ കേട്ടു. |

ക്വചിദ്വനസ്പതിക്രോഡേ ഗുഹായാം ചാഭിവർഷതി
നിർവ്വിശ്യ ഭഗവാൻ രേമേ കന്ദമൂലഫലാശനഃ. 28

| | |
|---|---|
| അഭിവർഷതി | മഴപെയ്തുകൊണ്ടിരിക്കെ, |
| ക്വചിത് | ചിലപ്പോൾ |
| വനസ്പതിക്രോഡേ | മരങ്ങളുടെ പൊത്തിലും |
| ഗുഹായാം ച | ചിലപ്പോൾ ഗുഹകളുള്ളിലും |
| നിർവ്വിശ്യ | കടന്നിരുന്ന് |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| കന്ദമൂല-ഫലാശനഃ | കിഴങ്ങുകളും കായ്കനികളും ഭുജിച്ചുകൊണ്ട് |
| രേമേ | വിഹരിച്ചു. |

ദധ്യോദനം സമാനീതം ശിലായാം സലിലാന്തികേ
സംഭോജനീയൈർബ്ബുഭുജേ ഗോപൈഃ സങ്കർഷണാന്വിതഃ. 29

| | |
|---|---|
| സങ്കർഷണാ-ന്വിതഃ | ബലരാമനോടൊന്നിച്ചു ചേർന്ന ശ്രീകൃഷ്ണൻ |
| സംഭോജനീയൈഃ | ഒപ്പമിരുന്നുണ്ണുവാൻ പററിയവരായ |
| ഗോപൈഃ | ഗോപന്മാരോടുകൂടി |
| സലിലാന്തികേ | ജലത്തിന്നടുത്തുള്ള |
| ശിലായാം | കൽത്തളത്തിന്മേലിരുന്നുകൊണ്ട് |
| സമാനീതം | ഗൃഹത്തിൽനിന്ന് കൊണ്ടുവന്നതായ |
| ദധ്യോദനം | ദധ്യന്നത്തെ |
| ബുഭുജേ | ഭക്ഷിച്ചു. |

ശാദ്വലോപരി സംവിശ്യ ചർവ്വതോ മീലിതേക്ഷണാൻ
തൃപ്താൻ വൃഷാൻ വത്സതരാൻ ഗാശ്ച സ്വോധോഭരശ്രമാഃ. 30
പ്രാവൃട്ശ്രിയം ച താം വീക്ഷ്യ സർവ്വഭൂതമുദാവഹാം
ഭഗവാൻ പൂജയാഞ്ചക്രേ ആത്മശക്ത്യുപബൃംഹിതാം. 31

| | |
|---|---|
| ശാദ്വലോപരി സംവിശ്യ | ഇളംപുല്ലുള്ള സ്ഥലങ്ങളിൽ കിടന്ന് |
| ചർവ്വതഃ | അയവിറക്കുന്നവയും, |
| തൃപ്താൻ | പുല്ലുതിന്നു തൃപ്തിപ്പെട്ടവയും, |
| മീലിതേ-ക്ഷണാൻ | കണ്ണടച്ചുകൊണ്ടിരിക്കുന്നവയും ആയ |
| വൃഷാൻ | കാളകളേയും, |
| വത്സതരാൻ | കാളക്കുട്ടികളേയും, |
| സ്വോധോഭര-ശ്രമാഃ | സ്വന്തം അകിടിന്റെ ഭാരംകൊണ്ടു ശ്രമപ്പെടുന്നവയായ |
| ഗാഃ ച | പശുക്കളേയും; അതോടൊപ്പംതന്നെ |
| സർവ്വഭൂത-മുദാവഹാം | സമസ്തജീവജാലങ്ങൾക്കും ആനന്ദത്തെ ജനിപ്പിക്കുന്നതും, |
| ആത്മശക്ത്യു-പബൃംഹിതാം | തന്റെ 'ആഹ്ലാദിനീ' ശക്തിയാൽ വളർത്തപ്പെട്ടതും ആയ |
| പ്രാവൃട്ശ്രിയം ച | വർഷകാലീനശോഭയേയും |
| വീക്ഷ്യ | ദർശിച്ച് |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| താം | അതിനെ |
| പൂജയാഞ്ചക്രേ | ബഹുമാനിച്ചു. |

ഏവം നിവസതോസ്തസ്മിൻ രാമകേശവയോർവ്രജേ
ശരത്സമഭവദ്വ്യഭ്രാ സ്വച്ഛാംബ്വപരുഷാനിലാ. 32

| | |
|---|---|
| ഏവം | ഇപ്രകാരം |
| രാമകേശവയോഃ | രാമകൃഷ്ണന്മാർ |
| തസ്മിൻ വ്രജേ | ആ ഗോകുലത്തിൽ |
| നിവസതോഃ | വസിക്കുന്ന കാലത്ത് |
| വ്യഭ്രാ | മഴക്കാറെല്ലാം നീങ്ങിപ്പോയതും, |
| സ്വച്ഛാംബ്വ-പരുഷാനിലാ | തെളിഞ്ഞ വെള്ളം, പ്രശാന്തമായ കാററ് എന്നിവ ചേർന്നതും ആയ |
| ശരത് സമഭവത് | ശരൽക്കാലം വന്നണഞ്ഞു. |

ശരദാ നീരജോത്പത്ത്യാ നീരാണി പ്രകൃതിം യയുഃ
ഭ്രഷ്ടാനാമിവ ചേതാംസി പുനര്യോഗനിഷേവയാ. 33

| | |
|---|---|
| ഭ്രഷ്ടാനാം | യോഗഭ്രഷ്ടന്മാരുടെ |
| ചേതാംസി | ഹൃദയങ്ങൾ |
| പുനഃ | വീണ്ടും നടത്തപ്പെടുന്ന |
| യോഗനിഷേവയാ ഇവ | യോഗസാധനകൊണ്ട് സ്വച്ഛമായിത്തീരുന്നതു പോലെ |
| നീരാണി | ജലാശയങ്ങൾ |
| നീരജോത്പത്ത്യാ | താമര, ആമ്പൽ മുതലായ പൂക്കളുണ്ടാവുന്ന |
| ശരദാ | ശരല്ക്കാലംകൊണ്ട് |
| പ്രകൃതിം യയുഃ | സ്വച്ഛതയെ പ്രാപിച്ചു. |

വ്യോമ്നോഽബ്ദം ഭൂതശാബല്യം ഭുവഃ പങ്കമപാം മലം
ശരജ്ജഹാരാശ്രമിണാം കൃഷ്ണേ ഭക്തിര്യഥാഽശുഭം. 34

| | |
|---|---|
| കൃഷ്ണേ ഭക്തിഃ | ശ്രീകൃഷ്ണനിലുള്ള ഭക്തി |
| ആശ്രമിണാം | ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്ന്യാസി എന്നിങ്ങനെയുള്ള നാലു് ആശ്രമികൾക്കും ഉണ്ടാവുന്ന |
| അശുഭം യഥാ | കഷ്ടത്തെ പരിഹരിക്കുന്നപോലെ |
| ശരത് | ശരല്ക്കാലം |
| വ്യോമ്നഃ അബ്ദം | ആകാശത്തിന്റെ മൂടലും, |
| ഭൂതശാബല്യം | പ്രാണികളുടെ തിങ്ങിവിങ്ങിക്കൊണ്ടുള്ള പാപ്പം, |
| ഭുവഃ പങ്കം | ഭൂമിയുടെ ചളിയും, |
| അപാം മലം | വെള്ളത്തിന്റെ മലിനതയും |
| ജഹാര | പരിഹരിച്ചു. |

സര്വ്വസ്വം ജലദാ ഹിത്വാ വിരേജുഃ ശുഭ്രവര്ച്ചസഃ
യഥാ ത്യക്തൈഷണാഃ ശാന്താ മുനയോ മുക്തകില്ബിഷാഃ. 35

| | |
|---|---|
| മുക്തകില്ബിഷാഃ | കൎമ്മവാസനാരൂപമായ ദോഷംവിട്ടകന്നിരിക്കുന്ന |
| മുനയഃ | മഹൎഷിമാർ |
| ത്യക്തൈഷണാഃ | ഏഷണാത്രയത്തെ ഉപേക്ഷിച്ച് |
| ശാന്താഃ | മനഃസമാധാനത്തോടു കൂടിയവരായി |
| യഥാ | പരിലസിക്കുന്നപോലെ |
| ജലദാഃ | മേഘങ്ങൾ |
| സര്വ്വസ്വം | തങ്ങളിലുള്ള സകല ജലസമ്പത്തും |
| ഹിത്വാ | ഉപേക്ഷിച്ച് |
| ശുഭ്രവര്ച്ചസഃ | ശുഭ്രകാന്തി (വെണ്മ) കലൎന്നവയായി |
| വിരേജുഃ | പരിലസിച്ചു. |

ഗിരയോ മുമുചുസ്തോയം ക്വചിന്ന മുമുചുഃ ശിവം
യഥാ ജ്ഞാനാമൃതം കാലേ ജ്ഞാനിനോ ദദതേ ന വാ. 36

| | |
|---|---|
| ജ്ഞാനിനഃ | തത്വജ്ഞാനികൾ |
| ജ്ഞാനാമൃതം | ജ്ഞാനമാകുന്ന അമൃതിനെ |
| കാലേ | ചിലകാലത്ത്, (ചിലൎക്കുമാത്രം) |
| ദദതേ | നല്കുന്നു, |
| ന വാ | ചില കാലത്ത്, ചിലൎക്കു നല്കാതെയും ഇരിക്കുന്നു. |
| യഥാ | ഇതേതുപോലെയോ, അതുപോലെ |
| ഗിരയഃ | പൎവ്വതങ്ങൾ |
| ശിവം തോയം | ശുദ്ധമായ ജലത്തെ |
| ക്വചിത് | ചില ദിക്കിലേക്കുമാത്രം |
| മുമുചുഃ | വിട്ടുകൊടുത്തു ; |
| ന മുമുചുഃ | ചില ദിക്കിലേക്കു വിട്ടുകൊടുത്തതുമില്ല. |

നൈവാവിദൻ ക്ഷീയമാണം ജലം ഗാധജലേചരാഃ
യഥാഽഽയുരന്വഹം ക്ഷയ്യം നരാ മൂഢാഃ കുടുംബിനഃ. 37

| | |
|---|---|
| ഗാധജലേചരാഃ | ആഴം കുറഞ്ഞ വെള്ളത്തിൽ ജീവിക്കുന്ന മത്സ്യാദി ജീവികൾകൂടി |
| ജലം ക്ഷീയമാണം | വെള്ളം പതുക്കെ കുറഞ്ഞുവരുന്നതിനെക്കുറിച്ച്, |
| കുടുംബിനഃ | കുടുംബികളും, |
| മൂഢാഃ നരാഃ | മൂഢന്മാരുമായ മനുഷ്യർ |
| അന്വഹം ആയുഃ | ഓരോ നാളും ആയുസ്സ് |
| ക്ഷയ്യം | കുറഞ്ഞുവരുന്നതിനെ |
| യഥാ | അറിയാതിരിക്കുന്നപോലെ |
| ന അവിദൻ | ഏവ അറിഞ്ഞിരുന്നതേ ഇല്ല. |

ഗാധവാരിചരാസ്താപമവിന്ദഞ്ഛരദർക്കജം
യഥാ ദരിദ്രഃ കൃപണഃ കുടുംബ്യവിജിതേന്ദ്രിയഃ. 38

| | |
|---|---|
| ദരിദ്രഃ കൃപണഃ | ദരിദ്രനും, ദീനനും, |
| കുടുംബീ | കുടുംബിയും, |
| അവിജിതേന്ദ്രിയഃ | ഇന്ദ്രിയജയം സിദ്ധിക്കാത്തവനും ആയ മനുഷ്യൻ |
| യഥാ | തപിക്കുന്നതുപോലെ |
| ഗാധവാരിചരാഃ | ആഴമില്ലാത്ത വെള്ളത്തിൽ കിടക്കുന്ന ജന്തുക്കൾ |
| ശരദർക്കജം | ശരൽക്കാലത്തിലെ സൂര്യനിൽനിന്നുണ്ടായ |
| താപം അവിന്ദൻ | താപം അനുഭവിച്ചു. |

ശനൈഃ ശനൈർജ്ജഹുഃ പങ്കം സ്ഥലാന്യാമം ച വീരുധഃ
യഥാഽഹംമമതാം ധീരാഃ ശരീരാദിഷ്വനാത്മസു. 39

| | |
|---|---|
| ധീരാഃ | വിവേകികൾ |
| അനാത്മസു | ആത്മാവല്ലാത്ത |
| ശരീരാദിഷു | ദേഹേന്ദ്രിയാദികളിൽ |
| അഹംമമതാം | ഞാനെന്നും എന്റേതെന്നും ഉള്ള അഭിമാനത്തെ |
| യഥാ | കൈവെടിയുന്നപോലെ |
| സ്ഥലാനി | കരപ്രദേശങ്ങൾ |
| പങ്കം | ചളിയേയും, |
| വീരുധഃ | ലതകൾ |
| ആമം ച | നീർപ്പശമയേയും |
| ശനൈഃ ശനൈഃ | പതുക്കെപ്പതുക്കെ |
| ജഹുഃ | വിട്ടുകളഞ്ഞു. |

നിശ്ചലാംബുരഭൂത്തൂഷ്ണീം സമുദ്രഃ ശരദാഗമേ
ആത്മന്യുപരതേ സമ്യങ്മുനിർവ്യുപരതാഗമഃ. 40

| | |
|---|---|
| ആത്മനി സമ്യക് | മനസ്സ് വേണ്ടുംവിധം |
| ഉപരതേ | ഉപശാന്തമായശേഷം |
| മുനിഃ | മൗനശീലനായ ഋഷി |
| (യഥാ) | ഏതുപ്രകാരം |
| വ്യുപരതാഗമഃ | വേദോച്ചാരണം നിർത്തുന്നുവോ, അപ്രകാരം |
| ശരദാഗമേ | ശരൽക്കാലം വന്നപ്പോൾ |
| നിശ്ചലാംബുഃ | ഇളക്കമില്ലാത്ത ജലത്തോടുകൂടിയതായ |
| സമുദ്രഃ | സമുദ്രം |
| തൂഷ്ണീം അഭൂത് | നിശ്ശബ്ദമായി ഭവിച്ചു. |

കേദാരേഭ്യസ്ത്വപോഽഗൃഹ്ണൻ കർഷകാ ദൃഢസേതുഭിഃ
യഥാ പ്രാണൈഃ സ്രവജ്ജ്ഞാനം തന്നിരോധേന യോഗിനഃ. 41

യോഗിനഃ — യോഗികൾ
പ്രാണൈഃ — ഇന്ദ്രിയങ്ങൾ വഴിയായി
സ്രവത് — ചോൎന്നുപോകുന്ന
ജ്ഞാനം — ജ്ഞാനത്തെ
തന്നിരോധേന — അവയുടെ പ്രത്യാഹാരത്താൽ
യഥാ — തടയുന്നപോലെ

കൎഷകാഃ — കൃഷിക്കാർ
കേദാരേഭ്യഃ തു — കണ്ടങ്ങളിൽനിന്നും വാൎന്നുപോകുന്ന
അപഃ — വെള്ളത്തെ
ദൃഢസേതുഭിഃ — ഉറച്ച വരമ്പുകൾകൊണ്ട്
അരുന്ധൻ — തടുത്തുനിൎത്തി.

ശരദൎക്കാംശുജാംസ്താപാൻ ഭൂതാനാമുഡുപോഽഹരത്
ദേഹാഭിമാനജം ബോധോ മുകുന്ദോ വ്രജയോഷിതാം. 42

ബോധഃ — ആദ്ധ്യാത്മികജ്ഞാനം
ദേഹാഭിമാനജം — ദേഹാഭിമാനംകൊണ്ട് ഉണ്ടാവുന്ന
താപം (യഥാ) — താപത്രയത്തെ ഏതുപ്രകാരം ശമിപ്പിക്കുന്നുവോ, അതുപോലെയും,
മുകുന്ദഃ — ശ്രീകൃഷ്ണഭഗവാൻ
വ്രജയോഷിതാം — ഗോപസ്ത്രീകളുടെ

(താപം യഥാ) — മദനതാപത്തെ ഏതു പ്രകാരം ശമിപ്പിക്കുന്നുവോ, അതുപോലെയും,
ഉഡുപഃ ഭൂതാനാം — ചന്ദ്രൻ പ്രാണികൾക്ക്
ശരദൎക്കാംശുജാൻ — ശരൽക്കാലസൂൎയ്യന്റെ കിരണങ്ങളാലുണ്ടാവുന്ന
താപാൻ — കൊടും ചൂടിനെ
അഹരത് — ശമിപ്പിച്ചു.

ഖമശോഭത നിൎമ്മേഘം ശരദ്വിമലതാരകം
സത്വയുക്തം യഥാ ചിത്തം ശബ്ദബ്രഹ്മാൎത്ഥദൎശനം. 43

ശബ്ദബ്രഹ്മാൎത്ഥദൎശനം — വേദാൎത്ഥങ്ങളുടെ അറിവുള്ളതും,
സത്വയുക്തം — സത്വഗുണം ചേൎന്നതും ആയ
ചിത്തം യഥാ — ചിത്തമെന്നപോലെ

ശരദ്വിമലതാരകം — ശരൽക്കാലത്താൽ തെളിവാൎന്ന നക്ഷത്രങ്ങളോടു കൂടിയതും,
നിൎമ്മേഘം — മഴക്കാറൊഴിഞ്ഞതും ആയ
ഖം അശോഭത — ആകാശം തെളിഞ്ഞു.

അഖണ്ഡമണ്ഡലോ വ്യോമ്നി രരാജോഡുഗണൈഃ ശശീ
യഥാ യദുപതിഃ കൃഷ്ണോ വൃഷ്ണിചക്രാവൃതോ ഭുവി. 44

യഥാ — ഏതൊരു പ്രകാരം
വൃഷ്ണിചക്രാവൃതഃ — യാദവസമൂഹത്താൽ പരിവൃതനായിട്ട്
യദുപതിഃ — യാദവനാഥനായ
കൃഷ്ണഃ — ശ്രീകൃഷ്ണൻ
ഭുവി — ഭൂമിയിൽ വിളങ്ങിയിരുന്നുവോ, അപ്രകാരം

ഉഡുഗണൈഃ — നക്ഷത്രരാശിയാൽ പരിവൃതനായിരിക്കുന്ന
അഖണ്ഡമണ്ഡലഃ ശശീ — പൂൎണ്ണചന്ദ്രൻ
വ്യോമ്നി — ആകാശത്തിൽ
രരാജ — വിളങ്ങിക്കൊണ്ടിരുന്നു.

ആശ്ലിഷ്യ സമശീതോഷ്ണം പ്രസൂനവനമാരുതം
ജനാസ്താപം ജഹുൎഗ്ഗോപ്യോ ന കൃഷ്ണഹൃതചേതസഃ. 45

| | |
|---|---|
| സമശീതോഷ്ണം | തുല്യനിലയിലു തണുപ്പും ചൂടും ഉള്ളതായ |
| പ്രസൂനവനമാരുതം | പൂങ്കാവുകളിൽനിന്നു വരുന്ന കാററിനെ |
| ആശ്ലിഷ്യ | ആശ്ലേഷിച്ച് (ഏററുകൊണ്ട്) |
| ജനാഃ | ജനങ്ങൾ |
| താപം ജഹുഃ | താപം (ഉഷ്ണം) തീൎത്തു. |
| കൃഷ്ണഹൃതചേതസഃ | കൃഷ്ണനാൽ കവൎന്നെടുക്കപ്പെട്ട ഹൃദയത്തോടുകൂടിയിരിക്കുന്ന |
| ഗോപ്യഃ | ഗോപികൾ |
| ന | ആ കാററിനെ ആശ്ലേഷിച്ച് താപം തീൎന്നവരായില്ല. |

ഗാവോ മൃഗാഃ ഖഗാ നാൎയ്യഃ പുഷ്പിണ്യഃ ശരദാऽഭവൻ
അന്വീയമാനാഃ സ്വവൃഷൈഃ ഫലൈരീശക്രിയാ ഇവ. 46

| | |
|---|---|
| ഈശക്രിയാഃ | ഈശ്വരപ്രീത്യൎത്ഥം ചെയ്യുന്ന കൎമ്മങ്ങൾ |
| ഫലൈഃ ഇവ | സൽഫലങ്ങളാൽ പിൻതുടരപ്പെട്ട സമസ്തപുരുഷാൎത്ഥങ്ങളെ ഉൾക്കൊള്ളുന്നപോലെ |
| ഗാവഃ | പശുക്കളും |
| മൃഗാഃ | മററു പെൺമൃഗങ്ങളും, |
| ഖഗാഃ | പെൺപക്ഷികളും, |
| നാൎയ്യഃ | മനുഷ്യസ്ത്രീകളും |
| ശരദാ | ശരൽക്കാലം നിമിത്തം |
| സ്വവൃഷൈഃ | സ്വന്തം ഭൎത്താക്കളാൽ |
| അന്വീയമാനാഃ | അനുഗമിക്കപ്പെട്ട് |
| പുഷ്പിണ്യഃ | ഗൎഭവതികളായി |
| അഭവൻ | ഭവിച്ചു. |

ഉദഹൃഷ്യൻ വാരിജാനി സൂൎയ്യോത്ഥാനേ കുമുദ്വിനാ
രാജ്ഞാ തു നിൎഭയാ ലോകാ യഥാ ദസ്യൂൻ വിനാ നൃപ. 47

| | |
|---|---|
| നൃപ | രാജാവേ! |
| ദസ്യൂൻ വിനാ | കള്ളന്മാരൊഴിച്ച് |
| ലോകാഃ | മററുള്ള ജനങ്ങളെല്ലാം |
| രാജ്ഞാ തു | രാജാവിനാൽ |
| നിൎഭയാഃ | നിൎഭയരായിട്ട് |
| യഥാ | ആഹ്ലാദിക്കുന്നപോലെ |
| കുമുത് വിനാ | ആമ്പലൊഴിച്ചുള്ള |
| വാരിജാനി | മററു ജലജപുഷ്പങ്ങളെല്ലാം |
| സൂൎയ്യോത്ഥാനേ | സൂൎയ്യോദയത്തിങ്കൽ |
| ഉദഹൃഷ്യൻ | വികസിച്ചുനിന്നു. |

പുരഗ്രാമേഷ്വാഗ്രയണൈരൈന്ദ്രിയൈശ്ച മഹോത്സവൈഃ
ബഭൗ ഭൂഃ പക്വസസ്യാഢ്യാ കലാഭ്യാം നിതരാം ഹരേഃ. 48

| | |
|---|---|
| പുരഗ്രാമേഷു | നഗരങ്ങളിലും ഗ്രാമങ്ങളിലും |
| ആഗ്രയണൈഃ | പുത്തരി ഉണ്ണുന്നതിന്റെ വൈദികച്ചടങ്ങുകളാലും, |
| ഐന്ദ്രിയൈഃ | ഇന്ദ്രിയങ്ങൾക്കു സംതൃപ്തി ജനിപ്പിക്കുന്ന |
| മഹോത്സവൈഃ | മഹോത്സവങ്ങളാലും, |
| പക്വസസ്യാഢ്യാ | വിളഞ്ഞു പാകം വന്ന ധാന്യച്ചെടികളാലും നിറഞ്ഞിരിക്കുന്ന |
| ഭൂഃ | ഭൂതലം |
| ഹരേഃ | മഹാവിഷ്ണുവിന്റെ |
| കലാഭ്യാം | അംശഭൂതന്മാരായ രാമകൃഷ്ണന്മാരാൽ |
| നിതരാം | വിശേഷവിധിയായും |
| ബഭൗ | ശോഭിച്ചു. |

വണിങ്മുനിനൃപസ്നാതാ നിർഗ്ഗമ്യാർത്ഥാൻ പ്രപേദിരേ
വർഷരുദ്ധാ യഥാ സിദ്ധാഃ സ്വപിണ്ഡാൻ കാല ആഗതേ. 49

| | |
|---|---|
| സിദ്ധാഃ | യോഗസിദ്ധന്മാർ (തങ്ങളുടെ ആയുസ്സിനാൽ തടയപ്പെട്ട്, അടങ്ങിയിരുന്ന്) |
| കാലേ ആഗതേ | അന്ത്യകാലം വന്നുചേർന്നപ്പോൾ |
| സ്വപിണ്ഡാൻ | സ്വന്തം യോഗമഹിമയാൽ പ്രാപ്യങ്ങളായ ദിവ്യദേഹങ്ങളിലേക്ക് |
| യഥാ | പ്രവേശിക്കുന്നവിധം |
| വർഷരുദ്ധാഃ | മഴക്കാലത്താൽ തടയപ്പെട്ടിരുന്ന |
| വണിങ്മുനി- നൃപസ്നാതാഃ | കച്ചവടക്കാർ, സന്യാസിമാർ, രാജാക്കന്മാർ, ബ്രഹ്മചാരികൾ എന്നിവരെല്ലാം |
| അർത്ഥാൻ | അവരവരുടെ കാര്യങ്ങളിലേക്ക് (വാണിജ്യം, ദേശാടനം, ദിഗ്വിജയം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിലേക്ക്) |
| പ്രപേദിരേ | പ്രവേശിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
പ്രാവൃട്ശരദ്വർണ്ണനം നാമ വിംശോഽധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 910.

## ഏകവിംശോഽദ്ധ്യായഃ—ഇരുപത്തൊന്നാമദ്ധ്യായം.

[ഏകവിംശേ ശരദ്രമ്യവൃന്ദാവനഗതേ ഹരൗ
തദ്വേണുസ്വനമാകർണ്യ ഗോപീഭിർഗ്ഗീതമീര്യതേ.]
(വേണുഗാനനിരൂപണം)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്ഥം ശരത്സ്വച്ഛജലം പദ്മാകരസുഗന്ധിനാ
ന്യവിശദ്വായുനാ വാതം സഗോഗോപാലകോഽച്യുതഃ. 1

| | |
|---|---|
| ഇത്ഥം | ഈ വിധം |
| ശരത്സ്വച്ഛജലം | ശരൽക്കാലത്താൽ തെളിഞ്ഞ ജലത്തോടുകൂടിയതും |
| പദ്മാകര- സുഗന്ധിനാ | താമരപ്പൊയ്കകളാൽ സൗരഭ്യം ചേർന്ന |
| വായുനാ വാതം | കാററു വീശുന്നതും ആയ വനത്തിലേക്ക് |
| അച്യുതഃ | ശ്രീകൃഷ്ണൻ |
| സഗോ- ഗോപാലകഃ | ഗോക്കളോടും ഗോപന്മാരോടും കൂടി |
| ന്യവിശത് | പ്രവേശിച്ചു. |

കുസുമിതവനരാജിശുഷ്മിഭൃംഗദ്വിജകുലഘുഷ്ടസരഃസരിന്മഹീധ്രം
മധുപതിരവഗാഹ്യ ചാരയൻ ഗാഃ സഹപശുപാലബലശ്ചുകൂജ വേണും. 2

| | |
|---|---|
| കുസുമിതവന-രാജിശുഷ്മി-ഭൃംഗദ്വിജകുല-ഘുഷ്ടസരഃ-സരിന്മഹീധ്രം | പൂത്തുനില്ക്കുന്ന വനസമൂഹങ്ങളിൽ മദിച്ചുകൊണ്ട് മരുവുന്ന വരിവണ്ടുകളുടേയും പലതരം പക്ഷികളുടേയും കൂട്ടത്താൽ ശബ്ദായമാനമായ തടാകങ്ങളും, നദികളും, മലകളും ഉള്ളതായ വനത്തിലേക്ക് |

| | |
|---|---|
| സഹപശു-പാലബലഃ | പശുപാലരോടും ബലരാമനോടും ചേർന്നുള്ള |
| മധുപതിഃ | ശ്രീകൃഷ്ണഭഗവാൻ |
| അവഗാഹ്യ | പ്രവേശിച്ച്, |
| ഗാഃ | ഗോക്കളെ |
| ചാരയൻ | മേച്ചുകൊണ്ട് |
| വേണും ചുകൂജ | പുല്ലാങ്കുഴൽ വിളിച്ചു. |

തദ്വ്രജസ്ത്രിയ ആശ്രുത്യ വേണുഗീതം സ്മരോദയം
കാശ്ചിത് പരോക്ഷം കൃഷ്ണസ്യ സ്വസഖീഭ്യോऽന്വവർണ്ണയൻ. 3

| | |
|---|---|
| സ്മരോദയം | മന്മഥവികാരം ജനിപ്പിക്കുന്ന |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| വേണുഗീതം | വേണുഗാനത്തെ |
| കാശ്ചിത് | ഏതാനും |
| വ്രജസ്ത്രിയഃ | ഗോപസ്ത്രീകൾ |

| | |
|---|---|
| ആശ്രുത്യ | കേട്ടിട്ട്, |
| പരോക്ഷം | മറവിൽവെച്ച് |
| സ്വസഖീഭ്യഃ | സ്വന്തം തോഴിമാരോടായി |
| തത് | അതിനെ |
| അന്വവർണ്ണയത് | വർണ്ണിച്ചു തുടങ്ങി. |

തദ്വർണ്ണയിതുമാരബ്ധാഃ സ്മരന്ത്യഃ കൃഷ്ണചേഷ്ടിതം
നാശകൻ സ്മരവേഗേന വിക്ഷിപ്തമനസോ നൃപ. 4

| | |
|---|---|
| നൃപ | രാജാവേ! |
| തത് വർണ്ണയിതും | അതിനെ വർണ്ണിപ്പാൻ |
| ആരബ്ധാഃ | തുടങ്ങിയ ഗോപികമാർ |
| കൃഷ്ണചേഷ്ടിതം | കൃഷ്ണന്റെ ഓരോ പ്രവൃത്തിയെ |

| | |
|---|---|
| സ്മരന്ത്യഃ | ഓർമ്മിച്ചുകൊണ്ട് |
| സ്മരവേഗേന | മദനതാപത്താൽ |
| വിക്ഷിപ്തമനസഃ | വ്യാകുലചിത്തകളായിട്ട് |
| ന അശകൻ | അതിന്നു കഴിവില്ലാത്തവരായി. |

ബർഹാപീഡം നടവരവപുഃ കർണ്ണയോഃ കർണ്ണികാരം
ബിഭ്രദ്വാസഃ കനകകപിശം വൈജയന്തീം ച മാലാം
രന്ധ്രാൻ വേണോരധരസുധയാ പൂരയൻ ഗോപവൃന്ദൈർ-
വൃന്ദാരണ്യം സ്വപദരമണം പ്രാവിശദ്ഗീതകീർത്തിഃ. 5

| | |
|---|---|
| ബർഹാപീഡം | പീലിത്തിരുമുടിയും, |
| നടവരവപുഃ | നല്ലൊരു നടനെപ്പോലെ അലങ്കൃതമായ തിരുവുടലും, |
| കർണ്ണയോഃ | കാതുകളിൽ |
| കർണ്ണികാരം | ചെറുകൊന്നപ്പൂവും, |
| കനകകപിശം | പൊന്നുപോലെ മഞ്ഞനിറം ചേർന്ന |

| | |
|---|---|
| വാസഃ | വസ്ത്രവും, |
| വൈജയന്തീം മാലാം ച | അഞ്ചുനിറത്തിലുള്ള പുഷ്പങ്ങളാൽ കോർത്തുണ്ടാക്കിയ വൈജയന്തിമാലയും |
| ബിഭ്രത് | ധരിച്ചുകൊണ്ട്, |
| വേണോഃ | ഓടക്കുഴലിന്റെ |
| രന്ധ്രാൻ | തുളകളെ |
| അധരസുധയാ | അധരാമൃതംകൊണ്ട് |

| | |
|---|---|
| പൂരയൻ | നിറച്ച്, |
| ഗോപവൃന്ദൈഃ | ഗോപസംഘത്താൽ |
| ഗീതകീർത്തിഃ | വാഴ്ത്തപ്പെട്ട കീർത്തിയോടു കൂടിയവനായി |
| സ്വപാദരമണം | തന്റെ പാദന്യാസത്താൽ അഴകാർന്നതായ |
| വൃന്ദാരണ്യം | വൃന്ദാവനത്തിലേക്ക് |
| പ്രാവിശത് | ഭഗവാൻ പ്രവേശിച്ചു. |

ഇതി വേണുരവം രാജൻ സർവ്വഭൂതമനോഹരം
ശ്രുത്വാ വ്രജസ്ത്രിയഃ സർവ്വാ വർണ്ണയന്ത്യോഽഭിരേഭിരേ. 6

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| ഇതി | ഈ വിധം |
| സർവ്വഭൂത-മനോഹരം | സകല ജീവരാശികളുടേയും ഹൃദയം കവരുന്ന |
| വേണുരവം | വേണുനാദത്തെ |
| വ്രജസ്ത്രിയഃ | ഗോപികമാർ |
| സർവ്വാഃ ശ്രുത്വാ | എല്ലാവരും കേട്ട് |
| വർണ്ണയന്ത്യഃ | അതിനെപ്പററി വർണ്ണിച്ചുകൊണ്ട് |
| അഭിരേഭിരേ | മാനസികമായ കൃഷ്ണാശ്ലേഷസുഖം അനുഭവിച്ചു. |

ഗോപ്യ ഊചുഃ = ഗോപികമാർ (അന്യോന്യം) പറഞ്ഞു :—

(നോട്ട് :— ഗോപികളുടെ അന്യോന്യസംഭാഷണമാകകൊണ്ട് താഴെയുള്ള ശ്ലോകങ്ങൾക്ക് തമ്മിൽത്തമ്മിൽ ആശയബന്ധം കാണുകയില്ല.)

അക്ഷണ്വതാം ഫലമിദം ന പരം വിദാമഃ
സഖ്യഃ പശൂനനുവിവേശയതോർവ്വയസ്യൈഃ
വക്ത്രം വ്രജേശസുതയോരനുവേണുജുഷ്ടം
യൈർവ്വാ നിപീതമനുരക്തകടാക്ഷമോക്ഷം 7

| | |
|---|---|
| സഖ്യഃ | തോഴിമാരെ! |
| വയസ്യൈഃ | ഒത്ത ചങ്ങാതികളോടുകൂടി |
| പശൂൻ | പശുക്കളെ |
| അനുവിവേശയതോഃ | കാട്ടുതോറും മേച്ചു നടക്കുന്ന |
| വ്രജേശസുതയോഃ | നന്ദനന്ദനന്മാരുടെ |
| അനുവേണു | പുല്ലാങ്കുഴലിനെ അനുവർത്തിച്ചുകൊണ്ടുള്ളതും, |
| അനുരക്ത-കടാക്ഷമോക്ഷം | അനുരാഗോദ്ദീപകമായ കടാക്ഷവിക്ഷേപത്തോടു ചേർന്നതും ആയ |
| വക്ത്രം | തിരുമുഖത്തെ |
| യൈഃ | യാതൊരുവരാൽ |
| നിപീതം | (കണ്ണുകൊണ്ട്) നിശ്ശേഷം പാനം ചെയ്യപ്പെട്ടുവോ, അവരാൽ |
| ജുഷ്ടം | അനുഭവിക്കപ്പെട്ട |
| ഇദം വാ | ഇതൊന്നു മാത്രമേ |
| അക്ഷണ്വതാം | കണ്ണുള്ളവർക്ക് (കണ്ണുകൾ) ഉണ്ടായതിന്റെ |
| ഫലം | പരമപ്രയോജനമാകുന്നുള്ളൂ ; |
| പരം | ഇതിനുമീതെ വേറെ ഒന്നുള്ളതായിട്ട് |
| ന വിദാമഃ | ഞങ്ങൾക്കറിവില്ല. |

ചൂതപ്രവാളബർഹസ്തബകോത്പലാബ്ജ-
മാലാനുപൃക്തപരിധാനവിചിത്രവേഷൗ
മദ്ധ്യേ വിരേജതുരലം പശുപാലഗോഷ്ഠ്യാം
രംഗേ യഥാ നടവരൗ ക്വച ഗായമാനൗ. 8

| | |
|---|---|
| മൃതപ്രവാള— ബർഹ— സ്തബകോത്പല— പലാബ്ജ— മാലാനുപൃക്ത— പരിധാന— വിചിത്ര— വേഷൌ | മാന്തളിർ, മയിൽപ്പീലി, പൂങ്കുല, കരിങ്കുവളപ്പൂവ്, ചെന്താമര എന്നിവ കൊണ്ടുള്ള മാലകളോടു ഇടചേർന്നിരിക്കുന്ന പീതാംബരംകൊണ്ടും, നീലാംബരംകൊണ്ടും വിചിത്രവേഷം ധരിച്ചിരിക്കുന്ന ഇവർ |
| ക്വചിത് | ചില സമയത്ത് |
| പശുപാല— ഗോഷ്ഠ്യാം മദ്ധ്യേ | ഗോപന്മാരുടെ സഭയിൽ നടുവിൽനിന്ന് |
| ഗായമാനൌ | പാട്ടുപാടിക്കൊണ്ട്, |
| രംഗേ | നടനവേദിയിൽ കയറിയ |
| നടവരൌ | രണ്ടു നാട്യാചാര്യന്മാർ |
| യഥാ | എന്നപോലെ |
| അലം | ഏറ്റവും |
| വിരേജതുഃ | പരിലസിച്ചിരുന്നു. |

ഗോപ്യഃ കിമാചരദയം കുശലം സ്മ വേണു-
ർദ്ദാമോദരാധരസുധാമപി ഗോപികാനാം
ഭുങ്ക്തേ സ്വയം യദവശിഷ്ടരസം ഹ്രദിന്യോ
ഹൃഷ്യത്ത്വചോഽശ്രു മുമുചുസ്തരവോ യഥാഽഽര്യാഃ. 9

| | |
|---|---|
| ഗോപ്യഃ | ഗോപികളെ ! |
| അയം വേണുഃ | ഈ ഓടക്കുഴൽ |
| കിം സ്മ കുശലം | എന്തൊരു മഹാപുണ്യം |
| ആചരത് | ചെയ്തിരുന്നുവോ ! |
| യത് | എന്തെന്നാൽ |
| ഗോപികാനാം അപി | ഗോപികമാരായ നമുക്കുകൂടിയും ദുർല്ലഭമായ |
| ദാമോദരാ— ധരസുധാം | ശ്രീകൃഷ്ണന്റെ അധരാമൃതത്തെ |
| അവശിഷ്ടരസം | രസംമാത്രം അവശേഷിക്കുംവിധം |
| സ്വയം ഭുങ്ക്തേ | തന്നിഷ്ടംപോലെ അനുഭവിക്കുന്നുവല്ലോ ! |
| ഹ്രദിന്യഃ | നദികൾ (ഇതുകണ്ട്) |
| ഹൃഷ്യത്ത്വചഃ | രോമാഞ്ചം കൊണ്ടിരിക്കുന്നു. |
| തരവഃ | വൃക്ഷങ്ങൾ |
| ആര്യാഃ യഥാ | കാരണവന്മാരെന്നപോലെ |
| അശ്രു | ആനന്ദകണ്ണുനീർ |
| മുമുചുഃ | തൂകിയിരിക്കുന്നു. |

(നോട്ട് :— നദികൾ വേണുവിനെ നനച്ചു വളർത്തിയ മാതാക്കളാണ്. അവ വേണുവിന്റെ മഹാഭാഗ്യം കണ്ട് സന്തോഷത്താൽ പുളകംകൊണ്ടു. നദികളിൽ കാണുന്ന താമരമൊട്ടുകൾ ആ പുളകച്ചാർത്തുതന്നെ നല്ല കാരണവന്മാർ സ്വകുടുംബത്തിൽ ജനിച്ച ഒരുവനു് ഈശ്വരാനുഗ്രഹം ലഭിച്ചു കാണുമ്പോൾ സന്തോഷിക്കമാറുണ്ട്. ഈ വേണു വൃക്ഷവംശത്തിൽ ജനിച്ചവനാണ്. ആകയാൽ മഹാവൃക്ഷങ്ങൾ പൂന്തേനാവുന്ന ആനന്ദബാഷ്പം ചൊരിഞ്ഞു — ഇത്രയും ഇവിടെ വ്യംഗ്യം.)

വൃന്ദാവനം സഖി ഭുവോ വിതനോതി കീർത്തിം
യദ്ദേവകീസുതപദാംബുജലബ്ധലക്ഷ്മി
ഗോവിന്ദവേണുമനു മത്തമയൂരനൃത്യം
പ്രേക്ഷ്യാദ്രിസാന്വപരതാന്യസമസ്തസത്ത്വം 10

| | |
|---|---|
| സഖി വൃന്ദാവനം | തോഴി ! ഈ വൃന്ദാവനം |
| ഭുവഃ കീർത്തിം | ഭൂമിക്കു സൽകീർത്തിയെ |
| വിതനോതി | വളർത്തുന്നുണ്ട്. |
| യത് | എന്തെന്നാൽ |

ദേവകീസുത-പാദാംബുജ-ലബ്ധലക്ഷ്മി — ദേവകീപുത്രന്റെ തൃപ്പാദപദ്മങ്ങളാൽ ശോഭാധിക്യം സിദ്ധിച്ചതായിരിക്കുന്നു;
ഗോവിന്ദവേണും — കൃഷ്ണന്റെ വേണുഗാനത്തെ
അനു — തുടൎന്നുകൊണ്ടുള്ളതായ
മത്തമയൂരനൃത്യം പ്രേക്ഷ്യ — മദിച്ച മയിലുകളുടെ നൃത്തത്തെ കണ്ടു്
അദ്രിസാനു-പരതാന്യ-സമസ്തസത്ത്വം — മലയുടെ മുകൾപ്പരപ്പിൽ ഒന്നും വ്യാപരിക്കാതെ നില്ക്കുന്ന മററു സമസ്തജീവജാലങ്ങളോടു കൂടിയതും ആയിരിക്കുന്നു.

ധന്യാഃ സ്മ മൂഢമതയോഽപി ഹരിണ്യ ഏതാഃ
യാ നന്ദനന്ദനമുപാത്തവിചിത്രവേഷം
ആകർണ്ണ്യ വേണുരണിതം സഹകൃഷ്ണസാരാഃ
പൂജാം ദധുർവ്വിരചിതാം പ്രണയാവലോകൈഃ. 11

മൂഢമതയഃ അപി — വിശേഷബുദ്ധിയില്ലാത്തവയാണെങ്കിലും
ഏതാഃ ഹരിണ്യഃ — ഈ മാൻ പേടകൾ
ധന്യാഃ സ്മ — ഭാഗ്യമുള്ളവ തന്നെ.
യാഃ വേണുരണിതം — ഇവ വേണുനാദത്തെ
ആകർണ്ണ്യ — കേട്ടു്,
ഉപാത്ത-വിചിത്രവേഷം — വിചിത്രവേഷം ധരിച്ചിരിക്കുന്ന
നന്ദനന്ദനം — നന്ദകുമാരനെക്കുറിച്ചു്
പ്രണയാ-വലോകൈഃ — പ്രേമം കലൎന്ന നോട്ടങ്ങളെക്കൊണ്ടു്
വിരചിതാം — വിരചിക്കപ്പെട്ട
പൂജാം — സല്ക്കാരത്തെ
സഹകൃഷ്ണസാരാഃ — ആൺമാനുകളോടു കൂടിയവയായിട്ടുതന്നെ
ദധുഃ — ചെയ്തിരിക്കുന്നു.

(നോട്ടു്:— ഗോപികമാർ ശ്രീകൃഷ്ണനെ സപ്രേമവീക്ഷണംകൊണ്ടു് സല്ക്കരിക്കുന്നതു് അവരുടെ ഭർത്താക്കന്മാരായ ഗോപന്മാർ പൊറുക്കുകയില്ല. എന്നാൽ മാൻപേടകൾക്കു് ആ വൈഷമ്യമില്ലാത്തതുകൊണ്ടു് അവ ഭാഗ്യമുള്ളവയാണെന്നു് സാരം.)

കൃഷ്ണം നിരീക്ഷ്യ വനിതോത്സവരൂപശീലം
ശ്രുത്വാ ച തത്ക്വണിതവേണുവിചിത്രഗീതം
ദേവ്യോ വിമാനഗതയഃ സ്മരനുന്നസാരാഃ
ഭ്രശ്യത്പ്രസൂനകബരാ മുമുഹുർവ്വിനീവ്യഃ. 12

വനിതോത്സവ-രൂപശീലം — സ്ത്രീകൾക്കു് ആനന്ദദായകമായ സൌന്ദൎയ്യത്തോടും സൌശീല്യത്തോടുംകൂടിയ
കൃഷ്ണം നിരീക്ഷ്യ — കൃഷ്ണനെ കണ്ടു്
തത്ക്വണിത-വേണുവിചിത്ര-ഗീതം ച — കൃഷ്ണനാൽ ശബ്ദിപ്പിക്കപ്പെട്ട വേണുവിന്റെ അത്ഭുതകരമായ ഗാനത്തെയും
ശ്രുത്വാ — കേട്ടു്
വിമാനഗതയഃ — വിമാനങ്ങളിൽ സഞ്ചരിക്കുന്ന
ദേവ്യഃ — ദേവാംഗനമാർ
സ്മരനുന്നസാരാഃ — കാമത്താൽ തകൎന്നുപോയ ഉൾക്കരുത്തോടുകൂടിയവരായിട്ടു്
ഭ്രശ്യത്പ്രസൂന-കബരാഃ — തലമുടിയിൽനിന്നു കൊഴിയുന്ന പുഷ്പങ്ങളോടും
വിനീവ്യഃ — മടിക്കുത്തഴിഞ്ഞ ഉടുവസ്ത്രത്തോടും കൂടിയവരായി
മുമുഹുഃ — മോഹിച്ചുപോയിരിക്കുന്നു.

ഗാവശ്ച കൃഷ്ണമുഖനിർഗ്ഗതവേണുഗീത-
പീയൂഷമുത്തഭിതകർണ്ണപുടൈഃ പിബന്ത്യഃ
ശാവാഃ സ്നുതസ്തനപയഃകവലാഃ സ്മ തസ്ഥുർ-
ഗ്ഗോവിന്ദമാത്മനി ദൃശാശ്രുകലാഃ സ്പൃശന്ത്യഃ 13

| | |
|---|---|
| ഗോവിന്ദം | ശ്രീകൃഷ്ണനെ |
| ദൃശാ | നേത്രമാർഗ്ഗേണ |
| ആത്മനി | മനസ്സിൽ |
| സ്പൃശന്ത്യഃ | ചേർത്തുകൊണ്ടു് |
| അശ്രുകലാഃ | കൺകളിൽ കണ്ണീർക്കണം തങ്ങിനില്ക്കുന്ന |
| ഗാവഃ ച | പശുക്കളാകട്ടെ |
| കൃഷ്ണമുഖ-നിർഗ്ഗതവേണു-ഗീതപീയൂഷം | ശ്രീകൃഷ്ണന്റെ തിരുമുഖത്തിൽനിന്നു നിർഗ്ഗമിച്ച വേണുഗാനമാവുന്ന സുധാരസത്തെ |
| ഉത്തഭിതകർണ്ണ-പുടൈഃ | ഉയർത്തിപ്പിടിച്ച കാതുകളാവുന്ന പാനപാത്രങ്ങളാൽ |
| പിബന്ത്യഃ | പാനംചെയ്തുകൊണ്ടു് |
| തസ്ഥുഃ സ്മ | സ്ഥിതിചെയ്തു. |
| ശാവാഃ | അപ്രകാരം പശുക്കിടാങ്ങൾ (കൃഷ്ണന്റെ വേണുഗാനരസം നുകർന്നു്) |
| സ്നുതസ്തന-പയഃ കവലാഃ | തള്ളയുടെ ചുരന്ന മുലപ്പാൽ കടിച്ചിട്ടുള്ളതു് ഇറക്കാതെ വച്ചുകൊണ്ടുംനിന്നു. |

പ്രായോ ബതാംബ വിഹഗാ മുനയോ വനേഽസ്മിൻ
കൃഷ്ണേക്ഷിതം തദുദിതം കലവേണുഗീതം
ആരുഹ്യ യേ ദ്രുമഭുജാൻ രുചിരപ്രവാളാൻ
ശൃണ്വന്ത്യമീലിതദൃശോ വിഗതാന്യവാചഃ. 14

| | |
|---|---|
| അംബ ബത | അമ്മേ! ആശ്ചര്യം!! |
| അസ്മിൻ വനേ | ഈ വനത്തിലുള്ള |
| വിഹഗാഃ | പക്ഷികൾ |
| പ്രായഃ മുനയഃ | മിക്കവാറും മുനികൾ തന്നെയാകണം. |
| യേ | എന്തെന്നാൽ, ഇവ |
| രുചിരപ്രവാളാൻ | ചന്തമുള്ള ഇളംതളിരുകളോടുകൂടിയ |
| ദ്രുമഭുജാൻ | മരക്കൊമ്പുകളിൽ |
| ആരുഹ്യ | കയറിയിരുന്നു് |
| കൃഷ്ണേക്ഷിതം | കൃഷ്ണദർശനം ലഭിക്കേണ്ടും പ്രകാരത്തിൽ |
| അമീലിതദൃശഃ | കണ്ണടക്കാതെയും, |
| വിഗതാന്യവാചഃ | ഇതരശബ്ദങ്ങളെ കേൾക്കുന്നതു് വർജ്ജിച്ചുകൊണ്ടും |
| തദുദിതം | കൃഷ്ണനാൽ പ്രയുക്തമായ |
| കലവേണുഗീതം | മധുരമുരളീഗാനം |
| ശൃണ്വന്തി | കേട്ടുകൊണ്ടിരിക്കുന്നു. |

നോട്ടു് :— മഹാമുനികൾ കൃഷ്ണദർശനാർത്ഥം വേദവൃക്ഷത്തിന്റെ ശാഖയിൽ കയറിയിരുന്നു്, വേദോക്തകർമ്മഫലങ്ങളെ പരിത്യജിച്ചു്, ഇളന്തളിരിനൊത്ത ഭക്തിമാർഗ്ഗകർമ്മങ്ങളെമാത്രം അനുഷ്ഠിച്ചു്, ഉൾക്കൺ തുറന്നു് കൃഷ്ണപരമാത്മാവിനെ ദർശിച്ചു്, അവിടത്തെ മുരളിയിൽനിന്നു പൊഴിയുന്ന ശബ്ദബ്രഹ്മാമൃതത്തെ അനുഭവിച്ചു സുഖിക്കുമല്ലോ. വൃന്ദാവനത്തിലെ പക്ഷികൾ അങ്ങനെയുള്ള മുനികളാവാം.

നദ്യസ്തദാ തദുപധാര്യ മുകുന്ദഗീത-
മാവർത്തലക്ഷിതമനോഭവഭഗ്നവേഗാഃ
ആലിംഗനസ്ഥഗിതമൂർമ്മിഭുജൈർമ്മുരാരേർ-
ഗൃഹ്ണന്തി പാദയുഗളം കമലോപഹാരാഃ. 15

നദ്യഃ തദാ — നദികളുംകൂടിയും അപ്പോൾ
തത് മുകുന്ദ-ഗീതം — ശ്രീകൃഷ്ണന്റെ ആ ഗാനത്തെ
ഉപധാര്യ — കേട്ടിട്ട്
ആവർത്ത-ലക്ഷിത-മനോഭവ-ഭഗ്നവേഗാഃ — നീർച്ചുഴികളാൽ വ്യഞ്ജിക്കപ്പെട്ട മന്മഥവിഭ്രമത്താൽ ഗതിവേഗം കുറഞ്ഞവയായി
ആലിംഗന-സ്ഥഗിതം — ആലിംഗനംകൊണ്ട് മറയ്ക്കപ്പെട്ടുംവിധം
ഊർമ്മിഭുജൈഃ — അലകളാവുന്ന കൈകളാൽ
കമലോ-പഹാരാഃ — താമരപ്പൂക്കളെ കാഴ്ചവെച്ചുകൊണ്ട്
മുരാരേഃ — ശ്രീകൃഷ്ണന്റെ
പാദയുഗളം — ഇരുതൃപ്പാദങ്ങളേയും
ഗൃഹ്ണന്തി — കെട്ടിപ്പിടിക്കുന്നു.

ദൃഷ്ട്വാഽഽതപേ വ്രജപശൂൻ സഹ രാമഗോപൈഃ
സഞ്ചാരയന്തമനു വേണുമുദീരയന്തം
പ്രേമപ്രവൃദ്ധ ഉദിതഃ കുസുമാവലീഭിഃ
സഖ്യുർവ്യധാത് സ്വവപുഷാഽംബുദ ആതപത്രം. 16

ആതപേ — വെയിലത്ത്
രാമഗോപൈഃ സഹ — ബലഭദ്രരോടും ഗോപന്മാരോടുംകൂടി
വ്രജപശൂൻ — ഗോകുലത്തിലുള്ള പശുക്കളെ
സഞ്ചാരയന്തം — മേച്ചുകൊണ്ടും,
അനു — അവയുടെ പിന്നാലെ
വേണും — പുല്ലാങ്കുഴലിനെ
ഉദീരയന്തം — ഊതിക്കൊണ്ടും സഞ്ചരിക്കുന്ന കൃഷ്ണനെ
ദൃഷ്ട്വാ — കണ്ടിട്ട്
ഉദിതഃ — ആകാശത്തിലേക്കുയർന്ന്
പ്രേമപ്രവൃദ്ധഃ — പ്രേമത്താൽ വളർന്ന
അംബുദഃ — കാർമേഘം
കുസുമാവലീഭിഃ — പുഷ്പവൃഷ്ടികളോടെ
സഖ്യുഃ — (ലോകോപകാരിത്വം കൊണ്ടും, വർണ്ണസാമ്യം കൊണ്ടും) തനിക്കുചേർന്ന ചങ്ങാതിയായ കൃഷ്ണന്
സ്വവപുഷാ — സ്വശരീരംകൊണ്ട്
ആതപത്രം വ്യധാത് — കുട പിടിച്ചുകൊണ്ടിരുന്നു.

പൂർണ്ണാഃ പുളിന്ദ്യ ഉരുഗായപദാബ്ജരാഗ-
ശ്രീകുങ്കുമേന ദയിതാസ്തനമണ്ഡിതേന
തദ്ദർശനസ്മരരുജസ്തൃണരൂഷിതേന
ലിമ്പന്ത്യ ആനനകുചേഷു ജഹുസ്തദാധിം. 17

പുളിന്ദ്യഃ — വേടസ്ത്രീകൾ
പൂർണ്ണാഃ — പൂർണ്ണകാമകളാണ്; എന്തെന്നാൽ
ദയിതാസ്തന-മണ്ഡിതേന — പ്രിയാസ്തനങ്ങളിൽ ആദ്യം അലങ്കരിക്കപ്പെട്ടിരുന്നതും
ഉരുഗായപദാ-ബ്ജരാഗശ്രീ-കുങ്കുമേന — ഭഗവാന്റെ പാദപത്മങ്ങളുടെ അരുണവർണ്ണത്താൽ പിന്നീട്ട ശോഭ കൂടിയതുമായ കുങ്കുമത്താൽ
തൃണരൂഷിതേന — നടക്കുമ്പോൾ പുല്ലുകളിൽ പററിച്ചേർന്നതുമാക കൊണ്ട്
തദ്ദർശന-സ്മരരുജഃ — അതിന്റെ കാഴ്ചയാൽ കാമതാപം വന്നുചേർന്ന അവർ
ആനനകുചേഷു — മുഖത്തും മുലത്തടങ്ങളിലും
ലിമ്പന്ത്യഃ — വിലേപനംചെയ്ത്
തദാധിം — ആ കാമാർത്തിയെ
ജഹുഃ — പരിഹരിച്ചിരിക്കുന്നു.

ഹന്തായമദ്രിരബലാ ഹരിദാസവര്യോ
യദ്രാമകൃഷ്ണചരണസ്പർശപ്രമോദഃ
മാനം തനോതി സഹഗോഗണയോസ്തയോര്യത്
പാനീയസൂയവസകന്ദരകന്ദമൂലൈഃ. 18

| | |
|---|---|
| ഹന്ത അബലാഃ | ആഹാ! സഖികളെ! |
| അയം അദ്രിഃ | ഈ ഗോവർദ്ധനപർവ്വതം |
| ഹരിദാസവര്യഃ | കൃഷ്ണഭക്തരിൽ അഗ്രഗണ്യനാണ്. |
| യത് | എന്തുകൊണ്ടെന്നാൽ |
| രാമകൃഷ്ണചരണസ്പർശപ്രമോദഃ | രാമകൃഷ്ണന്മാരുടെ പാദസ്പർശമേററ് സന്തോഷം വളൎന്നവനായിരിക്കുന്നു. |
| യത് | പിന്നെയും എന്തുകൊണ്ടെന്നാൽ |
| സഹഗോഗണയോഃ | പശുക്കളോടും പശുപാലസംഘത്തോടും കൂടിയവരായ |
| തയോഃ | അവർ ഇരുവൎക്കും |
| പാനീയസൂയവസകന്ദരകന്ദമൂലൈഃ | വെള്ളം, ഇളംപുല്ല്, ഗുഹാഗൃഹം, കന്ദമൂലങ്ങൾ എന്നിവയാൽ |
| മാനം | സൽക്കാരത്തെയും |
| തനോതി | ചെയ്യുന്നു. |

ഗാ ഗോപകൈരനുവനം നയതോരുദാര-
വേണുസ്വനൈഃ കളപദൈസ്തനുഭൃത്സു സഖ്യഃ
അസ്പന്ദനം ഗതിമതാം പുളകസ്തരൂണാം
നിര്യോഗപാശകൃതലക്ഷണയോർവിചിത്രം. 19

| | |
|---|---|
| സഖ്യഃ | സഖിമാരേ! |
| ഗോപകൈഃ | ഗോപന്മാരോടുകൂടി |
| അനുവനം | കാട്ടുതോറും |
| ഗാഃ | പശുക്കളെ |
| നയതോഃ | മേച്ചുകൊണ്ടുപോകുന്നവരും, |
| നിര്യോഗപാശകൃതലക്ഷണയോഃ | സ്വഭാവംകെട്ട ചില പശുക്കളുടെ കാലുകെട്ടാനുള്ള കയറും, കഴുത്തിൽ കെട്ടുക്കിട്ടുവാനുള്ള കയറും കൈവശത്തിലുള്ളതുകൊണ്ട് ഗോപലക്ഷണമുള്ളവരും ആയ രാമകൃഷ്ണന്മാരുടെ |
| കളപദൈഃ | അവ്യക്തമധുരങ്ങളായ പദങ്ങളോടുകൂടിയ |
| ഉദാരവേണുസ്വനൈഃ | ഉൽകൃഷ്ടമുരളീനാദങ്ങളാൽ |
| തനുഭൃത്സു | ഉടലെടുത്ത ജീവരാശികളിൽ |
| ഗതിമതാം | സഞ്ചരിക്കുന്നവയ്ക്ക് |
| അസ്പന്ദനം | ഇളക്കമില്ലായ്മയും (സ്ഥാവരത്വവും,) |
| തരൂണാം | വൃക്ഷങ്ങൾക്ക് |
| പുളകഃ | രോമാഞ്ചവും (ജംഗമധൎമ്മവും) |
| വിചിത്രം | ഉണ്ടായതു് അത്ഭുതമാകുന്നു. |

ഏവംവിധാ ഭഗവതോ യാ വൃന്ദാവനചാരിണഃ
വൎണ്ണയന്ത്യോ മിഥോ ഗോപ്യഃ ക്രീഡാസ്തന്മയതാം യയുഃ. 20

| | |
|---|---|
| വൃന്ദാവനചാരിണഃ | വൃന്ദാവനത്തിൽ സഞ്ചരിക്കുന്ന |
| ഭഗവതഃ | ശ്രീകൃഷ്ണഭഗവാന്റെ |
| ഏവംവിധാഃ | ഇപ്രകാരമുള്ള |
| യാഃ ക്രീഡാഃ | യാവചില ലീലകളുണ്ടോ, അവയെ |
| മിഥഃ | തമ്മിൽത്തമ്മിൽ |
| വൎണ്ണയന്ത്യഃ | വൎണ്ണിച്ചുപറഞ്ഞുകൊണ്ട് |
| ഗോപ്യഃ | ഗോപികമാർ |
| തന്മയതാം | തന്മയത്വം |
| യയുഃ | പ്രാപിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
വേണുഗാനനിരൂപണം നാമ ഏകവിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 930.

## ദ്വാവിംശോऽധ്യായഃ — ഇരുപത്തിരണ്ടാമദ്ധ്യായം.

[ ദ്വാവിംശേ ഗോപകന്യാനാം വസ്ത്രാപഹരണലീലയാ
വരം ദത്വാ ഗതഃ കൃഷ്ണോ യജ്ഞശാലാമിതീര്യതേ. ]

(ഗോപിമാരുടെ വസ്ത്രങ്ങളെ ശ്രീകൃഷ്ണൻ അപഹരിക്കുന്നതും അവൎക്ക് വരദാനം ചെയ്യുന്നതും.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഹേമന്തേ പ്രഥമേ മാസി നന്ദവ്രജകമാരികാഃ
ചേരുർഹവിഷ്യം ഭുഞ്ജാനാഃ കാത്യായന്യർച്ചനവ്രതം. 1

| | |
|---|---|
| ഹേമന്തേ | ഹേമന്തഋതുവിലെ |
| പ്രഥമേ മാസി | ഒന്നാം മാസത്തിൽ (മാൎഗ്ഗശീൎഷമാസത്തിൽ) |
| നന്ദവ്രജ- കമാരികാഃ | നന്ദഗോകുലത്തിലെ ഗോപകന്യകമാർ |
| ഹവിഷ്യം | നൈവേദ്യാന്നംമാത്രം |
| ഭുഞ്ജാനാഃ | ഉണ്ടുകൊണ്ട് |
| കാത്യായന്യ- ൎച്ചനവ്രതം | കാത്യായനീപൂജ എന്ന വ്രതത്തെ |
| ചേരുഃ | ആചരിച്ചു. |

ആപ്ലുത്യാംഭസി കാളിന്ദ്യാ ജലാന്തേ ചോദിതേऽരുണേ
കൃത്വാ പ്രതികൃതിം ദേവീമാനർച്ചുർന്നൃപ സൈകതീം. 2
ഗന്ധൈർമ്മാല്യൈഃ സുരഭിഭിർബ്ബലിഭിർദ്ധൂപദീപകൈഃ
ഉച്ചാവചൈശ്ചോപഹാരൈഃ പ്രവാളഫലതണ്ഡുലൈഃ. 3

| | |
|---|---|
| നൃപ | രാജാവേ ! |
| അരുണേ ഉദിതേ | അരുണനുദിക്കുമ്പോൾ |
| കാളിന്ദ്യാഃ അംഭസി | യമുനാജലത്തിൽ |
| ആപ്ലുത്യ | മുങ്ങിക്കുളിച്ച്, |
| ജലാന്തേ ച | കരയിൽത്തന്നെ |
| സൈകതീം | മണലുകൊണ്ടുള്ള |
| പ്രതികൃതിം കൃത്വാ | വിഗ്രഹമുണ്ടാക്കിവെച്ച്, |
| സുരഭിഭിഃ | സൌരഭ്യമുള്ള |
| ഗന്ധൈഃ | ചന്ദനങ്ങൾകൊണ്ടും, |
| മാല്യൈഃ | പൂമാലകൾകൊണ്ടും, |
| ബലിഭിഃ | കാഴ്ചദ്രവ്യങ്ങൾകൊണ്ടും, |
| ധൂപദീപകൈഃ | ധൂപദീപങ്ങൾകൊണ്ടും, |
| ഉച്ചാവചൈഃ | അനേകവിധത്തിലുള്ള |
| ഉപഹാരൈഃ | നൈവേദ്യങ്ങൾകൊണ്ടും, |
| പ്രവാളഫല- തണ്ഡുലൈഃ ച | ഇളംതളിരുകൾ, പഴങ്ങൾ, അക്ഷതങ്ങൾ എന്നിവകൊണ്ടും |
| ദേവീം | കാത്യായനീദേവിയെ |
| ആനർച്ചുഃ | അവർ അൎച്ചിച്ചു. |

കാത്യായനി മഹാമായേ മഹായോഗിന്യധീശ്വരി
നന്ദഗോപസുതം ദേവി പതിം മേ കുരു തേ നമഃ
ഇതി മന്ത്രം ജപന്ത്യസ്താഃ പൂജാം ചക്രുഃ കമാരികാഃ. 4

| | |
|---|---|
| കാത്യായനി | " കാത്യായനി ! |
| മഹാമായേ | മഹാമായേ ! |
| മഹായോഗിനി | യോഗേശ്വരി ! |
| അധീശ്വരി | സൎവ്വലോകേശ്വരി ! |
| ദേവി | ഹേ ദേവി ! |
| നന്ദഗോപസുതം | നന്ദഗോപരുടെ പുത്രനെ |

| | | | |
|---|---|---|---|
| മേ പതിം കുരു | എന്റെ ഭർത്താവാക്കണേ; | ജപന്ത്യഃ | ജപിച്ചുകൊണ്ട് |
| തേ നമഃ | നിന്തിരുവടിക്കു നമസ്കാരം." | താഃ കുമാരികാഃ | ആ കന്യകമാർ |
| ഇതി മന്ത്രം | ഈവിധം പ്രാർത്ഥനാമന്ത്രം | പൂജാം ചക്രുഃ | ദേവീപൂജ ചെയ്തു. |

ഏവം മാസം വ്രതം ചേരുഃ കുമാര്യഃ കൃഷ്ണചേതസഃ
ഭദ്രകാളീം സമാനർച്ചുർഭൂയാന്നന്ദസുതഃ പതിഃ. 5

| | | | |
|---|---|---|---|
| കൃഷ്ണചേതസഃ | കൃഷ്ണനിൽത്തന്നെ മനസ്സുറപ്പിച്ച | പതിഃ ഭൂയാത് | ഭർത്താവായി ഭവിക്കണം എന്നു സങ്കല്പത്തോടെ |
| കുമാര്യഃ | ആ കന്യകമാർ | ഭദ്രകാളീം | സർവ്വമംഗലയായ കാത്യായനിയെ |
| ഏവം മാസം | ഇങ്ങനെ ഒരുമാസംമുഴുവൻ | സമാനർച്ചുഃ | വേണ്ടുംവിധം അർച്ചിക്കയും ചെയ്തു. |
| വ്രതം ചേരുഃ | വ്രതമാചരിച്ചു. | | |
| നന്ദസുതഃ | നന്ദപുത്രൻ | | |

ഉഷസ്യുത്ഥായ ഗോത്രൈഃ സ്വൈരന്യോന്യാബദ്ധബാഹവഃ
കൃഷ്ണമുച്ചൈർജ്ജഗുര്യാന്ത്യഃ കാളിന്ദ്യാം സ്നാതുമന്വഹം. 6

| | | | |
|---|---|---|---|
| അന്വഹം | ഓരോ ദിവസവും | കാളിന്ദ്യാം സ്നാതും | യമുനയിൽ കുളിക്കുവാൻ |
| ഉഷസി ഉത്ഥായ | കാലത്തെഴുന്നേററു് | യാന്ത്യഃ | പോയ്ക്കൊണ്ടിരുന്ന അവർ |
| സ്വൈഃ ഗോത്രൈഃ | സ്വന്തം വർഗ്ഗത്തിലുള്ളവരോടുകൂടി | കൃഷ്ണം | കൃഷ്ണനെപ്പററി |
| അന്യോന്യാബദ്ധബാഹവഃ | തമ്മിൽത്തമ്മിൽ കൈ കോർത്തു പിടിച്ചുകൊണ്ടു് | ഉച്ചൈഃ ജഗുഃ | ഉറക്കെപ്പാടിയിരുന്നു. |

നദ്യാം കദാചിദാഗത്യ തീരേ നിക്ഷിപ്യ പൂർവ്വവത്
വാസാംസി കൃഷ്ണം ഗായന്ത്യോ വിജഹ്രുഃ സലിലേ മുദാ. 7

| | | | |
|---|---|---|---|
| കദാചിത് | ഒരുനാൾ | മുദാ | സന്തോഷത്തോടെ |
| പൂർവ്വവത് | മുന്നേപ്പോലെ | കൃഷ്ണം | കൃഷ്ണനെക്കുറിച്ചു് |
| നദ്യാം ആഗത്യ | നദിയിൽ വന്നു് | ഗായന്ത്യഃ | പാട്ടുപാടിക്കൊണ്ടു് |
| തീരേ വാസാംസി | കരയിൽ ഉടുവസ്ത്രങ്ങളെ | സലിലേ | വെള്ളത്തിൽ |
| നിക്ഷിപ്യ | അഴിച്ചുവെച്ചു് | വിജഹ്രുഃ | കളിച്ചു. |

ഭഗവാംസ്തദഭിപ്രേത്യ കൃഷ്ണോ യോഗേശ്വരേശ്വരഃ
വയസ്യൈരാവൃതസ്തത്ര ഗതസ്തത്കർമ്മസിദ്ധയേ. 8

| | | | |
|---|---|---|---|
| യോഗേശ്വരേശ്വരഃ | യോഗേശ്വരന്മാർക്കും ഈശ്വരനായി | തത്കർമ്മസിദ്ധയേ | അവരുടെ വ്രതാനുഷ്ഠാനത്തിന്നു ഫലദാനം ചെയ്യുന്നതിന്നായി |
| ഭഗവാൻ | സർവ്വജ്ഞനായിരിക്കുന്ന | വയസ്യൈഃ | ബാലസ്നേഹിതന്മാരാൽ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | ആവൃതഃ | പരിവൃതനായിട്ടു് |
| തത് അഭിപ്രേത്യ | അതറിഞ്ഞു് | തത്ര ഗതഃ | അങ്ങോട്ടുപോയി. |

താസാം വാസാംസ്യുപാദായ നീപമാരുഹ്യ സത്വരഃ
ഹസദ്ഭിഃ പ്രഹസൻ ബാലൈഃ പരിഹാസമുവാച ഹ. 9

| | | | |
|---|---|---|---|
| താസാം | അവരുടെ | ഹസദ്ഭിഃ | ഇതുകണ്ടു് ചിരിക്കുന്ന |
| വാസാംസി | വസ്ത്രങ്ങളെ | ബാലൈഃ | കുട്ടികളോടൊപ്പം |
| ഉപാദായ | എടുത്തു് | പ്രഹസൻ | താനും പൊട്ടിച്ചിരിച്ചുകൊണ്ടു് |
| സത്വരഃ | വേഗത്തോടെ | | |
| നീപം | കടമ്പുമരത്തിന്മേൽ | പരിഹാസം ഉവാച ഹ | പരിഹാസമായിട്ടു പറഞ്ഞു. അത്ഭുതം നോക്കുക! |
| ആരുഹ്യ | കയറി, | | |

അത്രാഗത്യാബലാഃ കാമം സ്വം സ്വം വാസഃ പ്രഗൃഹ്യതാം
സത്യം ബ്രവാണി നോ നർമ്മ യദ്യൂയം വ്രതകർശിതാഃ. 10

| | | | |
|---|---|---|---|
| അബലാഃ | "അല്ലയോ അബലകളേ! | സത്യം ബ്രവാണി | ഞാൻ സത്യം പറകയാണു്; |
| അത്ര ആഗത്യ | ഇവിടെ വന്നു് | നോ നർമ്മ | കളിവാക്കല്ല |
| കാമം | ഇഷ്ടംപോലെ | യത് യൂയം | എന്തെന്നാൽ, നിങ്ങൾ |
| സ്വം സ്വം വാസഃ | അവരവരുടെ വസ്ത്രം | വ്രതകർശിതാഃ | വ്രതത്താൽ ക്ഷീണിച്ചവരാണല്ലോ. |
| പ്രഗൃഹ്യതാം | വാങ്ങിക്കൊണ്ടാലും | | |

ന മയോദിതപൂർവ്വം വാ അനൃതം തദിമേ വിദുഃ
ഏകൈകശഃ പ്രതീച്ഛധ്വം സഹൈവോത സുമധ്യമാഃ. 11

| | | | |
|---|---|---|---|
| മയാ അനൃതം | "എന്നാൽ കളവു് | ഏകൈകശഃ | ഓരോരുത്തരായി വന്നു് |
| ന ഉദിതപൂർവ്വം വാ | മുമ്പൊരിക്കലും പറയപ്പെട്ടിട്ടില്ല. | പ്രതീച്ഛധ്വം | വാങ്ങിക്കൊൾവിൻ. |
| തത് ഇമേ വിദുഃ | അതു് ഈ ബാലന്മാർക്കറിയാം. | ഉത | അല്ലെങ്കിൽ |
| സുമധ്യമാഃ | സുന്ദരാംഗികളെ! | സഹ ഏവ | ഒന്നിച്ചുചേർന്നുതന്നെയായാലും എനിക്കു വിരോധമില്ല." |

തസ്യ തത് ക്ഷ്വേളിതം ദൃഷ്ട്വാ ഗോപ്യഃ പ്രേമപരിപ്ലുതാഃ
വ്രീഡിതാഃ പ്രേക്ഷ്യ ചാന്യോന്യം ജാതഹാസാ ന നിര്യയുഃ. 12

| | | | |
|---|---|---|---|
| തസ്യ | ഭഗവാന്റെ | വ്രീഡിതാഃ | ലജ്ജിതകളായിത്തീരുകയും |
| തത് | അത്തരത്തിലുള്ള | അന്യോന്യം പ്രേക്ഷ്യ | മുഖത്തോടുമുഖം നോക്കി |
| ക്ഷ്വേളിതം | പരിഹാസപ്രകടനം | ജാതഹാസാഃ ച | ചിരിക്കുകയും ചെയ്തു. |
| ദൃഷ്ട്വാ | കണ്ടിട്ടു് | ന നിര്യയുഃ | അവർ വെള്ളത്തിൽ നിന്നു് കയറിയില്ല. |
| പ്രേമപരിപ്ലുതാഃ | പ്രേമനിമഗ്നകളായ | | |
| ഗോപ്യഃ | ഗോപകന്യകമാർ | | |

ഏവം ബ്രുവതി ഗോവിന്ദേ നർമ്മണാഽഽക്ഷിപ്തചേതസഃ
ആകണ്ഠമഗ്നാഃ ശീതോദേ വേപമാനാസ്തമബ്രുവൻ. 13

| | |
|---|---|
| ഗോവിന്ദേ | ഭഗവാൻ |
| ഏവം ബ്രുവതി | അപ്രകാരം വീണ്ടും പറഞ്ഞുകൊണ്ടിരിക്കെ, |
| നർമ്മണാ | ഹാസ്യവചനത്താൽ |
| ആക്ഷിപ്തചേതസഃ | ആകൃഷ്ടചിത്തകളും, |
| ശീതോദേ | തണുത്ത വെള്ളത്തിൽ |
| ആകണ്ഠമഗ്നാഃ | കഴുത്തോളം മുങ്ങിനിന്ന് |
| വേപമാനാഃ | വിറക്കുന്നവരും ആയ ഗോപിമാർ |
| തം അബ്രുവൻ | അവിടുത്തോടു പറഞ്ഞു. |

മാഽനയം ഭോഃ കൃഥാസ്ത്വാം തു നന്ദഗോപസുതം പ്രിയം
ജാനീമോഽങ്ഗ വ്രജശ്ലാഘ്യം ദേഹി വാസാംസി വേപിതാഃ. 14

| | |
|---|---|
| ഭോഃ അംഗ | "കൃഷ്ണ ! |
| അനയം | ന്യായമില്ലാത്തത് |
| മാ കൃഥാഃ | പ്രവർത്തിക്കരുത്. |
| നന്ദഗോപസുതം ത്വാം തു | നന്ദഗോപരുടെ പുത്രനായ അങ്ങയെയാകട്ടെ |
| പ്രിയം | എല്ലാവർക്കും ഇഷ്ടപ്പെട്ടവനായും |
| വ്രജശ്ലാഘ്യം | ഗോകുലത്തിൽവെച്ച് യോഗ്യനായും |
| ജാനീമഃ | ഞങ്ങൾ അറിയുന്നു. |
| വാസാംസി ദേഹി | വസ്ത്രങ്ങൾ തരു. |
| വേപിതാഃ | ഞങ്ങൾ തണുത്തു വിറക്കുകയാണ്. |

ശ്യാമസുന്ദര തേ ദാസ്യഃ കരവാമ തവോദിതം
ദേഹി വാസാംസി ധർമ്മജ്ഞ നോ ചേദ്രാജ്ഞേ ബ്രുവാമ ഹേ. 15

| | |
|---|---|
| ശ്യാമസുന്ദര | ഹേ ശ്യാമസുന്ദര ! |
| തേ | അങ്ങയുടെ |
| ദാസ്യഃ | ദാസിമാരാണ് ഞങ്ങൾ. |
| തവ ഉദിതം | അങ്ങയുടെ വാക്കിനെ |
| കരവാമ | അനുസരിച്ചുകൊള്ളാം. |
| ഹേ ധർമ്മജ്ഞ | ധർമ്മശാസ്ത്രപരിജ്ഞാനമുള്ള ഹേ കൃഷ്ണ ! |
| നഃ വാസാംസി | ഞങ്ങളുടെ ഉടുവസ്ത്രങ്ങളെ |
| ദേഹി | തരിക. |
| നോ ചേത് | അതിന്നു ഭാവമില്ലെങ്കിൽ |
| രാജ്ഞേ | രാജാവിനോട് (ഗോകുലാധിപതിയായ നന്ദഗോപരോട്) |
| ബ്രുവാമ | പറഞ്ഞുകൊടുക്കും." |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

ഭവത്യോ യദി മേ ദാസ്യോ മയോക്തം വാ കരിഷ്യഥ
അത്രാഗത്യ സ്വവാസാംസി പ്രതീച്ഛന്തു ശുചിസ്മിതാഃ. 16

| | |
|---|---|
| ഭവത്യഃ | "നിങ്ങൾ |
| മേ ദാസ്യഃ യദി | എന്റെ ദാസികളാണെങ്കിൽ, |
| മയാ ഉക്തം | എന്നാൽ പറയപ്പെട്ടതെല്ലാം |
| കരിഷ്യഥ വാ | അനുസരിച്ചു ചെയ്യാൻ പോകുന്നവരാണെങ്കിൽ, |
| അത്ര ആഗത്യ | ഇവിടെ വന്ന് |
| ശുചിസ്മിതാഃ | തെളിഞ്ഞ പുഞ്ചിരി തൂകിക്കൊണ്ട് |
| സ്വവാസാംസി | അവരവരുടെ വസ്ത്രങ്ങളെ |
| പ്രതീച്ഛന്തു | സ്വീകരിച്ചുകൊള്ളണം." |

തതോ ജലാശയാത് സർവ്വാ ദാരികാഃ ശീതവേപിതാഃ
പാണിഭ്യാം യോനിമാച്ഛാദ്യ പ്രോത്തേരുഃ ശീതകർശിതാഃ. 17

| | |
|---|---|
| തതഃ | അപ്പോൾ |
| ശീതവേപിതാഃ | തണുപ്പുകൊണ്ട് ഉടൽ വിറയ്ക്കുന്നവരും, |
| ശീതകർശിതാഃ | തണുപ്പുകൊണ്ട് ഉള്ളലഞ്ഞവരും ആയ |
| സർവ്വാഃ ദാരികാഃ | എല്ലാ കന്യകമാരും |

| | |
|---|---|
| യോനിം | ഗുഹ്യപ്രദേശത്തെ |
| പാണിഭ്യാം | ഇരു കരങ്ങളാലും |
| ആച്ഛാദ്യ | മറച്ചുപിടിച്ച് |
| ജലാശയാത് | വെള്ളത്തിൽനിന്ന് |
| പ്രോത്തേരുഃ | കരയിലേക്കുകേറി. |

ഭഗവാനാഹതാ വീക്ഷ്യ ശുദ്ധഭാവപ്രസാദിതഃ
സ്കന്ധേ നിധായ വാസാംസി പ്രീതഃ പ്രോവാച സസ്മിതം. 18

| | |
|---|---|
| ശുദ്ധഭാവ-പ്രസാദിതഃ | ഗോപികളുടെ നിഷ്കളങ്കഭാവത്താൽ അകംതെളിഞ്ഞ് |
| പ്രീതഃ | സന്തുഷ്ടനായ |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| ആഹതാഃ | വന്നുനില്ക്കുന്ന അവരെ |
| വീക്ഷ്യ | നോക്കി, |
| വാസാംസി | അവരുടെ ഉടുതുണികളെ |
| സ്കന്ധേ നിധായ | തന്റെ തോളിലിട്ട് |
| സസ്മിതം | മന്ദഹാസത്തോടെ |
| പ്രോവാച | പറഞ്ഞു. |

യൂയം വിവസ്ത്രാ യദപോ ധൃതവ്രതാ
വ്യഗാഹതൈതത്തദു ദേവഹേളനം
ബദ്ധ്വാഞ്ജലിം മൂർദ്ധ്ന്യപനുത്തയേഽംഹസഃ
കൃത്വാ നമോഽധോ വസനം പ്രഗൃഹ്യതാം. 19

| | |
|---|---|
| ധൃതവ്രതാഃ യൂയം | "വ്രതാനുഷ്ഠാനം ചെയ്തുകൊണ്ടിരിക്കുന്ന നിങ്ങൾ |
| വിവസ്ത്രാഃ | വസ്ത്രംധരിക്കാതെ |
| അപഃ | വെള്ളത്തിലേക്ക് |
| വ്യഗാഹത | ഇറങ്ങി |
| യത് ഏതത് തത് ഉ | എന്നുള്ളതുതന്നെ |
| ദേവഹേളനം | ഈശ്വരനിന്ദയാണ്. |
| അംഹസഃ | ഈ പാപത്തിന് |
| അപനുത്തയേ | നിവൃത്തിവരുന്നതിന്നായി |
| മൂർദ്ധ്നി | ശിരസ്സിൽ |
| അഞ്ജലിം ബദ്ധ്വാ | കൂപ്പുകൈ വെച്ച് |
| അധഃ നമഃ കൃത്വാ | നിലത്തുവീണു നമസ്കരിച്ചശേഷം |
| വസനം | വസ്ത്രം |
| പ്രഗൃഹ്യതാം | വാങ്ങിക്കൊണ്ടാലും" |

ഇത്യച്യുതേനാഭിഹിതം വ്രജാബലാ
മത്വാ വിവസ്ത്രാപ്ലവനം വ്രതച്യുതിം
തത്പൂർത്തികാമാസ്തദശേഷകർമ്മണാം
സാക്ഷാത്കൃതം നേമുരവദ്യമൃഗ്യതഃ. 20

| | |
|---|---|
| ഇതി | ഈവിധം |
| അച്യുതേന | ശ്രീകൃഷ്ണനാൽ |
| അഭിഹിതം | പറയപ്പെട്ട. |
| വിവസ്ത്രാപ്ലവനം | നഗ്നമായി വെള്ളത്തിലിറങ്ങിക്കുളിക്കുന്നത് |
| വ്രതച്യുതിം മത്വാ | വ്രതഭംഗദോഷത്തിന്ന് ഇടവരുത്തുന്ന സംഗതിയാണെന്ന് കരുതി, |
| വ്രജാംഗനാഃ | ആ ഗോപസ്ത്രീകൾ |
| തത്പൂർത്തി-കാമാഃ | വ്രതത്തിന്ന് വീഴ്ചവരുത്താതെ അതിനെ നിറവേററുന്നതിൽ ആഗ്രഹംകൊണ്ടവരായിട്ട് |
| തദശേഷ-കർമ്മണാം | അത്തരത്തിലുള്ള സമസ്ത വ്രതകർമ്മങ്ങളുടേയും |
| സാക്ഷാത്കൃതം | പ്രത്യക്ഷഫലസ്വരൂപമായി വിളങ്ങുന്ന കൃഷ്ണനെത്തന്നെ |
| നേമുഃ | വീണുവണങ്ങി. |
| യതഃ | എന്തുകൊണ്ടെന്നാൽ |
| അവദ്യമൃക് | അവിടുന്നുതന്നെയാണല്ലോ സകല ദോഷങ്ങളേയും നിർമ്മാർജ്ജനം ചെയ്യുന്നവൻ. |

താസ്തഥാऽവനതാ ദൃഷ്ട്വാ ഭഗവാൻ ദേവകീസുതഃ
വാസാംസി താഭ്യഃ പ്രായച്ഛത് കരുണസ്തേന തോഷിതഃ. 21

| | | | |
|---|---|---|---|
| തഥാ | അപ്രകാരം | കരുണഃ | കരുണാനിധിയുമായ |
| അവനതാഃ | വീണുനമസ്കരിച്ച | ഭഗവാൻ | ഭഗവാൻ |
| താഃ | ആ കന്യകമാരെ | ദേവകീസുതഃ | ശ്രീകൃഷ്ണൻ |
| ദൃഷ്ട്വാ | കണ്ടു് | താഭ്യഃ വാസാംസി | അവൎക്ക വസ്ത്രങ്ങളെ |
| തേന തോഷിതഃ | അതിനാൽ സന്തുഷ്ടനും, | പ്രായച്ഛത് | കൊടുത്തു. |

ദൃഢം പ്രലബ്ധാസ്ത്രപയാ ച ഹാപിതാഃ
പ്രസ്തോഭിതാഃ ക്രീഡനവച്ച കാരിതാഃ
വസ്ത്രാണി ചൈവാപഹൃതാന്യഥാപ്യമും
താ നാഭ്യസൂയൻ പ്രിയസംഗനിർവൃതാഃ. 22

| | | | |
|---|---|---|---|
| ദൃഢം പ്രലബ്ധാഃ | കഠിനമായി അധിക്ഷേപിക്കപ്പെട്ടവരും, | അപഹൃതാനി ഏവ ച | അപഹരിക്കപ്പെടുക തന്നെയും ഉണ്ടായി. |
| ത്രപയാ | ലജ്ജയാൽ | അഥാപി | എന്നിട്ടുകൂടി |
| ഹാപിതാഃ ച | വിടുത്തപ്പെട്ടവരും, | പ്രിയസംഗനിർവൃതാഃ | പ്രിയസമ്പൎക്കത്താൽ പരമാനന്ദം അനുഭവിച്ചിരിക്കുന്ന |
| പ്രസ്തോഭിതാഃ | നല്ലപോലെ അപഹസിക്കപ്പെട്ടവരും, | താഃ അമും | അവർ ആ കൃഷ്ണനെ |
| ക്രീഡനവത് | കളിപ്പാവയെപ്പോലെ | ന അഭ്യസൂയൻ | തെററുകാരനായി കണ്ടില്ല. |
| കാരിതാഃ ച | ചെയ്യിക്കപ്പെട്ടവരുമാണ്; | | |
| വസ്ത്രാണി | വസ്ത്രങ്ങൾ | | |

പരിധായ സ്വവാസാംസി പ്രേഷ്ഠസംഗമസജ്ജിതാഃ
ഗൃഹീതചിത്താ നോ ചേലുസ്തസ്മിംല്ലജ്ജായിതേക്ഷണാഃ. 23

| | | | |
|---|---|---|---|
| സ്വവാസാംസി | അവരവരുടെ വസ്ത്രങ്ങളെ | ഗൃഹീതചിത്താഃ | ഭഗവാനാൽ പിടിച്ചടക്കപ്പെട്ട ഹൃദയത്തോടുകൂടിയവരായും, |
| പരിധായ | എടുത്തു് ഉടുത്തശേഷം | പ്രേഷ്ഠസംഗമസജ്ജിതാഃ | പ്രിയതമസംഗമത്താൽ വശീകരിക്കപ്പെട്ടവരായും ഭവിച്ചു് |
| തസ്മിൻ | ഭഗവാങ്കൽ | നോ ചേലുഃ | ഗോപിമാർ അവിടം വിട്ടിളകിയില്ല. |
| ലജ്ജായിതേക്ഷണാഃ | ലജ്ജാഭാവംചേൎന്ന നോട്ടത്തോടുകൂടിയവരായും, | | |

താസാം വിജ്ഞായ ഭഗവാൻ സ്വപാദസ്പർശകാമ്യയാ
ധൃതവ്രതാനാം സംകല്പമാഹ ദാമോദരോऽബലാഃ. 24

| | | | |
|---|---|---|---|
| ദാമോദരഃ ഭഗവാൻ | ഭക്തവത്സലനും സൎവ്വജ്ഞനുമായ ശ്രീകൃഷ്ണൻ | താസാം | ആ കന്യകമാരുടെ |
| സ്വപാദസ്പർശകാമ്യയാ | സ്വപാദസ്പൎശത്തിലുള്ള ആഗ്രഹംകൊണ്ടു് | സങ്കല്പം | മനോവിചാരത്തെ |
| ധൃതവ്രതാനാം | വ്രതമെടുത്തിരിക്കുന്ന | വിജ്ഞായ | നന്നായറിഞ്ഞു് |
| | | അബലാഃ | ആ അബലകളോടു് |
| | | ആഹ | പറഞ്ഞു. |

സങ്കല്പോ വിദിതഃ സാധ്വ്യോ ഭവതീനാം മദർച്ചനം
മയാഽനുമോദിതഃ സോഽസൌ സത്യോ ഭവിതുമർഹതി. 25

| | |
|---|---|
| സാധ്വ്യഃ | "ഉത്തമകളേ ! |
| മദർച്ചനം | എന്നെ (പതിഭാവേന) ആരാധിക്കുക എന്നുള്ള |
| ഭവതീനാം | നിങ്ങളുടെ |
| സങ്കല്പഃ | അഭിലാഷം (നാണക്കേടു കൊണ്ട് നിങ്ങൾ തുറന്നു പറഞ്ഞില്ലെങ്കിലുംകൂടി) |
| മയാ വിദിതഃ | എന്നാൽ അറിയപ്പെട്ടു; |
| അനുമോദിതഃ | അതു് അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. |
| സഃ അസൌ | ആ ഈ സംഗതി |
| സത്യഃ ഭവിതും | യഥാർത്ഥമായിത്തീരാൻ |
| അർഹതി | ഇടവരുന്നതുമാണ്. |

ന മയ്യാവേശിതധിയാം കാമഃ കാമായ കല്പതേ
ഭർജ്ജിതാ ക്വഥിതാ ധാനാ പ്രായോ ബീജായ നേശതേ. 26

| | |
|---|---|
| മയി | "എന്നിൽത്തന്നെ |
| ആവേശിത- ധിയാം | മനസ്സർപ്പിച്ചിരിക്കുന്ന ജനങ്ങളുടെ |
| കാമഃ | വിഷയാഭിലാഷം |
| കാമായ | വീണ്ടും ലൌകിക വിഷയാനുഭവത്തിന്നു് |
| ന കല്പതേ | ഉതകുന്നതല്ല. |
| ഭർജ്ജിതാ | വറുക്കപ്പെട്ടതോ, |
| ക്വഥിതാ | വേവിക്കപ്പെട്ടതോ ആയ |
| ധാനാ | ധാന്യവിത്തു് |
| പ്രായഃ | മിക്കവാറും |
| ബീജായ | മുളച്ചുണ്ടാവുന്നതിന്നു് |
| ന ഈശതേ | കഴിവുള്ളതല്ലല്ലോ. |

യാതാബലാ വ്രജം സിദ്ധാ മയേമാ രംസ്യഥ ക്ഷപാഃ
യദുദ്ദിശ്യ വ്രതമിദം ചേരുരാര്യാർച്ചനം സതീഃ. 27

| | |
|---|---|
| അബലാഃ | "അബലകളേ ! |
| വ്രജം യാത | നിങ്ങൾ ഗോകുലത്തിലേക്കു പോയ്ക്കൊള്ളുവിൻ. |
| സതീഃ | ഉത്തമകളെ ! |
| സിദ്ധാഃ | നിങ്ങൾ ഇഷ്ടകാര്യം സാധിച്ചവരായിരിക്കുന്നു. |
| ഇമാഃ ക്ഷപാഃ | ഇനി വരുന്ന (ശരല്ക്കാല) രാത്രികാലങ്ങൾ മുഴുവനും |
| മയാ | എന്നോടുകൂടി |
| രംസ്യഥ | നിങ്ങൾ രമിക്കുന്നതാണ്. |
| യത് ഉദ്ദിശ്യ | യാതൊരു രതിസുഖത്തെ ഉദ്ദേശിച്ചുകൊണ്ടാണല്ലോ |
| ആര്യാർച്ചനം | കാത്യായനീപൂജയാവുന്ന |
| ഇദം വ്രതം | ഈ വ്രതത്തെ |
| ചേരുഃ | നിങ്ങൾ അനുഷ്ഠിച്ചിരുന്നതു്." |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്യാദിഷ്ടാ ഭഗവതാ ലബ്ധകാമാഃ കുമാരികാഃ
ധ്യായന്ത്യസ്തത്പദാംഭോജം കൃച്ഛ്രാന്നിർവ്വിവിശുർവ്രജം. 28

| | |
|---|---|
| ഭഗവതാ | ഭഗവാനാൽ |
| ഇതി ആദിഷ്ടാഃ | ഈവിധം കല്പിക്കപ്പെട്ട |
| കുമാരികാഃ | കന്യകമാർ |
| ലബ്ധകാമാഃ | ആഗ്രഹം സാധിച്ചവരായിട്ടു് |
| തത് പദാംഭോജം | അവിടുത്തെ തൃപ്പാദകമലത്തെ |
| ധ്യായന്ത്യഃ | ധ്യാനിച്ചുകൊണ്ടു് |
| കൃച്ഛ്രാത് | ഒരുവിധം |
| വ്രജം | ഗോകുലത്തിലേക്കു് |
| നിർവ്വിവിശുഃ | എത്തിച്ചേർന്നു. |

അഥ ഗോപൈഃ പരിവൃതോ ഭഗവാൻ ദേവകീസുതഃ
വൃന്ദാവനാദ്ഗതോ ദൂരം ചാരയൻ ഗാഃ സഹാഗ്രജഃ. 29

| | | | |
|---|---|---|---|
| അഥ | അനന്തരം | പരിവൃതഃ | ചുററപ്പെട്ടവനായി, |
| ദേവകീസുതഃ | ദേവകിയുടെ പുത്രനായ | ഗാഃ | പശുക്കളെ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ചാരയൻ | മേച്ചുംകൊണ്ടു് |
| സഹാഗ്രജഃ | ജ്യേഷ്ഠനായ ബലരാമനോടുകൂടെ | വൃന്ദാവനാത് | വൃന്ദാവനത്തിൽനിന്നു് |
| ഗോപൈഃ | ഗോപന്മാരാൽ | ദൂരം ഗതഃ | വളരെ ദൂരം പോയി. |

നിദാഘാർക്കാതപേ തിഗ്മേ ഛായാഭിഃ സ്വാഭിരാത്മനഃ
ആതപത്രായിതാൻ വീക്ഷ്യ ദ്രുമാനാഹ വ്രജൌകസഃ. 30

| | | | |
|---|---|---|---|
| തിഗ്മേ | അത്യുഗ്രമായ | ആതപത്രായിതാൻ | കുടയായിട്ടു നില്ക്കുന്ന |
| നിദാഘാർക്കാതപേ | ഗ്രീഷ്മകാലവെയിലത്തു് | ദ്രുമാൻ വീക്ഷ്യ | വന്മരങ്ങളെ നോക്കി |
| സ്വാഭിഃ | സ്വന്തം | വ്രജൌകസഃ | ഗോപാലന്മാരോടു് |
| ഛായാഭിഃ | തണലുകളാൽ | ആഹ | കൃഷ്ണൻ പറഞ്ഞു. |
| ആത്മനഃ | തനിക്കു് | | |

ഹേ സ്തോകകൃഷ്ണ ഹേ അംശോ ശ്രീദാമൻ സുബലാർജ്ജുന
വിശാലർഷഭ തേജസ്വിൻ ദേവപ്രസ്ഥ വരൂഥപ. 31

പശ്യതൈതാൻ മഹാഭാഗാൻ പരാർത്ഥൈകാന്തജീവിതാൻ
വാതവർഷാതപഹിമാൻ സഹന്തോ വാരയന്തി നഃ. 32

| | | | |
|---|---|---|---|
| ഹേ സ്തോകകൃഷ്ണ | അല്ലയോ സ്തോകകൃഷ്ണ! | പരാർത്ഥൈകാന്തജീവിതാൻ | പരോപകാരത്തിന്നായി ജീവിതത്തെ ആകമാനം വിനിയോഗിക്കുന്ന |
| ഹേ അംശോ | അല്ലയോ അംശോ! | മഹാഭാഗാൻ | ഭാഗ്യശാലികളായ |
| ശ്രീദാമൻ | ശ്രീദാമാവേ! | ഏതാൻ | ഈ വൃക്ഷങ്ങളെ |
| സുബല | സുബല! | പശ്യത | നോക്കുവിൻ! |
| അർജ്ജുന | അർജ്ജുന! | വാതവർഷാതപഹിമാൻ | കാററും, മഴയും, വെയിലും, മഞ്ഞും |
| വിശാല | വിശാല! | സഹന്തഃ | സഹിച്ചുകൊണ്ടു് ഇവ |
| ഋഷഭ | ഋഷഭ! | നഃ | നമ്മെ (അവയിൽനിന്നു്) |
| തേജസ്വിൻ | ഹേ തേജസ്വി! | വാരയന്തി | തടഞ്ഞു രക്ഷിക്കുന്നു. |
| ദേവപ്രസ്ഥ | ദേവപ്രസ്ഥ! | | |
| വരൂഥപ | വരൂഥപ! | | |

അഹോ ഏഷാം വരം ജന്മ സർവ്വപ്രാണ്യുപജീവനം
സുജനസ്യേവ യേഷാം വൈ വിമുഖാ യാന്തി നാർത്ഥിനഃ. 33

| | | | |
|---|---|---|---|
| സർവ്വപ്രാണ്യുപജീവനം | സമസ്തജീവികൾക്കും ഉപജീവനത്തിന്നുതകുന്ന | ഏഷാം ജന്മ | ഇവയുടെ ജന്മം |
| | | അഹോ | അത്ഭുതാവഹമാണു്; |

വരം — അത്യുൽകൃഷ്ടവുമാണ്.
സുജനസ്യ — സജ്ജനങ്ങളുടെ അടുത്തുചെന്ന
അൎത്ഥിനഃ ഇവ — യാചകന്മാർ എന്നപോലെ

യേഷാം വൈ — ഇവയുടെ അടുത്തുചെന്നവരും
വിമുഖാഃ — പരാങ്മുഖരായി
ന യാന്തി — മടങ്ങിപ്പോകയില്ല.

പത്രപുഷ്പഫലച്ഛായാമൂലവല്കലദാരുഭിഃ
ഗന്ധനിൎയ്യാസഭസ്മാസ്ഥിതോക്മൈഃ കാമാൻ വിതന്വതേ. 34

പത്രപുഷ്പ- ഫലച്ഛായാമൂല- വല്കലദാരുഭിഃ — ഇല, പൂവ്വ്, കായ, തണൽ, കിഴങ്ങ്, (വേര്), തോല്, തടി എന്നിവകൊണ്ടും,

ഗന്ധനിൎയ്യാസ- ഭസ്മാസ്ഥി- തോക്മൈഃ — സുഗന്ധം, പശ, വെണ്ണീർ, വിറക്, തുമ്പ് എന്നിവകൊണ്ടും
കാമാൻ — അഭീഷ്ടങ്ങളെ
വിതന്വതേ — നിറവേററിത്തരുന്നു.

ഏതാവജ്ജന്മസാഫല്യം ദേഹിനാമിഹ ദേഹിഷു
പ്രാണൈരൎത്ഥൈൎദ്ധിയാ വാചാ ശ്രേയ ഏവാചരേത്സദാ. 35

സദാ — എല്ലായ്പോഴും
പ്രാണൈഃ — ജീവനെക്കൊണ്ടും,
അൎത്ഥൈഃ — സമ്പത്തുകൾകൊണ്ടും,
ധിയാ — വിചാരംകൊണ്ടും,
വാചാ — വാക്കുകൊണ്ടും
ദേഹിഷു — സൎവ്വപ്രാണികളുടേയും വിഷയത്തിൽ

ശ്രേയഃ ഏവ — നന്മയെ മാത്രം
ആചരേത് — കരുതി പ്രവൎത്തിക്കുക
ഏതാവത് — എന്നുള്ളതു മാത്രമേ
ഇഹ — ഈ ലോകത്തിൽ
ദേഹിനാം — ശരീരികൾക്ക്
ജന്മസാഫല്യം — ജന്മസാഫല്യമാകയുള്ളു.

ഇതി പ്രവാളസ്തബകഫലപുഷ്പദളോത്കരൈഃ
തരൂണാം നമ്രശാഖാനാം മദ്ധ്യേന യമുനാം ഗതഃ. 36

ഇതി — ഇപ്രകാരം പറഞ്ഞ്, ഭഗവാൻ
പ്രവാളസ്തബക- ഫലപുഷ്പ- ദളോത്കരൈഃ — തളിർത്തൊത്തുകൾ, കായ്കൾ, പുഷ്പങ്ങൾ, ഇലകൾ എന്നിവയുടെ സമൃദ്ധിയാൽ

നമ്രശാഖാനാം — താഴ്ന്നിരിക്കുന്ന കൊമ്പുകളോടുകൂടി നില്ക്കുന്ന
തരൂണാം — വൃക്ഷങ്ങളുടെ
മദ്ധ്യേന — മദ്ധ്യത്തിലൂടെ
യമുനാം — യമുനാതീരത്തിലേക്ക്
ഗതഃ — ചെന്നു.

തത്ര ഗാഃ പായയിത്വാഽപഃ സുമൃഷ്ടാഃ ശീതളാഃ ശിവാഃ
തതോ നൃപ സ്വയം ഗോപാഃ കാമം സ്വാദു പപുൎജ്ജലം. 37

നൃപ — രാജാവേ!
തത്ര ഗോപാഃ — അവിടെ ഗോപന്മാർ
ഗാഃ — പശുക്കളെ
സുമൃഷ്ടാഃ — നിൎമ്മലവും,
ശീതളാഃ — ശീതളവും,
ശിവാഃ — ആരോഗ്യകരവും ആയ

അപഃ — വെള്ളം
പായയിത്വാ — കുടിപ്പിച്ച്,
തതഃ — അതിൽപ്പിന്നെ
സ്വാദു ജലം — രുചിപ്രദമായ വെള്ളം
സ്വയം കാമം പപുഃ — അവരും തൃപ്തിയാവോളം കുടിച്ചു.

തസ്യാ ഉപവനേ കാമം ചാരയന്തഃ പശൂൻ നൃപ
കൃഷ്ണരാമാവുപാഗമ്യ ക്ഷുധാൎത്താ ഇദമബ്രുവൻ. 38

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ചാരയന്തഃ | മേച്ചുകൊണ്ടിരിക്കുന്ന ഗോപന്മാർ |
| തസ്യാഃ | ആ യമുനാനദിയുടെ | ക്ഷുധാൎത്താഃ | വിശപ്പുകൊണ്ടു തളൎന്ന് |
| ഉപവനേ | തീരപ്രദേശത്തുള്ള വനത്തിൽ | കൃഷ്ണരാമൌ | കൃഷ്ണനേയും രാമനേയും |
| | | ഉപാഗമ്യ | സമീപിച്ച് |
| പശൂൻ | പശുക്കളെ | ഇദം | ഈവിധം |
| കാമം | ഇഷ്ടംപോലെ | അബ്രുവൻ | പറഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
ഗോപീവസ്ത്രാപഹാരോ നാമ ദ്വാവിംശോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 968.

## ത്രയോവിംശോഽദ്ധ്യായഃ—ഇരുപത്തിമൂന്നാമദ്ധ്യായം.

[ത്രയോവിംശേ തതോ ഗോപൈരന്നയാച്ഞോപദേശതഃ
തത്പത്ന്യനുഗ്രഹാത് കൃഷ്ണോ ദീക്ഷിതാനന്വതാപയത്.]
(വിപ്രപത്ന്യനുഗ്രഹലീല)

ഗോപാഃ ഊചുഃ = ഗോപന്മാർ പറഞ്ഞു :—

രാമ രാമ മഹാവീൎയ്യ കൃഷ്ണ ദുഷ്ടനിബൎഹണ
ഏഷാ വൈ ബാധതേ ക്ഷുന്നസ്തച്ഛാന്തിം കൎത്തുമൎഹഥഃ. 1

| | | | |
|---|---|---|---|
| മഹാവീൎയ്യ | വീൎയ്യശാലിയായ | ഏഷാ വൈ ക്ഷുത് | ഇതാ വല്ലാത്ത വിശപ്പ് |
| | | നഃ | ഞങ്ങളെ |
| രാമ രാമ | ഹേ ബലരാമ! | ബാധതേ | ബാധിച്ചിരിക്കുന്നു. |
| ദുഷ്ടനിബൎഹണ | ദുഷ്ടനിയന്താവായ | തച്ഛാന്തിം | അതിന്നു ശമനം |
| കൃഷ്ണ | ഹേ കൃഷ്ണ! | കൎത്തും അൎഹഥഃ | ഉണ്ടാക്കിത്തന്നാലും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇതി വിജ്ഞാപിതോ ഗോപൈൎഭഗവാൻ ദേവകീസുതഃ
ഭക്തായാ വിപ്രഭാൎയ്യായാഃ പ്രസീദന്നിദമബ്രവീത്. 2

| | | | |
|---|---|---|---|
| ഗോപൈഃ | ഗോപന്മാരാൽ | ഭക്തായാഃ | സ്വഭക്തയായ |
| ഇതി | ഈ വിധം | വിപ്രഭാൎയ്യായാഃ | വിപ്രപത്നിയെ |
| വിജ്ഞാപിതഃ | അറിയിക്കപ്പെട്ട | പ്രസീദൻ | അനുഗ്രഹിക്കുന്നവനായി |
| ഭഗവാൻ | സൎവ്വജ്ഞനായ | ഇദം | ഇപ്രകാരം |
| ദേവകീസുതഃ | ശ്രീകൃഷ്ണൻ | അബ്രവീത് | പറഞ്ഞു. |

പ്രയാത ദേവയജനം ബ്രാഹ്മണാ ബ്രഹ്മവാദിനഃ
സത്രമാംഗിരസം നാമ ഹ്യാസതേ സ്വൎഗ്ഗകാമ്യയാ. 3

| | |
|---|---|
| ബ്രഹ്മവാദിനഃ | "വേദോപദേഷ്ടാക്കളായ |
| ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ |
| സ്വൎഗ്ഗകാമ്യയാ | സ്വൎഗ്ഗലോകം ആഗ്രഹിച്ചുകൊണ്ടു് |
| ആംഗിരസം നാമ | ആംഗിരസം എന്നു പേരായ |
| സത്രം | യാഗം |
| ആസതേ ഹി | ചെയ്യുവരുന്നുണ്ടല്ലോ. |
| ദേവയജനം | അവരുടെ യാഗശാലയിലേക്കു് |
| പ്രയാത | നിങ്ങൾ പോകുവിൻ. |

തത്ര ഗത്വൗദനം ഗോപാ യാചതാസ്മദ്വിസൎജ്ജിതാഃ
കീൎത്തയന്തോ ഭഗവത ആൎയ്യസ്യ മമ ചാഭിധാം. 4

| | |
|---|---|
| ഗോപാഃ | " ഗോപന്മാരേ ! |
| അസ്മദ്— വിസൎജ്ജിതാഃ | ഞങ്ങളാൽ പറഞ്ഞയക്കപ്പെട്ടവാരായ നിങ്ങൾ |
| തത്ര ഗത്വാ | അവിടെ ചെന്നു് |
| ഭഗവതഃ | സംപൂജ്യനായ |
| ആൎയ്യസ്യ | ജ്യേഷ്ഠന്റെയും |
| മമ ച അഭിധാം | എന്റേയും പേർ |
| കീൎത്തയന്തഃ | പറഞ്ഞുകൊണ്ടു് |
| ഓദനം യാചത | അന്നം യാചിക്കുവിൻ." |

ഇത്യാദിഷ്ടാ ഭഗവതാ ഗത്വാഽയാചന്ത തേ തഥാ
കൃതാഞ്ജലിപുടാ വിപ്രാൻ ദണ്ഡവത് പതിതാ ഭുവി. 5

| | |
|---|---|
| ഇതി | ഇപ്രകാരം |
| ഭഗവതാ | ഭഗവാനാൽ |
| ആദിഷ്ടാഃ | ആജ്ഞാപിക്കപ്പെട്ടവരായ |
| തേ ഗത്വാ | അവർ പോയിട്ടു് |
| കൃതാഞ്ജലിപുടാഃ | കൂപ്പുകൈയോടെ |
| ഭുവി | ഭൂമിയിൽ |
| ദണ്ഡവത് പതിതാഃ | വീണു ദണ്ഡനമസ്കാരം ചെയ്തു് |
| വിപ്രാൻ | ബ്രാഹ്മണരോടു് |
| തഥാ അയാചന്ത | അപ്രകാരം യാചിച്ചു. |

ഹേ ഭൂമിദേവാഃ ശൃണുത കൃഷ്ണസ്യാദേശകാരിണഃ
പ്രാപ്താഞ്ജാനീത ഭദ്രം വോ ഗോപാൻ നോ രാമചോദിതാൻ. 6

| | |
|---|---|
| ഹേ ഭൂമിദേവാഃ | "അല്ലയോ ഭൂമിദേവന്മാരെ ! |
| ശൃണുത | കേൾക്കുവിൻ ; |
| വഃ ഭദ്രം | ഭവാന്മാൎക്കു നന്മവരട്ടെ. |
| കൃഷ്ണസ്യ | കൃഷ്ണന്റെ |
| ആദേശകാരിണഃ | ആജ്ഞാകാരികളും |
| രാമചോദിതാൻ | രാമനാൽ നിയോഗിക്കപ്പെട്ടു് |
| പ്രാപ്താൻ | ഇവിടെ വന്നിരിക്കുന്നവരും ആയ |
| നഃ ഗോപാൻ | ഞങ്ങളെ ഗോപന്മാരെന്നു |
| ജാനീത | അറിഞ്ഞുകൊണ്ടാലും. |

ഗാശ്ചാരയന്താവവിദൂര ഓദനം രാമാച്യുതൗ വോ ലഷതോ ബുഭുക്ഷിതൗ
തയോൎദ്വിജാ ഓദനമൎത്ഥിനോൎയ്യദി ശ്രദ്ധാ ച വോ യച്ഛത ധൎമ്മവിത്തമാഃ.

| | |
|---|---|
| അവിദൂരേ | "ഇവിടെനിന്നു് ഏറെ അകലമില്ലാത്ത ഒരിടത്തു് |
| ഗാഃ | പൈക്കളെ |
| ചാരയന്തൌ | മേച്ചുകൊണ്ടിരിക്കുന്ന |
| രാമാച്യുതൌ | രാമനും കൃഷ്ണനും |
| ബുഭുക്ഷിതൌ | വിശന്നവരായിട്ടു് |
| വഃ ഓദനം | ഭവാന്മാരുടെ അന്നത്തെ |
| ലഷതഃ | ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. |
| ധർമ്മവിത്തമാഃ | ധർമ്മജ്ഞോത്തമന്മാരേ ! |
| ദ്വിജാഃ | മഹാബ്രാഹ്മണരേ ! |
| വഃ | ഭവാന്മാരുടെ വക്കൽ |
| ഓദനം | അന്നവും |
| ശ്രദ്ധാ ച | അതു നല്കുവാനുള്ള ശ്രദ്ധയും |
| യദി | ഉണ്ടെങ്കിൽ |
| അർത്ഥിനോഃ | യാചകന്മാരായ |
| തയോഃ | അവർ രണ്ടുപേർക്കും |
| യച്ഛത | കൊടുക്കുക. |

ദീക്ഷായാഃ പശുസംസ്ഥായാഃ സൌത്രാമണ്യാശ്ച സത്തമാഃ
അന്യത്ര ദീക്ഷിതസ്യാപി നാന്നമശ്നൻ ഹി ദുഷ്യതി. 8

| | |
|---|---|
| സത്തമാഃ | "ഉത്തമന്മാരേ ! |
| ദീക്ഷായാഃ | ദീക്ഷാരംഭം മുതൽ |
| പശുസംസ്ഥായാഃ | പശുയജ്ഞംവരേയ്ക്കും, |
| സൌത്രാ- മണ്യാഃ ച | സൌത്രാമണി എന്ന യജ്ഞത്തിലും അല്ലാതെ |
| അന്യത്ര | മററുള്ളവയിൽ |
| ദീക്ഷിതസ്യ | ദീക്ഷയെടുത്തിരിക്കുന്ന ആളുടെ |
| അന്നം | അന്നത്തെ |
| അശ്നൻ അപി | ഭക്ഷിക്കുന്നതായാലും |
| ന ദുഷ്യതി ഹി | ദോഷം വരുന്നതല്ലല്ലോ". |

ഇതി തേ ഭഗവദ്യാച്ഞാം ശൃണ്വന്തോഽപി ന ശുശ്രുവുഃ
ക്ഷുദ്രാശാ ഭൂരികർമ്മാണോ ബാലിശാ വൃദ്ധമാനിനഃ. 9

| | |
|---|---|
| ഇതി | ഈവിധമുള്ള |
| ഭഗവദ്- യാച്ഞാം | ശ്രീകൃഷ്ണഭഗവാന്റെ അപേക്ഷയെ |
| തേ | അവർ (ബ്രാഹ്മണർ) |
| ശൃണ്വന്തഃ അപി | കേട്ടിരുന്നിട്ടും |
| ന ശുശ്രുവുഃ | കേട്ടതായി ഭാവിച്ചില്ല. |
| ക്ഷുദ്രാശാഃ | നിസ്സാരങ്ങളായ സ്വർഗ്ഗാദിസുഖങ്ങളിൽ ആശയുള്ളവരും |
| ഭൂരികർമ്മാണഃ | വലിയ ബുദ്ധിമുട്ടുള്ള കർമ്മങ്ങളിൽ ഏർപ്പെട്ടിരുന്നവരും |
| ബാലിശാഃ | സ്വതവേ മൂഢന്മാരും ആയ അവർ |
| വൃദ്ധമാനിനഃ | തങ്ങളെ ജ്ഞാനവൃദ്ധരെന്നു കരുതിക്കൊണ്ടിരുന്നു. |

ദേശഃ കാലഃ പൃഥഗ്ദ്രവ്യം മന്ത്രതന്ത്രർത്വിജോഽഗ്നയഃ
ദേവതാ യജമാനശ്ച ക്രതുർധർമ്മശ്ച യന്മയഃ. 10
തം ബ്രഹ്മ പരമം സാക്ഷാദ്ഭഗവന്തമധോക്ഷജം
മനുഷ്യദൃഷ്ട്യാ ദുഷ്പ്രജ്ഞാ മർത്ത്യാത്മാനോ ന മേനിരേ. 11

| | |
|---|---|
| ദേശഃ കാലഃ | ദേശവും, കാലവും |
| പൃഥക് ദ്രവ്യം | ചരുപുരോഡാശാദി യാഗദ്രവ്യവും, |
| മന്ത്രതന്ത്ര- ർത്വിജഃ | മന്ത്രങ്ങളും, പ്രയോഗങ്ങളും, ഋത്വിക്കുകളും എന്നിവയും, |

| | |
|---|---|
| അഗ്നയഃ | ത്രേതാഗ്നികളും, |
| ദേവതാഃ | ഇന്ദ്രാദിദേവതകളും, |
| യജമാനാഃ ച | യജ്ഞകൎത്താവും |
| ക്രതുഃ ധൎമ്മഃ ച | യജ്ഞവും, ധൎമ്മവും എല്ലാം |
| യന്മയഃ | യാതൊരുവന്റെ സ്വരൂപഭേദങ്ങളാണോ, |
| തം | അങ്ങനെയുള്ള |
| പരമം ബ്രഹ്മ | പരബ്രഹ്മസ്വരൂപിയും, |
| അധോക്ഷജം | ഐന്ദ്രിയജ്ഞാനത്തിന്നു് വിഷയമല്ലാത്തവനും ആയ |
| സാക്ഷാത് ഭഗവന്തം | സാക്ഷാൽ ശ്രീകൃഷ്ണ ഭഗവാനെ |
| മൎത്ത്യാത്മാനഃ | നശിക്കുന്ന ശരീരത്തിൽ ആത്മാഭിമാനം കൊണ്ടിരിക്കുന്ന |
| ദുഷ്പ്രജ്ഞാഃ | ദുൎബ്ബുദ്ധികളായ അവർ |
| മനുഷ്യദൃഷ്ട്യാ | മനുഷ്യനെന്ന നിലക്കുള്ള നോട്ടത്താൽ |
| ന മേനിരേ | ആദരിച്ചില്ല. |

ന തേ യദോമിതി പ്രോചുർ നേതി ച പരന്തപ
ഗോപാ നിരാശാഃ പ്രത്യേത്യ തഥോചുഃ കൃഷ്ണരാമയോഃ. 12

| | |
|---|---|
| പരന്തപ | ശത്രുസന്താപകരനായ അല്ലയോ രാജാവേ! |
| തേ യദാ | അവർ എപ്പോൾ |
| ഓം ഇതി | 'ഓം, തരാം' എന്നു് |
| ന പ്രോചുഃ | പറഞ്ഞില്ലയോ, |
| ന ഇതി ച | 'തരില്ല' എന്നും |
| ന (പ്രോചുഃ) | പറഞ്ഞില്ലയോ, അപ്പോൾ |
| നിരാശാഃ | നിരാശന്മാരായിത്തീൎന്നു |
| ഗോപാഃ | ഗോപന്മാർ |
| കൃഷ്ണരാമയോഃ | കൃഷ്ണന്റേയും രാമന്റേയും അടുക്കലേക്കു് |
| പ്രത്യേത്യ | തിരിച്ചുവന്നു് |
| തഥാ ഊചുഃ | അതേവിധം അറിയിച്ചു. |

തദുപാകൎണ്ണ്യ ഭഗവാൻ പ്രഹസ്യ ജഗദീശ്വരഃ
വ്യാജഹാര പുനൎഗ്ഗോപാൻ ദൎശ്ശയൻ ലൌകികീം ഗതിം. 13

| | |
|---|---|
| തത് ഉപാകൎണ്ണ്യ | അതുകേട്ടു് |
| ജഗദീശ്വരഃ | സൎവ്വലോകനാഥനായ |
| ഭഗവാൻ | ഭഗവാൻ ശ്രീകൃഷ്ണൻ |
| പ്രഹസ്യ | ചിരിച്ചു് |
| ലൌകികീം ഗതിം | ലോകനടവടിക്രമത്തെ |
| ദൎശ്ശയൻ | ചൂണ്ടിക്കാണിച്ചുകൊണ്ടു് |
| ഗോപാൻ | ഗോപന്മാരോടു് |
| പുനഃ വ്യാജഹാര | വീണ്ടും പറഞ്ഞു. |

മാം ജ്ഞാപയത പത്നീഭ്യഃ സസങ്കൎഷണമാഗതം
ദാസ്യന്തി കാമമന്നം വഃ സ്നിഗ്ദ്ധാ മയ്യുഷിതാ ധിയാ. 14

| | |
|---|---|
| സസങ്കൎഷണം | "ബലരാമനോടുകൂടെ |
| ആഗതം | വന്നിരിക്കുന്ന |
| മാം | എന്നെപ്പററി |
| പത്നീഭ്യഃ | ബ്രാഹ്മണപത്നിമാൎക്കു് |
| ജ്ഞാപയത | അറിവുകൊടുക്കുവിൻ. |
| മയി സ്നിഗ്ദ്ധാഃ | എന്നിൽ സ്നേഹമുള്ളവരും |
| ധിയാ ഉഷിതാഃ | വിചാരംകൊണ്ടു എന്നിൽത്തന്നെ വസിക്കുന്നവരും ആയ അവർ |
| വഃ | നിങ്ങൾക്കു് |
| കാമം അന്നം | വേണ്ടുവോളം അന്നം |
| ദാസ്യന്തി | തരുന്നതാണു്". |

ഗത്വാഽഥ പത്നീശാലായാം ദൃഷ്ട്വാഽഽസീനാഃ സ്വലംകൃതാഃ
നത്വാ ദ്വിജസതീൎഗ്ഗോപാഃ പ്രശ്രിതാ ഇദമബ്രുവൻ. 15

| | |
|---|---|
| അഥ | അനന്തരം |
| ഗോപാഃ | ഗോപന്മാർ |
| ഗത്വാ | പോയിട്ട് |
| പത്നീശാലായാം | പത്നീശാലയിൽ |
| ആസീനാഃ | ഇരിയ്ക്കുന്നവരും |
| സ്വലങ്കൃതാഃ | നല്ലപോലെ ദേഹം അലങ്കരിക്കപ്പെട്ടവരും ആയ |
| ദ്വിജസതീഃ | ബ്രാഹ്മണപത്നിമാരെ |
| ദൃഷ്ട്വാ നത്വാ | കണ്ട് നമസ്കരിച്ചശേഷം |
| പ്രശ്രിതാഃ | വിനയാന്വിതരായി |
| ഇദം | ഈവിധം |
| അബ്രുവൻ | പറഞ്ഞു. |

നമോ വോ വിപ്രപത്നീഭ്യോ നിബോധത വചാംസി നഃ
ഇതോഽവിദൂരേ ചരതാ കൃഷ്ണേനേഹേഷിതാ വയം. 16

| | |
|---|---|
| വിപ്രപത്നീഭ്യഃ | "വിപ്രപത്നികളായ |
| വഃ നമഃ | നിങ്ങൾക്ക് നമസ്കാരം. |
| നഃ വചാംസി | ഞങ്ങളുടെ വാക്കുകൾ |
| നിബോധത | കേട്ടുകൊണ്ടാലും. |
| ഇതഃ | ഇവിടെനിന്ന് |
| അവിദൂരേ | അധികം ദൂരമില്ലാത്ത ദിക്കിൽ |
| ചരതാ | സഞ്ചരിക്കുന്ന |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ |
| വയം ഇഹ | ഞങ്ങൾ ഇവിടേക്ക് |
| ഈഷിതാഃ | അയക്കപ്പെട്ടവരാണ്. |

ഗാശ്ചാരയൻ സ ഗോപാലൈഃ സരാമോ ദൂരമാഗതഃ
ബുഭുക്ഷിതസ്യ തസ്യാന്നം സാനുഗസ്യ പ്രദീയതാം. 17

| | |
|---|---|
| സഃ സരാമഃ | "അവൻ ബലരാമനോടൊന്നിച്ച് |
| ഗോപാലൈഃ | ഗോപന്മാരോടുകൂടെ |
| ഗാഃ ചാരയൻ | ഗോക്കളെ മേച്ചുകൊണ്ട് |
| ദൂരം ആഗതഃ | ദൂരസ്ഥലത്തേക്ക് വന്നിരിക്കയാണ്. |
| ബുഭുക്ഷിതസ്യ | വിശന്നുകൊണ്ട് |
| സാനുഗസ്യ | അനുചരന്മാരോടുകൂടിയിരിക്കുന്ന |
| തസ്യ | അവന്നു |
| അന്നം | ഭക്ഷണം |
| പ്രദീയതാം | നല്കപ്പെട്ടാലും". |

ശ്രുത്വാച്യുതമുപായാന്തം നിത്യം തദ്ദർശനോത്സുകാഃ
തത്കഥാക്ഷിപ്തമനസോ ബഭൂവുർജ്ജാതസംഭ്രമാഃ. 18

| | |
|---|---|
| തത്കഥാക്ഷിപ്തമനസഃ | അവിടുത്തെ കഥാശ്രവണത്താൽ ആകൎഷിക്കപ്പെട്ട ചിത്തത്തോടുകൂടിയിരുന്നവരും, |
| നിത്യം | പതിവായി |
| തദ്ദർശനോത്സുകാഃ | അവിടുത്തെ പ്രത്യക്ഷദർശനത്തിന്നു വെമ്പികൊണ്ടിരുന്നവരും ആയ ആ വിപ്രപത്നികൾ |
| അച്യുതം ഉപായാന്തം ശ്രുത്വാ | ശ്രീകൃഷ്ണൻ അടുത്തൊരു ദിക്കിൽ വന്നിരിക്കുന്നുവെന്നു കേട്ടിട്ട് |
| ജാതസംഭ്രമാഃ | പരിഭ്രമം കലൎന്നവരായി |
| ബഭൂവുഃ | ഭവിച്ചു. |

ചതുർവ്വിധം ബഹുഗുണമന്നമാദായ ഭാജനൈഃ
അഭിസസ്രുഃ പ്രിയം സർവ്വാ സമുദ്രമിവ നിമ്നഗാഃ. 19
നിഷിധ്യമാനാഃ പതിഭിർഭ്രാതൃഭിർബ്ബന്ധുഭിഃ സുതൈഃ
ഭഗവത്യുത്തമശ്ലോകേ ദീർഘശ്രുതധൃതാശയാഃ. 20

ബഹുഗുണം — നാനാരസങ്ങളോടു കൂടിയതും,
ചാതുർവ്വിധം — നാലുപ്രകാരത്തിൽ ഉള്ളതുമായ
അന്നം — ഭക്ഷണപദാർത്ഥത്തെ
ഭാജനൈഃ ആദായ — വെവ്വേറെ പാത്രങ്ങളിൽ എടുത്തു്
പതിഭിഃ — ഭർത്താക്കന്മാരാലും,
ഭ്രാതൃഭിഃ — സഹോദരന്മാരാലും,
ബന്ധുഭിഃ — ബന്ധുക്കളാലും,
സുതൈഃ — പുത്രന്മാരാലും
നിഷിദ്ധ്യമാനാഃ — തടയപ്പെട്ടിരുന്നിട്ടുകൂടി
ഉത്തമശ്ലോകേ — ഉത്തമകീർത്തിമാനായ
ഭഗവതി — ശ്രീഭഗവാങ്കൽ
ദീർഘശ്രുതധൃതാശയാഃ — ഏറിയ കാലമായി അവിടുത്തെ കീർത്തി കേൾക്കയാൽ ഹൃദയാർപ്പണം ചെയ്തിരുന്ന
സർവ്വാഃ — എല്ലാം വിപ്രപത്നിമാരും
നിമ്നഗാഃ സമുദ്രം ഇവ — നദികൾ സമുദ്രത്തിലേക്കു കുതിക്കുന്നതുപോലെ
പ്രിയം അഭിസസ്രുഃ — പ്രിയനായ ശ്രീകൃഷ്ണന്റെ സമീപത്തിലേക്കു് പാഞ്ഞുപോയി.

യമുനോപവനേഽശോകനവപല്ലവമണ്ഡിതേ
വിചരന്തം വൃതം ഗോപൈഃ സാഗ്രജം ദദൃശുഃ സ്ത്രിയഃ. 21

അശോകനവപല്ലവമണ്ഡിതേ — അശോകവൃക്ഷങ്ങളുടെ ഇളംതളിരുകളാൽ അലങ്കൃതമായിരിക്കുന്ന
യമുനോപവനേ — യമുനാതടത്തിലുള്ള ഉപവനത്തിൽ
ഗോപൈഃ വൃതം — ഗോപന്മാരാൽ പരിവൃതനായി,
സാഗ്രജം — ജ്യേഷ്ഠനോടുകൂടി
വിചരന്തം — സഞ്ചരിക്കുന്ന ശ്രീഹരിയെ
സ്ത്രിയഃ ദദൃശുഃ — ബ്രാഹ്മണസ്ത്രീകൾ ദർശിച്ചു.

ശ്യാമം ഹിരണ്യപരിധിം വനമാല്യബർഹ-
ധാതുപ്രവാളനടവേഷമനുവ്രതാംസേ
വിന്യസ്തഹസ്തമിതരേണ ധുനാനമബ്ജം
കർണ്ണോത്പലാളകകപോലമുഖാബ്ജഹാസം. 22

ശ്യാമം — ശ്യാമവർണ്ണം കലർന്നവനും
ഹിരണ്യപരിധിം — തങ്കപട്ടാട ചാർത്തിയവനും,
വനമാല്യബർഹധാതുപ്രവാളനടവേഷം — വനമാല, പീലി, മനയോല, ചെന്തളിർ എന്നവകൊണ്ടു നടനെപ്പോലെ വേഷമണിഞ്ഞിരിക്കുന്നവനും,
അനുവ്രതാംസേ — കൂടെ നടക്കുന്ന ഒരു തോഴന്റെ തോളിൽ
വിന്യസ്തഹസ്തം — വെച്ചിരിക്കുന്ന കരത്തോടുകൂടിയവനും,
ഇതരേണ — മറുകരത്താൽ
അബ്ജം — ലീലാകമലപുഷ്പത്തെ
ധുനാനം — ചുഴററിക്കൊണ്ടിരിക്കുന്നവനും,
കർണ്ണോത്പലാളകകപോലമുഖാബ്ജഹാസം — കാതുകളിൽ കരിങ്കുവളപ്പൂക്കളും, കവിൾത്തടങ്ങളിൽ കുറുനിരകളും, തിരുമുഖത്തിൽ മന്ദഹാസവും പൂണ്ടുകൊണ്ടിരിക്കുന്നവനുമായ ശ്രീഹരിയെ
(ദദൃശുഃ) — അവർ ദർശിച്ചു.

പ്രായഃ ശ്രുതപ്രിയതമോദയകർണ്ണപൂരൈ-
ര്യസ്മിൻ നിമഗ്നമനസസ്തമഥാക്ഷിരന്ധ്രൈഃ
അന്തഃ പ്രവേശ്യ സുചിരം പരിരഭ്യ താപം
പ്രാജ്ഞം യഥാഭിമതയോ വിജഹുർന്നരേന്ദ്ര. 23

| | |
|---|---|
| നരേന്ദ്ര | രാജാവേ! |
| പ്രായഃ | അനേകം പ്രാവശ്യം |
| ശ്രുതപ്രിയ-തമോദയകർണ്ണ-പൂരൈഃ | കേൾക്കപ്പെട്ടിരുന്ന പ്രിയതമനായ ഭഗവാന്റെ ഗുണമഹിമകളാവുന്നസജ്ജനകർണ്ണഭൂഷണങ്ങളാൽ |
| യസ്മിൻ | യാതൊരുവങ്കൽ |
| നിമഗ്നമനസഃ | മുഴുകിപ്പോയ ഹൃദയത്തോടുകൂടിയിരുന്ന ആ ബ്രാഹ്മണപത്നികൾ |
| അഥ | ദർശനാനന്തരം |
| തം | ആ ഭഗവാനെ |
| അക്ഷിരന്ധ്രൈഃ | കണ്ണുകളാകുന്ന പഴുതുകളിലൂടെ |
| അന്തഃ | അകത്തേക്ക് |
| പ്രവേശ്യ | കടത്തിയശേഷം |
| സുചിരം | വളരെനേരം |
| പരിരഭ്യ | ഗാഢാശ്ലേഷം ചെയ്ത്, |
| അഭിമതയഃ | അഹംവൃത്തികൾ (ഞാനെന്നും, എന്റേതെന്നും ഉള്ള ജാഗ്രദവസ്ഥയിലെ അന്തഃകരണവൃത്തികൾ) |
| പ്രാജ്ഞം യഥാ | സുഷുപ്തിയിൽ സാക്ഷിയായ 'പ്രാജ്ഞ'നെ പ്രാപിച്ച് ഏതുവിധമോ അവ്വിധം |
| താപം | ലൗകികസന്താപത്തെ |
| വിജഹുഃ | പരിഹരിച്ചു. |

താസ്തഥാ ത്യക്തസർവ്വാശാഃ പ്രാപ്താ ആത്മദിദൃക്ഷയാ
വിജ്ഞായാഖിലദൃഗ്ദ്രഷ്ടാ പ്രാഹ പ്രഹസിതാനനഃ. 24

| | |
|---|---|
| ത്യക്തസർവ്വാശാഃ | എല്ലാവിധം ആഗ്രഹങ്ങളേയും വെടിഞ്ഞിരിക്കുന്ന |
| താഃ | ആ സ്ത്രീകൾ |
| ആത്മദിദൃക്ഷയാ | തന്നെകാണുവാനുള്ള ആഗ്രഹംകൊണ്ടുമാത്രം |
| തഥാ പ്രാപ്താഃ | അപ്രകാരം വന്നുചേർന്നവരാണെന്ന് |
| വിജ്ഞായ | അറിഞ്ഞിട്ട്, |
| അഖില-ദൃഗ്ദ്രഷ്ടാ | സകലരുടേയും ബുദ്ധിക്ക് സാക്ഷിയായി നിലകൊള്ളുന്ന ഭഗവാൻ |
| പ്രഹസിതാനനഃ | പുഞ്ചിരിതൂകുന്ന പൂമുഖത്തോടുകൂടിയവനായി |
| പ്രാഹ | പറഞ്ഞു. |

സ്വാഗതം വോ മഹാഭാഗാ ആസ്യതാം കരവാമ കിം
യന്നോ ദിദൃക്ഷയാ പ്രാപ്താ ഉപപന്നമിദം ഹി വഃ. 25

| | |
|---|---|
| മഹാഭാഗാഃ | "സൌഭാഗ്യവതികളേ! |
| വഃ സ്വാഗതം | നിങ്ങൾക്ക സ്വാഗതം. |
| ആസ്യതാം | ഇരുന്നു വിശ്രമിച്ചാലും, |
| കിം കരവാമ | ഞങ്ങൾ നിങ്ങൾക്ക വേണ്ടി ചെയ്യേണ്ടതെന്ത്? |
| ഹി | എന്തെന്നാൽ |
| നഃ ദിദൃക്ഷയാ | ഞങ്ങളെ കാണുവാനുള്ള ആഗ്രഹംകൊണ്ട് |
| പ്രാപ്താഃ യത് ഇദം | ഇവിടെക്ക് വന്നു എന്നുള്ളത് |
| വഃ | നിങ്ങൾക്ക് |
| ഉപപന്നം | ചേർന്ന സംഗതിയാണ്. |

നന്വദ്ധാ മയി കുർവ്വന്തി കുശലാഃ സ്വാർത്ഥദർശനാഃ
അഹൈതുക്യവ്യവഹിതാം ഭക്തിമാത്മപ്രിയേ യഥാ. 26

| | |
|---|---|
| സ്വാർത്ഥദർശനാഃ | "സ്വന്തം പുരുഷാർത്ഥത്തെ കണ്ടറിഞ്ഞിരിക്കുന്ന |
| കുശലാഃ | വിവേകികൾ |
| ആത്മപ്രിയേ | ആത്മാവും പ്രിയനുമായ |
| മയി | എന്നിൽ |
| അഹൈതുക്യവ്യവഹിതാം ഭക്തിം | ഫലാപേക്ഷയില്ലാത്തതും, ഇടതടവില്ലാത്തതും ആയ ഭക്തിയെ |
| യഥാ അദ്ധാ | ശരിയായി, പ്രത്യക്ഷമായിട്ടുതന്നെ |
| കുർവ്വന്തി നനു | ചെയ്യുമാറുണ്ടല്ലോ. |

പ്രാണബുദ്ധിമനഃസ്വാത്മദാരാപത്യധനാദയഃ
യത്സംപർക്കാത് പ്രിയാ ആസംസ്തതഃ കോ ന്വപരഃ പ്രിയഃ. 27

| | |
|---|---|
| പ്രാണബുദ്ധിമനഃസ്വാത്മദാരാപത്യധനാദയഃ | "പ്രാണൻ, ബുദ്ധി, മനസ്സ്, ബന്ധുക്കൾ, ശരീരം, ഭാര്യ, മക്കൾ, സ്വത്ത് എന്നിങ്ങനെ തുടങ്ങിയുള്ളവയെല്ലാം |
| യത്സമ്പർക്കാത് | യാതൊരു ആത്മാവോടുള്ള ബന്ധംനിമിത്തം |
| പ്രിയാഃ | ഇഷ്ടമുള്ളവയായി |
| ആസൻ | ഭവിച്ചിരുന്നുവോ, |
| തതഃ | അതേ ആത്മാവിനേക്കാൾ |
| അപരഃ കഃ നു | മററാരുതന്നെ |
| പ്രിയഃ | പ്രിയനാകും? |

തദ്യാത ദേവയജനം പതയോ വോ ദ്വിജാതയഃ
സ്വസത്രം പാരയിഷ്യന്തി യുഷ്മാഭിർഗൃഹമേധിനഃ. 28

| | |
|---|---|
| തത് | "ആകയാൽ |
| ദേവയജനം | യാഗശാലയിലേക്ക് |
| യാത | നിങ്ങൾ പോയ്ക്കൊണ്ടാലും. |
| ദ്വിജാതയഃ | ബ്രാഹ്മണരും |
| ഗൃഹമേധിനഃ | ഗൃഹസ്ഥാശ്രമികളും ആയ |
| വഃ പതയഃ | നിങ്ങളുടെ ഭർത്താക്കന്മാർ |
| യുഷ്മാഭിഃ | നിങ്ങളോടുകൂടി |
| സ്വസത്രം | തങ്ങൾ തുടങ്ങിയ യാഗത്തെ |
| പാരയിഷ്യന്തി | മുഴുമിപ്പിക്കുന്നതാണ്." |

പത്ന്യ ഊചുഃ = വിപ്രപത്നികൾ പറഞ്ഞു :—

മൈവം വിഭോഽർഹതി ഭവാൻ ഗദിതും നൃശംസം
സത്യം കുരുഷ്വ നിഗമം തവ പാദമൂലം
പ്രാപ്താ വയം തുളസിദാമ പദാഽവസൃഷ്ടം
കേശൈർന്നിവോഢുമതിലങ്ഘ്യ സമസ്തബന്ധൂൻ. 29

| | |
|---|---|
| വിഭോ | ഹേ പ്രഭോ! |
| ഏവം നൃശംസം | ഈവിധം പരുഷവാക്ക് |
| ഗദിതും | പറയുന്നതിന്ന് |
| ഭവാൻ | നിന്തിരുവടി |
| മാ അർഹതി | അർഹിക്കുന്നില്ല. |
| സമസ്തബന്ധൂൻ | സർവ്വബന്ധുക്കളേയും |
| അതിലങ്ഘ്യ | തള്ളിക്കളഞ്ഞു്, |
| പദാ | (ഭവാനാൽ) തൃപ്പാദംകൊണ്ടു് |
| അവസൃഷ്ടം | ചവുട്ടിനീക്കിത്തരപ്പെട്ട |
| തുളസിദാമ | തുളസിമാലയെ |
| കേശൈഃ | മുടികളാൽ |
| നിവോഢും | ചുമക്കുന്നതിനുവേണ്ടി |

| | |
|---|---|
| വയം | ഞങ്ങൾ |
| തവ | ഭവാന്റെ |
| പാദമൂലം | പാദാന്തികത്തെ |
| പ്രാപ്താഃ | ശരണം പ്രാപിച്ചിരിക്കുന്നു. |
| നിഗമം | സ്വന്തം ആജ്ഞാവചനരൂപമായ വേദവാക്യത്തെ |
| സത്യം കുരുഷ്വ | ഭവാൻ സത്യമാക്കിത്തീർത്താലും. |

നോട്ട് :—വിപ്രപത്നികളെ ഭഗവാൻ തിരിച്ചയക്കുകയാണെങ്കിൽ 'ന സ പുനരാവർത്തതേ' (ഈശ്വരനെ കണ്ടവൻ വീണ്ടും തിരിച്ചുവരുന്നില്ല) എന്ന വേദവചനം സത്യമാകയില്ലല്ലോ.

ഗൃഹ്ണന്തി നോ ന പതയഃ പിതരൌ സുതാ വാ
ന ഭ്രാതൃബന്ധുസുഹൃദഃ കുത ഏവ ചാന്യേ
തസ്മാദ്ഭവത്പ്രപദയോഃ പതിതാത്മനാം നോ
നാന്യാ ഭവേദ്ഗതിരരിന്ദമ തദ്വിധേഹി. 30

| | |
|---|---|
| അരിന്ദമ | ഹേ ശത്രുസൂദന! |
| നഃ | ഞങ്ങളെ |
| പതയഃ | ഭർത്താക്കന്മാരോ, |
| പിതരൌ | അച്ഛനമ്മമാരോ, |
| സുതാഃ വാ | മക്കളോ |
| ന ഗൃഹ്ണന്തി | കൈക്കൊള്ളുകയില്ല. |
| ഭ്രാതൃബന്ധു-സുഹൃദഃ | ഉടപ്പിറന്നവരും, ബന്ധുക്കളും മററു വേണ്ടപ്പെട്ടവരും |
| ന | കൈക്കൊള്ളുകയില്ല. |
| അന്യേ ച കുതഃ ഏവ | അന്യന്മാരും എങ്ങിനെയാണ് കൈക്കൊള്ളുക? |
| തസ്മാത് | അതുകൊണ്ട് |
| ഭവത്-പ്രപദയോഃ | ഭവാന്റെ ചെന്താരടികൾക്ക് മുന്നിൽ |
| പതിതാത്മനാം | വന്നുവീണിട്ടുള്ള |
| നഃ | ഞങ്ങൾക്ക് |
| അന്യാ ഗതിഃ | വേറിട്ടൊരു ഗതിയും |
| ന ഭവേത് | ഉണ്ടാകയില്ല ; — ഉണ്ടാകയുമരുത്. |
| തത് | അതിനാൽ |
| വിധേഹി | നിന്തിരുവടിയുടെ ദാസ്യം അനുവദിച്ചുതന്നാലും. |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

പതയോ നാഭ്യസൂയേരൻ പിതൃഭ്രാതൃസുതാദയഃ
ലോകാശ്ച വോ മയോപേതാ ദേവാ അപ്യനുമന്വതേ. 31

| | |
|---|---|
| മയാ | എന്നാൽ |
| ഉപേതാഃ | അംഗീകരിക്കപ്പെട്ട |
| വഃ | നിങ്ങളെ |
| പതയഃ | ഭർത്താക്കന്മാരും, |
| പിതൃഭ്രാതൃ-സുതാദയഃ | അച്ഛനമ്മമാർ, സഹോദരന്മാർ, പുത്രന്മാർ മുതലായവരും, |
| ലോകാഃ ച | മാലോകർകൂടിയും |
| ന അഭ്യ-സൂയേരൻ | തെററുകാരായിട്ട് കാണുന്നതല്ല. |
| ദേവാഃ അപി | ദേവന്മാർപോലും |
| അനുമന്വതേ | സമ്മതിക്കുന്നു. |

ന പ്രീതയേഽനുരാഗായ ഹ്യംഗസംഗോ നൃണാമിഹ
തന്മനോ മയി യുഞ്ജാനാ അചിരാന്മാമവാപ്സ്യഥ. 32

| | |
|---|---|
| അംഗസംഗഃ ഹി നൃണാം | എന്റെ ശരീരസ്പർശം മാത്രമേ മനുഷ്യർക്ക് |
| പ്രീതയേ | സുഖം ജനിക്കുന്നതിനും |
| അനുരാഗായ | ഇടവിടാത്ത സ്നേഹം വളരുന്നതിനും |
| ന | ഉതകുകയുള്ളു എന്നില്ല. |

| | | | |
|---|---|---|---|
| തത് മയി | അതിനാൽ, എന്നിൽ | അചിരാത് | കാലതാമസം കൂടാതെ |
| മനഃ | മനസ്സിനെ മാത്രം | മാം | എന്നെത്തന്നെ |
| യുഞ്ജാനാഃ | ചേർത്തുകൊണ്ടിരുന്നു് | അവാപ്സ്യഥ | നിങ്ങൾ പ്രാപിച്ചുകൊള്ളും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്യുക്താ ദ്വിജപത്ന്യസ്താ യജ്ഞവാടം പുനർഗ്ഗതാഃ
തേ ചാനസൂയവഃ സ്വാഭിഃ സ്ത്രീഭിഃ സത്രമപാരയൻ 33

| | | | |
|---|---|---|---|
| ഇതി | ഈവിധം (ഭഗവാനാൽ) | അനസൂയവഃ | അവരിൽ ദോഷ |
| ഉക്താഃ | അരുളിച്ചെയ്യപ്പെട്ട | | നിരീക്ഷണം ചെയ്യാതെ |
| താഃ ദ്വിജപത്ന്യഃ | ആ ബ്രാഹ്മണപത്നികൾ | സ്വാഭിഃ | താന്താങ്ങളുടെ |
| യജ്ഞവാടം | യാഗശാലയിലേക്ക് | സ്ത്രീഭിഃ | പത്നിമാരോടുകൂടി |
| പുനഃ ഗതാഃ | തിരിച്ചുപോയി. | സത്രം | യാഗത്തെ |
| തേ ച | ആ ബ്രാഹ്മണരും | അപാരയൻ | ചെയ്തവസാനിപ്പിച്ചു. |

തത്രൈകാ വിധൃതാ ഭർത്രാ ഭഗവന്തം യഥാശ്രുതം
ഹൃദോപഗുഹ്യ വിജഹൌ ദേഹം കർമ്മാനുബന്ധനം. 34

| | | | |
|---|---|---|---|
| തത്ര | അവിടെ (യാഗശാലയിൽ) | ഭഗവന്തം | ഭഗവാനെ |
| ഭർത്രാ | ഭർത്താവിനാൽ | ഹൃദാ ഉപഗുഹ്യ | മനസ്സുകൊണ്ടു് ധ്യാനിച്ചു് |
| വിധൃതാ | തടയപ്പെട്ടുവെച്ചിരുന്ന | കർമ്മാനുബന്ധനം | പ്രാരബ്ധത്തോടു ചേർച്ചയുള്ളതായ |
| ഏകാ | ഒരുവൾ | ദേഹം | സ്വദേഹത്തെ |
| യഥാശ്രുതം | താൻ കേട്ടിട്ടുള്ള വിധത്തിൽ | വിജഹൌ | വെടിഞ്ഞു. |

ഭഗവാനപി ഗോവിന്ദസ്തേനൈവാന്നേന ഗോപകാൻ
ചതുർവ്വിധേനാऽശയിത്വാ സ്വയം ച ബുഭുജേ പ്രഭുഃ. 35

| | | | |
|---|---|---|---|
| പ്രഭുഃ | സർവ്വശക്തനും | തേന അന്നേന ഏവ | അതേ ഭക്ഷണപദാർത്ഥം കൊണ്ടുതന്നെ |
| ഭഗവാൻ | സർവ്വജ്ഞനും ആയ | ഗോപകാൻ | ഗോപന്മാരെ |
| ഗോവിന്ദഃ അപി | ശ്രീകൃഷ്ണനാകട്ടെ | ആശയിത്വാ | ഭുജിപ്പിച്ചശേഷം |
| ചതുർവ്വിധേന | നാലുപ്രകാരത്തിലുള്ള | സ്വയം ച ബുഭുജേ | താനും ഭുജിച്ചു. |

ഏവം ലീലാനരവപുർന്നൃലോകമനുശീലയൻ
രേമേ ഗോഗോപഗോപീനാം രമയൻ രൂപവാക്കൃതൈഃ. 36

| | | | |
|---|---|---|---|
| ലീലാനരവപുഃ | ലീലകൾക്കായി മർത്ത്യരൂപം ധരിച്ചിരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണൻ | രൂപവാക്കൃതൈഃ | രൂപം, വാക്ക്, പ്രവൃത്തി എന്നിവയാൽ |
| ഏവം | ഇപ്രകാരം | ഗോഗോപഗോപീനാം | ഗോക്കളേയും, ഗോപന്മാരേയും, ഗോപികളേയും |
| നൃലോകം | മർത്ത്യലോകത്തെ | രമയൻ | രമിപ്പിക്കുന്നതിനുവേണ്ടി |
| അനുശീലയൻ | അനുകരിച്ചുകൊണ്ടു് | രേമേ | സ്വയം രമിച്ചു. |

അഥാനുസ്മൃത്യ വിപ്രാസ്തേ   അന്വതപ്യൻ കൃതാഗസഃ
യദ്വിശ്വേശ്വരയോൎയ്യാച്ഞാമഹന്മ   നൃവിഡംബയോഃ. 37

| | |
|---|---|
| നൃവിഡംബ-യോഃ | 'മനുഷ്യരെ അനുകരിച്ചുകൊണ്ടിരിക്കുന്ന |
| വിശ്വേശ്വര-യോഃ | സാക്ഷാൽ ജഗദീശ്വരന്മാരുടെ |
| യാച്ഞാം | യാചനയെ |
| അഹന്മ യത് | തള്ളിക്കളഞ്ഞു എന്ന കാരണത്താൽ |

| | |
|---|---|
| കൃതാഗസഃ | നാം അപരാധം ചെയ്തവരായല്ലോ' |
| (ഇതി) | എന്നിങ്ങനെ |
| അനുസ്മൃത്യ | ഓൎത്തോൎത്തുകൊണ്ട് |
| തേ വിപ്രാഃ | ആ ബ്രാഹ്മണന്മാർ |
| അഥ | പിന്നീട് |
| അന്വതപ്യൻ | പശ്ചാത്തപിച്ചുതുടങ്ങി. |

ദൃഷ്ട്വാ സ്ത്രീണാം ഭഗവതി   കൃഷ്ണേ ഭക്തിമലൌകികീം
ആത്മാനം ച തയാ ഹീനമനുതപ്താ വ്യഗർഹയൻ. 38

| | |
|---|---|
| ഭഗവതി | ഷഡ്ഗുണസമ്പൂൎണ്ണനായ |
| കൃഷ്ണേ | ശ്രീകൃഷ്ണപരമാത്മാവിൽ |
| സ്ത്രീണാം | സ്ത്രീജനങ്ങൾക്കുണ്ടായ |
| അലൌകികീം | അസാധാരണമായിരിക്കുന്ന |
| ഭക്തിം | ഭക്തിയേയും, |

| | |
|---|---|
| തയാ ഹീനം | ആ ഭക്തിയോടു കൂടാതെയുള്ള |
| ആത്മാനം ച | തങ്ങളേയും |
| ദൃഷ്ട്വാ | കണ്ട് |
| അനുതപ്താഃ | പശ്ചാത്തപിച്ച് |
| വ്യഗർഹയൻ | സ്വയം നിന്ദിച്ചുകൊണ്ടിരുന്നു. |

ധിഗ്ജന്മ നസ്ത്രിവൃദ്വിദ്യാം ധിഗ്വ്രതം ധിഗ്ബഹുജ്ഞതാം
ധിക്കുലം ധിക്ക്രിയാദാക്ഷ്യം   വിമുഖാ യേ ത്വധോക്ഷജേ. 39

| | |
|---|---|
| നഃ | "നമ്മുടെ |
| ത്രിവൃത് ജന്മ | പിറവികൊണ്ടും, ഉപനയനസംസ്കാരം കൊണ്ടും, യജ്ഞദീക്ഷകൊണ്ടും ഉണ്ടായ മൂന്നുവിധം ജന്മവും, |
| വിദ്യാം ധിക് | വേദവും പാഴിലായി; |
| വ്രതം ധിക് | ബ്രഹ്മചര്യവ്രതവും പാഴിലായി; |

| | |
|---|---|
| ബഹുജ്ഞതാം ധിക് | വളരെ അറിവുള്ളവരെന്ന നിലയും പാഴിൽത്തന്നെ; |
| കുലം ധിക് | വംശമഹത്വവും പാഴ്; |
| ക്രിയാദാക്ഷ്യം ധിക് | വൈദികകൎമ്മാനുഷ്ഠാനപാടവവും പാഴിലായി. |
| തു യേ | എന്തെന്നാൽ, യാതൊരു നാം |
| അധോക്ഷജേ | ഭഗവാങ്കൽ |
| വിമുഖാഃ | അശ്രദ്ധ കാട്ടിയവരായല്ലോ. |

നൂനം ഭഗവതോ മായാ   യോഗിനാമപി മോഹിനീ
യദ്വയം ഗുരവോ നൃണാം സ്വാൎത്ഥേ മുഹ്യാമഹേ ദ്വിജാഃ. 40

| | |
|---|---|
| ഭഗവതഃ മായാ | "ഭഗവാന്റെ മായ |
| യോഗിനാം അപി | യോഗിമാൎക്കുംകൂടി |
| മോഹിനീ | മോഹം ജനിപ്പിക്കുന്നതാണ്; |
| നൂനം | നിശ്ചയം |
| യത് വയം | എന്തെന്നാൽ, നാം |

| | |
|---|---|
| നൃണാം | ജനങ്ങളുടെയെല്ലാം |
| ഗുരവഃ | ആചാൎയ്യന്മാരായിരുന്നിട്ടും, |
| ദ്വിജാഃ | ബ്രാഹ്മണരായിരുന്നിട്ടും |
| സ്വാൎത്ഥേ | തൻകാൎയ്യത്തിൽ |
| മുഹ്യാമഹേ | മോഹിച്ചിരിക്കുന്നു. |

അഹോ പശ്യത നാരീണാമപി കൃഷ്ണേ ജഗദ്ഗുരൌ
ദുരന്തഭാവം യോഽവിധ്യന്മൃത്യുപാശാൻ ഗൃഹാഭിധാൻ. 41

| | | | |
|---|---|---|---|
| അഹോ | "അത്ഭുതം ! | പശ്യത | നോക്കുക. |
| നാരീണാം അപി | സ്ത്രീകൾക്കുംകൂടി | യഃ | യാതൊരു ആ ഭക്തിഭാവം |
| ജഗദ്ഗുരൌ | ലോകഗുരുവായ | ഗൃഹാഭിധാൻ | ഗൃഹമെന്നു പേരുള്ള |
| കൃഷ്ണേ | ശ്രീകൃഷ്ണങ്കൽ ഉണ്ടായ | മൃത്യുപാശാൻ | കാലപാശങ്ങളെ |
| ദുരന്തഭാവം | അഴിവററ ഭക്തിഭാവത്തെ | അവിധ്യത് | അറുത്തുകളഞ്ഞു. |

നാസാം ദ്വിജാതിസംസ്കാരോ ന നിവാസോ ഗുരാവപി
ന തപോ നാത്മമീമാംസാ ന ശൌചം ന ക്രിയാഃ ശുഭാഃ. 42

| | | | |
|---|---|---|---|
| ആസാം | "ഈ സ്ത്രീകൾക്ക് | ആത്മമീമാംസാ ന | സന്യാസിധർമ്മമായ ആത്മവിചാരമില്ല ; |
| ദ്വിജാതി-സംസ്കാരഃ ന | ബ്രാഹ്മണോചിതമായ ഉപനയനസംസ്കാരമില്ല ; | ശൌചം ന | ശുദ്ധിയില്ല ; |
| ഗുരൌ നിവാസഃ അപി ന | ബ്രഹ്മചാരിയുടെ ധർമ്മമായ ഗുരുകുലവാസവുമില്ല ; | ശുഭാഃ ക്രിയാഃ ന | ഗൃഹസ്ഥോചിതങ്ങളായ അഗ്നിഹോത്രാദി സൽകർമ്മങ്ങളുമില്ല. |
| തപഃ ന | വാനപ്രസ്ഥധർമ്മമായ തപോനുഷ്ഠാനമില്ല ; | | |

അഥാപി ഹ്യുത്തമശ്ലോകേ കൃഷ്ണേ യോഗേശ്വരേശ്വരേ
ഭക്തിർദൃഢാ ന ചാസ്മാകം സംസ്കാരാദിമതാമപി. 43

| | | | |
|---|---|---|---|
| അഥാപി | "എന്നിട്ടുപോലും | ദൃഢാ ഭക്തിഃ ഹി | ഉറച്ച ഭക്തി അവർക്കുണ്ടായല്ലോ. |
| ഉത്തമശ്ലോകേ | പുണ്യചരിതനായി, | സംസ്കാരാദി-മതാം അപി | സംസ്കാരാദികളുള്ളവരാണെങ്കിലുംകൂടി |
| യോഗേശ്വരേ-ശ്വരേ | യോഗേശ്വരന്മാർക്കും ഈശ്വരനായി വർത്തിക്കുന്ന | അസ്മാകം ന ച | നമുക്ക് അതുണ്ടായില്ല. |
| കൃഷ്ണേ | ശ്രീകൃഷ്ണങ്കൽ | | |

നനു സ്വാർത്ഥവിമൂഢാനാം പ്രമത്താനാം ഗൃഹേഹയാ
അഹോ നഃ സ്മാരയാമാസ ഗോപവാക്യൈഃ സതാം ഗതിഃ. 44

| | | | |
|---|---|---|---|
| ഗൃഹേഹയാ | "കുടുംബസംബന്ധമായ ആശയാൽ | നഃ സതാം ഗതിഃ | നമുക്ക് സത്തുക്കൾക്ക് ശരണ്യനായ ഭഗവാൻ |
| പ്രമത്താനാം | പ്രമത്തരായും, | ഗോപവാക്യൈഃ | ഗോപന്മാരുടെ വാക്കുകളെക്കൊണ്ട് |
| സ്വാർത്ഥ-വിമൂഢാനാം | സ്വപുരുഷാർത്ഥസമ്പാദനത്തിൽ മൌഢ്യം ചേർന്നിരിക്കുന്നവരായും ഉള്ള | സ്മാരയാമാസ നനു | തന്റെ ഓർമ്മ വരുത്തി തന്നതായിരിക്കാം ; |
| | | അഹോ | ആശ്ചര്യം ! |

അന്യഥാ പൂർണ്ണകാമസ്യ കൈവല്യാദ്യാശിഷാം പതേഃ
ഈശിതവ്യൈഃ കിമസ്മാഭിരീശസ്യൈതദ്വിഡംബനം. 45

| | |
|---|---|
| അന്യഥാ | "മറെറാരു പ്രകാരമാണെങ്കിൽ |
| പൂൎണ്ണകാമസ്യ | സൎവ്വകാമങ്ങളും നിറഞ്ഞിരിക്കുന്നവനും, |
| കൈവല്യാദ്യാംശിഷാം പതേഃ | മോക്ഷാദ്യനുഗ്രഹങ്ങളെ പ്രദാനം ചെയ്യുന്നവനുമായ ഭഗവാന്നു് |
| ഈശിതവ്യൈഃ | രക്ഷണീയരായ |
| അസ്മാഭിഃ | നമ്മളാൽ |
| കിം | എന്തു കാൎയ്യമുണ്ടു്? |
| ഏതത് | ഇതു് (നമ്മോടു് അന്നം യാചിച്ചതു്) |
| ഈശസ്യ | രക്ഷിതാവായ അവിടുത്തെ |
| വിഡംബനം | ലീലമാത്രമാകുന്നു. |

ഹിത്വാഽന്യാൻ ഭജതേ യം ശ്രീഃ പാദസ്പൎശാശയാഽസകൃത്
ആത്മദോഷാപവൎഗ്ഗേണ തദ്യാച്ഞാ ജനമോഹിനീ. 46

| | |
|---|---|
| പാദസ്പൎശാശയാ | "തൃപ്പാദസേവയ്ക്കുള്ള ആഗ്രഹംകൊണ്ടു് |
| ശ്രീഃ | ശ്രീമഹാലക്ഷ്മി |
| ആത്മദോഷാപവൎഗ്ഗേണ | തന്റെ ചഞ്ചലതാദിദോഷങ്ങളുടെ പരിത്യാഗത്തോടുകൂടി |
| അന്യാൻ | മററുള്ള ദേവന്മാരെ |
| ഹിത്വാ | ഉപേക്ഷിച്ചു് |
| യം | യാതൊരുവനെ |
| അസകൃത് | ഇടവിടാതെ |
| ഭജതേ | ഭജിച്ചുകൊണ്ടിരിക്കുന്നുവോ, |
| തദ്യാച്ഞാ | ആ ഭഗവാന്റെ യാചന |
| ജനമോഹിനീ | ജനങ്ങളെ മോഹിപ്പിക്കുന്ന ഒന്നാകുന്നു. |

ദേശഃ കാലഃ പൃഥഗ് ദ്രവ്യം മന്ത്രതന്ത്രൎത്ത്വിജോഽഗ്നയഃ
ദേവതാ യജമാനശ്ച ക്രതുൎദ്ധൎമ്മശ്ച യന്മയഃ. 47
സ ഏഷ ഭഗവാൻ സാക്ഷാദ്വിഷ്ണുൎയ്യോഗേശ്വരേശ്വരഃ
ജാതോ യദുഷ്വിത്യശൃണ്മ ഹ്യപി മൂഢാ ന വിദ്മഹേ. 48

| | |
|---|---|
| ദേശഃ കാലഃ | "ദേശവും, കാലവും, |
| പൃഥഗ് ദ്രവ്യം | ചരുപുരോഡാശാദി യാഗദ്രവ്യവും, |
| മന്ത്രതന്ത്രൎത്ത്വിജഃ | മന്ത്രങ്ങൾ, പ്രയോഗങ്ങൾ ഋത്വിക്കുകൾ എന്നിവയും, |
| അഗ്നയഃ | ത്രേതാഗ്നികളും, |
| ദേവതാഃ | ഇന്ദ്രാദിദേവതകളും, |
| യജമാനഃ ച | യജ്ഞകൎത്താവും, |
| ക്രതുഃ ധൎമ്മഃ ച | യജ്ഞവും, ധൎമ്മവുമെല്ലാം |
| യന്മയഃ | യാതൊരുവന്റെ സ്വരൂപഭേദങ്ങളാണോ, |
| യോഗേശ്വരേശ്വരഃ | യോഗേശ്വരന്മാൎക്കും ഈശ്വരനായ |
| സഃ സാക്ഷാത് | ആ സാക്ഷാൽ |
| ഭഗവാൻ വിഷ്ണുഃ | ഭഗവാൻ മഹാവിഷ്ണു |
| യദുഷു | യദുകുലത്തിൽ |
| ഏഷഃ ജാതഃ | ഇതാ ജനിച്ചിരിക്കുന്നു |
| ഇതി അശൃണ്മ | എന്നു് നാം കേട്ടിട്ടുണ്ടു്; |
| അപി | എങ്കിലും, |
| മൂഢാഃ ഹി | മൂഢന്മാരായതുകൊണ്ടു് |
| ന വിദ്മഹേ | അറിഞ്ഞില്ല. |

അഹോ വയം ധന്യതമാ യേഷാം നസ്താദൃശീഃ സ്ത്രിയഃ
ഭക്ത്യാ യാസാം മതിൎജ്ജാതാ അസ്മാകം നിശ്ചലാ ഹരൌ. 49

| | |
|---|---|
| അഹോ വയം ധന്യതമാഃ | "ആഹാ, ഭാഗ്യം! നാം ധന്യാത്മാക്കളാണു്. |
| യാസാം | യാതൊരു സ്ത്രീകളുടെ |
| ഭക്ത്യാ | ഭക്തിയാൽ |

| | | | |
|---|---|---|---|
| അസ്മാകം ഹരൗ | നമുക്ക് ശ്രീഹരിയിൽ | താദൃശീഃ | അങ്ങനെയുള്ളവർ |
| നിശ്ചലാ | ഇളക്കമില്ലാത്ത | യേഷാം നഃ | യാതൊരു നമ്മുടെ |
| മതിഃ ജാതാ | ബോധമുണ്ടായോ, | സ്ത്രിയഃ | പത്നിമാരാണല്ലോ. |

നമസ്തുഭ്യം ഭഗവതേ കൃഷ്ണായാകുണ്ഠമേധസേ
യന്മായാമോഹിതധിയോ ഭ്രമാമഃ കർമ്മവർത്മസു. 50

| | | | |
|---|---|---|---|
| യന്മായാ- മോഹിതധിയഃ | യാതൊരുവന്റെ മായാവൈഭവത്താൽ മതിമയങ്ങിയ ഞങ്ങൾ | അകുണ്ഠമേധസേ | അഖണ്ഡജ്ഞാനരൂപിയും |
| കർമ്മവർത്മസു | കർമ്മമാർഗ്ഗങ്ങളിൽത്തന്നെ | ഭഗവതേ | സർവ്വജ്ഞനും |
| ഭ്രമാമഃ | ഭ്രമിച്ചുകൊണ്ടിരിക്കുന്നുവോ, അങ്ങനെയുള്ള | കൃഷ്ണായ | കൃഷ്ണനായി അവതീർണ്ണനും ആയിരിക്കുന്ന |
| | | തുഭ്യം നമഃ | നിന്തിരുവടിക്കു നമസ്കാരം. |

സ വൈ ന ആദ്യഃ പുരുഷഃ സ്വമായാമോഹിതാത്മനാം
അവിജ്ഞാതാനുഭാവാനാം ക്ഷന്തുമർഹത്യതിക്രമം. 51

| | | | |
|---|---|---|---|
| സ്വമായാ- മോഹിതാത്മനാം | "സ്വകീയമായയാൽ മോഹിപ്പിക്കപ്പെട്ട അന്തഃകരണത്തോടു കൂടിയവരും, | നഃ | നമ്മുടെ |
| അവിജ്ഞാതാ- നുഭാവാനാം | അറിയപ്പെട്ടിട്ടില്ലാത്ത ഭഗവന്മഹിമയോടു കൂടിയവരും ആയ | അതിക്രമം | അപരാധത്തെ |
| | | സഃ ആദ്യഃ പുരുഷഃ വൈ | ആ ആദിപുരുഷൻതന്നെ |
| | | ക്ഷന്തും | ക്ഷമിപ്പാൻ |
| | | അർഹതി | അർഹിക്കുന്നു." |

ഇതി സ്വാഘമനുസ്മൃത്യ കൃഷ്ണേ തേ കൃതഹേളനാഃ
ദിദൃക്ഷവോഽപ്യച്യുതയോഃ കംസാദ്ഭീതാ ന ചാചലൻ. 52

| | | | |
|---|---|---|---|
| കൃഷ്ണേ | ശ്രീകൃഷ്ണനിൽ | അച്യുതയോഃ | രാമകൃഷ്ണന്മാരെ |
| കൃതഹേളനാഃ | അപരാധം പ്രവർത്തിച്ചിരിക്കുന്ന | ദിദൃക്ഷവഃ അപി | കാണ്മാൻ ആഗ്രഹമുള്ളവരെങ്കിലുംകൂടി |
| തേ | ആ ബ്രാഹ്മണർ | കംസാത് | കംസനിൽനിന്ന് |
| ഇതി | ഈവിധം | ഭീതാഃ ച | ഭയമുള്ളവരും ആയിരുന്നതുകൊണ്ട് |
| സ്വാഘം | തങ്ങൾ ചെയ്ത കുററത്തെ | | |
| അനുസ്മൃത്യ | അനുസ്മരിച്ച്, | ന അചലൻ | ഇളകിയില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വിപ്രപത്നീപ്രസാദോ നാമ ത്രയോവിംശോഽധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1020.

# ചതുർവിംശോഽധ്യായഃ—ഇരുപത്തിനാലാമദ്ധ്യായം.

[ ചതുർവിംശേ മഹേന്ദ്രസ്യ മഖം വ്യാവർത്ത്യ ഹേതുഭിഃ
കൃഷ്ണഃ പ്രവർത്തയാമാസ ഗോവർദ്ധനമഖോത്സവം. ]

(ശ്രീകൃഷ്ണൻ ഇന്ദ്രയാഗോത്സവം മുടക്കുന്നതും, ഗോവർദ്ധനയാഗോത്സവം നടത്തിക്കുന്നതും)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഭഗവാനപി തത്രൈവ ബലദേവേന സംയുതഃ
അപശ്യന്നിവസൻ ഗോപാനിന്ദ്രയാഗകൃതോദ്യമാൻ. 1

| | |
|---|---|
| ബലദേവേന | ബലരാമനോടു് |
| സംയുതഃ | കൂടിച്ചേർന്നിരിക്കുന്ന |
| ഭഗവാൻ അപി | ശ്രീകൃഷ്ണഭഗവാനാകട്ടെ |
| തത്ര ഏവ | അവിടെ (ഗോകുലത്തിൽ) തന്നെ |
| നിവസൻ | വസിച്ചുകൊണ്ടിരിക്കും കാലത്തു് |
| ഗോപാൻ | ഗോപന്മാരെ |
| ഇന്ദ്രയാഗ— കൃതോദ്യമാൻ | ഇന്ദ്രയാഗത്തിന്നു് ഉത്സാഹം കൊണ്ടിരിക്കുന്നവരായിട്ടു് |
| അപശ്യത് | കണ്ടു.. |

· തദഭിജ്ഞോഽപി ഭഗവാൻ സർവ്വാത്മാ സർവ്വദർശനഃ
പ്രശ്രയാവനതോഽപൃച്ഛദ്വൃദ്ധാൻ നന്ദപുരോഗമാൻ. 2

| | |
|---|---|
| സർവ്വാത്മാ | സർവ്വാന്തര്യാമിയും, |
| സർവ്വദർശനഃ | സർവ്വജ്ഞനും ആയ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| തദഭിജ്ഞഃ അപി | അതിനെക്കുറിച്ചു് അറിവുള്ളവനെന്നിരിക്കിലും |
| പ്രശ്രയാവനതഃ | വിനയത്താൽ തലകുനിച്ചുകൊണ്ടു് |
| നന്ദപുരോഗമാൻ | നന്ദഗോപാദികളായ |
| വൃദ്ധാൻ | വൃദ്ധന്മാരോടു് |
| അപൃച്ഛത് | ചോദിച്ചു. |

കഥ്യതാം മേ പിതഃ കോഽയം സംഭ്രമോ വ ഉപാഗതഃ
കിം ഫലം കസ്യ ചോദ്ദേശഃ കേന വാ സാധ്യതേ മഖഃ. 3

| | |
|---|---|
| പിതഃ വഃ | "അച്ഛാ ! നിങ്ങൾക്കെല്ലാം |
| ഉപാഗതഃ | വന്നുചേർന്നിരിക്കുന്ന |
| അയം സംഭ്രമഃ | ഈ തിരക്കുപിടിച്ച ആഘോഷം |
| കഃ | എന്തൊന്നാണു് ? |
| മേ കഥ്യതാം | എന്നോടു പറയു. |
| ഫലം കിം | ഇതിന്റെ ഫലമെന്തു് ? |
| കസ്യ ഉദ്ദേശഃ | ആരെ ഉദ്ദേശിച്ചുള്ളതാണു് ? |
| കേന വാ | ആരാൽ, എന്തുദ്രവ്യംകൊണ്ടു് |
| സാധ്യതേ ച | നിറവേററപ്പെടേണ്ടതുമാണു് ? |

ഏതദ്ബ്രൂഹി മഹാൻ കാമോ മഹ്യം ശുശ്രൂഷവേ പിതഃ
ന ഹി ഗോപ്യം ഹി സാധൂനാം കൃത്യം സർവ്വാത്മനാമിഹ. 4

അസ്ത്യസ്വപരദൃഷ്ടീനാമമിത്രോദാസ്തവിദ്വിഷാം
ഉദാസീനോഽരിവദ്വർജ്ജ്യ ആത്മവത് സുഹൃദുച്യതേ. 5

| | |
|---|---|
| പിതഃ | " അച്ഛാ ! |
| ശുശ്രൂഷവേ | കേൾപ്പാൻ ആഗ്രഹമുള്ള |
| മഹ്യം | എനിക്കു |
| ഏതത് ബ്രൂഹി | ഇതൊന്നു പറഞ്ഞുതരിക; |
| മഹാൻ | വലിയ |
| കാമഃ | ആശ തോന്നുന്നുണ്ട്. |
| ഹി | എന്തെന്നാൽ, |
| ഇഹ | ലോകത്തിൽ |
| സർവ്വാത്മനാം | എല്ലാററിലും ആത്മനിരീക്ഷണമുള്ളവരും, |
| അസ്വപര–ദൃഷ്ടീനാം | താനെന്നും അന്യനെന്നുമുള്ള ഭേദദൃഷ്ടി ഇല്ലാത്തവരും, |
| അമിത്രോദാസ്ത-വിദ്വിഷാം | ബന്ധു, ഉദാസീനൻ, (ബന്ധുവോ ശത്രുവോ അല്ലാത്തവൻ), ശത്രു എന്നുള്ളതില്ലാത്തവരും ആയ |
| സാധൂനാം | സജ്ജനങ്ങൾക്ക് |
| ഗോപ്യം | മറച്ചുവെക്കപ്പെടേണ്ടുന്ന |
| കൃത്യം | യാതൊരു പ്രവൃത്തിയും |
| നഹി അസ്തി | ഉണ്ടാകയില്ലല്ലോ. (എങ്കിലും കാര്യാലോചനയിൽ) |
| ഉദാസീനഃ | ഉദാസീനനായവൻ |
| അരിവത് | ശത്രുവെപ്പോൽ |
| വർജ്ജ്യഃ | വർജ്ജിക്കപ്പെടേണ്ടവനാണ്; |
| സുഹൃത് | ബന്ധുവായവൻ |
| ആത്മവത് | ആത്മതുല്യനാണെന്ന് |
| ഉച്യതേ | പറയപ്പെടുന്നു. |

നോട്ട് :— ബന്ധു(സ്നേഹിതൻ) തന്നെ ആത്മതുല്യനാണെന്ന് പറയപ്പെട്ടിരിക്കേ, പുത്രനെപ്പററി ചോദിപ്പാനുണ്ടോ? ഈ നിലയ്ക്ക് നന്ദഗോപക്ക് ഭഗവാനോട്ട് ഒന്നും ഗോപ്യമായി വെക്കേണ്ടതില്ലെന്നു താൽപര്യം.

ജ്ഞാത്വാऽജ്ഞാത്വാ ച കർമ്മാണി ജനോऽയമനുതിഷ്ഠതി
വിദുഷഃ കർമ്മസിദ്ധിഃ സ്യാത്തഥാ നാവിദുഷോ ഭവേത്. 6

| | |
|---|---|
| അയം ജനഃ | " ഈ ആളുകൾ |
| ജ്ഞാത്വാ | വേണ്ടുന്നവരോട്ട് ആലോചിച്ച് കാര്യം മനസ്സിലാക്കിയും, |
| അജ്ഞാത്വാ ച | അങ്ങനെ മനസ്സിലാക്കാതെയും |
| കർമ്മാണി | കർമ്മങ്ങളെ |
| അനുതിഷ്ഠതി | അനുഷ്ഠിച്ചുവരാറുണ്ട്. |
| വിദുഷഃ | എന്നാൽ, കാര്യമറിഞ്ഞു ചെയ്യുന്നവന്ന് |
| കർമ്മസിദ്ധിഃ | എത്രത്തോളംകർമ്മഫലം |
| സ്യാത് | ഉണ്ടാകാൻ ഇടയുണ്ടോ, |
| തഥാ | അത്രത്തോളംതന്നെ |
| അവിദുഷഃ | അറിയാതെ ചെയ്യുന്നവന്ന് |
| ന ഭവേത് | ഉണ്ടായെന്നു വരികയില്ല. |

തത്ര താവത് ക്രിയായോഗോ ഭവതാം കിം വിചാരിതഃ
അഥവാ ലൌകികസ്തന്മേ പൃച്ഛതഃ സാധു ഭണ്യതാം. 7

| | |
|---|---|
| തത്ര | " അതിൽ |
| താവത് | ഇപ്പോൾ |
| ഭവതാം | നിങ്ങളുടെ |
| ക്രിയായോഗഃ | കർമ്മാനുഷ്ഠാനം |
| കിം വിചാരിതഃ | വേണ്ടവരോട്ട് യുക്തിപൂർവ്വം ആലോചിക്കപ്പെട്ടതാണോ? |
| അഥവാ ലൌകികഃ | അതോ, ലോകാചാരപ്രകാരം (ഗതാനുഗതികത്വേന) നടത്തപ്പെടുന്നതോ? |
| പൃച്ഛതഃ മേ | അറിയാൻവേണ്ടി ചോദിക്കുന്ന എന്നോട്ട് |
| സാധു തത് | വേണ്ടുംപ്രകാരം അതു് |
| ഭണ്യതാം | ചൊല്ലപ്പെട്ടാലും." |

നന്ദ ഉവാച = നന്ദഗോപർ പറഞ്ഞു :—

പർജ്ജന്യോ ഭഗവാനിന്ദ്രോ മേഘാസ്തസ്യാത്മമൂർത്തയഃ
തേഽഭിവർഷന്തി ഭൂതാനാം പ്രീണനം ജീവനം പയഃ. 8

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വേശ്വരനായ | തേ | അവ |
| ഇന്ദ്രഃ | ദേവേന്ദ്രൻ | ഭൂതാനാം | പ്രാണികൾക്ക് |
| പർജ്ജന്യഃ | വർഷാധിപതിയാകുന്നു. | പ്രീണനം | സംതൃപ്തികരവും, |
| മേഘാഃ | മേഘങ്ങൾ | ജീവനം | ജീവദായകവുമായ |
| തസ്യ | ആ ദേവേന്ദ്രന്റെ | പയഃ | ജലത്തെ |
| ആത്മമൂർത്തയഃ | ആത്മാവുപോലെ പ്രിയപ്പെട്ട സ്വരൂപങ്ങളാണ്. | അഭിവർഷന്തി | എല്ലാടവും വർഷിക്കുന്നു. |

തം താത വയമന്യേ ച വാർമ്മുചാം പതിമീശ്വരം
ദ്രവ്യൈസ്തദ്രേതസാ സിദ്ധൈര്യജന്തേ ക്രതുഭിർന്നരാഃ. 9

| | | | |
|---|---|---|---|
| താത വയം | ഉണ്ണീ! നമ്മളും, | തദ്രേതസാ | അവിടുത്തെ വർഷജലത്താൽ |
| അന്യേ നരാഃ ച | മററു ജനങ്ങളും | സിദ്ധൈഃ | സിദ്ധിക്കപ്പെട്ട |
| വാർമുചാം | മേഘങ്ങളുടെ | ദ്രവ്യൈഃ | പദാർത്ഥങ്ങൾകൊണ്ടുള്ള |
| പതിം | നാഥനായ | ക്രതുഭിഃ | യാഗങ്ങളാൽ |
| തം ഈശ്വരം | ആ ഇന്ദ്രനെ | യജന്തേ | ആരാധിച്ചുവരുന്നു. |

തച്ഛേഷേണോപജീവന്തി ത്രിവർഗ്ഗഫലഹേതവേ
പുംസാം പുരുഷകാരാണാം പർജ്ജന്യഃ ഫലഭാവനഃ. 10

| | | | |
|---|---|---|---|
| തച്ഛേഷേണ | ആ യാഗങ്ങളുടെ അവശിഷ്ടംകൊണ്ട് | പുംസാം | മനുഷ്യരുടെ |
| ത്രിവർഗ്ഗഫലഹേതവേ | ധർമ്മാർത്ഥകാമങ്ങളുടെ അനുഭവത്തിനുവേണ്ടി | പുരുഷകാരാണാം | കൃഷ്യാദിപ്രയത്നങ്ങൾക്ക് |
| ഉപജീവന്തി | ഉപജീവനം കഴിക്കുന്നു. | പർജ്ജന്യഃ | മേഘരാജാവാണ് |
| | | ഫലഭാവനഃ | ഫലമരുളുന്നവൻ. |

യ ഏവം വിസൃജേദ്ധർമ്മം പാരമ്പര്യാഗതം നരഃ
കാമാല്ലോഭാദ് ഭയാദ്ദ്വേഷാത് സ വൈ നാപ്നോതി ശോഭനം. 11

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ദ്വേഷാത് | ദ്വേഷംകൊണ്ടോ, |
| പാരമ്പര്യാഗതം | കുലക്രമാഗതമായ | യഃ നരഃ | യാതൊരാൾ |
| ധർമ്മം | ധർമ്മത്തെ | വിസൃജേത് | കൈവിട്ടുകളയുന്നുവോ |
| കാമാത് | കാമംകൊണ്ടോ, | സഃ വൈ | അവൻ ഒരിക്കലും |
| ലോഭാത് | ലോഭംകൊണ്ടോ, | ശോഭനം | ക്ഷേമത്തെ |
| ഭയാത് | ഭയംകൊണ്ടോ, | ന ആപ്നോതി | പ്രാപിക്കുന്നതല്ല. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

വചോ നിശമ്യ നന്ദസ്യ തഥാഽന്യേഷാം വ്രജൗകസാം
ഇന്ദ്രായ മന്യും ജനയൻ പിതരം പ്രാഹ കേശവഃ. 12

| | |
|---|---|
| കേശവഃ | ശ്രീകൃഷ്ണൻ |
| നന്ദസ്യ | നന്ദഗോപരുടേയും |
| തഥാ അന്യേഷാം | അപ്രകാരം മററുള്ള |
| വ്രജൌകസാം | ഗോപന്മാരുടേയും |
| വചഃ നിശമ്യ | വാക്കുകേട്ട് |
| ഇന്ദ്രായ | ദേവേന്ദ്രന്ന് |
| മന്യും ജനയൻ | കോപം ജനിപ്പിക്കുവാനായി |
| പിതരം | അച്ഛനോട് |
| പ്രാഹ | പറഞ്ഞു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

കർമ്മണാ ജായതേ ജന്തുഃ കർമ്മണൈവ വിലീയതേ
സുഖം ദുഃഖം ഭയം ക്ഷേമം കർമ്മണൈവാഭിപദ്യതേ. 13

| | |
|---|---|
| ജന്തുഃ | ഏതൊരു ജീവിയും |
| കർമ്മണാ | കർമ്മംകൊണ്ടാണ് |
| ജായതേ | ജനിക്കുന്നതു്. |
| കർമ്മണാ ഏവ | കർമ്മംകൊണ്ടു തന്നെയാണ് |
| വിലീയതേ | മരിക്കുന്നതും |
| സുഖം ദുഃഖം | സുഖവും, ദുഃഖവും, |
| ഭയം ക്ഷേമം | ഭയവും, ക്ഷേമവും |
| കർമ്മണാ ഏവ | കർമ്മത്താൽതന്നെ |
| അഭിപദ്യതേ | പ്രാപിക്കയും ചെയ്യുന്നു. |

അസ്തി ചേദീശ്വരഃ കശ്ചിത് ഫലരൂപ്യന്യകർമ്മണാം
കർത്താരം ഭജതേ സോऽപി ന ഹ്യകർത്തുഃ പ്രഭുർഹി സഃ. 14

| | |
|---|---|
| അന്യകർമ്മണാം | അന്യരുടെ കർമ്മങ്ങൾക്ക് |
| ഫലരൂപീ | ഫലം നൽകുന്നവനായിട്ട് |
| ഈശ്വരഃ | ഈശ്വരൻ എന്ന |
| കശ്ചിത് | ഒരാൾ |
| അസ്തി ചേത് | ഉണ്ടെങ്കിൽ |
| സഃ അപി | അവനും |
| കർത്താരം | കർമ്മം ചെയ്യുന്നവനെ |
| ഭജതേ | ആശ്രയിച്ചുനില്ക്കുന്നു. |
| ഹി സഃ | എന്തെന്നാൽ, അവൻ |
| അകർത്തുഃ | കർമ്മം ചെയ്യാത്തവന്ന് |
| പ്രഭുഃ ന ഹി | ഫലദാനം ചെയ്‌വാൻ ശക്തനല്ലല്ലോ. |

കിമിന്ദ്രേണേഹ ഭൂതാനാം സ്വസ്വകർമ്മാനുവർത്തിനാം
അനീശേനാന്യഥാ കർത്തും സ്വഭാവവിഹിതം നൃണാം. 15

| | |
|---|---|
| ഇഹ | ഈ ലോകത്തിൽ |
| സ്വസ്വകർമ്മാനുവർത്തിനാം | അവനവന്റെ കർമ്മത്തെ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന |
| ഭൂതാനാം | ജീവികൾക്ക് |
| നൃണാം | മനുഷ്യരുടെ |
| സ്വഭാവവിഹിതം | പൂർവ്വസംസ്കാരത്താൽ പ്രേരിതമായ കർമ്മത്തേയും, അതിന്നധീനമായ അനുഭവത്തേയും |
| അന്യഥാ കർത്തും | മറെറാരുപ്രകാരത്തിലാക്കിത്തീർക്കുവാൻ |
| അനീശേന | കഴിവില്ലാത്ത |
| ഇന്ദ്രേണ | ഇന്ദ്രനെക്കൊണ്ടു് |
| കിം | കാര്യമെന്തുള്ളു ? |

സ്വഭാവതന്ത്രോ ഹി ജനഃ സ്വഭാവമനുവർത്തതേ
സ്വഭാവസ്ഥമിദം സർവ്വം സദേവാസുരമാനുഷം. 16

| | |
|---|---|
| അയം ജനഃ | ഈ മനുഷ്യൻ |
| സ്വഭാവതന്ത്രഃ | പ്രാക്തനസംസ്കാരത്തിന്ന് അധീനനാണ്. |
| ഹി | ആകയാൽ, അവൻ |
| സ്വഭാവം | ആ പ്രാക്തനസംസ്കാരത്തെ |
| അനുവർത്തതേ | അനുവർത്തിച്ചുകൊണ്ടിരിക്കുന്നു |

| | | | |
|---|---|---|---|
| സദേവാസുര-മാനുഷം | ദേവന്മാർ, അസുരന്മാർ, മനുഷ്യർ എന്നിവരെല്ലാം ഉൾപ്പെട്ടിരിക്കുന്ന | ഇദം സർവ്വം | ഈ ലോകമാസകലം |
| | | സ്വഭാവസ്ഥം | സംസ്കാരത്തിൽ ഉറച്ചുനില്ക്കുന്നു. |

ദേഹാനുച്ചാവചാഞ്ജന്തുഃ പ്രാപ്യോത്സൃജതി കർമ്മണാ
ശത്രുർമ്മിത്രമുദാസീനഃ കർമ്മൈവ ഗുരുരീശ്വരഃ. 17

| | | | |
|---|---|---|---|
| ജന്തുഃ | ജീവൻ | ശത്രുഃ മിത്രം | ശത്രുവും, മിത്രവും, |
| കർമ്മണാ | കർമ്മബലത്താൽ | ഉദാസീനഃ | ഉദാസീനനും |
| ഉച്ചാവചാൻ | നാനാപ്രകാരത്തിലുള്ള | കർമ്മ ഏവ | കർമ്മംതന്നെയാണ് |
| ദേഹാൻ | ശരീരങ്ങളെ | ഗുരുഃ | ഗുരുവും അതുതന്നെയാണ്. |
| പ്രാപ്യ | പ്രാപിച്ച്, (കർമ്മക്ഷയത്താൽ പിന്നീട് അവയെ) | ഈശ്വരഃ | ഈശ്വരനും അതുതന്നെയാണ്. |
| ഉത്സൃജതി | പരിത്യജിക്കുന്നു. | | |

തസ്മാത് സംപൂജയേത് കർമ്മ സ്വഭാവസ്ഥഃ സ്വകർമ്മകൃത്
അഞ്ജസാ യേന വർത്തേത തദേവാസ്യ ഹി ദൈവതം. 18

| | | | |
|---|---|---|---|
| തസ്മാത് കർമ്മ സംപൂജയേത് | അതുകൊണ്ട്, കർമ്മത്തെ ഏററവും ആദരിക്കേണ്ടതാകുന്നു. | യേന | യാതൊന്നിനെക്കൊണ്ട് |
| | | അഞ്ജസാ | സുഖത്തോടെ |
| സ്വഭാവസ്ഥഃ | ആ കർമ്മസംസ്കാരത്തിന്ന് അധീനമായ വർണ്ണാശ്രമാദിയിൽ ഉറച്ചുനിന്നുകൊണ്ട് | വർത്തേത | കഴിഞ്ഞുകൂടാമോ, |
| | | തത് ഏവ ഹി | അതുതന്നെയാണ് |
| സ്വകർമ്മകൃത് | തനിക്കു വിഹിതമായ കർമ്മത്തെ ചെയ്തുകൊള്ളണം. | അസ്യ | ഇയ്യുള്ളവൻെറ |
| | | ദൈവതം | ആരാധ്യദൈവം. |

ആജീവ്യൈകതരം ഭാവം യസ്ത്വന്യമുപജീവതി
ന തസ്മാദ്വിന്ദതേ ക്ഷേമം ജാരം നാര്യസതീ യഥാ. 19

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഉപജീവതി | സേവിപ്പാൻ തുടങ്ങുന്നുവോ, അവന്ന് |
| ഏകതരം | ഏതെങ്കിലും ഒരു | തസ്മാത് ക്ഷേമം | അതിൽനിന്ന് നന്മ |
| ഭാവം | പ്രത്യേകസത്തയെ (ദേവതാദിവിശേഷത്തെ) | ന വിന്ദതേ | ലഭിക്കുന്നതല്ല. |
| ആജീവ്യ | ജീവനോപായമെന്ന നിലയ്ക്കു സേവിച്ചിരുന്ന ശേഷം | അസതീ നാരീ | ദുർവൃത്തയായ സ്ത്രീ |
| അന്യം | മറെറാന്നിനെ | ജാരം യഥാ | ഭർത്താവിനെ വെടിഞ്ഞ്, ജാരപുരുഷനെ സേവിച്ച് സ്വന്തം ക്ഷേമത്തെ കെടുത്തുന്നപോലെയാണിത്. |

വർത്തേത ബ്രഹ്മണാ വിപ്രോ രാജന്യോ രക്ഷയാ ഭുവഃ
വൈശ്യസ്തു വാർത്തയാ ജീവേച്ഛൂദ്രസ്തു ദ്വിജസേവയാ. 20

| | | | |
|---|---|---|---|
| വിപ്രഃ | ബ്രാഹ്മണൻ | വൈശ്യഃ തു | വൈശ്യനാകട്ടെ |
| ബ്രഹ്മണാ | വേദാധ്യയനാദിയാലും, | വാർത്തയാ | വർത്തകവൃത്തികൊണ്ടും |
| രാജന്യഃ | ക്ഷത്രിയൻ | ശൂദ്രഃ തു | ശൂദ്രനാണെങ്കിൽ |
| ഭുവഃ രക്ഷയാ | ഭൂപരിപാലനംകൊണ്ടും | ദ്വിജസേവയാ | ബ്രാഹ്മണാദികളുടെ സേവാനുഷ്ഠാനംകൊണ്ടും |
| വർത്തേത | കഴിഞ്ഞുകൂടേണ്ടതാണ്. | ജീവേത് | ജീവിച്ചുകൊള്ളണം. |

കൃഷിവാണിജ്യഗോരക്ഷാഃ കുസീദം തുര്യമുച്യതേ
വാർത്താ ചതുർവ്വിധാ തത്ര വയം ഗോവൃത്തയോഽനിശം. 21

| | | | |
|---|---|---|---|
| വാർത്താ | വൈശ്യവൃത്തി | കുസീദം | കടപ്പലിശകൊണ്ടുള്ള ഉപജീവനവുമാകുന്നു. |
| ചതുർവിധാ | നാലുപ്രകാരമാണെന്ന് | | |
| ഉച്യതേ | പറയപ്പെട്ടുന്നുണ്ട്. | തത്ര വയം | അതിൽ നാം |
| കൃഷിവാണിജ്യ-ഗോരക്ഷാഃ | കൃഷി, കച്ചവടം, ഗോരക്ഷ (കന്നുകാലികളെ വളർത്തൽ) എന്നിവയും, | അനിശം | എപ്പോഴും |
| | | ഗോവൃത്തയഃ | പശുപാലനമാകുന്ന വൈശ്യവൃത്തിയോടു കൂടിയവരാണ് |
| തുര്യം | നാലാമത്തേതു് | | |

സത്വം രജസ്തമ ഇതി സ്ഥിത്യുത്പത്ത്യന്തഹേതവഃ
രജസോത്പദ്യതേ വിശ്വമന്യോന്യം വിവിധം ജഗത്. 22

| | | | |
|---|---|---|---|
| സത്വം രജഃ തമഃ ഇതി | സത്വം, രജസ്സ്, തമസ്സ് എന്നിങ്ങനെയുള്ള മൂന്നു ഗുണങ്ങൾ | രജസാ | ഇതിൽ രജോഗുണം നിമിത്തമായി |
| | | അന്യോന്യം | തമ്മിൽ ഇണചേർന്ന് |
| സ്ഥിത്യുത്-പത്ത്യന്ത-ഹേതവഃ | ലോകത്തിന്റെ നിലനില്പ്, ഉത്ഭവം, നാശം എന്നിവയ്ക്കു് യഥാക്രമം കാരണങ്ങളാണ്. | വിവിധം | നാനാപ്രകാരത്തിലുള്ള |
| | | വിശ്വം ജഗത് | എല്ലാ പ്രപഞ്ചവും |
| | | ഉത്പദ്യതേ | ഉണ്ടായിത്തീരുന്നു. |

രജസാ ചോദിതാ മേഘാ വർഷന്ത്യംബൂനി സർവ്വതഃ
പ്രജാസ്തൈരേവ സിദ്ധ്യന്തി മഹേന്ദ്രഃ കിം കരിഷ്യതി. 23

| | | | |
|---|---|---|---|
| മേഘാഃ | മേഘങ്ങൾ | പ്രജാഃ | ജനങ്ങൾ |
| രജസാ | രാജസഭാവത്താൽ | സിദ്ധ്യന്തി | അന്നപാനാദികളായ ആവശ്യങ്ങൾ നിറവേററിവരികയും ചെയ്യുന്നു. |
| ചോദിതാഃ | പ്രേരിപ്പിക്കപ്പെട്ട് | | |
| സർവ്വതഃ | എല്ലാസ്ഥലത്തും | | |
| അംബൂനി | ജലം | | |
| വർഷന്തി | വർഷിക്കുന്നു. | മഹേന്ദ്രഃ | ദേവേന്ദ്രൻ ഇതിൽ |
| തൈഃ ഏവ | ആ വർഷജലത്താൽത്തന്നെ | കിം കരിഷ്യതി | എന്തു ചെയ്യുവാനാണ്? |

ന നഃ പുരോ ജനപദാ ന ഗ്രാമാ ന ഗൃഹാ വയം
നിത്യം വനൗകസസ്താത വനശൈലനിവാസിനഃ. 24

| | | | |
|---|---|---|---|
| താത | അച്ഛാ ! | ഗൃഹാഃ ന | ഗൃഹങ്ങളുമില്ല. |
| നഃ | നമുക്ക് | വയം നിത്യം | നാം എന്നും |
| ജനപദാഃ | നാട്ടുകളോ, | വനൌകസഃ | വനവാസികളാണ് ; |
| പുരഃ ന | നഗരങ്ങളോ ഇല്ല ; | വനശൈല- നിവാസിനഃ | കാട്ടിലും മലയിലുമായി പാർത്തുവരുന്നവരാണ്. |
| ഗ്രാമാഃ ന | ഗ്രാമങ്ങളില്ല ; | | |

തസ്മാദ് ഗവാം ബ്രാഹ്മണാനാമദ്രേശ്ചാരഭ്യതാം മഖഃ
യ ഇന്ദ്രയാഗസംഭാരാസ്തൈരയം സാധ്യതാം മഖഃ. 25

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ഇന്ദ്രയാഗ- സംഭാരാഃ യേ | ഇന്ദ്രയാഗത്തിന്നായി ഒരുക്കിയിരിക്കുന്ന സാധനങ്ങൾ എന്തെല്ലാമാണോ, |
| ഗവാം | പശുക്കൾക്കും, | | |
| ബ്രാഹ്മണാനാം | ബ്രാഹ്മണന്മാർക്കും, | | |
| അദ്രേഃ ച | പർവ്വതത്തിന്നും ആയുള്ള | തൈഃ | അതുകൾകൊണ്ട് |
| മഖഃ | യാഗം | അയം മഖഃ | ഇങ്ങനെയുള്ള യാഗം |
| ആരഭ്യതാം | ആരംഭിക്കപ്പെട്ടാലും. | സാധ്യതാം | നടത്തപ്പെട്ടാലും. |

പച്യന്താം വിവിധാഃ പാകാഃ സൂപാന്താഃ പായസാദയഃ
സംയാവാപൂപശഷ്കുല്യഃ സർവ്വദോഹശ്ച ഗൃഹ്യതാം. 26

| | | | |
|---|---|---|---|
| പായസാദയഃ | പാൽപ്പായസത്തിൽ നിന്നുതുടങ്ങി | സംയാവാ- പൂപശഷ്കുല്യഃ | സംയാവം, അപൂപം, ശഷ്കുലി എന്നീ ഭക്ഷ്യവിശേഷങ്ങളും പചിക്കപ്പെടണം. |
| സൂപാന്താഃ | ചെറുപരിപ്പിൽ അവസാനിക്കുന്ന | സർവ്വദോഹഃ ച | എല്ലാവിധം ഗോരസങ്ങളും |
| വിവിധാഃ | പലതരത്തിലുള്ള | | |
| പാകാഃ | ഭക്ഷ്യപദാർത്ഥങ്ങൾ | ഗൃഹ്യതാം | എടുത്തുസൂക്ഷിച്ചു വെയ്ക്കപ്പെടേണ്ടതാണ്. |
| പച്യന്താം | പചിക്കപ്പെട്ടാലും. | | |

ഹൂയന്താമഗ്നയഃ സമ്യഗ് ബ്രാഹ്മണൈർബ്രഹ്മവാദിഭിഃ
അന്നം ബഹുവിധം തേഭ്യോ ദേയം വോ ധേനുദക്ഷിണാഃ. 27

| | | | |
|---|---|---|---|
| ബ്രഹ്മവാദിഭിഃ | വേദമന്ത്രോച്ചാരണം ചെയ്യുന്ന | വഃ തേഭ്യഃ | നിങ്ങളാൽ അവർക്ക് |
| ബ്രാഹ്മണൈഃ | ബ്രാഹ്മണന്മാരാൽ | ബഹുവിധം | അനേകംപ്രകാരത്തിലുള്ള |
| അഗ്നയഃ | ത്രേതാഗ്നികൾ | അന്നം ദേയം | ഭക്ഷ്യപദാർത്ഥം നൽകപ്പെടേണ്ടതാകുന്നു. |
| സമ്യക് | വേണ്ടുംപ്രകാരം | ധേനുദക്ഷിണാഃ (ദേയാഃ) | പശുദക്ഷിണകളും കൊടുക്കപ്പെടേണ്ടതാകുന്നു. |
| ഹൂയന്താം | ഹോമിക്കപ്പെടട്ടെ. | | |

അന്യേഭ്യശ്ചാശ്വചാണ്ഡാലപതിതേഭ്യോ യഥാർഹതഃ
യവസം ച ഗവാം ദത്വാ ഗിരയേ ദീയതാം ബലിഃ. 28

| | | | |
|---|---|---|---|
| ആശ്വചാണ്ഡാല- പതിതേഭ്യഃ | ശ്വപചന്മാർ, ഭ്രഷ്ടന്മാർ എന്നിവർവരെയുള്ളതായ | അന്യേഭ്യഃ ച | മററുതരക്കാർക്കും |
| | | യഥാർഹതഃ | യഥായോഗ്യം അന്നാദികൾ നല്കണം. |

| | | | |
|---|---|---|---|
| ഗവാം | പശുക്കൾക്ക് | ഗിരയേ | ഗോവർദ്ധനപർവ്വതത്തിന്ന് |
| യവസം ച | നല്ല പുല്ലും | ബലിഃ | നൈവേദ്യം |
| ദത്വാ | തിന്നാൻ കൊടുത്തു്, | ദീയതാം | കൊടുക്കപ്പെടേണ്ടതാണ്. |

സ്വലംകൃതാ ഭുക്തവന്തഃ സ്വനുലിപ്താഃ സുവാസസഃ
പ്രദക്ഷിണം ച കുരുത ഗോവിപ്രാനലപർവ്വതാൻ. 29

| | | | |
|---|---|---|---|
| സുവാസസഃ | വിശേഷവസ്ത്രം ധരിച്ചും, | ഗോവിപ്രാ- നലപർവ്വതാൻ | പശുക്കളേയും, ബ്രാഹ്മണരേയും, അഗ്നിയേയും, പർവ്വതത്തേയും |
| സ്വനുലിപ്താഃ | ഭംഗിയിൽ കുറിയിട്ടും, | | |
| സ്വലംകൃതാഃ | മോടിയിൽ അലങ്കരിച്ചും, | | |
| ഭുക്തവന്തഃ | സുഖമായുണ്ണകഴിച്ചും നിങ്ങളെല്ലാം | പ്രദക്ഷിണം കുരുത ച | പ്രദക്ഷിണം ചെയ്യുകയും വേണം. |

ഏതന്മമ മതം താത ക്രിയതാം യദി രോചതേ
അയം ഗോബ്രാഹ്മണാദ്രീണാം മഹ്യം ച ദയിതോ മഖഃ. 30

| | | | |
|---|---|---|---|
| താത | അച്ഛാ! | ഗോബ്രാഹ്മണാ- ദ്രീണാം | ഗോക്കൾക്കും, ബ്രാഹ്മണൎക്കും, ഗോവർദ്ധനഗിരിക്കും, |
| ഏതത് | ഇതാണ് | | |
| മമ | എന്റെ | മഹ്യം ച | മാത്രമല്ല, എനിക്കും |
| മതം | അഭിപ്രായം. | ദയിതഃ | ഇഷ്ടമായുള്ള |
| രോചതേ യദി | നിങ്ങൾക്കെല്ലാം സമ്മതമെങ്കിൽ | അയം മഖഃ | ഈ യാഗം |
| | | ക്രിയതാം | ചെയ്യപ്പെട്ടാലും. |

ശ്രീശുക ഉവാച= ശ്രീശുകൻ പറഞ്ഞു :—

കാലാത്മനാ ഭഗവതാ ശക്രദർപ്പം ജിഘാംസതാ
പ്രോക്തം നിശമ്യ നന്ദാദ്യാഃ സാധ്വഗൃഹ്ണന്ത തദ്വചഃ. 31

| | | | |
|---|---|---|---|
| ശക്രദർപ്പം | ഇന്ദ്രന്റെ അഹങ്കാരത്തെ | നിശമ്യ | കേട്ടിട്ട്, |
| ജിഘാംസതാ | നശിപ്പിക്കുവാനാഗ്രഹിക്കുന്ന | നന്ദാദ്യാഃ | നന്ദാദിഗോപന്മാർ |
| കാലാത്മനാ | കാലസ്വരൂപനായ | സാധു | ആദരപൂർവ്വം |
| ഭഗവതാ | ഭഗവാനാൽ | തത് വചഃ | ആ വാക്ക് |
| പ്രോക്തം | ചൊല്ലപ്പെട്ടതു് | അഗൃഹ്ണന്ത | സ്വീകരിച്ചു. |

തഥാ ച വ്യദധുഃ സർവ്വം യഥാഽഽഹ മധുസൂദനഃ
വാചയിത്വാ സ്വസ്ത്യയനം തദ്ദ്രവ്യേണ ഗിരിദ്വിജാൻ. 32
ഉപഹൃത്യ ബലീൻ സർവ്വാനാദൃതാ യവസം ഗവാം
ഗോധനാനി പുരസ്കൃത്യ ഗിരിം ചക്രുഃ പ്രദക്ഷിണം. 33
അനാംസ്യനഡുദ്യുക്താനി തേ ചാരുഹ്യ സ്വലംകൃതാഃ
ഗോപ്യശ്ച കൃഷ്ണവീര്യാണി ഗായന്ത്യഃ സദ്വിജാശിഷഃ. 34

| | |
|---|---|
| മധുസൂദനഃ | ശ്രീകൃഷ്ണൻ |
| യഥാ ആഹ | പറഞ്ഞതേതുവിധമോ, |
| തഥാ ച | അതേപ്രകാരം |
| സർവ്വം | എല്ലാ കാര്യവും |
| വ്യദധുഃ | വേണ്ടപോലെ അവർ നിറവേററി. |
| സ്വസ്ത്യയനം വാചയിത്വാ | ബ്രാഹ്മണരെക്കൊണ്ടു് സ്വസ്തിവാചനം ചെയ്യിച്ചതിൽപ്പിന്നെ |
| തദ്ദ്രവ്യേണ | ഇന്ദ്രയാഗത്തിന്നു് ഒരുക്കിവെച്ച സാമഗ്രികൊണ്ടു് |
| ഗിരിദ്വിജാൻ | പർവ്വതത്തിന്നും, ബ്രാഹ്മണൎക്കും |
| സർവ്വാൻ | എല്ലാ |
| ബലീൻ | നൈവേദ്യങ്ങളേയും |
| ഉപാഹൃത്യ | സമർപ്പിച്ചു് |
| ഗവാം | പശുക്കറംക്കു് |
| യവസം | പുല്ലുംകൊടുത്തു്, |
| ആദൃതാഃ | ആദരവോടുകൂടി |
| സദ്വിജാശിഷഃ | മഹാബ്രാഹ്മണരുടെ ആശീർവ്വാദം സ്വീകരിച്ച |
| തേ ച | നന്ദാദിഗോപന്മാരും, |
| സ്വലംകൃതാഃ | നന്നായലങ്കരിച്ചു് |
| കൃഷ്ണവീര്യാണി | കൃഷ്ണന്റെ വീരകൃത്യങ്ങളെപ്പററി |
| ഗായന്ത്യഃ | പാടിക്കൊണ്ടുള്ള |
| ഗോപ്യഃ ച | ഗോപികമാരും |
| ഗോധനാനി | പശുക്കൂട്ടത്തെ |
| പുരസ്കൃത്യ | മുൻനടത്തിക്കൊണ്ടു് |
| അനഡുദ്യുക്താനി | കാളകളെ പൂട്ടിക്കെട്ടിയ |
| അനാംസി | വണ്ടികളിൽ |
| ആരുഹ്യ | കയറി |
| ഗിരിം | ഗിരിയെ |
| പ്രദക്ഷിണം ചക്രുഃ | പ്രദക്ഷിണം വെച്ചു. |

കൃഷ്ണസ്ത്വന്യതമം രൂപം ഗോപവിശ്രംഭണം ഗതഃ
ശൈലോऽസ്മീതി ബ്രുവൻ ഭൂരി ബലിമാദദ്ബൃഹദ്വപുഃ. 35

| | |
|---|---|
| കൃഷ്ണഃ തു | കൃഷ്ണനാകട്ടെ |
| ഗോപവിശ്രംഭണം | ഗോപന്മാൎക്കു് വിശ്വാസം ജനിപ്പിക്കുന്നതും, |
| ബൃഹദ്വപുഃ | വലിയ ആകാരത്തോടു കൂടിയതുമായ |
| അന്യതമം | വേറൊരു |
| രൂപം ഗതഃ | രൂപത്തെ പ്രാപിച്ചു്, |
| ശൈലഃ അസ്മി | 'ഞാൻ ദേവതാസ്വരൂപനായ ഗോവൎദ്ധനമലയാണു്' |
| ഇതി ബ്രുവൻ | എന്നും പറഞ്ഞു് |
| ഭൂരി ബലിം | ധാരാളം നൈവേദ്യപദാൎത്ഥങ്ങളെ |
| ആദത് | ഭക്ഷിച്ചു. |

തസ്മൈ നമോ വ്രജജനൈഃ സഹ ചക്രേऽऽത്മനാऽऽത്മനേ.
അഹോ പശ്യത ശൈലോऽസൌ രൂപീ നോऽനുഗ്രഹം വ്യധാത്.

ഏഷോऽവജാനതോ മൎത്ത്യാൻ കാമരൂപീ വനൌകസഃ
ഹന്തി ഹ്യസ്മൈ നമസ്യാമഃ ശൎമ്മണേ ആത്മനോ ഗവാം. 37

| | |
|---|---|
| അഹോ പശ്യത | "അത്ഭുതം നോക്കുക ! |
| അസൌ ശൈലഃ | ഈ പർവ്വതം |
| രൂപീ | ദിവ്യരൂപംധരിച്ചു് |
| നഃ അനുഗ്രഹം | നമുക്കു് അനുഗ്രഹത്തെ |
| വ്യധാത് | അരുളിയിരിക്കുന്നു. |
| കാമരൂപീ | തന്നിഷ്ടംപോലെ രൂപം ധരിപ്പാൻ കഴിവുള്ള |
| ഏഷഃ | ഈ പർവ്വതം |
| അവജാനതഃ | തന്നെ അവമാനിക്കുന്ന |
| വനൌകസഃ | വനവാസികളായ |

| | | | |
|---|---|---|---|
| മർത്ത്യാൻ | ജനങ്ങളെ | നമസ്യാമഃ | നമസ്കാരം ചെയ്യാം" |
| ഹന്തി | നശിപ്പിക്കുന്നു. | | (എന്നു പറഞ്ഞു ഭഗവാൻ) |
| ഹി | അതുകൊണ്ടു്, | വ്രജജനൈഃ സഹ ഗോപന്മാരോടുകൂടി | |
| ആത്മനഃ | നമ്മുടെയും | ആത്മനേ | താൻ തന്നെയായ |
| ഗവാം | പശുക്കളുടെയും | തസ്മൈ | ആ ഗിരിദേവന്നു് |
| ശർമ്മണേ | യോഗക്ഷേമത്തിന്നായി | ആത്മനാ | തന്നാൽത്താനെ |
| അസ്മൈ | ഈ ഗിരിരാജന്നു് | നമഃ ചക്രേ | നമസ്കാരം ചെയ്തു. |

ഇത്യദ്രിഗോദ്വിജമഖം വാസുദേവപ്രണോദിതാഃ
യഥാ വിധായ തേ ഗോപാഃ സഹകൃഷ്ണാ വ്രജം യയുഃ. 38

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | യഥാ | വേണ്ടതുപോലെ |
| വാസുദേവപ്രണോദിതാഃ | ഭഗവാനാൽ പ്രേരിതരായ | വിധായ | ചെയ്തതിൽപ്പിന്നെ |
| തേ ഗോപാഃ | ആ നന്ദാദിഗോപന്മാർ | സഹകൃഷ്ണാഃ | കൃഷ്ണനോടുകൂടെ |
| അദ്രിഗോദ്വിജമഖം | പർവ്വതത്തിന്നും, പശുക്കൾക്കും, ബ്രാഹ്മണർക്കും ഉള്ള യാഗത്തെ | വ്രജം | ഗോകുലത്തിലേക്കു |
| | | യയുഃ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗോവർദ്ധനപൂജാദിനിരൂപണം നാമ ചതുർവിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1058.

## പഞ്ചവിംശോഽദ്ധ്യായഃ—ഇരുപത്തഞ്ചാമദ്ധ്യായം.

[പഞ്ചവിംശേ രുഷാ ശക്രേ വ്രജനാശായ വർഷതി
ഉദ്ധൃത്യ ഗിരിമാസാരാദരക്ഷദ് ഗോകുലം പ്രഭുഃ.]

(ക്രുദ്ധനായ ദേവേന്ദ്രൻ ഗോകുലത്തെ നശിപ്പിക്കുവാൻ പേമാരി ചൊരിയിക്കുന്നതും, ഭഗവാൻ ഗോവർദ്ധനത്തെ കുടയാക്കിപ്പിടിച്ചു് ഗോകുലത്തെ സംരക്ഷിക്കുന്നതും.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു : —

ഇന്ദ്രസ്തദാഽഽത്മനഃ പൂജാം വിജ്ഞായ വിഹതാം നൃപ
ഗോപേഭ്യഃ കൃഷ്ണനാഥേഭ്യോ നന്ദാദിഭ്യശ്ചുകോപ സഃ. 1

| | | | |
|---|---|---|---|
| നൃപ തദാ | രാജാവേ! അന്നേരം | പൂജാം | പൂജയെ |
| ആത്മനഃ | തനിക്കുള്ളതായ | വിഹതാം | മുടക്കപ്പെട്ടതായി |

| | |
|---|---|
| വിജ്ഞായ | അറിഞ്ഞിട്ട് |
| കൃഷ്ണനാഥേഭ്യഃ | ശ്രീകൃഷ്ണൻ രക്ഷിതാവായിട്ടുള്ള |

| | |
|---|---|
| നന്ദാദിഭ്യഃ ഗോപേഭ്യഃ | നന്ദാദിഗോപന്മാരോട് |
| ചുകോപ | കോപിച്ചുവശായി. |

ഗണം സാംവർത്തകം നാമ മേഘാനാം ചാന്തകാരിണാം
ഇന്ദ്രഃ പ്രാചോദയത് ക്രുദ്ധോ വാക്യം ചാഹേശമാന്യുത. 2

| | |
|---|---|
| ക്രുദ്ധഃ ഉത ഈശമാനീ | കോപാവിഷ്ടനും, താൻതന്നെയാണ് സർവ്വേശ്വരൻ എന്ന് അഭിമാനിക്കുന്നവനും ആയ |
| ഇന്ദ്രഃ ച | ദേവരാജാവാകട്ടെ |
| സാംവർത്തകം നാമ | 'സാംവർത്തകം' (പ്രളയം വരുത്തുന്നത്) എന്ന പേരിൽ അറിയപ്പെടുന്ന |

| | |
|---|---|
| അന്തകാരിണാം | വിനാശകാരികളായ |
| മേഘാനാം | മേഘങ്ങളുടെ |
| ഗണം | സംഘത്തെ |
| പ്രാചോദയത് | പ്രേരിപ്പിക്കുകയും, |
| വാക്യം | ഈവിധം ആജ്ഞാവചനത്തെ |
| ആഹ ച | കല്പിക്കുകയും ചെയ്തു. |

അഹോ ശ്രീമദമാഹാത്മ്യം ഗോപാനാം കാനനൗകസാം
കൃഷ്ണം മർത്ത്യമുപാശ്രിത്യ യേ ചക്രുർദ്ദേവഹേളനം. 3

| | |
|---|---|
| അഹോ | "അമ്പോ! |
| കാനനൗകസാം | കാട്ടന്മാരായ |
| ഗോപാനാം | ഗോപന്മാർക്കുള്ളതായ |
| ശ്രീമദമാഹാത്മ്യം | ധനഗർവ്വത്തിന്റെ മൂപ്പ് നോക്കുക! |
| യേ | യാതൊരു ഇവർ |

| | |
|---|---|
| മർത്ത്യം | വെറും മനുഷ്യനായ |
| കൃഷ്ണം | കൃഷ്ണനെ |
| ഉപാശ്രിത്യ | ആശ്രയിച്ച് |
| ദേവഹേളനം | ദേവനായ എന്നോടു ധിക്കാരം |
| ചക്രുഃ | പ്രവർത്തിച്ചിരിക്കുന്നു. |

യഥാദൃഢൈഃ കർമ്മമയൈഃ ക്രതുഭിർന്നാമനൗനിഭൈഃ
വിദ്യാമാന്വീക്ഷികീം ഹിത്വാ തിതീർഷന്തി ഭവാർണ്ണവം. 4
വാചാലം ബാലിശം സ്തബ്ധമജ്ഞം പണ്ഡിതമാനിനം
കൃഷ്ണം മർത്ത്യമുപാശ്രിത്യ ഗോപാ മേ ചക്രുരപ്രിയം. 5

| | |
|---|---|
| ആന്വീക്ഷികീം | "ആന്വീക്ഷികിയെന്ന |
| വിദ്യാം | ആത്മബോധവിദ്യയെ |
| ഹിത്വാ | പരിത്യജിച്ച്, |
| അദൃഢൈഃ | നശ്വരങ്ങളും, |
| കർമ്മമയൈഃ | ക്രിയാസാധിതങ്ങളും, |
| നാമനൗനിഭൈഃ | പേരിനുമാത്രം സംസാരസാഗരത്തെക്കടത്തുന്ന കപ്പലുകളെന്നോണം നിലകൊള്ളുന്നവയും ആയ |
| ക്രതുഭിഃ | യാഗങ്ങളാൽ |
| ഭവാർണ്ണവം | സംസാരസാഗരത്തെ |

| | |
|---|---|
| തിതീർഷന്തി | കടക്കുവാനുദ്യമിക്കുന്നത് |
| യഥാ | ഏതുപോലെയോ, അതുപോലെ |
| വാചാലം | വായാളിയും (ശാസ്ത്രവചനങ്ങളാൽ പരിജ്ഞേയനും), |
| ബാലിശം | ബാലകനും (ബാലകന്മാരെപ്പോലെ അഭിമാനരഹിതനും) |
| സ്തബ്ധം | തെമ്മാടിയും (അനമ്രനും) |
| അജ്ഞം | അറിവുകെട്ടവനും (എല്ലാരേക്കാളും കവിഞ്ഞ ജ്ഞാനമുള്ളവനും), |

| | | | |
|---|---|---|---|
| പണ്ഡിത-മാനിനം | അറിവുള്ളവനാണെന്ന് ഭാവിക്കുന്നവനും (ബ്രഹ്മജ്ഞന്മാരാൽ മാനിക്കപ്പെടുന്നവനും), | കൃഷ്ണം | കൃഷ്ണനെ (സദാനന്ദമയമായ പരബ്രഹ്മത്തെ) |
| | | ഉപാശ്രിത്യ | ആദരിച്ച് |
| | | ഗോപാഃ | ഗോപന്മാർ |
| മർത്ത്യം | കേവലം മനുഷ്യനും (മനുഷ്യരൂപേണ പ്രത്യക്ഷപ്പെട്ടവനും) ആയ | മേ | എനിക്ക് |
| | | അപ്രിയം | അഹിതമായ കാര്യം |
| | | ചക്രുഃ | പ്രവർത്തിച്ചു. |

നോട്ട് :— ഇന്ദ്രൻ പ്രയോഗിച്ച നിന്ദാവചനങ്ങൾ കൃഷ്ണനിൽ സ്തുതിപരമായി പരിണമിക്കുന്നു. 'വാചാലം' എന്നു തുടങ്ങിയുള്ള ഏഴു പദങ്ങൾക്ക് അങ്ങനെ സ്തുതിരൂപേണ വരുന്ന അർത്ഥമാണ് ബ്രാക്കററിൽ കൊടുത്തിരിക്കുന്നത്.

ഏഷാം ശ്രിയാഽവലിപ്താനാം കൃഷ്ണേനാധ്മായിതാത്മനാം
ധുനുത ശ്രീമദസ്തംഭം പശൂൻ നയത സംക്ഷയം. 6

| | | | |
|---|---|---|---|
| ശ്രിയാ | "ഐശ്വര്യത്താൽ | ഏഷാം | ഈ ഗോപന്മാരുടെ |
| അവ-ലിപ്താനാം | അഹങ്കരിച്ചിരിക്കുന്നവരും | ശ്രീമദസ്തംഭം | ഐശ്വര്യമദത്താലുണ്ടായ ദംഭത്തെ |
| കൃഷ്ണേന | കൃഷ്ണനാൽ | ധുനുത | നിങ്ങൾ അകററുവിൻ. |
| ആധ്മായിതാ-ത്മനാം | പ്രോത്സാഹനം കൊടുക്കപ്പെട്ട മാനസത്തോടു കൂടിയവരും ആയ | പശൂൻ | കന്നുകാലികളെ |
| | | സംക്ഷയം നയത | ഒടുക്കുവിൻ. |

അഹം ചൈരാവതം നാഗമാരുഹ്യാനുവ്രജേ വ്രജം
മരുദ്ഗണൈർമ്മഹാവീര്യൈർന്നന്ദഗോഷ്ഠജിഘാംസയാ. 7

| | | | |
|---|---|---|---|
| അഹം ച | "ഞാനും | നന്ദഗോഷ്ഠ-ജിഘാംസയാ | നന്ദഗോപൻെറ ഗോകുലത്തെ നശിപ്പിക്കുന്നതിന്നായി |
| ഐരാവതം | ഐരാവതമെന്ന | | |
| നാഗം ആരുഹ്യ | ആനമേൽ കയറി | വ്രജം | ആ ഗോകുലത്തിലേക്ക് |
| മഹാവീര്യൈഃ | അതിശക്തിയുള്ള | അനുവ്രജേ | നിങ്ങളുടെ പിന്നാലെ വരുന്നുണ്ട്". |
| മരുദ്ഗണൈഃ | കൊടുംകാററുകളോടുകൂടി | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇത്ഥം മഘവതാഽഽജ്ഞപ്താ മേഘാ നിർമ്മുക്തബന്ധനാഃ
നന്ദഗോകുലമാസാരൈഃ പീഡയാമാസുരോജസാ. 8

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | മേഘാഃ | മേഘങ്ങൾ |
| മഘവതാ | ഇന്ദ്രനാൽ | നന്ദഗോകുലം | നന്ദഗോകുലത്തെ |
| ആജ്ഞപ്താഃ | ആജ്ഞാപിക്കപ്പെട്ട് | ആസാരൈഃ | കനത്തവർഷധാരകളാൽ |
| നിർമ്മുക്ത-ബന്ധനാഃ | കെട്ടഴിച്ചുവിട്ടയക്കപ്പെട്ടവയായ | ഓജസാ | ശക്തിയോടെ |
| | | പീഡയാമാസുഃ | ഉപദ്രവിച്ചുതുടങ്ങി. |

വിദ്യോതമാനാ വിദ്യുദ്ഭിഃ സ്തനന്തഃ സ്തനയിത്നുഭിഃ
തീവ്രൈർമ്മരുദ്ഗണൈർന്നുന്നാ വവൃഷുർജ്ജലശർക്കരാഃ. 9

| | | | |
|---|---|---|---|
| വിദ്യുദ്ഭിഃ | മിന്നൽപ്പിണരുകളാൽ | തീവ്രൈഃ | അത്യുഗ്രങ്ങളായ |
| വിദ്യോതമാനാഃ | മിന്നുന്നിക്കൊണ്ടും, | മരുദ്ഗണൈഃ | വൻകാററുകളാൽ |
| സ്തനയിത്നുഭിഃ | ഇടിനാദത്താലും | നുന്നാഃ | ഇളക്കപ്പെട്ടും മേഘങ്ങൾ |
| | | ജലശർക്കരാഃ | കൽമാരികളെ |
| സ്തനന്തഃ | മുഴങ്ങിക്കൊണ്ടും, | വവൃഷുഃ | ചൊരിഞ്ഞു. |

സ്ഥൂണാസ്ഥൂലാ വർഷധാരാ മുഞ്ചത്സ്വഭ്രേഷ്വഭീക്ഷ്ണശഃ
ജലൗഘൈഃ പ്ലാവ്യമാനാ ഭൂർന്നാദൃശ്യത നതോന്നതം. 10

| | | | |
|---|---|---|---|
| സ്ഥൂണാ- സ്ഥൂലാഃ | തൂണിനോളം വണ്ണത്തിലുള്ള | ജലൗഘൈഃ | ജലപ്രവാഹങ്ങളാൽ |
| | | പ്ലാവ്യമാനാ | ആഴ്ത്തപ്പെട്ടുപോയിരുന്ന |
| വർഷധാരാഃ | വർഷധാരകളെ | ഭൂഃ | ഭൂമി |
| അഭ്രേഷു | മേഘങ്ങൾ | നതോന്നതം | താണേടവും ഉയർന്നേടവും ഉള്ളവിധം |
| അഭീക്ഷ്ണശഃ | അടിക്കടി | | |
| മുഞ്ചത്സു | ചൊരിഞ്ഞുകൊണ്ടിരിക്കെ, | ന അദൃശ്യത | കാണപ്പെടാത്തതായി. |

അത്യാസാരാതിവാതേന പശവോ ജാതവേപനാഃ
ഗോപാ ഗോപ്യശ്ച ശീതാർത്താ ഗോവിന്ദം ശരണം യയുഃ. 11

| | | | |
|---|---|---|---|
| പശവഃ | പശുക്കളും, | ശീതാർത്താഃ | തണുപ്പിനാലും പീഡിതരായി, |
| ഗോപാഃ | ഗോപന്മാരും, | | |
| ഗോപ്യഃ ച | ഗോപികളും | ജാതവേപനാഃ | വിറയൽപൂണ്ടുകൊണ്ടു് |
| അത്യാസാരാ- തിവാതേന | ഘോരവൃഷ്ടിയാലും, കൊടുങ്കാററിനാലും | ഗോവിന്ദം | ഗോവിന്ദനെ |
| | | ശരണം യയുഃ | ശരണം പ്രാപിച്ചു. |

ശിരഃ സുതാംശ്ച കായേന പ്രച്ഛാദ്യാസാരപീഡിതാഃ
വേപമാനാ ഭഗവതഃ പാദമൂലമുപായയുഃ. 12

| | | | |
|---|---|---|---|
| ആസാര- പീഡിതാഃ | പെരുമഴകൊണ്ടു പീഡിതരായി | കായേന | ശരീരംകൊണ്ടുതന്നെ |
| | | പ്രച്ഛാദ്യ | മറച്ചുപിടിച്ചു് |
| വേപമാനാഃ | കിടുകിടെ വിറച്ചുകൊണ്ടിരിക്കുന്ന അവർ | ഭഗവതഃ | ഭഗവാന്റെ |
| ശിരഃ | തലയേയും, | പാദമൂലം | പാദാന്തികത്തെ |
| സുതാൻ ച | മക്കളേയും | ഉപായയുഃ | പ്രാപിച്ചു. |

കൃഷ്ണ കൃഷ്ണ മഹാഭാഗ ത്വന്നാഥം ഗോകുലം പ്രഭോ
ത്രാതുമർഹസി ദേവാന്നഃ കുപിതാദ് ഭക്തവത്സല. 13

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | "ഹേ കൃഷ്ണ !, കൃഷ്ണ ! | പ്രഭോ | ഹേ സർവ്വശക്ത ! |
| മഹാഭാഗ | സൌഭാഗ്യസമ്പന്ന ! | ഭക്തവത്സല | ഭക്തവത്സല ! |

| | | | |
|---|---|---|---|
| ത്വന്നാഥം | നിന്തിരുവടിമാത്രം രക്ഷിതാവായുള്ള | കുപിതാത് | കോപിച്ചിരിക്കുന്ന |
| ഗോകുലം | പശുക്കൂട്ടത്തേയും, | ദേവാത് | ഇന്ദ്രനിൽനിന്ന് |
| നഃ | ഞങ്ങളേയും | ത്രാതും അർഹസി | കാത്തുരക്ഷിക്കേണമേ.” |

ശിലാവർഷനിപാതേന ഹന്യമാനമചേതനം
നിരീക്ഷ്യ ഭഗവാൻ മേനേ കുപിതേന്ദ്രകൃതം ഹരിഃ 14

| | | | |
|---|---|---|---|
| ശിലാവർഷ-നിപാതേന | കൽമാരിയുടെ ഉഗ്രപാതത്താൽ | ഭഗവാൻ | സർവ്വജ്ഞനായ |
| ഹന്യമാനം | പീഡിക്കപ്പെട്ടുകൊണ്ട് | ഹരിഃ | ശ്രീകൃഷ്ണൻ |
| അചേതനം | മരവിച്ചുപോയ ഗോകുലത്തെ | കുപിതേന്ദ്രകൃതം | കുപിതനായ ഇന്ദ്രനാൽ ഉണ്ടാക്കപ്പെട്ട ഉപദ്രവമാണെന്ന് |
| നിരീക്ഷ്യ | കണ്ട്, | മേനേ | ആദ്യമേ കരുതിയിരുന്നു. |

അപർത്ത്വത്യുൽബണം വർഷമതിവാതം ശിലാമയം
സ്വയാഗേ വിഹതേഽസ്മാഭിരിന്ദ്രോ നാശായ വർഷതി. 15

| | | | |
|---|---|---|---|
| അപർത്തു | “ അകാലത്തിലുള്ളതും, | സ്വയാഗേ | തനിക്കുള്ള യാഗം |
| അത്യുൽബണം | അതിഭയങ്കരവും, | അസ്മാഭിഃ | നമ്മളാൽ |
| അതിവാതം | അധികരിച്ച കൊടുങ്കാറ്റോടുകൂടിയതും, | വിഹതേ | മുടക്കപ്പെട്ടപ്പോൾ |
| | | ഇന്ദ്രഃ | ഇന്ദ്രൻ |
| ശിലാമയം | കൽമാരി നിറഞ്ഞതും ആയ | നാശായ | നമ്മെ നശിപ്പിക്കുവാൻ |
| വർഷം | വർഷത്തെ | വർഷതി | വർഷിക്കുകയാണ്. |

തത്ര പ്രതിവിധിം സമ്യഗാത്മയോഗേന സാധയേ
ലോകേശമാനിനാം മൗഢ്യാദ്ധരിഷ്യേ ശ്രീമദം തമഃ. 16

| | | | |
|---|---|---|---|
| തത്ര | “ ആ നിലയ്ക്ക് | ലോകേശ-മാനിനാം | ലോകനാഥന്മാരെന്ന് അഭിമാനിക്കുന്നവരുടെ |
| പ്രതിവിധിം | അതിനുള്ള പ്രതിവിധിയെ | | |
| ആത്മയോഗേന | സ്വപ്രഭാവത്താൽ | ശ്രീമദം | ഐശ്വര്യമദമാവുന്ന |
| സമ്യക് | വേണ്ടും പ്രകാരത്തിൽ | തമഃ | തമോവൃത്തിയെ |
| സാധയേ | ഞാൻ ചെയ്യുന്നുണ്ട്. | | |
| മൗഢ്യാത് | മൂഢതയാൽ | ഹരിഷ്യേ | നീക്കിക്കളഞ്ഞേക്കാം. |

ന ഹി സദ്ഭാവയുക്താനാം സുരാണാമീശവിസ്മയഃ
മത്തോഽസതാം മാനഭംഗഃ പ്രശമായോപകല്പതേ. 17

| | | | |
|---|---|---|---|
| സദ്ഭാവ-യുക്താനാം | “ സത്ത്വഗുണംചേർന്നവരായ | ഹി അസതാം | ആകയാൽ അസത്തുക്കളായ അവർക്ക് |
| സുരാണാം | ദേവന്മാർക്ക് | മത്തഃ | എന്നിൽനിന്നുണ്ടാവുന്ന |
| ഈശവിസ്മയഃ | തങ്ങൾ ഈശ്വരന്മാരാണെന്നുള്ള ദുരഹങ്കാരം | മാനഭംഗഃ | അഭിമാനക്ഷയം |
| | | പ്രശമായ | ഗർവ്വം ശമിക്കുന്നതിന്ന് |
| ന | ചേർന്നതല്ല. | ഉപകല്പതേ | ഉതകുന്നതാണ്. |

തസ്മാന്മച്ഛരണം ഗോഷ്ഠം മന്നാഥം മത്പരിഗ്രഹം
ഗോപായേ സ്വാത്മയോഗേന സോഽയം മേ വ്രത ആഹിതഃ. 18

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ഗോഷ്ഠം | ഗോകുലത്തെ |
| മച്ഛരണം | ഞാൻതന്നെ ശരണമായിട്ടുള്ളതും, | സ്വാത്മയോഗേന | സ്വപ്രഭാവത്താൽ |
| | | ഗോപായേ | രക്ഷിക്കുന്നുണ്ട്. |
| മന്നാഥം | ഞാൻതന്നെ നാഥനായിട്ടുള്ളതും, | സഃ | അങ്ങനെയുള്ള |
| | | അയം വ്രതഃ | ഈ ഗോകുലരക്ഷാവ്രതം |
| മത്പരിഗ്രഹം | എന്റെ സംരക്ഷയിലുള്ളതുമായ | മേ ആഹിതഃ | എന്നാൽ സ്വീകരിക്കപ്പെട്ടതാകുന്നു." |

ഇത്യുക്ത്വൈകേന ഹസ്തേന കൃത്വാ ഗോവർദ്ധനാചലം
ദധാര ലീലയാ കൃഷ്ണഃ ഛത്രാകമിവ ബാലകഃ 19

| | | | |
|---|---|---|---|
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | ഗോവർദ്ധനാചലം | ഗോവർദ്ധനപർവ്വതത്തെ |
| ഇതി ഉക്ത്വാ | ഇങ്ങനെ ആത്മഗതമായിപ്പറഞ്ഞശേഷം | കൃത്വാ | പുഴക്കിയെടുത്ത് |
| | | ബാലകഃ | ഒരു കുട്ടി |
| ലീലയാ | അനായാസേന | ഛത്രാകം ഇവ | കൂണെടുത്തു പിടിക്കുന്നപോലെ |
| ഏകേന ഹസ്തേന | ഒരു കൈകൊണ്ട് | ദധാര | പിടിച്ചു. |

അഥാഹ ഭഗവാൻ ഗോപാൻ ഹേഽംബ താത വ്രജൌകസഃ
യഥോപജോഷം വിശത ഗിരിഗർത്തം സഗോധനാഃ. 20

| | | | |
|---|---|---|---|
| അഥ | അനന്തരം | യഥോപജോഷം | യഥാസുഖം (നിങ്ങളെല്ലാം) |
| ഭഗവാൻ | ശ്രീകൃഷ്ണൻ | | |
| ഗോപാൻ ആഹ | ഗോപന്മാരോടുപറഞ്ഞു. | സഗോധനാഃ | പശുക്കളോടുകൂടി |
| ഹേ അംബ | "അമ്മേ! | ഗിരിഗർത്തം | പർവ്വതത്തിന്റെ വിടവിലേക്ക് |
| താത | അച്ഛാ! | | |
| വ്രജൌകസഃ | ഗോകുലവാസികളേ! | വിശത | കടന്നിരിക്കുവിൻ. |

ന ത്രാസ ഇഹ വഃ കാര്യോ മദ്ധസ്താദ്രിനിപാതനേ
വാതവർഷഭയേനാലം തത്ത്രാണം വിഹിതം ഹി വഃ. 21

| | | | |
|---|---|---|---|
| മദ്ധസ്താദ്രി-നിപാതനേ | "എന്റെ കൈയിൽ നിന്നു മല താഴെ വീണുപോകുമെന്നതിൽ | വാതവർഷ-ഭയേന അലം | കാററിനേയും, മഴയേയും പേടിച്ചതും മതി. |
| | | ഹി വഃ | എന്തെന്നാൽ നിങ്ങൾക്ക് |
| വഃ ഇഹ | നിങ്ങൾക്ക് ഇപ്പോൾ | തത്ത്രാണം | അവയിൽനിന്നു രക്ഷ |
| ത്രാസഃ ന കാര്യഃ | ഭയം വേണ്ട. | വിഹിതം | ചെയ്യപ്പെട്ടിരിക്കുന്നു." |

തഥാ നിർവ്വിവിശുർഗ്ഗർത്തം കൃഷ്ണാശ്വാസിതമാനസാഃ
യഥാവകാശം സധനാഃ സവ്രജാഃ സോപജീവിനഃ. 22

| | |
|---|---|
| തഥാ | അപ്രകാരം |
| കൃഷ്ണാ- ശ്വാസിത- മാനസാഃ | ശ്രീകൃഷ്ണനാൽ മനഃസമാധാനം വരുത്തപ്പെട്ട നന്ദാദിഗോപന്മാർ |
| സധനാഃ | പശുക്കളോടും, |
| സവ്രജാഃ | വണ്ടികളോടും, |
| സോപജീവിനഃ | ഭൃത്യാദികളോടും കൂടിയവരായി |
| ഗർത്തം | പർവ്വതഗർത്തത്തിലേക്ക് |
| യഥാവകാശം | തിക്കംതിരക്കം കൂടാതെ |
| നിർവ്വിവിശുഃ | നിശ്ശേഷം പ്രവേശിച്ചു. |

ക്ഷുത്തൃഡ്വ്യഥാം സുഖാപേക്ഷാം ഹിത്വാ തൈർവ്രജവാസിഭിഃ
വീക്ഷ്യമാണോ ദധാവദ്രിം സപ്താഹം നാചലത് പദാത്. 23

| | |
|---|---|
| ക്ഷുത്തൃഡ്വ്യഥാം | പൈദാഹപീഡയേയും, |
| സുഖാപേക്ഷാം | വിശ്രമാഭിലാഷത്തേയും |
| ഹിത്വാ | കൈവിട്ടിട്ട് |
| തൈഃ വ്രജവാസിഭിഃ | ആ ഗോകുലവാസിജനങ്ങളാൽ |
| വീക്ഷ്യമാണഃ | വീക്ഷിക്കപ്പെട്ടുകൊണ്ട് |
| സപ്താഹം | ഏഴുനാളും മുഴുവനും |
| അദ്രിം | പർവ്വതത്തെ |
| ദധൌ | ഭഗവാൻ എടുത്തുനിന്നു; |
| പദാത് | സ്ഥാനത്തിൽനിന്നു് |
| ന അചലത് | അനങ്ങിയതുമില്ല. |

കൃഷ്ണയോഗാനുഭാവം തം നിശാമ്യേന്ദ്രോऽതിവിസ്മിതഃ
നിഃസ്തംഭോ ഭ്രഷ്ടസങ്കല്പഃ സ്വാൻ മേഘാൻ സംന്യവാരയത്. 24

| | |
|---|---|
| തം കൃഷ്ണ- യോഗാനുഭാവം | ശ്രീകൃഷ്ണന്റെ ആ യോഗമഹിമയെ |
| നിശാമ്യ | കണ്ടു് |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| അതിവിസ്മിതഃ | ഏററവും വിസ്മിതനും, |
| നിഃസ്തംഭഃ | ഗർവ്വമററവനും, |
| ഭ്രഷ്ടസങ്കല്പഃ | മനസ്സങ്കല്പം സാധിക്കാത്തവനുമായിട്ടു് |
| സ്വാൻ മേഘാൻ | തന്റെ മേഘങ്ങളെ |
| സംന്യവാരയത് | തടഞ്ഞുനിർത്തി. |

ഖം വ്യഭ്രമുദിതാദിത്യം വാതവർഷം ച ദാരുണം
നിശാമ്യോപരതം ഗോപാൻ ഗോവർദ്ധനധരോऽബ്രവീത്. 25

| | |
|---|---|
| ദാരുണം | ഭയങ്കരമായ |
| വാതവർഷം | കാററും മഴയും |
| ഉപരതം | ശമിച്ചതായും, |
| ഖം വ്യഭ്രം | ആകാശം മഴക്കാർനീങ്ങി |
| ഉദിതാദിത്യം ച | തെളിഞ്ഞുദിച്ച ആദിത്യനോടുകൂടിയതായും ഇരിക്കുന്നതു് |
| നിശാമ്യ | കണ്ടു് |
| ഗോവർദ്ധനധരഃ | ഗോവർദ്ധനധരനായ ഭഗവാൻ |
| ഗോപാൻ | ഗോപന്മാരോടു |
| അബ്രവീത് | പറഞ്ഞു. |

നിർയ്യാത ത്യജത ത്രാസം ഗോപാഃ സസ്ത്രീധനാർഭകാഃ
ഉപാരതം വാതവർഷം വ്യുദപ്രായാശ്ച നിമ്നഗാഃ. 26

| | |
|---|---|
| ഗോപാഃ | "ഗോപന്മാരേ! നിങ്ങൾ |
| സസ്ത്രീധനാർഭകാഃ | സ്ത്രീകളോടും, ഗോക്കളോടും, കിടാങ്ങളോടുംകൂടി |
| നിർയ്യാത | പുറത്തു പോയ്ക്കൊണ്ടാലും. |
| ത്രാസം ത്യജത | ഭയം കളയുക. |
| വാതവർഷം | കാററും മഴയും |
| ഉപാരതം | അവസാനിച്ചു. |
| നിമ്നഗാഃ ച | പുഴകളും |
| വ്യുദപ്രായാഃ | സാമാന്യേന വെള്ളം വാൎന്നുപോയവയായിരിക്കുന്നു." |

തതസ്തേ നിര്യയുർഗ്ഗോപാഃ സ്വം സ്വമാദായ ഗോധനം
ശകടോഢോപകരണം സ്ത്രീബാലസ്ഥവിരാഃ ശനൈഃ. 27

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | സ്വം സ്വം | അവരവരുടെ |
| തേ ഗോപാഃ | ആ ഗോപന്മാരും, | ഗോധനം | പശുക്കൂട്ടത്തേയും |
| സ്ത്രീബാല-സ്ഥവിരാഃ | സ്ത്രീകളും, കുട്ടികളും, വയസ്സന്മാരുമെല്ലാം | ആദായ | തെളിച്ചുകൊണ്ടു് |
| ശകടോ-ഢോപകരണം | വണ്ടികളിൽ ഗൃഹോപകരണങ്ങളെ കയററിക്കൊണ്ടു് | ശനൈഃ | സാവകാശത്തിൽ |
| | | നിര്യയുഃ | പുറത്തേക്കുവന്നു. |

ഭഗവാനപി തം ശൈലം സ്വസ്ഥാനേ പൂർവ്വവത് പ്രഭുഃ
പശ്യതാം സർവ്വഭൂതാനാം സ്ഥാപയാമാസ ലീലയാ. 28

| | | | |
|---|---|---|---|
| പ്രഭുഃ | എന്തിനും കഴിവുള്ളവനും, | സ്വസ്ഥാനേ | അതിൻെറ സ്ഥാനത്തുതന്നെ |
| ഭഗവാൻ അപി | എല്ലാം അറിവുള്ളവനും ആയ ശ്രീകൃഷ്ണനും | സർവ്വഭൂതാനാം | സകലജനങ്ങളും |
| | | പശ്യതാം | നോക്കിനില്ക്കെ, |
| തം ശൈലം | ആ പർവ്വതത്തെ | ലീലയാ | ആയാസംകൂടാതെ |
| പൂർവ്വവത് | മുന്നേപ്പോലെ | സ്ഥാപയാമാസ | സ്ഥാപിച്ചു. |

തം പ്രേമവേഗാന്നിഭൃതാ വ്രജൌകസോ
യഥാ സമീയുഃ പരിരംഭണാദിഭിഃ
ഗോപ്യശ്ച സസ്നേഹമപൂജയൻ മുദാ
ദധ്യക്ഷതാദ്ഭിര്യുയുജുഃ സദാശിഷഃ. 29

| | | | |
|---|---|---|---|
| തം | ആ ശ്രീകൃഷ്ണനെ | ഗോപ്യഃ ച | ഗോപികമാർ |
| വ്രജൌകസഃ | ഗോപന്മാർ | മുദാ | സന്തോഷത്താൽ |
| പ്രേമവേഗാത് | പ്രേമാവേശത്താൽ | സസ്നേഹം | സ്നേഹത്തോടെ |
| നിഭൃതാഃ | പരിപൂർണ്ണരായിട്ട് | ദധ്യക്ഷതാദ്ഭിഃ | തൈർ, അക്ഷതം, ജലം എന്നിവയാൽ |
| യഥാ | യഥോചിതം | | |
| പരിരംഭണാ-ദിഭിഃ | ആലിംഗനാദികളോടു കൂടി | അപൂജയൻ | പൂജിച്ചു. |
| | | സദാശിഷഃ | നല്ല ആശിസ്സുകളേയും |
| സമീയുഃ | സമീപിച്ചു. | യുയുജുഃ | പ്രയോഗിച്ചു. |

യശോദാ രോഹിണീ നന്ദോ രാമശ്ച ബലിനാം വരഃ
കൃഷ്ണമാലിംഗ്യ യുയുജുരാശിഷഃ സ്നേഹകാതരാഃ. 30

| | | | |
|---|---|---|---|
| സ്നേഹകാതരാഃ | സ്നേഹവിവശരായ | വരഃ | അഗ്രഗണ്യനായ |
| യശോദാ | യശോദയും, | രാമഃ ച | ബലരാമനും |
| രോഹിണീ | രോഹിണിയും, | കൃഷ്ണം | ശ്രീകൃഷ്ണനെ |
| നന്ദഃ | നന്ദഗോപരും, | ആലിംഗ്യ | ആശ്ലേഷിച്ചു് |
| ബലിനാം | ബലശാലികളിൽവെച്ചു് | ആശിഷഃ യുയുജുഃ | ആശീർവദിച്ചു. |

ദിവി ദേവഗണാഃ സാദ്ധ്യാഃ സിദ്ധഗന്ധർവ്വചാരണാഃ
തുഷ്ടുവുർമ്മുമുചുസ്തുഷ്ടാഃ പുഷ്പവർഷാണി പാർത്ഥിവ. 31

| | | | |
|---|---|---|---|
| പാർത്ഥിവ | രാജാവേ ! | തുഷ്ടാഃ | സന്തുഷ്ടരായി |
| ദിവി | ആകാശത്തിൽ | | |
| ദേവഗണാഃ | ദേവഗണങ്ങളും, | തുഷ്ടുവുഃ | സ്തോത്രം ചെയ്തു ; |
| സാദ്ധ്യാഃ | സാദ്ധ്യന്മാരും, | | |
| സിദ്ധഗന്ധർവ്വ- ചാരണാഃ | സിദ്ധന്മാർ, ഗന്ധർവ്വന്മാർ, ചാരണന്മാർ എന്നിവരും | പുഷ്പവർഷാണി | പുഷ്പവൃഷ്ടികളെ |
| | | മുമുചുഃ | ചൊരിഞ്ഞു. |

ശംഖദുന്ദുഭയോ നേദുർദ്ദിവി ദേവപ്രണോദിതാഃ
ജഗുർഗ്ഗന്ധർവ്വപതയസ്തുംബുരുപ്രമുഖാ നൃപ. 32

| | | | |
|---|---|---|---|
| നൃപ ദിവി | രാജാവേ ! ആകാശത്തിൽ | നേദുഃ | മുഴങ്ങി. |
| ദേവ- പ്രണോദിതാഃ | ദേവകളാൽ പ്രയോഗിക്കപ്പെട്ട | തുംബുരുപ്രമുഖാഃ | തുംബുരു തുടങ്ങിയ |
| ശംഖദുന്ദുഭയഃ | ശംഖധ്വനികളും, ദുന്ദുഭിവാദ്യങ്ങളും | ഗന്ധർവ്വപതയഃ | ഗന്ധർവ്വശ്രേഷ്ഠന്മാർ |
| | | ജഗുഃ | പാടി. |

തതോഽനുരക്തൈഃ പശുപൈഃ പരിശ്രിതോ
രാജൻ സ ഗോഷ്ഠം സബലോഽവ്രജദ്ധരിഃ
തഥാവിധാന്യസ്യ കൃതാനി ഗോപികാ
ഗായന്ത്യ ഈയുർമ്മുദിതാ ഹൃദിസ്പൃശഃ. 33

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | മുദിതാഃ | സന്തോഷവതികളായ |
| സഃ ഹരിഃ | ആ ശ്രീഹരി | ഗോപികാഃ | ഗോപികമാരും |
| അനുരക്തൈഃ | സ്നേഹമുള്ളവരായ | ഹൃദിസ്പൃശഃ | അവരുടെ ഹൃദയാന്തരത്തിൽ സ്പർശിച്ചുകൊണ്ടിരിക്കുന്ന |
| പശുപൈഃ | ഗോപാലന്മാരാൽ | | |
| പരിശ്രിതഃ | പരിവൃതനായി, | അസ്യ | ഈ ശ്രീഹരിയുടെ |
| സബലഃ | ബലരാമനോടുകൂടെ | തഥാവിധാനി | താദൃശങ്ങളായ |
| തതഃ | അവിടെ നിന്നു് | കൃതാനി | അത്ഭുതകൃത്യങ്ങളെ |
| ഗോഷ്ഠം | ഗോകുലത്തിലേക്കു് | ഗായന്ത്യഃ | പാടിപ്പുകഴ്ത്തിക്കൊണ്ടു് |
| അവ്രജത് | പോയി. | ഈയുഃ | ഗോകുലത്തിലേക്കു ചെന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗോവർദ്ധനോദ്ധാരണനിരൂപണം നാമ പഞ്ചവിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1091.

## ഷഡ്വിംശോഽദ്ധ്യായഃ — ഇരുപത്താറാമദ്ധ്യായം.

[ ഷഡ്വിംശേ വിസ്മിതാൻ ഗോപാൻ കൃഷ്ണസ്യാദ്ഭുതകർമ്മഭിഃ
നന്ദോ ഗർഗ്ഗോക്തിമാശ്രാവ്യ തദൈശ്വര്യ്യമവർണ്ണയത്. ]

(ഗർഗ്ഗമഹർഷി കൃഷ്ണനെക്കുറിച്ചു് തന്നോടു പറഞ്ഞിരുന്നതിനെ നന്ദഗോപൻ ഗോപന്മാരെ അറിയിക്കുന്നതു്.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവംവിധാനി കർമ്മാണി ഗോപാഃ കൃഷ്ണസ്യ വീക്ഷ്യ തേ
അതദ്വീര്യ്യവിദഃ പ്രോചുഃ സമഭ്യേത്യ സുവിസ്മിതാഃ. 1

| | |
|---|---|
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| ഏവംവിധാനി | ഈ വിധത്തിലുള്ള |
| കർമ്മാണി | അമാനുഷകൃത്യങ്ങളെ |
| തേ ഗോപാഃ | ആ ഗോപന്മാർ |
| വീക്ഷ്യ | കണ്ടു്, |
| സുവിസ്മിതാഃ | ഏറ്റവും അത്ഭുതപ്പെട്ടു് |
| അതദ്വീര്യ്യവിദഃ | അവിടത്തെ പ്രഭാവം അറിവാൻ കഴിയാത്തവരായി |
| സമഭ്യേത്യ | നന്ദഗോപരെ വന്നുകണ്ടു് |
| പ്രോചുഃ | പറഞ്ഞു. |

ബാലകസ്യ യദേതാനി കർമ്മാണ്യത്യത്ഭുതാനി വൈ
കഥമർഹത്യസൌ ജന്മ ഗ്രാമ്യേഷ്വാത്മജുഗുപ്സിതം. 2

| | |
|---|---|
| ബാലകസ്യ | "ബാലകന്റെ |
| ഏതാനി | ഈവിധത്തിലുള്ള |
| കർമ്മാണി | പ്രവൃത്തികൾ |
| അത്യത്ഭുതാനി വൈ | ഏറ്റവും ആശ്ചര്യകരമായിരിക്കുന്നു ; തീർച്ചതന്നെ. |
| യത് | ആകയാൽ, |
| അസൌ | ഇവൻ |
| ഗ്രാമ്യേഷു | ഗ്രാമീണരായ നമ്മുടെയിടയിൽ |
| ആത്മജുഗുപ്സിതം | തനിക്കു ചേർന്നതല്ലാത്ത |
| ജന്മ | ജനനം |
| കഥം അർഹതി | എങ്ങനെ അർഹിക്കുന്നു ? |

യഃ സപ്തഹായനോ ബാലഃ കരേണൈകേന ലീലയാ
കഥം ബിഭ്രദ്ഗിരിവരം പുഷ്കരം ഗജരാഡിവ. 3

| | |
|---|---|
| സപ്തഹായനഃ | " ഏഴുവയസ്സുള്ള |
| യഃ ബാലഃ | യാതൊരു ഈ ബാലൻ |
| ഏകേന കരേണ | ഒരു കൈകൊണ്ടു് |
| ലീലയാ | അനായാസേന, |
| ഗജരാട് | ആനത്തലവൻ |
| പുഷ്കരം ഇവ | താമരപ്പൂവിനെയെന്നപോലെ |
| ഗിരിവരം | മഹാപർവ്വതത്തെ |
| ബിഭ്രത് | പൊക്കിപ്പിടിച്ചുനിന്നു ! |
| കഥം | ഇതെങ്ങനെ ? |

തോകേനാമീലിതാക്ഷേണ പൂതനായാ മഹൌജസഃ
പീതഃ സ്തനഃ സഹ പ്രാണൈഃ കാലേനേവ വയസ്തനോഃ. 4

| | |
|---|---|
| തനോഃ വയഃ | “ദേഹത്തിൻെറ ആയുസ്സ് |
| കാലേന ഇവ | കാലത്താൽ കടിച്ചു തീൎക്കപ്പെട്ടതുപോലെ, |
| ആമീലിതാക്ഷേണ | കണ്ണും പൂട്ടിക്കിടന്നിരുന്ന |
| തോകേന | ചെറുബാലനാൽ |
| മഹൌജസഃ | ബലശാലിനിയായ |
| പൂതനായാഃ | പൂതനയുടെ |
| സ്തനഃ | മുലപ്പാൽ |
| പ്രാണൈഃ സഹ | അവളുടെ ആത്മാവോടുകൂടെ |
| പീതഃ | കുടിക്കപ്പെട്ടു; ഇതെങ്ങനെ? |

ഹിന്വതോഽധഃ ശയാനസ്യ മാസ്യസ്യ ചരണാവുദക്
അനോഽപതദ്വിപര്യസ്തം രുദതഃ പ്രപദാഹതം. 5

| | |
|---|---|
| അധഃ ശയാനസ്യ | “നിലത്തു കിടന്നു് |
| രുദതഃ | കരഞ്ഞുകൊണ്ടു് |
| ചരണൌ | കാലുകളെ |
| ഉദക് ഹിന്വതഃ | മേൽപ്പോട്ടു തുള്ളിക്കുന്ന |
| മാസ്യസ്യ | മൂന്നുമാസം പ്രായമായ കുട്ടിയുടെ |
| പ്രപദാഹതം | പാദാഗ്രത്താൽ ചവിട്ടേല്ക്കപ്പെട്ട |
| അനഃ | ഒരു വണ്ടി |
| വിപര്യസ്തം | തലകീഴായി |
| അപതത് | വീണുപോയതും എങ്ങനെ? |

ഏകഹായന ആസീനോ ഹ്രിയമാണോ വിഹായസാ
ദൈത്യേന യസ്തൃണാവൎത്തമഹൻ കണ്ഠഗ്രഹാതുരം. 6

| | |
|---|---|
| ഏകഹായനഃ | ഒരുവയസ്സു തികഞ്ഞു് |
| ആസീനഃ യഃ | ഇരിക്കാൻമാത്രം ആയിരുന്ന ഇവൻ |
| ദൈത്യേന | അസുരനാൽ |
| വിഹായസാ | ആകാശത്തിലൂടെ |
| ഹ്രിയമാണഃ | കൊണ്ടുപോകപ്പെട്ടപ്പോൾ |
| തൃണാവൎത്തം | ആ തൃണാവൎത്തനെ |
| കണ്ഠഗ്രഹാതുരം | കഴുത്തിൽപ്പിടിച്ചു ഞെക്കി വിഷമിപ്പിച്ചു് |
| അഹൻ | കൊന്നുകളഞ്ഞു. |

ക്വചിദ്ധൈയംഗവസ്തൈന്യേ മാത്രാ ബദ്ധ ഉലൂഖലേ
ഗച്ഛന്നൎജ്ജുനയോൎമ്മദ്ധ്യേ ബാഹുഭ്യാം താവപാതയത്. 7

| | |
|---|---|
| ക്വചിത് | “ഒരിക്കൽ |
| ഹൈയംഗവസ്തൈന്യേ | വെണ്ണ കട്ടെടുത്തപ്പോൾ |
| മാത്രാ | അമ്മയാൽ |
| ഉലൂഖലേ | ഉരലിൽ |
| ബദ്ധഃ | കെട്ടപ്പെട്ടവനായിട്ടു് |
| അൎജ്ജുനയോഃ | മരുതുമരങ്ങളുടെ |
| മദ്ധ്യേ | ഇടയിലൂടെ |
| ബാഹുഭ്യാം | കൈകരം ഊന്നി |
| ഗച്ഛൻ | ഇഴഞ്ഞുപോയ്ക്കൊണ്ടു് |
| തൌ | അവയെ |
| അപാതയത് | തള്ളിവീഴ്ത്തി. |

വനേ സഞ്ചാരയൻ വത്സാൻ സരാമോ ബാലകൈൎവൃതഃ
ഹന്തുകാമം ബകം ദോൎഭ്യാം മുഖതോഽരിമപാടയത് 8

| | |
|---|---|
| സരാമഃ | “രാമനോടുകൂടെ |
| ബാലകൈഃ | ഗോപബാലന്മാരാൽ |
| വൃതഃ | പരിവൃതനായി |
| വനേ വത്സാൻ | കാട്ടിൽ കാലിക്കിടാങ്ങളെ |
| സഞ്ചാരയൻ | മേച്ചുകൊണ്ടിരുന്നപ്പോൾ |
| ഹന്തുകാമം | കൊല്ലുവാനാഗ്രഹിച്ചുവന്ന |
| അരിം ബകം | ശത്രുവായ ബകാസുരനെ |
| ദോൎഭ്യാം | ഇരുകരംകൊണ്ടു് |
| മുഖതഃ | കൊക്കുപിടിച്ചു പിളൎത്തി |
| അപാടയത് | കീറിയിട്ടു. |

വത്സേഷു വത്സരൂപേണ പ്രവിശന്തം ജിഘാംസയാ
ഹത്വാ ന്യപാതയത്തേന കപിത്ഥാനി ച ലീലയാ. 9

| | | | |
|---|---|---|---|
| ജിഘാംസയാ | തന്നെ കൊല്ലുവാനുള്ള ഉദ്ദേശത്താൽ | ലീലയാ | വെറും കളിയോടെ ചുഴററിയെറിഞ്ഞ് |
| വത്സരൂപേണ | കാളക്കുട്ടിയുടെ രൂപത്തോടെ | ഹത്വാ | കൊന്നിട്ട് |
| | | തേന | അതിനാൽ |
| വത്സേഷു | കാളക്കുട്ടികളുടെ ഇടയിൽ | കപിത്ഥാനി ച | വിളാമരങ്ങളേയും |
| പ്രവിശന്തം | കടന്നുകൂടിയ അസുരനെ | ന്യപാതയത് | കൊഴിച്ചുവീഴ്ത്തി. |

ഹത്വാ രാസഭദൈതേയം തദ്ബന്ധൂംശ്ച ബലാന്വിതഃ
ചക്രേ താലവനം ക്ഷേമം പരിപക്വഫലാന്വിതം. 10

| | | | |
|---|---|---|---|
| രാസഭദൈതേയം | കഴുതയുടെ വടിവായി വന്ന ധേനുകനെന്ന ദൈത്യനേയും, | ഹത്വാ | കൊന്നതിൽപ്പിന്നെ |
| | | പരിപക്വഫലാന്വിതം | പാകം വന്ന പഴങ്ങളോടു കൂടി നില്ക്കുന്ന |
| തദ്ബന്ധൂൻ ച | അവന്റെ കൂട്ടുകാരേയും | | |
| ബലാന്വിതഃ | ബലരാമനോടൊന്നിച്ചു ചേർന്ന് | താലവനം | കരിമ്പനക്കാട്ടിനെ |
| | | ക്ഷേമം ചക്രേ | നിർബ്ബാധമാക്കി. |

പ്രലംബം ഘാതയിത്വോഗ്രം ബലേന ബലശാലിനാ
അമോചയദ്വ്രജപശൂൻ ഗോപാംശ്ചാരണ്യവഹ്നിതഃ. 11

| | | | |
|---|---|---|---|
| ഉഗ്രം | "മഹാഭയങ്കരനായ | വ്രജപശൂൻ | ഈ ഗോകുലത്തിലെ പശുക്കളേയും |
| പ്രലംബം | പ്രലംബാസുരനെ | | |
| ബലശാലിനാ | ബലശാലിയായ | ഗോപാൻ ച | ഗോപന്മാരേയും |
| ബലേന | ബലരാമനെക്കൊണ്ട് | ആരണ്യവഹ്നിതഃ | കാട്ടുതീയിൽനിന്ന് |
| ഘാതയിത്വാ | കൊല്ലിച്ച്, | അമോചയത് | സംരക്ഷിച്ചു. |

ആശീവിഷതമാഹീന്ദ്രം ദമിത്വാ വിമദം ഹ്രദാത്
പ്രസഹ്യോദ്വാസ്യ യമുനാം ചക്രേഽസൗ നിർവ്വിഷോദകാം. 12

| | | | |
|---|---|---|---|
| അസൗ | "ഇവൻ | ഹ്രദാത് | കയത്തിൽനിന്ന് |
| ആശീവിഷതമാഹീന്ദ്രം | അത്യുഗ്രവിഷമുള്ള സർപ്പരാജാവിനെ | ഉദ്വാസ്യ | അകലേക്കയച്ചിട്ട് |
| പ്രസഹ്യ | ബലപ്രയോഗത്താൽ | യമുനാം | യമുനാനദിയെ |
| ദമിത്വാ | ഒതുക്കിയശേഷം | നിർവ്വിഷോദകാം ചക്രേ | വിഷമില്ലാത്ത ജലമുള്ളതാക്കിത്തീർത്തു. |
| വിമദം | മദം ശമിച്ചിട്ടുള്ള അവനെ | | |

ദുസ്ത്യജശ്ചാനുരാഗോഽസ്മിൻ സർവ്വേഷാം നോ വ്രജൗകസാം
നന്ദ തേ തനയേഽസ്മാസു തസ്യാപ്യൗത്പത്തികഃ കഥം. 13

| | | | |
|---|---|---|---|
| നന്ദ | "അല്ലയോ നന്ദഗോപരേ ! | തേ തനയേ | അങ്ങയുടെ പുത്രനായ |
| വ്രജൗകസാം | ഗോകുലനിവാസികളായ | അസ്മിൻ | ഈ കൃഷ്ണനിൽ |
| നഃ സർവ്വേഷാം | ഞങ്ങൾക്കെല്ലാവർക്കും | ദുസ്ത്യജഃ | അകററാനാവാത്ത |

| | |
|---|---|
| അനുരാഗഃ ച | സ്നേഹം ജനിച്ചിരിക്കുന്നതും, |
| തസ്യ അപി | അതേവിധം അവനും |
| അസ്മാസു | ഞങ്ങളിൽ |
| ഔത്പത്തികഃ | സ്വാഭാവികമായ സ്നേഹമുണ്ടായിരിക്കുന്നതും |
| കഥം | എന്തുകൊണ്ടാവാം ? |

ക്വ സ്വല്പഹായനോ ബാലഃ ക്വ മഹാദ്രിവിധാരണം
തതോ നോ ജായതേ ശങ്കാ വ്രജനാഥ തവാത്മജേ. 14

| | |
|---|---|
| സ്വല്പഹായനഃ | " ഏഴുവയസ്സായ |
| ബാലഃ ക്വ | ഒരു കുട്ടിയെവിടെ ? |
| മഹാദ്രി- വിധാരണം | മഹാപർവ്വതത്തെ താങ്ങിയെടുക്കുക എന്നതും |
| ക്വ | എവിടെ ? |
| തതഃ | അതിനാൽ, |
| വ്രജനാഥ | ഹേ നന്ദഗോപരേ ! |
| തവ ആത്മജേ | അങ്ങയുടെ പുത്രനിൽ |
| നഃ ശങ്കാ | ഞങ്ങൾക്ക് സംശയം |
| ജായതേ | ഉണ്ടാവുകയാണ്. " |

നന്ദ ഉവാച = നന്ദഗോപർ പറഞ്ഞു :—

ശ്രൂയതാം മേ വചോ ഗോപാ വ്യേതു ശങ്കാ ച വോഽർഭകേ
ഏനം കുമാരമുദ്ദിശ്യ ഗർഗ്ഗോ മേ യദുവാച ഹ. 15

| | |
|---|---|
| ഗോപാഃ | ഗോപന്മാരേ ! |
| ഏനം കുമാരം | ഈ കുമാരനെ |
| ഉദ്ദിശ്യ | ഉദ്ദേശിച്ചു |
| ഗർഗ്ഗഃ മേ | ഗർഗ്ഗമുനി എന്നോട് |
| യത് | യാതൊന്നാണോ |
| ഉവാച ഹ | മുമ്പൊരിക്കൽ പറഞ്ഞിരുന്നത്, |
| മേ വചഃ | അതനുസരിച്ചുള്ള എന്റെ വാക്ക് |
| ശ്രൂയതാം | കേൾക്കപ്പെട്ടാലും. |
| വഃ | നിങ്ങൾക്ക് |
| അർഭകേ | എന്റെ പുത്രനിലുണ്ടായ |
| ശങ്കാ ച | സന്ദേഹവും |
| വ്യേതു | നീങ്ങിക്കൊള്ളട്ടെ. |

വർണ്ണാസ്ത്രയഃ കിലാസ്യാസൻ ഗൃഹ്ണതോഽനുയുഗം തനൂഃ
ശുക്ലോ രക്തസ്തഥാ പീത ഇദാനീം കൃഷ്ണതാം ഗതഃ. 16

| | |
|---|---|
| അനുയുഗം | " യുഗംതോറും |
| തനൂഃ | ഓരോരോ ശരീരങ്ങളെ |
| ഗൃഹ്ണതഃ | മാറി മാറി ധരിക്കുന്ന |
| അസ്യ | ഇവന്ന് |
| ശുക്ലഃ രക്തഃ | വെളുപ്പും, ചുകപ്പും |
| തഥാ പീതഃ | മഞ്ഞയും ആയ |
| ത്രയഃ വർണ്ണാഃ | മൂന്നു വർണ്ണങ്ങൾ |
| ആസൻ കില | ഉണ്ടായിരുന്നുപോൽ. |
| ഇദാനീം | ഇപ്പോഴാകട്ടെ |
| കൃഷ്ണതാം ഗതഃ | കറുപ്പുനിറം (കൃഷ്ണത്വം) ചേർന്നിരിക്കയാണ്. |

പ്രാഗയം വസുദേവസ്യ ക്വചിജ്ജാതസ്തവാത്മജഃ
വാസുദേവ ഇതി ശ്രീമാനഭിജ്ഞാഃ സംപ്രചക്ഷതേ. 17

| | |
|---|---|
| തവ ശ്രീമാൻ | " അങ്ങയുടെ ശ്രീമാനായ |
| അയം ആത്മജഃ | ഈ പുത്രൻ |
| പ്രാക് ക്വചിത് | മുമ്പ്, ഒരിടത്ത് |
| വസുദേവസ്യ | വസുദേവൻ എന്ന ഒരാൾക്ക് |
| ജാതഃ | പുത്രനായി ജനിച്ചിരുന്നു. |
| അഭിജ്ഞാഃ | ഇതറിവുള്ളവർ |
| വാസുദേവഃ ഇതി | വാസുദേവനെന്നും |
| സംപ്രചക്ഷതേ | (ഇവനെ) പറയുന്നു. |

ബഹൂനി സന്തി നാമാനി രൂപാണി ച സുതസ്യ തേ
ഗുണകൎമ്മാനുരൂപാണി താന്യഹം വേദ നോ ജനാഃ. 18

| | | | |
|---|---|---|---|
| ഗുണകൎമ്മാ-നുരൂപാണി | "ഗുണങ്ങൾക്കും കൎമ്മങ്ങൾക്കും അനുസരിച്ചുള്ള | സന്തി | ഉണ്ട്. |
| ബഹൂനി | അനേകം | അഹം | ഞാൻതന്നെ |
| നാമാനി | പേരുകളും, | താനി | അവ മുഴുവനും |
| രൂപാണി ച | രൂപങ്ങളും | നോ വേദ | അറിയുന്നില്ല ; |
| തേ സുതസ്യ | അങ്ങയുടെ പുത്രന്ന് | ജനാഃ | പിന്നെയുണ്ടോ സാധാരണജനങ്ങൾ അറിയുന്നു? |

ഏഷ വഃ ശ്രേയ ആധാസ്യദ്ഗോപഗോകുലനന്ദനഃ
അനേന സൎവ്വദുൎഗ്ഗാണി യൂയമഞ്ജസ്തരിഷ്യഥ. 19

| | | | |
|---|---|---|---|
| ഗോപഗോകുല-നന്ദനഃ | "ഗോപന്മാരേയും ഗോക്കളേയും ആനന്ദിപ്പിക്കുന്ന | ആധാസ്യത് | ഉണ്ടാക്കുന്നതാണ്. |
| | | അനേന യൂയം | ഇവൻമൂലം നിങ്ങൾ |
| | | സൎവ്വദുൎഗ്ഗാണി | എല്ലാ ദുൎഘടങ്ങളേയും |
| ഏഷഃ വഃ | ഇവൻ നിങ്ങൾക്കെല്ലാം | അഞ്ജഃ | അനായാസേന |
| ശ്രേയഃ | ശ്രേയസ്സിനെ | തരിഷ്യഥ | തരണം ചെയ്യും. |

പുരാഽനേന വ്രജപതേ സാധവോ ദസ്യുപീഡിതാഃ
അരാജകേ രക്ഷ്യമാണാ ജിഗ്യുൎദ്ദസ്യൂൻ സമേധിതാഃ. 20

| | | | |
|---|---|---|---|
| വ്രജപതേ | "അല്ലയോ നന്ദ! | അനേന | ഇവനാൽ |
| പുരാ | പണ്ടുകാലത്ത് | രക്ഷ്യമാണാഃ | രക്ഷിക്കപ്പെട്ടവരായും, |
| അരാജകേ | അരാജകത്വം വന്ന ഒരു രാജ്യത്തിൽ | സമേധിതാഃ | ശക്തിവളൎത്തപ്പെട്ടവരായും ഭവിച്ച് |
| ദസ്യുപീഡിതാഃ | തസ്കരസംഘത്താൽ പീഡിതരായ | ദസ്യൂൻ | തസ്കരന്മാരെ |
| സാധവഃ | സജ്ജനങ്ങൾ | ജിഗ്യുഃ | ജയിക്കയുണ്ടായി. |

യ ഏതസ്മിൻ മഹാഭാഗാഃ പ്രീതിം കുൎവ്വന്തി മാനവാഃ
നാരയോഽഭിഭവന്ത്യേതാൻ വിഷ്ണുപക്ഷാനിവാസുരാഃ. 21

| | | | |
|---|---|---|---|
| മഹാഭാഗാഃ | "ഭാഗ്യവാന്മാരായ | വിഷ്ണുപക്ഷാൻ | മഹാവിഷ്ണുവിന്റെ പക്ഷത്തിലുള്ള ദേവന്മാരെ |
| യേ മാനവാഃ | യാതൊരു മനുഷ്യർ | | |
| ഏതസ്മിൻ | ഈ ബാലനിൽ | അസുരാഃ | അസുരന്മാർ |
| പ്രീതിം | പ്രീതിയെ | ഇവ | എന്നപോലെ |
| കുൎവ്വന്തി | ചെയ്യുന്നുവോ | അരയഃ | ശത്രുക്കൾ |
| ഏതാൻ | അങ്ങനെയുള്ളവരെ, | ന അഭിഭവന്തി | ഉപദ്രവിക്കയില്ല. |

തസ്മാന്നന്ദ കുമാരോഽയം നാരായണസമോ ഗുണൈഃ
ശ്രിയാ കീൎത്ത്യാഽനുഭാവേന തത്കൎമ്മസു ന വിസ്മയഃ. 22

| | | | |
|---|---|---|---|
| തസ്മാത് | "അതുകൊണ്ട് | കീർത്ത്യാ | യശസ്സിനാലും, |
| നന്ദ | അല്ലയോ നന്ദ! | അനുഭാവേന | പ്രഭാവത്താലും |
| അയം കുമാരഃ | ഈ ബാലൻ | നാരായണസമഃ | വിഷ്ണുതുല്യനാകുന്നു." |
| ഗുണൈഃ | ഗുണങ്ങളാലും, | തത്കർമ്മസു | അവൻെറ പ്രവൃത്തികളിൽ |
| ശ്രിയാ | ഐശ്വര്യത്താലും, | വിസ്മയഃ ന | അത്ഭുതം തോന്നേണ്ടതില്ല. |

ഇത്യദ്ധാ മാം സമാദിശ്യ ഗർഗ്ഗേ ച സ്വഗൃഹം ഗതേ
മന്യേ നാരായണസ്യാംശം കൃഷ്ണമക്ലിഷ്ടകാരിണം. 23

| | | | |
|---|---|---|---|
| ഇതി മാം | ഈ വിധം എന്നോട് | അക്ലിഷ്ടകാരിണം | എന്നും വിഷമംകൂടാതെ പ്രവർത്തിക്കുന്ന |
| അദ്ധാ | നേരിൽത്തന്നെ | കൃഷ്ണം | കൃഷ്ണനെ |
| സമാദിശ്യ | വ്യക്തമായി ആജ്ഞാപിച്ച് | നാരായണസ്യ | ശ്രീമഹാവിഷ്ണുവിൻെറ |
| ഗർഗ്ഗേ ച | ഗർഗ്ഗമഹർഷിയും | അംശം | അംശമായിട്ട് |
| സ്വഗൃഹം | സ്വഗൃഹത്തിലേക്കു | മന്യേ | ഞാൻ കരുതിവരുന്നു. |
| ഗതേ | പോയതിൽപ്പിന്നെ | | |

ഇതി നന്ദവചഃ ശ്രുത്വാ ഗർഗ്ഗഗീതം വ്രജൗകസഃ
ദൃഷ്ടശ്രുതാനുഭാവാസ്തേ കൃഷ്ണസ്യാമിതതേജസഃ
മുദിതാ നന്ദമാനർച്ചുഃ കൃഷ്ണം ച ഗതവിസ്മയാഃ. 24

| | | | |
|---|---|---|---|
| അമിതതേജസഃ | അതിരററ പ്രഭാവത്തോടുകൂടിയ | നന്ദവചഃ | നന്ദഗോപൻെറ വാക്കിനേയും |
| കൃഷ്ണസ്യ | ശ്രീകൃഷ്ണൻെറ | ശ്രുത്വാ | കേട്ട് |
| ദൃഷ്ടശ്രുതാനുഭാവാഃ | മഹിമകളെ നേരിൽ കണ്ടവരും പറഞ്ഞുകേട്ടിട്ടുള്ളവരും ആയ | മുദിതാഃ | സന്തുഷ്ടരായും, |
| തേ വ്രജൗകസഃ | ആ ഗോകുലവാസികൾ | ഗതവിസ്മയാഃ | അത്ഭുതം തീർന്നവരായും ഭവിച്ച് |
| ഇതി | ഈ വിധത്തിലുള്ള | നന്ദം | നന്ദഗോപരേയും |
| ഗർഗ്ഗഗീതം | ഗർഗ്ഗമുനിയുടെ പ്രവചനത്തേയും, | കൃഷ്ണം ച | ശ്രീകൃഷ്ണനേയും |
| | | ആനർച്ചുഃ | ആരാധിച്ചു. |

ദേവേ വർഷതി യജ്ഞവിപ്ലവരുഷാ വജ്രാശ്മവർഷാനിലൈഃ
സീദത്പാലപശുസ്ത്രി ആത്മശരണം ദൃഷ്ട്വാനുകമ്പ്യുത്സ്മയൻ
ഉത്പാട്യൈകകരേണ ശൈലമബലോ ലീലോച്ഛിലീന്ധ്രം യഥാ
ബിഭ്രത് ഗോഷ്ഠമപാന്മഹേന്ദ്രമദഭിത് പ്രീയാന്ന ഇന്ദ്രോ ഗവാം. 25

| | | | |
|---|---|---|---|
| യജ്ഞവിപ്ലവരുഷാ | യാഗം മുടങ്ങിയതുകൊണ്ടുള്ള കോപത്താൽ | സീദത്പാലപശുസ്ത്രീ | വലഞ്ഞുകൊണ്ടിരിക്കുന്ന ഗോപാലന്മാർ, ഗോക്കൾ, ഗോപികൾ എന്നിവരോടുകൂടിയതും, |
| ദേവേ | ഇന്ദ്രൻ | ആത്മശരണം | താൻ രക്ഷകനായിട്ടുള്ളതുമായ വ്രജപ്രദേശത്തെ |
| വർഷതി | മഴ ചൊരിയുമ്പോൾ | | |
| വജ്രാശ്മവർഷാനിലൈഃ | ഇടിയും, കൽമാരിയും, കൊടുങ്കാററും മൂലമായി | | |

| | |
|---|---|
| ദൃഷ്ട്വാ | കണ്ടു് |
| അനുകമ്പീ | കാരുണ്യം വളൎന്നവനായി, |
| ഉൽസ്മയൻ | പൊട്ടിച്ചിരിച്ചുകൊണ്ടു്, |
| അബലഃ | ഒരു ബാലൻ |
| ലീലോച്ഛിലീന്ധ്രം | കളിക്കുവേണ്ടി ഒരു നായ്ക്കുടയെ |
| യഥാ | പറിച്ചെടുത്തു പിടിക്കുന്നപോലെ |
| ശൈലം | ഗോവൎദ്ധനപൎവ്വതത്തെ |
| ഉൽപാട്യ | പുഴക്കിയെടുത്തു് |
| ഏക കരേണ | ഒററക്കൈകൊണ്ടു് |
| ബിഭ്രത് | താങ്ങിനിന്നു് യാതൊരുവൻ |
| ഗോഷ്ഠം | ഗോകുലത്തെ |
| അപാത് | പാലിച്ചുവോ, |
| മഹേന്ദ്രമദഭിത് | ഇന്ദ്രന്റെ അഹങ്കാരത്തെ പാടെത്തകൎത്തുകളഞ്ഞ |
| ഗവാം ഇന്ദ്രഃ | ആ ശ്രീഗോവിന്ദൻ |
| നഃ പ്രീയാത് | നമ്മെ പ്രസാദിക്കട്ടെ! |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ
പൂൎവ്വാൎദ്ധേ നന്ദഗോപസംവാദോ നാമ ഷഡ്വിംശോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1116.

## സപ്തവിംശോऽദ്ധ്യായഃ—ഇരുപത്തേഴാമദ്ധ്യായം.

[ സപ്തവിംശേ തദാലക്ഷ്യ കൃഷ്ണസ്യ പ്രാഭവം പരം
വൎണ്ണ്യതേ സുരഭീന്ദ്രാഭ്യാമഭിഷേക മഹോത്സവഃ. ]

(ഗോവിന്ദപട്ടാഭിഷേകനിരൂപണം.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഗോവൎദ്ധനേ ധൃതേ ശൈലേ ആസാരാദ്രക്ഷിതേ വ്രജേ
ഗോലോകാദാവ്രജത് കൃഷ്ണം സുരഭിഃ ശക്ര ഏവ ച 1

| | |
|---|---|
| ഗോവൎദ്ധനേ | ഗോവൎദ്ധനം എന്ന |
| ശൈലേ ധൃതേ | പൎവ്വതം കുടയായി പ്പിടിക്കപ്പെടുകയും, |
| വ്രജേ | ഗോകുലം |
| ആസാരാത് | ഘോരവൎഷത്തിൽനിന്നു് |
| രക്ഷിതേ | രക്ഷിക്കപ്പെടുകയും ചെയ്തപ്പോൾ |
| ഗോലോകാത് | ഗോലോകത്തിൽനിന്നു് |
| സുരഭിഃ | കാമധേനുവും, |
| ശക്രഃ ഏവ ച | ദേവേന്ദ്രൻതന്നെയും |
| കൃഷ്ണം | ശ്രീകൃഷ്ണന്റെ അടുക്കലേക്കു് |
| ആവ്രജത് | എത്തിച്ചേൎന്നു |

വിവിക്ത ഉപസംഗമ്യ വ്രീഡിതഃ കൃതഹേളനഃ
പസ്പൎശ പാദയോരേനം കിരീടേനാൎക്കവൎച്ചസാ. 2

| | |
|---|---|
| കൃതഹേളനഃ | അപരാധം പ്രവർത്തിച്ചവനും, |
| വ്രീഡിതഃ | ആകയാൽ ലജ്ജിതനും ആയ ഇന്ദ്രൻ |
| ഏനം | ശ്രീകൃഷ്ണനെ |
| വിവിക്തേ | ഏകാന്തത്തിൽ |
| ഉപസംഗമ്യ | സമീപിച്ച് |
| അർക്കവർച്ചസാ | സൂര്യമണ്ഡലംപോലെ പ്രജ്വലിക്കുന്ന |
| കിരീടേന | കിരീടംകൊണ്ട് |
| പാദയോഃ | തൃപ്പാദങ്ങളിൽ |
| പസ്പർശ | സ്പർശിച്ചു. (നമസ്കരിച്ചു.) |

ദൃഷ്ടശ്രുതാനുഭാവോഽസ്യ കൃഷ്ണസ്യാമിതതേജസഃ
നഷ്ടത്രിലോകേശമദ ഇന്ദ്ര ആഹ കൃതാഞ്ജലിഃ. 3

| | |
|---|---|
| അമിതതേജസഃ | അതിരററ തേജസ്സോടുകൂടിയ |
| അസ്യ കൃഷ്ണസ്യ | ഈ ശ്രീകൃഷ്ണന്റെ |
| ദൃഷ്ടശ്രുതാനുഭാവഃ | മുൻപുകേട്ടറിക്കപ്പെട്ടിരുന്ന മഹിമാതിശയം ഇപ്പോൾ നേരിൽ കണ്ടറിഞ്ഞ് |
| നഷ്ടത്രിലോകേശമദഃ | താൻ ത്രിലോകനാഥനാണെന്ന മദം ശമിച്ചുപോയ |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| കൃതാഞ്ജലിഃ | കൂപ്പുകൈയോടുകൂടി |
| ആഹ | പറഞ്ഞു. |

ഇന്ദ്ര ഉവാച = ഇന്ദ്രൻ പറഞ്ഞു :—

വിശുദ്ധസത്ത്വം തവ ധാമ ശാന്തം തപോമയം ധ്വസ്തരജസ്തമസ്കം
മായാമയോഽയം ഗുണസമ്പ്രവാഹോ ന വിദ്യതേ തേഽഗ്രഹണാനുബന്ധഃ.

| | |
|---|---|
| തവ | നിന്തിരുവടിയുടെ |
| ധാമ | സ്വരൂപം |
| ധ്വസ്തരജസ്തമസ്കം | രജസ്തമസ്സുകളില്ലാത്തതും, |
| വിശുദ്ധസത്ത്വം | കേവലസാത്വികഭാവത്താൽ പരിപൂർണ്ണവും, |
| തപോമയം | ജ്ഞാനമയവും, |
| ശാന്തം | നിർവ്വികാരമായി ഒരേനിലയിലിരിക്കുന്നതും ആകുന്നു. |
| മായാമയഃ | മായാകാര്യമായുള്ളതും, |
| അഗ്രഹണാനുബന്ധഃ | അജ്ഞാനത്തോടു സംബന്ധപ്പെട്ടതും, |
| അയം ഗുണസമ്പ്രവാഹഃ | പ്രാകൃതികഗുണങ്ങളാലുണ്ടാവുന്നതുമായ ഈ സംസാരം (ദേഹസംബന്ധം) |
| തേ ന വിദ്യതേ | നിന്തിരുവടിക്കില്ല. |

കുതോ നു തദ്ധേതവ ഈശ തത്കൃതാ ലോഭാദയോ യേഽബുധലിംഗഭാവാഃ
തഥാഽപി ദണ്ഡം ഭഗവാൻ ബിഭർത്തി ധർമ്മസ്യ ഗുപ്ത്യൈ ഖലനിഗ്രഹായ.

| | |
|---|---|
| ഈശ | ഹേ ലോകനായക! |
| തത്കൃതാഃ | ആ ദേഹസംബന്ധത്താൽ ഉണ്ടാക്കപ്പെട്ടവയും, |
| തദ്ധേതവഃ | വീണ്ടും അതിനു (ദേഹാന്തരപ്രാപ്തിക്ക്) ഹേതുവായി നില്ക്കുന്നവയും |
| അബുധലിംഗഭാവാഃ | അജ്ഞാനികളുടെ അടയാളമായുള്ളവയും ആയ |
| യേ ലോഭാദയഃ | യാവചില ലോഭാദിവികാരങ്ങളുണ്ടോ, അവ |
| കുതഃ നു | എങ്ങനെ നിന്തിരുവടിക്കുണ്ടാകും? |

| | |
|---|---|
| തഥാ അപി | എങ്കിലും |
| ധർമ്മസ്യ | ധർമ്മത്തിന്റെ |
| ഗുപ്ത്യൈ | സംരക്ഷയ്ക്കുവേണ്ടി |
| ഖലനിഗ്രഹായ | പരദ്രോഹികളെ ഒതുക്കിനിൎത്തുവാൻ |
| ഭഗവാൻ | സർവ്വജ്ഞനായ നിന്തിരുവടി |
| ദണ്ഡം | ദണ്ഡനാവിധിയെ |
| ബിഭൎത്തി | കൈക്കൊള്ളുന്നു. |

നോട്ട്:— ഭഗവാന്ന് അജ്ഞാനവും തൽകൃതമായ ദേഹബന്ധവും ഇല്ലെന്ന് മുൻ ശ്ലോകത്തിൽ പറഞ്ഞു. ആ നിലയ്ക്കു സംസാരികങ്ങളായ ലോഭാദികളും സംഭവിക്കുകയില്ലല്ലൊ. എന്നാൽ ഗോപന്മാരുടെ ഇന്ദ്രയാഗത്തെ ഗോവൎദ്ധനയാഗമാക്കി മാററിച്ച്, ഭഗവാൻതന്നെ ഗിരിദേവനായി യാഗബലികളെ അനുഭവിച്ചതു് ലോഭംകൊണ്ടല്ലേ? അല്ല. അതു് അധർമ്മികളെ ഒതുക്കി സാക്ഷാത്തായ ധർമ്മത്തെ രക്ഷിക്കുന്നതിനുവേണ്ടിയാണ്.

പിതാ ഗുരുസ്ത്വം ജഗതാമധീശോ ദുരത്യയഃ കാല ഉപാത്തദണ്ഡഃ
ഹിതായ സ്വേച്ഛാതനുഭിഃ സമീഹസേ മാനം വിധുന്വൻ ജഗദീശമാനിനാം.

| | |
|---|---|
| ത്വം | നിന്തിരുവടി |
| ജഗതാം | അഖിലലോകങ്ങളുടെ |
| പിതാ | ജനയിതാവും, |
| ഗുരുഃ | ഉപദേഷ്ടാവും, |
| അധീശഃ | നിയന്താവും ആകുന്നു; |
| ദുരത്യയഃ | ദുസ്തരമായ |
| കാലഃ | കാലശക്തിയായി |
| ഉപാത്തദണ്ഡഃ | ദണ്ഡംധരിച്ച് |
| ജഗദീശമാനിനാം | ലോകാധിപത്യം നടിച്ചുകൊണ്ടിരിക്കുന്ന ഇയ്യുള്ളവരുടെ |
| മാനം | ദുരഭിമാനത്തെ |
| വിധുന്വൻ | ദൂരീകരിച്ചുകൊണ്ട് |
| സ്വേച്ഛാതനുഭിഃ | തന്നിഷ്ടത്തിന്നൊത്ത നാനാരൂപങ്ങളോടെ |
| ഹിതായ | ലോകക്ഷേമത്തിന്നായി |
| സമീഹസേ | പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. |

യേ മദ്വിധാജ്ഞാ ജഗദീശമാനിനസ്ത്വാം വീക്ഷ്യ കാലേഽഭയമാശു തന്മദം
ഹിത്വാഽഽൎയ്യമാൎഗ്ഗം പ്രഭജന്ത്യപസ്മയാ ഈഹാ ഖലാനാമപി തേഽനുശാസനം.

| | |
|---|---|
| മദ്വിധാജ്ഞാഃ | എന്നെപ്പോലുള്ള അജ്ഞന്മാരായും, |
| ജഗദീശമാനിനഃ | ലോകാധിപത്യം നടിക്കുന്നവരായും ഉള്ള |
| യേ | യാവചിലരുണ്ടോ, അവർ |
| കാലേ | ഭയമുണ്ടാവേണ്ടകാലത്തും |
| അഭയം | ഭയരഹിതനായിരിക്കുന്ന |
| ത്വാം വീക്ഷ്യ | നിന്തിരുവടിയെ കണ്ടു്, |
| തന്മദം | അവരുടെ മദത്തെ |
| ആശു ഹിത്വാ | തൽക്ഷണം കളഞ്ഞു, |
| അപസ്മയാഃ | ഗർവ്വമററവരായി |
| ആൎയ്യമാൎഗ്ഗം | സന്മാൎഗ്ഗത്തെ |
| പ്രഭജന്തി | അവലംബിക്കുന്നു. |
| തേ | നിന്തിരുവടിയുടെ |
| ഈഹാ | ഓരോ ചേഷ്ടയും |
| ഖലാനാം അപി | ദുൎമ്മാൎഗ്ഗികൾക്കുള്ള |
| അനുശാസനം | ശിക്ഷാപ്രയോഗമാണ്. |

സ ത്വം മമൈശ്വൎയ്യമദപ്ലുതസ്യ കൃതാഗസസ്തേഽവിദുഷഃ പ്രഭാവം
ക്ഷന്തും പ്രഭോഽഥാൎഹസി മൂഢചേതസോ മൈവം പുനൎഭൂന്മതിരീശ മേഽസതീ.

| | |
|---|---|
| ഈശ | ഹേ ലോകരക്ഷക! |
| സഃ | അങ്ങനെയെല്ലാമുള്ള |
| ത്വം | നിന്തിരുവടി |
| ഐശ്വര്യമദപ്ലുതസ്യ | ഐശ്വര്യമദത്തിൽ മുഴുകിയവനും, |
| മൂഢചേതസഃ | മൂഢാത്മാവും, |
| തേ | ഭവാന്റെ |
| പ്രഭാവം | മഹിമയെക്കുറിച്ച് |
| അവിദുഷഃ | അറിവില്ലാത്തവനും, |
| കൃതാഗസഃ | കുറ്റക്കാരനുമായ |
| മമ | എന്നെസംബന്ധിച്ച് |
| ക്ഷന്തും അർഹസി | ക്ഷമിപ്പാൻ അർഹിക്കുന്നു. |
| പ്രഭോ | ഹേ പ്രഭോ! |
| അഥ പുനഃ | ഇനിമേൽ വീണ്ടും |
| ഏവം | ഈവിധത്തിലുള്ള |
| അസതീ മതിഃ | ദുഷിച്ച ബുദ്ധി |
| മേ മാ ഭൂത് | എനിക്കുണ്ടാവരുത്. |

തവാവതാരോഽയമധോക്ഷജേഹ സ്വയംഭരാണാമുരുഭാരജന്മനാം
ചമൂപതീനാമഭവായ ദേവ ഭവായ യുഷ്മച്ചരണാനുവർത്തിനാം. 9

| | |
|---|---|
| അധോക്ഷജ | ഐന്ദ്രിയജ്ഞാനത്തിന്ന് വിഷയമല്ലാത്ത |
| ദേവ | ഹേ സ്വയംപ്രകാശാത്മൻ! |
| ഇഹ | ഭൂമിയിൽ |
| തവ | നിന്തിരുവടിയുടെ |
| അയം അവതാരഃ | ഈ അവതാരം |
| സ്വയംഭരാണാം | സ്വയം ദേഹാദികളെമാത്രം പോഷിപ്പിക്കുന്നവരും, |
| ഉരുഭാരജന്മനാം | ഭൂമിക്കു കനത്തഭാരം ജനിപ്പിക്കുന്നവരുമായ |
| ചമൂപതീനാം | രാജാക്കന്മാരുടെ |
| അഭവായ | വിനാശത്തിനും, |
| യുഷ്മച്ചരണാനുവർത്തിനാം | ഭവൽപാദസേവകരായ സത്തുക്കളുടെ |
| ഭവായ | ക്ഷേമത്തിനും വേണ്ടിയാണ്. |

നമസ്തുഭ്യം ഭഗവതേ പുരുഷായ മഹാത്മനേ
വാസുദേവായ കൃഷ്ണായ സാത്വതാം പതയേ നമഃ. 10

| | |
|---|---|
| ഭഗവതേ | സർവ്വജ്ഞനും, |
| പുരുഷായ | സർവ്വാന്തര്യാമിയും, |
| മഹാത്മനേ | സർവ്വസ്വരൂപനും ആയ |
| തുഭ്യം നമഃ | നിന്തിരുവടിക്കു നമസ്കാരം. |
| സാത്വതാം | യാദവന്മാരുടെ |
| പതയേ | നായകനും, |
| വാസുദേവായ | വസുദേവരുടെ പുത്രനും ആയ |
| കൃഷ്ണായ നമഃ | ശ്രീകൃഷ്ണന്ന് നമസ്കാരം. |

സ്വച്ഛന്ദോപാത്തദേഹായ വിശുദ്ധജ്ഞാനമൂർത്തയേ
സർവ്വസ്മൈ സർവ്വബീജായ സർവ്വഭൂതാത്മനേ നമഃ. 11

| | |
|---|---|
| സ്വച്ഛന്ദോപാത്തദേഹായ | സ്വഭക്തന്മാരുടെ ഇഷ്ടത്തിന്നനുസരിച്ച ദേഹം ധരിച്ചവനും, |
| വിശുദ്ധജ്ഞാനമൂർത്തയേ | വിശുദ്ധ ജ്ഞാനമാവുന്ന സ്വരൂപത്തോടുകൂടിയവനും, |
| സർവ്വസ്മൈ | മായകൊണ്ട് സർവ്വരൂപനായിരിക്കുന്നവനും, |
| സർവ്വബീജായ | സർവ്വത്തിന്നും കാരണഭൂതനായവനും, |
| സർവ്വഭൂതാത്മനേ | സർവ്വജീവികളുടേയും ആത്മാവായി സ്ഥിതിചെയ്യുന്നവനും ആയ |
| നമഃ | നിന്തിരുവടിക്കു നമസ്കാരം. |

മയേദം ഭഗവൻ ഗോഷ്ഠനാശായാസാരവായുഭിഃ
ചേഷ്ടിതം വിഹതേ യജ്ഞേ മാനിനാ തീവ്രമന്യുനാ. 12

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ ! | മയാ | എന്നാൽ |
| യജ്ഞേ | യാഗം | ഗോഷ്ഠനാശായ | ഗോകുലനാശത്തിന്നു വേണ്ടി |
| വിഹതേ | മുടക്കപ്പെട്ടപ്പോൾ | | |
| തീവ്രമന്യുനാ | ഉഗ്രകോപത്തോടു കൂടിയവനും, | ആസാരവായുഭിഃ | കനത്തവർഷംകൊണ്ടും, കാററുകൊണ്ടും |
| മാനിനാ | ലോകേശ്വരനെന്നു് സ്വയം അഭിമാനിക്കുന്നവനും ആയ | ഇദം | ഈവിധം |
| | | ചേഷ്ടിതം | പ്രവൎത്തിക്കപ്പെട്ടുപോയി. |

ത്വയേശാനുഗൃഹീതോഽസ്മി ധ്വസ്തസ്തംഭോ വൃഥോദ്യമഃ
ഈശ്വരം ഗുരുമാത്മാനം ത്വാമഹം ശരണം ഗതഃ. 13

| | | | |
|---|---|---|---|
| ഈശ | ഹേ ഈശ ! | അനുഗൃഹീതഃ അസ്മി | അനുഗ്രഹിക്കപ്പെട്ടവനായിരിക്കുന്നു. |
| ധ്വസ്തസ്തംഭഃ | നഷ്ടമായ അഹമ്മതിയോടും, | ഈശ്വരം | ഈശ്വരനും, |
| വൃഥോദ്യമഃ | വ്യൎത്ഥമായ പരിശ്രമത്തോടും കൂടിയവനായി ഭവിച്ച ഞാൻ | ഗുരും | ഗുരുവും, |
| | | ആത്മാനം | ആത്മാവുമായ |
| | | ത്വാം അഹം | നിന്തിരുവടിയെ ഞാൻ |
| ത്വയാ | നിന്തിരുവടിയാൽ | ശരണം ഗതഃ | ശരണം പ്രാപിച്ചിരിക്കുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം സങ്കീൎത്തിതഃ കൃഷ്ണോ മഘോനാ ഭഗവാനമും
മേഘഗംഭീരയാ വാചാ പ്രഹസന്നിദമബ്രവീത്. 14

| | | | |
|---|---|---|---|
| ഏവം മഘോനാ | ഈവിധം ഇന്ദ്രനാൽ | മേഘഗംഭീരയാ വാചാ | ഇടിമുഴക്കംപോലെ ഗംഭീരമായ വാക്കിനാൽ |
| സങ്കീൎത്തിതഃ | വാഴ്ത്തിസ്തുതിക്കപ്പെട്ട | | |
| ഭഗവാൻ കൃഷ്ണഃ | ഭഗവാൻ ശ്രീകൃഷ്ണൻ | അമും | ആ ഇന്ദ്രനോടു് |
| പ്രഹസൻ | ചിരിച്ചുകൊണ്ടു്, | ഇദം അബ്രവീത് | ഇങ്ങനെ പറഞ്ഞു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

മയാ തേഽകാരി മഘവൻ മഖഭംഗോഽനുഗൃഹ്ണതാ
മദനുസ്മൃതയേ നിത്യം മത്തസ്യേന്ദ്രശ്രിയാ ഭൃശം. 15

| | | | |
|---|---|---|---|
| മഘവൻ | അല്ലയോ ഇന്ദ്ര ! | മദനുസ്മൃതയേ | എന്നെക്കുറിച്ചു് ഓൎമ്മയുണ്ടാകുവാൻവേണ്ടി |
| ഇന്ദ്രശ്രിയാ | ദേവേന്ദ്രപദവിയാൽ | അനുഗൃഹ്ണതാ | അനുഗ്രഹിക്കുന്നതിനു് താൽപര്യപ്പെടുന്ന |
| ഭൃശം | കണക്കിലേറെ | മയാ | എന്നാൽ |
| മത്തസ്യ തേ | മദിച്ചിരിക്കുന്ന അങ്ങയ്ക്കു് | മഖഭംഗഃ | യാഗത്തിന്നു വിഘ്നം |
| നിത്യം | എതുനേരവും | അകാരി | ഉണ്ടാക്കപ്പെട്ടു. |

മാമൈശ്വര്യശ്രീമദാന്ധോ ദണ്ഡപാണിം ന പശ്യതി
തം ഭ്രംശയാമി സമ്പദ്ഭ്യോ യസ്യ ചേച്ഛാമ്യനുഗ്രഹം. 16

| | |
|---|---|
| ഐശ്വര്യശ്രീ- മദാന്ധഃ | ആധിപത്യംകൊണ്ടും, സമ്പത്തുകൊണ്ടും കണ്ണുകാണാതായവൻ |
| ദണ്ഡപാണിം | ദണ്ഡധരനായ (കാലസ്വരൂപനായ) |
| മാം | എന്നെ |
| ന പശ്യതി | കാണുമാറില്ല. |
| യസ്യ ച | അതിനാൽ, യാതൊരുത്തന്ന് |
| അനുഗ്രഹം | അനുഗ്രഹംചെയ്വാൻ |
| ഇച്ഛാമി | ഞാനിച്ഛിക്കുന്നുവോ, |
| തം | അവനെ |
| സംപദ്ഭ്യഃ | സംപത്തുകളിൽനിന്നു |
| ഭ്രംശയാമി | അകററിനിൎത്തുന്നു. |

ഗമ്യതാം ശക്ര ഭദ്രം വഃ ക്രിയതാം മേऽനുശാസനം
സ്ഥീയതാം സ്വാധികാരേഷു യുക്തൈൎവ്വഃ സ്തംഭവൎജ്ജിതൈഃ. 17

| | |
|---|---|
| ശക്ര | ഹേ ഇന്ദ്ര! |
| ഗമ്യതാം | പോയ്ക്കൊണ്ടാലും |
| മേ | എന്റെ |
| അനുശാസനം | ഉപദേശം |
| ക്രിയതാം | നിറവേററപ്പെടേണ്ടതാണ്. |
| വഃ ഭദ്രം | എന്നാൽ നിങ്ങൾക്കെല്ലാം ശുഭം വരും. |
| സ്തംഭവൎജ്ജിതൈഃ | ഗൎവ്വമില്ലാത്തവരായും |
| യുക്തൈഃ | കൎത്തവ്യത്തിൽ ശ്രദ്ധാലുക്കളായും ഭവിച്ച് |
| വഃ | നിങ്ങളാൽ |
| സ്വാധികാരേഷു | അവനവനുള്ള അധികാരങ്ങളിൽ |
| സ്ഥീയതാം | സ്ഥിതിചെയ്യുക എന്നതുണ്ടാകണം. |

അഥാഹ സുരഭിഃ കൃഷ്ണമഭിവന്ദ്യ മനസ്വിനീ
സ്വസന്താനൈരുപാമന്ത്ര്യ ഗോപരൂപിണമീശ്വരം. 18

| | |
|---|---|
| അഥ | അതിനുശേഷം, |
| മനസ്വിനീ | മനോഗുണം ചേൎന്ന |
| സുരഭിഃ | കാമധേനു |
| സ്വസന്താനൈഃ | തന്റെ സന്തതികളായ ഗോക്കളോടുകൂടി |
| ഗോപരൂപിണം | ഗോപാലവേഷം ധരിച്ചുനില്ക്കുന്ന |
| ഈശ്വരം | സാക്ഷാൽ ജഗദീശ്വരനായ |
| കൃഷ്ണം | ശ്രീകൃഷ്ണനെ |
| അഭിവന്ദ്യ | വണങ്ങി, |
| ഉപാമന്ത്ര്യ | സംബോധനചെയ്തു |
| ആഹ | ഇങ്ങനെ പറഞ്ഞു. |

സുരഭിരുവാച = കാമധേനു പറഞ്ഞു :—

കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വസംഭവ
ഭവതാ ലോകനാഥേന സനാഥാ വയമച്യുത. 19

| | |
|---|---|
| കൃഷ്ണ കൃഷ്ണ | ഹേ കൃഷ്ണ! ഹേ കൃഷ്ണ! |
| മഹായോഗിൻ | ഹേ യോഗീശ്വര! |
| വിശ്വാത്മൻ | ഹേ വിശ്വസ്വരൂപ! |
| വിശ്വസംഭവ | വിശ്വോൽപത്തിനിദാനമേ! |
| അച്യുത | നിൎവ്വികാരാത്മൻ! |
| ലോകനാഥേന | ലോകനാഥനായ |
| ഭവതാ | ഭവാനാൽ |
| വയം | ഞങ്ങൾ |
| സനാഥാഃ | നാഥനുള്ളവരായിരിക്കുന്നു. |

ത്വം നഃ പരമകം ദൈവം ത്വം ന ഇന്ദ്രോ ജഗത്പതേ
ഭവായ ഭവ ഗോവിപ്രദേവാനാം യേ ച സാധവഃ. 20

| | |
|---|---|
| ജഗത്പതേ | ഹേ ലോകനായക! |
| ത്വം | നിന്തിരുവടി |
| നഃ | ഞങ്ങളുടെ |
| പരമകം | സർവ്വോൽകൃഷ്ടമായ |
| ദൈവം | ദൈവമാകുന്നു. |
| ഗോവിപ്ര-ദേവാനാം | ഗോക്കളുടേയും, ബ്രാഹ്മണരുടേയും, ദേവന്മാരുടേയും, |
| സാധവഃ യേ | സത്തുക്കളായി യാവചിലർ വേറെയുണ്ടോ, |
| (തേഷാം) ച | അവരുടേയും |
| ഭവായ | ക്ഷേമത്തിന്നായി |
| ത്വം | നിന്തിരുവടിതന്നെ |
| നഃ | ഞങ്ങളുടെ (ഗോക്കളുടെ) |
| ഇന്ദ്രഃ | ഇന്ദ്രനായി |
| ഭവ | ഭവിച്ചാലും. |

ഇന്ദ്രം നസ്ത്വാഽഭിഷേക്ഷ്യാമോ ബ്രഹ്മണാ നോദിതാ വയം
അവതീർണ്ണോഽസി വിശ്വാത്മൻ ഭൂമേർഭാരാപനുത്തയേ. 21

| | |
|---|---|
| ബ്രഹ്മണാ | ബ്രഹ്മദേവനാൽ |
| നോദിതാഃ | ആജ്ഞാപിച്ചയക്കപ്പെട്ട |
| വയം ത്വാ | ഞങ്ങൾ നിന്തിരുവടിയെ |
| നഃ ഇന്ദ്രം | ഞങ്ങളുടെ ഇന്ദ്രനായി |
| അഭിഷേക്ഷ്യാമഃ | അഭിഷേകം ചെയ്യാൻ പോകുന്നു. |
| വിശ്വാത്മൻ | ഹേ വിശ്വരൂപ! |
| ഭൂമേഃ | ഭൂലോകത്തിന്റെ |
| ഭാരാപനുത്തയേ | ഭാരം നീക്കുന്നതിന്നു് |
| അവതീർണ്ണഃ അസി | നിന്തിരുവടി ഭൂമിയിൽ അവതരിച്ചവനാകുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം കൃഷ്ണമുപാമന്ത്ര്യ സുരഭിഃ പയസാഽഽത്മനഃ
ജലൈരാകാശഗംഗായാ ഐരാവതകരോദ്ധൃതൈഃ. 22
ഇന്ദ്രഃ സുരർഷിഭിഃ സാകം നോദിതോ ദേവമാതൃഭിഃ
അഭ്യഷിഞ്ചത ദാശാർഹം ഗോവിന്ദ ഇതി ചാഭ്യധാത്. 23

| | |
|---|---|
| ഏവം | ഇപ്രകാരം |
| സുരഭിഃ | കാമധേനു |
| കൃഷ്ണം | ശ്രീകൃഷ്ണനോടു് |
| ഉപാമന്ത്ര്യ | പ്രാർത്ഥിച്ചശേഷം |
| ആത്മനഃ | തന്റെ |
| പയസാ | ക്ഷീരംകൊണ്ടു് |
| അഭ്യഷിഞ്ചത | അഭിഷേകം ചെയ്തു. |
| ഇന്ദ്രഃ | ദേവേന്ദ്രനും |
| ദേവമാതൃഭിഃ | അദിതി മുതലായ ദേവമാതാക്കളാൽ |
| നോദിതഃ | പ്രേരിതനായിട്ടു് |
| സുരർഷിഭിഃ സാകം | ദേവകളോടും, ഋഷികളോടും ഒന്നിച്ചു് |
| ഐരാവത-കരോദ്ധൃതൈഃ | ഐരാവതത്തിന്റെ തുമ്പിക്കൈകൊണ്ടു എടുത്തുകൊണ്ടുവരപ്പെട്ട |
| ആകാശഗംഗായാഃ | ആകാശഗംഗയിലെ |
| ജലൈഃ | ജലങ്ങളാൽ |
| ദാശാർഹം | ശ്രീകൃഷ്ണനെ അഭിഷേകം ചെയ്തു. |
| ഗോവിന്ദഃ ഇതി | 'ഗോവിന്ദൻ' എന്നിങ്ങനെ |
| അഭ്യധാത് ച | തിരുനാമം വിളിക്കുകയും ചെയ്തു. |

നോട്ട് : — 'ഗവാം ഇന്ദ്രഃ' (ഗോക്കളുടെ ഇന്ദ്രൻ) എന്നു് ഗോവിന്ദശബ്ദത്തിന്റെ അവയവാർത്ഥം.

തത്രാഗതാസ്തുംബുരുനാരദാദയോ ഗന്ധർവ്വവിദ്യാധരസിദ്ധചാരണാഃ
ജഗുര്യശോ ലോകമലാപഹം ഹരേഃ സുരാംഗനാഃ സംനനൃതുർമ്മുദാഽന്വിതാഃ.

| | |
|---|---|
| തത്ര ആഗതാഃ | അവിടെ വന്നുചേൎന്ന |
| തുംബുരു–നാരദാദയഃ | തുംബുരുനാരദാദികളും, |
| ഗന്ധർവ്വ–വിദ്യാധര–സിദ്ധചാരണാഃ | ഗന്ധർവ്വന്മാർ, വിദ്യാധരന്മാർ, സിദ്ധന്മാർ, ചാരണന്മാർ എന്നിവരും |
| ലോകമലാപഹം | ലോകത്തിലെ പാപപങ്കത്തെ ദൂരീകരിക്കുന്ന |
| ഹരേഃ യശഃ | ശ്രീഹരിയുടെ കീൎത്തിയെ |
| ജഗുഃ | വാഴ്ത്തിപ്പാടി; |
| സുരാംഗനാഃ | അപ്സരഃസ്ത്രീകൾ |
| മുദാ അന്വിതാഃ | സന്തോഷത്തോടുകൂടി |
| സംനനൃതുഃ | ഭംഗിയിൽ നൃത്തംചെയ്തു. |

തം തുഷ്ടുവുർദ്ദേവനികായകേതവോ വ്യവാകിരംശ്ചാദ്ഭുതപുഷ്പവൃഷ്ടിഭിഃ
ലോകാഃ പരാം നിർവൃതിമാപ്നുവംസ്ത്രയോ ഗാവസ്തദാ ഗാമനയൻ പയോദ്രുതാം.

| | |
|---|---|
| ദേവനികായ–കേതവഃ | ദേവസമൂഹത്തിലെ പ്രമുഖന്മാർ |
| തം തുഷ്ടുവുഃ | ഭഗവാനെ സ്തുതിക്കുകയും, |
| അദ്ഭുത–പുഷ്പവൃഷ്ടിഭിഃ | ദിവ്യപുഷ്പങ്ങളുടെ വൃഷ്ടികളാൽ |
| വ്യവാകിരൻ ച | മൂടുകയും ചെയ്തു. |
| ത്രയഃ ലോകാഃ | മൂന്നുലോകവും |
| പരാം നിർവൃതിം | പരമാനന്ദത്തെ |
| ആപ്നുവൻ | പ്രാപിച്ചു. |
| തദാ ഗാവഃ | അന്നേരത്തു്, പശുക്കൾ |
| ഗാം | ഭൂമിയെ |
| പയോദ്രുതാം അനയൻ | പാലുകൊണ്ടു് നനഞ്ഞതാക്കിത്തീൎത്തു. |

നാനാരസൌഘാഃ സരിതോ വൃക്ഷാ ആസൻ മധുസ്രവാഃ
അകൃഷ്ടപച്യൌഷധയോ ഗിരയോഽബിഭ്രദുന്മണീൻ. 26

| | |
|---|---|
| സരിതഃ | നദികൾ |
| നാനാ–രസൌഘാഃ | പാലും തേനും ഒഴുകുന്നവയായി. |
| വൃക്ഷാഃ | മരങ്ങൾ |
| മധുസ്രവാഃ ആസൻ | പൂന്തേൻ ചൊരിയുന്നവയായി ഭവിച്ചു |
| അകൃഷ്ട–പച്യൌഷധയഃ | കൃഷി കൂടാതെതന്നെ വിളഞ്ഞ ധാന്യങ്ങൾ ഉണ്ടായി. |
| ഗിരയഃ | പൎവ്വതങ്ങൾ |
| ഉന്മണീൻ | പുറത്തേക്കു പൊങ്ങിവന്ന രത്നങ്ങളെ |
| അബിഭ്രത് | ധരിച്ചുനിന്നു. |

കൃഷ്ണേഽഭിഷിക്ത ഏതാനി സത്വാനി കുരുനന്ദന
നിർവ്വൈരാണ്യഭവംസ്താത ക്രൂരാണ്യപി നിസൎഗ്ഗതഃ. 27

| | |
|---|---|
| താത | അല്ലയോ വത്സ! |
| കുരുനന്ദന | പരീക്ഷിത്തേ! |
| കൃഷ്ണേ | ശ്രീകൃഷ്ണൻ |
| അഭിഷിക്തേ | അഭിഷിക്തനായപ്പോൾ |
| നിസൎഗ്ഗതഃ | സ്വാഭാവികമായി |
| ക്രൂരാണി അപി | ക്രൂരസ്വഭാവമുള്ളവയെങ്കിലും |
| ഏതാനി സത്വാനി | ഈ സൎപ്പാദിജന്തുക്കൾ |
| നിർവ്വൈരാണി അഭവൻ | അന്യരോടു വിദ്വേഷമില്ലാത്തവയായി ഭവിച്ചു. |

ഇതി ഗോഗോകുലപതിം ഗോവിന്ദമഭിഷിച്യ സഃ
അനുജ്ഞാതോ യയൌ ശക്രോ വൃതോ ദേവാദിഭിർദ്ദിവം. 28

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | അനുജ്ഞാതഃ | യാത്രാനുവാദം ലഭിച്ച |
| ഗോഗോകുലപതിം | ഗോക്കളുടേയും, ഗോകുലത്തിന്റേയും അധിപനായ ശ്രീകൃഷ്ണനെ | സഃ ശക്രഃ | ആ ദേവേന്ദ്രൻ |
| | | ദേവാദിഭിഃ | ദേവകളാലും മററും |
| | | വൃതഃ | പരിവൃതനായി |
| ഗോവിന്ദം | ഗോവിന്ദനാക്കി | ദിവം | ദേവലോകത്തേക്ക |
| അഭിഷിച്യ | അഭിഷേകം ചെയ്തശേഷം | യയൌ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പൂർവ്വാർദ്ധേ
ഇന്ദ്രസ്തുതിർന്നാമ സപ്തവിംശോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1144.

## അഷ്ടാവിംശോऽദ്ധ്യായഃ—ഇരുപത്തെട്ടാമദ്ധ്യായം.

[ അഷ്ടാവിംശേ തു നന്ദാനയനം വരുണാലയാത്
വൈകുണ്ഠദർശനം ചാഥ ഗോപാനാമനുവർണ്ണ്യതേ. ]

(ഭഗവാൻ വരുണാലയത്തിൽനിന്നു് നന്ദഗോപരെ വീണ്ടുകൊണ്ടു വരുന്നതും, ഗോപന്മാർക്കു് ശ്രീവൈകുണ്ഠം കാട്ടിക്കൊടുക്കുന്നതും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏകാദശ്യാം നിരാഹാരഃ സമഭ്യർച്ച്യ ജനാർദ്ദനം
സ്നാതും നന്ദസ്തു കാളിന്ദ്യാ ദ്വാദശ്യാം ജലമാവിശത്. 1

| | | | |
|---|---|---|---|
| നന്ദഃ തു | നന്ദഗോപർ ഒരിക്കൽ | ദ്വാദശ്യാം | ദ്വാദശിനാറം |
| ഏകാദശ്യാം | ഏകാദശിനാറം | സ്നാതും | സ്നാനം ചെയ്യുവാൻ |
| നിരാഹാരഃ | ഉപവാസം അനുഷ്ഠിച്ചുകൊണ്ടു് | കാളിന്ദ്യാഃ | യമുനാനദിയിലെ |
| ജനാർദ്ദനം | ശ്രീമഹാവിഷ്ണുവിനെ | ജലം | വെള്ളത്തിലേക്കു് |
| സമഭ്യർച്ച്യ | വിധിപോലെ ആരാധിച്ചു്, | ആവിശത് | ഇറങ്ങി. |

തം ഗൃഹീത്വാനയദ്ഭൃത്യോ വരുണസ്യാസുരോऽന്തികം
അവിജ്ഞായാസുരീം വേലാം പ്രവിഷ്ടമുദകം നിശി. 2

| | | | |
|---|---|---|---|
| ആസുരീം | അസുരസഞ്ചാരമുള്ള | നിശി | രാത്രിയിൽ (അരുണോദയത്തിന്നു് മുമ്പു്) |
| വേലാം | സമയത്തെ | | |
| അവിജ്ഞായ | വകവെക്കാതെ | ഉദകം | വെള്ളത്തിലേക്കു് |

| | | | |
|---|---|---|---|
| പ്രവിഷ്ടം | ഇറങ്ങിയ | ഭൃത്യഃ അസുരഃ | ഭൃത്യനായ ഒരസുരൻ |
| തം ഗൃഹീത്വാ | ആ നന്ദനെ പിടിച്ച് | അന്തികം | തൽസമീപത്തിലേക്ക് |
| വരുണസ്യ | വരുണന്റെ | അനയത് | കൊണ്ടുപോയി. |

ചുക്രുശുസ്തമപശ്യന്തഃ കൃഷ്ണ രാമേതി ഗോപകാഃ
ഭഗവാംസ്തദുപശ്രുത്യ പിതരം വരുണാഹൃതം
തദന്തികം ഗതോ രാജൻ സ്വാനാമഭയദോ വിഭുഃ. 3

| | |
|---|---|
| തം | നന്ദഗോപരെ |
| അപശ്യന്തഃ | കാണാതെയായ |
| ഗോപകാഃ | ഗോപന്മാർ |
| കൃഷ്ണ രാമ | 'കൃഷ്ണാ! രാമാ!' |
| ഇതി | എന്നു വിളിച്ചുകൊണ്ട് |
| ചുക്രുശുഃ | നിലവിളിക്കൂട്ടി. |
| രാജൻ | അല്ലയോ രാജാവേ! |
| സ്വാനാം | സ്വജനങ്ങൾക്ക് |
| അഭയദഃ | അഭയദാനം ചെയ്യുന്നവനും |
| വിഭുഃ | സർവ്വശക്തനും, |
| ഭഗവാൻ അപി | സർവ്വജ്ഞനും ആയ ശ്രീകൃഷ്ണനാകട്ടെ |
| തത് ഉപശ്രുത്യ | അതു കേട്ട്, |
| പിതരം | അച്ഛനെ |
| വരുണാഹൃതം | വരുണൻ അപഹരിച്ചതായി അറിഞ്ഞ് |
| തദന്തികം | ആ വരുണന്റെ അടുക്കലേക്ക് |
| ഗതഃ | പോയി. |

പ്രാപ്തം വീക്ഷ്യ ഹൃഷീകേശം ലോകപാലഃ സപര്യയാ
മഹത്യാ പൂജയിത്വാഽഽഹ തദ്ദർശനമഹോത്സവഃ. 4

| | |
|---|---|
| പ്രാപ്തം | വന്നിരിക്കുന്ന |
| ഹൃഷീകേശം | ശ്രീകൃഷ്ണനെ |
| വീക്ഷ്യ | കണ്ടിട്ട് |
| തദ്ദർശന-മഹോത്സവഃ | അവിടുത്തെ ദർശനത്താൽ വലിയ സന്തോഷമുണ്ടായ |
| ലോകപാലഃ | വരുണദേവൻ |
| മഹത്യാ | ഉൽകൃഷ്ടമായ |
| സപര്യയാ | പൂജാസാധനംകൊണ്ട് |
| പൂജയിത്വാ | പൂജിച്ച് |
| ആഹ | ഇങ്ങനെ പറഞ്ഞു. |

വരുണ ഉവാച = വരുണൻ പറഞ്ഞു :—

അദ്യ മേ നിഭൃതോ ദേഹോഽദ്യൈവാർത്ഥോഽധിഗതഃ പ്രഭോ
ത്വത്പാദഭാജോ ഭഗവന്നവാപുഃ പാരമധ്വനഃ. 5

| | |
|---|---|
| പ്രഭോ | ഹേ പ്രഭോ! |
| അദ്യ മേ | ഇപ്പോൾ എന്നാൽ |
| ദേഹഃ നിഭൃതഃ | ശരീരം ധരിക്കപ്പെട്ടു. (ശരീരധാരണത്തിന്റെ ഫലം ഇപ്പോൾ എനിക്കുണ്ടായി.) |
| അർത്ഥഃ | പരമപുരുഷാർത്ഥവും |
| അദ്യ ഏവ | ഇപ്പോൾ മാത്രമാണ് |
| അധിഗതഃ | പ്രാപ്തമായതു്. |
| ഭഗവൻ | ഹേ ഭഗവൻ! |
| ത്വത്പാദഭാജഃ | ഭവൽപാദസേവകന്മാർ മാത്രമേ |
| അധ്വനഃ | സംസാരമാർഗ്ഗത്തിന്റെ |
| പാരം | അററമായ നിന്തിരുവടിയെ |
| അവാപുഃ | പ്രാപിച്ചിട്ടുള്ളൂ. |

നമസ്തുഭ്യം ഭഗവതേ ബ്രഹ്മണേ പരമാത്മനേ
ന യത്ര ശ്രൂയതേ മായാ ലോകസൃഷ്ടിവികല്പനാ. 6

ഭഗവതേ — സർവ്വജ്ഞനും,
ബ്രഹ്മണേ — സർവ്വവ്യാപിയും,
പരമാത്മനേ — സർവ്വജീവനിയന്താവുമായ
തുഭ്യം നമഃ — നിന്തിരുവടിക്കു നമസ്കാരം.
യത്ര — യാതൊരു ഭവാങ്കൽ
ലോകസൃഷ്ടിവികല്പനാ — ലോകസൃഷ്ടിയെ കല്പിക്കുന്ന
മായാ ന — മായയില്ലെന്നു്
ശ്രൂയതേ — ശ്രുതിയാൽ അറിയപ്പെടുന്നു.

അജാനതാ മാമകേന മൂഢേനാകാര്യ്യവേദിനാ
ആനീതോऽയം തവ പിതാ തദ്ഭവാൻ ക്ഷന്തുമർഹതി. 7

മൂഢേന — മായാമോഹിതനും,
അജാനതാ — നിന്തിരുവടിയുടെ മാഹാത്മ്യമറിയാത്തവനും,
അകാര്യ്യവേദിനാ — ചെയ്യേണ്ടതെന്തെന്നു ശരിക്കു ധരിക്കാത്തവനും ആയ
മാമകേന — എന്റെ ഒരു ഭൃത്യനാൽ
തവ — നിന്തിരുവടിയുടെ
പിതാ — പിതാവായ
അയം — ഈ നന്ദഗോപർ
ആനീതഃ — ബലാൽക്കാരേണ കൊണ്ടുവരപ്പെട്ടു.
തത് ഭവാൻ — അതു നിന്തിരുവടി
ക്ഷന്തും അർഹതി — ക്ഷമിക്കമാറാകണം.

മമാപ്യനുഗ്രഹം കൃഷ്ണ കർത്തുമർഹസ്യശേഷദൃക്
ഗോവിന്ദ നീയതാമേഷ പിതാ തേ പിതൃവത്സല. 8

പിതൃവത്സല — പിതൃവാത്സല്യമുള്ള
ഗോവിന്ദ — ഹേ ഗോവിന്ദ!
തേ പിതാ — ഭവാന്റെ പിതാവു്
ഏഷഃ നീയതാം — ഇതാ, കൂട്ടിക്കൊണ്ടു പോയാലും.
അശേഷദൃക — സർവ്വവും നിരീക്ഷിക്കുന്ന
കൃഷ്ണ — ഹേ കൃഷ്ണ!
മമ അപി — എനിക്കും
അനുഗ്രഹം കർത്തും അർഹസി — അനുഗ്രഹം നല്കണേ!

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം പ്രസാദിതഃ കൃഷ്ണോ ഭഗവാനീശ്വരേശ്വരഃ
ആദായാഗാത് സ്വപിതരം ബന്ധൂനാം ചാവഹൻ മുദം. 9

ഏവം — ഇപ്രകാരം (വരുണനാൽ)
പ്രസാദിതഃ — പ്രസാദിപ്പിക്കപ്പെട്ട
ഈശ്വരേശ്വരഃ — ഈശ്വരന്മാൎക്കും ഈശ്വരനായ
ഭഗവാൻ കൃഷ്ണഃ — ഭഗവാൻ ശ്രീകൃഷ്ണൻ
സ്വപിതരം — തന്റെ അച്ഛനെ
ആദായ — കൂട്ടിക്കൊണ്ടു്,
ബന്ധൂനാം — ബന്ധുക്കൾക്കു
മുദം ച — സന്തോഷത്തേയും
ആവഹൻ — ജനിപ്പിച്ചുകൊണ്ടു്
അഗാത് — തിരിച്ചുവന്നു.

നന്ദസ്ത്വതീന്ദ്രിയം ദൃഷ്ട്വാ ലോകപാലമഹോദയം
കൃഷ്ണേ ച സന്നതിം തേഷാം ജ്ഞാതിഭ്യോ വിസ്മിതോऽബ്രവീത്. 10

നന്ദഃ തു — നന്ദനാകട്ടെ
അതീന്ദ്രിയം — ഇന്ദ്രിയങ്ങൾക്കു വിഷയീഭവിക്കാത്ത
ലോകപാലമഹോദയം — വരുണന്റെ ഐശ്വര്യത്തേയും,
തേഷാം — ആ വരുണാദികൾക്കു

കൃഷ്ണേ — കൃഷ്ണനിലുള്ള
സന്നതിം ച — വണക്കത്തേയും
ദൃഷ്ട്വാ — കണ്ടു്

വിസ്മിതഃ — വിസ്മിതനായിട്ടു്
ജ്ഞാതിഭ്യഃ — തന്റെ ബന്ധുക്കളോടു്
അബ്രവീത് — അതെല്ലാം വിസ്തരിച്ചു പറഞ്ഞു.

തേ ത്വൌത്സുക്യധിയോ രാജൻ മത്വാ ഗോപാസ്തമീശ്വരം
അപി നഃ സ്വഗതിം സൂക്ഷ്മാമുപാധാസ്യദധീശ്വരഃ. 11

രാജൻ — രാജാവേ!
തേ ഗോപാഃ തു — ആ ഗോപന്മാരാകട്ടെ
തം — ശ്രീകൃഷ്ണനെ
ഈശ്വരം — ഈശ്വരനാണെന്നു്
മത്വാ — വിചാരിച്ചു്
ഔത്സുക്യധിയഃ — മനസ്സിൽ അക്ഷമയോടെ കാത്തിരിപ്പായി—

അധീശ്വരഃ — "സർവ്വേശ്വരനായ കൃഷ്ണൻ
സൂക്ഷ്മാം — സൂക്ഷ്മമായ
സ്വഗതിം — തന്റെ വിഭൂതിയെ
നഃ — നമുക്കു്
അപി ഉപാധാസ്യത് — കാട്ടിത്തരികയില്ലേ?" എന്നിങ്ങനെ.

ഇതി സ്വാനാം സ ഭഗവാൻ വിജ്ഞായാഖിലദൃക് സ്വയം
സങ്കല്പസിദ്ധയേ തേഷാം കൃപയൈതദചിന്തയത്. 12

അഖിലദൃക് — സർവ്വവും കാണുന്ന
സഃ ഭഗവാൻ — ആ ശ്രീകൃഷ്ണഭഗവാൻ
ഇതി സ്വാനാം — ഈവിധം തന്റെ ബന്ധുക്കളുടെ ആഗ്രഹത്തെ
സ്വയം — തന്നെത്താൻ
വിജ്ഞായ — അറിഞ്ഞു്

തേഷാം — അവരുടെ
സങ്കല്പസിദ്ധയേ — മനോരഥം സാധിക്കുന്നതിന്നായി
കൃപയാ — കാരുണ്യത്തോടെ
ഏതത് — ഈവിധം
അചിന്തയത് — ചിന്തിച്ചു.

ജനോ വൈ ലോക ഏതസ്മിന്നവിദ്യാകാമകർമ്മഭിഃ
ഉച്ചാവചാസു ഗതിഷു ന വേദ സ്വാം ഗതിം ഭ്രമൻ. 13

ഏതസ്മിൻ ലോകേ — "ഈ ലോകത്തിൽ
ജനഃ — മനുഷ്യൻ
അവിദ്യാകാമകർമ്മഭിഃ — അജ്ഞാനം നിമിത്തമുണ്ടായ ആശകളാൽ അകപ്പെട്ട അനേകം കർമ്മങ്ങളോടുകൂടി
ഉച്ചാവചാസു — ഉച്ചനീചങ്ങളായ

ഗതിഷു — ജീവിതഗതികളിൽ
ഭ്രമൻ — കറങ്ങിക്കൊണ്ടിരുന്നു്
സ്വാം ഗതിം — തന്റെ യഥാർത്ഥമായ ഗതിയെ (ആദ്ധ്യാത്മിക സ്വഭാവത്തെ)
ന വേദ വൈ — അറിയുന്നതേ ഇല്ല."

ഇതി സഞ്ചിന്ത്യ ഭഗവാൻ മഹാകാരുണികോ ഹരിഃ
ദർശയാമാസ ലോകം സ്വം ഗോപാനാം തമസഃ പരം. 14

ഇതി സംചിന്ത്യ — ഈവിധം ചിന്തിച്ചു്
മഹാകാരുണികഃ — കരുണാനിധിയും
ഭഗവാൻ — ഐശ്വര്യാദിഗുണസമ്പൂർണ്ണനുമായ
ഹരിഃ — ശ്രീകൃഷ്ണൻ
ഗോപാനാം — ഗോപന്മാർക്കു്

തമസഃ — അജ്ഞാനരൂപമായ പ്രകൃതിയുടെ
പരം — മറുവശമായിരിക്കുന്ന
സ്വം — തന്റെ ചിത്സ്വരൂപത്തേയും,
ലോകം — വൈകുണ്ഠലോകത്തേയും
ദർശയാമാസ — കാട്ടിക്കൊടുത്തു

സത്യം ജ്ഞാനമനന്തം യദ്ബ്രഹ്മ ജ്യോതിഃ സനാതനം
യദ്ധി പശ്യന്തി മുനയോ ഗുണാപായേ സമാഹിതാഃ. 15

സത്യം — പാരമാർത്ഥികമായി,
ജ്ഞാനം — ചൈതന്യമയമായി,
അനന്തം — കാലദേശാവസ്ഥകളാലുള്ള അതിരില്ലാത്തതായി,
സനാതനം — ശാശ്വതമായി,
ജ്യോതിഃ — സ്വയം പ്രകാശമായി
യത് ഹി — യാതൊന്നു സ്ഥിതി ചെയ്യുന്നുവോ,
സമാഹിതാഃ — സമാധിനിഷ്ഠരായ
മുനയഃ — മുനികൾ
ഗുണാപായേ — പ്രാകൃതഗുണങ്ങൾ അകന്നുപോയതിൽപ്പിന്നെ
യത് — യാതൊന്നിനെ
പശ്യന്തി — സാക്ഷാൽക്കരിക്കുന്നുവോ,
ബ്രഹ്മ — ആ ബ്രഹ്മസ്വരൂപത്തെ
(ദർശയാമാസ) — കാട്ടിക്കൊടുത്തു.

തേ തു ബ്രഹ്മഹ്രദം നീതാ മഗ്നാഃ കൃഷ്ണേന ചോദ്ധൃതാഃ
ദദൃശുർബ്രഹ്മണോ ലോകം യത്രാക്രൂരോഽധ്യഗാത് പുരാ. 16

തേ തു — ആ ഗോപന്മാരാകട്ടെ
കൃഷ്ണേന — ശ്രീകൃഷ്ണനാൽ
ബ്രഹ്മഹ്രദം — ബ്രഹ്മഹ്രദമെന്ന യമുനയിലെ കയത്തിലേക്ക് (ബ്രഹ്മസ്വരൂപമായ ജലാശയത്തിലേക്ക്)
നീതാഃ — കൊണ്ടുപോകപ്പെട്ട്
മഗ്നാഃ — അതിൽ നിമഗ്നരായി,
ഉദ്ധൃതാഃ ച — ഭഗവാനാൽത്തന്നെ അതിൽനിന്ന് എഴുന്നേല്പിക്കപ്പെട്ടവരുമായിട്ട്
ബ്രഹ്മണഃ — ബ്രഹ്മസ്വരൂപനായ അവിടുത്തെ
ലോകം — വൈകുണ്ഠലോകത്തെ
ദദൃശുഃ — ദർശിച്ചു.
യത്ര — ഇതേ ബ്രഹ്മഹ്രദത്തിലാണ്
പുരാ — മുൻപ്
അക്രൂരഃ — അക്രൂരനും
അധ്യഗാത് — വൈകുണ്ഠം ദർശിച്ചത്

നന്ദാദയസ്തു തം ദൃഷ്ട്വാ പരമാനന്ദനിർവൃതാഃ
കൃഷ്ണം ച തത്ര ഛന്ദോഭിഃ സ്തൂയമാനം സുവിസ്മിതാഃ. 17

നന്ദാദയഃ തു — നന്ദാദിഗോപന്മാർ
തം — ആ ലോകത്തേയും
തത്ര — അതിൽ
ഛന്ദോഭിഃ — വേദപുരുഷന്മാർ
സ്തൂയമാനം — സ്തോത്രം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന
കൃഷ്ണം ച — ശ്രീകൃഷ്ണനേയും
ദൃഷ്ട്വാ — കണ്ടിട്ട്
പരമാനന്ദനിർവൃതാഃ — പരമാനന്ദപരിപൂർണ്ണരായിച്ചമഞ്ഞു.
സുവിസ്മിതാഃ — പിന്നീട് മുന്നേപ്പോലെ കൃഷ്ണനേയും കണ്ട് അവർ ഏററവും അത്ഭുതപ്പെട്ടു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
വൈകുണ്ഠദർശനം നാമ അഷ്ടാവിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1161.

## ഏകോനത്രിംശോഽദ്ധ്യായഃ—ഇരുപത്തൊമ്പതാമദ്ധ്യായം.

---

[ ഊനത്രിംശേ തു രാസാർത്ഥമുക്തിപ്രത്യുക്തയോ ഹരേഃ
ഗോപീഭി രാസസംരംഭേ തസ്യ ചാന്തർദ്ധികൌതുകം. ]

(രാസക്രീഡാരംഭം: ഭഗവാനും ഗോപികമാരും തമ്മിലുള്ള സംഭാഷണം;
ഭഗവദന്തർദ്ധാനം—എന്നിവയുടെ നിരൂപണം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ഭഗവാനപി താ രാത്രീഃ ശരദോത്ഫുല്ലമല്ലികാഃ
വീക്ഷ്യ രന്തും മനശ്ചക്രേ യോഗമായാമുപാശ്രിതഃ. 1

| | | | |
|---|---|---|---|
| ഭഗവാൻ അപി | ശ്രീകൃഷ്ണഭഗവാനാകട്ടെ | താഃ രാത്രീഃ | ആ രാത്രികാലങ്ങളെ |
| യോഗമായാം | യോഗമായയെ | വീക്ഷ്യ | കണ്ടു്, |
| ഉപാശ്രിതഃ | അവലംബിച്ചുകൊണ്ടു് | രന്തും | രാസക്രീഡ ചെയ്യുവാൻ |
| ശരദാ | ശരൽക്കാലത്താൽ | മനഃ ചക്രേ | മനസ്സങ്കല്പംചെയ്തു. |
| ഉത്ഫുല്ലമല്ലികാഃ | വിടൎന്ന മല്ലികപ്പൂക്കളോടുകൂടിയ | | |

തദോഡുരാജഃ കകുഭഃ കരൈർമ്മുഖം പ്രാച്യാ വിലിമ്പന്നരുണേന ശന്തമൈഃ
സ ചർഷണീനാമുദഗാച്ഛുചോ മൃജൻ പ്രിയഃ പ്രിയായാ ഇവ ദീർഘദർശനഃ. 2

| | | | |
|---|---|---|---|
| തദാ | അപ്പോഴെക്കും | പ്രിയായാഃ ഇവ | പ്രിയപത്നിയുടെ മുഖത്തിൽ സ്വകരംകൊണ്ടു് കുങ്കുമം ചാൎത്തുന്നപോലെ |
| സഃ ഉഡുരാജഃ | ആ നക്ഷത്രനാഥനായ ചന്ദ്രൻ | അരുണേന | ഉദയരാഗത്താൽ |
| പ്രാച്യാഃ കകുഭഃ | കിഴക്കേദിക്കിന്റെ | വിലിമ്പൻ | വിലേപനംചെയ്തുകൊണ്ടും, |
| മുഖം | മുഖത്തെ | ചർഷണീനാം | ജനങ്ങളുടെ |
| ശന്തമൈഃ | ഏറ്റവും സുഖദങ്ങളായ | ശുചഃ | സന്താപങ്ങളെ |
| കരൈഃ | സ്വകിരണങ്ങളാവുന്ന കരങ്ങളെക്കൊണ്ടു്, | മൃജൻ | അകററിക്കൊണ്ടും |
| ദീർഘദർശനഃ പ്രിയഃ | ഏറിയ കാലമായി വേർപിരിഞ്ഞിരുന്നു് പ്രത്യാഗമിച്ച പ്രിയ നായകൻ | ഉദഗാത് | ഉദിച്ചുയൎന്നു. |

ദൃഷ്ട്വാ കുമുദ്വന്തമഖണ്ഡമണ്ഡലം രമാനനാഭം നവകുങ്കുമാരുണം
വനം ച തത്കോമളഗോഭിരഞ്ജിതം ജഗൌ കളം വാമദൃശാം മനോഹരം. 3

| | |
|---|---|
| അഖണ്ഡ-മണ്ഡലം | പരിപൂർണ്ണമണ്ഡലാകാരത്തോടുകൂടിയും, |
| രമാനനാഭം | ശ്രീഭഗവതിയുടെ തിരുമുഖത്തോടൊത്ത ശോഭയോടുകൂടിയും, |
| നവകുങ്കുമാരുണം | പുതുകുങ്കുമംപോലെ അരുണവർണ്ണംചേർന്നും ഉദിച്ചുയർന്ന |
| കുമുദ്വന്തം | വെൺതിങ്കളിനേയും, |
| തത്കോമള-ഗോഭിരഞ്ജിതം | അതിന്റെ മൃദുകിരണങ്ങളാൽ എങ്ങും രമണീയമായിരിക്കുന്ന |
| വനം ച ദൃഷ്ട്വാ | വൃന്ദാവനത്തേയും കണ്ട് |
| വാമദൃശാം | സുന്ദരിമാരുടെ |
| മനോഹരം | ഹൃദയം കവരുന്നവിധം |
| കലം | മധുരമായി |
| ജഗൌ | വേണുഗാനം ചെയ്തു. |

നിശമ്യ ഗീതം തദനംഗവർദ്ധനം വ്രജസ്ത്രിയഃ കൃഷ്ണഗൃഹീതമാനസാഃ
ആജഗ്മുരന്യോന്യമലക്ഷിതോദ്യമാഃ സ യത്ര കാന്തോ ജവലോലകുണ്ഡലാഃ. 4

| | |
|---|---|
| അനംഗവർദ്ധനം | കാമോദ്ദീപകമായ |
| തത് ഗീതം | ആ വേണുഗാനം |
| നിശമ്യ | കേട്ട് |
| കൃഷ്ണഗൃഹീത-മാനസാഃ | ഭഗവാനാൽ ആകർഷിക്കപ്പെട്ട മനോവൃത്തികളോടുകൂടിയ |
| വ്രജസ്ത്രിയഃ | ഗോപസ്ത്രീകൾ |
| അന്യോന്യം | തമ്മിൽത്തമ്മിൽ |
| അലക്ഷിതോ-ദ്യമാഃ | കാര്യം ധരിപ്പിക്കാത്തവരായും, |
| ജവലോല-കുണ്ഡലാഃ | ഗമനവേഗത്താൽ ആടിക്കളിക്കുന്ന കർണ്ണഭൂഷണത്തോടുകൂടിയവരായും |
| സഃ കാന്തഃ | ആ ഇഷ്ടകാന്തൻ |
| യത്ര | യാതൊരിടത്താണോ, അവിടേക്ക് |
| ആജഗ്മുഃ | ആഗമിച്ചു. |

ദുഹന്ത്യോഽഭിയയുഃ കാശ്ചിദ്ദോഹം ഹിത്വാ സമുത്സുകാഃ
പയോഽധിശ്രിത്യ സംയാവമനുദ്വാസ്യാപരാ യയുഃ. 5

| | |
|---|---|
| ദുഹന്ത്യഃ | പശുക്കളെ കറന്നുകൊണ്ടിരുന്ന |
| കാശ്ചിത് | ഏതാനും ഗോപികൾ |
| സമുത്സുകാഃ | അങ്ങെത്തുവാൻ തിടുക്കമെഴുന്നിട്ട് |
| ദോഹം ഹിത്വാ | കറവു വേണ്ടെന്നുവെച്ച് |
| അഭിയയുഃ | കടന്നുപോയി. |
| അപരാഃ | മററു ചിലർ |
| പയഃ | പാലും, |
| സംയാവം | പാൽക്കഞ്ഞിയും |
| അധിശ്രിത്യ | അടുപ്പത്തിട്ട്, |
| അനുദ്വാസ്യ | ഇറക്കിവെക്കാതെ |
| യയുഃ | പോയ്ക്കളഞ്ഞു. |

പരിവേഷയന്ത്യസ്തദ്ധിത്വാ പായയന്ത്യഃ ശിശൂൻ പയഃ
ശുശ്രൂഷന്ത്യഃ പതീൻ കാശ്ചിദശ്നന്ത്യോഽപാസ്യ ഭോജനം. 6

| | |
|---|---|
| പരിവേഷയന്ത്യഃ | കുട്ടികൾക്കും മററും ചോറു വിളമ്പിക്കൊടുത്തുകൊണ്ടിരുന്ന |
| കാശ്ചിത് | ഏതാനും ചിലർ |
| തത് ഹിത്വാ | അതുപേക്ഷിച്ചിട്ടും, |
| ശിശൂൻ | കുട്ടികളെ |
| പയഃ പായയന്ത്യഃ | പാൽ കുടിപ്പിച്ചുകൊണ്ടിരുന്നവർ അതു വിട്ടിട്ടും, |
| പതീൻ | ഭർത്താക്കന്മാരെ |
| ശുശ്രൂഷന്ത്യഃ | പരിചരിച്ചിരുന്നവർ അതിൽനിന്ന് വിരമിച്ചിട്ടും, |
| അശ്നന്ത്യഃ | ഉണ്ടുകൊണ്ടിരുന്നവർ |
| ഭോജനം | ഊൺ |
| അപാസ്യ | വേണ്ടെന്നുവെച്ചിട്ടും |
| (അഭിയയുഃ) | കടന്നുപോയി. |

ലിംപന്ത്യഃ പ്രമൃജന്ത്യോഽന്യാ അഞ്ജന്ത്യഃ കാശ്ച ലോചനേ
വ്യത്യസ്തവസ്ത്രാഭരണാഃ കാശ്ചിത് കൃഷ്ണാന്തികം യയുഃ. 7

| | |
|---|---|
| ലിംപന്ത്യഃ | കുറിക്കൂട്ടണിഞ്ഞുകൊണ്ടിരുന്ന |
| അന്യാഃ | വേറെച്ചിലർ അതും, |
| പ്രമൃജന്ത്യഃ | ശരീരം ശുചിയാക്കിക്കൊണ്ടിരുന്നവർ ആ പ്രവൃത്തിയും, |
| ലോചനേ | കൺകളിൽ |
| അഞ്ജന്ത്യഃ | മഷിയെഴുതിയിരുന്ന |
| കാശ്ച | മററുചിലർ അതിനേയും ഉപേക്ഷിച്ചുപോയി. |
| കാശ്ചിത് | ചിലരാകട്ടെ |
| വ്യത്യസ്ത-വസ്ത്രാഭരണാഃ | താറുമാററായി ധരിച്ച ആടയാഭരണങ്ങളോടു കൂടിയവരായിട്ട് |
| കൃഷ്ണാന്തികം | കൃഷ്ണന്റെ അടുക്കലേക്ക് |
| യയുഃ | യാത്രയായി. |

താ വാര്യമാണാഃ പതിഭിഃ പിതൃഭിർഭ്രാതൃബന്ധുഭിഃ
ഗോവിന്ദാപഹൃതാത്മാനോ ന ന്യവർത്തന്ത മോഹിതാഃ. 8

| | |
|---|---|
| പതിഭിഃ | ഭർത്താക്കന്മാരാലും, |
| പിതൃഭിഃ | പിതാക്കന്മാരാലും, |
| ഭ്രാതൃബന്ധുഭിഃ | സോദരന്മാരാലും, ബന്ധുക്കളാലും |
| വാര്യമാണാഃ അപി | തടയപ്പെട്ടിരുന്നിട്ടുംകൂടി |
| ഗോവിന്ദാ-പഹൃതാത്മാനഃ | ഭഗവാനാൽ ആകർഷിക്കപ്പെട്ട ആത്മാവോടുകൂടിയവരായും, |
| മോഹിതാഃ താഃ | മോഹിതകളായും ചമഞ്ഞ അവർ |
| ന ന്യവർത്തന്ത | പിൻതിരിഞ്ഞില്ല. |

അന്തർഗൃഹഗതാഃ കാശ്ചിദ്ഗോപ്യോഽലബ്ധവിനിർഗ്ഗമാഃ
കൃഷ്ണം തദ്ഭാവനായുക്താ ദധ്യുർമ്മീലിതലോചനാഃ. 9

| | |
|---|---|
| അന്തർഗൃഹ-ഗതാഃ | വീട്ടിന്നുള്ളിൽ അകപ്പെട്ടുപോയിരുന്ന |
| കാശ്ചിത് ഗോപ്യഃ | ചില ഗോപികമാർ |
| അലബ്ധ-വിനിർഗ്ഗമാഃ | (ഭർത്താക്കന്മാർ വാതിലടച്ചു ബന്ധിക്കകകാരണം) പുറത്തുകടക്കാൻ നിവൃത്തിയില്ലാത്തവരായതുകൊണ്ട് |
| കൃഷ്ണം | ഭഗവാനെത്തന്നെ |
| തദ്ഭാവനാ-യുക്താഃ | അവിടുത്തെ ഭാവനയോടുകൂടിയവരായി |
| മീലിതലോചനാഃ | കണ്ണടച്ച് |
| ദധ്യുഃ | ധ്യാനിച്ചുകൊണ്ടിരുന്നു. |

ദുഃസഹപ്രേഷ്ഠവിരഹതീവ്രതാപധുതാശുഭാഃ
ധ്യാനപ്രാപ്താച്യുതാശ്ലേഷനിർവൃത്യാ ക്ഷീണമംഗളാഃ. 10
തമേവ പരമാത്മാനം ജാരബുദ്ധ്യാഽപി സംഗതാഃ
ജഹുർഗ്ഗുണമയം ദേഹം സദ്യഃ പ്രക്ഷീണബന്ധനാഃ. 11

| | |
|---|---|
| ദുഃസഹ-പ്രേഷ്ഠവിരഹ-തീവ്രതാപ-ധുതാശുഭാഃ | സഹിച്ചുകൂടാത്ത പ്രിയതമ (ശ്രീകൃഷ്ണ) വിരഹത്തിന്റെ കടുംചൂടുകൊണ്ട് നശിച്ച സമസ്തപാപങ്ങളോടുകൂടിയവരും, |
| ധ്യാനപ്രാപ്താ-ച്യുതാശ്ലേഷ-നിർവൃത്യാ | ധ്യാനത്താൽ ലഭിച്ച കൃഷ്ണാലിംഗനസുഖത്താൽ |
| ക്ഷീണമംഗളാഃ | അവതിവന്ന അഖിലപുണ്യങ്ങളോടുകൂടിയവരും, |

പ്രക്ഷീണബന്ധനാഃ — ഈവിധത്തിൽ പാപപുണ്യരൂപമായ പ്രാരബ്ധബന്ധനം തീരെ അകന്നിട്ടുള്ളവരും ആയ ഗോപസ്ത്രീകൾ
പരമാത്മാനം — പരമാത്മാവായ
തം ഏവ — ആ ശ്രീകൃഷ്ണനെത്തന്നെ
ജാരബുദ്ധ്യാ അപി — ജാരപുരുഷനെന്ന വിചാരത്തോടെയാണെങ്കിലും
സംഗതാഃ — മാനസികമായി സംഗമിച്ച്
സദ്യഃ — ഉടനടി
ഗുണമയം — ത്രിഗുണാത്മകമായ
ദേഹം — ശരീരത്തെ (പ്രാപഞ്ചികതയെ)
ജഹുഃ — ഉപേക്ഷിച്ചു.

**രാജോവാച = പരീക്ഷിത്ത് രാജാവ് ചോദിച്ചു :—**

കൃഷ്ണം വിദുഃ പരം കാന്തം ന തു ബ്രഹ്മതയാ മുനേ
ഗുണപ്രവാഹോപരമസ്താസാം ഗുണധിയാം കഥം. 12

മുനേ — മഹർഷേ!
കൃഷ്ണം — ശ്രീകൃഷ്ണനെ
പരം കാന്തം — കാമുകരൂപനായ ജാരപുരുഷനായിട്ടു മാത്രമേ
വിദുഃ — ഗോപികൾ കരുതിയിരുന്നുള്ളു.
ബ്രഹ്മതയാ തു — പരമാത്മഭാവേനയാകട്ടെ
ന — അവർ കരുതിയിരുന്നില്ല.
ഗുണധിയാം താസാം — കൃഷ്ണന്റെ സൌന്ദര്യാദി ഗുണങ്ങളിൽമാത്രം ബുദ്ധിവെച്ചിരുന്ന അവർക്ക്
ഗുണപ്രവാഹോപരമഃ — ത്രിഗുണങ്ങളുടെ പ്രവാഹരൂപമായ പ്രാപഞ്ചികതയിൽ നിന്നുള്ള നിവൃത്തി
കഥം — ഉണ്ടായതെങ്ങനെ?

**ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—**

ഉക്തം പുരസ്താദേതത്തേ ചൈദ്യഃ സിദ്ധിം യഥാ ഗതഃ
ദ്വിഷന്നപി ഹൃഷീകേശം കിമുതാധോക്ഷജപ്രിയാഃ. 13

ഏതത് തേ — ഇത് അങ്ങയോട്
പുരസ്താത് — മുൻപുതന്നെ
ഉക്തം — പറയപ്പെട്ടതാണ്.
ഹൃഷീകേശം — ഭഗവാനെ
ദ്വിഷൻ അപി — ദ്വേഷിച്ചിരുന്നിട്ടുകൂടി
ചൈദ്യഃ — ശിശുപാലൻ
യഥാ — വേണ്ടവിധം
സിദ്ധിം — ഭഗവൽസായൂജ്യത്തെ
ഗതഃ — പ്രാപിച്ചുവല്ലോ.
അധോക്ഷജപ്രിയാഃ — എന്നിരിക്കെ, ഭഗവാന്റെ പ്രീതിക്ക് പാത്രീഭവിച്ച ഗോപികമാർ
കിമുത — ഭഗവൽസായൂജ്യം പ്രാപിച്ചതിൽ ആശ്ചര്യമെന്തുള്ളൂ?

നൃണാം നിഃശ്രേയസാർത്ഥായ വ്യക്തിർഭഗവതോ നൃപ
അവ്യയസ്യാപ്രമേയസ്യ നിർഗ്ഗുണസ്യ ഗുണാത്മനഃ. 14

നൃപ — രാജൻ!
അവ്യയസ്യ — നിർവ്വികാരനും,
അപ്രമേയസ്യ — ബുദ്ധിക്ക് വിഷയീഭവിക്കാത്തവനും,
നിർഗ്ഗുണസ്യ — ഗുണരഹിതനും,
ഗുണാത്മനഃ — ഗുണനിയന്താവും ആയ
ഭഗവതഃ — ഭഗവാന്റെ
വ്യക്തിഃ — അവതാരം (ബ്രഹ്മതത്തിന്ന് മറവില്ലാത്ത വിധമുള്ള പ്രത്യക്ഷീഭാവം)
നൃണാം — മനുഷ്യർക്ക്
നിഃശ്രേയസാർത്ഥായ — മോക്ഷം സിദ്ധിക്കുന്നതിന്ന് വേണ്ടിയാണ്.

കാമം ക്രോധം ഭയം സ്നേഹമൈക്യം സൌഹൃദമേവ ച
നിത്യം ഹരൌ വിദധതോ യാന്തി തന്മയതാം ഹി തേ. 15

കാമം — (ഗോപികളെപ്പോലെ) കാമത്തെയോ,
ക്രോധം — (ശിശുപാലനെപ്പോലെ) ദ്വേഷത്തെയോ,
ഭയം — (കംസനെപ്പോലെ) ഭയത്തെയോ,
സ്നേഹം — (യശോദയെപ്പോലെ) സ്നേഹത്തെയോ,
ഐക്യം — (പാണ്ഡവരെപ്പോലെ) വേഴ്ചയേയോ,
സൌഹൃദം ഏവ ച — (നാരദാദികളെപ്പോലെ) ഭക്തിഭാവത്തെ തന്നെയോ
നിത്യം — നിരന്തരം
ഹരൌ — ശ്രീഹരിയിൽ
വിദധതഃ തേ — ചേർത്തുകൊണ്ടുള്ളവർ ആരോ അവർ
തന്മയതാം — തൽസായൂജ്യത്തെ
യാന്തി ഹി — പ്രാപിക്കുകതന്നെ ചെയ്യുന്നു.

ന ചൈവം വിസ്മയഃ കാര്യോ ഭവതാ ഭഗവത്യജേ
യോഗേശ്വരേശ്വരേ കൃഷ്ണേ യത ഏതദ്വിമുച്യതേ. 16

യതഃ — യാതൊരുവനാൽ
ഏതത് — ചരാചരാത്മകമായി ഇക്കാണായ ജീവലോക മത്രയും
വിമുച്യതേ — മായാബന്ധത്തിൽനിന്നു വിമുക്തമാക്കപ്പെടുന്നുവോ,
(തസ്മിൻ) അജേ — ആ ജന്മരഹിതനായ,
യോഗേശ്വരേശ്വരേ — യോഗേശ്വരന്മാൎക്കും ഈശ്വരനായ
കൃഷ്ണേ ഭഗവതി — ശ്രീകൃഷ്ണപരമാത്മാവിൻ വിഷയത്തിൽ
ഏവം ച — ഇങ്ങനേയും മററും
ഭവതാ — അങ്ങയാൽ
വിസ്മയഃ ന കാര്യഃ — സന്ദേഹരൂപത്തിൽ അത്ഭുതപ്പെടേണ്ടതില്ല.

താ ദൃഷ്ട്വാന്തികമായാതാ ഭഗവാൻ വ്രജയോഷിതഃ
അവദദ്വദതാം ശ്രേഷ്ഠോ വാചഃപേശൈർവ്വിമോഹയൻ. 17

അന്തികം — തന്റെ സമീപത്തിലേക്ക്
ആയാതാഃ — വന്നുചേൎന്ന
താഃ വ്രജയോഷിതഃ — ആ ഗോപികമാരെ
ദൃഷ്ട്വാ — കണ്ട്,
വാചഃ — വാക്കിന്റെ
പേശൈഃ — പ്രയോഗഭംഗികളാൽ
വിമോഹയൻ — അവരെ മോഹിപ്പിച്ചുകൊണ്ട്
വദതാം — വാഗ്മികളിൽവെച്ച്
ശ്രേഷ്ഠഃ — ശ്രേഷ്ഠനായ
ഭഗവാൻ — ഭഗവാൻ ശ്രീകൃഷ്ണൻ
അവദത് — ഈവിധം പറഞ്ഞു.

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

സ്വാഗതം വോ മഹാഭാഗാഃ പ്രിയം കിം കരവാണി വഃ
വ്രജസ്യാനാമയം കച്ചിദ് ബ്രൂതാഗമനകാരണം. 18

മഹാഭാഗാഃ — സൌഭാഗ്യവതികളെ!
വഃ സ്വാഗതം — നിങ്ങൾക്കു സ്വാഗതം
കിം പ്രിയം — ഏതൊരു ഇഷ്ടകാൎയ്യം
വഃ — നിങ്ങൾക്ക്
കരവാണി — ഞാൻ ചെയ്യേണ്ടതുണ്ട്?
വ്രജസ്യ — ഗോകുലത്തിലുള്ളവൎക്ക്
അനാമയം കച്ചിത് — ക്ഷേമമല്ലയോ?
ആഗമനകാരണം — ഇവിടെക്കു വരുവാനുള്ള കാരണം
ബ്രൂത — വ്യക്തമായി പറയുവിൻ

രജന്യേഷാ ഘോരരൂപാ ഘോരസത്ത്വനിഷേവിതാ
പ്രതിയാത വ്രജം നേഹ സ്ഥേയം സ്ത്രീഭിഃ സുമദ്ധ്യമാഃ. 19

| | | | |
|---|---|---|---|
| സുമദ്ധ്യമാഃ | സുന്ദരിമാരേ! | വ്രജം | ഗോകുലത്തിലേക്ക് |
| ഏഷാ രജനീ | ഈ രാത്രി | പ്രതിയാത | തിരിച്ചുപോകുവിൻ. |
| ഘോരരൂപാ | ഭയാനകരൂപത്തോടു കൂടിയതായും, | ഇഹ | ഇവിടെ |
| ഘോരസത്ത്വനിഷേവിതാ | ഭയങ്കരവന്യജന്തുക്കളുടെ സഞ്ചാരത്തോടുകൂടിയതായും ഇരിക്കുന്നു. | സ്ത്രീഭിഃ | സ്ത്രീകൾ |
| | | ന സ്ഥേയം | നില്ക്കരുത്. |

മാതരഃ പിതരഃ പുത്രാ ഭ്രാതരഃ പതയശ്ച വഃ
വിചിന്വന്തി ഹ്യപശ്യന്തോ മാ കൃഢ്വം ബന്ധുസാദ്ധ്വസം. 20

| | | | |
|---|---|---|---|
| വഃ | നിങ്ങളുടെ | പതയഃ ച | ഭർത്താക്കന്മാരും |
| മാതരഃ | അമ്മമാരും, | അപശ്യന്തഃ | നിങ്ങളെ കാണാതെ |
| പിതരഃ | അച്ഛന്മാരും, | വിചിന്വന്തി ഹി | തിരയുന്നുണ്ടാവും. |
| പുത്രാഃ | മക്കളും, | ബന്ധുസാദ്ധ്വസം മാ കൃഢ്വം | ബന്ധുക്കളെ പരിഭ്രമിപ്പിക്കരുത്. |
| ഭ്രാതരഃ | സോദരന്മാരും, | | |

ദൃഷ്ടം വനം കുസുമിതം രാകേശകരരഞ്ജിതം
യമുനാനിലലീലൈജത്തരുപല്ലവശോഭിതം. 21

| | | | |
|---|---|---|---|
| കുസുമിതം | പൂത്തുനില്ക്കുന്നതും | യമുനാനിലലീലൈജത്തരുപല്ലവശോഭിതം | യമുനാമാരുതന്റെ മന്ദയാനത്താൽ ഇളകുന്ന വൃക്ഷത്തളിരുകളാൽ ശോഭയാർന്നതും ആയ |
| രാകേശകരരഞ്ജിതം | പൂർണ്ണചന്ദ്രന്റെ പൂനിലാവുകൊണ്ട് തെളിഞ്ഞിരിക്കുന്നതും | വനം | വനം (നിങ്ങളാൽ) |
| | | ദൃഷ്ടം | കാണപ്പെട്ടുകഴിഞ്ഞു. |

തദ്യാത മാ ചിരം ഗോഷ്ഠം ശുശ്രൂഷദ്ധ്വം പതീൻ സതീഃ
ക്രന്ദന്തി വത്സാ ബാലാശ്ച താൻ പായയത ദുഹ്യത. 22

| | | | |
|---|---|---|---|
| തത് | അതിനാൽ | ബാലാഃ | കുട്ടികളും, |
| ഗോഷ്ഠം | ഗോകുലത്തിലേക്ക് | വത്സാഃ ച | പശുക്കുട്ടികളും |
| യാത | പോകുവിൻ. | ക്രന്ദന്തി | നിലവിളിക്കുന്നുണ്ടാവും. |
| മാ ചിരം | അമാന്തം വേണ്ടാ. | താൻ | അവരെ |
| സതീഃ | പതിവ്രതകളേ! | പായയത | പാൽ കുടിപ്പിക്കുവിൻ; |
| പതീൻ | ഭർത്താക്കന്മാരെ | ദുഹ്യത | പശുക്കളെ കറക്കുവിൻ. |
| ശുശ്രൂഷദ്ധ്വം | ശുശ്രൂഷിക്കുവിൻ. | | |

അഥവാ മദഭിസ്നേഹാദ്ഭവത്യോ യന്ത്രിതാശയാഃ
ആഗതാ ഹ്യുപപന്നം വഃ പ്രീയന്തേ മയി ജന്തവഃ. 23

| | |
|---|---|
| അഥവാ | ഒരു പക്ഷേ |
| മദഭിസ്നേഹാത് | എന്നിലുള്ള സ്നേഹാധിക്യം നിമിത്തം |
| യന്ത്രിതാശയാഃ | മനോനിയന്ത്രണം ചെയ്തുകൊണ്ട് |
| ഭവത്യഃ | നിങ്ങളെല്ലാം |
| ആഗതാഃ | ഇങ്ങ് വന്നവരാണെങ്കിൽ |
| വഃ | അത് നിങ്ങൾക്ക് |
| ഉപപന്നം | യുക്തമായതുതന്നെ. |
| ഹി മയി | എന്തെന്നാൽ, എന്നിൽ |
| ജന്തവഃ | എല്ലാ ജീവികളും |
| പ്രീയന്തേ | സ്നേഹമുള്ളവരാണ്. |

ഭർത്തുഃ ശുശ്രൂഷണം സ്ത്രീണാം പരോ ധർമ്മോ ഹ്യമായയാ
തദ്ബന്ധൂനാം ച കല്യാണ്യഃ പ്രജാനാം ചാനുപോഷണം. 24

| | |
|---|---|
| കല്യാണ്യഃ | സുമംഗലികളേ ! |
| അമായയാ | കപടമില്ലാതെ |
| ഭർത്തുഃ | ഭർത്താവിന്റേയും, |
| തദ്ബന്ധൂനാം ച | അവന്റെ ബന്ധുക്കളേയും, |
| ശുശ്രൂഷണം | പരിചരിക്കുക, |
| പ്രജാനാം ച | സന്താനങ്ങളേയും |
| അനുപോഷണം | വളർത്തുക എന്നുള്ളത് |
| സ്ത്രീണാം | സ്ത്രീകളുടെ |
| പരഃ ധർമ്മഃ ഹി | ഉൽകൃഷ്ടധർമ്മമാണല്ലോ. |

ദുശ്ശീലോ ദുർഭഗോ വൃദ്ധോ ജഡോ രോഗ്യധനോഽപി വാ
പതിഃ സ്ത്രീഭിർന്ന ഹാതവ്യോ ലോകേപ്സുഭിരപാതകീ. 25

| | |
|---|---|
| പതിഃ | ഭർത്താവ് |
| ദുശ്ശീലഃ | ശീലംകെട്ടവനായാലും, |
| ദുർഭഗഃ | ഭാഗ്യക്കേടുള്ളവനായാലും, |
| വൃദ്ധഃ | വൃദ്ധനായാലും, |
| ജഡഃ | മൂർഖനായാലും, |
| രോഗീ | ദീനക്കാരനായാലും, |
| അധനഃ അപി വാ | പണമില്ലാത്തവനായാലും ശരി; അവൻ |
| അപാതകീ | മഹാപാതകമുള്ളവനല്ലെങ്കിൽ |
| ലോകേപ്സുഭിഃ | പുണ്യലോകം കാംക്ഷിക്കുന്ന |
| സ്ത്രീഭിഃ | സ്ത്രീകളാൽ |
| ന ഹാതവ്യഃ | ഉപേക്ഷിക്കപ്പെടാവുന്നതല്ല. |

അസ്വർഗ്ഗ്യമയശസ്യം ച ഫല്ഗു കൃച്ഛ്രം ഭയാവഹം
ജുഗുപ്സിതം ച സർവ്വത്ര ഔപപത്യം കുലസ്ത്രിയാഃ. 26

| | |
|---|---|
| കുലസ്ത്രിയാഃ | ഒരു കുലസ്ത്രീക്ക് |
| ഔപപത്യം | ജാരസംസർഗ്ഗം |
| അസ്വർഗ്ഗ്യം | സ്വർഗ്ഗപ്രാപ്തിക്കു പ്രതിബന്ധമായതും, |
| അയശസ്യം ച | ചീത്തപ്പേരുണ്ടാക്കുന്നതും ആകുന്നു; |
| ഫല്ഗു | കുറച്ചിലും, |
| കൃച്ഛ്രം | കഷ്ടകരവും |
| ഭയാവഹം | ഭയജനകവും, |
| സർവ്വത്ര | എല്ലായിടത്തും |
| ജുഗുപ്സിതം ച | നിഷിദ്ധമായുള്ളതും ആകുന്നു. |

ശ്രവണാദ്ദർശനാദ്ധ്യാനാന്മയി ഭാവോഽനുകീർത്തനാത്
ന തഥാ സന്നികർഷേണ പ്രതിയാത തതോ ഗൃഹാൻ. 27

| | |
|---|---|
| ശ്രവണാത് | ശ്രവണംകൊണ്ടും |
| ദർശനാത് | ദർശനംകൊണ്ടും, |
| ധ്യാനാത് | ധ്യാനംകൊണ്ടും, |
| അനുകീർത്തനാത് | സങ്കീർത്തനംകൊണ്ടും |
| മയി | എന്നിൽ |
| ഭാവഃ | യാതൊരുപ്രകാരത്തിലുള്ള ഭക്തിയുണ്ടാകുന്നുവോ |
| തഥാ | അപ്രകാരത്തിലുള്ളത് |
| സന്നികർഷേണ | എന്നോടുചേർന്നുള്ള ദേഹബന്ധംകൊണ്ട് |
| ന | ഉണ്ടാകയില്ല. |
| തതഃ | ആകയാൽ |
| ഗൃഹാൻ | സ്വഗൃഹങ്ങളിലേക്ക് |
| പ്രതിയാത | തിരികെപ്പോകുവിൻ. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇതി വിപ്രിയമാകർണ്ണ്യ ഗോപ്യോ ഗോവിന്ദഭാഷിതം
വിഷണ്ണാ ഭഗ്നസങ്കല്പാശ്ചിന്താമാപുർദ്ദുരത്യയാം. 28

| | |
|---|---|
| ഇതി വിപ്രിയം | ഇപ്രകാരം വിപ്രിയമായ |
| ഗോവിന്ദ-ഭാഷിതം | ഭഗവാന്റെ വചനത്തെ |
| ആകർണ്ണ്യ | കേട്ടിട്ട് |
| ഗോപ്യഃ | ഗോപികമാർ |
| വിഷണ്ണാഃ | ദുഃഖിതകളായും, |
| ഭഗ്നസങ്കല്പാഃ | ആശ തകർന്നവരായും ഭവിച്ച് |
| ദുരത്യയാം | അററമില്ലാത്ത |
| ചിന്താം ആപുഃ | ചിന്തയെ പ്രാപിച്ചു. |

കൃത്വാ മുഖാന്യവ ശുചഃ ശ്വസനേന ശുഷ്യദ്-
ബിംബാധരാണി ചരണേന ഭുവം ലിഖന്ത്യഃ
അസ്രൈരുപാത്തമഷിഭിഃ കുചകുങ്കുമാനി
തസ്ഥുർമൃജന്ത്യ ഉരുദുഃഖഭരാഃ സ്മ തൂഷ്ണീം. 29

| | |
|---|---|
| ശുചഃ | സന്താപം നിമിത്തമുണ്ടായ |
| ശ്വസനേന | നിശ്വാസത്താൽ |
| ശുഷ്യദ്-ബിംബാധരാണി | വരണ്ടുപോയ തൊണ്ടിപ്പഴത്തോടൊത്ത ചുണ്ടുകളോടുകൂടിയ |
| മുഖാനി | മുഖങ്ങളെ |
| അവ കൃത്വാ | കുനിച്ച് |
| ചരണേന | കാലുകൊണ്ട് |
| ഭുവം ലിഖന്ത്യഃ | ഭൂമിയിൽ വരച്ചുകൊണ്ടും, |
| ഉപാത്തമഷിഭിഃ | മഷികലർന്നിട്ടുള്ള |
| അസ്രൈഃ | കണ്ണുനീരാൽ |
| കുചകുങ്കുമാനി | കൊങ്കത്തടത്തിലുള്ള കുങ്കുമങ്ങളെ |
| മൃജന്ത്യഃ | കഴുകിക്കളഞ്ഞുകൊണ്ടും |
| ഉരുദുഃഖഭരാഃ | പെരുകിയ ശോകഭാരത്തോടുകൂടിയവരായിട്ട് |
| തൂഷ്ണീം | മിണ്ടാതെ |
| തസ്ഥുഃ സ്മ | ഗോപിമാർ നിന്നു. |

പ്രേഷ്ഠം പ്രിയേതരമിവ പ്രതിഭാഷമാണം
കൃഷ്ണം തദർത്ഥവിനിവർത്തിതസർവ്വകാമാഃ
നേത്രേ വിമൃജ്യ രുദിതോപഹതേ സ്മ കിഞ്ചിത്
സംരംഭഗദ്ഗദഗിരോഽബ്രുവതാനുരക്താഃ. 30

| | |
|---|---|
| പ്രേഷ്ഠം | ഏററവും |
| കൃഷ്ണം | പ്രിയനായ കൃഷ്ണനെ |
| പ്രിയേതരം ഇവ | പ്രിയതയില്ലാത്തവനെ പോലെ |
| പ്രതിഭാഷമാണം | പ്രതികൂലം പറയുന്ന ആളായിട്ടുകണ്ട് |
| തദർത്ഥ-വിനിവർത്തിത-സർവ്വകാമാഃ | അവിടത്തേക്കുവേണ്ടി തീരെ പരിത്യജിക്കപ്പെട്ട സമസ്തകാമങ്ങളോടുകൂടിയ |

| | |
|---|---|
| അനുരക്താഃ | ആ അനുരാഗവതികൾ |
| കിഞ്ചിത് | കുറഞ്ഞൊരു |
| സംരംഭ- ഗദ്ഗദഗിരഃ | കോപാവേശത്താൽ ഇടറുന്ന വാക്കുകളോടു കൂടിയവരായിട്ട് |
| രുദിതോപഹതേ | കരച്ചിൽവന്നു് കണ്ണീരുറ്റി കാഴ്ചയില്ലാതെയായ |
| നേത്രേ | കൺകളെ |
| വിമൃജ്യ | തുടച്ചുകൊണ്ടു് |
| അബ്രുവത സ്മ | ഇങ്ങനെ പറഞ്ഞു. |

ഗോപ്യ ഊചുഃ = ഗോപികമാർ പറഞ്ഞു :—

മൈവം വിഭോഽർഹതി ഭവാൻ ഗദിതും നൃശംസം
സന്ത്യജ്യ സർവ്വവിഷയാംസ്തവ പാദമൂലം
ഭക്താ ഭജസ്വ ദുരവഗ്രഹ മാ ത്യജാസ്മാൻ
ദേവോ യഥാഽഽദിപുരുഷോ ഭജതേ മുമുക്ഷൂൻ. 31

| | |
|---|---|
| വിഭോ | ഹേ പ്രഭോ ! |
| ഏവം | ഈ വിധത്തിൽ |
| നൃശംസം | അതിക്രൂരവാക്ക് |
| ഗദിതും | ഉച്ചരിക്കുവാൻ |
| ഭവാൻ | താങ്കൾ |
| മാ അർഹതി | അർഹിക്കുന്നില്ല. |
| സർവ്വവിഷയാൻ | എല്ലാ വിഷയസുഖങ്ങളേയും |
| സന്ത്യജ്യ | തള്ളിക്കളഞ്ഞു് |
| തവ | ഭവാന്റെ |
| പാദമൂലം | പാദമൂലത്തെ |
| ഭക്താഃ | ഭജിച്ചുതുടങ്ങിയ |
| അസ്മാൻ | ഞങ്ങളെ |
| മാ ത്യജ | കൈവിട്ടുകളയരുതേ ! |
| ദുരവഗ്രഹ | അല്ലയോ സ്വതന്ത്രാത്മൻ ! |
| ദേവഃ | ഭഗവാൻ |
| ആദിപുരുഷഃ | ശ്രീനാരായണൻ |
| മുമുക്ഷൂൻ | മോക്ഷാർത്ഥികളെ |
| യഥാ ഭജന്തേ | കൈവിടാതെ (അവക്കു്) മോക്ഷം നല്കി അനുഗ്രഹിക്കുന്നപോലെ |
| ഭജസ്വ | ഭവാൻ ഞങ്ങളേയും അനുഗ്രഹം നിറവേററിത്തന്നു് അനുഗ്രഹിച്ചാലും. |

യത് പത്യപത്യസുഹൃദാമനുവൃത്തിരംഗ
സ്ത്രീണാം സ്വധർമ്മ ഇതി ധർമ്മവിദാ ത്വയോക്തം
അസ്ത്വേവമേതദുപദേശപദേ ത്വയീശേ
പ്രേഷ്ഠോ ഭവാംസ്തനുഭൃതാം കില ബന്ധുരാത്മാ. 32

| | |
|---|---|
| അംഗ | പ്രഭോ ! |
| പത്യപത്യ- സുഹൃദാം | ഭർത്താവിന്റേയും, പുത്രന്മാരുടേയും ബന്ധുക്കളുടേയും |
| അനുവൃത്തിഃ | സേവനമാണ് |
| സ്ത്രീണാം | സ്ത്രീകളുടെ |
| സ്വധർമ്മഃ ഇതി | സ്വധർമ്മമെന്നു് |
| ധർമ്മവിദാ | ധർമ്മജ്ഞനായ |
| ത്വയാ | ഭവാനാൽ |
| ഉക്തം | പറയപ്പെട്ടുവല്ലോ ; |
| യത് ഏവം | അതു് ശരിതന്നെ. |
| ഏതത് | എന്നാൽ, ഈ സേവനം |
| ഉപദേശപദേ | ആ ധർമ്മോപദേശങ്ങളുടെ ലക്ഷ്യസ്ഥാനവും, |
| ഈശേ | സർവ്വേശ്വരനുമായ |
| ത്വയി അസ്തു | ഭവാങ്കൽത്തന്നെയാകട്ടെ |
| തനുഭൃതാം | ഉടലെടുത്തവർക്കെല്ലാം |
| പ്രേഷ്ഠഃ | അതിപ്രിയനും, |
| ബന്ധുഃ ആത്മാ | ബന്ധുവും, ആത്മാവും |
| ഭവാൻ കില | ഭവാനത്രേ. |

കുർവ്വന്തി ഹി ത്വയി രതിം കുശലാഃ സ്വ ആത്മൻ
നിത്യപ്രിയേ പതിസുതാദിഭിരാർത്തിദൈഃ കിം
തന്നഃ പ്രസീദ പരമേശ്വര മാ സ്മ ഛിന്ദ്യാ
ആശാം ഭൃതാം ത്വയി ചിരാദരവിന്ദനേത്ര. 33

| | | | |
|---|---|---|---|
| കുശലാഃ | ശാസ്ത്രപരിജ്ഞാനമുള്ളവർ | തത് | ആകയാൽ |
| നിത്യപ്രിയേ | ശാശ്വതപ്രിയനായും, | പരമേശ്വര | ഹേ സർവ്വേശ്വര! |
| സ്വേ ആത്മൻ | സ്വന്തം ആത്മാവായും ഇരിക്കുന്ന | നഃ പ്രസീദ | ഞങ്ങളെ പ്രസാദിച്ചാലും. |
| ത്വയി ഹി | ഭവാനിൽത്തന്നെ | അരവിന്ദനേത്ര | താമരക്കണ്ണാ! |
| രതിം കുർവ്വന്തി | രമിച്ചുകൊണ്ടിരിക്കുന്നു. | ചിരാത് | ദീർഘകാലമായി |
| ആർത്തിദൈഃ | ക്ലേശമേകുന്ന | ത്വയി | അങ്ങയിൽ |
| പതിസുതാദിഭിഃ | ഭർത്തൃപുത്രാദികളെക്കൊണ്ട് | ഭൃതാം | സംഭരിക്കപ്പെട്ടതായ |
| | | ആശാം | ആശാപാശത്തെ |
| കിം | പ്രയോജനമെന്ത്? | മാ ഛിന്ദ്യാഃ സ്മ | അറുത്തുകളയരുതേ! |

ചിത്തം സുഖേന ഭവതാഽപഹൃതം ഗൃഹേഷു
യന്നിർവ്വിശത്യുത കരാവപി ഗൃഹ്യകൃത്യേ
പാദൌ പദം ന ചലതസ്തവ പാദമൂലാ-
ദ്യാമഃ കഥം വ്രജമഥോ കരവാമ കിം വാ. 34

| | | | |
|---|---|---|---|
| യത് ചിത്തം | ഞങ്ങളുടെ യാതൊരു ചിത്തമാണോ | കരൌ അപി | ഇരുകരങ്ങളും അപഹരിക്കപ്പെട്ടു. |
| ഗൃഹേഷു | ഗൃഹകൃത്യങ്ങളിൽ | പാദൌ | ഞങ്ങളുടെ കാലുകൾ |
| നിർവ്വിശതി | ചെന്നിരുന്നത്, അത് | തവ | അങ്ങയുടെ |
| ഭവതാ | അങ്ങയാൽ | പാദമൂലാത് | പാദാന്തികത്തിൽനിന്ന് |
| സുഖേന | വളരെ എളുപ്പത്തിൽ | പദം | ഒരടിപോലും |
| അപഹൃതം | അപഹരിക്കപ്പെട്ടു. | ന ചലതഃ | ഇളകുന്നില്ല. |
| ഉത | മാത്രമോ, | വ്രജം | ഗോകുലത്തിലേക്ക് |
| ഗൃഹ്യകൃത്യേ | വീട്ടുജോലിയിൽ ഏർപ്പെട്ടിരുന്ന | കഥം യാമഃ | എങ്ങനെ പോകും? |
| | | അഥഃ | അഥവാ, പോയാൽക്കൂടി |
| | | കിം വാ കരവാമ | എന്തു ചെയ്‌വാനാണ്? |

സിഞ്ചാംഗ നസ്ത്വദധരാമൃതപൂരകേണ
ഹാസാവലോകകളഗീതജഹൃച്ഛയാഗ്നിം
നോ ചേദ്വയം വിരഹജാഗ്ന്യുപയുക്തദേഹാ
ധ്യാനേന യാമ പദയോഃ പദവീം സഖേ തേ. 35

അംഗ സഖേ — പ്രിയ സുഹൃത്തേ!
ത്വദധരാമൃത-പൂരകേണ — അങ്ങയുടെ അധരാമൃതത്തിന്റെ പ്രവാഹം കൊണ്ട്
നഃ ഹാസാവലോകകളഗീതജഹൃച്ഛയാഗ്നിം — അങ്ങയുടെ പുഞ്ചിരിയോടുകൂടിയ നോട്ടത്താലും, മധുരമായ സംഗീതത്താലും ഞങ്ങൾക്കുണ്ടായിരിക്കുന്ന മന്മഥാഗ്നിയെ
സിഞ്ച — നനച്ചുകെടുത്തുക.
നോ ചേത് — അല്ലാത്തപക്ഷം
വയം — ഞങ്ങൾ
വിരഹജാഗ്ന്യുപയുക്തദേഹാഃ — അങ്ങയുടെ വിരഹത്തിൽനിന്നുണ്ടായ കൊടുംതീയിൽ വെന്തെരിഞ്ഞ ശരീരത്തോടുകൂടിയവരായിട്ട്
ധ്യാനേന — ധ്യാനത്താൽ
തേ പാദയോഃ — ഭവൽത്തൃപ്പാദങ്ങളുടെ
പദവീം — സന്നിധാനത്തെ
യാമ — പ്രാപിക്കുന്നതാണ്.

യർഹ്യംബുജാക്ഷ തവ പാദതലം രമായാ
ദത്തക്ഷണം ക്വചിദരണ്യജനപ്രിയസ്യ
അസ്പ്രാക്ഷ്മ തത്പ്രഭൃതി നാന്യസമക്ഷമംഗ
സ്ഥാതും ത്വയാഽഭിരമിതാ ബത പാരയാമഃ. 36

അംഗ — പ്രിയതമ!
അംബുജാക്ഷ — ചെന്താമരക്കണ്ണാ!
യർഹി — എപ്പോളൊരിക്കൽ
ക്വചിത് — വനത്തിൽ ഒരിടത്തുവെച്ച്
അരണ്യജന-പ്രിയസ്യ — വനവാസിജനങ്ങളോട് പ്രീതിയുള്ള
തവ — അങ്ങയുടെ
രമായാഃ — ലക്ഷ്മീദേവിക്കുംകൂടി, ചിലനേരത്തുമാത്രം
ദത്തക്ഷണം — ഭവാനോടൊത്തു രമിക്കുവാൻ അവസരം നൽകിയ
പാദതലം — ചെന്താരടിയെ
അസ്പ്രാക്ഷ്മ — ഞങ്ങൾ സ്പർശിച്ചുവോ,
ത്വയാ — അങ്ങയാൽ
അഭിരമിതാഃ — ആനന്ദിതരായും ഭവിച്ചുവോ
തത്പ്രഭൃതി — അന്നുമുതല്ക്ക്
അന്യസമക്ഷം — അന്യന്റെ മുന്നിൽ
സ്ഥാതും ബത — നില്ക്കുവാൻ, അയ്യോ!
ന പാരയാമഃ — ഞങ്ങൾ കഴിവില്ലാത്തവരായിരിക്കുന്നു.

ശ്രീർയ്യത്പദാംബുജരജശ്ചകമേ തുളസ്യാ
ലബ്ധ്വാപി വക്ഷസി പദം കില ഭൃത്യജുഷ്ടം
യസ്യാഃ സ്വവീക്ഷണകൃതേഽന്യസുരപ്രയാസ-
സ്തദ്വദ്വയം ച തവ പാദരജഃ പ്രപന്നാഃ. 37

യസ്യാഃ — യാതൊരുവളുടെ
സ്വവീക്ഷണ-കൃതേ — കരുണാകടാക്ഷം തങ്ങൾക്കു ലഭിക്കുവാൻവേണ്ടി
അന്യസുര-പ്രയാസഃ — ബ്രഹ്മാദികളായ മററു ദേവന്മാർ കഷ്ടപ്പെടുന്നുവോ,
(സാ) ശ്രീഃ — ആ ശ്രീഭഗവതി
വക്ഷസി — തിരുമാറിടത്തിൽ
പദം ലബ്ധ്വാ അപി — നിർബ്ബാധമായ സ്ഥാനം ലഭിച്ചിട്ടുകൂടിയും
ഭൃത്യജുഷ്ടം — അനേകം സേവകജനങ്ങൾ സേവിക്കപ്പെട്ട

യത് പാദാംബുജരജഃ — യാതൊരു ഭവാന്റെ തൃപ്പാദകമലങ്ങളുടെ പാംസുക്കളെ
തുളസ്യാ — തുളസിയോടൊപ്പം
ചകമേ കില — ആഗ്രഹിച്ചുപോലും.

തദ്വത് — അതുപോലെ
വയം ച — ഞങ്ങളും
തവ — അങ്ങയുടെ
പാദരജഃ — തൃപ്പാദപാംസുക്കളെ
പ്രപന്നാഃ — ഏല്പുവാൻ വന്നിരിക്കുന്നു.

തന്നഃ പ്രസീദ വൃജിനാർദ്ദന തേഽങ്ഘ്രിമൂലം
പ്രാപ്താ വിസൃജ്യ വസതീസ്ത്വദുപാസനാശാഃ
ത്വത്സുന്ദരസ്മിതനിരീക്ഷണതീവ്രകാമ-
തപ്താത്മനാം പുരുഷഭൂഷണ ദേഹി ദാസ്യം. 38

തത് — ആകയാൽ
വൃജിനാർദ്ദന — ഹേ ദുരിതനാശന !
ത്വദുപാസനാശാഃ — അങ്ങയെ സേവിക്കുന്നതിൽ ആശയുള്ളതുകൊണ്ടു
വസതീഃ — വാസഗൃഹങ്ങളേയും
വിസൃജ്യ — വെടിഞ്ഞു,
തേ — അങ്ങയുടെ
അങ്ഘ്രിമൂലം — പാദാന്തികത്തെ
പ്രാപ്താഃ — പ്രാപിച്ചിരിക്കുന്ന

നഃ — ഞങ്ങളെ
പ്രസീദ — പ്രസാദിച്ചാലും.
പുരുഷഭൂഷണ — പുരുഷാലങ്കാരമേ !
ത്വത്സുന്ദരസ്മിതനിരീക്ഷണതീവ്രകാമതപ്താത്മനാം — അങ്ങയുടെ മോഹനമന്ദസ്മിതം ചേർന്ന നോട്ടത്താലുണ്ടായ ഉഗ്രകാമാഗ്നിയാൽ ഉള്ളെരിഞ്ഞിരിക്കുന്ന ഞങ്ങൾക്കു
ദാസ്യം ദേഹി — ദാസ്യം അനുവദിക്കണേ !

വീക്ഷ്യാളകാവൃതമുഖം തവ കുണ്ഡലശ്രീ-
ഗണ്ഡസ്ഥലാധരസുധം ഹസിതാവലോകം
ദത്താഭയം ച ഭുജദണ്ഡയുഗം വിലോക്യ
വക്ഷഃ ശ്രിയൈകരമണം ച ഭവാമ ദാസ്യഃ. 39

കുണ്ഡലശ്രീഗണ്ഡസ്ഥലാധരസുധം — കുണ്ഡലഭൂഷണങ്ങളുടെ ശോഭയേറുന്ന കവിൾത്തടങ്ങളോടും, സുധാരസമുള്ള അധരത്തോടും,
ഹസിതാവലോകനം — പുഞ്ചിരിയോടൊത്തുള്ള വീക്ഷണത്തോടും കൂടിയതായി,
തവ അളകാവൃതമുഖം — കുറുനിരകളാൽ പരിവൃതമായിരിക്കുന്ന അങ്ങയുടെ തിരുമുഖത്തെ
വീക്ഷ്യ — കണ്ടു,—

ദത്താഭയം — ഭക്തർക്ക് അഭയംകൊടുത്ത
ഭുജദണ്ഡയുഗം ച — ഇരുകൈത്തണ്ടുകളേയും,
ശ്രിയഃ — ലക്ഷ്മീദേവിക്കു
ഏകരമണം — ശ്രേഷ്ഠമായ രതിസുഖമരുളുന്ന
വക്ഷഃ ച — തിരുമാറിടത്തേയും
വിലോക്യ — കണ്ടു
ദാസ്യഃ ഭവാമ — ഞങ്ങൾ അങ്ങയുടെ ദാസികളായി ഭവിച്ചുകൊള്ളട്ടെ.

കാ സ്ത്ര്യംഗ തേ കളപദായതമൂർച്ഛിതേന
സമ്മോഹിതാഽഽര്യചരിതാന്ന ചലേത് ത്രിലോക്യാം
ത്രൈലോക്യസൌഭഗമിദം ച നിരീക്ഷ്യ രൂപം
യദ് ഗോദ്വിജദ്രുമമൃഗാഃ പുളകാന്യബിഭ്രൻ. 40

| | |
|---|---|
| അംഗ തേ | പ്രഭോ ! അങ്ങയുടെ |
| കളപദായതമൂർച്ഛിതേന | മധുരപദങ്ങളോടുകൂടിയ സുദീർഘമായ സ്വരാലാപത്താൽ |
| സമ്മോഹിതാഃ | അത്യന്തം മോഹിതകളായിച്ചമഞ്ഞു്, |
| ത്രൈലോക്യസൌഭഗം | മൂപ്പാരിലുംവെച്ചു് മികച്ച സൌന്ദര്യമുള്ള |
| ഇദം രൂപം ച | ഈ പ്രത്യക്ഷരൂപത്തെയും |
| നിരീക്ഷ്യ | ദർശിച്ചശേഷം |
| ത്രിലോക്യാം | മൂന്നുലോകത്തിലും |
| കാ സ്ത്രീ | ഏതൊരു സ്ത്രീയാണു് |
| ആര്യചരിതാത് | സദാചാരനിയമത്തിൽനിന്നു് |
| ന ചലേത് | വ്യതിചലിക്കാതിരിക്കുക ? |
| യദ് ഗോദ്വിജദ്രുമമൃഗാഃ | യാതൊരു ഈ മധുരസ്വരാലാപം കേട്ടും, സുന്ദരരൂപം കണ്ടും പശുക്കളും, പക്ഷികളും, വൃക്ഷങ്ങളും, മാനുകളും എന്നിവകൂടിയും |
| പുളകാനി അബിഭ്രൻ | രോമാഞ്ചം കൊണ്ടിരിക്കുന്നു. |

വ്യക്തം ഭവാൻ വ്രജഭയാർത്തിഹരോഽഭിജാതോ
ദേവോ യഥാഽഽദിപുരുഷഃ സുരലോകഗോപ്താ
തന്നോ നിധേഹി കരപങ്കജമാർത്തബന്ധോ
തപ്തസ്തനേഷു ച ശിരസ്സു ച കിങ്കരീണാം. 41

| | |
|---|---|
| ആർത്തബന്ധോ | ദീനരക്ഷക ! |
| ദേവഃ | ഭഗവാൻ |
| ആദിപുരുഷഃ | ശ്രീനാരായണൻ |
| സുരലോകഗോപ്താ | ദേവലോകത്തിന്റെ സംരക്ഷകനായിട്ടു് |
| യഥാ | എപ്രകാരം ഉപേന്ദ്രനായവതരിച്ചുവോ, |
| ഭവാൻ | അവ്വണ്ണം ഭവാനും |
| വ്രജഭയാർത്തിഹരഃ | ഗോകുലവാസികളുടെ ഭയതാപങ്ങളെ പരിഹരിക്കുന്നവനായിട്ടു് |
| അഭിജാതഃ | അവതരിച്ചിരിക്കയാണെന്നു് |
| വ്യക്തം | സ്പഷ്ടമത്രേ. |
| തത് | അതുകൊണ്ടു് |
| കിങ്കരീണാം | ഭവാന്റെ അടിമപ്പെണ്ണുങ്ങളായ |
| നഃ | ഞങ്ങളുടെ |
| തപ്തസ്തനേഷു ച | കാമതാപംകൊണ്ടു തപിച്ചിരിക്കുന്ന സ്തനങ്ങളിലും, |
| ശിരസ്സു ച | ശിരസ്സുകളിലും |
| കരപങ്കജം | ചെന്താമരപോലുള്ള തൃക്കരത്തെ |
| നിധേഹി | ചേർത്തുകൊണ്ടാലും. (രതിസുഖം നല്കി, ഞങ്ങളെ അനുഗ്രഹിക്കേണമെന്നു് സാരം) |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഇതി വിക്ലവിതം താസാം ശ്രുത്വാ യോഗേശ്വരേശ്വരഃ
പ്രഹസ്യ സദയം ഗോപീരാത്മാരാമോഽപ്യരീരമത്. 42

ഇതി താസാം — ഈവിധം അവരുടെ
വിക്ലവിതം — വല്ലായ്മയോടൊത്ത ചൊല്ല്
ശ്രുത്വാ — കേട്ടിട്ട്,
യോഗേശ്വരേ-ശ്വരഃ — യോഗേശ്വരന്മാൎക്കും ഈശ്വരനായ ഭഗവാൻ
ആത്മാരാമഃ അപി — തന്നിൽത്തന്നെ പൂൎണ്ണമായി രമിക്കുന്നവനാണെങ്കിലും
സദയം — കരുണയോടെ
പ്രഹസ്യ — നന്നായൊന്ന് ചിരിച്ച്
ഗോപീഃ — ഗോപികമാരെ
അരീരമത് — രമിപ്പിച്ചു.

താഭിഃ സമേതാഭിരുദാരചേഷ്ടിതഃ പ്രിയേക്ഷണോത്ഫുല്ലമുഖീഭിരച്യുതഃ
ഉദാരഹാസദ്വിജകുന്ദദീധിതിർവ്യരോചതൈണാങ്ക ഇവോഡുഭിർവൃതഃ .43

പ്രിയേക്ഷണോ-ത്ഫുല്ലമുഖീഭിഃ — പ്രിയതമന്റെ കൃപാകടാക്ഷം ലഭിക്കയാൽ വികാസം വന്ന മുഖത്തോടുകൂടിയവരായി
സമേതാഭിഃ — അരികത്തണഞ്ഞ
താഭിഃ — ആ ഗോപികമാരാൽ
വൃതഃ — പരിവൃതനും,
ഉദാരചേഷ്ടിതഃ — ക്രീഡാചാതുൎയ്യത്താൽ ഉൽകൃഷ്ടതയാൎന്ന ഓരോരോ പ്രവൃത്തികളോടുകൂടിയവനും
ഉദാരഹാസ-ദ്വിജകുന്ദ-ദീധിതിഃ — ആനന്ദമേകുന്ന മന്ദഹാസത്തിലും, ദന്തനിരകളിലും മുല്ലപ്പൂവിന്റെ വെണ്മ ചേൎന്നിരിക്കുന്നവനും ആയ
അച്യുതഃ — ആ നിൎവ്വികാരാത്മാവ്
ഉഡുഭിഃ — നക്ഷത്രങ്ങളാൽ പരിവൃതനായ
ഏണാങ്കഃ ഇവ — പൂൎണ്ണചന്ദ്രനെന്നപോലെ
വ്യരോചത — പരിലസിച്ചു.

ഉപഗീയമാന ഉദ്ഗായൻ വനിതാശതയൂഥപഃ
മാലാം ബിഭ്രദ്വൈജയന്തീം വ്യചരന്മണ്ഡയൻ വനം. 44

വനിതാശത-യൂഥപഃ — അനേകം വെൺകൊടിമാരുടെ സമൂഹത്തിന്ന് ഏകനായകനായ ഭഗവാൻ
ഉപഗീയമാനഃ — അവരാൽ പാട്ടുപാടി വാഴ്ത്തപ്പെട്ടും,
ഉദ്ഗായൻ — സ്വയം പാടിയും
വൈജയന്തീം — അഞ്ചുനിറം പൂക്കളാൽ വിരചിതമായ വൈജയന്തിയെന്ന
മാലാം — വനമാലയെ
ബിഭ്രത് — ധരിച്ചും
വനം — വനത്തെ
മണ്ഡയൻ — ശോഭമാനമാക്കിക്കൊണ്ട്
വ്യചരത് — സഞ്ചരിച്ചു.

നദ്യാഃ പുളിനമാവിശ്യ ഗോപീഭിർഹിമവാലുകം
രേമേ തത്തരളാനന്ദകുമുദാമോദവായുനാ. 45

ഹിമവാലുകം — കൎപ്പൂരംപോലെ സ്വച്ഛമായ വെൺമണൽത്തരികളുള്ളതും,
തത്തരളാ-നന്ദകുമുദാ-മോദവായുനാ — യമുനയുടെ ഓളങ്ങളോടുള്ള സമ്പൎക്കത്താൽ തണുത്ത് ആനന്ദകരമായി ആമ്പൽപ്പൂമണം കലൎന്നതായിരിക്കുന്ന മന്ദവായുവോടുകൂടിയതും ആയുള്ള
നദ്യാഃ — ആ നദിയുടെ
പുളിനം — മണൽത്തിട്ടിലേക്ക്
ആവിശ്യ — ചെന്നിട്ട്
ഗോപീഭിഃ — ഗോപികമാരോടുകൂടി
രേമേ — രമിച്ചു.

ബാഹുപ്രസാരപരിരംഭകരാളകോരു-
നീവീസ്തനാലഭനനർമ്മനഖാഗ്രപാതൈഃ
ക്ഷ്വേള്യാവലോകഹസിതൈർവ്രജസുന്ദരീണാ-
മുത്തംഭയൻ രതിപതിം രമയാഞ്ചകാര. 46

| | | | |
|---|---|---|---|
| ബാഹുപ്രസാര- പരിരംഭ- കരാളകോരു- നീവീസ്തനാ- ലഭനനർമ്മ- നഖാഗ്രപാതൈഃ | ആലിംഗനത്തിന്നായി കൈകൾ നീട്ടുക, ആലിംഗനം ചെയ്യുക, കൈകൾ — കുറുനിര കൾ — തുടകൾ — മടിക്കുത്തുകൾ—സ്തനങ്ങൾ എന്നിവയെ സ്പർശിക്കുക, തമാശപറയുക, നഖക്ഷതം ഏല്പിക്കുക എന്നിവകളാലും, | ക്ഷ്വേള്യാ | ക്രീഡയാലും, |
| | | അവലോക- ഹസിതൈഃ | നോട്ടം—ചിരി എന്നിവ കൊണ്ടും |
| | | വ്രജസുന്ദരീണാം | ഗോപസുന്ദരിമാർക്ക് |
| | | രതിപതിം | മന്മഥരസത്തെ |
| | | ഉത്തംഭയൻ | വളർത്തിക്കൊണ്ട് |
| | | രമയാഞ്ചകാര | അവരെ രമിപ്പിച്ചു. |

ഏവം ഭഗവതഃ കൃഷ്ണാല്ലബ്ധമാനാ മഹാത്മനഃ
ആത്മാനം മേനിരേ സ്ത്രീണാം മാനിന്യോഽഭ്യധികം ഭുവി. 47

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഭുവി | ഭൂമിയിലുള്ള |
| ഭഗവതഃ | സർവ്വജ്ഞനും, | സ്ത്രീണാം | സ്ത്രീകളിൽവെച്ച് |
| മഹാത്മനഃ | അനാസക്തചിത്തനുമായ | ആത്മാനം അഭ്യധികം | തങ്ങൾക്ക് യോഗ്യത കൂടിയിരിക്കുന്നുവെന്ന് |
| കൃഷ്ണാത് | ശ്രീകൃഷ്ണനിൽനിന്ന് | | |
| ലബ്ധമാനാഃ | ആദരം സാധിച്ച | | |
| മാനിന്യഃ | ആ മാനിനിമാർ | മേനിരേ | കരുതിത്തുടങ്ങി. |

താസാം തത് സൌഭഗമദം വീക്ഷ്യ മാനം ച കേശവഃ
പ്രശമായ പ്രസാദായ തത്രൈവാന്തരധീയത. 48

| | | | |
|---|---|---|---|
| താസാം | അവരുടെ | കേശവഃ | ബ്രഹ്മരുദ്രന്മാരേയും കൂടി സ്വാധീനിക്കുന്ന ഭഗവാൻ |
| തത്സൌഭഗ- മദം | ആ വിധം സൌഭാഗ്യം കൊണ്ടുള്ള തള്ളിച്ചയേയും, | പ്രശമായ | അതുശമിപ്പിക്കുന്നതിനും |
| | | പ്രസാദായ | അനുഗ്രഹിക്കുന്നതിനും വേണ്ടി |
| മാനം ച | അഭിമാനത്തേയും | തത്ര ഏവ | അവിടെത്തന്നെ |
| വീക്ഷ്യ | കണ്ടിട്ട് | അന്തരധീയത | അന്തർദ്ധാനം ചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
രാസക്രീഡായാം കൃഷ്ണാന്തർദ്ധാനം നാമ ഏകോനത്രിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1209.

# ത്രിംശോऽദ്ധ്യായഃ—മുപ്പതാമദ്ധ്യായം.

[ ത്രിംശേ വിരഹസന്തപ്തഗോപീഭിഃ കൃഷ്ണമാർഗ്ഗണം
ഉന്മത്തവന്നിയതം ഭ്രമന്തീഭിർവനേ വനേ.]

(വിരഹദുഃഖിതകളായ ഗോപിമാർ കാടുതോറും കൃഷ്ണനെ തിരഞ്ഞുനടക്കുന്നതു്.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

അന്തർഹിതേ ഭഗവതി സഹസൈവ വ്രജാംഗനാഃ
അതപ്യംസ്തമചക്ഷാണാഃ കരിണ്യ ഇവ യൂഥപം. 1

| | |
|---|---|
| ഏവം | ഇപ്രകാരം |
| സഹസാ ഏവ | പെട്ടെന്നു് |
| ഭഗവതി | ഭഗവാൻ |
| അന്തർഹിതേ | അന്തർദ്ധാനം ചെയ്തപ്പോൾ |
| തം | തന്തിരുവടിയെ |
| അചക്ഷാണാഃ | കാണാതെയായ |
| വ്രജാംഗനാഃ | ഗോകുലനാരിമാർ |
| യൂഥപം | ഗജവീരനെ കാണാതെയായ |
| കരിണ്യഃ ഇവ | പിടിയാനകളെന്നപോലെ |
| അതപ്യൻ | സങ്കടപ്പെട്ടു. |

ഗത്യാനുരാഗസ്മിതവിഭ്രമേക്ഷിതൈർമ്മനോരമാലാപവിഹാരവിഭ്രമൈഃ
ആക്ഷിപ്തചിത്താഃ പ്രമദാ രമാപതേസ്താസ്താ വിചേഷ്ടാ ജഗൃഹുസ്തദാത്മികാഃ.

| | |
|---|---|
| രമാപതേഃ | ആ ലക്ഷ്മീകാന്തന്റെ |
| ഗത്യാ | നടത്തത്താലും, |
| അനുരാഗസ്മിതവിഭ്രമേക്ഷിതൈഃ | പ്രേമമന്ദസ്മിതങ്ങളോടിടചേൎന്ന സവിലാസവീക്ഷണങ്ങളാലും, |
| മനോരമാലാപവിഹാരവിഭ്രമൈഃ | മനംകുളിൎപ്പിക്കുന്ന മധുരഭാഷണങ്ങൾ, കളികൾ, ശൃംഗാരചേഷ്ടകൾ എന്നിവയാലും |
| ആക്ഷിപ്തചിത്താഃ | ആകൎഷിക്കപ്പെട്ട ഹൃദയത്തോടുകൂടിയ |
| പ്രമദാഃ | മാനിനിമാർ |
| തദാത്മികാഃ | തന്മയത്വം പ്രാപിച്ചവരായിട്ടു് |
| താഃ താഃ | അവിടുത്തെ ഓരോരോ |
| വിചേഷ്ടാഃ | ലീലകളെ |
| ജഗൃഹുഃ | അനുസരിച്ചു നടിച്ചുതുടങ്ങി. |

ഗതിസ്മിതപ്രേക്ഷണഭാഷണാദിഷു പ്രിയാഃ പ്രിയസ്യ പ്രതിരൂഢമൂർത്തയഃ
അസാവഹം ത്വിത്യബലാസ്തദാത്മികാ ന്യവേദിഷുഃ കൃഷ്ണവിഹാരവിഭ്രമാഃ.

| | |
|---|---|
| പ്രിയസ്യ | പ്രിയതമനായ കൃഷ്ണന്റെ |
| ഗതിസ്മിതപ്രേക്ഷണഭാഷണാദിഷു | നടത്തം, മന്ദഹാസം, നോട്ടം, സംഭാഷണം ഇത്യാദികളിൽ |
| പ്രതിരൂഢമൂർത്തയഃ | ആവേശിക്കപ്പെട്ട സ്വരൂപത്തോടുകൂടിയവരും, |
| കൃഷ്ണവിഹാരവിഭ്രമാഃ | കൃഷ്ണന്റേതുപോലുള്ള ക്രീഡാവിലാസങ്ങളോടുകൂടിയവരും, |
| തദാത്മികാഃ | കൃഷ്ണതാദാത്മ്യം പ്രാപിച്ചവരും, |
| പ്രിയാഃ | കൃഷ്ണന്റെ പ്രീതിക്കു് പാത്രീഭവിച്ചവരും ആയ |
| അബലാഃ | ആ സ്ത്രീകൾ |
| അഹം തു | 'ഞാൻതന്നെയാണു് |
| അസൌ ഇതി | കൃഷ്ണ'നെന്നു് |
| ന്യവേദിഷുഃ | അന്യോന്യം പറഞ്ഞുതുടങ്ങി. |

ഗായന്ത്യ ഉച്ചൈരമുമേവ സംഹതാ വിചിക്യുരുന്മത്തകവദ്വനാദ്വനം
പപ്രച്ഛുരാകാശവദന്തരം ബഹിർഭൂതേഷു സന്തം പുരുഷം വനസ്പതീൻ. 4

| | | | |
|---|---|---|---|
| സംഹതാഃ | അവർ ഒന്നിച്ചുചേൎന്ന് | ഭൂതേഷു | സൎവ്വചരാചരങ്ങളിലും |
| ഉച്ചൈഃ | ഉറക്കെ | അന്തരം | അകത്തും |
| ഗായന്ത്യഃ | പാടിക്കൊണ്ട് | ബഹിഃ | പുറത്തും |
| വനാദ്വനം | കാട്ടുതോറും നടന്ന് | ആകാശവത് | ആകാശംപോലെ |
| അമും ഏവ | ആ കൃഷ്ണനെത്തന്നെ | സന്തം | വ്യാപിച്ചിരിക്കുന്ന |
| ഉന്മത്തകവത് | ഭ്രാന്തുപിടിച്ചവരെന്ന പോലെ | പുരുഷം | വിരാട്പുരുഷനെ |
| | | വനസ്പതീൻ | വൃക്ഷങ്ങളോട് |
| വിചിക്യുഃ | തിരഞ്ഞുതുടങ്ങി. | പപ്രച്ഛുഃ | അന്വേഷിച്ചുതുടങ്ങി. |

ദൃഷ്ടോ വഃ കച്ചിദശ്വത്ഥ പ്ലക്ഷ ന്യഗ്രോധ നോ മനഃ
നന്ദസൂനുർഗ്ഗതോ ഹൃത്വാ പ്രേമഹാസാവലോകനൈഃ. 5

| | | | |
|---|---|---|---|
| അശ്വത്ഥ | "അരയാലേ! | പ്രേമഹാസാവലോകനൈഃ | പ്രേമം പൊഴിയുന്ന മന്ദഹാസത്തോടുചേൎന്ന നോട്ടങ്ങളെക്കൊണ്ട് |
| ന്യഗ്രോധ | പേരാലേ! | | |
| പ്ലക്ഷ | ഇത്തിമരമേ! | | |
| നന്ദസൂനുഃ | നന്ദകുമാരൻ | നഃ മനഃ | ഞങ്ങളുടെ ഹൃദയം |
| വഃ | നിങ്ങളാൽ | ഹൃത്വാ | കവൎന്നെടുത്ത് |
| ദൃഷ്ടഃ കച്ചിത് | കാണപ്പെട്ടുവോ? | ഗതഃ | അവൻ പോയ്ക്കളഞ്ഞു! |

കച്ചിത് കുരവകാശോകനാഗപുന്നാഗചംപകാഃ
രാമാനുജോ മാനിനിനാമിതോ ദർപ്പഹരസ്മിതഃ. 6

| | | | |
|---|---|---|---|
| കുരവകാശോക-നാഗപുന്നാഗ-ചമ്പകാഃ | "ചെംകുറിഞ്ഞി, അശോകം, നാകം, പുന്ന, ചമ്പകം എന്നു തുടങ്ങിയ പൂമരങ്ങളേ! | ദർപ്പഹരസ്മിതഃ | ഊറ്റം നശിപ്പിക്കുന്ന പുഞ്ചിരിയോടുകൂടിയ |
| | | രാമാനുജഃ | ബലഭദ്രാനുജൻ |
| മാനിനീനാം | മാനിനിമാരുടെ | ഇതഃ കച്ചിത് | ഈവഴിക്കു പോയോ? |

കച്ചിത്തുളസി കല്യാണി ഗോവിന്ദചരണപ്രിയേ
സഹ ത്വാളികുലൈർബ്ബിഭ്രദ് ദൃഷ്ടസ്തേഽതിപ്രിയോഽച്യുതഃ.

| | | | |
|---|---|---|---|
| കല്യാണി | "അല്ലയോ സൎവ്വമംഗളേ, | ബിഭ്രത് | ധരിച്ചുകൊണ്ടിരിക്കുന്ന |
| ഗോവിന്ദ-ചരണപ്രിയേ | കൃഷ്ണപാദപ്രിയേ, | തേ | നിന്റെ |
| | | അതിപ്രിയഃ | അതിപ്രിയനായ |
| തുളസി | തുളസീ! | അച്യുതഃ | അച്യുതൻ |
| അളികുലൈഃ സഹ ത്വാ | കരിവണ്ടുകളോടൊപ്പം നിന്നെ | കച്ചിത് ദൃഷ്ടഃ | കാണപ്പെട്ടുവോ? |

മാലത്യദർശി വഃ കച്ചിന്മല്ലികേ ജാതി യൂഥികേ
പ്രീതിം വോ ജനയൻ യാതഃ കരസ്പർശേന മാധവഃ. 8

| | |
|---|---|
| മാലതി | പിച്ചകമേ! |
| മല്ലികേ | മല്ലികേ! |
| ജാതി | ജാതിമുല്ലേ! |
| യൂഥികേ | കുരുക്കുത്തിമുല്ലേ! |
| മാധവഃ | ലക്ഷ്മീമണാളൻ |
| വഃ | നിങ്ങളാൽ |
| കച്ചിത് അദർശി | ദർശിക്കപ്പെട്ടുവോ? |
| കരസ്പർശേന | കൈകൊണ്ടു് തൊട്ടിട്ടു് |
| വഃ | നിങ്ങൾക്കു് |
| പ്രീതിം | പ്രീതിയെ |
| ജനയൻ | ജനിപ്പിച്ചുകൊണ്ടു് |
| യാതഃ | ഈവഴിക്കു് പോയോ? |

ചൂതപ്രിയാളപനസാസനകോവിദാര-
ജംബ്വർക്കബില്വബകുളാമ്രകദംബനീപാഃ
യേഽന്യേ പരാർത്ഥഭവകാ യമുനോപകൂലാഃ
ശംസന്തു കൃഷ്ണപദവീം രഹിതാത്മനാം നഃ. 9

| | |
|---|---|
| ചൂതപ്രിയാള— പനസാസന— കോവിദാര— ജംബ്വർക്കബില്വ— ബകുളാമ്ര— കദംബനീപാഃ | "തേന്മാവു്, മുരൾമരം, പിലാവു്, വേങ്ങ, മലയകത്തി, ഞാവൽ, എരുക്കു്, കൂവളം, ഇലഞ്ഞി, പുളിമാവു്, കടമ്പു്, വൻകടമ്പു് മുതലായ വൃക്ഷങ്ങളെ! |
| പരാർത്ഥഭവകാഃ | പരോപകാരത്തിന്നായിപ്പിറന്നു് |
| യമുനോപകൂലാഃ | യമുനാതടത്തിൽനില്ക്കുന്ന |
| അന്യേ യേ | വേറിട്ടും ഏതെല്ലാം വൃക്ഷങ്ങളുണ്ടോ, ആ നിങ്ങളെല്ലാം |
| രഹിതാത്മനാം | ശൂന്യചിത്തകളായ |
| നഃ | ഞങ്ങൾക്കു് |
| കൃഷ്ണപദവീം | കൃഷ്ണൻപോയ മാർഗ്ഗത്തെ |
| ശംസന്തു | പറഞ്ഞുതരുവിൻ. |

കിം തേ കൃതം ക്ഷിതി തപോ ബത കേശവാംഘ്രി-
സ്പർശോത്സവോത്പുളകിതാംഗരുഹൈർവിഭാസി
അപ്യംഘ്രിസംഭവ ഉരുക്രമവിക്രമാദ്വാ
ആഹോ വരാഹവപുഷഃ പരിരംഭണേന 10

| | |
|---|---|
| ക്ഷിതി | "അല്ലയോ ഭൂമി! |
| ബത | ആശ്ചര്യം! |
| തേ | ഭവതിയാൽ |
| കിം തപഃ | എന്തൊരുതപസ്സാണു് |
| കൃതം | അനുഷ്ഠിക്കപ്പെട്ടതു്! |
| കേശവാംഘ്രി— സ്പർശോത്സവാ | ശ്രീകൃഷ്ണപാദസ്പർശത്താൽ അത്യാഹ്ലാദവതിയായിരിക്കുന്ന ഭവതി |
| അംഗരുഹൈഃ | സ്വദേഹത്തിൽനിന്നുയൎന്ന തൃണാങ്കുരാദികളാകുന്ന |
| ഉത്പുളകിതാ | പുളകച്ചാർത്തണിഞ്ഞുകൊണ്ടു് |
| വിഭാസി | പരിലസിക്കുന്നുവല്ലോ. |
| അപി അംഘ്രി— സംഭവഃ | ഈ അത്യാഹ്ലാദം ഇപ്പോഴത്തെയോ ഒരിടത്തു് അവിടത്തെ തൃപ്പാദസ്പർശം ലഭിച്ചതുകൊണ്ടു് ഉണ്ടായതല്ലേ? |
| വാ | അതോ, ഇതിലുംമുമ്പു് |
| ഉരുക്രമ— വിക്രമാത് | ത്രിവിക്രമമൂർത്തി ഒററ അടിക്കു ഭവതിയെ അളന്നതുകൊണ്ടുണ്ടായതോ? |
| ആഹോ | അതോ, അതിനുംമുമ്പു് |
| വരാഹവപുഷഃ | ശ്രീവരാഹമൂർത്തിയുടെ |
| പരിരംഭണേന | ഗാഢാലിംഗനംമൂലം ഉണ്ടായതോ? |

അപ്യേണപത്ന്യുപഗതഃ പ്രിയയേഹ ഗാത്രൈ-
സ്തന്വൻ ദൃശാം സഖി സുനിർവൃതിമച്യുതോ വഃ
കാന്താംഗസംഗകുചകുങ്കുമരഞ്ജിതായാഃ
കുന്ദസ്രജഃ കുലപതേരിഹ വാതി ഗന്ധഃ. 11

| | | | |
|---|---|---|---|
| ഏണപത്നി | പേടമാനേ, | കുലപതേഃ | ഗോകുലനാഥന്റെ |
| സഖി | ഇഷ്ടതോഴീ ! | കാന്താംഗസംഗ-കുചകുങ്കുമ-രഞ്ജിതായാഃ | പ്രിയനായികയോടൊത്തുള്ള ശരീരസമ്പർക്കം നിമിത്തം അവളുടെ കൊങ്കത്തടത്തിലുള്ള കുങ്കുമം പുരണ്ടു് ചെന്നിറമായ |
| വഃ ദൃശാം | നിങ്ങളുടെ കൺകൾക്കു് | കുന്ദസ്രജഃ | മുല്ലമാലയുടെ |
| ഗാത്രൈഃ | സ്വശരീരാവയവങ്ങളാൽ | ഗന്ധഃ | പരിമളം |
| സുനിർവൃതിം | പരമസുഖം | ഇഹ | ഇവിടെ |
| തന്വൻ | അരുളിക്കൊണ്ടിരിക്കുന്ന | വാതി | വീശുന്നുണ്ടല്ലോ. |
| അച്യുതഃ | അച്യുതൻ | | |
| പ്രിയയാ | പ്രിയകാമിനിയോടുകൂടി | | |
| ഇഹ | ഇവിടത്തിൽ | | |
| അപി ഉപഗതഃ | വരികയുണ്ടായോ ? | | |

ബാഹും പ്രിയാംസ ഉപധായ ഗൃഹീതപദ്മോ
രാമാനുജസ്തുളസികാളികുലൈർമ്മദാന്ധൈഃ
അന്വീയമാന ഇഹ വസ്തരവഃ പ്രണാമം
കിം വാഽഭിനന്ദതി ചരൻ പ്രണയാവലോകൈഃ. 12

| | | | |
|---|---|---|---|
| തരവഃ | " മരങ്ങളേ ! | അന്വീയമാനഃ | അനുഗമിക്കപ്പെട്ടുകൊണ്ടും ഇരിക്കുന്ന |
| പ്രിയാംസേ | പ്രിയതമയുടെ തോളിൽ | രാമാനുജഃ | ബലരാമാനുജൻ |
| ബാഹും | ഒരുകരം | ഇഹ ചരൻ | ഈവഴിക്കു് നടന്നുകൊണ്ടു് |
| ഉപധായ | ചേർത്തുവെച്ചു് | പ്രണയാ-വലോകൈഃ | സ്നേഹാർദ്രങ്ങളായ വീക്ഷണങ്ങളാൽ |
| ഗൃഹീതപദ്മഃ | മറുകരത്തിൽ താമരപ്പൂ വെടുത്തുകൊണ്ടും, | വഃ പ്രണാമം | നിങ്ങളുടെ നമസ്കാരത്തെ |
| മദാന്ധൈഃ | മദംമൂഴ്ത്തവയായ | അഭിനന്ദതി കിം വാ | അഭിനന്ദിക്കുന്നുണ്ടോ ? |
| തുളസികാ-ളികുലൈഃ | തുളസിമാലയിലിരിക്കുന്ന വരിവണ്ടുകളാൽ | | |

പൃച്ഛതേമാ ലതാ ബാഹൂനപ്യാശ്ലിഷ്ടാ വനസ്പതേഃ
നൂനം തത്കരജസ്പൃഷ്ടാ ബിഭ്രത്യുത്പുളകാന്യഹോ. 13

| | | | |
|---|---|---|---|
| ഇമാഃ ലതാഃ | " ഈ ലതകളോടു് | ഉത്പുളകാനി | പൂമൊട്ടുകളാവുന്ന പുളകങ്ങളെ |
| പൃച്ഛത | നിങ്ങൾ ചോദിച്ചു നോക്കുവിൻ ! | ബിഭ്രതി | പൂണ്ടുകൊണ്ടിരിക്കുന്നു. |
| വനസ്പതേഃ | വൃക്ഷങ്ങളാവുന്ന ഭർത്താക്കന്മാരുടെ | തത്കരജ-സ്പൃഷ്ടാഃ | അവിടുത്തെ കൈനഖങ്ങളാൽ സ്പർശിക്കപ്പെട്ടവ |
| ബാഹൂൻ | കൊമ്പുകളാവുന്ന കൈകളെ | നൂനം | തന്നെയാകണം ഇവ. |
| ആശ്ലിഷ്ടാഃ അപി | കെട്ടിപ്പിടിച്ചുനില്ക്കുന്നവ യാണെങ്കിലുംകൂടി, | അഹോ | മഹാഭാഗ്യംതന്നെ." |

ഇത്യുന്മത്തവചോഗോപ്യഃ കൃഷ്ണാന്വേഷണകാതരാഃ
ലീലാ ഭഗവതസ്താസ്താ ഹ്യനുചക്രുസ്തദാത്മികാഃ. 14

| | |
|---|---|
| ഇതി | ഈവിധം |
| ഉന്മത്ത-വചോഗോപ്യഃ | ഭ്രാന്തന്മാരെപ്പോലെ ഓരോന്നു പറഞ്ഞുകൊണ്ടുള്ള ഗോപികമാർ |
| കൃഷ്ണാന്വേഷ-ണകാതരാഃ | കൃഷ്ണനെ തേടിത്തേടി കുഴങ്ങിയവരായി, |
| തദാത്മികാഃ | കൃഷ്ണൻ തങ്ങൾതന്നെയാണെന്ന അഭേദഭാവനയിലെത്തിയവരായിട്ട് |
| ഭഗവതഃ | സർവ്വേശ്വരനായ അവിടുത്തെ |
| താഃ താഃ ലീലാഃ | ഓരോരോ ലീലകളെ |
| അനുചക്രുഃ ഹി | അനുകരിച്ചുതുടങ്ങി. |

കസ്യാശ്ചിത് പൂതനായന്ത്യാഃ കൃഷ്ണായന്ത്യപിബത് സ്തനം
തോകായിത്വാ രുദത്യന്യാ പദാഽഹഞ്ശകടായതീം. 15

| | |
|---|---|
| കൃഷ്ണായന്തീ | കൃഷ്ണനെപ്പോലെ നടിച്ചുകൊണ്ടിരുന്ന ഒരുത്തി |
| പൂതനായന്ത്യാഃ | പൂതനയെപ്പോലെ നടിക്കുന്ന |
| കസ്യാശ്ചിത് | മറ്റൊരുത്തിയുടെ |
| സ്തനം അപിബത് | മുലകുടിച്ചു. |
| തോകായിത്വാ | പിഞ്ചുപൈതലെപ്പോൽ ഭാവിച്ച് |
| രുദതീ | കിടന്നുകരയുന്ന |
| അന്യാ | വേറെ ഒരുത്തി |
| ശകടായതീം | വണ്ടിയായിട്ടു ഭാവിക്കുന്ന മറ്റൊരുത്തിയെ |
| പദാ അഹൻ | കാലാൽ ചവുട്ടി. |

ദൈത്യായിത്വാ ജഹാരാന്യാമേകാ കൃഷ്ണാർഭഭാവനാം
രിംഗയാമാസ കാപ്യങ്ഘ്രീ കർഷന്തീ ഘോഷനിഃസ്വനൈഃ. 16

| | |
|---|---|
| ഏകാ | ഒരുവൾ |
| ദൈത്യായിത്വാ | തൃണാവർത്തനെപ്പോലെ ഭാവിച്ച് |
| കൃഷ്ണാർഭഭാവനാം | ശ്രീകൃഷ്ണന്റെ ബാല്യത്തെ അഭിനയിക്കുന്ന |
| അന്യാം | മറ്റൊരുവളെ |
| ജഹാര | എടുത്തുകൊണ്ടുപോയി. |
| കാപി | വേറെ ഒരുവൾ |
| ഘോഷ-നിഃസ്വനൈഃ | കിങ്കിണികളുടെ കിലുക്കത്തോടെ |
| അങ്ഘ്രീ | ഇരുകാലുകളും |
| കർഷന്തീ | വലിച്ചിഴച്ചുകൊണ്ട് |
| രിംഗയാമാസ | മൊട്ടുകുത്തിനടന്നു. |

കൃഷ്ണരാമായിതേ ദ്വേ തു ഗോപായന്ത്യശ്ച കാശ്ചന
വത്സായതീം ഹന്തി ചാന്യാ തത്രൈകാ തു ബകായതീം. 17

| | |
|---|---|
| ദ്വേ തു | രണ്ടു ഗോപികളാവട്ടെ |
| കൃഷ്ണരാമായിതേ | കൃഷ്ണനായും രാമനായും അഭിനയിച്ചു. |
| കാശ്ചന | വേറെ ചിലഗോപികൾ |
| ഗോപായന്ത്യഃ ച | ഗോപന്മാരെപ്പോലെയും ഭാവിച്ചു. |
| തത്ര | അവരിൽ |
| വത്സായതീം | കാളക്കുട്ടിയായി വന്ന വത്സാസുരനെപ്പോൽ അഭിനയിക്കുന്ന ഒരുത്തിയെ |
| അന്യാ | കൃഷ്ണനായിട്ടുനടിച്ച മറ്റൊരുത്തി |
| ഹന്തി ച | കൊന്നു. (കൊല്ലുംപ്രകാരം അഭിനയിച്ചു.) |
| ഏകാ | വേറെ ഒരുവൾ |
| ബകായതീം തു | ബകാസുരനായിട്ട് അഭിനയിച്ചിരുന്നവളേയും കൊല്ലുന്നപോലെ കാണിച്ചു. |

ആഹൂയ ദൂരഗാ യദ്വത് കൃഷ്ണസ്തമനുകുർവ്വതീം
വേണും ക്വണന്തീം ക്രീഡന്തീമന്യാഃ ശംസന്തി സാധ്വിതി 18

| | | | |
|---|---|---|---|
| യദ്വത് | എതുപ്രകാരം | വേണും | പുല്ലാങ്കുഴൽ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | ക്വണന്തീം | വിളിച്ചുകൊണ്ടും |
| ദൂരഗാഃ | അകലെ മേഞ്ഞുനടക്കുന്ന പശുക്കളെ വിളിക്കുന്നുവോ, അതുപോലെ | ക്രീഡന്തീം | കളിച്ചുകൊണ്ടിരിക്കുന്ന ഒരുത്തിയെ |
| | | അന്യാഃ | ഗോപബാലരായി അഭിനയിക്കുന്ന മററുപേർ |
| ആഹൂയ | വിളിച്ച് | | |
| തം | ഭഗവാനെ | സാധു ഇതി | 'നന്നുനന്നെ'ന്നു പറഞ്ഞു |
| അനുകുർവ്വതീം | അനുകരിച്ചുകൊണ്ടും, | ശംസന്തി | പുകഴ്ത്തി. |

കസ്യാംചിത് സ്വഭുജം ന്യസ്യ ചലന്ത്യാഹാപരാ നനു
കൃഷ്ണോഽഹം പശ്യത ഗതിം ലളിതാമിതി തന്മനാഃ. 19

| | | | |
|---|---|---|---|
| തന്മനാഃ | കൃഷ്ണനെത്തന്നെ മനസ്സിൽ ധ്യാനിച്ച് തന്മയത്വം വന്ന ഒരുവൾ | നനു അഹം | 'ഇതാ, ഞാൻ |
| | | കൃഷ്ണഃ | കൃഷ്ണനാണ്; |
| | | ലളിതാം | എന്റെ മോഹനമായ |
| സ്വഭുജം | തൻകരത്തെ | ഗതിം | ഗമനത്തെ |
| കസ്യാംചിത് | മറെറാരുവളുടെ തോളിൽ | പശ്യത ഇതി | നോക്കുവിൻ" എന്നു |
| ന്യസ്യ | ചേർത്തുവെച്ച് | അപരാഃ | മററുള്ളവരോട് |
| ചലന്തീ | നടന്നുകൊണ്ട് | ആഹ | പറഞ്ഞു. |

മാ ഭൈഷ്ട വാതവർഷാഭ്യാം തത്ത്രാണം വിഹിതം മയാ
ഇത്യുക്ത്വൈകേന ഹസ്തേന യതന്ത്യുന്നിദധേഽംബരം. 20

| | | | |
|---|---|---|---|
| വാതവർഷാഭ്യാം | 'കാററിനേയും മഴയേയും | ഇതി ഉക്ത്വാ | എന്നു പറഞ്ഞ് |
| മാ ഭൈഷ്ട | പേടിക്കേണ്ട; | യതന്തീ | യത്നിച്ചുകൊണ്ട് |
| തത്ത്രാണം | അവയിൽനിന്നുള്ള രക്ഷ | ഏകേന ഹസ്തേന | ഒററക്കൈയാൽ |
| മയാ | എന്നാൽ | അംബരം | മേൽവസ്ത്രത്തെ |
| വിഹിതം | ചെയ്യപ്പെട്ടിരിക്കുന്നു.' | ഉന്നിദധേ | ഒരുവൾ ഉയർത്തിപ്പിടിച്ചു. |

ആരുഹ്യൈകാ പദാഽഽക്രമ്യ ശിരസ്യാഹാപരാം നൃപ
ദുഷ്ടാഹേ ഗച്ഛ ജാതോഽഹം ഖലാനാം നനു ദണ്ഡധൃക്. 21

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ആഹ | പറഞ്ഞു. |
| ഏകാ | ഒരുവൾ | ദുഷ്ടാഹേ | "ദുഷ്ടസർപ്പമേ! |
| ശിരസി | തലയിൽ | ഗച്ഛ | കടന്നുപോ, |
| പദാ | കാലാൽ | നനു അഹം | എടോ, ഞാൻ |
| ആക്രമ്യ / ആരുഹ്യ | ചവുട്ടിക്കയറിയിട്ട് | ഖലാനാം | പരദ്വേഷികൾക്ക് |
| | | ദണ്ഡധൃക് | ശിക്ഷ നല്കുവാനായി |
| അപരാം | മറെറാരുവളോട് | ജാതഃ | ജനിച്ചവനാണ്." |

തത്രൈകോവാച ഹേ ഗോപാ ദാവാഗ്നിം പശ്യതോല്ബണം
ചക്ഷൂംഷ്യാശ്വപിധദ്ധ്വം വോ വിധാസ്യേ ക്ഷേമമഞ്ജസാ. 22

| | | | |
|---|---|---|---|
| തത്ര | ആ കൂട്ടത്തിലുള്ള | പശ്യത | നോക്കുവിൻ ! |
| ഏകാ ഉവാച | ഒരുവൾ പറഞ്ഞു | ചക്ഷൂംഷി ആശു | കണ്ണുകൾ വേഗം |
| ഹേ ഗോപാഃ | 'ഗോപന്മാരേ ! | അപിധദ്ധ്വം | അടച്ചുകൊൾക. |
| ഉല്ബണം | ഭയങ്കരമായ | വഃ അഞ്ജസാ | നിങ്ങൾക്ക് ഉടനെ |
| ദാവാഗ്നിം | കാട്ടുതീയിനെ | ക്ഷേമം വിധാസ്യേ | ഞാൻ രക്ഷയുണ്ടാക്കി തരാം ? |

ബദ്ധാഽന്യയാ സ്രജാ കാചിത്തന്വീ തത്ര ഉലൂഖലേ
ഭീതാ സുദൃക് പിധായാസ്യം ഭേജേ ഭീതിവിഡംബനം. 23

| | | | |
|---|---|---|---|
| തത്ര | അവരിൽ | ബദ്ധാ | ബന്ധിക്കപ്പെട്ടവളായിട്ട് |
| കാചിത് തന്വീ | ഒരു കോമളാംഗി | ഭീതാ | ഭയന്നുകൊണ്ട് |
| അന്യയാ | മറെറാരുവളാൽ | സുദൃക് | മോഹനനേത്രങ്ങളുള്ള |
| സ്രജാ | പൂമാലകൊണ്ട് | ആസ്യം പിധായ | മുഖം പൊത്തി, |
| ഉലൂഖലേ | ഉരലിൽ (ഒരുത്തിയെ ഉരലായി സങ്കല്പിച്ച്, അതിൽ) | ഭീതിവിഡംബനം ഭേജേ | (യശോദയാൽ ബദ്ധനായ കൃഷ്ണനെന്നപോലെ) ഭയം നടിച്ചു. |

ഏവം കൃഷ്ണം പൃച്ഛമാനാ വൃന്ദാവനലതാസ്തരൂൻ
വ്യചക്ഷത വനോദ്ദേശേ പദാനി പരമാത്മനഃ. 24

| | | | |
|---|---|---|---|
| ഏവം | ഈവിധം ശ്രീകൃഷ്ണലീലകൾ അഭിനയിച്ചും, | പൃച്ഛമാനാഃ | അന്വേഷിച്ചുകൊണ്ടും ഇരിക്കുന്ന അവർ |
| വൃന്ദാവനലതാഃ | വൃന്ദാവനത്തിൽ നില്ക്കുന്ന വള്ളികളോടും | വനോദ്ദേശേ | ആ വനപ്രദേശത്തിൽ |
| | | പരമാത്മനഃ | പരമാത്മാവായ അവിടുത്തെ |
| തരൂൻ | മരങ്ങളോടും | പദാനി | കാലടിപ്പാടുകൾ |
| കൃഷ്ണം | ശ്രീകൃഷ്ണനെ | വ്യചക്ഷത | തെളിഞ്ഞുകണ്ടു. |

പദാനി വ്യക്തമേതാനി നന്ദസൂനോർമ്മഹാത്മനഃ
ലക്ഷ്യന്തേ ഹി ധ്വജാംഭോജവജ്രാങ്കുശയവാദിഭിഃ. 25

| | | | |
|---|---|---|---|
| ഏതാനി | ഈ | ഹി | എന്തെന്നാൽ ഇവ |
| പദാനി | കാലടിപ്പാടുകൾ | ധ്വജാംഭോജവജ്രാങ്കുശയവാദിഭിഃ | കൊടിമരം, താമര, വജ്രം, തോട്ടി, യവധാന്യം എന്നീ ചിഹ്നങ്ങളോടുകൂടിയവയായിട്ട് |
| മഹാത്മനഃ | ഉദാരചരിതനായ | | |
| നന്ദസൂനോഃ | നന്ദകുമാരന്റെയാണെന്ന് | | |
| വ്യക്തം | സ്പഷ്ടമത്രേ. | ലക്ഷ്യന്തേ | കാണപ്പെടുന്നുണ്ട്. |

തൈസ്തൈഃ പദൈസ്തത്പദവീമന്വിച്ഛന്ത്യോഽഗ്രതോഽബലാഃ
വധ്വാഃ പദൈഃ സുപൃക്താനി വിലോക്യാർത്താഃ സമബ്രുവൻ. 26

| | |
|---|---|
| തൈഃ തൈഃ | ആ വിധത്തിലുള്ള ഓരോരൊ |
| പദൈഃ | കാലടിപ്പാടുകളെക്കൊണ്ടു് |
| തത് പദവീം | ഭഗവാൻ പോയമാൎഗ്ഗത്തെ |
| അനുവിച്ഛന്ത്യഃ | തിരഞ്ഞുകൊണ്ടിരിക്കുന്ന |
| അബലാഃ | ആ സ്ത്രീകൾ |
| അഗ്രതഃ | മുൻവശത്തു് |
| വധ്വാഃ | ഏതോ ഒരു സ്ത്രീയുടെ |
| പദൈഃ | കാലടികളോടുകൂടി |
| സുപൃക്താനി | ഇടകലൎന്നിട്ടുള്ളവയായി |
| വിലോക്യ | കണ്ടു് |
| ആൎത്താഃ | ദുഃഖിതകളായിട്ടു് |
| സമബ്രുവൻ | അന്യോന്യം പറഞ്ഞു. |

കസ്യാഃ പദാനി ചൈതാനി യാതായാ നന്ദസൂനുനാ
അംസന്യസ്തപ്രകോഷ്ഠായാഃ കരേണോഃ കരിണാ യഥാ. 27

| | |
|---|---|
| കരിണാ | "കൊമ്പനാനയോടൊത്തുചേൎന്നുപോകുന്ന |
| കരേണോഃ യഥാ | പിടിയാനയുടേതുപോലെ |
| നന്ദസൂനുനാ | നന്ദകുമാരനോടൊപ്പം |
| അംസന്യസ്ത-പ്രകോഷ്ഠായാഃ | തോളിൽ ചേൎക്കപ്പെട്ട കൈത്തണ്ടയോടുകൂടിയവളായി |
| യാതായാഃ | പോയിരിക്കുന്ന |
| കസ്യാഃ ച | ഏതൊരുത്തിയുടേതായിരിക്കാം |
| ഏതാനി പദാനി | ഈ കാലടിപ്പാടുകൾ ? |

അനയാഽഽരാധിതോ നൂനം ഭഗവാൻ ഹരിരീശ്വരഃ
യന്നോ വിഹായ ഗോവിന്ദഃ പ്രീതോ യാമനയദ്രഹഃ. 28

| | |
|---|---|
| അനയാ | "ഇവളാൽ |
| നൂനം | തീൎച്ചയായും |
| ഭഗവാൻ | സൎവ്വൈശ്വൎയ്യസമ്പൂൎണ്ണനും |
| ഹരിഃ | സൎവ്വദുഃഖഹരനുമായ |
| ഈശ്വരഃ | സൎവ്വേശ്വരൻ |
| ആരാധിതഃ | ആരാധിക്കപ്പെട്ടിട്ടുണ്ടു്. |
| യത് | എന്തെന്നാൽ |
| നഃ വിഹായ | നമ്മെയെല്ലാംവെടിഞ്ഞു് |
| ഗോവിന്ദഃ | ഗോകുലനാഥൻ |
| പ്രീതഃ | സന്തുഷ്ടനായിട്ടു് |
| യാം | യാതൊരു ഇവളെമാത്രം |
| രഹഃ | ഏകാന്തസ്ഥലത്തേക്കു് |
| അനയത് | കൂട്ടിക്കൊണ്ടുപോയല്ലോ. |

നോട്ടു് :— ഭഗവാൻ രഹസ്സിൽ കൊണ്ടുപോയതു് ശ്രീരാധയെയാണെന്നു് പറയപ്പെടുന്നു. 'ആരാധിതഃ' എന്ന പദത്തിൽ 'രാധ'യുടെ സൂചനയുണ്ടെന്നു കരുതാം. ബ്രഹ്മവൈവൎത്താദിപുരാണങ്ങളിൽ ഉൽഘോഷിച്ചിരിക്കുന്ന ശ്രീരാധയെപ്പററി ശ്രീമദ് ഭാഗവതം മൌനം ദീക്ഷിച്ചിരിക്കുന്നു.

ധന്യാ അഹോ അമീ ആള്യോ ഗോവിന്ദാങ്ഘ്ര്യബ്ജരേണവഃ
യാൻ ബ്രഹ്മേശൌ രമാ ദേവീ ദധുൎമ്മൂൎദ്ധ്ന്യഘനുത്തയേ. 29

| | |
|---|---|
| ആള്യഃ | "സഖികളേ ! |
| ബ്രഹ്മാ ഈശഃ | ബ്രഹ്മാവും, ശിവനും, |
| രമാ ദേവീ | ശ്രീമഹാലക്ഷ്മിയും |
| അഘനുത്തയെ | ദോഷനിവൃത്തിക്കുവേണ്ടി |
| യാൻ | യാതൊരുരേണുക്കളെയാണോ |
| മൂൎദ്ധ്നി | ശിരസ്സിൽ |
| ദധുഃ | ധരിച്ചിരിക്കുന്നതു് |
| അമീ | അങ്ങനെയുള്ള ഈ |
| ഗോവിന്ദാംഘ്ര്യ-ബ്ജരേണവഃ | ശ്രീഗോവിന്ദൻെറ പാദപത്മത്തിലെ രേണുക്കൾ |
| അഹോ ധന്യാഃ | പുണ്യകരങ്ങളത്രേ ! |

നോട്ടു് :—ബ്രഹ്മാദികളെപ്പോലെ നമ്മളും ആ പാദപത്മപരാഗങ്ങളെ ശിരസ്സിൽ ചേൎക്കേണ്ടതാണെന്നു് വ്യംഗ്യം.

തസ്യാ അമൂനി നഃ ക്ഷോഭം കുർവ്വന്ത്യുച്ചൈഃ പദാനി യത്
യൈകാഽപഹൃത്യ ഗോപീനാം രഹോ ഭുങ്ക്തേഽച്യുതാധരം. 30

| | | | |
|---|---|---|---|
| ഗോപീനാം | "എല്ലാ ഗോപികളുടേയും സർവ്വസ്വമായ | ഭുങ്ക്തേ | അനുഭവിച്ചുകൊണ്ടിരിക്കുന്നുവോ, |
| അച്യുതാധരം | കൃഷ്ണന്റെ അധരാമൃതത്തെ | തസ്യാഃ യത് | അവളുടെ യാതൊരു |
| ഏകാ | ഒരുത്തിയായിമാത്രം | അമൂനി പദാനി | ഈ കാലടികളുണ്ടോ |
| അപഹൃത്യ | അപഹരിച്ച് | (താനി) നഃ | അവ നമുക്ക് |
| രഹഃ | ആരും ഇല്ലാത്ത ദിക്കിൽ | ഉച്ചൈഃ | ഏററവും |
| യാ | യാതൊരുവൾ | ക്ഷോഭം | മനശ്ശല്യത്തെ |
| | | കുർവ്വന്തി | ഉളവാക്കുന്നു. |

നോട്ട് :— കൃഷ്ണന്റെ തൃപ്പാദരേണുക്കളെ ശിരസാ ധരിക്കണം. പക്ഷെ കൂടെയുള്ളവളുടെ കാൽപ്പൊടികൾ അവയിൽ കലന്നിരിക്കുന്നു. അതാണ് സങ്കടം.

ന ലക്ഷ്യന്തേ പദാന്യത്ര തസ്യാ നൂനം തൃണാങ്കുരൈഃ
ഖിദ്യത്സുജാതാങ്ഘ്രിതലാമുന്നിന്യേ പ്രേയസീം പ്രിയഃ. 31

| | | | |
|---|---|---|---|
| അത്ര | "ഈ സ്ഥലത്ത് | ഖിദ്യത്സുജാതാങ്ഘ്രിതലാം | വേദനിക്കുന്ന സുലളിത പാദതലത്തോടുകൂടിയ |
| തസ്യാഃ | അവളുടെ | പ്രേയസീം | പ്രിയതമയെ |
| പദാനി | കാലടിപ്പാടുകൾ | പ്രിയഃ | അവളുടെ പ്രിയൻ |
| ന ലക്ഷ്യന്തേ | കാണപ്പെടുന്നില്ല. | ഉന്നിന്യേ നൂനം | തോളിൽ എടുത്തു വെച്ചിരിക്കണം. |
| തൃണാങ്കുരൈഃ | പുല്ലിൻമുനകളാൽ | | |

ഇമാന്യധികമഗ്നാനി പദാനി വഹതോ വധൂം
ഗോപ്യഃ പശ്യത കൃഷ്ണസ്യ ഭാരാക്രാന്തസ്യ കാമിനഃ. 32

| | | | |
|---|---|---|---|
| ഗോപ്യഃ | ഗോപികമാരേ ! | കാമിനഃ | കാമിയായ |
| പശ്യത | നോക്കുവിൻ— | കൃഷ്ണസ്യ | കൃഷ്ണന്റെ |
| വധൂം | വധുവിനെ | ഇമാനി പദാനി | ഈ കാലടികൾ |
| വഹതഃ | ഏററി നടന്നുകൊണ്ടു് | അധികമഗ്നാനി | പൂഴിയിൽ അധികം പൂന്തിക്കിടക്കുന്നു. |
| ഭാരാക്രാന്തസ്യ | ഭാരം ചുമന്നിരിക്കുന്ന | | |

അത്രാവരോപിതാ കാന്താ പുഷ്പഹേതോർമ്മഹാത്മനാ
അത്ര പ്രസൂനാവചയഃ പ്രിയാർത്ഥേ പ്രേയസാ കൃതഃ
പ്രപദാക്രമണേ ഏതേ പശ്യതാസകലേ പദേ. 33

| | | | |
|---|---|---|---|
| അത്ര | "ഈ സ്ഥലത്തുവെച്ച് | അവരോപിതാ | തോളിൽനിന്നു് ഇറക്കപ്പെട്ടിട്ടുണ്ടു്. |
| മഹാത്മനാ | ഉദാരചിത്തനായ കൃഷ്ണനാൽ | അത്ര | ഇവിടെ |
| പുഷ്പഹേതോഃ | പൂപറിക്കുന്നതിനുവേണ്ടി | പ്രേയസാ | പ്രിയതമനാൽ |
| കാന്താ | ആ കാമിനി | പ്രിയാർത്ഥേ | പ്രിയതമയ്ക്കുവേണ്ടി |

| | |
|---|---|
| പ്രസൂനാവചയഃ കൃതഃ | പുഷ്പങ്ങൾ പറിക്കപ്പെട്ടിരിക്കുന്നു. |
| പ്രപദാക്രമണേ | അഗ്രപാദം മാത്രം നിലത്തു് ഊന്നിക്കൊണ്ടുള്ള— |
| അസകലേ | മുഴുവനും പതിയാത്ത |
| ഏതേ പദേ | ഈ കാലടിപ്പാടുകളെ |
| പശ്യത | നോക്കുവിൻ. |

കേശപ്രസാധനം ത്വത്ര കാമിന്യാഃ കാമിനാ കൃതം
താനി ചൂഡയതാ കാന്താമുപവിഷ്ടമിഹ ധ്രുവം. 34

| | |
|---|---|
| അത്ര തു | "ഇവിടെവെച്ചാണ് |
| കാമിനാ | ആ കാമുകനാൽ |
| കാമിന്യാഃ | കാമിനീമണിയുടെ |
| കേശപ്രസാധനം കൃതം | വാർകുന്തൽ ഒതുക്കി കെട്ടി അലങ്കരിച്ചു കൊടുക്കപ്പെട്ടതു്. |
| താനി | ആ പൂക്കളെ |
| കാന്താം ചൂഡയതാ | കാന്തക്കു ചൂഡാലങ്കാരമായി കെട്ടിക്കൊടുക്കുന്ന കൃഷ്ണനാൽ |
| ഇഹ | ഇവിടെ |
| ഉപവിഷ്ടം | ഇരിക്കുകയും ഉണ്ടായിട്ടുണ്ടു്. |
| ധ്രുവം | തീർച്ചയാണ്." |

ഈ ശ്ലോകം മുതൽ ശുകോക്തിയാണ്

രേമേ തയാ ചാത്മരത ആത്മാരാമോഽപ്യഖണ്ഡിതഃ
കാമിനാം ദർശയൻ ദൈന്യം സ്ത്രീണാം ചൈവ ദുരാത്മതാം. 35

| | |
|---|---|
| ആത്മരതഃ | തന്നിൽനിന്നുതന്നെ സന്തുഷ്ടനായും, |
| ആത്മാരാമഃ ച | തന്നിൽത്താൻ രമിക്കുന്നവനായും ഉള്ള ഭഗവാൻ |
| അഖണ്ഡിതഃ അപി | സ്ത്രീജനത്താൽ വശീകൃതനല്ലെങ്കിലുംകൂടി, |
| കാമിനാം | വിഷയലമ്പടന്മാരായ പുരുഷന്മാരുടെ |
| ദൈന്യം | കഷ്ടപ്പാടിനേയും, |
| സ്ത്രീണാം | സ്ത്രീകളുടെ |
| ദുരാത്മതാം ച | ദുഷിച്ച മനസ്ഥിതിയേയും |
| ദർശയൻ ഏവ | വെളിപ്പെടുത്തുവാൻ വേണ്ടി മാത്രം |
| തയാ | അവളോടുകൂടെ |
| രേമേ | രമിച്ചു. |

ഇത്യേവം ദർശയന്ത്യസ്താശ്ചേരുർഗ്ഗോപ്യോ വിചേതസഃ
യാം ഗോപീമനയത് കൃഷ്ണോ വിഹായാന്യാഃ സ്ത്രിയോ വനേ. 36

സാ ച മേനേ തദാഽഽത്മാനം വരിഷ്ഠം സർവ്വയോഷിതാം
ഹിത്വാ ഗോപീഃ കാമയാനാ മാമസൌ ഭജതേ പ്രിയഃ. 37

| | |
|---|---|
| ഇതി ഏവം | എന്നിപ്രകാരം |
| ദർശയന്ത്യഃ | തമ്മിൽത്തമ്മിൽ ഭഗവാന്റെ പാദചിഹ്നങ്ങളെ കാട്ടിക്കൊടുത്തുകൊണ്ടു് |
| താഃ ഗോപ്യഃ | ആ ഗോപികമാർ |
| വിചേതസഃ | മനസ്സററവരായി |
| ചേരുഃ | സഞ്ചരിച്ചു. |
| അന്യാഃ സ്ത്രിയഃ | മററുള്ള സ്ത്രീകളെ |
| വനേ വിഹായ | കാട്ടിൽവിട്ടു് |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| യാം ഗോപീം | യാതൊരു ഗോപികയെ യാണോ കൂടെ കൊണ്ടു പോയിരുന്നതു് |
| സാ ച തദാ | അവളും അപ്പോഴ് |
| കാമയാനാഃ | "കാമിച്ചുനില്ക്കുന്ന |
| ഗോപീഃ | എല്ലാ ഗോപികളേയും |

| | | | |
|---|---|---|---|
| ഹിത്വാ | തള്ളിക്കളഞ്ഞു് | ആത്മാനം | തന്നെക്കുറിച്ച് |
| അസൌ പ്രിയഃ | ഈ പ്രിയതമൻ | സർവ്വ- യോഷിതാം | എല്ലാ സ്ത്രീകളിലും വെച്ച് |
| മാം ഭജതേ | എന്നെയാണ് കൈക്കൊണ്ടിരിക്കുന്നതു് " എന്നോർത്തു് | വരിഷ്ഠം | ശ്രേഷ്ഠതയുള്ളവളാണെന്നു് |
| | | മേനേ | കരുതിത്തുടങ്ങി. |

തതോ ഗത്വാ വനോദ്ദേശം ദൃപ്താ കേശവമബ്രവീത്
ന പാരയേഽഹം ചലിതും നയ മാം യത്ര തേ മനഃ. 38

| | | | |
|---|---|---|---|
| തതഃ | അതുകാരണം | അഹം ചലിതും ന പാരയേ | " എനിക്കു നടക്കാൻ വയ്യ; |
| ദൃപ്താ | ഗർവ്വംകലർന്ന അവൾ | യത്ര | എവിടേക്കു് പോകാനാണോ |
| വനോദ്ദേശം | കാട്ടിൽ ഒരു സ്ഥലത്തേക്കു് | തേ മനഃ | ഭവാന്റെ മനസ്സു്, |
| ഗത്വാ | എത്തിയപ്പോൾ | മാം നയ | അവിടേക്കു് എന്നെ എടുത്തുകൊണ്ടുപോകണം " |
| കേശവം | ഭഗവാനോടു് | | |
| അബ്രവീത് | പറഞ്ഞു. | | |

ഏവമുക്തഃ പ്രിയാമാഹ സ്കന്ധ ആരുഹ്യതാമിതി
തതശ്ചാന്തർദ്ധധേ കൃഷ്ണഃ സാ വധൂരന്വതപ്യത. 39

| | | | |
|---|---|---|---|
| ഏവം ഉക്തഃ | ഈവിധം പറയപ്പെട്ട (പ്പോൾ) ശ്രീകൃഷ്ണൻ | തതഃ ച | അനന്തരം അവൾ അതിനുദ്യമിക്കവേ |
| സ്കന്ധഃ ആരുഹ്യതാം | ' എന്നാൽ, എന്റെ ചുമലിൽ കയറിയിരുന്നുകൊള്ളു ' | കൃഷ്ണഃ | ഭഗവാൻ |
| ഇതി | എന്നു് | അന്തർദ്ധധേ | മറഞ്ഞു. |
| പ്രിയാം ആഹ | പ്രിയയോടു പറഞ്ഞു. | സാ വധൂഃ | ആ യുവതി |
| | | അന്വതപ്യത | പശ്ചാത്തപിച്ചു. |

ഹാ നാഥ രമണ പ്രേഷ്ഠ ക്വാസി ക്വാസി മഹാഭുജ
ദാസ്യാസ്തേ കൃപണായാ മേ സഖേ ദർശയ സന്നിധിം. 40

| | | | |
|---|---|---|---|
| ഹാ നാഥ | ' അയ്യോ, പ്രാണനാഥ ! | തേ ദാസ്യാഃ | ഭവാന്റെ ദാസിയും |
| രമണ പ്രേഷ്ഠ | രമണ ! പ്രിയതമ ! | കൃപണായാഃ | ദയനീയാവസ്ഥയിലെത്തിയവളുമായ |
| ക്വ അസി | ഭവാനെവിടെ ? | മേ | എനിക്കു് |
| മഹാഭുജ | ഹേ മഹാബാഹോ ! | സന്നിധിം | ഭവൽസന്നിധാനത്തെ |
| ക്വ അസി | ഭവാനെങ്ങുപോയി ? | ദർശയ | കാട്ടിത്തരണേ " |
| സഖേ | ഇഷ്ടതോഴരേ ! | | |

അന്വിച്ഛന്ത്യോ ഭഗവതോ മാർഗ്ഗം ഗോപ്യോഽവിദൂരതഃ
ദദൃശുഃ പ്രിയവിശ്ലേഷമോഹിതാം ദുഃഖിതാം സഖീം. 41

| | | | |
|---|---|---|---|
| ഭഗവതഃ | ഭഗവാന്റെ | ദുഃഖിതാം | ദുഃഖിതയായ |
| മാർഗ്ഗം | മാർഗ്ഗത്തെ | സഖീം | സഖിയെ |
| അന്വിച്ഛന്ത്യഃ | തേടിയലഞ്ഞുനടക്കുന്ന | അവിദൂരതഃ | അടുത്തുതന്നെ |
| ഗോപ്യഃ | ഗോപികമാർ | ദദൃശുഃ | കണ്ടെത്തി. |
| പ്രിയവിശ്ലേഷ- മോഹിതാം | പ്രിയവിയോഗത്താൽ മൂർച്ഛിച്ചുവീണുകിടക്കുന്ന | | |

തയാ കഥിതമാകർണ്യ മാനപ്രാപ്തിം ച മാധവാത്
അവമാനം ച ദൌരാത്മ്യാദ്വിസ്മയം പരമം യയുഃ. 42

| | | | |
|---|---|---|---|
| മാധവാത് | ശ്രീകൃഷ്ണനിൽനിന്ന് | തയാ | അവളാൽ |
| മാനപ്രാപ്തിം ച | തനിക്ക സിദ്ധിച്ച ബഹുമതിയേയും, | കഥിതം | പറയപ്പെട്ട് |
| ദൌരാത്മ്യാത് | തന്റെ ദുർബ്ബുദ്ധിമൂലം | ആകർണ്യ | കേട്ടിട്ട് (ഗോപിമാർ) |
| അവമാനം ച | വന്നകപ്പെട്ട അവമതിയേയും | പരമം | അത്യധികമായി |
| | | വിസ്മയം യയുഃ | അത്ഭുതപ്പെട്ടു. |

തതോഽവിശൻ വനം ചന്ദ്രജ്യോത്സ്നാ യാവദ്വിഭാവ്യതേ
തമഃ പ്രവിഷ്ടമാലക്ഷ്യ തതോ നിവവൃതുഃ സ്ത്രിയഃ. 43

| | | | |
|---|---|---|---|
| സ്ത്രിയഃ തതഃ | ഗോപസ്ത്രീകൾ, വീണ്ടും | അവിശൻ | കടന്നു തിരഞ്ഞു. |
| ചന്ദ്രജ്യോത്സ്നാ | ചന്ദ്രപ്രകാശം | തതഃ | അതിന്നപ്പുറം |
| വിഭാവ്യതേ യാവത് | കാണപ്പെടുന്നേടത്തോളം സ്ഥലംവരേക്കും | തമഃ പ്രവിഷ്ടം | ഇരുട്ടു അടഞ്ഞതായി |
| | | ആലക്ഷ്യ | കണ്ടിട്ട് |
| വനം | കാട്ടിലേക്ക് | നിവവൃതുഃ | മടങ്ങിപ്പോന്നു. |

തന്മനസ്കാസ്തദാലാപാസ്തദ്വിചേഷ്ടാസ്തദാത്മികാഃ
തദ്ഗുണാനേവ ഗായന്ത്യോ നാത്മാഗാരാണി സസ്മരുഃ. 44

| | | | |
|---|---|---|---|
| തന്മനസ്കാഃ | കൃഷ്ണനിൽത്തന്നെ ചിത്തമുറച്ചവരും, | തദാത്മികാഃ | കൃഷ്ണൻതന്നെ സ്വജീവനെന്നു കരുതുന്നവരും, |
| തദാലാപാഃ | കൃഷ്ണനെമാത്രം സംബന്ധിച്ചുള്ള സംഭാഷണം ചെയ്യുന്നവരും, | തദ്ഗുണാൻ ഏവ ഗായന്ത്യഃ | കൃഷ്ണന്റെ ഗുണങ്ങളെ മാത്രം പാടിക്കൊണ്ടിരിക്കുന്നവരും ആയ അവർ |
| തദ്വിചേഷ്ടാഃ | കൃഷ്ണന്റെ നാനാലീലകളെ അനുകരിക്കുന്നവരും, | ആത്മാഗാരാണി | ദേഹവും ഗേഹവും |
| | | ന സസ്മരുഃ | മറന്നുകളഞ്ഞു. |

പുനഃ പുളിനമാഗത്യ കാളിന്ദ്യാഃ കൃഷ്ണഭാവനാഃ
സമവേതാ ജഗുഃ കൃഷ്ണം തദാഗമനകാംക്ഷിതാഃ. 45

| | | | |
|---|---|---|---|
| സമവേതാഃ | അവർ സംഘംചേൎന്നുകൊണ്ടു് | കൃഷ്ണഭാവനാഃ | ശ്രീകൃഷ്ണനെ ധ്യാനിച്ചു |
| കാളിന്ദ്യാഃ | കാളിന്ദീനദിയുടെ | തദാഗമന- കാങ്ക്ഷിതാഃ | അവിടുത്തെ പ്രത്യാഗമനം പ്രതീക്ഷിച്ചുകൊണ്ടു് |
| പുളിനം | മണൽത്തിട്ടിലേക്കു് | കൃഷ്ണം | ശ്രീകൃഷ്ണനെ ഉദ്ദേശിച്ചു് |
| പുനഃ ആഗത്യ | വീണ്ടും വന്നു് | ജഗുഃ | പാടിത്തുടങ്ങി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
രാസക്രീഡായാം കൃഷ്ണാന്വേഷണം നാമ ത്രിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1251.

## ഏകത്രിംശോഽദ്ധ്യായഃ—മുപ്പത്തൊന്നാമദ്ധ്യായം.

(ഗോപികാഗീതം)

[ഏകത്രിംശേ നിരാശാസ്താഃ പുനഃ പുളിനമാഗതാഃ
കൃഷ്ണമേവാനുഗായന്ത്യഃ പ്രാൎത്ഥയന്തേ തദാഗമം.]

(ഗോപികമാർ യമുനാമണൽത്തിട്ടിൽ ചെന്നിരുന്നു് ഭഗവാനെ പാടിപ്പുകഴ്ത്തി പ്രാൎത്ഥിക്കുന്നതു്.)

ഗോപ്യ ഊചുഃ=ഗോപികൾ പറഞ്ഞു :—

ജയതി തേഽധികം ജന്മനാ വ്രജഃ ശ്രയത ഇന്ദിരാ ശശ്വദത്ര ഹി
ദയിത ദൃശ്യതാം ദിക്ഷു താവകാസ്ത്വയി ധൃതാസവസ്ത്വാം വിചിന്വതേ. 1

| | | | |
|---|---|---|---|
| ദയിത തേ | വല്ലഭ! ഭവാന്റെ | ശ്രയതേ | പാൎപ്പുറപ്പിച്ചിരിക്കുന്നതു് |
| ജന്മനാ | ജനനംകൊണ്ടു് | ത്വയി | ഭവാനുവേണ്ടി |
| വ്രജഃ | ഗോകുലം | ധൃതാസവഃ | പ്രാണൻ ധരിച്ചുകൊണ്ടിരിക്കുന്ന |
| അധികം | സൎവ്വോപരി | | |
| ജയതി | സമൃദ്ധമായിവൎത്തിക്കുന്നു. | താവകാഃ | ഭവാന്റെ ഈ ദാസികൾ |
| ഹി | എന്തെന്നാൽ | ദിക്ഷു | ദിക്കുകൾതോറും |
| ഇന്ദിരാ | ശ്രീഭഗവതി | ത്വാം | ഭവാനെ |
| ശശ്വത് | എപ്പോഴും | വിചിന്വതേ | തേടിത്തേടിയലയുന്നു! |
| അത്ര | ഇവിടെത്തന്നെയാണു് | ദൃശ്യതാം | ഒന്നു കാണപ്പെട്ടുകൊള്ളട്ടെ! |

ശരദുദാശയേ സാധുജാതസത്സരസിജോദരശ്രീമുഷാ ദൃശാ
സുരതനാഥ തേഽശുല്കദാസികാ വരദ നിഘ്നതോ നേഹ കിം വധഃ. 2

| | |
|---|---|
| സുരതനാഥ | രതിസുഖമേകുന്ന ഹേ പ്രാണേശ്വര ! |
| ശരദുദാശയേ | ശരത്കാലത്തിലെ പൊയ്കയിൽ |
| സാധുജാത-സത്സരസിജോദരശ്രീമുഷാ | നല്ലപോലുണ്ടായി വിരിഞ്ഞുനില്ക്കുന്ന ചെന്താമരപ്പൂവിന്നകത്തു തങ്ങുന്ന സൌന്ദര്യസാരത്തെ കവരുന്നേടത്ത |
| ദൃശാ | കണ്ണുകൊണ്ട്, |
| അശുല്കദാസികാഃ | വിലകൊടുക്കാതെ തന്നെ കിട്ടിയ അടിമപ്പെണ്ണുങ്ങളെ |
| നിഘ്നതഃ | കൊല്ലുംപ്രകാരത്തിൽ തല്ലിക്കൊണ്ടിരിക്കുന്ന |
| തേ | അങ്ങയുടെ പ്രവൃത്തി |
| ഇഹ | ലോകദൃഷ്ടിയിൽ |
| കിം വധഃ | കൊലക്കുററമാകയില്ലേ ? |

വിഷജലാപ്യയാദ്വ്യാളരാക്ഷസാദ്വർഷമാരുതാദ്വൈദ്യുതാനലാത്
വൃഷമയാത്മജാദ്വിശ്വതോഭയാദൃഷഭ തേ വയം രക്ഷിതാ മുഹുഃ. 3

| | |
|---|---|
| ഋഷഭ | ഹേ വീരപുരുഷ ! |
| വിഷജലാപ്യയാത് | വിഷജലംകൊണ്ടുള്ള മഹാനാശത്തിൽനിന്നും, |
| വ്യാളരാക്ഷസാത് | പാമ്പായിട്ടുവന്ന രാക്ഷസനിൽ നിന്നും, |
| വർഷമാരുതാത് | പേമാരിയോടൊത്തുവന്ന കൊടുങ്കാററിൽനിന്നും, |
| വൈദ്യുതാനലാത് | ഇടിത്തീയിൽനിന്നും, |
| വൃഷമയാത്മജാത് | വത്സാസുരനിൽനിന്നും, വ്യോമാസുരനിൽനിന്നും |
| വിശ്വതഃ | മറെറല്ലാപ്രകാരത്തിലുമുള്ള |
| ഭയാത് | ആപത്തിൽനിന്നും |
| വയം | ഞങ്ങൾ |
| മുഹുഃ | അടിക്കടി |
| തേ | അങ്ങയാൽ |
| രക്ഷിതാഃ | രക്ഷിക്കപ്പെട്ടവരാണ്. |

നോട്ട് :— വ്യോമാസുരവധത്തെക്കുറിച്ച് മേലിൽ പറയാൻ പോകുന്നതേയുള്ളൂ. എങ്കിലും രാസക്രീഡയ്ക്കുമുൻപ് നടന്ന കഥയാണത്. അതുകൊണ്ടാണ് ഗോപികൾ വ്യോമാസുരവധത്തെ ഇവിടെ സ്മരിക്കുന്നത്. (തോഷണി)

ന ഖലു ഗോപികാനന്ദനോ ഭവാനഖിലദേഹിനാമന്തരാത്മദൃക്
വിഖനസാർത്ഥിതോ വിശ്വഗുപ്തയേ സഖ ഉദേയിവാൻ സാത്വതാം കുലേ. 4

| | |
|---|---|
| സഖേ ഭവാൻ | തോഴരേ ! അങ്ങുന്ന് |
| ഗോപികാനന്ദനഃ | ഗോപനാരിയായ യശോദയുടെ പുത്രൻ |
| ന ഖലു | അല്ലതന്നെ ; |
| അഖിലദേഹിനാം | സകല ദേഹികളുടേയും |
| അന്തരാത്മദൃക് | അന്തഃകരണത്തെ നേരിട്ടറിയുന്നവനാണ്. |
| വിഖനസാ | ബ്രഹ്മദേവനാൽ |
| വിശ്വഗുപ്തയേ | ലോകരക്ഷയ്ക്കുവേണ്ടി |
| അർത്ഥിതഃ | പ്രാർത്ഥിക്കപ്പെട്ടവനായിട്ട് |
| സാത്വതാം | ഭക്തന്മാരുടെ (യദുക്കളുടെ) |
| കുലേ | വംശത്തിൽ |
| ഉദേയിവാൻ | അവതരിച്ചവനാകുന്നു. |

വിരചിതാഭയം വൃഷ്ണിധുര്യ തേ ചരണമീയുഷാം സംസൃതേർഭയാത്
കരസരോരുഹം കാന്ത കാമദം ശിരസി ധേഹി നഃ ശ്രീകരഗ്രഹം. 5

| | |
|---|---|
| വൃഷ്ണിധുര്യ | ഹേ വൃഷ്ണികുലോത്തമ ! |
| കാന്ത | അല്ലയോ കാന്ത ! |
| സംസൃതേഃ | സംസാരത്തിൽനിന്നുള്ള |
| ഭയാത് | ഭയംനിമിത്തം |
| ചരണം | ചെന്താരടിയെ |
| ഈയുഷാം | ശരണം പ്രാപിച്ചവർക്ക് |
| വിരചിതാഭയം | അഭയമേകിയതും, |
| കാമദം | ആഗ്രഹങ്ങളെ നിറവേററിക്കൊടുക്കുന്നതും, |

| | |
|---|---|
| ശ്രീകരഗ്രഹം | ശ്രീഭഗവതിയുടെ കരം പിടിച്ചതും ആയ |
| തേ | ഭവാന്റെ |
| കരസരോരുഹം | പാണികമലത്തെ |
| നഃ ശിരസി | ഞങ്ങളുടെ ശിരസ്സിൽ |
| ധേഹി | ചേർത്തുകൊണ്ടാലും. |

വ്രജജനാർത്തിഹൻ വീര യോഷിതാം നിജജനസ്മയധ്വംസനസ്മിത
ഭജ സഖേ ഭവത്കിങ്കരീഃ സ്മ നോ ജലരുഹാനനം ചാരു ദർശയ. 6

| | |
|---|---|
| വ്രജജനാർത്തിഹൻ | ഗോകുലവാസികളുടെ സങ്കടങ്ങളെ മുഴുവൻ തീർത്തരുന്ന |
| വീര | ഹേ വീരപുരുഷ ! |
| നിജജനസ്മയധ്വംസനസ്മിത | സ്വപ്രേയസിമാരുടെ ഗർവ്വൊതുക്കുന്ന മന്ദസ്മിതത്തെ പൂണ്ട |
| സഖേ | ഇഷ്ടതോഴരേ ! |
| ഭവത്കിങ്കരീഃ | ഭവാന്റെ ദാസികളായ |
| നഃ സ്മ ഭജ | ഞങ്ങളെ മുററും സ്വീകരിക്കണേ ! |
| ചാരു | അഴകാന്ന |
| ജലരുഹാനനം | മുഖകമലത്തെ |
| യോഷിതാം | ഈ അബലകൾക്ക് |
| ദർശയ | കാട്ടിത്തരണേ ! |

പ്രണതദേഹിനാം പാപകർശനം തൃണചരാനുഗം ശ്രീനികേതനം
ഫണിഫണാർപ്പിതം തേ പദാംബുജം കൃണു കുചേഷു നഃ കൃന്ധി ഹൃച്ഛയം. 7

| | |
|---|---|
| പ്രണതദേഹിനാം | ശരണം പ്രാപിച്ച ശരീരികളുടെ |
| പാപകർശനം | പാപത്തെ നശിപ്പിക്കുന്നതും, |
| തൃണചരാനുഗം | പുല്ലുമേയുന്ന കന്നുകാലികളെ അനുഗമിക്കുന്നതും, |
| ശ്രീനികേതനം | സൌന്ദര്യത്തിന്നിരിപ്പിടമായതും, |
| ഫണിഫണാർപ്പിതം | കാളിയസർപ്പത്തിന്റെ പത്തികളിൽ നൃത്തംവെച്ചതും ആയ |
| തേ | ഭവാന്റെ |
| പദാംബുജം | തൃപ്പാദപദ്മത്തെ |
| നഃ കുചേഷു | ഞങ്ങളുടെ സ്തനങ്ങളിൽ |
| കൃണു | സ്ഥാപിച്ചുകൊണ്ടാലും. |
| ഹൃച്ഛയം | കാമത്തെ |
| കൃന്ധി | വേർപെടുത്തിത്തന്നാലും. |

മധുരയാ ഗിരാ വല്ഗുവാക്യയാ ബുധമനോജ്ഞയാ പുഷ്കരേക്ഷണ
വിധികരീരിമാ വീര മുഹ്യതീരധരസീധുനാഽഽപ്യായയസ്വ നഃ. 8

| | |
|---|---|
| പുഷ്കരേക്ഷണ | ചെന്താമരക്കണ്ണ ! |
| വീര | വീരപുരുഷ ! |
| മധുരയാ | മധുരമായതും, |
| വല്ഗുവാക്യയാ | മനോഹരമായ വാക്യരീതിയോടുകൂടിയതും, |
| ബുധമനോജ്ഞയാ | വിദ്വാന്മാർക്കുകൂടി ഹൃദ്യമായതും ആയ |
| ഗിരാ | ഭവാന്റെ മൊഴിയാൽ |
| മുഹ്യതീഃ | മോഹംകൊണ്ടിരിക്കുന്ന |
| വിധികരീഃ | കിങ്കരികളായ |
| ഇമാഃ നഃ | ഈ ഞങ്ങളെ |
| അധരസീധുനാ | അധരാമൃതംകൊണ്ട് |
| ആപ്യായയസ്വ | ഉജ്ജീവിപ്പിച്ചാലും. |

തവ കഥാമൃതം തപ്തജീവനം കവിഭിരീഡിതം കല്മഷാപഹം
ശ്രവണമംഗളം ശ്രീമദാതതം ഭുവി ഗൃണന്തി തേ ഭൂരിദാ ജനാഃ. 9

| | |
|---|---|
| തപ്തജീവനം | സന്തപ്തർക്ക് ആശ്വാസമരുളുന്നതും, |
| കവിഭിഃ | വിദ്വാന്മാരാൽ |
| ഈഡിതം | വാഴ്ത്തപ്പെട്ടിരിക്കുന്നതും |
| കല്മഷാപഹം | പാപത്തെ അകററുന്നതും, |
| ശ്രവണമംഗലം | കേൾക്കുന്നതുകൊണ്ടുതന്നെ മംഗളകരമായതും, |

| | | | |
|---|---|---|---|
| ശ്രീമത് | മനസ്സമാധാനമേകുന്നതും ആയ | ആതതം | വിസ്തരരൂപേണ |
| തവ | അങ്ങയുടെ | ഗൃണന്തി | അനുഭവിക്കുന്നത് |
| കഥാമൃതം | കഥയാവുന്ന അമൃതത്തെ | തേ | ആരാണോ, ആ ജനങ്ങൾ |
| ഭുവി | ഭൂമിയിൽ | ഭൂരിദാഃ | മുജ്ജന്മത്തിൽ ധാരാളം കൊടുത്തുവെച്ചവരാകുന്നു. |

പ്രഹസിതം പ്രിയ പ്രേമവീക്ഷണം വിഹരണം ച തേ ധ്യാനമംഗളം
രഹസി സംവിദോ യാ ഹൃദിസ്പൃശഃ കുഹക നോ മനഃ ക്ഷോഭയന്തി ഹി.

| | | | |
|---|---|---|---|
| പ്രിയ കുഹക | പ്രിയതമ ! വഞ്ചക ! | ഹൃദിസ്പൃശഃ | ഹൃദയത്തെ സ്പർശിക്കുന്ന |
| ധ്യാനമംഗളം | നിനവുകൊണ്ടുതന്നെ മംഗളപ്രദമായ | രഹസി | ഏകാന്തത്തിലെ |
| തേ പ്രഹസിതം | അങ്ങയുടെ ചിരിയും, | സംവിദഃ | നർമ്മഭാഷണങ്ങൾ |
| പ്രേമവീക്ഷണം | പ്രേമം കലർന്ന നോട്ടവും | യാഃ ച | ഏതെല്ലാമോ അവയും |
| വിഹരണം | കളിയും, | നഃ മനഃ | ഞങ്ങളുടെ മനസ്സിനെ |
| | | ക്ഷോഭയന്തി ഹി | ഇളക്കിത്തീർക്കുന്നുവല്ലോ. |

ചലസി യദ്‌വ്രജാച്ചാരയൻ പശൂൻ നളിനസുന്ദരം നാഥ തേ പദം
ശിലതൃണാങ്കുരൈഃ സീദതീതി നഃ കലിലതാം മനഃ കാന്ത ഗച്ഛതി. 11

| | | | |
|---|---|---|---|
| നാഥ കാന്ത | അല്ലയോ നാഥ ! കാന്ത! | തേ പദം | ഭവാന്റെ തൃപ്പാദം |
| യത് | എപ്പോൾ (ഭവാൻ) | ശിലതൃണാങ്കുരൈഃ | ധാന്യക്കതിരുകൾ, പുല്ലുകൾ, സസ്യമുളകൾ എന്നിവയാൽ |
| പശൂൻ | പശുക്കളെ | സീദതി | വേദനിക്കുമല്ലോ |
| ചാരയൻ | മേച്ചുകൊണ്ട് | ഇതി | എന്നോർത്ത് |
| വ്രജാത് | ഗോകുലത്തിൽനിന്ന് | നഃ മനഃ | ഞങ്ങളുടെ ഹൃദയം |
| ചലസി | പുറപ്പെടുന്നുവോ, അപ്പോൾ | കലിലതാം | സ്വാസ്ഥ്യമില്ലായ്മയെ |
| നളിനസുന്ദരം | താമരപ്പൂപോലെ കോമളമായ | ഗച്ഛതി | പ്രാപിക്കാറുണ്ട്. |

ദിനപരിക്ഷയേ നീലകുന്തളൈർവ്വനരുഹാനനം ബിഭ്രദാവൃതം
ഘനരജസ്വലം ദർശയൻ മുഹുർമ്മനസി നഃ സ്മരം വീര യച്ഛസി. 12

| | | | |
|---|---|---|---|
| വീര | ഹേ വീരപുരുഷ ! | ബിഭ്രത് | പൂണ്ടുകൊണ്ടുള്ള ഭവാൻ |
| ദിനപരിക്ഷയേ | പകൽ അവസാനിക്കുമ്പോൾ | മുഹുഃ | അടിക്കടി |
| നീലകുന്തളൈഃ | നീലാളകങ്ങളാൽ | ദർശയൻ | ആ തിരുമുഖം കാട്ടിത്തന്നുകൊണ്ട് |
| ആവൃതം | മറയ്ക്കപ്പെട്ടതും | നഃ | ഞങ്ങളുടെ |
| ഘനരജസ്വലം | ഗോധൂളികൾ പുരണ്ടിരിക്കുന്നതും ആയ | മനസി | മനസ്സിൽ |
| വനരുഹാനനം | കമലസുന്ദരമുഖത്തെ | സ്മരം | സംഗമാഭിലാഷത്തെ |
| | | യച്ഛസി | ഉളവാക്കുന്നു. |

പ്രണതകാമദം പത്മജാർച്ചിതം ധരണിമണ്ഡനം ധ്യേയമാപദി
ചരണപങ്കജം ശന്തമം ച തേ രമണ നഃ സ്തനേഷ്വർപ്പയാധിഹൻ. 13

ആധിഹൻ / രമണ } മനോദുഃഖം തീർത്തരുളുന്ന ഹേ രമണ!
പ്രണതകാമദം വണങ്ങുന്നവർക്ക് ആഗ്രഹം നിറവേററിക്കൊടുക്കുന്നതും,
പദ്മജാർച്ചിതം ബ്രഹ്മാവിനാൽ പൂജിതവും,
ധരണിമണ്ഡനം ഭൂമിക്ക് അലങ്കാരമായതും,

ആപദി ആപത്കാലത്ത്
ധ്യേയം ധ്യാനിക്കത്തക്കതും,
ശന്തമം ആനന്ദജനകവും ആയ
തേ ഭവാന്റെ
ചരണപങ്കജം തൃപ്പാദപദ്മത്തെ
നഃ ഞങ്ങളുടെ
സ്തനേഷു സ്തനങ്ങളിൽ
അർപ്പയ ചേർത്തരുളണേ!

സുരതവർദ്ധനം ശോകനാശനം സ്വരിതവേണുനാ സുഷ്ഠു ചുംബിതം
ഇതരരാഗവിസ്മാരണം നൃണാം വിതര വീര നസ്തേഽധരാമൃതം. 14

വീര വീരപുരുഷ!
സുരതവർദ്ധനം രതിസുഖത്തെ വളർത്തുന്നതും,
ശോകനാശനം ശോകത്തെ നശിപ്പിക്കുന്നതും,
സ്വരിത- / വേണുനാ } ശ്രുതിരാഗം പൊഴിക്കുന്ന മുരളിയാൽ
സുഷ്ഠു നല്ലപോലെ

ചുംബിതം ചുംബിക്കപ്പെട്ടതും
നൃണാം മനുഷ്യർക്ക്
ഇതരരാഗ- / വിസ്മാരണം } മററു വിഷയങ്ങളിലുള്ള അനുരാഗത്തെ വിസ്മരിപ്പിക്കുന്നതും ആയ
തേ ഭവാന്റെ
അധരാമൃതം അധരാമൃതത്തെ
നഃ വിതര ഞങ്ങൾക്ക് നല്കിയാലും.

അടതി യദ്ഭവാനഹ്നി കാനനം ത്രുടിര്യുഗായതേ ത്വാമപശ്യതാം
കുടിലകുന്തളം ശ്രീമുഖം ച തേ ജഡ ഉദീക്ഷതാം പക്ഷ്മകൃദ്ദൃശാം. 15

യത് അഹ്നി എപ്പോൾ, പകൽനേരത്ത്
ഭവാൻ ഭവാൻ
കാനനം വൃന്ദാവനത്തിലേക്ക്
അടതി പോകുന്നുണ്ടോ, അപ്പോൾ
ത്വാം ഭവാനെ
അപശ്യതാം കാണാതെയിരിക്കുന്നവർക്ക്
ത്രുടിഃ അത്യല്പസമയംകൂടി
യുഗായതേ യുഗംപോലെയായി തീരുന്നു.

ച വീണ്ടും, (വൈകുന്നേരത്ത്)
കുടിലകുന്തളം ചുരുണ്ട മുടിയോടുകൂടിയ
തേ ശ്രീമുഖം ഭവാന്റെ തിരുമുഖത്തെ
ഉദീക്ഷതാം കണ്ടുകൊണ്ടിരിക്കുന്നവരുടെ
ദൃശാം കണ്ണുകൾക്ക്
പക്ഷ്മകൃത് ഇമകളുണ്ടാക്കിത്തീർത്ത സൃഷ്ടികർത്താവ്
ജഡഃ ഹൃദയശൂന്യൻതന്നെയാണ്.

പതിസുതാന്വയഭ്രാതൃബാന്ധവാനതിവിലംഘ്യ തേഽന്ത്യച്യുതാഗതാഃ
ഗതിവിദസ്തവോദ്ഗീതമോഹിതാഃ കിതവ യോഷിതഃ കസ്ത്യജേന്നിശി. 16

അച്യുത സ്വഗുണങ്ങളിൽനിന്ന് തെററിനില്ക്കാത്ത ഹേ സത്യമൂർത്തേ!

ഗതിവിദഃ സംഗീതത്തിന്റെ ഗതിവിശേഷങ്ങൾ അറിയുന്ന
തവ ഭവാന്റെ

| | |
|---|---|
| ഉദ്ഗീത– മോഹിതാഃ | ഉച്ചസ്ഥായിയിലുള്ള വേണുഗാനത്താൽ മോഹിതകളായ ഞങ്ങൾ |
| പതിസുതാ– ന്വയഭ്രാതൃ– ബാന്ധവാൻ | ഭർത്താക്കന്മാർ, കുട്ടികൾ, കുടുംബക്കാർ, സഹോദരന്മാർ, ബന്ധുക്കൾ എന്നുതുടങ്ങിയവരെയെല്ലാം |
| അതിവിലംഘ്യ | അവഗണിച്ച് |
| തേ അന്തി | ഭവാന്റെ സവിധത്തിൽ |
| ആഗതാഃ | വന്നുചേർന്നു. |
| കിതവ | ഹേ കൈതവമൂർത്തേ! |
| നിശി | രാത്രിയിൽ (ഈ വിധം സ്വയംസമീപിച്ച) |
| യോഷിതഃ | സ്ത്രീജനങ്ങളെ |
| കഃ | ഭവാനല്ലാതെ വേറിട്ട് ആർ? |
| ത്യജേത് | കൈവെടിയും? |

രഹസി സംവിദം ഹൃച്ഛയോദയം പ്രഹസിതാനനം പ്രേമവീക്ഷണം
ബൃഹദുരഃ ശ്രിയോ വീക്ഷ്യ ധാമ തേ മുഹുരതിസ്പൃഹാ മുഹ്യതേ മനഃ. 17

| | |
|---|---|
| തേ | ഭവാന്റെ |
| രഹസി | ഏകാന്തത്തിൽവെച്ചുള്ള |
| സംവിദം | നർമ്മവചനത്തേയും, |
| ഹൃച്ഛയോദയം | കാമം കൂമ്പെടുക്കുന്ന |
| പ്രഹസിതാനനം | പുഞ്ചിരിപൂണ്ട മുഖത്തേയും, |
| പ്രേമവീക്ഷണം | പ്രേമകടാക്ഷത്തേയും, |
| ശ്രിയഃ | മഹാലക്ഷ്മിയുടെ |
| ധാമ | ആസ്ഥാനമായ |
| ബൃഹദുരഃ | വിശാലവക്ഷസ്സിനേയും |
| വീക്ഷ്യ | കണ്ടിട്ട് |
| അതിസ്പൃഹാ | ഏറിയ ആശ തോന്നുന്നു. |
| മുഹുഃ മനഃ | വീണ്ടും വീണ്ടും മനസ്സ് |
| മുഹ്യതേ | മോഹം പ്രാപിക്കുന്നു. |

വ്രജവനൌകസാം വ്യക്തിരംഗ തേ വൃജിനഹന്ത്ര്യലം വിശ്വമംഗളം
ത്യജ മനാക് ച നസ്ത്വത്സ്പൃഹാത്മനാം സ്വജനഹൃദ്രുജാം യന്നിഷൂദനം. 18

| | |
|---|---|
| അംഗ | പ്രഭോ! |
| തേ വ്യക്തിഃ | ഭവാന്റെ തിരുവവതാരം |
| വ്രജവനൌ– കസാം | വ്രജവാസികളായ ഗോപജാതികളുടേയും, വനവാസികളായ മുനിമാരുടേയും |
| വൃജിനഹന്ത്രീ | പാപത്തെ (സങ്കടത്തെ) പരിഹരിക്കുന്നതായ ഒന്നത്രെ. |
| അലം | അതു് അത്യന്തം |
| വിശ്വമംഗളം | ലോകകല്യാണകരവും ആകുന്നു. |
| ത്വത്സ്പൃഹാ– ത്മനാം | ഭവദ്വിഷയക ആഗ്രഹം മനസ്സിൽ തിങ്ങിയിരിക്കുന്ന |
| നഃ | ഞങ്ങൾക്ക് |
| സ്വജന– ഹൃദ്രുജാം | സ്വജനങ്ങളുടെ ഹൃദയരോഗങ്ങൾക്ക് |
| നിഷൂദനം | പ്രശമനം വരുത്തുന്ന |
| യത് | യാതൊരു വസ്തുവുണ്ടോ അതിനെ |
| മനാക് ച | കുറഞ്ഞൊന്ന് |
| ത്യജ | കൈയ്യയച്ചേകിയാലും. |

യത്തേ സുജാതചരണാംബുരുഹം സ്തനേഷു
ഭീതാഃ ശനൈഃ പ്രിയ ദധീമഹി കർക്കശേഷു
തേനാടവീമടസി തദ്വ്യഥതേ ന കിംസ്വിത്
കൂർപ്പാദിഭിർഭ്രമതി ധീർഭവദായുഷാം നഃ. 19

പ്രിയ തേ — പ്രിയ! ഭവാന്റെ
യത് — യാതൊരു
സുജാത-ചരണാം-ബുരുഹം — സുകുമാരമായ പാദകമലത്തെയാണോ
കർക്കശേഷു — കട്ടപ്പുമുള്ള
സ്തനേഷു — സ്തനങ്ങളിൽ
ഭീതാഃ — (ആ ചെന്താരടിക്ക് വേദനയേല്ക്കുമോ എന്നു്) പേടിച്ചുകൊണ്ടു്
വയം — ഞങ്ങൾ
ശനൈഃ — പതുക്കെമാത്രം
ദധീമഹി — ചേർക്കേണ്ടതായിരിക്കുന്നതു്,

തേന — ആ പാദംകൊണ്ടു്
അടവീം — കാട്ടിൽ ഉടനീളം
അടസി — ഭവാൻ സഞ്ചരിക്കുന്നു.
തത് — അതു്
കൂർപ്പാദിഭിഃ — ചരൽക്കല്ലുകൊണ്ടും മറ്റും
കിംസ്വിത് ന വ്യഥതേ — എങ്ങനെയാണ് വേദനയേല്ക്കാതിരിക്കുക? (ഇതോർക്കുമ്പോൾ)
ഭവദായുഷാം — ഭവാൻതന്നെ ജീവിതമായിരിക്കുന്ന
നഃ ധീഃ — ഞങ്ങളുടെ ബുദ്ധി
ഭ്രമതി — ചക്രം തിരിയുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗോപികാഗീതം നാമ ഏകത്രിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1273.

## ദ്വാത്രിംശോഽദ്ധ്യായഃ—മുപ്പത്തിരണ്ടാമദ്ധ്യായം.

[ദ്വാത്രിംശേ വിരഹാലാപവിക്ലിന്നഹൃദയോ ഹരിഃ
തത്രാവിർഭൂയ ഗോപീസ്താഃ സാന്ത്വയാമാസ മാനയൻ.]

(ഭഗവാൻ പ്രത്യക്ഷപ്പെട്ടു് ഗോപികമാരെ ആശ്വസിപ്പിക്കുന്നതു.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇതി ഗോപ്യഃ പ്രഗായന്ത്യഃ പ്രലപന്ത്യശ്ച ചിത്രധാ
രുരുദുഃ സുസ്വരം രാജൻ കൃഷ്ണദർശനലാലസാഃ. 1

രാജൻ — രാജാവേ!
കൃഷ്ണദർശന-ലാലസാഃ — ഭഗവാനെ കണ്ടെത്തുവാൻ അത്യാശകൊണ്ടിരിക്കുന്ന
ഗോപ്യഃ — ഗോപികമാർ

ഇതി ചിത്രധാ — ഇങ്ങനെ പലപ്രകാരത്തിൽ
പ്രഗായന്ത്യഃ — ഓരോന്നു പാടിക്കൊണ്ടും,
പ്രലപന്ത്യഃ ച — പറഞ്ഞുകൊണ്ടും
സുസ്വരം — വാവിട്ടു് ഉറക്കെ
രുരുദുഃ — കരഞ്ഞു.

താസാമാവിരഭൂച്ഛൌരിഃ സ്മയമാനമുഖാംബുജഃ
പീതാംബരധരഃ സ്രഗ്വീ സാക്ഷാന്മന്മഥമന്മഥഃ. 2

| | | | |
|---|---|---|---|
| സ്മയമാന–മുഖാംബുജഃ | മന്ദഹാസം തൂകുന്ന മുഖാരവിന്ദത്തോടുകൂടിയവനായി, | സാക്ഷാ–ന്മന്മഥമന്മഥഃ | സാക്ഷാൽ മന്മഥനുപോലും മന്മഥനായിട്ടുള്ള |
| പീതാംബര–ധരഃ | മഞ്ഞപ്പട്ടാട ചാർത്തിയവനായി, | ശൌരിഃ | ഭഗവാൻ ശ്രീകൃഷ്ണൻ |
| സ്രഗ്വീ | വനമാലയണിഞ്ഞവനായി, | താസാം | അവരുടെ മദ്ധ്യത്തിൽ |
| | | ആവിരഭൂത് | പ്രത്യക്ഷപ്പെട്ടു. |

തം വിലോക്യാഗതം പ്രേഷ്ഠം പ്രീത്യുത്ഫുല്ലദൃശോഽബലാഃ
ഉത്തസ്ഥുര്യുഗപത് സർവ്വാസ്തന്വഃ പ്രാണമിവാഗതം. 3

| | | | |
|---|---|---|---|
| ആഗതം | വന്നുചേർന്ന | ആഗതം | തിരിച്ചെത്തിയ |
| തം പ്രേഷ്ഠം | ആ പ്രിയതമനെ | പ്രാണം | പ്രാണനെ ലഭിച്ചു് |
| വിലോക്യ | കണ്ടു് | തന്വഃ ഇവ | ശരീരാവയവങ്ങളെന്നവിധം |
| സർവ്വാഃ അബലാഃ | എല്ലാ സ്ത്രീകളും | യുഗപത് | ഒന്നിച്ചു് |
| പ്രീത്യുത്ഫുല്ല-ദൃശഃ | സന്തോഷംകൊണ്ടു് വിടർന്ന നേത്രങ്ങളോടുകൂടിയവരായിട്ടു് | ഉത്തസ്ഥുഃ | എഴുന്നേററു. |

കാചിത് കരാംബുജം ശൌരേർജ്ജഗൃഹേഽഞ്ജലിനാ മുദാ
കാചിദ്ദധാര തദ്ബാഹുമംസേ ചന്ദനരൂഷിതം. 4

| | | | |
|---|---|---|---|
| കാചിത് | ഒരുവൾ | കാചിത് | മറെറാരുവൾ |
| മുദാ | സന്തോഷത്തോടെ | ചന്ദനരൂഷിതം | ചന്ദനംപൂശിയ |
| അഞ്ജലിനാ | ഇരുകൈ ചേർത്തികൊണ്ടു് | തദ്ബാഹും | ഭഗവാൻെറ കൈത്തണ്ടയെ |
| ശൌരേഃ | ശ്രീകൃഷ്ണൻെറ | | |
| കരാംബുജം | കരകമലത്തെ | അംസേ | തൻെറ ചുമലിൽ |
| ജഗൃഹേ | കടന്നുപിടിച്ചു. | ദധാര | എടുത്തിട്ടു. |

കാചിദഞ്ജലിനാഽഗൃഹ്ണാത്തന്വീ താംബൂലചർവ്വിതം
ഏകാ തദംഘ്രികമലം സന്തപ്താ സ്തനയോരധാത്. 5

| | | | |
|---|---|---|---|
| കാചിത് തന്വീ | ഒരു സ്ത്രീ | സന്തപ്താ | വിരഹസന്തപ്തയായ |
| അഞ്ജലിനാ | കൈക്കുമ്പിൾകൊണ്ടു് | ഏകാ | മറെറാരുത്തി |
| താംബൂല–ചർവ്വിതം | ഭഗവാൻ താംബൂലചർവ്വണം ചെയ്തതിൻെറ ഉച്ഛിഷ്ടത്തെ | തദംഘ്രി-കമലം | ഭഗവാൻെറ തൃപ്പാദാരവിന്ദത്തെ |
| | | സ്തനയോഃ | കൊങ്കത്തടങ്ങളിൽ |
| അഗൃഹ്ണാത് | സ്വീകരിച്ചു. | അധാത | ചേർത്തുവെച്ചു. |

ഏകാ ഭ്രുകുടിമാബധ്യ പ്രേമസംരംഭവിഹ്വലാ
ഘ്നതീവൈക്ഷത് കടാക്ഷേപൈഃ സംദഷ്ടദശനച്ഛദാ 6

| | | | |
|---|---|---|---|
| ഏകാ | മറെറാരുവൾ | ആബധ്യ | വളച്ചുപിടിച്ചു് |
| ഭ്രുകുടിം | പുരികക്കൊടിയെ | പ്രേമസംരംഭ–വിഹ്വലാ | പ്രണയകോപത്താൽ വിവശയായി |

സന്ദഷ്ട-ദശനച്ഛദാ } ചുണ്ടു കടിച്ചുകൊണ്ട്
കടാക്ഷേപൈഃ കടക്കണ്ണേറുകളാൽ
ഘ്നതീ ഇവ പ്രഹരിക്കുന്നവളെന്നപോലെ
ഐക്ഷത് നോക്കിനിന്നു.

അപരാഽനിമിഷദൃഗ്ഭ്യാം ജുഷാണാ തന്മുഖാംബുജം
ആപീതമപി നാതൃപ്യത് സന്തസ്തച്ചരണം യഥാ. 7

അപരാ വേറിട്ടൊരുവൾ
അനിമിഷ-ദൃഗ്ഭ്യാം } ഇമവെട്ടാതെയുള്ള ഇരുകൺകളാൽ
തന്മുഖാംബുജം അവിടുത്തെ മുഖകമലത്തെ
ആപീതം അപി ആവോളം പാനം ചെയ്യപ്പെട്ടതെങ്കിലും
ജുഷാണാ വീണ്ടും അനുഭവിച്ചുകൊണ്ട്,
സന്തഃ ഭക്തജനങ്ങൾ
തച്ചരണം യഥാ } അവിടുത്തെ തൃപ്പാദത്തെ സേവിച്ച് തൃപ്തിപ്പെടാതെയിരിക്കുന്നപോലെ
ന അതൃപ്യത് തൃപ്തിപ്പെടാതെയായി.

തം കാചിന്നേത്രരന്ധ്രേണ ഹൃദികൃത്യ നിമീല്യ ച
പുളകാംഗ്യുപഗുഹ്യാസ്തേ യോഗീവാനന്ദസംപ്ലുതാ 8

കാചിത് മറ്റൊരുവൾ
തം ആ ശ്രീകൃഷ്ണനെ
നേത്രരന്ധ്രേണ നേത്രമാർഗ്ഗത്തിലൂടെ
ഹൃദികൃത്യ ഹൃദയത്തിലേക്ക് കൊണ്ടുപോയിട്ട്
നിമീല്യ ച കണ്ണടക്കുകയും ചെയ്തശേഷം
ഉപഗുഹ്യ ഗാഢാലിംഗനംചെയ്ത്
പുളകാംഗീ രോമാഞ്ചിതഗാത്രിയായി,
ആനന്ദ-സംപ്ലുതാ } ആനന്ദത്തിൽ മുഴുകിയവളായി
യോഗീ ഇവ ധ്യാനനിരതനായ യോഗിയെന്നപോലെ
ആസ്തേ നിലകൊണ്ടു.

സർവ്വാസ്താഃ കേശവാലോകപരമോത്സവനിർവൃതാഃ
ജഹുർവ്വിരഹജം താപം പ്രാജ്ഞം പ്രാപ്യ യഥാ ജനാഃ. 9

കേശവാലോക-പരമോത്സവ-നിർവൃതാഃ | ശ്രീകൃഷ്ണനെ കണ്ടതുകൊണ്ടുണ്ടായ മഹോത്സവത്താൽ പരമാനന്ദം അനുഭവിച്ച
താഃ സർവ്വാഃ അവരെല്ലാവരും
പ്രാജ്ഞം പ്രാപ്യ ഈശ്വരനെ പ്രാപിച്ച്
ജനാഃ മുമുക്ഷുജനങ്ങൾ
യഥാ താപത്രയത്തെ ഉപേക്ഷിക്കുന്നപോലെ
വിരഹജം വിരഹത്താലുണ്ടായ
താപം സന്താപത്തെ
ജഹുഃ ഉപേക്ഷിച്ചു.

താഭിർവ്വിധൂതശോകാഭിർഭഗവാനച്യുതോ വൃതഃ
വ്യരോചതാധികം താത പുരുഷഃ ശക്തിഭിര്യഥാ. 10

താത വത്സ, പരീക്ഷിത്തേ,
പുരുഷഃ പരമാത്മാവ്
ശക്തിഭിഃ സത്വാദികളായ ശക്തികളോടുചേർന്ന്
യഥാ പ്രശോഭിക്കുന്നപോലെ
ഭഗവാൻ ജ്ഞാനവൈരാഗ്യാദി സമ്പന്നനായ
അച്യുതഃ ആ നിർവ്വികാരാത്മാവ്
വിധൂതശോകാഭിഃ വിരഹദുഃഖം നീങ്ങിയ
താഭിഃ ആ ഗോപനാരിമാരാൽ
വൃതഃ പരിവൃതനായിട്ട്
അധികം ഏററവും
വ്യരോചത പ്രശോഭിച്ചു.

താഃ സമാദായ കാളിന്ദ്യാ നിർവ്വിശ്യ പുളിനം വിഭുഃ
വികസത്കുന്ദമന്ദാരസുരഭ്യനിലഷട്പദം. 11

ശരച്ചന്ദ്രാംശുസന്ദോഹധ്വസ്തദോഷാതമഃ ശിവം
കൃഷ്ണായാ ഹസ്തതരളാചിതകോമളവാലുകം 12

വിഭുഃ — ശ്രീകൃഷ്ണൻ
താഃ — അവരെ
സമാദായ — കൂട്ടിക്കൊണ്ടു്
വികസത്— കുന്ദമന്ദാര— സുരഭ്യനില— ഷട്പദം — വിരിഞ്ഞ മുല്ലപ്പൂക്കളുടേയും മന്ദാരപ്പൂക്കളുടേയും സുഗന്ധമേററ കാററുവീശുന്നതും, വണ്ടുകൾ ചുററിക്കൊണ്ടിരിക്കുന്നതും,
ശരച്ചന്ദ്രാംശു— സന്ദോഹധ്വസ്ത— ദോഷാതമഃ — ശരൽക്കാലചന്ദ്രന്റെ കിരണാവലികളാൽ അകററപ്പെട്ട നിശാന്ധകാരത്തോടുകൂടിയതും,
കൃഷ്ണായാഃ — കാളിന്ദിയുടെ
ഹസ്തതരളാ— ചിതകോമള— വാലുകം — തരംഗഹസ്തങ്ങളാൽ വിരിക്കപ്പെട്ട മൃദുമണൽത്തരികളോടുകൂടിയതും,
ശിവം — മംഗളകരവും ആയ
കാളിന്ദ്യാഃ — കാളിന്ദീനദിയുടെ
പുളിനം — മണൽത്തിട്ടിലേക്കു്
നിർവ്വിശ്യ — ചെന്നിട്ടു്
(വ്യരോചത) — പരിശോഭിച്ചു.

തദ്ദർശനാഹ്ലാദവിധൂതഹൃദ്രുജോ മനോരഥാന്തം ശ്രുതയോ യഥാ യയുഃ
സ്വൈരുത്തരീയൈഃ കുചകുങ്കുമാങ്കിതൈരചീക്ലൃപന്നാസനമാത്മബന്ധവേ

തദ്ദർശനാ— ഹ്ലാദവിധൂത— ഹൃദ്രുജഃ — ഭഗവൽസന്ദർശനത്താലുണ്ടായ ആഹ്ലാദത്താൽ അകററപ്പെട്ട മനഃക്ലേശത്തോടുകൂടിയ ഗോപികമാർ
ശ്രുതയഃ യഥാ — വേദങ്ങൾ എപ്രകാരം കർമ്മകാണ്ഡത്തിൽ കാമാനുബന്ധത്താൽ അപൂർണ്ണങ്ങളായിരുന്നു്, ജ്ഞാനകാണ്ഡത്തിൽ ഈശ്വരദർശനത്താൽ കാമാനുബന്ധം വിട്ടു് പൂർണ്ണതയെ പ്രാപിക്കുന്നുവോ, അതുപോലെ
മനോരഥാന്തം — ആഗ്രഹത്തിന്റെ പരിപൂർത്തിയെ
യയുഃ — പ്രാപിച്ചു.
കുചകുങ്കുമാ— ങ്കിതൈഃ — സ്തനങ്ങളിൽപൂശിയ കുങ്കുമം പററിച്ചേർന്നിരിക്കുന്ന
സ്വൈഃ — താന്താങ്ങളുടെ
ഉത്തരീയൈഃ — തോളണിച്ചേലകളാൽ
ആത്മബന്ധവേ — ആത്മസുഹൃത്തായ (അന്തര്യാമിയായ) ശ്രീകൃഷ്ണനു്
ആസനം — ഇരിപ്പിടം
അചീക്ലൃപൻ — തയ്യാറാക്കി.

തത്രോപവിഷ്ടോ ഭഗവാൻ സ ഈശ്വരോ
യോഗേശ്വരാന്തർഹൃദി കല്പിതാസനഃ
ചകാസ ഗോപീപരിഷദ്ഗതോഽർച്ചിത-
സ്ത്രൈലോക്യലക്ഷ്മ്യേകപദം വപുർദ്ദധത്. 14

ഭഗവാൻ — ജ്ഞാനവൈരാഗ്യാദിയുക്തനും,
ഈശ്വരഃ — സർവ്വലോകനിയന്താവും,
യോഗേശ്വരാ— ന്തർഹൃദി — സിദ്ധയോഗികളുടെ ഹൃദയാന്തർഭാഗത്തിൽ
കല്പിതാസനഃ — ഇരിപ്പുറപ്പിച്ചവനും ആയ

| | |
|---|---|
| സഃ | ആ ശ്രീകൃഷ്ണൻ |
| ത്രൈലോക്യ-ലക്ഷ്മ്യേകപദം | മൂന്നു ലോകത്തിലേയും സൌന്ദര്യസാരത്തിന്നു് ഏകാശ്രയമായിട്ടുള്ള |
| വപുഃ ദധത് | തിരുവുടൽപൂണ്ടുകൊണ്ടു് |
| തത്ര | ആ വിരിപ്പിൽ |
| ഉപവിഷ്ടഃ | ഇരുന്നു്, |
| ഗോപീ-പരിഷദ്ഗതഃ | ഗോപികാസമാജത്തിന്റെ മദ്ധ്യഗതനായും, |
| അർച്ചിതഃ | ആദരാൽ സമ്മാനിതനായും |
| ചകാസ | പ്രകാശിച്ചു. |

സഭാജയിത്വാ തമനംഗദീപനം
സഹാസലീലേക്ഷണവിഭ്രമഭ്രുവാ
സംസ്പർശനേനാങ്കകൃതാങ്ഘ്രിഹസ്തയോഃ
സംസ്തുത്യ ഈഷത്കുപിതാ ബഭാഷിരേ. 15

| | |
|---|---|
| അനംഗദീപനം | കാമരസത്തെ ഉണർത്തുന്ന |
| തം | ആ ത്രൈലോക്യസുന്ദരനെ |
| സഭാജയിത്വാ | ആദരിച്ചു്, |
| അങ്കകൃതാങ്ഘ്രി-ഹസ്തയോഃ | മടിയിൽച്ചേർത്തുവെച്ച തൃപ്പാദങ്ങളുടെയും തൃക്കരങ്ങളുടേയും |
| സംസ്പർശനേന | ഉഴിച്ചൽകൊണ്ടു് |
| സംസ്തുത്യ | വ്യാജമായി സ്തുതിച്ചു് |
| സഹാസ-ലീലേക്ഷണ-വിഭ്രമഭ്രുവാ | ചിരിയും കളിയും ഇണങ്ങിയ നോട്ടത്താൽ ശൃംഗാരനാട്യം ചേർന്ന പുരികക്കൊടിയോടുകൂടി |
| ഈഷത് | കുറഞ്ഞൊന്നു് |
| കുപിതാഃ | കോപംഭാവിച്ചുകൊണ്ടു് |
| ബഭാഷിരേ | ഈവിധം പറഞ്ഞു. |

ഗോപ്യ ഉചുഃ = ഗോപികൾ പറഞ്ഞു :—

ഭജതോഽനുഭജന്ത്യേക ഏക ഏതദ്വിപര്യയം
നോഭയാംശ്ച ഭജന്ത്യേക ഏതന്നോ ബ്രൂഹി സാധു ഭോഃ. 16

| | |
|---|---|
| ഏകേ | ചിലർ |
| ഭജതഃ | സേവിക്കുന്നവരെ |
| അനുഭജന്തി | പകരം സേവിക്കാറുണ്ടു്. |
| ഏകേ | ചിലർ |
| ഏതദ്വിപര്യയം | ഇതിന്നു വിപരീതമായി സേവനം ചെയ്യാത്തവരേയുംകൂടി സേവിക്കുന്ന പതിവുണ്ടു്. |
| ഏകേ ച | എന്നാൽ വേറെ ചിലരോ |
| ഉഭയാൻ | രണ്ടുതരക്കാരേയും (സേവനം ചെയ്യുന്നവരേയും, ചെയ്യാത്തവരേയും) |
| ന ഭജന്തി | സേവിക്കാറില്ല |
| ഭോഃ ഏതത് | പ്രിയ! ഈ മൂന്നുവിധത്തിലുള്ളവരുടെ ഗുണദോഷങ്ങളെക്കുറിച്ചു് |
| സാധു നഃ | വേണ്ടപോലെ ഞങ്ങൾക്കു് |
| ബ്രൂഹി | പറഞ്ഞുതന്നാലും! |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

മിഥോ ഭജന്തി യേ സഖ്യഃ സ്വാർത്ഥൈകാന്തോദ്യമാ ഹി തേ
ന തത്ര സൌഹൃദം ധർമ്മഃ സ്വാർത്ഥാർത്ഥം തദ്ധി നാന്യഥാ 17

| | |
|---|---|
| സഖ്യഃ | സ്നേഹിതകളെ! |
| യേ | യാതൊരുവർ |
| മിഥഃ | പകരത്തിന്നുപകരം |
| ഭജന്തി | സേവനം ചെയ്യുന്നുവോ (ഉപകാരം ചെയ്യുന്നുവോ), |
| തേ | അവർ |

സ്വാർത്ഥൈ-കാന്തോദ്യമാഃ — അവരവരുടെ കാര്യത്തിൽമാത്രം പര്യവസാനിക്കുന്ന പരിശ്രമത്തോടുകൂടിയവരാണ്;
ഹി — തീർച്ചതന്നെ.
തത്ര — അവരുടെ വിഷയത്തിൽ
സൌഹൃദം ധർമ്മഃ — സ്നേഹമോ ധർമ്മമോ
ന — കാണുകയില്ല.
ഹി തത് — എന്തെന്നാൽ അത്
സ്വാർത്ഥാർത്ഥം — തൻകാര്യത്തിനുവേണ്ടിയുള്ളതാണ്;
അന്യഥാ ന — മറിച്ചൊന്നും അതിലില്ല.

ഭജന്ത്യഭജതോ യേ വൈ കരുണാഃ പിതരോ യഥാ
ധർമ്മോ നിരപവാദോഽത്ര സൌഹൃദം ച സുമദ്ധ്യമാഃ. 18

സുമദ്ധ്യമാഃ — സുന്ദരാംഗിമാരേ !
യേ വൈ — യാവചിലരാണോ
അഭജതഃ — ഇങ്ങോട്ടുസേവിക്കാത്തവരെക്കൂടി
ഭജന്തി (തേ) — സേവിക്കുന്നത്, അവർ
പിതരഃ — മാതാപിതാക്കന്മാർ
യഥാ — എന്നപോലെ
കരുണാഃ — കാരുണികന്മാരാകുന്നു.
അത്ര — ഈ നിഷ്കാമസേവനത്തിൽ
നിരപവാദഃ — യാതൊരു കോട്ടവുമില്ലാത്ത
ധർമ്മഃ — ധർമ്മവും
സൌഹൃദം ച — സ്നേഹവും ഉണ്ട്.

ഭജതോഽപി ന വൈ കേചിദ്ഭജന്ത്യഭജതഃ കുതഃ
ആത്മാരാമാ ഹ്യാപ്തകാമാ അകൃതജ്ഞാ ഗുരുദ്രുഹഃ. 19

കേചിത് — വേറെ ചിലർ
ഭജതഃ അപി — തങ്ങളെ സേവിക്കുന്നവരെക്കൂടി
ന ഭജന്തി — സേവിക്കുകയില്ല.
അഭജതഃ — സേവിക്കാത്തവരെ
കുതഃ വൈ — പിന്നെയെങ്ങനെ ?
ഹി — എന്നാൽ (ഇവർ നാലുതരക്കാരാണ്.)
ആത്മാരാമാഃ — തന്നിൽത്തന്നെ തൃപ്തരായി പുറംകാഴ്ചയില്ലാതെ ഇരിക്കുന്നവർ;
പൂർണ്ണകാമാഃ — വേണ്ടതെല്ലാം തികഞ്ഞ് ഒന്നിനും ആരുടേയും ആവശ്യമില്ലാത്തവർ;
അകൃതജ്ഞാഃ — അന്യൻചെയ്ത ഉപകാരം അറിഞ്ഞാദരിക്കാൻ കഴിയാത്തവർ;
ഗുരുദ്രുഹഃ — അറിഞ്ഞിട്ടും ഗുരുതുല്യനായ ഉപകാരിയെ ദ്രോഹിക്കുന്നവർ.

നാഹം തു സഖ്യോ ഭജതോഽപി ജന്തൂൻ ഭജാമ്യമീഷാമനുവൃത്തിവൃത്തയേ
യഥാഽധനോ ലബ്ധധനേ വിനഷ്ടേ തച്ചിന്തയാഽന്യന്നിഭൃതോ ന വേദ. 20

സഖ്യഃ — സ്നേഹിതകളേ !
അഹം തു — ഞാൻ (ഈ നാലുതരക്കാരിലും പെട്ടവനല്ല.) എന്നാൽ,
ഭജതഃ അപി — എന്നെ സേവിക്കുന്നവരാണെങ്കിലുംകൂടി
ജന്തൂൻ — എല്ലാപ്രാണികളേയും
അമീഷാം — അവക്ക്
അനുവൃത്തി-വൃത്തയേ — എന്നെക്കുറിച്ചുള്ള നിനവ് തുടർന്നുണ്ടാകുന്നതിനുവേണ്ടി
ന ഭജാമി — എപ്പോഴും പ്രത്യക്ഷത്തിൽ അനുകൂലിക്കുകയില്ല.
യഥാ — ഏതുപ്രകാരം
അധനഃ — നിർദ്ധനനായിരുന്ന ഒരുവൻ

| | |
|---|---|
| ലബ്ധധനേ | ഒരിക്കൽകിട്ടിയ ധനം |
| വിനഷ്ടേ | കൈവിട്ടുപോകുമ്പോൾ |
| തച്ചിന്തയാ | അതിനെപ്പററിയുള്ള വിചാരത്താൽ |
| നിഭൃതഃ | അതിവ്യാപ്തനായി |
| അന്യത് | മററുള്ളതൊക്കയും |
| ന വേദ | മറക്കുന്നുവോ (അതുപോലെ എന്നെ സേവിക്കുന്നവരും ഞാൻ വിട്ടുപോകുമ്പോൾ എന്നെപ്പററിയുള്ള വിചാരത്താൽ മററുള്ളതൊക്കെ മറക്കുന്നു ) |

ഏവം മദർത്ഥോജ്ഝിതലോകവേദ-
സ്വാനാം ഹി വോ മയ്യനുവൃത്തയേഽബലാഃ
മയാ പരോക്ഷം ഭജതാ തിരോഹിതം
മാഽസൂയിതും മാഽർഹഥ തത് പ്രിയം പ്രിയാഃ. 21

പ്രിയാഃ അബലാഃ പ്രിയമങ്കമാരേ !

| | |
|---|---|
| ഏവം | ഇപ്രകാരം |
| മദർത്ഥോജ്ഝിതലോകവേദസ്വാനാം | എനിക്കുവേണ്ടി ലോകാചാരത്തെയും, വേദവിധിയെയും ബന്ധുജനത്തെയും ഉപേക്ഷിച്ചിരിക്കുന്ന |
| വഃ | നിങ്ങൾക്ക്, |
| മയി ഹി | എന്നിൽത്തന്നെ |
| അനുവൃത്തയേ | സ്നേഹം നിലനില്ക്കുന്നതിന്നായി |
| പരോക്ഷം | മറഞ്ഞിരുന്ന് |
| ഭജതാ | നിങ്ങളെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്ന |
| മയാ | എന്നാൽ |
| തിരോഹിതം | തിരോധാനം ചെയ്യപ്പെട്ടതാണ്. |
| തത് | ആകയാൽ |
| പ്രിയം മാ | പ്രിയനായ എന്നെ |
| അസൂയിതും | കുററപ്പെടുത്തുവാൻ |
| മാ അർഹഥ | നിങ്ങൾ അർഹിക്കുന്നില്ല. |

ന പാരയേഽഹം നിരവദ്യസംയുജാം സ്വസാധുകൃത്യം വിബുധായുഷാഽപി വഃ
യാ മാഽഭജൻ ദുർജ്ജരഗേഹശൃംഖലാഃ സംവൃശ്ച്യ തദ്വഃ പ്രതിയാതു സാധുനാ.

| | |
|---|---|
| നിരവദ്യസംയുജാം | എന്നിൽ നിഷ്കപടമായ ആത്മസംയോഗം ഉള്ളവരായ |
| വഃ | നിങ്ങൾക്ക് |
| സ്വസാധുകൃത്യം | സ്വന്തം നല്ലപെരുമാററത്താൽ പ്രത്യുപകാരം ചെയ്യുന്നതിന്ന് |
| വിബുധായുഷാ അപി | ദേവകളുടെ ആയുസ്സുണ്ടായാലുംകൂടി |
| അഹം | ഞാൻ |
| ന പാരയേ | കഴിയുന്നവനല്ല. |
| യാഃ | യാതൊരു നിങ്ങൾ |
| ദുർജ്ജരഗേഹശൃംഖലാഃ | ഉറപ്പുള്ള ഗൃഹശൃംഖലകളെ (ലൌകികബന്ധങ്ങളെ) |
| സംവൃശ്ച്യ | അറുത്തെറിഞ്ഞ് |
| മാ | എന്നെ |
| അഭജൻ | സേവിച്ചുവല്ലോ. |
| തത് | അതുകൊണ്ട് |
| വഃ | നിങ്ങളുടെ |
| സാധുനാ | നന്മകൊണ്ടുതന്നെ |
| പ്രതിയാതു | ആ സേവനത്തിന്ന് പ്രതിവിധിയുണ്ടാകട്ടെ. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
രാസക്രീഡായാം ഗോപീസാന്ത്വനം നാമ ദ്വാത്രിംശോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1295.

## ത്രയസ്ത്രിംശോഽധ്യായഃ — മുപ്പത്തിമൂന്നാമദ്ധ്യായം.

[ത്രയസ്ത്രിംശേ തതോ ഗോപീമണ്ഡലീമധ്യഗോ ഹരിഃ
പ്രിയാസ്താ രമയാമാസ ഹ്ലാദിനീവനകേളിഭിഃ ]

(ഭഗവാൻ ഗോപികമാരെ രാസക്രീഡാദികളാൽ രമിപ്പിക്കുന്നതു്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്ഥം ഭഗവതോ ഗോപ്യഃ ശ്രുത്വാ വാചഃ സുപേശലാഃ
ജഹുർവിരഹജം താപം തദംഗോപചിതാശിഷഃ. 1

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | | മനോരഥത്തോടുകൂടിയി |
| ഭഗവതഃ | ഭഗവാന്റെ | | രിക്കുന്ന |
| സുപേശലാഃ | അത്യന്തമനോഹരങ്ങളായ | ഗോപ്യഃ | ഗോപികമാർ |
| വാചഃ ശ്രുത്വാ | വാക്കുകളെ കേട്ടു് | വിരഹജം | വിരഹംകൊണ്ടുണ്ടായ |
| തദംഗോ- | അവിടുത്തെ അംഗസ്പർ | താപം | പരിതാപത്തെ |
| പചിതാശിഷഃ | ശത്താൽ വളച്ചയെത്തിയ | ജഹുഃ | പരിത്യജിച്ചു. |

തത്രാരഭത ഗോവിന്ദോ രാസക്രീഡാമനുവ്രതൈഃ
സ്ത്രീരത്നൈരന്വിതഃ പ്രീതൈരന്യോന്യാബദ്ധബാഹുഭിഃ. 2

| | | | |
|---|---|---|---|
| തത്ര | അവിടെ (കാളിന്ദീ | അന്യോന്യാ- | പരസ്പരം കൈകോർത്തു |
| | മണൽത്തിട്ടിൽ) വെച്ചു് | ബദ്ധബാഹുഭിഃ | പിടിച്ചിട്ടുള്ളവരും ആയ |
| ഗോവിന്ദഃ | ഗോകുലേശ്വരനായ | സ്ത്രീരത്നൈഃ | പെൺമണികളോടു് |
| | ശ്രീകൃഷ്ണൻ | അന്വിതഃ | ഇടകലർന്നവനായിട്ടു് |
| അനുവ്രതൈഃ | അനുസരിക്കുന്നവരും, | രാസക്രീഡാം | രാസക്രീഡയെ * |
| പ്രീതൈഃ | പ്രേമം കലർന്നവരും, | ആരഭത | ആരംഭിച്ചു. |

* നടന്മാർ നടികളുടെ തോളിൽ കൈവെച്ചുകൊണ്ടും, നടികൾ അന്യോന്യം കൈകോർത്തുപിടിച്ചുകൊണ്ടും വട്ടത്തിൽചുററി നൃത്തംചെയ്യുന്ന ഒരു പ്രത്യേക നൃത്തത്തിന്നു് 'രാസ'മെന്നു പേർ. 'നടൈർഗൃഹീതകണ്ഠാനാമന്യോന്യാത്തകരശ്രിയാം, നർത്തകീനാം ഭവേദ്രാസോ മണ്ഡലീഭൂയ നർത്തനം' എന്നു് നാട്യശാസ്ത്രം.

രാസോത്സവഃ സംപ്രവൃത്തോ ഗോപീമണ്ഡലമണ്ഡിതഃ
യോഗേശ്വരേണ കൃഷ്ണേന താസാം മധ്യേ ദ്വയോർദ്വയോഃ
പ്രവിഷ്ടേന ഗൃഹീതാനാം കണ്ഠേ സ്വനികടം സ്ത്രിയഃ. 3
യം മന്യേരൻ നഭസ്താവദ്വിമാനശതസങ്കുലം
ദിവൗകസാം സദാരാണാമൗത്സുക്യാപഹൃതാത്മനാം. 4

| | |
|---|---|
| യം | യാതൊരാളെ |
| സ്ത്രിയഃ | എല്ലാ സ്ത്രീകളും |
| സ്വാനികടസ്ഥം | അവരവരുടെ അരികത്തു് അണഞ്ഞുനില്ക്കുന്നവനായിട്ടു് |
| മന്യേരൻ | വിചാരിച്ചേക്കുമോ, ആ വിധത്തിൽ ഭേദിച്ചവനും, |
| താസാം | അവരിൽ |
| ദ്വയോഃ ദ്വയോഃ | ഈരണ്ടുപേരുടെ |
| മദ്ധ്യേ | ഇടയിൽ |
| പ്രവിഷ്ടേന | ഏകരൂപത്തിൽ പ്രവേശിച്ചവനും, |
| യോഗേശ്വരേണ | അചിന്ത്യശക്തി സമ്പന്നനും |
| കൃഷ്ണേന | സദാനന്ദമയനും ആയ ശ്രീഭഗവാനാൽ |
| കണ്ഠേ | കഴുത്തിൽ (അന്യോന്യം) |
| ഗൃഹീതാനാം | കെട്ടിപ്പിടിച്ചിരിക്കുന്ന |
| ഗോപീമണ്ഡലമണ്ഡിതഃ | ഗോപിമാരുടെ മണ്ഡലങ്ങളാൽ അലങ്കൃതമായിരിക്കുന്ന |
| രാസോത്സവഃ | രാസലീലാമഹോത്സവം |
| സംപ്രവൃത്തഃ | ശരിയ്ക്കാരംഭിക്കപ്പെട്ടു. |
| താവത് | അപ്പോഴേയ്ക്കും |
| നഭഃ | ആകാശം |
| ഔത്സുക്യാപഹൃതാത്മനാം | അതു സന്ദർശിക്കുവാനുള്ള തിടുക്കത്താൽ മനോനിയന്ത്രണം വിട്ടുപോയ |
| സദാരാണാം | സപത്നീകരായ |
| ദിവൗകസാം | സ്വർഗ്ഗവാസികളുടെ |
| വിമാനശതസങ്കുലം | അസംഖ്യം വിമാനങ്ങളാൽ ഇടതിങ്ങിപ്പോയി |

തതോ ദുന്ദുഭയോ നേദുർന്നിപേതുഃ പുഷ്പവൃഷ്ടയഃ
ജഗുർഗ്ഗന്ധർവ്വപതയഃ സസ്ത്രീകാസ്തദ്യശോഽമലം. 5

| | |
|---|---|
| തതഃ | അന്നേരത്തു് |
| ദുന്ദുഭയഃ | ദുന്ദുഭിവാദ്യങ്ങൾ |
| നേദുഃ | മുഴങ്ങി. |
| പുഷ്പവൃഷ്ടയഃ | പൂമഴകൾ |
| നിപേതുഃ | നിലത്തുവീണു. |
| ഗന്ധർവ്വപതയഃ | ഗന്ധർവ്വമുഖ്യന്മാർ |
| സസ്ത്രീകാഃ | പത്നിമാരോടുകൂടി |
| അമലം | നിർമ്മലമായ |
| തദ്യശഃ | ഭഗവൽകീർത്തിയെ |
| ജഗുഃ | പാടിപ്പുകഴ്ത്തി. |

വലയാനാം നൂപുരാണാം കിങ്കിണീനാം ച യോഷിതാം
സപ്രിയാണാമഭൂച്ഛബ്ദസ്തുമുലോ രാസമണ്ഡലേ. 6

| | |
|---|---|
| രാസമണ്ഡലേ | രാസമണ്ഡലത്തിൽ |
| സപ്രിയാണാം | പ്രിയനോടുചേർന്നവരായ |
| യോഷിതാം | ഗോപസ്ത്രീകളുടെ |
| വലയാനാം | കൈവളകളുടേയും, |
| നൂപുരാണാം | കാൽച്ചിലമ്പുകളുടേയും, |
| കിങ്കിണീനാം ച | കിങ്കിണികളുടേയും, |
| തുമുലഃ | ഇടകലർന്നു മുഴങ്ങുന്ന |
| ശബ്ദഃ അഭൂത് | ശബ്ദം ഉണ്ടായി. |

തത്രാതിശുശുഭേ താഭിർഭഗവാൻ ദേവകീസുതഃ
മദ്ധ്യേ മണീനാം ഹൈമാനാം മഹാമരതകോ യഥാ. 7

| | |
|---|---|
| ഹൈമാനാം | തങ്കംകൊണ്ടുണ്ടാക്കിയ |
| മണീനാം | മണികളുടെ |
| മദ്ധ്യേ | ഇടയ്ക്കിടയിലായി |
| മഹാമരതകഃ | നല്ലമരതകക്കല്ലു് |
| യഥാ | തിളങ്ങുന്നപോലെ |
| തത്ര | അവിടെ |
| താഭിഃ | ആ ഗോപസ്ത്രീകളാൽ |
| ദേവകീസുതഃ | ദേവകീപുത്രനായ |
| ഭഗവാൻ | ഭഗവാൻ |
| അതിശുശുഭേ | ഏററവും തിളങ്ങി. |

പാദന്യാസൈർഭുജവിധുതിഭിഃ സസ്മിതൈർഭ്രൂവിലാസൈ-
ർഭജ്യന്മദ്ധ്യൈശ്ചലകുചപടൈഃ കുണ്ഡലൈർഗ്ഗണ്ഡലോലൈഃ
സ്വിദ്യന്മുഖ്യഃ കബരരശനാഗ്രന്ഥയഃ കൃഷ്ണവധ്വോ
ഗായന്ത്യസ്തം തഡിത ഇവ താ മേഘചക്രേ വിരേജുഃ. 8

| | | | |
|---|---|---|---|
| പാദന്യാസൈഃ | കാൽവെപ്പുകളോടും, | സ്വിദ്യന്മുഖ്യഃ | വിയർപ്പുപൊടിഞ്ഞ മുഖത്തോടുകൂടിയവരായി, |
| ഭുജവിധുതിഭിഃ | കൈയിളക്കലുകളോടും, | കബരരശനാഗ്രന്ഥയഃ | തലമുടിയും അരഞ്ഞാണം അഴിഞ്ഞുലഞ്ഞിട്ടുള്ളവരായി വിഹരിക്കുന്ന |
| സസ്മിതൈഃ | പുഞ്ചിരിയോടൊത്ത | താഃ കൃഷ്ണവധ്വഃ | ആ കൃഷ്ണകാന്തമാർ |
| ഭ്രൂവിലാസൈഃ | പുരികം വെട്ടലുകളോടും, | തം ഗായന്ത്യഃ | കൃഷ്ണനെപ്പററി പാടിക്കൊണ്ട് |
| ഭജ്യന്മദ്ധ്യൈഃ | വളയുന്ന അരക്കെട്ടുകളോടും, | മേഘചക്രേ | കൊണ്ടൽച്ചാർത്തിന്നിടയിൽ |
| ചലകുചപടൈഃ | ഇളകുന്ന വാർകൊങ്കകളോടും, ഉടുതുണികളോടും, | തഡിതഃ ഇവ | മിന്നലുകളെന്നപോലെ |
| ഗണ്ഡലോലൈഃ | കവിൾത്തടത്തിൽത്തട്ടിയാടുന്ന | വിരേജുഃ | പ്രശോഭിച്ചു. |
| കുണ്ഡലൈഃ | കർണ്ണാഭരണങ്ങളോടും കൂടിയവരായി, | | |

ഉച്ചൈർജ്ജഗുർന്നൃത്യമാനാ രക്തകണ്ഠ്യോ രതിപ്രിയാഃ
കൃഷ്ണാഭിമർശമുദിതാ യദ്ഗീതേനേദമാവൃതം. 9

| | | | |
|---|---|---|---|
| രതിപ്രിയാഃ | ഭഗവാൻ തങ്ങളോടൊത്തു രമിക്കുന്നതിൽ പ്രീതിചേർന്നവരും, | നൃത്യമാനാഃ | നർത്തനംചെയ്തുകൊണ്ട് |
| കൃഷ്ണാഭിമർശമുദിതാഃ | ഭഗവൽസ്പർശത്താൽ ആനന്ദംകൊണ്ടവരും, | ഉച്ചൈഃ ജഗുഃ | ഉച്ചത്തിൽ ഗാനംചെയ്തു. |
| രക്തകണ്ഠ്യഃ | രാഗമാധുര്യമുള്ള കണ്ഠത്തോടുകൂടിയവരും ആയ ഗോപനാരിമാർ | യദ്ഗീതേന | യാതൊരു ആ ഗാനത്താൽ |
| | | ഇദം | ഈ ലോകംതന്നെ |
| | | ആവൃതം | ആവരണം ചെയ്യപ്പെട്ടതാണ്. |

കാചിത്സമം മുകുന്ദേന സ്വരജാതീരമിശ്രിതാഃ
ഉന്നിന്യേ പൂജിതാ തേന പ്രീയതാ സാധു സാധ്വിതി
തദേവ ധ്രുവമുന്നിന്യേ തസ്യൈ മാനം ച ബഹ്വദാത്. 10

| | | | |
|---|---|---|---|
| കാചിത് | ഒരുവൾ | തേന | ഭഗവാനാൽ |
| മുകുന്ദേന സമം | ഭഗവാനോടൊപ്പം | സാധു സാധു | 'ബലേ! കേമം!' |
| സ്വരജാതീഃ | സ്വരങ്ങളുടെ രീതിഭേദങ്ങളെ | ഇതി | എന്നു പറഞ്ഞു |
| അമിശ്രിതാഃ | കലർപ്പില്ലാതെ | പൂജിതാ | അനുമോദിക്കപ്പെട്ടു. |
| ഉന്നിന്യേ | എടുത്തുപാടി. | തത് ഏവ | അതിനെത്തന്നെ |
| പ്രീയതാ | അതിനാൽ പ്രീതിവളർന്ന | ധ്രുവം | ധ്രുവഗാനമാക്കിവെച്ച് |
| | | ഉന്നിന്യേ | ഭഗവാൻ ഏററുപാടുകയും, |

| | | | |
|---|---|---|---|
| തസ്യൈ | അവൾക്ക് | അദാത് ച | ഉണ്ടാക്കികൊടുക്കയും ചെയ്തു. |
| ബഹുമാനം | അധികം ബഹുമതിയെ | | |

കാചിദ്രാസപരിശ്രാന്താ പാർശ്വസ്ഥസ്യ ഗദാഭൃതഃ
ജഗ്രാഹ ബാഹുനാ സ്കന്ധം ശ്ലഥദ്വലയമല്ലികാ. 11

| | | | |
|---|---|---|---|
| രാസ–പരിശ്രാന്താ | രാസക്രീഡയാൽ തളൎന്ന | പാർശ്വസ്ഥസ്യ | അരികത്തുനില്ക്കുന്ന |
| കാചിത് | ഒരുവൾ | ഗദാഭൃതഃ | ശ്രീകൃഷ്ണൻെറ |
| ശ്ലഥദ്വലയ–മല്ലികാ | വളകളും മല്ലികപ്പൂക്കളും കൊഴിഞ്ഞുവീണുകൊണ്ടു | സ്കന്ധം | തോളിനെ |
| | | ബാഹുനാ | കൈകൊണ്ടു |
| | | ജഗ്രാഹ | കെട്ടിപ്പിടിച്ചു. |

തത്രൈകാംസഗതം ബാഹും കൃഷ്ണസ്യോൽപലസൌരഭം
ചന്ദനാലിപ്തമാഘ്രായ ഹൃഷ്ടരോമാ ചുചുംബ ഹ. 12

| | | | |
|---|---|---|---|
| തത്ര ഏകാ | അവരിൽ ഒരുവൾ | ചന്ദനാലിപ്തം | ചന്ദനം പൂശിയതും ആയ |
| അംസഗതം | തൻെറ തോളിൽ വെച്ചിരിക്കുന്നതും, | കൃഷ്ണസ്യ ബാഹും | കൃഷ്ണൻെറ കരത്തെ |
| ഉത്പല–സൌരഭം | ആമ്പൽപ്പൂവിൻെറ ഗന്ധംപോലുള്ള ഗന്ധത്തോടുകൂടിയതും, | ആഘ്രായ | മുകൎന്നു |
| | | ഹൃഷ്ടരോമാ | രോമാഞ്ചിതാംഗിയായി |
| | | ചുചുംബ | ചുംബിച്ചു. |

കസ്യാശ്ചിന്നാട്യവിക്ഷിപ്തകുണ്ഡലത്വിഷമണ്ഡിതം
ഗണ്ഡം ഗണ്ഡേ സന്ദധത്യാ അദാത്താംബൂലചൎവ്വിതം. 13

| | | | |
|---|---|---|---|
| നാട്യവിക്ഷിപ്ത–കുണ്ഡലത്വിഷ–മണ്ഡിതം | നടനത്താൽ ഉലഞ്ഞാടുന്ന കുണ്ഡലാഭരണങ്ങളുടെ കാന്തിയാൽ അലങ്കൃതമായ | സന്ദധത്യാഃ | ചേൎത്തിവെച്ചിരിക്കുന്ന |
| | | കസ്യാശ്ചിത് | ഒരുവൾക്ക് |
| | | താംബൂല–ചൎവ്വിതം | താംബൂലോച്ഛിഷ്ടത്തെ (മുഖത്തോടുമുഖം ചേൎത്തിയിട്ടു) |
| ഗണ്ഡം | കവിൾത്തടത്തെ | | |
| ഗണ്ഡേ | തൻെറ കവിൾത്തടത്തിൽ | അദാത് | ഭഗവാൻ കൊടുത്തു. |

നൃത്യന്തീ ഗായതീ കാചിത് കൂജന്നൂപുരമേഖലാ
പാർശ്വസ്ഥാച്യുതഹസ്താബ്ജം ശ്രാന്താധാത് സ്തനയോഃ ശിവം. 14

| | | | |
|---|---|---|---|
| കൂജന്നൂപുര–മേഖലാ | കിലുങ്ങുന്ന കാൽച്ചിലമ്പോടും ഒഢ്യാണത്തോടുംകൂടി | ശിവം | മംഗളകരമായുള്ള |
| | | പാർശ്വസ്ഥാ–ച്യുത–ഹസ്താബ്ജം | അടുത്തുനില്ക്കുന്ന ഭഗവാൻെറ കരകമലത്തെ |
| നൃത്യന്തീ | ആട്ടമാടിയും, | | |
| ഗായതീ | പാട്ടുപാടിയും | സ്തനയോഃ | സ്തനങ്ങളിൽ |
| ശ്രാന്താ കാചിത് | തളൎന്നുപോയ ഒരുവൾ | അധാത് | എടുത്തുവെച്ചു. |

ഗോപ്യോ ലബ്ധ്വാഽച്യുതം കാന്തം ശ്രിയ ഏകാന്തവല്ലഭം
ഗൃഹീതകണ്ഠ്യസ്തദ്ദോൎഭ്യാം ഗായന്ത്യസ്തം വിജഹ്രിരേ. 15

- ശ്രിയഃ — ലക്ഷ്മീദേവിയ്ക്കു്
- ഏകാന്തവല്ലഭം — അതിപ്രിയനായ
- അച്യുതം — ശ്രീകൃഷ്ണനെ
- കാന്തം — കാന്തനായി
- ലബ്ധ്വാ — ലഭിച്ചു്
- ഗൃഹീതകണ്ഠ്യഃ — അവിടുത്തെ തൃക്കരത്താൽ ആശ്ലിഷ്ടകണ്ഠകളായ
- ഗോപ്യഃ — ഗോപികമാർ
- തം — തന്തിരുവടിയെപ്പററി
- ഗായന്ത്യഃ — പാടിക്കൊണ്ടു്
- വിജഹ്രിരേ — കളിച്ചു.

കർണ്ണോത്പലാളകവിടങ്കകപോലഘർമ്മ-
വക്ത്രശ്രിയോ വലയനൂപുരഘോഷവാദ്യൈഃ
ഗോപ്യഃ സമം ഭഗവതാ നനൃതുഃ സ്വകേശ-
സ്രസ്തസ്രജോ ഭ്രമരഗായകരാസഗോഷ്ഠ്യാം. 16

- കർണ്ണോത്പലാളകവിടങ്കകപോലഘർമ്മവക്ത്രശ്രിയഃ — കാതിൽ ചൂടിയ ആമ്പൽപ്പൂക്കളാലും, ചൂർണ്ണകുന്തളാലംകൃതമായ കവിൾത്തടത്താലും, വിയർപ്പുതുള്ളികളാലും മുഖത്തിൽ കാന്തി ചേർന്നിരിക്കുന്നവരും,
- വലയനൂപുരഘോഷവാദ്യൈഃ — വളകളുടേയും ചിലമ്പുകളുടേയും കിലുക്കമാവുന്ന വാദ്യഘോഷത്തോടുകൂടിയവരും,
- സ്വകേശസ്രസ്തസ്രജഃ — സ്വന്തം വാർമുടിക്കെട്ടിൽനിന്നു് അഴിഞ്ഞുവീണ പൂമാലകളോടുകൂടിയവരും ആയ
- ഗോപ്യഃ — ഗോപികമാർ
- ഭ്രമരഗായകരാസഗോഷ്ഠ്യാം — വണ്ടുകൾപോലും പാട്ടുകാരായിരിക്കുന്ന രാസമണ്ഡലത്തിൽ
- ഭഗവതാ സമം — ഭഗവാനോടൊരുമിച്ചു
- നനൃതുഃ — നർത്തനം ചെയ്തു.

ഏവം പരിഷ്വംഗകരാഭിമർശസ്നിഗ്ദ്ധേക്ഷണോദ്ദാമവിലാസഹാസൈഃ
രേമേ രമേശോ വ്രജസുന്ദരീഭിര്യഥാഽർഭകഃ സ്വപ്രതിബിംബവിഭ്രമഃ. 17

- ഏവം — ഇപ്രകാരം
- രമേശഃ — രമാനാഥനായ ഭഗവാൻ
- പരിഷ്വംഗകരാഭിമർശസ്നിഗ്ദ്ധേക്ഷണോദ്ദാമവിലാസഹാസൈഃ — ആലിംഗനം, കരസ്പർശം, സപ്രേമവീക്ഷണം, ഉൽകൃഷ്ടങ്ങളായ വിലാസഹാസങ്ങൾ എന്നിവയാൽ
- വ്രജസുന്ദരീഭിഃ — ഗോപസുന്ദരികളോടുകൂടെ
- സ്വപ്രതിബിംബവിഭ്രമഃ — സ്വന്തം നിഴലുകളോടുകൂടെ കളിക്കുന്ന
- അർഭകഃ യഥാ — ശിശുവെപ്പോലെ
- രേമേ — കളിച്ചു.

തദംഗസംഗപ്രമുദാകുലേന്ദ്രിയാഃ കേശാൻ ദുകൂലം കുചപട്ടികാം വാ
നാഞ്ജഃ പ്രതിവ്യോഢുമലം വ്രജസ്ത്രിയോ വിസ്രസ്തമാലാഭരണാഃ കുരൂദ്വഹ.

- കുരൂദ്വഹ — ഹേ കുരുശ്രേഷ്ഠ!
- തദംഗസംഗപ്രമുദാകുലേന്ദ്രിയാഃ — ഭഗവാന്റെ അംഗസ്പർശത്താലുണ്ടായ ആനന്ദവായ്പിനാൽ ഇന്ദ്രിയവൈവശ്യം ചേർന്നവരും,
- വിസ്രസ്തമാലാഭരണാഃ — അഴിഞ്ഞുലഞ്ഞ മാലകളോടും ആഭരണങ്ങളോടും കൂടിയിരിക്കുന്നവരും ആയ
- വ്രജസ്ത്രിയഃ — ഗോകുലനാരിമാർ

| | |
|---|---|
| കേശാൻ | തലമുടിയേയും |
| ദുകൂലം | പട്ടുടവാടയേയും, |
| കുചപട്ടികാം വാ | മുലക്കച്ചയേയും |
| അഞ്ജഃ | അതിവേഗം |
| പ്രതിവ്യോഢും | മുൻപോലെ കെട്ടി ശരിപ്പെടുത്തുവാൻ |
| ന അലം | കഴിവുള്ളവരായില്ല. |

കൃഷ്ണവിക്രീഡിതം വീക്ഷ്യ മുമുഹുഃ ഖേചരസ്ത്രിയഃ
കാമാർദ്ദിതാഃ ശശാങ്കശ്ച സഗണോ വിസ്മിതോऽഭവത്. 19

| | |
|---|---|
| ഖേചരസ്ത്രിയഃ | ദേവസ്ത്രീകൾ |
| കൃഷ്ണവിക്രീഡിതം | ഭഗവാന്റെ രതിക്രീഡയെ |
| വീക്ഷ്യ | കണ്ട് |
| കാമാർദ്ദിതാഃ | കാമപീഡിതരായി |
| മുമുഹുഃ | മോഹിച്ചു. |
| സഗണഃ | താരാഗണങ്ങളോടുകൂടിയ |
| ശശാങ്കഃ ച | ചന്ദ്രൻകൂടിയും |
| വിസ്മിതഃ | വിസ്മിതനായി |
| അഭവത് | ഭവിച്ചു. |

കൃത്വാ താവന്തമാത്മാനാം യാവതീർഗ്ഗോപയോഷിതഃ
രേമേ സ ഭഗവാംസ്താഭിരാത്മാരാമോऽപി ലീലയാ. 20

| | |
|---|---|
| ഗോപയോഷിതഃ | ഗോപസ്ത്രീകൾ |
| യാവതീഃ | എത്രപേരാണോ ഉള്ളത് |
| താവന്തം | അത്രയുമായിട്ടു |
| ആത്മാനം | തൻസ്വരൂപത്തെ |
| ലീലയാ | അനായാസേന |
| കൃത്വാ | വിഭജിച്ച്, |
| ആത്മാരാമഃ അപി | തന്നിൽത്താൻ രമിക്കുന്നവനെങ്കിലും |
| സഃ ഭഗവാൻ | ആ ഭഗവാൻ |
| താഭിഃ | അവരോടുകൂടി |
| രേമേ | രമിച്ചു. |

താസാമതിവിഹാരേണ ശ്രാന്താനാം വദനാനി സഃ
പ്രാമൃജത് കരുണഃ പ്രേമ്ണാ ശന്തമേനാംഗ പാണിനാ. 21

| | |
|---|---|
| അംഗ | രാജാവേ! |
| അതിവിഹാരേണ | അധികമായ ക്രീഡയാൽ |
| ശ്രാന്താനാം | തളർന്നുപോയ |
| താസാം | അവരുടെ |
| വദനാനി | മുഖങ്ങളെ |
| കരുണഃ | കൃപാലുവായ |
| സഃ | ഭഗവാൻ |
| ശന്തമേന | ഏററവും സുഖമായ |
| പാണിനാ | കരംകൊണ്ട് |
| പ്രേമ്ണാ | പ്രേമത്തോടെ |
| പ്രാമൃജത് | തുടച്ചുകൊടുത്തു. |

ഗോപ്യഃ സ്ഫുരത്പുരടകുണ്ഡലകുന്തളത്വിഡ്-
ഗണ്ഡശ്രിയാ സുധിതഹാസനിരീക്ഷണേന
മാനം ദധത്യ ഋഷഭസ്യ ജഗുഃ കൃതാനി
പുണ്യാനി തത്കരരുഹസ്പർശപ്രമോദാഃ. 22

| | |
|---|---|
| തത്കരരുഹസ്പർശപ്രമോദാഃ | ഭഗവാന്റെ കൈനഖങ്ങളുടെ സ്പർശനത്താൽ ആനന്ദവായ്പുകൊണ്ട |
| ഗോപ്യഃ | ഗോപികമാർ |
| സ്ഫുരത്പുരടകുണ്ഡലകുന്തളത്വിഡ്ഗണ്ഡശ്രിയാ | തിളങ്ങുന്ന കനകകുണ്ഡലങ്ങളുടേയും, കുറുനിരകളുടേയും കാന്തി ചേർന്ന കവിൾത്തടങ്ങളുടെ സൌന്ദര്യംകൊണ്ടും, |
| സുധിതഹാസനിരീക്ഷണേന | അമൃതോപമമായ മന്ദഹാസം കലർന്ന നോട്ടംകൊണ്ടും |
| ഋഷഭസ്യ | സ്വപതിയായ പുരുഷോത്തമന്ന് |
| മാനം ദധത്യഃ | ബഹുമതിയേകിക്കൊണ്ട് |
| പുണ്യാനി | പരിപാവനങ്ങളായ |
| കൃതാനി | അവിടുത്തെ ചരിതങ്ങളെ |
| ജഗുഃ | പ്രകീർത്തിച്ചു. |

താഭിര്യുതഃ ശ്രമമപോഹിതുമംഗസംഗ-
ഘൃഷ്ടസ്രജഃ സ കുചകുങ്കുമരഞ്ജിതായാഃ
ഗന്ധർവ്വപാളിഭിരനുദ്രുത ആവിശദ്വാഃ
ശ്രാന്തോ ഗജീഭിരിഭരാഡിവ ഭിന്നസേതുഃ. 23

| | |
|---|---|
| സഃ | ഭഗവാൻ |
| കുചകുങ്കുമരഞ്ജിതായാഃ | (ഗോപിമാരുടെ) സ്തനതടങ്ങളിലണിഞ്ഞ കുങ്കുമത്താൽ ചെന്നിറം ചേർന്നതും |
| അംഗസംഗഘൃഷ്ടസ്രജഃ | അവരുടെ അംഗസംപർക്കത്താൽ മട്ടനമേററിരിക്കുന്നതും ആയ പൂമാലയുടെ (പൂമാലയിലുള്ള) |
| ഗന്ധർവ്വപാളിഭിഃ | ഗന്ധർവ്വപതികളെപ്പോലെ പാട്ടുപാടുന്ന വണ്ടുകളാൽ |
| അനുദ്രുതഃ | അനുഗമിക്കപ്പെട്ടുകൊണ്ടും |
| താഭിഃ യുതഃ | ആ ഗോപിമാരോടൊന്നിച്ച് |
| ശ്രമം | ക്രീഡാപരിശ്രമത്തെ |
| അപോഹിതും | പരിഹരിക്കുവാൻ |
| ഭിന്നസേതുഃ | വക്കിടിച്ചുകളിച്ച് |
| ശ്രാന്തഃ | തളർന്നുപോയ |
| ഇഭരാട് | ആനത്തലവൻ |
| ഗജീഭിഃ | പിടിയാനകളോടുകൂടി |
| ഇവ | ഇറങ്ങുന്നപോലെ |
| വാഃ | വെള്ളത്തിലേക്ക് |
| അവിശത് | ഇറങ്ങി. |

സോഽംഭസ്യലം യുവതിഭിഃ പരിഷിച്യമാനഃ
പ്രേമ്ണേക്ഷിതഃ പ്രഹസതീഭിരിതസ്തതോഽംഗ
വൈമാനികൈഃ കുസുമവർഷിഭിരീഡ്യമാനോ
രേമേ സ്വയം സ്വരതിരത്ര ഗജേന്ദ്രലീലഃ. 24

| | |
|---|---|
| അംഗ | രാജാവേ! |
| സ്വയംസ്വരതിഃ | സ്വയംതന്നിൽത്താൻ രമിക്കുന്നവനെങ്കിലും |
| ഗജേന്ദ്രലീലഃ | ഗജരാജനെപ്പോലെ വെള്ളത്തിലിറങ്ങി കളിക്കുന്ന |
| സഃ | ആ ശ്രീകൃഷ്ണൻ |
| പ്രഹസതീഭിഃ | ഉറക്കെ ചിരിക്കുന്ന |
| യുവതിഭിഃ | യുവതികളാൽ |
| ഇതസ്തതഃ | നാലുപുറത്തുനിന്നും |
| അലം | ധാരാളമായി |
| പരിഷിച്യമാനഃ | വെള്ളം തേകപ്പെട്ടുകൊണ്ടും, |
| പ്രേമ്ണാ | പ്രേമത്തോടെ |

| | | | |
|---|---|---|---|
| ഈക്ഷിതഃ | കടാക്ഷിക്കപ്പെട്ടുകൊണ്ടും, | അത്ര | ഈ ഗോപിമാരുടെ ഇടയിൽ |
| കുസുമവർഷിഭിഃ | പൂമഴതൂകുന്ന | | |
| വൈമാനികൈഃ | ദേവന്മാരാൽ | അംഭസി | വെള്ളത്തിൽ |
| ഈഡ്യമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ടും | രേമേ | കളിച്ചു. |

തതശ്ച കൃഷ്ണോപവനേ ജലസ്ഥലപ്രസൂനഗന്ധാനിലജുഷ്ടദിക്തടേ
ചചാര ഭൃംഗപ്രമദാഗണാവൃതോ യഥാ മദച്യുദ്ദ്വിരദഃ കരേണുഭിഃ. 25

| | | | |
|---|---|---|---|
| തതഃ ച | അനന്തരം (കൃഷ്ണൻ) | ഭൃംഗപ്രമദാ–ഗണാവൃതഃ | വണ്ടുകളുടേയും, സ്ത്രീകളുടേയും സംഘത്താൽ ചുററപ്പെട്ടുകൊണ്ട് |
| ജലസ്ഥല–പ്രസൂന–ഗന്ധാനില–ജുഷ്ടദിക്തടേ | നീരിലും കരയിലും ഉള്ള പൂക്കളുടെ മണം ചേരിരിക്കുന്ന കാററ് എല്ലാടവും വീശിയിട്ടുള്ള | മദച്യുത് | മദം ഒഴുകുന്ന |
| | | ദ്വിരദഃ | കൊമ്പനാന |
| | | കരേണുഭിഃ | പിടിയാനകളോടുകൂടി |
| കൃഷ്ണോപവനേ | യമുനാതീരത്തിലെ ഉപവനത്തിൽ | യഥാ | സഞ്ചരിക്കുന്നപോലെ |
| | | ചചാര | സഞ്ചരിച്ചു. |

ഏവം ശശാങ്കാംശുവിരാജിതാ നിശാഃ സ സത്യകാമോഽനുരതാബലാഗണഃ
സിഷേവ ആത്മന്യവരുദ്ധസൌരതഃ സർവ്വാഃ ശരത്കാവ്യകഥാരസാശ്രയാഃ.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ശരത്കാവ്യ–കഥാ–രസാശ്രയാഃ | ശരൽകാലീനങ്ങളും, കാവ്യങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന ശൃംഗാരരസത്തിന്ന് ആശ്രയഭൂതങ്ങളും ആയ |
| സത്യകാമഃ | സത്യസങ്കല്പനം, | | |
| അനുരതാ–ബലാഗണഃ | അനുസരിച്ചു രമിക്കുന്ന സ്ത്രീസംഘത്തോടുകൂടിയവനും ആയ | സർവ്വാഃ നിശാഃ | എല്ലാ രാത്രികളേയും |
| സഃ | ആ ശ്രീകൃഷ്ണൻ | ആത്മനി | തന്നിൽ |
| ശശാംകാംശു–വിരാജിതാഃ | ചന്ദ്രകിരണങ്ങളാൽ പ്രകാശമാനങ്ങളും, | അവരുദ്ധ–സൌരതഃ | അടക്കിവെക്കപ്പെട്ട രേതസ്സോടുകൂടിയവനായി |
| | | സിഷേവേ | അനുഭവിച്ചു. |

രാജോവാച = പരീക്ഷിത്ത്‌രാജാവ് ചോദിച്ചു :—

സംസ്ഥാപനായ ധർമ്മസ്യ പ്രശമായേതരസ്യ ച
അവതീർണ്ണോ ഹി ഭഗവാനംശേന ജഗദീശ്വരഃ 27

| | | | |
|---|---|---|---|
| ജഗദീശ്വരഃ | ലോകേശ്വരനായ | ഇതരസ്യ | അധർമ്മത്തിന്റെ |
| ഭഗവാൻ | ശ്രീകൃഷ്ണൻ | പ്രശമായ ച | വിനാശത്തിന്നും വേണ്ടി |
| ധർമ്മസ്യ | ധർമ്മത്തിന്റെ | അംശേന | അംശത്താൽ |
| സംസ്ഥാപനായ | നിലനില്പിന്നും, | അവതീർണ്ണഃ ഹി | അവതരിച്ചവനാണല്ലോ. |

സ കഥം ധർമ്മസേതൂനാം വക്താ കർത്താഽഭിരക്ഷിതാ
പ്രതീപമാചരദ്ബ്രഹ്മൻ പരദാരാഭിമർശനം. 28

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | പരദാരാഭിമർശനം പരസ്ത്രീസംഭോഗമാവുന്ന | |
| സഃ | അവിടുന്ന് | പ്രതീപം | വിപരീതത്തെ (അധർമ്മത്തെ) |
| ധർമ്മസേതൂനാം | ധർമ്മമര്യാദകളുടെ | കഥം | എങ്ങനെ |
| വക്താ | ഉപദേഷ്ടാവും, | ആചരത് | പ്രവർത്തിച്ചു? |
| കർത്താ | അനുഷ്ഠാതാവും, | | |
| അഭിരക്ഷിതാ | രക്ഷിതാവും ആയിട്ട് | | |

ആപ്തകാമോ യദുപതിഃ കൃതവാൻ വൈ ജുഗുപ്സിതം
കിമഭിപ്രായ ഏതം നഃ സംശയം ഛിന്ധി സുവ്രത. 29

| | | | |
|---|---|---|---|
| സുവ്രത | ഹേ തപസ്വിൻ | ജുഗുപ്സിതം | നിന്ദിതമായ പ്രവൃത്തിയെ |
| യദുപതിഃ | യാദവശ്രേഷ്ഠൻ | കൃതവാൻ | ചെയ്തത്? |
| ആപ്തകാമഃ | സർവ്വകാമങ്ങളും സിദ്ധിച്ച ആളായിട്ടുകൂടി | നഃ | ഞങ്ങൾക്കുള്ള |
| കിമഭിപ്രായഃ | എന്താശയം ഉള്ളിൽ കരുതിക്കൊണ്ടാണ് | ഏതം സംശയം | ഈ സന്ദേഹത്തെ |
| | | ഛിന്ധി | തീർത്തുതന്നാലും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു:—

ധർമ്മവ്യതിക്രമോ ദൃഷ്ട ഈശ്വരാണാം ച സാഹസം
തേജീയസാം ന ദോഷായ വഹ്നേഃ സർവ്വഭുജോ യഥാ. 30

| | | | |
|---|---|---|---|
| ഈശ്വരാണാം | ഈശ്വരന്മാർക്ക് (ബ്രഹ്മേന്ദ്രാദികൾക്ക്) | ദോഷായ | അത് ദോഷത്തിന് |
| ധർമ്മവ്യതിക്രമഃ | ധർമ്മവ്യതിചലനവും, | ന | കാരണമാകുന്നില്ല. |
| സാഹസം ച | സാഹസകൃത്യവും | സർവ്വഭുജഃ | എല്ലാം ദഹിപ്പിക്കുന്ന |
| ദൃഷ്ടഃ | കാണപ്പെട്ടിട്ടുള്ളതാണ്. | വഹ്നേഃ | അഗ്നിക്ക് |
| തേജീയസാം | തേജസ്വികളായ (തേജസ്വിത്വംകൊണ്ടു കർമ്മഫലസ്പർശമില്ലാത്ത) അവർക്ക് | യഥാ | ദോഷം സംഭവിക്കാത്തത് ഏതുപോലെയോ, അതുപോലെയാണിത്. |

നൈതത് സമാചരേജ്ജാതു മനസാഽപി ഹ്യനീശ്വരഃ
വിനശ്യത്യാചരൻ മൌഢ്യാദ്യഥാഽരുദ്രോഽബ്ധിജം വിഷം. 31

| | | | |
|---|---|---|---|
| അനീശ്വരഃ | ഈശ്വരത്വമില്ലാത്തവൻ (കർമ്മഫലാധീനനും തേജസ്വിത്വമില്ലാത്തവനും ആയവൻ) | മൌഢ്യാത് | മൂഢതകൊണ്ട് |
| ജാതു | ഒരിക്കലും | ആചരൻ | ആ വിധം ആചരിക്കുന്നവൻ, |
| ഏതത് | ഇത്തരം പ്രവൃത്തി | അരുദ്രഃ | രുദ്രനല്ലാത്ത ഒരുവൻ |
| മനസാ അപി | മനസ്സാൽപോലും | അബ്ധിജം | സമുദ്രത്തിൽനിന്നുണ്ടായ |
| ന സമാചരേത് | നിനച്ചുകൂടാ. | വിഷം യഥാ | കാളകൂടവിഷത്തെ ഭക്ഷിച്ചാൽ നശിക്കുന്നപോലെ |
| ഹി | എന്തെന്നാൽ | വിനശ്യതി | നശിച്ചുപോകുന്നു. |

ഈശ്വരാണാം വചഃ സത്യം തഥൈവാചരിതം ക്വചിത്
തേഷാം യത് സ്വവചോയുക്തം ബുദ്ധിമാംസ്തത് സമാചരേത്. 32

| | |
|---|---|
| ഈശ്വരാണാം | ജ്ഞാനവൈരാഗ്യാദികളുള്ള ഈശ്വരന്മാരുടെ |
| വചഃ | വാക്ക് |
| സത്യം | പ്രാമാണ്യമുള്ളതാകുന്നു. |
| ആചരിതം | എന്നാൽ അവരുടെ ആചാരം |
| ക്വചിത് ഏവ | ചിലതുമാത്രമേ |
| തഥാ | അപ്രകരമാകയുള്ളു. |
| തേഷാം | അവരുടെ |
| യത് | യാതൊരു ആചാരം |
| സ്വവചോ- യുക്തം | സ്വവചനത്തിന്ന് യോജിച്ചതായിരിക്കുന്നുവോ, |
| തത് | അതിനെമാത്രം |
| ബുദ്ധിമാൻ | ബുദ്ധിയുള്ളവൻ |
| സമാചരേത് | അറിഞ്ഞാചരിക്കണം. |

കുശലാചരിതേനൈഷാമിഹ സ്വാർത്ഥോ ന വിദ്യതേ
വിപര്യയേണ വാഽനർത്ഥോ നിരഹംകാരിണാം പ്രഭോ. 33

| | |
|---|---|
| പ്രഭോ, | മഹാരാജാവേ! |
| നിരഹങ്കാരിണാം | അഹന്താഭിമാനം ഇല്ലാത്ത |
| ഏഷാം | ഈ ഈശ്വരന്മാൎക്ക് |
| കുശലാചരിതേന | ധൎമ്മാനുഷ്ഠാനത്താൽ |
| ഇഹ | ഈ ലോകത്തിൽ |
| സ്വാൎത്ഥഃ | സ്വപ്രയോജനം |
| ന വിദ്യതേ | ഒന്നുമില്ല. |
| വിപര്യയേണ | മറിച്ച് അധൎമ്മാനുഷ്ഠാനത്താൽ |
| അനൎത്ഥഃ വാ | അനൎത്ഥവും ഉണ്ടാകുന്നതല്ല. |

കിമുതാഖിലസത്വാനാം തിൎയ്യങ്മൎത്ത്യദിവൌകസാം
ഈശിതുശ്ചേശിതവ്യാനാം കുശലാകുശലാന്വയഃ. 34

| | |
|---|---|
| (നിരഹങ്കാരിണാം) | അഹന്താഭിമാനം നീങ്ങിയ |
| ഈശിതവ്യാനാം | ജീവന്മാൎക്കുകൂടി |
| കുശലാ- കുശലാന്വയഃ | പുണ്യപാപങ്ങളുടെ സംബന്ധം |
| (ന വിദ്യതേ) | സംഭവിക്കുന്നില്ലെങ്കിൽ |
| തിൎയ്യങ്മൎത്ത്യ- ദിവൌകസാം | പക്ഷികൾ, മൃഗങ്ങൾ, മനുഷ്യർ, ദേവന്മാർ എന്നിങ്ങിനെയുള്ള |
| അഖില- സത്വാനാം | സമസ്ത പ്രാണികളുടേയും |
| ഈശിതുഃ ച | നിയന്താവായ ശ്രീകൃഷ്ണപരമാത്മാവിന്ന് |
| (കുശലാ- കുശലാന്വയഃ ന വിദ്യതേ) | പുണ്യപാപസംബന്ധം സംഭവിക്കയില്ലെന്ന് |
| കിമുത | പിന്നെ ചൊല്ലേണമോ? |

യത്പാദപങ്കജപരാഗനിഷേവതൃപ്താ
യോഗപ്രഭാവവിധുതാഖിലകൎമ്മബന്ധാഃ
സ്വൈരം ചരന്തി മുനയോഽപി ന നഹ്യമാനാ-
സ്തസ്യേച്ഛയാഽത്തവപുഷഃ കുത ഏവ ബന്ധഃ. 35

| | |
|---|---|
| യത്പാദ-പങ്കജപരാഗ-നിഷേവ-തൃപ്താഃ | യാതൊരുവന്റെ തൃപ്പാദകമലത്തിലെ പൊടികളെ സേവിക്കുകയാൽ സന്തൃപ്തരായ ഭക്തന്മാരും, |
| യോഗപ്രഭാവ-വിധുതാഖില-കർമ്മബന്ധാഃ | ധ്യാനയോഗത്തിന്റെ മഹിമയാൽ തികച്ചും അകന്നുപോയ സമസ്തകർമ്മബന്ധങ്ങളോടുകൂടിയ യോഗിമാരും, |
| മുനയഃ അപി | മനനശീലന്മാരായ ജ്ഞാനികളും |
| ന നഹ്യമാനാഃ | ബന്ധനത്തെ പ്രാപിക്കാതെ |
| സൈ്വരം | സ്വതന്ത്രമായി |
| ചരന്തി | സഞ്ചരിക്കുന്നുവോ |
| ഇച്ഛയാ | തന്നിഷ്ടത്താൽ |
| ആത്തവപുഷഃ | ലീലാശരീരം കൈക്കൊണ്ട |
| തസ്യ | ആ ശ്രീകൃഷ്ണന്ന് |
| ബന്ധഃ | പുണ്യപാപബന്ധം |
| കുതഃ ഏവ | എങ്ങനെയുണ്ടാവുന്നു? |

ഗോപീനാം തത്പതീനാം ച സർവ്വേഷാമേവ ദേഹിനാം
യോഽന്തശ്ചരതി സോഽധ്യക്ഷഃ ക്രീഡനേനേഹ ദേഹഭാക്. 36

| | |
|---|---|
| ഗോപീനാം | ഗോപിമാരുടേയും, |
| തത്പതീനാം ച | അവരുടെ ഭർത്താക്കന്മാരുടേയും, |
| സർവ്വേഷാം | മററുള്ള എല്ലാ |
| ദേഹിനാം ഏവ | പ്രാണികളുടേയുംകൂടി |
| അന്തഃ | അന്തർഭാഗത്തിൽ |
| യഃ ചരതി | യാതൊരുവൻ സഞ്ചരിക്കുന്നുവോ, |
| സഃ അധ്യക്ഷഃ | ആ ബുദ്ധിസാക്ഷിയായ ഭഗവാൻ |
| ക്രീഡനേന | ക്രീഡയ്ക്കുവേണ്ടി |
| ഇഹ | ഈ ലോകത്തിൽ |
| ദേഹഭാക് | ദേഹമെടുത്തവനാകുന്നു. |

അനുഗ്രഹായ ഭൂതാനാം മാനുഷം ദേഹമാസ്ഥിതഃ
ഭജതേ താദൃശീഃ ക്രീഡാ യാഃ ശ്രുത്വാ തത്പരോ ഭവേത്. 37

| | |
|---|---|
| ഭൂതാനാം | ജീവരാശികൾക്ക് |
| അനുഗ്രഹായ | അനുഗ്രഹം ചെയ്യുന്നതിന്നായി |
| മാനുഷം | മനുഷ്യസംബന്ധമായ |
| ദേഹം | ശരീരത്തെ |
| ആസ്ഥിതഃ | സ്വീകരിച്ച് |
| താദൃശീഃ | അതിന്നനുസരിച്ചുള്ള |
| ക്രീഡാഃ | ഓരോരോ ലീലകളെ |
| ഭജതേ | ചെയ്തുകൊണ്ടിരിക്കുന്നു. |
| യാഃ ശ്രുത്വാ | അവയെ ശ്രവിച്ച് |
| തത്പരഃ | ഭഗവൽശ്രദ്ധയുള്ളവനായിട്ട് |
| ഭവേത് | ഭവിക്കേണ്ടതാണ് |

നാസൂയൻ ഖലു കൃഷ്ണായ മോഹിതാസ്തസ്യ മായയാ
മന്യമാനാഃ സ്വപാർശ്വസ്ഥാൻ സ്വാൻ സ്വാൻ ദാരാൻ വ്രജൗകസഃ. 38

| | |
|---|---|
| തസ്യ | അവിടുത്തെ |
| മായയാ | യോഗമായയാൽ |
| മോഹിതാഃ | മോഹിതരായി |
| സ്വാൻ സ്വാൻ | അവരവരുടെ |
| ദാരാൻ | ഭാര്യമാർ |
| സ്വപാർശ്വസ്ഥാൻ | അവരവരുടെ അരികത്തുണ്ടെന്ന് |
| മന്യമാനാഃ | കരുതിക്കൊണ്ടിരുന്ന |
| വ്രജൗകസഃ | ഗോപന്മാർ |
| കൃഷ്ണായ | ശ്രീകൃഷ്ണനോട് |
| ന അസൂയൻ ഖലു | വെറുപ്പു കാണിക്കുകയും ഉണ്ടായില്ല. |

ബ്രഹ്മരാത്ര ഉപാവൃത്തേ വാസുദേവാനുമോദിതാഃ
അനിച്ഛന്ത്യോ യയുർഗ്ഗോപ്യഃ സ്വഗൃഹാൻ ഭഗവത്പ്രിയാഃ. 39

| | | | |
|---|---|---|---|
| ബ്രഹ്മരാത്രേ | ബ്രാഹ്മമുഹൂർത്തം | ഗോപ്യഃ | ഗോപികമാർ |
| ഉപാവൃത്തേ | അടുത്തപ്പോൾ | അനിച്ഛന്ത്യഃ | പോകുവാൻ ഇഷ്ടമില്ലാതെ |
| വാസുദേവാനുമോദിതാഃ | ഭഗവാനാൽ അനുമോദനത്തോടെ ആജ്ഞാപിക്കപ്പെട്ട | സ്വഗൃഹാൻ | അവരവരുടെ ഗൃഹങ്ങളിലേക്ക് |
| ഭഗവത്പ്രിയാഃ | ഭഗവൽപ്രേയസികളായ | യയുഃ | തിരിച്ചുപോയി. |

വിക്രീഡിതം വ്രജവധൂഭിരിദം ച വിഷ്ണോഃ
ശ്രദ്ധാന്വിതോഽനുശൃണുയാദഥ വർണ്ണയേദ് യഃ
ഭക്തിം പരാം ഭഗവതി പ്രതിലഭ്യ കാമം
ഹൃദ്രോഗമാശ്വപഹിനോത്യചിരേണ ധീരഃ. 40

| | | | |
|---|---|---|---|
| വ്രജവധൂഭിഃ | ഗോകുലവധുക്കളോടു കൂടിയുള്ള | (സഃ) | അവൻ |
| വിഷ്ണോഃ | ശ്രീകൃഷ്ണഭഗവാന്റെ | ഭഗവതി | ഭഗവാങ്കൽ |
| വിക്രീഡിതം | രാസലീലയാവുന്ന | പരാം ഭക്തിം | ഉൽകൃഷ്ടമായ ഭക്തിയെ |
| ഇദം ച | ഈ ചരിതത്തെ പ്രത്യേകിച്ചും | പ്രതിലഭ്യ | പ്രാപിച്ച് |
| ശ്രദ്ധാന്വിതഃ | ആസ്തിക്യബുദ്ധിയുള്ള | അചിരേണ | കാലതാമസമെന്നിയെ |
| യഃ | യാതൊരുവനാണോ | ധീരഃ | ജിതേന്ദ്രിയനായി |
| അനുശൃണുയാത് | അനുക്രമം കേൾക്കുകയോ | ഹൃദ്രോഗം | ഹൃദ്രോഗംപോലെ അനർത്ഥകരമായ |
| അഥ | അഥവാ | കാമം ആശു | കാമത്തെ ഉടൻ |
| വർണ്ണയേത് | വർണ്ണിച്ചുകേൾപ്പിക്കുകയോ ചെയ്യുന്നതു്, | അപഹിനോതി | നീക്കിക്കളയുന്നു. |

നോട്ട്:— 29 മുതൽ 33 വരെയുള്ള അഞ്ചദ്ധ്യായങ്ങൾക്ക് 'രാസപഞ്ചാദ്ധ്യായി' എന്ന വിശേഷാഭിധാനമുണ്ട്. രാസപഞ്ചാദ്ധ്യായിയുടെ ഫലശ്രുതിയാണ് ഈ ശ്ലോകം. കാമലീലാവിലസിതമായ ഈ ഭാഗം ശ്രവിക്കുന്നതും ശ്രവിപ്പിക്കുന്നതും കാമവിജയത്തിനു പകരിക്കുമെന്ന് ശ്രീശുകൻ എടുത്തുപറഞ്ഞിരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാകുന്നു.

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ**
**രാസക്രീഡായാം രാസലീലാവർണ്ണനം നാമ ത്രയസ്ത്രിംശോഽദ്ധ്യായഃ**
**ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1335.**

# ചതുസ്ത്രിംശോഽദ്ധ്യായഃ—മുപ്പത്തിനാലാമദ്ധ്യായം.

[ചതുസ്ത്രിംശേഽഹിനാ ഗ്രസ്തം നന്ദം ഹരിരമൂമുചത്
വിദ്ദ്യാധ്രം ചാംഗിരശ്ശാപാച്ഛംഖചൂഡം തഥാവധീത്.]

(ഭഗവാൻ സർപ്പവക്ത്രത്തിൽനിന്നു് നന്ദനെ മോചിപ്പിക്കുന്നതു്;
ശംഖചൂഡനെ വധിക്കുന്നതു്.)

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏകദാ ദേവയാത്രായാം ഗോപാലാ ജാതകൌതുകാഃ
അനോഭിരനഡുദ്യുക്തൈഃ പ്രയയുസ്തേഽംബികാവനം. 1

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ (ശിവരാത്രിനാൾ) | അനഡുദ്യുക്തൈഃ | കാളകളെ പൂട്ടിക്കെട്ടിയ |
| ദേവ- യാത്രായാം | ദേവാർച്ചനയ്ക്കായുള്ള പ്രയാണത്തിൽ | അനോഭിഃ | വണ്ടികളിൽകയറി |
| ജാതകൌതുകാഃ | ഉത്സാഹം ജനിച്ച | അംബികാവനം | 'അംബികാവന'ത്തേക്കു് |
| തേ ഗോപാലാഃ | ആ നന്ദാദിഗോപന്മാർ | പ്രയയുഃ | പ്രയാണംചെയ്തു. |

തത്ര സ്നാത്വാ സരസ്വത്യാം ദേവം പശുപതിം വിഭും
ആനർച്ചുരർഹണൈർഭക്ത്യാ ദേവീം ച നൃപ തേഽംബികാം. 2

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | ദേവീം | ദേവിയായ |
| തത്ര തേ | അവിടെ അവർ | അംബികാം ച | ശ്രീപാർവ്വതിയേയും |
| സരസ്വത്യാം | സരസ്വതീനദിയിൽ | അർഹണൈഃ | വിവിധപൂജാസാധനങ്ങളാൽ |
| സ്നാത്വാ | സ്നാനംചെയ്തു്, | | |
| ദേവം വിഭും | ദേവനും സർവ്വശക്തനുമായ | ഭക്ത്യാ | ഭക്തിപൂർവ്വം |
| പശുപതിം | ശ്രീപരമേശ്വരനേയും, | ആനർച്ചുഃ | ആരാധിച്ചു. |

ഗാവോ ഹിരണ്യം വാസാംസി മധു മധ്വന്നമാദൃതാഃ
ബ്രാഹ്മണേഭ്യോ ദദുഃ സർവ്വേ ദേവോ നഃ പ്രീയതാമിതി. 3

| | | | |
|---|---|---|---|
| ദേവഃ | 'ശ്രീമഹാദേവൻ | ഗാവഃ | പശുക്കളേയും, |
| നഃ പ്രീയതാം | നമ്മെ പ്രസാദിക്കട്ടെ' | ഹിരണ്യം | സ്വർണ്ണവും, |
| ഇതി | എന്ന സങ്കല്പത്തോടെ | വാസാംസി | വസ്ത്രങ്ങളും, |
| | | മധു മധ്വന്നം | മധുവും മധുരാന്നവും |
| സർവ്വേ | അവരെല്ലാവരും | ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണർക്കു് |
| ആദൃതാഃ | ആദരവോടുകൂടി | ദദുഃ | ദാനംചെയ്തു. |

ഊഷുഃ സരസ്വതീതീരേ ജലം പ്രാശ്യ ധൃതവ്രതാഃ
രജനീം താം മഹാഭാഗാ നന്ദസുനന്ദകാദയഃ. 4

| | | | |
|---|---|---|---|
| മഹാഭാഗാഃ | ഭാഗ്യശാലികളായ | ധൃതവ്രതാഃ | വ്രതാനുഷ്ഠാനം ചെയ്തു കൊണ്ടു് |
| നന്ദം സുനന്ദകാദയഃ | നന്ദൻ, സുനന്ദൻ തുടങ്ങിയുള്ള ഗോപന്മാർ | താം രജനീം | ആ രാത്രിമുഴുവൻ |
| ജലം പ്രാശ്യ | വെറും വെള്ളം കുടിച്ചു | സരസ്വതീതീരേ | സരസ്വതീതീരത്തിൽ |
| | | ഊഷുഃ | വസിച്ചു. |

കശ്ചിന്മഹാനഹിസ്തസ്മിൻ വിപിനേഽതിബുഭുക്ഷിതഃ
യദൃച്ഛയാഽഽഗതോ നന്ദം ശയാനമുരഗോഽഗ്രസീത്. 5

| | | | |
|---|---|---|---|
| തസ്മിൻ വിപിനേ | ആ വനത്തിൽ | അതിബുഭുക്ഷിതഃ | വലിയവിശപ്പോടുകൂടി |
| യദൃച്ഛയാ | ആകസ്മികമായി | ഉരഗഃ | ഇഴഞ്ഞുവന്നു് |
| ആഗതഃ | വന്നെത്തിയ | ശയാനം | കിടന്നുകൊണ്ടിരുന്ന |
| കശ്ചിത് | ഏതോ ഒരു | നന്ദം | നന്ദഗോപനെ |
| മഹാൻ അഹിഃ | പെരുമ്പാമ്പു് | അഗ്രസീത് | പിടികൂടി. |

സ ചുക്രോശാഹിനാ ഗ്രസ്തഃ കൃഷ്ണ കൃഷ്ണ മഹാനയം
സർപ്പോ മാം ഗ്രസതേ താത പ്രപന്നം പരിമോചയ. 6

| | | | |
|---|---|---|---|
| അഹിനാ | സർപ്പത്താൽ | മാം | എന്നെ |
| ഗ്രസ്തഃ | ഗ്രസിക്കപ്പെട്ട | ഗ്രസതേ | വിഴുങ്ങുന്നു. |
| സഃ ചുക്രോശ | അദ്ദേഹം നിലവിളിച്ചു. | താത | ഉണ്ണീ! |
| കൃഷ്ണ കൃഷ്ണ | 'കൃഷ്ണാ! കൃഷ്ണാ! | പ്രപന്നം | ശരണംപ്രാപിച്ച എന്നെ |
| അയം | ഇതാ ഒരു | പരിമോചയ | ഇതിന്റെ പിടിയിൽനിന്നു് മോചിപ്പിക്കണേ!' |
| മഹാൻ സർപ്പഃ | പെരുത്ത പാമ്പു് | | |

തസ്യ ചാക്രന്ദിതം ശ്രുത്വാ ഗോപാലാഃ സഹസോത്ഥിതാഃ
ഗ്രസ്തം ച ദൃഷ്ട്വാ വിഭ്രാന്താഃ സർപ്പം വിവ്യധുരുല്മുകൈഃ. 7

| | | | |
|---|---|---|---|
| തസ്യ | ആ നന്ദഗോപന്റെ | ഗ്രസ്തം | നന്ദനെ സർപ്പഗ്രസ്തനായിട്ടു് |
| ആക്രന്ദിതം | നിലവിളി | ദൃഷ്ട്വാ | കണ്ടു് |
| ശ്രുത്വാ ച | കേട്ടും | വിഭ്രാന്താഃ | പരിഭ്രമിച്ച അവർ |
| ഗോപാലാഃ | ഗോപാലന്മാർ | ഉല്മുകൈഃ | തീക്കൊള്ളികൾകൊണ്ടു് |
| സഹസാ | അതിവേഗം | സർപ്പം | ആ സർപ്പത്തെ |
| ഉത്ഥിതാഃ | എഴുന്നേററു. | വിവ്യധുഃ ച | അടിക്കയുംമററുംചെയ്തു. |

അലാതൈർദ്ദഹ്യമാനോഽപി നാമുഞ്ചത്തമുരംഗമഃ
തമസ്പൃശത് പദാഽഭ്യേത്യ ഭഗവാൻ സാത്വതാം പതിഃ. 8

| | | | |
|---|---|---|---|
| അലാതൈഃ | തീക്കൊള്ളികളാൽ | ന അമുഞ്ചത് | വിട്ടില്ല. |
| ദഹ്യമാനഃ അപി | ചുടുവെക്കപ്പെട്ടിട്ടു കൂടിയും | സാത്വതാം | ഭക്തജനങ്ങളുടെ |
| | | പതിഃ | പാലകനായ |
| ഉരംഗമഃ തം | സർപ്പം അദ്ദേഹത്തെ | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |

| | | | |
|---|---|---|---|
| അഭ്യേത്യ | അടുത്തുവന്നു് | പദാ | കാലുകൊണ്ടു് |
| തം | അതിനെ | അസ്പൃശത് | തൊട്ടു. |

സ വൈ ഭഗവതഃ ശ്രീമത്പാദസ്പർശഹതാശുഭഃ
ഭേജേ സർപ്പവപുർഹിത്വാ രൂപം വിദ്യാധരാർച്ചിതം. 9

| | | | |
|---|---|---|---|
| ഭഗവതഃ | ഭഗവാന്റെ | ഹിത്വാ | വെടിഞ്ഞു് |
| ശ്രീമത്പാദ-സ്പർശഹതാശുഭഃ | പുണ്യപാദസ്പർശംകൊണ്ടു് അശുഭം നീങ്ങിയ | വിദ്യാധരാർച്ചിതം | വിദ്യാധരന്മാരാൽ സംപൂജിതമായ |
| സഃ വൈ | ആ ജന്തു | | |
| സർപ്പവപുഃ | സർപ്പദേഹത്തെ | രൂപം ഭേജേ | രൂപം പ്രാപിച്ചു. |

തമപൃച്ഛദ്ധൃഷീകേശഃ പ്രണതം സമുപസ്ഥിതം
ദീപ്യമാനേന വപുഷാ പുരുഷം ഹേമമാലിനം. 10

| | | | |
|---|---|---|---|
| പ്രണതം | കാല്ക്കൽ വീണു വണങ്ങി, | ഹേമമാലിനം | പൊൻമാലയണിഞ്ഞിരിക്കുന്നവനും ആയ |
| ദീപ്യമാനേന | തിളങ്ങിക്കൊണ്ടിരിക്കുന്ന | തം പുരുഷം | ആ പുരുഷനോടു് |
| വപുഷാ | സ്വരൂപത്തോടെ | ഹൃഷീകേശഃ | ശ്രീകൃഷ്ണൻ |
| സമുപസ്ഥിതം | മുന്നിൽനില്ക്കുന്നവനും | അപൃച്ഛത് | ചോദിച്ചു. |

കോ ഭവാൻ പരയാ ലക്ഷ്മ്യാ രോചതേഽദ്ഭുതദർശനഃ
കഥം ജുഗുപ്സിതാമേതാം ഗതിം വാ പ്രാപിതോഽവശഃ. 11

| | | | |
|---|---|---|---|
| ഭവാൻ കഃ | 'അങ്ങു് ആരാണ്? | അവശഃ | ഗത്യന്തരമില്ലാത്തവനായി ഭവിച്ചു് |
| പരയാ | ഉൽകൃഷ്ടമായ | | |
| ലക്ഷ്മ്യാ | ശോഭയോടെ | ജുഗുപ്സിതാം | നിന്ദിതമായ |
| അദ്ഭുത-ദർശനഃ | കാഴ്ചയിൽ അദ്ഭുതം തോന്നിക്കുന്നവനായി | ഏതാം ഗതിം | ഈ അവസ്ഥയെ |
| | | കഥം വാ | എങ്ങനെ ആരാൽ |
| രോചതേ | പ്രകാശിക്കുന്നുവല്ലോ. | പ്രാപിതഃ | പ്രാപിതനായി?" |

സർപ്പ ഉവാച = സർപ്പരൂപി പറഞ്ഞു :—

അഹം വിദ്യാധരഃ കശ്ചിത് സുദർശന ഇതി ശ്രുതഃ
ശ്രിയാ സ്വരൂപസമ്പത്ത്യാ വിമാനേനാചരം ദിശഃ. 12

| | | | |
|---|---|---|---|
| സുദർശനഃ ഇതി ശ്രുതഃ | സുദർശനൻ എന്ന പേരിനാൽ വിഖ്യാതനായുള്ള | സ്വരൂപ-സമ്പത്ത്യാ | സ്വന്തം സൌന്ദര്യസമൃദ്ധിയോടുംകൂടിയവനായി |
| കശ്ചിത് വിദ്യാധരഃ | ഒരു വിദ്യാധരനായ | വിമാനേന | വിമാനത്തിലൂടെ |
| | | ദിശഃ | ദിക്കുകളിലെല്ലാം |
| അഹം ശ്രിയാ | ഞാൻ കാന്തിയോടും, | അചരം | സഞ്ചരിച്ചുകൊണ്ടിരുന്നു. |

ഋഷീൻ വിരൂപാനംഗിരസഃ പ്രാഹസം രൂപദർപ്പിതഃ
തൈരിമാം പ്രാപിതോ യോനിം പ്രലബ്ധൈഃ സ്വേന പാപ്മനാ. 13

| | | | |
|---|---|---|---|
| രൂപദർപ്പിതഃ | സൌന്ദര്യത്താൽ അഹങ്കരിച്ച ഞാൻ | പ്രലബ്ധൈഃ | പരിഹസിക്കപ്പെട്ട |
| വിരൂപാൻ | വിരൂപികളായ | തൈഃ | ആ മഹർഷിമാരാൽ |
| അംഗിരസഃ | അംഗിരസ്സിൻെറ ഗോത്രത്തിലുള്ള | സ്വേന | എൻേറതായ |
| ഋഷീൻ | മഹർഷിമാരെ | പാപ്മനാ | പാപംനിമിത്തം |
| പ്രാഹസം | പരിഹസിക്കയുണ്ടായി. | ഇമാം യോനിം | ഈ സർപ്പജന്മത്തെ |
| | | പ്രാപിതഃ | ഞാൻ പ്രാപിതനായി. |

ശാപോ മേഽനുഗ്രഹായൈവ കൃതസ്തൈഃ കരുണാത്മഭിഃ
യദഹം ലോകഗുരുണാ പദാ സ്പൃഷ്ടോ ഹതാശുഭഃ. 14

| | | | |
|---|---|---|---|
| കരുണാത്മഭിഃ | കാരുണികന്മാരായ | ലോകഗുരുണാ | സർവ്വസംപൂജ്യനായ നിന്തിരുവടിയാൽ |
| തൈഃ മേ | അവരാൽ, എൻെറ | പദാ | തൃപ്പാദംകൊണ്ടു് |
| അനുഗ്രഹായ ഏവ | അനുഗ്രഹത്തിന്നായിട്ടു തന്നെയാണ് | സ്പൃഷ്ടഃ | സ്പർശിക്കപ്പെട്ട |
| ശാപഃ കൃതഃ | ശാപം നൽകപ്പെട്ടതു്. | ഹതാശുഭഃ | പാപം നശിച്ചവനായിരിക്കുന്നു. |
| യത് അഹം | എന്തെന്നാൽ ഞാൻ | | |

തം ത്വാഽഹം ഭവഭീതാനാം പ്രപന്നാനാം ഭയാപഹം
ആപൃച്ഛേ ശാപനിർമ്മുക്തഃ പാദസ്പർശാദമീവഹൻ. 15

| | | | |
|---|---|---|---|
| അമീവഹൻ | ഹേ സന്താപനാശക! | പ്രപന്നാനാം | ശരണംപ്രാപിച്ചവരുടെ |
| പാദസ്പർശാത് | തൃപ്പാദസ്പർശത്താൽ | ഭയാപഹം | ഭയത്തെ തീർത്തരുളുന്ന |
| ശാപനിർമ്മുക്തഃ | ശാപമോക്ഷം സിദ്ധിച്ച | തം ത്വാ | ആ നിന്തിരുവടിയോടു് |
| അഹം | ഞാൻ | ആപൃച്ഛേ | യാത്രാനുവാദം ചോദിച്ചുകൊള്ളുന്നു. |
| ഭവഭീതാനാം | സംസാരദുഃഖത്തെ ഭയന്നു് | | |

പ്രപന്നോഽസ്മി മഹായോഗിൻ മഹാപുരുഷ സത്പതേ
അനുജാനീഹി മാം ദേവ സർവ്വലോകേശ്വരേശ്വര. 16

| | | | |
|---|---|---|---|
| മഹായോഗിൻ | ഹേ യോഗേശ്വര! | ദേവ | സ്വയംപ്രകാശമൂർത്തേ! |
| മഹാപുരുഷ | ഹേ പുരുഷോത്തമ! | പ്രപന്നഃ അസ്മി | ഞാൻ ശരണം പ്രാപിച്ചിരിക്കുന്നു. |
| സത്പതേ | ഹേ ഭക്തപരിപാലക! | മാം അനുജാനീഹി | എന്നെ വിടതന്നു് അനുഗ്രഹിച്ചാലും. |
| സർവ്വലോകേശ്വരേശ്വര | സകലലോകനാഥന്മാരുടേയും നാഥനായ | | |

ബ്രഹ്മദണ്ഡാദ്വിമുക്തോഽഹം സദ്യസ്തേഽച്യുത ദർശനാത്
യന്നാമ ഗൃഹ്ണന്നഖിലാൻ ശ്രോതൄനാത്മാനമേവ ച
സദ്യഃ പുനാതി കിം ഭൂയസ്തസ്യ സ്പൃഷ്ടഃ പദാ ഹി തേ. 17

| | |
|---|---|
| അച്യുത | ഹേ അച്യുത! |
| തേ | നിന്തിരുവടിയുടെ |
| ദർശനാത് | ദർശനംനിമിത്തം |
| സദ്യഃ അഹം | ഉടൻ ഞാൻ |
| ബ്രഹ്മദണ്ഡാത് വിമുക്തഃ | ബ്രാഹ്മണശാപത്തിൽ നിന്നു് വിമുക്തനായി. |
| യന്നാമ | യാതൊരു നിന്തിരുവടിയുടെ തിരുനാമത്തെമാത്രം |
| ഗൃഹ്ണൻ | ഉച്ചരിക്കുന്നവൻ |
| അഖിലാൻ | ഒന്നൊഴിയാതെയുള്ള |
| ശ്രോതൄൻ | ശ്രോതാക്കളേയും |
| ആത്മാനം ഏവ ച | ആത്മാവിനെത്തന്നെയും |
| സദ്യഃ | കാലതാമസമെന്നിയെ |
| പുനാതി | ശുദ്ധീകരിക്കുന്നുവോ, |
| തസ്യ തേ | ആ നിന്തിരുവടിയുടെ |
| പദാ ഹി | പാദത്താൽത്തന്നെ |
| സ്പൃഷ്ടഃ | സ്പർശിക്കപ്പെട്ടവൻ |
| ഭൂയഃ കിം | പിന്നെയുണ്ടോ ശുദ്ധനാവാതിരിക്കുന്നു? |

ഇത്യനുജ്ഞാപ്യ ദാശാർഹം പരിക്രമ്യാഭിവന്ദ്യ ച
സുദർശനോ ദിവം യാതഃ കൃച്ഛ്രാന്നന്ദശ്ച മോചിതഃ. 18

| | |
|---|---|
| ഇതി | എന്നിപ്രകാരം |
| സുദർശനഃ | സുദർശനൻ |
| ദാശാർഹം | ശ്രീകൃഷ്ണനോട് |
| അനുജ്ഞാപ്യ | യാത്രചോദിച്ചു്, |
| പരിക്രമ്യ | പ്രദക്ഷിണം വെക്കയും |
| അഭിവന്ദ്യ ച | വണങ്ങുകയും ചെയ്തു് |
| ദിവം യാതഃ | സ്വർഗ്ഗത്തിലേക്കുപോയി. |
| നന്ദഃ ച | നന്ദഗോപനാകട്ടെ |
| കൃച്ഛ്രാത് | ആപത്തിൽനിന്നു് |
| മോചിതഃ | മോചിതനാകയുംചെയ്തു. |

നിശാമ്യ കൃഷ്ണസ്യ തദാത്മവൈഭവം വ്രജൗകസോ വിസ്മിതചേതസസ്തതഃ
സമാപ്യ തസ്മിൻ നിയമം പുനർവ്രജം നൃപായയുസ്തത് കഥയന്ത ആദൃതാഃ.

| | |
|---|---|
| നൃപ | രാജാവേ! |
| വ്രജൗകസഃ | ഗോപന്മാർ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| തത് ആത്മവൈഭവം | ആ സ്വപ്രഭാവത്തെ |
| നിശാമ്യ | കണ്ടിട്ട് |
| വിസ്മിതചേതസഃ | ആശ്ചര്യംകൊണ്ടു ഹൃദയത്തോടുകൂടിയവരായി. |
| തതഃ | അനന്തരം അവർ |
| തസ്മിൻ | ആ അംബികാവനത്തിൽ |
| നിയമം | പൂജാദിനിയമത്തെ |
| സമാപ്യ | അവസാനിപ്പിച്ചു് |
| ആദൃതാഃ | ആദരാന്വിതരായി |
| തത് | അതിനെക്കുറിച്ചുതന്നെ |
| കഥയന്തഃ | പറഞ്ഞുകൊണ്ടു് |
| പുനഃ | പിന്നെ |
| വ്രജം | ഗോകുലത്തിലേക്കു് |
| ആയയുഃ | തിരിച്ചുപോന്നു. |

കദാചിദഥ ഗോവിന്ദോ രാമശ്ചാദ്ഭുതവിക്രമഃ
വിജഹ്രതുർവ്വനേ രാത്ര്യാം മധ്യഗൗ വ്രജയോഷിതാം. 20

| | |
|---|---|
| അഥ | അങ്ങിനെയിരിക്കെ |
| കദാചിത് | ഒരുദിവസം |
| അദ്ഭുതവിക്രമഃ | അദ്ഭുതപരാക്രമമുള്ള |
| ഗോവിന്ദഃ | ശ്രീകൃഷ്ണനും, |
| രാമഃ ച | ശ്രീബലരാമനും |
| വനേ | കാട്ടിൽ |
| രാത്ര്യാം | രാത്രികാലത്തു് |
| വ്രജയോഷിതാം | ഗോപസ്ത്രീകളുടെ |
| മധ്യഗൗ | നടുവിലിരുന്നുകൊണ്ടു് |
| വിജഹ്രതുഃ | വിഹരിച്ചു. |

ഉപഗീയമാനൌ ലളിതം സ്ത്രീജനൈൎബ്ബദ്ധസൌഹൃദൈഃ
സ്വലംകൃതാനുലിപ്താംഗൌ സ്രഗ്വിണൌ വിരജോംബരൌ. 21

നിശാമുഖം മാനയന്താവുദിതോഡുപതാരകം
മല്ലികാഗന്ധമത്താളി ജുഷ്ടം കുമുദവായുനാ. 22

ജഗതുഃ സൎവ്വഭൂതാനാം മനഃശ്രവണമംഗളം
തൌ കല്പയന്തൌ യുഗപത് സ്വരമണ്ഡലമൂൎച്ഛിതം. 23

| | |
|---|---|
| ബദ്ധസൌഹൃദൈഃ | പ്രേമം ചേൎന്നുള്ള |
| സ്ത്രീജനൈഃ | സ്ത്രീജനങ്ങളാൽ |
| ലളിതം | മനോഹരമായവിധം |
| ഉപഗീയമാനൌ | പാടിപ്പുകഴ്ത്തപ്പെടുന്നവരായും, |
| സ്വലങ്കൃതാനുലിപ്താംഗൌ | നന്നായലങ്കരിക്കപ്പെട്ടവരായും, കുറിക്കൂട്ടണിഞ്ഞവരായും, |
| സ്രഗ്വിണൌ | വനമാലാധാരികളായും, |
| വിരജോംബരൌ | വിമലമായ വസ്ത്രം ധരിച്ചവരായും, |
| ഉദിതോഡുപതാരകം | ഉദിച്ചിരിക്കുന്ന ചന്ദ്രനോടും നക്ഷത്രങ്ങളോടും കൂടിയതായി, |
| മല്ലികാഗന്ധമത്താളി | മല്ലികപ്പൂമണം കൊണ്ടു് മദിച്ച വണ്ടുകളോടുകൂടിയതായി, |
| കുമുദവായുനാ | ആമ്പൽപ്പൂമണംചേൎന്ന കാററിനാൽ |
| ജുഷ്ടം | സേവിതവുമായിരിക്കുന്ന |
| നിശാമുഖം | രാവിൻതുടക്കത്തെ |
| മാനയന്തൌ | പ്രശംസിക്കുന്നവരായും ഇരിക്കുന്ന |
| തൌ | ആ രാമകൃഷ്ണന്മാർ |
| സ്വരമണ്ഡലമൂൎച്ഛിതം | സ്വരജാതിയുടെ ആരോഹാവരോഹക്രമത്തെ |
| യുഗപത് | ഒപ്പത്തിനൊപ്പം |
| കല്പയന്തൌ | കല്പിച്ചുകൊണ്ടു് |
| സൎവ്വഭൂതാനാം | സൎവ്വപ്രാണികളുടേയും |
| മനഃശ്രവണമംഗളം | കരളിനും കാതിനും മംഗളമേകുംപ്രകാരം |
| ജഗതുഃ | പാടിത്തുടങ്ങി. |

ഗോപ്യസ്തദ്ഗീതമാകൎണ്യ മൂൎച്ഛിതാ നാവിദൻ നൃപ
സ്രംസദ്ദുകൂലമാത്മാനം സ്രസ്തകേശസ്രജം തതഃ. 24

| | |
|---|---|
| നൃപ | രാജാവേ! |
| തദ്ഗീതം | അവരുടെ ഗാനത്തെ |
| ആകൎണ്യ | കേട്ടു് |
| മൂൎച്ഛിതാഃ | മോഹത്തിലാണ്ടുപോയ |
| ഗോപ്യഃ | ഗോപികമാർ |
| തതഃ | ആ മോഹംനിമിത്തം |
| സ്രംസദ്ദുകൂലം | അഴിഞ്ഞുപോകുന്ന ഉടുപുടവയോടുകൂടിയതും, |
| സ്രസ്തകേശസ്രജം | അഴിഞ്ഞുവീണുപോയ തലമുടിയിലെ പൂമാലയോടുകൂടിയതും ആയ |
| ആത്മാനം | സ്വദേഹത്തെക്കുറിച്ചുതന്നെ |
| ന അവിദൻ | അറിഞ്ഞിരുന്നില്ല. |

ഏവം വിക്രീഡതോഃ സ്വൈരം ഗായതോഃ സംപ്രമത്തവത്
ശംഖചൂഡ ഇതി ഖ്യാതോ ധനദാനുചരോഽഭ്യഗാത്. 25

| | |
|---|---|
| ഏവം സ്വൈരം | ഇങ്ങിനെ തോന്നിയ വിധം |
| സംപ്രമത്തവത് | മദം മുഴുത്തവരെപ്പോലെ |
| ഗായതോഃ | അവർ പാടുകയും, |
| വിക്രീഡതോഃ | ആടുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ |
| ശംഖചൂഡഃ | ശംഖചൂഡൻ |
| ഇതി | എന്നു |
| ഖ്യാതഃ | പറയപ്പെടുന്ന |
| ധനദാനുചരഃ | ഒരു കുബേരഭൃത്യൻ |
| അഭ്യഗാത് | അവിടെ എത്തി. |

തയോർന്നിരീക്ഷതോ രാജംസ്തന്നാഥം പ്രമദാജനം
ക്രോശന്തം കാലയാമാസ ദിശ്യുദീച്യാമശങ്കിതഃ. 26

| | |
|---|---|
| രാജൻ | രാജാവേ! |
| അശങ്കിതഃ | ഒരു ശങ്കയുംകൂടാതെ അവൻ |
| തയോഃ | അവർ രണ്ടുപേരും |
| നിരീക്ഷതോഃ | നോക്കിനില്ക്കത്തന്നെ |
| തന്നാഥം | അവരുടെ രക്ഷയിലുള്ളവരും |
| ക്രോശന്തം | വിളിച്ചുകരയുന്നവരും ആയ |
| പ്രമദാജനം | സ്ത്രീജനങ്ങളെ |
| ഉദീച്യാം ദിശി | വടക്കേദിക്കിലേക്ക് |
| കാലയാമാസ | കവർന്നുകൊണ്ടുപോയി. |

ക്രോശന്തം കൃഷ്ണ രാമേതി വിലോക്യ സ്വപരിഗ്രഹം
യഥാ ഗാ ദസ്യുനാ ഗ്രസ്താ ഭ്രാതരാവന്വധാവതാം. 27

| | |
|---|---|
| സ്വപരിഗ്രഹം | തങ്ങളുടേതായി പരിഗ്രഹിച്ചിരിക്കുന്ന സ്ത്രീജനത്തെ |
| കൃഷ്ണ രാമ | 'അയ്യോ കൃഷ്ണ! അയ്യോ രാമ!' |
| ഇതി ക്രോശന്തം | എന്നു വിളിച്ചുകരയുന്നതായി |
| വിലോക്യ | കണ്ടിട്ട് |
| ദസ്യുനാ | കള്ളനാൽ |
| ഗ്രസ്താഃ | പിടിച്ചുകൊണ്ടുപോകപ്പെട്ട |
| ഗാഃ | പശുക്കളെ വീണ്ടെടുക്കാൻ |
| യഥാ | പിന്തുടർന്നോടുംവിധം |
| ഭ്രാതരൗ | സഹോദരന്മാർ ഇരുവരും |
| അന്വധാവതാം | പിന്തുടർന്നോടി. |

മാ ഭൈഷ്ടേത്യഭയാരാവൗ ശാലഹസ്തൗ തരസ്വിനൗ
ആസേദതുസ്തം തരസാ ത്വരിതം ഗുഹ്യകാധമം. 28

| | |
|---|---|
| മാ ഭൈഷ്ട | 'പേടിക്കേണ്ട' |
| ഇതി | എന്നിങ്ങനെ |
| അഭയാരാവൗ | അഭയവാക്കു വിളിച്ചു പറഞ്ഞുകൊണ്ടും, |
| ശാലഹസ്തൗ | കൈയിൽ ഓരോ മരുതുമരം കടപുഴക്കിപ്പിടിച്ചു കൊണ്ടും, |
| തരസ്വിനൗ | അതിവേഗം ചേർന്നുകൊണ്ടും. |
| തരസാ | വേഗശക്തിയാൽ |
| ത്വരിതം | എളുപ്പത്തിൽ |
| തം | ആ |
| ഗുഹ്യകാധമം | നീചനായ ഗുഹ്യകനെ |
| ആസേദതുഃ | സമീപിച്ചു |

സ വീക്ഷ്യ താവനുപ്രാപ്തൗ കാലമൃത്യൂ ഇവോദ്വിജൻ
വിസൃജ്യ സ്ത്രീജനം മൂഢഃ പ്രാദ്രവജ്ജീവിതേച്ഛയാ. 29

| | |
|---|---|
| മൂഢഃ സഃ | മൂഢനായ അവൻ |
| കാലമൃത്യൂ ഇവ | കാലനും മൃത്യുദേവതയും എന്നപോലെയുള്ള |
| തൌ | ആ രാമകൃഷ്ണന്മാരെ |
| അന്വപ്രാപ്തൌ | അടുത്തണഞ്ഞതായി |
| വീക്ഷ്യ | കണ്ടിട്ട്, |
| ഉദ്വിജൻ | അമ്പരന്നുകൊണ്ട് |
| സ്ത്രീജനം | സ്ത്രീകളെ |
| വിസൃജ്യ | കൈവിട്ട്, |
| ജീവിതേച്ഛയാ | ജീവിതക്കൊതിയാൽ |
| പ്രാദ്രവത് | പരക്കംപാഞ്ഞു. |

തമന്വധാവദ് ഗോവിന്ദോ യത്ര യത്ര സ ധാവതി
ജിഹീർഷുസ്തച്ഛിരോരത്നം തസ്ഥൌ രക്ഷൻ സ്ത്രിയോ ബലഃ. 30

| | |
|---|---|
| സഃ | അവൻ |
| യത്ര യത്ര | എവിടെക്കെല്ലാം |
| ധാവതി | ഓടിപ്പോകുന്നുവോ, അവിടെക്കെല്ലാം |
| തച്ഛിരോരത്നം | അവന്റെ ശിരോരത്നത്തെ |
| ജിഹീർഷുഃ | തട്ടിയെടുക്കുവാൻ ആഗ്രഹിച്ച് |
| ഗോവിന്ദഃ തം | ശ്രീകൃഷ്ണനും അവനെ |
| അന്വധാവത് | പിൻതുടർന്നോടി. |
| ബലഃ | ബലരാമൻ |
| സ്ത്രിയഃ | സ്ത്രീകളെ |
| രക്ഷൻ | കാത്തുകൊണ്ട് |
| തസ്ഥൌ | അവിടെത്തന്നെ നിന്നു. |

അവിദൂര ഇവാഭ്യേത്യ ശിരസ്തസ്യ ദുരാത്മനഃ
ജഹാര മുഷ്ടിനൈവാംഗ സഹ ചൂഡാമണിം വിഭുഃ. 31

| | |
|---|---|
| അംഗ | അല്ലയോ രാജാവേ ! |
| വിഭുഃ | ശ്രീകൃഷ്ണൻ |
| അവിദൂരേ ഇവ | അടുക്കെത്തന്നെ |
| അഭ്യേത്യ | എത്തിയിട്ട് |
| മുഷ്ടിനാ ഏവ | മുഷ്ടിയാൽതന്നെ |
| ദുരാത്മനഃ | ദുർബ്ബുദ്ധിയായ |
| തസ്യ | അവന്റെ |
| ശിരഃ | തലയും |
| ചൂഡാമണിം | ചൂഡാരത്നവും |
| സഹ ജഹാര | ഒപ്പം എടുത്തു. |

ശംഖചൂഡം നിഹത്യൈവം മണിമാദായ ഭാസ്വരം
അഗ്രജായാദദാത് പ്രീത്യാ പശ്യന്തീനാം ച യോഷിതാം. 32

| | |
|---|---|
| ഏവം | ഇപ്രകാരം |
| ശംഖചൂഡം | ശംഖചൂഡനെ |
| നിഹത്യ | വധിച്ചശേഷം |
| ഭാസ്വരം | മിന്നിത്തിളങ്ങുന്ന |
| മണിം ആദായ | ശിരോരത്നത്തെ കൊണ്ടുവന്നു |
| യോഷിതാം | ഗോപസ്ത്രീകൾ |
| പശ്യന്തീനാം ച | നോക്കിക്കൊണ്ടു നില്ക്കേത്തന്നെ |
| പ്രീത്യാ | സന്തോഷത്തോടെ |
| അഗ്രജായ | ജ്യേഷ്ഠന്ന് |
| ആദദാത് | സമ്മാനിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ശംഖചൂഡവധോ നാമ ചതുസ്ത്രിംശോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1367.

# പഞ്ചത്രിംശോഽധ്യായഃ—മുപ്പത്തഞ്ചാമദ്ധ്യായം.

---

## ഗോപികായുഗളഗീതം.

[പഞ്ചത്രിംശേ വനം യാതേ കൃഷ്ണേ ഗോകുലയോഷിതഃ
യുഗ്മശ്ലോകാനുഗീതേന നിന്യുർദുഃഖേന വാസരാൻ.]

(വിരഹസന്തപ്തകളായ ഗോപികമാർ കൃഷ്ണലീലകളെ പ്രകീർത്തിച്ചുകൊണ്ടു്
പകൽസമയം കഴിച്ചുകൂട്ടുന്നതു്.)

**ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—**

ഗോപ്യഃ കൃഷ്ണേ വനം യാതേ തമനുദ്രുതചേതസഃ
കൃഷ്ണലീലാഃ പ്രഗായന്ത്യോ നിന്യുർദുഃഖേന വാസരാൻ 1

| | | | |
|---|---|---|---|
| **കൃഷ്ണേ** | **ശ്രീകൃഷ്ണൻ** | ഗോപ്യഃ | ഗോപികമാർ |
| **വനം** | വനത്തിലേക്ക് | കൃഷ്ണലീലാഃ | കൃഷ്ണലീലകളെ |
| **യാതേ** | പോയിക്കഴിഞ്ഞാൽ | പ്രഗായന്ത്യഃ | പാടിപ്പുകഴ്ത്തിക്കൊണ്ടു് |
| **തം അനുദ്രുത-** | അവിടുത്തെ പിന്നാലെ | വാസരാൻ | പകൽസമയങ്ങളെ |
| **ചേതസഃ** | ത്തന്നെ മനസ്സും ഓടി | ദുഃഖേന | ദുഃഖത്തോടെ |
| | പ്പോയിരുന്ന | നിന്യുഃ | കഴിച്ചുകൂട്ടിയിരുന്നു. |

**ഗോപ്യ ഊചുഃ=ഗോപികൾ പറഞ്ഞു :—**

വാമബാഹുകൃതവാമകപോലോ വല്ഗിതഭ്രുരധരാർപ്പിതവേണും
കോമളാംഗുലിഭിരാശ്രിതമാർഗ്ഗം ഗോപ്യ ഈരയതി യത്ര മുകുന്ദഃ. 2
വ്യോമയാനവനിതാഃ സഹ സിദ്ധൈർവ്വിസ്മിതാസ്തദുപധാര്യ സലജ്ജാഃ
കാമമാർഗ്ഗണസമർപ്പിതചിത്താഃ കശ്മലം യയുരപസ്മൃതനീവ്യഃ. 3

| | | | |
|---|---|---|---|
| **ഗോപ്യഃ** | വല്ലവിമാരേ ! | അധരാർപ്പിത- | ചുണ്ടിൽ ചേർത്തുപിടിച്ച |
| **മുകുന്ദഃ** | മുക്തിദനായ കൃഷ്ണൻ | വേണും | പുല്ലാങ്കുഴലിനെ |
| **വാമബാഹു-** | ഇടത്തെ ബാഹുമൂലത്തി | യത്ര | ഏതുനേരത്തു് |
| **കൃതവാമ-** | ലേക്കു് ചായ്ച്ചുവെക്ക | ഈരയതി | വിളിപ്പാൻ തുടങ്ങുന്നു |
| **കപോലഃ** | പ്പെട്ട ഇടത്തെ കവിൾ | | വോ, അന്നേരത്തു് |
| | ത്തടത്തോടുകൂടിയവനായും, | വ്യോമയാന- | ആകാശത്തിൽ സഞ്ചരി |
| വല്ഗിതഭ്രൂഃ | നർത്തനംചെയ്യുന്ന പുരി | വനിതാഃ | ക്കുന്ന സിദ്ധദേവിമാർ |
| | കങ്ങളോടുകൂടിയവനായും | സിദ്ധൈഃ സഹ | അവരുടെ ഭർത്താക്കളായ |
| **കോമളാംഗുലിഭിഃ** | ഓമൽക്കൈവിരലുക | | സിദ്ധദേവന്മാരോടുകൂടി |
| | ളാൽ | തത് ഉപധാര്യ | അതു കേട്ടു് |
| **ആശ്രിതമാർഗ്ഗം** | സ്പർശിക്കപ്പെട്ട സുഷിര | വിസ്മിതാഃ | വിസ്മിതകളും |
| | ങ്ങളോടുകൂടി | സലജ്ജാഃ | ലജ്ജിതകളും, |

| | |
|---|---|
| കാമമാർഗ്ഗണ–സമർപ്പിത–ചിത്താഃ | കാമശരങ്ങൾക്ക് ഇരയാക്കപ്പെട്ട ഹൃദയത്തോടു കൂടിയവരും ആയി ഭവിച്ച് |
| അപസ്മൃതനീവ്യഃ | മടിക്കുത്തു വിട്ടുപോയ സംഗതി കൂടി മറന്നുകൊണ്ട് |
| കശ്മലം യയുഃ | മോഹം പ്രാപിച്ചു. |

ഹന്ത ചിത്രമബലാഃ ശൃണുതേദം ഹാരഹാസ ഉരസി സ്ഥിരവിദ്യുത്
നന്ദസൂനുരയമാർത്തജനാനാം നർമ്മദോ യർഹി കൂജിതവേണുഃ. 4
വൃന്ദശോ വ്രജവൃഷാ മൃഗഗാവോ വേണുവാദ്യഹൃതചേതസ ആരാത്
ദന്തദഷ്ടകബളാ ധൃതകർണ്ണാ നിദ്രിതാ ലിഖിതചിത്രമിവാസൻ. 5

| | |
|---|---|
| ഹന്ത | ആഹാ! |
| അബലാഃ | അബലകളേ! |
| ഇദം ചിത്രം | ഈ അത്ഭുതം |
| ശൃണുത | കേൾക്കുക. |
| ഹാരഹാസഃ | മുത്തുമാലയ്ക്കൊത്ത മന്ദഹാസം ചേർന്നവനും, |
| ഉരസി | തിരുമാറിൽ |
| സ്ഥിരവിദ്യുത് | ഇളക്കമില്ലാത്ത മിന്നലെന്നപോലെയുള്ള ശ്രീമഹാലക്ഷ്മിയുടെ വാസം ചേർന്നവനും ആയ |
| അയം നന്ദസൂനുഃ | ഈ നന്ദകുമാരൻ |
| യർഹി | ഏതു നേരത്ത് |
| ആർത്തജനാനാം | ദുഃഖിതജനങ്ങൾക്കെല്ലാം |
| നർമ്മദഃ | സുഖമേകിക്കൊണ്ട് |
| കൂജിതവേണുഃ | പുല്ലാങ്കുഴലൂതുന്നുവോ, അന്നേരം |
| വ്രജവൃഷാഃ | തൊഴുത്തിലുള്ള കാളകളും |
| മൃഗഗാവഃ | വനത്തിലുള്ള മാനുകളും, പശുക്കളും |
| ആരാത് | അകലെനിന്ന് |
| വേണുവാദ്യ–ഹൃതചേതസഃ | വേണുനാദത്താൽ ആകൃഷ്ടമായ ചിത്തത്തോടു കൂടിയവയായി |
| വൃന്ദശഃ | കൂട്ടംകൂട്ടമായിട്ട് |
| ദന്തദഷ്ടകബളാഃ | പുല്ലുകളെ പല്ലുകൊണ്ട് കടിച്ച്, ഇറക്കാതെ വെച്ചുകൊണ്ടും, |
| ധൃതകർണ്ണാഃ | കാതുകളെ അനക്കാതെ പിടിച്ചുകൊണ്ടും |
| നിദ്രിതാഃ | ഉറക്കംതൂങ്ങിക്കൊണ്ടും |
| ലിഖിതചിത്രാഃ ഇവ | ചിത്രത്തിൽ വരയ്ക്കപ്പെട്ടതുപോലെ |
| ആസൻ | നിന്നിരുന്നു. |

ബർഹിണസ്തബകധാതുപലാശൈർബ്ബദ്ധമല്ലപരിബർഹവിഡംബഃ
കർഹിചിത് സബല ആളി സ ഗോപൈർഗ്ഗാഃ സമാഹ്വയതി യത്ര മുകുന്ദഃ. 6
തർഹി ഭഗ്നഗതയഃ സരിതോ വൈ തത്പദാംബുജരജോഽനിലനീതം
സ്പൃഹയതീർവ്വയമിവാബഹുപുണ്യാഃ പ്രേമവേപിതഭുജാഃ സ്തിമിതാപഃ. 7

| | |
|---|---|
| ആളി | ഹേ സഖി! |
| ബർഹിണ–സ്തബകധാതു–പലാശൈഃ | മയിൽപ്പീലിയും, മനയോലകളും, തളിരും കൊണ്ട് |
| ബദ്ധമല്ല–പരിബർഹ–വിഡംബഃ | കെട്ടിച്ചമഞ്ഞുള്ള മല്ലവേഷത്തെ അനുകരിക്കുന്നവനായും, |
| സബലഃ | ബലരാമസഹിതനായും, |
| ഗോപൈഃ | ഗോപന്മാരോടു ചേർന്നവനായും ഉള്ള |
| സഃ മുകുന്ദഃ | ആ മുകുന്ദൻ |
| കർഹിചിത് | എപ്പോഴൊരിക്കൽ |
| യത്ര | യാതൊരിടത്തു |
| ഗാഃ | പശുക്കളെ |

സമാഹ്വയതി — വിളിച്ചുവരുത്തുവാൻ കുഴലൂതുന്നുവോ,
തർഹി — അപ്പോൾ, അവിടെ
സരിതഃ വൈ — നദികൾപോലും
ഭഗ്നഗതയഃ — ഭംഗംവന്ന ഗമനത്തോടും,
സ്തിമിതാപഃ — നിശ്ചലമായ ജലത്തോടും,
പ്രേമവേപിതഭുജാഃ — പ്രേമത്താൽ വിറച്ചെന്ന തരംഗഹസ്തങ്ങളോടുകൂടിയവയായിട്ട്

അനിലനീതം — കാററിനാൽ കൊണ്ടുവരപ്പെട്ട
തത്പദാംബുജരജഃ — അവിടുത്തെ പാദാരവിന്ദത്തിലെ പരാഗത്തെ
സ്പൃഹയതീഃ — കൊതിച്ചുകൊണ്ടിരിക്കുന്ന
വയം ഇവ — നാമേതുപോലെയോ അതുപോലെ
അബഹുപുണ്യാഃ — ഏറിയപുണ്യം ഇല്ലാത്തവയായി കാണപ്പെടുന്നു.

അനുചരൈഃ സമനുവർണ്ണിതവീര്യ ആദിപൂരുഷ ഇവാചലഭൂതിഃ
വനചരോ ഗിരിതടേഷു ചരന്തീർവേണുനാഽഽഹ്വയതി ഗാഃ സ യദാ ഹി. 8
വനലതാസ്തരവ ആത്മനി വിഷ്ണും വ്യഞ്ജയന്ത്യ ഇവ പുഷ്പഫലാഢ്യാഃ
പ്രണതഭാരവിടപാ മധുധാരാഃ പ്രേമഹൃഷ്ടതനവഃ സസൃജുഃ സ്മ. 9

ആദിപൂരുഷഃ ഇവ — ആദിപുരുഷനായ ശ്രീമഹാവിഷ്ണുവെപ്പോൽ
അനുചരൈഃ — അനുയായികളാൽ
സമനുവർണ്ണിതവീര്യഃ — വഴിപോലെ വാഴ്ത്തപ്പെട്ട വിക്രമത്തോടുകൂടിയവനും,
അചലഭൂതിഃ — അചഞ്ചലശ്രീത്വം ചേർന്നവനും ആയ
സഃ — ശ്രീകൃഷ്ണൻ
വനചരഃ — വനത്തിൽ സഞ്ചരിച്ചുകൊണ്ട്
ഗിരിതടേഷു — പർവ്വതപ്രാന്തങ്ങളിൽ
ചരന്തീഃ ഗാഃ — മേയുന്ന പശുക്കളെ
വേണുനാ — വേണുഗാനത്താൽ
യദാ ഹി ആഹ്വയതി — വിളിച്ചുവരുത്തുന്ന സമയത്ത്

വനലതാഃ — കാട്ടിലെ വള്ളികളും,
തരവഃ — മരങ്ങളും
ആത്മനി — തങ്ങളിൽ നിറഞ്ഞ
വിഷ്ണും — പൂർണ്ണാനന്ദത്തെ
വ്യഞ്ജയന്ത്യഃ ഇവ — പ്രകാശിക്കുന്നുവോ എന്നു തോന്നുമാറ്
പുഷ്പഫലാഢ്യാഃ — പുഷ്പഫലസമൃദ്ധങ്ങളായി
പ്രണതഭാരവിടപാഃ — ഭാരത്താൽ നമിച്ച ശാഖകളോടുകൂടിയവയായും,
പ്രേമഹൃഷ്ടതനവഃ — പ്രേമത്താൽ പുളകം കൊണ്ട ഗാത്രത്തോടുകൂടിയവയായും ഭവിച്ച്
മധുധാരാഃ — പൂന്തേൻധാരകളെ
സസൃജുഃ സ്മ — ചൊരിഞ്ഞുനിന്നു.

ദർശനീയതിലകോ വനമാലാദിവ്യഗന്ധതുളസീമധുമത്തൈഃ
അളികുലൈരലഘു ഗീതമഭീഷ്ടമാദ്രിയൻ യർഹി സന്ധിതവേണുഃ. 10
സരസി സാരസഹംസവിഹംഗാശ്ചാരുഗീതഹൃതചേതസ ഏത്യ
ഹരിമുപാസത തേ യതചിത്താ ഹന്ത മീലിതദൃശോ ധൃതമൗനാഃ. 11

ദർശനീയതിലകഃ — അഴകോടെ തിലകം ചാർത്തിയ (അഴകുള്ളവരിൽ അഗ്രഗണ്യനായ) ശ്രീകൃഷ്ണൻ

വനമാലാദിവ്യഗന്ധതുളസീമധുമത്തൈഃ — വനമാലയ്ക്കിടയിൽ ദിവ്യസൌരഭ്യമുള്ള തുളസിയുടെ തേൻകുടിച്ചു മദിച്ചിട്ടുള്ള

| | |
|---|---|
| അളികുലൈഃ | വണ്ടിൻനിരകളാൽ |
| അലഘു | ഉച്ചത്തിൽമുഴക്കപ്പെടുന്ന |
| അഭീഷ്ടം | അനുകൂലമായ |
| ഗീതം | ഗീതത്തെ |
| ആദ്രിയൻ | ആദരിച്ചുകൊണ്ടു് |
| യർഹി | എപ്പോൾ |
| സമധിതവേണുഃ | ഓടക്കുഴലെടുത്തു ചുണ്ടിൽ ചേർക്കുന്നുവോ, അപ്പോൾ |
| സരസി | തടാകത്തിൽ |
| സാരസഹംസവിഹംഗാഃ | സാരസം, ഹംസം മുതലായുള്ള പറവകൾ |

| | |
|---|---|
| ചാരുഗീതഹൃതചേതസഃ | മോഹനഗാനത്താൽ ആകർഷിക്കപ്പെട്ട ഹൃദയത്തോടുകൂടിയവരായിട്ടു് |
| ഏത്യ | അവർ അടുത്തുവന്നു് |
| യതചിത്താഃ | ഏകാഗ്രമാക്കപ്പെട്ട ചിത്തത്തോടുകൂടി, |
| ധൃതമൌനാഃ | നിശ്ശബ്ദമായും, |
| മീലിതദൃശഃ | കണ്ണടച്ചുകൊണ്ടും |
| ഹരിം | ശ്രീകൃഷ്ണനെ |
| ഉപാസത | ഉപാസിച്ചു. |
| ഹന്ത | ആശ്ചര്യം! |

സഹബലഃ സ്രഗവതംസവിലാസഃ സാനുഷു ക്ഷിതിഭൃതോ വ്രജദേവ്യഃ
ഹർഷയൻ യർഹി വേണുരവേണ ജാതഹർഷ ഉപരംഭതി വിശ്വം. 12

മഹദതിക്രമണശങ്കിതചേതാ മന്ദമന്ദമനുഗർജ്ജതി മേഘഃ
സുഹൃദമഭ്യവർഷത് സുമനോഭിഃ ഛായയാ ച വിദധത് പ്രതപത്രം. 13

| | |
|---|---|
| വ്രജദേവ്യഃ | ഗോകുലദേവിമാരേ! |
| സ്രഗവതംസവിലാസഃ | പൂമാല്യകൊണ്ടുള്ള കർണ്ണഭൂഷണങ്ങളാൽ ശോഭാതിശയംചേർന്നുകൊണ്ടു് |
| സഹബലഃ | ബലരാമനോടുകൂടി |
| ക്ഷിതിഭൃതഃ | ഗോവർദ്ധനഗിരിയുടെ |
| സാനുഷു | താഴ്‌വാരങ്ങളിൽ |
| ജാതഹർഷഃ | സന്തോഷംപൂണ്ടു വിശ്രമിക്കുന്ന കൃഷ്ണൻ |
| യർഹി | എപ്പോൾ |
| വിശ്വം | ലോകത്തെ |
| ഹർഷയൻ | ആനന്ദിപ്പിച്ചുകൊണ്ടു് |
| വേണുരവേണ | വേണുനാദത്താൽ |
| ഉപരംഭതി | നിറക്കുന്നുവോ, അപ്പോൾ |

| | |
|---|---|
| മഹദതിക്രമണശങ്കിതചേതാഃ | സംപൂജ്യനായ അവിടുത്തെ തലയ്ക്കുമീതെ കടന്നുപോകാൻ മനസ്സിൽ ശങ്ക ജനിച്ച |
| മേഘഃ | മേഘം (അവിടെത്തന്നെ നിന്നു്) |
| മന്ദമന്ദം അനുഗർജ്ജതി | മെല്ലെ മെല്ലെ, വേണുനാദത്തോടു ചേർന്നു മുഴങ്ങിത്തുടങ്ങി. |
| ഛായയാ | നിഴലാൽ |
| പ്രതപത്രം വിദധത് | കുടപിടിച്ചുകൊണ്ടു് |
| സുഹൃദം | തന്റെ ചങ്ങാതിയെ |
| സുമനോഭിഃ | പുഷ്പങ്ങളാൽ |
| അഭ്യവർഷത് ച | അഭിവർഷിക്കയുംചെയ്തു. |

വിവിധഗോപചരണേഷു വിദഗ്ദ്ധോ വേണുവാദ്യ ഉരുധാ നിജശിക്ഷാഃ
തവ സുതഃ സതി യദാഽധരബിംബേ ദത്തവേണുരനയത് സ്വരജാതീഃ. 14

സവനശസ്തദുപധാര്യ സുരേശാഃ ശക്രശർവ്വപരമേഷ്ഠിപുരോഗാഃ
കവയ ആനതകന്ധരചിത്താഃ കശ്മലം യയുരനിശ്ചിതതത്ത്വാഃ. 15

| | |
|---|---|
| സതി | അല്ലയോ യശോദേ! |
| വിവിധഗോപ-ചരണേഷു | പലതരത്തിലുള്ള ഗോപലീലകളിലും |
| വിദഗ്ദ്ധഃ | നിപുണനായ |
| തവ സുതഃ | ഭവതിയുടെ പുത്രൻ |
| അധരബിംബേ | തൊണ്ടിപ്പഴംപോലുള്ള ചുണ്ടിൽ |
| ദത്തവേണുഃ | ഓടക്കുഴൽ ചേർത്ത്, |
| വേണുവാദ്യേ | കുഴലൂത്തിൽ |
| ഉരുധാ | ബഹുവിധമായ |
| നിജശിക്ഷാഃ | സ്വയം ശിക്ഷയോടുകൂടിയ |
| സ്വരജാതീഃ | സ്വരാലാപഭേദങ്ങളെ |
| യദാ അനയത് | ഉന്നയിച്ചുതുടങ്ങിയപ്പോഠം |

| | |
|---|---|
| ശക്രശർവ്വ-പരമേഷ്ഠി-പുരോഗാഃ | ഇന്ദ്രൻ, ശിവൻ, ബ്രഹ്മാവ് എന്നു തുടങ്ങിയ |
| സുരേശാഃ | ദേവനായകന്മാർ |
| തത് | അതിനെ |
| സവനശഃ | തുടരെത്തുടരെ |
| ആനത-കന്ധരചിത്താഃ | അങ്ങോട്ട് കഴുത്തു ചായ്ച്ചും മനസ്സുകൊടുത്തുകൊണ്ടും |
| ഉപധാര്യ | ശ്രദ്ധിച്ചുകേട്ട്, |
| കവയഃ | ജ്ഞാനികളായിട്ടുംകൂടി |
| അനിശ്ചിത തത്ത്വാഃ | സ്വരഭേദതത്ത്വം നിർണ്ണയിപ്പാൻ സാധിക്കാതെ |
| കശ്മലം യയുഃ | മോഹിച്ചുപോയി. |

നിജപദാബ്ജദലൈർദ്ധ്വജവജ്രനീരജാങ്കുശവിചിത്രലലാമൈഃ
വ്രജഭുവഃ ശമയൻ ഖുരതോദം വർഷ്മധുര്യഗതിരീഡിതവേണുഃ. 16
വ്രജതി തേന വയം സവിലാസവീക്ഷണാർപ്പിതമനോഭവവേഗാഃ
കുജഗതിം ഗമിതാ ന വിദാമഃ കശ്മലേന കബരം വസനം വാ. 17

| | |
|---|---|
| ധ്വജവജ്ര-നീരജാങ്കുശ-വിചിത്ര-ലലാമൈഃ | ധ്വജം, വജ്രം, താമര, അങ്കുശം എന്നിങ്ങനെ വിചിത്ര ലക്ഷണങ്ങളും ഉള്ളതായ |
| നിജപദാ-ബ്ജദളൈഃ | സ്വപാദപത്മദളങ്ങളാൽ |
| വ്രജഭുവഃ | ഗോകുലഭൂമിയിലേയ്ക്ക് |
| ഖുരതോദം | പശുക്കുളമ്പു തട്ടിയ വേദനയെ |
| ശമയൻ | ശമിപ്പിച്ചുകൊണ്ടും, |
| വർഷ്മധുര്യഗതിഃ | മഹാഗജത്തോടൊത്ത നടത്തത്തോടുകൂടിയും, |
| ഈഡിതവേണുഃ | ഓടക്കുഴൽ വിളിച്ചുകൊണ്ടും |

| | |
|---|---|
| വ്രജതി | കൃഷ്ണൻ നടക്കുന്നു; |
| തേന | ആ നടത്തംകൊണ്ടും, |
| സവിലാസ വീക്ഷണാർപ്പിത മനോഭവവേഗാഃ | ശൃംഗാരഭാവംചേർന്ന നോട്ടംകൊണ്ടും മന്മഥ വികാരം ജനിപ്പിക്കപ്പെട്ടിരിക്കുന്ന |
| വയം | ഞങ്ങൾ |
| കുജഗതിം | വൃക്ഷങ്ങളുടെ അവസ്ഥയിലേക്ക് |
| ഗമിതാഃ | എത്തിക്കപ്പെട്ടവരായിട്ട് |
| കശ്മലേന | മനോമോഹത്താൽ |
| കബരം | തലമുടിയഴിയുന്നതോ, |
| വസനം വാ | പൂഞ്ചേല കിഴിയുന്നതോ |
| ന വിദാമഃ | അറിയുമാറില്ല. |

മണിധരഃ ക്വചിദാഗണയൻ ഗാ മാലയാ ദയിതഗന്ധതുളസ്യാഃ
പ്രണയിനോഽനുചരസ്യ കദാംസേ പ്രക്ഷിപൻ ഭുജമഗായത യത്ര. 18
ക്വണിതവേണുരവവഞ്ചിതചിത്താഃ കൃഷ്ണമന്വസത കൃഷ്ണഗൃഹിണ്യഃ
ഗുണഗണാർണ്ണമനുഗത്യ ഹരിണ്യോ ഗോപികാ ഇവ വിമുക്തഗൃഹാശാഃ. 19

| | |
|---|---|
| ദയിതഗന്ധ– തുളസ്യാഃ | ഇഷ്ടഗന്ധമുള്ള തുളസിയുടെ |
| മാലയാ | മാലയോടുകൂടിയും, |
| മണിധരഃ | പശുക്കളുടെ എണ്ണം നോക്കുവാനായി നാനാവർണ്ണത്തിലുള്ള മണികൾ കോർത്തുണ്ടാക്കിയ മാല ധരിച്ച് |
| ക്വചിത് | ചിലേടത്തുവെച്ച് |
| ഗാഃ | പശുക്കളെ |
| ആഗണയൻ | എണ്ണിക്കണക്കാക്കിക്കൊണ്ടും, |
| അനുചരസ്യ | കൂടെ നടക്കുന്ന |
| പ്രണയിനഃ | സ്നേഹിതന്റെ |
| അംസേ | ചുമലിൽ |
| ഭുജം | കരത്തെ |
| പ്രക്ഷിപൻ | വെച്ചുകൊണ്ടും കൃഷ്ണൻ |
| കദാ യത്ര | എപ്പോൾ എവിടെ വെച്ച് |
| അഗായത | ഗാനം തുടങ്ങിയോ, അപ്പോൾ അവിടെ |
| കൃഷ്ണഗൃഹിണ്യഃ | കൃഷ്ണമൃഗത്തിന്റെ കുടുംബിനികളായ |
| ഹരിണ്യഃ | മാൻപേടകൾ |
| ക്വണിതവേണു- രവവഞ്ചിത- ചിത്താഃ | വേണുഗാനത്താൽ അപഹൃതമായ ചിത്തത്തോടുകൂടിയവയായിട്ട് |
| ഗുണഗണാർണ്ണം | ഗുണഗണങ്ങളുടെ മഹാസമുദ്രമായ |
| കൃഷ്ണം | ശ്രീകൃഷ്ണനെ |
| അനുഗത്യ | അനുഗമിച്ച് |
| ഗോപികാഃ ഇവ | ഗോപികമാരെന്നപോലെ |
| വിമുക്തഗൃഹാശാഃ | കുടുംബാശയെ പരിത്യജിച്ചുകൊണ്ട് |
| അനാസത | നാലുപുറവും വന്നുനിന്നു. |

കുന്ദദാമകൃതകൌതുകവേഷോ ഗോപഗോധനവൃതോ യമുനായാം
നന്ദസൂനുരനഘേ തവ വത്സോ നർമ്മദഃ പ്രണയിനാം വിജഹാര. 20

മന്ദവായുരുപവാത്യനുകൂലം മാനയൻ മലയജസ്പർശേന
വന്ദിനസ്തമുപദേവഗണാ യേ വാദ്യഗീതബലിഭിഃ പരിവവ്രുഃ. 21

| | |
|---|---|
| അനഘേ | നിർമ്മലയായ യശോദേ! |
| കുന്ദദാമകൃത– കൌതുകവേഷഃ | മുല്ലമാലകൊണ്ട് അലങ്കരിക്കപ്പെട്ട കൌതുകവേഷത്തോടുകൂടിയവനും, |
| ഗോപ– ഗോധനവൃതഃ | ഗോപന്മാരാലും ഗോക്കളാലും പരിവൃതനായവനും, |
| പ്രണയിനാം | ഇഷ്ടതോഴന്മാൎക്ക |
| നർമ്മദഃ | സന്തോഷം ജനിപ്പിക്കുന്നവനും, |
| തവ | ഭവതിയുടെ |
| വത്സഃ | ഓമനമകനും ആയ |
| നന്ദസൂനുഃ | നന്ദകുമാരൻ |
| യമുനായാം | യമുനാനദിയിൽ |
| വിജഹാര | കളിച്ചു (അപ്പോൾ) |
| മലയജസ്പർശേന | ചന്ദനംപോലെ (വാസനയും, കുളിർമ്മയും ഉള്ള) സ്പർശത്തോടുകൂടിയ |
| മന്ദവായുഃ | ഇളംകാററ് |
| തം | ആ കൃഷ്ണനെ |
| മാനയൻ | ആദരിച്ചുകൊണ്ട് |
| അനുകൂലം | അനുകൂലമായവിധം |
| ഉപവാതി | വീശിത്തുടങ്ങി. |
| ഉപദേവഗണാഃ | ഗന്ധർവ്വന്മാർ മുതലായ ഉപദേവഗണങ്ങൾ |
| യേ വന്ദിനഃ | സ്തുതിപാഠകരെന്നപോലെ |
| വാദ്യഗീത– ബലിഭിഃ | വാദ്യം, ഗീതം, പുഷ്പവർഷം എന്നിവയോടെ |
| പരിവവ്രുഃ | ചുററും വന്നുനിന്നു. |

വത്സലോ വ്രജഗവാം യദഗധ്രോ വന്ദ്യമാനചരണഃ പഥി വൃദ്ധൈഃ
കൃത്സ്നഗോധനമുപോഹ്യ ദിനാന്തേ ഗീതവേണുരനുഗേഡിതകീൎത്തിഃ. 22

ഉത്സവം ശ്രമരുചാഽപി ദൃശീനാമുന്നയൻ ഖുരരജശ്ഛുരിതസ്രക്
ദിത്സയൈതി സുഹൃദാശിഷ ഏഷ ദേവകീജഠരഭൂരുഡുരാജഃ. 23

| | |
|---|---|
| വ്രജഗവാം | ഗോകുലവാസികൾക്കും ഗോക്കൾക്കും |
| വത്സലഃ | കാരുണ്യത്താൽ നന്മയരുളുന്നവനും, |
| യത് | അതിന്നുവേണ്ടി |
| അഗധ്രഃ | മലയെടുത്തുപിടിച്ചവനും, |
| പഥി | വഴിയിൽവെച്ച് |
| വൃദ്ധൈഃ | ബ്രഹ്മാദിദേവമുഖ്യരാൽ |
| വന്ദ്യമാനചരണഃ | വന്ദിക്കപ്പെടുന്ന തൃപ്പാദത്തോടുകൂടിയവനും, |
| ഗീതവേണുഃ | ഗാനം പൊഴിയുന്ന മുരളിയോടുചേൎന്നവനും, |
| അനുഗേഡിതകീൎത്തിഃ | അനുചരന്മാരാൽ വാഴ്ത്തപ്പെട്ട കീൎത്തിയോടുകൂടിയവനും, |
| ദിനാന്തേ | സന്ധ്യാസമയത്ത് |
| കൃത്സ്നഗോധനം | എല്ലാ പശുക്കൂട്ടത്തേയും |

| | |
|---|---|
| ഉപോഹ്യ | തെളിച്ചുകൂട്ടി |
| ശ്രമരുചാ അപി | തളൎന്നുപോയതെങ്കിലും കൂടി അംഗകാന്തിയാൽ |
| ദൃശീനാം | നമ്മുടെ കണ്ണുകൾക്ക് |
| ഉത്സവം | അത്യാനന്ദത്തെ |
| ഉന്നയൻ | വളൎത്തിക്കൊണ്ടിരിക്കുന്നവനും, |
| ഖുരരജശ്ഛുരിതസ്രക് | പശുക്കളുടെ കുളമ്പുതട്ടിപ്പൊന്തിയ മൺപൊടി പുരണ്ട വനമാലയണിഞ്ഞവനും, |
| ദേവകീജഠരഭൂഃ | ദേവകിയുടെ ഗൎഭത്തിൽ നിന്നുത്ഭവിച്ചവനുമായ |
| ഉഡുരാജഃ | നക്ഷത്രനാഥൻ |
| സുഹൃദാശിഷഃ | സ്നേഹിക്കുന്ന നമ്മുടെ ആഗ്രഹങ്ങളെ |
| ദിത്സയാ | നിറവേററിത്തരുന്നതിനുള്ള താൽപൎയ്യത്തോടുകൂടി |
| ഏഷഃ ഏതി | ഇതാ വരുന്നു. |

മദവിഘൂൎണ്ണിതലോചന ഈഷന്മാനദഃ സ്വസുഹൃദാം വനമാലീ
ബദരപാണ്ഡുവദനോ മൃദുഗണ്ഡം മണ്ഡയൻ കനകകുണ്ഡലലക്ഷ്മ്യാ. 24

യദുപതിൎദ്വിരദരാജവിഹാരോ യാമിനീപതിരിവൈഷ ദിനാന്തേ
മുദിതവക്ത്ര ഉപയാതി ദുരന്തം മോചയൻ വ്രജഗവാം ദിനതാപം. 25

| | |
|---|---|
| ഈഷത് | കുറഞ്ഞൊരു |
| മദവിഘൂൎണ്ണിതലോചനഃ | മദത്താൽ ചുഴലുന്ന നേത്രങ്ങളോടുകൂടിയും, |
| ബദരപാണ്ഡുവദനഃ | അല്പം പഴുത്ത ലന്തപ്പഴം പോലെ പാണ്ഡുരമായ തിരുമുഖത്തോടുകൂടിയും, |
| മൃദുഗണ്ഡം | മാൎദ്ദവംചേൎന്ന കവിൾത്തടത്തെ |

| | |
|---|---|
| കനകകുണ്ഡലലക്ഷ്മ്യാ | സ്വൎണ്ണകുണ്ഡലങ്ങളുടെ കാന്തിയാൽ |
| മണ്ഡയൻ | അലങ്കരിച്ചുകൊണ്ടും, |
| വനമാലീ | വനമാലയണിഞ്ഞും, |
| സ്വസുഹൃദാം | സ്വന്തം സുഹൃത്തുക്കൾക്ക് |
| മാനദഃ | ബഹുമാനം നല്കിക്കൊണ്ടും, |
| ദ്വിരദരാജവിഹാരഃ | ആനത്തലവനെപ്പോലുള്ള നടത്തത്തോടുകൂടിയും, |

| | | | |
|---|---|---|---|
| മുദിതവക്ത്രഃ | പ്രസന്നവദനനായി | വ്രജഗവാം | ഗോകുലത്തിലെ പശുക്കളെപ്പോലുള്ള നമ്മുടെ |
| ദിനാന്തേ | സായങ്കാലത്തിൽ | ദുരന്തം | പകൽസമയത്തെ ദുരന്തമായ വിരഹതാപത്തെ |
| യാമിനീപതിഃ | നിശാനാഥൻ | (മോചയൻ) | നീക്കിക്കളഞ്ഞുകൊണ്ട് |
| ദിനതാപം | പകൽച്ചൂടിനെ | ഏഷഃ യദുപതിഃ | ഈ യാദവനാഥൻ * |
| മോചയൻ | നീക്കിക്കളഞ്ഞുകൊണ്ട് | ഉപയാതി | എത്തിച്ചേരുന്നു. |
| ഇവ | ഉദിച്ചുവരുംപോലെ | | |

* നോട്ട്:— ഭഗവാന്റെ യദുവംശജത്വവും ദേവകീപുത്രത്വവും ഗോപികൾ ഈ സമയത്ത് അറിഞ്ഞവരല്ല. ആ നിലയ്ക്ക് 'യദുപതിഃ' എന്ന് ഈ ഗീതത്തിലും, 'ദേവകീജഠരഭൂഃ' എന്ന് ഇതിനു മുൻപും അവർ കൃഷ്ണനെ വിശേഷിപ്പിച്ചതിൽ വിരോധം തോന്നാം. ഗോപന്മാർ യാദവജനതയിൽ പെട്ടവരാണെന്നും, യശോദയ്ക്ക് ദേവകി എന്നൊരു നാമാന്തരമുണ്ടെന്നും വ്യാഖ്യാനിച്ച് പൂർവ്വാചാര്യന്മാർ ഇതിന് പരിഹാരം കണ്ടിരിക്കുന്നു.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം വ്രജസ്ത്രിയോ രാജൻ കൃഷ്ണലീലാ നു ഗായതീഃ
രേമിരേഽഹസ്സു തച്ചിത്താസ്തന്മനസ്കാ മഹോദയാഃ. 26

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | വ്രജസ്ത്രിയഃ | ഗോകുലനാരിമാർ |
| തച്ചിത്താഃ | കൃഷ്ണനിൽത്തന്നെ ജീവിതം അർപ്പിച്ചവരും, | അഹസ്സു | പകൽവേളകളിൽ |
| | | ഏവം | ഇപ്രകാരം |
| തന്മനസ്കാഃ | കൃഷ്ണനിൽത്തന്നെ മനസ്സ് ലയിച്ചവരും | കൃഷ്ണലീലാഃ | ശ്രീകൃഷ്ണലീലകളെ |
| | | നു ഗായതീഃ | ഗാനംചെയ്തുകൊണ്ട് |
| മഹോദയാഃ | ആകയാൽ മഹാസൗഭാഗ്യം ചേർന്നവരുമായ | രേമിരേ | രമിച്ചിരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ വൃന്ദാവനക്രീഡായാം ഗോപികായുഗളഗീതം നാമ പഞ്ചത്രിംശോഽധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1393.

## ഷട്ത്രിംശോദ്ധ്യായഃ—മുപ്പത്താറാമദ്ധ്യായം.

[ഷട്ത്രിംശേ തു ഹതേഽരിഷ്ടേ നാരദോക്ത്യാ ബലാച്യുതൗ
വസുദേവസുതൗ ജ്ഞാത്വാ കംസോഽക്രൂരം സമാദിശത്.]

(അരിഷ്ടാസുരവധം; അക്രൂരസംപ്രേഷണം).

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അഥ തർഹ്യാഗതോ ഗോഷ്ഠമരിഷ്ടോ വൃഷഭാസുരഃ
മഹീം മഹാകകുത്കായഃ കമ്പയൻ ഖുരവിക്ഷതാം. 1

| | | | |
|---|---|---|---|
| അഥ തർഹി | അങ്ങിനെയിരിക്കെ | മഹീം | ഭൂമിയെ |
| അരിഷ്ടഃ | അരിഷ്ടൻ എന്നുപേരായ | കമ്പയൻ | വിറപ്പിച്ചുകൊണ്ട് |
| വൃഷഭാസുരഃ | വൃഷഭരൂപം ധരിച്ച അസുരൻ | മഹാകകുത്– കായഃ | പെരുത്ത പൂഞ്ഞക്കുന്നോടും ഉടലോടും കൂടി |
| ഖുരവിക്ഷതാം | തന്റെ കുളമ്പടികൊണ്ട് പിളക്കപ്പെട്ടതായ | ഗോഷ്ഠം | ഗോകുലത്തിലേക്ക് |
| | | ആഗതഃ | എത്തിച്ചേർന്നു. |

രംഭമാണഃ ഖരതരം പദാ ച വിലിഖൻ മഹീം
ഉദ്യമ്യ പുച്ഛം വപ്രാണി വിഷാണാഗ്രേണ ചോദ്ധരൻ.
കിഞ്ചിത് കിഞ്ചിച്ഛകൃന്മുഞ്ചൻ മൂത്രയൻ സ്തബ്ധലോചനഃ 2

| | | | |
|---|---|---|---|
| സ്തബ്ധലോചനഃ | തുറിച്ച കണ്ണുകളോടു കൂടിയ ആ കാള | വപ്രാണി | കുന്നിൻചെരുവുകളെ |
| ഖരതരം | ഏററവും പരുഷമായി | വിഷാണാഗ്രേണ | കൊമ്പിന്റെ തലയാൽ |
| രംഭമാണഃ | മുക്രയിട്ടും, | ഉദ്ധരൻ ച | കുത്തിയടർത്തിയും, |
| പദാ | കുളമ്പുകൊണ്ട് | കിഞ്ചിത് കിഞ്ചിത് | അല്പാല്പം |
| മഹീം | ഭൂമിയെ | സകൃത് മുഞ്ചൻ | ചാണകം ഇട്ടുകൊണ്ടും, |
| വിലിഖൻ | കുത്തിവരച്ചും, | മൂത്രയൻ ച | മൂത്രം വീഴ്ത്തിയും. |
| പുച്ഛം ഉദ്യമ്യ | വാൽ ഉയർത്തിപ്പിടിച്ച് | (ആഗതഃ) | എത്തിച്ചേർന്നു. |

യസ്യ നിർഹ്രാദിതേനാംഗ നിഷ്ഠുരേണ ഗവാം നൃണാം.
പതന്ത്യകാലതോ ഗർഭാഃ സ്രവന്തി സ്മ ഭയേന വൈ
നിർവ്വിശന്തി ഘനാ യസ്യ കകുദ്യചലശങ്കയാ. 3

| | | | |
|---|---|---|---|
| അംഗ | രാജാവേ! | ഗർഭാഃ പതന്തി | ഗർഭങ്ങൾ പതിക്കുകയും |
| യസ്യ | യാതൊരു ഈ കാളയുടെ | സ്രവന്തി സ്മ | അലസിപ്പോകയും ചെയ്തിരുന്നു. |
| നിഷ്ഠുരേണ | ഭയങ്കരമായ | | |
| നിർഹ്രാദിതേന | മുക്രശബ്ദത്താൽ | യസ്യ | യാതൊരു ഈ കാളയുടെ |
| ഗവാം | പശുക്കൾക്കും, | കകുദി | പൂഞ്ഞയിന്മേൽ |
| നൃണാം | മനുഷ്യസ്ത്രീകൾക്കും | അചലശങ്കയാ | മലയെന്ന ധാരണയാൽ |
| അകാലതഃ | കാലംതികയാതെ, | ഘനാഃ | മേഘങ്ങൾ |
| ഭയേന വൈ | പേടിയാൽത്തന്നെ | നിർവ്വിശന്തി | വന്നുകൂടിയിരുന്നു. |

തം തീക്ഷ്ണശൃംഗമുദ്വീക്ഷ്യ ഗോപ്യോ ഗോപാശ്ച തത്രസുഃ
പശവോ ദുദ്രുവുർഭീതാ രാജൻ സന്ത്യജ്യ ഗോകുലം. 4

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഉദ്വീക്ഷ്യ | കണ്ടിട്ട് |
| തീക്ഷ്ണശൃംഗം | മൂർച്ചയേറിയ കൊമ്പുകൾ ഉള്ള | ഗോപ്യഃ | ഗോപികളും, |
| തം | ആ ക്രൂരനെ | ഗോപാഃ ച | ഗോപന്മാരും |

| | | | |
|---|---|---|---|
| ത്രസ്താഃ | പേടിച്ചു വിറച്ചു. | ഗോകുലം | ഗോകുലത്തെ |
| പശവഃ | പശുക്കൾ | സന്ത്യജ്യ | വിട്ട് |
| ഭീതാഃ | പേടിച്ചരണ്ടിട്ട് | ദുദ്രുവുഃ | പാഞ്ഞുപോയി. |

കൃഷ്ണ കൃഷ്ണേതി തേ സർവ്വേ ഗോവിന്ദം ശരണം യയുഃ 5

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ ഇതി | 'കൃഷ്ണാ! കൃഷ്ണാ!' എന്നു പറഞ്ഞു നിലവിളിച്ചുകൊണ്ട് | ഗോവിന്ദം | ഗോകുലനാഥനായ ശ്രീകൃഷ്ണനെ |
| തേ സർവ്വേ | അവർ എല്ലാവരും | ശരണം യയുഃ | ശരണം പ്രാപിച്ചു. |

ഭഗവാനപി തദ്വീക്ഷ്യ ഗോകുലം ഭയവിദ്രുതം.
മാ ഭൈഷ്ടേതി ഗിരാഽഽശ്വാസ്യ വൃഷാസുരമുപാഹ്വയത് 6

| | | | |
|---|---|---|---|
| ഭഗവാൻ അപി | ഭഗവാനാകട്ടെ | ഇതി ഗിരാ | എന്ന മൊഴിയാൽ |
| ഭയവിദ്രുതം | ഭയപ്പെട്ടോടിയ | ആശ്വാസ്യ | സമാധാനിപ്പിച്ചശേഷം |
| തത് ഗോകുലം | ആ ഗോകുലത്തെ | വൃഷാസുരം | വൃഷാസുരനെ |
| വീക്ഷ്യ | കണ്ട്, | ഉപാഹ്വയത് | അരികെ വിളിച്ചു. |
| മാ ഭൈഷ്ട | 'പേടിക്കേണ്ട' | | |

ഗോപാലൈഃ പശുഭിർമ്മന്ദ ത്രാസിതൈഃ കിമസത്തമ.
ബലദർപ്പഹാഽഹം ദുഷ്ടാനാം ത്വദ്വിധാനാം ദുരാത്മനാം 7

| | | | |
|---|---|---|---|
| മന്ദ | "ബുദ്ധിയില്ലാത്ത | ത്വദ്വിധാനാം | നിന്നെപ്പോലുള്ള |
| അസത്തമ | അസത്തേ! | ദുഷ്ടാനാം | പരദ്രോഹികളായ |
| ത്രാസിതൈഃ | ഭയപ്പെടുത്തപ്പെട്ട | ദുരാത്മനാം | ദുർബുദ്ധികളുടെ |
| ഗോപാലൈഃ | ഗോപാലരെക്കൊണ്ടും, | ബലദർപ്പഹാ | ശക്തിമദം നശിപ്പിക്കുന്നവൻ |
| പശുഭിഃ | പശുക്കളെക്കൊണ്ടും | | |
| കിം | നിനക്കെന്തു നേട്ടമുണ്ട്? | അഹം | ഞാനാണ്" |

ഇത്യാസ്ഫോട്യാച്യുതോഽരിഷ്ടം തലശബ്ദേന കോപയൻ.
സഖ്യുരംസേ ഭുജാഭോഗം പ്രസാര്യാവസ്ഥിതോ ഹരിഃ 8

| | | | |
|---|---|---|---|
| ഹരിഃ | ദുഃഖനാശകനായ | കോപയൻ | ശുണ്ഠിപിടിപ്പിച്ചുകൊണ്ട് |
| അച്യുതഃ | ശ്രീകൃഷ്ണൻ | ഭുജാഭോഗം | സർപ്പശരീരത്തോടൊത്ത കൈത്തണ്ടയെ |
| ഇതി | ഇപ്രകാരംപറഞ്ഞ് | | |
| ആസ്ഫോട്യ | കൈയ്യടിച്ച് | സഖ്യുഃ അംസേ | സ്നേഹിതൻെറ ചുമലിൽ |
| തലശബ്ദേന | കരതലശബ്ദത്താൽ | പ്രസാര്യ | നീട്ടിവെച്ച് |
| അരിഷ്ടം | അരിഷ്ടനെ | അവസ്ഥിതഃ | നിന്നു. |

സോഽപ്യേവം കോപിതോഽരിഷ്ടഃ ഖുരേണാവനിമുല്ലിഖൻ
ഉദ്യത്പുച്ഛഭ്രമന്മേഘഃ ക്രുദ്ധഃ കൃഷ്ണമുപാദ്രവത്. 9

| | |
|---|---|
| ഏവം | ഈവിധത്തിൽ |
| കുപിതഃ | കോപിപ്പിക്കപ്പെട്ട |
| സഃ അരിഷ്ടഃ അപി | ആ അരിഷ്ടനെന്ന അസുരനാകട്ടെ |
| ക്രുദ്ധഃ | ക്രുദ്ധനായിട്ട് |
| ഖുരേണ | കുളമ്പുകൊണ്ട് |
| അവനീം | ഭൂതലത്തെ |
| ഉല്ലിഖൻ | മാന്തിപ്പൊളിച്ച്, |
| ഉദ്യത്പുച്ഛ- ഭ്രമന്മേഘഃ | മേല്പോട്ടുയൎന്ന വാലിന്മേൽ ചുഴലുന്ന മേഘനിരയോടുകൂടിയവനായി |
| കൃഷ്ണം | ഭഗവാന്റെ നേരെ |
| ഉപാദ്രവത് | പാഞ്ഞുവന്നു. |

അഗ്രന്യസ്തവിഷാണാഗ്രഃ സ്തബ്ധാസൃഗ്ലോചനോഽച്യുതം
കടാക്ഷിപ്യാദ്രവത്തൂൎണ്ണമിന്ദ്രമുക്തോഽശനിൎയ്യഥാ. 10

| | |
|---|---|
| അഗ്രന്യസ്ത- വിഷാണാഗ്രഃ | മുമ്പോട്ട് എടുത്തുപിടിച്ച കൊമ്പുകളോടും, |
| സ്തബ്ധാസൃഗ്- ലോചനഃ | തുറിച്ചുകൊണ്ടുള്ള ചുവന്ന കണ്ണുകളോടും കൂടിയ അവൻ |
| കടാക്ഷിപ്യ | കടക്കണ്ണുകൊണ്ടു നോക്കിയിട്ട് |
| ഇന്ദ്രമുക്തഃ | ഇന്ദ്രനാൽ പ്രയുക്തമായ |
| അശനിഃ | വജ്രായുധം |
| യഥാ | വരുന്നപോലെ |
| അച്യുതം | ഭഗവാന്റെ നേരെ |
| തൂൎണ്ണം | ശീഘ്രതയിൽ |
| അദ്രവത് | പാഞ്ഞുവന്നു. |

ഗൃഹീത്വാ ശൃംഗയോസ്തം വാ അഷ്ടാദശ പദാനി സഃ
പ്രത്യപോവാഹ ഭഗവാൻ ഗജഃ പ്രതിഗജം യഥാ. 11

| | |
|---|---|
| സഃ ഭഗവാൻ | ആ ശ്രീകൃഷ്ണഭഗവാൻ |
| തം വാ | അവനെ |
| ശൃംഗയോഃ | കൊമ്പുകളിൽ |
| ഗൃഹീത്വാ | പിടിച്ച് |
| ഗജഃ | ഒരാന |
| പ്രതിഗജം | അതിന്റെ എതിരാളിയായ മറ്റൊരു ആനയെ |
| യഥാ | തള്ളിനീക്കുംപോലെ |
| അഷ്ടാദശ | പതിനെട്ട് |
| പദാനി | അടികളോളം |
| പ്രത്യപോവാഹ | പിന്നിലേക്ക് തള്ളിക്കൊണ്ടുപോയി. |

സോഽപവിദ്ധോ ഭഗവതാ പുനരുത്ഥായ സത്വരഃ
ആപതത് സ്വിന്നസൎവ്വാംഗോ നിഃശ്വസൻ ക്രോധമൂൎച്ഛിതഃ. 12

| | |
|---|---|
| ഭഗവതാ | ഭഗവാനാൽ |
| അപവിദ്ധഃ | ഉന്തിമറിക്കപ്പെട്ട |
| സഃ പുനഃ | അവൻ വീണ്ടും |
| ഉത്ഥായ | എഴുന്നേററ് |
| സ്വിന്നസൎവ്വാംഗഃ | സൎവ്വാംഗം വിയൎത്തുകൊണ്ടും, |
| നിഃശ്വസൻ | വല്ലാതെ കിതച്ചുകൊണ്ടും, |
| ക്രോധമൂൎച്ഛിതഃ | കോപാവിഷ്ടനായി |
| സത്വരഃ | വേഗത്തോടെ |
| ആപതത് | നേൎക്കണഞ്ഞു. |

തമാപതന്തം സ നിഗൃഹ്യ ശൃംഗയോഃ
പദാ സമാക്രമ്യ നിപാത്യ ഭൂതലേ
നിഷ്പീഡയാമാസ യഥാഽഽൎദ്രമംബരം
കൃത്വാ വിഷാണേന ജഘാന സോഽപതത്. 13

| | | | |
|---|---|---|---|
| സഃ | ഭഗവാൻ | ആർദ്രം | നനഞ്ഞ |
| ആപതന്തം | നേരിട്ടടുക്കുന്ന | അംബരം | തുണിയെ |
| തം | അവനെ | യഥാ | പിഴിയുംപോലെ |
| ശൃംഗയോഃ | കൊമ്പുകളിൽ | നിഷ്പീഡയാമാസ | പിഴിഞ്ഞു ; |
| നിഗൃഹ്യ | മുറുക്കിപിടിച്ച് | ഉത്പാട്യ | പറിച്ചെടുത്ത് |
| ഭൂതലേ | നിലത്ത് | വിഷാണേന | കൊമ്പുകൊണ്ട് |
| നിപാത്യ | വീഴ്ത്തി, | ജഘാന | അടിച്ചു ; |
| പദാ | കാലുകൊണ്ട് | സഃ | അവൻ |
| സമാക്രമ്യ | ചവിട്ടിമെതിച്ച്, | അപതത് | നിലം പതിച്ചു. |

അസൃഗ്വമൻ മൂത്രശകൃത് സമുത്സൃജൻ
ക്ഷിപംശ്ച പാദാനനവസ്ഥിതേക്ഷണഃ
ജഗാമ കൃച്ഛ്രം നിരൃതേരഥ ക്ഷയം
പുഷ്പൈഃ കിരന്തോ ഹരിമീഡിരേ സുരാഃ. 14

| | | | |
|---|---|---|---|
| അസൃക് വമൻ | ചോര ഛർദ്ദിച്ചുകൊണ്ടും, | അഥ | പിന്നീട് |
| മൂത്രശകൃത് | മൂത്രവും മലവും | നിരൃതേഃ | മൃത്യുദേവതയുടെ |
| സമുത്സൃജൻ | വിസർജ്ജിച്ചുകൊണ്ടും, | ക്ഷയം ച | നിവാസസ്ഥാനത്തേയും |
| പാദാൻക്ഷിപൻ | കാലുകളെ നിലത്തെറിഞ്ഞുകൊണ്ടും | (ജഗാമ) | പ്രാപിച്ചു. |
| | | സുരാഃ | ദേവന്മാർ |
| അനവസ്ഥിതേക്ഷണഃ | ചുഴലുന്ന കണ്ണുകളോടുകൂടിയവനായും അവൻ | പുഷ്പൈഃ | പുഷ്പങ്ങളാൽ |
| | | ഹരിം | ശ്രീഹരിയെ |
| കൃച്ഛ്റം | കഷ്ടാവസ്ഥയെ | കിരന്തഃ | അഭിവർഷിച്ചുകൊണ്ട് |
| ജഗാമ | പ്രാപിച്ചു. | ഈഡിരേ | സ്തോത്രം ചെയ്തു. |

ഏവം കകുദ്മിനം ഹത്വാ സ്തൂയമാനഃ സ്വജാതിഭിഃ
വിവേശ ഗോഷ്ഠം സബലോ ഗോപീനാം നയനോത്സവഃ. 15

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | നയനോത്സവഃ | കണ്ണുകൾക്ക് ഉടലെടുത്ത ഉത്സവമായിരിക്കുന്ന ഭഗവാൻ |
| കകുദ്മിനം | വൃഷഭാസുരനെ | | |
| ഹത്വാ | കൊന്നു്, | | |
| സ്വജാതിഭിഃ | സ്വജനങ്ങളാൽ | സബലഃ | ബലരാമനോടൊന്നിച്ച് |
| സ്തൂയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ട് | ഗോഷ്ഠം | ഗോകുലത്തിലേക്ക് |
| ഗോപീനാം | ഗോപിമാരുടെ | വിവേശ | പ്രവേശിച്ചു. |

അരിഷ്ടേ നിഹതേ ദൈത്യേ കൃഷ്ണേനാദ്ഭുതകർമ്മണാ
കംസായാഥാഹ ഭഗവാൻ നാരദോ ദേവദർശനഃ. 16

| | | | |
|---|---|---|---|
| അദ്ഭുതകർമ്മണാ | അദ്ഭുത കർമ്മങ്ങളാർന്ന ചേർന്ന | അരിഷ്ടേ | അരിഷ്ടനെന്ന |
| | | ദൈത്യേ | അസുരൻ |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ | നിഹതേ | വധിക്കപ്പെട്ടിരിക്കെ, |

| | |
|---|---|
| അഥ | അങ്ങനെയൊരുനാൾ |
| ഭഗവാൻ | സർവ്വജ്ഞനും |
| ദേവദർശനഃ | ദേവർഷിയും ആയ |
| നാരദഃ | ശ്രീനാരദൻ |
| കംസായ | കംസനോട് |
| ആഹ | പറഞ്ഞു. |

യശോദായാഃ സുതാം കന്യാം ദേവക്യാഃ കൃഷ്ണമേവ ച
രാമം ച രോഹിണീപുത്രം വസുദേവേന ബിഭ്യതാ
ന്യസ്തൌ സ്വമിത്രേ നന്ദേ വൈ യാഭ്യാം തേ പുരുഷാ ഹതാഃ. 17

| | |
|---|---|
| ദേവക്യാഃ | ദേവകിയ്ക്കു് ഉണ്ടായതാണെന്നു് കരുതപ്പെട്ടിരുന്ന |
| കന്യാം | കന്യക |
| യശോദായാഃ | യശോദയുടെ |
| സുതാം | മകളായിരുന്നുവെന്നും, |
| ഏവ ച | അതേവിധം യശോദയുടേതാണെന്നു് കരുതപ്പെട്ടുവരുന്ന |
| കൃഷ്ണം | കൃഷ്ണൻ |
| (ദേവക്യാഃ) | ദേവകിയുടേതാണെന്നും, |
| രാമം | ബലരാമൻ |
| രോഹണീപുത്രം ച (ആഹ) | വസുദേവന്റെ മറ്റൊരു പത്നിയായ രോഹിണിയുടെ മകനാണെന്നും നാരദൻ പറഞ്ഞു. |
| ബിഭ്യതാ | 'അങ്ങയെ പേടിക്കുന്ന |
| വസുദേവേന | വസുദേവനാൽ |
| സ്വമിത്രേ | തന്റെ വിശ്വസ്തസുഹൃത്തായ |
| നന്ദേ | നന്ദഗോപൻവശം |
| ന്യസ്തൌ | ഏല്പിക്കപ്പെട്ടതാണ്; |
| യാഭ്യാം വൈ | ആ രണ്ടു ബാലന്മാരാൽ തന്നെയാണു് |
| തേ പുരുഷാഃ | അങ്ങയുടെ ആളുകൾ |
| ഹതാഃ | കൊല്ലപ്പെട്ടതും' |

നിശമ്യ തത് ഭോജപതിഃ കോപാത് പ്രചലിതേന്ദ്രിയഃ
നിശാതമസിമാദത്ത വസുദേവജിഘാംസയാ. 18

| | |
|---|---|
| തത് നിശമ്യ | അതുകേട്ടു് |
| കോപാത് | ദേഷ്യത്താൽ |
| പ്രചലിതേന്ദ്രിയഃ | സർവ്വേന്ദ്രിയങ്ങളും ഇടിച്ചിളകിയ |
| ഭോജപതിഃ | കംസൻ |
| വസുദേവജിഘാംസയാ | വസുദേവനെകൊല്ലുവാനുള്ള ഒരുക്കത്തോടെ |
| നിശാതം | മൂർച്ചയുള്ള |
| അസിം ആദത്ത | വാൾ എടുത്തു. |

നിവാരിതോ നാരദേന തത്സുതൌ മൃത്യുമാത്മനഃ
ജ്ഞാത്വാ ലോഹമയൈഃ പാശൈർബ്ബബന്ധ സഹ ഭാര്യയാ. 19

| | |
|---|---|
| നാരദേന | അപ്പോൾ ശ്രീനാരദനാൽ |
| നിവാരിതഃ | തടുക്കപ്പെട്ട കംസൻ |
| തത്സുതൌ | ആ വസുദേവന്റെ മക്കളെ |
| ആത്മനഃ | തന്റെ |
| മൃത്യും | മൃത്യുവായിട്ടു് |
| ജ്ഞാത്വാ | അറിഞ്ഞു് |
| ലോഹമയൈഃ | ഇരുമ്പുകൊണ്ടുള്ള |
| പാശൈഃ | ചങ്ങലകളാൽ |
| ഭാര്യയാ സഹ | ഭാര്യയോടുകൂടി |
| ബബന്ധ | (വസുദേവനെ) കെട്ടിയിട്ടു. |

പ്രതിയാതേ തു ദേവർഷൗ കംസ ആഭാഷ്യ കേശിനം
പ്രേഷയാമാസ ഹന്യേതാം ഭവതാ രാമകേശവൗ. 20

| | | | |
|---|---|---|---|
| ദേവർഷൗ | ശ്രീനാരദമഹർഷി | രാമകേശവൗ | 'രാമനും കൃഷ്ണനും |
| പ്രതിയാതേ തു | തിരിച്ചുപോയശേഷം | ഭവതാ | നിന്നാൽ |
| കംസഃ | കംസൻ | ഹന്യേതാം | കൊല്ലപ്പെട്ടേക്കണം' |
| കേശിനം | കേശി എന്നവനെ | പ്രേഷയാമാസ | എന്നു കല്പിച്ചയച്ചു. |
| ആഭാഷ്യ | വിളിച്ച് | | |

തതോ മുഷ്ടികചാണൂരശലതോശലകാദികാൻ
അമാത്യാൻ ഹസ്തിപാംശ്ചൈവ സമാഹൂയാഹ ഭോജരാട്. 21

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | അമാത്യാൻ | മന്ത്രിമാരേയും, |
| ഭോജരാട് | ഭോജരാജാവായ കംസൻ | ഹസ്തിപാൻ ച ഏവ | ആനപ്പാപ്പാന്മാരേയും കൂടി |
| മുഷ്ടികചാണൂര-ശലതോശലകാ-ദികാൻ | മുഷ്ടികൻ, ചാണൂരൻ, ശലൻ, തോശലകൻ മുതലായ | സമാഹൂയ | വിളിച്ചുവരുത്തി |
| | | ആഹ | പറഞ്ഞു. |

ഭോ ഭോ നിശമ്യതാമേതദ്വീരചാണൂരമുഷ്ടികൗ
നന്ദവ്രജേ കിലാസാതേ സുതാവാനകദുന്ദുഭേഃ. 22

രാമകൃഷ്ണൗ തതോ മഹ്യം മൃത്യുഃ കില നിദർശിതഃ
ഭവദ്ഭ്യാമിഹ സംപ്രാപ്തൗ ഹന്യേതാം മല്ലലീലയാ. 23

| | | | |
|---|---|---|---|
| ഭോഃ ഭോഃ വീരചാണൂര-മുഷ്ടികൗ | "വീരന്മാരായ ഹേ ചാണൂരമുഷ്ടികന്മാരേ! | ആസാതേ കില | വസിക്കുന്നുണ്ടുപോലും; |
| ഏതത് | ഈ വാക്ക് | തതഃ കില | അവരിൽനിന്നാണത്രെ |
| നിശമ്യതാം | കേൾക്കപ്പെടണം. | മഹ്യം മൃത്യുഃ | എനിക്ക് മരണം |
| നന്ദവ്രജേ | നന്ദഗോകുലത്തിൽ | നിദർശിതഃ | സംഭവിക്കുമെന്ന് പറയപ്പെട്ടിട്ടുള്ളത്; |
| രാമകൃഷ്ണൗ | രാമനെന്നും കൃഷ്ണനെന്നും പേരായി | ഇഹ | ഇവിടെ (അവർ) |
| ആനകദുന്ദുഭേഃ | വസുദേവന്റെ | സംപ്രാപ്തൗ | വന്നുകഴിഞ്ഞാൽ |
| സുതൗ | രണ്ടു മക്കളും | മല്ലലീലയാ | മല്ലയുദ്ധചാതുര്യംകൊണ്ട് |
| | | ഭവദ്ഭ്യാം | നിങ്ങളാൽ |
| | | ഹന്യേതാം | കൊല്ലപ്പെടേണ്ടതാകുന്നു. |

മഞ്ചാഃ ക്രിയന്താം വിവിധാ മല്ലരംഗപരിശ്രിതാഃ
പൗരാ ജാനപദാഃ സർവ്വേ പശ്യന്തു സ്വൈരസംയുഗം. 24

| | | | |
|---|---|---|---|
| മല്ലരംഗ-പരിശ്രിതാഃ | "മല്ലയുദ്ധത്തിനു നിശ്ചയിച്ച സ്ഥലത്തിനു ചുററും ചേർത്തിക്കൊണ്ട് | വിവിധാഃ | പലതരത്തിലുള്ള |
| | | മഞ്ചാഃ | മഞ്ചങ്ങൾ (മേടകൾ). |
| | | ക്രിയന്താം | ഉണ്ടാക്കപ്പെട്ടുകൊള്ളണം. |

| | | | |
|---|---|---|---|
| പൌരാഃ | നഗരവാസികളും, | സൈ്വര— സംയുഗം | ഇഷ്ടംപോലെ പോരാട്ടം |
| ജാനപദാഃ | നാട്ടിൻപുറത്തുനിന്നു വന്നവരും ആയ | | |
| സർവ്വേ | എല്ലാ ജനങ്ങളും | പശ്യന്തു | കണ്ടുകൊള്ളട്ടെ. |

മഹാമാത്ര ത്വയാ ഭദ്ര രംഗദ്വാര്യുപനീയതാം
ദ്വിപഃ കുവലയാപീഡോ ജഹി തേന മമാഹിതൌ. 25

| | | | |
|---|---|---|---|
| ഭദ്ര | "നല്ലവനായ | രംഗദ്വാരി | മല്ലരംഗത്തിലേക്കുള്ള പ്രവേശനദ്വാരത്തിൽ |
| മഹാമാത്ര | ഏടോ ആനക്കാരാ! | ഉപനീയതാം | കൊണ്ടുവന്നുനിർത്തപ്പെടണം. |
| ത്വയാ | നിന്നാൽ | | |
| കുവലയാപീഡഃ | കുവലയാപീഡം എന്ന | തേന | അതിനെക്കൊണ്ടു് |
| | | മമ അഹിതൌ | എന്റെ ശത്രുക്കളെ |
| ദ്വിപഃ | കൊമ്പനാന | ജഹി | കൊല്ലിക്കുക. |

ആരഭ്യതാം ധനുര്യാഗശ്ചതുർദ്ദശ്യാം യഥാവിധി
വിശസന്തു പശൂൻ മേധ്യാൻ ഭൂതരാജായ മീഢുഷേ. 26

| | | | |
|---|---|---|---|
| ചതുർദ്ദശ്യാം | "ചതുർദ്ദശിനാളിൽ | ഭൂതരാജായ | ഭൂതനാഥന്നു് (ശിവന്നു്) |
| ധനുര്യാഗഃ | ധനുര്യാഗം * | മേധ്യാൻ | പരിശുദ്ധിയുള്ള (യാഗയോഗ്യങ്ങളായ) |
| യഥാവിധി | മുറയനുസരിച്ചു് | | |
| ആരഭ്യതാം | ആരംഭിക്കപ്പെട്ടുകൊള്ളട്ടെ. | പശൂൻ | പശുക്കളെ |
| മീഢുഷേ | അഭീഷ്ടങ്ങളെ വർഷിക്കുന്ന | വിശസന്തു | ബലികൊടുക്കട്ടെ." |

ഇത്യാജ്ഞാപ്യാർത്ഥതന്ത്രജ്ഞ ആഹൂയ യദുപുംഗവം
ഗൃഹീത്വാ പാണിനാ പാണിം തതോഽക്രൂരമുവാച ഹ. 27

| | | | |
|---|---|---|---|
| അർത്ഥതന്ത്രജ്ഞഃ | അർത്ഥശാസ്ത്രപരിജ്ഞാനം മാത്രമുള്ള അവൻ | അക്രൂരം | അക്രൂരനെ |
| | | ആഹൂയ | വിളിച്ചുവരുത്തി, |
| ഇതി | ഇപ്രകാരം | പാണിനാ പാണിം | കരത്താൽ കരം |
| ആജ്ഞാപ്യ | ആജ്ഞാപിച്ചശേഷം | ഗൃഹീത്വാ | പിടിച്ചു്, |
| യദുപുംഗവം | യാദവന്മാരിൽ ശ്രേഷ്ഠനായ | തതഃ | പിന്നീടു് |
| | | ഉവാച ഹ | ഇങ്ങനെ പറഞ്ഞു. |

ഭോ ഭോ ദാനപതേ മഹ്യം ക്രിയതാം മൈത്രമാദൃതഃ
നാന്യസ്ത്വത്തോ ഹിതതമോ വിദ്യതേ ഭോജവൃഷ്ണിഷു. 28

| | | | |
|---|---|---|---|
| ഭോഃ ഭോഃ ദാനപതേ | "അല്ലയോ വദാന്യനായ അക്രൂര! | മഹ്യം | എനിക്കായി |
| | | മൈത്രം | ഒരു മിത്രകൃത്യം |

* ശത്രുവിജയത്തെ ഉദ്ദേശിച്ചു് ചെയ്യുന്ന ശൈവതന്ത്രപ്രസിദ്ധമായ ഒരു മഹാകർമ്മമാണു് ധനുര്യാഗം. ധനസ്സിൽ (വില്ലിൽ) ശിവനെ ആവാഹിച്ചു് സാംഘോഷം സമാരാധന നടത്തുന്നു.

ക്രിയതാം — അങ്ങയാൽ നിറവേററപ്പെടേണ്ടതുണ്ട്.
ഭോജവൃഷ്ണിഷു — ഭോജന്മാരുടേയും, വൃഷ്ണികളുടേയും ഇടയിൽ
ആദൃതഃ — ആദരവുള്ളവനും,
ഹിതതമഃ — ഏററവും നന്മ ചെയ്യുന്നവനുമായിട്ട്
ത്വത്തഃ — താങ്കളെയൊഴിച്ച്
അന്യഃ — മറെറാരാളും
ന വിദ്യതേ — എനിക്കില്ല.

അതസ്ത്വാമാശ്രിതഃ സൌമ്യ കാര്യ്യഗൌരവസാധനം
യഥേന്ദ്രോ വിഷ്ണുമാശ്രിത്യ സ്വാർത്ഥമധ്യഗമദ്വിഭുഃ. 29

അതഃ — "ആകയാൽ
സൌമ്യ — ഹേ സാധുശീല !
കാര്യ്യഗൌരവ സാധനം — ഗൌരവമുള്ള കാര്യ്യത്തെ സാധിപ്പിക്കുന്ന
ത്വാം — അങ്ങയെ
ആശ്രിതഃ — ഞാൻ ആശ്രയിച്ചിരിക്കുന്നു.
യഥാ — ഏതുപോലെയെന്നാൽ
വിഭുഃ — കഴിവുള്ളവനെങ്കിലുംകൂടി
ഇന്ദ്രഃ — ദേവരാജാവ്
വിഷ്ണും — ഉപേന്ദ്രനായ വിഷ്ണുവിനെ
ആശ്രിത്യ — ആശ്രയിച്ച്
സ്വാർത്ഥം — തൻകാര്യ്യത്തെ
അധ്യഗമത് — സാധിക്കയുണ്ടായല്ലോ, അതുപോലെതന്നെ.

ഗച്ഛ നന്ദവ്രജം തത്ര സുതാവാനകദുന്ദുഭേഃ
ആസാതേ താവിഹാനേന രഥേനാനയ മാ ചിരം. 30

നന്ദവ്രജം — "നന്ദന്റെ ഗോകുലത്തിലേക്ക്
ഗച്ഛ — താങ്കളൊന്നു പോകണം.
തത്ര — അവിടെ
ആനകദുന്ദുഭേഃ — വസുദേവന്റെ
സുതൌ — രണ്ടു പുത്രന്മാർ
ആസാതേ — ഇരിപ്പുണ്ട്.
തൌ — അവരെ
അനേന രഥേന — ഈ തേരിൽ കയററി
ഇഹ — ഇങ്ങോട്ട്
ആനയ — കൂട്ടിക്കൊണ്ടുവരിക.
മാ ചിരം — ഒട്ടും അമാന്തിക്കരുത്.

നിസൃഷ്ടഃ കില മേ മൃത്യുർദ്ദേവൈർവൈകുണ്ഠസംശ്രയൈഃ
താവാനയ സമം ഗോപൈർന്നന്ദാദ്യൈഃ സാഭ്യുപായനൈഃ. 31

വൈകുണ്ഠസംശ്രയൈഃ — "വിഷ്ണുവിന്റെ ആശ്രിതന്മാരായ
ദേവൈഃ — ദേവന്മാരാൽ
മേ മൃത്യുഃ — എന്റെ മരണം (അവരെ കൊണ്ടാണെന്ന്)
നിസൃഷ്ടഃ കില — കല്പിക്കപ്പെട്ടിരിക്കയാണല്ലോ.
സാഭ്യുപായനൈഃ — എനിക്കുള്ള കാഴ്ചദ്രവ്യങ്ങളോടുംകൂടിയ
നന്ദാദ്യൈഃ — നന്ദാദികളായ
ഗോപൈഃ സമം — ഗോപന്മാരോടുകൂടെ
തൌ — അവർ രണ്ടുപേരേയും
ആനയ — കൂട്ടിക്കൊണ്ടുവരണം.

ഘാതയിഷ്യ ഇഹാനീതൌ കാലകല്പേന ഹസ്തിനാ
യദി മുക്തൌ തതോ മല്ലൈർഘാതയേ വൈദ്യുതോപമൈഃ. 32

| | | | |
|---|---|---|---|
| ഇഹ | " ഇവിടേക്ക് | മുക്തൌ യദി | ഇതിൽനിന്ന് രക്ഷപ്പെട്ടെങ്കിൽ |
| ആനീതൌ | കൊണ്ടുവരപ്പെട്ട അവരെ | തതഃ | പിന്നീട് |
| കാലകല്പേന | കാലനെപ്പോലെയുള്ള | വൈദ്യുതോപമൈഃ | ഇടിമിന്നലുപോലുള്ള |
| ഹസ്തിനാ | ആനയെക്കൊണ്ട് | മല്ലൈഃ | മല്ലവീരന്മാരെക്കൊണ്ട് |
| ഘാതയിഷ്യേ | കൊല്ലിപ്പിച്ചേക്കാം. | ഘാതയേ | കൊല്ലിക്കുന്നുണ്ട്. |

തയോർന്നിഹതയോസ്തപ്താൻ വസുദേവപുരോഗമാൻ
തദ്ബന്ധൂൻ നിഹനിഷ്യാമി വൃഷ്ണിഭോജദശാർഹകാൻ. 33

| | | | |
|---|---|---|---|
| തയോഃ | " അവർ ഇരുവരും | തദ്ബന്ധൂൻ | അവരുടെ ബന്ധുക്കളുമായ |
| നിഹതയോഃ | കൊല്ലപ്പെട്ടുകഴിഞ്ഞാൽ | വൃഷ്ണിഭോജദശാർഹകാൻ | വൃഷ്ണികൾ, ഭോജന്മാർ, ദാശാർഹന്മാർ എന്നീ വകക്കാരെ |
| വസുദേവപുരോഗമാൻ | വസുദേവാദികളും | നിഹനിഷ്യാമി | മുഴുവനും ഒടുക്കിയേക്കാം. |
| തപ്താൻ | സന്തപ്തന്മാരും | | |

ഉഗ്രസേനം ച പിതരം സ്ഥവിരം രാജ്യകാമുകം
തദ്ഭ്രാതരം ദേവകം ച യേ ചാന്യേ വിദ്വിഷോ മമ. 34

| | | | |
|---|---|---|---|
| രാജ്യകാമുകം | " രാജാധികാരം കൊതിക്കുന്ന | തദ്ഭ്രാതരം ച | അയാളുടെ അനുജനേയും |
| പിതരം | എന്റെ അച്ഛനായ | മമ | എന്റെ |
| ഉഗ്രസേനം | ഉഗ്രസേനനെന്ന | വിദ്വിഷഃ | വിരോധികളായി |
| സ്ഥവിരം ച | വയസ്സനേയും, | അന്യേ യേ ച | മററാരെല്ലാമുണ്ടോ |
| ദേവകം | ദേവകനെന്ന | (നിഹനിഷ്യാമി) | അവരെ ഒക്കേയും ഒടുക്കിയേക്കാം. |

തതശ്ചൈഷാ മഹീ മിത്ര ഭവിത്രീ നഷ്ടകണ്ടകാ
ജരാസന്ധോ മമ ഗുരുർദ്വിവിദോ ദയിതഃ സഖാ. 35

ശംബരോ നരകോ ബാണോ മയ്യേവ കൃതസൌഹൃദാഃ
തൈരഹം സുരപക്ഷീയാൻ ഹത്വാ ഭോക്ഷ്യേ മഹീം നൃപാൻ. 36

| | | | |
|---|---|---|---|
| മിത്ര | " സ്നേഹിതാ ! | ദയിതഃ | ഇഷ്ടപ്പെട്ട |
| തതഃ | എന്നാൽപ്പിന്നെ | സഖാ | ചങ്ങാതിയാണ്; |
| ഏഷാ മഹീ | ഈ ഭൂമി | ശംബരഃ | ശംബരൻ, |
| നഷ്ടകണ്ടകാ | ശത്രുബാധയൊഴിഞ്ഞതായി | നരകഃ ബാണഃ | നരകൻ, ബാണൻ ഇവരെല്ലാം |
| ഭവിത്രീ ച | ഭവിച്ചുകൊള്ളും. | മയി ഏവ | എന്നിൽത്തന്നെ |
| ജരാസന്ധഃ | ജരാസന്ധൻ | കൃതസൌഹൃദാഃ | സൌഹാർദ്ദം വെച്ചുകൊണ്ടിരിക്കുന്നു. |
| മമ ഗുരുഃ | എന്റെ ഉപദേഷ്ടാവാണ്; | | |
| ദ്വിവിദഃ | ദ്വിവിദൻ | അഹം തൈഃ | ഞാൻ അവരോടുകൂടി |

സുരപക്ഷീയാൻ ദേവപക്ഷക്കാരായ
നൃപാൻ രാജാക്കന്മാരെ
ഹത്വാ കൊന്നൊടുക്കിയശേഷം
മഹീം ഭോക്ഷ്യേ നാടുവാഴും.

ഏതത് ജ്ഞാത്വാഽനഘ ക്ഷിപ്രം രാമകൃഷ്ണാവിഹാർഭകൌ
ധനുർമ്മഖനിരീക്ഷാർത്ഥം ദ്രഷ്ടും യദുപുരശ്രിയം. 37

ഏതത് ജ്ഞാത്വാ "ഈ രഹസ്യം അറിഞ്ഞു്
ധനുർമ്മഖ- } ധനുർയ്യാഗം കാണുവാ
നിരീക്ഷാർത്ഥം } നാണെന്നും
യദുപുരശ്രിയം യാദവരാജധാനിയുടെ ഐശ്വര്യശോഭയെ
ദ്രഷ്ടും കാണുവാനാണെന്നും പറഞ്ഞു്
അർഭകൌ ബാലകന്മാരായ
രാമകൃഷ്ണൌ രാമകൃഷ്ണന്മാരെ
ഇഹ ആനയ ഇങ്ങു് കൊണ്ടുവരൂ."

അക്രൂര ഉവാച=അക്രൂരൻ പറഞ്ഞു :—

രാജൻ മനീഷിതം സധ്ര്യക് തവ സ്വാവദ്യമാർജ്ജനം
സിദ്ധ്യസിദ്ധ്യോഃ സമം കുര്യാത് ദൈവം ഹി ഫലസാധനം. 38

രാജൻ രാജാവേ!
സ്വാവദ്യ- } സ്വന്തം മൃത്യുവിനെ
മാർജ്ജനം } നിർമ്മാർജ്ജനം ചെയ്യുവാനുതകുന്ന
തവ അങ്ങയുടെ
മനീഷിതം ബുദ്ധിപൂർവ്വമായ അഭിപ്രായം
സധ്ര്യക് വളരെ നന്നായിരിക്കുന്നു.
സിദ്ധ്യസിദ്ധ്യോഃ ഫലം സിദ്ധിച്ചാലും സിദ്ധിച്ചില്ലെങ്കിലും
സമം മനസ്സിനെ തുല്യനിലയിൽ
കുര്യാത് വെച്ചുകൊള്ളേണ്ടതാണ്.
ഫലസാധനം ഫലത്തെ സാധിപ്പിക്കുന്നത്
ദൈവം ഹി ദൈവമാണല്ലോ.

മനോരഥാൻ കരോത്യുച്ചൈർജ്ജനോ ദൈവഹതാനപി
യുജ്യതേ ഹർഷശോകാഭ്യാം തഥാപ്യാജ്ഞാം കരോമി തേ. 39

ജനഃ ആളുകൾ
ദൈവഹതാൻ ദൈവത്താൽ മുടക്കം ചെയ്യപ്പെട്ട
മനോരഥാൻ } അഭിലാഷങ്ങളെ
അപി } ഉദ്ദേശിച്ചുകൂടി
ഉച്ചൈഃ അതിശക്തിയായി
കരോതി പ്രവർത്തിക്കാറുണ്ട്.
ഹർഷശോകാഭ്യാം സന്തോഷസന്താപങ്ങളാൽ
യുജ്യതേ സംയോജിക്കപ്പെടാറുമുണ്ട്.
തഥാ അപി അങ്ങനെയെല്ലാമാണെങ്കിലും
തേ ആജ്ഞാം ഭവാന്റെ കല്പനയെ
കരോമി ഞാൻ നിർവ്വഹിച്ചുകൊള്ളാം.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവമാദിശ്യ ചാക്രൂരം മന്ത്രിണശ്ച വിസൃജ്യ സഃ
X 1-26 പ്രവിവേശ ഗൃഹം കംസസ്തഥാക്രൂരഃ സ്വമാലയം. 40

| | |
|---|---|
| ഏവം | ഇപ്രകാരം |
| അക്രൂരം ച | അക്രൂരനെയുംകൂടി |
| ആദിശ്യ | ആജ്ഞാപിച്ച് |
| മന്ത്രിണഃ | മന്ത്രിമാരെ |
| വിസൃജ്യ ച | പറഞ്ഞയക്കുകയും ചെയ്തശേഷം |
| സഃ കംസഃ | ആ കംസൻ |
| ഗൃഹം | തന്റെ കൊട്ടാരത്തിലേക്ക് |
| പ്രവിവേശ | പ്രവേശിച്ചു. |
| തഥാ | അതുപോലെ |
| അക്രൂരഃ | അക്രൂരനും |
| സ്വം ആലയം | സ്വന്തം പാർപ്പിടത്തിലേക്കുപോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരസംപ്രേഷണം നാമ ഷട്ത്രിംശോऽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1433.

## സപ്തത്രിംശോऽദ്ധ്യായഃ—മുപ്പത്തേഴാമദ്ധ്യായം.

[സപ്തത്രിംശേ ഹതേ കേശിന്യച്യുതോ ഭാവികർമ്മഭിഃ
നാരദേനസ്തുതഃ ക്രീഡൻ വ്യോമാസുരമഥാവധീത്.]

(കേശിവധം, നാരദസ്തുതി, വ്യോമാസുരവധം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

കേശീ തു കംസപ്രഹിതഃ ഖുരൈർമ്മഹീം
മഹാഹയോ നിർജ്ജരയൻ മനോജവഃ
സടാവധൂതാഭ്രവിമാനസങ്കുലം
കുർവ്വൻ നഭോ ഹേഷിതഭീഷിതാഖിലഃ. 1

വിശാലനേത്രോ വികടാസ്യകോടരോ ബൃഹദ്ഗളോ നീലമഹാംബുദോപമഃ
ദുരാശയഃ കംസഹിതം ചികീർഷുർവ്രജം സ നന്ദസ്യ ജഗാമ കമ്പയൻ.

| | |
|---|---|
| കംസപ്രഹിതഃ | കംസനാൽ നിയോഗിക്കപ്പെട്ട |
| കേശീ തു | കേശിയാകട്ടെ |
| മഹാഹയഃ | വലിയ കുതിരയുടെ രൂപമെടുത്ത് |
| മനോജവഃ | മനോവേഗത്തോടു കൂടിയവനായും, |
| | ആകാശത്തെ |
| സടാവധൂതാ- ഭ്രവിമാന- സങ്കുലം | തന്റെ കഴുത്തിരോമങ്ങളാൽ ചിതറിക്കപ്പെട്ട മേഘങ്ങളാലും വിമാനങ്ങളാലും ഇടതിങ്ങിയതാക്കി |
| കുർവ്വൻ | തീർത്തുകൊണ്ട് |
| ഹേഷിത- ഭീഷിതാഖിലഃ | ഹേഷാഘോഷത്താൽ ലോകത്തെ മുഴുവൻ ഭീഷണിപ്പെടുത്തുന്നവനായും, |

| | |
|---|---|
| വിശാലനേത്രഃ | വട്ടക്കണ്ണുകളോടും, |
| വികടാസ്യകോടരഃ | വികടമായുള്ള മുഖഗഹ്വരത്തോടും, |
| ബൃഹദ്ഗളഃ | നീണ്ടുതടിച്ച കഴുത്തോടും കൂടിയവനായും, |
| നീലമഹാഘനോപമഃ | നീലനിറത്തിലുള്ള മഹാമേഘംപോലെ ശോഭിച്ച് |
| കംസഹിതം | കംസന്റെ ഇഷ്ടകാൎയ്യത്തെ |
| ചികീൎഷുഃ | നിറവേററുവാനിച്ഛിക്കുന്ന |
| ദുരാശയഃ സഃ | ദുൎബ്ബുദ്ധിയായ അവൻ |
| മഹീം | ഭൂമിയെ |
| കമ്പയൻ | വിറപ്പിച്ചുകൊണ്ടും, |
| ഖുരൈഃ | കുളമ്പടികളാൽ |
| നിൎജ്ജരയൻ | നിശ്ശേഷം പൊടിപെടുത്തിക്കൊണ്ടും |
| നന്ദസ്യ | നന്ദഗോപന്റെ |
| വ്രജം | ഗോകുലത്തിലേക്ക് |
| ജഗാമ | പോയി. |

തം ത്രാസയന്തം ഭഗവാൻ സ്വഗോകുലം
തദ്ധേഷിതൈൎവ്വാലവിഘൂൎണ്ണിതാംബുദം
ആത്മാനമാജൌ മൃഗയന്തമഗ്രണീ-
രുപാഹ്വയത് സ വ്യനദന്മൃഗേന്ദ്രവത്. 3

| | |
|---|---|
| തദ്ധേഷിതൈഃ | ആ ഹേഷാരവങ്ങളെക്കൊണ്ട് |
| സ്വഗോകുലം | തന്റെ ഗോകുലവാസിജനത്തെ |
| ത്രാസയന്തം | പേടിപ്പിച്ചുകൊണ്ടുള്ളവനും, |
| വാലവിഘൂൎണ്ണിതാംബുദം | പൃച്ഛരോമങ്ങളാൽ ചുഴലിക്കപ്പെട്ട മഴക്കാറോടു കൂടിയവനും, |
| ആജൌ | പോരിടുന്നതിന്ന് |
| ആത്മാനം | തന്നെ |
| മൃഗയന്തം | തിരഞ്ഞുകൊണ്ടിരിക്കുന്നവനുമായ |
| തം | ആ കേശിയെ |
| അഗ്രണീഃ | മുമ്പിൽചെന്നുനിന്ന് |
| ഭഗവാൻ | ശ്രീകൃഷ്ണൻ |
| ഉപാഹ്വയത് | അടുക്കലേക്കു വിളിച്ചു. |
| സഃ | അവൻ, അതുകേട്ട് |
| മൃഗേന്ദ്രവത് | സിംഹംപോലെ |
| വ്യനദത് | ഗൎജ്ജിച്ചു. |

സ തം നിശാമ്യാഭിമുഖോ മുഖേന ഖം പിബന്നിവാഭ്യദ്രവദത്യമൎഷണഃ
ജഘാന പദ്ഭ്യാമരവിന്ദലോചനം ദുരാസദശ്ചണ്ഡജവോ ദുരത്യയഃ. 4

| | |
|---|---|
| ദുരാസദഃ | അടുത്തുകൂടാത്തവനും, |
| ചണ്ഡജവഃ | അത്യുഗ്രവേഗമുള്ളവനും, |
| ദുരത്യയഃ | അതിക്രമിപ്പാൻ സാധിക്കാത്തവനും ആയ |
| സഃ | അവൻ |
| തം | ആ ശ്രീകൃഷ്ണനെ |
| നിശാമ്യ | കണ്ട് |
| അത്യമൎഷണഃ | പൊറുത്തുകൂടാതെ |
| അഭിമുഖഃ | എതിരിട്ട്, |
| മുഖേന | വായകൊണ്ട് |
| ഖം | ആകാശത്തെ |
| പിബൻ ഇവ | കുടിക്കുന്നുവോ എന്നു തോന്നുംപ്രകാരം കാട്ടിക്കൂട്ടി |
| അഭ്യദ്രവത് | നേരിട്ടോടിയെത്തി; |
| പദ്ഭ്യാം | പിൻകാലുകളെക്കൊണ്ടു |
| അരവിന്ദലോചനം | താമരക്കണ്ണനെ |
| ജഘാന | പ്രഹരിച്ചു. |

തദ്വഞ്ചയിത്വാ തമധോക്ഷജോ രുഷാ
പ്രഗൃഹ്യ ദോർഭ്യാം പരിവിധ്യ പാദയോഃ
സാവജ്ഞമുത്സൃജ്യ ധനുഃശതാന്തരേ
യഥോരഗം താർക്ഷ്യസുതോ വ്യവസ്ഥിതഃ. 5

| | | | |
|---|---|---|---|
| അധോക്ഷജഃ | ഭഗവാൻ | പ്രഗൃഹ്യ | പിടിച്ച് |
| തത് | ആ പ്രഹരത്തെ | താർക്ഷ്യസുതഃ | ഗരുഡൻ |
| വഞ്ചയിത്വാ | മെയ്യിലേല്ക്കാത്തവിധം മാറിയിട്ട്, | ഉരഗം യഥാ | സർപ്പത്തെയെന്നപോലെ |
| | | പരിവിധ്യ | ചുഴററിയിട്ട് |
| രുഷാ | കോപത്തോടെ | ധനുഃ ശതാന്തരേ | നൂറുവിൽപ്പാട ദൂരത്തേക്ക് |
| തം | അവനെ | സാവജ്ഞം | തിരസ്കാരത്തോടെ |
| പാദയോഃ | കാലുകളിൽ | ഉത്സൃജ്യ | ആഞ്ഞെറിഞ്ഞ് |
| ദോർഭ്യാം | തന്റെ ഇരുകരങ്ങളാലും | വ്യവസ്ഥിതഃ | സ്വസ്ഥമായി നിന്നു. |

സ ലബ്ധസംജ്ഞഃ പുനരുത്ഥിതോ രുഷാ
വ്യാദായ കേശീ തരസാഽഽപതദ്ധരിം
സോഽപ്യസ്യ വക്ത്രേ ഭുജമുത്തരം സ്മയൻ
പ്രവേശയാമാസ യഥോരഗം ബിലേ. 6

| | | | |
|---|---|---|---|
| പുനഃ | മൂർച്ഛിതനായശേഷം വീണ്ടും | ആപതത് | കുതിച്ചുവന്നു. |
| | | സഃ അപി | ഭഗവാനാകട്ടെ |
| ലബ്ധസംജ്ഞഃ | സ്വബോധം ലഭിച്ച് | സ്മയൻ | പുഞ്ചിരിതൂകിക്കൊണ്ട് |
| ഉത്ഥിതഃ | എഴുന്നേററ് | അസ്യ വക്ത്രേ | അവന്റെ വായിൽ |
| സഃ കേശീ | ആ കേശി | ബിലേ | പോട്ടിനുള്ളിൽ |
| രുഷാ | കോപത്തോടെ | ഉരഗം | പാമ്പിനെ |
| വ്യാദായ | വായ പൊളിച്ചുകൊണ്ട് | യഥാ | കടത്തിവിടുംപോലെ |
| തരസാ | അതിവേഗം | ഉത്തരം ഭുജം | തന്റെ ഇടം കരത്തെ |
| ഹരിം | ഭഗവാന്റെ നേർക്ക് | പ്രവേശയാമാസ | കടത്തിവെച്ചു. |

ദന്താ നിപേതുർഭഗവദ്ഭുജസ്പൃശ-
സ്തേ കേശിനസ്തപ്തമയഃ സ്പൃശോ യഥാ
ബാഹുശ്ച തദ്ദേഹഗതോ മഹാത്മനോ
യഥാഽഽമയഃ സംവവൃധേ ഉപേക്ഷിതഃ. 7

| | | | |
|---|---|---|---|
| ഭഗവത്- ഭുജസ്പൃശഃ | കടിപ്പാനായി ഭഗവാന്റെ തൃക്കരത്തെ സ്പർശിച്ച | തപ്തം | ചുട്ടുപഴുത്തിരിക്കുന്ന |
| | | അയഃ | ഇരുമ്പിനെ |
| തേ കേശിനഃ | ആ കേശിയുടെ | സ്പൃശഃ യഥാ | തൊട്ടവയെന്നപോലെ |
| ദന്താഃ | പല്ലുകൾ | നിപേതുഃ | കൊഴിഞ്ഞുവീണു. |

| | |
|---|---|
| തദ്ദേഹഗതഃ | അവന്റെ ദേഹത്തിനുള്ളിലേക്കു കടന്നതായ |
| മഹാത്മനഃ | ഭഗവാന്റെ |
| ബാഹുഃ ച | തൃക്കരവും |
| ഉപേക്ഷിതഃ | ചികിത്സിക്കപ്പെടാത്ത |
| ആമയഃ | മഹോദരവ്യാധി |
| യഥാ ഹി | ഏതുവിധമോ അവ്വിധം |
| സംവവൃധേ | വളർന്നുതുടങ്ങി. |

സമേധമാനേന സ കൃഷ്ണബാഹുനാ
നിരുദ്ധവായുശ്ചരണാംശ്ച വിക്ഷിപൻ
പ്രസ്വിന്നഗാത്രഃ പരിവൃത്തലോചനഃ
പപാത ലേണ്ഡം വിസൃജൻ ക്ഷിതൌ വ്യസുഃ 8

| | |
|---|---|
| സമേധമാനേന | വളർന്നുവളർന്നുവരുന്ന |
| കൃഷ്ണബാഹുനാ | ശ്രീകൃഷ്ണന്റെ കരത്താൽ |
| നിരുദ്ധവായുഃ | തടയപ്പെട്ട പ്രാണവായുവോടുകൂടിയ |
| സഃ | അവൻ |
| ചരണാൻ | കാലുകളെ |
| വിക്ഷിപൻ | അങ്ങുമിങ്ങും പിടച്ചുകൊണ്ടും, |
| പ്രസ്വിന്നഗാത്രഃ | വിയർപ്പുപൊടിഞ്ഞ ദേഹത്തോടുകൂടിയവനായും, |
| പരിവൃത്ത- ലോചനഃ | ഉരുട്ടിമിഴിച്ച കണ്ണുകളോടുകൂടിയവനായും, |
| ലേണ്ഡം വിസൃജൻ ച | മലം വിസർജ്ജിച്ചുകൊണ്ടും, |
| വ്യസുഃ | ഗതപ്രാണനായിട്ട് |
| ക്ഷിതൌ | ഭൂമിയിൽ |
| പപാത | വീണുപോയി. |

തദ്ദേഹതഃ കർക്കടികാഫലോപമാ-
ദ്വ്യസോരപാകൃഷ്യ ഭുജം മഹാഭുജഃ
അവിസ്മിതോऽയത്നഹതാരിരുത്സ്മയൈഃ
പ്രസൂനവർഷൈർദ്ദിവിഷദ്ഭിരീഡിതഃ. 9

| | |
|---|---|
| വ്യസോഃ | ഗതപ്രാണനായി |
| കർക്കടികാ- ഫലോപമാത് | പഴുത്ത കക്കരിക്കപോലെ കിടക്കുന്ന |
| തദ്ദേഹതഃ | അവന്റെ ദേഹത്തിൽനിന്നു് |
| മഹാഭുജഃ | മഹാബാഹുവായ ശ്രീകൃഷ്ണൻ |
| ഭുജം | തന്റെ ഭുജത്തെ |
| അപാകൃഷ്യ | വലിച്ചെടുത്തു് |
| അയത്ന- ഹതാരിഃ | പ്രയാസംകൂടാതെ ശത്രുവിനെ സംഹരിച്ചവനാണെങ്കിലും, |
| അവിസ്മിതഃ | ഗർവ്വം കലരാതെ നിന്നുകൊണ്ടു് |
| ഉത്സ്മയൈഃ | അതിവിസ്മിതരായി |
| പ്രസൂനവർഷൈഃ | പുഷ്പവർഷംചെയ്തുകൊണ്ടു നില്ക്കുന്ന |
| ദിവിഷദ്ഭിഃ | ദേവന്മാരാൽ |
| ഈഡിതഃ | വാഴ്ത്തിസ്തുതിക്കപ്പെട്ടവനായി ഭവിച്ചു. |

ദേവർഷിരുപസംഗമ്യ ഭാഗവതപ്രവരോ നൃപ
കൃഷ്ണമക്ലിഷ്ടകർമ്മാണം രഹസ്യേതദഭാഷത. 10

| | | | |
|---|---|---|---|
| നൃപ | രാജാവേ! | കൃഷ്ണം | ശ്രീകൃഷ്ണനെ |
| ഭാഗവത-പ്രവരഃ | ഭഗവൽഭക്തന്മാരിൽവെച്ച് അഗ്രഗണ്യനും, | രഹസി | ആരും ഇല്ലാത്ത ദിക്കിൽവെച്ച് |
| ദേവർഷിഃ | ദേവർഷിയുമായ ശ്രീനാരദൻ | ഉപസംഗമ്യ | വന്നുകണ്ട് |
| അക്ലിഷ്ട-കർമ്മാണം | ക്ലേശരഹിതമായി ഏതു പ്രവൃത്തിയും ചെയ്യുന്ന | ഏതത് | ഈവിധം |
| | | അഭാഷത | പറഞ്ഞു. |

കൃഷ്ണ കൃഷ്ണാപ്രമേയാത്മൻ യോഗേശ ജഗദീശ്വര
വാസുദേവാഖിലാവാസ സാത്വതാം പ്രവര പ്രഭോ. 11

ത്വമാത്മാ സർവ്വഭൂതാനാമേകോ ജ്യോതിരിവൈധസാം
ഗൂഢോ ഗുഹാശയഃ സാക്ഷീ മഹാപുരുഷ ഈശ്വരഃ. 12

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | "ഹേ കൃഷ്ണ! ഹേ കൃഷ്ണ! | ഏകഃ | അനുസ്യൂതമായ |
| അപ്രമേയാത്മൻ | അപരിച്ഛിന്നരൂപ! | ആത്മാ | ആത്മചൈതന്യമായിരിക്കുന്നതു് |
| യോഗേശ | യോഗേശ്വര! | | |
| ജഗദീശ്വര! | സർവ്വലോകേശ്വര! | ത്വം | നിന്തിരുവടിയാകുന്നു. |
| അഖിലാവാസ | സർവ്വലോകാവാസ! | ഗൂഢഃ | തന്നെമറച്ചുകൊണ്ടു് |
| പ്രഭോ | സർവ്വശക്ത! | ഗുഹാശയഃ | പഞ്ചകോശാന്തരസ്ഥിതനായി |
| സാത്വതാംപ്രവര | യാദവകുലോത്തമ! | | |
| വാസുദേവ | വസുദേവാത്മജ! | സാക്ഷീ | സർവ്വസാക്ഷിയായി വർത്തിക്കുന്നവനും, |
| ഏധസാം | ഇന്ധനങ്ങളുടെ അകത്ത് | | |
| ജ്യോതിഃ ഇവ | അഗ്നിയെന്നപോലെ | മഹാപുരുഷഃ | പുരുഷോത്തമനായി |
| സർവ്വഭൂതാനാം | സർവ്വപ്രാണികളുടേയും അന്തർഭാഗത്തിൽ | ഈശ്വരഃ | സർവ്വവും നിയന്ത്രിക്കുന്നവനും നിന്തിരുവടിതന്നെ. |

ആത്മനാഽഽത്മാശ്രയഃ പൂർവ്വം മായയാ സസൃജേ ഗുണാൻ
തൈരിദം സത്യസങ്കല്പഃ സൃജസ്യത്സ്യവസീശ്വരഃ. 13

| | | | |
|---|---|---|---|
| ആത്മാശ്രയഃ | "തന്നെമാത്രം ആശ്രയിക്കുന്നവനും (സ്വതന്ത്രനും) | മായയാ | മായകൊണ്ടു് |
| | | ഗുണാൻ | സത്വാദിഗുണങ്ങളെ |
| സത്യസങ്കല്പഃ | വ്യർത്ഥമാകാത്ത സങ്കല്പത്തോടുകൂടിയവനും, | സസൃജേ | സൃഷ്ടിച്ചു. |
| | | തൈഃ | ആ ഗുണങ്ങളാൽ |
| ഈശ്വരഃ | സർവ്വനിയന്താവുമായ നിന്തിരുവടി | ഇദം | ഈ വിശ്വത്തെ |
| | | സൃജസി | ചമയ്ക്കുന്നു; |
| പൂർവ്വം | ആദിയിൽ | അവസി | പാലിക്കുന്നു; |
| ആത്മനാ | തന്നിൽനിന്നു് വ്യതിരിക്തമല്ലാത്ത | അത്സി | സംഹരിക്കുകയും ചെയ്യുന്നു. |

സ ത്വം ഭൂധരഭൃതാനാം ദൈത്യപ്രമഥരക്ഷസാം
അവതീർണ്ണോ വിനാശായ സേതൂനാം രക്ഷണായ ച. 14

| | |
|---|---|
| സ ത്വം | "അങ്ങിനെയെല്ലാമിരിക്കുന്ന നിന്തിരുവടി |
| ഭൂധരഭൃതാനാം | രാജാക്കന്മാരായിഭവിച്ച |
| ദൈത്യപ്രമഥരക്ഷസാം | അസുരന്മാർ, പ്രമഥന്മാർ, രാക്ഷസന്മാർ എന്നിവരുടെ |
| വിനാശായ | സംഹാരത്തിന്നായും, |
| സേതൂനാം | ധർമ്മസേതുക്കളുടെ |
| രക്ഷണായ ച | രക്ഷയ്ക്കുവേണ്ടിയും |
| അവതീർണ്ണഃ | അവതരിച്ചിരിക്കുന്നു. |

ദിഷ്ട്യാ തേ നിഹതോ ദൈത്യോ ലീലയായം ഹയാകൃതിഃ
യസ്യ ഹേഷിതസന്ത്രസ്താസ്ത്യജന്ത്യനിമിഷാ ദിവം. 15

| | |
|---|---|
| യസ്യ | "യാതൊരുവന്റെ |
| ഹേഷിതം സന്ത്രസ്താഃ | ശബ്ദംകൊണ്ടുതന്നെ പേടിച്ചുവിറച്ച് |
| അനിമിഷാഃ | ദേവന്മാർ |
| ദിവം | സ്വർഗ്ഗലോകത്തെ |
| ത്യജന്തി | വിട്ടുപോയിരുന്നുവോ, |
| അയം | ആവിധമുള്ള ഈ |
| ഹയാകൃതിഃ | അശ്വരൂപം ധരിച്ച |
| ദൈത്യഃ | അസുരൻ |
| തേ | നിന്തിരുവടിയാൽ |
| ലീലയാ | നിഷ്പ്രയാസം |
| നിഹതഃ | വധിക്കപ്പെട്ടതു് |
| ദിഷ്ട്യാ | സന്തോഷകരംതന്നെ. |

ചാണൂരം മുഷ്ടികം ചൈവ മല്ലാനന്യാംശ്ച ഹസ്തിനം
കംസം ച നിഹതം ദ്രക്ഷ്യേ പരശ്വോഽഹനി തേ വിഭോ. 16

| | |
|---|---|
| വിഭോ | "ഹേ വിഭോ! |
| പരശ്വഃ അഹനി | മററന്നാൾ |
| ചാണൂരം | ചാണൂരനേയും, |
| മുഷ്ടികം | മുഷ്ടികനേയും |
| ഏവ ച | അതേവിധം |
| അന്യാൻ | വേറിട്ടുള്ള |
| മല്ലാൻ ച | മല്ലന്മാരേയും, |
| ഹസ്തിനം | കുവലയാപീഡത്തേയും |
| കംസം ച | കംസനേയും |
| തേ | നിന്തിരുവടിയാൽ |
| നിഹതം | കൊല്ലപ്പെട്ടതു് |
| ദ്രക്ഷ്യേ | ഞാൻ കാണ്മാൻപോകുന്നു. |

തസ്യാനു ശംഖയവനമുരാണാം നരകസ്യ ച
പാരിജാതാപഹരണമിന്ദ്രസ്യ ച പരാജയം. 17

| | |
|---|---|
| തസ്യ അനു | "അതിന്നുശേഷം |
| ശംഖയവനമുരാണാം | ശംഖൻ, യവനൻ, മുരൻ എന്നിവരുടേയും, |
| നരകസ്യ ച | നരകാസുരന്റേയും വധവും |
| പാരിജാതാപഹരണം | പാരിജാതത്തെ കൊണ്ടുവരുന്നതും |
| ഇന്ദ്രസ്യ | ദേവേന്ദ്രന്റെ |
| പരാജയം ച | തോൽവിയും |
| (ദ്രക്ഷ്യേ) | ഞാൻ കാണുന്നതാണ്". |

ഉദ്വാഹം വീരകന്യാനാം വീര്യശുല്കാദിലക്ഷണം
നൃഗസ്യ മോക്ഷണം ശാപാദ് ദ്വാരകായാം ജഗത്പതേ. 18

| | |
|---|---|
| ജഗത്പതേ | "ഹേ ലോകനാഥ! |
| വീര്യശുല്കാദി- ലക്ഷണം | വീരതാപ്രദർശനംതന്നെ പ്രതിഫലമായി കൊടു ക്കുന്നമട്ടിലും മററുമുള്ള |
| വീരകന്യാനാം | അനേകം വീരാംഗനമാരുടെ |
| ഉദ്വാഹം | പാണിഗ്രഹണവും, |
| ദ്വാരകായാം | ദ്വാരകയിൽവെച്ച് |
| ശാപാത് | ശാപത്തിൽനിന്ന് |
| നൃഗസ്യ | നൃഗരാജാവിൻെറ |
| മോക്ഷണം | മോചനവും |
| (ദ്രക്ഷ്യേ) | ഞാൻ കാണുന്നതാണ്. |

സ്യമന്തകസ്യ ച മണേരാദാനം സഹ ഭാര്യയാ
മൃതപുത്രപ്രദാനം ച ബ്രാഹ്മണസ്യ സ്വധാമതഃ. 19

| | |
|---|---|
| ഭാര്യയാ സഹ | "ജാംബവതി എന്ന ഭാര്യയോടുകൂടി |
| സ്യമന്തകസ്യ | സ്യമന്തകമെന്ന |
| മണേഃ ആദാനം ച (ദ്രക്ഷ്യേ) | രത്നം കൊണ്ടുവരുന്നതും ഞാൻ കാണുന്നതാണ് |
| സ്വധാമതഃ | തൻെറ ലോകത്തിൽ നിന്ന് കൊണ്ടുവന്ന് |
| ബ്രാഹ്മണസ്യ | ബ്രാഹ്മണൻെറ |
| മൃതപുത്രപ്രദാനം ച | മരിച്ചുപോയ കുട്ടികളെ കൊടുക്കുന്നതും |
| (ദ്രക്ഷ്യേ) | ഞാൻ കാണുന്നതാണ്. |

പൌണ്ഡ്രകസ്യ വധം പശ്ചാത് കാശിപുര്യാശ്ച ദീപനം
ദന്തവക്ത്രസ്യ നിധനം ചൈദ്യസ്യ ച മഹാക്രതൌ. 20

| | |
|---|---|
| പൌണ്ഡ്രകസ്യ | "പൌണ്ഡ്രകൻെറ |
| വധം | വധവും, |
| പശ്ചാത് | അതിൽപ്പിന്നെ |
| കാശിപുര്യാഃ | കാശീനഗരിയുടെ |
| ദീപനം ച | ദഹനവും, |
| (ദ്രക്ഷ്യേ) | ഞാൻ കാണുന്നതാണ്. |
| ദന്തവക്ത്രസ്യ | ദന്തവക്ത്രൻെറ |
| നിധനം | വധവും, |
| മഹാക്രതൌ | രാജസൂയത്തിൽവെച്ച് |
| ചൈദ്യസ്യ ച | ശിശുപാലൻെറ വധവും |
| (ദ്രക്ഷ്യേ) | ഞാൻ കാണും. |

യാനി ചാന്യാനി വീര്യാണി ദ്വാരകാമാവസൻ ഭവാൻ
കർത്താ ദ്രക്ഷ്യാമ്യഹം താനി ഗേയാനി കവിഭിർഭുവി. 21

| | |
|---|---|
| ഭവാൻ | "നിന്തിരുവടി |
| ദ്വാരകാം | ദ്വാരകയിൽ |
| ആവസൻ | വസിച്ചുകൊണ്ട്, |
| ഭുവി | ഭൂമിയിൽ |
| കവിഭിഃ | കവികളാൽ |
| ഗേയാനി | ഗാനം ചെയ്യപ്പെടാവുന്നവയായി |
| അന്യാനി | വേറെയും |
| യാനി ച | ഏതെല്ലാം |
| വീര്യാണി | വീരകൃത്യങ്ങളെ |
| കർത്താ | ചെയ്യാൻപോകുന്നുവോ, |
| താനി | അവയെല്ലാം |
| അഹം | ഞാൻ |
| ദ്രക്ഷ്യാമി | കാണുന്നതാണ്. |

അഥ തേ കാലരൂപസ്യ ക്ഷപയിഷ്ണോരമുഷ്യ വൈ
അക്ഷൌഹിണീനാം നിധനം ദ്രക്ഷ്യാമ്യർജ്ജുനസാരഥേഃ. 22

| | | | |
|---|---|---|---|
| അഥ | " അതിൽപ്പിന്നെ | തേ | നിന്തിരുവടി |
| കാലരൂപസ്യ | കാലസ്വരൂപിയായി, | അക്ഷൌ- ഹിണീനാം | കൌരവരുടെ അക്ഷൌഹിണിപ്പടയെ |
| അൎജ്ജുന- സാരഥേഃ | അൎജ്ജുനന്റെ സാരഥിയായി, | നിധനം ച | കൊന്നൊടുക്കുന്നതും |
| അമുഷ്യ | ഈ ഭൂഭാരത്തെ | ദ്രക്ഷ്യാമി | ഞാൻ കണ്ടുകൊള്ളാം. |
| ക്ഷപയിഷ്ണോഃ | തീൎക്കുവാൻ ആഗ്രഹം കൊണ്ടിരിക്കുന്ന | | |

വിശുദ്ധവിജ്ഞാനഘനം സ്വസംസ്ഥയാ
സമാപ്തസൎവ്വാൎത്ഥമമോഘവാഞ്ഛിതം.
സ്വതേജസാ നിത്യനിവൃത്തമായാ-
ഗുണപ്രവാഹം ഭഗവന്തമീമഹി. 23

| | | | |
|---|---|---|---|
| വിശുദ്ധ- വിജ്ഞാന- ഘനം | " കേവലാത്മാവായും, ജ്ഞാനൈകമൂൎത്തിയായും, | സ്വതേജസാ | തന്റെ ചിന്മയശക്തിയാൽ |
| സ്വസംസ്ഥയാ | ആനന്ദമയമായ സ്വകീയരൂപത്തിൽ മാത്രമുള്ള സംസ്ഥിതികൊണ്ടു് | നിത്യനിവൃത്ത- മായാഗുണ- പ്രവാഹം | എന്നെന്നേക്കും നിരസിക്കപ്പെട്ട മായാകാൎയ്യമായ സംസാരചക്രത്തോടുകൂടിയവനായും, |
| സമാപ്തസൎവ്വാൎത്ഥം | തികച്ചും സാധിക്കപ്പെട്ട സമസ്തകാമങ്ങളോടുകൂടിയവനായും, | ഭഗവന്തം | നിരതിശയൈശ്വൎയ്യപൂൎണ്ണനായും ഇരിക്കുന്ന നിന്തിരുവടിയെ |
| അമോഘ- വാഞ്ഛിതം | വിഫലമാകാത്ത സങ്കല്പത്തോടുകൂടിയവനായും, | ഈമഹി | ശരണം പ്രാപിക്കുന്നു. |

ത്വാമീശ്വരം സ്വാശ്രയമാത്മമായയാ വിനിൎമ്മിതാശേഷവിശേഷകല്പനം
ക്രീഡാൎത്ഥമദ്യാത്തമനുഷ്യവിഗ്രഹം നതോഽസ്മി ധുൎയ്യം യദുവൃഷ്ണിസാത്വതാം.

| | | | |
|---|---|---|---|
| ഈശ്വരം | " സൎവ്വനിയന്താവും, | അദ്യ | ഇപ്പോൾ |
| സ്വാശ്രയം | സ്വതന്ത്രനും, | ആത്തമനുഷ്യ- വിഗ്രഹം | സ്വീകൃതമായ മൎത്ത്യദേഹത്തോടുകൂടിയവനും, |
| ആത്മമായയാ | തന്റെ മായകൊണ്ടു് | യദുവൃഷ്ണി- സാത്വതാം | യാദവന്മാർ, വൃഷ്ണികൾ, സാത്വതർ എന്നിവൎക്കു് |
| വിനിൎമ്മിതാ- ശേഷവിശേഷ- കല്പനം | നിൎമ്മിക്കപ്പെട്ട സമസ്തവിശേഷങ്ങളാൽ (മഹദാദികളാൽ) ജഗൽസൃഷ്ടി നടത്തുന്നവനും, | ധുൎയ്യം | ശ്രേഷ്ഠനും ആയ |
| | | ത്വാം | നിന്തിരുവടിയെ |
| ക്രീഡാൎത്ഥം | ലീലയ്ക്കുവേണ്ടി | നതഃ അസ്മി | ഞാൻ നമസ്കരിക്കുന്നു. " |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം യദുപതിം കൃഷ്ണം ഭാഗവതപ്രവരോ മുനിഃ
പ്രണിപത്യാഭ്യനുജ്ഞാതോ യയൌ തദ്ദൎശനോത്സവഃ. 25

ഭാഗവത-
പ്രവരഃ } ഭഗവൽഭക്തന്മാരിൽ
അഗ്രഗണ്യനായ
മുനിഃ നാരദമുനി
തദ്ദർശനോത്സവഃ ഭഗവൽദർശനത്താൽ
അത്യാനന്ദംചേർന്നു
കൊണ്ട്

യദുപതിം യദുകുലനാഥനായ
കൃഷ്ണം ശ്രീകൃഷ്ണനെ
ഏവം ഈവിധം സ്തുതിച്ച്
പ്രണിപത്യ നമസ്കരിച്ചശേഷം
അഭ്യനുജ്ഞാതഃ അനുവാദത്തോടെ
യയൌ മടങ്ങിപ്പോയി.

ഭഗവാനപി ഗോവിന്ദോ ഹത്വാ കേശിനമാഹവേ
പശൂനപാലയത് പാലൈഃ പ്രീതൈർവ്രജസുഖാവഹഃ. 26

വ്രജസുഖാവഹഃ ഗോകുലവാസികൾക്ക
സുഖപ്രദനും,
ഗോവിന്ദഃ ഗോകുലനാഥനും ആയ
ഭഗവാൻ അപി ഭഗവാനാകട്ടെ
ആഹവേ യുദ്ധത്തിൽ
കേശിനം കേശിയെ

ഹത്വാ വധിച്ച്,
പ്രീതൈഃ സന്തുഷ്ടരായ
പാലൈഃ ഗോപാലന്മാരോടുകൂടി
പശൂൻ പശുക്കളെ
അപാലയത് പരിപാലിച്ചു.

ഏകദാ തേ പശൂൻ പാലാശ്ചാരയന്തോऽദ്രിസാനുഷു
ചക്രുർനിലായനക്രീഡാശ്ചോരപാലാപദേശതഃ. 27

ഏകദാ ഒരുനാൾ
തേ പാലാഃ ആ ഗോപാലന്മാർ
അദ്രിസാനുഷു ഗോവർദ്ധനഗിരിയുടെ
താഴ്വരകളിൽ
പശൂൻ പശുക്കളെ

ചാരയന്തഃ മേച്ചുകൊണ്ടിരുന്ന്,
ചോരപാലാ-
പദേശതഃ } 'കള്ളന്മാരും കാവല്ക്കാരും'
എന്ന നാട്യത്തോടെയുള്ള
നിലായനക്രീഡാഃ ഒളിച്ചുകളികൾ
ചക്രുഃ നടത്തിയിരുന്നു.

തത്രാസൻ കതിചിച്ചോരാഃ പാലാശ്ച കതിചിന്നൃപ
മേഷായിതാശ്ച തത്രൈകേ വിജഹ്രുരകുതോഭയാഃ. 28

നൃപ രാജാവേ!
തത്ര അവരിൽ
കതിചിത് ചിലർ
ചോരാഃ കള്ളന്മാരായും,
കതിചിത് വേറെ ചിലർ
പാലാഃ ച കാവൽക്കാരായും

ആസൻ ഭവിച്ചു.
ഏകേ മററു ചിലർ
മേഷായിതാഃ ച ആടുകളെപ്പോലെ
യായും അഭിനയിച്ചു.
തത്ര ഈ വിധത്തിൽ അവിടെ
അകുതോഭയാഃ നിർഭയരായിട്ട്
വിജഹ്രുഃ കളിച്ചുകൊണ്ടിരുന്നു.

മയപുത്രോ മഹാമായോ വ്യോമോ ഗോപാലവേഷധൃക്
മേഷായിതാനപോവാഹ പ്രായശ്ചോരായിതോ ബഹൂൻ. 29

| | |
|---|---|
| മഹാമായഃ | വലിയ മായാവിയും, |
| മയപുത്രഃ | മയാസുരൻെറ പുത്രനമായ |
| വ്യോമഃ | വ്യോമനെന്നവൻ |
| ഗോപാല-വേഷധൃക് | ഗോപാലവേഷം ധരിച്ചുകൊണ്ടു് |
| പ്രായഃ | സാമാന്യേന |
| ചോരായിതഃ | കള്ളനായി അഭിനയിച്ചു് |
| മേഷായിതാൻ | ആടുകളായി അഭിനയിച്ചവരായ |
| ബഹൂൻ | അസംഖ്യം ഗോപന്മാരെ |
| അപോവാഹ | എടുത്തുകൊണ്ടുപോയിത്തുടങ്ങി. |

ഗിരിദര്യ്യാം വിനിക്ഷിപ്യ നീതം നീതം മഹാസുരഃ
ശിലയാ പിദധേ ദ്വാരം ചതുഃപഞ്ചാവശേഷിതാഃ. 30

| | |
|---|---|
| മഹാസുരഃ | ആ മഹാസുരൻ |
| നീതം നീതം | തുടച്ചയായി കൊണ്ടുപോയ ഓരോരോ ഗോപന്മാരേയും |
| ഗിരിദര്യാം | പർവ്വതത്തിൻെറ ഗുഹയിൽ |
| വിനിക്ഷിപ്യ | കൊണ്ടുവെച്ചു് |
| ദ്വാരം | അതിൻെറ ദ്വാരത്തെ |
| ശിലയാ | കല്ലുകൊണ്ടു് |
| പിദധേ | അടച്ചുകെട്ടി. |
| ചതുഃപഞ്ചാഃ | ആടുകളായിട്ടു് അഭിനയിച്ച ഗോപന്മാർ നാലോ അഞ്ചോ പേർ മാത്രം |
| അവശേഷിതാഃ | ബാക്കിയായി. |

തസ്യ തത് കർമ്മ വിജ്ഞായ കൃഷ്ണഃ ശരണദഃ സതാം
ഗോപാൻ നയന്തം ജഗ്രാഹ വൃകം ഹരിരിവൌജസാ. 31

| | |
|---|---|
| തസ്യ | അവൻെറ |
| തത് കർമ്മ | ആ പ്രവൃത്തിയെ |
| വിജ്ഞായ | മനസ്സിലാക്കി, |
| സതാം | സത്തുക്കൾക്കു് |
| ശരണദഃ | ശരണം നല്കുന്ന |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| ഗോപാൻ | ഗോപന്മാരെ |
| നയന്തം | തട്ടിക്കൊണ്ടുപോകുന്ന അവനെ |
| ഹരിഃ വൃകം | സിംഹം ചെന്നായയെ |
| യഥാ | എന്നപോലെ |
| ഓജസാ | ബലത്തോടെ |
| ജഗ്രാഹ | കടന്നുപിടിച്ചു. |

സ നിജം രൂപമാസ്ഥായ ഗിരീന്ദ്രസദൃശം ബലീ
ഇച്ഛൻ വിമോക്തുമാത്മാനം നാശക്നോത് ഗ്രഹണാതുരഃ. 32

| | |
|---|---|
| ബലീ സഃ | ബലവാനായ അവൻ |
| ഗിരീന്ദ്രസദൃശം | മാമലപോലെയുള്ള |
| നിജം രൂപം | സ്വന്തം രൂപത്തെ |
| ആസ്ഥായ | സ്വീകരിച്ചു് |
| ഗ്രഹണാതുരഃ | ഭഗവാൻെറ പിടിത്തത്താൽ അവശനായിട്ടു |
| ആത്മാനം | തൻ ശരീരത്തെ |
| വിമോക്തും | പിടിയിൽനിന്നു വിടുവിക്കുവാൻ |
| ഇച്ഛൻ | അഭിലഷിച്ചിട്ടുകൂടി |
| ന അശക്നോത് | അതിന്നു് ശക്തനായില്ല. |

തം നിഗൃഹ്യാച്യുതോ ദോർഭ്യാം പാതയിത്വാ മഹീതലേ
പശ്യതാം ദിവി ദേവാനാം പശുമാരമമാരയത്. 33

| | | | |
|---|---|---|---|
| അച്യുതഃ | ഭഗവാൻ | ദേവാനാം | ദേവന്മാരേവരും |
| തം ദോർഭ്യാം | അവനെ ഇരുകരത്താലും | പശ്യതാം | നോക്കിനില്ക്കേ |
| നിഗൃഹ്യ | കെട്ടിപ്പിടിച്ച് | പശുമാരം | യജ്ഞപശുവിനെ ഞെക്കിക്കൊല്ലും പ്രകാരം |
| മഹീതലേ | നിലത്ത് | | |
| പാതയിത്വാ | വീഴ്ത്തിയശേഷം | | |
| ദിവി | ആകാശത്തിൽ | അമാരയത് | കൊന്നുകളഞ്ഞു. |

ഗുഹാപിധാനം നിർഭിദ്യ ഗോപാൻ നിഃസാര്യ കൃച്ഛ്രതഃ
സ്തൂയമാനഃ സുരൈർഗ്ഗോപൈഃ പ്രവിവേശ സ്വഗോകുലം. 34

| | | | |
|---|---|---|---|
| ഗുഹാപിധാനം | ഗുഹയുടെ അടപ്പുകല്ലിനെ | ഗോപൈഃ | ഗോപന്മാരാലും, |
| | | സുരൈഃ | ദേവന്മാരാലും |
| നിർഭിദ്യ | തകർത്ത്, | സ്തൂയമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ട് |
| കൃച്ഛ്രതഃ | കഷ്ടത്തിൽനിന്ന് | സ്വഗോകുലം | തന്റെ ഗോകുലത്തിലേക്ക് |
| ഗോപാൻ | ഗോപന്മാരെ | | |
| നിഃസാര്യ | മോചിപ്പിച്ച് | പ്രവിവേശ | പ്രവേശിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവാർദ്ധേ
വ്യോമാസുരവധോ നാമ സപ്തത്രിംശോऽധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1467.

## അഷ്ടത്രിംശോऽധ്യായഃ—മുപ്പത്തെട്ടാമദ്ധ്യായം.

[അഷ്ടത്രിംശേ യഥാ ധ്യായന്നക്രൂരോ ഗോകുലം ഗതഃ
തത്രൈവ രാമകൃഷ്ണാഭ്യാം ഗൃഹം നീത്വാ സുസത്കൃതഃ.]

(അക്രൂരൻ ഗോകുലത്തിലേക്കു വരുന്നതും, രാമകൃഷ്ണന്മാർ അക്രൂരനെ എതിരേററു സൽക്കരിക്കുന്നതും)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അക്രൂരോऽപി ച താം രാത്രിം മധുപുര്യാം മഹാമതിഃ
ഉഷിത്വാ രഥമാസ്ഥായ പ്രയയൗ നന്ദഗോകുലം. 1

| | | | |
|---|---|---|---|
| മഹാമതിഃ | മഹാബുദ്ധിമാനായ | ഉഷിത്വാ ച | കഴിച്ചുകൂട്ടിയശേഷം |
| അക്രൂരഃ അപി | അക്രൂരനാകട്ടെ | രഥം ആസ്ഥായ | തേരിൽ കയറി |
| താം രാത്രിം | ആ രാത്രിയെ | നന്ദഗോകുലം | നന്ദഗോകുലത്തിലേക്ക് |
| മധുപുര്യാം | മധുരാപുരിയിൽ | പ്രയയൗ | യാത്രയായി. |

ഗച്ഛൻ പഥി മഹാഭാഗോ ഭഗവത്യംബുജേക്ഷണേ
ഭക്തിം പരാമുപഗത ഏവമേതദചിന്തയത്. 2

| | | | |
|---|---|---|---|
| പഥി | വഴിയിൽ | ഉപഗതഃ | പ്രാപിച്ചവനായ |
| ഗച്ഛൻ | പോയ്ക്കൊണ്ടിരിക്കെ, | മഹാഭാഗഃ | ആ ഭാഗ്യശാലി |
| അംബുജേക്ഷണേ | താമരക്കണ്ണനായ | ഏതത് ഏവം | ഇതു് ഈവിധം |
| ഭഗവതി | ശ്രീകൃഷ്ണനിൽ. | അചിന്തയത് | ചിന്തിച്ചു. |
| പരാം ഭക്തിം | ഉത്തമഭക്തിയെ | | |

കിം മയാഽഽചരിതം ഭദ്രം കിം തപ്തം പരമം തപഃ
കിം വാഥാപ്യർഹതേ ദത്തം യദ്ദ്രക്ഷ്യാമ്യദ്യ കേശവം. 3

| | | | |
|---|---|---|---|
| മയാ | " എന്നാൽ | അഥ വാ | അല്ലെങ്കിൽ |
| കിം ഭദ്രം | എന്തു സൽകർമ്മം | അർഹതേ | അർഹതയുള്ളവന്നു് |
| ആചരിതം | ചെയ്യപ്പെട്ടിരിക്കുമോ? | കിം ദത്തം | എന്തൊരു ദാനം ചെയ്യപ്പെട്ടിരിക്കുമോ? |
| പരമം | ഉൽകൃഷ്ടമായ | യത് അദ്യ | എന്തെന്നാൽ, ഇന്നു് |
| തപഃ | തപസ്സ് | കേശവം | ബ്രഹ്മരുദ്രാദ്യാരാധ്യനായ ശ്രീകൃഷ്ണനെ |
| കിം തപ്തം | എന്തൊന്നു ചെയ്യപ്പെട്ടിരിക്കുമോ? | ദ്രക്ഷ്യാമി | ഞാൻ ദർശിക്കുമല്ലോ. |

മമൈതദ് ദുർല്ലഭം മന്യ ഉത്തമശ്ലോകദർശനം
വിഷയാത്മനോ യഥാ ബ്രഹ്മകീർത്തനം ശൂദ്രജന്മനഃ. 4

| | | | |
|---|---|---|---|
| ശൂദ്രജന്മനഃ | " ശൂദ്രപുത്രനായി ജനിച്ചവന്നു് | ഏതത് ഉത്തമശ്ലോക-ദർശനം | അജ്ഞാനത്തെ ഭേദിക്കുന്ന അത്യുത്തമകീർത്തിയാന്ന ഭഗവാന്റെ ഈ സന്ദർശനം |
| ബ്രഹ്മകീർത്തനം | വേദോച്ചാരണം | | |
| യഥാ | ദുസ്സാദ്ധ്യമാകുന്നപോലെ | | |
| വിഷയാത്മനഃ | വിഷയാസക്തചിത്തനായ | ദുർല്ലഭം | ദുസ്സാദ്ധ്യമായിട്ടുള്ളതാണെന്നു് |
| മമ | എനിക്കു് | മന്യേ | ഞാൻ കരുതുന്നു. |

മൈവം മമാധമസ്യാപി സ്യാദേവാച്യുതദർശനം
ഹ്രിയമാണഃ കാലനദ്യാ കചിത്തരതി കശ്ചന. 5

| | | | |
|---|---|---|---|
| മാ ഏവം | " അങ്ങനെ വരില്ല; | കാലനദ്യാ | കാലമാവുന്ന നദീപ്രവാഹത്താൽ |
| അധമസ്യ അപി | അധമനെന്നിരിക്കിലും കൂടി | ഹ്രിയമാണഃ | തള്ളിക്കൊണ്ടുപോകപ്പെടുന്നവനെങ്കിലും |
| മമ | എനിക്കു് | | |
| അച്യുതദർശനം | കൃഷ്ണസന്ദർശനം | കശ്ചന | ഒരുവൻ |
| സ്യാത് ഏവ | സംഭവിക്കുകതന്നെ ചെയ്യും. | കചിത് | എങ്ങെങ്കിലും |
| | | തരതി | കരകയറുന്നതാണ്. |

മമാദ്യാമംഗലം നഷ്ടം ഫലവാംശ്ചൈവ മേ ഭവഃ
യന്നമസ്യേ ഭഗവതോ യോഗിധ്യേയാങ്ഘ്രിപങ്കജം. 6

| | |
|---|---|
| അദ്യ മമ | "ഇന്ന് എനിക്കുള്ള |
| അമംഗലം | പാപം |
| നഷ്ടം | നശിച്ചിരിക്കുന്നു. |
| മേ | എന്റെ |
| ഭവഃ ച ഏവ | ജന്മംതന്നെയും |
| ഫലവാൻ | ഫലവത്തായി. |
| യത് | എന്തുകൊണ്ടെന്നാൽ |
| ഭഗവതഃ യോഗിധ്യേയം- അങ്ഘ്രിപങ്കജം | യോഗികൾക്കുകൂടി ധ്യേയമായിട്ടുമാത്രം ഇരിക്കുന്ന ശ്രീഹരിയുടെ തൃപ്പാദകമലത്തെ |
| നമസ്യേ | ഞാൻ നമസ്കരിക്കുവാൻ പോകയാണ്. |

കംസോ ബതാദ്യാകൃതമേഽത്യനുഗ്രഹം
ദ്രക്ഷ്യേഽങ്ഘ്രിപദ്മം പ്രഹിതോഽമുനാ ഹരേഃ
കൃതാവതാരസ്യ ദുരത്യയം തമഃ
പൂർവ്വേഽതരൻ യന്നഖമണ്ഡലത്വിഷാ. 7

| | |
|---|---|
| ബത | "അത്യത്ഭുതം നോക്കുക! |
| കംസഃ മേ | കംസൻ എനിക്ക് |
| അത്യനുഗ്രഹം | വലിയൊരനുഗ്രഹം |
| അകൃത | ചെയ്തിരിക്കുന്നു. |
| യന്നഖ-മണ്ഡലത്വിഷാ | യാതൊരു തൃപ്പാദത്തിലെ നഖസമൂഹത്തിൻ കാന്തിയാൽ |
| പൂർവ്വേ | പൂർവ്വികന്മാർ |
| ദുരത്യയം | ദുസ്തരമായ |
| തമഃ | അജ്ഞാനാന്ധകാരത്തെ |
| അതരൻ | തരണം ചെയ്തുവോ, |
| കൃതാവതാരസ്യ | മർത്ത്യാവതാരം ചെയ്തിരിക്കുന്ന |
| ഹരേഃ | ശ്രീഹരിയുടെ |
| അങ്ഘ്രിപദ്മം | അതേ തൃപ്പാദത്തെ |
| അമുനാ | ഇവനാൽ (കംസനാൽ) |
| പ്രഹിതഃ | അയയ്ക്കപ്പെട്ടവനായ |
| ദ്രക്ഷ്യേ | ഞാൻ ദർശിക്കുന്നതാണ്. |

യദർച്ചിതം ബ്രഹ്മഭവാദിഭിഃ സുരൈഃ
ശ്രിയാ ച ദേവ്യാ മുനിഭിഃ സസാത്വതൈഃ
ഗോചാരണായാനുചരൈശ്ചരദ്വനേ
യദ് ഗോപികാനാം കുചകുങ്കുമാങ്കിതം. 8

| | |
|---|---|
| യത് | "യാതൊന്ന് |
| ബ്രഹ്മഭവാദിഭിഃ | ബ്രഹ്മരുദ്രാദികളായ |
| സുരൈഃ | ദേവന്മാരാലും, |
| ശ്രിയാ ദേവ്യാ | ശ്രീഭഗവതിയാലും, |
| സസാത്വതൈഃ | ഭക്തന്മാരോടുകൂടി |
| മുനിഭിഃ ച | മുനികളാലും |
| അർച്ചിതം | അർച്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവോ; |
| (യത്) | യാതൊന്ന് |
| അനുചരൈഃ | ചങ്ങാതിമാരോടൊപ്പം |
| ഗോചാരണായ | പശുക്കളെ മേക്കുന്നതിന്ന് |
| വനേ | വനത്തിൽ |
| ചരത് | സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവോ, |
| യത് | യാതൊന്ന് |
| ഗോപികാനാം | ഗോപസ്ത്രീകളുടെ |
| കുചകുങ്കുമാങ്കിതം | കുചകുങ്കുമത്താൽ അങ്കിതമായിരിക്കുന്നുവോ, ആ തൃപ്പാദത്തെ |
| (ദ്രക്ഷ്യേ) | ഞാൻ ദർശിക്കുന്നതാണ്. |

ദ്രക്ഷ്യാമി നൂനം സുകപോലനാസികം സ്മിതാവലോകാരുണകഞ്ജലോചനം
മുഖം മുകുന്ദസ്യ ഗുഡാളകാവൃതം പ്രദക്ഷിണം മേ പ്രചരന്തി വൈ മൃഗാഃ.

| | |
|---|---|
| മൃഗാഃ മേ | "മൃഗങ്ങൾ എനിക്ക് |
| പ്രദക്ഷിണം | പ്രദക്ഷിണമായിട്ട് |
| പ്രചരന്തി | സഞ്ചരിക്കുന്നു ; |
| വൈ നൂനം | ആകയാൽ, തീച്ച്യയായും |
| സുകപോല-നാസികം | ശോഭനങ്ങളായ കവിൾത്തടങ്ങളോടും നാസികയോടും കൂടിയതും, |
| സ്മിതാവലോകാരുണകഞ്ജ-ലോചനം | പുഞ്ചിരിയോടൊത്ത നോട്ടത്തോടുകൂടിയ ചെന്താമരക്കണ്ണുകളോടുകൂടിയതും |
| ഗുഡാളകാവൃതം | ചുരുണ്ട തലമുടിയാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നതുമായ |
| മുകുന്ദസ്യ | മുക്തിപ്രദന്റെ |
| മുഖം | തിരുമുഖത്തെ |
| ദ്രക്ഷ്യാമി | ഞാൻ ദശിക്കും. |

അപ്യദ്യ വിഷ്ണോർമ്മനുജത്വമീയുഷോ ഭാരാവതാരായ ഭുവോ നിജേച്ഛയാ
ലാവണ്യധാമ്നോ ഭവിതോപലംഭനം മഹ്യം ന ന സ്യാത് ഫലമഞ്ജസാ ദൃശഃ.

| | |
|---|---|
| ഭുവഃ | "ഭൂമിയുടെ |
| ഭാരാവതാരായ | ഭാരത്തെ ഇറക്കുന്നതിന്നായി |
| നിജേച്ഛയാ | തന്റെ ആഗ്രഹപ്രകാരം |
| മനുജത്വം | മാനുഷഭാവത്തെ |
| ഈയുഷഃ | കൈക്കൊണ്ടിട്ടുള്ളവനും, |
| ലാവണ്യധാമ്നഃ | സൌന്ദയ്യത്തിന്ന് ഇരിപ്പിടമായിട്ടുള്ളവനും ആയ |
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ |
| ഉപലംഭനം | ദശനം |
| അദ്യ മഹ്യം | ഇന്ന് എനിക്ക് |
| അപി ഭവിതാ | ഉണ്ടാകുമെങ്കിൽ |
| ദൃശഃ ഫലം | കണ്ണിന്റെ ഫലം |
| അഞ്ജസാ | ഉടനടി |
| ന സ്യാത് ന | സിദ്ധിക്കാതെയിരിക്കയില്ല. |

യ ഈക്ഷിതാഹംരഹിതോഽപ്യസത്സതോഃ
സ്വതേജസാപാസ്തതമോഭിദാഭ്രമഃ
സ്വമായയാഽഽത്മൻ രചിതൈസ്തദീക്ഷയാ
പ്രാണാക്ഷധീഭിഃ സദനേഷ്വഭീയതേ. 11

| | |
|---|---|
| യഃ | "യാതൊരു ഭഗവാൻ |
| അസത്സതോഃ | കാര്യകാരണങ്ങളുടെ |
| ഈക്ഷിതാ അപി | നിരീക്ഷകനെന്നിരിക്കിലും |
| അഹംരഹിതഃ | തദ്വിഷയത്തിൽ അഹന്താഭിമാനം ഇല്ലാത്തവനായും, |
| സ്വതേജസാ | തന്റെ ചിച്ഛക്തിയാൽ |
| അപാസ്തതമോ-ഭിദാഭ്രമഃ | അകററപ്പെട്ടിരിക്കുന്ന അജ്ഞാനത്തോടും, തൽകൃതമായ ഭേദഭാവനയോടും, തന്നിമിത്തകമായ ഭ്രാന്തിയോടും കൂടിയവനായും വത്തിക്കുന്നു ; എങ്കിലും |
| സ്വമായയാ | തന്റെ അധീനതയിലുള്ള യോഗമായയാൽ |
| ആത്മൻ | തന്നിൽത്തന്നെ |
| രചിതൈഃ | പ്രകാശിതമായിരിക്കുന്ന |
| പ്രാണാക്ഷധീഭിഃ | പ്രാണേന്ദ്രിയപ്രജ്ഞകളോടുകൂടി |

| | | | |
|---|---|---|---|
| സദനേഷു | വൃന്ദാവനത്തിലെ തരുനികുഞ്ജങ്ങളിലും, ഗോപീഗൃഹങ്ങളിലും | തദീക്ഷയാ | ജീവാത്മാക്കളുടെ ദൃഷ്ടിയാൽ |
| | | അഭിയതേ | വിഹരിക്കുന്നപോലെ പ്രതിഭാസിക്കുന്നു. |

യസ്യാഖിലാമീവഹഭിഃ സുമംഗളൈ-
ർവ്വാചോ വിമിശ്രാ ഗുണകർമ്മജന്മഭിഃ
പ്രാണന്തി ശുംഭന്തി പുനന്തി വൈ ജഗ-
ദ്യാസ്തദ്വിരക്താഃ ശവശോഭനാ മതാഃ. 12

| | | | |
|---|---|---|---|
| അഖിലാമീവഹഭിഃ | "സമസ്തപാപങ്ങളെ സംഹരിക്കുന്നവയും, | പ്രാണന്തി | ഉജ്ജീവിപ്പിക്കുന്നു ; |
| സുമംഗളൈഃ | പുണ്യകരങ്ങളായിരിക്കുന്നവയും ആയ | ശുംഭന്തി | പരിശോഭിപ്പിക്കുന്നു ; |
| യസ്യ | യാതൊരു ഭഗവാന്റെ | പുനന്തി വൈ | പവിത്രമാക്കുകയും ചെയ്യുന്നു. |
| ഗുണകർമ്മജന്മഭിഃ | കാരുണ്യാദിഗുണങ്ങളും, ഗോവർദ്ധനോദ്ധാരണാദി കർമ്മങ്ങളും, രാമകൃഷ്ണാദ്യവതാരങ്ങളും എന്നിവയോട് | യാഃ | യാതൊരു വാക്കുകൾ |
| | | തദ്വിരക്താഃ | അവയോട് (ഭഗവദ്ഗുണാദികളോട്) ചേരാത്തവയെങ്കിൽ അവ |
| വിമിശ്രാഃ | ഇടചേർന്നിരിക്കുന്ന | ശവശോഭനാഃ | വസ്ത്രഭൂഷണാദിയാൽ അലങ്കൃതമായ ശവം പോലെ പുറമേക്കുമാത്രം അഴകുള്ളവയാണെന്ന് |
| വാചഃ | വാക്കുകൾ | | |
| ജഗത് | ലോകത്തെ | മതാഃ | കരുതപ്പെട്ടവരുന്നു. |

സ ചാവതീർണ്ണഃ കില സാത്വതാന്വയേ
സ്വസേതുപാലാമരവര്യശർമ്മകൃത്
യശോ വിതന്വൻ വ്രജ ആസ്ത ഈശ്വരോ
ഗായന്തി ദേവാ യദശേഷമംഗളം. 13

| | | | |
|---|---|---|---|
| സഃ ച | "അതേ സർവ്വശക്തനായ | യശഃ | തന്റെ കീർത്തിയെ |
| ഈശ്വരഃ | ഭഗവാൻ | വിതന്വൻ | പ്രസരിപ്പിച്ചുകൊണ്ടും |
| സാത്വതാന്വയേ | യാദവകുലത്തിൽ | വ്രജേ | ഗോകുലത്തിൽ |
| അവതീർണ്ണഃ | അവതരിച്ച്, | ആസ്ത കില | വസിച്ചരുളുന്നുപോലും ! |
| സ്വസേതുപാലാമരവര്യശർമ്മകൃത് | താനുണ്ടാക്കിയ വർണ്ണാശ്രമധർമ്മങ്ങളുടെ അതിർവരമ്പുകളെ പരിപാലിക്കുന്ന ദേവശ്രേഷ്ഠന്മാർക്ക് സൌഖ്യത്തെ ജനിപ്പിച്ചുംകൊണ്ടും, | അശേഷമംഗളം | എല്ലാവർക്കും ക്ഷേമമുളവാക്കുന്ന |
| | | യത് | അവിടുത്തെ യാതൊരു പുണ്യകീർത്തിയെ |
| | | ദേവാഃ | ദേവന്മാർ |
| | | ഗായന്തി | പാടിപ്പുകഴ്ത്തുന്നുപോലും ! |

തം ത്വദ്യ നൂനം മഹതാം ഗതിം ഗുരും
ത്രൈലോക്യകാന്തം ദൃശിമന്മഹോത്സവം
രൂപം ദധാനം ശ്രിയ ഈപ്സിതാസ്പദം
ദ്രക്ഷ്യേ മമാസന്നുഷസഃ സുദർശനാഃ. 14

| | | | |
|---|---|---|---|
| ത്രൈലോക്യ- | "ത്രിലോകസുന്ദരവും | ഗതിം | ശരണ്യനായവനും, |
| കാന്തം | | ഗുരും | സർവ്വലോകാചാര്യനുമായ |
| ദൃശിമ- | കണ്ണുള്ളവർക്കെല്ലാം | തം തു | ആ ഭഗവാനെത്തന്നെ |
| ന്മഹോത്സവം | മഹോത്സവം | അദ്യ നൂനം | ഇന്ന് തീർച്ചയായും |
| | ജനിപ്പിക്കുന്നതും, | ദ്രക്ഷ്യേ | ഞാൻ കാണുന്നതാണ്. |
| ശ്രിയഃ | ലക്ഷ്മീദേവിയുടെ | ഉഷസഃ | എന്തെന്നാൽ ഇന്നത്തെ |
| ഈപ്സിതാസ്പദം | ഇഷ്ടത്തിന്നിരിപ്പിടമായ | | പ്രഭാതവേളകൾ |
| രൂപം | രൂപത്തെ | മമ | എനിക്ക് |
| ദധാനം | ധരിച്ചിരിക്കുന്നവനും, | സുദർശനാഃ | നല്ല കണിയുള്ളവയായി |
| മഹതാം | മഹാത്മാക്കൾക്ക് | ആസൻ | ഭവിച്ചിരുന്നു. |

അഥാവരൂഢഃ സപദീശയോ രഥാത്
പ്രധാനപുംസോശ്ചരണം സ്വലബ്ധയേ
ധിയാ ധൃതം യോഗിഭിരപ്യഹം ധ്രുവം
നമസ്യ ആഭ്യാം ച സഖീൻ വനൗകസഃ. 15

| | | | |
|---|---|---|---|
| അഥ | "കണ്ടതിനുശേഷം | ധൃതം | ധ്യാനിക്കപ്പെട്ടിരിക്കുന്ന |
| സപദി | അതേനിമിഷത്തിൽ | ഈശയോഃ | ആ സർവ്വേശ്വരന്മാരായ |
| രഥാത് | തേരിൽനിന്ന് | പ്രധാനപുംസോഃ | പുരുഷോത്തമന്മാരുടെ |
| അവരൂഢഃ | താഴത്തിറങ്ങിയ | ചരണം | ചെന്താരടിയേയും. |
| അഹം | ഞാൻ | ആഭ്യാം | അവരോടൊപ്പം |
| സ്വലബ്ധയേ | സ്വരൂപജ്ഞാനം | സഖീൻ | അവരുടെ ചങ്ങാതിക |
| | ലഭിക്കുന്നതിന്നായി | | ളായ |
| യോഗിഭിഃ അപി | യോഗികളാൽക്കൂടി | വനൗകസഃ ച | വ്രജവാസികളേയും |
| ധിയാ | കേവലം ബുദ്ധികൊണ്ടു | ധ്രുവം | നിശ്ചയമായും |
| | മാത്രം | നമസ്യേ | നമസ്കരിക്കും. |

അപ്യംഘ്രിമൂലേ പതിതസ്യ മേ വിഭുഃ
ശിരസ്യധാസ്യന്നിജഹസ്തപങ്കജം
ദത്താഭയം കാലഭുജംഗരംഹസാ
പ്രോദ്വേജിതാനാം ശരണൈഷിണാം നൃണാം. 16

| | | | |
|---|---|---|---|
| അപി | "മാത്രമല്ല, | പതിതസ്യ | വീണുവണങ്ങിയ |
| അംഘ്രിമൂലേ | തൃക്കാല്ക്കൽ | മേ ശിരസി | എന്റെ തലയിൽ |

| | |
|---|---|
| വിഭുഃ | ഭഗവാൻ |
| കാലഭുജംഗ-രംഹസാ | കാലനാവുന്ന പെരുമ്പാമ്പിന്റെ ഊക്കിനാൽ |
| പ്രോദ്വേജിതാനാം | പേടിച്ചുവലഞ്ഞ |
| ശരണൈഷിണാം | ശരണാർത്ഥികളായ |
| നൃണാം | ജനങ്ങൾക്ക് |
| ദത്താഭയം | അഭയദാനം ചെയ്ത |
| നിജഹസ്തപങ്കജം | സ്വഹസ്തകമലത്തെ |
| അധാസ്യത് | വെച്ചനുഗ്രഹിക്കും. |

സമർഹണം യത്ര നിധായ കൌശിക-
സ്തഥാബലിശ്ചാപ ജഗത്ത്രയേന്ദ്രതാം
യദ്വാ വിഹാരേ വ്രജയോഷിതാം ശ്രമം
സ്പർശേന സൌഗന്ധികഗന്ധ്യപാനുദത്. 17

| | |
|---|---|
| കൌശികഃ | "ദേവേന്ദ്രനും, |
| തഥാ | അതേവിധം |
| ബലിഃ ച | മഹാബലിയും |
| യത്ര | യാതൊരു തൃക്കരത്തിലാണോ |
| സമർഹണം | ദാനസങ്കല്പോദകം |
| നിധായ | സമർപ്പിച്ചിട്ട് |
| ജഗത്ത്രയേന്ദ്രതാം | മൂന്നുലോകത്തിന്റെയും ഇന്ദ്രപദവിയെ |
| ആപ | പ്രാപിച്ചത്, |
| സൌഗന്ധിക-ഗന്ധി | കല്ഹാരപുഷ്പത്തിന്റെ സുഗന്ധം വഹിക്കുന്ന |
| യത് വാ | യാതൊരു തൃക്കരമാണോ, |
| വിഹാരേ | രാസക്രീഡയിൽ |
| വ്രജയോഷിതാം | ഗോപസ്ത്രീകളുടെ |
| ശ്രമം | ശ്രമത്തെ |
| സ്പർശേന | സ്പർശനത്താൽ |
| അപാനുദത് | അകററിയത് (ആ തൃക്കരം എന്റെ ശിരസ്സിൽ വെച്ചനുഗ്രഹിക്കും.) |

ന മയ്യുപൈഷ്യത്യരിബുദ്ധിമച്യുതഃ
കംസസ്യ ദൂതഃ പ്രഹിതോഽപി വിശ്വദൃക്
യോഽന്തർബ്ബഹിശ്ചേതസ ഏതദീഹിതം
ക്ഷേത്രജ്ഞ ഈക്ഷത്യമലേന ചക്ഷുഷാ. 18

| | |
|---|---|
| കംസസ്യ ദൂതഃ | "കംസന്റെ ദൂതനായിട്ട് |
| പ്രഹിതഃ അപി | അയക്കപ്പെട്ടവനാണ് ഞാനെങ്കിലും, |
| അച്യുതഃ | നിർവ്വികാരാത്മാവായ ഭഗവാൻ |
| മയി | എന്നിൽ |
| അരിബുദ്ധിം | ശത്രുബുദ്ധിയെ |
| ന ഉപൈഷ്യതി | കൈക്കൊള്ളുകയില്ല. |
| വിശ്വദൃക് | സർവ്വസാക്ഷിയും, |
| ക്ഷേത്രജ്ഞഃ | സർവ്വാന്തര്യാമിയും ആയ |
| യഃ | അവിടുന്ന് |
| ചേതസഃ | മനസ്സിന്റെ |
| അന്തഃ ബഹിഃ | ഉള്ളിലും പുറത്തുമുള്ള |
| ഏതദീഹിതം | ഇവ്വുള്ളവന്റെ പ്രവൃത്തനം |
| അമലേന | കറയൊട്ടുമില്ലാത്ത |
| ചക്ഷുഷാ | കണ്ണുകൊണ്ട് |
| ഈക്ഷതി | കാണുന്നുണ്ടല്ലോ. |

അപ്യംഘ്രിമൂലേഽവഹിതം കൃതാഞ്ജലിം
മാമീക്ഷിതാ സസ്മിതമാർദ്രയാ ദൃശാ
സപദ്യപധ്വസ്തസമസ്തകില്ബിഷോ
വോഢാ മുദം വീതവിശങ്ക ഊർജ്ജിതാം. 19

| | |
|---|---|
| അങ്ഘ്രിമൂലേ | "തൃക്കാൽക്കൽ |
| അവഹിതം | വീണുവണങ്ങിയവനും, |
| കൃതാഞ്ജലിം | കൈകൂപ്പിനില്ക്കുന്നവനുമായ |
| മാം | എന്നെ |
| സസ്മിതം | പുഞ്ചിരിതൂകിക്കൊണ്ട് |
| ആർദ്രയാ | കൃപാരസത്താൽ നനഞ്ഞ |
| ദൃശാ | ദൃഷ്ടിയാൽ |
| അപി ഈക്ഷിതാ | തൃക്കൺപാർക്കുമ്പോൾ |
| സപദി | തൽക്ഷണം ഞാൻ |
| അപധ്വസ്ത-സമസ്ത-കില്ബിഷഃ | അററുപോയ സമസ്ത പാപജാലങ്ങളോടുകൂടിയവനായും, |
| വീതവിശങ്കഃ | അകന്നൊഴിഞ്ഞ പുനർജ്ജന്മശങ്കയോടുകൂടിയവനായും ഭവിച്ച് |
| ഊർജ്ജിതാം | അത്യുൽകൃഷ്ടമായ |
| മുദം | ആനന്ദത്തെ |
| വോഢാ | വഹിക്കുന്നതാണ്. |

സുഹൃത്തമം ജ്ഞാതിമനന്യദൈവതം
ദോർഭ്യാം ബൃഹദ്ഭ്യാം പരിരപ്സ്യതേഽഥ മാം
ആത്മാ ഹി തീർത്ഥീക്രിയതേ തദൈവ മേ
ബന്ധശ്ച കർമ്മാത്മക ഉച്ഛ്വസിത്യതഃ. 20

| | |
|---|---|
| അഥ | "പിന്നീട്", |
| സുഹൃത്തമം | പരമമിത്രവും, |
| ജ്ഞാതിം | സ്വകുടുംബത്തിൽപെട്ടവനും, |
| അനന്യദൈവതം | മറെറാരു ഈശ്വരനെ ഭജിക്കാത്തവനും ആയ |
| മാം | എന്നെ |
| ബൃഹദ്ഭ്യാം | ദീർഘങ്ങളായ |
| ദോർഭ്യാം | ബാഹുക്കൾകൊണ്ട് |
| പരിരപ്സ്യതേ | ഭഗവാൻ ഗാഢാലിംഗനം ചെയ്യും. |
| തദാ ഏവ | അപ്പോൾത്തന്നെ |
| മേ ആത്മാ ഹി | എന്റെ ദേഹംപോലും |
| തീർത്ഥീക്രിയതേ | തീർത്ഥമായി മാററപ്പെടുന്നു. |
| അതഃ | തന്നിമിത്തം |
| കർമ്മാത്മകഃ | പ്രാരബ്ധകർമ്മാത്മകമായ |
| ബന്ധഃ ച | ബന്ധവും |
| ഉച്ഛ്വസിതി | അഴിഞ്ഞുലഞ്ഞുപോകുന്നു. |

ലബ്ധാംഗസംഗം പ്രണതം കൃതാഞ്ജലിം
മാം വക്ഷ്യതേഽക്രൂര തതേത്യുരുശ്രവാഃ
തദാ വയം ജന്മഭൃതോ മഹീയസാ
നൈവാദൃതോ യോ ധിഗമുഷ്യ ജന്മ തത്. 21

| | |
|---|---|
| ലബ്ധാംഗസംഗം | "ആശ്ലേഷം ലഭിച്ച്, |
| പ്രണതം | നമസ്കരിച്ച്, |
| കൃതാഞ്ജലിം | കൂപ്പുകൈയോടുകൂടി നില്ക്കുന്ന |
| മാം | എന്നെ നോക്കി |
| ഉരുശ്രവാഃ | മഹായശസ്വിയായ അവിടുന്ന് |
| തത അക്രൂര | 'താത! അക്രൂര!' |
| ഇതി വക്ഷ്യതേ | എന്നു വിളിക്കും. |
| തദാ വയം | അന്നേരത്ത് ഞാൻ |
| ജന്മഭൃതഃ | ജന്മസാഫല്യം ലഭിച്ചവനായി ഭവിക്കുന്നതാണ്. |
| യഃ | എതൊരുവനാണോ |

| | |
|---|---|
| മഹീയസാ | സര്‍വ്വാരാധ്യനായ ഭഗവാനാല്‍ |
| ന ആദൃതഃ | സ്വകീയനായി സ്വീകരിച്ച് ആദരിക്കപ്പെടാത്തവന്‍ |

| | |
|---|---|
| അമുഷ്യ | അവന്റെ |
| തത് ജന്മ | ആ ജന്മം |
| ധിക് ഏവ | നിന്ദിതംതന്നെ. |

ന തസ്യ കശ്ചിത് ദയിതഃ സുഹൃത്തമോ
ന ചാപ്രിയോ ദ്വേഷ്യ ഉപേക്ഷ്യ ഏവ വാ
തഥാപി ഭക്താന്‍ ഭജതേ യഥാ തഥാ
സുരദ്രുമോ യദ്വദുപാശ്രിതോऽര്‍ത്ഥദഃ. 22

| | |
|---|---|
| തസ്യ | "അവിടുത്തേക്ക് |
| കശ്ചിത് | ഒരുവനെങ്കിലും |
| ദയിതഃ | പ്രീതിക്കു വിഷയീഭവിച്ച |
| സുഹൃത്തമഃ | ഉത്തമസുഹൃത്തായിട്ടോ, |
| അപ്രിയഃ | അപ്രീതിക്കു വിഷയീഭവിച്ച |
| ദ്വേഷ്യഃ ച | വിരോധിയായിട്ടോ |
| ന | ഇല്ല. |
| ഉപേക്ഷ്യഃ ഏവ വാ | (പ്രീതിക്കും അപ്രീതിക്കും വിഷയമാകാത്ത) ഉദാസീനന്‍തന്നെയായിട്ടോ |
| ന | ഇല്ല. |

| | |
|---|---|
| തഥാ അപി | എന്നിരിക്കിലും |
| സുരദ്രുമഃ | കല്പവൃക്ഷം |
| യദ്വത് | എതൊരുപ്രകാരം |
| ഉപാശ്രിതഃ | തല്‍സമീപത്തില്‍ചെന്ന് ആശ്രയിക്കപ്പെട്ടതായാല്‍ |
| അര്‍ത്ഥദഃ | അഭീഷ്ടഫലത്തെ ദാനം ചെയ്യുന്നുവോ, അതു പോലെ |
| ഭക്താന്‍ | സ്വഭക്തന്മാരെ മാത്രം |
| യഥാ തഥാ | അവരുടെ ഭക്തിക്കനുസരിച്ച് |
| ഭജതേ | ഭജിക്കുന്നതാണ്. |

കിഞ്ചാഗ്രജോ മാവനതം യദൂത്തമഃ
സ്മയന്‍ പരിഷ്വജ്യ ഗൃഹീതമഞ്ജലൌ
ഗൃഹം പ്രവേശ്യാപ്തസമസ്തസല്‍കൃതം
സംപ്രക്ഷ്യതേ കംസകൃതം സ്വബന്ധുഷു. 23

| | |
|---|---|
| കിം ച | "മാത്രമല്ല, |
| യദൂത്തമഃ | യാദവശ്രേഷ്ഠനായ |
| അഗ്രജഃ | ജ്യേഷ്ഠന്‍ (ബലരാമന്‍) |
| അവനതം | കുമ്പിട്ടുകൂപ്പിയ |
| മാ | എന്നെ |
| സ്മയന്‍ | ചിരിച്ചുകൊണ്ട് |
| പരിഷ്വജ്യ | ആശ്ലേഷിച്ച് |
| അഞ്ജലൌ | കൂപ്പുകൈയില്‍ |
| ഗൃഹീതം | പിടിക്കപ്പെട്ടവനായ എന്നെ |

| | |
|---|---|
| ഗൃഹം | ഗൃഹത്തിന്നകത്തേക്ക് |
| പ്രവേശ്യ | കൂട്ടിക്കൊണ്ടുപോയി, |
| ആപ്തസമസ്ത-സത്കൃതം | സര്‍വ്വോപചാരങ്ങളും ലഭിച്ച് സുഖമായിരിക്കുന്ന എന്നോട് |
| സ്വബന്ധുഷു | തന്റെ ബന്ധുക്കളില്‍ |
| കംസകൃതം | കംസനാല്‍ ഏല്പിക്കപ്പെട്ട ദ്രോഹത്തെക്കുറിച്ച് |
| സംപ്രക്ഷ്യതേ | സവിസ്തരം ചോദിക്കും." |

ശ്രീശുക ഉവാച = ശ്രീശുകന്‍ പറഞ്ഞു :—

ഇതി സഞ്ചിന്തയന്‍ കൃഷ്ണം ശ്വഫല്കതനയോऽധ്വനി
രഥേന ഗോകുലം പ്രാപ്തഃ സൂര്യശ്ചാസ്തഗിരിം നൃപ. 24

| | | | |
|---|---|---|---|
| നൃപ | രാജാവേ! | രഥേന | തേരിലേറി |
| ഇതി | ഈവിധം | ഗോകുലം | ഗോകുലത്തിലേക്ക് |
| ശ്വഫല്കതനയഃ | അക്രൂരൻ | പ്രാപ്തഃ | എത്തിച്ചേൎന്നു; |
| അദ്ധ്വനി | വഴിയിൽ | സൂൎയ്യഃ | ആദിത്യൻ |
| കൃഷ്ണം | ശ്രീകൃഷ്ണനെപ്പററി | അസ്തഗിരിം ച | അസ്തമനപൎവ്വതത്തിലേക്കും എത്തിച്ചേൎന്നു. |
| സഞ്ചിന്തയൻ | ചിന്തിച്ചുകൊണ്ടു് | | |

പദാനി തസ്യാഖിലലോകപാലകിരീടജുഷ്ടാമലപാദരേണോഃ
ദദൎശ ഗോഷ്ഠേ ക്ഷിതികൌതുകാനി വിലക്ഷിതാന്യബ്ജയവാങ്കുശാദ്യൈഃ.

| | | | |
|---|---|---|---|
| ഗോഷ്ഠേ | ആ ഗോകുലത്തിൽ | അഖില— ലോകപാല— കിരീടജുഷ്ടാ— മലപാദരേണോഃ | സൎവ്വലോകപാലന്മാരാലും കിരീടങ്ങളിൽ ധരിക്കപ്പെട്ട വിശുദ്ധ പാദരേണുക്കളോടു കൂടിയ |
| ക്ഷിതി— കൌതുകാനി | ഭൂമിക്ക് അലങ്കാരമായി ശോഭിക്കുന്നവയും, | തസ്യ | ഭഗവാന്റെ |
| അബ്ജയവാ- ങ്കുശാദ്യൈഃ | താമര, യവം, അങ്കുശം എന്നു തുടങ്ങിയ രേഖകളാൽ | പദാനി | തൃക്കാലടികളെ |
| വിലക്ഷിതാനി | അങ്കിതങ്ങളായുള്ളവയും ആയ | ദദൎശ | അക്രൂരൻ കണ്ടു. |

തദ്ദൎശനാഹ്ലാദവിവൃദ്ധസംഭ്രമഃ പ്രേമ്ണോൎദ്ധ്വരോമാശ്രുകലാകുലേക്ഷണഃ
രഥാദവസ്കന്ദ്യ സ തേഷ്വചേഷ്ടത പ്രഭോരമൂന്യങ്ഘ്രിരജാംസ്യഹോ ഇതി.

| | | | |
|---|---|---|---|
| തദ്ദൎശനാ— ഹ്ലാദവിവൃദ്ധ— സംഭ്രമഃ | അവയെ കണ്ടതുകൊണ്ടുണ്ടായ ആനന്ദത്താൽ വ്യാകുലതവൎദ്ധിച്ചവനും | സഃ | ആ അക്രൂരൻ |
| പ്രേമ്ണാ | ഭക്തിയാൽ | അഹോ അമൂനി | 'ആഹാ! ഇവ |
| ഊൎദ്ധ്വരോമാ | കോൾമയിർക്കൊണ്ടവനും, | പ്രഭോഃ | സൎവ്വേശ്വരന്റെ |
| അശ്രുകലാ— കുലേക്ഷണഃ | ആനന്ദബാഷ്പപ്രസരത്താൽ ആകുലനേത്രനും ആയ | അങ്ഘ്രി— രജാംസി | തൃപ്പാദരേണുക്കളല്ലേ!' |
| | | ഇതി | എന്നു് ഉള്ളിലോൎത്തു് |
| | | രഥാത് | തേരിൽനിന്നു് |
| | | അവസ്കന്ദ്യ | കുതിച്ചുചാടി, |
| | | തേഷു | ആ പൊടികളിൽ |
| | | അചേഷ്ടത | കിടന്നുരുണ്ടു. |

ദേഹം ഭൃതാമിയാനൎത്ഥോ ഹിത്വാ ദംഭം ഭിയം ശുചം
സന്ദേശാദ് യോ ഹരേൎല്ലിംഗദൎശനശ്രവണാദിഭിഃ

27

| | | | |
|---|---|---|---|
| സന്ദേശാത് | കംസന്റെ സന്ദേശംകേട്ടു പുറപ്പെട്ടതിന്നുശേഷം | ലിംഗദൎശന— ശ്രവണാദിഭിഃ | തൃപ്പാദചിഹ്നം കാണുകയും അവിടത്തെ ഗുണമഹിമകൾ കേൾക്കുകയും മററും ചെയ്കയാൽ |
| ഹരേഃ | ശ്രീഹരിയുടെ | | |

| | | | |
|---|---|---|---|
| ദംഭം | കപടത്തേയും, | ഇയാൻ | ഇതൊന്നുമാത്രമാണ് |
| ഭയം | ഭയത്തേയും, | ദേഹം ഭൃതാം | ശരീരത്തെ ധരിക്കുന്ന സമസ്തജീവാത്മാക്കൾക്കും ഉണ്ടാകേണ്ടുന്ന |
| ശുചം | ശോകത്തേയും | | |
| ഹിത്വാ | കൈവിട്ട് | | |
| യഃ | യാതൊരുഭാവം അക്രൂരന്നുണ്ടായെ | അർത്ഥഃ | പരമപുരുഷാർത്ഥം. |

(നോട്ട് :— ഭഗവാൻെറ തൃക്കാൽ പതിഞ്ഞുള്ള പൊടിമണ്ണിൽ അക്രൂരൻ വീണുരുണ്ടതായി പറഞ്ഞുവല്ലോ. ഇതു് വെറും കാട്ടിക്കൂട്ടലോ, ഭയശോകാദികളുടെ പ്രദർശനമോ ആയിരുന്നില്ല. യാതൊരു ഫലാപേക്ഷയും അതിലില്ല. അക്രൂരനിൽ കണ്ടതായ ഇത്തരം ഭക്തിപാരവശ്യം ഒന്നുമാത്രമാണ് സമസ്തശരീരികളും സാധിക്കേണ്ടുന്ന പുരുഷാർത്ഥം.)

ദദർശ കൃഷ്ണം രാമം ച വ്രജേ ഗോദോഹനം ഗതൌ
പീതനീലാംബരധരൌ ശരദംബുരുഹേക്ഷണൌ. 28

| | | | |
|---|---|---|---|
| വ്രജേ | ഗോകുലത്തിൽ | ശരദംബുരുഹേക്ഷണൌ | ശരൽക്കാലത്തിലെ ചെന്താമരപ്പുഷ്പംപോലുള്ള കണ്ണിണകളോടു കൂടിയവരും ആയ |
| ഗോദോഹനം | പൈക്കളെ കറക്കുന്നേടത്തു് | | |
| ഗതൌ | ചെന്നുനില്ക്കുന്നവരും, | | |
| പീതനീലാംബരധരൌ | മഞ്ഞപ്പട്ടും നീലപ്പട്ടും യഥാക്രമം ഉടുത്തിരിക്കുന്നവരും, | കൃഷ്ണം | ശ്രീകൃഷ്ണനേയും, |
| | | രാമം ച | ശ്രീബലഭദ്രനേയും |
| | | ദദർശ | അക്രൂരൻ കണ്ടു. |

കിശോരൌ ശ്യാമളശ്വേതൌ ശ്രീനികേതൌ ബൃഹദ്ഭുജൌ
സുമുഖൌ സുന്ദരവരൌ ബാലദ്വിരദവിക്രമൌ. 29

| | | | |
|---|---|---|---|
| കിശോരൌ | (അവർ) കുട്ടിപ്രായം വിട്ടിട്ടില്ലാത്തവരും, | ബൃഹദ്ഭുജൌ | ദീർഘബാഹുക്കളും, |
| | | സുമുഖൌ | ശോഭനമുഖന്മാരും, |
| ശ്യാമളശ്വേതൌ | നീലനിറവും വെളുത്ത നിറവും ചേർന്നിരിക്കുന്നവരും, | സുന്ദരവരൌ | സുന്ദരശ്രേഷ്ഠന്മാരും, |
| | | ബാലദ്വിരദവിക്രമൌ | ആനക്കുട്ടികളെപ്പോലെ ചന്തത്തിൽ നടക്കുന്നവരും ആയിരുന്നു. |
| ശ്രീനികേതൌ | ശോഭാതിശയത്തിന്നു് ഇരിപ്പിടമായവരും | | |

ധ്വജവജ്രാങ്കുശാംഭോജൈശ്ചിഹ്നിതൈരങ്ഘ്രിഭിർവ്രജം
ശോഭയന്തൌ മഹാത്മാനാവനുക്രോശസ്മിതേക്ഷണൌ. 30

| | | | |
|---|---|---|---|
| ധ്വജവജ്രാങ്കുശാംഭോജൈഃ | ധ്വജം, വജ്രം, അങ്കുശം, താമര എന്നിവയാൽ | ശോഭയന്തൌ | ശോഭിപ്പിക്കുന്നവരും, |
| | | മഹാത്മാനൌ | മഹാത്മാക്കളും, |
| ചിഹ്നിതൈഃ | അങ്കിതങ്ങളായ | അനുക്രോശസ്മിതേക്ഷണൌ | കാരുണ്യംകലർന്ന മന്ദസ്മിതേക്ഷണങ്ങളോടുകൂടിയവരും ആയിരുന്നു. |
| അങ്ഘ്രിഭിഃ | തൃച്ചേവടികൾകൊണ്ടു് | | |
| വ്രജം | ഗോകുലഭൂമിയെ | | |

ഉദാരരുചിരക്രീഡൌ സ്രഗ്വിണൌ വനമാലിനൌ
പുണ്യഗന്ധാനുലിപ്താംഗൌ സ്നാതൌ വിരജവാസസൌ. 31

ഉദാര-രുചിരക്രീഡൌ — മഹത്വവും മനോഹാരിതയും ചേൎന്ന കളികളോടുകൂടിയവരും,
സ്രഗ്വിണൌ — രത്നമാല്യങ്ങൾ ധരിച്ചവരും,
വനമാലിനൌ — വനമാലയണിഞ്ഞവരും,
പുണ്യഗന്ധാനുലിപ്താംഗൌ — നറുമണമുള്ള കളഭക്കൂട്ടിനാൽ അനുലേപനം ചെയ്യപ്പെട്ട അംഗങ്ങളോടുകൂടിയവരും,
സ്നാതൌ — നീരാട്ടുകഴിഞ്ഞവരും,
വിരജ-വാസസൌ — അഴുക്കില്ലാത്ത വസ്ത്രം ധരിച്ചവരും ആയിരുന്നു.

പ്രധാനപുരുഷാവാദ്യൌ ജഗദ്ധേതൂ ജഗത്പതീ
അവതീൎണ്ണൌ ജഗത്യൎത്ഥേ സ്വാംശേന ബലകേശവൌ. 32

പ്രധാനപുരുഷൌ — പുരുഷോത്തമന്മാരും,
ആദ്യൌ — സൃഷ്ടിക്കുമുമ്പുതന്നെയുള്ളവരും,
ജഗദ്ധേതൂ — ജഗത്തിന്നു കാരണഭൂതരും,
ജഗത്പതീ — ജഗത്തിനെ പാലിക്കുന്നവരും,
ജഗത്യൎത്ഥേ — ജഗത്തിന്റെ നന്മക്കായി
ബലകേശവൌ — ബലഭദ്രനായും, കൃഷ്ണനായും
സ്വാംശേന — സ്വാംശംകൊണ്ടു രൂപഭേദത്തോടെ
അവതീൎണ്ണൌ — അവതരിച്ചവരും ആയിരുന്നു.

ദിശോ വിതിമിരാ രാജൻ കുൎവ്വാണൌ പ്രഭയാ സ്വയാ
യഥാ മാരകതഃ ശൈലോ രൌപ്യശ്ച കനകാചിതൌ. 33

രാജൻ — രാജാവേ! (അവർ)
കനകാചിതൌ — പൊന്നണിഞ്ഞവരും,
മാരകതഃ — മരകതക്കല്ലുകൊണ്ടുള്ളതും
രൌപ്യഃ ച — വെള്ളികൊണ്ടുള്ളതും ആയ
ശൈലഃ യഥാ — മലയെന്നപോലെ
സ്വയാ — സ്വകീയമായ
പ്രഭയാ — ദേഹകാന്തികൊണ്ടും
ദിശഃ — പത്തുദിക്കിനേയും
വിതിമിരാഃ — ഇരുളറ്റതാക്കി
കുൎവ്വാണൌ — തീൎത്തുകൊണ്ടിരിക്കുന്നവരും ആയിരുന്നു.

രഥാത്തൂൎണ്ണമവപ്ലുത്യ സോഽക്രൂരഃ സ്നേഹവിഹ്വലഃ
പപാത ചരണോപാന്തേ ദണ്ഡവദ് രാമകൃഷ്ണയോഃ. 34

സ്നേഹവിഹ്വലഃ — സ്നേഹവിവശനായ
സഃ അക്രൂരഃ — ആ അക്രൂരൻ
തൂൎണ്ണം രഥാത് — ഉടനെത്തന്നെ തേരിൽനിന്നു്
അവപ്ലുത്യ — ചാടിയിറങ്ങി,
രാമകൃഷ്ണയോഃ — രാമകൃഷ്ണന്മാരുടെ
ചരണോപാന്തേ — പാദാന്തികത്തിൽ
ദണ്ഡവത് — വടിപോലെ
പപാത — വീണുനമസ്കരിച്ചു.

ഭഗവദ്ദൎശനാഹ്ലാദബാഷ്പപൎയ്യാകുലേക്ഷണഃ
പുളകാചിതാംഗ ഔത്കണ്ഠ്യാത്സ്വാഖ്യാനേ നാശകന്നൃപ. 35

| | | | |
|---|---|---|---|
| നൃപ | രാജാവേ! | | ആയ അക്രൂരൻ |
| ഭഗവദ്ദർശനാഹ്ലാദബാഷ്പപര്യാകുലേക്ഷണഃ | ഭഗവദ്ദർശനത്താലുണ്ടായ ആനന്ദബാഷ്പത്താൽ കലങ്ങിയ കൺകളോടു കൂടിയവനും, | ഔത്കണ്ഠ്യാത് | കണ്ണീരാൽ കണ്ഠനിരോധം വന്നതുകൊണ്ട് |
| പുളകാചിതാംഗഃ | പുളകവ്യാപ്തശരീരനും | സ്വാഖ്യാനേ | തന്റെ പേർ പറയുന്നതിനുപോലും |
| | | ന അശകത് | ശക്തനായില്ല. |

ഭഗവാംസ്തമഭിപ്രേത്യ രഥാംഗാങ്കിതപാണിനാ
പരിരേഭേഽഭ്യുപാകൃഷ്യ പ്രീതഃ പ്രണതവത്സലഃ. 36

| | | | |
|---|---|---|---|
| പ്രണതവത്സലഃ | വണങ്ങുന്നവരിൽ വാത്സല്യമുള്ള | പ്രീതഃ | സന്തുഷ്ടനായിട്ട് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | രഥാംഗാങ്കിതപാണിനാ | ചക്രായുധത്തിന്റെ രേഖ പതിഞ്ഞ കൈയാൽ |
| തം | അദ്ദേഹത്തെ | അഭ്യുപാകൃഷ്യ | അടുത്തേക്കണച്ച് |
| അഭിപ്രേത്യ | മനസ്സിലാക്കി | പരിരേഭേ | ആലിംഗനം ചെയ്തു. |

സങ്കർഷണശ്ച പ്രണതമുപഗുഹ്യ മഹാമനാഃ
ഗൃഹീത്വാ പാണിനാ പാണീ അനയത് സാനുജോ ഗൃഹം. 37

| | | | |
|---|---|---|---|
| മഹാമനാഃ | മഹാമനസ്വിയായ | പാണീ | ആ അക്രൂരന്റെ കൂപ്പിയ ഇരുകരത്തേയും |
| സങ്കർഷണഃ ച | ശ്രീബലരാമനും | ഗൃഹീത്വാ | പിടിച്ചുകൊണ്ട് |
| പ്രണതം | വീണുവണങ്ങിയ അക്രൂരനെ | സാനുജഃ | അനുജനോടുകൂടി |
| ഉപഗുഹ്യ | ആശ്ലേഷിച്ച് | ഗൃഹം | ഗൃഹത്തിലേക്ക് |
| പാണിനാ | തൻ കരത്താൽ | അനയത് | കൊണ്ടുവന്നു. |

പൃഷ്ട്വാഥ സ്വാഗതം തസ്മൈ നിവേദ്യ ച വരാസനം
പ്രക്ഷാല്യ വിധിവത് പാദൗ മധുപർക്കാർഹണമാഹരത്. 38

| | | | |
|---|---|---|---|
| അഥ | അനന്തരം | വിധിവത് | വേണ്ടവിധം |
| തസ്മൈ | അദ്ദേഹത്തിന്ന് | പാദൗ പ്രക്ഷാല്യ | കാൽകഴുകിച്ച് |
| സ്വാഗതം പൃഷ്ട്വാ | സ്വാഗതമരുളുകയും, | മധുപർക്കാർഹണം | മധുപർക്കമാവുന്ന സൽക്കാരത്തെ |
| വരാസനം | ഭദ്രാസനത്തെ | ആഹരത് | കൊണ്ടുവന്നു നല്കി. |
| നിവേദ്യ ച | ഇരിപ്പാൻ കൊടുക്കുകയും ചെയ്തശേഷം | | |

നിവേദ്യ ഗാം ചാതിഥയേ സംവാഹ്യ ശ്രാന്തമാദൃതഃ
അന്നം ബഹുഗുണം മേധ്യം ശ്രദ്ധയോപാഹരദ്വിഭുഃ. 39

| | | | |
|---|---|---|---|
| ആദൃതഃ | ആദരവോടുകൂടിയ | അതിഥയേ | അതിഥിയായ ആ അക്രൂരന്ന് |
| വിഭുഃ | ബലരാമൻ | | |

| | |
|---|---|
| ഗാം | ഒരു പശുവിനെ |
| നിവേദ്യ ച | നല്കിയശേഷം (ഇതു് ഒരു മംഗളോപചാരമാകുന്നു.) |
| ശ്രാന്തം | യാത്രാക്ഷീണത്താൽ തളൎന്ന അദ്ദേഹത്തെ |
| സംവാഹ്യ | കൈകാലുകൾ തടവിക്കൊടുത്തു് ശുശ്രൂഷിച്ച്, |
| മേദ്ധ്യം | ശുചിത്വമുള്ളതും |
| ബഹുഗുണം | വിവിധരസങ്ങളോടു കൂടിയതുമായ |
| അന്നം ശ്രദ്ധയാ | ഭക്ഷണം ശ്രദ്ധയോടെ |
| ഉപാഹരത് | വിളമ്പിക്കൊടുത്തു. |

തസ്മൈ ഭുക്തവതേ പ്രീത്യാ രാമഃ പരമധൎമ്മവിത്
മുഖവാസൈൎഗ്ഗന്ധമാല്യൈഃ പരാം പ്രീതിം വ്യധാത് പുനഃ. 40

| | |
|---|---|
| ഭുക്തവതേ | ഭക്ഷണം കഴിഞ്ഞിരിക്കുന്ന |
| തസ്മൈ | ആ അക്രൂരന്നു് |
| പരമധൎമ്മവിത് | ഉത്തമധൎമ്മജ്ഞനായ |
| രാമഃ | ബലരാമൻ |
| പ്രീത്യാ | പ്രീതിയോടുകൂടി |
| മുഖവാസൈഃ | കൎപ്പൂരതാംബൂലാദികൾ കൊണ്ടും, |
| ഗന്ധമാല്യൈഃ | ഗന്ധമാല്യങ്ങൾ കൊണ്ടും |
| പരാം പ്രീതിം | ഉയൎന്ന പ്രീതിയെ |
| പുനഃ വ്യധാത് | വീണ്ടും ഉളവാക്കി. |

പപ്രച്ഛ സത്കൃതം നന്ദഃ കഥം സ്ഥ നിരനുഗ്രഹേ
കംസേ ജീവതി ദാശാൎഹ സൌനപാലാ ഇവാവയഃ. 41

| | |
|---|---|
| സത്കൃതം | ഇങ്ങനെ സൽക്കരിക്കപ്പെട്ട അക്രൂരനോടു് |
| നന്ദഃ | നന്ദഗോപർ |
| പപ്രച്ഛ | ചോദിച്ചു. |
| ദാശാൎഹ | "അല്ലയോ അക്രൂര! |
| നിരനുഗ്രഹേ | അതിക്രൂരനായ |
| കംസേ | കംസൻ |
| ജീവതി | ജീവിച്ചുകൊണ്ടിരിക്കേ, |
| സൌനപാലാഃ | കശാപ്പുകാരൻ പോററുന്ന |
| അവയഃ ഇവ | ചെമ്മരിയാടുകൾ പോലെ |
| കഥം സ്ഥ | നിങ്ങളെല്ലാം എങ്ങനെ കഴിഞ്ഞുകൂടുന്നു? |

യോഽവധീത് സ്വസ്വസുസ്തോകാൻ ക്രോശന്ത്യാ അസുതൃപ് ഖലഃ
കിം നു സ്വിത്തത്പ്രജാനാം വഃ കുശലം വിമൃശാമഹേ.

| | |
|---|---|
| അസുതൃപ് | "തന്റെ ജീവനെമാത്രം തൃപ്തിപ്പെടുത്തുന്ന |
| യഃ ഖലഃ | യാതൊരു ദുഷ്ടനാണോ |
| ക്രോശന്ത്യാഃ | കരഞ്ഞുതൊഴിക്കുന്ന |
| സ്വസ്വസുഃ | സ്വന്തം സോദരിയുടെ |
| തോകാൻ | പിഞ്ചുകിടാങ്ങളെ |
| അവധീത് | കൊന്നുകളഞ്ഞതു്, |
| തത്പ്രജാനാം | അവന്റെ നാട്ടിലെ പ്രജകളായ |
| വഃ | നിങ്ങൾക്കു് |
| കുശലം | ജീവിതസൌഖ്യം |
| കിം നു സ്വിത് | എങ്ങിനെയാണെന്നോ വരുക എന്നു് |
| വിമൃശാമഹേ | ഞങ്ങൾ ചിന്തിച്ചുനോക്കയാണു്." |

ഇത്ഥം സൂനൃതയാ വാചാ നന്ദേന സുസഭാജിതഃ
അക്രൂരഃ പരിപൃഷ്ടേന ജഹാവധ്വപരിശ്രമം. 43

| | | | |
|---|---|---|---|
| നന്ദേന | നന്ദഗോപനാൽ | പരിപൃഷ്ടേന | ചോദ്യത്താൽ |
| ഇത്ഥം | ഇപ്രകാരം | സുസഭാജിതഃ | നന്നായി ഉപചരിക്കപ്പെട്ട |
| സൂനൃതയാ | പ്രിയവും സത്യവുമായ | അക്രൂരഃ | അക്രൂരൻ |
| | | അധ്വപരിശ്രമം | വഴിക്ഷീണത്തെ |
| വാചാ | വാക്കുകൊണ്ടുള്ള | ജഹൌ | വിട്ടുകളഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരാഗമനം നാമാഷ്ടത്രിംശോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1510.

## ഏകോനചത്വാരിംശോഽദ്ധ്യായഃ—മുപ്പത്തൊമ്പതാമദ്ധ്യായം.

[നവത്രിംശേ പുരീം ഗച്ഛത്യച്യുതേ ഗോപികോക്തയഃ
അക്രൂരേണാഥ കാളിന്ദ്യാം വിഷ്ണുലോകസ്യ ദർശനം.]

(ഭഗവാൻ മഥുരയിലേക്കു പുറപ്പെട്ടപ്പോൾ ഗോപികൾ വിലപിക്കുന്നതു്;
അക്രൂരൻ യമുനാനദിയിൽ മുങ്ങി വിഷ്ണുലോകം ദർശിക്കുന്നതു്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

സുഖോപവിഷ്ടഃ പര്യങ്കേ രാമകൃഷ്ണോരുമാനിതഃ
ലേഭേ മനോരഥാൻ സർവ്വാൻ പഥി യാൻ സ ചകാര ഹ. 1

| | | | |
|---|---|---|---|
| രാമകൃഷ്ണോ-രുമാനിതഃ | രാമകൃഷ്ണന്മാരാൽ ഏററവും അധികം ബഹുമാനിതനായി | പഥി | വഴിക്കുവെച്ച് |
| | | യാൻ | യാവചില |
| | | മനോരഥാൻ | മനോരഥങ്ങളേയാണോ |
| പര്യങ്കേ | മെത്തമേൽ | ചകാര | കരുതിയിരുന്നതു് |
| സുഖോപവിഷ്ടഃ | സുഖമായി വിശ്രമിച്ചുകൊണ്ടിരിക്കുന്ന | സർവ്വാൻ | അവയെ മുഴുവനും |
| | | ലേഭേ | നേടിക്കഴിഞ്ഞു ; |
| സഃ | ആ അക്രൂരൻ | ഹ | അത്ഭുതം ! |

കിമലഭ്യം ഭഗവതി പ്രസന്നേ ശ്രീനികേതനേ
തഥാപി തത്പരാ രാജന്ന ഹി വാഞ്ഛന്തി കിഞ്ചന. 2

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | കിം | എന്തുണ്ട് ? |
| ശ്രീനികേതനേ | മഹാലക്ഷ്മിയുടെ ആവാസസ്ഥാനമായ | തഥാ അപി | എങ്കിലും |
| ഭഗവതി | ശ്രീഭഗവാൻ | തത്പരാഃ | അവിടുത്തെ ഭക്തന്മാർ |
| പ്രസന്നേ | പ്രസാദിച്ചുകഴിഞ്ഞാൽ | കിഞ്ചന ഹി | യാതൊന്നും തന്നെ |
| അലഭ്യം | ലഭിക്കാനാവാത്തതു് | ന വാഞ്ഛന്തി | ആശിക്കമാറില്ല. |

സായന്തനാശനം കൃത്വാ ഭഗവാൻ ദേവകീസുതഃ
സുഹൃത്സു വൃത്തം കംസസ്യ പപ്രച്ഛാന്യച്ചികീർഷിതം. 3

| | |
|---|---|
| ദേവകീസുതഃ | ദേവകീപുത്രനായ |
| ഭഗവാൻ | ഭഗവാൻ |
| സായന്തനാശനം കൃത്വാ | അത്താഴംകഴിഞ്ഞശേഷം (അക്രൂരനോട്) |
| സുഹൃത്സു | തന്റെ ബന്ധുജനങ്ങളായ യാദവന്മാരിൽ |
| കംസസ്യ വൃത്തം | കംസൻ നടത്തിയതും, |
| ചികീർഷിതം | മേലിൽ നടത്താൻ പോകുന്നതും |
| അന്യത് | മററുമായ കാൎയ്യത്തെ കുറിച്ച് |
| പപ്രച്ഛ | അന്വേഷിച്ചു. |

ശ്രീഭഗവാനുവാച=ഭഗവാൻ പറഞ്ഞു :—

താത സൌമ്യാഗതഃ കച്ചിത് സ്വാഗതം ഭദ്രമസ്തു വഃ
അപി സ്വജ്ഞാതിബന്ധൂനാമനമീവമനാമയം. 4

| | |
|---|---|
| താത സൌമ്യ | പിതൃവ്യ ! സാധുശീല ! |
| സ്വാഗതം | സുഖയാത്രയായിട്ട് |
| ആഗതഃ കച്ചിത് | എത്തിച്ചേർന്നതല്ലേ ? |
| വഃ | നിങ്ങൾക്ക് |
| ഭദ്രം അസ്തു | നന്മയുണ്ടാകട്ടെ. |
| സ്വജ്ഞാതിബന്ധൂനാം | സ്വകീയന്മാൎക്കും, കുടുംബക്കാൎക്കും, ബന്ധുക്കാൎക്കും |
| അപി അനമീവം | സുഖമല്ലേ ? |
| അനാമയം | രോഗാനൎത്ഥങ്ങളില്ലാതെ ഇരിക്കുന്നില്ലേ ? |

കിം നു നഃ കുശലം പൃച്ഛേ ഏധമാനേ കുലാമയേ
കംസേ മാതുലനാമ്ന്യംഗ സ്വാനാം നസ്തത്പ്രജാസു ച. 5

| | |
|---|---|
| അംഗ | പിതൃവ്യ ! |
| മാതുലനാമ്നി | പേരിന്നുമാത്രം അമ്മാമനും |
| നഃ കുലാമയേ | കാൎയ്യംകൊണ്ടു നമ്മുടെ വംശത്തിന്ന് ഒരു മഹാവ്യാധിയും ആയിരിക്കുന്ന |
| കംസേ | കംസൻ |
| ഏധമാനേ | ഏററംകൊണ്ടിരിക്കും കാലത്തിൽ |
| നഃ | നമ്മുടെ |
| സ്വാനാം | കുടുംബക്കാൎക്കും |
| തത്പ്രജാസു ച | അവന്റെ പ്രജകളുടെ ഇടയിലും |
| കിം കുശലം | എന്തു ക്ഷേമവാൎത്തയെപ്പററി |
| പൃച്ഛേ നു | ചോദിപ്പാനുണ്ട് ? |

അഹോ അസ്മദഭൂദ് ഭൂരി പിത്രോർവൃജിനമാൎയ്യയോഃ
യദ്ധേതോഃ പുത്രമരണം യദ്ധേതോർബന്ധനം തയോഃ. 6

| | |
|---|---|
| അഹോ | കഷ്ടം ! |
| അസ്മത് | ഞങ്ങൾനിമിത്തം |
| ആൎയ്യയോഃ | സംപൂജ്യരായ |
| പിത്രോഃ | അച്ഛനമ്മമാൎക്ക് |
| ഭൂരി വൃജിനം | കടുത്ത ദുഃഖം |
| അഭൂത് | സംഭവിച്ചുവല്ലോ. |

| | |
|---|---|
| യദ്ധേതോഃ | യാതൊരു ഞങ്ങടെ നിമിത്തമായി |
| തയോഃ | അവക്ക് |
| പുത്രമരണം | പുത്രമരണം സംഭവിച്ചു. |
| യദ്ധേതോഃ | യാതൊരു ഞങ്ങടെ നിമിത്തമായി |
| ബന്ധനം | അവക്ക് ബന്ധനം ലഭിച്ചു. |

ദിഷ്ട്യാദ്യ ദർശനം സ്വാനാം മഹ്യം വഃ സൌമ്യ കാംക്ഷിതം
സഞ്ജാതം വർണ്ണ്യതാം താത തവാഗമനകാരണം. 7

| | |
|---|---|
| സൌമ്യ | ഹേ സാധുശീല ! |
| മഹ്യം | എനിക്ക് |
| സ്വാനാം | സ്വന്തം ആളുകളായ |
| വഃ | നിങ്ങളുടെ |
| ദർശനം | സന്ദർശനം |
| കാംക്ഷിതം | ആഗ്രഹിക്കപ്പെട്ട കാര്യമാണ്. |
| അദ്യ | ഇന്ന് അത് |
| സഞ്ജാതം | ഉണ്ടായിക്കഴിഞ്ഞത് |
| ദിഷ്ട്യാ | സന്തോഷകരംതന്നെ. |
| താത | പിതൃവ്യ ! |
| തവ | അങ്ങയുടെ |
| ആഗമനകാരണം | വരവിനുള്ള കാരണം |
| വർണ്ണ്യതാം | വിസ്തരിച്ചു പറയപ്പെട്ടാലും. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു —

പൃഷ്ടോ ഭഗവതാ സർവ്വം വർണ്ണയാമാസ മാധവഃ
വൈരാനുബന്ധം യദുഷു വസുദേവവധോദ്യമം. 8

യത്സന്ദേശോ യദർത്ഥം വാ ദൂതഃ സംപ്രേഷിതഃ സ്വയം
യദുക്തം നാരദേനാസ്യ സ്വജന്മാനകദുന്ദുഭേഃ. 9

| | |
|---|---|
| ഭഗവതാ | ഭഗവാനാൽ |
| പൃഷ്ടഃ | ഈ വിധം ചോദിക്കപ്പെട്ട |
| മാധവഃ | അക്രൂരൻ |
| യദുഷു | യാദവരിൽ |
| വൈരാനുബന്ധം | കംസന്റെ വിദ്വേഷം തുടർന്നുവരുന്നതും, |
| വസുദേവവധോദ്യമം | വസുദേവനെ കൊല്ലുവാനുള്ള അവന്റെ പുറപ്പാടും, |
| യത്സന്ദേശഃ | ഇന്ന സന്ദേശത്തോടു കൂടിയവനായും |
| യദർത്ഥം വാ | ഇന്ന ആവശ്യത്തിന്നായും |
| സ്വയം ദൂതഃ | താൻ ദൂതനായിട്ട് |
| പ്രേഷിതഃ | അയക്കപ്പെട്ടവനാണെന്നും, |
| ആനകദുന്ദുഭേഃ | വസുദേവനിൽനിന്ന് |
| സ്വജന്മ | തന്റെ (ഭഗവാന്റെ) ജനനം ഉണ്ടായത് |
| നാരദേന | ശ്രീനാരദനാൽ |
| ഉക്തം യത് | പറഞ്ഞു ധരിക്കപ്പെട്ട എന്നുള്ളതും |
| സർവ്വം അസ്യ | എല്ലാം ഭഗവാനോട് |
| വർണ്ണയാമാസ | വിസ്തരിച്ചുപറഞ്ഞു. |

ശ്രുത്വാഽക്രൂരവചഃ കൃഷ്ണോ ബലശ്ച പരവീരഹാ
പ്രഹസ്യ നന്ദം പിതരം രാജ്ഞാഽഽദിഷ്ടം വിജജ്ഞതുഃ. 10

| | |
|---|---|
| അക്രൂരവചഃ | അക്രൂരന്റെ വാക്കിനെ |
| ശ്രുത്വാ | കേട്ട്, |
| പരവീരഹാ | ശത്രുവീരന്മാരെ സംഹരിക്കുന്ന |

| | | | |
|---|---|---|---|
| കൃഷ്ണഃ | ശ്രീകൃഷ്ണനും, | ആദിഷ്ടം | കല്പിക്കപ്പെട്ടിരിക്കുന്നതു് |
| ബലഃ ച | ബലരാമനും | പിതരം | പിതാവായ |
| പ്രഹസ്യ | നന്നായൊന്നു ചിരിച്ച് | നന്ദം | നന്ദഗോപരെ |
| രാജ്ഞാ | രാജാവായ കംസനാൽ | വിജജ്ഞതുഃ | അറിയിച്ചു. |

ഗോപാൻ സമാദിശത് സോऽപി ഗൃഹ്യതാം സർവ്വഗോരസഃ
ഉപായനാനി ഗൃഹ്ണീധ്വം യുജ്യന്താം ശകടാനി ച. 11

| | | | |
|---|---|---|---|
| സഃ അപി | ആ നന്ദഗോപരാകട്ടെ | ഉപായനാനി | കാഴ്ചവെക്കുവാനുള്ള സാധനങ്ങളേയും |
| ഗോപാൻ | ഗോപന്മാരോട് | | |
| സമാദിശത് | ആജ്ഞാപിച്ചു. | ഗൃഹ്ണീധ്വം | എടുത്തുകൊൾവിൻ. |
| സർവ്വഗോരസഃ | "എല്ലാ ഗോരസവും | ശകടാനി ച | വണ്ടികളും |
| ഗൃഹ്യതാം | സംഭരിച്ചെടുക്കപ്പെടേണ്ടതാണ്. | യുജ്യന്താം | കെട്ടിയൊരുക്കപ്പെടേണ്ടണം. |

യാസ്യാമഃ ശ്വോ മധുപുരീം ദാസ്യാമോ നൃപതേ രസാൻ
ദ്രക്ഷ്യാമഃ സുമഹത് പർവ്വ യാന്തി ജാനപദാഃ കില 12

| | | | |
|---|---|---|---|
| ശ്വഃ | "നാളെ | സുമഹത് | ഏററവും കേമമായ |
| മധുപുരീം | മഥുരയിലേക്ക് | പർവ്വ | ധനുർയ്യാഗോത്സവം |
| യാസ്യാമഃ | നാം പോകണം ; | ദ്രക്ഷ്യാമഃ | നമുക്കു കാണാം. |
| നൃപതേഃ | രാജാവിന്നു് | ജാനപദാഃ | എല്ലാ ഉൾനാട്ടുകാരും |
| രസാൻ | ഗോരസങ്ങളെ | | |
| ദാസ്യാമഃ | കാഴ്ചയായി കൊടുക്കണം. | യാന്തി കില | പോകുന്നുണ്ടത്രെ." |

ഏവമാഘോഷയത് ക്ഷത്ത്രാ നന്ദഗോപഃ സ്വഗോകുലേ.
ഗോപ്യസ്താസ്തദുപശ്രുത്യ ബഭൂവുർവ്യഥിതാ ഭൃശം
രാമകൃഷ്ണൗ പുരീം നേതുമക്രൂരം വ്രജമാഗതം. 13

| | | | |
|---|---|---|---|
| ഏവം | എന്നിപ്രകാരം | പുരീം | രാജധാനിയിലേക്ക് |
| നന്ദഗോപഃ | നന്ദഗോപർ | നേതും | കൂട്ടിക്കൊണ്ടുപോകുവാൻ |
| ക്ഷത്ത്രാ | ഒരു രക്ഷാപുരുഷൻ മുഖേന | അക്രൂരം | അക്രൂരനെന്ന ഒരാൾ |
| സ്വഗോകുലേ | തന്റെ ഗോകുലത്തിലെല്ലാടവും | വ്രജം ആഗതം | ഗോകുലത്തിൽ വന്നിരിക്കുന്നുവെന്നു് |
| ആഘോഷയത് | വിളംബരം ചെയ്തു. | ഉപശ്രുത്യ | കേട്ട് |
| തത് | അന്നേരത്തു് | ഭൃശം | ഏററവും |
| താഃ ഗോപ്യഃ | ആ ഗോപികമാർ | വ്യഥിതാഃ | ദുഃഖിതകളായി |
| രാമകൃഷ്ണൗ | രാമനേയും കൃഷ്ണനേയും | ബഭൂവുഃ | ഭവിച്ചു. |

കാശ്ചിത്തത്കൃതഹൃത്താപശ്വാസമ്ലാനമുഖശ്രിയഃ
സ്രംസദ്ദുകൂലവലയകേശഗ്രന്ഥ്യശ്ച കാശ്ചന. 14

കാശ്ചിത് — ചിലർ
തത്കൃതഹൃത്താപശ്വാസമ്ലാനമുഖശ്രിയഃ — അതു കേട്ടതുകൊണ്ടുണ്ടായ ഹൃദയതാപത്താൽ ഉയൎന്ന നിശ്വാസംകൊണ്ട് വാട്ടംതട്ടിയ മുഖകാന്തിയോടുകൂടിയവരായി ഭവിച്ചു.

കാശ്ചന — മററു ചിലർ
സ്രംസദ്ദുകൂലവലയകേശഗ്രന്ഥ്യഃ ച — അഴിഞ്ഞുലഞ്ഞുപോയ ഉടുപുടവയോടും, കങ്കണങ്ങളോടും, വാർമുടിക്കെട്ടോടും, കൂടിയവരായിട്ടും ഭവിച്ചു.

അന്യാശ്ച തദനുധ്യാനനിവൃത്താശേഷവൃത്തയഃ
നാഭ്യജാനന്നിമം ലോകമാത്മലോകം ഗതാ ഇവ. 15

അന്യാഃ ച — വേറെ ചിലരാകട്ടെ
തദനുധ്യാനനിവൃത്താശേഷവൃത്തയഃ — ഭഗവാനെക്കുറിച്ചുള്ള ചിന്തയാൽ നശിച്ചുപോയ സൎവ്വേന്ദ്രിയവ്യാപാരങ്ങളോടുകൂടിയവരായിട്ട്
ആത്മലോകം ഗതാഃ ഇവ — ആത്മനിരീക്ഷണത്തെ പ്രാപിച്ച യോഗികളെന്നപോലെ
ഇമം ലോകം — ഈ ലോകത്തെക്കുറിച്ചു തന്നെ
ന അഭ്യജാനൻ — അറിഞ്ഞിരുന്നില്ല.

സ്മരന്ത്യശ്ചാപരാഃ ശൌരേരനുരാഗസ്മിതേരിതാഃ
ഹൃദിസ്പൃശശ്ചിത്രപദാ ഗിരഃ സംമുമുഹുഃ സ്ത്രിയഃ. 16

അപരാഃ സ്ത്രിയഃ — മററു ചില ഗോപസ്ത്രീകൾ
അനുരാഗസ്മിതേരിതാഃ — പ്രേമം കലൎന്ന മന്ദസ്മിതത്തോടെ ചൊല്ലപ്പെട്ടവയും,
ഹൃദിസ്പൃശഃ — മനസ്സിന്നിണങ്ങുന്നവയും,
ചിത്രപദാഃ — വിചിത്രപദങ്ങളോടു കൂടിയവയും ആയ
ശൌരേഃ — ശ്രീകൃഷ്ണൻെറ
ഗിരഃ — വാക്കുകളെ
സ്മരന്ത്യഃ ച — ഓൎത്തിട്ടും
സമ്മുമുഹുഃ — മോഹാലസ്യപ്പെട്ടു.

ഗതിം സുലളിതാം ചേഷ്ടാം സ്നിഗ്ദ്ധഹാസാവലോകനം
ശോകാപഹാനി നൎമ്മാണി പ്രോദ്ദാമചരിതാനി ച. 17
ചിന്തയന്ത്യോ മുകുന്ദസ്യ ഭീതാ വിരഹകാതരാഃ
സമേതാഃ സംഘശഃ പ്രോചുരശ്രുമുഖ്യോഽച്യുതാശയാഃ. 18

മുകുന്ദസ്യ — ശ്രീകൃഷ്ണൻെറ
സുലളിതാം — സുന്ദരമായ
ഗതിം — ഗമനത്തേയും
ചേഷ്ടാം — ചേഷ്ടിതത്തേയും,
സ്നിഗ്ദ്ധഹാസാവലോകനം — അന്വാൎന്ന പുഞ്ചിരിയോടൊത്തുള്ള നോട്ടത്തേയും
ശോകാപഹാനി — ദുഃഖം നീക്കിക്കളയുന്ന
നൎമ്മാണി — ഹാസ്യവചനങ്ങളേയും,
പ്രോദ്ദാമചരിതാനി ച — അത്യുൽകൃഷ്ടങ്ങളായ ചരിതങ്ങളേയും,
ചിന്തയന്ത്യഃ — ചിന്തിച്ചുകൊണ്ട്,
ഭീതാഃ — ക്ഷണികമായ വിരഹത്തെപ്പോലും ഭയപ്പെട്ടിരുന്ന ആ ഗോപസ്ത്രീകൾ
വിരഹകാതരാഃ — ഭാവിവിരഹത്തെപ്പററിയോൎത്തു നടുങ്ങിക്കൊണ്ടും,
അച്യുതാശയാഃ — ഭഗവാനിൽത്തന്നെ ഹൃദയം സമൎപ്പിച്ചുകൊണ്ടും,
അശ്രുമുഖ്യഃ — കണ്ണീരൊലുന്ന മുഖത്തോടുകൂടിയവരായി
സംഘശഃ സമേതാഃ — കൂട്ടംചേൎന്നു നിന്നുകൊണ്ടും
പ്രോചുഃ — പറഞ്ഞുതുടങ്ങി.

ഗോപ്യ ഉവചുഃ = ഗോപികൾ പറഞ്ഞു :—

അഹോ വിധാതസ്തവ ന ക്വചിദ്ദയാ
സംയോജ്യ മൈത്ര്യാ പ്രണയേന ദേഹിനഃ
താംശ്ചാകൃതാർത്ഥാൻ വിയുനങ്ക്ഷ്യപാർത്ഥകം
വിക്രീഡിതം തേഽർഭകചേഷ്ടിതം യഥാ. 19

| | |
|---|---|
| വിധാതഃ | ബ്രഹ്മാവേ ! |
| തവ ക്വചിത് | അങ്ങക്ക് ഒരിടത്തും |
| ദയാ ന | ദയയില്ല. |
| അഹോ | കഷ്ടംതന്നെ ! |
| മൈത്ര്യാ | സൌഹാർദ്ദംകൊണ്ടും, |
| പ്രണയേന | സ്നേഹംകൊണ്ടും |
| ദേഹിനഃ | ജനങ്ങളെ |
| സംയോജ്യ | അന്യോന്യം ഇണക്കിയശേഷം |
| അകൃതാർത്ഥാൻ | ആഗ്രഹം പൂർത്തിയാകാത്ത |
| താൻ ച | അവരെത്തന്നെ |
| വിയുനങ്ക്ഷി | അങ്ങ് അന്യോന്യം അകററിക്കളയുന്നു. |
| അർഭകചേഷ്ടിതം | കുട്ടികളുടെ പ്രവൃത്തി |
| യഥാ | പോലെ |
| തേ | അങ്ങയുടെ |
| വിക്രീഡിതം | വിലക്ഷണമായ കളി |
| അപാർത്ഥകം | അർത്ഥശൂന്യമായതാണ്. |

യസ്ത്വം പ്രദർശ്യാസിതകുന്തളാവൃതം മുകുന്ദവക്ത്രം സുകപോലമുന്നസം
ശോകാപനോദസ്മിതലേശസുന്ദരം കരോഷി പാരോക്ഷ്യമസാധു തേ കൃതം.

| | |
|---|---|
| അസിത- കുന്തളാവൃതം | നീലാളകങ്ങളാൽ ആവൃതമായി, |
| സുകപോലം | ശോഭനമായ കവിൾത്തടത്തോടും, |
| ഉന്നസം | ഉന്നതമായ നാസികയോടും കൂടിയതായി, |
| ശോകാപനോദ- സ്മിതലേശ- സുന്ദരം | ഉണ്ടലകററുന്ന ഒളിപ്പുഞ്ചിരിയാൽ അഴകററതായി പരിലസിക്കുന്ന |
| മുകുന്ദവക്ത്രം | ശ്രീകൃഷ്ണൻെറ തിരുമുഖത്തെ |
| പ്രദർശ്യ | കാട്ടിത്തന്ന്, |
| യഃ ത്വം | യാതൊരു അങ്ങ് |
| പാരോക്ഷ്യം കരോഷി | ഇപ്പോൾ കാഴ്ചയിൽ നിന്ന് അകററിവിടുന്നു. |
| തേ കൃതം | അങ്ങയുടെ തൊഴിൽ |
| അസാധു | ശരിയല്ല. |

ക്രൂരസ്ത്വമക്രൂരസമാഖ്യയാ സ്മ നശ്ചക്ഷുർഹി ദത്തം ഹരസേ ബതാജ്ഞവത്
യേനൈകദേശേഽഖിലസർഗ്ഗസൌഷ്ഠവം ത്വദീയമദ്രാക്ഷ്മ വയം മധുദ്വിഷഃ.

| | |
|---|---|
| വയം | ഞങ്ങൾ |
| യേന | യാതൊന്നുകൊണ്ടു |
| മധുദ്വിഷഃ | ശ്രീകൃഷ്ണൻെറ |
| ഏകദേശേ | ഏതെങ്കിലും ഒരംഗത്തിൽത്തന്നെ |
| ത്വദീയം | അങ്ങക്കുള്ളതായ |
| അഖിലസർഗ്ഗ- സൌഷ്ഠവം | എല്ലാ സൃഷ്ടിചാതുര്യത്തേയും |
| അദ്രാക്ഷ്മ | കണ്ടിരുന്നുവോ, |
| നഃ | ഞങ്ങൾക്ക് (അങ്ങയാൽ) |
| ദത്തം | നൽകപ്പെട്ടതായ |
| ചക്ഷുഃ ഹി | ആ കണ്ണിനെത്തന്നെ |
| ക്രൂരഃ | സ്വതവേ ക്രൂരനായ |
| ത്വം സ്മ | അങ്ങ് തന്നെ |
| അക്രൂര- സമാഖ്യയാ | അക്രൂരനെന്ന പേരോടു കൂടി വന്ന് |
| അജ്ഞവത് | ഒന്നും അറിയാത്തവനെന്നപോലെ |
| ഹരസേ | അപഹരിക്കുകയാണ്; |
| ബത | അയ്യോ കഷ്ടമേ ! |

ന നന്ദസൂനുഃ ക്ഷണഭംഗസൌഹൃദഃ
സമീക്ഷതേ നഃ സ്വകൃതാതുരാ ബത
വിഹായ ഗേഹാൻ സ്വജനാൻ സുതാൻ പതിം-
സ്തദ്ദാസ്യമദ്ധോപഗതാ നവപ്രിയഃ. 22

| | |
|---|---|
| ഗേഹാൻ | വീടുകളേയും, |
| സ്വജനാൻ | സ്വജനങ്ങളേയും, |
| സുതാൻ | മക്കളേയും, |
| പതീൻ | ഭർത്താക്കന്മാരേയും |
| വിഹായ | ഉപേക്ഷിച്ച് |
| അദ്ധാ | ശരിക്ക് |
| തദ്ദാസ്യം | അദ്ദേഹത്തിൻെറ ദാസ്യത്തെ |
| ഉപഗതാഃ | പ്രാപിച്ചവരും, |
| സ്വകൃതാതുരാഃ | അദ്ദേഹത്തിൻെറ പ്രവൃത്തികൊണ്ടുതന്നെ വ്യാകുലപ്പെട്ടവരും ആയ |
| നഃ | ഞങ്ങളെ |
| നവപ്രിയഃ | പുതുപ്പെണ്ണുങ്ങളിൽ പ്രീതിചേർന്നവനും, |
| ക്ഷണഭംഗ-സൌഹൃദഃ | അടിയുറപ്പില്ലാത്ത സ്നേഹത്തോടുകൂടിയവനും ആയ |
| നന്ദസൂനുഃ | നന്ദപുത്രൻ |
| ന സമീക്ഷതേ | നന്നായൊന്നു നോക്കുന്നില്ലല്ലോ ; |
| ബത | കഷ്ടം ! |

സുഖം പ്രഭാതാ രജനീയമാശിഷഃ
സത്യാ ബഭൂവുഃ പുരയോഷിതാം ധ്രുവം
യാഃ സംപ്രവിഷ്ടസ്യ മുഖം വ്രജസ്പതേഃ
പാസ്യന്ത്യപാംഗോത്കലിതസ്മിതാസവം. 23

| | |
|---|---|
| പുരയോഷിതാം | മഥുരാനഗരിയിലെ സ്ത്രീജനങ്ങൾക്ക് |
| ഇയം രജനീ | ഈ രാത്രി |
| സുഖം പ്രഭാതാ | മംഗളകരമായിട്ടാണ് പുലർന്നിരിക്കുന്നത്. |
| ആശിഷഃ | അവരുടെ അഭിലാഷങ്ങളും |
| സത്യാഃ | യഥാർത്ഥങ്ങളായി |
| ബഭൂവുഃ ധ്രുവം | ഭവിച്ചുകഴിഞ്ഞു ; തീർച്ച. |
| യാഃ | യാതൊരു ആ സ്ത്രീകൾ |
| സംപ്രവിഷ്ടസ്യ | നഗരത്തിലേക്ക് എത്തിച്ചേർന്ന |
| വ്രജസ്പതേഃ | ശ്രീകൃഷ്ണൻെറ |
| അപാംഗോ-ത്കലിത-സ്മിതാസവം | കടക്കണ്ണാൽ പെരുകിക്കപ്പെട്ട പുഞ്ചിരിത്തേനോടുകൂടിയ |
| മുഖം | തിരുമുഖത്തെ |
| പാസ്യന്തി | പാനംചെയ്യും. |

താസാം മുകുന്ദോ മധുമഞ്ജുഭാഷിതൈർഗൃഹീതചിത്തഃ പരവാൻ മനസ്വ്യപി
കഥം പുനർനഃ പ്രതിയാസ്യതേഽബലാ ഗ്രാമ്യാഃ സലജ്ജസ്മിതവിഭ്രമൈർഭ്രമൻ.

| | |
|---|---|
| അബലാഃ | കഴിവില്ലാത്ത സ്ത്രീകളേ ! |
| പരവാൻ | (നന്ദാദി വൃദ്ധജനങ്ങൾ ഒന്നിച്ചുള്ളതുകൊണ്ട്) പരതന്ത്രനാണെന്നിരിക്കിലും, |
| മനസ്വീ അപി | സ്വതവേ ധീരചിത്തനെന്നിരിക്കിലും |
| മുകുന്ദഃ | ശ്രീകൃഷ്ണൻ |
| താസാം | ആ പുരസ്ത്രീകളുടെ |
| മധുമഞ്ജു-ഭാഷിതൈഃ | തേനോലും കളമൊഴികളാൽ |
| ഗൃഹീതചിത്തഃ | ആകൃഷ്ടഹൃദയനായും, |
| സലജ്ജസ്മിത-വിഭ്രമൈഃ | അവരുടെ നാണം കലർന്നുള്ള മന്ദഹാസവിലാസങ്ങളാൽ |

| | | | |
|---|---|---|---|
| ഭ്രമൻ | ഭ്രമിച്ചുകൊണ്ടും ഇരുന്നു് | പുനഃ | ഇനി |
| ഗ്രാമ്യാഃ | പരം ഗ്രാമീണകളായ | കഥം | എങ്ങനെ |
| നഃ | നമ്മുടെ അടുക്കലേക്ക് | പ്രതിയാസ്യതേ | തിരിച്ചുപോരും? |

അദ്യ ധ്രുവം തത്ര ദൃശോ ഭവിഷ്യതേ ദാശാർഹഭോജാന്ധകവൃഷ്ണിസാത്വതാം
മഹോത്സവഃ ശ്രീരമണം ഗുണാസ്പദം ദ്രക്ഷ്യന്തി യേ ചാധ്വനി ദേവകീസുതം.

| | | | |
|---|---|---|---|
| തത്ര | അവിടെയുള്ള | ദാശാർഹഭോജാന്ധകവൃഷ്ണിസാത്വതാം | ദാശാർഹന്മാർ, ഭോജന്മാർ, വൃഷ്ണികൾ, സാത്വതന്മാർ എന്നിവരുടെ |
| അധ്വനി | രാജമാർഗ്ഗത്തിൽവെച്ച് | | |
| ശ്രീരമണം | ലക്ഷ്മീരമണനും, | | |
| ഗുണാസ്പദം | സൌന്ദര്യാദിഗുണങ്ങൾക്ക് ആശ്രയഭൂതനും ആയ | ദൃശഃ അദ്യ | കണ്ണിന്ന് ഇന്ന് |
| | | മഹോത്സവഃ ച | മഹോത്സവം തന്നെ |
| ദേവകീസുതം | ശ്രീകൃഷ്ണനെ | ഭവിഷ്യതേ | സംഭവിക്കും; |
| യേ ദ്രക്ഷ്യന്തി | കാണുവാൻ ഇടവരുന്ന | ധ്രുവം | നിശ്ചയമാണ്. |

മൈതദ്വിധസ്യാകരുണസ്യ നാമ ഭൂ-
ദക്രൂര ഇത്യേതദതീവ ദാരുണഃ
യോऽസാവനാശ്വാസ്യ സുദുഃഖിതം ജനം
പ്രിയാത് പ്രിയം നേഷ്യതി പാരമധ്വനഃ. 26

| | | | |
|---|---|---|---|
| ഏതദ്വിധസ്യ | ഇത്തരത്തിലുള്ള | സുദുഃഖിതം | വല്ലാതെ സങ്കടപ്പെടുന്ന |
| അകരുണസ്യ | നിഷ്കരുണന്ന് | ജനം | ആളുകളെ |
| അക്രൂരഃ ഇതി | 'അക്രൂരൻ' എന്ന | അനാശ്വാസ്യ | ആശ്വസിപ്പിക്കാതെ |
| ഏതത് നാമ | ഈ നല്ലപേര് | പ്രിയാത് | പ്രാണനെക്കാൾ |
| മാ ഭൂത് | അരുതാത്തതാണ്. | പ്രിയം | പ്രിയനായ കൃഷ്ണനെ |
| അതീവ | കവിഞ്ഞനിലയിൽ | അധ്വനഃ പാരം | കണ്ണെത്താത്ത ദൂരസ്ഥലത്തേക്കു |
| ദാരുണഃ | ക്രൂരതയുള്ള | നേഷ്യതി | കൊണ്ടുപോകാൻ തുടങ്ങുകയാണ്. |
| യഃ അസൌ | യാതൊരു ഇവൻ? | | |

അനാർദ്രധീരേഷ സമാസ്ഥിതോ രഥം
തമന്വമീ ച ത്വരയന്തി ദുർമ്മദാഃ
ഗോപാ അനോഭിഃ സ്ഥവിരൈരുപേക്ഷിതം
ദൈവം ച നോऽദ്യ പ്രതികൂലമീഹതേ. 27

| | | | |
|---|---|---|---|
| അനാർദ്രധീഃ | ഉള്ളലിവില്ലാത്ത | ദുർമ്മദാഃ | മദക്കൊഴുപ്പാർന്ന |
| ഏഷഃ | ഈ കണ്ണൻ | അമീ ഗോപാഃ | ഈ ഗോപന്മാരും |
| രഥം | തേരിൽ | അനോഭിഃ | വണ്ടികളിൽ കയറി |
| സമാസ്ഥിതഃ | കയറിയിരുന്നുകഴിഞ്ഞു. | ത്വരയന്തി | പോകാൻ തിടുക്കംകൂട്ടുന്നു. |
| തം അനു | ആ നിർദ്ദയന്റെ പിന്നാലെ | സ്ഥവിരൈഃ | പ്രായംചെന്നവരാൽകൂടി |

| | | | |
|---|---|---|---|
| ഉപേക്ഷിതം | ഉപേക്ഷയാണ് കാണിക്കപ്പെടുന്നത്. (എന്തെന്നാൽ, അവർ തടയുന്നില്ലല്ലോ.) | ദൈവം ച | വിധി കൂടി |
| | | നഃ അദ്യ | നമുക്കിന്ന് |
| | | പ്രതികൂലം | എതിരായി |
| | | ഈഹതേ | പ്രവർത്തിക്കുന്നു. |

നിവാരയാമഃ സമുപേത്യ മാധവം കിം നോऽകരിഷ്യൻ കുലവൃദ്ധബാന്ധവാഃ
മുകുന്ദസംഗാന്നിമിഷാർദ്ധദുസ്ത്യജാദ്ദൈവേന വിധ്വംസിതദീനചേതസാം. 28

| | | | |
|---|---|---|---|
| മാധവം | ശ്രീകൃഷ്ണനെ | വിധ്വംസിത-ദീനചേതസാം | വിട്ടകറ്റപ്പെട്ടു വേദനയനുഭവിക്കുന്ന ഹൃദയത്തോടുകൂടിയിരിക്കുന്ന |
| സമുപേത്യ | വേണ്ടപോലെ സമീപിച്ച് | | |
| നിവാരയാമഃ | നാം തടുത്തുനിർത്തുക. | നഃ | നമ്മെ |
| നിമിഷാർദ്ധ-ദുസ്ത്യജാത് | അരനിമിഷത്തേക്കുപോലും വിടുവാൻകഴിയാത്ത | കുലവൃദ്ധ-ബാന്ധവാഃ | കാരണവന്മാരും ബന്ധുക്കളും മററും |
| മുകുന്ദസംഗാത് | കൃഷ്ണസമ്പർക്കത്തിൽനിന്ന് | കിം അകരിഷ്യൻ | എന്തു ചെയ്യാൻ പോകുന്നു ! |
| ദൈവേന | വിധിയാൽ | | |

യസ്യാനുരാഗലളിതസ്മിതവല്ഗുമന്ത്ര-
ലീലാവലോകപരിരംഭണരാസഗോഷ്ഠ്യാം
നീതാഃ സ്മ നഃ ക്ഷണമിവ ക്ഷണദാ വിനാ തം
ഗോപ്യഃ കഥം ന്വതിതരേമ തമോ ദുരന്തം. 29

| | | | |
|---|---|---|---|
| ഗോപ്യഃ | ഗോപികമാരേ ! | ക്ഷണദാഃ | അനേകം രാത്രികാലങ്ങൾ |
| യസ്യ | യാതൊരാളുടെ | ക്ഷണം ഇവ | നിമിഷനേരംപോലെ |
| അനുരാഗ-ലളിതസ്മിത-വല്ഗുമന്ത്ര-ലീലാവലോക-പരിരംഭണ-രാസഗോഷ്ഠ്യാം | അനുരാഗത്താൽ അഴകാന്ന പുഞ്ചിരിയും, മനോഹരമായ രഹസ്സല്ലാപവും, ലീലാകടാക്ഷവും, ആലിംഗനവും ഉണ്ടായിരുന്ന രാസക്രീഡയിൽ | നീതാഃ സ്മ | നീക്കപ്പെട്ടിരുന്നുവോ, |
| | | തം വിനാ | ആ ആളില്ലാതെ |
| | | ദുരന്തം | അററംകാണാത്ത |
| | | തമഃ | വിരഹവേദനാന്ധകാരത്തെ |
| | | കഥം നു | ഏതുവിധമാണ് |
| നഃ | നമ്മളാൽ | അതിതരേമ | നാം തരണം ചെയ്യുക ! |

യോऽഹ്നഃ ക്ഷയേ വ്രജമനന്തസഖഃ പരീതോ
ഗോപൈർവിശൻ ഖുരരജശ്ഛുരിതാളകസ്രക്
വേണും ക്വണൻ സ്മിതകടാക്ഷനിരീക്ഷണേന
ചിത്തം ക്ഷിണോത്യമുമൃതേ നു കഥം ഭവേമ. 30

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഗോപൈഃ | ഗോപന്മാരാൽ |
| അനന്തസഖഃ | ബലരാമൻെറ കൂട്ടുകാരനായും, | പരീതഃ | ചുററപ്പെട്ടവനായും, |

| | |
|---|---|
| ഖുരരജഃ-ഛുരിതാ-ളകസ്രക്ക് | കാലിക്കുളമ്പുതട്ടിയുണ്ടായ മൺപൊടിപുരണ്ട കുറുനിരയോടും വനമാലയോടും കൂടിയവനായും |
| അഹ്നഃ ക്ഷയേ | വൈകുന്നേരത്ത് |
| വ്രജം | ഗോകുലത്തിലേക്ക് |
| വിശൻ | പ്രവേശിച്ച് |
| വേണും | ഓടക്കുഴൽ |
| ക്വണൻ | വിളിച്ചുകൊണ്ട് |
| സ്മിതകടാക്ഷ-നിരീക്ഷണേന | പുഞ്ചിരിയോടൊത്തുള്ള കടക്കൺ നോട്ടത്താൽ |
| ചിത്തം | നമ്മുടെ മനസ്സിനെ |
| ക്ഷിണോതി | മയക്കിക്കൊണ്ടിരിക്കുന്നുവോ. |
| അമും ഋതേ | ആ കൃഷ്ണനില്ലാതെ |
| കഥം നു | ഏതുവിധമാണ് |
| ഭവേമ | നാം ജീവിക്കുക ? |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു :—

ഏവം ബ്രുവാണാ വിരഹാതുരാ ഭൃശം വ്രജസ്ത്രിയഃ കൃഷ്ണവിഷക്തമാനസാഃ
വിസൃജ്യ ലജ്ജാം രുരുദുഃ സ്മ സുസ്വരം ഗോവിന്ദ ദാമോദര മാധവേതി. 31

| | |
|---|---|
| ഏവം | ഇങ്ങനെ അന്യോന്യം |
| ബ്രുവാണാഃ | പറഞ്ഞുകൊണ്ടിരിക്കുന്നവരും, |
| ഭൃശം | അത്യന്തം |
| കൃഷ്ണവിഷക്ത-മാനസാഃ | ശ്രീകൃഷ്ണനിൽ ആസക്തമായ ചിത്തത്തോടു കൂടിയവരും, |
| വിരഹാതുരാഃ | അടുത്തിരിക്കുന്ന വിരഹത്തെയോർത്ത് വിവശതചേർന്നിരിക്കുന്നവരും ആയ |
| വ്രജസ്ത്രിയഃ | ഗോപസ്ത്രീകൾ |
| ലജ്ജാം വിസൃജ്യ | നാണം ഉപേക്ഷിച്ച് |
| സുസ്വരം | ഉറക്കെ |
| ഗോവിന്ദ | 'ഗോവിന്ദാ ! |
| ദാമോദര | ദാമോദരാ ! |
| മാധവ | മാധവാ !' |
| ഇതി | എന്നു വിളിച്ചുകൊണ്ട് |
| രുരുദുഃ സ്മ | കരഞ്ഞുതുടങ്ങി. |

സ്ത്രീണാമേവം രുദന്തീനാമുദിതേ സവിതര്യഥ
അക്രൂരശ്ചോദയാമാസ കൃതമൈത്രാദികോ രഥം. 32

| | |
|---|---|
| ഏവം | ഈ വിധം |
| സ്ത്രീണാം | ഗോപസ്ത്രീകൾ |
| രുദന്തീനാം | കരഞ്ഞുകൊണ്ടിരിക്കെ, |
| കൃതമൈത്രാദികഃ | സന്ധ്യാവന്ദനാദി പ്രഭാതകൃത്യങ്ങൾ ചെയ്തുകഴിഞ്ഞ |
| അക്രൂരഃ | അക്രൂരൻ |
| സവിതരി | സൂര്യൻ |
| ഉദിതേ അഥ | ഉദിച്ചതിൽപ്പിന്നെ |
| രഥം | തേരിനെ |
| ചോദയാമാസ | തെളിച്ചുകൊണ്ടുപോയി, |

ഗോപാസ്തമന്വസജ്ജന്ത നന്ദാദ്യാഃ ശകടൈസ്തതഃ
ആദായോപായനം ഭൂരി കുംഭാൻ ഗോരസസംഭൃതാൻ. 33

| | |
|---|---|
| തതഃ | അനന്തരം |
| നന്ദാദ്യാഃ | നന്ദഗോപൻ മുതലായ |
| ഗോപാഃ | ഗോപന്മാർ |
| ഭൂരി | ധാരാളം |
| ഉപായനം | കാഴ്ചദ്രവ്യവും, |
| ഗോരസസംഭൃതാൻ | ഗോരസങ്ങൾ നിറച്ച |
| കുംഭാൻ | കുടങ്ങളും |
| ആദായ | എടുത്തുകൊണ്ട് |
| ശകടൈഃ | വണ്ടികളിൽ കയറി |
| തം | ഭഗവാനെ |
| അന്വസജ്ജന്ത | പിന്തുടർന്നു പുറപ്പെട്ടു. |

ഗോപ്യശ്ച ദയിതം കൃഷ്ണമനുവ്രജ്യാനുരഞ്ജിതാഃ
പ്രത്യാദേശം ഭഗവതഃ കാങ്ക്ഷന്ത്യശ്ചാവതസ്ഥിരേ. 34

ഗോപ്യഃ ച — ഗോപികമാരാകട്ടെ
ദയിതം — പ്രിയതമനായ
കൃഷ്ണം — കൃഷ്ണനെ
അനുവ്രജ്യ — അനുഗമിച്ച്
അനുരഞ്ജിതാഃ — ഭഗവാനാൽ പിൻതിരിഞ്ഞുനോക്കി സന്തോഷിപ്പിക്കപ്പെട്ടവരായും,
ഭഗവതഃ — ഭഗവാന്റെ
പ്രത്യാദേശം — യാത്രാസന്ദേശവാക്യത്തെ
കാംക്ഷന്ത്യഃ ച — കേൾപ്പാൻ കൊതിച്ചുകൊണ്ടും
അവതസ്ഥിരേ — നിന്നു.

താസ്തഥാ തപ്യതീർവ്വീക്ഷ്യ സ്വപ്രസ്ഥാനേ യദൂത്തമഃ
സാന്ത്വയാമാസ സപ്രേമൈരായാസ്യ ഇതി ദൌത്യകൈഃ. 35

യദൂത്തമഃ — ശ്രീകൃഷ്ണൻ
സ്വപ്രസ്ഥാനേ — താൻ പുറപ്പെട്ടുപോകുന്നതുകൊണ്ട്
തഥാ — അത്രത്തോളം
തപ്യതീഃ — ദുഃഖം അനുഭവിക്കുന്ന
താഃ വീക്ഷ്യ — ആ ഗോപിമാരെ കണ്ട്
ആയാസ്യേ — 'ഞാൻ വേഗം എത്തിച്ചേരാം'
ഇതി — എന്നിങ്ങനെ
സപ്രേമൈഃ — പ്രേമം കലർന്ന
ദൌത്യകൈഃ — ദൂതവാക്യങ്ങളാൽ
സാന്ത്വയാമാസ — ആശ്വസിപ്പിച്ചു.

യാവദാലക്ഷ്യതേ കേതുര്യാവദ്രേണൂ രഥസ്യ ച
അനുപ്രസ്ഥാപിതാത്മാനോ ലേഖ്യാനീവോപലക്ഷിതാഃ. 36

അനുപ്രസ്ഥാപിതാത്മാനഃ — ഭഗവാന്റെ പിന്നാലെ തങ്ങളുടെ ചിത്തത്തേയും യാത്രയാക്കിയ ഗോപികമാർ
രഥസ്യ കേതുഃ — തേരിൻ കൊടിമരം
യാവത് ആലക്ഷ്യതേ — അല്പമെങ്കിലും കാണപ്പെടുന്നതുവരേയും,
രേണുഃ ച — തേരോടിപ്പോകയാൽ പൊന്തിയ പൊടിക്കൂടി
യാവത് — കാണപ്പെടുന്നതുവരേയും
ലേഖ്യാനി ഇവ — ചിത്രത്തിൽ വരച്ച രൂപങ്ങളെന്നപോലെ നില്ക്കുന്നതായി
ഉപലക്ഷിതാഃ — കാണപ്പെട്ടു.

താ നിരാശാ നിവവൃതുർഗ്ഗോവിന്ദവിനിവർത്തനേ
വിശോകാ അഹനീ നിന്യുർഗ്ഗായന്ത്യഃ പ്രിയചേഷ്ടിതം. 37

ഗോവിന്ദവിനിവർത്തനേ — ശ്രീകൃഷ്ണനെ യാത്രമുടക്കി കൊണ്ടുവരുന്നതിൽ
നിരാശാഃ — ആശയററവരായിട്ട്
താഃ — ആ ഗോപികമാർ
നിവവൃതുഃ — മടങ്ങിപ്പോന്നു.
പ്രിയചേഷ്ടിതം — പ്രിയനായ അവിടുത്തെ ലീലകളെ
ഗായന്ത്യഃ — ഗാനംചെയ്തുകൊണ്ട്
വിശോകാഃ — സന്താപമില്ലാതെ
അഹനീ — നാളുകൾ
നിന്യുഃ — കഴിച്ചുകൂട്ടി.

ഭഗവാനപി സമ്പ്രാപ്തോ രാമാക്രൂരയുതോ നൃപ
രഥേന വായുവേഗേന കാളിന്ദീമഘനാശിനീം. 38

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | രഥേന | തേരിലിരുന്നുകൊണ്ട് |
| രാമാക്രൂരയുതഃ | ബലരാമനോടും അക്രൂരനോടും കൂടിയ | അഘനാശിനീം | പാപനാശിനിയായ |
| ഭഗവാൻ അപി | ശ്രീകൃഷ്ണഭഗവാനാകട്ടെ | കാളിന്ദീം | കാളിന്ദിയുടെ തീരത്തിലേക്ക് |
| വായുവേഗേന | വായുവേഗത്തോടുകൂടിയ | സംപ്രാപ്തഃ | എത്തിച്ചേർന്നു. |

തത്രോപസ്പൃശ്യ പാനീയം പീത്വാ മൃഷ്ടം മണിപ്രഭം
വൃക്ഷഷണ്ഡമുപവ്രജ്യ സരാമോ രഥമാവിശത്. 39

| | | | |
|---|---|---|---|
| മണിപ്രഭം | ഇന്ദ്രനീലരത്നത്തിന്റെ തിളക്കമുള്ളതും | പീത്വാ | കുടിച്ചശേഷം |
| മൃഷ്ടം | നിർമ്മലവും ആയ | വൃക്ഷഷണ്ഡം | മരക്കാടിലിലേക്ക് |
| തത്ര | അതിലെ | ഉപവ്രജ്യ | ചെന്ന് |
| പാനീയം | ജലത്തെ | സരാമഃ | ബലരാമനോടുകൂടി |
| ഉപസ്പൃശ്യ | ആചമനംചെയ്ത് | രഥം | തേരിലേക്ക് |
| | | ആവിശത് | കയറി. |

അക്രൂരസ്താവുപാമന്ത്ര്യ നിവേശ്യ ച രഥോപരി
കാളിന്ദ്യാ ഹ്രദമാഗത്യ സ്നാനം വിധിവദാചരത്. 40

| | | | |
|---|---|---|---|
| അക്രൂരഃ | അക്രൂരൻ | കാളിന്ദ്യാഃ | കാളിന്ദീനദിയുടെ |
| തൗ | അവരെ | ഹ്രദം | കയത്തിലേക്ക് |
| രഥോപരി | തേർത്തട്ടിൽ | ആഗത്യ | വന്നിട്ട് |
| നിവേശ്യ | കയററിയിരുത്തി, | വിധിവത് | വിധിപ്രകാരം |
| ഉപാമന്ത്ര്യ ച | അനുവാദം വാങ്ങുകയും ചെയ്ത് | സ്നാനം | സ്നാനം |
| | | ആചരത് | ചെയ്യാൻ തുടങ്ങി. |

നോട്ട് :— അക്രൂരന്റെകൂടെ അമ്പാടിയിൽനിന്ന് രാവിലെ പുറപ്പെട്ട രാമകൃഷ്ണന്മാർ ഉച്ചയാകുമ്പോഴേക്കും കാളിന്ദീനദിയിലെ അനന്തതീർത്ഥമെന്ന ഹ്രദത്തിന്റെ സമീപമെത്തി. ഭഗവാന്മാരിരുവരും ദാഹം തീർത്തു വിശ്രമിച്ചു. അക്രൂരൻ മാദ്ധ്യാഹ്നികകൃത്യം നിർവ്വഹിപ്പാൻ അനന്തതീർത്ഥത്തിലേക്കും ഇറങ്ങി.

നിമജ്ജ്യ തസ്മിൻ സലിലേ ജപൻ ബ്രഹ്മ സനാതനം
താവേവ ദദൃശേഽക്രൂരോ രാമകൃഷ്ണൗ സമന്വിതൗ. 41

| | | | |
|---|---|---|---|
| നിമജ്ജ്യ | വെള്ളത്തിൽ മുങ്ങി | ജപൻ | ജപിച്ചുകൊണ്ടുനില്ക്കുന്ന |
| സനാതനം | നിത്യസത്യമായ | അക്രൂരഃ | അക്രൂരൻ |
| ബ്രഹ്മ | വേദമന്ത്രത്തെ | തസ്മിൻ സലിലേ | ആ ജലത്തിൽ |

| | | | |
|---|---|---|---|
| സമന്വിതൗ | ഒന്നിച്ചിരിക്കുന്ന | രാമകൃഷ്ണൗ | രാമകൃഷ്ണന്മാരെ |
| തൗ ഏവ | അതേ | ദദൃശേ | ദർശിച്ചു. |

തൗ രഥസ്ഥൗ കഥമിഹ സുതാവാനകദുന്ദുഭേഃ
തർഹി സ്വിത് സ്യന്ദനേ ന സ്ത ഇത്യുന്മജ്ജ്യ വ്യചഷ്ട സഃ. 42

| | | | |
|---|---|---|---|
| രഥസ്ഥൗ | 'തേരിലിരിക്കുന്ന | ന സ്തഃ | ഉണ്ടായിരിക്കയില്ല.' |
| ആനകദുന്ദുഭേഃ | വസുദേവരുടെ | ഇതി | എന്നോർത്തുകൊണ്ട് |
| തൗ സുതൗ | ആ രണ്ടുപുത്രന്മാർ | സഃ | ആ അക്രൂരൻ |
| ഇഹ കഥം | ഇവിടെ വന്നതെങ്ങനെ? | ഉന്മജ്ജ്യ | വെള്ളത്തിൽനിന്നു പൊങ്ങി, |
| തർഹി സ്വിത് | എന്നാൽ | | |
| സ്യന്ദനേ | തേരിൽ | വ്യചഷ്ട | സൂക്ഷിച്ചുനോക്കി. |

തത്രാപി ച യഥാപൂർവ്വമാസീനൗ പുനരേവ സഃ
ന്യമജ്ജദ്ദർശനം യന്മേ മൃഷാ കിം സലിലേ തയോഃ. 43

| | | | |
|---|---|---|---|
| തത്ര അപി | അവിടേയും | ദർശനം യത് | ദർശനം ഉണ്ടായത് |
| യഥാപൂർവ്വം ച | മുന്നേതുപോലെത്തന്നെ | മൃഷാ കിം | നേരല്ലെന്നോ?' |
| ആസീനൗ | അവർ ഇരിക്കുന്നുണ്ട്. | പുനഃ ഏവ | പിന്നേയും |
| സലിലേ മേ | 'വെള്ളത്തിൽ എനിക്ക് | സഃ | അക്രൂരൻ |
| തയോഃ | അവരുടെ | ന്യമജ്ജത് | മുങ്ങിനോക്കി. |

ഭൂയസ്തത്രാപി സോഽദ്രാക്ഷീത് സ്തൂയമാനമഹീശ്വരം
സിദ്ധചാരണഗന്ധർവ്വൈരസുരൈർന്നതകന്ധരൈഃ. 44

സഹസ്രശിരസം ദേവം സഹസ്രഫണമൗലിനം
നീലാംബരം ബിസശ്വേതം ശൃംഗൈഃ ശ്വേതമിവ സ്ഥിതം. 45

| | | | |
|---|---|---|---|
| തത്ര അപി | അപ്പോൾ അവിടേയും | നീലാംബരം | നീലവസ്ത്രം ധരിച്ചവനായി, |
| സഃ ഭൂയഃ | അദ്ദേഹം വീണ്ടും, | ബിസശ്വേതം | താമരവളയംപോലെ വെളുത്തവനായി, |
| നതകന്ധരൈഃ | തലകുനിച്ചുനില്ക്കുന്ന | ശൃംഗൈഃ | ശിഖരങ്ങളോടുകൂടിയ |
| സിദ്ധചാരണഗന്ധർവ്വൈഃ | സിദ്ധന്മാർ, ചാരണന്മാർ, ഗന്ധർവ്വന്മാർ എന്നിവരാലും | ശ്വേതം ഇവ | വെള്ളിമാമലപോലെ |
| അസുരൈഃ | അസുരന്മാരാലും | സ്ഥിതം | സ്ഥിതിചെയ്യുന്നവനായി, |
| സ്തൂയമാനം | സ്തുതിക്കപ്പെട്ടുകൊണ്ടിരിക്കുന്നവനായി, | ദേവം | സ്വയം പ്രകാശിക്കുന്നവനമായിരിക്കുന്ന |
| സഹസ്രശിരസം | ആയിരം തലകളുള്ളവനായി, | അഹീശ്വരം | ആദിശേഷനെ |
| സഹസ്രഫണമൗലിനം | ആയിരം പത്തികളിലും കിരീടങ്ങളുള്ളവനായി, | അദ്രാക്ഷീത് | കണ്ടു. |

തസ്യോത്സംഗേ ഘനശ്യാമം പീതകൌശേയവാസസം
പുരുഷം ചതുർഭുജം ശാന്തം പത്മപത്രാരുണേക്ഷണം. 46

ചാരുപ്രസന്നവദനം ചാരുഹാസനിരീക്ഷണം
സുഭ്രൂന്നസം ചാരുകർണ്ണം സുകപോലാരുണാധരം. 47

പ്രലംബപീവരഭുജം തുംഗാംസോരഃസ്ഥലശ്രിയം
കംബുകണ്ഠം നിമ്നനാഭിം വലിമത്പല്ലവോദരം. 48

ബൃഹത്കടിതടശ്രോണികരഭോരുദ്വയാന്വിതം
ചാരുജാനുയുഗം ചാരുജംഘായുഗളസംയുതം. 49

തുംഗഗുല്ഫാരുണനഖവ്രാതദീധിതിഭിർവൃതം
നവാംഗുല്യംഗുഷ്ഠദളൈർവ്വിലസത്പാദപങ്കജം. 50

സുമഹാർഹമണിവ്രാതകിരീടകടകാംഗദൈഃ
കടിസൂത്രബ്രഹ്മസൂത്രഹാരനൂപുരകുണ്ഡലൈഃ. 51

ഭ്രാജമാനം പത്മകരം ശംഖചക്രഗദാധരം
ശ്രീവത്സവക്ഷസം ഭ്രാജത്കൌസ്തുഭം വനമാലിനം. 52

സുനന്ദനന്ദപ്രമുഖൈഃ പാർഷദൈഃ സനകാദിഭിഃ
സുരേശൈർബ്രഹ്മരുദ്രാദ്യൈർന്നവഭിശ്ച ദ്വിജോത്തമൈഃ 53

പ്രഹ്ലാദനാരദവസുപ്രമുഖൈർഭാഗവതോത്തമൈഃ
സ്തൂയമാനം പൃഥഗ്ഭാവൈർവ്വചോഭിരമലാത്മഭിഃ. 54

ശ്രിയാ പുഷ്ട്യാ ഗിരാ കാന്ത്യാ കീർത്ത്യാ തുഷ്ട്യേലയോർജ്ജയാ
വിദ്യയാവിദ്യയാ ശക്ത്യാ മായയാ ച നിഷേവിതം. 55

വിലോക്യ സുഭൃശം പ്രീതോ ഭക്ത്യാ പരമയാ യുതഃ
ഹൃഷ്യത്തനൂരുഹോ ഭാവപരിക്ലിന്നാത്മലോചനഃ. 56

ഗിരാ ഗദ്ഗദയാസ്തൌഷീത് സത്വമാലംബ്യ സാത്വതഃ
പ്രണമ്യ മൂർദ്ധ്നാഽവഹിതഃ കൃതാഞ്ജലിപുടഃ ശനൈഃ. 57

| | |
|---|---|
| തസ്യ | ആ ആദിശേഷന്റെ |
| ഉത്സംഗേ | മടിയിൽ (ചുരുട്ടിവെച്ച ദേഹാർദ്ധഭാഗത്തിൽ), |
| ഘനശ്യാമം | മേഘംപോലെ ശ്യാമളവർണ്ണനായി, |
| പീത—കൌശേയ—വാസസം | മഞ്ഞപ്പട്ടുചാർത്തിയവനായി, |
| ചതുർഭുജം | നാലുതൃക്കരങ്ങളോടു കൂടിയവനായി, |
| ശാന്തം | ശാന്താകാരനായി, |
| പത്മപത്രാ—രുണേക്ഷണം | താമരദളംപോലുള്ള അരുണനേത്രങ്ങളോടു കൂടിയവനായി, |
| ചാരുപ്രസന്ന—വദനം | സുന്ദരവും പ്രസന്നവുമായ തിരുമുഖത്തോടു കൂടിയവനായി, |

| | |
|---|---|
| ചാരുഹാസ— നിരീക്ഷണം | സുന്ദരമായ മന്ദഹാസത്തോടുചേൎന്നിട്ടുള്ള നോട്ടത്തോടുകൂടിയവനായി, |
| സുഭ്രൂന്നസം | ചന്തമുള്ള പുരികത്തോടും, ഉയൎന്ന തിരുനാസികയോടും കൂടിയവനായി, |
| ചാരുകൎണ്ണം | സുന്ദരമായ കൎണ്ണദ്വയത്തോടുകൂടിയവനായി, |
| സുകപോലാ— രുണാധരം | സുകുമാരമായ കവിൾത്തടത്തോടും, ചെഞ്ചുവപ്പേന്തിയ അധരപുടത്തോടും കൂടിയവനായി, |
| പ്രലംബ— പീവരഭുജം | നീണ്ടുതടിച്ച കൈത്തണ്ടകളോടുകൂടിയവനായി, |
| തുംഗാംസോരഃ- സ്ഥലശ്രിയം | ഉയൎന്ന ചുമലുകളോടും, തിരുമാറിൽ ശ്രീദേവിയോടും കൂടിയവനായി, |
| കംബുകണ്ഠം | ശംഖുപോലെയുള്ള കണ്ഠത്തോടുകൂടിയവനായി, |
| നിമ്നനാഭിം | ആഴ്ന്നിരിക്കുന്ന നാഭിയോടുകൂടിയവനായി, |
| വലിമത്— പല്ലവോദരം | വലിത്രയത്തോടുകൂടിയതും ആലിലയ്ക്കൊത്തതുമായ ഉദരത്തോടുകൂടിയവനായി, |
| ബൃഹത്കടി— തടശ്രോണി— കരഭോരു— ദ്വയാന്വിതം | പുഷ്ടിയുള്ള നിതംബത്തോടും, അരക്കെട്ടോടും, തുമ്പിക്കരത്തോടൊത്ത തുരുത്തുടകളോടും കൂടിയവനായി, |
| ചാരുജാനുയുഗം | അഴകുള്ള കാൽമുട്ടുകളോടുകൂടിയവനായി, |
| ചാരുജംഘാ- യുഗളസംയുതം | അഴകുള്ള കണങ്കാലിണകളോടുകൂടിയവനായി, |
| തുംഗഗുല്ഫാ- രുണനഖവ്രാത- ദീധിതിഭിഃ | പൊങ്ങിയ നരിയാണികളുടേയും, അരുണവൎണ്ണമുള്ള നഖങ്ങളുടേയും പ്രഭകളാൽ |
| വൃതം | പരിവൃതനായി, |

| | |
|---|---|
| നവാംഗുല്യം— ഗുഷ്ഠദളൈഃ | കോമളാംഗുലികളും അംഗുഷ്ഠങ്ങളും ആവുന്ന ഇതളുകളാൽ |
| വിലസത്— പാദപങ്കജം | പരിലസിക്കുന്ന തൃപ്പാദകമലങ്ങളോടുകൂടിയവനായി, |
| സുമഹാൎഹ— മണിവ്രാത— കിരീടകടകാം- ഗദൈഃ | അനൎഘരത്നസമൂഹങ്ങളുള്ള കിരീടം, കടകങ്ങൾ, തോൾവളകൾ എന്നിവയാലും, |
| കടിസൂത്ര— ബ്രഹ്മസൂത്ര— ഹാരനൂപുര— കുണ്ഡലൈഃ | മേഖല, യജ്ഞോപവീതം, മുത്തുമാല, തള, കുണ്ഡലം എന്നിവയാലും |
| ഭ്രാജമാനം | പരിശോഭിക്കുന്നവനായി, |
| പദ്മകരം | ചെന്താമരപ്പുഷ്പത്തെ കൈയിലേന്തിയവനായി, |
| ശംഖചക്ര— ഗദാധരം | ശംഖം, ചക്രം, ഗദ എന്നിവയെ ധരിച്ചിരിക്കുന്നവനായി, |
| ശ്രീവത്സ— വക്ഷസം | ശ്രീവത്സാങ്കിതവക്ഷസ്സായി, |
| ഭ്രാജത്— കൌസ്തുഭം | തിളങ്ങുന്ന കൌസ്തുഭരത്നത്തോടുകൂടിയവനായി, |
| വനമാലിനം | വനമാല ചാൎത്തിയവനായി, |
| അമലാത്മഭിഃ | നിൎമ്മലാത്മാക്കളായ |
| സുനന്ദനന്ദ— പ്രമുഖൈഃ | സുനന്ദനന്ദപ്രഭൃതികളായുള്ള |
| പാൎഷദൈഃ | പാൎഷദന്മാരാലും, |
| സനകാദിഭിഃ | സനകാദികളാലും, |
| ബ്രഹ്മരുദ്രാദ്യൈഃ | ബ്രഹ്മരുദ്രാദികളായ |
| സുരേശൈഃ | ദേവോത്തമന്മാരാലും, |
| നവഭിഃ | (മരീച്യാദി) ഒമ്പതു |
| ദ്വിജോത്തമൈഃ | ഋഷിശ്രേഷ്ഠന്മാരാലും, |
| പ്രഹ്ലാദനാരദ- വസുപ്രമുഖൈഃ | പ്രഹ്ലാദൻ, നാരദൻ, ഉപരിചരവസു എന്നു തുടങ്ങിയ |
| ഭാഗവതോ— ത്തമൈഃ ച | ഭക്തശിരോമണികളാലും |

| | |
|---|---|
| പൃഥഗ്ഭാവൈഃ | വിഭിന്നാഭിപ്രായങ്ങളുള്ള |
| വചോഭിഃ | സൂക്തങ്ങൾകൊണ്ടു് |
| സ്തൂയമാനം | സ്തുതിക്കപ്പെട്ടുകൊണ്ടിരിക്കുന്നവനായി, |
| ശ്രിയാ | ശ്രീദേവിയാലും, |
| പുഷ്ട്യാ | പുഷ്ടിയാലും, |
| ഗിരാ | വാഗ്ദേവതയാലും, |
| കാന്ത്യാ | കാന്തിയാലും, |
| കീർത്ത്യാ | കീർത്തിയാലും, |
| തുഷ്ട്യാ | തുഷ്ടിയാലും, |
| ഇളയാ | ഭൂദേവിയാലും, |
| ഊർജ്ജയാ | ഊർജ്ജയാലും, |
| വിദ്യയാ | വിദ്യയാലും, |
| അവിദ്യയാ | അവിദ്യയാലും, |
| ശക്ത്യാ | ശക്തിയാലും, |
| മായയാ ച | മായയാലും |
| നിഷേവിതം | സേവിക്കപ്പെട്ടിരിക്കുന്നവനും ആയ |
| പുരുഷം | ആദിപുരുഷനെ |
| വിലോക്യ | കണ്ടു് |
| സുഭൃശം പ്രീതഃ | ഏററവും സന്തുഷ്ടനായും, |
| പരമയാ | അത്യുത്തമമായ |
| ഭക്ത്യാ യുതഃ | ഭക്തിയോടുകൂടിയവനായും, |
| ഹൃഷ്യത്തനൂരുഹഃ | പുളകാങ്കിതഗാത്രനായും |
| ഭാവപരിക്ലിന്നാത്മലോചനഃ | ആനന്ദവായ്പിനാൽ ആർദ്രമായ ചിത്തത്തോടും നേത്രങ്ങളോടും കൂടിയവനുമായി ഭവിച്ച |
| സാത്വതഃ | അക്രൂരൻ |
| ശനൈഃ | മെല്ലെ മെല്ലെ |
| സത്വം | ധീരതയെ |
| ആലംബ്യ | അവലംബിച്ചു്, |
| മൂർദ്ധ്നാ | ശിരസ്സാൽ |
| പ്രണമ്യ | നമസ്കരിച്ചു്, |
| കൃതാഞ്ജലിപുടഃ | കൈകൂപ്പിനിന്നു് |
| അവഹിതഃ | ഏകാഗ്രധ്യാനത്തോടുകൂടിയവനായി |
| ഗദ്ഗദയാ | ഇടറുന്ന അക്ഷരങ്ങളോടുകൂടിയ |
| ഗിരാ | വാക്കിനാൽ |
| അസ്തൗഷീത് | വാഴ്ത്തിസ്തുതിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരസ്തുതിർനാമ ഏകോനചത്വാരിംശോऽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1567.

## ചത്വാരിംശോऽദ്ധ്യായഃ—നാല്പതാമദ്ധ്യായം.

[ ചത്വാരിംശേ തതോऽക്രൂരഃ കൃഷ്ണം മത്സ്യാദ്യശേഷരൂപം
പ്രണമ്യ ഭക്ത്യാ തുഷ്ടാവ സദ്ഗുണാൻ ഗുണഭേദതഃ. ]

(അക്രൂരൻ ചെയ്യുന്ന ഭഗവൽസ്തുതി.)

അക്രൂര ഉവാച=അക്രൂരൻ പറഞ്ഞു :—

നതോऽസ്മ്യഹം ത്വാऽഖിലഹേതുഹേതും
നാരായണം പൂരുഷമാദ്യമവ്യയം
യന്നാഭിജാതാദരവിന്ദകോശാദ്-
ബ്രഹ്മാऽऽവിരാസീദ്യത ഏഷ ലോകഃ. 1

അഖില- ഹേതുഹേതും — സമസ്തപ്രപഞ്ചത്തിന്റേയും കാരണങ്ങൾക്കുകൂടി കാരണഭൂതനായും,
പൂരുഷം — സർവ്വാന്തസ്ഥനായും,
ആദ്യം — ആദിഭൂതനായും,
അവ്യയം — നാശരഹിതനായും ഇരിക്കുന്ന
നാരായണം — സാക്ഷാൽ ശ്രീനാരായണനായ
ത്വാ അഹം — നിന്തിരുവടിയെ ഞാൻ
നതഃ അസ്മി — നമസ്കരിക്കുന്നു.

യന്നാഭിജാതാത് — യാതൊരു നിന്തിരുവടിയുടെ നാഭിയിൽനിന്നുണ്ടായ
അരവിന്ദ- കോശാത് — താമരപ്പൂവിന്റെ അന്തർഭാഗത്തിൽനിന്ന്
ബ്രഹ്മാ — ബ്രഹ്മാവ്
ആവിരാസീത് — ഉൽഭവിച്ചു;
യതഃ — ആ ബ്രഹ്മാവിൽനിന്ന്
ഏഷഃ — ഇക്കാണുന്ന
ലോകഃ — പ്രാണിജാലമത്രയും ഉണ്ടായി.

ഭൂസ്തോയമഗ്നിഃ പവനഃ ഖമാദിർമ്മഹാനജാദിർമ്മന ഇന്ദ്രിയാണി
സർവ്വേന്ദ്രിയാർത്ഥാ വിബുധാശ്ച സർവ്വേ യേ ഹേതവസ്തേ ജഗതോഽങ്ഗഭൂതാഃ. 2

ഭൂഃ തോയം — ഭൂമി, ജലം,
അഗ്നിഃ പവനഃ — അഗ്നി, വായു,
ഖം — ആകാശം എന്നീ പഞ്ചഭൂതങ്ങളും,
ആദിഃ — ആകാശത്തിന്റെ ആദിയായ അഹംകാരവും,
മഹാൻ — മഹത്തത്ത്വവും,
അജാ — മൂലപ്രകൃതിയും,
ആദിഃ — അതിന്റെ ആദിയായ പുരുഷനും,
മനഃ — മനസ്സും,
ഇന്ദ്രിയാണി — ശ്രോത്രാദിപഞ്ചേന്ദ്രിയങ്ങളും,

സർവ്വേന്ദ്രിയാർത്ഥാഃ — ശബ്ദാദികളായ എല്ലാ ഇന്ദ്രിയാർത്ഥങ്ങളും,
വിബുധാഃ ച — അവയുടെ അധിഷ്ഠാനദേവതകളും ആയി
യേ സർവ്വേ — ഏതെല്ലാം
ജഗതഃ — പ്രപഞ്ചത്തിന്റെ
ഹേതവഃ — കാരണങ്ങളായിട്ടുണ്ടോ, അവയൊക്കെയും
തേ — നിന്തിരുവടിയുടെ
അങ്ഗഭൂതാഃ — തിരുവുടലിൽനിന്ന് ഉത്ഭവിച്ചവയാണ്.

നൈതേ സ്വരൂപം വിദുരാത്മനസ്തേ
ഹ്യജാദയോഽനാത്മതയാ ഗൃഹീതാഃ
അജോഽനുബദ്ധഃ സ ഗുണൈരജായാ
ഗുണാത് പരം വേദ ന തേ സ്വരൂപം. 3

അജാദയഃ — മൂലപ്രകൃതിയും, അതിൽനിന്നുണ്ടായവയും
അനാത്മതയാ — അനാത്മത്വം (ജഡത്വം) നിമിത്തം
ഗൃഹീതാഃ — പ്രത്യക്ഷാനുമാനാദികളാൽ ഗ്രഹിക്കപ്പെടാവുന്നതാണ്.

ഏതേ — ഇവ (രാജാദികൾ)
ആത്മനഃ — ആത്മാവായ
തേ — നിന്തിരുവടിയുടെ
സ്വരൂപം — സ്വരൂപത്തെ
ന വിദുഃ ഹി — തീരെ അറിയുന്നില്ല.
സഃ അജഃ — അനാദിയായ ആ ബ്രഹ്മദേവൻപോലും

| | | | |
|---|---|---|---|
| അജായാഃ | പ്രകൃതിയുടെ | പരം | അതീതമായ |
| ഗുണൈഃ | രാജസാദിഗുണങ്ങളാൽ | തേ | നിന്തിരുവടിയുടെ |
| അനന്വഗഃ | അനന്വയുക്തനാകകൊണ്ട് | സ്വരൂപം | സ്വരൂപത്തെ |
| ഗുണാത് | പ്രകൃതിഗുണങ്ങളിൽനിന്ന് | ന വേദ | അറിയാതിരിക്കുന്നു. |

ത്വാം യോഗിനോ യജന്ത്യദ്ധാ മഹാപുരുഷമീശ്വരം
സാദ്ധ്യാത്മം സാധിഭൂതം ച സാധിദൈവം ച സാധവഃ. 4

| | | | |
|---|---|---|---|
| സാധവഃ | സദാചാരനിരതന്മാരായ | മഹാപുരുഷം | സർവ്വസാക്ഷിയായ മഹാ |
| യോഗിനഃ | യോഗികൾ | | പുരുഷനായി വർത്തിക്കുന്ന |
| സാദ്ധ്യാത്മം | അന്തഃകരണത്തിൽ വസി | ഈശ്വരം ച | ലോകനിയന്താവായും |
| | ക്കുന്ന പരമാത്മാവായും, | അദ്ധാ | സാക്ഷാൽ |
| സാധിദൈവം ച | സൂർയ്യചന്ദ്രാദിദേവമണ്ഡ ലങ്ങളിൽ വസിക്കുന്ന | ത്വാം | നിന്തിരുവടിയെ |
| | ഇഷ്ടദേവതയായും, | യജന്തി | ധ്യാനിച്ച് ഉപാസിക്കുന്നു. |

ത്രയ്യാ ച വിദ്യയാ കേചിത് ത്വാം വൈ വൈതാനികാ ദ്വിജാഃ
യജന്തേ വിതതൈര്യജ്ഞൈർന്നാനാരൂപാമരാഖ്യയാ. 5

| | | | |
|---|---|---|---|
| വൈതാനികാഃ | കർമ്മയോഗികളായ | വിതതൈഃ | വിസ്തരിക്കപ്പെട്ട |
| കേചിത് ദ്വിജാഃ | ചില ബ്രാഹ്മണർ | യജ്ഞൈഃ | യജ്ഞങ്ങളെക്കൊണ്ട് |
| ത്രയ്യാ | ഋക്, യജുസ്സ്, സാമം | ത്വാം വൈ | നിന്തിരുവടിയെത്തന്നെ |
| | എന്നിങ്ങനെയുള്ള വേദ | നാനാരൂപാമരാഖ്യയാ | വിവിധരൂപത്തിലുള്ള |
| | ത്രയമാവുന്ന | | ദേവന്മാരുടെ പേരുക |
| വിദ്യയാ ച | വിദ്യയാൽ ഉപദിഷ്ടങ്ങ | | ളോടെ |
| | ളായ | യജന്തേ | ആരാധിക്കുന്നു. |

ഏകേ ത്വാഽഖിലകർമ്മാണി സംന്യസ്യോപശമം ഗതാഃ
ജ്ഞാനിനോ ജ്ഞാനയജ്ഞേന യജന്തി ജ്ഞാനവിഗ്രഹം. 6

| | | | |
|---|---|---|---|
| ഏകേ | പ്രമുഖന്മാരായ | സംന്യസ്യ | പരിത്യജിച്ച് |
| ജ്ഞാനിനഃ | ജ്ഞാനികൾ | ജ്ഞാനയജ്ഞേന | ജ്ഞാനയജ്ഞംകൊണ്ട് |
| ഉപശമം | വിഷയവൈരാഗ്യത്തെ | ജ്ഞാനവിഗ്രഹം | ജ്ഞാനസ്വരൂപനായ |
| ഗതാഃ | പ്രാപിച്ചവരായി, | ത്വാ | നിന്തിരുവടിയെ |
| അഖിലകർമ്മാണി | സർവ്വകർമ്മങ്ങളേയും | യജന്തി | ധ്യാനിച്ച് ഉപാസിക്കുന്നു. |

അന്യേ ച സംസ്കൃതാത്മാനോ വിധിനാഽഭിഹിതേന തേ
യജന്തി ത്വന്മയാസ്ത്വാം വൈ ബഹുമൂർത്ത്യേകമൂർത്തികം. 7

| | | | |
|---|---|---|---|
| അന്യേ ച | മററുചിലർ | അഭിഹിതേന | നിർദ്ദേശിക്കപ്പെട്ട |
| തേ | നിന്തിരുവടിയാൽ | വിധിനാ | വിധിയോടെ |

| | |
|---|---|
| സംസ്കൃതാത്മാനഃ | അന്തഃകരണസംസ്കാരം സാധിച്ചവരായും, |
| ത്വന്മയാഃ | നിന്തിരുവടിയുടെ സ്വരൂപമായി തങ്ങളെ കരുതുന്നവരായും ഭവിച്ച് |
| ബഹുമൂർത്ത്യേകമൂർത്തികം | അനേകം മൂർത്തിഭേദത്തോടെയും, ഏകമൂർത്തിയായിട്ടും |
| ത്വാം വൈ | നിന്തിരുവടിയെത്തന്നെ |
| യജന്തി | ഉപാസിക്കുന്നു. |

ത്വാമേവാന്യേ ശിവോക്തേന മാർഗ്ഗേണ ശിവരൂപിണം
ബഹ്വാചാര്യവിഭേദേന ഭഗവൻ സമുപാസതേ. 8

| | |
|---|---|
| ഭഗവൻ | ഭഗവാനേ! |
| അന്യേ | വേറെ ചിലർ |
| ശിവോക്തേന | ശൈവവിധിപ്രകാരമുള്ള |
| മാർഗ്ഗേണ | മാർഗ്ഗത്തിലൂടെ |
| ബഹ്വാചാര്യവിഭേദേന | പല ആചാര്യന്മാരുടേയും വ്യത്യസ്തസമ്പ്രദായമനുസരിച്ച് |
| ത്വാം ഏവ | നിന്തിരുവടിയെത്തന്നെ |
| ശിവരൂപിണം | ശിവരൂപിയായി (സങ്കല്പിച്ച്) |
| സമുപാസതേ | വഴിപോലെ ഉപാസിക്കുന്നു. |

സർവ്വ ഏവ യജന്തി ത്വാം സർവ്വദേവമയേശ്വരം
യേഽപ്യന്യദേവതാഭക്താ യദ്യപ്യന്യധിയഃ പ്രഭോ. 9

| | |
|---|---|
| പ്രഭോ | സ്വാമിൻ! |
| യേ അപി | യാവചിലരാകട്ടെ |
| അന്യദേവതാഭക്താഃ | അന്യദേവന്മാരെ ഭജിക്കുന്നവരായിരിക്കുന്നുവോ, |
| യദ്യപി അന്യധിയഃ | അവർ അന്യബുദ്ധിയുള്ളവരാണെങ്കിലുംകൂടി, |
| സർവ്വേ ഏവ | അവർ എല്ലാം |
| സർവ്വദേവമയേശ്വരം | സർവ്വദേവതാസ്വരൂപനായി വർത്തിക്കുന്ന സർവ്വേശ്വരനായ |
| ത്വാം | നിന്തിരുവടിയെ |
| യജന്തി | ആരാധിക്കുകയാണ് ചെയ്യുന്നത്. |

യഥാഽദ്രിപ്രഭവാ നദ്യഃ പർജ്ജന്യാപൂരിതാഃ പ്രഭോ
വിശന്തി സർവ്വതഃ സിന്ധും തദ്വത്ത്വാം ഗതയോഽന്തതഃ. 10

| | |
|---|---|
| പ്രഭോ | സ്വാമിൻ! |
| അദ്രിപ്രഭവാഃ | മലകളിൽനിന്ന് ഉത്ഭവിച്ച |
| നദ്യഃ യഥാ | നദികൾ ഏതുപ്രകാരം |
| പർജ്ജന്യാപൂരിതാഃ | മഴവെള്ളംകൊണ്ട് നിറഞ്ഞ് പല കൈവഴികളിലൂടെ ഒഴുകി |
| സർവ്വതഃ | എല്ലാ സ്ഥലത്തുവെച്ചും |
| സിന്ധും | സമുദ്രത്തിലേക്കു |
| വിശന്തി | ചെന്നുചേരുന്നുവോ, |
| തദ്വത് | അപ്രകാരം |
| ഗതയഃ | ഭജനമാർഗ്ഗങ്ങൾ എല്ലാംതന്നെയും |
| അന്തതഃ | ഒടുവിൽ |
| ത്വാം | നിന്തിരുവടിയെത്തന്നെ വിഷയീകരിക്കുന്നു. |

സത്ത്വം രജസ്തമ ഇതി ഭവതഃ പ്രകൃതേർഗ്ഗുണാഃ
തേഷു ഹി പ്രാകൃതാഃ പ്രോതാ ആബ്രഹ്മസ്ഥാവരാദയഃ. 11

| | | | |
|---|---|---|---|
| സത്വം രജഃ | സത്വം, രജസ്സ്, | | ഭേദാദ്യുപാധികൾ |
| തമഃ | തമസ്സ് | | ഉണ്ടായിട്ടുള്ള |
| ഇതി | എന്നിവ | ആബ്രഹ്മ- } | സ്ഥാവരപദാർത്ഥങ്ങൾ |
| ഭവതഃ | നിന്തിരുവടിയുടെ | സ്ഥാവരാദയഃ } | തൊട്ടു ബ്രഹ്മാവുവരെ |
| പ്രകൃതേഃ | ശക്തിയായ പ്രകൃതിയുടെ | | യുള്ള ജീവന്മാർ |
| ഗുണാഃ | ഗുണങ്ങളാകുന്നു. | തേഷു ഹി | ആ ഗുണങ്ങളിൽത്തന്നെ |
| പ്രാകൃതാഃ | പ്രകൃതിപരിണാമംകൊണ്ടു് | പ്രോതാഃ | ഉൾച്ചേർന്നവരാണു്. |

(ഭഗവാന്റെ പ്രകൃതിഗുണങ്ങളിൽ ഉൾച്ചേർന്ന ആബ്രഹ്മസ്തംബപര്യന്തം ജീവന്മാരും ഭഗവാനിൽനിന്നു് ഭിന്നരല്ലെന്നു് താൽപര്യം.)

തുഭ്യം നമസ്തേഽസ്ത്വവിഷക്തദൃഷ്ടയേ
സർവ്വാത്മനേ സർവ്വധിയാം ച സാക്ഷിണേ
ഗുണപ്രവാഹോഽയമവിദ്യയാ കൃതഃ
പ്രവർത്തതേ ദേവനൃതിര്യഗാത്മസു. 12

| | | | |
|---|---|---|---|
| അവിഷക്ത- } | അനാസക്തമായ ദൃഷ്ടി | അവിദ്യയാ | മായയാൽ |
| ദൃഷ്ടയേ } | യോടുകൂടിയവനും, | കൃതഃ | കല്പിതമായ |
| സർവ്വാത്മനേ | സർവ്വസ്വരൂപിയും, | അയം } | ഈ (സത്വാദി ഗുണത്രയ |
| സർവ്വധിയാം ച | സർവ്വബുദ്ധികൾക്കും | ഗുണപ്രവാഹഃ } | ത്താൽ പ്രകർഷേണ വഹി |
| സാക്ഷിണേ | സാക്ഷിയായിരിക്കുന്നവ | | ക്കപ്പെടുന്ന) സംസാരം |
| | നും ആയ | ദേവനൃ- } | ദേവന്മാർ, മനുഷ്യന്മാർ, |
| തുഭ്യം | നിന്തിരുവടിക്കായി | തിര്യഗാത്മസു } | പക്ഷിമൃഗാദികൾ എ |
| തേ | നിന്തിരുവടിയെ പ്രാപി | | ന്നീശരീരികളിൽ |
| | ക്കുന്നതിനുവേണ്ടി | പ്രവർത്തതേ | പ്രവർത്തിച്ചുകൊണ്ടി |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. | | രിക്കുന്നു. |

അഗ്നിർമ്മുഖം തേഽവനിരങ്ഘ്രിരീക്ഷണം
സൂര്യോ നഭോ നാഭിരഥോ ദിശഃ ശ്രുതിഃ
ദ്യൗഃ കം സുരേന്ദ്രാസ്തവ ബാഹവോഽർണ്ണവാഃ
കുക്ഷിർമ്മരുത് പ്രാണബലം പ്രകല്പിതം. 13

| | | | |
|---|---|---|---|
| അഗ്നിഃ തേ | അഗ്നി നിന്തിരുവടിയുടെ | അഥോ | അതിനുംപുറമെ |
| മുഖം | മുഖമായും, | ദിശഃ ശ്രുതിഃ | ദിക്കുകൾ ശ്രോത്രമായും, |
| അവനിഃ | ഭൂമി | ദ്യൗഃ | സത്യലോകം |
| അങ്ഘ്രിഃ | പാദമായും, | കം | ശിരസ്സായും, |
| സൂര്യഃ | സൂര്യൻ | സുരേന്ദ്രാഃ | ഇന്ദ്രാദികൾ |
| ഈക്ഷണം | നേത്രമായും, | തവ | നിന്തിരുവടിയുടെ |
| നഭഃ | ആകാശം | ബാഹവഃ | ബാഹുക്കളായും, |
| നാഭിഃ | നാഭിയായും, | അർണ്ണവാഃ | സമുദ്രങ്ങൾ |

| | | | |
|---|---|---|---|
| കുക്ഷിഃ | ഉദരമായും, | പ്രാണബലം | പ്രാണനായും ബലമായും |
| മരുത് | വായു | പ്രകല്പിതം | സങ്കല്പിക്കപ്പെട്ടിരിക്കുന്നു. |

രോമാണി വൃക്ഷൌഷധയഃ ശിരോരുഹാ
മേഘാഃ പരസ്യാസ്ഥിനഖാനി തേഽദ്രയഃ
നിമേഷണം രാത്ര്യഹനീ പ്രജാപതി-
ർമ്മേഢ്രസ്തു വൃഷ്ടിസ്തവ വീര്യമിഷ്യതേ. 14

| | | | |
|---|---|---|---|
| വൃക്ഷൌഷധയഃ | മരങ്ങളും ചെടികളും | രാത്ര്യഹനീ | രാപ്പകലുകൾ |
| പരസ്യ | പരമേശ്വരനായ | നിമേഷണം | ഇമവെട്ടലായും, |
| തേ | നിന്തിരുവടിയുടെ | പ്രജാപതിഃ | ബ്രഹ്മാവു് |
| രോമാണി | രോമങ്ങളായും, | മേഢ്രഃ തു | ഗുഹ്യേന്ദ്രിയമായും, |
| മേഘാഃ | മേഘങ്ങൾ | വൃഷ്ടിഃ | വർഷം |
| ശിരോരുഹാഃ | തലമുടികളായും, | തവ വീര്യം | ഭവാന്റെ രേതസ്സായും |
| അദ്രയഃ | പർവ്വതങ്ങൾ | ഇഷ്യതേ | പരിഗണിക്കപ്പെടുന്നു. |
| അസ്ഥിനഖാനി | അസ്ഥികളും നഖങ്ങളുമായും, | | |

ത്വയ്യവ്യയാത്മൻ പുരുഷേ പ്രകല്പിതാ
ലോകാഃ സപാലാ ബഹുജീവസങ്കുലാഃ
യഥാ ജലേ സഞ്ജിഹതേ ജലൌകസോഽ-
പ്യുദുംബരേ വാ മശകാ മനോമയേ. 15

| | | | |
|---|---|---|---|
| അവ്യയാത്മൻ | നിർവ്വികാരസ്വരൂപനായി | ലോകാഃ | അസംഖ്യം ബ്രഹ്മാണ്ഡങ്ങൾ |
| മനോമയേ | മനോവൃത്തിയാൽമാത്രം ഗ്രാഹ്യനായി | ജലേ | ജലത്തിൽ |
| പുരുഷേ | പൂർണ്ണരൂപനായിരിക്കുന്ന | ജലൌകസഃ | ജലജന്തുക്കൾ |
| ത്വയി | നിന്തിരുവടിയിൽ | യഥാ | എന്നപോലെയോ, |
| പ്രകല്പിതാഃ | കല്പിതങ്ങളായവയും, | ഉദുംബരേ | അത്തിമരത്തിൽ |
| ബഹുജീവസങ്കുലാഃ | അനവധി ജീവരാശികൾ തിങ്ങിനിറഞ്ഞിരിക്കുന്നവയും, | മശകാഃ | നുഴമ്പുകൾ |
| സപാലാഃ | പാലകന്മാരോടുകൂടിയവയും ആയ | അപി വാ | എന്നപോലെയോ |
| | | സഞ്ജിഹതേ | അന്യോന്യം അറിയാതെ ചുററിക്കൊണ്ടിരിക്കുന്നു. |

യാനി യാനീഹ രൂപാണി ക്രീഡനാർത്ഥം ബിഭർഷി ഹി
തൈരാമൃഷ്ടശുചോ ലോകാ മുദാ ഗായന്തി തേ യശഃ. 16

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | രൂപാണി | സ്വരൂപങ്ങളെ |
| ക്രീഡനാർത്ഥം | ലീലയ്ക്കുവേണ്ടി | ബിഭർഷി ഹി | ഭവാൻ കൈക്കൊള്ളുന്നുവോ, |
| യാനി യാനി | ഏതേതു് | | |

| | | | |
|---|---|---|---|
| തൈഃ | അവയാൽ | മുദാ | ആനന്ദത്തോടെ |
| ആമൃഷ്ടശുചഃ | അകററപ്പെട്ട ശോകമോഹാദികളോടുകൂടിയ | തേ | നിന്തിരുവടിയുടെ |
| | | യശഃ | സൽകീർത്തിയെ |
| ലോകാഃ | ജനങ്ങൾ | ഗായന്തി | ഗാനം ചെയ്യുന്നു. |

നമഃ കാരണമത്സ്യായ പ്രളയാബ്ധിചരായ ച
ഹയശീർഷ്ണേ നമസ്തുഭ്യം മധുകൈടഭമൃത്യവേ. 17

| | | | |
|---|---|---|---|
| കാരണമത്സ്യായ | വേദങ്ങളെ വീണ്ടെടുക്കേണ്ടുന്ന കാരണത്താൽ മത്സ്യരൂപിയായി | മധുകൈടഭമൃത്യവേ | മധുകൈടഭന്മാരുടെ അന്തകനായ |
| പ്രളയാബ്ധിചരായ ച | പ്രളയസമുദ്രത്തിൽ സഞ്ചരിച്ച നിന്തിരുവടിക്ക് | ഹയശീർഷ്ണേ | ഹയഗ്രീവനായി ഭവിച്ച |
| | | തുഭ്യം | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. | നമഃ | നമസ്കാരം. |

അകൂപാരായ ബൃഹതേ നമോ മന്ദരധാരിണേ
ക്ഷിത്യുദ്ധാരവിഹാരായ നമഃ സൂകരമൂർത്തയേ. 18

| | | | |
|---|---|---|---|
| മന്ദരധാരിണേ | മന്ദരഗിരിയെ ചുമന്ന | ക്ഷിത്യുദ്ധാരവിഹാരായ | ഭൂമിയെ പൊക്കിയെടുക്കുക എന്ന ക്രീഡയിലേർപ്പെട്ട |
| ബൃഹതേ അകൂപാരായ | മഹാകൂർമ്മത്തിന്ന് | സൂകരമൂർത്തയേ | വരാഹമൂർത്തിക്ക് |
| നമഃ | നമസ്കാരം. | നമഃ | നമസ്കാരം. |

നമസ്തേഽദ്ഭുതസിംഹായ സാധുലോകഭയാപഹ
വാമനായ നമസ്തുഭ്യം ക്രാന്തത്രിഭുവനായ ച. 19

| | | | |
|---|---|---|---|
| സാധുലോകഭയാപഹ | ഭക്തലോകത്തിന്റെ ഭയം അകററിയ ഹേ കാരുണ്യാത്മൻ! | തേ നമഃ | ഭവാന്ന് നമസ്കാരം. |
| | | ക്രാന്തത്രിഭുവനായ | മൂന്നുലോകവും അളന്നെടുത്ത |
| അദ്ഭുതസിംഹായ | ആശ്ചര്യകരമായ സിംഹരൂപത്തെ ധരിച്ച | വാമനായ ച | വാമനനായ |
| | | തുഭ്യം നമഃ | ഭവാന്ന് നമസ്കാരം. |

നമോ ഭൃഗൂണാം പതയേ ദൃപ്തക്ഷത്രവനച്ഛിദേ
നമസ്തേ രഘുവര്യായ രാവണാന്തകരായ ച. 20

| | | | |
|---|---|---|---|
| ദൃപ്തക്ഷത്രവനച്ഛിദേ | ദുഷ്ടക്ഷത്രിയന്മാരായ കാടുകളെ വെട്ടിത്തെളിയിച്ച | രാവണാന്തകരായ ച | രാവണന്റെ അന്തം വരുത്തിയ |
| | | രഘുവര്യായ | രഘുപുംഗവനായി അവതരിച്ച |
| ഭൃഗൂണാം പതയേ | ഭാർഗ്ഗവരാമന്ന് | തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. | നമഃ | നമസ്കാരം. |

നമസ്തേ വാസുദേവായ നമഃ സങ്കർഷണായ ച
പ്രദ്യുമ്നായാനിരുദ്ധായ സാത്വതാം പതയേ നമഃ. 21

| | | | |
|---|---|---|---|
| സാത്വതാം | ഭക്തജനങ്ങളുടെ | സങ്കർഷണായ | സങ്കർഷണന്നു് |
| പതയേ | പരിപാലകനായി | നമഃ | നമസ്കാരം. |
| വാസുദേവായ | ശ്രീവാസുദേവനായിരിക്കുന്ന | പ്രദ്യുമ്നായ | പ്രദ്യുമ്നന്നും, |
| | | അനിരുദ്ധായ ച | അനിരുദ്ധന്നും |
| തേ നമഃ | ഭവാന്നു് നമസ്കാരം. | നമഃ | നമസ്കാരം. |

നമോ ബുദ്ധായ ശുദ്ധായ ദൈത്യദാനവമോഹിനേ
മ്ലേച്ഛപ്രായക്ഷത്രഹന്ത്രേ നമസ്തേ കല്ക്കിരൂപിണേ. 22

| | | | |
|---|---|---|---|
| ശുദ്ധായ | വിശുദ്ധനും | മ്ലേച്ഛപ്രായക്ഷത്രഹന്ത്രേ | മിക്കതും മ്ലേച്ഛന്മാരായിത്തീൎന്ന രാജാക്കന്മാരെ കൊന്നൊടുക്കുന്ന |
| ദൈത്യദാനവമോഹിനേ | ദൈത്യദാനവന്മാരെ മോഹിപ്പിക്കുന്നവനുമായ | കല്ക്കിരൂപിണേ | കല്ക്കിരൂപിയായ |
| ബുദ്ധായ | ശ്രീബുദ്ധന്നു് | തേ | ഭവാന്നു് |
| നമഃ | നമസ്കാരം. | നമഃ | നമസ്കാരം |

ഭഗവഞ്ജീവലോകോഽയം മോഹിതസ്തവ മായയാ
അഹം മമേത്യസദ്ഗ്രാഹോ ഭ്രാമ്യതേ കർമ്മവർത്മസു. 23

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ ! | അഹം | 'ഞാൻ |
| അയം ജീവലോകഃ | ഈ ജീവസമൂഹം മുഴുവനും | മമ | എന്റെ' |
| | | ഇതി | എന്നിങ്ങനെയുള്ള |
| തവ | നിന്തിരുവടിയുടെ | അസദ്ഗ്രാഹഃ | ദുർദ്ധാരണയോടുകൂടി |
| മായയാ | മായയാൽ | കർമ്മവർത്മസു | കർമ്മമാർഗ്ഗങ്ങളിൽ |
| മോഹിതഃ | മോഹിതമായിച്ചമഞ്ഞു്, | ഭ്രാമ്യതേ | വട്ടംചുററിക്കപ്പെടുന്നു. |

അഹം ചാത്മാത്മജാഗാരദാരാർത്ഥസ്വജനാദിഷു
ഭ്രമാമി സ്വപ്നകല്പേഷു മൂഢഃ സത്യധിയാ വിഭോ. 24

| | | | |
|---|---|---|---|
| വിഭോ | ഹേ ഈശ ! | ആത്മാത്മജാഗാരദാരാർത്ഥസ്വജനാദിഷു | ദേഹം, പുത്രൻ, ഗൃഹം, ഭാൎയ്യ, ധനം, ബന്ധുക്കൾ എന്നു തുടങ്ങിയവയിൽ |
| മൂഢഃ | മായാമോഹിതനായ | | |
| അഹം ച | ഞാനും | സത്യധിയാ | പരമാർത്ഥബുദ്ധിയോടെ (നിത്യത്വബുദ്ധിയോടെ) |
| സ്വപ്നകല്പേഷു | സ്വപ്നപ്രായങ്ങളായ (അനിത്യങ്ങളായ) | ഭ്രമാമി | കറങ്ങിക്കൊണ്ടിരിക്കുന്നു. |

അനിത്യാനാത്മദുഃഖേഷു വിപൎയ്യയമതിർഹ്യഹം
ദ്വന്ദ്വാരാമസ്തമോവിഷ്ടോ ന ജാനേ ത്വാഽഽത്മനഃ പ്രിയം. 25

| | |
|---|---|
| തമോവിഷ്ടഃ | അവിദ്യയാൽ ബാധിതനായ |
| അഹം ഹി | ഞാനാകട്ടെ |
| അനിത്യാ-നാത്മദുഃഖേഷു | അനിത്യങ്ങളും, ആത്മവ്യതിരിക്തങ്ങളും, ദുഃഖപ്രദങ്ങളും ആയുള്ളവയിൽ |
| വിപര്യയമതിഃ | വിപരീതബുദ്ധിയോടു കൂടിയവനായും, |
| ദ്വന്ദ്വാരാമഃ | സുഖദുഃഖാദിദ്വന്ദ്വങ്ങളിൽ കളിച്ചുകൊണ്ടുള്ളവനായും വർത്തിച്ചുകൊണ്ടു് |
| ആത്മനഃ | ആത്മാവിന്റെ |
| പ്രിയം | പ്രീതിവിഷയമായ |
| ത്വാ | നിന്തിരുവടിയെ |
| ന ജാനേ | അറിയാതെയിരിക്കുന്നു. |

യഥാഽബുധോ ജലം ഹിത്വാ പ്രതിച്ഛന്നം തദുത്ഭവൈഃ
അഭ്യേതി മൃഗതൃഷ്ണാം വൈ തദ്വത്ത്വാഽഹം പരാങ്മുഖഃ. 26

| | |
|---|---|
| അബുധഃ | അറിവില്ലാത്തവൻ |
| യഥാ | ഏതുപ്രകാരമാണോ |
| തദുദ്ഭവൈഃ | വെള്ളത്തിൽനിന്നുണ്ടായ പായലുകളാൽ |
| പ്രതിച്ഛന്നം | മൂടപ്പെട്ടുകിടക്കുന്ന |
| ജലം | വെള്ളത്തെ |
| ഹിത്വാ | വിട്ടുകളഞ്ഞു് |
| മൃഗതൃഷ്ണാം | മരുമരീചികയെ |
| അഭ്യേതി | തേടിയോടുന്നതു്, |
| തദ്വത് | അപ്രകാരമാണ് |
| ത്വാ | (മായയാൽ മൂടപ്പെട്ടിരിക്കുന്ന) നിന്തിരുവടിയെ |
| പരാങ്മുഖഃ | ശ്രദ്ധിക്കാത്ത |
| അഹം വൈ | ഞാനും ദേഹാദികളെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതു്. |

നോത്സഹേഽഹം കൃപണധീഃ കാമകർമ്മഹതം മനഃ
രോദ്ധും പ്രമാഥിഭിശ്ചാക്ഷൈർഹ്രിയമാണമിതസ്തതഃ. 27

| | |
|---|---|
| കൃപണധീഃ | വിഷയവാസനായുക്തമായ ബുദ്ധിയോടുകൂടിയിരിക്കുന്ന |
| അഹം | ഞാൻ |
| കാമകർമ്മഹതം | കാമത്താലും കർമ്മത്താലും ഇളക്കിത്തീർക്കപ്പെട്ടതും, |
| പ്രമാഥിഭിഃ | പ്രബലങ്ങളായ |
| അക്ഷൈഃ | ഇന്ദ്രിയങ്ങളാൽ |
| ഇതഃ തതഃ | അങ്ങുമിങ്ങും |
| ഹ്രിയമാണം ച | ആകർഷിക്കപ്പെടുന്നതും ആയ |
| മനഃ | മനസ്സിനെ |
| രോദ്ധും | നിരോധിക്കുവാൻ |
| ന ഉത്സഹേ | കഴിയാത്തവനാകുന്നു. |

സോഽഹം തവാങ്ഘ്ര്യുപഗതോഽസ്മ്യസതാം ദുരാപം
തച്ചാപ്യഹം ഭവദനുഗ്രഹ ഈശ മന്യേ
പുംസോ ഭവേദ്യർഹി സംസരണാപവർഗ്ഗ-
സ്ത്വയ്യബ്ജനാഭ സദുപാസനയാ മതിഃ സ്യാത്. 28

| | |
|---|---|
| ഈശ | ഹേ ഈശ! |
| സഃ അഹം | അങ്ങനെയുള്ള ഞാൻ |
| അസതാം | അസത്തുക്കൾക്കു് |
| ദുരാപം | ദുഷ്പ്രാപമായ |
| തവ | ഭവാന്റെ |
| അങ്ഘ്രി | തൃപ്പാദത്തെ |
| ഉപഗതഃ | ശരണം പ്രാപിച്ചവനായി |
| അസ്മി | ഭവിച്ചിരിക്കുന്നു. |

| | |
|---|---|
| തത് ച അപി | അതും കൂടി |
| ഭവദനുഗ്രഹഃ | ഭവാന്റെ അനുഗ്രഹമായിട്ടേ |
| അഹം മന്യേ | ഞാൻ കരുതുന്നുള്ളൂ. |
| അബ്ജനാഭ | ഹേ പത്മനാഭ! |
| പുംസഃ | മനുഷ്യന്ന് |
| സംസരണാപവർഗ്ഗഃ | സാംസാരികവാസനയുടെ പരിസമാപ്തി |
| യർഹി ഭവേത് | ഉണ്ടാകുമ്പോൾ |
| സദുപാസനയാ | സജ്ജനസേവകൊണ്ട് |
| ത്വയി | ഭവദ്വിഷയകമായ |
| മതിഃ സ്യാത് | ബുദ്ധിയും ഉണ്ടാകും. |

നമോ വിജ്ഞാനമാത്രായ സർവ്വപ്രത്യയഹേതവേ
പുരുഷേശപ്രധാനായ ബ്രഹ്മണേഽനന്തശക്തയേ. 29

| | |
|---|---|
| വിജ്ഞാനമാത്രായ | ചൈതന്യമൂർത്തിയായി |
| സർവ്വപ്രത്യയഹേതവേ | സകല ജ്ഞാനത്തിന്നും ഹേതുവായി, |
| പുരുഷേശപ്രധാനായ | മനുഷ്യന്റെ ആധിപത്യം വഹിക്കുന്ന കാലകർമ്മസ്വഭാവാദികളുടെ നിയന്താവായി, |
| അനന്തശക്തയേ | അററ ശക്തിയെ ഉൾക്കൊണ്ടിരിക്കുന്നവനായി, |
| ബ്രഹ്മണേ | എങ്ങും നിറഞ്ഞിരിക്കുന്ന നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

നമസ്തേ വാസുദേവായ സർവ്വഭൂതക്ഷയായ ച
ഹൃഷീകേശ നമസ്തുഭ്യം പ്രപന്നം പാഹി മാം പ്രഭോ. 30

| | |
|---|---|
| വാസുദേവായ | വസുദേവപുത്രനായും |
| സർവ്വഭൂതക്ഷയായ ച | സമസ്തഭൂതങ്ങൾക്കും ആശ്രയസ്ഥാനമായും ഇരിക്കുന്ന |
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |
| ഹൃഷീകേശ | ഇന്ദ്രിയങ്ങളുടെ നിയന്താവേ! |
| തുഭ്യം നമഃ | ഭവാന്ന് നമസ്കാരം. |
| പ്രഭോ | ഹേ സർവ്വശക്ത! |
| പ്രപന്നം | ശരണാഗതനായ |
| മാം പാഹി | എന്നെ രക്ഷിക്കണേ! |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരസ്തുതിർന്നാമ ചത്വാരിംശോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1597.

## ഏകചത്വാരിംശോഽദ്ധ്യായഃ—നാല്പത്തൊന്നാമദ്ധ്യായം.

[ഏകചത്വാരിംശകേഽഹൻ രജകം പ്രവിശൻ പുരീം
തതോവരാന്ദദാത്തുഷ്ടഃ സുദാമ്നോ വായകസ്യ ച.]

(ഭഗവാന്റെ മഥുരാപുരീപ്രവേശം; രജകനെ വധിക്കുന്നതും, തയ്യൽക്കാരൻ, മാലാകാരൻ എന്നിവരെ അനുഗ്രഹിക്കുന്നതും)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

സ്തുവതസ്തസ്യ ഭഗവാൻ ദർശയിത്വാ ജലേ വപുഃ
ഭൂയഃ സമാഹരത് കൃഷ്ണോ നടോ നാട്യമിവാത്മനഃ. 1

| | | | |
|---|---|---|---|
| കൃഷ്ണഃ ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | നടഃ | ഒരു നടൻ |
| ആത്മനഃ വപുഃ | തന്റെ സ്വരൂപത്തെ | നാട്യം ഇവ | തന്റെ നാട്യവേഷത്തെ മറയ്ക്കുന്നപോലെ |
| ദർശയിത്വാ | കാട്ടിക്കൊടുത്തു്, | ഭൂയഃ | വീണ്ടും |
| തസ്യ | ആ അക്രൂരൻ | സമാഹരത് | മറച്ചു. |
| സ്തുവതഃ | സ്തുതിച്ചുകൊണ്ടിരിക്കെത്തന്നെ | | |

സോഽപി ചാന്തർഹിതം വീക്ഷ്യ ജലാദുന്മജ്ജ്യ സത്വരഃ
കൃത്വാ ചാവശ്യകം സർവ്വം വിസ്മിതോ രഥമാഗമത്. 2

| | | | |
|---|---|---|---|
| സഃ അപി | ആ അക്രൂരനാകട്ടെ | ആവശ്യകം | അവശ്യം അനുഷ്ഠിക്കേണ്ടുന്ന |
| അന്തർഹിതം വീക്ഷ്യ | ഭഗവദ്രൂപം അന്തർദ്ധാനം ചെയ്തതായി കണ്ടു് | സർവ്വം | എല്ലാ കർമ്മവും |
| ജലാത് | വെള്ളത്തിൽനിന്നു് | കൃത്വാ ച | അനുഷ്ഠിക്കുകയും ചെയ്തശേഷം |
| ഉന്മജ്ജ്യ ച | കരയേറുകയും, | വിസ്മിതഃ | അത്ഭുതപ്പെട്ടുകൊണ്ടു് |
| സത്വരഃ | വേഗമോടെ | രഥം | തേരിലേക്ക് |
| | | ആഗമത് | തിരിച്ചുവന്നു. |

തമപൃച്ഛദ്ധൃഷീകേശഃ കിം തേ ദൃഷ്ടമിവാദ്ഭുതം
ഭൂമൌ വിയതി തോയേ വാ തഥാ ത്വാം ലക്ഷയാമഹേ. 3

| | | | |
|---|---|---|---|
| തം | ആ അക്രൂരനെനോക്കി | തേ | അങ്ങയാൽ |
| ഹൃഷീകേശഃ | ഭഗവാൻ | കിം ഇവ | എന്തൊന്നാണു് |
| അപൃച്ഛത് | ചോദിച്ചു. | അദ്ഭുതം | അത്ഭുതമായിട്ടു് |
| ഇഹ | "ഇപ്പോൾ | ദൃഷ്ടം | കാണപ്പെട്ടതു് ? |
| ഭൂമൌ | ഭൂമിയിലൊ, | ത്വാം | അങ്ങയെ |
| വിയതി | ആകാശത്തിലോ, | തഥാ | അങ്ങനെ എന്തോ കണ്ടതായ ആളെപ്പോലെ |
| തോയേ വാ | വെള്ളത്തിലോ | ലക്ഷയാമഹേ | തോന്നുന്നുണ്ടു്" |

അക്രൂര ഉവാച=അക്രൂരൻ പറഞ്ഞു :—

അദ്ഭുതാനീഹ യാവന്തി ഭൂമൌ വിയതി വാ ജലേ
ത്വയി വിശ്വാത്മകേ താനി കിം മേഽദൃഷ്ടം വിപശ്യതഃ. 4

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | താനി | അവ മുഴുവനും |
| ഭൂമൌ | ഭൂമിയിലൊ, | വിശ്വാത്മകേ | വിശ്വരൂപനായ |
| വിയതി | ആകാശത്തിലൊ, | ത്വയി | ഭവാനിൽത്തന്നെയാണ്. |
| ജലേ വാ | വെള്ളത്തിലൊ | വിപശ്യതഃ | ഭവാനെ വിശേഷിച്ചും കണ്ടുകൊണ്ടേ ഇരിക്കുന്ന |
| യാവന്തി | എത്രത്തോളം | മേ കിം | എന്നാൽ എന്തൊന്ന് |
| അദ്ഭുതാനി | അൽഭുതങ്ങൾ ഉണ്ടോ, | അദൃഷ്ടം | കാണപ്പെടാതെയുണ്ട് ? |

യത്രാദ്ഭുതാനി സർവ്വാണി ഭൂമൌ വിയതി വാ ജലേ
തം ത്വാനുപശ്യതോ ബ്രഹ്മൻ കിം മേ ദൃഷ്ടമിഹാദ്ഭുതം. 5

| | | | |
|---|---|---|---|
| ബ്രഹ്മൻ | എങ്ങും നിറഞ്ഞ ശാശ്വതതത്വമേ ! | മേ | എന്നാൽ |
| | | ഇഹ | ഈ ലോകത്തിൽ |
| യത്ര | യാതൊരുത്തനിലാണോ | ഭൂമൌ | ഭൂമിയിലൊ, |
| അദ്ഭുതാനി | അൽഭുതങ്ങൾ | വിയതി | ആകാശത്തിലൊ, |
| സർവ്വാണി | മുഴുവനും സ്ഥിതിചെയ്യുന്നത് | ജലേ വാ | വെള്ളത്തിലോ |
| തം ത്വാ | ആ നിന്തിരുവടിയെ | അദ്ഭുതം | അൽഭുതമായിട്ട് |
| അനുപശ്യതഃ | ഇടൻ കണ്ടുകൊണ്ടിരിക്കുന്ന | കിം | വേറെ എന്തൊന്ന് |
| | | ദൃഷ്ടം | കാണപ്പെട്ടിട്ടുണ്ട് ? |

ഇത്യുക്ത്വാ ചോദയാമാസ സ്യന്ദനം ഗാന്ദിനീസുതഃ
മഥുരാമനയദ്രാമം കൃഷ്ണം ചൈവ ദിനാത്യയേ. 6

| | | | |
|---|---|---|---|
| ഗാന്ദിനീസുതഃ | അക്രൂരൻ | രാമം | ബലരാമനെയും |
| ഇതി | ഇവിധം | കൃഷ്ണം ച ഏവ | ശ്രീകൃഷ്ണനേയും |
| ഉക്ത്വാ | പറഞ്ഞ് | ദിനാത്യയേ | വൈകുന്നേരത്ത് |
| സ്യന്ദനം | രഥം | മഥുരാം | മഥുരാപുരിയിലേക്ക് |
| ചോദയാമാസ | തെളിച്ചു. | അനയത് | എത്തിച്ചു. |

മാർഗ്ഗേ ഗ്രാമജനാ രാജംസ്തത്ര തത്രോപസംഗതാഃ
വസുദേവസുതൌ വീക്ഷ്യ പ്രീതാ ദൃഷ്ടിം ന ചാദദുഃ. 7

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | വസുദേവസുതൌ | വസുദേവപുത്രന്മാരെ |
| മാർഗ്ഗേ | വഴിയിൽ | വീക്ഷ്യ | കണ്ട് |
| തത്ര തത്ര | അവിടെയവിടെ | പ്രീതാഃ | സന്തുഷ്ടരായിട്ട് |
| ഗ്രാമജനാഃ | ഗ്രാമവാസികൾ | ദൃഷ്ടിം ന | കണ്ണെടുക്കാതെ |
| ഉപസംഗതാഃ | കൂടിനിന്നുകൊണ്ട് | ആദദുഃ ച | നില്പായി. |

താവദ്വ്രജൗകസസ്തത്ര നന്ദഗോപാദയോഽഗ്രതഃ
പുരോപവനമാസാദ്യ പ്രതീക്ഷന്തോഽവതസ്ഥിരേ. 8

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കും | പുരോപവനം | നഗരത്തിന്റെ ബാഹ്യോദ്യാനത്തിൽ |
| നന്ദഗോപാദയഃ | നന്ദഗോപാദികളായ | ആസാദ്യ | എത്തിച്ചേർന്ന് |
| വ്രജൗകസഃ | ഗോപന്മാർ | പ്രതീക്ഷന്തഃ | ഇവരെ കാത്തുകൊണ്ട് |
| അഗ്രതഃ | മുൻപേതന്നെ | അവതസ്ഥിരേ | നിന്നിരുന്നു. |
| തത്ര | അവിടെ | | |

താൻ സമേത്യാഹ ഭഗവാനക്രൂരം ജഗദീശ്വരഃ
ഗൃഹീത്വാ പാണിനാ പാണിം പ്രശ്രിതം പ്രഹസന്നിവ. 9

| | | | |
|---|---|---|---|
| താൻ | അവരോട് | ഗൃഹീത്വാ | പിടിച്ച്, |
| സമേത്യ | കൂടിച്ചേർന്നശേഷം | പ്രഹസൻ ഇവ | നന്നായൊന്ന് ചിരിച്ചുകൊണ്ട് |
| ജഗദീശ്വരഃ | ലോകനായകനായ | പ്രശ്രിതം | വിനയാന്വിതനായ |
| ഭഗവാൻ | ശ്രീകൃഷ്ണൻ | അക്രൂരം | അക്രൂരനോട് |
| പാണിനാ | കരത്താൽ | ആഹ | പറഞ്ഞു. |
| പാണിം | കരം | | |

ഭവാൻ പ്രവിശതാമഗ്രേ സഹയാനഃ പുരീം ഗൃഹം
വയം ത്വിഹാവമുച്യാഥ തതോ ദ്രക്ഷ്യാമഹേ പുരീം. 10

| | | | |
|---|---|---|---|
| അഗ്രേ | "മുൻകൂട്ടിത്തന്നെ | വയം തു | ഞങ്ങളാകട്ടെ |
| ഭവാൻ | അങ്ങ് | ഇഹ | ഈ സ്ഥലത്ത് |
| സഹയാനഃ | തേരോടുകൂടി | അവമുച്യ | വണ്ടികളെ അഴിച്ചുവിട്ട് (തളച്ചുമാററിയശേഷം) |
| പുരീം | രാജപുരിയിലേക്ക് | തതഃ അഥ | അതിൽപ്പിന്നെ |
| പ്രവിശതാം | ചെന്നുകൊള്ളുക ; | പുരീം | രാജപുരിയെ |
| ഗൃഹം | പിന്നീട് സ്വഗൃഹത്തിലേക്കും. | ദ്രക്ഷ്യാമഹേ | കണ്ടുകൊള്ളാം." |

അക്രൂര ഉവാച=അക്രൂരൻ പറഞ്ഞു :—

നാഹം ഭവദ്ഭ്യാം രഹിതഃ പ്രവേക്ഷ്യേ മഥുരാം പ്രഭോ
ത്യക്തും നാർഹസി മാം നാഥ ഭക്തം തേ ഭക്തവത്സല. 11

| | | | |
|---|---|---|---|
| പ്രഭോ അഹം | പ്രഭോ ! ഞാൻ | ഭക്തവത്സല | ഹേ ഭക്തവത്സല ! |
| ഭവദ്ഭ്യാം | നിങ്ങൾ രണ്ടുപേരോടും | തേ | നിന്തിരുവടിയുടെ |
| രഹിതഃ | കൂടാതെ | ഭക്തം | ഭക്തനായ |
| മഥുരാം | മഥുരയിലേക്ക് | മാം | എന്നെ |
| ന പ്രവേക്ഷ്യേ | കടക്കയില്ല. | ത്യക്തും ന അർഹസി | കൈവിട്ടുകളയരുതേ ! |
| നാഥ | ഹേ നാഥ ! | | |

ആഗച്ഛ യാമ ഗേഹാൻ നഃ സനാഥാൻ കുർവ്വധോക്ഷജ
സഹാഗ്രജഃ സഗോപാലൈഃ സുഹൃദ്ഭിശ്ച സുഹൃത്തമ. 12

| | | | |
|---|---|---|---|
| അധോക്ഷജ | അതീന്ദ്രിയജ്ഞാനത്തിന്നുമാത്രം വിഷയീഭവിക്കുന്ന | ആഗച്ഛ | (എന്റെകൂടെ) വരിക; |
| സുഹൃത്തമ | പരമസുഹൃത്തേ! | യാമ | നമുക്ക് പോകാം. |
| സഹാഗ്രജഃ | ജ്യേഷ്ഠനോടും, | നഃ | ഞങ്ങളുടെ |
| സഗോപാലൈഃ | ഗോപന്മാരോടും, | ഗേഹാൻ | ഗൃഹങ്ങളെ |
| സുഹൃദ്ഭിഃ ച | ഇഷ്ടജനങ്ങളോടും ഒരുമിച്ച് | സനാഥാൻ കുരു | നാഥനുള്ളതാക്കിത്തീർത്തന്നാലും. |

പുനീഹി പാദരജസാ ഗൃഹാൻ നോ ഗൃഹമേധിനാം
യച്ഛൌചേനാനുതൃപ്യന്തി പിതരഃ സാഗ്നയഃ സുരാഃ. 13

| | | | |
|---|---|---|---|
| യച്ഛൌചേന | യാതൊരാളുടെ കാൽകഴുകിയ ജലംകൊണ്ട് | പാദരജസാ | ആ തിരുവടിയുടെ തൃപ്പാദധൂളികൊണ്ട് |
| പിതരഃ | പിതൃക്കളും, | ഗൃഹമേധിനാം | ഗൃഹസ്ഥധർമ്മം അനുഷ്ഠിക്കുന്ന |
| സാഗ്നയഃ | അഗ്നിയോടുകൂടെ | നഃ | ഞങ്ങളുടെ |
| സുരാഃ | ദേവന്മാരും | ഗൃഹാൻ | ഭവനങ്ങളെ |
| അനുതൃപ്യന്തി | അനുക്ഷണം തൃപ്തിപ്പെടുന്നുവോ, | പുനീഹി | ശുദ്ധീകരിച്ചാലും. |

അവനിജ്യാങ്ഘ്രിയുഗളമാസീച്ഛ്ലോക്യോ ബലിർമ്മഹാൻ
ഐശ്വര്യമതുലം ലേഭേ ഗതിം ചൈകാന്തിനാം തു യാ. 14

| | | | |
|---|---|---|---|
| അങ്ഘ്രിയുഗളം | ഭവാന്റെ ഇരുതൃച്ചേവടികളെയും | അതുലം | എതിരില്ലാത്ത |
| അവനിജ്യ | കഴുകിച്ച് | ഐശ്വര്യം | ഐശ്വര്യവും |
| ബലിഃ | മഹാബലി | ലേഭേ | സിദ്ധിച്ചു; |
| ശ്ലോക്യഃ | സൽകീർത്തിക്ക് പാത്രീഭവിച്ചവനും, | ഏകാന്തിനാം | നിഷ്കാമഭക്തന്മാർക്ക് |
| മഹാൻ | മഹാത്മാവും | യാ തു | യാതൊരു സൽഗതിയുണ്ടാവുന്നുവോ |
| ആസീത് | ആയിരിക്കുന്നു. | ഗതിം ച | ആ സൽഗതിയേയും പ്രാപിച്ചു. |

ആപസ്തേഽങ്ഘ്ര്യവനേജന്യസ്ത്രീംല്ലോകാൻ ശുചയോഽപുനൻ
ശിരസാഽധത്ത യാഃ ശർവ്വഃ സ്വര്യാതാഃ സഗരാത്മജാഃ. 15

| | | | |
|---|---|---|---|
| തേ | ഭവാന്റെ | ആപഃ | ജലം (ഗംഗാജലം) |
| അങ്ഘ്ര്യവനേജന്യഃ | തൃപ്പാദങ്ങളെ കഴുകിയ (കഴുകിയതുകൊണ്ട്) | ത്രീൻ ലോകാൻ | മൂന്നു ലോകങ്ങളെയും |
| ശുചയഃ | വിശുദ്ധമായ | അപുനൻ | വിശുദ്ധമാക്കി. |
| | | യാഃ | യാതൊരു ജലത്തെ |

| | | | |
|---|---|---|---|
| ശംഭുഃ | പരമശിവൻ | സാഗരാത്മജാഃ | സഗരപുത്രന്മാർ |
| ശിരസാ | ശിരസ്സാൽ | | (യാതൊരു ജലത്താൽ) |
| അധത്ത | ധരിച്ചു ; | സ്വഃ യാതാഃ | സ്വർഗ്ഗം പ്രാപിച്ചു. |

ദേവദേവ ജഗന്നാഥ പുണ്യശ്രവണകീർത്തന
യദൂത്തമോത്തമശ്ലോക നാരായണ നമോऽസ്തു തേ. 16

| | | | |
|---|---|---|---|
| ദേവദേവ | ഹേ ദേവദേവ! | യദൂത്തമ | യാദവശ്രേഷ്ഠ ! |
| ജഗന്നാഥ | ഹേ ലോകനായക ! | ഉത്തമശ്ലോക | മഹായശസ്വിൻ ! |
| പുണ്യശ്രവണ- കീർത്തന | പുണ്യകരമായ ശ്രവണ കീർത്തനങ്ങളോടുകൂടിയ പ്രഭോ ! | നാരായണ | ഹേ ശ്രീമന്നാരായണ ! |
| | | തേ | നിന്തിരുവടിക്ക് |
| | | നമഃ അസ്തു | നമസ്കാരം. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ആയാസ്യേ ഭവതോ ഗേഹമഹമാര്യസമന്വിതഃ
യദുചക്രദ്രുഹം ഹത്വാ വിതരിഷ്യേ സുഹൃത്പ്രിയം. 17

| | | | |
|---|---|---|---|
| അഹം | ഞാൻ | യദുചക്രദ്രുഹം | യദുവംശദ്രോഹിയെ |
| ആര്യസമന്വിതഃ | ജ്യേഷ്ഠനോടുകൂടി | ഹത്വാ | നിഗ്രഹിച്ചശേഷം |
| ഭവതഃ | അങ്ങയുടെ | സുഹൃത്പ്രിയം | ഇഷ്ടപ്പെട്ടവരുടെ പ്രീതിയെ |
| ഗേഹം | ഗൃഹത്തിലേക്ക് | | |
| ആയാസ്യേ | പിന്നെവന്നുകൊള്ളാം. | വിതരിഷ്യേ | നിറവേററിത്തന്നുകൊള്ളാം. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവമുക്തോ ഭഗവതാ സോऽക്രൂരോ വിമനാ ഇവ
പുരീം പ്രവിഷ്ടഃ കംസായ കർമ്മാവേദ്യ ഗൃഹം യയൗ. 18

| | | | |
|---|---|---|---|
| ഭഗവതാ | ഭഗവാനാൽ | പ്രവിഷ്ടഃ | പ്രവേശിച്ച്, |
| ഏവം | ഇപ്രകാരം | കംസായ | കംസനോട് |
| ഉക്തഃ | പറയപ്പെട്ട | കർമ്മ | താൻ നിറവേററിയ പ്രവൃത്തിയെ |
| സഃ അക്രൂരഃ | ആ അക്രൂരൻ | ആവേദ്യ | അറിയിച്ചശേഷം |
| വിമനാഃ ഇവ | അല്പം വൈമനസ്യത്തോടെ | ഗൃഹം യയൗ | സ്വഗൃഹത്തിലേക്ക് പോയി. |
| പുരീം | രാജപുരിയിലേക്ക് | | |

അഥാപരാഹ്ണേ ഭഗവാൻ കൃഷ്ണഃ സങ്കർഷണാന്വിതഃ
മഥുരാം പ്രാവിശദ്ഗോപൈർദ്ദിദൃക്ഷുഃ പരിവാരിതഃ. 19

| | | | |
|---|---|---|---|
| അഥ | പിന്നീട് | സങ്കർഷണാ- ന്വിതഃ | ബലരാമനോടുകൂടി |
| അപരാഹ്ണേ | വൈകുന്നേരത്ത് | | |
| കൃഷ്ണഃ ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഗോപൈഃ | ഗോപന്മാരാൽ |

| | |
|---|---|
| പരിവാരിതഃ | പരിവൃതനായിക്കൊണ്ട് |
| ദിദൃക്ഷുഃ | പട്ടണം കാണ്മാനുള്ള താല്പൎയ്യത്തോടെ |
| മഥുരാം | മഥുരാപുരിയിലേക്ക് |
| പ്രാവിശത് | പ്രവേശിച്ചു. |

ദദൎശ താം സ്ഫാടികതുംഗഗോപുരദ്വാരാം ബൃഹദ്ധേമകപാടതോരണാം
താമ്രാരകോഷ്ഠാം പരിഖാദുരാസദാമുദ്യാനരമ്യോപവനോപശോഭിതാം 20

| | |
|---|---|
| സ്ഫാടികതുംഗഗോപുരദ്വാരാം | സ്ഫടികമയങ്ങളായ ഉന്നതഗോപുരങ്ങളും, ഭവനദ്വാരങ്ങളും ഉള്ളതായി,— |
| ബൃഹദ്ധേമകപാടതോരണാം | വമ്പിച്ച പൊൻവാതിലുകളും, കമാനങ്ങളും ഉള്ളതായി,— |
| താമ്രാരകോഷ്ഠാം | ചെമ്പും പിച്ചളയും കൊണ്ടുള്ള കോട്ടമതിലുകളോടുകൂടിയതായി,— |
| പരിഖാദുരാസദാം | കിടങ്ങുകളാൽ ദുഷ്പ്രവേശ്യമായി,— |
| ഉദ്യാനരമ്യോപവനോപശോഭിതാം | തോട്ടങ്ങളാലും, മനം കവരുന്ന മലർവാടികളാലും പരിശോഭിതമായി സ്ഥിതിചെയ്യുന്ന |
| താം ദദൎശ | ആ മഥുരയെ കണ്ടു. |

സൌവൎണ്ണശൃംഗാടകഹൎമ്മ്യനിഷ്കുടൈഃ ശ്രേണീസഭാഭിൎഭവനൈരുപസ്കൃതാം
വൈഡൂൎയ്യവജ്രാമലനീലവിദ്രുമൈൎമ്മുക്താഹരിദ്ഭിൎവ്വലഭീഷു വേദിഷു.
ജുഷ്ടേഷു ജാലാമുഖരന്ധ്രകുട്ടിമേഷ്വാവിഷ്ടപാരാവതബൎഹിനാദിതാം
സംസിക്തരഥ്യാപണമാൎഗ്ഗചത്വരാം പ്രകീൎണ്ണമാല്യാങ്കുരലാജതണ്ഡുലാം 22

| | |
|---|---|
| സൌവൎണ്ണശൃംഗാടകഹൎമ്മ്യനിഷ്കുടൈഃ | സുവൎണ്ണാലംകൃതങ്ങളായ നാൽക്കൂട്ടപ്പാതകൾ, മാളികകൾ, ഉമ്മറപ്പൂങ്കാവുകൾ എന്നിവയാലും, |
| ശ്രേണീസഭാഭിഃ | ശില്പിവൎഗ്ഗക്കാരുടെ വാസസ്ഥലങ്ങളാലും, |
| ഭവനൈഃ | മററനേകം ഭവനങ്ങളാലും |
| ഉപസ്കൃതാം | അലംകൃതമായി,— |
| വൈഡൂൎയ്യവജ്രാമലനീലവിദ്രുമൈഃ | വൈഡൂൎയ്യം, വജ്രം, സ്ഫടികം, നീലം, പവിഴം എന്നിവയാലും, |
| മുക്താഹരിദ്ഭിഃ | മുത്ത്, മരതകം എന്നിവയാലും |
| ജുഷ്ടേഷു | സംയുക്തങ്ങളായ |
| വലഭീഷു | മേൽക്കൂട്ടുകളിലും, |
| വേദിഷു | പുറംതിണ്ണകളിലും, |
| ജാലാമുഖരന്ധ്രകുട്ടിമേഷു | കിളിവാതിൽപ്പഴുതുകളിലും, മണിമേടകളിലും |
| ആവിഷ്ടപാരാവതബൎഹിനാദിതാം | ഇരിക്കുന്ന പ്രാവുകളുടേയും മയിലുകളുടേയും നാദത്തോടുകൂടിയതായി, |
| സംസിക്തരഥ്യാപണമാൎഗ്ഗചത്വരാം | വെള്ളം നനച്ച തേർവീഥികളും, അങ്ങാടിത്തെരുവുകളും, അങ്കണങ്ങളും ഉള്ളതായി, |
| പ്രകീൎണ്ണമാല്യാങ്കുരലാജതണ്ഡുലാം | വിതറിക്കിടക്കുന്ന പൂക്കൾ, ധാന്യമുളകൾ, മലരുകൾ, അക്ഷതങ്ങൾ എന്നിവയോടുചേൎന്നതായി സ്ഥിതിചെയ്യുന്ന |
| (താം ദദൎശ) | ആ മഥുരയെ കണ്ടു. |

ആപൂൎണ്ണകുംഭൈൎദ്ദധിചന്ദനോക്ഷിതൈഃ പ്രസൂനദീപാവലിഭിഃ സപല്ലവൈഃ
സവൃന്ദരംഭാക്രമുകൈഃ സകേതുഭിഃ സ്വലംകൃതദ്വാരഗൃഹാം സപട്ടികൈഃ

ദധിചന്ദനോക്ഷിതൈഃ — തൈർ, ചന്ദനം എന്നിവകൊണ്ടു പ്രോക്ഷണം ചെയ്യപ്പെട്ടവയും,
പ്രസൂനദീപാവലിഭിഃ — അനേകം പുഷ്പദീപങ്ങളോടുകൂടിയിരിക്കുന്നവയും,
സപല്ലവൈഃ — തളിരുകൾ വെച്ചിട്ടുള്ളവയും,
സവൃന്തരംഭാക്രമുകൈഃ — കുലവാഴകളും, കായ് നിറഞ്ഞ കവുങ്ങുകളും പാർശ്വത്തിലുള്ളവയും,
സകേതുഭിഃ — കൊടിതോരണങ്ങളുള്ളവയും,
സപട്ടികൈഃ — പട്ടുനാടകൾ ചുററിയിരിക്കുന്നവയും ആയ
ആപൂർണ്ണകുംഭൈഃ — ജലസമ്പൂർണ്ണകുംഭങ്ങളാൽ
സ്വലങ്കൃതദ്വാരഗൃഹാം — ഉമ്മറഭാഗം നന്നായലങ്കരിക്കപ്പെട്ടിരിക്കുന്ന ഗൃഹങ്ങളോടുകൂടി സ്ഥിതിചെയ്യുന്ന
(താം ദദർശ) — ആ മഥുരയെ കണ്ടു.

താം സംപ്രവിഷ്ടൗ വസുദേവനന്ദനൗ
വൃതൗ വയസ്യൈർന്നരദേവവർത്മനാ
ദ്രഷ്ടും സമീയുസ്ത്വരിതാഃ പുരസ്ത്രിയോ
ഹർമ്മ്യാണി ചൈവാരുരുഹുർന്നൃപോത്സുകാഃ. 24

നൃപ — രാജാവേ!
താം — ആ മഥുരാപുരിയിലേക്ക്
വയസ്യൈഃ — ചങ്ങാതിമാരാൽ
വൃതൗ — ചുററപ്പെട്ടുകൊണ്ട്
നരദേവവർത്മനാ — രാജമാർഗ്ഗത്തിലൂടെ
സംപ്രവിഷ്ടൗ — പ്രവേശിച്ച
വസുദേവനന്ദനൗ — വസുദേവപുത്രന്മാരെ
ദ്രഷ്ടും — കാണുന്നതിന്ന്
ഉത്സുകാഃ — ഉത്സാഹം മുഴുത്ത്
ത്വരിതാഃ — തിടുക്കംകൊണ്ടവരായ
പുരസ്ത്രിയഃ — പൌരനാരിമാർ
സമീയുഃ ഏവ — പുറത്തേക്കുതന്നെ ഓടിവന്നു;
ഹർമ്മ്യാണി ച — മാളികകളിലേക്കും
ആരുരുഹുഃ — ചിലർ കയറി.

കാശ്ചിദ്വിപര്യഗ്ധൃതവസ്ത്രഭൂഷണാ
വിസ്മൃത്യ ചൈകം യുഗളേഷ്വഥാപരാഃ
കൃതൈകപത്രശ്രവണൈകനൂപുരാ
നാങ്ക്ത്വാ ദ്വിതീയം ത്വപരാശ്ച ലോചനം. 25

വിപര്യഗ്ധൃതവസ്ത്രഭൂഷണാഃ — വിപരീതമാകുമാറ് എടുത്തു ധരിക്കപ്പെട്ട ആടയാഭരണങ്ങളോടുകൂടിയവരായിട്ട്
കാശ്ചിത് — ചിലരും,
യുഗളേഷു — രണ്ടവയവങ്ങളിൽ
ഏകം — ഒന്നിനെ
വിസ്മൃത്യ — തീരെ മറന്ന്
കൃതൈകപത്രശ്രവണൈകനൂപുരാഃ — ഒററക്കാതിൽമാത്രം കാതിലയും ഒററക്കാലിൽമാത്രം ചിലമ്പും ധരിച്ചുകൊണ്ടുള്ളവരായി
അഥ അപരാഃ ച — പിന്നെ വേറെച്ചിലരും,
ദ്വിതീയം — രണ്ടാമത്തെ
ലോചനം തു — കണ്ണിൽ
ന അങ്ക്ത്വാ — അഞ്ജനമെഴുതാതെ
അപരാഃ ച — മററുചിലരും
(സമീയുഃ) — പുറത്തേക്കു വന്നു.

അശ്നന്ത്യ ഏകാസ്തദപാസ്യ സോത്സവാ
അഭ്യജ്യമാനാ അകൃതോപമജ്ജനാഃ
സ്വപന്ത്യ ഉത്ഥായ നിശമ്യ നിഃസ്വനം
പ്രപായയന്ത്യോഽർഭമപോഹ്യ മാതരഃ. 26

| | |
|---|---|
| അശ്നന്ത്യഃ | ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന |
| ഏകാഃ | ചില പൌരസ്ത്രീകൾ |
| തത് അപാസ്യ | അതുപേക്ഷിച്ചും, |
| അഭ്യജ്യമാനാഃ | ദാസികളാൽ എണ്ണതേപ്പിക്കപ്പെട്ടിരുന്നവർ |
| അകൃതോപമജ്ജനാഃ | കുളി കഴിക്കാതെയും, |
| സ്വപന്ത്യഃ | ഉറങ്ങിക്കിടന്നിരുന്നവർ |
| നിഃസ്വനം | ശബ്ദകോലാഹലം |
| നിശമ്യ | കേട്ട് |
| ഉത്ഥായ | എഴുന്നേററിട്ടും, |
| പ്രപായയന്ത്യഃ | കുട്ടികളെ മുല കൊടുത്തിരുന്ന |
| മാതരഃ | അമ്മമാർ |
| അർഭം അപോഹ്യ | കുട്ടിയെ വിട്ടും |
| സോത്സവാഃ | ആനന്ദോല്ലാസത്തോടെ പുറത്തുവന്നു. |

മനാംസി താസാമരവിന്ദലോചനഃ പ്രഗല്ഭലീലാഹസിതാവലോകനൈഃ
ജഹാര മത്തദ്വിരദേന്ദ്രവിക്രമോ ദൃശാം ദദച്ഛ്രീരമണാത്മനോത്സവം. 27

| | |
|---|---|
| മത്തദ്വിരദേന്ദ്രവിക്രമഃ | മത്തഗജത്തിന്റെ ഗമനത്തോടൊത്ത ഗമനത്തോടുകൂടിയവനും, |
| അരവിന്ദലോചനഃ | താമരദളംപോലെ അഴകാർന്ന കണ്ണിണയോടുകൂടിയവനും ആയ ഭഗവാൻ |
| പ്രഗല്ഭലീലാഹസിതാവലോകനൈഃ | പ്രൌഢതയുള്ള ലീലകളാലും, മന്ദഹാസത്താലും, കടാക്ഷവീക്ഷണങ്ങളാലും, |
| ശ്രീരമണാത്മനാ | ലക്ഷ്മീദേവിയെ രമിപ്പിക്കുന്ന തിരുമെയ്ശോഭയാലും |
| താസാം ദൃശാം | അവരുടെ കൺകൾക്ക് |
| ഉത്സവം | ആനന്ദോല്ലാസത്തെ |
| ദദത് | നല്കിക്കൊണ്ട് |
| മനാംസി | ഹൃദയങ്ങളെ |
| ജഹാര | അപഹരിച്ചു. |

ദൃഷ്ട്വാ മുഹുഃ ശ്രുതമനുദ്രുതചേതസസ്തം
തത്പ്രേക്ഷണോത്സ്മിതസുധോക്ഷണലബ്ധമാനാഃ
ആനന്ദമൂർത്തിമുപഗുഹ്യ ദൃശാഽഽത്മലബ്ധം
ഹൃഷ്യത്ത്വചോ ജഹുരനന്തമരിന്ദമാധിം. 28

| | |
|---|---|
| അരിന്ദമ | കാമാദി ശത്രുക്കളെ വെന്നിരിക്കുന്ന ഹേ രാജർഷേ! |
| മുഹുഃ | മുൻപ് അടിക്കടി |
| ശ്രുതം | പറഞ്ഞുകേൾക്കപ്പെട്ടിരുന്ന |
| തം | ആ കൃഷ്ണനിലേക്ക് |
| അനുദ്രുതചേതസഃ | അലിഞ്ഞുചേർന്ന ഹൃദയത്തോടുകൂടിയവരായ പുരസ്ത്രീകൾ |
| ദൃഷ്ട്വാ | ഇപ്പോൾ പ്രത്യക്ഷമായി കണ്ട് |

| | | | |
|---|---|---|---|
| തത്പ്രേക്ഷണോത്സ്മിതസുധോക്ഷണലബ്ധമാനാഃ | അവിടുത്തെ കടാക്ഷ നോട്ടത്തോടുചേൎന്ന മന്ദഹാസാമൃതത്തിന്റെ സേചനത്താൽ സൽക്കാരം ലഭിച്ചവരായും, | ഉപഗുഹ്യ | ഉള്ളുകൊണ്ട് ആലിംഗനം ചെയ്തും |
| ദൃശാ | തുറന്ന കണ്ണിലൂടെ | ഹൃഷ്യത്ത്വചഃ | പുളകിതഗാത്രികളായിട്ട് |
| അന്തഃപ്രവിഷ്ടം | അന്തഃകരണത്തിലേക്ക് കടന്നെത്തിയ | അനന്തം | (ഇതുവരെ കാണ്മാൻ കഴിയാത്തതുകൊണ്ട് ഉണ്ടായിരുന്ന) അററമില്ലാത്ത |
| ആനന്ദമൂൎത്തിം | ആ ആനന്ദമൂൎത്തിയെ | ആധിം | മാനസികതാപത്തെ |
| | | ജഹുഃ | ഉപേക്ഷിച്ചു. |

പ്രാസാദശിഖരാരൂഢാഃ പ്രീത്യുത്ഫുല്ലമുഖാംബുജാഃ
അഭ്യവൎഷൻ സൌമനസ്യൈഃ പ്രമദാ ബലകേശവൌ. 29

| | | | |
|---|---|---|---|
| പ്രാസാദശിഖരാരൂഢാഃ | മാളികമുകളിൽ കയറിക്കൂടിയവരും, | പ്രമദാഃ | യുവതികൾ |
| പ്രീത്യുത്ഫുല്ലമുഖാംബുജാഃ | പ്രീതിയാൽ വികസിച്ച മുഖപങ്കജങ്ങളോടുകൂടിയവരും ആയ | ബലകേശവൌ | രാമകൃഷ്ണന്മാരെ |
| | | സൌമനസ്യൈഃ | പുഷ്പരാശികളാൽ (ഉത്തമമനോഭാവങ്ങളാൽ) |
| | | അഭ്യവൎഷൻ | അഭിവൎഷിച്ചു. |

ദധ്യക്ഷതൈഃ സോദപാത്രൈഃ സ്രഗ്ഗന്ധൈരഭ്യുപായനൈഃ
താവാനൎച്ചുഃ പ്രമുദിതാസ്തത്ര തത്ര ദ്വിജാതയഃ. 30

| | | | |
|---|---|---|---|
| തത്ര തത്ര | അവിടവിടെ കൂടിനിന്നിരുന്ന | സോദപാത്രൈഃ | ജലപൂൎണ്ണപാത്രങ്ങൾകൊണ്ടും, |
| ദ്വിജാതയഃ | ബ്രാഹ്മണാദി ത്രൈവൎണ്ണികന്മാർ | സ്രഗ്ഗന്ധൈഃ | പുഷ്പഹാരങ്ങൾ, ചന്ദനം എന്നിവകൊണ്ടും, |
| പ്രമുദിതാഃ | അതിസന്തുഷ്ടരായിട്ട് | അഭ്യുപായനൈഃ | കാഴ്ചവസ്തുക്കൾകൊണ്ടും |
| ദധ്യക്ഷതൈഃ | തൈർ, അക്ഷതം എന്നിവകൊണ്ടും, | തൌ | അവർ രണ്ടുപേരേയും |
| | | ആനൎച്ചുഃ | അൎച്ചിച്ചു. |

ഊചുഃ പൌരാ അഹോ ഗോപ്യസ്തപഃ കിമചരൻ മഹത്
യാ ഹ്യേതാവനുപശ്യന്തി നരലോകമഹോത്സവൌ. 31

| | | | |
|---|---|---|---|
| പൌരാഃ | പുരസ്ത്രീകൾ | അചരൻ | ചെയ്തുവോ? |
| ഊചുഃ | അന്യോന്യം പറഞ്ഞു— | യാഃ | യാതൊരു ആ സ്ത്രീകൾ |
| അഹോ | "ആശ്ചൎയ്യം! | നരലോകമഹോത്സവൌ | മൎത്ത്യലോകത്തിന്ന് അത്യാനന്ദപ്രദരായ |
| ഗോപ്യഃ | ഗോപികമാർ | ഏതൌ ഹി | ഇവർ രണ്ടുപേരേയും |
| കിം | എന്തുതരം | അനുപശ്യന്തി | കണ്ടുകൊണ്ടേ ഇരിക്കുന്നു." |
| മഹത് തപഃ | വലിയ തപസ്സ് | | |

രജകം കഞ്ചിദായാന്തം രംഗകാരം ഗദാഗ്രജഃ
ദൃഷ്ട്വാƒയാചത വാസാംസി ധൌതാന്യത്യുത്തമാനി ച. 32

| | | | |
|---|---|---|---|
| ഗദാഗ്രജഃ | ശ്രീകൃഷ്ണൻ | ദൃഷ്ട്വാ | കണ്ടിട്ട് |
| ആയാന്തം | ആ വഴിക്ക് വരുന്നവനും | അത്യുത്തമാനി | ഏററവും വിശേഷപ്പെട്ട |
| രംഗകാരം | വസ്ത്രങ്ങൾക്ക് ചായം (കസവ്) ഇടുന്നവനും ആയ | ധൌതാനി ച | അലക്കിയ |
| | | വാസാംസി | വസ്ത്രങ്ങളെ |
| കഞ്ചിത് രജകം | ഒരലക്കുകാരനെ | അയാചത | യാചിച്ചു. |

ദേഹ്യാവയോഃ സമുചിതാന്യംഗ വാസാംസി ചാർഹതോഃ
ഭവിഷ്യതി പരം ശ്രേയോ ദാതുസ്തേ നാത്ര സംശയഃ. 33

| | | | |
|---|---|---|---|
| അംഗ | "ചങ്ങാതി! | ദാതുഃ തേ | ദാതാവായ നിനക്ക് |
| അർഹതോഃ | യോഗ്യതയുള്ള | പരം ശ്രേയഃ | വളരെ ശ്രേയസ്സ് |
| ആവയോഃ ച | ഞങ്ങൾക്കിരുവർക്കും | ഭവിഷ്യതി | ഉണ്ടാകും. |
| സമുചിതാനി | ഏററവും പററിയ | | |
| വാസാംസി | വസ്ത്രങ്ങളെ | അത്ര | ഇതിൽ |
| ദേഹി | നല്കുക, | സംശയഃ ന | സംശയമില്ല." |

സ യാചിതോ ഭഗവതാ പരിപൂർണ്ണേന സർവ്വതഃ
സാക്ഷേപം രുഷിതഃ പ്രാഹ ഭൃത്യോ രാജ്ഞഃ സുദുർമ്മദഃ. 34

| | | | |
|---|---|---|---|
| രാജ്ഞഃ | രാജാവിൻെറ (കംസൻെറ) | ഭഗവതാ | ഭഗവാനാൽ |
| ഭൃത്യഃ | ഭൃത്യനും, | യാചിതഃ | ഈവിധം അപേക്ഷിക്കപ്പെട്ടവനായപ്പോൾ |
| സുദുർമ്മദഃ | ദുർമ്മദം മുഴുത്തവനും ആയ | | |
| സഃ | അവൻ | രുഷിതഃ | കുപിതനായ്ത്തീർന്ന് |
| സർവ്വതഃ | എല്ലായിടത്തും | സാക്ഷേപം | അധിക്ഷേപത്തോടെ |
| പരിപൂർണ്ണേന | നിറഞ്ഞിരിക്കുന്ന | പ്രാഹ | പറഞ്ഞു. |

ഈദൃശാന്യേവ വാസാംസി നിത്യം ഗിരിവനേചരാഃ
പരിധത്ത കിമുദ്വൃത്താ രാജദ്രവ്യാണ്യഭീപ്സഥ 35

| | | | |
|---|---|---|---|
| ഉദ്വൃത്താഃ | "വകതിരിവില്ലാത്തവരേ! നിങ്ങൾ | നിത്യം | എപ്പോഴും |
| രാജദ്രവ്യാണി | രാജോചിതവസ്തുക്കളെ | ഈദൃശാനി | ഇമ്മാതിരിയുള്ള |
| അഭീപ്സഥ | ആശിക്കുകയാണ്. | വാസാംസി ഏവ | വസ്ത്രങ്ങൾ മാത്രമേ |
| ഗിരിവനേചരാഃ | മലങ്കാടുകളിൽ ഉഴന്നു നടക്കുന്ന നിങ്ങൾ | പരിധത്ത കിം | ധരിക്കാറുള്ളൂ, അല്ലേ? |

യാതാശു ബാലിശാ മൈവം പ്രാർത്ഥ്യം യദി ജിജീവിഷാ
ബധ്നന്തി ഘ്നന്തി ലുമ്പന്തി ദൃപ്തം രാജകുലാനി വൈ. 36

| | | | |
|---|---|---|---|
| ബാലിശാഃ | " അറിവില്ലാത്തവരേ ! | രാജകുലാനി | രാജപുരുഷന്മാർ |
| ആശു യാത | വെക്കം പോയ്ക്കൊൾവിൻ. | ദൃപ്തം | ഒതുക്കമില്ലാത്ത ജനത്തെ |
| ജിജീവിഷാ | ജീവിപ്പാനുള്ള ആഗ്രഹം | ബധ്നന്തി | പിടിച്ചുകെട്ടും ; |
| യദി | ഉണ്ടെങ്കിൽ | ഘ്നന്തി | കൊല്ലും ; |
| ഏവം | ഇങ്ങനെ | ലുംപന്തി വൈ | ഉള്ളതെല്ലാം |
| മാ പ്രാൎത്ഥ്യം | ആവശ്യപ്പെട്ടുകൂടാ. | | പിടിച്ചടക്കും " |

ഏവം വികത്ഥമാനസ്യ കുപിതോ ദേവകീസുതഃ
രജകസ്യ കരാഗ്രേണ ശിരഃ കായാദപാതയത്. 37

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | കുപിതഃ | കുപിതനായ |
| വികത്ഥമാനസ്യ | അസംബന്ധം പുലമ്പുന്ന | ദേവകീസുതഃ | ദേവകീപുത്രൻ |
| | | കായാത് | ഉടലിൽനിന്ന് |
| രജകസ്യ | വെളുത്തേടന്റെ | കരാഗ്രേണ | കൈനഖംകൊണ്ട് |
| ശിരഃ | തലയെ | അപാതയത് | നുള്ളി താഴെയിട്ടു. |

തസ്യാനുജീവിനഃ സൎവ്വേ വാസഃകോശാൻ വിസൃജ്യ വൈ
ദുദ്രുവുഃ സൎവ്വതോ മാൎഗ്ഗം വാസാംസി ജഗൃഹേഽച്യുതഃ. 38

| | | | |
|---|---|---|---|
| തസ്യ | അവന്റെ | മാൎഗ്ഗം | വഴിവിട്ട് |
| അനുജീവിനഃ | ഭൃത്യന്മാർ | സൎവ്വതഃ | നാലുപാടും |
| സൎവ്വേ വൈ | എല്ലാവരും | ദുദ്രുവുഃ | ഓടിപ്പോയി. |
| വാസഃകോശാൻ | വസ്ത്രഭാണ്ഡങ്ങളെ | അച്യുതഃ | ശ്രീകൃഷ്ണൻ |
| വിസൃജ്യ | വലിച്ചെറിഞ്ഞ് | വാസാംസി | ആ വസ്ത്രങ്ങളെ |
| | | ജഗൃഹേ | എടുത്തു. |

വസിത്വാഽഽത്മപ്രിയേ വസ്ത്രേ കൃഷ്ണഃ സങ്കൎഷണസ്തഥാ
ശേഷാണ്യാദത്ത ഗോപേഭ്യോ വിസൃജ്യ ഭുവി കാനിചിത്. 39

| | | | |
|---|---|---|---|
| കൃഷ്ണഃ തഥാ | ശ്രീകൃഷ്ണനും | കാനിചിത് | നന്നല്ലാത്ത ചിലത് |
| സങ്കൎഷണഃ | ബലരാമനും | ഭുവി | നിലത്തുതന്നെ |
| ആത്മപ്രിയേ | അവരവൎക്കിഷ്ടമുള്ള | വിസൃജ്യ | വലിച്ചെറിഞ്ഞ് |
| വസ്ത്രേ | രണ്ടു വസ്ത്രങ്ങളെ | ശേഷാണി | ശേഷിച്ചുള്ളവയെ |
| വസിത്വാ | എടുത്തുടുത്തശേഷം | ഗോപേഭ്യഃ | ഗോപന്മാൎക്കുവേണ്ടി |
| | | ആദത്ത | കൈയിലെടുത്തു. |

തതസ്തു വായകഃ പ്രീതസ്തയോൎവ്വേഷമകല്പയത്
വിചിത്രവൎണ്ണൈശ്ചൈലേയൈരാകല്പൈരനുരൂപതഃ. 40

| | | | |
|---|---|---|---|
| തതഃ തു | അതിൽപ്പിന്നെ | പ്രീതഃ | സന്തോഷത്തോടുകൂടി |
| വായകഃ | ഒരു നെയ്ത്തുകാരൻ | തയോഃ | അവരിരുവൎക്കും |

| | | | |
|---|---|---|---|
| അനുരൂപതഃ | യോജിക്കുമാറ് | ആകല്പൈഃ | അലങ്കാരങ്ങളാൽ |
| വിചിത്രവർണ്ണൈഃ | നാനാനിറമുള്ള | വേഷം | വേഷം |
| ചൈലേയൈഃ | തുണികൊണ്ടുള്ള | അകല്പയത് | അണിയിച്ചു. |

നാനാലക്ഷണവേഷാഭ്യാം കൃഷ്ണരാമൗ വിരേജതുഃ
സ്വലംകൃതൗ ബാലഗജൗ പർവ്വണീവ സിതേതരൗ. 41

| | | | |
|---|---|---|---|
| പർവ്വണി | ഉത്സവത്തിൽ | നാനാലക്ഷണ-വേഷാഭ്യാം | നാനാപ്രകാരമുള്ള ഉടുപ്പുകൾകൊണ്ടു് അലങ്കരിക്കപ്പെട്ട വേഷങ്ങളാൽ |
| സ്വലങ്കൃതൗ | നന്നായലങ്കരിക്കപ്പെട്ടു നിർത്തിയിരിക്കുന്ന | | |
| സിതേതരൗ | വെളുത്തതും കറുത്തതുമായ | രാമകൃഷ്ണൗ | രാമകൃഷ്ണന്മാർ |
| ബാലഗജൗ | രണ്ടു് ആനക്കുട്ടികൾ | | |
| ഇവ | പരിലസിക്കുന്നപോലെ | വിരേജതുഃ | പരിലസിച്ചു. |

തസ്യ പ്രസന്നോ ഭഗവാൻ പ്രാദാത് സാരൂപ്യമാത്മനഃ
ശ്രിയം ച പരമാം ലോകേ ബലൈശ്വര്യസ്മൃതീന്ദ്രിയം. 42

| | | | |
|---|---|---|---|
| പ്രസന്നഃ | പ്രസന്നനായ | പരമാം | ഉയർന്നനിലയിലുള്ള |
| ഭഗവാൻ | ശ്രീകൃഷ്ണൻ | ശ്രിയം ച | സമ്പത്തിനേയും, |
| തസ്യ | അവന്നു് | ബലൈശ്വര്യ-സ്മൃതീന്ദ്രിയം | ദേഹാരോഗ്യം, പ്രഭുത്വം, ഭഗവൽസ്മരണ, ഇന്ദ്രിയശക്തി എന്നിവയേയും |
| ആത്മനഃ | (ദേഹാന്തത്തിൽ) തന്റെ | | |
| സാരൂപ്യം | സാരൂപ്യത്തെ | | |
| പ്രാദാത് | കല്പിച്ചരുളി. | | |
| ലോകേ | ഇഹലോകത്തിൽ | (പ്രാദാത്) | നൽകി. |

തതഃ സുദാമ്നോ ഭവനം മാലാകാരസ്യ ജഗ്മതുഃ
തൗ ദൃഷ്ട്വാ സ സമുത്ഥായ നനാമ ശിരസാ ഭുവി. 43

| | | | |
|---|---|---|---|
| തതഃ | അനന്തരം | തൗ | അവരെ |
| സുദാമ്നഃ | സുദാമാവെന്ന | ദൃഷ്ട്വാ | കണ്ടു് |
| മാലാകാരസ്യ | മാലാകാരന്റെ | സമുത്ഥായ | എഴുന്നേറ്റു് |
| ഭവനം | ഗൃഹത്തിലേക്കു | ഭുവി | ഭൂമിയിൽ (വീണു്) |
| ജഗ്മതുഃ | ചെന്നു. | ശിരസാ | ശിരസ്സിനാൽ |
| സഃ | അവൻ | നനാമ | നമസ്കരിച്ചു. |

തയോരാസനമാനീയ പാദ്യം ചാർഘ്യാർഹണാദിഭിഃ
പൂജാം സാനുഗയോശ്ചക്രേ സ്രക്താംബൂലാനുലേപനൈഃ. 44

| | | | |
|---|---|---|---|
| സാനുഗയോഃ | അനുചരന്മാരോടുകൂടിയ | പാദ്യം ച | പാദ്യവും |
| തയോഃ | അവർക്കിരുവർക്കും | ആനീയ | കൊണ്ടുവന്നുകൊടുത്തു്, |
| ആസനം | ആസനവും | അഥ | പിന്നീടു് |

| | | | |
|---|---|---|---|
| സ്രക്താംബൂലാനുലേപനൈഃ | മാല, താംബൂലം, കുറിക്കൂട്ട് എന്നിങ്ങനെയുള്ള | അർഹണാദിഭിഃ | പൂജാസാധനാദികളാൽ |
| | | പൂജാം ചക്രേ | പൂജ ചെയ്തു. |

പ്രാഹ നഃ സാർത്ഥകം ജന്മ പാവിതം ച കുലം പ്രഭോ
പിതൃദേവർഷയോ മഹ്യം തുഷ്ടാ ഹ്യാഗമനേന വാം. 45

| | | | |
|---|---|---|---|
| പ്രാഹ | സുദാമാവ് പറഞ്ഞു— | ഹി | എന്തെന്നാൽ |
| പ്രഭോ | "ഹേ പ്രഭോ ! | വാം | ഭവാന്മാരുടെ |
| നഃ ജന്മ | ഞങ്ങളുടെ ജന്മം | ആഗമനേന | ആഗമനംകൊണ്ട് |
| സാർത്ഥകം | സഫലമായി ; | പിതൃദേവർഷയഃ | പിതൃക്കളും, ദേവന്മാരും, ഋഷികളും |
| കുലം ച | വംശം തന്നെയും | മഹ്യം | എന്നെക്കുറിച്ച് |
| പാവിതം | ശുദ്ധീകരിക്കപ്പെട്ടു. | തുഷ്ടാഃ | സന്തുഷ്ടരായിരിക്കുന്നു. |

(പിതൃദേവർഷികൾ സന്തോഷിച്ചതുകൊണ്ട് ജന്മസാഫല്യവും വംശശുദ്ധിയും വന്നിരിക്കുന്നുവെന്നു താൽപര്യം.)

ഭവന്തൌ കില വിശ്വസ്യ ജഗതഃ കാരണം പരം
അവതീർണ്ണാവിഹാംശേന ക്ഷേമായ ച ഭവായ ച. 46

| | | | |
|---|---|---|---|
| വിശ്വസ്യ | "സമസ്തമായ | ക്ഷേമായ ച | സജ്ജനങ്ങളുടെ ക്ഷേമത്തിന്നും, |
| ജഗതഃ | ജഗത്തിന്നും | ഭവായ ച | അഭ്യുദയത്തിന്നുംവേണ്ടി |
| പരം | ആദിഭൂതമായ | അംശേന | സ്വകല്പിതമായ രൂപഭേദത്തോടെ |
| കാരണം | കാരണമായിട്ട് നിലകൊള്ളുന്ന | ഇഹ | ഭൂമിയിൽ |
| ഭവന്തൌ | ഭവാന്മാർ | അവതീർണ്ണൌ കില | അവതരിച്ചിട്ടുള്ളവരാണല്ലോ. |

ന ഹി വാം വിഷമാ ദൃഷ്ടിഃ സുഹൃദോർജ്ജഗദാത്മനോഃ
സമയോഃ സർവ്വഭൂതേഷു ഭജന്തം ഭജതോരപി. 47

| | | | |
|---|---|---|---|
| ഭജന്തം | "ഭജിക്കുന്നവനെമാത്രം | | മായിരിക്കുന്നവരും ആയ |
| ഭജതോഃ അപി | ഭജിക്കുന്നവരെന്നിരിക്കിലുംകൂടി | വാം | ഭവാന്മാർക്ക് |
| | | സർവ്വഭൂതേഷു | സമസ്തപ്രാണികളിലും |
| സുഹൃദോഃ | സർവ്വസുഹൃത്തുക്കളും, | വിഷമാ | അസമത്വമുള്ള |
| സമയോഃ | സമഭാവമുള്ളവരും, | ദൃഷ്ടിഃ | വീക്ഷണം |
| ജഗദാത്മനോഃ | ജഗത്തിന്റെ മൂലതത്വ | ന ഹി | ഇല്ലതന്നെ. |

താവാജ്ഞാപയതം ഭൃത്യം കിമഹം കരവാണി വാം
പുംസോഽത്യനുഗ്രഹോ ഹ്യേഷ ഭവദ്ഭിര്യന്നിയുജ്യതേ. 48

| | | | |
|---|---|---|---|
| തൌ | "അങ്ങനെയുള്ള ഭവാന്മാർ | ഭവദ്ഭിഃ | ഭവാന്മാരാൽ |
| ഭൃത്യം | ഭൃത്യനായ എന്നോട് | നിയുജ്യതേ | നിയോഗിക്കപ്പെടുന്നു |
| ആജ്ഞാപയതം | കല്പിച്ചരുളിയാലും. | യത് | എന്നത് യാതൊന്നോ |
| അഹം | ഞാൻ | ഏഷഃ ഹി | ഇതുതന്നെ |
| വാം | ഭവാന്മാൎക്ക് | പുംസഃ | മനുഷ്യന്ന് |
| കിം | എന്തൊന്നാണ് | അത്യനുഗ്രഹഃ | വലിയ അനുഗ്രഹമാകുന്നു." |
| കരവാണി | ചെയ്യേണ്ടത് ? | | |

ഇത്യഭിപ്രേത്യ രാജേന്ദ്ര സുദാമാ പ്രീതമാനസഃ
ശസ്തൈഃ സുഗന്ധൈഃ കുസുമൈർമ്മാലാ വിരചിതാ ദദൌ. 49

| | | | |
|---|---|---|---|
| രാജേന്ദ്ര | മഹാരാജാവേ ! | ശസ്തൈഃ | ഉത്തമങ്ങളും, |
| ഇതി | ഈ വിധം ഉണർത്തിച്ച് | സുഗന്ധൈഃ | സുഗന്ധമുള്ളവയും ആയ |
| അഭിപ്രേത്യ | ഭഗവാന്റെ അഭിമതം അറിഞ്ഞശേഷം | കുസുമൈഃ | പുഷ്പങ്ങൾകൊണ്ട് |
| പ്രീതമാനസഃ | സന്തുഷ്ടചിത്തനായ | വിരചിതാഃ | ഉണ്ടാക്കപ്പെട്ട |
| സുദാമാ | സുദാമാവ് | മാലാഃ ദദൌ | മാലകളെ കൊടുത്തു. |

താഭിഃ സ്വലംകൃതൌ പ്രീതൌ കൃഷ്ണരാമൌ സഹാനുഗൌ
പ്രണതായ പ്രപന്നായ ദദതുർവ്വരദൌ വരാൻ. 50

| | | | |
|---|---|---|---|
| സഹാനുഗൌ | അനുചരന്മാരോടുകൂടി | കൃഷ്ണരാമൌ | ശ്രീകൃഷ്ണനും ബലരാമനും |
| താഭിഃ | ആ പൂമാലകൾകൊണ്ട് | പ്രണതായ | തങ്ങളെ വീണു വണങ്ങിയ |
| സ്വലങ്കൃതൌ | നന്നായലങ്കരിക്കപ്പെട്ടവരും, | പ്രപന്നായ | ആ ശരണാഗതന്ന് |
| പ്രീതൌ | സന്തോഷം കലൎന്നവരും, | വരാൻ | വരങ്ങളെ |
| വരദൌ | വരദാതാക്കളുമായ | ദദതുഃ | ദാനംചെയ്തു. |

സോഽപി വവ്രേഽചലാം ഭക്തിം തസ്മിന്നേവാഖിലാത്മനി
തദ്ഭക്തേഷു ച സൌഹാർദ്ദം ഭൂതേഷു ച ദയാം പരാം. 51

| | | | |
|---|---|---|---|
| സഃ അപി | ആ സുദാമാവാകട്ടെ | സൌഹാർദ്ദം ച | സ്നേഹബന്ധത്തെയും |
| അഖിലാത്മനി | സൎവ്വാത്മാവായ | ഭൂതേഷു | പ്രാണികളിൽ |
| തസ്മിൻ ഏവ | ഭഗവാനിൽത്തന്നെ | പരാം | പരിപൂർണ്ണമായ |
| അചലാം | അടിയുറച്ച | ദയാം ച | ദയയേയും |
| ഭക്തിം | ഭക്തിയേയും, | വവ്രേ | വരിച്ചു. |
| തദ്ഭക്തേഷു | അവിടുത്തെ ഭക്തന്മാരിൽ | | |

ഇതി തസ്മൈ വരം ദത്വാ ശ്രിയം ചാന്വയവർദ്ധിനീം
ബലമായുര്യശഃ കാന്തിം നിർജ്ജഗാമ സഹാഗ്രജഃ. 52

| | | | |
|---|---|---|---|
| ഇതി | ഈവിധം വരിക്കപ്പെട്ട | ബലം | ദേഹാരോഗ്യത്തേയും, |
| വരം തസ്മൈ | വരത്തെ അവന്നു് | ആയുഃ | ദീർഘായുസ്സിനേയും |
| ദത്വാ | കൊടുത്തശേഷം | യശഃ | കീർത്തിയേയും, |
| അന്വയ- വൃദ്ധിനീം | വംശത്തിൽ അനുക്രമമായി വളർന്നുവരുന്ന | കാന്തിം ച | തേജസ്സിനേയുംകൂടി സ്വയം കനിഞ്ഞരുളി, |
| ശ്രിയം | സമ്പത്തിനേയും, | സഹാഗ്രജഃ | ജ്യേഷ്ഠനോടുകൂടി |
| | | നിർജ്ജഗാമ | പുറപ്പെട്ടു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
പുരപ്രവേശോ നാമ ഏകചത്വാരിംശോऽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1649.

## ദ്വിചത്വാരിംശോऽദ്ധ്യായഃ—നാല്പത്തിരണ്ടാമദ്ധ്യായം.

[ദ്വിചത്വാരിംശകേ കുബ്ജോന്നമനം ധനുഷോ ഭിദാ
വധസ്തദ്രക്ഷിണാം കംസാരിഷ്ടം രംഗോത്സവാദി ച]

(ഭഗവാൻ കൂനിയെ അനുഗ്രഹിക്കുന്നതു്, ധനുർഭംഗം, കംസന്റെ
അശുഭസ്വപ്നദർശനം ഇത്യാദികളുടെ നിരൂപണം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അഥ വ്രജൻ രാജപഥേന മാധവഃ
സ്ത്രിയം ഗൃഹീതാംഗവിലേപഭാജനാം
വിലോക്യ കുബ്ജാം യുവതീം വരാനനാം
പപ്രച്ഛ യാന്തീം പ്രഹസൻ രസപ്രദഃ. 1

| | | | |
|---|---|---|---|
| അഥ | അനന്തരം | വരാനനാം | സൌന്ദര്യമുള്ള മുഖത്തോടുകൂടിയവളും, |
| രാജപഥേന | രാജമാർഗ്ഗത്തിലൂടെ | യുവതീം | യൌവനസമ്പന്നയും, |
| വ്രജൻ | സഞ്ചരിച്ചുകൊണ്ടിരിക്കുന്ന | കുബ്ജാം | എന്നാൽ, കൂനിയും ആയ |
| രസപ്രദഃ | രസപ്രദനായ | സ്ത്രിയം | ഒരു സ്ത്രീയെ |
| മാധവഃ | ശ്രീകൃഷ്ണൻ | യാന്തീം വിലോക്യ | പോകുന്നതായി കണ്ടു് |
| ഗൃഹീതാംഗ- വിലേപ- ഭാജനാം | കുറിക്കൂട്ടുപാത്രങ്ങളെ കൈയിൽ പിടിച്ചിരിക്കുന്നവളും, | പ്രഹസൻ | ചിരിച്ചുകൊണ്ടു് |
| | | പപ്രച്ഛ | ചോദിച്ചു. |

കാ ത്വം വരോർവ്വേതദു ഹാനുലേപനം
കസ്യാംഗനേ വാ കഥയസ്വ സാധു നഃ
ദേഹ്യാവയോരംഗവിലേപമുത്തമം
ശ്രേയസ്തതസ്തേ നചിരാദ്ഭവിഷ്യതി. 2

| | | | |
|---|---|---|---|
| വരോരു | 'സുന്ദരി, | ഉത്തമം | മേത്തരമായ |
| ത്വം കാ | നീ ആരാണ്? | അംഗവിലേപം | ഈ കുറിക്കൂട്ട് |
| ഉ ഹ | ഓഹോ!! | ആവയോഃ | ഞങ്ങൾക്കിരുവൎക്കും |
| ഏതത് | ഈ | ദേഹി | തരൂ. |
| അനുലേപനം | കുറിക്കൂട്ട് | തതഃ തേ | എന്നാൽ നിനക്ക് |
| കസ്യ വാ | ആൎക്കുള്ളതാണ്? | നചിരാത് | വേഗത്തിൽ |
| അംഗനേ | ഹേ മോഹനാംഗി! | ശ്രേയഃ | വല്ല ഗുണം |
| നഃ സാധു | ഞങ്ങളോടു സത്യം | ഭവിഷ്യതി | വന്നുചേരും." |
| കഥയസ്വ | പറയുക. | | |

സൈരന്ധ്ര്യുവാച=സൈരന്ധ്രി പറഞ്ഞു:—

ദാസ്യസ്മ്യഹം സുന്ദര കംസസമ്മതാ
ത്രിവക്രനാമാ ഹ്യനുലേപകൎമ്മണി
മദ്ഭാവിതം ഭോജപതേരതിപ്രിയം
വിനാ യുവാം കോഽന്യതമസ്തദൎഹതി. 3

| | | | |
|---|---|---|---|
| സുന്ദര | സുന്ദര! | ഭോജപതേഃ | മഹാരാജാവിന്ന് |
| ത്രിവക്രനാമാ | 'ത്രിവക്ര' എന്നുപേരുള്ള * | അതിപ്രിയം | ഏറ്റവും ഇഷ്ടമായതാണ്. |
| അഹം ഹി | ഞാനാകട്ടെ | യുവാം വിനാ | നിങ്ങൾ ഇരുവരും അല്ലാതെ |
| അനുലേപകൎമ്മണി | കുറിക്കൂട്ടുകളുണ്ടാക്കുന്ന പ്രവൃത്തിയിൽ | അന്യതമഃ കഃ | വേറിട്ട് ഏതൊരാൾ |
| കംസസമ്മതാ | കംസന്ന് ഇഷ്ടപ്പെട്ട | തത് | അതിനെ അണിയുവാൻ |
| ദാസീ അസ്മി | ഒരു ദാസിയാകുന്നു. | അൎഹതി | യോഗ്യതപ്പെട്ടിരിക്കുന്നു? |
| മദ്ഭാവിതം | എന്നാലുണ്ടാക്കപ്പെട്ട കുറിക്കൂട്ട് | | |

* 'ത്രിവക്ര=മൂന്നു ഭാഗങ്ങളിൽ (കഴുത്ത്, മാറ്, അരക്കെട്ട്) ചെരിവുള്ളവൾ.' പേർ അന്വൎത്ഥം. കംസന്റെ ദാസിയായ ഈ കുനി ഭൂമിദേവിയുടെ അംശസംഭൂതയാണ്. അസുരഭരാക്രാന്തയായ ഭൂമിയുടെ കുനിവുതന്നെയാണ് ഇവളുടെ ത്രിവക്രത്വം. ഇവൾ കൃഷ്ണന്ന് സമൎപ്പിക്കുന്ന സുഗന്ധദ്രവ്യം ഭൂമിയുടെ സഹജഗുണമായ ഗന്ധംതന്നെ. ഭഗവാൻ ഇവളുടെ കൂന് നിവൎത്തുന്നതു് ഭൂഭാരം തീൎക്കുവാനുള്ള സ്വോദ്യമത്തിന്റെ സൂചനയും.
(അന്വി. വ്യാ.)

രൂപപേശലമാധുൎയ്യഹസിതാലാപവീക്ഷിതൈഃ
ധൎഷിതാത്മാ ദദൌ സാന്ദ്രമുഭയോരനുലേപനം. 4

| | | | |
|---|---|---|---|
| രൂപപേശലം മാധുൎയ്യം ഹസിതാലാപം വീക്ഷിതൈഃ | ഭഗവാന്റെ സൌന്ദൎയ്യം, സൌകുമാൎയ്യം, രസികത്വം, മന്ദഹാസം, സംഭാഷണം, നോട്ടം എന്നിവയാൽ | ധൎഷിതാത്മാ | മനം മയങ്ങിയ അവൾ |
| | | സാന്ദ്രം | കൊഴുകൊഴുത്ത |
| | | അനുലേപനം | കുറിക്കൂട്ട് |
| | | ഉഭയോഃ | രണ്ടുപേൎക്കും |
| | | ദദൌ | കൊടുത്തു. |

തതസ്തദംഗരാഗേണ സ്വവൎണ്ണേതരശോഭിനാ
സമ്പ്രാപ്തപരഭാഗേന ശുശുഭാതേനുരഞ്ജിതൌ. 5

| | | | |
|---|---|---|---|
| തതഃ | അനന്തരം | | വൻ ചാൎത്തിയതും ആയ |
| സ്വവൎണ്ണേതര-ശോഭിനാ | സ്വന്തം നിറത്തിന് എതിരായ നിറത്താൽ ശോഭിക്കുന്നതും, | അംഗരാഗേണ | കുറിക്കൂട്ടുകൊണ്ട് |
| | | അനുരഞ്ജിതൌ | വൎണ്ണഭംഗികലൎന്ന |
| | | തൌ | അവരിരുവരും |
| സംപ്രാപ്ത-പരഭാഗേന | നാളികം മേലോട്ടുള്ള ശരീരാവയവങ്ങളിൽ മുഴ | ശുശുഭാതേ | ശോഭിച്ചു. |

പ്രസന്നോ ഭഗവാൻ കുബ്ജാം ത്രിവക്രാം രുചിരാനനാം
ഋജ്വീം കൎത്തും മനശ്ചക്രേ ദൎശയൻ ദൎശനേ ഫലം. 6

| | | | |
|---|---|---|---|
| ദൎശനേ | തന്നെ കണ്ടതിലുള്ള | രുചിരാനനാം | ശോഭനമുഖിയും, |
| ഫലം | സദ്യഃഫലം | കുബ്ജാം | കൂനിയും ആയ |
| ദൎശയൻ | ലോകൎക്കു കാട്ടിക്കൊടുപ്പാനായി, | ത്രിവക്രാം | ത്രിവക്രയെ |
| പ്രസന്നഃ | സന്തുഷ്ടനായ | ഋജ്വീം കൎത്തും | നിവൎന്നുനില്ക്കുന്നവളാക്കുവാൻ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | മനഃ ചക്രേ | അനുഗ്രഹിച്ചു. |

പദ്ഭ്യാമാക്രമ്യ പ്രപദേ ദ്ര്യംഗുല്യുത്താനപാണിനാ
പ്രഗൃഹ്യ ചുബുകേƒദ്ധ്യാത്മമുദനീനമദച്യുതഃ. 7

| | | | |
|---|---|---|---|
| അച്യുതഃ | ശ്രീകൃഷ്ണൻ | ദ്ര്യംഗുല്യു-ത്താനപാണിനാ | രണ്ടു വിരലുകളം മാത്രം നിവിൎത്തിയ കൈകൊണ്ടു |
| പ്രപദേ | അവളുടെ മുന്നടികളം രണ്ടും | ചുബുകേ | താടിയിൽ |
| പദ്ഭ്യാം | തന്റെ തൃപ്പാദങ്ങളാൽ | പ്രഗൃഹ്യ | പിടിച്ചു |
| | | അദ്ധ്യാത്മം | ശരീരത്തെ |
| ആക്രമ്യ | ചവുട്ടി ഊന്നിനിന്നു | ഉദനീനമത് | നേരെ നിവൎത്തി. |

സാ തദൎജ്ജുസമാനാംഗീ ബൃഹച്ഛ്രോണിപയോധരാ
മുകുന്ദസ്പൎശനാത് സദ്യോ ബഭൂവ പ്രമദോത്തമാ. 8

| | | | |
|---|---|---|---|
| സാ | അവളം | ബൃഹച്ഛ്രോണി-പയോധരാ | പുഷ്ടിയുള്ള നിതംബം, സ്തനങ്ങളം എന്നിവയോടുകൂടിയവളും ആയ |
| മുകുന്ദസ്പൎശനാത് | മുക്തിദാതാവായ ഭഗവാന്റെ ഗാത്രസ്പൎശം നിമിത്തം | | |
| തദാ സദ്യഃ | അപ്പോഠം ഉടൻ | പ്രമദോത്തമാ | ഒരു പ്രൌഢവനിതയായിട്ടു |
| ഋജുസമാനാംഗീ | നിവൎന്നും, ഒത്തതുമായ ശരീരത്തോടുകൂടിയവളും, | ബഭൂവ | സംഭവിച്ചു. |

തതോ രൂപഗുണൌദാൎയ്യസംപന്നാ പ്രാഹ കേശവം
ഉത്തരീയാന്തമാകൃഷ്യ സ്മയന്തീ ജാതഹൃച്ഛയാ. 9

തതഃ — അനന്തരം
രൂപഗുണൌദാര്യസംപന്നാ — രൂപഗുണങ്ങളുടെ മഹിമാതിശയം ചേർന്നവളും
ജാതഹൃച്ഛയാ — ഉള്ളിൽ കാമം ജനിച്ചവളും ആയ അവൾ
സ്മയന്തീ — പുഞ്ചിരിതൂകിക്കൊണ്ട്
ഉത്തരീയാന്തം — ഭഗവാന്റെ തോൾവസ്ത്രത്തിൻതുമ്പിനെ
ആകൃഷ്യ — പിടിച്ചുവലിച്ച്
കേശവം — ഭഗവാനോട്
പ്രാഹ — പറഞ്ഞു.

ഏഹി വീര ഗൃഹം യാമോ ന ത്വാം ത്യക്തുമിഹോത്സഹേ
ത്വയോന്മഥിതചിത്തായാഃ പ്രസീദ പുരുഷർഷഭ. 10

വീര ഏഹി — 'വീരപുരുഷ! വരൂ
ഗൃഹം യാമഃ — വീട്ടിലേക്കു പോകാം.
ത്വാം ഇഹ — അങ്ങയെ ഇവിടെ
ത്യക്തും — വിട്ടുപോകുവാൻ
ന ഉത്സഹേ — എനിക്കാവതില്ല.
പുരുഷർഷഭ — ഹേ പുരുഷപുംഗവ!
ത്വയാ — അങ്ങയാൽ
ഉന്മഥിതചിത്തായാഃ — കലക്കപ്പെട്ട ഹൃദയത്തോടുകൂടിയവളായ എന്റെ പേരിൽ
പ്രസീദ — കനിവു തോന്നണേ!'

ഏവം സ്ത്രിയാ യാച്യമാനഃ കൃഷ്ണോ രാമസ്യ പശ്യതഃ
മുഖം വീക്ഷ്യാനുഗാനാം ച പ്രഹസംസ്താമുവാച ഹ. 11

രാമസ്യ — ബലരാമൻ
പശ്യതഃ — നോക്കിനില്ക്കെ,
സ്ത്രിയാ — ഒരു സ്ത്രീയാൽ
ഏവം — ഈ വിധം
യാച്യമാനഃ — അപേക്ഷിക്കപ്പെട്ട
കൃഷ്ണഃ — ശ്രീകൃഷ്ണൻ
അനുഗാനാം ച — അനുചരന്മാരായ ഗോപന്മാരുടേയും മറ്റും
മുഖം വീക്ഷ്യ — മുഖത്തേക്ക് നോക്കി
പ്രഹസൻ — ചിരിച്ചുകൊണ്ട്
താം — അവളോട്
ഉവാച ഹ — പറഞ്ഞു.

ഏഷ്യാമി തേ ഗൃഹം സുഭ്രൂഃ പുംസാമാധിവികർശനം
സാധിതാർത്ഥോഽഗൃഹാണാം നഃ പാന്ഥാനാം ത്വം പരായണം. 12

സുഭ്രൂഃ — 'സുന്ദരി!
പുംസാം — പുരുഷന്മാരുടെ
ആധിവികർശനം — മനോവേദനയെ അകറ്റുന്ന
തേ ഗൃഹം — നിന്റെ ഗൃഹത്തിലേക്ക്
സാധിതാർത്ഥഃ — കാര്യം സാധിച്ചവനായിട്ട് (വന്നകാര്യം സാധിച്ചതിനുശേഷം)
ഏഷ്യാമി — ഞാൻ വന്നുകൊള്ളാം.
അഗൃഹാണാം — ഗൃഹസ്ഥ്യമില്ലാത്ത
പാന്ഥാനാം — വഴിപോക്കരായ
നഃ ത്വം — ഞങ്ങൾക്ക്, നീ
പരായണം — വലിയൊരാശ്രയമാണ്.'

നോട്ട്:— ഭഗവാൻ തന്റെ സ്നേഹിതന്മാർ കേൾക്കെ കുബ്ജയോടു പറഞ്ഞ ഈ വാക്ക് രണ്ടർത്ഥം ഉൾക്കൊണ്ടതാണ്. 'വന്നുകൊള്ളാം' എന്ന വാഗ്ദാനം അവളെ സമാധാനപ്പെടുത്തുന്നു. നടുത്തെരുവിൽവെച്ചു ഗൃഹത്തിലേക്ക് ക്ഷണിച്ച ഒരു ഗണികയെ ഭംഗിയിൽ കളിയാക്കിവിടുകയാണെന്ന് സ്നേഹിതന്മാരും ധരിക്കുന്നു.

വിസൃജ്യ മാധ്വ്യാ വാണ്യാ താം വ്രജൻ മാർഗ്ഗേ വണിക്പഥൈഃ
നാനോപായനതാംബൂലസ്രഗ്ഗന്ധൈഃ സാഗ്രജോഽർച്ചിതഃ. 13

| | | | |
|---|---|---|---|
| മാധ്വ്യാ വാണ്യാ | മധുരവാക്കുകൊണ്ട് | വണിക്പഥൈഃ | അങ്ങാടിത്തെരുവുകളിലുള്ള വ്യാപാരികളാൽ |
| താം | അവളെ | നാനോപായന-താംബൂല-സ്രഗ്ഗന്ധൈഃ | പലതരം കാഴ്ചവസ്തുക്കളും, താംബൂലം, പൂമാലകളും, സുഗന്ധദ്രവ്യങ്ങളും എന്നിവയാൽ |
| വിസൃജ്യ | പറഞ്ഞയച്ചശേഷം | | |
| മാർഗ്ഗേ | വഴിയിൽ | | |
| സാഗ്രജഃ | ജ്യേഷ്ഠനോടൊന്നിച്ച് | | |
| വ്രജൻ | സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഭഗവാൻ | അർച്ചിതഃ | ആരാധിതനായി. |

തദ്ദർശനസ്മരക്ഷോഭാദാത്മാനം നാവിദൻ സ്ത്രിയഃ
വിസ്രസ്തവാസഃകബരവലയാ ലേഖ്യമൂർത്തയഃ. 14

| | | | |
|---|---|---|---|
| തദ്ദർശന-സ്മരക്ഷോഭാത് | കൃഷ്ണനെ കണ്ടപ്പോളുണ്ടായ മന്മഥവികാരത്താൽ | വിസ്രസ്തവാസഃ-കബരവലയാഃ | അഴിഞ്ഞുലഞ്ഞ വസ്ത്രങ്ങളോടും, തലമുടികളോടും, കങ്കണങ്ങളോടും കൂടിയവരായിട്ട് |
| സ്ത്രിയഃ | സ്ത്രീകൾ | ലേഖ്യമൂർത്തയഃ | ചിത്രത്തിലെഴുതപ്പെട്ട രൂപങ്ങളെന്നപോലെ നിശ്ചലരായി നിന്നു. |
| ആത്മാനം | സ്വദേഹത്തെക്കുറിച്ച് | | |
| ന അവിദൻ | അറിയാത്തവരായി. | | |

തതഃ പൌരാൻ പൃച്ഛമാനോ ധനുഷഃ സ്ഥാനമച്യുതഃ
തസ്മിൻ പ്രവിഷ്ടോ ദദൃശേ ധനുരൈന്ദ്രമിവാദ്ഭുതം. 15

| | | | |
|---|---|---|---|
| തതഃ | അനന്തരം | തസ്മിൻ | ആ സ്ഥലത്തിൽ |
| പൌരാൻ | നാഗരവാസികളോട് | പ്രവിഷ്ടഃ | പ്രവേശിച്ചു; |
| ധനുഷഃ | ധനുര്യാഗത്തിന്റെ | ഐന്ദ്രം ഇവ | ഇന്ദ്രധനുസ്സുപോലെ |
| സ്ഥാനം | സ്ഥലം | അദ്ഭുതം | അദ്ഭുതകരമായ |
| പൃച്ഛമാനഃ | അന്വേഷിച്ചുകൊണ്ട് | ധനുഃ | ധനുസ്സ് |
| അച്യുതഃ | ശ്രീകൃഷ്ണൻ | ദദൃശേ | കാണപ്പെട്ടു. |

പുരുഷൈർബ്ബഹുഭിർഗ്ഗുപ്തമർച്ചിതം പരമർദ്ധിമത്
വാര്യമാണോ നൃഭിഃ കൃഷ്ണഃ പ്രസഹ്യ ധനുരാദദേ. 16

| | | | |
|---|---|---|---|
| ബഹുഭിഃ | അനേകം | ധനുഃ | വില്ലിനെ |
| പുരുഷൈഃ | രക്ഷിജനങ്ങളാൽ | നൃഭിഃ | ആൾക്കാരാൽ |
| ഗുപ്തം | സംരക്ഷിക്കപ്പെട്ടിരിക്കുന്നതും, | വാര്യമാണഃ | വിലക്കപ്പെട്ടിട്ടുകൂടി |
| അർച്ചിതം | ആരാധിക്കപ്പെട്ടിരിക്കുന്നതും, | കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| പരമർദ്ധിമത് | ഉത്തമമായ സ്വർണ്ണാലങ്കാരാദിസമൃദ്ധിയോടുചേർന്നതും ആയിരിക്കുന്ന | പ്രസഹ്യ | ബലാൽക്കാരേണ |
| | | ആദദേ | കൈക്കലാക്കി. |

കരേണ വാമേന സലീലമുദ്ധൃതം സജ്യം ച കൃത്വാ നിമിഷേണ പശ്യതാം
നൃണാം വികൃഷ്യ പ്രബഭഞ്ജ മധ്യതോ യഥേക്ഷുദണ്ഡം മദകര്യുരുക്രമഃ.

| | | | |
|---|---|---|---|
| ഉരുക്രമഃ | മഹാപരാക്രമിയായ ഭഗവാൻ | നൃണാം | ആളുകളെല്ലാം |
| സലീലം | ആയാസംകൂടാതെ | പശ്യതാം | നോക്കിനില്ക്കേ, |
| വാമേന | ഇടത്തെ | നിമിഷേണ | ഞൊടിയിടകൊണ്ടു് |
| കരേണ | കൈകൊണ്ടു് | വികൃഷ്യ | ആഞ്ഞുവലിച്ചു് |
| ഉദ്ധൃതം | പൊക്കിയെടുക്കപ്പെട്ട | മദകരീ | മത്തഗജം |
| ധനുഃ | വില്ലിനെ | ഇക്ഷുദണ്ഡം | കരിമ്പിൻതണ്ടിനെ |
| സജ്യം ച | ഞാണേററുകയും | യഥാ | എന്നപോലെ |
| കൃത്വാ | ചെയ്തശേഷം, | മധ്യതഃ | നടുവെ |
| | | പ്രബഭഞ്ജ | പൊട്ടിച്ചു. |

ധനുഷോ ഭജ്യമാനസ്യ ശബ്ദഃ ഖം രോദസീ ദിശഃ
പൂരയാമാസ യം ശ്രുത്വാ കംസസ്ത്രാസമുപാഗമത്. 18

| | | | |
|---|---|---|---|
| ഭജ്യമാനസ്യ | പൊട്ടിക്കപ്പെടുന്ന | ദിശഃ | സർവ്വദിക്കുകളേയും |
| ധനുഷഃ | വില്ലിന്റെ | പൂരയാമാസ | മുഴക്കിക്കൊണ്ടുനിന്നു. |
| ശബ്ദഃ | ശബ്ദം | യം ശ്രുത്വാ | അതു കേട്ടിട്ടു് |
| ഖം | അന്തരിക്ഷത്തേയും, | കംസഃ | കംസൻ |
| രോദസീ | മന്നിനേയും, വിണ്ണിനേയും, | ത്രാസം ഉപാഗമത് | പേടിച്ചു വിറച്ചുപോയി. |

തദ്രക്ഷിണഃ സാനുചരാഃ കുപിതാ ആതതായിനഃ
ഗ്രഹീതുകാമാ ആവവ്രുർഗൃഹ്യതാം ബധ്യതാമിതി. 19

| | | | |
|---|---|---|---|
| കുപിതാഃ | കുപിതരായ | ഗൃഹ്യതാം | 'പിടിക്കുവിൻ! |
| തദ്രക്ഷിണഃ | അതിന്റെ രക്ഷിഭടന്മാർ | ബധ്യതാം | കെട്ടുവിൻ!' |
| സാനുചരാഃ | അനുയായികളോടുകൂടി | ഇതി | എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് |
| ആതതായിനഃ | ആയുധമേന്തിക്കൊണ്ടു് | ആവവ്രുഃ | വന്നുവളഞ്ഞു. |
| ഗ്രഹീതുകാമാഃ | പിടിക്കുവാനുള്ള ആഗ്രഹത്തോടെ | | |

അഥ താൻ ദുരഭിപ്രായാൻ വിലോക്യ ബലകേശവൌ
ക്രുദ്ധൌ ധന്വന ആദായ ശകലേ താംശ്ച ജഘ്നതുഃ. 20

| | | | |
|---|---|---|---|
| അഥ | ഉടൻതന്നെ | ധന്വനഃ | വില്ലിന്റെ |
| ബലകേശവൌ | രാമകൃഷ്ണന്മാർ | ശകലേ | തുണ്ടുകൾ രണ്ടും |
| ദുരഭിപ്രായാൻ | ദുരാശയന്മാരായ | ആദായ | എടുത്തു് |
| താൻ | അവരെ | താൻ | അവരെ |
| വിലോക്യ | കണ്ടു് | ജഘ്നതുഃ ച | തല്ലിക്കൊല്ലുകയും ചെയ്തു. |
| ക്രുദ്ധൌ | കുപിതരാവുകയും, | | |

ബലം ച കംസപ്രഹിതം ഹത്വാ ശാലാമുഖാത്തതഃ
നിഷ്ക്രമ്യ ചേരതുർഹൃഷ്ടൗ നിരീക്ഷ്യ പുരസംപദഃ. 21

| | | | |
|---|---|---|---|
| കംസപ്രഹിതം | കംസനാൽ നിയോഗിക്കപ്പെട്ട | നിഷ്ക്രമ്യ | പുറത്തിറങ്ങി, |
| ബലം ച | സൈന്യത്തേയും | പുരസംപദഃ | നഗരത്തിലെ ഐശ്വര്യശോഭകളെ |
| ഹത്വാ | കൊന്നൊടുക്കിയശേഷം | നിരീക്ഷ്യ | കണ്ട് |
| തതഃ ശാലാമുഖാത് | ആ ധനുര്യ്യാഗശാലയുടെ ഉമ്മറഭാഗത്തിൽനിന്ന് | ഹൃഷ്ടൗ | സന്തോഷാന്വിതരായി |
| | | ചേരതുഃ | സഞ്ചരിച്ചു. |

തയോസ്തദദ്ഭുതം വീര്യം നിശാമ്യ പുരവാസിനഃ
തേജഃ പ്രാഗല്ഭ്യരൂപം ച മേനിരേ വിബുധോത്തമൗ. 22

| | | | |
|---|---|---|---|
| തയോഃ | ആ രണ്ടുപേരുടേയും | പ്രാഗല്ഭ്യരൂപം ച | ധൃഷ്ടത, സൌന്ദര്യം എന്നിവയെ കണ്ടിട്ടും |
| തത് | അത്തരത്തിലുള്ള | പുരവാസിനഃ | പുരവാസികൾ |
| അദ്ഭുതം | ആശ്ചര്യകരമായ | വിബുധോത്തമൗ | രണ്ടു ദേവശ്രേഷ്ഠന്മാരാണെന്ന് (ശിവനും വിഷ്ണുവുമാണെന്ന്) |
| വീര്യം | വീരകൃത്യത്തെപ്പററി | മേനിരേ | (അവരെ) കരുതിത്തുടങ്ങി. |
| നിശാമ്യ | കേട്ടിട്ടും, | | |
| തേജഃ | ശത്രുജയത്തിന്നുള്ള കഴിവ്, | | |

തയോർവ്വിചരതോഃ സ്വൈരമാദിത്യോഽസ്തമുപേയിവാൻ
കൃഷ്ണരാമൗ വൃതൗ ഗോപൈഃ പുരാച്ഛകടമീയതുഃ. 23

| | | | |
|---|---|---|---|
| സ്വൈരം | യഥേഷ്ടം | വൃതൗ | പരിവൃതരായ |
| തയോഃ | അവരിരുവരും | കൃഷ്ണരാമൗ | ശ്രീകൃഷ്ണനും ബലരാമനും |
| വിചരതോഃ | നഗരത്തിൽ ചുററി സഞ്ചരിച്ചുകൊണ്ടിരിക്കെ, | പുരാത് | നഗരത്തിൽനിന്ന് |
| ആദിത്യഃ | ആദിത്യൻ | ശകടം | അവരുടെ വണ്ടികളെ അഴിച്ചുവിട്ടു നിർത്തിയിരിക്കുന്ന താവളത്തിലേക്ക് |
| അസ്തം ഉപേയിവാൻ | അസ്തമിച്ചു. | | |
| ഗോപൈഃ | ഗോപന്മാരാൽ | ഈയതുഃ | തിരിച്ചുപോന്നു. |

ഗോപ്യോ മുകുന്ദവിഗമേ വിരഹാതുരാ യാ
ആശാസതാശിഷ ഋതാ മധുപുര്യഭൂവൻ
സംപശ്യതാം പുരുഷഭൂഷണഗാത്രലക്ഷ്മീം
ഹിത്വേതരാൻ നു ഭജതശ്ചകമേഽയനം ശ്രീഃ. 24

| | | | |
|---|---|---|---|
| മുകുന്ദവിഗമേ | ഭഗവാൻ പുറപ്പെട്ടുപോയ നേരത്ത് | | വിവശകളായ |
| | | ഗോപ്യഃ | ഗോപിമാർ |
| വിരഹാതുരാഃ | വിരഹവേദനയാൽ | യാഃ | ഏതെല്ലാം |

| | |
|---|---|
| ആശിഷഃ | ആശംസകളെ |
| അശാസത | ആശംസിച്ചിരുന്നുവോ, അവയൊക്കെയും |
| മധുപുരി | മഥുരയിൽ |
| പുരുഷഭൂഷണം ഗാത്രലക്ഷ്മീം | പുരുഷാലങ്കാരഭൂതനായ ഭഗവാന്റെ ശരീരകാന്തിയെ |
| സംപശ്യതാം | കണ്ടുകൊണ്ടിരിക്കുന്ന ജനങ്ങളെ സംബന്ധിച്ച് |
| ഭൂതാഃ | യഥാർത്ഥങ്ങളായി |
| അഭൂവൻ | ഭവിച്ചു. |
| ഭജതഃ | ഭജിച്ചുകൊണ്ടിരിക്കുന്ന |
| ഇതരാൻ | മററുള്ളവരെയെല്ലാം |
| ഹിത്വാ | തള്ളിക്കളഞ്ഞു് |
| ശ്രീഃ നു | മഹാലക്ഷ്മി ഈ പുരുഷോത്തമന്റെ തിരുവുടലിനെയാണല്ലോ |
| അയനം | തന്റെ വാസസ്ഥാനമായിട്ട് |
| ചകമേ | ആഗ്രഹിച്ചതു്. |

അവനിക്താങ്ഘ്രിയുഗളൌ ഭുക്ത്വാ ക്ഷീരോപസേചനം
ഊഷതുസ്തം സുഖം രാത്രിം ജ്ഞാത്വാ കംസചികീർഷിതം. 25

| | |
|---|---|
| അവനിക്താങ്ഘ്രിയുഗളൌ | തൃപ്പാദങ്ങൾ രണ്ടും കഴുകിയ ഭഗവാന്മാരിരുവരും |
| ക്ഷീരോപസേചനം | പാൽച്ചോറ് |
| ഭുക്ത്വാ | ഉണ്ടു്, |
| കംസചികീർഷിതം | കംസൻ മേലിൽ ചെയ്യാൻപോകുന്ന കാര്യത്തെ |
| ജ്ഞാത്വാ | മനസ്സിലാക്കിയതിന്നു ശേഷം |
| താം രാത്രിം | അന്നത്തെ രാത്രിയെ |
| സുഖം | സുഖമാകുംവണ്ണം |
| ഊഷതുഃ | കഴിച്ചുകൂട്ടി. |

കംസസ്തു ധനുഷോ ഭംഗം രക്ഷിണാം സ്വബലസ്യ ച
വധം നിശമ്യ ഗോവിന്ദരാമവിക്രീഡിതം പരം. 26
ദീർഘപ്രജാഗരോ ഭീതോ ദുർന്നിമിത്താനി ദുർമ്മതിഃ
ബഹൂന്യചഷ്ടോഭയഥാ മൃത്യോർദ്ദൌത്യകരാണി ച. 27

| | |
|---|---|
| ധനുഷഃ ഭംഗം | വില്മുറിച്ചതിനെയും, |
| രക്ഷിണാം | കാവൽക്കാരുടേയും, |
| സ്വബലസ്യ | തന്റെ സേനയുടേയും |
| വധം ച | വധത്തേയും |
| നിശമ്യ | കേട്ടിട്ടു്, |
| പരം | മാത്രമല്ല, അതു് |
| ഗോവിന്ദരാമവിക്രീഡിതം | കൃഷ്ണരാമന്മാരുടെ കളിയായ പ്രവൃത്തിയാണെന്നുംകൂടി കേട്ടു് |
| ദുർമ്മതിഃ | ദുർബ്ബുദ്ധിയായ |
| കംസഃ തു | കംസനാകട്ടെ |
| ഭീതഃ | ഭയപ്പെട്ടവനായും |
| ദീർഘപ്രജാഗരഃ | നീണ്ടനേരം ഉറക്കം വരാത്തവനായും ഭവിച്ചു് |
| മൃത്യോഃ | മരണത്തിന്റെ |
| ദൌത്യകരാണി | മുന്നറിയിപ്പുകളായ |
| ബഹൂനി | ഒട്ടേറെ |
| ദുർന്നിമിത്താനി | ദുർന്നിമിത്തങ്ങളെ |
| ഉഭയഥാ | രണ്ടുതരത്തിലും (സ്വപ്നത്തിലും ജാഗ്രത്തിലും) |
| അചഷ്ട ച | കാണുകയുണ്ടായി. |

അദർശനം സ്വശിരസഃ പ്രതിരൂപേ ച സത്യപി
അസത്യപി ദ്വിതീയേ ച ദ്വൈരൂപ്യം ജ്യോതിഷാം തഥാ. 28

പ്രതിരൂപേ — തന്റെ പ്രതിബിംബം
സതി അപി — കാണപ്പെടാവുന്ന നിലയിൽ ഇരിക്കുമ്പോഴും
സ്വശിരസഃ ച — തന്റെ തലയുടെമാത്രം
അദർശനം — ദർശനം അതിലുണ്ടായില്ല.
തഥാ — അപ്രകാരം
ദ്വിതീയേ — രണ്ടാമതൊന്ന്
അസതി അപി — ഉണ്ടായിരുന്നില്ലെങ്കിലും
ജ്യോതിഷാം — ചന്ദ്രാദിഗ്രഹങ്ങൾക്ക്
ദ്വൈരൂപ്യം ച — ഈരണ്ടുരൂപം ഉള്ളതായും കണ്ടു.

ഛിദ്രപ്രതീതിഃ ഛായായാം പ്രാണഘോഷാനുപശ്രുതിഃ
സ്വർണ്ണപ്രതീതിർവൃക്ഷേഷു സ്വപദാനാമദർശനം. 29

ഛായായാം — നിഴലിൽ
ഛിദ്രപ്രതീതിഃ — പഴുതുകളുണ്ടെന്നു തോന്നുക,
പ്രാണഘോഷാനുപശ്രുതിഃ — ചെവിപൊത്തുമ്പോളുണ്ടാവുന്ന അന്തർനാദം കേൾക്കാതെയാവുക,
വൃക്ഷേഷു — മരങ്ങളിൽ
സ്വർണ്ണപ്രതീതിഃ — പൊൻനിറം തോന്നുക,
സ്വപദാനാം — തന്റെ കാലടിപ്പാടുകളുടെ
അദർശനം — കാഴ്ചയില്ലാതെയാവുക (എന്നിവ ജാഗ്രദവസ്ഥയിൽ സംഭവിച്ചു.)

സ്വപ്നേ പ്രേതപരിഷ്വംഗഃ ഖരയാനം വിഷാദനം
യായാന്നളദമാല്യേകസ്തൈലാഭ്യക്തോ ദിഗംബരഃ. 30

പ്രേതപരിഷ്വംഗഃ — മരിച്ചുപോയവരെ ആലിംഗനം ചെയ്യുക,
ഖരയാനം — കഴുതപ്പുറത്തു സവാരി ചെയ്യുക,
വിഷാദനം — വിഷം ഭക്ഷിക്കുക,
ഏകഃ — ഏകാകിയായി
തൈലാഭ്യക്തഃ — ദേഹമാസകലം എണ്ണതേച്ച്
ദിഗംബരഃ — നഗ്നനായി
നളദമാലീ — ചെമ്പരുത്തിപ്പൂമാല കഴുത്തിലിട്ട്
യായാത് — പോകുക എന്നിവ
സ്വപ്നേ — സ്വപ്നത്തിൽ (കണ്ടു.)

അന്യാനി ചേത്ഥംഭൂതാനി സ്വപ്നജാഗരിതാനി ച
പശ്യൻ മരണസന്ത്രസ്തോ നിദ്രാം ലേഭേ ന ചിന്തയാ. 31

ഇത്ഥംഭൂതാനി — ഈവിധത്തിൽ പെട്ടവയായി
സ്വപ്നജാഗരിതാനി ച — സ്വപ്നത്തിലും ജാഗരണത്തിലും സംഭവിക്കുന്നവയും
അന്യാനി ച — മറ്റുമായ ദുർന്നിമിത്തങ്ങളെ
പശ്യൻ — കണ്ടുകൊണ്ട്
മരണസന്ത്രസ്തഃ — മൃത്യുഭീതനായിത്തീർന്ന കംസൻ
ചിന്തയാ — വിചാരംകൊണ്ട്
നിദ്രാം ന ലേഭേ — ഉറങ്ങിയതേയില്ല.

വ്യുഷ്ടായാം തു നിശി കൌരവ്യ സൂര്യേ ചാദ്ഭ്യഃ സമുത്ഥിതേ
കാരയാമാസ വൈ കംസോ മല്ലക്രീഡാമഹോത്സവം. 32

| | | | |
|---|---|---|---|
| കൌരവ്യ | ഹേ പരീക്ഷിത്തേ! | | ചെയ്തപ്പോൾ |
| നിശി വ്യുഷ്ടായാം | നേരം പുലരുകയും, | കംസഃ വൈ | കംസനാകട്ടെ |
| സൂര്യേ | സൂര്യഭഗവാൻ | മല്ലക്രീഡാമഹോത്സവം | മല്ലന്മാരുടെ കൈയ്യാങ്കളിപ്രദർശനം |
| അദ്ഭ്യഃ | ജലാന്തർഭാഗത്തുനിന്ന് | | |
| സമുത്ഥിതേ ച | ഉദിച്ചുയരുകയും | കാരയാമാസ | നടത്തിച്ചു. |

ആനർച്ചുഃ പുരുഷാ രംഗം തൂര്യഭേര്യശ്ച ജഘ്നിരേ
മഞ്ചാശ്ചാലംകൃതാഃ സ്രഗ്ഭിഃ പതാകാചൈലതോരണൈഃ. 33

| | | | |
|---|---|---|---|
| പുരുഷാഃ | രാജപുരുഷന്മാർ | മഞ്ചാഃ ച | മഞ്ചങ്ങളെല്ലാം |
| രംഗം | മല്ലരംഗത്തെ | സ്രഗ്ഭിഃ | പുഷ്പമാലകളാലും, |
| ആനർച്ചുഃ | സംവിധാനം ചെയ്തലങ്കരിച്ചു; | പതാകാചൈലതോരണൈഃ | കൊടിക്കൂറകൾ, വസ്ത്രതോരണങ്ങൾ എന്നിവയാലും |
| തൂര്യഭേര്യഃ | പെരുമ്പറവാദ്യങ്ങൾ | | |
| ജഘ്നിരേ ച | മുഴക്കപ്പെട്ടു. | അലങ്കൃതാഃ | അലങ്കരിക്കപ്പെട്ടു. |

തേഷു പൌരാ ജാനപദാ ബ്രഹ്മക്ഷത്രപുരോഗമാഃ
യഥോപജോഷം വിവിശൂ രാജാനശ്ച കൃതാസനാഃ. 34

| | | | |
|---|---|---|---|
| തേഷു | ആ മഞ്ചങ്ങളിൽ | യഥോപജോഷം | സുഖസൌകര്യങ്ങളോടെ |
| പൌരാഃ | നഗരവാസികളും, | | |
| ജാനപദാഃ | ദേശവാസികളും, | വിവിശുഃ | കടന്നിരുന്നു. |
| ബ്രഹ്മക്ഷത്രപുരോഗമാഃ | ബ്രാഹ്മണർ ക്ഷത്രിയർ തുടങ്ങിയുള്ളവരും | രാജാനഃ ച | രാജാക്കന്മാരും |
| | | കൃതാസനാഃ | ആസനസ്ഥരായി. |

കംസഃ പരിവൃതോഽമാത്യൈ രാജമഞ്ച ഉപാവിശത്
മണ്ഡലേശ്വരമധ്യസ്ഥോ ഹൃദയേന വിദൂയതാ. 35

| | | | |
|---|---|---|---|
| കംസഃ | കംസനാകട്ടെ | വിദൂയതാ | അഴലുന്ന |
| അമാത്യൈഃ | മന്ത്രിമാരാൽ | ഹൃദയേന | ചിത്തത്തോടെ |
| പരിവൃതഃ | ചുററപ്പെട്ടുകൊണ്ടും | രാജമഞ്ചേ | രാജമഞ്ചത്തിൽ |
| മണ്ഡലേശ്വരമധ്യസ്ഥഃ | സാമന്തദേശാധിപതികളുടെ നടുവിലായിക്കൊണ്ടും | ഉപാവിശത് | ഉപവിഷ്ടനായി. |

വാദ്യമാനേഷു തൂര്യേഷു മല്ലതാളോത്തരേഷു ച
മല്ലാഃ സ്വലംകൃതാ ദൃപ്താഃ സോപാധ്യായാഃ സമാവിശൻ. 36

| | | | |
|---|---|---|---|
| മല്ലതാളോത്തരേഷു | മല്ലന്മാരുടെ കൈകൊട്ടൽ ഉയരെ കേൾക്കും തരത്തിലുള്ള | തൂര്യേഷു ച | പെരുമ്പറവാദ്യങ്ങളും |
| | | വാദ്യമാനേഷു | മുഴക്കപ്പെട്ടുകൊണ്ടിരിക്കെ, |
| | | ദൃപ്താഃ | ദർപ്പം കലർന്ന |

| | |
|---|---|
| മല്ലാഃ | മല്ലിടുന്നവർ |
| സ്വലങ്കൃതാഃ | നല്ലപോലെ കച്ചകെട്ടി യലങ്കരിച്ച് |
| സോപാധ്യായാഃ | താന്താങ്ങളുടെ ഗുരുക്കന്മാരോടുകൂടി |
| സമാവിശൻ | വന്നുചേൎന്നു. |

ചാണൂരോ മുഷ്ടികഃ കൂടഃ ശലസ്തോശല ഏവ ച
ത ആസേദുരുപസ്ഥാനം വല്ഗുവാദ്യപ്രഹർഷിതാഃ. 37

| | |
|---|---|
| ചാണൂരഃ | ചാണൂരൻ, |
| മുഷ്ടികഃ | മുഷ്ടികൻ |
| കൂടഃ ശലഃ | കൂടൻ, ശലൻ, |
| തോശലഃ | തോശലൻ |
| ത ഏവ ച | എന്നിങ്ങനെ പ്രസിദ്ധരായവർ എല്ലാംതന്നെ |
| വല്ഗുവാദ്യ- പ്രഹർഷിതാഃ | മനോഹരവാദ്യഘോഷങ്ങളാൽ ഇമ്പംപൂണ്ടുകൊണ്ട് |
| ഉപസ്ഥാനം | അങ്കത്തട്ടിലേക്ക് |
| ആസേദുഃ | എത്തിച്ചേൎന്നു. |

നന്ദഗോപാദയോ ഗോപാ ഭോജരാജസമാഹൂതാഃ
നിവേദിതോപായനാസ്ത ഏകസ്മിൻ മഞ്ച ആവിശൻ. 38

| | |
|---|---|
| ഭോജരാജ- സമാഹൂതാഃ | കംസനാൽ ക്ഷണിച്ചുവരുത്തപ്പെട്ട |
| നന്ദഗോപാദയഃ | നന്ദഗോപാദികളായ |
| തേ | ആ |
| ഗോപാഃ | ഗോപന്മാരും |
| നിവേദിതോ- പായനാഃ | സമൎപ്പിക്കപ്പെട്ട തിരുമുൽക്കാഴ്ചയോടുകൂടിയവരായിട്ട് |
| ഏകസ്മിൻ | പ്രത്യേകം ഒരു |
| മഞ്ചേ | മഞ്ചത്തിൽ |
| ആവിശൻ | ഇരിപ്പുറപ്പിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
മല്ലരംഗോപവൎണ്ണനം നാമ ദ്വിചത്വാരിംശോƒദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1687.

## ത്രിചത്വാരിംശോƒദ്ധ്യായഃ—നാല്പത്തിമൂന്നാമദ്ധ്യായം.

[ത്രിചത്വാരിംശകേ ഹത്വാ ഗജേന്ദ്രം രാമകൃഷ്ണയോഃ
രംഗപ്രവേശസൌഭാഗ്യം ചാണൂരേണ ച ഭാഷണം.]

(കുവലയാപീഡത്തെ വധിച്ചു രാമകൃഷ്ണന്മാർ മല്ലരംഗത്തിലേക്കു പ്രവേശിക്കുന്നതു്; ചാണൂരനോടുള്ള സംഭാഷണം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അഥ കൃഷ്ണശ്ച രാമശ്ച കൃതശൌചൌ പരന്തപ
മല്ലദുന്ദുഭിനിൎഘോഷം ശ്രുത്വാ ദ്രഷ്ടുമുപേയതുഃ. 1

| | | | |
|---|---|---|---|
| പരന്തപ | ശത്രുസൂദനനായ രാജാവേ! | മല്ലദുന്ദുഭി-നിർഘോഷം | മല്ലന്മാരുടേയും പെരുമ്പറയുടേയും ശബ്ദകോലാഹലത്തെ |
| അഥ | അനന്തരം | ശ്രുത്വാ | കേട്ട് |
| കൃതശൌചൌ | നിറവേററപ്പെട്ട ശരീരശുദ്ധിയോടുകൂടിയവരായ | ദ്രഷ്ടും | കാണ്മാൻ |
| കൃഷ്ണഃ ച | ശ്രീകൃഷ്ണനും, | ഉപേയതുഃ | എത്തിച്ചേർന്നു. |
| രാമഃ ച | ശ്രീബലരാമനും | | |

രംഗദ്വാരം സമാസാദ്യ തസ്മിൻ നാഗമവസ്ഥിതം
അപശ്യത് കുവലയാപീഡം കൃഷ്ണോഽംബഷ്ഠപ്രചോദിതം. 2

| | | | |
|---|---|---|---|
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | അംബഷ്ഠ-പ്രചോദിതം | ആനക്കാരനാൽ കൊണ്ടുവന്നാക്കപ്പെട്ട |
| രംഗദ്വാരം | മല്ലരംഗത്തിൻെറ പ്രവേശനമാർഗ്ഗത്തിലേക്ക് | കുവലയാപീഡം | കുവലയാപീഡമെന്ന |
| | | നാഗം | ആനയെ |
| സമാസാദ്യ | എത്തിയശേഷം | അവസ്ഥിതം | നില്ക്കുന്നതായി |
| തസ്മിൻ | അവിടെ | അപശ്യത് | കണ്ടു. |

ബദ്ധ്വാ പരികരം ശൌരിഃ സമൂഹ്യ കുടിലാലകാൻ
ഉവാച ഹസ്തിപം വാചാ മേഘനാദഗഭീരയാ. 3

| | | | |
|---|---|---|---|
| ശൌരിഃ | ഭഗവാൻ | മേഘനാദ-ഗഭീരയാ | ഇടിനാദംപോലെ ഗംഭീരമായ |
| പരികരം | അരക്കച്ച | | |
| ബദ്ധ്വാ | കെട്ടിമുറുക്കി, | വാചാ | വാക്കുകൊണ്ട് |
| കുടിലാലകാൻ | ചുരുണ്ട വാർമുടികളെ | ഹസ്തിപം | ആനപ്പാപ്പാനോട് |
| സമൂഹ്യ | ഒതുക്കിക്കെട്ടി, | ഉവാച | പറഞ്ഞു. |

അംബഷ്ഠാംബഷ്ഠ മാർഗ്ഗം നൌ ദേഹ്യപക്രമ മാ ചിരം
നോ ചേത് സകുഞ്ജരം ത്വാദ്യ നയാമി യമസാദനം 4

| | | | |
|---|---|---|---|
| അംബഷ്ഠ | "എടോ ആനക്കാരാ! | നോ ചേത് | അല്ലാത്തപക്ഷം |
| അംബഷ്ഠ | ആനക്കാരാ! | അദ്യ | ഇപ്പോൾത്തന്നെ |
| നൌ | ഞങ്ങൾക്ക് | സകുഞ്ജരം | ആനയോടുകൂടി |
| മാർഗ്ഗം ദേഹി | വഴി വിട്ടുതരിക. | ത്വാ | നിന്നെ |
| അപക്രമ | മാറിനില്ല്. | യമസാദനം | കാലൻെറ കോട്ടയിലേക്ക് |
| മാ ചിരം | അമാന്തിക്കേണ്ട. | നേഷ്യാമി | അയച്ചുകളയും." |

ഏവം നിർഭർത്സിതോഽംബഷ്ഠഃ കുപിതഃ കോപിതം ഗജം
ചോദയാമാസ കൃഷ്ണായ കാലാന്തകയമോപമം. 5

| | | | |
|---|---|---|---|
| ഏവം | ഇത്തരത്തിൽ | അംബഷ്ഠഃ | ആനക്കാരൻ |
| നിർഭർത്സിതഃ | അധിക്ഷേപിക്കപ്പെട്ട | കുപിതഃ | കുപിതനായിട്ട്, |

| | |
|---|---|
| കോപിതം | കോപം വരുത്തിക്കപ്പെട്ടതും |
| കാലാന്തക-യമോപമം | കാലൻ, അന്തകൻ, യമൻ എന്നിവരോടു സാദൃശ്യം പ്രാപിക്കുന്നതുമായ |
| ഗജം | ആനയെ |
| കൃഷ്ണായ | ശ്രീകൃഷ്ണനെ നിഗ്രഹിക്കുന്നതിന്നായി |
| ചോദയാമാസ | പ്രേരിപ്പിച്ചു. |

കരീന്ദ്രസ്തമഭിദ്രുത്യ കരേണ തരസാഽഗ്രഹീത്
കരാദ്വിഗളിതഃ സോഽമും നിഹത്യാങ്ഘ്രിഷ്വലീയത. 6

| | |
|---|---|
| കരീന്ദ്രഃ | ആ ഗജവീരൻ |
| തരസാ | ശീഘ്രതയിൽ |
| അഭിദ്രുത്യ | നേരിട്ടു പാഞ്ഞുവന്നു് |
| കരേണ | തുമ്പിക്കരത്താൽ |
| തം | ഭഗവാനെ |
| അഗ്രഹീത് | കടന്നുപിടിച്ചു. |
| സഃ | ഭഗവാൻ |
| അമും | അവനെ |
| നിഹത്യ | കൈ മടക്കിയിടിച്ചു് |
| കരാത് | അവന്റെ കൈയിൽനിന്നു് |
| വിഗളിതഃ | വിട്ടുപോന്നിട്ടു് |
| അങ്ഘ്രിഷു | കാലുകൾക്കിടയിൽ |
| അലീയത | ഒളിച്ചു. |

സംക്രുദ്ധസ്തമചക്ഷാണോ ഘ്രാണദൃഷ്ടിഃ സ കേശവം
പരാമൃശത് പുഷ്കരേണ സ പ്രസഹ്യ വിനിർഗ്ഗതഃ. 7

| | |
|---|---|
| ഘ്രാണദൃഷ്ടിഃ | മണത്തറിയുന്ന |
| സഃ | അവൻ |
| തം കേശവം | ആവിധം ഒളിഞ്ഞിരിക്കുന്ന കൃഷ്ണനെ |
| അചക്ഷാണഃ | കാണാതെ |
| സംക്രുദ്ധഃ | കോപം മുഴുത്തിട്ടു് |
| പുഷ്കരേണ | തുമ്പിയുടെ അററംകൊണ്ടു് |
| പരാമൃശത് | തപ്പിപ്പിടിച്ചു. |
| സഃ | ഭഗവാൻ |
| പ്രസഹ്യ | ബലം പ്രയോഗിച്ചിട്ടു് |
| വിനിർഗ്ഗതഃ | കുതറിപ്പോന്നു. |

പുച്ഛേ പ്രഗൃഹ്യാതിബലം ധനുഷഃ പഞ്ചവിംശതിം
വിചകർഷ യഥാ നാഗം സുപർണ്ണ ഇവ ലീലയാ. 8

| | |
|---|---|
| അതിബലം | ഊക്കേറെയുള്ള ആ ആനയെ |
| പുച്ഛേ | വാലിൽ |
| പ്രഗൃഹ്യ | പിടിച്ചു |
| സുപർണ്ണഃ | ഗരുഡൻ |
| നാഗം | സർപ്പത്തെ |
| ഇവ | എന്നപോലെ |
| ധനുഷഃ പഞ്ചവിംശതിം | ഇരുപത്തഞ്ചു വിൽപ്പാടു ദൂരം |
| ലീലയാ | ആയാസമെന്നിയെ |
| യഥാ | ശരിക്കു് |
| വിചകർഷ | വലിച്ചു. |

സ പര്യാവർത്തമാനേന സവ്യദക്ഷിണതോഽച്യുതഃ
ബഭ്രാമ ഭ്രാമ്യമാണേന ഗോവത്സേനേവ ബാലകഃ. 9

| | |
|---|---|
| സഃ | ആ |
| അച്യുതഃ | ശ്രീകൃഷ്ണൻ |
| സവ്യദക്ഷിണതഃ | ഇടത്തോട്ടും വലത്തോട്ടും |
| പര്യാവർത്തമാനേന | മാറി മാറി തിരിഞ്ഞുകൊണ്ടിരിക്കുന്ന ആനയോടൊപ്പം, |

| | | | |
|---|---|---|---|
| ബാലകഃ | ഒരു ബാലൻ | ഇവ | എന്നപോലെ |
| ഭ്രാമ്യമാണേന | വട്ടംതിരിയുന്ന | | |
| ഗോവത്സേന | കാളക്കുട്ടിയോടൊപ്പം | ബഭ്രാമ | വട്ടംതിരിഞ്ഞു. |

തതോഽഭിമുഖമഭ്യേത്യ പാണിനാഽഽഹത്യ വാരണം
പ്രാദ്രവൻ പാതയാമാസ സ്പൃശ്യമാനഃ പദേ പദേ. 10

| | | | |
|---|---|---|---|
| തതഃ | അനന്തരം | പദേ പദേ | ഓരോ അടിവെപ്പിലും |
| | (വാൽ പിടുത്തം വിട്ട്) | സ്പൃശ്യമാനഃ | ആനയാൽ താൻ |
| അഭിമുഖം | ആനയുടെ എതിരായി | | സ്പൃശിക്കപ്പെട്ടുകൊണ്ടും, |
| അഭ്യേത്യ | നേരിട്ടുവന്ന്, | പ്രാദ്രവൻ | അങ്ങുമിങ്ങും |
| പാണിനാ | തന്റെ കൈത്തലത്താൽ | | പരക്കംപാഞ്ഞുകൊണ്ടും |
| വാരണം | ആനയെ | പാതയാമാസ | സൂത്രത്തിൽ അവനെ |
| ആഹത്യ | ആഞ്ഞടിച്ച്, | | വീഴ്ത്തി. |

സ ധാവൻ ക്രീഡയാ ഭൂമൌ പതിത്വാ സഹസോത്ഥിതഃ
തം മത്വാ പതിതം ക്രുദ്ധോ ദന്താഭ്യാം സോഽഹനത് ക്ഷിതിം. 11

| | | | |
|---|---|---|---|
| സഃ | ഭഗവാൻ | സഃ | ആ ആനയാകട്ടെ |
| ധാവൻ | ഓടിക്കൊണ്ട് | തം പതിതം } | ഭഗവാൻ വീണതാണെ |
| ക്രീഡയാ | കളിയായിട്ട് | മത്വാ } | ന്ന് വിചാരിച്ച് |
| ഭൂമൌ | നിലത്ത് | ക്രുദ്ധഃ | ക്രുദ്ധനായിട്ട് |
| പതിത്വാ | വീണ് | ദന്താഭ്യാം | കൊമ്പുകൾരണ്ടുംകൊണ്ട് |
| സഹസാ | പെട്ടെന്ന് | ക്ഷിതിം } | നിലത്ത് കുത്തി. |
| ഉത്ഥിതഃ | എഴുന്നേററു മാറിനിന്നു. | അഹനത് } | |

സ്വവിക്രമേ പ്രതിഹതേ കുഞ്ജരേന്ദ്രോഽത്യമർഷിതഃ
ചോദ്യമാനോ മഹാമാത്രൈഃ കൃഷ്ണമഭ്യദ്രവദ്രുഷാ. 12

| | | | |
|---|---|---|---|
| സ്വവിക്രമേ | തന്റെ പരാക്രമം | ചോദ്യമാനഃ | പ്രേരിപ്പിക്കപ്പെട്ടവനാ |
| പ്രതിഹതേ | പരാജയപ്പെട്ടപ്പോൾ | | യും ഭവിച്ച് |
| കുഞ്ജരേന്ദ്രഃ | ആ ഗജവീരൻ | രുഷാ | കോപത്തോടെ |
| അത്യമർഷിതഃ | മുഴുത്ത വാശിയോടുകൂടി യവനായും | കൃഷ്ണം | ശ്രീകൃഷ്ണനെ |
| മഹാമാത്രൈഃ | ആനക്കാരന്മാരാൽ | അഭ്യദ്രവത് | എതിരിട്ടു. |

തമാപതന്തമാസാദ്യ ഭഗവാൻ മധുസൂദനഃ
നിഗൃഹ്യ പാണിനാ ഹസ്തം പാതയാമാസ ഭൂതലേ. 13

| | | | |
|---|---|---|---|
| മധുസൂദനഃ | മധുദ്വേഷണനായ | ആപതന്തം | അതിവേഗത്തിൽ തന്റെ |
| ഭഗവാൻ | ഭഗവാൻ | | നേരിട്ടു വരുന്നതായി |
| തം | ആ ആനയെ | ആസാദ്യ | കണ്ട് |

| | |
|---|---|
| ഹസ്തം | തുമ്പിക്കൈയിനെ |
| പാണിനാ | തന്റെ കരത്താൽ |
| നിഗൃഹ്യ | പിടിച്ച് |
| ഭൂതലേ | നിലത്തേക്ക് |
| പാതയാമാസ | മറിച്ചിട്ടു. |

പതിതസ്യ പദാഽഽക്രമ്യ മൃഗേന്ദ്ര ഇവ ലീലയാ
ദന്തമുത്പാട്യ തേനേഭം ഹസ്തിപാംശ്ചാഹനദ്ധരിഃ. 14

| | |
|---|---|
| മൃഗേന്ദ്രഃ ഇവ | സിംഹം കണക്കെ |
| ഹരിഃ | ശ്രീഹരി |
| ഗജേന്ദ്രം | ഗജവീരനെ |
| പദാ | കാലുകൊണ്ട് |
| ആക്രമ്യ | ചവിട്ടിത്തള്ളി, |
| പതിതസ്യ | വീണുകിടക്കുന്ന അവന്റെ |
| ദന്തം | കൊമ്പിനെ |
| ലീലയാ | ആയാസംകൂടാതെ |
| ഉത്പാട്യ | കടപുഴക്കിയെടുത്ത് |
| തേന | അതുകൊണ്ടുതന്നെ |
| ഇഭം | ആ ഗജത്തെയും, |
| ഹസ്തിപാൻ ച | ഗജപാലകരേയും |
| അഹനത് | അടിച്ചുകൊന്നു. |

മൃതകം ദ്വിപമുത്സൃജ്യ ദന്തപാണിഃ സമാവിശത്
അംസന്യസ്തവിഷാണോഽസൃങ്മദബിന്ദുഭിരങ്കിതഃ
വിരൂഢസ്വേദകണികാവദനാംബുരുഹോ ബഭൌ. 15

| | |
|---|---|
| മൃതകം | ചത്തുപോയ |
| ദ്വിപം | ആനയെ |
| ഉത്സൃജ്യ | വിട്ടുകളഞ്ഞ് |
| ദന്തപാണിഃ | ആനക്കൊമ്പു കൈയിൽ പിടിച്ചുകൊണ്ട് |
| സമാവിശത് | മല്ലരംഗത്തിലേക്ക് ഭഗവാൻ പ്രവേശിച്ചു. |
| അംസന്യസ്ത-വിഷാണഃ | തോളിൽവെക്കപ്പെട്ടതായ ആനക്കൊമ്പോടു കൂടിയവനായി, |
| അസൃങ്മദ-ബിന്ദുഭിഃ | ചോരയുടേയും മദനീരിന്റേയും തുള്ളികളാൽ |
| അങ്കിതഃ | അടയാളപ്പെട്ടവനായി, |
| വിരൂഢസ്വേദ-കണികാ-വദനാംബുരുഹഃ | വിയപ്പുതുള്ളികൾ പൊടിഞ്ഞുണ്ടായ മുഖകമലത്തോടുകൂടിയവനുമായി |
| ബഭൌ | ശോഭിച്ചു. |

വൃതൌ ഗോപൈഃ കതിപയൈർബ്ബലദേവജനാർദ്ദനൌ
രംഗം വിവിശതു രാജൻ ഗജദന്തവരായുധൌ. 16

| | |
|---|---|
| രാജൻ | രാജാവേ! |
| ഗജദന്ത-വരായുധൌ | ആനക്കൊമ്പാവുന്ന ഉത്തമായുധമേന്തിയും, |
| കതിപയൈഃ | ഏതാനും ചില |
| ഗോപൈഃ | ഗോപന്മാരാൽ |
| വൃതൌ | പരിവൃതരായും |
| ബലദേവ-ജനാർദ്ദനൌ | ബലഭദ്രനും ശ്രീകൃഷ്ണനും |
| രംഗം | മല്ലന്മാരുടെ അങ്കക്കളത്തിലേക്ക് |
| വിവിശതുഃ | കടന്നുചെന്നു. |

മല്ലാനാമശനിർന്നൃണാം നരവരഃ സ്ത്രീണാം സ്മരോ മൂർത്തിമാൻ
ഗോപാനാം സ്വജനോഽസതാം ക്ഷിതിഭുജാം ശാസ്താ സ്വപിത്രോഃ ശിശുഃ
മൃത്യുർഭോജപതേർവ്വിരാഡവിദുഷാം തത്ത്വം പരം യോഗിനാം
വൃഷ്ണീനാം പരദേവതേതി വിദിതോ രംഗം ഗതഃ സാഗ്രജഃ.

| | | | |
|---|---|---|---|
| മല്ലാനാം | മല്ലന്മാൎക്ക് | ശിശുഃ | ചെറുപൈതലാണെന്നും, |
| അശനിഃ | ഇടിവാളാണെന്നും, | ഭോജപതേഃ | കംസന്ന് |
| നൃണാം | സാമാന്യജനങ്ങൾക്ക് | മൃത്യുഃ | കാലനാണെന്നും, |
| നരവരഃ | രാജാവാണെന്നും, | അവിദുഷാം | അജ്ഞന്മാൎക്ക് |
| സ്ത്രീണാം | സ്ത്രീകൾക്ക് | വിരാട് | പ്രാകൃതനാണെന്നും, |
| മൂൎത്തിമാൻ | ഉടലെടുത്ത | യോഗിനാം | വിജ്ഞന്മാൎക്ക് |
| സ്മരഃ | മന്മഥനാണെന്നും, | പരം തത്വം | പരംപൊരുളാണെന്നും, |
| ഗോപാനാം | ഗോപന്മാൎക്ക് | വൃഷ്ണീനാം | വൃഷ്ണിവംശക്കാൎക്ക് |
| സ്വജനഃ | സ്വന്തം ആളാണെന്നും, | പരദേവതാ | പരദൈവമാണെന്നും |
| അസതാം | ദുഷ്ടന്മാരായ | വിദിതഃ | തോന്നുന്നവനായിട്ട് |
| ക്ഷിതിഭുജാം | നാടുവാഴികൾക്ക് | സാഗ്രജഃ | ജ്യേഷ്ഠനോടുകൂടി |
| ശാസ്താ | ശാസകനാണെന്നും, | രംഗം | മല്ലരംഗത്തിലേക്ക് |
| സ്വപിത്രോഃ | സ്വമാതാപിതാക്കൾക്ക് | ഗതഃ | ശ്രീകൃഷ്ണൻ എത്തി. |

ഹതം കുവലയാപീഡം ദൃഷ്ട്വാ താവപി ദുൎജ്ജയൌ
കംസോ മനസ്വ്യപി തദാ ഭൃശമുദ്വിവിജേ നൃപ. 18

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ദൃഷ്ട്വാ | കണ്ടിട്ടും |
| കുവലയാപീഡം | കുവലയാപീഡം | മനസ്വീ അപി | ധീരനെന്നിരിക്കിലും |
| ഹതം | കൊല്ലപ്പെട്ടതായി (കേട്ടിട്ടും) | കംസഃ | കംസൻ |
| | | തദാ | അപ്പോൾ |
| തൌ അപി | അവർ ഇരുവരും | ഭൃശം | ഏററവും |
| ദുൎജ്ജയൌ | അജയ്യരാണെന്ന് | ഉദ്വിവിജേ | അമ്പരന്നു. |

തൌ രേജതൂ രംഗഗതൌ മഹാഭുജൌ വിചിത്രവേഷാഭരണസ്രഗംബരൌ
യഥാ നടാവുത്തമവേഷധാരിണൌ മനഃ ക്ഷിപന്തൌ പ്രഭയാ നിരീക്ഷതാം.

| | | | |
|---|---|---|---|
| മഹാഭുജൌ | ദീൎഘബാഹുക്കളും, | നിരീക്ഷതാം | നോക്കിനില്ക്കുന്നവരുടെ |
| വിചിത്രവേഷാഭരണസ്രഗംബരൌ | വിചിത്രങ്ങളായ വേഷഭൂഷണങ്ങൾ, മാലകൾ, വസ്ത്രങ്ങൾ എന്നിവയോടുകൂടിയവരും, | മനഃ | മനസ്സിനെ |
| | | ക്ഷിപന്തൌ | ക്ഷോഭിപ്പിച്ചുകൊണ്ട്, |
| രംഗഗതൌ | മല്ലരംഗത്തിലേക്ക പ്രവേശിച്ചവരും ആയ | ഉത്തമവേഷധാരിണൌ | ഉത്തമവേഷങ്ങൾ അണിഞ്ഞ |
| തൌ | ആ രാമകൃഷ്ണന്മാർ | നടൌ യഥാ | രണ്ടു നടന്മാരെന്നപോലെ |
| പ്രഭയാ | സ്വകാന്തിയാൽ | രേജതുഃ | പ്രശോഭിച്ചു. |

നിരീക്ഷ്യ താവുത്തമപൂരുഷൌ ജനാ മഞ്ചസ്ഥിതാ നാഗരരാഷ്ട്രകാ നൃപ
പ്രഹൎഷവേഗോത്കലിതേക്ഷണാനനാഃ പപുൎന്ന തൃപ്താ നയനൈസ്തദാനനം.

നൃപ — രാജാവേ!
മഞ്ചസ്ഥിതാഃ — മഞ്ചത്തിന്മേലിരുന്നിട്ടുണ്ടായിരുന്ന
നാഗര- രാഷ്ട്രകാഃ — നഗരവാസികളും, പുറംപ്രദേശക്കാരുമായ
ജനാഃ — ജനങ്ങൾ
ഉത്തമപൂരുഷൌ — ഉത്തമപുരുഷന്മാരായ
തൌ — അവരെ
നിരീക്ഷ്യ — കണ്ടു്
പ്രഹർഷവേഗോ- ത്കലിതേ- ക്ഷണാനനാഃ — ആനന്ദവായ്പിനാൽ വികസിച്ച നയനങ്ങളോടും, മുഖത്തോടും കൂടിയവരായി
തദാനനം — അവരുടെ തിരുമുഖത്തെ
നയനൈഃ — കൺകളാൽ
പപുഃ — പാനംചെയ്തു;
ന തൃപ്താഃ — എങ്കിലും തൃപ്തരായില്ല.

പിബന്ത ഇവ ചക്ഷുർഭ്യാം ലിഹന്ത ഇവ ജിഹ്വയാ
ജിഘ്രന്ത ഇവ നാസാഭ്യാം ശ്ലിഷ്യന്ത ഇവ ബാഹുഭിഃ. 21

ചക്ഷുർഭ്യാം — കണ്ണിണകളാൽ
പിബന്തഃ ഇവ — പാനം ചെയ്യുന്നവർ പോലെയും,
ജിഹ്വയാ — നാവുകൊണ്ടു്
ലിഹന്തഃ ഇവ — നക്കുന്നവർപോലെയും
നാസാഭ്യാം — നാസികാദ്വാരങ്ങളാൽ
ജിഘ്രന്തഃ ഇവ — മണക്കുന്നവർപോലെയും,
ബാഹുഭിഃ — കൈകളാൽ
ശ്ലിഷ്യന്തഃ ഇവ — ആശ്ലേഷിക്കുന്നവർപോലെയും ജനങ്ങൾ പ്രവർത്തിക്കുന്നതായി കാണപ്പെട്ടു.

ഊചുഃ പരസ്പരം തേ വൈ യഥാദൃഷ്ടം യഥാശ്രുതം
തദ്രൂപഗുണമാധുര്യപ്രാഗല്ഭ്യസ്മാരിതാ ഇവ. 22

തദ്രൂപഗുണ- മാധുര്യ- പ്രാഗല്ഭ്യ- സ്മാരിതാഃ — അവരുടെ രൂപം, ശൌര്യാദിഗുണങ്ങൾ, കമനീയത്വം, ധൃഷ്ടത എന്നിവയാൽ ഓർമ്മിപ്പിക്കപ്പെട്ടവരോ
ഇവ — എന്നുതോന്നുമാറു്
യഥാദൃഷ്ടം — കണ്ടതിന്നനുസരിച്ചും,
യഥാശ്രുതം — കേട്ടതിന്നനുസരിച്ചും
തേ വൈ — ആ ജനങ്ങൾതന്നെ
പരസ്പരം — അന്യോന്യം
ഊചുഃ — പറഞ്ഞുതുടങ്ങി.

ഏതൌ ഭഗവതഃ സാക്ഷാദ്ധരേർന്നാരായണസ്യ ഹി
അവതീർണ്ണാവിഹാംശേന വസുദേവസ്യ വേശ്മനി. 23

ഏതൌ — "ഇവരിരുവരും
നാരായണസ്യ — നാരായണനായ
സാക്ഷാത് — സാക്ഷാൽ
ഭഗവതഃ — ഭഗവാൻ
ഹരേഃ ഹി — ശ്രീഹരിയുടെതന്നെ
അംശേന — അംശംകൊണ്ടു്
ഇഹ — ഈ ഭൂമിയിൽ
വസുദേവസ്യ — വസുദേവന്റെ
വേശ്മനി — ഗൃഹത്തിൽ
അവതീർണ്ണൌ — അവതരിച്ചവരാണ്.

X 1-31 ഏഷ വൈ കില ദേവക്യാം ജാതോ നീതശ്ച ഗോകുലം
കാലമേതം വസൻ ഗൂഢോ വവൃധേ നന്ദവേശ്മനി. 24

| | | | |
|---|---|---|---|
| ഏഷഃ | " ഇവൻ (കൃഷ്ണൻ) | ഏതം കാലം | ഇത്രയും കാലത്തോളം |
| ദേവക്യാം | ദേവകിയിൽ | നന്ദവേശ്മനി | നന്ദഗോപൻെറ ഗൃഹത്തിൽ |
| ജാതഃ | ജാതനാവുകയും, | ഗൂഢഃ | ആരുമറിയാതെ |
| ഗോകുലം | ഗോകുലത്തിലേക്ക് | വസൻ | വസിച്ചുകൊണ്ട് |
| നീതഃ ച | കൊണ്ടുപോകപ്പെടുകയും | വവൃധേ | വളൎന്നുപോൽ. |
| വൈ കില | ചെയ്തുവെന്നാണെന്നു പറയപ്പെടുന്നു. | | |

പൂതനാഽനേന നീതാഽന്തം ചക്രവാതശ്ച ദാനവഃ
അൎജ്ജുനൌ ഗുഹ്യകഃ കേശീ ധേനുകോഽന്യേ ച തദ്വിധാഃ. 25

| | | | |
|---|---|---|---|
| പൂതനാ | " പൂതനയെന്നവൾ | ധേനുകഃ | ധേനുകനും, |
| അനേന | ഇവനാൽ | കേശീ | കേശിയും, |
| അന്തം നീതാ | കൊല്ലപ്പെട്ടവളാണ്. | ഗുഹ്യകഃ | ശംഖചൂഡനും, |
| ചക്രവാതഃ | ചുഴലിക്കാററായിപ്പോയ | തദ്വിധാഃ | അവരുടെ തരക്കാരായ |
| ദാനവഃ ച | അസുരനും അങ്ങനെതന്നെ. | അന്യേ ച | മററുപലരും ഇവനാൽ കൊല്ലപ്പെട്ടവരാണ്. |
| അൎജ്ജുനൌ | ഇരട്ടമരുതുകൾ വീഴ്ത്തപ്പെട്ടു. | | |

ഗാവഃ സപാലാ ഏതേന ദാവാഗ്നേഃ പരിമോചിതാഃ
കാളിയോ ദമിതഃ സൎപ്പ ഇന്ദ്രശ്ച വിമദഃ കൃതഃ. 26

| | | | |
|---|---|---|---|
| ഏതേന | " ഇവനാൽ | സൎപ്പഃ | സൎപ്പം |
| ഗാവഃ | പശുക്കൾ | ദമിതഃ | മട്ടിച്ചൊതുക്കപ്പെട്ടിരിക്കുന്നു ; |
| സപാലാഃ | മേയ്ക്കാരോടുകൂടെ | ഇന്ദ്രഃ ച | ദേവേന്ദ്രൻകൂടിയും |
| ദാവാഗ്നേഃ | കാട്ടുതീയ്യിൽനിന്ന് | വിമദഃ | അഹങ്കാരരഹിതനായി |
| പരിമോചിതാഃ | മോചിപ്പിക്കപ്പെട്ടിരിക്കുന്നു ; | കൃതഃ | മാററപ്പെട്ടിരിക്കുന്നു. |
| കാളിയഃ | കാളിയനെന്ന | | |

സപ്താഹമേകഹസ്തേന ധൃതോഽദ്രിപ്രവരോഽമുനാ
വൎഷവാതാശനിഭ്യശ്ച പരിത്രാതം ച ഗോകുലം. 27

| | | | |
|---|---|---|---|
| അമുനാ | " ഇവനാൽ | വൎഷവാതാ- ശനിഭ്യഃ ച | മഴ, കാററ്, ഇടി എന്നിവയിൽനിന്ന് |
| ഏകഹസ്തേന | ഒററക്കൈകൊണ്ട് | ഗോകുലം | ഗോകുലം |
| സപ്താഹം | ഏഴുദിവസം | പരിത്രാതം ച | രക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. |
| അദ്രിപ്രവരഃ | മാമല | | |
| ധൃതഃ | ചുമക്കപ്പെട്ടിരിക്കുന്നു ; | | |

ഗോപ്യോഽസ്യ നിത്യമുദിതഹസിതപ്രേക്ഷണം മുഖം
പശ്യന്ത്യോ വിവിധാംസ്താപാംസ്തരന്തി സ്മാശ്രമം മുദാ. 28

| | | | |
|---|---|---|---|
| ഗോപ്യഃ | "ഗോപസ്ത്രീകൾ | മുദാ | സന്തോഷത്തോടെ |
| നിത്യമുദിതം- | സർവ്വദാ പ്രസന്നമായ | പശ്യന്ത്യഃ | നോക്കിക്കൊണ്ട് |
| ഹസിതം- | പുഞ്ചിരിയും കടാക്ഷവീ | വിവിധാൻ | നാനാപ്രകാരമായുള്ള |
| പ്രേക്ഷണം | ക്ഷണവും ചേർന്നതായ | താപാൻ | സന്താപങ്ങളെ |
| അസ്യ | ഇവൻെറ | അശ്രമം | ശ്രമമെന്നിയെ |
| മുഖം | മുഖത്തെ | തരന്തി സ്മ | തരണം ചെയ്തിരിക്കുന്നു. |

വദന്ത്യനേന വംശോऽയം യദോഃ സുബഹുവിശ്രുതഃ
ശ്രിയം യശോ മഹത്വം ച ലപ്സ്യതേ പരിരക്ഷിതഃ. 29

| | | | |
|---|---|---|---|
| യദോഃ | "യദുരാജാവിൻെറ | ശ്രിയം | സമ്പത്തിനേയും, |
| അയം വംശഃ | ഈ വംശം | യശഃ | സൽകീർത്തിയേയും, |
| അനേന | ഇവനാൽ | മഹത്വം ച | സമ്മാന്യതയേയും |
| പരിരക്ഷിതഃ | പരിപാലിക്കപ്പെട്ട് | ലപ്സ്യതേ | പ്രാപിക്കുമെന്ന് |
| സുബഹു- | വളരെയേറെ | വദന്തി | അഭിജ്ഞന്മാർ പറയുന്നു. |
| വിശ്രുതഃ | പ്രശസ്തമായി | | |

അയം ചാസ്യാഗ്രജഃ ശ്രീമാൻ രാമഃ കമലലോചനഃ
പ്രലംബോ നിഹതോ യേന വത്സകോ യേ ബകാദയഃ. 30

| | | | |
|---|---|---|---|
| ശ്രീമാൻ | "ശ്രീത്വമുള്ളവനും | പ്രലംബഃ | പ്രലംബനും, |
| കമലലോചനഃ | താമരസാക്ഷനും ആയ | വത്സകഃ | വത്സാസുരനും |
| അയം രാമഃ | ഈ രാമൻ | നിഹതഃ | വധിക്കപ്പെട്ടു. |
| അസ്യ | ഈ കൃഷ്ണൻെറ | യേ | വേറെ യാവചില |
| അഗ്രജഃ ച | ജ്യേഷ്ഠസഹോദരനു മാകുന്നു. | ബകാദയഃ | ബകാസുരാദികൾ ഉണ്ടോ, അവരും |
| യേന | ഇവനാൽ | | കൊല്ലപ്പെട്ടിരിക്കുന്നു." |

നോട്ട് :— വത്സാസുരനേയും ബകനേയും കൊന്നത് കൃഷ്ണനാണ്. ധേനുകനെ രാമനമാണ്. എല്ലാം ശരിയ്ക്ക് മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് മഥുരയിലെ പൌരജനം മറിച്ചുപറയുന്നത്.

ജനേഷ്വേവം ബ്രുവാണേഷു തൂര്യേഷു നിനദത്സു ച
കൃഷ്ണരാമൌ സമാഭാഷ്യ ചാണൂരോ വാക്യമബ്രവീത്. 31

| | | | |
|---|---|---|---|
| ജനേഷു | ജനങ്ങൾ | ചാണൂരഃ | ചാണൂരൻ |
| ഏവം | ഇപ്രകാരം | കൃഷ്ണരാമൌ | കൃഷ്ണനേയും രാമനേയും |
| ബ്രുവാണേഷു | പറഞ്ഞുകൊണ്ടിരിക്കെ, | സമാഭാഷ്യ | വിളിച്ച് |
| തൂര്യേഷു ച | വാദ്യങ്ങളും | വാക്യം | താഴെപറയുന്ന വാക്യം |
| നിനദത്സു | മുഴങ്ങിക്കൊണ്ടിരിക്കെ | അബ്രവീത് | പറഞ്ഞു. |

ഹേ നന്ദസൂനോ ഹേ രാമ ഭവന്തൌ വീരസമ്മതൌ
നിയുദ്ധകുശലൌ ശ്രുത്വാ രാജ്ഞാഽഽഹൂതൌ ദിദൃക്ഷുണാ. 32

| | |
|---|---|
| ഹേ നന്ദസൂനോ | "നന്ദകുമാര! |
| ഹേ രാമ | ബലരാമ! |
| ഭവന്തൌ | നിങ്ങളിരുവരും |
| വീരസമ്മതൌ | വീരന്മാരെന്നു എല്ലാവരാലും സമ്മതരായിട്ടുള്ളവരാകുന്നു. |
| നിയുദ്ധകുശലൌ | ആകയാൽ, ബാഹുയുദ്ധത്തിൽ നിപുണരാണെന്നു് |
| ശ്രുത്വാ | കേട്ടു് |
| ദിദൃക്ഷുണാ | അതു കാണ്മാനാഗ്രഹിക്കുന്ന |
| രാജ്ഞാ | മഹാരാജാവിനാൽ |
| ആഹൂതൌ | നിങ്ങൾ ക്ഷണിക്കപ്പെട്ടവരാകുന്നു. |

പ്രിയം രാജ്ഞഃ പ്രകുർവ്വന്ത്യഃ ശ്രേയോ വിന്ദന്തി വൈ പ്രജാഃ
മനസാ കർമ്മണാ വാചാ വിപരീതമതോഽന്യഥാ. 33

| | |
|---|---|
| മനസാ | 'മനസ്സുകൊണ്ടും, |
| കർമ്മണാ | കർമ്മംകൊണ്ടും, |
| വാചാ | വാക്കുകൊണ്ടും |
| രാജ്ഞഃ | മഹാരാജാവിന്നു് |
| പ്രിയം | ഇഷ്ടമായ കാര്യത്തെ |
| പ്രകുർവ്വന്ത്യഃ | പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന |
| പ്രജാഃ | പ്രജകൾ |
| ശ്രേയഃ | മേന്മയിലേക്കു് |
| വിന്ദന്തി വൈ | എത്തുന്നതാണ്; തീർച്ച. |
| അതഃ | ഇതിൽനിന്നു് |
| അന്യഥാ | മറിച്ചായാൽ |
| വിപരീതം | വിപരീതവുമാണല്ലോ. |

നിത്യം പ്രമുദിതാ ഗോപാ വത്സപാലാ യഥാ സ്ഫുടം
വനേഷു മല്ലയുദ്ധേന ക്രീഡന്തശ്ചാരയന്തി ഗാഃ. 34

| | |
|---|---|
| വത്സപാലാഃ | 'കന്നുമേക്കുന്ന |
| ഗോപാഃ | ഇടയന്മാർ |
| പ്രമുദിതാഃ | ഉല്ലാസം കലർന്നവരായി |
| വനേഷു | കാടുകളിൽ |
| നിത്യം | എപ്പോഴും |
| മല്ലയുദ്ധേന | മല്ലയുദ്ധത്താൽ |
| ക്രീഡന്തഃ | കളിച്ചുകൊണ്ടു് |
| ഗാഃ | പശുക്കളെ |
| ചാരയന്തി | മേയ്ക്കുകയാണെന്നു് |
| യഥാ സ്ഫുടം | പ്രസിദ്ധമാണല്ലോ. |

തസ്മാദ്രാജ്ഞഃ പ്രിയം യൂയം വയം ച കരവാമ ഹേ
ഭൂതാനി നഃ പ്രസീദന്തി സർവ്വഭൂതമയോ നൃപഃ. 35

| | |
|---|---|
| തസ്മാത് | 'ആകയാൽ |
| യൂയം | നിങ്ങളും |
| വയം ച | ഞങ്ങളും |
| രാജ്ഞഃ | രാജാവിന്നു് |
| പ്രിയം | ഇഷ്ടമായതു് |
| കരവാമ | ചെയ്യുകൊള്ളണം. |
| ഹേ | ഹേ വീരരേ! എന്നാൽ, |
| ഭൂതാനി | എല്ലാ ഭൂതങ്ങളും |
| നഃ | നമ്മെക്കുറിച്ചു് |
| പ്രസീദന്തി | പ്രസാദിക്കുന്നു. |
| നൃപഃ | രാജാവു് |
| സർവ്വഭൂതമയഃ | സർവ്വഭൂതമയനാണല്ലോ." |

തന്നിശമ്യാബ്രവീത് കൃഷ്ണോ ദേശകാലോചിതം വചഃ
നിയുദ്ധമാത്മനോഽഭീഷ്ടം മന്യമാനോഽഭിനന്ദ്യ ച. 36

| | | | |
|---|---|---|---|
| തത് നിശമ്യ | അതു കേട്ടു് | അഭിനന്ദ്യ ച | അവന്റെ വാക്കിനെ അഭിനന്ദിച്ചശേഷം |
| നിയുദ്ധം | ദ്വന്ദ്വയുദ്ധത്തെ | ദേശകാലോചിതം | ദേശത്തിനും കാലത്തിനും യോജിച്ചതായ |
| ആത്മനഃ | തനിക്ക് | വചഃ | വാക്ക് |
| അഭീഷ്ടം | സമ്മതമായിട്ടു് | അബ്രവീത് | അരുളിച്ചെയ്തു. |
| മന്യമാനഃ | കരുതിക്കൊണ്ടിരിക്കുന്ന | | |
| കൃഷ്ണഃ | ഭഗവാൻ | | |

പ്രജാ ഭോജപതേരസ്യ വയം ചാപി വനേചരാഃ
കരവാമ പ്രിയം നിത്യം തന്നഃ പരമനുഗ്രഹഃ. 37

| | | | |
|---|---|---|---|
| വനേചരാഃ | 'വനത്തിൽ സഞ്ചരിക്കുന്നവരായ | നിത്യം | അതിനാൽ, എന്നും |
| വയം ച അപി | ഞങ്ങളും, ഈ നിങ്ങളും എല്ലാം | പ്രിയം | രാജാവിന്റെ ഇഷ്ടത്തെ |
| അസ്യ | ഈ | കരവാമ | നിറവേററേണ്ടതാണ് |
| ഭോജപതേഃ | ഭോജരാജാവിന്റെ | തത് | അതുതന്നെയാണ് |
| പ്രജാഃ | പ്രജകളാകുന്നു. | നഃ | നമുക്കെല്ലാം |
| | | പരം | ഏററവും വലിയ |
| | | അനുഗ്രഹഃ | അനുഗ്രഹമായിത്തീരുക. |

ബാലാ വയം തുല്യബലൈഃ ക്രീഡിഷ്യാമോ യഥോചിതം
ഭവേന്നിയുദ്ധം മാഽധർമ്മഃ സ്പൃശേന്മല്ലസഭാസദഃ. 38

| | | | |
|---|---|---|---|
| വയം | 'ഞങ്ങൾ | യഥോചിതം | ഉചിതംപോലെ |
| ബാലാഃ | കുട്ടികളാണ്. | ഭവേത് | ആകട്ടെ. |
| തുല്യബലൈഃ | തുല്യബലമുള്ളവരോടു കൂടി | മല്ലസഭാസദഃ | മല്ലസഭാധികാരികളെ |
| ക്രീഡിഷ്യാമഃ | കളിച്ചുകൊള്ളാം. | അധർമ്മഃ | അധർമ്മം |
| നിയുദ്ധം | ദ്വന്ദ്വയുദ്ധം | മാ സ്പൃശേത | സ്പർശിക്കാതിരിക്കട്ടെ ' |

ചാണൂര ഉവാച=ചാണൂരൻ പറഞ്ഞു :—

ന ബാലോ ന കിശോരസ്ത്വം ബലശ്ച ബലിനാം വരഃ
ലീലയേഭോ ഹതോ യേന സഹസ്രദ്വിപസത്ത്വഭൃത്. 39

| | | | |
|---|---|---|---|
| യേന | യാതൊരുവനാൽ | ത്വം | അങ്ങനെയുള്ള നീ |
| സഹസ്രദ്വിപസത്ത്വഭൃത് | ആയിരം ആനകളുടെ ബലമുള്ള | ബാലഃ ന | ബാലനല്ല ; |
| ഇഭഃ | കുവലയാപീഡമെന്ന ആന | കിശോരഃ ന | കിശോരനുമല്ല. |
| ലീലയാ | അനായാസേന | ബലഃ ച | ബലരാമനും |
| ഹതഃ | കൊല്ലപ്പെട്ടുവോ, | ബലിനാം | ബലവാന്മാരിൽവെച്ച് |
| | | വരഃ | ഉയർന്നവനാണ്. |

തസ്മാദ്ഭവദ്ഭ്യാം ബലിഭിർയ്യോദ്ധവ്യം നാനയോऽത്ര വൈ
മയി വിക്രമ വാർഷ്ണേയ ബലേന സഹ മുഷ്ടികഃ. 40

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ന വൈ | തീരെയില്ല. |
| ഭവദ്ഭ്യാം | നിങ്ങളാൽ | വാർഷ്ണേയ | കൃഷ്ണാ! |
| ബലിഭിഃ | ബലവാന്മാരോടുകൂടി | മയി | എന്നിൽ |
| യോദ്ധവ്യം | യുദ്ധം ചെയ്യപ്പെടേണ്ടതാകുന്നു. | വിമക്ര | നീ വിക്രമം കാട്ടുക; |
| | | ബലേന സഹ | ബലരാമനോടുകൂടി |
| അത്ര | ഇതിൽ | മുഷ്ടികഃ | മുഷ്ടികനും വിക്രമം കാട്ടട്ടേ. |
| അനയഃ | അനീതി | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
കുവലയാപീഡവധോ നാമ ത്രിചത്വാരിംശോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1727.

## ചതുശ്ചത്വാരിംശോऽദ്ധ്യായഃ—നാല്പത്തിനാലാമദ്ധ്യായം.

[ചതുശ്ചത്വാരിംശകേ തു മല്ലകംസാദിമർദ്ദനം
കംസയോഷിത്സമാശ്വാസസ്താഭ്യാം പിത്രോശ്ച ദർശനം.]

(കംസവധം; ഭഗവാൻ രാജപത്നികളെ ആശ്വസിപ്പിക്കുന്നതും,
സ്വമാതാപിതാക്കന്മാരെ കാണുന്നതും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ഏവം ചർച്ചിതസങ്കല്പോ ഭഗവാൻ മധുസൂദനഃ
ആസസാദാഥ ചാണൂരം മുഷ്ടികം രോഹിണീസുതഃ. 1

| | | | |
|---|---|---|---|
| ഏവം | ഇങ്ങനെ | അഥ | ഉടൻതന്നെ |
| ചർച്ചിതസങ്കല്പഃ | ചിന്തിച്ചുറയ്ക്കപ്പെട്ട മനസ്സങ്കല്പത്തോടുകൂടിയ | ചാണൂരം | ചാണൂരനോട് |
| | | ആസസാദ | എതിരിട്ടു. |
| ഭഗവാൻ | ഭഗവാൻ | രോഹിണീസുതഃ | ബലരാമൻ |
| മധുസൂദനഃ | ശ്രീകൃഷ്ണൻ | മുഷ്ടികം | മുഷ്ടികനോടും. |

ഹസ്താഭ്യാം ഹസ്തയോർബദ്ധ്വാ പദ്ഭ്യാമേവ ച പാദയോഃ
വിചകൃഷതുരന്യോന്യം പ്രസഹ്യ വിജിഗീഷയാ. 2

| | | | |
|---|---|---|---|
| ഹസ്തയോഃ | കൈകളിൽ | പദ്ഭ്യാം ഏവ ച | കാൽകളാൽതന്നെയും |
| ഹസ്താഭ്യാം | കൈകളാലും, | | |
| പാദയോഃ | കാൽകളിൽ | ബദ്ധ്വാ | കെട്ടിപ്പിടിച്ച് |

| | | | |
|---|---|---|---|
| വിജിഗീഷയാ | ജയിക്കുവാനുള്ള അഭിലാഷത്തോടെ | അന്യോന്യം | അങ്ങോട്ടും ഇങ്ങോട്ടും |
| പ്രസഹ്യ | ബലാൽക്കാരേണ | വിചകർഷതുഃ | വലിച്ചുതുടങ്ങി. |

അരത്നീ ദ്വേ അരത്നിഭ്യാം ജാനുഭ്യാം ചൈവ ജാനുനീ
ശിരഃ ശിർഷ്ണോരസോരസ്താവന്യോന്യമഭിജഘ്നതുഃ. 3

| | | | |
|---|---|---|---|
| തൌ അന്യോന്യം | അവർ അന്യോന്യം | ശിർഷ്ണാ | തലകൊണ്ട് |
| അരത്നിഭ്യാം | കൈമുട്ടുകളാൽ | ശിരഃ | തലയേയും, |
| ദ്വേ അരത്നീ | ഇരുകൈമുട്ടുകളേയും, | ഉരസാ | മാറിടത്താൽ |
| ജാനുഭ്യാം | കാൽമുട്ടുകളാൽ | ഉരഃ ഏവ ച | മാറിടത്തേയും |
| ജാനുനീ | കാൽമുട്ടുകളേയും, | അഭിജഘ്നതുഃ | ഇടിച്ചു. |

പരിഭ്രമണവിക്ഷേപപരിരംഭാവപാതനൈഃ
ഉത്സർപ്പണാപസർപ്പണൈശ്ചാന്യോന്യം പ്രത്യുരസ്ഥതാം. 4

| | | | |
|---|---|---|---|
| പരിഭ്രമണ– വിക്ഷേപ– പരിരംഭാ– വപാതനൈഃ | വട്ടംചുഴററുക, എടുത്തെറിയുക, കെട്ടിമറിയുക, ഉന്തിവീഴ്ത്തുക എന്നിങ്ങനേയും, | ഉത്സർപ്പണാ– പസർപ്പണൈഃ ച | മുന്നോട്ടു വലിക്കുക, പിന്നോട്ടു വലിക്കുക എന്നിങ്ങനേയും ഉള്ള അടവുകളാൽ |
| | | അന്യോന്യം | തമ്മിൽത്തമ്മിൽ |
| | | പ്രത്യുരസ്ഥതാം | ചെറുത്തു. |

ഉത്ഥാപനൈരുന്നയനൈശ്ചാലനൈഃ സ്ഥാപനൈരപി
പരസ്പരം ജിഗീഷന്താവപചക്രതുരാത്മനഃ.

| | | | |
|---|---|---|---|
| പരസ്പരം | അന്യോന്യം | ചാലനൈഃ | കുതറി പിടിവിടുവിക്കുക, |
| ജിഗീഷന്തൌ | ജയിക്കുവാൻ ആഗ്രഹിക്കുന്ന അവർ | സ്ഥാപനൈഃ അപി | കൈകാലുകളെ പൂട്ടി പിടിക്കുക എന്നിവകൊണ്ടും മററും |
| ഉത്ഥാപനൈഃ | വീണുപോയവനെ കാലാൽ തട്ടിപ്പൊക്കുക, | ആത്മനഃ | ശരീരത്തിന്ന് |
| ഉന്നയനൈഃ | കൈകളാൽ പൊക്കി എടുത്തു നടക്കുക, | അപചക്രതുഃ | ഉപദ്രവമേല്പിച്ചു |

തദ് ബലാബലവദ്യുദ്ധം സമേതാഃ സർവ്വയോഷിതഃ
ഊചുഃ പരസ്പരം രാജൻ സാനുകമ്പാ വരൂഥശഃ 6

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | തത് യുദ്ധം | ആ യുദ്ധത്തെ കണ്ട് |
| വരൂഥശഃ | കൂട്ടം കൂട്ടമായി | സാനുകമ്പാഃ | കാരുണ്യത്തോടുകൂടിയവരായിട്ട് |
| സമേതാഃ | കൂടിനില്ക്കുന്ന | | |
| സർവ്വയോഷിതഃ | എല്ലാസ്ത്രീകളും | പരസ്പരം | അന്യോന്യം |
| ബലാബലവത് | ബലവാന്മാരും ബലഹീനന്മാരും തമ്മിലുള്ള | ഊചുഃ | ഇങ്ങനെ പറഞ്ഞു. |

മഹാനയം ബതാധർമ്മ ഏഷാം രാജസഭാസദാം
യേ ബലാബലവദ്യുദ്ധം രാജ്ഞോഽനുമന്യന്തി പശ്യതഃ 7

| | | | |
|---|---|---|---|
| ബത | "അയ്യോ കഷ്ടം! | അനുമന്യന്തി | സമ്മതിച്ചുകൊടുക്കുന്നുവോ |
| യേ | യാതൊരുവർ | ഏഷാം | അങ്ങനെയുള്ള ഈ |
| രാജ്ഞഃ | രാജാവു് | രാജസഭാസദാം | രാജസദസ്യന്മാരുടെ |
| പശ്യതഃ | നോക്കിയിരിക്കെ, | അയം | ഈ പ്രവൃത്തി |
| ബലാബലവത് | ബലമുള്ളവരും ബലമില്ലാത്തവരും തമ്മിലുള്ള | മഹാൻ | വലിയ |
| യുദ്ധം | ദ്വന്ദ്വയുദ്ധത്തെ | അധർമ്മഃ | അധർമ്മമാകുന്നു. |

ക്വ വജ്രസാരസർവ്വാംഗൌ മല്ലൌ ശൈലേന്ദ്രസന്നിഭൌ
ക്വ ചാതിസുകുമാരാംഗൌ കിശോരൌ നാപ്തയൌവനൌ. 8

| | | | |
|---|---|---|---|
| വജ്രസാര-സർവ്വാംഗൌ | "വജ്രംപോലെ കഠിനമായ സർവ്വാവയവങ്ങളോടുകൂടിയവരും, | അതിസുകു-മാരാംഗൌ | അത്യന്തം കോമളാംഗന്മാരും, |
| ശൈലേന്ദ്ര-സന്നിഭൌ | മേരുമാമലപോലെ ഇരിക്കുന്നവരും ആയ | നാപ്ത-യൌവനൌ | യുവത്വത്തിലേക്ക് എത്തിയിട്ടില്ലാത്തവരും ആയ |
| മല്ലൌ ക്വ | മല്ലന്മാർ എവിടെ? | കിശോരൌ ച | ബാലന്മാരും |
| | | ക്വ | എവിടെ? |

ധർമ്മവ്യതിക്രമോ ഹ്യസ്യ സമാജസ്യ ധ്രുവം ഭവേത്
യത്രാധർമ്മഃ സമുത്തിഷ്ഠേന്ന സ്ഥേയം തത്ര കർഹിചിത്. 9

| | | | |
|---|---|---|---|
| അസ്യ | "ഈ | യത്ര | യാതൊരിടത്തു് |
| സമാജസ്യ | രാജസദസ്സിന്നു് | അധർമ്മഃ | അധർമ്മം |
| ധർമ്മവ്യതിക്രമഃ | ധർമ്മഭ്രംശം | സമുത്തിഷ്ഠേത് | തലയുയർത്തുന്നുവോ, |
| ധ്രുവം | നിശ്ചയമായും | തത്ര | അവിടെ |
| ഭവേത് | സംഭവിക്കും. | കർഹിചിത് | ഒരിക്കലും |
| ഹി | ആകയാൽ | ന സ്ഥേയം | നിന്നുകൂടാ. |

ന സഭാം പ്രവിശേത് പ്രാജ്ഞഃ സഭ്യദോഷാനനുസ്മരൻ
അബ്രുവൻ വിബ്രുവന്നജ്ഞോ നരഃ കില്ബിഷമശ്നുതേ. 10

| | | | |
|---|---|---|---|
| സഭ്യദോഷാൻ | 'രാജസഭാവാസികളുടെ ദോഷങ്ങളെ | അബ്രുവൻ | അറിഞ്ഞിട്ടും ഉറന്നു പറയാതിരിക്കുന്നവനും, |
| അനുസ്മരൻ | അനുസ്മരിക്കുന്ന | വിബ്രുവൻ | അറിഞ്ഞിട്ടും രാജസേവയ്ക്കുവേണ്ടി ധർമ്മത്തിനു വിരുദ്ധമായി പറയുന്നവനും, |
| പ്രാജ്ഞഃ | ബുദ്ധിമാൻ | | |
| സഭാം | രാജസഭയിലേക്ക് | | |
| ന പ്രവിശേത് | ചെന്നുകൂടാത്തതാണു്. | | |

| | | | |
|---|---|---|---|
| അജ്ഞാഃ | അറിഞ്ഞില്ലെന്നു ഭാവിക്കുന്നവരും ആയ. | കില്ബിഷം | പാപത്തെ |
| നരാഃ | മനുഷ്യൻ | അശ്നതേ | അനുഭവിക്കുന്നു. |

വല്ഗതഃ ശത്രുമഭിതഃ കൃഷ്ണസ്യ വദനാംബുജം
വീക്ഷ്യതാം ശ്രമവാര്യുപ്തം പദ്മകോശമിവാംബുഭിഃ. 11

| | | | |
|---|---|---|---|
| ശത്രും | 'എതിരാളിയുടെ | അംബുഭിഃ | നീർത്തുള്ളികളാൽ വ്യാപ്തമായ |
| അഭിതഃ | നാലുപുറവും | പദ്മകോശം | താമരപ്പൂവിൻെറ അന്തർഭാഗം |
| വല്ഗതഃ | പാഞ്ഞുനടക്കുന്ന | ഇവ | എന്നപോലെ ഇരിക്കുന്നതു് |
| കൃഷ്ണസ്യ | ശ്രീകൃഷ്ണൻെറ | വീക്ഷ്യതാം | കാണപ്പെടേണ്ടതാണ്. |
| ശ്രമവാര്യുപ്തം വദനാംബുജം | വിയപ്പുതുള്ളികൾ പൊടിഞ്ഞ മുഖാരവിന്ദം | | |

കിം ന പശ്യത രാമസ്യ മുഖമാതാമ്രലോചനം
മൗഷ്ടികം പ്രതി സാമർഷം ഹാസസംരംഭശോഭിതം. 12

| | | | |
|---|---|---|---|
| ആതാമ്രലോചനം | ഒട്ടും ചുവന്ന കണ്ണിണകളോടുകൂടിയതും, | ഹാസസംരംഭശോഭിതം | പുഞ്ചിരികലൻ ശോഭിക്കുന്നതുമായ |
| മൗഷ്ടികം | മുഷ്ടികനെ | രാമസ്യ | ബലരാമൻെറ |
| പ്രതി | ഉദ്ദേശിച്ചു് | മുഖം | മുഖത്തെ |
| സാമർഷം | കോപം സ്ഫുരിക്കുന്നതും, | കിം ന പശ്യത | നിങ്ങൾ കാണുന്നില്ലേ? |

പുണ്യാ ബത വ്രജഭുവോ യദയം നൃലിംഗ-
ഗൂഢഃ പുരാണപുരുഷോ വനചിത്രമാല്യഃ
ഗാഃ പാലയൻ സഹബലഃ ക്വണയംശ്ച വേണും
വിക്രീഡയാഞ്ചതി ഗിരിത്രരമാർച്ചിതാങ്ഘ്രിഃ. 13

| | | | |
|---|---|---|---|
| ബത | 'ആശ്ചര്യം! | അയം | ഈ ശ്രീകൃഷ്ണൻ |
| വ്രജഭുവഃ | ഗോകുലപ്രദേശങ്ങൾ | സഹബലഃ | രാമനോടുകൂടി |
| പുണ്യാഃ | പുണ്യമുള്ളവയാണ്; | വനചിത്രമാല്യഃ | വനത്തിലെ വിവിധ വർണ്ണപുഷ്പങ്ങൾകൊണ്ടു ണ്ടാക്കിയ മാലയണിഞ്ഞു കൊണ്ടും, |
| യത് | എന്തെന്നാൽ, അവിടെ | വേണും | പുല്ലാംകുഴലിനെ |
| നൃലിംഗഗൂഢഃ | മനുഷ്യശരീരത്താൽ മറയ്ക്കപ്പെട്ടവനായി, | ക്വണയൻ | വിളിച്ചുകൊണ്ടും, |
| പുരാണപുരുഷഃ | ആദിപുരുഷനും | ഗാഃ | പശുക്കളെ |
| ഗിരിത്രരമാർച്ചിതാങ്ഘ്രിഃ | ശിവനാലും ശ്രീദേവിയാലും അർച്ചിതമായ തൃച്ചേവടിയോടുകൂടിയവനും ആയിരിക്കുന്നു | പാലയൻ ച | മേച്ചുകൊണ്ടും |
| | | വിക്രീഡയാ | പലതരം കളിയോടുകൂടി |
| | | അഞ്ചതി | സഞ്ചരിക്കുന്നു. |

ഗോപ്യസ്തപഃ കിമചരൻ യദമുഷ്യ രൂപം
ലാവണ്യസാരമസമോൎദ്ധ്വമനന്യസിദ്ധം
ദൃഗ്ഭിഃ പിബന്ത്യനുസവാഭിനവം ദുരാപ-
മേകാന്തധാമ യശസഃ ശ്രിയ ഐശ്വരസ്യ. 14

| | | | |
|---|---|---|---|
| ഗോപ്യഃ | 'ഗോപസ്ത്രീകൾ | യശസഃ | കീൎത്തിക്കും |
| കിം തപഃ | എന്തു തപസ്സ് | ശ്രിയഃ | മഹാലക്ഷ്മിക്കും |
| അചരൻ | ചെയ്തുവോ ? | ഐശ്വരസ്യ | ഐശ്വൎയ്യത്തിനും |
| യത് | എന്തെന്നാൽ, (അവർ) | ഏകാന്തധാമ | ഏകാശ്രമമായി സ്ഥിതി ചെയ്യുന്നതും ആയ |
| ലാവണ്യസാരം | സൌന്ദൎയ്യത്തിന്റെ സാരമായതും, | അമുഷ്യ | ഈ ശ്രീകൃഷ്ണന്റെ |
| അസമോൎദ്ധ്വം | അതുല്യമായി സൎവ്വോപരിയായി വൎത്തിക്കുന്നതും, | രൂപം | സ്വരൂപത്തെ |
| അനന്യസിദ്ധം | സ്വതഃസിദ്ധമായതും, | ദൃഗ്ഭിഃ | കൺകളാൽ |
| അനുസവാഭിനവം | എന്നും പുതുമയോടെ ഇരിക്കുന്നതും, | പിബന്തി | പാനംചെയ്തുകൊണ്ടിരിക്കുന്നു. (അത്യാസക്തിയോടെ കണ്ടുകൊണ്ടിരിക്കുന്നു.) |
| ദുരാപം | ദുൎല്ലഭമായതും, | | |

യാ ദോഹനേഽവഹനനേ മഥനോപലേപ-
പ്രേംഖേംഖനാൎഭരുദിതോക്ഷണമാൎജ്ജനാദൌ
ഗായന്തി ചൈനമനുരക്തധിയോഽശ്രുകണ്ഠ്യോ
ധന്യാ വ്രജസ്ത്രിയ ഉരുക്രമചിത്തയാനാഃ. 15

| | | | |
|---|---|---|---|
| ഉരുക്രമചിത്തയാനാഃ | 'ശ്രീകൃഷ്ണനിൽത്തന്നെ ചേൎന്നിരിക്കുന്ന ഹൃദയത്തോടെ ജീവിതയാത്ര കഴിക്കുന്നവരും, | അവഹനനേ | നെല്ലുകുത്തുമ്പോഴും, |
| അനുരക്തധിയഃ | പ്രേമപൂൎണ്ണമാനസകളും, | മഥനോപലേപപ്രേംഖേംഖനാൎഭരുദിതോക്ഷണമാൎജ്ജനാദൌ | തൈർ കലക്കുക, നിലം മെഴുകുക, ഊഞ്ഞാലാട്ടുക, കുട്ടികളുടെ കരച്ചിൽ മാററുക, വെള്ളം നനക്കുക, പാത്രം തേക്കുക മുതലായവ നടത്തുമ്പോഴും |
| അശ്രുകണ്ഠ്യഃ ച | ആനന്ദാശ്രുക്കൾ തങ്ങുന്ന കണ്ഠത്തോടുകൂടിയവരും ആയ | ഏനം ച | ഈ ശ്രീകൃഷ്ണനെത്തന്നെ |
| യാഃ | യാതൊരു ഗോപസ്ത്രീകളാണോ | ഗായന്തി | പാടിക്കൊണ്ടിരിക്കുന്നത്, |
| ദോഹനേ | പശുക്കളെ കറക്കുമ്പോഴും, | വ്രജസ്ത്രിയഃ | ആ ഗോപസ്ത്രീകളാണ് |
| | | ധന്യാഃ | കൃതാൎത്ഥകൾ. |

പ്രാതൎവ്രജാദ്വ്രജത ആവിശതശ്ച സായം
ഗോഭിഃ സമം ക്വണയതോഽസ്യ നിശമ്യ വേണും
നിൎഗ്ഗമ്യ തൂൎണ്ണമബലാഃ പഥി ഭൂരിപുണ്യാഃ
പശ്യന്തി സസ്മിതമുഖം സദയാവലോകം. 16

| | |
|---|---|
| അബലാഃ | "യാതൊരു സ്ത്രീകൾ |
| ഗോഭിഃ സമം | പശുക്കളോടുകൂടി |
| പ്രാതഃ | രാവിലെ |
| വ്രജാത് | ഗോകുലത്തിൽനിന്നു് |
| വ്രജതഃ | പോകുന്നവനും, |
| സായം | വൈകുന്നേരം |
| ആവിശതഃ ച | തിരിച്ചുവരുന്നവനും |
| ക്വണയതഃ | കുഴൽവിളിക്കുന്നവനും ആയ |
| അസ്യ | ഈ ശ്രീകൃഷ്ണന്റെ |
| വേണും നിശമ്യ | കുഴൽവിളികേട്ടു് |
| ആശു | അതിവേഗം |
| നിര്യാന്തം | പുറത്തേക്കുവരുന്ന |
| പഥി | വഴിയിൽവെച്ചു് |
| സദയാവലോകം | അമ്പാർന്ന നോട്ടത്തോടുകൂടിയതും |
| സസ്മിതമുഖം | പുഞ്ചിരിപൂണ്ടതും ആയ തിരുമുഖത്തെ |
| പശ്യന്തി | കാണുന്നുവോ, |
| ഭൂരിപുണ്യാഃ | അവർ വലിയ പുണ്യമുള്ളവരാകുന്നു". |

ഏവം പ്രഭാഷമാണാസു സ്ത്രീഷു യോഗേശ്വരോ ഹരിഃ
ശത്രും ഹന്തും മനശ്ചക്രേ ഭഗവാൻ ഭരതർഷഭ. 17

| | |
|---|---|
| ഭരതർഷഭ | ഹേ ഭാരതോത്തമ! |
| ഏവം | ഈവിധം |
| സ്ത്രീഷു | സ്ത്രീകൾ |
| പ്രഭാഷമാണാസു | അന്യോന്യം പറഞ്ഞുകൊണ്ടിരിക്കെ |
| യോഗേശ്വരഃ | യോഗേശ്വരനും |
| ഹരിഃ | ഭക്തസന്താപഹരനുമായ |
| ഭഗവാൻ | ശ്രീഭഗവാൻ |
| ശത്രും ഹന്തും | ശത്രുവെ കൊല്ലുവാൻ |
| മനഃ ചക്രേ | മനസ്സിലുറച്ചു. |

സഭയാഃ സ്ത്രീഗിരഃ ശ്രുത്വാ പുത്രസ്നേഹശുചാഽഽതുരൌ
പിതരാവന്വതപ്യേതാം പുത്രയോരബുധൌ ബലം. 18

| | |
|---|---|
| പിതരൌ | അമ്മയച്ഛന്മാർ (ദേവകിയും വസുദേവനും) |
| സഭയാഃ | ഭയത്തോടുകൂടിയ |
| സ്ത്രീഗിരഃ | സ്ത്രീകളുടെ വാക്കുകൾ |
| ശ്രുത്വാ | കേട്ടിട്ടു്, |
| പുത്രസ്നേഹശുചാ | പുത്രന്മാരോടുള്ള സ്നേഹം നിമിത്തം ഉണ്ടായ ശോകത്താൽ |
| ആതുരൌ | വ്യാകുലരായും |
| പുത്രയോഃ | പുത്രന്മാരുടെ |
| ബലം | ബലത്തെ |
| അബുധൌ | അറിയാത്തവരായും ഭവിച്ചു് |
| അന്വതപ്യേതാം | പശ്ചാത്തപിച്ചു. |

തൈസ്തൈർന്നിയുദ്ധവിധിഭിർവ്വിവിധൈരച്യുതേതരൌ
യുയുധാതേ യഥാന്യോന്യം തഥൈവ ബലമുഷ്ടികൌ. 19

| | |
|---|---|
| അച്യുതേതരൌ | ശ്രീകൃഷ്ണനും എതിരാളിയും |
| വിവിധൈഃ | അനേകവിധമായുള്ള |
| തൈഃ തൈഃ | അതാതു് |
| നിയുദ്ധവിധിഭിഃ | ബാഹുയുദ്ധമുറകളാൽ |
| യഥാ | ഏതൊരുപ്രകാരം |
| യുയുധാതേ | യുദ്ധം നടത്തിയിരുന്നുവോ, |
| തഥാ ഏവ | അതേപ്രകാരംതന്നെ |
| ബലമുഷ്ടികൌ | ബലരാമനും മുഷ്ടികനും |
| അന്യോന്യം | പരസ്പരം യുദ്ധംചെയ്തു. |

ഭഗവദ്ഗാത്രനിഷ്പാതൈർവ്വജ്രനിഷ്പേഷനിഷ്ഠുരൈഃ
ചാണൂരോ ഭജ്യമാനാംഗോ മുഹുർഗ്ലാനിമവാപ ഹ. 20

| | | | |
|---|---|---|---|
| വജ്രനിഷ്പേഷ- നിഷ്ഠുരൈഃ | വജ്രപ്രഹരംപോലെ കഠോരങ്ങളായ | | ശരീരബന്ധങ്ങളോടുകൂടിയ |
| ഭഗവദ്ഗാത്ര- നിഷ്പാതൈഃ | ഭഗവൽശരീരാവയവങ്ങളുടെ ഇടികളാൽ | ചാണൂരഃ | ചാണൂരൻ |
| ഭജ്യമാനാംഗഃ | നുറുങ്ങപ്പെട്ടുപോകുന്ന | മുഹുഃ | അടിക്കടി |
| | | ഗ്ലാനിം അവാപ | ആലസ്യമാണ്ടു. |
| | | ഹ | ആശ്ചര്യം! |

സ ശ്യേനവേഗ ഉത്പത്യ മുഷ്ടീകൃത്യ കരാവുഭൌ
ഭഗവന്തം വാസുദേവം ക്രുദ്ധോ വക്ഷസ്യബാധത. 21

| | | | |
|---|---|---|---|
| ശ്യേനവേഗഃ | പരുന്തുപോലെ വേഗമുള്ളവനായ | ഉത്പത്യ | മേൽപ്പോട്ടുചാടി, |
| സഃ | ആ ചാണൂരൻ | ഭഗവന്തം | ഭഗവാനായ |
| ക്രുദ്ധഃ | കുപിതനായിട്ട് | വാസുദേവം | ശ്രീവാസുദേവനെ |
| ഉഭൌ കരൌ | ഇരുകരങ്ങളേയും | വക്ഷസി | മാറിടത്തിൽ |
| മുഷ്ടീകൃത്യ | മടക്കിപ്പിടിച്ചുകൊണ്ട് | അബാധത | പ്രഹരിച്ചു. |

നാചലത്തത്പ്രഹാരേണ മാലാഹത ഇവ ദ്വിപഃ
ബാഹ്വോർന്നിഗൃഹ്യ ചാണൂരം ബഹുശോ ഭ്രാമയൻ ഹരിഃ. 22

ഭൂപൃഷ്ഠേ പോഥയാമാസ തരസാ ക്ഷീണജീവിതം
വിസ്രസ്താകല്പകേശസ്രഗിന്ദ്രധ്വജ ഇവാപതത്. 23

| | | | |
|---|---|---|---|
| മാലാഹതഃ | പൂമാലകൊണ്ട് പ്രഹരിക്കപ്പെട്ട | തരസാ | ആ ചുഴററലിന്റെ ശക്തിയാൽത്തന്നെ |
| ദ്വിപഃ ഇവ | ആനയെന്നപോലെ | ക്ഷീണജീവിതം | ഗതപ്രാണനായ അവനെ |
| തത്പ്രഹാരേണ | ആ പ്രഹരംകൊണ്ട് | ഭൂപൃഷ്ഠേ | നിലത്ത് |
| ന അചലത് | ഭഗവാൻ അനങ്ങിയില്ല. | പോഥയാമാസ | ആഞ്ഞെറിഞ്ഞു. |
| ചാണൂരം | ചാണൂരനെ | വിസ്രസ്താകല്പ- കേശസ്രക് | അഴിഞ്ഞുവീണ അലങ്കാരങ്ങളോടും തലമുടിയോടും കൂടിയവനായിട്ട് അവൻ |
| ബാഹ്വോഃ | അവന്റെ രണ്ടു കൈകളിലും | | |
| നിഗൃഹ്യ | പിടിച്ച് | | |
| ബഹുശഃ | വളരെ പ്രാവശ്യം | ഇന്ദ്രധ്വജഃ | ഇന്ദ്രധ്വജം |
| ഭ്രാമയൻ | വട്ടംചുഴററിക്കൊണ്ട് | ഇവ | എന്നകണക്കെ |
| ഹരിഃ | ഭഗവാൻ | അപതത് | നിലംപതിച്ചു. |

തഥൈവ മുഷ്ടികഃ പൂർവ്വം സ്വമുഷ്ട്യാഽഭിഹതേന വൈ
ബലഭദ്രേണ ബലിനാ തലേനാഭിഹതോ ഭൃശം. 24

പ്രവേപിതഃ സ രുധിരമുദ്വമൻ മുഖതോഽർദ്ദിതഃ
വ്യസുഃ പപാതോർവ്വ്യുപസ്ഥേ വാതാഹത ഇവാങ്ഘ്രിപഃ. 25

| | |
|---|---|
| തഥാ ഏവ | അപ്രകാരംതന്നെ |
| സഃ മുഷ്ടികഃ | ആ മുഷ്ടികനും |
| പൂർവ്വം വൈ | ആദ്യമായിട്ട് |
| സ്വമുഷ്ട്യാ | തന്റെ മുഷ്ടിയാൽ |
| അഭിഹതേന | പ്രഹരിക്കപ്പെട്ട |
| ബലിനാ | ബലശാലിയായ |
| ബലഭദ്രേണ | ബലഭദ്രനാൽ |
| തലേന | കരതലംകൊണ്ട് |
| അഭിഹതഃ | താഡിതനായിട്ട് |
| ഭൃശം | അത്യന്തം |
| അർദ്ദിതഃ | പീഡിതനായും, |
| പ്രവേപിതഃ | വിറച്ചുകൊണ്ടും, |
| മുഖതഃ | വായിൽനിന്ന് |
| രുധിരം | രക്തം |
| ഉദ്വമൻ | ഛർദ്ദിച്ചുകൊണ്ടും |
| വ്യസുഃ | ഗതപ്രാണനായിഭവിച്ച് |
| വാതാഹതഃ | കൊടുംകാററിനാൽ കട പുഴക്കപ്പെട്ട |
| അങ്ഘ്രിപഃ | വൃക്ഷം |
| ഇവ | എന്നപോലെ |
| ഉർവ്വ്യുപസ്ഥേ | ഭൂതലത്തിൽ |
| പപാത | പതിച്ചു. |

തതഃ കൂടമനുപ്രാപ്തം രാമഃ പ്രഹരതാം വരഃ
അവധീല്ലീലയാ രാജൻ സാവജ്ഞം വാമമുഷ്ടിനാ. 26

| | |
|---|---|
| രാജൻ | രാജാവേ! |
| തതഃ | അനന്തരം |
| അനുപ്രാപ്തം | തുടർന്നെത്തിയ |
| കൂടം | കൂടനെന്ന മല്ലനെ |
| പ്രഹരതാം | യോദ്ധാക്കളിൽവെച്ച് |
| വരഃ | ഉത്തമനായ |
| രാമഃ | ബലരാമൻ |
| സാവജ്ഞം | അവജ്ഞയോടുകൂടി |
| വാമമുഷ്ടിനാ | ഇടത്തെ കരമുഷ്ടിയാൽ |
| ലീലയാ | ആയാസമെന്നിയെ |
| അവധീത് | കൊന്നുകളഞ്ഞു. |

തർഹ്യേവ ഹി ശലഃ കൃഷ്ണപദാപഹതശീർഷകഃ
ദ്വിധാ വിദീർണ്ണസ്തോശലക ഉഭാവപി നിപേതതുഃ. 27

| | |
|---|---|
| തർഹി ഏവ | അപ്പോൾതന്നെ |
| ശലഃ ഹി | ശലനെന്ന മല്ലൻ |
| കൃഷ്ണപദാപഹതശീർഷകഃ | ശ്രീകൃഷ്ണന്റെ പാദത്താൽ ചവിട്ടിച്ചതയ്ക്കപ്പെട്ട തലമണ്ടയോടുകൂടിയവനായും, |
| തോശലകഃ | തോശലകനെന്നവൻ |
| ദ്വിധാ | രണ്ടായിട്ട് |
| വിദീർണ്ണഃ | പിളർക്കപ്പെട്ടവനായും ഭവിച്ചു. |
| ഉഭൗ അപി | ആ രണ്ടുപേരും |
| നിപേതതുഃ | ചത്തുവീണു. |

ചാണൂരേ മുഷ്ടികേ കൂടേ ശലേ തോശലകേ ഹതേ
ശേഷാഃ പ്രദുദ്രുവുർമ്മല്ലാഃ സർവ്വേ പ്രാണപരീപ്സവഃ. 28

| | |
|---|---|
| ചാണൂരേ | ചാണൂരനും, |
| മുഷ്ടികേ | മുഷ്ടികനും, |
| കൂടേ ശലേ | കൂടനും, ശലനും, |
| തോശലകേ | തോശലകനും |

| | | | |
|---|---|---|---|
| ഹതേ | കൊല്ലപ്പെട്ടുകഴിഞ്ഞപ്പോൾ | പ്രാണപരീപ്സവഃ | ജീവനിൽ കൊതിയോടുകൂടിയവരായിട്ട് |
| ശേഷാഃ | അവശേഷിച്ച | പ്രദുദ്രുവുഃ | ഓടിക്കളഞ്ഞു. |
| സർവ്വേ മല്ലാഃ | എല്ലാ മല്ലന്മാരും | | |

ഗോപാൻ വയസ്യാനാകൃഷ്യ തൈഃ സംസൃജ്യ വിജഹ്രതുഃ
വാദ്യമാനേഷു തൂര്യേഷു വല്ഗന്തൗ രുതനൂപുരൗ. 29

| | | | |
|---|---|---|---|
| തൂര്യേഷു | പെരുമ്പറകൾ | ഗോപാൻ | ഗോപന്മാരെ |
| വാദ്യമാനേഷു | മുഴക്കപ്പെട്ടുകൊണ്ടിരിക്കെ, | ആകൃഷ്യ | പിടിച്ചുവലിച്ച്, |
| രുതനൂപുരൗ | ശബ്ദിക്കുന്ന കാൽച്ചിലമ്പുകളോടുകൂടിയ രാമകൃഷ്ണന്മാർ | തൈഃ | അവരോടൊപ്പം |
| | | സംസൃജ്യ | ഇടചേർന്ന് |
| | | വല്ഗന്തൗ | ചാടിക്കളിച്ചുകൊണ്ട് |
| വയസ്യാൻ | ചങ്ങാതികളായ | വിജഹ്രതുഃ | വിഹരിച്ചു. |

ജനാഃ പ്രജഹൃഷുഃ സർവ്വേ കർമ്മണാ രാമകൃഷ്ണയോഃ
ഋതേ കംസം വിപ്രമുഖ്യാഃ സാധവഃ സാധു സാധ്വിതി. 30

| | | | |
|---|---|---|---|
| കംസം ഋതേ | കംസൻ ഒഴിച്ച് | പ്രജഹൃഷുഃ | സന്തോഷിച്ചു. |
| സർവ്വേ ജനാഃ | എല്ലാ ജനങ്ങളും | വിപ്രമുഖ്യാഃ | ബ്രാഹ്മണാദികളായ |
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാരുടെ | സാധവഃ | സജ്ജനങ്ങൾ |
| കർമ്മണാ | പ്രവൃത്തിയാൽ | സാധു സാധു ഇതി | 'നന്നുനന്നെ'ന്ന് പറഞ്ഞ് അഭിനന്ദിച്ചു. |

ഹതേഷു മല്ലവര്യേഷു വിദ്രുതേഷു ച ഭോജരാട്
ന്യവാരയത് സ്വതൂര്യാണി വാക്യം ചേദമുവാച ഹ. 31

| | | | |
|---|---|---|---|
| മല്ലവര്യേഷു | മല്ലവീരന്മാർ | സ്വതൂര്യാണി | തന്റെ വാദ്യഘോഷങ്ങളെ |
| ഹതേഷു | കൊല്ലപ്പെടുകയും, | ന്യവാരയത് | വിലക്കി; |
| വിദ്രുതേഷു ച | അവശേഷിച്ചവർ ഓടിപ്പോവുകയും ചെയ്തപ്പോൾ | ഇദം വാക്യം ച | ഈ വിധമുള്ള വാക്യത്തെ |
| ഭോജരാട് | കംസൻ | ഉവാച ഹ | കല്പിക്കയും ചെയ്തു. |

നിഃസാരയത ദുർവൃത്തൗ വസുദേവാത്മജൗ പുരാത്
ധനം ഹരത ഗോപാനാം നന്ദം ബധ്നീത ദുർമ്മതിം. 32

| | | | |
|---|---|---|---|
| ദുർവൃത്തൗ | "ദുരാചാരികളായ | ധനം | മുതലൊക്കെ |
| വസുദേവാത്മജൗ | വസുദേവപുത്രന്മാരെ | ഹരത | പിടിച്ചടക്കുവിൻ. |
| പുരാത് | നഗരത്തിൽനിന്ന് | ദുർമ്മതിം | ദുഷ്ബുദ്ധിയായ |
| നിഃസാരയത | ആട്ടിയോടിക്കുവിൻ. | നന്ദം | നന്ദനെ |
| ഗോപാനാം | ഗോപന്മാരുടെ | ബധ്നീത | പിടിച്ചുകെട്ടുവിൻ. |

വസുദേവസ്തു ദുർമ്മേധാ ഹന്യതാമാശ്വസത്തമഃ
ഉഗ്രസേനഃ പിതാ ചാപി സാനുഗഃ പരപക്ഷഗഃ. 33

| | | | |
|---|---|---|---|
| ദുർമ്മേധാഃ | "ദുർബ്ബുദ്ധിയും | പരപക്ഷഗഃ | ശത്രുപക്ഷത്തിലേക്കുചേർന്ന |
| അസത്തമഃ | അസത്തുക്കളിൽ മുമ്പനുമായ | പിതാ | എന്റെ അച്ഛനായ |
| വസുദേവഃ തു | വസുദേവനാകട്ടെ | ഉഗ്രസേനഃ ച അപി | ഉഗ്രസേനൻ കൂടിയും |
| ആശു | അതിവേഗം | സാനുഗഃ | സഹായികളോടുകൂടെ |
| ഹന്യതാം | കൊല്ലപ്പെടേണ്ടതാകുന്നു. | (ഹന്യതാം) | കൊല്ലപ്പെടണം." |

ഏവം വികത്ഥമാനേ വൈ കംസേ പ്രകുപിതോഽവ്യയഃ
ലഘിമ്നോത്പത്യ തരസാ മഞ്ചമുത്തുംഗമാരുഹത്. 34

| | | | |
|---|---|---|---|
| കംസേ | കംസൻ | ലഘിമ്നാ | ലാഘവത്തോടെ |
| ഏവം വൈ | ഇങ്ങനെയെല്ലാം | ഉത്പത്യ | മേലോട്ടു കുതിച്ച് |
| വികത്ഥമാനേ | വീമ്പു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ | തരസാ | അതിവേഗത്തിൽ |
| പ്രകുപിതഃ | ഏറ്റവും കുപിതനായ | ഉത്തുംഗം | ഉയരമുള്ള |
| അവ്യയഃ | ആ അക്ഷീണശക്തിമാൻ (ശ്രീകൃഷ്ണൻ) | മഞ്ചം | മഞ്ചത്തിലേക്ക് |
| | | ആരുഹത് | കയറി. |

തമാവിശന്തമാലോക്യ മൃത്യുമാത്മന ആസനാത്
മനസ്വീ സഹസോത്ഥായ ജഗൃഹേ സോഽസിചർമ്മണീ. 35

| | | | |
|---|---|---|---|
| ആവിശന്തം | കയറിവരുന്ന | മനസ്വീ സഃ | ധീരനായ അവൻ |
| തം | ആ കൃഷ്ണനെ | സഹസാ | പെട്ടെന്ന് |
| ആത്മനഃ | തന്റെ | ആസനാത് | ഇരിപ്പിടത്തിൽനിന്ന് |
| മൃത്യും | കാലനായി | ഉത്ഥായ | എഴുന്നേററ് |
| ആലോക്യ | കണ്ടിട്ട് | അസിചർമ്മണീ | വാളും പരിചയും |
| | | ജഗൃഹേ | കൈയിലെടുത്തു. |

തം ഖഡ്ഗപാണിം വിചരന്തമാശു ശ്യേനം യഥാ ദക്ഷിണസവ്യമംബരേ
സമഗ്രഹീദ്ദുർവ്വിഷഹോഗ്രതേജാ യഥോരഗം താർക്ഷ്യസുതഃ പ്രസഹ്യ.

| | | | |
|---|---|---|---|
| ദുർവിഷഹോഗ്രതേജാഃ | ദുസ്സഹമായ ഉഗ്രതേജസ്സോടുകൂടിയ ഭഗവാൻ | വിചരന്തം | തിരിഞ്ഞുകൊണ്ടിരിക്കുന്നവനും ആയ |
| ഖഡ്ഗപാണിം | കൈയിൽ വാളേന്തിയവനും, | തം | അവനെ |
| അംബരേ | ആകാശത്തിൽ | താർക്ഷ്യസുതഃ | ഗരുഡൻ |
| ശ്യേനം യഥാ | പരുന്തെന്നപോലെ | ഉരഗം യഥാ | പാമ്പിനെയെന്നപോലെ |
| ദക്ഷിണസവ്യം | വലവും ഇടവും | പ്രസഹ്യ | ബലാൽക്കാരേണ |
| ആശു | അതിശീഘ്രതയിൽ | സമഗ്രഹീത് | കടന്നുപിടിച്ചു. |

പ്രഗൃഹ്യ കേശേഷു ചലത്കിരീടം നിപാത്യ രംഗോപരി തുംഗമഞ്ചാത്
തസ്യോപരിഷ്ടാത് സ്വയമബ്ജനാഭഃ പപാത വിശ്വാശ്രയ ആത്മതന്ത്രഃ.

| | | | |
|---|---|---|---|
| വിശ്വാശ്രയഃ | ലോകത്തിന്നു് ആശ്രയഭൂതനും, | തുംഗമഞ്ചാത് | ഉയരമുള്ള മഞ്ചത്തിൽനിന്നു് |
| ആത്മതന്ത്രഃ | സ്വതന്ത്രനും ആയ | രംഗോപരി | രംഗത്തിന്മേൽ |
| അബ്ജനാഭഃ | ശ്രീപത്മനാഭൻ | നിപാത്യ | തള്ളിയിട്ടു് |
| ചലത്കിരീടം | ഇളകിവീഴുന്ന കിരീടത്തോടുകൂടിയ കംസനെ | തസ്യ | അവന്റെ |
| കേശേഷു | തലമുടിയിൽ | ഉപരിഷ്ടാത് | മീതെ |
| പ്രഗൃഹ്യ | ചുററിപ്പിടിച്ചു്, | സ്വയം പപാത | താനും വീണു. |

തം സംപരേതം വിചകർഷ ഭൂമൌ ഹരിര്യഥേഭം ജഗതോ വിപശ്യതഃ
ഹാഹേതി ശബ്ദഃ സുമഹാംസ്തദാഭൂദുദീരിതഃ സർവ്വജനൈർന്നരേന്ദ്ര. 38

| | | | |
|---|---|---|---|
| ജഗതഃ | ജനങ്ങളെല്ലാം | വിചകർഷ | അങ്ങുമിങ്ങും വലിച്ചു. |
| വിപശ്യതഃ | മിഴിച്ചുനില്ക്കെ, | നരേന്ദ്ര | രാജാവേ! |
| സംപരേതം | മൃതനായിക്കഴിഞ്ഞ | തദാ | അന്നേരത്തു് |
| തം | അവനെ | സർവ്വജനൈഃ | എല്ലാ ജനങ്ങളാലും |
| ഹരിഃ | സിംഹം | ഉദീരിതഃ | ഉച്ചരിക്കപ്പെട്ട |
| ഇഭം | ചത്തതായ ആനയെ | ഹാ ഹാ ഇതി | ഹാ! ഹാ! എന്ന |
| യഥാ | എന്നപോലെ | സുമഹാൻ | അത്യുച്ചമായ |
| ഭൂമൌ | വെറും നിലത്തിട്ടു് | ശബ്ദഃ അഭൂത് | ശബ്ദം സംഭവിച്ചു. |

സ നിത്യദോദ്വിഗ്നധിയാ തമീശ്വരം
പിബൻ വദൻ വാ വിചരൻ സ്വപഞ്ശ്വസൻ
ദദർശ ചക്രായുധമഗ്രതോ യത-
സ്തദേവ രൂപം ദുരവാപമാപ. 39

| | | | |
|---|---|---|---|
| യതഃ | യാതൊരു കാരണത്താൽ | വിചരൻ | നടക്കുമ്പോഴും, |
| സഃ | ആ കംസൻ | സ്വപൻ | ഉറങ്ങുമ്പോഴും |
| നിത്യദാ | ദിനംപ്രതി | ശ്വസൻ വാ | ശ്വസിക്കുമ്പോഴുംകൂടിയും |
| ഉദ്വിഗ്നധിയാ | ഭയംകൊണ്ട മനസ്സോടെ | അഗ്രതഃ | തൻമുമ്പാകെ |
| ചക്രായുധം | ചക്രായുധനും | ദദർശ | ദർശിച്ചുപോന്നുവോ, അക്കാരണത്താൽ |
| ഈശ്വരം | ലോകനിയന്താവുമായ | ദുരവാപം | (യോഗികളാൽപോലും) ദുഷ്പ്രാപമായ |
| തം | ആ ശ്രീകൃഷ്ണനെത്തന്നെ | തത് ഏവ | അതേ |
| പിബൻ | വെള്ളം കുടിക്കുമ്പോഴും, | രൂപം ആപ | രൂപത്തെ പ്രാപിച്ചു. |
| വദൻ | സംസാരിക്കുമ്പോഴും, | | |

തസ്യാനുജാ ഭ്രാതരോഽഷ്ടൌ കങ്കന്യഗ്രോധകാദയഃ
അഭ്യധാവന്നതിക്രുദ്ധാ ഭ്രാതുർന്നിർവ്വേശകാരിണഃ. 40

| | | | |
|---|---|---|---|
| തസ്യ | അവന്റെ | ഭ്രാതുഃ | ജ്യേഷ്ഠനോടുള്ള |
| അനുജാഃ | താഴെ പിറന്നവരായ | നിർവ്വേശകാരിണഃ | കടമ വീട്ടുവാൻ ഒരുങ്ങിക്കൊണ്ട് |
| കങ്കന്യഗ്രോധകാദയഃ | കങ്കൻ, ന്യഗ്രോധകൻ എന്നു തുടങ്ങിയ | അതിക്രുദ്ധാഃ | കോപിഷ്ഠരായിട്ട് |
| അഷ്ടൌ | എട്ട് | അഭ്യധാവൻ | നേരിട്ടോടിവന്നു. |
| ഭ്രാതരഃ | സഹോദരന്മാർ | | |

തഥാതിരഭസാംസ്താംസ്തു സംയത്താൻ രോഹിണീസുതഃ
അഹൻ പരിഘമുദ്യമ്യ പശൂനിവ മൃഗാധിപഃ. 41

| | | | |
|---|---|---|---|
| തഥാ | അങ്ങനെ | പരിഘം | ഇരുമ്പുലക്കയെ |
| അതിരഭസാൻ | അതിവേഗത്തോടുകൂടിയവരായും | ഉദ്യമ്യ | കൈയിലെടുത്ത് |
| സംയത്താൻ | യുദ്ധോദ്യുതന്മാരായും വന്ന | മൃഗാധിപഃ | ഒരു സിംഹം |
| താൻ തു | അവരെയെല്ലാം | പശൂൻ | അനേകം മൃഗങ്ങളെ |
| രോഹിണീസുതഃ | ബലരാമൻ | ഇവ | കൊല്ലുന്നപോലെ |
| | | അഹൻ | കൊന്നുകളഞ്ഞു. |

നേദുർദുന്ദുഭയോ വ്യോമ്നി ബ്രഹ്മേശാദ്യാ വിഭൂതയഃ
പുഷ്പൈഃ കിരന്തസ്തം പ്രീതാഃ ശശംസുർന്നനൃതുഃ സ്ത്രിയഃ. 42

| | | | |
|---|---|---|---|
| വ്യോമ്നി | ആകാശത്തിൽ | പുഷ്പൈഃ | പുഷ്പങ്ങളാൽ |
| ദുന്ദുഭയഃ | (ദേവകളുടെ) ദുന്ദുഭിവാദ്യങ്ങൾ | കിരന്തഃ | അഭിവർഷിച്ച് |
| നേദുഃ | മുഴങ്ങി. | തം | ഭഗവാനെ |
| ബ്രഹ്മേശാദ്യാഃ | ബ്രഹ്മരുദ്രാദികളായ | ശശംസുഃ | സ്തുതിച്ചു. |
| വിഭൂതയഃ | ദേവന്മാർ | സ്ത്രിയഃ | അപ്സരസ്ത്രീകൾ |
| പ്രീതാഃ | സന്തുഷ്ടരായിട്ട് | നനൃതുഃ | നൃത്തംചെയ്തു. |

തേഷാം സ്ത്രിയോ മഹാരാജ സുഹൃന്മരണദുഃഖിതാഃ
തത്രാഭീയുർവ്വിനിഘ്നന്ത്യഃ ശീർഷാണ്യശ്രുവിലോചനാഃ. 43

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ! | ശീർഷാണി വിനിഘ്നന്ത്യഃ | തലയ്ക്കടിച്ചു തൊഴിച്ചുകൊണ്ടും, |
| തേഷാം | അവരുടെ (കംസാദികളുടെ) | അശ്രുവിലോചനാഃ | കണ്ണീരൊലുന്ന കൺകളോടുകൂടിയവരായും |
| സ്ത്രിയഃ | ഭാര്യമാർ | തത്ര | അവിടെ |
| സുഹൃന്മരണദുഃഖിതാഃ | സ്വഭർത്താക്കന്മാരുടെ മരണം നിമിത്തം ദുഃഖിതകളായിട്ട് | അഭീയുഃ | എത്തിച്ചേർന്നു. |

ശയാനാൻ വീരശയ്യായാം പതീനാലിംഗ്യ ശോചതീഃ
വിലേപുഃ സുസ്വരം നാര്യോ വിസൃജന്ത്യോ മുഹുഃ ശുചഃ. 44

| | | | |
|---|---|---|---|
| വീരശയ്യായാം | യുദ്ധഭൂമിയിൽ | മുഹുഃ | തുടർച്ചയായി |
| ശയാനാൻ | വീണുകിടക്കുന്ന | ശുചഃ | ശോകാശ്രുക്കളെ |
| പതീൻ | ഭർത്താക്കന്മാരെ | വിസൃജന്ത്യഃ | പൊഴിച്ചുകൊണ്ടും |
| ആലിംഗ്യ | ആലിംഗനംചെയ്തു | നാര്യഃ | സ്ത്രീകൾ |
| ശോചതീഃ | സങ്കടപ്പെട്ടുകൊണ്ടും, | സുസ്വരം | ഉറക്കെ |
| | | വിലേപുഃ | കരഞ്ഞു. |

ഹാ നാഥ പ്രിയ ധർമ്മജ്ഞ കരുണാനാഥ വത്സല
ത്വയാ ഹതേന നിഹതാ വയം തേ സഗൃഹപ്രജാഃ. 45

| | | | |
|---|---|---|---|
| ഹാ നാഥ | "അയ്യോ! നാഥ! | ത്വയാ | താങ്കളാൽ |
| പ്രിയ | പ്രിയതമ! | തേ | താങ്കളെ സംബന്ധിച്ചുള്ള |
| ധർമ്മജ്ഞ | ധർമ്മജ്ഞ! | വയം | ഞങ്ങൾ |
| കരുണാനാഥ | ദയാളോ! | സഗൃഹപ്രജാഃ | ഗൃഹത്തോടും സന്താനങ്ങളോടും കൂടി |
| വത്സല | വാത്സല്യനിധേ! | നിഹതാഃ | നിശ്ശേഷം കൊല്ലപ്പെട്ടു പോയല്ലോ! |
| ഹതേന | കൊല്ലപ്പെട്ടിരിക്കുന്ന | | |

ത്വയാ വിരഹിതാ പത്യാ പുരീയം പുരുഷർഷഭ
ന ശോഭതേ വയമിവ നിവൃത്തോത്സവമംഗളാ. 46

| | | | |
|---|---|---|---|
| പുരുഷർഷഭ | 'ഹേ പുരുഷപുംഗവ! | നിവൃത്തോത്സവമംഗളാ | സന്തോഷപ്രകടനാദി സുഖങ്ങൾ ഇല്ലാതെയായിരിക്കുന്ന |
| പത്യാ | നായകനായ | ഇയം പുരീ | ഈ മഥുരാപുരി |
| ത്വയാ | താങ്കളാൽ | വയം ഇവ | ഞങ്ങളെപ്പോലെത്തന്നെ |
| വിരഹിതാ | വേർപിരിയപ്പെട്ടു | ന ശോഭതേ | ശോഭിക്കുന്നില്ല. |

അനാഗസാം ത്വം ഭൂതാനാം കൃതവാൻ ദ്രോഹമുൽബണം
തേനേമാം ഭോ ദശാം നീതോ ഭൂതധ്രുക് കോ ലഭേത ശം. 47

| | | | |
|---|---|---|---|
| ഭോഃ ത്വം | 'അല്ലയോ! താങ്കൾ | തേന | അതുകൊണ്ടു |
| അനാഗസാം | നിരപരാധികളായ | ഇമാം ദശാം | ഈ ദുരവസ്ഥയിലേക്കു. |
| ഭൂതാനാം | ജീവികൾക്കു | നീതഃ | താങ്കൾ നയിക്കപ്പെട്ടു. |
| ഉൽബണം | ദുസ്സഹമായ | ഭൂതധ്രുക് | പ്രാണിദ്രോഹംചെയ്യുന്ന |
| ദ്രോഹം | ഉപദ്രവത്തെ | കഃ | ആരാണു |
| കൃതവാൻ | ഉണ്ടാക്കിത്തീർത്തവനാണു. | ശം ലഭേത | സുഖം പ്രാപിക്കുക? |

സർവ്വേഷാമിഹ ഭൂതാനാമേഷ ഹി പ്രഭവാപ്യയഃ
ഗോപ്താ ച തദവധ്യായീ ന ക്വചിത് സുഖമേധതേ. 48

| | |
|---|---|
| ഇഹ | "ഈ പ്രപഞ്ചത്തിലെ |
| സൎവ്വേഷാം | ഒന്നൊഴിയാതെയുള്ള |
| ഭൂതാനാം | പ്രാണികളുടെ |
| പ്രഭവാപ്യയഃ | സ്രഷ്ടാവും, സംഹൎത്താവും |
| ഗോപ്താ | രക്ഷിതാവും |
| ഏഷഃ ഹി | ഈ ശ്രീകൃഷ്ണൻ തന്നെയാകുന്നു. |
| തദവധ്യായീ | അവിടത്തെ അവഗണിക്കുന്നവൻ |
| കദാചിത് | ഒരിക്കലും |
| സുഖം | സുഖമാകുംവിധം |
| ന ഏധതേ | ഉൽഗതി പ്രാപിക്കയില്ല." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

രാജയോഷിത ആശ്വാസ്യ ഭഗവാംല്ലോകഭാവനഃ
യാമാഹുർല്ലൌകികീം സംസ്ഥാം ഹതാനാം സമകാരയത്. 49

| | |
|---|---|
| ലോകഭാവനഃ | ലോകരക്ഷകനായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| രാജയോഷിതഃ | രാജസ്ത്രീകളെ |
| ആശ്വാസ്യ | ആശ്വസിപ്പിച്ചശേഷം |
| ഹതാനാം | യുദ്ധത്തിൽ കൊല്ലപ്പെട്ടവൎക്ക് |
| ലൌകികീം | പരലോകസംബന്ധമായ |
| യാം സംസ്ഥാം | യാതൊരു ക്രിയയെ |
| ആഹുഃ | ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നുവോ, അതിനെ |
| സമകാരയത് | വിധിപ്രകാരം ചെയ്യിച്ചു. |

മാതരം പിതരം ചൈവ മോചയിത്വാഽഥ ബന്ധനാത്
കൃഷ്ണരാമൌ വവന്ദാതേ ശിരസാഽഽസ്പൃശ്യ പാദയോഃ. 50

| | |
|---|---|
| അഥ | ഉടൻതന്നെ |
| കൃഷ്ണരാമൌ | ശ്രീകൃഷ്ണനും ബലരാമനും |
| മാതരം | അമ്മയേയും, |
| പിതരം ച ഏവ | അച്ഛനേയും (ദേവകിയേയും വസുദേവനേയും) |
| ബന്ധനാത് | ബന്ധനത്തിൽനിന്നു് |
| മോചയിത്വാ | മോചിപ്പിച്ചു്, |
| പാദയോഃ | അവരുടെ പാദങ്ങളിൽ |
| ശിരസാ | ശിരസ്സിനാൽ |
| ആസ്പൃശ്യ | തൊട്ടു് |
| വവന്ദാതേ | വന്ദിച്ചു. |

ദേവകീ വസുദേവശ്ച വിജ്ഞായ ജഗദീശ്വരൌ
കൃതസംവന്ദനൌ പുത്രൌ സസ്വജാതേ ന ശങ്കിതൌ. 51

| | |
|---|---|
| ദേവകീ | ദേവകിയും |
| വസുദേവഃ ച | വസുദേവനും |
| കൃതസംവന്ദനൌ | തങ്ങളെ വിധിപ്രകാരം വണങ്ങിയിരിക്കുന്ന |
| പുത്രൌ | പുത്രന്മാരെ |
| ജഗദീശ്വരൌ | ജഗദീശ്വരന്മാരെന്നു് |
| വിജ്ഞായ | കരുതിയിട്ടു് |
| ശങ്കിതൌ | സംശയഗ്രസ്തരായി |
| ന സസ്വജാതേ | ആശ്ലേഷിച്ചില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂൎവ്വാൎദ്ധേ
കംസവധോ നാമ ചതുശ്ചത്വാരിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1778.

# പഞ്ചചത്വാരിംശോऽദ്ധ്യായഃ—നാല്പത്തഞ്ചാമദ്ധ്യായം.

[പഞ്ചചത്വാരിംശകേऽത്ര പിതൃനന്ദാദിസാന്ത്വനം
ഉഗ്രസേനാഭിഷേകശ്ച ഗുരൌ വാസാത് പുരാഗമഃ.]

(ഭഗവാൻ ദേവകീവസുദേവന്മാരേയും, നന്ദാദികളേയും ആശ്വസിപ്പിക്കുന്നതു്; ഉഗ്രസേനന്റെ രാജ്യാഭിഷേകം; ഗുരുകുലവാസം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

പിതരാവുപലബ്ധാർത്ഥൌ വിദിത്വാ പുരുഷോത്തമഃ
മാ ഭൂദിതി നിജാം മായാം തതാന ജനമോഹിനീം. 1

| | | | |
|---|---|---|---|
| പിതരൌ | അച്ഛനമ്മമാർ | മാ ഭൂത് | 'അങ്ങനെ അരുതു്', |
| ഉപലബ്ധാർത്ഥൌ | തന്റെ യാഥാർത്ഥ്യം ഗ്രഹിച്ചവരാണ് | ഇതി | എന്നു കരുതി, |
| വിദിത്വാ | എന്നറിഞ്ഞു് | ജനമോഹിനീം | ജനങ്ങളെ മോഹിപ്പിക്കുന്ന |
| പുരുഷോത്തമഃ | ശ്രീകൃഷ്ണൻ | നിജാം മായാം | തന്റെ മായയെ |
| | | തതാന | പ്രയോഗിച്ചു. |

ഉവാച പിതരാവേത്യ സാഗ്രജഃ സാത്വതർഷഭഃ
പ്രശ്രയാവനതഃ പ്രീണന്നംബ താതേതി സാദരം. 2

| | | | |
|---|---|---|---|
| സാഗ്രജഃ | ജ്യേഷ്ഠനോടുകൂടിയ | സാദരം | ആദരവോടെ |
| സാത്വതർഷഭഃ | ഭഗവാൻ | അംബ താത | 'അമ്മേ! അച്ഛ!' |
| പിതരൌ ഏത്യ | അച്ഛനമ്മമാരുടെ അടുത്തുചെന്നു്, | ഇതി | എന്നിങ്ങനെ വിളിച്ചു് |
| പ്രശ്രയാവനതഃ | വിനയത്താൽ തല കുനിച്ചുനിന്നു് | പ്രീണൻ | അവരെ സന്തോഷിപ്പിച്ചുകൊണ്ടു് |
| | | ഉവാച | പറഞ്ഞു. |

നാസ്മത്തോ യുവയോസ്താത നിത്യോൽകണ്ഠിതയോരപി
ബാല്യപൌഗണ്ഡകൈശോരാഃ പുത്രാഭ്യാമഭവൻ ക്വചിത്. 3

| | | | |
|---|---|---|---|
| താത | "അച്ഛാ! | പുത്രാഭ്യാം | മക്കളായ ഞങ്ങളെക്കൊണ്ടു |
| അസ്മത്തഃ | ഞങ്ങൾ കാരണമായി | ബാല്യ– പൌഗണ്ഡ– കൈശോരാഃ | ബാല്യം, പൌഗണ്ഡം, കൈശോരം എന്നീ കാലങ്ങളിലെ സുഖങ്ങൾ |
| നിത്യോ– ൽകണ്ഠിതയോഃ അപി | എന്നും വെമ്പൽകൊണ്ടിരിക്കുന്നവരാണെങ്കിലുംകൂടി | ക്വചിത് | ഒരിക്കലും |
| യുവയോഃ | നിങ്ങൾക്കിരുവർക്കും | ന അഭവൻ | ഉണ്ടായില്ല. |

ന ലബ്ധോ ദൈവഹതയോൎവ്വാസോ നൌ ഭവദന്തികേ
യാം ബാലാഃ പിതൃഗേഹസ്ഥാ വിന്ദന്തേ ലാളിതാ മുദം. 4

| | |
|---|---|
| ദൈവഹതയോഃ | "ഭാഗ്യംകെട്ട |
| നൌ | ഞങ്ങൾക്ക് |
| ഭവദന്തികേ | നിങ്ങളുടെ അടുക്കൽ |
| വാസഃ | ഇരിപ്പ് |
| ന ലബ്ധഃ | ലഭിച്ചില്ല. |
| പിതൃഗേഹസ്ഥാഃ | അച്ഛനമ്മമാരുടെ ഗൃഹത്തിൽ താമസിച്ച |
| ലാളിതാഃ | ലാളിക്കപ്പെട്ട |
| ബാലാഃ | കുട്ടികൾ |
| യാം മുദം | യാതൊരു സന്തോഷത്തെ |
| വിന്ദന്തേ | ലഭിക്കമാറുണ്ടോ, അതും ഞങ്ങൾക്ക ലഭിച്ചില്ല. |

സൎവ്വാൎത്ഥസംഭവോ ദേഹോ ജനിതഃ പോഷിതോ യതഃ
ന തയോൎയ്യാതി നിൎവ്വേശം പിത്രോൎമ്മൎത്ത്യഃ ശതായുഷാ. 5

| | |
|---|---|
| സൎവ്വാൎത്ഥസംഭവഃ | "സൎവ്വപുരുഷാൎത്ഥങ്ങൾക്കും കാരണഭൂതമായ |
| ദേഹഃ | ശരീരം |
| യതഃ | യാതൊരുവരാൽ |
| ജനിതഃ | ജനിപ്പിക്കപ്പെടുകയും, |
| പോഷിതഃ | വളൎത്തപ്പെടുകയും ചെയ്തുവോ, |
| തയോഃ | അങ്ങനെയുള്ള |
| പിത്രോഃ | മാതാപിതാക്കന്മാരുടെ |
| നിൎവ്വേശം | കടം വീട്ടുക എന്നതിലേക്ക് |
| ശതായുഷാ | നൂറുവൎഷത്തെ ആയുസ്സു കൊണ്ടും |
| മൎത്ത്യഃ | മനുഷ്യൻ |
| ന യാതി | എത്തിച്ചേരുന്നില്ല. |

യസ്തയോരാത്മജഃ കല്പ ആത്മനാ ച ധനേന ച
വൃത്തിം ന ദദ്യാത്തം പ്രേത്യ സ്വമാംസം ഖാദയന്തി ഹി. 6

| | |
|---|---|
| യഃ ആത്മജഃ | "യാതൊരു പുത്രൻ |
| കല്പഃ | കഴിവുള്ളവനായിട്ടുകൂടി |
| ആത്മനാ ച | ദേഹംകൊണ്ടും, |
| ധനേന ച | ധനംകൊണ്ടും |
| തയോഃ | അവൎക്ക് |
| വൃത്തിം | ജീവിതാവശ്യങ്ങളെ |
| ന ദദ്യാത് | നിറവേററിക്കൊടുക്കാതിരിക്കുന്നുവോ, |
| തം | അവനെ |
| പ്രേത്യ | പരലോകത്തേക്ക് പോയശേഷം |
| സ്വമാംസം | തന്റെ മാംസത്തെത്തന്നെ |
| ഖാദയന്തി ഹി | തീററുന്നുവത്രെ |

മാതരം പിതരം വൃദ്ധം ഭാൎയ്യാം സാധ്വീം സുതം ശിശും
ഗുരും വിപ്രം പ്രപന്നം ച കല്പോऽബിഭ്രച്ഛ്വസൻ മൃതഃ. 7

| | |
|---|---|
| കല്പഃ | "രക്ഷിപ്പാൻ കഴിവുള്ളവനായിട്ടുകൂടി |
| മാതരം | അമ്മയേയും, |
| വൃദ്ധം | വയസ്സായ |
| പിതരം | അച്ഛനേയും, |
| സാധ്വീം | പതിവ്രതയായ |
| ഭാൎയ്യാം | ഭാൎയ്യയേയും |
| ശിശും | കുട്ടിപ്രായത്തിലുള്ള |
| സുതം | മകനേയും, |
| ഗുരും | ആചാൎയ്യനേയും, |
| വിപ്രം | ബ്രാഹ്മണനേയും, |
| പ്രപന്നം ച | ശരണാഗതനേയും |
| അബിഭ്രത് | രക്ഷിക്കാതിരിക്കുന്നവൻ |
| ശ്വസൻ | ജീവിക്കുന്നുവെങ്കിലും |
| മൃതഃ | ചത്തവനാണ്. |

തന്നാവകല്പയോഃ കംസാന്നിത്യമുദ്വിഗ്നചേതസോഃ
മോഘമേതേ വ്യതിക്രാന്താ ദിവസാ വാമനർച്ചതോഃ. 8

| | |
|---|---|
| തത് | "അതുകൊണ്ട് |
| അകല്പയോഃ | കഴിവില്ലാത്തവരും, |
| നിത്യം | എപ്പോഴും |
| കംസാത് | കംസനിൽനിന്ന് |
| ഉദ്വിഗ്ന-ചേതസോഃ | ഭയംകൊണ്ടിരിക്കുന്ന ഹൃദയത്തോടുകൂടിയവരും, |
| വാം | നിങ്ങൾ രണ്ടുപേരെയും |
| അനർച്ചതോഃ | ശുശ്രൂഷിക്കാതെയിരുന്നവരും ആയ |
| നൌ | ഞങ്ങളുടെ |
| ഏതേ ദിവസാഃ | ഈ ദിവസങ്ങളെല്ലാം |
| മോഘം | പാഴിൽ |
| വ്യതിക്രാന്താഃ | കഴിഞ്ഞുപോയി. |

തത് ക്ഷന്തുമർഹഥസ്താത മാതർന്നൌ പരതന്ത്രയോഃ
അകുർവ്വതോർവ്വാം ശുശ്രൂഷാം ക്ലിഷ്ടയോർദ്ദുർഹൃദാ ഭൃശം. 9

| | |
|---|---|
| മാതഃ താത | "അമ്മേ! അച്ഛ! |
| ദുർഹൃദാ | ദുഷ്ടനായ കംസനാൽ |
| ഭൃശം | ഒട്ടേറെ |
| ക്ലിഷ്ടയോഃ | കഷ്ടപ്പെട്ടവരും, |
| പരതന്ത്രയോഃ | പരാധീനരായവരും ആയ |
| വാം | നിങ്ങൾക്ക് |
| ശുശ്രൂഷാം | ശുശ്രൂഷയെ |
| അകുർവ്വതോഃ | ചെയ്യാതെയിരുന്ന |
| നൌ | ഞങ്ങൾ രണ്ടുപേരുടേയും |
| തത് | ആ പ്രവൃത്തിയെ |
| ക്ഷന്തും | ക്ഷമിക്കുവാൻ |
| അർഹഥഃ | നിങ്ങൾ അർഹിക്കുന്നു." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇതി മായാമനുഷ്യസ്യ ഹരേർവ്വിശ്വാത്മനോ ഗിരാ
മോഹിതാവങ്കമാരോപ്യ പരിഷ്വജ്യാപതുർമ്മുദം. 10

| | |
|---|---|
| മായാ-മനുഷ്യസ്യ | മായാമാനുഷനും, |
| വിശ്വാത്മനഃ | സർവ്വലോകാത്മാവും ആയ |
| ഹരേഃ | ശ്രീഹരിയുടെ |
| ഇതി ഗിരാ | ഈ വിധമായ വാക്കാൽ |
| മോഹിതൌ | മോഹിതരായ ദേവകീ വസുദേവന്മാർ (രാമകൃഷ്ണന്മാരെ സ്വന്തം മക്കളായിട്ടു കരുതി,) |
| അങ്കം | മടിയിൽ |
| ആരോപ്യ | എടുത്തുവെക്കുകയും |
| പരിഷ്വജ്യ | ആശ്ലേഷിക്കുകയും ചെയ്ത് |
| മുദം ആപതുഃ | സന്തോഷം കൊണ്ടു. |

സിഞ്ചന്താവശ്രുധാരാഭിഃ സ്നേഹപാശേന ചാവൃതൌ
ന കിഞ്ചിദൂചതൂ രാജൻ ബാഷ്പകണ്ഠൌ വിമോഹിതൌ. 11

| | |
|---|---|
| രാജൻ | രാജാവേ! |
| അശ്രുധാരാഭിഃ | ആനന്ദബാഷ്പപ്രവാഹങ്ങളാൽ |
| സിഞ്ചന്തൌ | അഭിഷേകം ചെയ്യുന്നവരും, |
| സ്നേഹപാശേന | സ്നേഹപാശത്താൽ |

| | | | |
|---|---|---|---|
| ആവൃതൗ ച | ആവരണം ചെയ്യപ്പെട്ടവരും, | ബാഷ്പകണ്ഠൗ | കണ്ണുനീർ തങ്ങിയ കണ്ഠത്തോടുകൂടിയവരായിട്ട് |
| വിമോഹിതൗ | അത്യന്തം മോഹിതരുമായി ഭവിച്ച അവർ | കഞ്ചിത് | യാതൊന്നും |
| | | ന ഊചതുഃ | ഉച്ചരിച്ചില്ല. |

ഏവമാശ്വാസ്യ പിതരൗ ഭഗവാൻ ദേവകീസുതഃ
മാതാമഹം തൂഗ്രസേനം യദൂനാമകരോന്നൃപം. 12

| | | | |
|---|---|---|---|
| ദേവകീസുതഃ | ദേവകീപുത്രനായ | മാതാമഹം | തന്റെ മുത്തച്ഛനായ |
| ഭഗവാൻ | ഭഗവാൻ | ഉഗ്രസേനം തു | ഉഗ്രസേനനെത്തന്നെ |
| ഏവം | ഇപ്രകാരം | യദൂനാം | യാദവന്മാരുടെ |
| പിതരൗ | മാതാപിതാക്കന്മാരെ | നൃപം | രാജാവാക്കി |
| ആശ്വാസ്യ | ആശ്വസിപ്പിച്ച് | അകരോത് | വാഴിച്ചു. |

ആഹ ചാസ്മാൻ മഹാരാജ പ്രജാശ്ചാജ്ഞപ്തുമർഹസി
യയാതിശാപാദ്യദുഭിർന്നാസിതവ്യം നൃപാസനേ. 13

| | | | |
|---|---|---|---|
| ആഹ ച | ഭഗവാൻ ഉഗ്രസേനനോട് പറകയും ചെയ്തു— | അർഹസി | ഭവാൻ അർഹിക്കുന്നു. |
| | | യയാതിശാപാത് | യയാതിമഹാരാജാവിന്റെ ശാപംകൊണ്ട് |
| മഹാരാജ | 'മഹാരാജാവേ! | നൃപാസനേ | രാജസിംഹാസനത്തിൽ |
| അസ്മാൻ | ഞങ്ങളോടും | യദുഭിഃ | യദുവംശക്കാരാൽ |
| പ്രജാഃ ച | മറ്റെല്ലാപ്രജകളോടും | ന ആസിതവ്യം | ഇരിക്കരുതാത്തതാണല്ലോ. |
| ആജ്ഞപ്തും | കല്പിക്കുന്നതിന്ന് | | |

നോട്ട്:— ഉഗ്രസേനനും രാജസിംഹാസനത്തിന്ന് അധികാരമില്ലാത്ത യദുവംശ്യൻ തന്നെ. എങ്കിലും ഭഗവാന്റെ അഭിമതമനുസരിച്ച് രാജ്യാധികാരം സ്വീകരിക്കുന്നതിൽ ദോഷമില്ല. അതിന്നും പുറമെ, ഭോജപരമ്പരയിൽപെട്ട യാദവന്മാൎക്കാണ് രാജ്യത്തിന്റെ പിൻതുടൎച്ചാവകാശം. ഉഗ്രസേനൻ ഭോജപരമ്പരയിലും ഭഗവാൻ വൃഷ്ണിപരമ്പരയിലുംപെട്ട യാദവന്മാരാകുന്നു. (അനാപി. പ്ര.)

മയി ഭൃത്യ ഉപാസീനേ ഭവതോ വിബുധാദയഃ
ബലിം ഹരന്ത്യവനതാഃ കിമുതാന്യേ നരാധിപാഃ. 14

| | | | |
|---|---|---|---|
| മയി ഭൃത്യേ | 'ഞാൻ ഭൃത്യനായിട്ട് | ഭവതഃ | ഭവാന്ന് |
| ഉപാസീനേ | ഭവാനെ സേവിച്ചുകൊണ്ടിരിക്കുമ്പോൾ | ബലിം ഹരന്തി | കപ്പം നല്കുന്നു; |
| | | അന്യേ | മററുള്ള |
| വിബുധാദയഃ | ദേവാദികൾപോലും | നരാധിപാഃ | നരപാലകന്മാർ |
| അവനതാഃ | തലകുനിച്ചുകൊണ്ട് | കിമുത | പിന്നെ ചോദിപ്പാനുണ്ടോ?" |

സർവ്വാൻ സ്വാൻ ജ്ഞാതിസംബന്ധാൻ ദിഗ്ഭ്യഃ കംസഭയാകുലാൻ
യദുവൃഷ്ണ്യന്ധകമധുദാശാർഹകുകുരാദികാൻ. 15

സഭാജിതാൻ സമാശ്വാസ്യ വിദേശാവാസകർശിതാൻ
ന്യവാസയത് സ്വഗേഹേഷു വിത്തൈഃ സന്തർപ്യ വിശ്വകൃത്. 16

| | |
|---|---|
| വിശ്വകൃത് | വിശ്വസ്രഷ്ടാവായ ഭഗവാൻ |
| കംസഭയാകുലാൻ | കംസഭയത്താൽ വ്യാകുലതയാർന്നവരും, |
| വിദേശാവാസകർശിതാൻ | ദേശാന്തരവാസത്താൽ ക്ഷീണിതരായവരും, |
| യദുവൃഷ്ണ്യന്ധകമധുദാശാർഹകുകുരാദികാൻ | യദുവംശ്യരുമായ വൃഷ്ണികൾ, അന്ധകന്മാർ, മധുക്കൾ, ദാശാർഹന്മാർ, കുകുരന്മാർ മുതലായ |
| സർവ്വാൻ | എല്ലാ |
| സ്വാൻ | സ്വജനങ്ങളേയും, |
| ജ്ഞാതിസംബന്ധാൻ | ജ്ഞാതികളേയും, സംബന്ധികളേയും |
| ദിഗ്ഭ്യഃ | നാനാദിക്കുകളിൽനിന്നും വരുത്തി, |
| സമാശ്വാസ്യ | ആശ്വസിപ്പിച്ച് |
| സഭാജിതാൻ | സമ്മാനിതരായ അവരെ |
| വിത്തൈഃ | ധനദാനങ്ങളാൽ |
| സന്തർപ്യ | തൃപ്തിപ്പെടുത്തിയശേഷം |
| സ്വഗേഹേഷു | അവരവരുടെ ഗൃഹങ്ങളിൽ |
| ന്യവാസയത് | താമസിപ്പിച്ചു. |

കൃഷ്ണസങ്കർഷണഭുജൈർഗ്ഗുപ്താ ലബ്ധമനോരഥാഃ
ഗൃഹേഷു രേമിരേ സിദ്ധാഃ കൃഷ്ണരാമഗതജ്വരാഃ. 17

| | |
|---|---|
| കൃഷ്ണസങ്കർഷണഭുജൈഃ | ശ്രീകൃഷ്ണന്റെയും ബലരാമന്റെയും കരബലങ്ങളാൽ |
| ഗുപ്താഃ | സംരക്ഷിക്കപ്പെട്ടവരും, |
| കൃഷ്ണരാമഗതജ്വരാഃ | ശ്രീകൃഷ്ണനാലും ബലരാമനാലും താപമകന്നവരും, |
| ലബ്ധമനോരഥാഃ | മനോരഥം സാധിച്ചവരും, |
| സിദ്ധാഃ | കൃതാർത്ഥരുമായി ഭവിച്ച യാദവന്മാർ |
| ഗൃഹേഷു | അവരവരുടെ ഗൃഹങ്ങളിൽ |
| രേമിരേ | സുഖിച്ചു. |

വീക്ഷന്തോഽഹരഹഃ പ്രീതാ മുകുന്ദവദനാംബുജം
നിത്യം പ്രമുദിതം ശ്രീമത് സദയസ്മിതവീക്ഷണം. 18

| | |
|---|---|
| നിത്യം | എപ്പോഴും |
| പ്രമുദിതം | സന്തോഷം പൂണ്ടിരിക്കുന്നതും, |
| ശ്രീമത് | കാന്തികലർന്നതും, |
| സദയസ്മിതവീക്ഷണം | കാരുണ്യവും മന്ദഹാസവും ചേർന്ന നോട്ടത്തോടുകൂടിയതും ആയ |
| മുകുന്ദവദനാംബുജം | ഭഗവന്മുഖാരവിന്ദത്തെ |
| അഹരഹഃ | നാൾതോറും |
| വീക്ഷന്തഃ | കണ്ടുകൊണ്ട് |
| പ്രീതാഃ | അവർ സന്തുഷ്ടരായി. |

തത്ര പ്രവയസോഽപ്യാസൻ യുവാനോഽതിബലൌജസഃ
പിബന്തോഽക്ഷൈർമ്മുകുന്ദസ്യ മുഖാംബുജസുധാം മുഹുഃ. 19

| | |
|---|---|
| തത്ര | അവിടെയുള്ള |
| പ്രവയസഃ അപി | വയോധികന്മാർകൂടിയും |
| മുഹുഃ | അടിക്കടി |
| മുകുന്ദസ്യ | മുക്തിദനായ കൃഷ്ണന്റെ |
| മുഖാംബുജസുധാം | മുഖകമലത്തിൽ തുളുമ്പുന്ന അമൃതരസത്തെ |
| അക്ഷിഭിഃ | കണ്ണുകളാൽ |
| പിബന്തഃ | പാനംചെയ്തുകൊണ്ട് |
| അതിബലൌജസഃ | അധികം ബലപരാക്രമങ്ങളുള്ള |
| യുവാനഃ | യുവാക്കളായിട്ട് |
| ആസൻ | പരിണമിച്ചു. |

അഥ നന്ദം സമാസാദ്യ ഭഗവാൻ ദേവകീസുതഃ
സംകർഷണശ്ച രാജേന്ദ്ര പരിഷ്വജ്യേദമൂചതുഃ. 20

| | |
|---|---|
| രാജേന്ദ്ര | ഹേ രാജശ്രേഷ്ഠ ! |
| അഥ | അനന്തരം |
| ദേവകീസുതഃ | ദേവകീപുത്രനായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാനും, |
| സംകർഷണഃ ച | ശ്രീബലരാമനും |
| നന്ദം | നന്ദഗോപനെ |
| സമാസാദ്യ | ചെന്നുകണ്ട് |
| പരിഷ്വജ്യ | ഗാഢാശ്ലേഷംചെയ്ത് |
| ഇദം | ഇങ്ങനെ |
| ഊചതുഃ | പറഞ്ഞു. |

പിതര്യുവാഭ്യാം സ്നിഗ്ദ്ധാഭ്യാം പോഷിതൌ ലാളിതൌ ഭൃശം
പിത്രോരഭ്യധികാ പ്രീതിരാത്മജേഷ്വാത്മനോഽപി ഹി. 21

| | |
|---|---|
| പിതഃ | 'അച്ഛാ ! (ഞങ്ങൾ) |
| സ്നിഗ്ദ്ധാഭ്യാം | സ്നേഹമുള്ളവരായ |
| യുവാഭ്യാം | നിങ്ങളിരുവരാലും |
| ഭൃശം | വളരെ നല്ലവണ്ണം |
| പോഷിതൌ | വളർത്തപ്പെട്ടവരും, |
| ലാളിതൌ | താലോലിക്കപ്പെട്ടവരും |
| | ആകുന്നു. |
| പിത്രോഃ | അച്ഛനമ്മമാർക്ക് |
| ആത്മനഃ അപി | തങ്ങളെക്കാളും |
| ആത്മജേഷു | തങ്ങളുടെ മക്കളിൽ |
| പ്രീതിഃ | സ്നേഹം |
| അഭ്യധികാ ഹി | കൂടിയതാണല്ലോ. |

സ പിതാ സാ ച ജനനീ യൌ പുഷ്ണീതാം സ്വപുത്രവത്
ശിശൂൻ ബന്ധുഭിരുത്സൃഷ്ടാനകല്പൈഃ പോഷരക്ഷണേ. 22

| | |
|---|---|
| പോഷരക്ഷണേ | 'നോക്കിവളർത്തുന്നതിന്ന് |
| അകല്പൈഃ | കഴിവില്ലാത്ത |
| ബന്ധുഭിഃ | സ്വന്തക്കാരാൽ |
| ഉത്സൃഷ്ടാൻ | കൈവെടിയപ്പെട്ട |
| ശിശൂൻ | കുട്ടികളെ |
| യൌ | യാതൊരുവർ |
| സ്വപുത്രവത് | സ്വസന്താനങ്ങളെപ്പോലെ |
| പുഷ്ണീതാം | വളർത്തുമോ, |
| സഃ പിതാ | അവനാണ് അച്ഛൻ; |
| സാ | അവളാണ് |
| ജനനീ ച | അമ്മയും. |

യാത യൂയം വ്രജം താത വയം ച സ്നേഹദുഃഖിതാൻ
ജ്ഞാതീൻ വോ ദ്രഷ്ടുമേഷ്യാമോ വിധായ സുഹൃദാം സുഖം. 23

| | | | |
|---|---|---|---|
| താത | "അച്ഛാ ! | സുഖം | സൌഖ്യത്തെ |
| യൂയം | നിങ്ങളെല്ലാം . | വിധായ | ഉണ്ടാക്കികൊടുത്തശേഷം |
| വ്രജം | ഗോകുലത്തിലേക്ക് | സ്നേഹദുഃഖിതാൻ | സ്നേഹത്താൽ ദുഃഖമനുഭവിക്കുന്ന |
| യാത | പൊയ്ക്കൊണ്ടാലും. | ജ്ഞാതീൻ | ബന്ധുക്കളായ |
| വയം ച | ഞങ്ങളാകട്ടെ | വഃ ദ്രഷ്ടും | നിങ്ങളെ കാണ്മാൻ |
| സുഹൃദാം | ഇവിടെയുള്ള ബന്ധുമിത്രാദികൾക്ക് | ഏഷ്യാമഃ | വരുന്നുണ്ട്." |

ഏവം സാന്ത്വ്യ ഭഗവാൻ നന്ദം സവ്രജമച്യുതഃ
വാസോഽലങ്കാരകുപ്യാദ്യൈരർഹയാമാസ സാദരം. 24

| | | | |
|---|---|---|---|
| ഭഗവാൻ | ഭഗവാനായ | സാന്ത്വ്യ | സമാധാനിപ്പിച്ച് |
| അച്യുതഃ | ശ്രീകൃഷ്ണൻ | വാസോലങ്കാര-കുപ്യാദ്യൈഃ | വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഓട്ടുപാത്രങ്ങൾ മുതലായവകൊണ്ട് |
| സവ്രജം | ഗോകുലവാസികളോടു കൂടിയിരിക്കുന്ന | സാദരം | ആദരപൂൎവ്വം |
| നന്ദം | നന്ദഗോപരെ | അർഹയാമാസ | സൽക്കരിച്ചു. |
| ഏവം | ഇങ്ങനെ | | |

ഇത്യുക്തസ്തൌ പരിഷ്വജ്യ നന്ദഃ പ്രണയവിഹ്വലഃ
പൂരയന്നശ്രുഭിർന്നേത്രേ സഹ ഗോപൈർവ്രജം യയൌ. 25

| | | | |
|---|---|---|---|
| ഇതി | ഈവിധം | അശ്രുഭിഃ | കണ്ണീരിനാൽ |
| ഉക്തഃ നന്ദഃ | പറയപ്പെട്ട നന്ദൻ | നേത്രേ | കണ്ണുരണ്ടും |
| പ്രണയവിഹ്വലഃ | സ്നേഹത്താൽ വിവശതയാൎന്നുകൊണ്ട് | പൂരയൻ | നിറച്ചുകൊണ്ട് |
| തൌ | അവർ രണ്ടുപേരേയും | ഗോപൈഃ സഹ | ഗോപന്മാരോടുകൂടെ |
| പരിഷ്വജ്യ | അണച്ചാശ്ലേഷിച്ച്, | വ്രജം | ഗോകുലത്തിലേക്ക് |
| | | യയൌ | പോയി. |

അഥ ശൂരസുതോ രാജൻ പുത്രയോഃ സമകാരയത്
പുരോധസാ ബ്രാഹ്മണൈശ്ച യഥാവദ്ദ്വിജസംസ്കൃതിം. 26

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | പുത്രയോഃ | പുത്രന്മാരുടെ |
| അഥ | അനന്തരം | ദ്വിജസംസ്കൃതിം | ഉപനയനകൎമ്മത്തെ |
| ശൂരസുതഃ | വസുദേവൻ | യഥാവത് | വിധിപോലെ |
| പുരോധസാ | പുരോഹിതനെക്കൊണ്ടും, | സമകാരയത് | നടത്തിച്ചു. |
| ബ്രാഹ്മണൈഃ ച | ബ്രാഹ്മണരെക്കൊണ്ടും | | |

തേഭ്യോഽദാദ്ദക്ഷിണാ ഗാവോ രുക്മമാലാഃ സ്വലംകൃതാഃ
സ്വലംകൃതേഭ്യഃ സംപൂജ്യ സവത്സാഃ ക്ഷൌമമാലിനീഃ. 27

| | |
|---|---|
| സ്വലംകൃതേഭ്യഃ | നന്നായി അലങ്കരിക്കപ്പെട്ട |
| തേഭ്യഃ | ആ ബ്രാഹ്മണൎക്ക് |
| സംപൂജ്യ | സമാരാധനചെയ്തു് |
| ദക്ഷിണാഃ | ദക്ഷിണകളായിട്ടു് |
| രുക്മമാലാഃ | പൊൻമാലയിട്ടവയും, |
| സ്വലംകൃതാഃ | നന്നായലങ്കരിക്കപ്പെട്ടവയും, |
| ക്ഷൌമമാലിനീഃ | വെൺപട്ടുമാലയിട്ടവയും, |
| സവത്സാഃ | കുട്ടിയുള്ളവയും ആയ |
| ഗാവഃ | പശുക്കളെ |
| അദാത് | കൊടുത്തു. |

യാഃ കൃഷ്ണരാമജന്മൎക്ഷേ മനോദത്താ മഹാമതിഃ
താശ്ചാദദാദനുസ്മൃത്യ കംസേനാധൎമ്മതോ ഹൃതാഃ. 28

| | |
|---|---|
| കൃഷ്ണരാമജന്മൎക്ഷേ | ശ്രീകൃഷ്ണന്റെയും ബലരാമന്റെയും ജനനദിനത്തിൽ |
| യാഃ | യാതൊരു പശുക്കളെ |
| മനോദത്താഃ | മനസ്സുകൊണ്ടു ദാനം ചെയ്യപ്പെട്ടിരുന്നുവോ, |
| താഃ ച | അവയേയും |
| അനുസ്മൃത്യ | ഓൎമ്മവെച്ചു്, |
| അധൎമ്മതഃ | അന്നു് അക്രമമായിട്ടു് |
| കംസേന | കംസനാൽ |
| ഹൃതാഃ | കൊണ്ടുപോകപ്പെട്ട അവയെത്തന്നെ കൊണ്ടുവന്നു് |
| മഹാമതിഃ | മഹാമനസ്സനായ വസുദേവൻ |
| അദദാത് | ദാനംചെയ്തു. |

തതശ്ച ലബ്ധസംസ്കാരൌ ദ്വിജത്വം പ്രാപ്യ സുവ്രതൌ
ഗൎഗ്ഗാദ്യദുകുലാചാൎയ്യാത് ഗായത്രം വ്രതമാസ്ഥിതൌ. 29

| | |
|---|---|
| ലബ്ധസംസ്കാരൌ | ഉപനയനസംസ്കാരം ലഭിച്ചവരും |
| ദ്വിജത്വം | ദ്വിജത്വത്തെ |
| പ്രാപ്യ | പ്രാപിച്ചു് |
| സുവ്രതൌ | ഉറച്ച നിഷ്ഠയോടുകൂടിയവരും ആയ രാമകൃഷ്ണന്മാർ |
| തതഃ ച | അതിൽപ്പിന്നെ |
| യദുകുലാചാൎയ്യാത് | യാദവന്മാരുടെ കുലാചാൎയ്യനായ |
| ഗൎഗ്ഗാത് | ഗൎഗ്ഗമഹൎഷിയിൽനിന്നു് |
| ഗായത്രം | ഗായത്രമെന്ന |
| വ്രതം | വ്രതത്തെ |
| ആസ്ഥിതൌ | കൈക്കൊണ്ടു. |

പ്രഭവൌ സൎവ്വവിദ്യാനാം സൎവ്വജ്ഞൌ ജഗദീശ്വരൌ
നാന്യസിദ്ധാമലജ്ഞാനം ഗൂഹമാനൌ നരേഹിതൈഃ. 30

അഥോ ഗുരുകുലേ വാസമിച്ഛന്താവുപജഗ്മതുഃ
കാശ്യം സാന്ദീപനിം നാമ ഹ്യവന്തീപുരവാസിനം. 31

| | |
|---|---|
| സൎവ്വവിദ്യാനാം | എല്ലാ വിദ്യകളുടെ |
| പ്രഭവൌ | ഉൽപാദകന്മാരും, |
| സൎവ്വജ്ഞൌ | എല്ലാം അറിയുന്നവരും ആയ |
| ജഗദീശ്വരൌ | ജഗദീശ്വരന്മാരെന്നിരിക്കിലും അവർ |
| നാന്യസിദ്ധാമലജ്ഞാനം | സ്വതഃസിദ്ധമായ വിശുദ്ധജ്ഞാനത്തെ |

| | |
|---|---|
| നരേഹിതൈഃ | മാനുഷചേഷ്ടിതങ്ങളാൽ |
| ഗൂഹമാനൗ | മറച്ചുവെച്ചുകൊണ്ടും, |
| ഗുരുകുലേ | ഗുരുകുലത്തിലുള്ള |
| വാസം | വാസത്തെ |
| ഇച്ഛന്തൗ | ഇച്ഛിച്ചുകൊണ്ടും |
| അഥോ | പിന്നീട് |
| കാശ്യം | കാശഗോത്രജാതനും |
| അവന്തീപുര-വാസിനം | അവന്തീപുരത്തിൽ വസിക്കുന്നവനും |
| സാന്ദീപനിം | സാന്ദീപനിയെന്ന |
| നാമ ഹി | പേരിൽ പ്രസിദ്ധനായ ആചാര്യനെ |
| ഉപജഗ്മതുഃ | സമീപിച്ചു. |

യഥോപസാദ്യ തൗ ദാന്തൗ ഗുരൗ വൃത്തിമനിന്ദിതാം
ഗ്രാഹയന്താവുപേതൗ സ്മ ഭക്ത്യാ ദേവമിവാദൃതൗ. 32

| | |
|---|---|
| തൗ | അവരിരുവരും |
| യഥാ | മുറപ്രകാരം |
| ഉപസാദ്യ | ഗുരുസമീപത്തിൽ ചെന്ന് |
| ദാന്തൗ | ജിതേന്ദ്രിയന്മാരായിരുന്നുകൊണ്ടും, |
| അനിന്ദിതാം | നിർദ്ദോഷമായ |
| ഗുരൗ വൃത്തിം | ഗുരുശുശ്രൂഷാവൃത്തിയെ |
| ഗ്രാഹയന്തൗ | അന്യരെ ബോധിപ്പിച്ചുകൊണ്ടും, |
| ആദൃതൗ | ആദരയുക്തന്മാരായും |
| ഭക്ത്യാ | ഭക്തിയോടുകൂടി |
| ദേവം ഇവ | ഈശ്വരനെപ്പോലെ |
| ഉപേതൗ സ്മ | ഗുരുവിനെ സേവിച്ചു. |

തയോർദ്വിജവരസ്തുഷ്ടഃ ശുദ്ധഭാവാനുവൃത്തിഭിഃ
പ്രോവാച വേദാനഖിലാൻ സാംഗോപനിഷദോ ഗുരുഃ. 33

| | |
|---|---|
| ശുദ്ധഭാവാ-നുവൃത്തിഭിഃ | നിർവ്യാജസ്നേഹത്തോടുകൂടിയ ശുശ്രൂഷകളാൽ |
| തയോഃ | അവരിരുവരിലും |
| തുഷ്ടഃ | സന്തുഷ്ടനായി ഭവിച്ച |
| ദ്വിജവരഃ | ബ്രാഹ്മണോത്തമനായ |
| ഗുരുഃ | ആചാര്യൻ |
| സാംഗോ-പനിഷദഃ | ഷട്ശാസ്ത്രങ്ങളോടും ഉപനിഷത്തുക്കളോടും കൂടിയ |
| അഖിലാൻ | എല്ലാ |
| വേദാൻ | വേദങ്ങളേയും |
| പ്രോവാച | ചൊല്ലിക്കൊടുത്തു. |

സരഹസ്യം ധനുർവ്വേദം ധർമ്മാൻ ന്യായപഥാംസ്തഥാ
തഥാ ചാന്വീക്ഷികീം വിദ്യാം രാജനീതിം ച ഷഡ്വിധാം 34

| | |
|---|---|
| തഥാ | അപ്രകാരം |
| സരഹസ്യം | രഹസ്യമായുള്ള മന്ത്രദേവതാജ്ഞാനത്തോടുകൂടിയ |
| ധനുർവ്വേദം | ധനുർവ്വേദത്തേയും, |
| ധർമ്മാൻ | ധർമ്മശാസ്ത്രങ്ങളേയും, |
| ന്യായപഥാൻ | മീമാംസാദിന്യായമാർഗ്ഗങ്ങളേയും, |
| തഥാ ച | അപ്രകാരംതന്നെ |
| ആന്വീക്ഷികീം വിദ്യാം | തർക്കശാസ്ത്രത്തേയും |
| ഷഡ്വിധാം | ആറുവകയായുള്ള (സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം) |
| രാജനീതിം ച | രാജനീതിയേയും |
| (പ്രോവാച) | ചൊല്ലിക്കൊടുത്തു. |

സൎവ്വം നരവരശ്രേഷ്ഠൌ സൎവ്വവിദ്യാപ്രവൎത്തകൌ
സകൃന്നിഗദമാത്രേണ തൌ സഞ്ജഗൃഹതുൎന്നൃപ. 35

| | |
|---|---|
| നൃപ | രാജാവേ! |
| സൎവ്വവിദ്യാ- പ്രവൎത്തകൌ | സമസ്തവിജ്ഞാനങ്ങളുടെ പ്രവൎത്തകന്മാരും, |
| നരവരശ്രേഷ്ഠൌ | രാജാധിരാജന്മാരും ആയ |
| തൌ | അവർ ഇരുവരും |
| സകൃന്നിഗദ- മാത്രേണ | ഒരിക്കൽ ചൊല്ലിക്കൊടുത്തതുകൊണ്ടുതന്നെ |
| സൎവ്വം | മുഴുവനും |
| സഞ്ജഗൃഹതുഃ | വഴിപോലെ ഗ്രഹിച്ചു. |

അഹോരാത്രൈശ്ചതുഃഷഷ്ട്യാ സംയത്തൌ താവതീഃ കലാഃ
ഗുരുദക്ഷിണയാഽഽചാൎയ്യം ഛന്ദയാമാസതുൎന്നൃപ. 36

| | |
|---|---|
| സംയത്തൌ | മനസ്സൊതുക്കമുള്ള അവർ |
| ചതുഃഷഷ്ട്യാ | അറുപത്തിനാല് |
| അഹോരാത്രൈഃ | പകലിരവുകളാൽ |
| താവതീഃ | അത്രത്തോളം |
| കലാഃ | കലാവിദ്യകളേയും |
| (സഞ്ജഗൃഹതുഃ) | ഗ്രഹിച്ചു. |
| നൃപ | രാജാവേ! (പിന്നീട്) |
| ഗുരുദക്ഷിണയാ | ഗുരുദക്ഷിണയ്ക്കായി |
| ആചാൎയ്യം | ആചാൎയ്യനോട് |
| ഛന്ദയാമാസതുഃ | അഭിപ്രായം ചോദിച്ചു. |

ദ്വിജസ്തയോസ്തം മഹിമാനമദ്ഭുതം സംലക്ഷ്യ രാജന്നതിമാനുഷീം മതിം
സമ്മന്ത്ര്യ പത്ന്യാ സ മഹാൎണ്ണവേ മൃതം ബാലം പ്രഭാസേ വരയാംബഭൂവ ഹ.

| | |
|---|---|
| രാജൻ | രാജാവേ! |
| സഃ ദ്വിജഃ | ആ ബ്രാഹ്മണൻ |
| തയോഃ | അവരുടെ |
| തം അദ്ഭുതം | ആവിധം ആശ്ചൎയ്യകരമായ |
| മഹിമാനം | മഹിമയേയും |
| അതിമാനുഷീം | മനുഷ്യസാധാരണമല്ലാത്ത |
| മതിം | ബുദ്ധിവൈഭവത്തേയും |
| സംലക്ഷ്യ | കണ്ടു്, |
| പത്ന്യാ | പത്നിയോട് |
| സമ്മന്ത്ര്യ | ആലോചിച്ചശേഷം |
| പ്രഭാസേ | പ്രഭാസതീൎത്ഥത്തിൽ വെച്ചു് |
| മഹാൎണ്ണവേ | മഹാസമുദ്രത്തിൽ |
| മൃതം | മുങ്ങിമരിച്ച |
| ബാലം | പുത്രനെ |
| വരയാംബഭൂവ | ഗുരുദക്ഷിണയായി ആവശ്യപ്പെട്ടു. |
| ഹ | അത്ഭുതം നോക്കുക! |

തഥേത്യഥാരുഹ്യ മഹാരഥൌ രഥം പ്രഭാസമാസാദ്യ ദുരന്തവിക്രമൌ
വേലാമുപവ്രജ്യ നിഷീദതുഃ ക്ഷണം സിന്ധുൎവ്വിദിത്വാൎഹണമാഹരത്തയോഃ.

| | |
|---|---|
| അഥ | ഉടൻതന്നെ |
| മഹാരഥൌ | മഹാരഥികന്മാരും, |
| ദുരന്തവിക്രമൌ | അപാര പരാക്രമത്തോടുകൂടിയവരും ആയ അവർ |
| തഥാ ഇതി | 'അങ്ങനെതന്നെ' എന്നു് പറഞ്ഞു് |
| രഥം ആരുഹ്യ | തേരിൽ കയറി |
| പ്രഭാസം | പ്രഭാസതീൎത്ഥത്തിൽ |
| ആസാദ്യ | എത്തിച്ചേൎന്നു്, |
| വേലാം | സമുദ്രതീരത്തെ |
| ഉപവ്രജ്യ | പ്രാപിച്ചു് |
| ക്ഷണം | സ്വല്പനേരം |

| | | | |
|---|---|---|---|
| നിഷീദതുഃ | ഇരുന്നു. | തയോഃ | അവർക്ക് |
| സിന്ധുഃ | സമുദ്രരാജാവ് | അർഹണം | ആരാധനയെ |
| വിദിത്വാ | അറിഞ്ഞുവന്നു് | ആഹരത് | ചെയ്തു. |

തമാഹ ഭഗവാനാശു ഗുരുപുത്രഃ പ്രദീയതാം
യോഽസാവിഹ ത്വയാ ഗ്രസ്തോ ബാലകോ മഹതോർമ്മിണാ. 39

| | | | |
|---|---|---|---|
| ഇഹ | "ഈ സ്ഥലത്തുവെച്ച് | ഗുരുപുത്രഃ | ഞങ്ങളുടെ ഗുരുപുത്രനാണ്. |
| മഹതാ | ഊക്കുള്ള | | |
| ഊർമ്മിണാ | തിരമാലയാൽ | ആശു | അതിവേഗം |
| യഃ ബാലകഃ | യാതൊരു കുട്ടിയാണോ | പ്രദീയതാം | നല്കപ്പെട്ടാലും" |
| ത്വയാ | അങ്ങയാൽ | ഭഗവാൻ | ഭഗവാൻ |
| ഗ്രസ്തഃ | ഗ്രസിക്കപ്പെട്ടത്, | തം | ആ സമുദ്രരാജനോട് |
| അസൌ | അവൻ | ആഹ | പറഞ്ഞു. |

സമുദ്ര ഉവാച=സമുദ്രരാജാവു പറഞ്ഞു :—

നൈവാഹാർഷമഹം ദേവ ദൈത്യഃ പഞ്ചജനോ മഹാൻ
അന്തർജ്ജലചരഃ കൃഷ്ണ ശംഖരൂപധരോഽസുരഃ. 40
ആസ്തേ തേനാഹൃതോ നൂനം തച്ഛ്രുത്വാ സത്വരം പ്രഭുഃ
ജലമാവിശ്യ തം ഹത്വാ നാപശ്യദുദരേഽർഭകം. 41

| | | | |
|---|---|---|---|
| ദേവ അഹം | ദേവ ! ഞാൻ | കൃഷ്ണ | കൃഷ്ണ ! |
| ന ഏവ അഹാർഷം | (ആ ഗുരുപുത്രനെ) കൊണ്ടുപോയിട്ടുതന്നെ ഇല്ല. | അസുരഃ | ആ അസുരൻ |
| | | ശംഖരൂപധരഃ | ശംഖരൂപം ധരിച്ചവനായി |
| അന്തർജലചരഃ | ജലാന്തർഭാഗത്തിൽ സഞ്ചരിക്കുന്ന | ആസ്തേ | സ്ഥിതിചെയ്യുന്നു. |
| പഞ്ചജനഃ | പഞ്ചജനൻ എന്നു പേരായി | തത് ശ്രുത്വാ | അതുകേട്ട് |
| | | പ്രഭുഃ | സർവ്വശക്തൻ |
| മഹാൻ | ഒരു വലിയ | സത്വരം | ഉടനെത്തന്നെ |
| ദൈത്യഃ | അസുരനുണ്ട്. | ജലം | വെള്ളത്തിലേക്ക് |
| തേന | അവനാൽ | ആവിശ്യ | ഇറങ്ങിച്ചെന്ന് |
| ആഹൃതഃ | കൊണ്ടുപോകപ്പെട്ടതാണ്; | തം ഹത്വാ | അവനെ കൊന്നശേഷം |
| | | ഉദരേ | അവന്റെ വയററിൽ |
| | | അർഭകം | കുട്ടിയെ |
| നൂനം | സംശയമില്ല. | ന അപശ്യത് | കണ്ടെത്തിയില്ല. |

തദംഗപ്രഭവം ശംഖമാദായ രഥമാഗമത്
തതഃ സംയമനീം നാമ യമസ്യ ദയിതാം പുരീം
ഗത്വാ ജനാർദ്ദനഃ ശംഖം പ്രദധ്മൌ സഹലായുധഃ. 42

| | | | |
|---|---|---|---|
| തദംഗപ്രഭവം | അവന്റെ ശരീരത്തിൽ നിന്നുണ്ടായ | ശംഖം | ശംഖത്തെ |
| | | ആദായ | കൈയിലെടുത്ത് |

| | | | |
|---|---|---|---|
| രഥം | തേരിലേക്ക് | ദയിതാം | പ്രിയപ്പെട്ട |
| ആഗമത് | തിരിച്ചുവന്നു. | സംയമനീം } | സംയമനി എന്നു പേ |
| തതഃ | അതിൽപിന്നെ | നാമ പുരീം } | രായ പുരിയിലേക്ക് |
| സഹലായുധഃ | ബലഭദ്രനോടുകൂടി | ഗത്വാ | പോയിട്ട് |
| ജനാർദ്ദനഃ | ശ്രീകൃഷ്ണൻ | ശംഖം } | ശംഖനാദം ചെയ്തു. |
| യമസ്യ | അന്തകന്റെ | പ്രദധ്മൌ } | |

ശംഖനിർഹ്രാദമാകർണ്യ പ്രജാസംയമനോ യമഃ
തയോഃ സപര്യാം മഹതീം ചക്രേ ഭക്ത്യുപബൃംഹിതാം. 43

| | | | |
|---|---|---|---|
| പ്രജാസംയമനഃ | ശാസ്ത്രമര്യാദയെ അതിലംഘിച്ചു നടക്കുന്ന ജനങ്ങളുടെ ശാസിതാവായ | തയോഃ | അവരിരുവക്കും |
| യമഃ | അന്തകൻ | ഭക്ത്യ- } ഉപബൃംഹിതാം } | ഭക്തിയുക്തവും |
| ശംഖനിർഹ്രാദം | ശംഖധ്വനിയെ | മഹതീം | മഹത്തും ആയ |
| ആകർണ്യ | കേട്ടുവന്ന് | സപര്യാം | സൽക്കാരത്തെ |
| | | ചക്രേ | ചെയ്തു. |

ഉവാചാവനതഃ കൃഷ്ണം സർവ്വഭൂതാശയാലയം
ലീലാമനുഷ്യ ഹേ വിഷ്ണോ യുവയോഃ കരവാമ കിം. 44

| | | | |
|---|---|---|---|
| സർവ്വഭൂതാ- } ശയാലയം } | എല്ലാവരുടേയും ഹൃദയാന്തർഭാഗത്തിൽ കുടികൊള്ളുന്ന | ലീലാമനുഷ്യ | "ലീലയ്ക്കായി മർത്ത്യരൂപം ധരിച്ച |
| കൃഷ്ണം | ശ്രീകൃഷ്ണനോട് | ഹേ വിഷ്ണോ | ഹേ വിശ്വാത്മൻ ! |
| അവനതഃ | വിനയാവനതനായി | യുവയോഃ | ഭവാന്മാക്ക് |
| ഉവാച | പറഞ്ഞു. | കിം | എന്തൊന്നാണ് |
| | | കരവാമ | ചെയ്യുതരേണ്ടതു് ?" |

**ശ്രീഭഗവാനുവാച**=ശ്രീഭഗവാൻ പറഞ്ഞു :—

ഗുരുപുത്രമിഹാനീതം നിജകർമ്മനിബന്ധനം
ആനയസ്വ മഹാരാജ മച്ഛാസനപുരസ്കൃതഃ. 45

| | | | |
|---|---|---|---|
| മഹാരാജ | യമധർമ്മരാജാവേ ! | | കൊണ്ടുവരപ്പെട്ട |
| മച്ഛാസന- } പുരസ്കൃതഃ } | എന്റെ ആജ്ഞയാൽ പ്രേരിതനായ താങ്കൾ | ഗുരുപുത്രം | ഗുരുപുത്രനെ |
| ഇഹ | ഇവിടേക്ക് | നിജകർമ്മ- } നിബന്ധനം } | സ്വകർമ്മഫലം അനുഭവിക്കേണ്ടവനെങ്കിലുംകൂടി |
| ആനീതം | സ്വകിങ്കരന്മാരാൽ | ആനയസ്വ | കൊണ്ടുവന്നുതരിക. |

തഥേതി തേനോപാനീതം ഗുരുപുത്രം യദൂത്തമൌ
ദത്വാ സ്വഗുരവേ ഭൂയോ വൃണീഷ്വേതി തമൂചതുഃ. 46

| | | | |
|---|---|---|---|
| തഥാ ഇതി | 'അങ്ങനെയാകട്ടെ' എന്നു് സമ്മതിച്ച് | സ്വഗുരവേ | സ്വന്തം ഗുരുനാഥനു് |
| തേന | ആ യമനാൽ | ദത്വാ | കൊടുത്തശേഷം |
| ഉപാനീതം | കൊണ്ടുവന്നു നല്കപ്പെട്ട | ഭൂയഃ | വീണ്ടും |
| ഗുരുപുത്രം | ഗുരുപുത്രനെ കൂട്ടിക്കൊണ്ടുവന്നു് | വൃണീഷ്വ | 'ആവശ്യമുള്ളതു ചോദിക്കാം' |
| യദൂത്തമൌ | രാമകൃഷ്ണന്മാർ | ഇതി തം | എന്നു് അദ്ദേഹത്തോട് |
| | | ഊചതുഃ | പറഞ്ഞു. |

ഗുരുരുവാച=ഗുരു പറഞ്ഞു :—

സമ്യക് സംപാദിതോ വത്സ ഭവദ്ഭ്യാം ഗുരുനിഷ്ക്രയഃ
കോ നു യുഷ്മദ്വിധഗുരോഃ കാമാനാമവശിഷ്യതേ. 47

| | | | |
|---|---|---|---|
| വത്സ | ഉണ്ണീ! | യുഷ്മദ്വിധഗുരോഃ | നിങ്ങളെപ്പോലുള്ളവരുടെ ഗുരുവായിത്തീർന്ന എനിക്ക് |
| ഭവദ്ഭ്യാം | നിങ്ങൾ രണ്ടുപേരാലും | | |
| ഗുരുനിഷ്ക്രയഃ | ഗുരുവിനുള്ള പ്രതിഫലം | | |
| സമ്യക് | നല്ലപോലെ | കാമാനാം | ആഗ്രഹങ്ങളിൽവെച്ച് |
| സംപാദിതഃ | നേടിക്കൊടുക്കപ്പെട്ടിരിക്കുന്നു. | കഃ നു | ഏതൊന്നാണ് ഇനി |
| | | അവശിഷ്യതേ | ബാക്കിനില്ക്കുന്നത് ? |

ഗച്ഛതം സ്വഗൃഹം വീരൌ കീർത്തിർവ്വാമസ്തു പാവനീ
ഛന്ദാംസ്യയാതയാമാനി ഭവന്ത്വിഹ പരത്ര ച. 48

| | | | |
|---|---|---|---|
| വീരൌ | വീരന്മാരേ! | ഇഹ | ഇഹലോകത്തിലും, |
| സ്വഗൃഹം | സ്വഗൃഹത്തിലേക്ക് | പരത്ര ച | പരലോകത്തിലും |
| ഗച്ഛതം | പൊയ്ക്കൊള്ളുവിൻ. | ഛന്ദാംസി | പഠിച്ച വിദ്യകൾ |
| വാം | നിങ്ങൾക്കിരുവർക്കും | അയാതയാമാനി | കാലപ്പഴക്കംകൊണ്ടു പതറിപ്പോകാത്തവയായി |
| പാവനീ | വിശുദ്ധമായ | | |
| കീർത്തിഃ അസ്തു | കീർത്തി ഭവിക്കട്ടെ. | ഭവന്തു | ഭവിക്കട്ടെ. |

ഗുരുണൈവമനുജ്ഞാതൌ രഥേനാനിലരംഹസാ
ആയാതൌ സ്വപുരം താത പർജ്ജന്യനിനദേന വൈ. 49

| | | | |
|---|---|---|---|
| താത | വത്സ പരീക്ഷിത്തേ! | പർജ്ജന്യ-നിനദേന | മേഘഗർജ്ജനംപോലെ മുഴക്കമുള്ളതും ആയ |
| ഏവം ഗുരുണാ | ഇങ്ങനെ ഗുരുവിനാൽ | | |
| അനുജ്ഞാതൌ | അനുജ്ഞചെയ്യപ്പെട്ട അവർ | രഥേന | തേരിൽ കയറി |
| | | സ്വപുരം | സ്വനഗരിയിലേക്ക് |
| അനിലരംഹസാ | വായുവേഗമുള്ളതും | ആയാതൌ വൈ | തിരിച്ചെത്തുകയുംചെയ്തു. |

സമനന്ദൻ പ്രജാഃ സർവ്വാ ദൃഷ്ട്വാ രാമജനാർദ്ദനൌ
അപശ്യന്ത്യോ ബഹ്വഹാനി നഷ്ടലബ്ധധനാ ഇവ. 50

| | | | |
|---|---|---|---|
| ബഹൂന്യഹാനി | വളരെ ദിവസങ്ങളോളം | ദൃഷ്ട്വാ | കണ്ടിട്ട് |
| അപശ്യന്ത്യഃ | കാണാതെയിരുന്ന | നഷ്ടലബ്ധധനാഃ ഇവ | കാണാതെപോയ മുതൽ കണ്ടുകിട്ടിയ ആളുകളെന്നപോലെ |
| സർവ്വാഃ പ്രജാഃ | പ്രജകളെല്ലാം | സമനന്ദൻ | സന്തോഷിച്ചു. |
| രാമജനാർദ്ദനൌ | രാമകൃഷ്ണന്മാരെ | | |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഗുരുപുത്രാനയനം നാമ പഞ്ചചത്വാരിംശോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1828.

## ഷട്ചത്വാരിംശോഽദ്ധ്യായഃ—നാല്പത്താറാമദ്ധ്യായം.

[ഷട്ചത്വാരിംശകേ ഘോഷമുദ്ധവം പ്രേഷ്യ തദ്ഗിരാ
യശോദാനന്ദയോശ്ചക്രേ കൃഷ്ണഃ ശോകാപനോദനം]

(ഭഗവാൻ ഉദ്ധവനെ ഗോകുലത്തിലേക്കയച്ച് യശോദാനന്ദന്മാരുടെ ദുഃഖമകററുന്നത്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

വൃഷ്ണീനാം പ്രവരോ മന്ത്രീ കൃഷ്ണസ്യ ദയിതഃ സഖാ
ശിഷ്യോ ബൃഹസ്പതേഃ സാക്ഷാദുദ്ധവോ ബുദ്ധിസത്തമഃ. 1

| | | | |
|---|---|---|---|
| ഉദ്ധവഃ | ഉദ്ധവൻ | ദയിതഃ | പ്രിയപ്പെട്ട |
| വൃഷ്ണീനാം | വൃഷ്ണിവംശക്കാരിൽ വെച്ച് | സഖാ | കൂട്ടുകാരനും, |
| പ്രവരഃ | പ്രമുഖനും, | ബൃഹസ്പതേഃ | ദേവഗുരുവിന്റെ |
| മന്ത്രീ | അവരുടെ കാര്യോപദേഷ്ടാവും, | സാക്ഷാത് ശിഷ്യഃ | നേരെ ശിഷ്യനും, |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ | ബുദ്ധിസത്തമഃ | ബുദ്ധിശക്തികൊണ്ട് ശ്രേഷ്ഠനും ആയിരുന്നു. |

തമാഹ ഭഗവാൻ പ്രേഷ്ഠം ഭക്തമേകാന്തിനം ക്വചിത്
ഗൃഹീത്വാ പാണിനാ പാണിം പ്രപന്നാർത്തിഹരോ ഹരിഃ. 2

| | | | |
|---|---|---|---|
| പ്രപന്നാർത്തിഹരഃ | ശരണാഗതന്മാരുടെ സങ്കടം തീർക്കുന്നവനും, | തം | അദ്ദേഹത്തെ |
| ഭഗവാൻ | സർവ്വജ്ഞനും ആയ | ക്വചിത് | ആരുമില്ലാത്ത ഒരിടത്തു വെച്ച് |
| ഹരിഃ | ശ്രീഹരി | പാണിനാ | കരത്താൽ |
| ഏകാന്തിനം | ഏകാന്തഭാവത്തോടു കൂടിയ | പാണിം ഗൃഹീത്വാ | കരം പിടിച്ച് |
| ഭക്തം | ഭക്തനും | ആഹ | പറഞ്ഞു. |
| പ്രേഷ്ഠം | അതിപ്രിയനമായ | | |

ഗച്ഛോദ്ധവ വ്രജം സൌമ്യ പിത്രോർന്നൌ പ്രീതിമാവഹ
ഗോപീനാം മദ്വിയോഗാധിം മത്സന്ദേശൈർവ്വിമോചയ. 3

| | |
|---|---|
| സൌമ്യ | "ശാന്തശീലനായ |
| ഉദ്ധവ | ഉദ്ധവരെ ! |
| വ്രജം | ഗോകുലത്തിലേക്ക് |
| ഗച്ഛ | താങ്കളൊന്നു പോകണം. |
| നൌ | ഞങ്ങളുടെ |
| പിത്രോഃ | അച്ഛനമ്മമാക്ക് |
| പ്രീതിം | സന്തോഷത്തെ |
| ആവഹ | ഉളവാക്കണം. |
| ഗോപീനാം | ഗോപികമാക്ക് |
| മദ്വിയോഗാധിം | എന്റെ വേർപാടു കൊണ്ടു നേരിട്ടിരിക്കുന്ന മനോവ്യഥയെയും |
| മത്സന്ദേശൈഃ | എന്റെ സന്ദേശവചനങ്ങളാൽ |
| വിമോചയ | അകററിക്കളയണം. |

താ മന്മനസ്കാ മത്പ്രാണാ മദർത്ഥേ ത്യക്തദൈഹികാഃ
യേ ത്യക്തലോകധർമ്മാശ്ച മദർത്ഥേ താൻ ബിഭർമ്മ്യഹം. 4

| | |
|---|---|
| താഃ | "ആ ഗോപികൾ |
| മന്മനസ്കാഃ | എന്നിൽത്തന്നെ മനസ്സർപ്പിച്ചവരും, |
| മത്പ്രാണാഃ | എനിക്കുവേണ്ടി ജീവസന്ധാരണം ചെയ്യുന്നവരും, |
| മദർത്ഥേ | എന്നെ ലഭിക്കുവാനായി |
| ത്യക്ത-ദൈഹികാഃ | ദേഹസംബന്ധികളായ ഭർത്തൃപുത്രാദികളെ ഉപേക്ഷിച്ചവരും ആകുന്നു. |
| യേ | യാതൊരുവർ |
| മദർത്ഥേ ച | എന്റെ പ്രീതിക്കു വേണ്ടിമാത്രം |
| ത്യക്തലോക-ധർമ്മാഃ | ലോകസുഖങ്ങളേയും ധർമ്മാചാരങ്ങളേയും ഉപേക്ഷിച്ചിരിക്കുന്നുവോ, |
| താൻ അഹം | അവരെ ഞാൻ |
| ബിഭർമ്മി | ഏറെറടുക്കുന്നതാണ്. |

മയി താഃ പ്രേയസാം പ്രേഷ്ഠേ ദൂരസ്ഥേ ഗോകുലസ്ത്രിയഃ
സ്മരന്ത്യോഽംഗ വിമുഹ്യന്തി വിരഹൌത്കണ്ഠ്യവിഹ്വലാഃ. 5

| | |
|---|---|
| അംഗ | "സ്നേഹത ! |
| പ്രേയസാം | അതിപ്രിയതയുള്ള എല്ലാററിലുംവെച്ച് |
| പ്രേഷ്ഠേ മയി | അവക്ക് അതിപ്രിയതയുള്ളവനായ ഞാൻ |
| ദൂരസ്ഥേ | അകലെ പിരിഞ്ഞിരിക്കുമ്പോൾ |
| താഃ | ആ |
| ഗോകുലസ്ത്രിയഃ | ഗോകുലസ്ത്രീകൾ |
| സ്മരന്ത്യഃ | എന്നെമാത്രം ഉള്ളിൽ കരുതിക്കൊണ്ട് |
| വിരഹൌ-ത്കണ്ഠ്യ-വിഹ്വലാഃ | വിരഹംകൊണ്ടുള്ള മനഃശ്ശല്യത്താൽ വിവശകളായി |
| വിമുഹ്യന്തി | തളർന്നിരിക്കുന്നുണ്ടാവും. |

ധാരയന്ത്യതികൃച്ഛ്രേണ പ്രായഃ പ്രാണാൻ കഥഞ്ചന
പ്രത്യാഗമനസന്ദേശൈർബ്ബല്ലവ്യോ മേ മദാത്മികാഃ. 6

| | | | |
|---|---|---|---|
| പ്രത്യാഗമന-സന്ദേശൈഃ | "ഗോകുലത്തിൽനിന്നു വിട്ടുപോരുമ്പോഴം 'വേഗം വന്നുകൊള്ളാ'മെന്ന് ഏററുപറഞ്ഞ എന്റെ സന്ദേശവചനങ്ങളാൽ | മേ വല്ലവ്യഃ | എന്റെ ഗോപികമാർ |
| | | കഥഞ്ചന | ഏതോതരത്തിൽ |
| | | അതികൃച്ഛ്രേണ | വളരെ ക്ലേശിച്ചുകൊണ്ട് |
| | | പ്രായഃ | ഏതാണ്ടൊക്കെ |
| മദാത്മികാഃ | എന്നിൽത്തന്നെ ആത്മാർപ്പണം ചെയ്തിരിക്കുന്ന | പ്രാണാൻ | ജീവിതത്തെ |
| | | ധാരയന്തി | ധരിക്കുന്നുണ്ടാകാം." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യുക്ത ഉദ്ധവോ രാജൻ സന്ദേശം ഭർത്തുരാദൃതഃ
ആദായ രഥമാരുഹ്യ പ്രയയൗ നന്ദഗോകുലം. 7

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ആദൃതഃ | ആദരവോടുകൂടി |
| ഇതി ഉക്തഃ | ഇങ്ങനെ ചൊല്ലപ്പെട്ട | ആദായ | സ്വീകരിച്ച് |
| ഉദ്ധവഃ | ഉദ്ധവൻ | രഥം ആരുഹ്യ | തേരിൽ കയറി |
| ഭർത്തുഃ | തന്റെ സ്വാമിയുടെ | നന്ദഗോകുലം | നന്ദഗോകുലത്തിലേക്ക് |
| സന്ദേശം | സന്ദേശത്തെ | പ്രയയൗ | പ്രയാണംചെയ്തു. |

പ്രാപ്തോ നന്ദവ്രജം ശ്രീമാൻ നിമ്ലോചതി വിഭാവസൗ
ഛന്നയാനഃ പ്രവിശതാം പശൂനാം ഖുരരേണുഭിഃ. 8

| | | | |
|---|---|---|---|
| വിഭാവസൗ | ആദിത്യൻ | | മൺപൊടികളാൽ |
| നിമ്ലോചതി | അസ്തമിക്കുന്നനേരത്ത് | ഛന്നയാനഃ | ആച്ഛാദിതമായ രഥത്തോടുകൂടിയവനായിട്ട് |
| പ്രവിശതാം | വ്രജത്തിലേക്ക് വന്നുചേരുന്ന | ശ്രീമാൻ | ശ്രീമാനായ ഉദ്ധവൻ |
| പശൂനാം | കന്നുകാലികളുടെ | നന്ദവ്രജം | നന്ദഗോകുലത്തിലേക്ക് |
| ഖുരരേണുഭിഃ | കുളമ്പുതട്ടിപ്പൊങ്ങിയ | പ്രാപ്തഃ | എത്തിച്ചേർന്നു. |

വാസിതാർത്ഥേഽഭിയുധ്യദ്ഭിർന്നാദിതം ശുഷ്മിഭിർവൃഷൈഃ
ധാവന്തീഭിശ്ച വാസ്രാഭിരുധോഭാരൈഃ സ്വവത്സകാൻ. 9
ഇതസ്തതോ വിലംഘദ്ഭിർഗ്ഗോവത്സൈർമ്മണ്ഡിതം സിതൈഃ
ഗോദോഹശബ്ദാഭിരവൈർവ്വേണൂനാം നിഃസ്വനേന ച. 10
ഗായന്തീഭിശ്ച കർമ്മാണി ശുഭാനി ബലകൃഷ്ണയോഃ
സ്വലംകൃതാഭിർഗ്ഗോപീഭിർഗ്ഗോപൈശ്ച സുവിരാജിതം. 11
അഗ്ന്യർക്കാതിഥിഗോവിപ്രപിതൃദേവാർച്ചനാന്വിതൈഃ
ധൂപദീപൈശ്ച മാല്യൈശ്ച ഗോപാവാസൈർമ്മനോരമം. 12
സർവ്വതഃ പുഷ്പിതവനം ദ്വിജാളികുലനാദിതം
ഹംസകാരണ്ഡവാകീർണ്ണൈഃ പദ്മഷണ്ഡൈശ്ച മണ്ഡിതം. 13

| | |
|---|---|
| വാസിതാർത്ഥേ | ഋതുമതികളായ ഗോക്കൾക്കുവേണ്ടി |
| അഭിയുദ്ധ്യദ്ഭിഃ | അന്യോന്യം കലഹിക്കുന്ന |
| ശുഷ്മിഭിഃ | മദിച്ച |
| വൃഷൈഃ | വൃഷഭങ്ങളാൽ |
| നാദിതം | ശബ്ദമുണ്ടാക്കപ്പെട്ടിരിക്കുന്നതായി,— |
| ഊധോഭാരൈഃ | അകിടിന്റെ കനംകൊണ്ട് |
| സ്വവത്സകാൻ | സ്വന്തം കുട്ടികളുടെ നേരെ |
| ധാവന്തീഭിഃ | പാഞ്ഞുചെല്ലുന്ന |
| വാസ്രാഭിഃ ച | പെററപശുക്കളാലും, |
| ഇതഃ തതഃ | അങ്ങുമിങ്ങും |
| വിലംഘദ്ഭിഃ | ചാടിനടക്കുന്ന |
| സിതൈഃ | വെളുത്ത |
| ഗോവത്സൈഃ | കാളക്കുട്ടികളാലും, |
| ഗോദോഹശബ്ദാഭിരവൈഃ | പൈക്കറക്കുന്ന ശബ്ദത്തോടിടകലൎന്ന കോലാഹലങ്ങളാലും, |
| വേണൂനാം | പുല്ലാങ്കുഴലുകളുടെ |
| നിഃസ്വനേന ച | നാദത്താലും |
| മണ്ഡിതം | അലങ്കൃതമായി,— |
| ബലകൃഷ്ണയോഃ | രാമകൃഷ്ണന്മാരുടെ |
| ശുഭാനി | മംഗളകരങ്ങളായ |
| കർമ്മാണി | ലീലകളെ |
| ഗായന്തീഭിഃ | പാടിക്കൊണ്ടിരിക്കുന്നവരും, |
| സ്വലംകൃതാഭിഃ | നന്നായലങ്കരിക്കപ്പെട്ടവരും ആയ |
| ഗോപീഭിഃ | ഗോപികമാരാലും, |
| ഗോപൈഃ ച | ഗോപന്മാരാലും |
| സുവിരാജിതം | പ്രശോഭിക്കുന്നതായി,— |
| അഗ്ന്യർക്കാതിഥിഗോവിപ്രപിതൃദേവാർച്ചനാന്വിതൈഃ | അഗ്നി, ആദിത്യൻ, അതിഥികൾ, പശുക്കൾ, ബ്രാഹ്മണർ, പിതൃക്കൾ, ദേവന്മാർ എന്നിവരുടെ ആരാധനകളോടുകൂടിയ |
| ഗോപാവാസൈഃ | ഗോപഗൃഹങ്ങളാലും, |
| ധൂപദീപൈഃ ച | ധൂപദീപങ്ങളാലും, |
| മാല്യൈഃ ച | പുഷ്പമാലകളാലും |
| മനോരമം | ഹൃദയാകർഷമായി,— |
| സർവ്വതഃ | നാലുപാടും |
| പുഷ്പിതവനം | പൂത്തുനില്ക്കുന്ന വനങ്ങളോടുകൂടിയതായി,— |
| ദ്വിജാളികുലനാദിതം | പക്ഷികളും വണ്ടുകളും ശബ്ദിച്ചുകൊണ്ടുള്ളതായി,— |
| ഹംസകാരണ്ഡവാകീർണ്ണൈഃ | അരയന്നങ്ങളും, കുളക്കോഴികളും നിറഞ്ഞ |
| പദ്മഷണ്ഡൈഃ | താമരപ്പൂസമൂഹങ്ങളാൽ |
| മണ്ഡിതം ച | അലങ്കൃതവുമായി (സ്ഥിതിചെയ്യുന്ന നന്ദഗോകുലത്തിലേക്ക് ഉദ്ധവർ എത്തിച്ചേർന്നു.) |

തമാഗതം സമാഗമ്യ കൃഷ്ണസ്യാനുചരം പ്രിയം
നന്ദഃ പ്രീതഃ പരിഷ്വജ്യ വാസുദേവധിയാഽർച്ചയത്. 14

| | |
|---|---|
| ആഗതം | അവിടെ എത്തിയ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| പ്രിയം | പ്രിയപ്പെട്ട |
| തം അനുചരം | ആ സേവകനെ |
| സമാഗമ്യ | എതിരേററ സ്വീകരിച്ച്, |
| പരിഷ്വജ്യ | ഗാഢാലിംഗനംചെയ്ത് |
| പ്രീതഃ | പ്രീതനായിത്തീൎന്ന |
| നന്ദഃ | നന്ദഗോപർ |
| വാസുദേവധിയാ | സാക്ഷാൽ ശ്രീവാസുദേവനാണെന്ന വിചാരത്തോടെ |
| ആർച്ചയത് | ആദരപൂർവ്വം ഉപചരിച്ചു. |

ഭോജിതം പരമാന്നേന സംവിഷ്ടം കശിപൌ സുഖം
ഗതശ്രമം പര്യ്യപൃച്ഛത് പാദസംവാഹനാദിഭിഃ. 15

| | | | |
|---|---|---|---|
| പരമാന്നേന | പായസാദിവിശിഷ്ട ഭോജ്യത്താൽ | പാദ-സംവാഹനാദിഭിഃ | കാൽ തലോടിക്കൊടുക്കുക മുതലായ പരിചര്യ്യകളാൽ |
| ഭോജിതം | ഭുജിപ്പിക്കപ്പെട്ടവനായി, | ഗതശ്രമം | യാത്രാക്ഷീണം തീൎന്നവനായി സ്ഥിതിചെയ്യുന്ന ഉദ്ധവനോട് |
| കശിപൌ | മെത്തമേൽ | | |
| സുഖം | സുഖത്തോടെ | | |
| സംവിഷ്ടം | ഉപവിഷ്ടനായി, | പര്യ്യപൃച്ഛത് | ഈവിധം ചോദിച്ചു. |

കച്ചിദംഗ മഹാഭാഗ സഖാ നഃ ശൂരനന്ദനഃ
ആസ്തേ കുശല്യപത്യാദ്യൈൎയ്യുക്തോ മുക്തഃ സുഹൃദ്വൃതഃ. 16

| | | | |
|---|---|---|---|
| മഹാഭാഗ | " മഹാഭാഗ്യവാനായ | അപത്യാദ്യൈഃ | പുത്രാദികളോട് |
| അംഗ | സ്നേഹിത! | യുക്തഃ | യുക്തനായും, |
| നഃ സഖാ | ഞങ്ങളുടെ സഖാവായ | സുഹൃദ്വൃതഃ | ബന്ധുജനങ്ങളാൽ പരിവൃതനായും, |
| ശൂരനന്ദനഃ | വസുദേവൻ | കുശലീ | ക്ഷേമസമ്പന്നനായും |
| മുക്തഃ | ബന്ധനവിമുക്തനായി, | ആസ്തേ കച്ചിത് | കഴിയുന്നില്ലേ? |

ദിഷ്ട്യാ കംസോ ഹതഃ പാപഃ സാനുഗഃ സ്വേന പാപ്മനാ
സാധൂനാം ധൎമ്മശീലാനാം യദൂനാം ദ്വേഷ്ടി യഃ സദാ. 17

| | | | |
|---|---|---|---|
| യഃ | " യാതൊരുവൻ | പാപഃ | ആ മഹാപാപിയായ |
| സാധൂനാം | സത്തുക്കളും, | കംസഃ സ്വേന | കംസൻ തന്റെ |
| ധൎമ്മശീലാനാം | ധാൎമ്മികന്മാരും ആയ | പാപ്മനാ | ദുരിതം കാരണം |
| യദൂനാം | യദുക്കൾക്ക് | സാനുഗഃ | അനുയായികളോടുകൂടി |
| സദാ | എപ്പോഴും | ഹതഃ | കൊല്ലപ്പെട്ടു എന്നതു് |
| ദ്വേഷ്ടി | ഉപദ്രവം ചെയ്തുകൊണ്ടിരുന്നുവോ, | ദിഷ്ട്യാ | സന്തോഷകരംതന്നെ. |

അപി സ്മരതി നഃ കൃഷ്ണോ മാതരം സുഹൃദഃ സഖീൻ
ഗോപാൻ വ്രജം ചാത്മനാഥം ഗാവോ വൃന്ദാവനം ഗിരിം. 18

| | | | |
|---|---|---|---|
| കൃഷ്ണഃ നഃ | " കൃഷ്ണൻ നമ്മെയും, | വ്രജം | ഗോകുലത്തേയും, |
| മാതരം | അമ്മയേയും, | ഗാവഃ | പശുക്കളേയും, |
| സുഹൃദഃ | ബന്ധുക്കളേയും, | വൃന്ദാവനം | വൃന്ദാവനത്തേയും, |
| സഖീൻ | ചങ്ങാതിമാരായ | | |
| ഗോപാൻ | ഗോപന്മാരേയും, | ഗിരിം ച | ഗോവൎദ്ധനത്തേയും |
| ആത്മനാഥം | താൻ രക്ഷിതാവായുള്ള | അപി സ്മരതി | ഓൎക്കാറുണ്ടോ? |

അപ്യായാസ്യതി ഗോവിന്ദഃ സ്വജനാൻ സകൃദീക്ഷിതും
തർഹി ദ്രക്ഷ്യാമ തദ്വക്ത്രം സുനസം സുസ്മിതേക്ഷണം. 19

| | |
|---|---|
| സ്വജനാൻ | "സ്വജനങ്ങളെ |
| ഈക്ഷിതും | കാണ്മാൻ |
| സകൃത് | ഒരിക്കലെങ്കിലും |
| ഗോവിന്ദഃ | ഗോവിന്ദൻ |
| അപി ആയാസ്യതി | ഇവിടേക്ക് വരുമോ? |
| തർഹി | എന്നാൽ |
| സുനസം | അഴകാർന്ന നാസികയോടും |
| സുസ്മിതേക്ഷണം | ആകർഷകമായ മന്ദഹാസത്തോടുചേർന്ന നോട്ടത്തോടും കൂടിയ |
| തദ്വക്ത്രം | അവന്റെ മുഖത്തെ |
| ദ്രക്ഷ്യാമ | ഞങ്ങൾക്കൊന്നു കാണാമല്ലോ. |

ദാവാഗ്നേർവ്വാതവർഷാച്ച വൃഷസർപ്പാച്ച രക്ഷിതാഃ
ദുരത്യയേഭ്യോ മൃത്യുഭ്യഃ കൃഷ്ണേന സുമഹാത്മനാ. 20

| | |
|---|---|
| ദാവാഗ്നേഃ | "കാട്ടുതീയിൽനിന്നും, |
| വാതവർഷാത് ച | കാററും മഴയും ഉണ്ടായതിൽനിന്നും |
| വൃഷസർപ്പാത് | കാളയായിട്ടും പാമ്പായിട്ടും വന്നിരുന്ന അസുരന്മാരിൽനിന്നും, |
| ദുരത്യയേഭ്യഃ | ദുരതിക്രമങ്ങളായ |
| മൃത്യുഭ്യഃ ച | വേറിട്ടു പല നാശങ്ങളിൽനിന്നും |
| സുമഹാത്മനാ | മഹാമനസ്കനായ |
| കൃഷ്ണേന | കൃഷ്ണനാൽ |
| രക്ഷിതാഃ | ഞങ്ങൾ രക്ഷിക്കപ്പെട്ടവരാകുന്നു. |

സ്മരതാം കൃഷ്ണവീര്യാണി ലീലാപാംഗനിരീക്ഷിതം
ഹസിതം ഭാഷിതം ചാംഗ സർവ്വാ നഃ ശിഥിലാഃ ക്രിയാഃ. 21

| | |
|---|---|
| അംഗ | "ഹേ ഉദ്ധവ! |
| കൃഷ്ണവീര്യാണി | കൃഷ്ണന്റെ വീരകൃത്യങ്ങളേയും, |
| ലീലാപാംഗനിരീക്ഷിതം | ലീലയോടുചേർന്ന കടക്കൺനോട്ടത്തെയും, |
| ഹസിതം | ഓമൽപ്പുഞ്ചിരിയേയും, |
| ഭാഷിതം ച | മധുരഭാഷണത്തേയും |
| സ്മരതാം നഃ | ഓർക്കുന്ന ഞങ്ങളുടെ |
| സർവ്വാഃ ക്രിയാഃ | എല്ലാ പ്രവൃത്തികളും |
| ശിഥിലാഃ | അയഞ്ഞുലഞ്ഞവയായിരിക്കുന്നു. |

സരിച്ഛൈലവനോദ്ദേശാൻ മുകുന്ദപദഭൂഷിതാൻ
ആക്രീഡാനീക്ഷമാണാനാം മനോ യാതി തദാത്മതാം. 22

| | |
|---|---|
| മുകുന്ദപദഭൂഷിതാൻ | "കൃഷ്ണന്റെ കാലടിപ്പാടുകളാൽ അലങ്കൃതങ്ങളായ |
| സരിച്ഛൈലവനോദ്ദേശാൻ | യമുനാനദി, ഗോവർദ്ധനമല വൃന്ദാവനപ്രദേശം എന്നിവയേയും, |
| ആക്രീഡാനി | ക്രീഡാസ്ഥലങ്ങളേയും |
| ഈക്ഷമാണാനാം | കാണുന്ന ഞങ്ങളുടെ |
| മനഃ | മനസ്സ് |
| തദാത്മതാം | തദാകാരതയെ |
| യാതി | പ്രാപിക്കുന്നു. (ശ്രീകൃഷ്ണമയമായിത്തീരുന്നു.) |

മന്യേ കൃഷ്ണം ച രാമം ച പ്രാപ്താവിഹ സുരോത്തമൌ
സുരാണാം മഹദർത്ഥായ ഗർഗ്ഗസ്യ വചനം യഥാ. 23

| | | | |
|---|---|---|---|
| സുരാണാം | "ദേവന്മാരുടെ | കൃഷ്ണം ച | കൃഷ്ണനേയും |
| അർത്ഥായ | കാര്യത്തിന്നായി | മന്യേ | ഞാൻ കരുതുന്നു. |
| ഇഹ | ഈ ലോകത്തിൽ | ഗർഗ്ഗസ്യ | ഗർഗ്ഗമഹർഷിയുടെ |
| പ്രാപ്തൌ | വന്നവതരിച്ച | മഹത് | മഹത്തായുള്ള |
| സുരോത്തമൌ | രണ്ടു ദേവശ്രേഷ്ഠന്മാരായി | വചനം | പ്രവചനം |
| രാമം ച | രാമനേയും, | യഥാ | യഥാർത്ഥമത്രേ. |

കംസം നാഗായുതപ്രാണം മല്ലൌ ഗജപതിം തഥാ
അവധിഷ്ടാം ലീലയൈവ പശൂനിവ മൃഗാധിപഃ. 24

| | | | |
|---|---|---|---|
| നാഗായുത— പ്രാണം | "പതിനായിരം ആനകളുടെ ബലമുള്ള | ഗജപതിം | ഗജശ്രേഷ്ഠനേയും |
| | | ലീലയാ ഏവ | ലീലയായിട്ടുതന്നെ |
| കംസം | കംസനേയും, | മൃഗാധിപഃ | സിംഹം |
| മല്ലൌ | മല്ലന്മാരേയും, | പശൂൻ ഇവ | പശുക്കളെ എന്നപോലെ |
| തഥാ | അപ്രകാരം | അവധിഷ്ടാം | അവർ കൊന്നുകളഞ്ഞു. |

താലത്രയം മഹാസാരം ധനുര്യ്യഷ്ടിമിവേഭരാട്
ബഭഞ്ജൈകേന ഹസ്തേന സപ്താഹമദധാദ്ഗിരിം. 25

| | | | |
|---|---|---|---|
| താലത്രയം | "മൂന്നു കരിമ്പനപ്രമാണമുള്ളതും, | ഇവ | ഒടിക്കുന്നപോലെ |
| മഹാസാരം | വളരെ ഉറപ്പുള്ളതും ആയ | ഏകേന ഹസ്തേന | ഒററക്കൈയാൽ |
| | | ബഭഞ്ജ | ഒടിച്ചു; |
| ധനുഃ | വില്ലിനെ | ഗിരിം | മാമലയെ |
| ഇഭരാട് | ഒരാനത്തലവൻ | സപ്താഹം | ഏഴുനാൾ |
| യഷ്ടിം | വടിയെ | അദധാത് | താങ്ങിനിന്നു. |

പ്രലംബോ ധേനുകോഽരിഷ്ടസ്തൃണാവർത്തോ ബകാദയഃ
ദൈത്യാഃ സുരാസുരജിതോ ഹതാ യേനേഹ ലീലയാ 26

| | | | |
|---|---|---|---|
| യേന | "യാതൊരു ആ കൃഷ്ണനാൽ | തൃണാവർത്തഃ | തൃണാവർത്തൻ, |
| സുരാസുരജിതഃ | ദേവന്മാരേയും അസുരന്മാരേയും ജയിച്ചവരായ | ബകാദയഃ | ബകൻ മുതലായ |
| | | ദൈത്യാഃ | അസുരന്മാർ |
| പ്രലംബഃ | പ്രലംബൻ, | ഇഹ | ഇവിടെവെച്ച് |
| ധേനുകഃ | ധേനുകൻ, | ലീലയാ | അനായാസേന |
| അരിഷ്ടഃ | അരിഷ്ടൻ, | ഹതാഃ | വധിക്കപ്പെട്ടു." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇതി സംസ്മൃത്യ സംസ്മൃത്യ നന്ദഃ കൃഷ്ണാനുരക്തധീഃ
അത്യുൽകണ്ഠോഽഭവത്തൂഷ്ണീം പ്രേമപ്രസരവിഹ്വലഃ. 27

| | |
|---|---|
| ഇതി | ഈ വിധം |
| സംസ്മൃത്യ സംസ്മൃത്യ | ഓരോന്നായി ആലോചിച്ചാലോചിച്ച് |
| അത്യുൽകണ്ഠഃ | അധികമായ വെമ്പലാർന്നവനും, |
| പ്രേമപ്രസര- വിഹ്വലഃ | പ്രേമപ്രകർഷത്താൽ വിവശനും, |
| കൃഷ്ണാനുരക്തധീഃ | ശ്രീകൃഷ്ണനിൽത്തന്നെ ലയിച്ചുചേർന്ന ഹൃദയത്തോടുകൂടിയവനും ആയ |
| നന്ദഃ | നന്ദഗോപർ |
| തൂഷ്ണീം അഭവത് | മൌനമവലംബിച്ചു. (പിന്നെ ഒന്നും പറവാൻ ശക്തനായില്ല.) |

യശോദാ വർണ്ണ്യമാനാനി പുത്രസ്യ ചരിതാനി ച
ശൃണ്വന്ത്യശ്രൂണ്യവാസ്രാക്ഷീത് സ്നേഹസ്നുതപയോധരാ. 28

| | |
|---|---|
| പുത്രസ്യ | മകന്റെ |
| ചരിതാനി | വൃത്താന്തങ്ങളെ |
| വർണ്ണ്യമാനാനി | വർണ്ണിക്കപ്പെടുന്നതു് |
| ശൃണ്വന്തീ | കേട്ടുകൊണ്ടു നില്ക്കുന്ന |
| യശോദാ ച | യശോദാദേവിയാകട്ടെ |
| സ്നേഹസ്നുത- പയോധരാ | സ്നേഹത്താൽ ചുരന്ന സ്തനങ്ങളോടുകൂടിയവളായിട്ടു് |
| അശ്രൂണി | കണ്ണീർക്കണങ്ങളെ |
| അവാസ്രാക്ഷീത് | ചൊരിഞ്ഞു. |

തയോരിത്ഥം ഭഗവതി കൃഷ്ണേ നന്ദയശോദയോഃ
വീക്ഷ്യാനുരാഗം പരമം നന്ദമാഹോദ്ധവോ മുദാ. 29

| | |
|---|---|
| ഇത്ഥം | ഇപ്രകാരം |
| തയോഃ നന്ദ- യശോദയോഃ | ആ നന്ദഗോപർക്കും യശോദക്കും |
| ഭഗവതി | ഷഡ്ഗുണപൂർണ്ണനായ |
| കൃഷ്ണേ | ശ്രീകൃഷ്ണനിൽ ഉണ്ടായിരിക്കുന്ന |
| പരമം | ഉൽകൃഷ്ടമായ |
| അനുരാഗം | സ്നേഹഭാവത്തെ |
| വീക്ഷ്യ മുദാ | കണ്ടു് സന്തോഷത്തോടെ |
| ഉദ്ധവഃ | ഉദ്ധവൻ |
| നന്ദം | നന്ദഗോപരോടു |
| ആഹ | പറഞ്ഞു. |

ഉദ്ധവ ഉവാച=ഉദ്ധവൻ പറഞ്ഞു :—

യുവാം ശ്ലാഘ്യതമൌ നൂനം ദേഹിനാമിഹ മാനദ
നാരായണേഽഖിലഗുരൌ യത് കൃതാ മതിരീദൃശീ 30

| | |
|---|---|
| മാനദ | ഞങ്ങൾക്കെല്ലാം അഭിമാനത്തെ നല്കുന്ന നന്ദഗോപരേ! |
| യുവാം | നിങ്ങൾ രണ്ടുപേരും |
| ഇഹ | ഈ ലോകത്തിലുള്ള |
| ദേഹിനാം | ശരീരികളിൽവെച്ചു് |
| ശ്ലാഘ്യതമൌ | ഏററവും ശ്ലാഘനീയരാകുന്നു ; |
| നൂനം | സംശയമില്ല. |
| യത് | എന്തെന്നാൽ |

| | |
|---|---|
| അഖിലഗുരൌ | സർവ്വാചാര്യനായ |
| നാരായണേ | ശ്രീനാരായണനിൽ |
| ഈദൃശീ | ഈവിധത്തിലുള്ള |
| മതിഃ | ചിത്തം |
| കൃതാ | അർപ്പിക്കപ്പെട്ടുവല്ലോ. |

ഏതൌ ഹി വിശ്വസ്യ ച ബീജയോനീ രാമോ മുകുന്ദഃ പുരുഷഃ പ്രധാനം
അന്വീയ ഭൂതേഷു വിലക്ഷണസ്യ ജ്ഞാനസ്യ ചേശാത ഇമൌ പുരാണൌ.

| | |
|---|---|
| മുകുന്ദഃ | ശ്രീകൃഷ്ണനും, |
| രാമഃ | ശ്രീബലരാമനും ആകുന്ന |
| ഏതൌ ഹി | ഇവർതന്നെയാണ് |
| വിശ്വസ്യ | പ്രപഞ്ചത്തിന്റെ |
| ബീജയോനീ | ബീജവും യോനിയും (ഉപാദാനകാരണവും, നിമിത്തകാരണവും). |
| പുരുഷഃ | പുരുഷനും |
| പ്രധാനം ച | പ്രകൃതിയും ഇവർതന്നെ. |
| പുരാണൌ | അനാദിയായ |
| ഇമൌ | ഇവർ |
| ഭൂതേഷു | സ്ഥാവരജംഗമശരീരങ്ങളിൽ |
| അന്വീയ | അനുപ്രവേശിച്ച്, അവയുടേയും, |
| വിലക്ഷണസ്യ | അവയിൽനിന്ന് വിഭിന്നമായി നില്ക്കുന്ന |
| ജ്ഞാനസ്യ ച | ജ്ഞാനസ്വരൂപനായ ജീവന്റെയും |
| ഈശാതേ | നിയന്താക്കളായിരിക്കുന്നു. |

യസ്മിഞ്ജനഃ പ്രാണവിയോഗകാലേ ക്ഷണം സമാവേശ്യ മനോ വിശുദ്ധം
നിർഹൃത്യ കർമ്മാശയമാശു യാതി പരാം ഗതിം ബ്രഹ്മമയോഽർക്കവർണ്ണഃ 32

| | |
|---|---|
| ജനഃ | മനുഷ്യൻ |
| പ്രാണവിയോഗകാലേ | ആത്മാവു വേർപെട്ടുപോകുന്ന നേരത്ത് |
| ക്ഷണം | തെല്ലിടയെങ്കിലും |
| വിശുദ്ധം | അന്യചിന്തയില്ലാതെ നിർമ്മലമായ |
| മനഃ | മനസ്സിനെ |
| യസ്മിൻ | യാതൊരു ഈ കൃഷ്ണരാമാത്മകമായ രൂപത്തിൽ |
| സമാവേശ്യ | ഉറപ്പിച്ച്, |
| കർമ്മാശയം | കർമ്മവാസനയെ |
| നിർഹൃത്യ | നശിപ്പിച്ചിട്ട് |
| ബ്രഹ്മമയഃ | ആത്മാനന്ദസ്വരൂപമായ ബ്രഹ്മഭാവത്തെ പ്രാപിച്ചവനായും, |
| അർക്കവർണ്ണഃ | സാത്വികതേജസ്സാൽ സൂര്യനെപ്പോലെ കാന്തിമാനായും ഭവിച്ച് |
| പരാം ഗതിം | പരമഗതിയെ |
| ആശു | അതിവേഗം |
| യാതി | പ്രാപിക്കുന്നു. |

തസ്മിൻ ഭവന്താവഖിലാത്മഹേതൌ നാരായണേ കാരണമർത്ത്യമൂർത്തൌ
ഭാവം വിധത്താം നിതരാം മഹാത്മൻ കിം വാഽവശിഷ്ടം യുവയോഃ സുകൃത്യം.

| | |
|---|---|
| ഭവന്തൌ | നിങ്ങൾ ഇരുവരും |
| അഖിലാത്മഹേതൌ | സർവ്വജഗത്തിന്റേയും ആത്മാവായും നിമിത്തമായും സ്ഥിതിചെയ്യുന്നവനും, |
| കാരണമർത്ത്യമൂർത്തൌ | കാരണത്താൽ മനുഷ്യശരീരം ധരിച്ചവനും, |
| മഹാത്മൻ | മഹാത്മാവും ആയ |
| തസ്മിൻ | ആ |
| നാരായണേ | ശ്രീനാരായണങ്കൽ |

| | | | |
|---|---|---|---|
| ഭാവം | പ്രേമഭാവത്തെ | യുവയോഃ | നിങ്ങൾ രണ്ടുപേൎക്കും |
| നിതരാം | കണക്കിലേറെ | സുകൃത്യം | സൽകൃത്യമെന്നതു് |
| | | അവശിഷ്ടം | } ഇനി ബാക്കിയായിട്ടു് |
| വിധത്താം | അൎപ്പിച്ചിരിക്കുന്നു. | കിം വാ | } എന്തിരിക്കുന്നു ? |

ആഗമിഷ്യത്യദീർഘേണ കാലേന വ്രജമച്യുതഃ
പ്രിയം വിധാസ്യതേ പിത്രോർഭഗവാൻ സാത്വതാം പതിഃ. 34

| | | | |
|---|---|---|---|
| ഭഗവാൻ | സൎവ്വജ്ഞനും | വ്രജം | ഗോകുലത്തിലേക്കു് |
| സാത്വതാം | ഭക്തജനങ്ങളുടെ | ആഗമിഷ്യതി | വരുന്നതാണു് ; |
| പതിഃ | പരിപാലകനും ആയ | പിത്രോഃ | അമ്മയച്ഛന്മാരായ |
| അച്യുതഃ | ശ്രീകൃഷ്ണൻ | | നിങ്ങൾക്കു് |
| അദീർഘേണ | ദീർഘിക്കാത്തതായ | പ്രിയം | പ്രീതിയെ |
| കാലേന | കാലംകൊണ്ടു് | വിധാസ്യതേ | ജനിപ്പിക്കുന്നതാണു്. |

ഹത്വാ കംസം രംഗമധ്യേ പ്രതീപം സൎവ്വസാത്വതാം
യദാഹ വഃ സമാഗത്യ കൃഷ്ണഃ സത്യം കരോതി തത്. 35

| | | | |
|---|---|---|---|
| രംഗമധ്യേ | മല്ലരംഗത്തിന്റെ | വഃ | നിങ്ങളെ |
| | മദ്ധ്യത്തിൽവെച്ചു് | സമാഗത്യ | വന്നുകണ്ടു് |
| സൎവ്വസാത്വതാം | എല്ലാ ഭക്തജനങ്ങളുടേ | കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| | യും (യാദവന്മാരുടേയും) | യത് ആഹ | എന്തു പറഞ്ഞിരുന്നുവോ, |
| പ്രതീപം | വിരോധിയായ | തത് | അതിനെ |
| കംസം | കംസനെ | സത്യം | യഥാൎത്ഥമായി |
| ഹത്വാ | വധിച്ചശേഷം | കരോതി | നിറവേററുന്നതാണു്. |

മാ ഖിദ്യതം മഹാഭാഗൌ ദ്രക്ഷ്യഥഃ കൃഷ്ണമന്തികേ
അന്തർഹൃദി സ ഭൂതാനാമാസ്തേ ജ്യോതിരിവൈധസി. 36

| | | | |
|---|---|---|---|
| മഹാഭാഗൌ | ഭാഗ്യശാലികളെ ! | സഃ | അവിടുന്നു് |
| മാ ഖിദ്യതം | നിങ്ങൾ വ്യസനിക്കാ | ഏധസി | മരത്തടിയിൽ |
| | തിരിക്കുവിൻ. | ജ്യോതിഃ ഇവ | അഗ്നിയെന്നപോലെ |
| അന്തികേ | അടുത്തുതന്നെ | ഭൂതാനാം | എല്ലാ പ്രാണികളുടെയും |
| കൃഷ്ണം | ശ്രീകൃഷ്ണനെ | അന്തർഹൃദി | ഹൃദയാന്തർഭാഗത്തിൽ |
| ദ്രക്ഷ്യഥഃ | കാണുന്നതാണു്. | ആസ്തേ | കുടികൊള്ളുന്നുണ്ടു്. |

ന ഹ്യസ്യാസ്തി പ്രിയഃ കശ്ചിന്നാപ്രിയോ വാസ്ത്യമാനിനഃ
നോത്തമോ നാധമോ നാപി സമാനസ്യ സമോഽപി വാ. 37

| | | | |
|---|---|---|---|
| അമാനിനഃ | അഭിമാനശൂന്യനും, | പ്രിയഃ | പ്രിയനായിട്ടു് |
| സമാനസ്യ | സമദൃഷ്ടിയും ആയ | ന ഹി അസ്തി | ഇല്ലതന്നെ. |
| അസ്യ | ഈ ശ്രീകൃഷ്ണനു് | അപ്രിയഃ വാ | അപ്രിയനായിട്ടും |
| കശ്ചിത് | ഒരുവൻപോലും | ന അസ്തി | ആരുമില്ല. |

| | |
|---|---|
| ഉത്തമഃ ന | ഉത്തമനായിട്ടുമില്ല ; |
| അധമഃ അപി | അധമനായിട്ടൊ, |
| സമഃ അപി വാ ന | സമനായിട്ടുതന്നെയോ ഇല്ല. |

ന മാതാ ന പിതാ തസ്യ ന ഭാൎയ്യാ ന സുതാദയഃ
നാത്മീയോ ന പരശ്ചാപി ന ദേഹോ ജന്മ ഏവ ച. 38

| | |
|---|---|
| തസ്യ | അവിടത്തേക്ക് |
| മാതാ ന | അമ്മയില്ല ; |
| പിതാ ന | അച്ഛനില്ല ; |
| ഭാൎയ്യാ ന | ഭാൎയ്യയില്ല ; |
| സുതാദയഃ ന | പുത്രാദികളില്ല ; |
| ആത്മീയഃ ന | സ്വകീയനില്ല ; |
| പരഃ ച അപി ന | അന്യനായിട്ടും ആരുമില്ല. |
| ദേഹഃ ജന്മ | ശരീരമൊ, ജന്മമോ |
| ന ഏവ | ഇല്ല തന്നെ. |

ന ചാസ്യ കൎമ്മ വാ ലോകേ സദസന്മിശ്രയോനിഷു
ക്രീഡാൎത്ഥഃ സോഽപി സാധൂനാം പരിത്രാണായ കല്പതേ 39

| | |
|---|---|
| അസ്യ | ഈ ശ്രീകൃഷ്ണന്ന് |
| ലോകേ | ലോകത്തിൽ |
| കൎമ്മ വാ | ജന്മാദിഹേതുകമായ പ്രാരബ്ധകൎമ്മമെന്നതോ |
| ന ച | ഇല്ല. |
| അപി സഃ | എങ്കിലും അവിടുന്ന് |
| ക്രീഡാൎത്ഥഃ | ക്രീഡയാവുന്ന പ്രയോജനത്തോടുകൂടിയവനായിട്ട് |
| സാധൂനാം | സജ്ജനങ്ങളുടെ |
| പരിത്രാണായ | സംരക്ഷയ്ക്കുവേണ്ടി |
| സദസന്മിശ്രയോനിഷു | സാത്വികം, താമസം, രാജസം എന്നീ യോനികളിൽ ഏതിലെങ്കിലും |
| കല്പതേ | സ്വേച്ഛയാ അവതരിക്കുന്നു. |

സത്വം രജസ്തമ ഇതി ഭജതേ നിൎഗ്ഗുണോ ഗുണാൻ
ക്രീഡന്നതീതോഽത്ര ഗുണൈഃ സൃജത്യവതി ഹന്ത്യജഃ. 40

| | |
|---|---|
| നിൎഗ്ഗുണഃ | പ്രാകൃതഗുണങ്ങൾക്ക് അധീനനല്ലെങ്കിലും |
| സത്വം രജഃ | സത്വം, രജസ്സ്, |
| തമഃ ഇതി | തമസ്സ് എന്നുള്ള |
| ഗുണാൻ | പ്രാകൃതഗുണങ്ങളെ |
| ഭജതേ | കൈക്കൊള്ളുന്നു. |
| അജഃ | ജന്മരഹിതനായ അവിടുന്ന് |
| അതീതഃ | സംസാരത്തെ കടന്നുനില്ക്കുന്നവനാണെങ്കിലും |
| അത്ര | ഈ വിശ്വത്തിൽ |
| ക്രീഡൻ | വിഹരിച്ചുകൊണ്ട് |
| ഗുണൈഃ | സത്വാദിഗുണങ്ങളാൽ |
| സൃജതി | സൃഷ്ടിക്കുകയും, |
| അവതി | രക്ഷിക്കുകയും, |
| ഹന്തി | സംഹരിക്കുകയും ചെയ്യുന്നു. |

യഥാ ഭ്രമരികാദൃഷ്ട്യാ ഭ്രാമ്യതീവ മഹീയതേ
ചിത്തേ കൎത്തരി തത്രാത്മാ കൎത്തേവാഹംധിയാ സ്മൃതഃ 41

| | |
|---|---|
| ഭ്രമരികാം ദൃഷ്ട്യാ | ചുഴലുന്ന കണ്ണുകൊണ്ട് നോക്കുമ്പോൾ |
| യഥാ | എതുപ്രകാരമാണോ |
| മഹീ | ഭൂമി |
| ഭ്രാമ്യതി ഇവ | ചുഴലുന്നപോലെ |
| ഈയതേ | തോന്നുന്നത്, അതുപ്രകാരം |
| ചിത്തേ | തന്റെ ചിത്തം |
| കൎത്തരി | പ്രവൎത്തിച്ചുകൊണ്ടിരിക്കുമ്പോൾ |

| | | | |
|---|---|---|---|
| തത്ര | അതിൽ | ആത്മാ | ആത്മാവ് |
| അഹംധിയാ | അഹംബുദ്ധികൊണ്ട് (ചിത്തത്തിൽ ആത്മാധ്യാസം ചെയ്യുന്നതുകൊണ്ട്) | കർത്താ ഇവ | പ്രവർത്തിക്കുന്നപോലെ |
| | | സ്മൃതഃ | തോന്നപ്പെടുന്നു. |

യുവയോരേവ നൈവായമാത്മജോ ഭഗവാൻ ഹരിഃ
സർവ്വേഷാമാത്മജോ ഹ്യാത്മാ പിതാ മാതാ സ ഈശ്വരഃ. 42

| | | | |
|---|---|---|---|
| ഭഗവാൻ | ഭഗവാനായ | ആത്മജഃ | പുത്രനാകുന്നു. |
| അയം ഹരിഃ | ഈ ശ്രീഹരി | ഹി സഃ | മാത്രമോ, അവിടുന്ന് |
| യുവയോഃ ഏവ | നിങ്ങളുടെമാത്രം | ആത്മാ | ആത്മാവും, |
| ആത്മജഃ | പുത്രനാണെന്ന് | പിതാ | പിതാവും, |
| ഏവ ന | തന്നെയല്ല; | മാതാ | മാതാവും |
| സർവ്വേഷാം | എല്ലാവരുടേയും | ഈശ്വരഃ | രക്ഷിതാവുംകൂടിയാണ്. |

ദൃഷ്ടം ശ്രുതം ഭൂതഭവദ്ഭവിഷ്യത് സ്ഥാസ്നുശ്ചരിഷ്ണുർമ്മഹദല്പകം ച
വിനാച്യുതാദ്വസ്തു തരാം ന വാച്യം സ ഏവ സർവ്വം പരമാർത്ഥഭൂതഃ. 43.

| | | | |
|---|---|---|---|
| ദൃഷ്ടം | കാണപ്പെട്ടതും, | വസ്തു | വസ്തുവൊക്കെ |
| ശ്രുതം | കേൾക്കപ്പെട്ടതും, | അച്യുതാത് വിനാ | ശ്രീകൃഷ്ണനല്ലാതെ മറ്റൊന്നാണെന്ന് |
| ഭൂതഭവത് | ഉണ്ടായിക്കഴിഞ്ഞതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതും, | വാച്യം | നിർവ്വചിക്കപ്പെടാവുന്നതായിട്ട് |
| ഭവിഷ്യത് | ഉണ്ടാകാൻപോകുന്നതും, | ന തരാം | ഇല്ലതന്നെ. |
| സ്ഥാസ്നുഃ | ഉറച്ചുനില്ക്കുന്നതും, | പരമാർത്ഥഭൂതഃ | പരമാർത്ഥമായിരിക്കുന്ന |
| ചരിഷ്ണുഃ | ഇളകുന്നതും, | സഃ ഏവ | അവിടുന്നു മാത്രമാണ് |
| മഹത് | വലിയതും, | സർവ്വം | എല്ലാം. |
| അല്പകം ച | ചെറിയതും ആയ | | |

ഏവം നിശാ സാ ബ്രുവതോർവ്യതീതാ
നന്ദസ്യ കൃഷ്ണാനുചരസ്യ രാജൻ
ഗോപ്യഃ സമുത്ഥായ നിരൂപ്യ ദീപാൻ
വാസ്തൂൻ സമഭ്യർച്ച്യ ദധീന്യമന്ഥൻ. 44

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഗോപ്യഃ | ഗോപിമാർ |
| ഏവം | ഇപ്രകാരം | സമുത്ഥായ | ഉണർന്നെഴുന്നേററ്, |
| നന്ദസ്യ | നന്ദഗോപനും | ദീപാൻ | വിളക്കുകളെ |
| കൃഷ്ണാനുചരസ്യ | ഉദ്ധവനും | നിരൂപ്യ | തെളിയിച്ച്, |
| ബ്രുവതോഃ | സംഭാഷണം ചെയ്തുകൊണ്ടിരിക്കെ, | വാസ്തൂൻ | വാസ്തുദേവതകളെ |
| | | സമഭ്യർച്ച്യ | പൂജിച്ചശേഷം |
| സാ നിശാ | ആ രാത്രി | ദധീനി | തൈർ |
| വ്യതീതാ | കഴിഞ്ഞുപോയി. | അമന്ഥൻ | കടയുവാൻ തുടങ്ങി. |

താ ദീപദീപ്തൈർമ്മണിഭിർവ്വിരേജൂ രജ്ജൂർവ്വികർഷദ്ഭുജകങ്കണസ്രജഃ
ചലന്നിതംബസ്തനഹാരകുണ്ഡലത്വിഷത്കപോലാരുണകുങ്കുമാനനാഃ. 45

| | |
|---|---|
| രജ്ജൂഃ | കയറുകളെ |
| വികർഷദ്ഭുജ- കങ്കണസ്രജഃ | വലിക്കുന്ന കൈകളിൽ ധാരാളം വളകളിട്ടവരായി, |
| ചലന്നിതംബ- സ്തനഹാര- കുണ്ഡല- ത്വിഷത്- കപോലാരുണ- കുങ്കുമാനനാഃ | ഇളകുന്ന നിതംബങ്ങളോടും, സ്തനങ്ങളോടും, ഹാരങ്ങളോടും കൂടിയവരായി, — കർണ്ണഭൂഷണത്താൽ മിന്നുന്ന കവിൾത്തടത്തോടുകൂടിയവരായി,—ചെങ്കുങ്കുമം ചാർത്തിയ മുഖത്തോടുകൂടിയവരുമായി ഇരിക്കുന്ന |
| താഃ | ആ ഗോപിമാർ |
| ദീപദീപ്തൈഃ | ദീപങ്ങൾകൊണ്ടു ഉജ്ജ്വലിക്കുന്ന |
| മണിഭിഃ | രത്നങ്ങളാൽ |
| വിരേജുഃ | വിശേഷേണ ശോഭിച്ചു. |

ഉദ്ഗായതീനാമരവിന്ദലോചനം വ്രജാംഗനാനാം ദിവമസ്പൃശദ്ധ്വനിഃ
ദധ്നശ്ച നിർമ്മന്ഥനശബ്ദമിശ്രിതോ നിരസ്യതേ യേന ദിശാമമംഗലം. 46

| | |
|---|---|
| അരവിന്ദ- ലോചനം | ചെന്താമരക്കണ്ണനെ കുറിച്ച് |
| ഉദ്ഗായതീനാം | ഉച്ചത്തിൽ പാടിക്കൊണ്ടിരിക്കുന്ന |
| വ്രജാംഗനാനാം | ഗോകുലനാരിമാരുടെ |
| ധ്വനിഃ | ആലാപധ്വനി |
| ദധ്നഃ ച | തൈരിനേയും |
| നിർമ്മന്ഥന- ശബ്ദമിശ്രിതഃ | കടയുമ്പോഴുണ്ടാവുന്ന ശബ്ദത്തോടു കൂടിക്കലർന്നുകൊണ്ട് |
| ദിവം | ആകാശത്തിലേക്ക് |
| അസ്പൃശത് | വ്യാപിച്ചു. |
| യേന | യാതൊന്നിനാൽ |
| ദിശാം | ദിക്കുകളുടെ |
| അമംഗളം | അമംഗളം |
| നിരസ്യതേ | ദൂരീകരിക്കപ്പെടുന്നു |

ഭഗവത്യുദിതേ സൂര്യേ നന്ദദ്വാരി വ്രജൌകസഃ
ദൃഷ്ട്വാ രഥം ശാതകൌംഭം കസ്യായമിതി ചാബ്രുവൻ. 47

| | |
|---|---|
| ഭഗവതി | ഭഗവാനായ |
| സൂര്യേ | സൂര്യദേവൻ |
| ഉദിതേ | ഉദിച്ചപ്പോൾ |
| വ്രജൌകസഃ | ഗോകുലത്തിൽ നിവസിക്കുന്ന ആ ഗോപസ്ത്രീകൾ |
| നന്ദദ്വാരി | നന്ദഗോപന്റെ ഗൃഹദ്വാരത്തിൽ |
| ശാതകൌംഭം | പൊൻമയമായ |
| രഥം | ഒരു തേരിനെ |
| ദൃഷ്ട്വാ | കണ്ടു, |
| അയം കസ്യ | 'ഇതു ആരുടേതാകാം?' |
| ഇതി ച | എന്നും മററും |
| അബ്രുവൻ | പറഞ്ഞുതുടങ്ങി. |

അക്രൂര ആഗതഃ കിം വാ യഃ കംസസ്യാർത്ഥസാധകഃ
യേന നീതോ മധുപുരീം കൃഷ്ണഃ കമലലോചനഃ. 48

യഃ — "യാതൊരുവൻ
കംസസ്യ — കംസന്റെ
അർത്ഥസാധകഃ — കാര്യം നേടിക്കൊടുക്കുന്നവനായിരുന്നുവോ,
യേന — യാതൊരുവനാൽ
കമലലോചനഃ — താമരക്കണ്ണനായ
കൃഷ്ണഃ — ശ്രീകൃഷ്ണൻ
മധുപുരീം — മഥുരയിലേക്ക്
നീതഃ — കൊണ്ടുപോകപ്പെട്ടുവോ,
അക്രൂരഃ — ആ അക്രൂരൻതന്നെ
ആഗതഃ കിം വാ — പിന്നേയും വന്നിരിക്കുന്നുവെന്നോ?

കിം സാധയിഷ്യത്യസ്മാഭിർഭർത്തുഃ പ്രേതസ്യ നിഷ്കൃതിം
ഇതി സ്ത്രീണാം വദന്തീനാമുദ്ധവോഽഗാത് കൃതാഹ്നികഃ. 49

പ്രേതസ്യ — 'മരിച്ചുപോയ
ഭർത്തുഃ — യജമാനന്നു് വേണ്ടി
അസ്മാഭിഃ — നമ്മളെക്കൊണ്ടു് (നമ്മുടെ രക്തമാംസങ്ങൾകൊണ്ടു്)
നിഷ്കൃതിം — ശേഷക്രിയയെ
സാധയിഷ്യതി കിം — നടത്തിക്കുവാൻ ഉദ്ദേശിക്കുന്നുവോ, എന്തോ?'
ഇതി — ഈവിധം
സ്ത്രീണാം — സ്ത്രീകൾ
വദന്തീനാം — പറഞ്ഞുകൊണ്ടിരിക്കുമ്പോൾ
ഉദ്ധവഃ — ഉദ്ധവൻ
കൃതാഹ്നികഃ — സ്നാനാദി നിത്യകർമ്മങ്ങൾ ചെയ്തവനായിട്ടു്
അഗാത് — അവരുടെ അടുക്കലേക്കു് ചെന്നു

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
നന്ദശോകാപനയനം നാമ ഷട്ചത്വാരിംശോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1877.

## സപ്തചത്വാരിംശോഽദ്ധ്യായഃ—നാല്പത്തേഴാമദ്ധ്യായം.

[സപ്തചത്വാരിംശകേഽഥ കൃഷ്ണാദേശേന ഗോപികാഃ
ബോധയിത്വോദ്ധവസ്തത്വമനുജ്ഞാപ്യാഗമത് പുരീം.]
(ഉദ്ധവൻ ഭഗവൽസന്ദേശം കേൾപ്പിച്ച് ഗോപികമാരെ ആശ്വസിപ്പിക്കുന്നത്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

തം വീക്ഷ്യ കൃഷ്ണാനുചരം വ്രജസ്ത്രിയഃ പ്രലംബബാഹും നവകഞ്ജലോചനം
പീതാംബരം പുഷ്കരമാലിനം ലസന്മുഖാരവിന്ദം മണിമൃഷ്ടകുണ്ഡലം.
ശുചിസ്മിതാഃ കോഽയമപീച്യദർശനഃ കുതശ്ച കസ്യാച്യുതവേഷഭൂഷണഃ
ഇതി സ്മ സർവ്വാഃ പരിവവ്രുരുത്സുകാസ്തമുത്തമശ്ലോകപദാംബുജാശ്രയം. 2

വ്രജസ്ത്രിയഃ — ഗോകുലസ്ത്രീകൾ
പ്രലംബബാഹും — നീണ്ട കൈകളോടുകൂടിയവനും,
നവകഞ്ജലോചനം — പുതുതായി വിരിഞ്ഞ താമരദളങ്ങൾപോലുള്ള കണ്ണിണയോടുചേർന്നവനും,

| | |
|---|---|
| പീതാംബരം | മഞ്ഞപ്പട്ടു ധരിച്ചവനും, |
| പുഷ്കരമാലിനം | താമർപ്പൂമാല അണിഞ്ഞവനും |
| ലസന്മുഖാരവിന്ദം | പരിശോഭിക്കുന്ന മുഖകമലത്തോടുകൂടിയവനും |
| മണിമൃഷ്ടകുണ്ഡലം | രത്നഖചിതമായി ഉജ്ജ്വലിക്കുന്ന കർണ്ണാഭരണങ്ങളോടുകൂടിയവനും, |
| കൃഷ്ണാനുചരം | ശ്രീകൃഷ്ണന്റെ സേവകനുമായ |
| തം വീക്ഷ്യ | ആ ഉദ്ധവനെ കണ്ടു്, |
| ശുചിസ്മിതഃ | "നിർമ്മലമായ മന്ദഹാസം ചേർന്നവനും, |
| അപീച്യദർശനഃ | ആകർഷകമായ ദർശനത്തോടുകൂടിയവനും, |
| അച്യുതവേഷഭൂഷണഃ | ശ്രീകൃഷ്ണന്റേതുപോലെ വേഷഭൂഷകൾ അണിഞ്ഞവനും ആയ |
| അയം കഃ | ഇദ്ദേഹം ആരു് ? |
| കുതഃ | എങ്ങുനിന്നു വന്നതാണു്? |
| കസ്യ ച | ആരുടെ ആളാണു് ?" |
| ഇതി | എന്നിപ്രകാരം |
| ഉത്സുകാഃ | ഔത്സുക്യം പൂണ്ടവരായിട്ടു് |
| സർവ്വാഃ | എല്ലാവരും |
| ഉത്തമശ്ലോകപദാംബുജാശ്രയം തം | ശ്രീകൃഷ്ണഭഗവാന്റെ പാദസേവകനായ അദ്ദേഹത്തെ |
| പരിവവ്രുഃ സ്മ | വളഞ്ഞു. |

തം പ്രശ്രയേണാവനതാഃ സുസത്കൃതം സവ്രീഡഹാസേക്ഷണസൂനൃതാദിഭിഃ
രഹസ്യപൃച്ഛന്നുപവിഷ്ടമാസനേ വിജ്ഞായ സന്ദേശഹരം രമാപതേഃ.

| | |
|---|---|
| രമാപതേഃ | ലക്ഷ്മീവല്ലഭന്റെ |
| സന്ദേശഹരം | സന്ദേശവാഹകനെന്നു് |
| വിജ്ഞായ | മനസ്സിലാക്കിയശേഷം |
| രഹസി | ഏകാന്തസ്ഥലത്തുവെച്ചു് |
| സവ്രീഡഹാസേക്ഷണസൂനൃതാദിഭിഃ | സലജ്ജമായ മന്ദഹാസം, നോട്ടം, പ്രിയഭാഷണങ്ങൾ എന്നിവയാൽ |
| സുസത്കൃതം | ഭംഗിയിൽ സൽക്കരിക്കപ്പെട്ടു് |
| ആസനേ | ഇരിപ്പിടത്തിൽ |
| ഉപവിഷ്ടം | ഇരുന്നുകഴിഞ്ഞ |
| തം | ആ ഉദ്ധവനെ |
| അവനതാഃ | വണങ്ങിക്കൊണ്ടു് |
| പ്രശ്രയേണ | വിനയത്തോടെ |
| അപൃച്ഛൻ | ചോദിച്ചു. |

ജാനീമസ്ത്വാം യദുപതേഃ പാർഷദം സമുപാഗതം
ഭർത്രേഹ പ്രേഷിതഃ പിത്രോർഭവാൻ പ്രിയചികീർഷയാ. 4

| | |
|---|---|
| സമുപാഗതം | "ഇവിടെ വന്നു ചേർന്നിരിക്കുന്ന |
| ത്വാം | അങ്ങയെ |
| യദുപതേഃ | യാദവനാഥന്റെ |
| പാർഷദം | സേവകനെന്നു് |
| ജാനീമഃ | ഞങ്ങൾ മനസ്സിലാക്കുന്നു. |
| പിത്രോഃ | അച്ഛനമ്മമാർക്കു് |
| പ്രിയചികീർഷയാ | പ്രീതിജനിപ്പിക്കുവാൻ വേണ്ടി |
| ഭർത്രാ | അങ്ങയുടെ യജമാനനാൽ |
| ഭവാൻ | അങ്ങു് |
| ഇഹ | ഇവിടത്തോളം |
| പ്രേഷിതഃ | അയയ്ക്കപ്പെട്ടിരിക്കയാണു്. |

അന്യഥാ ഗോവ്രജേ തസ്യ സ്മരണീയം ന ചക്ഷ്മഹേ
സ്നേഹാനുബന്ധോ ബന്ധൂനാം മുനേരപി സുദുസ്ത്യജഃ. 5

| | | | |
|---|---|---|---|
| അന്യഥാ | "ഇതല്ലാതെ | ബന്ധൂനാം | അച്ഛനമ്മമാരേയും മററും സംബന്ധിച്ച |
| അസ്യ | അദ്ദേഹത്തിന്നു് | സ്നേഹാനുബന്ധഃ | സ്നേഹപാശം |
| ഗോവ്രജേ | ഈ ഗോകുലത്തിൽ | മുനേഃ അപി | വിരക്തനുപോലും |
| സ്മരണീയം | ഓൎമ്മിക്കേണ്ടതായി വേറെ വല്ലതുമുണ്ടെന്നു് | സുദുസ്ത്യജഃ | തീരെ ത്യജിപ്പാൻ അസാദ്ധ്യമാണല്ലോ. |
| ന ചക്ഷ്മഹേ | ഞങ്ങൾ കരുതുന്നില്ല. | | |

അന്യേഷ്വൎത്ഥകൃതാ മൈത്രീ യാവദൎത്ഥവിഡംബനം
പുംഭിഃ സ്ത്രീഷു കൃതാ യദ്വത് സുമനസ്സ്വിവ ഷട്പദൈഃ. 6

| | | | |
|---|---|---|---|
| അന്യേഷു | "ബാക്കിയുള്ളവരിൽ ഉള്ള | യദ്വത് | സ്നേഹംപോലെയും, |
| മൈത്രീ | സ്നേഹം | ഷട്പദൈഃ | വണ്ടുകളാൽ |
| അൎത്ഥകൃതാ | സ്വന്തം ആവശ്യത്തിന്നു വേണ്ടി കാണിക്കപ്പെട്ടതായിരുന്നു. | സുമനസ്സു | പുതുപൂക്കളിൽ |
| | | ഇവ | കാണിക്കപ്പെടുന്ന സ്നേഹംപോലെയും |
| പുംഭിഃ | പുരുഷന്മാരാൽ | യാവദൎത്ഥ—വിഡംബനം | കാൎയ്യം കഴിയോളം ഉള്ള കാട്ടിക്കൂട്ടൽ മാത്രമാണു് |
| സ്ത്രീഷു | സ്ത്രീകളിൽ | | |
| കൃതാ | കാണിക്കപ്പെടുന്ന | | |

നിസ്സ്വം ത്യജന്തി ഗണികാ അകല്പം നൃപതിം പ്രജാഃ
അധീതവിദ്യാ ആചാൎയ്യമൃത്വിജോ ദത്തദക്ഷിണം. 7

| | | | |
|---|---|---|---|
| ഗണികാഃ | "വേശ്യകൾ | അധീതവിദ്യാഃ | അദ്ധ്യയനം പൂൎത്തിയാക്കിയ അന്തേവാസികൾ |
| നിസ്സ്വം | പണമില്ലാത്തായ പുരുഷനേയും, | ആചാൎയ്യം | ഗുരുവിനേയും, |
| പ്രജാഃ | ജനങ്ങൾ | ഋത്വിജഃ | ഋത്വിക്കുകൾ |
| അകല്പം | രക്ഷിപ്പാൻ കഴിവില്ലാത്ത | ദത്തദക്ഷിണം | ദക്ഷിണകൊടുത്തുകഴിഞ്ഞ യാജകനേയും |
| നൃപതിം | രാജാവിനേയും, | ത്യജന്തി | ഉപേക്ഷിക്കുന്നു. |

ഖഗാ വീതഫലം വൃക്ഷം ഭുക്ത്വാ ചാതിഥയോ ഗൃഹം
ദഗ്ധം മൃഗാസ്തഥാരണ്യം ജാരോ ഭുക്ത്വാ രതാം സ്ത്രിയം. 8

| | | | |
|---|---|---|---|
| ഖഗാഃ | "പക്ഷികൾ | അരണ്യം ച | വനത്തേയും |
| വീതഫലം | കനിയററതായ | (ത്യജന്തി) | വിട്ടുകളയുന്നു. |
| വൃക്ഷം | വൃക്ഷത്തേയും, | തഥാ | അതേവിധം |
| അതിഥയഃ | അതിഥികൾ | ജാരഃ | ജാരപുരുഷൻ |
| ഭുക്ത്വാ | ഭക്ഷണം കഴിച്ചു് | സ്ത്രിയം | ഒരു സ്ത്രീയെ |
| ഗൃഹം | ഗൃഹത്തേയും, | ഭുക്ത്വാ | അനുഭവിച്ചു് |
| മൃഗാഃ | മൃഗങ്ങൾ | രതാം | തന്നിൽ തൽപൎയ്യമുള്ള |
| ദഗ്ധം | വെന്തുപോയ | | അവളേയും—" |

ഇതി ഗോപ്യോ ഹി ഗോവിന്ദേ ഗതവാക്കായമാനസാഃ
കൃഷ്ണദൂതേ വ്രജം യാതേ ഉദ്ധവേ ത്യക്തലൌകികാഃ 9
ഗായന്ത്യഃ പ്രിയകർമ്മാണി രുദത്യശ്ച ഗതഹ്രിയഃ
തസ്യ സംസ്മൃത്യ സംസ്മൃത്യ യാനി കൈശോരബാല്യയോഃ 10

| | |
|---|---|
| തസ്യ | ഭഗവാന്റെ |
| കൈശോര-ബാല്യയോഃ | കൌമാരദശയിലും, ബാല്യദശയിലും നടന്നിട്ടുള്ള |
| യാനി | ഏതെല്ലാം |
| പ്രിയകർമ്മാണി | പ്രിയകൃത്യങ്ങളുണ്ടോ, അവയെ |
| സംസ്മൃത്യ സംസ്മൃത്യ | ഓർത്തോർത്ത് |
| ഗായന്ത്യഃ | പാടിക്കൊണ്ടും |
| രുദത്യഃ ച | കരഞ്ഞുകൊണ്ടും |
| ഗോവിന്ദേ ഹി | ഭഗവാനിൽത്തന്നെ |
| ഗതവാക്കായ-മാനസാഃ | ലയിച്ചുചേർന്ന വാചികവും, കായികവും, മാനസികവുമായ വ്യാപാരങ്ങളോടുകൂടിയവരായി |
| ഗതഹ്രിയഃ | ലജ്ജവിട്ടിരിക്കുന്ന |
| ഗോപ്യഃ | ഗോപികമാർ |
| കൃഷ്ണദൂതേ | ഭഗവൽസന്ദേശഹരനായ |
| ഉദ്ധവേ | ഉദ്ധവൻ |
| വ്രജം | ഗോകുലത്തിലേക്ക് |
| യാതേ ഇതി | ചെന്നപ്പോൾ ഈവിധം |
| ത്യക്തലൌകികാഃ | ലൌകികമുറയെല്ലാം കളഞ്ഞിരുന്നവരായിരുന്നു. |

കാചിന്മധുകരം ദൃഷ്ട്വാ ധ്യായന്തീ കൃഷ്ണസംഗമം
പ്രിയപ്രസ്ഥാപിതം ദൂതം കല്പയിത്വേദമബ്രവീത്. 11

| | |
|---|---|
| കൃഷ്ണസംഗമം | ശ്രീകൃഷ്ണസംഗമത്തെ |
| ധ്യായന്തീ | ധ്യാനിച്ചുകൊണ്ടിരുന്ന |
| കാചിത് | ഒരു ഗോപസ്ത്രീ |
| മധുകരം | ഒരു വണ്ടിനെ |
| ദൃഷ്ട്വാ | കണ്ട് |
| പ്രിയ-പ്രസ്ഥാപിതം | പ്രിയനാൽ പറഞ്ഞയയ്ക്കപ്പെട്ട |
| ദൂതം | ദൂതനായിട്ട് |
| കല്പയിത്വാ | സങ്കല്പിച്ച് |
| ഇദം | ഇങ്ങനെ |
| അബ്രവീത് | പറഞ്ഞു. |

ഗോപ്യുവാച=ഗോപസ്ത്രീ പറഞ്ഞു :—

മധുപ കിതവബന്ധോ മാ സ്പൃശാങ്ഘ്രിം സപത്ന്യാഃ
കുചവിലുളിതമാലാകുങ്കുമശ്മശ്രുഭിർനഃ
വഹതു മധുപതിസ്തന്മാനിനീനാം പ്രസാദം
യദുസദസി വിഡംബ്യം യസ്യ ദൂതസ്ത്വമീദൃക്. 12

| | |
|---|---|
| മധുപ | എടോ വണ്ടേ ! |
| കിതവബന്ധോ | ചതിയന്റെ ചാർച്ചക്കാരാ ! |
| സപത്ന്യാഃ | സപത്നിയുടെ |
| കുചവിലുളിത-മാലാകുങ്കുമ-ശ്മശ്രുഭിഃ | സ്തനസമ്മർദ്ദമേററ വനമാലയിലെ കുങ്കുമം പററിയിരിക്കുന്ന മീശരോമങ്ങൾകൊണ്ട് |
| നഃ | നമ്മുടെ |
| അങ്ഘ്രിം | കാലിനെ |
| മാ സ്പൃശ | തൊട്ടുപോകരുത്. |
| മധുപതിഃ | മധു (യാദവ) നായകൻ |
| തന്മാനിനീനാം | ആ നഗരത്തിലുള്ള നാട്ടുകാരികൾക്കുമാത്രം |

| | |
|---|---|
| പ്രസാദം | ഉദാംപ്രിയത്തെ |
| വഹതു | നിറവേററിക്കൊടുക്കട്ടെ. |
| യസ്യ | യാതൊരുവന്റെ |
| ദൂതഃ ത്വം | ദൂതനായിട്ടുള്ള നീ |
| ഈദൃക് | ഇമ്മാതിരിക്കുള്ളവനായോ |

| | |
|---|---|
| | (സ്ത്രീകചകങ്കമാങ്കിതശ്ശ്രൂവായോ), അവന്ന് |
| യദുസദസി | യാദവസംഘത്തിൽ |
| വിഡംബ്യം | പരിഹാസ്യതയാണ് ഉണ്ടാവുക. |

സകൃദധരസുധാം സ്വാം മോഹിനീം പായയിത്വാ
സുമനസ ഇവ സദ്യസ്തത്യജേഽസ്മാൻ ഭവാദൃക്
പരിചരതി കഥം തത്പാദപദ്മം തു പദ്മാ
ഹ്യപി ബത ഹൃതചേതാ ഉത്തമശ്ലോകജല്പൈഃ. 13

| | |
|---|---|
| മോഹിനീം | മോഹം ജനിപ്പിക്കുന്ന |
| സ്വാം | തന്റെ |
| അധരസുധാം | അധരാമൃതത്തെ |
| സകൃത് | ഒരിക്കൽമാത്രം |
| പായയിത്വാ | നുകരുവാൻ തന്ന് |
| ഭവാദൃക് | നിന്നെപ്പോലുള്ളവൻ |
| സുമനസഃ | പൂക്കളെ |
| ഇവ | എന്നപോൽ |
| (സുമനസഃ) | സൌമനസ്യമുള്ള |
| അസ്മാൻ | ഞങ്ങളെ |
| സദ്യഃ | ഉടനടി |
| തത്യജേ | തള്ളിക്കളഞ്ഞു. |

| | |
|---|---|
| പദ്മാ ഹി | ലക്ഷ്മീദേവിമാത്രം |
| തത്പാദ-പദ്മം തു | അങ്ങനെയുള്ള ഒരുവന്റെ പാദകമലത്തെത്തന്നെ |
| കഥം | ഏതുവിധമാണ് |
| പരിചരതി | ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നത് ? |
| അപി | ഒരുപക്ഷെ, |
| ഉത്തമശ്ലോക-ജല്പൈഃ | വിശുദ്ധചരിതനെന്നു ഭാവിക്കുന്ന അദ്ദേഹത്തിന്റെ ചതിവാക്കുകളാൽ |
| ഹൃതചേതാഃ | ആകൃഷ്ടചിത്തയായി |
| ബത | ഭവിച്ചിരിക്കുമോ ? . എന്തോ ! |

കിമിഹ ബഹു ഷഡംഘ്രേ ഗായസി ത്വം യദൂനാ-
മധിപതിമഗൃഹാണാമഗ്രതോ നഃ പുരാണം
വിജയസഖസഖീനാം ഗീയതാം തത്പ്രസംഗഃ
ക്ഷപിതകുചരുജസ്തേ കല്പയന്തീഷ്ടമിഷ്ടാഃ. 14

| | |
|---|---|
| ഷഡംഘ്രേ | എടോ വണ്ടെ ! |
| ഇഹ ത്വം | ഇവിടെ നീ |
| അഗൃഹാണാം | വീടില്ലാത്തവരായ |
| നഃ | ഞങ്ങളുടെ |
| അഗ്രതഃ | മുമ്പിൽവെച്ച് |
| പുരാണം | ഞങ്ങൾക്ക് ഏറെപ്പഴക്കമുള്ള |
| യദൂനാം അധിപതിം | യാദവനാഥനെക്കുറിച്ച് |
| ബഹു | ഒരുപാട് |
| കിം ഗായസി | എന്തിന്നു പാടിപ്പുകഴ്ത്തുന്നു? |

| | |
|---|---|
| വിജയസഖ-സഖീനാം | കൃഷ്ണനാവുന്ന നിന്റെ ചങ്ങാതിയുടെ കൂട്ടുകാരികളുടെ (മുമ്പിൽച്ചെന്ന്) |
| തത്പ്രസംഗഃ | ആ കൃഷ്ണന്റെ കഥ |
| ഗീയതാം | പാടിപ്പുകഴ്ത്തപ്പെട്ടേക്കണം. |
| ക്ഷപിത-കുചരുജഃ | സ്തനങ്ങളിലെ നൊവ്വ് (കൃഷ്ണാലിംഗനത്താൽ) തീർക്കപ്പെട്ടിരിക്കുന്ന |
| ഇഷ്ടാഃ | ആ കൃഷ്ണപ്രേയസികൾ |
| തേ ഇഷ്ടം | നിന്റെ ആഗ്രഹത്തെ |
| കല്പയന്തി | നിറവേററിത്തരുന്നതാണ്. |

ദിവി ഭുവി ച രസായാം കാഃ സ്ത്രീയസ്തദ്ദുരാപാഃ
കപടരുചിരഹാസഭ്രൂവിജൃംഭസ്യ യാഃ സ്യുഃ
ചരണരജ ഉപാസ്തേ യസ്യ ഭൂതിർവ്വയം കാ
അപി ച കൃപണപക്ഷേ ഹ്യുത്തമശ്ലോകശബ്ദഃ. 15

| | | | |
|---|---|---|---|
| ദിവി ഭുവി | വിണ്ണിലും, മണ്ണിലും, | ചരണരജഃ | പാദധൂളിയെ |
| രസായാം ച | പാതാളലോകത്തിലും | ഭൂതിഃ | ഐശ്വൎയ്യദേവതപോലും |
| യാഃ | ഏതെല്ലാം | ഉപാസ്തേ | ഉപാസിക്കുന്നുവെന്നിരിക്കെ, |
| സ്ത്രീയഃ സ്യുഃ | സ്ത്രീകളുണ്ടോ, | | |
| കാഃ | അവരിൽ ആരാണ് | വയം | ഈ ഞങ്ങളെല്ലാം |
| കപട— | കള്ളത്തം ചേൎന്ന മോഹ | കാഃ | എത്രത്തോളമുണ്ട് ? |
| രുചിരഹാസ- | നമന്ദഹാസത്തോടുകൂടി | അപി ച | പക്ഷേ, |
| ഭ്രൂവിജൃംഭസ്യ | പുരികം അനക്കുന്ന | കൃപണപക്ഷേ | പാവങ്ങളോട് അനുകമ്പ |
| തത് | ആ ശ്രീകൃഷ്ണന്ന് | ഹി | യുള്ള ഭഗവാനിൽമാത്രമേ |
| ദുരാപാഃ | ദുർല്ലഭകളായിട്ടുള്ളത് ? | ഉത്തമശ്ലോക- | 'ഉത്തമശ്ലോക'നെന്ന |
| യസ്യ | യാതൊരാളുടെ | ശബ്ദഃ | ചൊല്ല് ചേരുകയുള്ളൂ. |

വിസൃജ ശിരസി പാദം വേദ്മ്യഹം ചാടുകാരൈ-
രനുനയവിദുഷസ്തേഽഭ്യേത്യ ദൌത്യൈർമ്മുകുന്ദാത്
സ്വകൃത ഇഹ വിസൃഷ്ടാപത്യപത്യന്യലോകാ
വ്യസൃജദകൃതചേതാഃ കിം നു സന്ധേയമസ്മിൻ. 16

| | | | |
|---|---|---|---|
| ശിരസി | നിന്റെ തലയിൽ ചേൎക്കപ്പെട്ട | അകൃതചേതാഃ | കൃതഘ്നനായ അദ്ദേഹം |
| പാദം | എന്റെ പാദത്തെ | സ്വകൃതേ | തനിക്കുവേണ്ടി |
| വിസൃജ | വിട്ടുപോകു. | വിസൃഷ്ടാപത്യ- | പുത്രരേയും, ഭർത്താക്കന്മാ |
| മുകുന്ദാത് | കൃഷ്ണനിൽനിന്ന് | പത്യന്യലോകാഃ | രേയും, പരലോകത്തെയും വെടിഞ്ഞ ഞങ്ങളെ |
| അഭ്യേത്യ | പഠിച്ചുവശത്താക്കിയ | ഇഹ | ഇട്ടിക്കിൽ |
| ദൌത്യൈഃ | ദൂതകൃത്യങ്ങളാലും, | വ്യസൃജത് | തള്ളിക്കളഞ്ഞു. |
| ചാടുകാരൈഃ | പ്രിയമൊഴികളാലും | അസ്മിൻ | ഈ കൃതഘ്നനിൽ |
| അനുനയ— | സാന്ത്വനപ്പെടുത്തുവാൻ | സന്ധേയം | സന്ധിയാൽ സാദ്ധ്യമായത് |
| വിദുഷഃ | പാണ്ഡിത്യം സമ്പാദിച്ച | | |
| തേ | നിന്റെ (പിരട്ടൊക്കെയും) | | |
| അഹം വേദ്മി | ഞാനറിയുന്നുണ്ട്. | കിം നു | എന്തൊന്നുണ്ട് ? |

മൃഗയുരിവ കപീന്ദ്രം വിവ്യധേ ലുബ്ധധൎമ്മാ
സ്ത്രീയമകൃത വിരൂപാം സ്ത്രീജിതഃ കാമയാനാം
ബലിമപി ബലിമത്ത്വാവേഷ്ടയദ്ധ്വാങ്ക്ഷവദ്യ-
സ്തദലമസിതസഖ്യൈർദ്ദുസ്ത്യജസ്തത്കഥാർത്ഥഃ. 17

| | |
|---|---|
| ലുബ്ധധർമ്മാ | മാംസലുബ്ധകന്മാക്കൊത്ത സ്വഭാവത്തോടുകൂടിയവനായി |
| മൃഗയുഃ ഇവ | ഒരു മലവേടനെന്നപോലെ |
| കപീന്ദ്രം | വാനരരാജാവിനെ (ബാലിയെ) |
| വിവ്യധേ | ഒളിയമ്പെയ്തുകൊന്നു. |
| സ്ത്രീജിതഃ | ഒരു സ്ത്രീക്കു (സീതയ്ക്കു്) വശംവദനായിരുന്നുകൊണ്ടു് |
| കാമയാനാം | തന്നെകാമിച്ചുവന്ന |
| സ്ത്രിയം | മറെറാരു സ്ത്രീയെ (ശൂർപ്പണഖയെ) |
| വിരൂപാം അകൃത | വിരൂപയാക്കിവിട്ടു. |
| യഃ | യാതൊരുവൻ |
| ബലിം അപി | മഹാബലിയെപ്പോലും |
| ബലിം | അദ്ദേഹം നൽകിയ ബലിയെ (പൂജയെ) |
| ധ്വാങ്ക്ഷവത് | കാക്കയെപ്പോലെ |
| അത്വാ | അനുഭവിച്ചശേഷം |
| അവേഷ്ടയത് | ബന്ധനത്തിലാക്കി. |
| തത് | ആകയാൽ |
| അസിത-സഖ്യൈഃ | ശ്യാമളവർണ്ണനോടുള്ള ഇടപഴക്കങ്ങൾ |
| അലം | മതി. |
| തത്കഥാർത്ഥഃ | എങ്കിലും, ആ ശ്യാമളവർണ്ണൻെറ കഥാസമ്പത്ത് |
| ദുസ്ത്യജഃ | പരിത്യജിപ്പാൻ അശക്യമായിരിക്കുന്നു. |

നോട്ട് :— ശ്രീകൃഷ്ണനെ മാത്രമല്ല, ശ്യാമളവർണ്ണമുള്ള പുരുഷന്മാരെയൊന്നും വിശ്വസിപ്പാൻ കൊള്ളുകയില്ലെന്നാണ് ഗോപികയുടെ വാക്കിലുള്ള ആശയം. അവർ ദയയില്ലാത്ത വഞ്ചകന്മാരാണ്. ശ്യാമളവർണ്ണനായ ദാശരഥിരാമൻ ബാലിയെ ഒളിയമ്പെയ്തുകൊന്നതും, ശൂർപ്പണഖയെ വിരൂപയാക്കിയതും നോക്കുക. മറെറാരു ശ്യാമളൻ (വാമനമൂർത്തി) ബലിചക്രവർത്തിയെ ചതിച്ചതും ഇതിലേക്കൊരു ദൃഷ്ടാന്തമാണ്. കൃഷ്ണൻ പൂർവ്വജന്മങ്ങളിലും വഞ്ചനാപടുവായിരുന്നുവെന്ന് മറെറാരു സൂചന.

യദനുചരിതലീലാകർണ്ണപീയൂഷവിപ്രുട്-
സകൃദദനവിധൂതദ്വന്ദ്വധർമ്മാ വിനഷ്ടാഃ
സപദി ഗൃഹകുടുംബം ദീനമുത്സൃജ്യ ദീനാ
ബഹവ ഇഹ വിഹംഗാ ഭിക്ഷുചര്യാം ചരന്തി. 18

| | |
|---|---|
| യദനുചരിത-ലീലാകർണ്ണ-പീയൂഷവിപ്രുട്-സകൃദദന-വിധൂത-ദ്വന്ദ്വധർമ്മാഃ | യാതൊരു ശ്രീകൃഷ്ണൻെറ ചരിതലീലകളാവുന്ന കർണ്ണാമൃതത്തിൻെറ ഒരു തുള്ളി ഒരിക്കൽമാത്രം നുകരുകയാൽ വേരററുപോയ രാഗദ്വേഷാദിദ്വന്ദ്വഭാവനയോടുകൂടിയവരായും, |
| വിനിഷ്ടാഃ | ലോകസുഖഭ്രഷ്ടന്മാരായും ഭവിച്ച്, |
| ദീനം | കഷ്ടപ്പെടുന്ന |
| ഗൃഹകുടുംബം | ഗൃഹകുടുംബത്തെ |
| സപദി | ഉടനടി |
| ഉത്സൃജ്യ | വിട്ടുകളഞ്ഞ്, |
| ബഹവഃ | വളരെപേർ |
| ദീനാഃ | സ്വയം കഷ്ടപ്പെട്ടുകൊണ്ട്, |
| വിഹംഗാഃ | പക്ഷികൾ അങ്ങുമിങ്ങും പറന്നു കൊത്തിത്തിന്ന് ജീവിക്കുന്നപോലെ |
| ഇഹ | ഈ ലോകത്തിൽ |
| ഭിക്ഷുചര്യാം | ഭിക്ഷാടനവൃത്തിയെ |
| ചരന്തി | സ്വീകരിച്ചു ജീവിക്കുന്നു. |

നോട്ട് :— ഗോപികയുടെ വചനം വ്യാജസ്തുതിപരമാണ്. അതായത്, വാച്യാർത്ഥം നിന്ദാപരവും വ്യംഗ്യാർത്ഥം സ്തുതിപരവുമാകുന്നു. 'കൃഷ്ണലീലാമൃതത്തിൻെറ ഒരു ബിന്ദു മാത്രം ആസ്വദിച്ചവർപോലും ഗൃഹസുഖം ത്യജിച്ച് പരമഹംസന്മാരായി പരിവ്രജ്യയെ സ്വീകരിക്കുന്നു. അവർ പരമപുരുഷാർത്ഥം നേടുകയും ചെയ്യുന്നു. എന്നിരിക്കെ തൽകഥാശ്രവണം ഉപേക്ഷിപ്പതെങ്ങനെ?' എന്ന സ്തുതിരൂപാർത്ഥത്തിൽ ഇതു പര്യവസാനിക്കുന്നു.

വയമൃതമിവ ജിഹ്മവ്യാഹൃതം ശ്രദ്ദധാനാഃ
കുലികരുതമിവാജ്ഞാഃ കൃഷ്ണവധ്വോ ഹരിണ്യഃ
ദദൃശുരസകൃദേതത്തന്നഖസ്പർശതീവ്ര-
സ്മരരുജ ഉപമന്ത്രിൻ ഭണ്യതാമന്യവാർത്താ. 19

| | | | |
|---|---|---|---|
| ഉപമന്ത്രിൻ | അല്ലയോ ദൂത! | വയം | ഞങ്ങളും |
| അജ്ഞാഃ | ബോധമില്ലാത്ത | തന്നഖസ്പർശ-തീവ്രസ്മരരുജഃ | അദ്ദേഹത്തിൻെറ നഖക്ഷതങ്ങളാൽ ശക്തി വർദ്ധിച്ച കാമതാപത്തോടു കൂടിയവരായിട്ട് |
| കൃഷ്ണവധ്വഃ | കൃഷ്ണസാരവധുക്കളായ | | |
| ഹരിണ്യഃ | മാൻപേടകൾ | | |
| കുലികരുതം | വേടൻെറ മധുരഗാനം കേട്ടുചെന്നു് | | |
| | | അസകൃത് | അടിക്കടി |
| ദദൃശുഃ | പ്രാണസങ്കടത്തെ സാക്ഷാൽക്കരിക്കയുണ്ടായി. | ഏതത് | ഈ പ്രാണസങ്കടത്തെ തന്നെ |
| ഇവ | അതുപോലെ | (ദദൃശിമ) | സാക്ഷാൽക്കരിച്ചു. |
| ജിഹ്മവ്യാഹൃതം | കുടിലവചനത്തെ | അന്യവാർത്താ | ആകയാൽ കൃഷ്ണകഥവിട്ട് മററു വല്ല വർത്തമാനവും |
| ഋതം ഇവ | സത്യമെന്നവണ്ണം | | |
| ശ്രദ്ദധാനാഃ | വിശ്വസിച്ചുവന്ന | ഭണ്യതാം | പറഞ്ഞാൽകൊള്ളാം. |

പ്രിയസഖ പുനരാഗാഃ പ്രേയസാ പ്രേഷിതഃ കിം
വരയ കിമനുരുന്ധേ മാനനീയോഽസി മേഽങ്ഗ
നയസി കഥമിഹാസ്മാൻ ദുസ്ത്യജദ്വന്ദ്വപാർശ്വം
സതതമുരസി സൗമ്യ ശ്രീർവ്വധൂഃ സാകമാസ്തേ. 20

| | | | |
|---|---|---|---|
| പ്രിയസഖ | പ്രിയൻെറ തോഴരേ! | കിം | എന്തൊന്നാണോ |
| പ്രേയസാ | പ്രിയതമനാൽ | അനുരുന്ധേ | ആഗ്രഹിക്കുന്നതു്, |
| പ്രേഷിതഃ | അയക്കപ്പെട്ടു് | വരയ | വരിച്ചുകൊൾക. |
| പുനഃ | വീണ്ടും | ഇഹ | ഇപ്പോഴും |
| കിം ആഗാഃ | താങ്കളെത്തിച്ചേർന്നുവോ? | ദുസ്ത്യജ-ദ്വന്ദ്വപാർശ്വം | മരത്തിയോടുള്ള ചേർച്ച് പരിത്യജിപ്പാൻ കഴിയാത്ത ആളുടെ അടുക്കലേക്ക് |
| അങ്ഗ | എങ്കിലോ, ചങ്ങാതി! | | |
| മേ | എനിക്ക് | അസ്മാൻ | ഞങ്ങളെ |
| മാനനീയഃ അസി | താങ്കൾ മാനിക്കത്തക്കവനായിരിക്കുന്നു. | കഥം നയസി | എങ്ങനെ കൊണ്ടുപോകും! |

| | | | |
|---|---|---|---|
| സൌമ്യ | ഹേ ശാന്തശീല! | ഉരസി | മാറിടത്തിൽ |
| ശ്രീഃ വധൂഃ | ശ്രീദേവിയെന്ന പത്നി | സതതം | എപ്പോഴും |
| സാകം | ഒന്നിച്ചുചേർന്ന് | ആസ്തേ | സ്ഥലം പിടിച്ചിട്ടുണ്ടല്ലോ. |

അപി ബത മധുപുര്യാമാര്യപുത്രോഽധുനാഽഽസ്തേ
സ്മരതി സ പിതൃഗേഹാൻ സൌമ്യ ബന്ധൂംശ്ച ഗോപാൻ
ക്വചിദപി സ കഥാ നഃ കിങ്കരീണാം ഗൃണീതേ
ഭുജമഗുരുസുഗന്ധം മൂർദ്ധ്ന്യധാസ്യത് കദാ നു. 21

| | | | |
|---|---|---|---|
| ആര്യപുത്രഃ | സംപൂജ്യനായ നന്ദഗോപരുടെ പുത്രൻ | ക്വചിത് അപി | എപ്പോഴെങ്കിലും |
| അധുനാ | ഇപ്പോഴും | സഃ | അദ്ദേഹം |
| മധുപുര്യാം | മഥുരയിൽത്തന്നെ | കിങ്കരീണാം | ദാസികളായ |
| അപി ബത ആസ്തേ | വസിച്ചുവരുന്നുവോ? | നഃ കഥാഃ | ഞങ്ങളുടെ കഥകളെ |
| സൌമ്യ | ഹേ സൌമ്യ! | ഗൃണീതേ | സ്മരിക്കാറുണ്ടോ? |
| സഃ | അദ്ദേഹം | അഗുരുസുഗന്ധം | അകിലിനൊത്തൊരു സുഗന്ധംചേർന്ന |
| പിതൃഗേഹാൻ | അച്ഛനമ്മമാരേയും സ്വഗൃഹങ്ങളേയും അതോടൊപ്പം | ഭുജം | തൃക്കരത്തെ |
| ബന്ധൂൻ | ബന്ധുക്കളായ | മൂർദ്ധ്നി | ഞങ്ങളുടെ ശിരസ്സിൽ |
| ഗോപാൻ ച | ഗോപന്മാരേയുംകൂടി | അധാസ്യത് | വെച്ചനുഗ്രഹിക്കുന്നതു് |
| സ്മരതി | ഓർക്കുന്നുണ്ടോ? | കദാ നു | എന്നായിരിക്കുമോ, എന്തോ! |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

അഥോദ്ധവോ നിശമ്യൈവം കൃഷ്ണദർശനലാലസാഃ
സാന്ത്വയൻ പ്രിയസന്ദേശൈർഗ്ഗോപീരിദമഭാഷത. 22

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പ്രിയസന്ദേശൈഃ | പ്രിയതമൻ്റെ സന്ദേശവചനങ്ങളാൽ |
| കൃഷ്ണദർശനലാലസാഃ | ശ്രീകൃഷ്ണദർശനത്തിന്ന് ആഗ്രഹം മുഴുത്തിരിക്കുന്ന | സാന്ത്വയൻ | സമാധാനിപ്പിച്ചുകൊണ്ട് |
| ഗോപീഃ | ഗോപികമാരെ | ഉദ്ധവഃ | ഉദ്ധവൻ |
| നിശമ്യ | കണ്ടിട്ട്, | ഇദം | ഇങ്ങനെ |
| അഥ | പിന്നീട് അവരുടെ വാക്കുകളും കേട്ടശേഷം | അഭാഷത | പറഞ്ഞു. |

ഉദ്ധവ ഉവാച=ഉദ്ധവൻ പറഞ്ഞു:—

അഹോ യൂയം സ്മ പൂർണ്ണാർത്ഥാ ഭവത്യോ ലോകപൂജിതാഃ
വാസുദേവേ ഭഗവതി യാസാമിത്യർപ്പിതം മനഃ. 23

| | | | |
|---|---|---|---|
| അഹോ സ്മ | അഹോ! തീൎച്ചയായും | ഭഗവതി | ഷഡ്ഗുണസമ്പൂൎണ്ണമായ ശ്രീകൃഷ്ണനിൽ |
| യൂയം | നിങ്ങൾ | | |
| പൂൎണ്ണാൎത്ഥാഃ | ചരിതാൎത്ഥകളാണ്; | | |
| ലോകപൂജിതാഃ | ലോകമാന്യകളുമാണ്. | യാസാം | യാതൊരു നിങ്ങളുടെ |
| ഭവത്യഃ | നിങ്ങൾ | മനഃ | മനസ്സ് |
| വാസുദേവേ | വിശുദ്ധസത്വസ്വരൂപിയും | അൎപ്പിതം | ഉറച്ചുകഴിഞ്ഞുവല്ലോ. |

ദാനവ്രതതപോഹോമജപസ്വാദ്ധ്യായസംയമൈഃ
ശ്രേയോഭിൎവ്വിവിധൈശ്ചാന്യൈഃ കൃഷ്ണേ ഭക്തിൎഹി സാദ്ധ്യതേ. 24

| | | | |
|---|---|---|---|
| ദാനവ്രത-തപോഹോമ-ജപസ്വാദ്ധ്യായ-സംയമൈഃ | ദാനം, വ്രതം, തപസ്സ്, ഹോമം, ജപം, വേദാദ്ധ്യയനം, ഇന്ദ്രിയനിഗ്രഹം എന്നിവകൊണ്ടും, | ശ്രേയോഭിഃ ച | ശ്രേയസ്കരങ്ങളായ അനുഷ്ഠാനങ്ങൾകൊണ്ടും മാത്രമേ |
| | | കൃഷ്ണേ | ശ്രീകൃഷ്ണപരമാത്മാവിൽ |
| | | ഭക്തിഃ | ഭക്തി |
| അന്യൈഃ | മററുള്ള | സാദ്ധ്യതേ | സാധിക്കപ്പെടുകയുള്ളു. |
| വിവിധൈഃ | അനേകം | ഹി | അങ്ങിനെയാണല്ലൊ. |

ഭഗവത്യുത്തമശ്ലോകേ ഭവതീഭിരനുത്തമാ
ഭക്തിഃ പ്രവൎത്തിതാ ദിഷ്ട്യാ മുനീനാമപി ദുൎല്ലഭാ. 25

| | | | |
|---|---|---|---|
| ഉത്തമശ്ലോകേ | പുണ്യകീൎത്തിമാനായ | ഭക്തിഃ | ഭക്തി |
| ഭഗവതി | ശ്രീഭഗവാങ്കൽ | ഭവതീഭിഃ | നിങ്ങളാൽ |
| മുനീനാം അപി | മുനികൾക്കുപോലും | പ്രവൎത്തിതാ | പ്രവൎത്തിപ്പിക്കപ്പെട്ടുവെന്നതു |
| ദുൎല്ലഭാ | ദുൎല്ലഭമായുള്ള | | |
| അനുത്തമാ | അത്യുത്തമമായ | ദിഷ്ട്യാ | സന്തോഷപ്രദംതന്നെ. |

ദിഷ്ട്യാ പുത്രാൻ പതീൻ ദേഹാൻ സ്വജനാൻ ഭവനാനി ച
ഹിത്വാഽവൃണീത യൂയം യത് കൃഷ്ണാഖ്യം പുരുഷം പരം. 26

| | | | |
|---|---|---|---|
| യൂയം | നിങ്ങൾ | ഹിത്വാ | കൈവെടിഞ്ഞു് |
| പുത്രാൻ | പുത്രന്മാരേയും, | കൃഷ്ണാഖ്യം | കൃഷ്ണനെന്ന തിരുനാമത്താൽ അറിയപ്പെടുന്ന |
| പതീൻ | ഭൎത്താക്കന്മാരേയും, | പരം | സൎവ്വോത്തമനായ |
| ദേഹാൻ | ശരീരങ്ങളേയും, | പുരുഷം | പുരുഷനെ |
| സ്വജനാൻ | സ്വജനങ്ങളേയും, | അവൃണീത യത് | വരിച്ചുവെന്നതും |
| ഭവനാനി ച | ഭവനങ്ങളേയും | ദിഷ്ട്യാ | സന്തോഷപ്രദമാണ്. |

സൎവ്വാത്മഭാവോഽധികൃതോ ഭവതീനാമധോക്ഷജേ
വിരഹേണ മഹാഭാഗാ മഹാൻ മേഽനുഗ്രഹഃ കൃതഃ. 27

| | | | |
|---|---|---|---|
| മഹാഭാഗാഃ | ഭാഗ്യശാലിനികളേ ! | വിരഹേണ | വിരഹംനിമിത്തം |
| അധോക്ഷജേ | ശ്രീകൃഷ്ണനിൽ | മേ | എനിക്കും |
| ഭവതീനാം | നിങ്ങൾക്ക് | മഹാൻ | വലുതായ |
| സർവ്വാത്മഭാവഃ | ഏകാന്തഭക്തിതന്നെ | അനുഗ്രഹഃ | അനുഗ്രഹം |
| അധികൃതഃ | സിദ്ധമായിരിക്കുന്നു. | കൃതഃ | ചെയ്യപ്പെട്ടിരിക്കുന്നു. |

ശ്രൂയതാം പ്രിയസന്ദേശോ ഭവതീനാം സുഖാവഹഃ
യമാദായാഗതോ ഭദ്രാ അഹം ഭർത്തൂ രഹസ്കരഃ. 28

| | | | |
|---|---|---|---|
| ഭദ്രാഃ | ധന്യകളേ ! | ആദായ | വഹിച്ചുകൊണ്ട് |
| ഭർത്തുഃ | ഭഗവാന്റെ | ആഗതഃ | വന്നിരിക്കുന്നുവോ, |
| രഹസ്കരഃ | രഹസ്യകാര്യങ്ങളെ നിറവേററുന്ന ഒരു ദൂതനായുള്ള | ഭവതീനാം | നിങ്ങൾക്കേവർക്കും |
| | | സുഖാവഹഃ | ആനന്ദപ്രദമായ |
| അഹം | ഞാൻ | പ്രിയസന്ദേശഃ | ആ പ്രിയസന്ദേശം |
| യം | യാതൊരു സന്ദേശത്തെ | ശ്രൂയതാം | കേൾക്കപ്പെട്ടുകൊൾക. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞിരിക്കുന്നു :—

ഭവതീനാം വിയോഗോ മേ ന ഹി സർവ്വാത്മനാ ക്വചിത്
യഥാ ഭൂതാനി ഭൂതേഷു ഖം വായ്വഗ്നിർജ്ജലം മഹീ
തഥാഽഹം ച മനഃപ്രാണഭൂതേന്ദ്രിയഗുണാശ്രയഃ. 29

| | | | |
|---|---|---|---|
| സർവ്വാത്മനാ | "എല്ലാററിന്നും ഉപാദാനകാരണമായ | യഥാ | ഏതൊരു പ്രകാരം അവ സ്വാശ്രയമായി സ്ഥിതി ചെയ്യുന്നുവോ, |
| മേ | എന്നോടുകൂടി | | |
| ക്വചിത് | ഒരിക്കലും | തഥാ | അതുപ്രകാരം |
| ഭവതീനാം | നിങ്ങൾക്ക് | അഹം ച | ഞാനും |
| വിയോഗഃ | വിരഹം | മനഃപ്രാണ–ഭൂതേന്ദ്രിയ–ഗുണാശ്രയഃ | മനസ്സ്, പ്രാണൻ, പഞ്ചഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ എന്നിവയ്ക്കും, ഇവയുടെ കാരണങ്ങളായ ഗുണങ്ങൾക്കും" ആശ്രയഭൂതനെന്ന നിലയോടെ സ്ഥിതിചെയ്യുന്നു. |
| ന ഹി | സംഭവിക്കയില്ല. | | |
| ഭൂതേഷു | ചരാചരങ്ങളിൽ | | |
| ഖം | ആകാശം, | | |
| വായ്വഗ്നിഃ | വായു, അഗ്നി, | | |
| ജലം മഹീ | ജലം, ഭൂമി | | |
| ഭൂതാനി | എന്നീ മഹാഭൂതങ്ങൾ | | |

ആത്മന്യേവാത്മനാഽഽത്മാനം സൃജേ ഹന്മ്യനുപാലയേ
ആത്മമായാനുഭാവേന ഭൂതേന്ദ്രിയഗുണാത്മനാ. 30

| | | | |
|---|---|---|---|
| ആത്മമായാനുഭാവേന | "ഞാൻ എന്റേതായ മായയുടെ മഹിമകൊണ്ട് | ആത്മനി | എന്നിൽ |
| | | ആത്മനാ | എന്നാൽ |

ആത്മാനം ഏവ — എന്നെത്തന്നെ
ഭൂതേന്ദ്രിയ-ഗുണാത്മനാ — പഞ്ചഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, അവയുടെ ഗുണങ്ങൾ എന്നീ രൂപത്തോടെ

സൃജേ — സൃഷ്ടിക്കുന്നു;
അനുപാലയേ — രക്ഷിക്കുന്നു;
ഹന്മി — സംഹരിക്കയും ചെയ്യുന്നു.

ആത്മാ ജ്ഞാനമയഃ ശുദ്ധോ വ്യതിരിക്തോഽഗുണാന്വയഃ
സുഷുപ്തിസ്വപ്നജാഗ്രദ്ഭിർമ്മായാവൃത്തിഭിരീയതേ. 31

ആത്മാ — "ആത്മാവെന്നതു"
ജ്ഞാനമയഃ — ചിത്സ്വരൂപവും,
വ്യതിരിക്തഃ — ജഡപ്രകൃതിയിൽനിന്നു വേർപെട്ടിട്ടുള്ളതും,
അഗുണാന്വയഃ — സത്വാദിഗുണങ്ങളോടു സംബന്ധമില്ലാത്തതും,
ശുദ്ധഃ — ശുദ്ധവും ആകുന്നു.

മായാവൃത്തിഭിഃ — മായാവൃത്തികളായ
സുഷുപ്തിസ്വപ്ന-ജാഗ്രദ്ഭിഃ — സുഷുപ്തി, സ്വപ്നം, ജാഗ്രത്ത് എന്നിവയാൽ
ഈയതേ — പ്രാജ്ഞൻ, തൈജസൻ, വിശ്വരൂപൻ എന്നീവിധം അതു തോന്നപ്പെടുന്നു.

യേനേന്ദ്രിയാർത്ഥാൻ ധ്യായേത മൃഷാ സ്വപ്നവദുത്ഥിതഃ
തന്നിരുന്ധ്യാദിന്ദ്രിയാണി വിനിദ്രഃ പ്രത്യപദ്യത. 32

ഉത്ഥിതഃ — "ഉണർന്നെഴുന്നേററവൻ
മൃഷാ — അവാസ്തവമായുള്ള
സ്വപ്നവത് — സ്വപ്നത്തെ ചിന്തിക്കുന്ന വിധം
ഇന്ദ്രിയാർത്ഥാൻ — മിത്ഥ്യാബാധിതങ്ങളായ ഇന്ദ്രിയവിഷയങ്ങളെ
യേന — യാതൊരുമനസ്സുകൊണ്ടാണോ

ധ്യായേത — ചിന്തിക്കുന്നതും, (ചിന്തിച്ചിരുന്നു യാതൊരു മനസ്സുകൊണ്ടാണോ)
ഇന്ദ്രിയാണി — ആ ഇന്ദ്രിയങ്ങളെ
പ്രത്യപദ്യത — പ്രാപിച്ചുകൊള്ളുന്നതും,
തത് — ആ മനസ്സിനെ
വിനിദ്രഃ — അലസതയില്ലാതെ
നിരുന്ധ്യാത് — അടക്കേണ്ടതാണ്.

ഏതദന്തഃ സമാമ്നായോ യോഗഃ സാംഖ്യം മനീഷിണാം
ത്യാഗസ്തപോ ദമഃ സത്യം സമുദ്രാന്താ ഇവാപഗാഃ. 33

സമാമ്നായഃ — "വൈദികമായ കർമ്മപദ്ധതി
ഏതദന്തഃ — ഈ മനോനിയന്ത്രണത്തിൽ പര്യവസാനിക്കുന്ന ഒന്നാണ്.
യോഗഃ — അഷ്ടാംഗയോഗവും,
മനീഷിണാം — ചിന്തകന്മാരുടെ
സാംഖ്യം — സാംഖ്യദർശനവും,
ത്യാഗഃ — കർമ്മസന്ന്യാസവും,

തപഃ — തപസ്സും,
ദമഃ — ഇന്ദ്രിയനിഗ്രഹവും,
സത്യം — നിഷ്കപടമായ ജീവിതവും എല്ലാം
ആപഗാഃ — നദികൾ
സമുദ്രാന്താഃ ഇവ — കടലിൽച്ചെന്നവസാനിച്ചപോലെ ഈ മനോനിയന്ത്രണത്തിൽ ചെന്നവസാനിക്കുന്നു.

യത്ത്വഹം ഭവതീനാം വൈ ദൂരേ വർത്തേ പ്രിയോ ദൃശാം
മനസഃ സന്നികർഷാർത്ഥം മദനുധ്യാനകാമ്യയാ. 34

| | | | |
|---|---|---|---|
| തു യത് | " എന്നാൽ, | മദനുധ്യാന-കാമ്യയാ | എന്നെത്തന്നെ നിരന്തരം ധ്യാനിക്കണമെന്ന |
| പ്രിയഃ അഹം | പ്രിയനായ ഞാൻ | | ആഗ്രഹംകൊണ്ടും, |
| ഭവതീനാം | നിങ്ങളുടെ | മനസഃ | മനസ്സിന്റെ |
| ദൃശാം | കണ്ണുകൾക്ക് | സന്നികർഷായ | അടുപ്പത്തിനുവേണ്ടിയും |
| ദൂരേ | അകലെയായി | | ആകുന്നു. |
| വർത്തേ യത് | വർത്തിക്കുന്നു എന്നത് | | |

യഥാ ദൂരചരേ പ്രേഷ്ഠേ മന ആവിശ്യ വർത്തതേ
സ്ത്രീണാം ച ന തഥാ ചേതഃ സന്നികൃഷ്ടേഽക്ഷിഗോചരേ. 35

| | | | |
|---|---|---|---|
| സ്ത്രീണാം ച | " സ്ത്രീകൾക്കാകട്ടെ | തഥാ | അത്രത്തോളംതന്നെ |
| ദൂരചരേ | അകലെ കഴിഞ്ഞുകൂടുന്ന | ചേതഃ | അവരുടെ മനസ്സ് |
| പ്രേഷ്ഠേ | പ്രിയതമനിൽ | അക്ഷിഗോചരേ | ഇന്ദ്രിയങ്ങൾക്കു വിഷയീ |
| യഥാ മനഃ | എത്രത്തോളം മനസ്സ് | | ഭവിച്ചുകൊണ്ട് |
| ആവിശ്യ | ഉറച്ച് | സന്നികൃഷ്ടേ ന | എന്നും അടുത്തിരിക്കുന്ന |
| വർത്തതേ | നില്ക്കുന്നുവോ, | | വനിൽ നില്ക്കുന്നതല്ല. |

മയ്യാവേശ്യ മനഃ കൃത്സ്നം വിമുക്താശേഷവൃത്തി യത്
അനുസ്മരന്ത്യോ മാം നിത്യമചിരാന്മാമുപൈഷ്യഥ. 36

| | | | |
|---|---|---|---|
| വിമുക്താ-ശേഷവൃത്തി | " മറ്റുള്ള എല്ലാ പ്രവർത്തനവും [illegible]വിട്ടിരിക്കുന്ന | മാം | എന്നെത്തന്നെ |
| | | അനുസ്മരന്ത്യഃ | നിരന്തരം സ്മരിച്ചു |
| കൃത്സ്നം | സമ്പൂർണ്ണമായ | | കൊണ്ടിരിക്കുന്ന നിങ്ങൾ |
| യത് മനഃ | മനസ്സിനെ | അചിരാത് | വൈകാതെ |
| നിത്യം മയി | എന്നും എന്നിൽ | മാം | എന്നെ |
| ആവേശ്യ | ഉറപ്പിച്ച്, | ഉപൈഷ്യഥ | പ്രാപിക്കുന്നതാണ്. |

യാ മയാ ക്രീഡതാ രാത്ര്യാം വനേഽസ്മിൻ വ്രജ ആസ്ഥിതാഃ
അലബ്ധരാസാഃ കല്യാണ്യോ മാഽഽപുർമ്മദ്വീര്യചിന്തയാ. 37

| | | | |
|---|---|---|---|
| കല്യാണ്യഃ | " മംഗളഗാത്രിമാരേ! | മയാ | എന്റെകൂടെ |
| യാഃ | യാതൊരു ഗോപികമാർ | അലബ്ധരാസാഃ | രാസക്രീഡാസുഖം ലഭി |
| | (പ്രതിബന്ധത്താൽ) | | ക്കാതെയിരുന്നിട്ടുണ്ടായി |
| വ്രജേ | ഗോകുലത്തിൽത്തന്നെ | | രുന്നുവോ, അവർ |
| ആസ്ഥിതാഃ | ഇരുന്നുകൊണ്ട് | മദ്വീര്യചിന്തയാ | എന്റെ ലീലകളെ |
| അസ്മിൻ വനേ | ഈ വൃന്ദാവനത്തിൽ | | അനുസ്മരിക്കകൊണ്ട് |
| രാത്ര്യാം | രാത്രിനേരത്ത് | മാ ആപുഃ | എന്നെ പ്രാപിച്ചു |
| ക്രീഡതാ | വിഹരിച്ചുകൊണ്ടിരുന്ന | | കഴിഞ്ഞു." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം പ്രിയതമാദിഷ്ടമാകർണ്ണ്യ വ്രജയോഷിതഃ
താ ഊചുരുദ്ധവം പ്രീതാസ്തത്സന്ദേശാഗതസ്മൃതീഃ. 38

| | | | |
|---|---|---|---|
| ഏവം | ഈവിധം | | ക്കുറിച്ച് ഓർമ്മവന്നവരായ |
| പ്രിയതമാ- ദിഷ്ടം | പ്രിയതമന്റെ സന്ദേശ വാക്യത്തെ | താഃ | ആ |
| | | വ്രജയോഷിതഃ | ഗോകുലസ്ത്രീകൾ |
| ആകർണ്ണ്യ | കേട്ട് | പ്രീതാഃ | സന്തുഷ്ടകളായി |
| തത്സന്ദേശാ- ഗതസ്മൃതീഃ | ആ സന്ദേശംകൊണ്ട് അവിടുത്തെ ലീലകളെ | ഉദ്ധവം | ഉദ്ധവനോട് |
| | | ഊചുഃ | പറഞ്ഞു. |

ഗോപ്യ ഊചുഃ=ഗോപസ്ത്രീകൾ പറഞ്ഞു :—

ദിഷ്ട്യാഽഹിതോ ഹതഃ കംസോ യദൂനാം സാനുഗോഽഘകൃത്
ദിഷ്ട്യാപ്തൈർല്ലബ്ധസർവ്വാർത്ഥൈഃ കുശല്യാസ്തേഽച്യുതോഽധുനാ. 39

| | | | |
|---|---|---|---|
| അഹിതഃ | ശത്രുവും, | ലബ്ധ- സർവ്വാർത്ഥൈഃ | സർവ്വസമ്പത്തുകളും ലഭിച്ചുകഴിഞ്ഞ |
| യദൂനാം | യാദവന്മാർക്ക് | | |
| അഘകൃത് | ദുഃഖപ്രദനും, | ആപ്തൈഃ | ഇഷ്ടബന്ധുക്കളോടുകൂടി |
| സാനുഗഃ | അനുയായികളോടു കൂടിയവനും ആയ | അച്യുതഃ | ശ്രീകൃഷ്ണൻ |
| | | അധുനാ | ഇപ്പോൾ |
| കംസഃ | കംസൻ | കുശലീ | ക്ഷേമവാനായി |
| ഹതഃ | കൊല്ലപ്പെട്ടു; | ആസ്തേ | വസിക്കുന്നു എന്നതും |
| ദിഷ്ട്യാ | ഇത് സന്തോഷംതന്നെ. | ദിഷ്ട്യാ | സന്തോഷകരംതന്നെ. |

കച്ചിദ്ഗദാഗ്രജഃ സൌമ്യ കരോതി പുരയോഷിതാം
പ്രീതിം നഃ സ്നിഗ്ദ്ധസവ്രീഡഹാസോദാരേക്ഷണാർച്ചിതഃ. 40

| | | | |
|---|---|---|---|
| സൌമ്യ | ഹേ സുമുഖ! | നഃ | ഞങ്ങൾക്ക് ഉളവാക്കേണ്ടും |
| ഗദാഗ്രജഃ | ശ്രീകൃഷ്ണൻ | | |
| സ്നിഗ്ദ്ധസവ്രീഡ- ഹാസോദാരേ- ക്ഷണാർച്ചിതഃ | സ്നേഹമസൃണവും, സലജ്ജമായ മന്ദഹാസത്താൽ ഉദാരവുമായ നോട്ടംകൊണ്ട് സൽകൃതനായിട്ട് | പ്രീതിം | പ്രീതിയെ |
| | | പുരയോഷിതാം | മഥുരാപുരിയിലെ സ്ത്രീകൾക്ക് |
| | | കച്ചിത് കരോതി | ഉളവാക്കുന്നില്ലേ! |

കഥം രതിവിശേഷജ്ഞഃ പ്രിയശ്ച വരയോഷിതാം
നാനുബധ്യേത തദ്വാക്യൈർവ്വിഭ്രമൈശ്ചാനുഭാജിതഃ. 41

| | | | |
|---|---|---|---|
| രതി- വിശേഷജ്ഞഃ | രതിവിശേഷങ്ങൾ അറിയുന്നവനും, (ആകയാൽ) | വരയോഷിതാം | യോഗ്യതയുള്ള പൌരനാരിമാർക്ക് |

| | |
|---|---|
| പ്രിയഃ ച | പ്രീതി വളർത്തുന്നവനും ആയ ശ്രീകൃഷ്ണൻ |
| തദ്വാക്യൈഃ | അവരുടെ ഭാഷണങ്ങളാലും |
| വിഭ്രമൈഃ | ശൃംഗാരവിലാസങ്ങളാലും |
| അനുഭാജിതഃ | സൽകൃതനായിഭവിച്ച് |
| കഥം | എങ്ങനെയാണ് |
| ന അനുബധ്യേത | അനുബന്ധിക്കപ്പെടാതിരിക്കുക ? |

അപി സ്മരതി നഃ സാധോ ഗോവിന്ദഃ പ്രസ്തുതേ ക്വചിത്
ഗോഷ്ഠീമധ്യേ പുരസ്ത്രീണാം ഗ്രാമ്യാഃ സ്വൈരകഥാന്തരേ. 42

| | |
|---|---|
| സാധോ | ഹേ ഉത്തമ ! |
| പുരസ്ത്രീണാം | നാഗരികാംഗനമാരുടെ |
| ഗോഷ്ഠീമധ്യേ | സഭാമദ്ധ്യത്തിൽ |
| സ്വൈര-കഥാന്തരേ | ഇഷ്ടംപോലെ കഥാസല്ലാപം ചെയ്യുന്നതിന്നിടയിൽ |
| പ്രസ്തുതേ | വല്ല സന്ദർഭത്തിലും, |
| ക്വചിത് | എപ്പോഴെങ്കിലും |
| ഗ്രാമ്യാഃ | ഗ്രാമീണകളായ |
| നഃ | ഞങ്ങളെ |
| ഗോവിന്ദഃ | ആ ഗോകുലനാഥൻ |
| അപി സ്മരതി | സ്മരിക്കാറുണ്ടോ ? |

താഃ കിം നിശാഃ സ്മരതി യാസു തദാ പ്രിയാഭിർ-
വൃന്ദാവനേ കുമുദകുന്ദശശാങ്കരമ്യേ.
രേമേ ക്വണച്ചരണനൂപുരരാസഗോഷ്ഠ്യാ-
മസ്മാഭിരീഡിതമനോജ്ഞകഥഃ കദാചിത്. 43

| | |
|---|---|
| കുമുദകുന്ദ-ശശാങ്കരമ്യേ | ആമ്പൽപ്പൂക്കളാലും, മുല്ലമലരുകളാലും, വെൺതിങ്കളാലും രമണീയമായ |
| വൃന്ദാവനേ | വൃന്ദാവനത്തിൽ, |
| ക്വണച്ചരണ-നൂപുര-രാസഗോഷ്ഠ്യാം | കാൽച്ചിലങ്കകൾ കിലുങ്ങിക്കൊണ്ടിരിക്കുന്ന രാസമണ്ഡലത്തിൽ വെച്ച് |
| അസ്മാഭിഃ | ഞങ്ങളാവുന്ന |
| പ്രിയാഭിഃ | പ്രേയസിമാരാൽ |
| ഈഡിത-മനോജ്ഞകഥഃ | വാഴ്ത്തപ്പെട്ട മനോജ്ഞലീലാകഥകളോടുകൂടിയവനായി |
| തദാ | അന്ന് |
| യാസു | യാതൊരു രാത്രികളിൽ |
| രേമേ | രമിച്ചിരുന്നുവോ, |
| താഃ നിശാഃ | ആ രാത്രികളെ |
| കദാചിത് | എപ്പോഴെങ്കിലും |
| സ്മരതി കിം | ഓർക്കുന്നുവോ, എന്തോ ! |

അപ്യേഷ്യതീഹ ദാശാർഹസ്തപ്താഃ സ്വകൃതയാ ശുചാ
സഞ്ജീവയൻ നു നോ ഗാത്രൈര്യഥേന്ദ്രോ വനമംബുദൈഃ. 44

| | |
|---|---|
| സ്വകൃതയാ | തന്നാലുണ്ടാക്കപ്പെട്ട |
| ശുചാ | ശോകത്താൽ |
| തപ്താഃ | തപിച്ചിരിക്കുന്ന |
| നഃ | ഞങ്ങളെ, |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| അംബുദൈഃ | കാർകൊണ്ടലുകളാൽ |
| വനം | കാടിനെ |
| യഥാ | തഴപ്പിക്കുവാനെന്നപോലെ |
| ദാശാർഹഃ | ശ്രീകൃഷ്ണൻ |
| ഗാത്രൈഃ | അംഗസ്പർശങ്ങളാൽ |
| സഞ്ജീവയൻ | ജീവിപ്പിക്കുന്നതിന്നായി |
| ഇഹ | ഇവിടേക്ക് |
| ഏഷ്യതി അപി നു | വരാൻ ഉദ്ദേശിക്കുന്നുവോ, എന്തോ ! |

കസ്മാത് കൃഷ്ണ ഇഹായാതി പ്രാപ്തരാജ്യോ ഹതാഹിതഃ
നരേന്ദ്രകന്യാ ഉദ്വാഹ്യ പ്രീതഃ സർവ്വസുഹൃദ്വൃതഃ. 45

| | |
|---|---|
| ഹതാഹിതഃ | വധിക്കപ്പെട്ട ശത്രുക്കളോടുകൂടിയവനായും, |
| പ്രാപ്തരാജ്യഃ | കീഴടക്കപ്പെട്ട രാജ്യത്തോടുകൂടിയവനായും ഭവിച്ചിരിക്കുന്ന |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| ഇഹ | ഇട്ടിക്കിലേക്ക് |
| കസ്മാത് | ഇനി എന്തിനുവേണ്ടി |
| ആയാതി | വരുന്നു ? |
| നരേന്ദ്രകന്യാഃ | രാജകന്യകമാരെ |
| ഉദ്വാഹ്യ | പാണിഗ്രഹണം ചെയ്ത്, |
| സർവ്വസുഹൃദ്വൃതഃ | സകലബന്ധുജനങ്ങളാലും പരിവൃതനായി |
| പ്രീതഃ | സന്തോഷത്തോടെ ഇരിപ്പാൻ പോകയാണ്. |

കിമസ്മാഭിർവ്വനൌകോഭിരന്യാഭിർവ്വാ മഹാത്മനഃ
ശ്രീപതേരാപ്തകാമസ്യ ക്രിയേതാർത്ഥഃ കൃതാത്മനഃ. 46

| | |
|---|---|
| മഹാത്മനഃ | ധീരചിത്തനും, |
| ശ്രീപതേഃ | സമ്പദ്ദേവതയുടെ നാഥനും |
| ആപ്തകാമസ്യ | അഭിലാഷങ്ങളെ സ്വയം നേടിക്കഴിഞ്ഞവനും |
| കൃതാത്മനഃ | വശീകൃതാത്മാവും (പരിപൂർണ്ണനും) ആയ അവിടുത്തേക്ക് |
| വനൌകോഭിഃ | കാട്ടിൽപ്പാർക്കുന്ന |
| അസ്മാഭിഃ | ഞങ്ങളാലോ, |
| അന്യാഭിഃ വാ | മററുള്ള നാഗരികസ്ത്രീകളാലോ |
| അർത്ഥഃ | വല്ല കാര്യവും |
| കിം ക്രിയേത | ചെയ്യപ്പെടേണ്ടതുണ്ടോ ? |

പരം സൌഖ്യം ഹി നൈരാശ്യം സ്വൈരിണ്യപ്യാഹ പിങ്ഗളാ
തജ്ജാനതീനാം നഃ കൃഷ്ണേ തഥാപ്യാശാ ദുരത്യയാ. 47

| | |
|---|---|
| സ്വൈരിണീ | ഒത്തപോലെ നടന്നിരുന്ന |
| പിങ്ഗളാ അപി | പിങ്ഗളയെന്ന വേശ്യപോലും |
| നൈരാശ്യം | ആശവെടിഞ്ഞുള്ള ജീവിതമാണ് |
| പരം | പരമമായ |
| സൌഖ്യം | സൌഖ്യമെന്ന് |
| ആഹ ഹി | പറകയുണ്ടായല്ലോ. |
| തഥാ | അതുപ്രകാരം |
| തത് | അതിനെക്കുറിച്ച് (ആശയുടെ ദുഃഖഹേതുകതയെക്കുറിച്ച്) |
| ജാനതീനാം അപി | അറിവുള്ളവരാണെങ്കിലുംകൂടി |
| നഃ | ഞങ്ങൾക്ക് |
| കൃഷ്ണേ | ശ്രീകൃഷ്ണനിലുള്ള |
| ആശാ | മോഹം |
| ദുരത്യയാ | തള്ളിക്കളവാൻ അശക്യമായിരിക്കുന്നു. |

ക ഉത്സഹേത സന്ത്യക്തുമുത്തമശ്ലോകസംവിദം
അനിച്ഛതോഽപി യസ്യ ശ്രീരങ്ഗാന്ന ച്യവതേ ക്വചിത്. 48

| | |
|---|---|
| ഉത്തമശ്ലോകസംവിദം | ഉത്തമകീർത്തിമാനായ ശ്രീകൃഷ്ണൻെറ രഹഃസല്ലാപത്തെ |
| സന്ത്യക്തും | മറന്നുകളയുവാൻ |
| കഃ | ആരാണ് |
| ഉത്സഹേത | ഉത്സാഹിക്കുക ? |

| | | | |
|---|---|---|---|
| അനിച്ഛതഃ } | തന്നെ ആഗ്രഹിക്കാത്ത | അംഗാത് | അംഗത്തിൽനിന്ന് |
| അപി } | വനാണെങ്കിലുംകൂടി | ശ്രീഃ | മഹാലക്ഷ്മി |
| യസ്യ | യാതൊരു ആ | കദാചിത് | ഒരിക്കലും |
| | ശ്രീകൃഷ്ണന്റെ | ന ച്യവതേ | ഒഴിഞ്ഞുപോകുന്നില്ല. |

സരിച്ഛൈലവനോദ്ദേശാ ഗാവോ വേണുരവാ ഇമേ
സങ്കർഷണസഹായേന കൃഷ്ണേനാചരിതാഃ പ്രഭോ. 49
പുനഃ പുനഃ സ്മാരയന്തി നന്ദഗോപസുതം ബത
ശ്രീനികേതൈസ്തത്പദകൈർവിസ്മർത്തും നൈവ ശക്നുമഃ. 50

| | | | |
|---|---|---|---|
| പ്രഭോ | ഹേ പ്രഭോ! | തത്പദകൈഃ | അവിടുത്തെ കാലടിപ്പാടുകൾകൊണ്ട് |
| സങ്കർഷണസഹായേന } | ബലരാമസഹിതനായ | പുനഃ പുനഃ | വീണ്ടും വീണ്ടും |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ | നന്ദഗോപസുതം | ആ നന്ദഗോപകുമാരനെത്തന്നെ |
| ആചരിതാഃ | പരിസേവിതങ്ങളായ | | |
| ഇമേ | ഈ | സ്മാരയന്തി | ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. |
| സരിച്ഛൈലവനോദ്ദേശാഃ } | നദിയും, ഗിരിയും, വനപ്രദേശങ്ങളും, | | |
| ഗാവഃ | കന്നുകാലികളും, | ബത | അയ്യോ! |
| വേണുരവാഃ | വേണുനാദങ്ങളും | വിസ്മർത്തും | അവിടുത്തെ മറക്കുവാൻ |
| ശ്രീനികേതൈഃ | ശോഭാസർവ്വസ്വത്തിന്ന് ഇരിപ്പിടങ്ങളായ | ന ശക്നുമഃ ഏവ } | ഞങ്ങൾക്ക് ഒട്ടുംതന്നെ കഴിയുന്നില്ല. |

ഗത്യാ ലളിതയോദാരഹാസലീലാവലോകനൈഃ
മാധ്വ്യാ ഗിരാ ഹൃതധിയഃ കഥം തം വിസ്മരാമ ഹേ. 51

| | | | |
|---|---|---|---|
| ഹേ | അല്ലയോ സുമുഖ! | ഗിരാ | വാണിയാലും |
| ലളിതയാ | ചേലൊത്ത | ഹൃതധിയഃ | ആകൃഷ്ടചിത്തകളായിത്തീർന്ന ഞങ്ങൾ |
| ഗത്യാ | നടത്തത്താലും, | | |
| ഉദാരഹാസലീലാവലോകനൈഃ | ഉദാരമായ പുഞ്ചിരിയാലും, ലീലകളാലും, കടാക്ഷവീക്ഷണത്താലും, | തം | ആ നന്ദകുമാരനെ |
| | | കഥം | എങ്ങനെയാണ് |
| മാധ്വ്യാ | തേനൊഴുകുന്ന | വിസ്മരാമ | മറക്കേണ്ടത്? |

ഹേ നാഥ ഹേ രമാനാഥ വ്രജനാഥാർത്തിനാശന
മഗ്നമുദ്ധര ഗോവിന്ദ ഗോകുലം വൃജിനാർണ്ണവാത്. 52

| | | | |
|---|---|---|---|
| ഹേ നാഥ | അല്ലയോ നാഥ! | ഗോവിന്ദ | ശ്രീഗോവിന്ദ! |
| ഹേ രമാനാഥ | അല്ലയോ ലക്ഷ്മീനാഥ! | വൃജിനാർണ്ണവാത് | ദുഃഖസാഗരത്തിൽനിന്ന് |
| വ്രജനാഥ | ഗോകുലനാഥ! | മഗ്നം | അതിൽ മുങ്ങിക്കിടക്കുന്ന |
| ആർത്തിനാശന | ദുഃഖനാശന! | ഗോകുലം | ഗോകുലവാസിജനത്തെ |
| | | ഉദ്ധര | കരകയറ്റണേ! |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

തതസ്താഃ കൃഷ്ണസന്ദേശൈർവ്യപേതവിരഹജ്വരാഃ
ഉദ്ധവം പൂജയാഞ്ചക്രുർജ്ഞാത്വാഽഽത്മാനമധോക്ഷജം. 53

| | |
|---|---|
| തതഃ താഃ | അനന്തരം അവർ |
| കൃഷ്ണ- സന്ദേശൈഃ | ശ്രീകൃഷ്ണന്റെ സന്ദേശ വചനങ്ങളാൽ |
| വ്യപേത- വിരഹജ്വരാഃ | വിട്ടുപോയവിരഹതാപത്തോടുകൂടിയവരായി, |
| അധോക്ഷജം | ഇന്ദ്രിയാതീതമായ ജ്ഞാനത്തിന്നുമാത്രം വിഷയീഭവിക്കുന്നവനും, |
| ആത്മാനം | തങ്ങളുടെ ആത്മാവുമാണെന്ന് |
| ജ്ഞാത്വാ | കൃഷ്ണനെ അറിഞ്ഞ് |
| ഉദ്ധവം | ഉദ്ധവനെ |
| പൂജയാഞ്ചക്രുഃ | പൂജിച്ചു. |

ഉവാസ കതിചിന്മാസാൻ ഗോപീനാം വിനുദഞ്ഛുചഃ
കൃഷ്ണലീലാകഥാം ഗായൻ രമയാമാസ ഗോകുലം. 54

| | |
|---|---|
| ഗോപീനാം | ഗോപികമാരുടെ |
| ശുചഃ | ദുഃഖങ്ങളെ |
| വിനുദൻ | തീക്കുന്നതിന്നുവേണ്ടി |
| കതിചിത് | ഏതാനും |
| മാസാൻ | മാസങ്ങൾവരെ |
| ഉവാസ | (ഉദ്ധവൻ ഗോകുലത്തിൽ) താമസിച്ചു. |
| കൃഷ്ണലീലാകഥാം | കൃഷ്ണന്റെ ലീലാകഥകളെ |
| ഗായൻ | ഗാനം ചെയ്തുകൊണ്ട് |
| ഗോകുലം | ഗോകുലത്തെ |
| രമയാമാസ | സുഖിപ്പിക്കയും ചെയ്തു. |

യാവന്ത്യഹാനി നന്ദസ്യ വ്രജേഽവാത്സീത് സ ഉദ്ധവഃ
വ്രജൌകസാം ക്ഷണപ്രായാണ്യാസൻ കൃഷ്ണസ്യ വാർത്തയാ. 55

| | |
|---|---|
| സഃ ഉദ്ധവഃ | ആ ഉദ്ധവൻ |
| യാവന്തി | എത്രത്തോളം |
| അഹാനി | ദിവസങ്ങൾ |
| നന്ദസ്യ | നന്ദഗോപരുടെ |
| വ്രജേ | ഗോകുലത്തിൽ |
| അവാത്സീത് | താമസിച്ചുവന്നുവോ, അത്രയും ദിവസങ്ങൾ |
| കൃഷ്ണസ്യ | ഭഗവാന്റെ |
| വാർത്തയാ | വാർത്താകഥനംകൊണ്ട് |
| വ്രജൌകസാം | ഗോകുലവാസികൾക്ക് |
| ക്ഷണപ്രായാണി | ക്ഷണങ്ങളെപ്പോലെയായി |
| ആസൻ | ഭവിച്ചു. |

സരിദ്വനഗിരിദ്രോണീർവീക്ഷൻ കുസുമിതാൻ ദ്രുമാൻ
കൃഷ്ണം സംസ്മാരയൻ രേമേ ഹരിദാസോ വ്രജൌകസാം. 56

| | |
|---|---|
| സരിദ്വന- ഗിരിദ്രോണീഃ | നദികൾ, വനങ്ങൾ, പർവ്വതങ്ങൾ, താഴ്വരകൾ എന്നിവയേയും, |
| കുസുമിതാൻ | പൂത്തുനില്ക്കുന്ന |
| ദ്രുമാൻ | മാമരങ്ങളേയും, |
| വീക്ഷൻ | കണ്ടുകൊണ്ടും, |
| വ്രജൌകസാം | ഗോകുലവാസികൾക്ക് |
| കൃഷ്ണം | ശ്രീകൃഷ്ണനെക്കുറിച്ചുള്ള |
| സംസ്മാരയൻ | സ്മരണ ജനിപ്പിച്ചുകൊണ്ടും |
| ഹരിദാസഃ | കൃഷ്ണഭക്തനായ ഉദ്ധവൻ |
| രേമേ | ആനന്ദമനുഭവിച്ചു. |

ദൃഷ്ട്വൈവമാദി ഗോപീനാം കൃഷ്ണാവേശാത്മവിക്ലബം
ഉദ്ധവഃ പരമപ്രീതസ്താ നമസ്യന്നിദം ജഗൌ. 57

| | | | |
|---|---|---|---|
| ഏവമാദി | ഇത്തരത്തിൽ | പരമപ്രീതഃ | അത്യന്തം പ്രീതനായ |
| ഗോപീനാം | ഗോപികമാൎക്ക് | ഉദ്ധവഃ | ഉദ്ധവൻ |
| കൃഷ്ണാവേശാ–ത്മവിക്ലബം | ഭഗവാങ്കലുള്ള ആവേശത്താൽ ഉണ്ടായ മനോവ്യാകുലതയെ | താഃ | അവരെ |
| | | നമസ്യൻ | നമസ്കരിക്കുവാനുദ്ദേശിച്ച് |
| | | ഇദം | ഈവിധം |
| ദൃഷ്ട്വാ | കണ്ടിട്ട് | ജഗൌ | പറഞ്ഞു. |

ഏതാഃ പരം തനുഭൃതോ ഭുവി ഗോപവധ്വോ
ഗോവിന്ദ ഏവ നിഖിലാത്മനി രൂഢഭാവാഃ
വാഞ്ഛന്തി യദ് ഭവഭിയോ മുനയോ വയം ച
കിം ബ്രഹ്മജന്മഭിരനന്തകഥാരസസ്യ. 58

| | | | |
|---|---|---|---|
| നിഖിലാത്മനി | "സൎവ്വാത്മാവായ | യത് | യാതൊരു ആ പ്രേമഭക്തിയെത്തന്നെയാണ് |
| ഗോവിന്ദേ ഏവ | ശ്രീകൃഷ്ണനിൽത്തന്നെ | ഭവഭിയഃ | സംസാരഭയമുള്ള |
| രൂഢഭാവാഃ | അടിയുറച്ച പ്രേമഭക്തിയോടുകൂടിയ | മുനയഃ | മുനിമാരും |
| ഏതാഃ | ഈ | വയം ച | (ഭക്തരായ) ഞങ്ങളും |
| ഗോപവധ്വഃ | ഗോപവധുക്കൾ | വാഞ്ഛന്തി | ആഗ്രഹിക്കുന്നതു്. |
| പരം | മാത്രമേ | അനന്ത–കഥാരസസ്യ | ഭഗവൽകഥാരസം ഉള്ളവന്ന് |
| ഭുവി | ഭൂമിയിൽ | ബ്രഹ്മജന്മഭിഃ | ബ്രാഹ്മണജന്മങ്ങളാൽ |
| തനുഭൃതഃ | ദേഹം ധരിച്ചവരായിട്ടുള്ള. (ദേഹം ധരിച്ചതിന്റെ ഫലം ലഭിച്ചവരായിട്ടുള്ള.) | കിം | എന്തു വിശേഷം? |

ക്വേമാഃ സ്ത്രിയോ വനചരീർവ്യഭിചാരദുഷ്ടാഃ
കൃഷ്ണേ ക്വ ചൈഷ പരമാത്മനി രൂഢഭാവഃ
നന്വീശ്വരോഽനുഭജതോഽവിദുഷോഽപി സാക്ഷാ-
ച്ഛ്രേയസ്തനോത്യഗദരാജ ഇവോപയുക്തഃ. 59

| | | | |
|---|---|---|---|
| സ്ത്രിയഃ | "ജന്മനാ സ്ത്രീകളും, | ഇമാഃ ക്വ | ഈ ഗോപികമാരെങ്ങ്? |
| വനചരീഃ | വിശേഷിച്ച്, സംസ്കാരശൂന്യകളായി കാട്ടിൽ നടന്നു കഴിയുന്നവരും, | പരമാത്മനി | പരമാത്മാവായ |
| | | കൃഷ്ണേ | ശ്രീകൃഷ്ണനിൽ |
| വ്യഭിചാരദുഷ്ടാഃ | അതിലും വിശേഷിച്ച്, വ്യഭിചാരംകൊണ്ടു ദുഷിച്ചുപോയവരുമായ | ഏഷഃ രൂഢഭാവഃ ച | വേരുറച്ച ഈ പ്രേമഭക്തിയും |
| | | ക്വ | എങ്ങ്? |
| | | സാക്ഷാത് | പ്രത്യക്ഷമായി |

| | |
|---|---|
| അനുഭജതഃ | തന്നെ നിരന്തരം ഭജിക്കുന്ന |
| അവിദുഷഃ അപി | അജ്ഞാനിക്കുകൂടിയും |
| ഉപയുക്തഃ | ഉപയോഗിക്കപ്പെട്ട (സേവിക്കപ്പെട്ട) |
| അഗദരാജഃ | മഹൌഷധം (അമൃത്) |
| ഇവ | ആരോഗ്യം നല്കുന്നപോലെ |
| ഈശ്വരഃ | ഈശ്വരൻ |
| ശ്രേയഃ | ശ്രേയസ്സിനെ |
| തനോതി | അരുളുന്നു. |
| നനു | ആശ്ചര്യം തന്നെ ! |

നായം ശ്രിയോഽംഗ ഉ നിതാന്തരതേഃ പ്രസാദഃ
സ്വര്യോഷിതാം നളിനഗന്ധരുചാം കുതോഽന്യാഃ
രാസോത്സവേഽസ്യ ഭുജദണ്ഡഗൃഹീതകണ്ഠ-
ലബ്ധാശിഷാം യ ഉദഗാദ്വ്രജവല്ലവീനാം 60

| | |
|---|---|
| രാസോത്സവേ | "രാസക്രീഡയിൽ |
| അസ്യ | ഭഗവാന്റെ |
| ഭുജദണ്ഡ-ഗൃഹീതകണ്ഠ-ലബ്ധാശിഷാം | കൈത്തണ്ടുകളാലുള്ള കണ്ഠാശ്ലേഷംകൊണ്ട് ആഗ്രഹം നേടിക്കഴിഞ്ഞ |
| വ്രജവല്ലവീനാം | ഗോകുലനാരിമാൎക്ക് |
| യഃ പ്രസാദഃ | യാതൊരനുഗ്രഹം |
| ഉദഗാത് | ഉണ്ടായോ, |
| അയം | ആയത് |
| നളിന-ഗന്ധരുചാം | താമരപ്പൂവിന്റെ മണവും നിറവുമുള്ള |
| സ്വര്യോഷിതാം | സ്വർഗ്ഗസ്ത്രീകൾക്കാകട്ടെ, |
| അംഗേ | തിരുമാറിൽത്തന്നെ |
| നിതാന്തരതേഃ | എപ്പോഴും രമിച്ചുകൊണ്ടിരിക്കുന്ന |
| ശ്രിയഃ | ശ്രീഭഗവതിക്കാകട്ടെ |
| ന ഉ | ഉണ്ടായിട്ടില്ല. ആഹാ ! |
| അന്യാഃ | മററുള്ളവർ |
| കുതഃ | പിന്നെയെങ്ങനെയാണ് ! |

ആസാമഹോ ചരണരേണുജുഷാമഹം സ്യാം
വൃന്ദാവനേ കിമപി ഗുല്മലതൌഷധീനാം
യാ ദുസ്ത്യജം സ്വജനമാര്യപഥം ച ഹിത്വാ
ഭേജുർമുകുന്ദപദവീം ശ്രുതിഭിർവിമൃഗ്യാം. 61

| | |
|---|---|
| അഹോ | "ആഹാ ! |
| യാഃ | യാതൊരുവർ |
| ദുസ്ത്യജം | ത്യജിച്ചുകൂടാത്ത |
| സ്വജനം | സ്വബന്ധുജനത്തെയും, |
| ആര്യപഥം ച | ശിഷ്ടാചാരത്തെയും, |
| ഹിത്വാ | പരിത്യജിച്ച് |
| ശ്രുതിഭിഃ | വേദസൂക്തങ്ങളാൽ |
| വിമൃഗ്യാം | തേടപ്പെടേണ്ടുന്ന |
| മുകുന്ദപദവീം | ഭഗവൽപ്രാപ്തിമാൎഗ്ഗത്തെ |
| ഭേജുഃ | ആരാഞ്ഞിരുന്നുവോ |
| ആസാം | അങ്ങനെയുള്ള ഈ ഗോപസ്ത്രീകളുടെ |
| ചരണ-രേണുജുഷാം | കാൽപ്പൊടിയേററു കിടക്കുന്ന |
| ഗുല്മലതൌ-ഷധീനാം | പൊന്തകളുടേയോ, വള്ളികളുടേയോ, ചെടികളുടേയോ ഇടയിൽ |
| കിമപി | എന്തെങ്കിലും ഒന്നായിട്ട് |
| വൃന്ദാവനേ | വൃന്ദാവനത്തിൽ |
| അഹം സ്യാം | ഞാൻ പിറക്കേണമേ ! |

യാ വൈ ശ്രിയാർച്ചിതമജാദിഭിരാപ്തകാമൈ-
ര്യോഗേശ്വരൈരപി യദാത്മനി രാസഗോഷ്ഠ്യാം
കൃഷ്ണസ്യ തദ്ഭഗവതശ്ചരണാരവിന്ദം
ന്യസ്തം സ്തനേഷു വിജഹുഃ പരിരഭ്യ താപം. 62

| | | | |
|---|---|---|---|
| ശ്രിയാ | "മഹാലക്ഷ്മിയാൽ | കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| അർച്ചിതം | ആരാധിക്കപ്പെട്ടിരിക്കുന്നതും, | ചരണാരവിന്ദം | തൃപ്പാദപദ്മമുണ്ടോ, |
| ആപ്തകാമൈഃ | പൂർണ്ണകാമന്മാരായ | രാസഗോഷ്ഠ്യാം | രാസസമ്മേളനത്തിൽ |
| അജാദിഭിഃ | ബ്രഹ്മാദിദേവന്മാരാലും, | സ്തനേഷു | തങ്ങളുടെ കൊങ്കത്തടങ്ങളിൽ |
| യോഗേശ്വരൈഃ അപി | പരമസിദ്ധന്മാരാലും, | ന്യസ്തം | അണയ്ക്കപ്പെട്ടതായ |
| ആത്മനി | ഹൃദയാന്തർഭാഗത്തിൽ ധ്യാനിക്കപ്പെട്ടിരിക്കുന്നതും ആയ | തത് | അതിനെ |
| | | യാഃ വൈ | ഈ ഗോപികളാകട്ടെ |
| | | പരിരഭ്യ | ഗാഢാലിംഗനം ചെയ്തു, |
| യത് | യാതൊരു | താപം | കാമതാപത്തെ |
| ഭഗവതഃ | ഭഗവാനായ | വിജഹുഃ | തികച്ചും തീർത്തിരിക്കുന്നു. |

വന്ദേ നന്ദവ്രജസ്ത്രീണാം പാദരേണുമഭീക്ഷ്ണശഃ
യാസാം ഹരികഥോദ്ഗീതം പുനാതി ഭുവനത്രയം. 63

| | | | |
|---|---|---|---|
| ഹരികഥോദ്ഗീതം | "ശ്രീകൃഷ്ണകഥയോടൊപ്പം ഉച്ചത്തിൽ പാടിപ്പുകഴ്ത്തപ്പെട്ടിരിക്കുന്ന | പുനാതി | പരിപാവനമാക്കുന്നത്, |
| | | നന്ദവ്രജസ്ത്രീണാം | നന്ദഗോകുലത്തിലെ ആ സ്ത്രീകളുടെ |
| യാസാം | യാതൊരുവരുടെ ചരിതമാണോ, | പാദരേണും | കാലിൽപ്പററിയ മൺപൊടിയെ |
| | | അഭീക്ഷ്ണശഃ | വീണ്ടും വീണ്ടും |
| ഭുവനത്രയം | മൂപ്പാരിനേയും | വന്ദേ | ഞാനിതാ വണങ്ങുന്നു." |

**ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—**

അഥ ഗോപീരനുജ്ഞാപ്യ യശോദാം നന്ദമേവ ച
ഗോപാനാമന്ത്ര്യ ദാശാർഹോ യാസ്യന്നാരുരുഹേ രഥം. 64

| | | | |
|---|---|---|---|
| അഥ | പിന്നീട് | ഗോപാൻ ഏവ ച | ഗോപന്മാരോട് ഒക്കെത്തന്നെയും |
| ദാശാർഹഃ | ഉദ്ധവൻ | ആമന്ത്ര്യ | യാത്രപറഞ്ഞശേഷം |
| ഗോപീഃ | ഗോപിമാരോടും, | യാസ്യൻ | പോകുവാനുദ്ദേശിച്ചുകൊണ്ട് |
| യശോദാം | യശോദയോടും, | | |
| നന്ദം | നന്ദഗോപരോടും, | രഥം | തേരിൽ |
| അനുജ്ഞാപ്യ | വിടവാങ്ങി, | ആരുരുഹേ | കയറി. |

തം നിർഗ്ഗതം സമാസാദ്യ നാനോപായനപാണയഃ
നന്ദാദയോഽനുരാഗേണ പ്രാവോചന്നശ്രുലോചനാഃ. 65

| | | | |
|---|---|---|---|
| നാനോപായന-<br>പാണയഃ | പലതരം കാഴ്ചദ്രവ്യങ്ങളെ കൈയിലെടുത്തുകൊണ്ടും, | നന്ദാദയഃ | നന്ദഗോപാദികൾ |
| | | നിർഗ്ഗതം | യാത്രപുറപ്പെട്ട |
| | | തം | ആ ഉദ്ധവനെ |
| അനുരാഗേണ | സ്നേഹത്താൽ | സമാസാദ്യ | ആദരപൂർവ്വം സമീപിച്ച് |
| അശ്രുലോചനാഃ | കണ്ണിൽ വെള്ളം നിറച്ചും | പ്രാവോചൻ | ഇങ്ങനെ പറഞ്ഞു. |

മനസോ വൃത്തയോ നഃ സ്യുഃ കൃഷ്ണപാദാംബുജാശ്രയാഃ
വാചോഽഭിധായിനീർന്നാമ്നാം കായസ്തത്പ്രഹ്വണാദിഷു 66

| | | | |
|---|---|---|---|
| നഃ | "ഞങ്ങളുടെ | നാമ്നാം | തിരുനാമങ്ങളുടെ |
| മനസഃ | മനസ്സിന്റെ | അഭിധായിനീഃ | ഉച്ചാരണം ചെയ്യുന്നവയായും ഭവിക്കട്ടെ! |
| വൃത്തയഃ | വ്യാപാരങ്ങൾ മുഴുവനും | കായഃ | ശരീരം |
| കൃഷ്ണപാദാം-<br>ബുജാശ്രയാഃ | ശ്രീകൃഷ്ണന്റെ ചെന്താരടികളെ ആശ്രയിക്കുന്നവയായിട്ട് | തത്-<br>പ്രഹ്വണാദിഷു | അവിടുത്തെ നമസ്കാരാദി കർമ്മങ്ങളിലും തൽപരമാകട്ടെ! |
| സ്യുഃ | ഭവിക്കട്ടെ! | | |
| വാചഃ | വാക്കുകൾ | | |

കർമ്മഭിർഭ്രാമ്യമാണാനാം യത്ര ക്വാപീശ്വരേച്ഛയാ
മംഗലാചരിതൈർദ്ദാനൈ രതിർന്നഃ കൃഷ്ണ ഈശ്വരേ. 67

| | | | |
|---|---|---|---|
| കർമ്മഭിഃ | "പുണ്യപാപാത്മകങ്ങളായ പ്രാരബ്ധകർമ്മങ്ങളാലും, | നഃ | ഞങ്ങൾക്ക് |
| | | മംഗലാ-<br>ചരിതൈഃ | ശുഭകർമ്മങ്ങളുടെ ആചരണങ്ങളാലും, |
| ഈശ്വരേച്ഛയാ | അവയെ അനുസരിക്കുന്ന ഈശ്വരേച്ഛയാലും | ദാനൈഃ | ത്യാഗങ്ങളാലും |
| | | ഈശ്വരേ | സർവ്വേശ്വരനായ |
| യത്ര ക്വാപി | എങ്ങാനും | കൃഷ്ണേ | ശ്രീകൃഷ്ണനിൽ |
| ഭ്രാമ്യമാണാനാം | തള്ളിക്കൊണ്ടുപോകപ്പെടുന്ന | രതിഃ | പ്രേമമയമായ ഭക്തിയുണ്ടാകട്ടെ!" |

ഏവം സഭാജിതോ ഗോപൈഃ കൃഷ്ണഭക്ത്യാ നരാധിപ
ഉദ്ധവഃ പുനരാഗച്ഛന്മഥുരാം കൃഷ്ണപാലിതാം. 68

| | | | |
|---|---|---|---|
| നരാധിപ | രാജാവേ! | ഉദ്ധവഃ | ഉദ്ധവൻ |
| ഏവം | ഇപ്രകാരം | കൃഷ്ണപാലിതാം | ശ്രീകൃഷ്ണനാൽ പരിപാലിക്കപ്പെട്ടിരിക്കുന്ന |
| കൃഷ്ണഭക്ത്യാ | ശ്രീകൃഷ്ണഭക്തിയോടെ | മഥുരാം | മഥുരയിലേക്ക് |
| ഗോപൈഃ | ഗോപന്മാരാൽ | പുനഃ | പിന്നെ |
| സഭാജിതഃ | സംപൂജിതനായ് | ആഗച്ഛത് | തിരിച്ചുവന്നു. |

കൃഷ്ണായ പ്രണിപത്യാഽഽഹ ഭക്ത്യുദ്രേകം വ്രജൗകസാം
വസുദേവായ രാമായ രാജ്ഞേ ചോപായനാന്യദാത്. 69

| | | | |
|---|---|---|---|
| കൃഷ്ണായ | ശ്രീകൃഷ്ണന്നു് | വസുദേവായ | വസുദേവന്നും, |
| പ്രണിപത്യ | നമസ്കാരം ചെയ്തു്, | രാമായ | ബലരാമന്നും, |
| വ്രജൗകസാം | ഗോകുലവാസികളുടെ | രാജ്ഞേ ച | മഹാരാജാവിന്നും |
| ഭക്ത്യുദ്രേകം | ഭക്തിമാഹാത്മ്യത്തെ | ഉപായനാനി | ഗോകുലവാസികൾ തന്നതായ കാഴ്ചദ്രവ്യങ്ങളെ |
| ആഹ | വിസ്തരിച്ചറിയിച്ചു. | അദാത് | കൊടുത്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
ഉദ്ധവപ്രതിയാനം നാമ സപ്തചത്വാരിംശോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1946.

## അഷ്ടചത്വാരിംശോഽദ്ധ്യായഃ—നാല്പത്തെട്ടാമദ്ധ്യായം.

[അഷ്ടചത്വാരിംശകേഽഥ കൃഷ്ണഃ കബ്ജാമരീരമത്
അക്രൂരസ്യ ഗൃഹം ഗത്വാ തം ഗജാഹ്വയമാദിശത്.]

(ഭഗവാൻ സൈരന്ധ്രിയുടെ ഗൃഹത്തിൽച്ചെന്നു് അവളെ രമിപ്പിച്ചു് അനുഗ്രഹിക്കുന്നതും, അക്രൂരനെ തൽഗൃഹത്തിൽ ചെന്നുകണ്ടു ഹസ്തിനാപുരത്തിലേക്കു് അയക്കുന്നതും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

അഥ വിജ്ഞായ ഭഗവാൻ സർവ്വാത്മാ സർവ്വദർശനഃ
സൈരന്ധ്ര്യാഃ കാമതപ്തായാഃ പ്രിയമിച്ഛൻ ഗൃഹം യയൗ 1

| | | | |
|---|---|---|---|
| അഥ | അനന്തരം | സൈരന്ധ്ര്യാഃ | സൈരന്ധ്രിക്കു് |
| സർവ്വാത്മാ | സർവ്വാത്മാവും | പ്രിയം | രതിസുഖത്തെ |
| സർവ്വദർശനഃ | സർവ്വസാക്ഷിയുമായ | ഇച്ഛൻ | നല്കുവാനിച്ഛിച്ചുകൊണ്ടു് |
| ഭഗവാൻ | ശ്രീകൃഷ്ണൻ | ഗൃഹം | അവളുടെ ഗൃഹത്തിലേക്കു് |
| വിജ്ഞായ | തന്റെ വാഗ്ദാനമോർത്തു്, | | |
| കാമതപ്തായാഃ | കാമപരിതപ്തയായ | യയൗ | പോയി. |

മഹാർഹോപസ്കരൈരാഢ്യാം കാമോപായോപബൃംഹിതം
മുക്താദാമപതാകാഭിർവ്വിതാനശയനാസനൈഃ
ധൂപൈഃ സുരഭിഭിർദ്ദീപൈഃ സ്രഗ്ഗന്ധൈരപി മണ്ഡിതം. 2

| | |
|---|---|
| മഹാർഹോപസ്കരൈഃ | വിലകൂടിയ ഗൃഹോപകരണങ്ങളാൽ |
| ആഢ്യം | പരിപൂർണ്ണവും,— |
| കാമോപായോപബൃംഹിതം | കാമോദ്ദീപകങ്ങളായ വസ്തുക്കളാൽ സമൃദ്ധവും,— |
| മുക്താദാമപതാകാഭിഃ | മുത്തുമാലകളാലും, പതാകകളാലും, |
| വിതാനശയനാസനൈഃ | മേക്കെട്ടികൾ, മെത്തകൾ, ഇരിപ്പിടങ്ങൾ എന്നിവയാലും |
| സുരഭിഭിഃ | വാസനയുള്ള |
| ധൂപൈഃ | ധൂപങ്ങളാലും, |
| ദീപൈഃ | വിളക്കുകളാലും, |
| സ്രഗ്ഗന്ധൈഃ അപി | പൂമാലകൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയാലും |
| മണ്ഡിതം | ആ ഗൃഹം അലങ്കൃതവുമായിരുന്നു. |

ഗൃഹം തമായാന്തമവേക്ഷ്യ സാഽഽസനാത്
സദ്യഃ സമുത്ഥായ ഹി ജാതസംഭ്രമാ
യഥോപസംഗമ്യ സഖീഭിരച്യുതം
സഭാജയാമാസ സദാസനാദിഭിഃ. 3

| | |
|---|---|
| ഗൃഹം | ഗൃഹത്തിലേക്ക് |
| ആയാന്തം | ആഗമിക്കുന്ന |
| തം അച്യുതം | ആ അച്യുതനെ |
| അവേക്ഷ്യ | കണ്ടിട്ട് |
| ജാതസംഭ്രമാ | ഉണ്ടായ സംഭ്രമത്തോടുകൂടിയ |
| സാ സദ്യഃ | അവൾ ഉടനെ |
| ആസനാത് | ഇരിപ്പിടത്തിൽനിന്ന് |
| സമുത്ഥായ | എഴുന്നേറ്റ് |
| സഖീഭിഃ | തോഴിമാരോടുകൂടി |
| യഥാ ഹി | വേണ്ടുംപ്രകാരം |
| ഉപസംഗമ്യ | എതിരേറ്റുചെന്ന് |
| സദാസനാദിഭിഃ | സമുചിതമായ ആസനപാദ്യാർഘ്യങ്ങളാൽ |
| സഭാജയാമാസ | ഉപചരിച്ചു. |

തഥോദ്ധവഃ സാധു തയാഽഭിപൂജിതോ ന്യഷീദദുർവ്യാമഭിമൃശ്യ ചാസനം
കൃഷ്ണോഽപി തൂർണ്ണം ശയനം മഹാധനം വിവേശ ലോകാചരിതാന്യനുവ്രതഃ.

| | |
|---|---|
| തഥാ | അതുപ്രകാരം |
| ഉദ്ധവഃ ച | ഉദ്ധവനും |
| സാധു | വേണ്ടുംവിധം |
| തയാ | അവളാൽ |
| അഭിപൂജിതഃ | ഉപചരിക്കപ്പെട്ടവനായിട്ട് |
| ആസനം | അവൾ കൊടുത്ത ഇരിപ്പിടത്തെ |
| അഭിമൃശ്യ | കൈകൊണ്ടു തൊട്ട് |
| ഉർവ്യാം | നിലത്ത് |
| ന്യഷീദത് | ഇരുന്നു. |
| ലോകാചരിതാനി | ലോകരീതികളെ |
| അനുവ്രതഃ | അനുസരിച്ചിരിക്കുന്ന |
| കൃഷ്ണഃ അപി | ശ്രീകൃഷ്ണനാകട്ടെ |
| തൂർണ്ണം | വേഗത്തിൽ |
| മഹാധനം | വളരെ വില കൂടിയ |
| ശയനം | ശയ്യയെ |
| വിവേശ | പ്രവേശിച്ചു. |

സാ മജ്ജനാലേപദുകൂലഭൂഷണ-
സ്രഗ്ഗന്ധതാംബൂലസുധാസവാദിഭിഃ
പ്രസാധിതാത്മോപസസാര മാധവം
സവ്രീഡലീലോത്സ്മിതവിഭ്രമേക്ഷിതൈഃ. 5

മജ്ജനാലേപ- ദുകൂലഭൂഷണ- സ്രഗ്ഗന്ധ- താംബൂല- സുധാസവാദിഭിഃ — കുളിക്കുക, കുറിയിടുക, പട്ടുവസ്ത്രം ഉടുക്കുക, ആഭരണങ്ങളണിയുക, പൂമാല ചൂടുക, സുഗന്ധം പുരട്ടുക, വെററില മുറുക്കുക, അമൃതോപമമായ മദ്യം സേവിക്കുക എന്നിവകൊണ്ടും മററും

പ്രസാധിതാത്മാ — അലങ്കൃതശരീരയായും,

സവ്രീഡ- ലീലോത്സ്മിത- വിഭ്രമേക്ഷിതൈഃ — സലജ്ജവും ലീലയോടൊത്തുദിച്ചതും ആയ പുഞ്ചിരിതങ്ങിയ വിലാസങ്ങളോടിടകലർന്ന കടാക്ഷവീക്ഷണങ്ങളോടുകൂടിയവളായും

സാ — അവൾ

മാധവം — ശ്രീകൃഷ്ണനെ

ഉപസസാര — സമീപിച്ചു.

ആഹൂയ കാന്താം നവസംഗമഹ്രിയാ വിശങ്കിതാം കങ്കണഭൂഷിതേ കരേ
പ്രഗൃഹ്യ ശയ്യാമധിവേശ്യ രാമയാ രേമേഽനുലേപാർപ്പണപുണ്യലേശയാ. 6

നവസംഗമ- ഹ്രിയാ — പുതുസംഗമത്തിലുള്ള നാണംകൊണ്ട്

വിശങ്കിതാം — ശങ്കിച്ചുനില്ക്കുന്ന

കാന്താം — കമനീയാംഗിയെ

ആഹൂയ — അരികിൽ വിളിച്ച്,

കങ്കണഭൂഷിതേ — വളയണിഞ്ഞിരിക്കുന്ന

കരേ — കൈയിൽ

പ്രഗൃഹ്യ — പിടിച്ച്,

ശയ്യാം — കിടക്കയിലേക്ക്

അധിവേശ്യ — കയററിയിരുത്തി,

അനുലേപാ- ർപ്പണപുണ്യ- ലേശയാ — തനിക്കു കുറിക്കൂട്ടുതന്നതായ പുണ്യലേശം ചെന്നിട്ടുള്ള

രാമയാ — ആ രമണിയോടുകൂടി

രേമേ — ഭഗവാൻ രമിച്ചു.

സാഽനംഗതപ്തകുചയോരുരസസ്തഥാക്ഷ്ണോ-
ർജിഘ്രന്ത്യനന്തചരണേന രുജോ മൃജന്തീ
ദോർഭ്യാം സ്തനാന്തരഗതം പരിരഭ്യ കാന്ത-
മാനന്ദമൂർത്തിമജഹാദതിദീർഘതാപം. 7

സാ — അവൾ (ഭഗവൽപാദത്തെ)

ജിഘ്രന്തീ — മുകർന്നുകൊണ്ടും,

അനംഗ- തപ്തകുചയോഃ — കാമസന്തപ്തങ്ങളായ സ്തനങ്ങളുടേയും,

ഉരസഃ — മാറിടത്തിന്റേയും,

തഥാ — അപ്രകാരം

അക്ഷ്ണോഃ — കണ്ണുകളുടേയും

രുജഃ — മദനവേദനകളെ

അനന്ത- ചരണേന — ഭഗവാന്റെ തൃപ്പാദത്താൽ

മൃജന്തീ — പരിമാർജ്ജനം ചെയ്തുകൊണ്ടും

സ്തനാന്തരഗതം — തന്റെ സ്തനങ്ങളുടെ മദ്ധ്യത്തിലണഞ്ഞ

ആനന്ദമൂർത്തിം — ആനന്ദരൂപനായ

കാന്തം — പ്രിയതമനെ

ദോർഭ്യാം — ഇരുകരങ്ങൾകൊണ്ടും

പരിരഭ്യ — മുറുകെ തഴുകി

അതിദീർഘ- താപം — ഏറിയ നാളായി ഉടന്നിരിക്കുന്ന കാമസന്താപത്തെ

അജഹാത്. — പരിഹരിച്ചു.

സൈവം കൈവല്യനാഥം തം പ്രാപ്യ ദുഷ്പ്രാപമീശ്വരം
അംഗരാഗാർപ്പണേനാഹോ ദുർഭഗേദമയാചത. 8

| | |
|---|---|
| ദുർഭഗാ | ദൌർഭാഗ്യമുള്ള |
| സാ | അവൾ |
| കൈവല്യനാഥം | മോക്ഷപ്രദനും, |
| ദുഷ്പ്രാപം | ലഭിപ്പാൻ പ്രയാസമുള്ളവനും ആയ |
| തം ഈശ്വരം | ആ സർവ്വേശ്വരനെ |
| അംഗരാഗാർപ്പണേന | കേവലം കുറിക്കൂട്ടു നല്കിയതുകൊണ്ടു് |
| ഏവം | ഇപ്രകാരം |
| പ്രാപ്യ അപി | ലഭിച്ചിട്ടുകൂടിയും |
| ഇദം | ഇങ്ങനെയാണ് |
| അയാചത | അപേക്ഷിച്ചതു്. |
| അഹോ | കഷ്ടംതന്നെ! |

ആഹോഷ്യതാമിഹ പ്രേഷ്ഠ ദിനാനി കതിചിന്മയാ
രമസ്വ നോത്സഹേ ത്യക്തും സംഗം തേഽംബുരുഹേക്ഷണ. 9

| | |
|---|---|
| ആഹ | അവൾ പറഞ്ഞു— |
| പ്രേഷ്ഠ | “പ്രിയതമ! |
| കതിചിത് | ഏതാനും |
| ദിനാനി | ദിവസങ്ങൾ |
| ഇഹ | ഇവിടെത്തന്നെ |
| ഉഷ്യതാം | താമസിക്കണം; |
| മയാ | എന്നോടുകൂടി |
| രമസ്വ | രമിക്കണം. |
| അംബുരുഹേക്ഷണ | ചെന്താമരക്കണ്ണാ! |
| തേ സംഗം | ഭവാന്റെ സംഗത്തെ |
| ത്യക്തും | ത്യജിപ്പാൻ |
| ന ഉത്സഹേ | ഞാൻ അസമർത്ഥയാണ്.” |

തസ്യൈ കാമവരം ദത്വാ മാനയിത്വാ ച മാനദഃ
സഹോദ്ധവേന സർവ്വേശഃ സ്വധാമാഗമദർച്ചിതം. 10

| | |
|---|---|
| മാനദഃ | ഭജിപ്പവർക്ക് ബഹുമതിയെ അരുളുന്ന |
| സർവ്വേശഃ | സർവ്വേശ്വരൻ |
| തസ്യൈ | അവൾക്കു് |
| കാമവരം | കാമമാവുന്ന വരത്തെ |
| ദത്വാ | കൊടുത്തു്, |
| മാനയിത്വാ ച | പാരിതോഷികദാനത്താൽ സന്തോഷിപ്പിക്കുകയും ചെയ്തശേഷം |
| ഉദ്ധവേന | ഉദ്ധവനോടു |
| സഹ | കൂടി |
| അർച്ചിതം | സമ്പത്സംപൂജിതമായ |
| സ്വധാമ | സ്വഭവനത്തിലേക്കു് |
| ആഗമത് | തിരിച്ചുവന്നു. |

ദുരാരാദ്ധ്യം സമാരാദ്ധ്യ വിഷ്ണും സർവ്വേശ്വരേശ്വരം
യോ വൃണീതേ മനോഗ്രാഹ്യമസത്ത്വാത് കുമനീഷ്യസൌ. 11

| | |
|---|---|
| യഃ | ഏതെങ്കിലും ഒരാൾ |
| ദുരാരാദ്ധ്യം | (ഭക്തിയൊഴിച്ചു മററുള്ളതുകൊണ്ടും) ആരാധ്യനല്ലാത്തവനും, |
| സർവ്വേശ്വരേശ്വരം | സർവ്വേശ്വരന്മാർക്കും ഈശ്വരനായി വർത്തിക്കുന്നവനും ആയ |
| വിഷ്ണും | ശ്രീമഹാവിഷ്ണുവിനെ |
| സമാരാദ്ധ്യ | നന്നായാരാധിച്ചിട്ടുകൂടിയും |
| മനോഗ്രാഹ്യം | മനസ്സന്തുഷ്ടികരമായ വിഷയസുഖത്തെ |

വൃണീതേ വരിക്കുന്നുവോ,
അസൌ ആയാരം

അസത്ഥ്യാത് അതിതുച്ഛത്വം നിമിത്തം
കുമനീഷീ ബുദ്ധികേടുള്ളവനാകുന്നു.

നോട്ട്:— സൈരന്ധ്രി ദുഷ്പ്രാപനായ കൈവല്യനാഥനെ പ്രാപിച്ചിട്ടും പ്രാകൃത ബുദ്ധിയാൽ കാമവരത്തെയാണ് വരിച്ചത്; ഗോപികളെപ്പോലെ ഭഗവന്നിഷ്ഠയെയല്ല. അവരം 'ദുർഭഗ'യാണെന്നും, അവളെപ്പോലുള്ളവർ 'കുമനീഷി'കളാണെന്നും പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു.

അക്രൂരഭവനം കൃഷ്ണഃ സഹരാമോദ്ധവഃ പ്രഭുഃ
കിഞ്ചിച്ചികീർഷയൻ പ്രാഗാദക്രൂരപ്രിയകാമ്യയാ. 12

കിഞ്ചിത് ഒരു പ്രത്യേകകാര്യം
ചികീർഷയൻ ചെയ്യിക്കുവാനുദ്ദേശിച്ചുകൊണ്ടും,
അക്രൂര- പ്രിയകാമ്യയാ } അക്രൂരന്ന് പ്രീതി ജനിപ്പിക്കുവാനുള്ള താല്പര്യം കൊണ്ടും

പ്രഭുഃ കൃഷ്ണഃ ഭഗവാൻ ശ്രീകൃഷ്ണൻ
സഹരാമോദ്ധവഃ ബലരാമനോടും ഉദ്ധവനോടും ഒന്നിച്ച്
അക്രൂരഭവനം അക്രൂരന്റെ ഗൃഹത്തിലേക്ക്
പ്രാഗാത് പോയി.

സ താൻ നരവരശ്രേഷ്ഠാനാരാത് വീക്ഷ്യ സ്വബാന്ധവാൻ
പ്രത്യുത്ഥായ പ്രമുദിതഃ പരിഷ്വജ്യാഭ്യനന്ദത. 13
നനാമ കൃഷ്ണം രാമം ച സ തൈരപ്യഭിവാദിതഃ
പൂജയാമാസ വിധിവത് കൃതാസനപരിഗ്രഹാൻ. 14

സ്വബാന്ധവാൻ തന്റെ ബന്ധുക്കളും,
നരവരശ്രേഷ്ഠാൻ ഉത്തമപുരുഷരിൽവെച്ച് ഉത്തമന്മാരുമായ
താൻ അവരെ (രാമകൃഷ്ണന്മാരേയും ഉദ്ധവനേയും)
ആരാത് അകലെനിന്നുതന്നെ
വീക്ഷ്യ കണ്ടിട്ട്
പ്രമുദിതഃ അതിസന്തുഷ്ടനായ
സഃ ആ അക്രൂരൻ
പ്രത്യുത്ഥായ എഴുന്നേററചെന്ന് സ്വീകരിച്ച്,
പരിഷ്വജ്യ ആശ്ലേഷിക്കയും,
അഭിനന്ദ്യ ച അവർ വന്നതിലുള്ള സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തശേഷം

രാമം ബലരാമനേയും
കൃഷ്ണം ച ശ്രീകൃഷ്ണനേയും
നനാമ നമസ്കരിച്ചു.
തൈഃ അപി അവരാൽ ഇങ്ങോട്ടും
അഭിവാദിതഃ നമസ്കരിക്കപ്പെട്ടവനായി ഭവിച്ച
സഃ ആ അക്രൂരൻ
കൃതാസന- പരിഗ്രഹാൻ } ആസനസ്ഥരായ അവർ മൂന്നുപേരേയും
വിധിവത് വിധിപ്രകാരം
പൂജയാമാസ പൂജിച്ചു.

പാദാവനേജനീരാപോ ധാരയഞ്ഛിരസാ നൃപ
അർഹണേനാംബരൈർദ്ദിവ്യൈർഗ്ഗന്ധസ്രഗ്ഭൂഷണോത്തമൈഃ. 15
അർച്ചിത്വാ ശിരസാഽഽനമ്യ പാദാവങ്കഗതൌ മൃജൻ
പ്രശ്രയാവനതോഽക്രൂരഃ കൃഷ്ണരാമാവഭാഷത. 16

| | |
|---|---|
| നൃപ | രാജാവേ! |
| പാദാവനേജനീഃ | തൃപ്പാദങ്ങളെ കഴുകിച്ച |
| അപഃ ആ | തീർത്ഥജലം മുഴുവനും |
| ശിരസാ | ശിരസ്സാൽ |
| ധാരയൻ | ധരിച്ചുകൊണ്ട്,— |
| അർഹണേന | അർഘ്യാദിപൂജാദ്രവ്യങ്ങളാലും, |
| ദിവ്യൈഃ | വിശേഷപ്പെട്ട |
| അംബരൈഃ | പട്ടുവസ്ത്രങ്ങളാലും, |
| ഗന്ധസ്രഗ്-ഭൂഷണോത്തമൈഃ | ചന്ദനം, പുഷ്പമാല്യം, വിശിഷ്ടാലങ്കാരങ്ങൾ എന്നിവയാലും |
| അർച്ചിത്വാ | പൂജിച്ച്,— |
| ശിരസാ | ശിരസ്സാൽ |
| ആനമ്യ | കുമ്പിട്ടു വണങ്ങി,— |
| അങ്കഗതൗ | തന്റെ മടിയിൽ എടുത്തുവെച്ച |
| പാദൗ | പാദങ്ങളെ |
| മൃജൻ | ഉഴിഞ്ഞുകൊടുത്തുകൊണ്ട് |
| പ്രശ്രയാവനതഃ | വിനയാവനതനായ |
| അക്രൂരഃ | അക്രൂരൻ |
| കൃഷ്ണരാമൗ | ശ്രീകൃഷ്ണനോടും, ബലരാമനോടും |
| അഭാഷത | ഇങ്ങിനെ പറഞ്ഞു. |

ദിഷ്ട്യാ പാപോ ഹതഃ കംസഃ സാനുഗോ വാമിദം കുലം
ഭവദ്ഭ്യാമുദ്ധൃതം കൃച്ഛ്രാദ്ദുരന്താച്ച സമേധിതം. 17

| | |
|---|---|
| ഭവദ്ഭ്യാം | "ഭവാന്മാരാൽ |
| സാനുഗഃ | അനുചരന്മാരോടുകൂടിയിരുന്ന |
| പാപഃ കംസഃ | പാപിയായ കംസൻ |
| ഹതഃ | വധിക്കപ്പെട്ടു; |
| വാം | ഭവാന്മാരാൽ |
| ഇദം കുലം | ഈ യദുവംശം |
| ദുരന്താത് | അപാരമായ |
| കൃച്ഛ്രാത് | സങ്കടത്തിൽനിന്ന് |
| ഉദ്ധൃതം | കരകേററപ്പെടുകയും, |
| സമേധിതം ച | സമൃദ്ധമാക്കപ്പെടുകയും ചെയ്തു. |
| ദിഷ്ട്യാ | വളരെ സന്തോഷമായി. |

യുവാം പ്രധാനപുരുഷൗ ജഗദ്ധേതൂ ജഗന്മയൗ
ഭവദ്ഭ്യാം ന വിനാ കിഞ്ചിത് പരമസ്തി ന ചാപരം. 18

| | |
|---|---|
| യുവാം | "ഭവാന്മാർ |
| പ്രധാനപുരുഷൗ | പ്രകൃതിപുരുഷാത്മകന്മാരും, |
| ജഗദ്ധേതൂ | ജഗത്തിനു കാരണഭൂതന്മാരും, |
| ജഗന്മയൗ | ജഗൽസ്വരൂപികളും ആകുന്നു. |
| ഭവദ്ഭ്യാം | ഭവാന്മാരിൽനിന്ന് |
| വിനാ | അതിരിക്തമായി |
| കിഞ്ചിത് പരം | യാതൊരു കാരണവും |
| ന അസ്തി | ലോകത്തിലില്ല. |
| അപരം ച | കാര്യവും |
| ന | ഇല്ല. |

ആത്മസൃഷ്ടമിദം വിശ്വമന്വാവിശ്യ സ്വശക്തിഭിഃ
ഈയതേ ബഹുധാ ബ്രഹ്മൻ ശ്രുതപ്രത്യക്ഷഗോചരം. 19

| | |
|---|---|
| ബ്രഹ്മൻ | "ഹേ സർവ്വാത്മൻ! |
| സ്വശക്തിഭിഃ | രാജസാദിസ്വകീയശക്തികൾകൊണ്ട് |
| ആത്മസൃഷ്ടം | തന്നാൽ സൃഷ്ടിക്കപ്പെട്ട |
| ഇദം വിശ്വം | ഈ പ്രപഞ്ചത്തെ |
| അന്വാവിശ്യ | അനുപ്രവേശിച്ച്, |

| | | | |
|---|---|---|---|
| ശ്രുതപ്രത്യക്ഷ-ഗോചരം | കേട്ടറിവും കാഴ്ചയും വിഷയീഭവിക്കുമാറ് | ബഹുധാ | നാനാപ്രകാരത്തിൽ |
| | | ഈയതേ | ഭവാൻ പ്രതിഭാസിക്കുന്നു. |

യഥാ ഹി ഭൂതേഷു ചരാചരേഷു
മഹ്യാദയോ യോനിഷു ഭാന്തി നാനാ
ഏവം ഭവാൻ കേവല ആത്മയോനി-
ഷ്വാത്മാഽഽത്മതന്ത്രോ ബഹുധാ വിഭാതി. 20

| | | | |
|---|---|---|---|
| യോനിഷു | "തങ്ങൾ കാരണമായിട്ടുള്ള | കേവലഃ | നിർവ്വികാരമായ |
| ചരാചരേഷു | ചരാചരാത്മകങ്ങളായ | ആത്മാ | ആത്മസ്വരൂപമായി സ്ഥിതിചെയ്യുന്നവനും, |
| ഭൂതേഷു | പ്രാപഞ്ചികപദാർത്ഥങ്ങളിൽ | ആത്മതന്ത്രഃ | സ്വതന്ത്രനുമായ |
| യഥാ ഹി | ഏതുപ്രകാരമാണോ, | ഭവാൻ | നിന്തിരുവടി |
| മഹ്യാദയഃ | പൃഥിവ്യാദികാരണങ്ങൾ | ആത്മയോനിഷു | താൻ കാരണമായിരിക്കുന്ന ഭൂതഭൗതികങ്ങളിൽ |
| നാനാ | ബഹുപ്രകാരേണ അതാതുരൂപത്തിൽ | ബഹുധാ | ബഹുപ്രകാരേണ അതാതു രൂപത്തിൽ |
| ഭാന്തി | ഭാസിക്കുന്നത്, | | |
| ഏവം | അതുപോലെ | വിഭാതി | പ്രതിഭാസിക്കുന്നു. |

സൃജസ്യഥോ ലുമ്പസി പാസി വിശ്വം
രജസ്തമഃസത്ത്വഗുണൈഃ സ്വശക്തിഭിഃ
ന ബദ്ധ്യസേ തദ്ഗുണകർമ്മഭിർവ്വാ
ജ്ഞാനാത്മനസ്തേ ക്വ ച ബന്ധഹേതുഃ. 21

| | | | |
|---|---|---|---|
| സ്വശക്തിഭിഃ | "തന്റെ ശക്തികളായ | തദ്ഗുണ-കർമ്മഭിഃ വാ | എങ്കിലും, ആ ഗുണങ്ങളാലോ, കർമ്മങ്ങളാലോ |
| രജസ്തമഃ-സത്ത്വ-ഗുണൈഃ | രജസ്സ്, തമസ്സ്, സത്ത്വം എന്നീ ഗുണങ്ങളാൽ | ന ബദ്ധ്യസേ | ഭവാൻ ബദ്ധനാകുന്നില്ല. |
| വിശ്വം | ലോകത്തെ | ജ്ഞാനാത്മനഃ | ജ്ഞാനസ്വരൂപനായ |
| സൃജസി | സൃഷ്ടിക്കുന്നു, | തേ | നിന്തിരുവടിക്ക് |
| അഥോ | അനന്തരം | ബന്ധഹേതുഃ | ബന്ധത്തിനു കാരണമായുള്ളത് |
| ലുമ്പസി | സംഹരിക്കുന്നു, | | |
| പാസി | പാലിക്കയും ചെയ്യുന്നു. | ക്വ ച | എങ്ങുണ്ട്? |

ദേഹാദ്യുപാധേരനിരൂപിതത്വാത്
ഭവോ ന സാക്ഷാന്ന ഭിദാഽഽത്മനഃ സ്യാത്
അതോ ന ബന്ധസ്തവ നൈവ മോക്ഷഃ
സ്യാതാം നികാമസ്ത്വയി നോഽവിവേകഃ. 22

| | |
|---|---|
| ദേഹാദ്യുപാധേഃ | "ദേഹാദ്യുപാധിയുടെ |
| അനിരൂപിതത്വാത് | അനിർവ്വചനീയത്വം കൊണ്ട് (ദേഹേന്ദ്രിയാദിളുപാധികൾ മിത്ഥ്യകളാകകൊണ്ട്) |
| ആത്മനഃ | ആത്മാവായ നിന്തിരുവടിക്ക് |
| ഭവഃ | ജന്മമെന്നത് |
| സാക്ഷാത് | വാസ്തവത്തിൽ |
| ന സ്യാത് | സംഭവിക്കുന്നില്ല ; |
| ഭിദാ | ഭേദോവനായും |
| ന | സംഭവിക്കുന്നില്ല. |
| അതഃ | ആകയാൽ |
| തവ | നിന്തിരുവടിക്ക് |
| ബന്ധഃ ന | ബന്ധമെന്നതില്ല ; |
| മോക്ഷഃ ഏവ | മോക്ഷം തന്നെയും |
| ന സ്യാതാം | ഇല്ല. |
| ത്വയി | നിന്തിരുവടിയിൽ കാണുന്ന ബന്ധവും മോക്ഷവും |
| നികാമഃ | സ്വാഭിപ്രായത്തിന്നൊത്ത |
| നഃ | ഞങ്ങളുടെ |
| അവിവേകഃ | അജ്ഞാനമാകുന്നു. |

ത്വയോദിതോഽയം ജഗതോ ഹിതായ യദാ യദാ വേദപഥഃ പുരാണഃ
ബാധ്യേത പാഖണ്ഡപഥൈരസദ്ഭിസ്തദാ ഭവാൻ സത്ത്വഗുണം ബിഭർത്തി.

| | |
|---|---|
| ജഗതഃ | ലോകത്തിന്റെ |
| ഹിതായ | നന്മക്കുവേണ്ടി |
| ത്വയാ | നിന്തിരുവടിയാൽ |
| ഉദിതഃ | പ്രകാശിപ്പിക്കപ്പെട്ട |
| പുരാണഃ | അതിപുരാതനമായ |
| അയം | യാതൊരു ഈ |
| വേദപഥഃ | ധർമ്മമാർഗ്ഗമുണ്ടോ, അത് |
| യദാ യദാ | ഏതേതുകാലത്ത് |
| അസദ്ഭിഃ | തിന്മ നിറഞ്ഞ |
| പാഖണ്ഡപഥൈഃ | അധാർമ്മികമാർഗ്ഗങ്ങളാൽ |
| ബാധ്യേത | ബാധിക്കപ്പെടുന്നുവോ, |
| തദാ | അതാതുകാലത്ത് |
| ഭവാൻ | നിന്തിരുവടി |
| സത്ത്വഗുണം | വിശുദ്ധസത്ത്വമയമായ തിരുമെയ്യിനെ |
| ബിഭർത്തി | ധരിക്കുന്നു. |

സ ത്വം പ്രഭോഽദ്യ വസുദേവഗൃഹേഽവതീർണ്ണഃ
സ്വാംശേന ഭാരമപനേതുമിഹാസി ഭൂമേഃ
അക്ഷൌഹിണീശതവധേന സുരേതരാംശ-
രാജ്ഞാമമുഷ്യ ച കുലസ്യ യശോ വിതന്വൻ. 24

| | |
|---|---|
| പ്രഭോ | "ഹേ പ്രഭോ ! |
| സഃ | അങ്ങനെയെല്ലാമുള്ള |
| ത്വം | നിന്തിരുവടി |
| സുരേതരാംശരാജ്ഞാം | അസുരാംശജാതന്മാരായ രാജാക്കന്മാരുടെ |
| അക്ഷൌഹിണീശതവധേന | അസംഖ്യം അക്ഷൌഹിണീസൈന്യത്തെ വധിച്ചുകൊണ്ട് |
| ഭൂമേഃ ഭാരം | ഭൂമിയുടെ ഭാരത്തെ |
| അപനേതും | നീക്കിക്കളയുവാനും, |
| അമുഷ്യ | ഈ |
| കുലസ്യ | യദുവംശത്തിന്റെ |
| യശഃ | കീർത്തിയെ |
| വിതന്വൻ ച | പരത്തുവാനുംവേണ്ടി |
| അദ്യ ഇഹ | ഇക്കാലം ഇവിടെ |
| വസുദേവഗൃഹേ | വസുദേവഗൃഹത്തിൽ |
| സ്വാംശേന | തന്റെ അംശമായ ശ്രീബലഭദ്രനോടുകൂടി |
| അവതീർണ്ണഃ അസി | അവതരിച്ചിരിക്കുകയാണ്. |

അദ്യേശ നോ വസതയഃ ഖലു ഭൂരിഭാഗാ
യഃ സർവ്വദേവപിതൃഭൂതനൃദേവമൂർത്തിഃ
യത്പാദശൗചസലിലം ത്രിജഗത് പുനാതി
സ ത്വം ജഗദ്ഗുരുരധോക്ഷജ യാഃ പ്രവിഷ്ടഃ. 25

| | |
|---|---|
| ഈശ | "ഹേ ഈശ ! |
| അധോക്ഷജ | ഹേ ഇന്ദ്രിയാതീത ! |
| യഃ | യാതൊരാൾ |
| സർവ്വദേവ-പിതൃഭൂത-നൃദേവമൂർത്തിഃ | സർവ്വദേവന്മാരും, പിതൃക്കളും, പ്രാണിസമൂഹവും, മനുഷ്യരും, വേദങ്ങളുമാവുന്ന (പഞ്ചയജ്ഞദേവതാ) സ്വരൂപങ്ങളോടുകൂടിയിരിക്കുന്നുവോ, |
| യത്പാദ-ശൗചസലിലം | യാതൊരാളുടെ തൃപ്പാദങ്ങളെ കഴുകിച്ച ജലം |
| ത്രിജഗത് | മൂന്നുലോകത്തേയും |
| പുനാതി | ശുദ്ധീകരിക്കുന്നുവോ, |
| സഃ | അങ്ങനെയുള്ള |
| ജഗദ്ഗുരുഃ | ലോകഗുരുവായ |
| ത്വം അദ്യ | നിന്തിരുവടി ഇന്ന് |
| യാഃ | യാതൊരിടത്തേക്കാണോ |
| പ്രവിഷ്ടഃ | എഴുന്നള്ളിയിരിക്കുന്നത്, |
| നഃ | ഞങ്ങളുടെ |
| വസതയഃ | ആ ഗൃഹങ്ങൾ |
| ഖലു | തീർച്ചയായും |
| ഭൂരിഭാഗാഃ | മഹാഭാഗ്യം ചേർന്നവയാണ്. |

കഃ പണ്ഡിതസ്ത്വദപരം ശരണം സമീയാത്
ഭക്തപ്രിയാദൃതഗിരഃ സുഹൃദഃ കൃതജ്ഞാത്.
സർവ്വാൻ ദദാതി സുഹൃദോ ഭജതോഽഭികാമാ-
നാത്മാനമപ്യുപചയാപചയൗ ന യസ്യ. 26

| | |
|---|---|
| ഭക്തപ്രിയാത് | "ഭക്തപ്രിയനും, |
| ഋതഗിരഃ | സത്യവചനത്തോടുകൂടിയവനും, |
| സുഹൃദഃ | ഹിതകാരിയും, |
| കൃതജ്ഞാത് | സുകൃതദുഷ്കൃതങ്ങളെക്കുറിച്ച് അറിയുന്നവനും ആയ |
| ത്വത് | നിന്തിരുവടിയെയൊഴിച്ച് |
| അപരം | അന്യനെ |
| പണ്ഡിതഃ | വിവേകമുള്ള |
| കഃ | ഏതൊരുവനാണ് |
| ശരണം സമീയാത് | ആശ്രയിക്കുക ? |
| സുഹൃദഃ | ശുദ്ധമായ ഹൃദയത്തോടുകൂടിയവനായി |
| ഭജതഃ | തന്നെ ഭജിക്കുന്നവന്ന് |
| സർവ്വാൻ | സമസ്തങ്ങളായ |
| അഭികാമാൻ | വാഞ്ഛിതങ്ങളേയും |
| ദദാതി | നിന്തിരുവടി നല്കുന്നു ; |
| ആത്മാനം അപി | തന്നെയുംകൂടി അവന്നു കൊടുക്കുന്നു. |
| യസ്യ | യാതൊരു നിന്തിരുവടിക്ക്, ഇതിനാൽ, |
| ഉപചയാ-പചയൗ ന | ഏറ്റക്കുറച്ചൽ സംഭവിക്കുന്നതുമില്ല. |

ദിഷ്ട്യാ ജനാർദ്ദന ഭവാനിഹ നഃ പ്രതീതോ
യോഗേശ്വരൈരപി ദുരാപഗതിഃ സുരേശൈഃ
ഛിന്ധ്യാശു നഃ സുതകളത്രധനാപ്തഗേഹ-
ദേഹാദിമോഹരശനാം ഭവദീയമായാം. 27

| | |
|---|---|
| ജനാർദ്ദന | "ഹേ മായാനിവർത്തക! |
| യോഗേശ്വരൈഃ | സനകാദിസിദ്ധയോഗികളാലും, |
| സുരേശൈഃ അപി | ഇന്ദ്രാദിദേവശ്രേഷ്ഠന്മാരാലും |
| ദുരാപഗതിഃ | ദുർജ്ഞേയഗതിയായുള്ള |
| ഭവാൻ | നിന്തിരുവടി |
| നഃ ഇഹ | ഞങ്ങളുടെ ഈ ഗൃഹത്തിൽ |
| പ്രതീതഃ | പ്രത്യക്ഷനായി എന്നത് |
| ദിഷ്ട്യാ | ഭാഗ്യം തന്നെ. |
| സുതകളത്രധനാപ്തഗേഹദേഹാദിമോഹരശനാം | മക്കൾ, ഭാര്യ, ധനം, ബന്ധുക്കൾ, ഗൃഹം, ദേഹം എന്നു തുടങ്ങിയ ആശാപാശങ്ങളുടെ രൂപത്തിലുള്ളതായി |
| നഃ | ഞങ്ങളെ സംബന്ധിച്ചിരിക്കുന്ന |
| ഭവദീയമായാം | നിന്തിരുവടിയുടെ മായയെ |
| ആശു ഛിന്ധി | വേഗം അകറ്റേണമേ!" |

ഇത്യർച്ചിതഃ സംസ്തുതശ്ച ഭക്തേന ഭഗവാൻ ഹരിഃ
അക്രൂരം സസ്മിതം പ്രാഹ ഗീർഭിഃ സമ്മോഹയന്നിവ. 28

| | |
|---|---|
| ഇതി | ഇപ്രകാരം |
| ഭക്തേന | ഭക്തനായ അക്രൂരനാൽ |
| അർച്ചിതഃ | അർച്ചിക്കപ്പെട്ടവനും, |
| സംസ്തുതഃ ച | നന്നായി സ്തുതിക്കപ്പെട്ടവനും ആയ |
| ഭഗവാൻ | ഭഗവാൻ |
| ഹരിഃ | ശ്രീഹരി |
| ഗീർഭിഃ | വാക്കുകളാൽ |
| അക്രൂരം | അക്രൂരനെ, |
| സമ്മോഹയൻ ഇവ | മോഹിപ്പിക്കുന്നുവോ എന്നു തോന്നുമാറ് |
| സസ്മിതം | പുഞ്ചിരിയോടെ |
| പ്രാഹ | പറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ത്വം നോ ഗുരുഃ പിതൃവ്യശ്ച ശ്ലാഘ്യോ ബന്ധുശ്ച നിത്യദാ
വയം തു രക്ഷ്യാഃ പോഷ്യാശ്ച അനുകമ്പ്യാഃ പ്രജാ ഹി വഃ. 29

| | |
|---|---|
| ത്വം | അങ്ങ് |
| നഃ | ഞങ്ങൾക്ക് |
| ഗുരുഃ | ബഹുമാന്യനായവനും, |
| പിതൃവ്യഃ ച | പിതൃസഹോദരനും, |
| ശ്ലാഘ്യഃ | പ്രകീർത്തിക്കപ്പെടേണ്ടുന്ന |
| ബന്ധുഃ ച | ബന്ധുവുമാകുന്നു. |
| വയം തു | ഞങ്ങളാകട്ടെ |
| നിത്യദാ | എല്ലായ്പോഴും |
| രക്ഷ്യാഃ | അങ്ങയാൽ പാലിക്കപ്പെടേണ്ടവരും, |
| പോഷ്യാഃ ച | വളർത്തപ്പെടേണ്ടവരും |
| അനുകമ്പ്യാഃ | അനുകമ്പ കാണിക്കപ്പെടേണ്ടവരുമാണ്. |
| ഹി | എന്തെന്നാൽ, ഞങ്ങൾ |
| വഃ | അങ്ങയുടെ |
| പ്രജാഃ | സന്താനങ്ങളാണല്ലോ. |

ഭവദ്വിധാ മഹാഭാഗാ നിഷേവ്യാ അർഹസത്തമാഃ
ശ്രേയസ്കാമൈർന്നൃഭിർന്നിത്യം ദേവാഃ സ്വാർത്ഥാ ന സാധവഃ. 30

| | |
|---|---|
| ശ്രേയസ്കാമൈഃ | ശ്രേയസ്സിനെ ആഗ്രഹിക്കുന്ന |
| നൃഭിഃ നിത്യം | ജനങ്ങളാൽ, എന്നും, |
| ഭവദ്വിധാഃ | അങ്ങയെപ്പോലെയുള്ള |
| അർഹസത്തമാഃ | അത്യുൽകൃഷ്ടന്മാരായ |
| മഹാഭാഗാഃ | മഹാഭാഗന്മാരാണ് |
| നിഷേവ്യാഃ | സേവിക്കപ്പെടേണ്ടവർ. |
| ദേവാഃ | ദേവന്മാർ |

| | |
|---|---|
| സ്വാർത്ഥാഃ | തൻകാര്യം നോക്കുന്നവരാണ്; |
| സാധവഃ | സജ്ജനങ്ങൾ |
| ന | അങ്ങനെയല്ല. |

നോട്ട്:— 'യജ്ഞാദികളാൽ തങ്ങളെ ആരാധിക്കുന്ന വേണ്ടപ്പെട്ടവർക്കുമാത്രമേ ദേവന്മാർ അനുഗ്രഹം നല്കുന്നുള്ളു. അതിനാൽ അവർ സ്വാർത്ഥസാധകന്മാരാണ്. ഭേദഭാവം കൂടാതെ എല്ലാവർക്കും ഉപകാരം ചെയ്യുന്ന സജ്ജനങ്ങൾ നിഃസ്വാർത്ഥികളാകുന്നു. ശുഭാകാംക്ഷയുള്ള മനുഷ്യർ, ആകയാൽ, സജ്ജനങ്ങളെയാണ് ഉപാസിക്കേണ്ടത്.'

എന്നു താൽപര്യം.

ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാ മൃച്ഛിലാമയാഃ
തേ പുനന്ത്യുരുകാലേന ദർശനാദേവ സാധവഃ. 31

| | |
|---|---|
| അമ്മയാനി | ജലപൂർണ്ണങ്ങളായ |
| തീർത്ഥാനി | തീർത്ഥങ്ങളും, |
| മൃച്ഛിലാമയാഃ | മണ്ണുകൊണ്ടോ കല്ലുകൊണ്ടോ ഉള്ള |
| ദേവാഃ | ദേവപ്രതിരൂപങ്ങളും |
| ന പുനന്തി ന | (ആത്മാവിനെ) ശുദ്ധീകരിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. |
| ഹി തേ | പക്ഷേ, അവ |
| ഉരുകാലേന | ദീർഘകാലംകൊണ്ടാണ് ശുദ്ധീകരിക്കുന്നത്; |
| സാധവഃ | സജ്ജനങ്ങൾ |
| ദർശനാത് ഏവ | ദർശനമാത്രംകൊണ്ട് ആത്മശുദ്ധീകരണം നടത്തുന്നു. |

സ ഭവാൻ സുഹൃദാം വൈ നഃ ശ്രേയാൻ ശ്രേയശ്ചികീർഷയാ
ജിജ്ഞാസാർത്ഥം പാണ്ഡവാനാം ഗച്ഛസ്വ ത്വം ഗജാഹ്വയം. 32

| | |
|---|---|
| സഃ | അങ്ങനെ സജ്ജനമായുള്ള |
| ഭവാൻ | അങ്ങുന്ന് |
| നഃ | ഞങ്ങളുടെ |
| സുഹൃദാം | സുഹൃത്തുക്കളുടെ ഇടയിൽ |
| ശ്രേയാൻ വൈ | ശ്രേഷ്ഠൻതന്നെയാകുന്നു. |
| ത്വം | അങ്ങ് |
| പാണ്ഡവാനാം | പാണ്ഡുപുത്രന്മാർക്ക് |
| ശ്രേയശ്ചികീർഷയാ | ക്ഷേമമുണ്ടാകുവാനുള്ള ആഗ്രഹത്താൽ |
| ജിജ്ഞാസാർത്ഥം | അവരുടെ വൃത്താന്തമറിയുന്നതിന്നായി |
| ഗജാഹ്വയം | ഹസ്തിനാപുരത്തിലേക്ക് |
| ഗച്ഛസ്വ | പോകേണ്ടിയിരിക്കുന്നു. |

പിതര്യുപരതേ ബാലാഃ സഹ മാത്രാ സുദുഃഖിതാഃ
ആനീതാഃ സ്വപുരം രാജ്ഞാ വസന്ത ഇതി ശുശ്രുമ. 33

| | |
|---|---|
| പിതരി | അച്ഛനായ പാണ്ഡുരാജാവ് |
| ഉപരതേ | അന്തരിച്ചുപോയശേഷം |
| ബാലാഃ | അദ്ദേഹത്തിന്റെ കുട്ടികളായ യുധിഷ്ഠിരാദികൾ |
| രാജ്ഞാ | ധൃതരാഷ്ട്രരാജാവിനാൽ |
| സ്വപുരം | തന്റെ രാജധാനിയിലേക്ക് |
| ആനീതാഃ | കൂട്ടിക്കൊണ്ടുപോകപ്പെട്ടവെന്നും, |
| മാത്രാ സഹ | അമ്മയോടുകൂടി, അവിടെ |
| സുദുഃഖിതാഃ | വല്ലാതെ കഷ്ടപ്പാടനുഭവിച്ചുകൊണ്ട് |
| വസന്തേ ഇതി | താമസിച്ചുവരികയാണെന്നും |
| ശുശ്രുമ | നാം കേട്ടിട്ടുണ്ടല്ലോ. |

തേഷു രാജാംബികാപുത്രോ ഭ്രാതൃപുത്രേഷു ദീനധീഃ.
സമോ ന വർത്തതേ നൂനം ദുഷ്പുത്രവശഗോഽന്ധദൃക്. 34

| | | | |
|---|---|---|---|
| അന്ധദൃക് | കണ്ണുകാണാത്തവനും, | | തിച്ചു നടന്നുകൊണ്ട് |
| ദീനധീഃ | ബുദ്ധിമോശമുള്ളവനും | ഭ്രാതൃപുത്രേഷു | അനുജന്റെ മക്കളായ |
| | ആയ | തേഷു | അവരിൽ |
| രാജാ | രാജാവ് | സമഃ | തുല്യനിലയോടുകൂടിയ |
| അംബികാപുത്രഃ | ധൃതരാഷ്ട്രൻ | | വനായി |
| ദുഷ്പുത്രവശഗഃ | ദുഷ്ടന്മാരായ തന്റെ | ന വർത്തതേ | പെരുമാറിവരുന്നില്ല; |
| | മക്കളുടെ ഇച്ഛയ്ക്കനുസ | നൂനം | തീർച്ചയാണ്. |

ഗച്ഛ ജാനീഹി തദ്വൃത്തമധുനാ സാധ്വസാധു വാ
വിജ്ഞായ തദ്വിധാസ്യാമോ യഥാ ശം സുഹൃദാം ഭവേത്. 35

| | | | |
|---|---|---|---|
| ഗച്ഛ | പോകുക, | തത് വിജ്ഞായ | അതറിഞ്ഞശേഷം |
| അധുനാ | ഇപ്പോൾ | സുഹൃദാം | ബന്ധുക്കളായ അവർക്ക് |
| തദ്വൃത്തം | അവരുടെ സ്ഥിതി | ശം | സൗഖ്യം |
| സാധു | നന്നായിരിക്കുന്നുവോ, | യഥാ ഭവേത് | ഏതു വിധമായാൽ |
| അസാധു വാ | ചീത്തയായിരിക്കുന്നു | | ഉണ്ടാകുമോ, ആ വിധം |
| | വോ എന്ന് | വിധാസ്യാമഃ | നാം ചെയ്തുകൊള്ളണം. |
| ജാനീഹി | മനസ്സിലാക്കുക. | | |

ഇത്യക്രൂരം സമാദിശ്യ ഭഗവാൻ ഹരിരീശ്വരഃ
സങ്കർഷണോദ്ധവാഭ്യാം വൈ തതഃ സ്വഭവനം യയൗ. 36

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ഹരിഃ | ശ്രീകൃഷ്ണൻ |
| അക്രൂരം | അക്രൂരനോട് | സങ്കർഷണോ- | ബലരാമനോടും ഉദ്ധ |
| സമാദിശ്യ | ആജ്ഞാപിച്ച് | ദ്ധവാഭ്യാം | വനോടും ഒന്നിച്ച് |
| ഈശ്വരഃ | സർവ്വനിയന്താവും, | തതഃ വൈ | അവിടെനിന്ന് |
| ഭഗവാൻ | സർവ്വജ്ഞാനസമ്പന്ന | സ്വഭവനം | സ്വഭവനത്തിലേക്ക് |
| | മായ | യയൗ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
സൈരന്ധ്രീകാമപൂരണം നാമ അഷ്ടചത്വാരിംശോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 1982.

## ഏകോനപഞ്ചാശോƒദ്ധ്യായഃ—നാല്പത്തൊമ്പതാമദ്ധ്യായം.

[ഊനപഞ്ചാശത്തമേ തു ഗത്വാƒക്രൂരോ ഗജാഹ്വയം
രാജ്ഞഃ സ്വഭ്രാതൃപുത്രേഷു ബുദ്ധ്വാ വൈഷമ്യമാഗമത്.]

(അക്രൂരൻ ഹസ്തിനാപുരത്തിലേക്ക പോയി, പാണ്ഡവന്മാരുടെ ദുസ്ഥിതി മനസ്സിലാക്കി മടങ്ങിവരുന്നതു്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

സ ഗത്വാ ഹാസ്തിനപുരം പൌരവേന്ദ്രയശോƒങ്കിതം
ദദൎശ തത്രാംബികേയം സഭീഷ്മം വിദുരം പൃഥാം. 1
സഹപുത്രം ച ബാഹ്ലികം ഭാരദ്വാജം സഗൌതമം
കൎണ്ണം സുയോധനം ദ്രൌണിം പാണ്ഡവാൻ സുഹൃദോƒപരാൻ. 2

| | | | |
|---|---|---|---|
| പൌരവേന്ദ്ര-യശോങ്കിതം | പൂരുവംശരാജാക്കന്മാരുടെ സൽകീൎത്തികളാൽ മുദ്രിതമായിരിക്കുന്ന | ബാഹ്ലീകം | ബാഹ്ലീകനേയും, |
| ഹാസ്തിനപുരം | ഹസ്തിനാപുരത്തിലേക്ക് | സഗൌതമം | കൃപരോടൊന്നിച്ചുള്ള |
| ഗത്വാ | ചെന്നശേഷം | ഭാരദ്വാജം | ദ്രോണാചാൎയ്യനേയും, |
| സഃ | ആ അക്രൂരൻ | കൎണ്ണം | കൎണ്ണനേയും, |
| തത്ര | അവിടെ | സുയോധനം | ദുൎയ്യോധനനേയും, |
| സഭീഷ്മം | ഭീഷ്മരോടുകൂടിയിരിക്കുന്ന | ദ്രൌണിം | അശ്വത്ഥാമാവിനേയും, |
| ആംബികേയം | ധൃതരാഷ്ട്രനേയും, | പാണ്ഡവാൻ | പാണ്ഡുപുത്രന്മാരായ യുധിഷ്ഠിരാദികളേയും, |
| വിദുരം | വിദുരനേയും, | അപരാൻ | മററുള്ള |
| പൃഥാം | കുന്തിയേയും, | സുഹൃദഃ ച | മിത്രബന്ധുക്കളേയും |
| സഹപുത്രം | പുത്രനായ സോമദത്തനോടുകൂടിയിരിക്കുന്ന | ദദൎശ | സന്ദൎശിച്ചു. |

യഥാവദുപസംഗമ്യ ബന്ധുഭിൎഗ്ഗാന്ദിനീസുതഃ
സംപൃഷ്ടസ്തൈഃ സുഹൃദ്വാൎത്താം സ്വയം ചാപൃച്ഛദവ്യയം. 3

| | | | |
|---|---|---|---|
| ഗാന്ദിനീസുതഃ | ഗാന്ദിനീപുത്രനായ അക്രൂരൻ | സുഹൃദ്വാൎത്താം | ബന്ധുജനങ്ങളുടെ വൎത്തമാനത്തെക്കുറിച്ചു് |
| യഥാവത് | യഥായോഗ്യം | സംപൃഷ്ടഃ | ചോദിക്കപ്പെട്ടവനായിട്ടു്, |
| ബന്ധുഭിഃ | തന്റെ ബന്ധുക്കളോടു | സ്വയം ച | താൻ അവരുടേയും |
| ഉപസംഗമ്യ | കൂടിക്കാഴ്ചനടത്തി, | അവ്യയം | കുശലം |
| തൈഃ | അവരാൽ | അപൃച്ഛത് | അന്വേഷിച്ചു. |

ഉവാസ കതിചിന്മാസാൻ രാജ്ഞോ വൃത്തവിവിത്സയാ
ദുഷ്പ്രജസ്യാല്പസാരസ്യ ഖലച്ഛന്ദാനുവൎത്തിനഃ. 4

| | |
|---|---|
| ദുഷ്പ്രജസ്യ | ദുഷിച്ച പുത്രന്മാരോട കൂടിയവനും, |
| അല്പസാരസ്യ | കെല്പില്ലാത്ത ബുദ്ധിയോടുകൂടിയവനും, |
| ഖലച്ഛന്ദാനുവർത്തിനഃ | ദുഷ്ടന്മാരുടെ അഭിപ്രായം അനുസരിക്കുന്നവനും ആയ |
| രാജ്ഞഃ | ധൃതരാഷ്ട്രരാജാവിന്റെ |
| വൃത്തവിവിത്സയാ | പെരുമാററരീതികളെ മനസ്സിലാക്കുവാനുള്ള താൽപര്യത്തോടെ |
| കതിചിത് | ഏതാനും |
| മാസാൻ | മാസങ്ങളോളം |
| ഉവാസ | അവിടെ താമസിച്ചു. |

തേജ ഓജോ ബലം വീര്യം പ്രശ്രയാദീംശ്ച സദ്ഗുണാൻ
പ്രജാനുരാഗം പാർത്ഥേഷു ന സഹദ്ഭിശ്ചികീർഷിതം. 5

കൃതം ച ധാർത്തരാഷ്ട്രൈര്യത് ഗരദാനാദ്യപേശലം
ആചഖ്യൗ സർവ്വമേവാസ്മൈ പൃഥാ വിദുര ഏവ ച. 6

| | |
|---|---|
| പാർത്ഥേഷു | കുന്തീസുതന്മാരിൽ |
| പ്രജാനുരാഗം | പ്രജകൾക്കുള്ള സ്നേഹബന്ധത്തേയും |
| തേജഃ | അവരുടെ പ്രഭാവം, |
| ഓജഃ | ശസ്ത്രശാസ്ത്രനൈപുണ്യം, |
| ബലം | ശരീരശക്തി, |
| വീര്യം | ശൌര്യം, |
| പ്രശ്രയാദീൻ | വിനയം മുതലായ |
| സദ്ഗുണാൻ ച | സദ്ഗുണങ്ങളേയും |
| ന സഹദ്ഭിഃ | കണ്ടുപൊറുക്കുവാൻ കഴിയാത്ത |
| ധാർത്തരാഷ്ട്രൈഃ | ധൃതരാഷ്ട്രസുതന്മാരാൽ |
| ഗരദാനാദി | വിഷം കൊടുക്കുകയും മററുമായി |
| അപേശലം | അന്യായമായിട്ട് |
| കൃതം | ചെയ്യപ്പെട്ട പ്രവൃത്തി |
| യത് | എന്തെല്ലാമാണോ, |
| ചികീർഷിതം | മേലിൽ ചെയ്യപ്പെടുവാൻ ഉദ്ദേശമുള്ളത് |
| (യത്) ച | എന്തെല്ലാമാണോ, |
| സർവ്വം ഏവ | അതൊക്കെയും |
| പൃഥാ | കുന്തീദേവിയും, |
| വിദുരഃ ഏവ ച | വിദുരരുംകൂടി |
| അസ്മൈ | ഈ അക്രൂരനോട് |
| ആചഖ്യൗ | വിസ്തരിച്ചുപറഞ്ഞു. |

പൃഥാ തു ഭ്രാതരം പ്രാപ്തമക്രൂരമുപസൃത്യ തം
ഉവാച ജന്മനിലയം സ്മരന്ത്യശ്രുകലേക്ഷണാ. 7

| | |
|---|---|
| പൃഥാ തു | കുന്തീദേവിയാകട്ടെ |
| പ്രാപ്തം | അവിടെ വന്നെത്തിയ |
| ഭ്രാതരം | തന്റെ സോദരനായ |
| തം അക്രൂരം | ആ അക്രൂരനെ |
| ഉപസൃത്യ | ചെന്നുകണ്ട് |
| ജന്മനിലയം | താൻ ജനിച്ചു വളൎന്ന ഗൃഹത്തെ |
| സ്മരന്തീ | നിനച്ചുകൊണ്ടും, |
| അശ്രുകലേക്ഷണാ | കണ്ണീരൊഴുകുന്ന കൺകളോടുകൂടിയവളായും |
| ഉവാച | ഇങ്ങനെ പറഞ്ഞു. |

അപി സ്മരന്തി നഃ സൌമ്യ പിതരൌ ഭ്രാതരശ്ച മേ
 ഭഗിന്യോ ഭ്രാതൃപുത്രാശ്ച ജാമയഃ സഖ്യ ഏവ ച. 8

| | | | |
|---|---|---|---|
| സൌമ്യ | "സൌശീല്യമുള്ള സോദര ! | ഭ്രാതൃപുത്രാഃ ച | സഹോദരപുത്രന്മാരും, |
| മേ പിതരൌ | എന്റെ അച്ഛനമ്മമാരും, | ജാമയഃ | അന്തഃപുരവധുക്കളും, |
| ഭ്രാതരഃ ച | ഉടപ്പിറന്നവന്മാരും, | സഖ്യഃ ഏവ ച | തോഴിമാരും |
| ഭഗിന്യഃ | സഹോദരികളും, | നഃ | ഞങ്ങളെക്കുറിച്ച് |
| | | അപി സ്മരന്തി | ഓർമ്മിക്കാറുണ്ടോ ? |

ഭ്രാത്രേയോ ഭഗവാൻ കൃഷ്ണഃ ശരണ്യോ ഭക്തവത്സലഃ
പൈതൃഷ്വസേയാൻ സ്മരതി രാമശ്ചാംബുരുഹേക്ഷണഃ. 9

| | | | |
|---|---|---|---|
| ഭഗവാൻ | "സർവ്വജ്ഞാനനിധിയായി, | കൃഷ്ണഃ | ശ്രീകൃഷ്ണനും, |
| ശരണ്യഃ | ശരണപ്രദനായി, | രാമഃ | ബലരാമനും |
| ഭക്തവത്സലഃ | ഭക്തപ്രിയനായി, | പൈതൃഷ്വസേയാൻ | അവരുടെ അച്ഛൻപെങ്ങളുടെ മക്കളായ ധർമ്മജാദികളെ |
| അംബുരുഹേക്ഷണഃ | ചെന്താമരക്കണ്ണനായി, | | |
| ഭ്രാത്രേയഃ | എന്റെ സോദരപുത്രനമായിരിക്കുന്ന | സ്മരതി | ഓർക്കുന്നുണ്ടോ ? |

സപത്നമധ്യേ ശോചന്തീം വൃകാണാം ഹരിണീമിവ
സാന്ത്വയിഷ്യതി മാം വാക്യൈഃ പിതൃഹീനാംശ്ച ബാലകാൻ. 10

| | | | |
|---|---|---|---|
| വൃകാണാം | "ചെന്നായകളുടെ നടുവിലകപ്പെട്ട | മാം | എന്നേയും, |
| ഹരിണീം ഇവ | മാൻപേടയെപ്പോലെ | പിതൃഹീനാൻ | അച്ഛൻ മരിച്ചുപോയ |
| സപത്നമധ്യേ | വിരോധികളുടെ ഇടയിൽപ്പെട്ട് | ബാലകാൻ ച | കുട്ടികളേയും |
| | | വാക്യൈഃ | സാന്ത്വനവാക്കുകളാൽ |
| ശോചന്തീം | ദുഃഖിച്ചുകഴിയുന്ന | സാന്ത്വയിഷ്യതി | സമാധാനിപ്പിക്കുമോ ? |

കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വഭാവന
പ്രപന്നാം പാഹി ഗോവിന്ദ ശിശുഭിശ്ചാവസീദതീം. 11

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | "ഹേ കൃഷ്ണ ! ഹേ കൃഷ്ണ ! | ഗോവിന്ദ | ഗോകുലനായക ! |
| മഹായോഗിൻ | മഹാമായയാകുന്ന ഉപായത്തോടുകൂടി പരിലസിക്കുന്ന യോഗേശ്വര ! | ശിശുഭിഃ | കുട്ടികളോടുകൂടി |
| | | അവസീദതീം | ക്ലേശിച്ചുകൊണ്ടു ജീവിക്കുന്നവളും, |
| വിശ്വാത്മൻ | സർവ്വാന്തര്യാമിൻ ! | പ്രപന്നാം ച | ശരണാഗതയുമായ എന്നെ |
| വിശ്വഭാവന | വിശ്വസംരക്ഷക ! | പാഹി | കാത്തരുളണേ ! |

നാന്യത്തവ പദാംഭോജാത് പശ്യാമി ശരണം നൃണാം
ബിഭ്യതാം മൃത്യുസംസാരാദീശ്വരസ്യാപവർഗ്ഗികാത്. 12

| | | | |
|---|---|---|---|
| മൃത്യു–സംസാരാത് | " ജനിമൃതികളിൽനിന്നു് | ആപവർഗ്ഗികാത് | മോക്ഷപ്രദമായ |
| ബിഭ്യതാം | പേടിച്ചുഴലുന്ന | പാദാംഭോജാത് | ചെന്താരടിയല്ലാതെ |
| നൃണാം | മനുഷ്യർക്കു് | അന്യത് | മററൊരു |
| ഈശ്വരസ്യ | ലോകനിയന്താവായ | ശരണം | രക്ഷയും |
| തവ | നിന്തിരുവടിയുടെ | ന പശ്യാമി | ഞാൻ കാണുന്നില്ല. |

നമഃ കൃഷ്ണായ ശുദ്ധായ ബ്രഹ്മണേ പരമാത്മനേ
യോഗേശ്വരായ യോഗായ ത്വാമഹം ശരണം ഗതാ. 13

| | | | |
|---|---|---|---|
| ശുദ്ധായ | " ധർമ്മാത്മാവായി, | | വർത്തിക്കുന്ന |
| ബ്രഹ്മണേ | അപരിച്ഛിന്നനായി, | കൃഷ്ണായ | ശ്രീകൃഷ്ണനായ്ക്കൊണ്ടു് |
| പരമാത്മനേ | പരമാത്മാവായി, | നമഃ | നമസ്കാരം. |
| യോഗേശ്വരായ | അണിമാദ്യൈശ്വര്യസമ്പന്നനായി | അഹം ത്വാം | ഞാൻ നിന്തിരുവടിയെ |
| യോഗായ | ജ്ഞാനമയനായി | ശരണം ഗതാ | ശരണം പ്രാപിച്ചിരിക്കുന്നു." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യനുസ്മൃത്യ സ്വജനം കൃഷ്ണം ച ജഗദീശ്വരം
പ്രാരുദദ്ദുഃഖിതാ രാജൻ ഭവതാം പ്രപിതാമഹീ. 14

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | ജഗദീശ്വരം | ലോകനായകനായ |
| ഭവതാം | അങ്ങയുടെ | കൃഷ്ണം ച | ശ്രീകൃഷ്ണനേയും |
| പ്രപിതാമഹീ | അച്ഛന്റെ മുത്തശ്ശി | അനുസ്മൃത്യ | ഓൎത്തോൎത്തു് |
| ഇതി | ഇപ്രകാരം | ദുഃഖിതാ | സങ്കടപ്പെട്ടുകൊണ്ടു് |
| സ്വജനം | തന്റെ ബന്ധുക്കളേയും, | പ്രാരുദത് | തേങ്ങിത്തേങ്ങിക്കരഞ്ഞു. |

സമദുഃഖസുഖോഽക്രൂരോ വിദുരശ്ച മഹായശാഃ
സാന്ത്വയാമാസതുഃ കുന്തീം തത്പുത്രോത്പത്തിഹേതുഭിഃ. 15

| | | | |
|---|---|---|---|
| സമദുഃഖസുഖഃ | കുന്തിയുടെ ദുഃഖസുഖങ്ങളിൽ തുല്യരാക്കായ | തത്പുത്രോത്പത്തിഹേതുഭിഃ | അവളുടെ പുത്രോൽപത്തിക്കു് കാരണഭൂതരായ ധർമ്മദേവാദികളുടെ പ്രസ്താവങ്ങളെക്കൊണ്ടു്,* |
| അക്രൂരഃ | അക്രൂരനും, | | |
| മഹായശാഃ | അതിവിഖ്യാതനായ | | |
| വിദുരഃ ച | വിദുരനും | സാന്ത്വയാമാസതുഃ | ആശ്വസിപ്പിച്ചു. |
| കുന്തീം | കുന്തിയെ | | |

* 'ധർമ്മദേവൻ, വായു, ഇന്ദ്രൻ എന്നീ ദേവോത്തമന്മാരുടെ അംശങ്ങളാൽ ജാതരായ നിന്റെ പുത്രന്മാരെ ആൎക്കും ഉപദ്രവിപ്പാൻ സാധിക്കയില്ല. അതുകൊണ്ടു വ്യസനിക്കാതെ മനഃസമാധാനത്തോടെ ഇരുന്നുകൊൾക'. ഇത്യാദി ആശ്വാസവചനങ്ങളാൽ.

യാസ്യൻ രാജാനമഭ്യേത്യ വിഷമം പുത്രലാലസം
അവദത് സുഹൃദാം മധ്യേ ബന്ധുഭിഃ സൗഹൃദോദിതം. 16

| | | | |
|---|---|---|---|
| യാസ്യൻ | തിരിച്ചുപുറപ്പെടുവാൻ ഉദ്ദേശിച്ച അക്രൂരൻ | സുഹൃദാം | ബന്ധുമിത്രാദികളുടെ |
| വിഷമം | സമബുദ്ധിയില്ലാത്തവനും, | മധ്യേ | മധ്യത്തിൽവെച്ച് |
| പുത്രലാലസം | സ്വപുത്രന്മാരിൽ ആസക്തിയുള്ളവനും ആയ | ബന്ധുഭിഃ | ബന്ധുക്കളായ രാമകൃഷ്ണാദികളാൽ |
| രാജാനം | ധൃതരാഷ്ട്രരാജാവിനെ | സൗഹൃദോദിതം | സ്നേഹപൂർവ്വം പറഞ്ഞയക്കപ്പെട്ടിട്ടുള്ളത് |
| അഭ്യേത്യ | ചെന്നുകണ്ട് | അവദത് | പറഞ്ഞറിയിച്ചു. |

അക്രൂര ഉവാച=അക്രൂരൻ പറഞ്ഞു :—

ഭോ ഭോ വൈചിത്രവീര്യ ത്വം കുരൂണാം കീർത്തിവർദ്ധന
ഭ്രാതര്യുപരതേ പാണ്ഡാവധുനാഽഽസനമാസ്ഥിതഃ. 17

| | | | |
|---|---|---|---|
| ഭോ ഭോ വൈചിത്രവീര്യ | വിചിത്രവീര്യപുത്രനായ ഹേ ധൃതരാഷ്ട്രരേ! | പാണ്ഡൗ | പാണ്ഡുരാജാവ് |
| കുരൂണാം | കുരുവംശരാജാക്കന്മാരുടെ | ഉപരതേ | അന്തരിച്ചുപോയശേഷം |
| കീർത്തിവർദ്ധന | കീർത്തിയെ ഉയർത്തുന്ന രാജാവേ! | അധുനാ ത്വം | ഇപ്പോൾ താങ്കൾ |
| ഭ്രാതരി | അനുജനായ | ആസനം | സിംഹാസനത്തെ |
| | | ആസ്ഥിതഃ | ആരോഹണം ചെയ്തിരിക്കുന്നു. |

നോട്ട് :— പാണ്ഡു മരിച്ചശേഷം തൽപുത്രനായ യുധിഷ്ഠിരൻ കിരീടാവകാശിയായിരിക്കെ, രാജ്യഭരണം സ്വയം ഏറ്റെടുത്ത ധൃതരാഷ്ട്രന്റെ പ്രവൃത്തി ന്യായസംഗതമായില്ലെന്നു സൂചന.

ധർമ്മേണ പാലയന്നുർവ്വീം പ്രജാഃ ശീലേന രഞ്ജയൻ
വർത്തമാനഃ സമഃ സ്വേഷു ശ്രേയഃ കീർത്തിമവാപ്സ്യസി 18

| | | | |
|---|---|---|---|
| ധർമ്മേണ | ധർമ്മപ്രകാരം | സമഃ | തുല്യഭാവത്തോടുകൂടിയവനായി |
| ഉർവ്വീം | ഭൂമിയെ | വർത്തമാനഃ | വർത്തിച്ചുകൊണ്ടും (ഇരുന്നാൽ) |
| പാലയൻ | പാലിച്ചുകൊണ്ടും, | ശ്രേയഃ | ശ്രേയസ്സിനേയും, |
| ശീലേന | സൽസ്വഭാവംവഴിയായി | കീർത്തിം | കീർത്തിയേയും |
| പ്രജാഃ | പ്രജകളെ | അവാപ്സ്യസി | താങ്കൾ പ്രാപിക്കുന്നതാണ്. |
| രഞ്ജയൻ | അനുരഞ്ജിപ്പിച്ചുകൊണ്ടും, | | |
| സ്വേഷു | തന്നെസംബന്ധിച്ചവരിൽ | | |

അന്യഥാ ത്വാചരംല്ലോകേ ഗർഹിതോ യാസ്യസേ തമഃ
തസ്മാത് സമത്വേ വർത്തസ്വ പാണ്ഡവേഷ്വാത്മജേഷു ച. 19

| | |
|---|---|
| അന്യഥാ | ഇതിനു വിപരീതമായി |
| ആചരൻ തു | പ്രവർത്തിച്ചുകൊണ്ടിരിക്കുന്നപക്ഷം |
| ലോകേ | ലോകത്തിൽ |
| ഗർഹിതഃ | ജനങ്ങളാൽ വെറുക്കപ്പെട്ടവനായി ഭവിച്ച് |
| തമഃ | ഇരുട്ടിലേക്ക് (ദുഃഖത്തിലേക്ക്) |
| യാസ്യസേ | എത്തിച്ചേരുന്നതാണ്. |
| തസ്മാത് | ആകയാൽ |
| പാണ്ഡവേഷു | പാണ്ഡുപുത്രന്മാരിലും |
| ആത്മജേഷു ച | സ്വപുത്രന്മാരിലും |
| സമതയാ | തുല്യനിലയിൽ |
| വർത്തസ്വ | പെരുമാറിക്കൊള്ളുക. |

നേഹ ചാത്യന്തസംവാസഃ കർഹിചിത് കേനചിത് സഹ
രാജൻ സ്വേനാപി ദേഹേന കിമു ജായാത്മജാദിഭിഃ. 20

| | |
|---|---|
| രാജൻ | മഹാരാജാവേ! |
| ഇഹ ച | ഈ ലോകത്തിൽ |
| കർഹിചിത് | ഒരിക്കലും |
| കേനചിത് സഹ | ആരോടുകൂടിയും |
| അത്യന്തസംവാസഃ | നിത്യസമ്പർക്കം |
| ന | ഉണ്ടാകയില്ല. |
| സ്വേന | തന്റേതായ |
| ദേഹേന അപി | ദേഹത്തോടുപോലും നിത്യസമ്പർക്കമില്ല; |
| ജായാത്മജാദിഭിഃ | ഭാര്യാമക്കളോടുകൂടിയുള്ളത് |
| കിമു | പിന്നെ പറയേണ്ടതുണ്ടോ? |

ഏകഃ പ്രസൂയതേ ജന്തുരേക ഏവ പ്രലീയതേ
ഏകോഽനുഭുങ്‌ക്തേ സുകൃതമേക ഏവ ച ദുഷ്കൃതം. 21

| | |
|---|---|
| ജന്തുഃ | മനുഷ്യൻ |
| ഏകഃ | ഒറ്റയ്ക്ക് |
| പ്രസൂയതേ | ജനിക്കുന്നു; |
| ഏകഃ ഏവ | ഒറ്റയ്ക്കുതന്നെ |
| പ്രലീയതേ | മരിക്കയും ചെയ്യുന്നു. |
| ഏകഃ | ഒറ്റയ്ക്ക് |
| സുകൃതം | പുണ്യഫലത്തെ |
| അനുഭുങ്‌ക്തേ | അനുഭവിക്കുന്നു; |
| ദുഷ്കൃതം ച | പാപഫലത്തേയും |
| ഏകഃ ഏവ | ഒറ്റയ്ക്കുതന്നെ. |

അധർമ്മോപചിതം വിത്തം ഹരന്ത്യന്യേഽല്പമേധസഃ
സംഭോജനീയാപദേശൈർജ്ജലാനീവ ജലൌകസഃ. 22

| | |
|---|---|
| ജലൌകസഃ | ഒരു ജലജന്തുവിന്റെ |
| ജലാനി | ജീവനാധാരമായ ജലത്തെ |
| (തത്പുത്രാഃ) ഇവ | അതിന്റെ കുഞ്ഞുങ്ങളാൽ ആക്രമിച്ചെടുക്കുന്ന പോലെ |
| അല്പമേധസഃ | അല്പബുദ്ധിയായ ഒരുവന്റെ |
| അധർമ്മോപചിതം | അധർമ്മോപാർജ്ജിതമായ |
| വിത്തം | ധനത്തെ |
| സംഭോജനീയാപദേശൈഃ | അവനാൽ തീറ്റിപ്പോറ്റേണ്ടുന്ന മക്കളാണെന്ന നാട്യത്തോടെ |
| അന്യേ | മറ്റുള്ളവർ |
| ഹരന്തി | കവർന്നെടുക്കുന്നു. |

പുഷ്ണാതി യാനധർമ്മേണ സ്വബുദ്ധ്യാ തമപണ്ഡിതം
തേഽകൃതാർത്ഥം പ്രഹിണ്വന്തി പ്രാണാ രായഃ സുതാദയഃ. 23

| | |
|---|---|
| സ്വബുദ്ധ്യാ | തന്റേതന്നെ വിചാരത്താൽ |
| യാൻ | യാതൊന്നുകളെ |
| അധർമ്മേണ | അധർമ്മമാർഗ്ഗത്തിലൂടെ |
| പുഷ്ണാതി | ഒരുവൻ പോഷിപ്പിക്കുന്നുവോ, |
| തേ പ്രാണാഃ | ആ പ്രാണങ്ങളും, |
| രായഃ | സമ്പത്തുകളും, |
| സുതാദയഃ | പുത്രാദികളും |
| അകൃതാർത്ഥം | സുഖാനുഭവത്താൽ സംതൃപ്തിവന്നിട്ടില്ലാത്ത |
| തം അപണ്ഡിതം | ആ മൂഢനെ |
| പ്രഹിണ്വന്തി | വിട്ടുപിരിയുന്നു. |

സ്വയം കില്ബിഷമാദായ തൈസ്ത്യക്തോ നാർത്ഥകോവിദഃ
അസിദ്ധാർത്ഥോ വിശത്യന്ധം സ്വധർമ്മവിമുഖസ്തമഃ. 24

| | |
|---|---|
| നാർത്ഥകോവിദഃ | തൻകാര്യമറിയാത്തവനും, |
| സ്വധർമ്മവിമുഖഃ | സ്വധർമ്മത്തിൽ താൽപര്യമില്ലാത്തവനും, |
| അസിദ്ധാർത്ഥഃ | ആശ നിറവേറാത്തവനുമായ മനുഷ്യൻ |
| തൈഃ | ആ പുത്രാദിസ്വജനങ്ങളാൽ |
| ത്യക്തഃ | ഉപേക്ഷിക്കപ്പെട്ട്, |
| കില്ബിഷം | അവരെ പോററുവാനായി താൻ ചെയ്ത പാപത്തേയും |
| സ്വയം ആദായ | സ്വയം വഹിച്ച് |
| അന്ധം തമഃ | ഘോരാന്ധകാരതുല്യമായ നരകത്തിലേക്ക് |
| വിശതി | എത്തിച്ചേരുന്നു. |

തസ്മാല്ലോകമിമം രാജൻ സ്വപ്നമായാമനോരഥം
വീക്ഷ്യായമ്യാത്മനാഽഽത്മാനം സമഃ ശാന്തോ ഭവ പ്രഭോ. 25

| | |
|---|---|
| പ്രഭോ രാജൻ | ഹേ പ്രഭോ! രാജാവേ! |
| തസ്മാത് | ആകയാൽ |
| ഇമം ലോകം | ഈ ലോകത്തെ |
| സ്വപ്നമായാമനോരഥം | സ്വപ്നം, മായ, മനോരഥം എന്നിവയെപ്പോലെ അനിത്യമാണെന്ന് |
| വീക്ഷ്യ | കണ്ടറിഞ്ഞ് |
| ആത്മനാ | ആത്മാവിനാൽ (ബുദ്ധിയാൽ) |
| ആത്മാനം | ആത്മാവിനെ (മനസ്സിനെ) |
| ആയമ്യ | നിയന്ത്രിച്ച് |
| ശാന്തഃ | രാഗദ്വേഷാദിരഹിതനായും, |
| സമഃ | സമത്വബുദ്ധിയോടുകൂടിയവനായും |
| ഭവ | ഭവിക്കുക. |

ധൃതരാഷ്ട്ര ഉവാച=ധൃതരാഷ്ട്രൻ പറഞ്ഞു :—

യഥാ വദതി കല്യാണീം വാചം ദാനപതേ ഭവാൻ
തഥാഽനയാ ന തൃപ്യാമി മർത്ത്യഃ പ്രാപ്യ യഥാഽമൃതം. 26

| | |
|---|---|
| ദാനപതേ | അല്ലയോ അക്രൂര! |
| ഭവാൻ | താങ്കൾ |
| യഥാ | യാതൊരുപ്രകാരം |
| കല്യാണീം | ശുഭാവഹമായ |
| വാചം | വാക്കിനെയാണോ |
| വദതി | പറയുന്നത് |
| തഥാ | അതുപ്രകാരമുള്ള |
| അനയാ | ഈ വാക്കിനാൽ |
| ന തൃപ്യാമി | ഞാൻ തൃപ്തനാകുന്നില്ല. |

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | പ്രാപ്യ | പ്രാപിച്ചിട്ട് |
| മർത്ത്യഃ | മനുഷ്യൻ | (ന തൃപ്യതി | തൃപ്തിപ്പെടുന്നില്ലയോ |
| അമൃതം | അമൃതത്തെ | തഥാ) | അതുപോലെയാണിത്. |

നോട്ട്:— 'മർത്ത്യന്ന് അമൃത് ലഭിച്ചാൽ മതിയാവാത്തതുപോലെ താങ്കളുടെ സദ്വചനം ശ്രവിച്ചിട്ട് എനിക്ക് മതിയാവുന്നില്ല.' എന്നു സാരം,

തഥാപി സൂനൃതാ സൌമ്യ ഹൃദി ന സ്ഥീയതേ ചലേ
പുത്രാനുരാഗവിഷമേ വിദ്യുത് സൌദാമനീ യഥാ. 27

| | | | |
|---|---|---|---|
| സൌമ്യ | ഹേ സൌമ്യ! | ഹൃദി | ഹൃദയത്തിൽ |
| തഥാ അപി | എങ്കിലുംകൂടി | സൂനൃതാ | സുഭാഷിതം |
| പുത്രാനുരാഗ-വിഷമേ | പുത്രസ്നേഹത്താൽ വൈഷമ്യം ബാധിച്ചിരിക്കുന്നതും | വിദ്യുത് സൌദാമനീ | തുമിന്നൽമാല |
| | | യഥാ | എന്നപോലെ |
| ചലേ | ചഞ്ചലവുമായ | ന സ്ഥീയതേ | ഉറച്ചുനില്ക്കുന്നില്ല. |

ഈശ്വരസ്യ വിധിം കോ നു വിധുനോത്യന്യഥാ പുമാൻ
ഭൂമേർഭാരാവതാരായ യോഽവതീർണ്ണോ യദോഃ കുലേ. 28

| | | | |
|---|---|---|---|
| ഭൂമേഃ | ഭൂമിയുടെ | ഈശ്വരസ്യ | ആ ലോകനിയന്താവിന്റെ |
| ഭാരാവതാരായ | ഭാരം ഇറക്കുന്നതിന്നായി | വിധിം | വിധിയെ |
| യദോഃ കുലേ | യദുവിന്റെ വംശത്തിൽ | കഃ പുമാൻ | ഏതു മനുഷ്യൻ |
| അവതീർണ്ണഃ | അവതരിച്ചിരിക്കുന്നു | അന്യഥാ | മറെറാരുതരത്തിൽ |
| യഃ | യാതൊരുവനാണോ, | വിധുനോതി നു | ഭേദപ്പെടുത്തും? |

യോ ദുർവ്വിമർശപഥയാ നിജമായയേദം
സൃഷ്ട്വാ ഗുണാൻ വിഭജതേ തദനുപ്രവിഷ്ടഃ
തസ്മൈ നമോ ദുരവബോധവിഹാരതന്ത്ര-
സംസാരചക്രഗതയേ പരമേശ്വരായ. 29

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | വിഭജതേ | വേർതിരിച്ചരുളുന്നുവോ, |
| ദുർവ്വിമർശപഥയാ | ദുരൂഹമാർഗ്ഗത്തോടുകൂടിയിരിക്കുന്ന | ദുരവബോധ-വിഹാരതന്ത്ര-സംസാരചക്ര-ഗതയേ | ദുർജ്ഞേയമായ ലീലമാത്രം പ്രധാനകാരണമായിരിക്കുന്ന സംസാരചക്രത്തെ ചുഴററിക്കൊണ്ടിരിക്കുന്ന |
| നിജമായയാ | തന്റെ മായകൊണ്ട് | | |
| ഇദം | ഈ പ്രപഞ്ചത്തെ | | |
| സൃഷ്ട്വാ | ചമച്ച്, | | |
| തദനുപ്രവിഷ്ടഃ | അതിൽ ഉടംചേർന്നിരുന്നുകൊണ്ട് | തസ്മൈ | ആ |
| ഗുണാൻ | സത്വാദിഗുണകാര്യങ്ങളായ ശമരാഗാദികളെ | പരമേശ്വരായ | സർവ്വേശ്വരന്ന് |
| | | നമഃ | നമസ്കാരം. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യഭിപ്രേത്യ നൃപതേരഭിപ്രായം സ യാദവഃ
സുഹൃദ്ഭിഃ സമനുജ്ഞാതഃ പുനര്യദുപുരീമഗാത്. 30

| | | | |
|---|---|---|---|
| സഃ യാദവഃ | ആ അക്രൂരൻ | സുഹൃദ്ഭിഃ | ബന്ധുക്കളാൽ |
| നൃപതേഃ | ധൃതരാഷ്ട്രരാജാവിന്റെ | സമനുജ്ഞാതഃ | അനുവദിക്കപ്പെട്ടവനായിട്ട്, |
| അഭിപ്രായം | അഭിപ്രായത്തെ | പുനഃ | പിന്നീട് |
| ഇതി | ഇപ്രകാരം | യദുപുരീം | മഥുരയിലേക്ക് |
| അഭിപ്രേത്യ | മനസ്സിലാക്കിയശേഷം | അഗാത് | തിരിച്ചുപോന്നു. |

ശശംസ രാമകൃഷ്ണാഭ്യാം ധൃതരാഷ്ട്രവിചേഷ്ടിതം
പാണ്ഡവാൻ പ്രതി കൌരവ്യ യദർത്ഥം പ്രേഷിതഃ സ്വയം. 31

| | | | |
|---|---|---|---|
| കൌരവ്യ | ഹേ പരീക്ഷിത്തേ ! | ശശംസ | അക്രൂരൻ വിസ്തരിച്ചു പറഞ്ഞു. |
| പാണ്ഡവാൻ | പാണ്ഡവന്മാരെ | | |
| പ്രതി | ഉദ്ദേശിച്ചുള്ള | യദർത്ഥം | അതിനുവേണ്ടിയായിരുന്നുവല്ലോ |
| ധൃതരാഷ്ട്രവിചേഷ്ടിതം | ധൃതരാഷ്ട്രന്റെ വിഷമപ്രവൃത്തിയെല്ലാം | സ്വയം പ്രേഷിതഃ | താൻ നിയോഗിക്കപ്പെട്ടിരുന്നതു്. |
| രാമകൃഷ്ണാഭ്യാം | രാമകൃഷ്ണന്മാരോട് | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ പൂർവ്വാർദ്ധേ
അക്രൂരപ്രത്യാഗമനം നാമ ഏകോനപഞ്ചാശോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2013.

ഇതി ശ്രീമദ്ഭാഗവതേ ദശമസ്കന്ധപൂർവ്വാർദ്ധഃ സമാപ്തഃ

ശ്രീകൃഷ്ണാർപ്പണമസ്തു.

**Rajan & Co., Printers**
1, Goomes Street, Madras - 1.